# ഓർമകളുടെ തീരത്ത്

കെ. ഉമർ മൗലവി

# ഓർമകളുടെ തീരത്ത്

**DA'WA BOOKS**
**Salafi Cultural Complex, Vyttila, Cochin-19**

**DA'WA BOOKS**

Malayalam | Biography | Ormakalude Theerath
ഓർമകളുടെ തീരത്ത്
By: K. Umar Maulavi
Compiled By: A. A Hameed, K. Mubarak
First Edition: December 2002
Second Edition: August 2009

**Price: Rs 250.00**

Publishers | Distribution:
Da'wa Books | Salafi Cultural Complex | Vyttila | Kochi-19 | Kerala | India
www.dawabooks.org | Email: dawabook@gmail.com
Cover: Yoonus | Type Setting: Yoonus | Printing: Screen Offset, Kochi-18

ISBN: 978-81-908634-4-5

52/1 2000 08/09

All rights reserved. No part of this work may be reproduced or utilised in any form or by any means without the prior written permission of the publishers.

തൗഹീദിപ്രബോധനത്തിനായി ജീവിതം സമർപിച്ച ഒരു മഹദ് വ്യക്തിത്വമായിരുന്നു കെ.ഉമർ മൗലവിﷺയുടേത്. 'ആളെ നോക്കേണ്ട; തെളിവ് നോക്കുക' എന്ന തന്റെ പ്രഖ്യാപിത ശൈലിയിൽ ഇസ്‌ലാമിക വിരുദ്ധ ആദർശങ്ങളെ അദ്ദേഹം നേരിടുകയും കടുത്ത ഭാഷയിലുള്ള വിമർശനങ്ങൾക്ക് പോലും തന്റെ 'സൽസബീലി'ൽ ഇടം നൽകുകയും മാന്യമായി പ്രതികരിക്കുകയും ചെയ്തു: മതപ്രബോധനരംഗത്ത് തികച്ചും പുതുമയുള്ളതായിരുന്നു ഈ ശൈലി.

ആദർശ കാര്യങ്ങളിൽ കാർക്കശ്യം പുലർത്തുമ്പോഴും യോജിക്കുന്നവരും വിയോജിക്കുന്നവരും അദ്ദേഹത്തിന്റെ സുഹൃത്തുക്കളായി മാറി. സാധാരണക്കാരുടെ മനസ്സിലെന്നപോലെ തന്നെ സൗദി അറേബ്യയിലെ ഗ്രാന്റ് മുഫ്തിയും മതപ്രബോധനവകുപ്പ് തലവനുമായിരുന്ന ശൈഖ് ഇബ്നു ബാസിനെപ്പോലുള്ള ലോകപ്രശസ്ത പണ്ഡിതന്മാരുടെ സദസ്സിലും 'ശൈഖ് ഉമർ അഹ്മദ് മലൈബാരി' എന്ന് അറബ് ലോകത്ത് അറിയപ്പെട്ട അദ്ദേഹം ആദരിക്കപ്പെട്ടു.

2000 ഫെബ്രുവരി 24 ന് ഉമർ മൗലവി റബ്ബിന്റെ വിളിക്ക് ഉത്തരം നൽകി ഈ ലോകത്ത് നിന്ന് യാത്രയായപ്പോൾ കേരളമുസ്‌ലിം നവോത്ഥാനത്തിന്റെ മുന്നണിപ്പോരാളിയായിരുന്ന ഒരു പണ്ഡിതനെയാണ് നമുക്ക് നഷ്ടമായത്. ഉമർ മൗലവിയെ കേരളീയ സമൂഹം അംഗീകരിച്ചതിന് തെളിവായിരുന്നു അദ്ദേഹത്തിന്റെ മരണത്തിൽ ദുഃഖം രേഖപ്പെടുത്തിക്കൊണ്ടുള്ള പിറ്റേ ദിവസത്തെ മാതൃഭൂമി ദിനപത്രത്തിന്റെ മുഖപ്രസംഗം.

വിജ്ഞാന പ്രദമായ നിരവധി രചനകൾ വിട്ടേച്ച് കൊണ്ടാണ് ഉമർ മൗലവി യാത്രയായത്. അദ്ദേഹത്തിന്റെ ഖുർആൻ തർജുമയും മറ്റ് നിരവധി ഗ്രന്ഥങ്ങളും ആയിരക്കണക്കിന് ലേഖനങ്ങളും മലയാളികളോട് ഇപ്പോഴും സംവദിച്ചുകൊണ്ടിരിക്കുന്നു. 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നതിന് അദ്ദേഹം നൽകിയ വിശദീകരണം ശൈഖ് ഇബ്നുബാസ് തന്റെ ഫതാവയിൽ എടുത്തുദ്ധരിച്ചിട്ടുണ്ട്; അതുവഴി ലോകം മുഴുവൻ അദ്ദേഹത്തിന്റെ സന്ദേശം വായിക്കപ്പെടുന്നു.

ജീവിതത്തിന്റെ അവസാന നാളുകളിൽ തന്റെ സുഹൃത്തും ശിഷ്യനുമായിരുന്ന കൊച്ചിയിലെ എ.എ. ഹമീദ് സാഹിബിﷺനും സ്വപുത്രൻ മുബാറക്കിനും മറ്റും പറഞ്ഞു കൊടുത്ത തന്റെ ഓർമക്കുറിപ്പുകളാണ് 'ഓർമകളുടെ തീരത്ത്' എന്ന പേരിൽ സമാഹരിക്കപ്പെട്ടത്. ഉമർ മൗലവിﷺയുടെ ആറ് പതിറ്റാണ്ടുകളുടെ സംഭവബഹുലമായ ആദർശജീവി

തത്തിലെ കയ്പും മധുരവും ഇടകലർന്ന സ്മരണകളാണിത്. കേരള മുസ്‌ലിം ചരിത്രത്തിന്-വിശിഷ്യാ നവോത്ഥാന ചരിത്രത്തിന്- ഈ കൃതി ഒരു മുതൽക്കൂട്ടായിരിക്കും എന്ന് തീർച്ചയാണ്. ആദർശപ്രബോധനരംഗത്തെ സവിശേഷ വ്യക്തിത്വമായിരുന്ന ഉമർ മൗലവിﷺയുടെ ആദർശജീവിതം ഇനിയും വായിക്കപ്പെടേണ്ടതുണ്ട്.

അദ്ദേഹത്തിന്റെ സുഹൃത്തുക്കളുടെയും ബന്ധുക്കളുടെയും സഹപ്രവർത്തകരുടെയും സ്മരണകൾ ഇത്തരംവായനയെ സമ്പന്നമാക്കുവാൻ പോന്നതാണ്. ഉമർ മൗലവിﷺയുടെ ശൈലിയും സന്ദേശവും മാത്രമല്ല അദ്ദേഹത്തിന്റെ പ്രബോധനകാലത്തെ കേരളീയസമൂഹത്തിന്റെ ചരിത്രവും മനസിലാക്കുവാൻ 'ഓർമകളുടെ തീരത്തി'ലൂടെയുള്ള യാത്ര വഴി സാധിക്കും. പുസ്തകത്തിന്റെ പുനഃപ്രസാധനത്തിന് 'ദഅ്‌വാ ബുക്സി'നെ പ്രേരിപ്പിക്കുന്ന പ്രധാനപ്പെട്ട ഘടകം അതാണ്. കേരളീയ സമൂഹത്തിൽ സലഫീ ചിന്തയുടെ സ്വാധീനം വഴി ഉണ്ടായ പരിവർത്തനത്തെക്കുറിച്ച് അറിവു നൽകുന്ന ഗ്രന്ഥങ്ങളുടെ പരിമിതി ഈ പുനഃപ്രസാധനത്തെ കൂടുതൽ പ്രസക്തമാക്കുകയും ചെയ്യുന്നു.

ഇതിന്റെ പിന്നിൽ പ്രവർത്തിച്ച മുഴുവനാളുകൾക്കും അല്ലാഹു അർഹമായ പ്രതിഫലം നൽകട്ടെ. നാഥാ... നീ ഇതൊരു പ്രതിഫലാർഹമായ പ്രവർത്തനമായി സ്വീകരിക്കേണമേ...(ആമീൻ)

**മാനേജർ**

## താളുകളിൽ


| | | |
|---|---|---|
| ❑ | രണ്ടാം പതിപ്പിന്റെ മുഖവുര | 13 |
| 1. | ഓർമകളുടെ തീരത്ത് | 15 |
| 2. | കള്ള ഫത്വകൾ! | 49 |
| 3. | വക്കം മൗലവി رحمه الله | 52 |
| 4. | മൗലിദ് യോഗത്തിൽ | 55 |
| 5. | തിരൂരങ്ങാടി | 64 |
| 6. | തിരൂരങ്ങാടി യതീംഖാന | 70 |
| 7. | എന്റെ പ്രിയപ്പെട്ട എൻ.വി. | 77 |
| 8. | സീതിസാഹിബ് | 79 |
| 9. | ജെ.ഡി.റ്റിയെ വിടുന്നു | 81 |
| 10. | എം.കെ. ഹാജിയും മുസ്‌ലിംലീഗും | 87 |
| 11. | മൗലാനാ ചാലിലകത്ത് | 93 |
| 12. | മലബാർ ലഹള | 99 |
| 13. | ഒരു പാലായനവും സമുദായവും | 102 |
| 14. | പതിയും ഫൈസിയും | 106 |
| 15. | വീണ്ടും വക്കംമൗലവി | 109 |
| 16. | ഐക്യസംഘം | 111 |
| 17. | വാദപ്രതിവാദം | 116 |
| 18. | കൊടിയത്തൂർ വാദപ്രദിവാദം | 124 |
| 19. | പൂനൂർ വാദപ്രതിവാദം | 130 |

| | | |
|---|---|---|
| 20. | കോഴിക്കോട് പട്ടാളപ്പള്ളി | 134 |
| 21. | മൗലവിയും സാഹിബും | 140 |
| 22. | വിഭജനവാദം | 147 |
| 23. | ഖേദമുണ്ട് പക്ഷേ.... | 149 |
| 24. | പെരുന്നാൾ വെള്ളിയാഴ്ച | 155 |
| 25. | തറാവീഹും ഞാനും | 168 |
| 26. | പാളയം മുഹ്‌യിദ്ദീൻ പള്ളി | 170 |
| 27. | ഖലീഫ പള്ളി | 174 |
| 28. | ഖുർആൻ തർജമ | 178 |
| 29. | തിരൂർക്കാട് നിന്ന് ഒരോർമ്മ | 193 |
| 30. | രണ്ടത്താണിയിൽ നിന്നൊരു ശാന്ത ഗർജ്ജനം! | 203 |
| 31. | ഒരു ഖാളി കഥ | 211 |
| 32. | അസ്ഹരി തങ്ങളും കണ്ണിയത്ത് നേർച്ചയും | 215 |
| 33. | കെ.കെ.എം. ജമാലുദ്ദീൻ മൗലവി | 219 |
| 34. | തൃപ്പനച്ചി | 223 |
| 35. | സുഊദിയിലേക്ക് | 226 |
| 36. | അബ്ദുർറഊഫ് മലൈബാരി رحمه الله | 233 |
| 37. | ആഫ്രിക്കൻ റാത്തീബ് | 242 |
| 38. | ശൈഖ് അബ്ദുൽ അസീസ്ബ്നു അബ്ദുല്ലാഹിബ്നു ബാസ് رحمه الله | 243 |
| 39. | ഒരു കലിമ ചൊല്ലൽ | 260 |
| 40. | ശൈഖ് അബ്ദുല്ലാഹ് ഉമർ നസ്വീഫ് | 267 |
| 41. | കുളിരേകുന്ന പഠനകാലം | 272 |
| 42. | എന്റെ സൽസബീൽ | 278 |
| 43. | സി.എൻ. മൗലവിയും ഞാനും | 324 |
| 44. | കൊച്ചി- ഒരു വഴിത്തിരിവ് | 348 |
| 45. | ഖുനൂത്ത് | 370 |
| 46. | ഈദ്ഗാഹിന് വേണ്ടി | 377 |
| 47. | വരിസംഖ്യയില്ലാതെ | 385 |
| 48. | ദാറുൽ ഇഫ്താഇലെ നിയമനം | 397 |
| 49. | പടിഞ്ഞാറെപള്ളിയും പുല്ലേപ്പടി മസ്ജിദും | 405 |

| | | |
|---|---|---|
| 50. | ബർക്കത്തുള്ള കുടുംബപരമ്പര | 406 |
| 51. | നിരുപാധികമായ അന്ധത | 411 |
| 52. | മിമ്പർ പുതുക്കി | 432 |
| 53. | ഖുർആനിന്റെ അമാനുഷികത | 435 |
| 54. | തവളയെ കൊല്ലാൻ പാടുണ്ടോ? | 446 |
| 55. | ചോദ്യോത്തരത്തിലൂടെ ഒരു സുഹൃദ്ബന്ധം | 453 |
| 56. | കണിയാപുരത്ത് നിന്നും ഒരോർമ്മ | 460 |
| 57. | ജമാൽ സാറും തെക്കൻ ആര്യാടും | 463 |
| 58. | തങ്ങളുടെ പള്ളി | 479 |
| 59. | ഷാർജയിൽ നിന്നൊരോർമ്മ | 482 |
| 60. | ഫിത്ന ഉണ്ടാക്കിയ ഫിത്ന | 489 |
| 61. | വക്കം മൗലവിയുടെ നാട്ടിൽ | 495 |
| 62. | ദുരഭിമാനം പൈശാചികം | 502 |
| 63. | മഹാസമ്മേളനവും എന്റെ രാജിയും | 520 |
| 64. | ചേകനൂർ മൗലവിയും ഞാനും | 534 |
| 65. | ഖാദിയാനിസം | 540 |
| 66. | മർക്കസുൽ ബിശാറ | 542 |
| 67. | ആദ്യ ഡൽഹി യാത്ര | 545 |
| 68. | യാത്രയിലെ നുറുങ്ങുകൾ | 549 |
| 69. | ലാഹോർ സന്ദർശനം | 553 |
| 70. | മൗദൂദിയുടെ ഖബർ | 557 |
| 71. | പരാജയം സമ്മതിച്ച മൗദൂദിസ്റ്റുകൾ | 561 |
| 72. | ജവാബുൽ മലൈബാരി | 567 |
| 73. | ചില ചോദ്യങ്ങൾ - മറുപടിയും | 569 |
| 74. | ശ്രദ്ധേയമായ ഒരു വിശദീകരണം | 572 |
| 75. | പിതാ-പുത്ര സമാനം | 575 |
| 76. | ലുലു സെന്റർ | 579 |
| 77. | പിണങ്ങാത്ത കൂട്ടുകാരൻ | 581 |
| 78. | രണ്ടു സ്വകാര്യ ദുഃഖങ്ങൾ | 582 |
| 79. | അഴീക്കോട് മുതൽ കൊടുങ്ങല്ലൂർ വരെ | 586 |

## ഓർമകളുടെ തീരത്ത് - അനുബന്ധം


| | | |
|---|---|---|
| 1 | ഉമർ മൗലവിയെക്കുറിച്ചോർക്കുമ്പോൾ<br>കെ.എൻ.ഇബ്രാഹിംമൗലവി (മുൻ പ്രസിഡണ്ട്, കെ.ജെ.യു) | 592 |
| 2 | കെ. ഉമർ മൗലവി ﷺ<br>ടി.പി. അബ്ദുല്ലക്കോയ മദനി (കെ.എൻ.എം പ്രസിഡണ്ട്) | 596 |
| 3 | ജനാബ് ഉമർ മൗലവി ﷺ<br>എ.പി. അബ്ദുൽഖാദർ മൗലവി (ജനറൽ സെക്രട്ടറി. കെ.എൻ.എം) | 598 |
| 4 | ഉമർ മൗലവി ഗുണങ്ങളുടെ കേദാരം!<br>എച്ച്.ഇ. മുഹമ്മദ് ബാബുസേട്ട് | 602 |
| 5 | അനിതരമായ പ്രബോധന വ്യക്തിത്വം<br>ചെറിയമുണ്ടം അബ്ദുൽഹമീദ് മദനി | 605 |
| 6 | ഞങ്ങൾ സ്നേഹിച്ച മഹാൻ<br>ഡോ. അലി, ഡോ. ആയിശ (അജ്മാൻ) | 607 |
| 7 | എന്റെ ഉമർ മൗലവി<br>എം.എം. അക്ബർ (ഡയറക്ടർ, നിച്ച് ഓഫ് ട്രൂത്ത്) | 612 |
| 8 | ഉമർ മൗലവി ﷺ ഓർക്കാനും പഠിക്കാനും<br>സയ്യിദ് മുഹമ്മദ് ശാക്കിർ (പ്രസിഡണ്ട്, ഐ.എസ്.എം) | 617 |
| 9 | മൗലവിയെ ഓർക്കുമ്പോൾ<br>എൻ.കെ.എ. ലത്തീഫ് (മെമ്പർ, കേരളസാഹിത്യ അക്കാദമി) | 620 |
| 10 | ഉമർ മൗലവി<br>മാതൃഭൂമി ദിനപത്രം (26-02-2000ലെ എഡിറ്റോറിയൽ) | 623 |
| 11 | അതുല്യനായ പത്രപ്രവർത്തകൻ<br>മലയാളം ന്യൂസ്, സഊദി അറേബ്യ (25-02-2000ലെ എഡിറ്റോറിയൽ) | 624 |
| 12 | സ്മൃതിരേഖകൾ | 627 |

# രണ്ടാം പതിപ്പിന്റെ മുഖവുര

'ഓർമകളുടെ തീരത്ത്' വളരെ പെട്ടെന്നാണ് ശ്രദ്ധിക്കപ്പെട്ടത്. കോപ്പികൾ തീർന്നിട്ട് രണ്ടുവർഷം കഴിഞ്ഞുവെന്ന് പറയാം.

രണ്ടാം പതിപ്പിറക്കാൻ തീരുമാനിച്ചു. ദഅ്‌വ ബുക്സ് പ്രസാധനമേറ്റെടുത്തു. ഒന്നാം പതിപ്പിൽ വന്നുപോയ അക്ഷരത്തെറ്റുകളെപ്പറ്റി പരാതികൾ വല്ലാതെ ഉയർന്നു വന്നിരുന്നു. 2002 ലെ എറണാകുളം മുജാഹിദ് സമ്മേളനത്തിൽ പ്രകാശനം ചെയ്യണമെന്ന് തീരുമാനിച്ചിരുന്നതുകൊണ്ട് അൽപം ധൃതികൂട്ടേണ്ടി വന്നു. എ.എ. ഹമീദ് സാഹിബായിരുന്നു കാര്യങ്ങൾ ശ്രദ്ധിച്ചിരുന്നത്. ആ സമയത്ത് അദ്ദേഹം രോഗം മൂർഛിച്ച് ഒരു മാസത്തിലധികം കിടപ്പിലുമായി. പ്രൂഫ് കൃത്യമായി നോക്കാൻ കഴിഞ്ഞില്ല. അന്ന് ഞാൻ നാട്ടിൽ ഉണ്ടായിരുന്നുമില്ല. അതാണ് അത്രയും തെറ്റുകൾ വരാൻ കാരണം.

സലഫീ ആദർശ വ്യതിരിക്തത ബോധ്യമാക്കിത്തന്നത് ഈ പുസ്തകമാണ് എന്നതാണ് അനേകർ ചൂണ്ടിക്കാണിച്ച ഒരു വസ്തുത. കേരളത്തിലെ പ്രസ്ഥാനചരിത്രത്തിന്റെ ഒരേകദേശ ചിത്രം വരച്ചുകാട്ടിയെന്നതും പഴയകാല പ്രസ്ഥാന നായകരെ പരിചയപ്പെടുത്തി എന്നതുമാണ് ചിലരെ ആകർഷിച്ചത്. പുതിയ തലമുറ അവശ്യം അറിയേണ്ട സുപ്രധാന വിവരങ്ങളുണ്ട് എന്നതാണ് ചിലർ ശ്രദ്ധിച്ചത്. എല്ലാവരും ഐക്യകണ്ഠേന അഭിപ്രായപ്പെട്ടത് മനോഹരമായ, തുല്യതയില്ലാത്ത ഇതിന്റെ ശൈലി തന്നെയാണ്. രചനയിലെ ആത്മാർത്ഥതയാണ് ഇതിനെ എല്ലാവരുടേയും ഹൃദയത്തോടടുപ്പിച്ചത്. പല തവണ ആവർത്തിച്ചു വായിച്ചുകൊണ്ടിരിക്കുന്നവർ, ദിവസേന കുറേശെ സ്ഥിരമായി വായിക്കുന്നവർ, ഈ ഗ്രന്ഥം വായിച്ചു തീർന്നതോടെ സലഫീ ആദർശമുൾക്കൊണ്ട് പ്രവർത്തകരായവർ. ഇങ്ങനെ പലരെയും അറിയാൻ കഴിഞ്ഞു. പലരെയും നേരിൽ പരിചയപ്പെട്ടു. സർവശക്തന് അളവറ്റ സ്തുതി!

അമുസ്‌ലിംകളായ വായനക്കാരുടെ ശ്രദ്ധ ഈ പുസ്തകത്തിന് ലഭിച്ചിട്ടുണ്ട് എന്ന കാര്യം പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. മതരംഗത്ത് പ്രവർത്തിച്ച ഒരു പണ്ഡിതന്റെ ഓർമ്മകുറിപ്പുകൾ ഈ നിലയിൽ ആകർഷിക്കപ്പെട്ടത് കൗതുകകരമാണ്. വിശ്വാസികളല്ലാത്തവരെയും നിർമതരെയും ആകർഷിക്കാൻ കഴിഞ്ഞുവെന്നത് അനുഭവമാണ്. കേരളത്തിലെ അറിയപ്പെട്ട ഒരു സാമൂഹ്യചിന്തകനും സാഹിത്യനിരൂപകനുമായ ഒരു എഴുത്തുകാരൻ മാതൃഭൂമി ദിനപത്രത്തിൽ 'അടുത്ത കാലത്ത് തന്നെ ഏറ്റവും ആകർഷിച്ച പുസ്തകം' എന്ന നിലയ്ക്ക് 'ഓർമകളുടെ തീരത്തി'നെ വിലയിരുത്തിയത് ഇവിടെ ചൂണ്ടിക്കാണിക്കുന്നത് പ്രസക്തമാണെന്നാണെന്റെ വിചാരം. അത് പത്രത്തിൽ വായിച്ച് ധാരാളം അമുസ്‌ലിംകൾ പുസ്തകം ആവശ്യപ്പെട്ട് ബന്ധപ്പെട്ടു. കോപ്പികൾ തീർന്നുപോയതുകൊണ്ട് കൈവശമുള്ളവരിൽ നിന്നും വാങ്ങി വായിക്കണമെന്ന് പറയേണ്ടി വന്നു. അത്രയും താലപര്യത്തോടെയാണവർ ആവശ്യപ്പെട്ടത്.

ചില പരാമർശങ്ങളെക്കുറിച്ച് അവ ഒഴിവാക്കാമായിരുന്നുവെന്ന് അഭിപ്രായപ്പെട്ടവരുമുണ്ട് എന്ന കാര്യം മറച്ചുവെക്കുന്നില്ല. വാചകങ്ങൾ ആവർത്തിച്ചത്, വാക്കുകൾ വിട്ടുപോയത്, അങ്ങനെ അബദ്ധങ്ങളും വന്നിട്ടുണ്ട്. അവയെല്ലാം ശരിയാക്കുകയും അക്ഷരത്തെറ്റുകളുടെ ഘോഷയാത്ര പരമാവധി തിരുത്തുകയും എഡിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ പ്രസാധനത്തിൽ പങ്കുവഹിച്ചവർക്കെല്ലാം അർഹമായ പ്രതിഫലം പടച്ചവൻ നൽകട്ടെ.

32 വർഷം എന്റെ പിതാവ് കെ.ഉമർ മൗലവിയുടെ സന്തതസഹചാരിയും സൽസബീൽ സഹപത്രാധിപരും സുദീർഘമായ വർഷങ്ങളിലൂടെ ഈ ഗ്രന്ഥത്തിന്റെ മാറ്റർ തയ്യാറാക്കുകയും ചെയ്ത എ.എ. ഹമീദ് സാഹിബ് (കൊച്ചി) ഞങ്ങളെ വിട്ടുപിരിഞ്ഞിട്ട് അഞ്ചു വർഷമായി. എല്ലാ കാര്യങ്ങൾക്കും പ്രചോദനവും ആവേശവും നിരന്തരം നൽകിയിരുന്ന പ്രിയപ്പെട്ട ഉമ്മ കഴിഞ്ഞ വർഷം യാത്രയായി. അവർക്കെല്ലാം റബ്ബ് മഗ്ഫിറത്തും മർഹമത്തും നൽകട്ടെ. അവരോടൊപ്പം സ്വർഗത്തിൽ കണ്ടുമുട്ടാനും ഒരുമിച്ചുകൂടാനും റബ്ബ് തൗഫീഖ് നൽകട്ടെ.

മുഹർറം 14-1430
ജനുവരി 11-2009

**മുബാറക് ബ്ൻ ഉമർ**
തിരൂർക്കാട്

## 1

# ഓർമകളുടെ തീരത്ത്

ഇത് എന്റെ ജീവചരിത്രമല്ല. കുടുംബകഥയുമല്ല. ആത്മകഥാകഥനം എന്ന് വേണമെങ്കിൽ വിശേഷിപ്പിക്കാം. വിശുദ്ധമായ ഒരു ആദർശം ഉത്തമബോധ്യത്തിൽ സ്വീകരിച്ചു. അത് സ്വകാര്യ സ്വത്താക്കി വെക്കേണ്ടതല്ലെന്നും മനസ്സിലാക്കി. അപ്പോൾ, എനിക്ക് ആത്മസംസ്കരണം നൽകി എന്നെ ഞാനാക്കിയ വിശുദ്ധ പ്രമാണങ്ങളുടെ മഹത്വം മനുഷ്യരെ ബോധ്യപ്പെടുത്താൻ കഴിവിനൊത്ത് ശ്രമിക്കണമെന്ന് മനസ്സ് മന്ത്രിച്ചു. അങ്ങനെ ഞാൻ സമൂഹത്തിലേക്കിറങ്ങി. നീണ്ട ഏഴു പതിറ്റാണ്ടുകൾ! വിജ്ഞാനം തേടിയും നൽകിയും യാത്ര തുടരുകയാണ്. ഈ ദീർഘദൂര ഓട്ടത്തിൽ ഒരു നീണ്ട വിശ്രമം ഉണ്ടായിട്ടില്ല. അതിന് സാധ്യമായിട്ടില്ല തന്നെ.

പ്രായം എൺപത്തിമൂന്ന് തികയാറാവുന്നു. വിശ്രമരഹിതമായ പ്രവർത്തനങ്ങളും പ്രായാധിക്യവും ക്ഷീണം വരുത്തിയിട്ടുണ്ട്. പക്ഷെ, മനസ്സ് തളർന്നിട്ടില്ല. റബ്ബിന്റെ അനുഗ്രഹം തന്നെ! കാലദൈർഘ്യം ഓർമ്മകൾക്ക് മങ്ങലേൽപിക്കുന്നു. ബന്ധങ്ങൾ ഒട്ടനവധിയാണ്; നിലനിൽക്കുന്നതും മുറിഞ്ഞുപോയതും. കണക്കറ്റ പരിചയക്കാർ. അവരിൽ കുറേപേർ സുഹൃത്തുക്കളായി മാറി. എത്രയോ പേർ എന്നെ വിട്ടകന്നു. പലരും ഈ ലോകം തന്നെ ഉപേക്ഷിച്ചുപോയി. ചിലർ നിത്യരോഗത്തിലും വാർദ്ധക്യക്ഷീണത്തിലും പരിക്ഷീണരായി കഴിയുന്നു. നീണ്ടകാലയളവിൽ പരിചയ ബന്ധങ്ങളിലുണ്ടായിരുന്ന ചിലരെ ഓർത്തെടുക്കാൻ തന്നെ പ്രയാസമായിരിക്കുന്നു.

കേരളത്തിലെ നഗര- ഗ്രാമാന്തരങ്ങളിലൂടെ നിരന്തരം യാത്ര ചെയ്തു. ധാരാളം പണ്ഡിത- നേതാക്കളുമായും പൗരപ്രമുഖരുമായും പരിചയപ്പെട്ടു. സ്നേഹബന്ധങ്ങളുടെ ഒരു കലവറ തന്നെയുണ്ട്. ചർച്ചകളും സം

വാദങ്ങളും ഏറെ ഉണ്ടായിട്ടുണ്ട്. യാത്രകൾ കേരളം വിട്ട് പുറത്തേക്കും നീങ്ങി. ഇന്ത്യയുടെ പല ഭാഗങ്ങളിലും വിദേശനാടുകളിലും ധാരാളം സഞ്ചരിച്ചു. അങ്ങനെ അനുഭവങ്ങളും ബന്ധങ്ങളും ഏറെയുണ്ട്. യാത്രകളൊക്കെയും ആദർശബന്ധിതമായിരുന്നു. വിജ്ഞാനമായി കിട്ടിയതൊക്കെ സമൂഹത്തിലേക്ക് പകർന്നു നൽകാനും കഴിവുറ്റ് ശ്രമിച്ചു.

സുഹൃദ് ബന്ധങ്ങളുടെ ഭണ്ഡാരത്തിൽ നിന്നും ചിലർ പിന്നീട് കഠിന ശത്രുക്കളായി. ആദർശഭിന്നതയാണ് ഇതിനവരെ പ്രേരിപ്പിച്ചത്. എന്റെ ഗുരുനാഥന്മാർ പോലും ഈ ഗണത്തിൽപെടുന്നു. നീണ്ട യാത്രയിൽ ജീവൻ തന്നെ അപകടപ്പെടുമെന്ന് തോന്നിയ സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. ഭീഷണികൾ നിരന്തരം പിന്തുടർന്നു. ആക്ഷേപങ്ങളും പരിഹാസങ്ങളും കുറച്ചൊന്നുമല്ല സഹിക്കേണ്ടിവന്നത്. വ്യക്തികളും പ്രസ്ഥാനങ്ങളും മിത്രഭാവം പ്രകടിപ്പിച്ചു എന്നെ പ്രോത്സാഹിപ്പിച്ചു. എല്ലാ നല്ലതും ചീത്തയും ആദർശസംബന്ധമായിരുന്നു.

ഒന്നു തിരിഞ്ഞുനോക്കിയപ്പോൾ സംഭവബഹുലമാണ് എന്റെ യാത്ര. പരന്നും ഒളിഞ്ഞും കിടക്കുന്ന അനുഭവങ്ങൾ ക്രോഡീകരിച്ച് പുതിയ തലമുറക്ക് നൽകാൻ സുഹൃത്തുക്കൾ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. അടുത്തകാലത്ത് അത് നിർബന്ധപൂർവ്വമായ ഒരാവശ്യമായി. പിന്നെ ശകാരമായി. എഴുതിക്കൂട്ടിയെടുക്കാൻ പലതും ഒത്തുചേരണം. ഡയറി എഴുത്ത് എനിക്കില്ലായിരുന്നു. അതൊരു കുറവ്. എഴുതുമ്പോൾ കൈ വിറക്കും. അപ്പോൾ സഹായത്തിനൊരാൾ അത്യാവശ്യമാണ്. എല്ലാ കാര്യങ്ങളിൽ നിന്നും വിട്ടൊഴിഞ്ഞു ശ്രദ്ധയോടെ സ്ഥിരമായിത്തന്നെ കുത്തിയിരിക്കണം. അതെന്റെ സ്വഭാവത്തിന് ഇണങ്ങാത്തതാണ്. മനസ്സിൽ കൂനകളായി കിടക്കുന്ന ഓർമ്മകളിൽ നിന്നും ആവശ്യമുള്ളത് തെരഞ്ഞെടുത്ത് അടുക്കും ചിട്ടയുമായി വേർതിരിക്കണം. വായനക്കാർക്ക് ഹൃദ്യവും പ്രയോജനപ്രദവുമാകണം. ഇതൊക്കെ എളുപ്പമുള്ളതല്ലല്ലോ. അതുകൊണ്ട് തന്നെ പ്രായോഗികമാക്കാൻ കഴിയാതെ നാളുകൾ നീങ്ങി.

പിന്നെ, എനിക്ക് തോന്നി; എന്റെ ഓർമ്മകൾ മങ്ങി തുടങ്ങുന്നു. പ്രായത്തിന്റെ ക്ഷീണം ശരീരത്തിൽ നിന്നും മനസ്സിലേക്ക് നീങ്ങിയാൽ ഒന്നിനും കഴിയില്ലല്ലോ. അതിനാൽ ഒഴിഞ്ഞുകിട്ടുന്ന സമയങ്ങളിൽ ഓർമ്മയിൽ ഓടിവരുന്നതിൽ നിന്ന് വായനക്കാർക്ക് പ്രയോജനപ്പെടുന്ന വിഷയങ്ങൾ മാത്രം കുറിച്ചു തുടങ്ങുക.

ഞാൻ തുടങ്ങുകയാണ്. സർവ്വശക്തനും മഹാകാരുണികനുമായ അല്ലാഹുവിന്റെ പേരിൽ.

ഒരു ഉദാഹരണം നിങ്ങൾക്ക് ഞാൻ തരാം. 1974 നവംബർ മാസത്തിൽ

എറണാകുളത്ത് നിന്നും പോസ്റ്റ് വഴി എനിക്ക് കിട്ടിയ ഒരു കത്ത് വായിക്കൂ.

ഇവിടെ കൃത്യമായ കൊല്ലവും തിയ്യതിയും പലപ്പോഴും ഉണ്ടാകുകയില്ല. അല്ലെങ്കിൽ തിയ്യതിയിലെന്ത് കാര്യം. വിഷയങ്ങളല്ലേ പ്രധാനം. പശ്ചാത്തലവും കാലവും സന്ദർഭങ്ങളും കാര്യങ്ങളുടെ കഴമ്പ് വായനക്കാർക്ക് ബോധ്യപ്പെടാൻ ഉപകരിക്കും.

ശ്രമകരമായ ഈ രചന തുടങ്ങുമ്പോൾ എന്റെ മനസ്സിന്റെ കണ്ണാടിയിൽ പെട്ടെന്ന് തെളിഞ്ഞുവന്ന ഒരു കാര്യം ആദ്യം കുറിക്കട്ടെ. എന്റെ യാത്രാവീഥിയിലെ ഒരു പ്രധാന ആദർശശത്രു, മലബാറിൽ പരക്കെ അറിയപ്പെട്ടിരുന്ന ഒരു യുക്തിവാദി എന്റെ 'സൽസബീൽ' മാസികയിലൂടെ ഒരാശയ സംവാദത്തിന് അദ്ദേഹത്തെ ഞാൻ ക്ഷണിച്ചു. എഴുപതുകളുടെ മദ്ധ്യത്തിലാണീ സംഭവം. ദൈവനിഷേധിയായിരുന്നുവെങ്കിലും ദൈവവിശ്വാസത്താൽ ആവേശഭരിതരാകുന്ന പലരേക്കാളും ഉപചാര മര്യാദകളിൽ മാന്യത പുലർത്തി അദ്ദേഹം! പി.സി. കടലുണ്ടി എന്ന തൂലികാനാമത്തിലാണ് അദ്ദേഹം അറിയപ്പെടുന്നത്. ഞങ്ങൾ തമ്മിൽ വളരെ കത്തിടപാടുകൾ നടത്തിയിട്ടുണ്ട്. ആശയബന്ധിതമായവ പ്രസിദ്ധീകരിച്ചു. എന്റെ ആവശ്യപ്രകാരം ദൈവവിശ്വാസത്തെ എതിർക്കുന്ന ഒരു ലേഖനം അദ്ദേഹം മാസികക്കയച്ചുതന്നു. കേരള നദ്‌വത്തുൽ മുജാഹിദീൻ എന്ന മഹത്തായ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ സമാദരണീയനായ അദ്ധ്യക്ഷനും അനുഗൃഹീത തൂലികയുടെ ഉടമയും പണ്ഡിതനും ചിന്തകനുമായിരുന്ന എന്റെ ആത്മമിത്രം ഡോ. എം. ഉസ്മാൻ സാഹിബ് (നിലമ്പൂർ) എന്റെ അപേക്ഷ മാനിച്ച് സൽസബീലിന്റെ താളുകളിൽ കയറിവന്നു. അദ്ദേഹം പി.സി. കടലുണ്ടിയെ നേരിട്ടു. ശക്തമായി, വിദഗ്ധമായി, മാന്യമായി, ഫലപ്രദമായി ഡോക്ടർ തടുക്കുകയും വെട്ടുകയും ചെയ്തു. വിശദാംശങ്ങൾ വഴിയേ നിങ്ങൾക്ക് വായിക്കാം. ഡോ. ഉസ്മാൻ സാഹിബ് എന്റെ നീണ്ട യാത്രയിലെ വികാരഭരിതമായ ഒരദ്ധ്യായമാണ്. ആ മഹാനുഭാവനോടൊത്ത് സ്വർഗത്തിലും എനിക്ക് ഒത്തുകൂടണമെന്ന് ഞാൻ എപ്പോഴും പ്രാർത്ഥിക്കുന്നു.

പി.സി. കടലുണ്ടി ഒരിക്കൽ (25.8.73) ഇപ്രകാരം എനിക്കെഴുതി:

"ബഹുമാനപ്പെട്ട ഉമർ മൗലവി സാഹിബേ,

സദയം അയച്ച സൽസബീൽ മാസിക കിട്ടി. വളരെ നന്ദി. എനിക്കുള്ള വിമർശനം വായിച്ചു. എത്രയും മാന്യമായി പ്രതിപക്ഷങ്ങൾക്കുള്ള താങ്കളുടെ ശക്തമായ വിമർശനം അസ്സലായിട്ടുണ്ട്. പലതും വായിച്ച് ഞാൻ ചിരിച്ചുപോയി. ഒരറബി പണ്ഡിതനായ താങ്കൾ മലയാളസാഹിത്യത്തിൽ ഇത്രയും പരിജ്ഞാനം നേടിയത് അത്ഭുതം തന്നെ."

8.11.73ൽ അദ്ദേഹം എനിക്കെഴുതി.

“പ്രിയപ്പെട്ട മൗലവി സാഹിബ്

കത്തിന് വളരെ നന്ദി. ഞാൻ അത്ഭുതപ്പെട്ടുപോയി, ലേഖനം കിട്ടിയ ഉടനെ തന്നെ ഈയുള്ളവന് കത്തയച്ചത് കണ്ടപ്പോൾ. കേരളത്തിലെ മിക്ക പത്രാധിപന്മാരുമായി ഞാൻ ഇടപെടുന്നത് കാലം പെരുത്തായി. എന്നാൽ താങ്കളെപ്പോലെ ഇത്ര മര്യാദയും കൃത്യതയുമുള്ളവരായി അവരിൽ ഒരാളെപ്പോലും എനിക്ക് കാണാൻ കഴിഞ്ഞിട്ടില്ല. താങ്കളുടെ വ്യക്തിമഹത്വം പ്രശംസാർഹം തന്നെ.”

ഈ കത്തുകൾ വായിച്ചപ്പോഴും ഇപ്പോൾ അത് ഇവിടെ പകർത്തുമ്പോഴും മഹാ കാരുണികനായ അല്ലാഹുവിന് ഞാൻ സ്തുതി പറയുന്നു. കത്തുകൾ വായിച്ചപ്പോൾ യഥാർത്ഥത്തിൽ അത്ഭുതപ്പെട്ടവൻ ഞാനാണ്. എങ്ങനെ അത്ഭുതപ്പെടാതിരിക്കും? മക്കളെ ചേർക്കുന്നതിനു വേണ്ടിയല്ലാതെ പഠിക്കാനായി സ്കൂളിന്റെ പടിവാതിൽ ഞാൻ കടന്നിട്ടില്ല. എന്നിട്ടും ഒരാദർശ വിരോധിയിൽ നിന്നും ഇങ്ങനെ ഒരംഗീകാരമോ?

മലയാള ഭാഷയുടെ വ്യാകരണ നിയമങ്ങളോ പ്രയോഗരീതികളോ രചനാശൈലിയോ ഒന്നും പഠിച്ചിട്ടില്ലാത്ത ഈ സാധുവിനെ ഒരു ദൈവ നിഷേധി പരിഹസിക്കുകയാണോ? കത്ത് വീണ്ടും വീണ്ടും ശ്രദ്ധയോടെ വായിച്ചു. പ്രശംസകൾ കൊണ്ടും പ്രലോഭനങ്ങൾകൊണ്ടും എന്നെ വശപ്പെടുത്താൻ കഴിയുമെന്നുള്ള മൂഢവിചാരമൊന്നും അദ്ദേഹത്തിനില്ല. പല കത്തുകളിൽ നിന്നും എന്നെ അദ്ദേഹം മനസ്സിലാക്കിക്കഴിഞ്ഞിരുന്നു. കളങ്കമില്ലാത്ത പ്രതികരണം തന്നെയായിരിക്കണം.

ഞാൻ അല്ലാഹുവിനെ സ്തുതിച്ചു. കണ്ണുനീർ വാർത്തു. ഒരാദർശവിരോധിയിൽ നിന്നും നിഷ്കളങ്കമായ പ്രശംസകൾക്ക് ഈ അൽപജ്ഞനെ അർഹനാക്കിയത് മഹാ കാരുണികനായ അല്ലാഹു മാത്രമാണ്. സ്തുതി! അല്ലാഹുവിന് ഒരായിരം സ്തുതി!!

എനിക്ക് സാഹിത്യമറിഞ്ഞുകൂടാ. പക്ഷെ, സാഹിത്യമെന്തെന്നും എന്തിനാണെന്നും ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. മനുഷ്യർക്ക് തിരിയുന്ന ഭാഷയിൽ ലളിതമായി കാര്യങ്ങൾ അവതരിപ്പിക്കുന്നതാണ് ഏറ്റവും മുന്തിയ സാഹിത്യം എന്ന് അതേക്കുറിച്ച് വിവരമുള്ളവർ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. വൈക്കം മുഹമ്മദ് ബഷീർ സാഹിത്യനായകരുടെ മുൻനിരയിൽ കയറിനിന്നത് ഈ ഗുണം മൂലമായിരുന്നുവത്രെ.

മറ്റൊന്ന്, എഴുത്തുകാർക്ക് ദുരൂഹമാകാത്ത, കൃത്യമായ, തനതായ ഒരു ശൈലി ഉണ്ടാകണമത്രെ! തൂലികാനാമം കണ്ടില്ലെങ്കിലും വായനാ

ശീലമുള്ള ഒരാൾക്ക് കർത്താവിനെ തിരിച്ചറിയാൻ കഴിഞ്ഞാൽ അദ്ദേഹം ഒരു ശൈലിയുടെ ഉടമയാണെന്ന് പറയാം. അപ്പോഴാണ് ഞാൻ ഓർക്കുന്നത്. എന്റെ സുഹൃത്തുക്കളിൽ പലരും എന്നോട് പറഞ്ഞിട്ടുണ്ട്. "നിങ്ങളുടെ പ്രസംഗത്തിലും എഴുത്തിലും തനതായ ഒരു ശൈലിയുണ്ട്." മറ്റാർക്കും അനുകരിക്കാൻ കഴിയാത്തതാണത്രെ അത്. അവിശ്വസനീയമായി തോന്നി.

എങ്ങനെ ഞാൻ ഇങ്ങനെയൊക്കെ ആയി! അല്ലാഹുവിന്നറിയാം. അവന്റെ കരുണാകടാക്ഷവും അനുഗ്രഹവും മാത്രം! എല്ലാ സ്തുതിഗീതങ്ങളുടെയും യഥാർത്ഥ അവകാശി അല്ലാഹു മാത്രമാകുന്നു!

എന്നാൽ ഇതിനൊരു മറുവശവും ഉണ്ട്. അതും റബ്ബിന്റെ പരീക്ഷണം തന്നെ. ഈ പ്രശംസയിൽ ഞാൻ അൽപം സന്തോഷിച്ചതും എന്റെ സുഹൃത്തുക്കളും വായനക്കാരുമായും ഞാനത് പങ്ക് വെക്കുന്നതും ഈ മറുവശം ഓർക്കുന്നതുകൊണ്ടാണ്. ശത്രുതയുടെ അസഭ്യാഭിഷേകത്താൽ സഹിക്കാവുന്നതിലേറെ ഞാൻ അനുഭവിച്ചിട്ടുണ്ട്. മനസ്സിനെ സഹനത്തിന് പാകപ്പെടുത്തിയവനും അല്ലാഹു തന്നെ. സ്തുത്യർഹൻ അല്ലാഹു തന്നെ. "അബിപന്ന്യരായ ഓമർ മൗലവി, തനിക്ക് ഒരു ബാർബറുടെ പണി എടുത്തുകൂടെ. താനും കുറെ കള്ളന്മാരും കൂടി പ്രവർത്തിച്ചിട്ട് എന്ത് ഉണ്ടാക്കാൻ. താൻ ആരാണ് അമീറിനോട് ചോദ്യം ചോദിക്കാൻ. തനിക്ക് മലയാളമോ അറബിയോ തിരിയുമോ? തന്റെ സൽസബീലാകുന്ന സുന്നാമാക്കി കുടിച്ചവരെല്ലാം വല്ലാതെ തൂറുന്നു.... കൊച്ചി ഭാഗത്ത് 'ഫിത്ന'യുണ്ടാക്കുന്ന നിന്നേയും കൂട്ടുകാരെയും കൂട്ടിൽ കയറ്റും. മിഹ്റാബും മിമ്പറും വൃത്തികേടാക്കിയ കഴുതേ, ഇടിച്ചു ചോര തൂറിക്കും. സൂക്ഷിച്ചോ പട്ടീ."

ഈ കത്തിന്റെ ഉടമസ്ഥൻ ആരായിരിക്കുമെന്ന് വായനക്കാർക്ക് മനസ്സിലാകും. ഇവരുടെ പഠന-പരിശീലനത്തിൽ വളരുന്ന വിദ്യാർത്ഥി-യുവജന വിഭാഗം കുറച്ച് നാൾ മുമ്പ് "സംസ്കാരമോ സർവ്വ നാശമോ" എന്ന മുദ്രാവാക്യവുമായി കേരളത്തിലങ്ങോളമിങ്ങോളം ഒരു കാമ്പയിൻ നടത്തി. ആരുടെ സംസ്കാരത്തിനാണ് നാശം സംഭവിച്ചതെന്ന് ഇവിടെ വ്യക്തമാണല്ലോ. നിർഭാഗ്യകരമായ നാശം!! ഈ കത്ത് 74 നവംബർ ലക്കം സൽസബീൽ മാസികയിൽ ഞാൻ പരസ്യം ചെയ്തു. അതിൽ നിന്നും ചില ഭാഗങ്ങൾ മാത്രമാണ് മുകളിൽ ചേർത്തിട്ടുള്ളത്. ഈ കത്തിനു താഴെ ഞാൻ എഴുതി:

"സത്യത്തേയും നീതിയേയും ഇഷ്ടപ്പെടുകയും സത്യവാന്മാരേയും നീതിമാന്മാരേയും സ്നേഹിക്കുകയും ചെയ്യുന്ന അല്ലാഹുവേ! പരിശുദ്ധ

ഖുർആനിൽ വിവരിച്ച സത്യം പരസ്യം ചെയ്യുവാൻ നീ നിർബന്ധിച്ചു. അതുകൊണ്ട് ഞാൻ അതിനു തയ്യാറായി. അക്കാരണത്താൽ ജമാഅത്തെ ഇസ്‌ലാമിക്കാർ എന്നോട് കഠിനമായ ശത്രുത പുലർത്തുന്നു. എന്നെക്കുറിച്ച് സിയോണിസ്റ്റ് ഏജന്റ് എന്നും മറ്റും പ്രചാരണം ചെയ്യുന്നു. എന്തൊക്കെയോ കാട്ടാൻ ഒരുങ്ങിയിരിക്കുന്നു. ഞാൻ ഇതിന് മുതിർന്നത് സ്വന്തം ഇഷ്ടപ്രകാരമല്ല, നിന്റെ കൽപനപ്രകാരമാണ്. അതുകൊണ്ട് ഇവരുടെയും എന്റെയും ഇടയിൽ നീതി വിധിക്കേണമേ" (സൽസബീൽ – 20.11.74)

എന്റെ യാത്രാനുഭവങ്ങളിലെ ചില നുറുങ്ങുകൾ മാത്രമാണിത്.

21 വയസ്സ്. അക്ഷരാർത്ഥത്തിൽ ഞാൻ ഒരു പലായനം നടത്തി. അവിടെ നിന്നാകട്ടെ എന്റെ യാത്രയുടെ കഥകൾ. വേണ്ടപ്പെട്ടവരെയെല്ലാം വിട്ടുകൊണ്ട് അസഹ്യമായ ദുഃഖഭാരം പേറിയ ഒരു യാത്ര! ഭയാനകമായിരുന്നു അത്. പാതിരാവ് കഴിഞ്ഞ നേരം. കൂരിരുട്ട്. വിദ്യുച്ഛക്തിയില്ലാത്ത കാലം. കാളവണ്ടി മാത്രം ഉരുളുന്ന നാട്ടുപാത. ഇരുവശത്തും പേടിപ്പിക്കുന്ന പൊന്തക്കാടുകൾ. ഭയപ്പെട്ട് വിറച്ചും കരഞ്ഞും റബ്ബിനോട് പ്രാർത്ഥിച്ചും ഞാൻ നടന്നു. അഥവാ ഓട്ടമായിരുന്നുവോ? നല്ല നിശ്ചയമില്ല. ആ സമയത്തുള്ള എന്റെ മനോവികാരം തൂലികയിൽ വരച്ചുകാട്ടാൻ കഴിയുന്നതല്ല. ലോകത്തോടു തന്നെ എന്തെന്നില്ലാത്ത വെറുപ്പ്. എന്തിനു ജീവിക്കണം എന്ന് പോലും തോന്നിപ്പോയി. ആത്മഹത്യ മഹാപാപം തന്നെ. അത്തരം കുറ്റമേൽക്കാൻ കാരണമാകാത്ത വിധം ഒന്ന് തീർന്നുകിട്ടിയെങ്കിൽ...!

പ്രവാചകന്മാരും അനുയായികളും പലവിധമായ പലായനങ്ങൾക്കും പീഡനങ്ങൾക്കും ഇരയായിട്ടുണ്ട്. ചരിത്രത്തിന്റെ ആവർത്തനങ്ങൾ. ദയനീയമായ ആ വേദനകൾ തികട്ടി വരുമ്പോൾ എന്റെ അവസ്ഥ എത്രയോ നിസ്സാരം. ഞാൻ ആശ്വസിക്കാൻ ശ്രമിച്ചു. പക്ഷെ, രക്ഷപ്പെടണം. അവിശ്വാസത്തിന്റെയും അന്ധവിശ്വാസത്തിന്റെയും അവ ഉയർത്തിയ ക്രൂരതകളുടെയും ഇരുട്ടുകളിൽ നിന്നും മോചനം വേണം. അപ്പോൾ ഈ നടപ്പാതകളെ കറുപ്പിക്കുന്ന കൂരിരുൾ എത്ര നിസ്സാരം! ആറു മൈൽ ദൈർഘ്യമുള്ള ആ നടത്തം അഥവാ ഓട്ടമോ? ഞാൻ മോചനം നേടി. റബ്ബിന് സ്തുതി!

തിരുവനന്തപുരം ജില്ലയിലെ കണിയാപുരത്തുള്ള പുലിപ്പാറ പള്ളിയിൽ നിന്നിറങ്ങി കല്ലറ വഴി വാമനപുരത്ത് വന്നു. അവിടെ എം.സി. റോഡ് ഒരു പ്രധാന കവലയാണ്. സുബ്ഹിന്റെ നേരത്ത് അവിടെയെത്തി. ബസ്സിൽ കയറി സ്ഥലംവിട്ടു.

കുടുംബം അറിയാതെ ഞാൻ ഓടിമറഞ്ഞു. ഇതിന് കാരണായ കാര്യം നിങ്ങൾ അറിയില്ലല്ലോ. രസകരമായി തുടങ്ങി ഭീകരമായി അവസാനിപ്പിക്കാൻ ഇടയാകുമായിരുന്ന ഒരു കഥയാണത്. ഇത്തരം അനുഭവങ്ങൾ ഏറ്റക്കുറച്ചിലോടെ പലർക്കും നേരിടേണ്ടി വന്നിട്ടുണ്ടാകും. സത്യസാക്ഷ്യത്തിന്റെ പ്രയാഗവത്കരണത്തിന് ഇത്തരം അനുഭവങ്ങളോട് എങ്ങനെ പ്രതികരിച്ചുവെന്ന് ഓരോരുത്തരും ആത്മപരിശോധന നടത്താൻ ഈ കഥ പറച്ചിൽ സഹായിക്കുമെങ്കിൽ അതും ഒരു നല്ലകാര്യം തന്നെ.

എന്റെ ഒളിച്ചോട്ടം 21-ാം വയസ്സിലാണ്. 61 വർഷങ്ങൾക്ക് മുമ്പ്. എന്നാൽ അതിനും പത്ത് വർഷങ്ങൾക്ക് മുമ്പ് കുട്ടിപ്രായത്തിൽ തന്നെ എന്റെ ചിന്തകൾ ചിതറിത്തുടങ്ങുകയും മനസ്സ് ദാഹിക്കുകയും ചെയ്തുകൊണ്ടിരുന്നു. വെളിച്ചമെവിടെ? അതായിരുന്നു ചിന്ത. അറിവ് കിട്ടണം. യഥാർത്ഥമായ അറിവ്. അതായിരുന്നു ദാഹം.

മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിലുള്ള വെളിയങ്കോടാണ് എന്റെ ജന്മദേശം. ജനനത്തിയ്യതി കൃത്യമായി മനസ്സിലാക്കി. ഒരു റമദാൻ ഏഴ്. അത്രമാത്രം. മാപ്പിള ലഹള എന്നറിയപ്പെടുന്ന മലബാർ കലാപത്തിന്റെ കാലം, 1921. അന്ന് എനിക്ക് നാലു വയസ്സ്. ഉമ്മയിൽ നിന്നുള്ള ഈ കേട്ടറിവാണ് വയസ്സ് കൂട്ടിയെടുക്കാൻ സഹായകമായത്. അങ്ങനെ എന്റെ അറിവോ സമ്മതമോ ഇല്ലാതെ 83 വർഷങ്ങൾക്ക് മുമ്പൊരു ദിവസം ഞാൻ ഈ ഭൂമിയിൽ പിറന്നുവീണു.

എന്റെ മതപരമായ ഒന്നാമത്തെ അറിവ് കേട്ടോളൂ. പലരും നെറ്റി ചുളിക്കുന്നുണ്ടാകും, സാരമില്ല. ഉത്തമ സമുദായം എന്ന് ഖുർആൻ വിശേഷിപ്പിച്ച ഈ സമൂഹത്തിന്റെ ദാരുണ ചിത്രം ഇതിലൂടെ വരച്ചെടുക്കാൻ കഴിയും. അതിന്റെ കാരണങ്ങൾ ചിന്തിച്ചു പഠിക്കുക തന്നെവേണം. ഈ കഥ വായിച്ച് ചിരിക്കുന്നവരും ചിന്തിക്കുന്നവരും ചിലപ്പോൾ കരയുന്നവരുമുണ്ടാകും. ചിലർ എന്നെ ശപിക്കുന്നവരുമാകാം. ഏഴു ദശകങ്ങൾക്ക് മുമ്പുള്ള മതബോധത്തിന്റെ 'മഹിമ' ഇതിൽ നിന്നും ഗ്രഹിക്കാം.

എനിക്ക് പ്രായം നാലോ അഞ്ചോ ആയിക്കാണും. വെളിയങ്കോട് തങ്ങന്മാരെ മറമാടുന്നിടത്ത് ഒരു കെട്ടിടമുണ്ട്. മഖാം എന്നാണതിന്റെ പ്രയോഗനാമം. പ്രവാചക ശ്രേഷ്ഠനായ മുഹമ്മദ് നബിﷺ പഠിപ്പിച്ചു, പരിശീലിപ്പിച്ചു വളർത്തിയെടുത്ത സമൂഹത്തിൽ തങ്ങന്മാരില്ല, മഖാമുകളുമില്ല. ഇത്തരം സവർണ്ണ മേധാവിത്വം ആരും ഉന്നയിച്ചിട്ടുമില്ല. ആരും വകവെച്ചുകൊടുത്തിട്ടുമില്ല. അറബികളിൽ ആഢ്യത്വം കൊണ്ട് മികച്ചു നിന്നിരുന്ന ഖുറൈശി വംശജനും ഇസ്‌ലാമിക സാമ്രാജ്യത്തിന്റെ അധിപനും ധീരനും ശക്തനുമായിരുന്നു ഖലീഫ ഉമർ رضي الله عنه. നീഗ്രോ വംശജനും അടി

മയും പരമ ദരിദ്രനുമായിരുന്നു ബിലാൽﷺ. യജമാനന്റെ ക്രൂരമായ മർദ്ദനങ്ങൾക്കിരയായിട്ടും ആദർശത്തിൽ നിന്നും അണുമണിത്തൂക്കം പിന്നോട്ടുമാറാൻ കൂട്ടാക്കാതിരുന്ന ബിലാലിന്റെ ദാർഢ്യവും ദയനീയാവസ്ഥയും കണ്ടറിഞ്ഞു അല്ലാഹുവിന്റെ പ്രീതിയും പ്രതിഫലവും മാത്രം കൊതിച്ചുകൊണ്ട് അബൂബക്കർ സിദ്ദീഖ്ﷺ അദ്ദേഹത്തെ വൻ തുക നൽകി വിലക്കെടുത്ത് സ്വതന്ത്രനാക്കി. നാട്ടുമുഖ്യനും സമ്പന്ന സൗഖ്യനുമായിരുന്ന അബ്ദുർറഹ്മാനുബ്നു ഔഫ്ﷺ സ്വസഹോദരിയെ ബിലാലിന് വിവാഹം ചെയ്തുകൊടുത്തു. ഭരണാധിപനായ ഉമർﷺ 'യാ സയ്യിദീ' (എന്റെ നായകാ) എന്ന് ബിലാലിനെ സംബോധന ചെയ്യുമായിരുന്നു. പ്രവാചകൻ സംസ്കരിച്ചെടുത്ത സമൂഹമാണിത്. ഇതിൽ തങ്ങന്മാരെവിടെ?

പിന്നെ, ഇതെങ്ങനെ ഉണ്ടായി? ശിയാക്കളിൽ നിന്നുത്ഭവിച്ച അന്ധവിശ്വാസത്തെ സുന്നികൾ മാലയിട്ട് സ്വീകരിച്ചതുതന്നെ! രാഷ്ട്രീയാധികാരത്തിന്റെ അനന്തരാവാകാശം നബിﷺയുടെ പിതൃവ്യപുത്രനും ജാമാതാവുമായ അലിﷺക്ക് നൽകണമെന്ന് പ്രവാചകൻ നിർദ്ദേശിച്ചിട്ടുള്ളതായി ഒരു വ്യാജ വചനം നബിയുടേതായി ജൂതന്മാർ പ്രചരിപ്പിച്ചു. ഇതാണ് ആദ്യത്തെ കള്ള ഹദീസ്! ശുദ്ധമനസ്കരായ കുറേ പേർ ഇതിൽ കുടുങ്ങി. അങ്ങനെ സമൂഹത്തിൽ കക്ഷിത്വമുണ്ടായി. നാശകരമായ വാശിയും വൈരാഗ്യവുമായി അത് പരിണമിച്ചു. ജൂതന്മാർ എരിയുന്ന തീയിലേക്ക്, മാറി നിന്ന് എണ്ണ ഒഴിച്ചുകൊണ്ടിരുന്നു. വികാരപരമായ ഒരു കാര്യം വാശിയോടെ കൈകാര്യം ചെയ്യുകയും പിന്നീടത് കഠിനമായ ശത്രുതയായി വളരുകയും ചെയ്തു. ഒടുവിൽ മൂന്നാം ഖലീഫയും പ്രവാചകന്റെ രണ്ടു പുത്രിമാരെ വിവാഹം ചെയ്ത് അവിടുത്തെ ഇഷ്ടതോഴനാവുകയും തന്റെ സമ്പത്ത് ഇസ്‌ലാമിനുവേണ്ടി അളവില്ലാതെ ചെലവഴിക്കുകയും പ്രവാചകന്റെ തിരുനാവിലൂടെ ജീവിതകാലത്ത് തന്നെ സ്വർഗാവകാശിയായി പ്രഖ്യാപിക്കപ്പെടുകയും ചെയ്ത ഉസ്മാൻﷺനെ അതിദാരുണമായി വധിച്ചുകൊണ്ടാണ് ശത്രുക്കൾ അവരുടെ വാശി നേടിയത്.

ശീഅത്ത് അലി (അലി കക്ഷിക്കാർ) എന്ന പേരിൽ ഉത്ഭവിച്ച ഈ വിഭാഗം അലി, ഫാത്വിമ, ഹസൻ, ഹുസൈൻﷺ എന്നിവരുടെ മഹത്വം വർണ്ണിച്ചു വർണ്ണിച്ചു കാടു കയറി. ഈ മഹത്തുക്കളിൽ ദിവ്യത്വം ആരോപിച്ചു! ഏകദൈവാരാധനയിൽ (തൗഹീദ്) നിന്നും ഈ കൂട്ടർ അങ്ങനെ വ്യതിചലിച്ചു. ക്രമേണ ശിയാക്കൾ പല അവാന്തര വിഭാഗങ്ങളായി പിരിഞ്ഞു. അലി ദൈവാവതാരമാണെന്ന് പോലും വിശ്വസിച്ച വിഭാഗം ഇവരിൽ രൂപംകൊണ്ടു. പ്രവാചകപുംഗവൻ അല്ലാഹുവിന്റെ അറിയിപ്പ്

പ്രകാരം സ്വർഗാവകാശികൾ എന്ന് പ്രഖ്യാപിച്ച അബൂബക്കർﷺ, ഉമർﷺ എന്നീ മഹാത്മാക്കളെക്കുറിച്ച് ശാപവാക്കുകൾ ചൊരിയുന്നത് ശിയാക്കളുടെ മുഖ്യ 'ഇബാദത്ത്' ആയിത്തീർന്നു. രാഷ്ട്രീയാധികാരമോഹത്തിന്റെ അന്ധതയിൽ നിന്നും കത്തിയുയർന്നുവന്ന ഈ വർഗം ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളുടെ നാലതിരുകളും ഭേദിച്ച് പുറത്തുപോയി. ഈ വിഭാഗങ്ങൾ ക്രമേണ ശക്തി പ്രാപിച്ചു. പേർഷ്യ (ഇറാൻ) യിലായിരുന്നു ഇവരുടെ സംഖ്യാ വർദ്ധനവ്.

പല കക്ഷികളും ഇവരിൽ ഉത്ഭവിച്ചു. മതാചാര്യന്മാർക്ക് ആത്മീയശക്തിയും ദിവ്യത്വവും കൽപിക്കുന്ന അതിനാശകരമായ ബഹുദൈവത്വത്തിലും പൗരോഹിത്യത്തിലും അധിഷ്ഠിതമായിരുന്നു എല്ലാ കക്ഷികളും. അപ്രമാദിത്വം വാദിക്കുന്ന ഇത്തരം കുറേ ശൈഖുമാർ പേർഷ്യയിൽ നിന്നും ഇന്ത്യയിലേക്ക് കുടിയേറി. പലരും പ്രവാചകന്റെ കുടുംബ പിന്തുടർച്ച അവകാശപ്പെട്ടു. അവകാശപ്പെട്ടവർക്കെല്ലാം സമൂഹം അതനുവദിച്ചുകൊടുത്തു. അഹ്‌ലുൽബൈത്ത് (പ്രവാചക കുടുംബം) എന്ന വിശിഷ്ട നാമത്തിൽ സമൂഹം ഇവരെ ആദരിച്ചു ആത്മീയ പദവികൾ കൽപിച്ചരുളി.

ഇസ്‌ലാമിന്റെ മർമ്മപ്രധാനമായ തൗഹീദിനെക്കുറിച്ചും പ്രവാചകചര്യയെക്കുറിച്ചും യാതൊരറിവുമില്ലാതെ മതപരിവർത്തനം ചെയ്യപ്പെട്ടവരും തലമുറകളിലൂടെ ഈ വിവരദോഷത്തിൽ മുസ്‌ലിം നാമധാരികളായി പെരുകുകയും ചെയ്ത പാവം സമൂഹത്തെ പണ്ഡിത വർഗം വിവരക്കേടിൽ തന്നെ തളച്ചിട്ടു. തങ്ങളുടെ സ്വാർത്ഥ ലാഭത്തിനുവേണ്ടി ഉപയോഗിക്കുവാൻ സമ്പന്നരും പണ്ഡിതരും ചേർന്നുള്ള അവിശുദ്ധബന്ധം ഒരുക്കിയ കെണിയിൽ. സമൂഹം അജ്ഞതയുടെ ഇരുളുകൾക്കുള്ളിൽ കഴിഞ്ഞുകൂടി.

പ്രവാചക കുടുംബത്തിലെ പിന്മുറക്കാരായി രംഗപ്രവേശം ചെയ്തവർ ജനങ്ങളുടെ ആത്മീയ നേതാക്കളായി. അതോടെ സമൂഹത്തിന്റെ മുഴുവൻ വ്യവഹാരമണ്ഡലങ്ങളിലും ഇവർക്ക് ഔന്നത്യവും ആഢ്യത്വവും ലഭിച്ചു. അങ്ങനെ ഇവർ തങ്ങന്മാരായി. 'തങ്ങൾ' എന്ന ഈ അതിബഹുമാനത്തിന്റെ വിളി എങ്ങനെ, എപ്പോൾ, ആർ തുടങ്ങി എന്നൊന്നും ആർക്കുമറിയില്ല. എങ്ങനെയോ പലവിധ ദുരാചാരങ്ങൾ കടന്നുകയറിയതുപോലെ ഇതുമുണ്ടായി. തങ്ങന്മാർ ജനനം മുതൽ മരണം വരെ സമൂഹത്തിൽ ലയിക്കാതെ വേറിട്ടുനിന്നു. വിവാഹബന്ധങ്ങളിലും ഈ നിഷ്കർഷ അവർ പാലിച്ചുവന്നു. മരണപ്പെട്ടാൽ മുസ്‌ലിംകളെ മറമാടുന്ന പൊതു ഖബർസ്ഥാനിൽ തങ്ങന്മാരെ അടക്കം ചെയ്യാൻ അവർ ഇഷ്ട

പ്പെട്ടില്ല. സമുദായം ഈ ഇഷ്ടക്കേട് സാദരം വകവെച്ചുകൊടുത്തു. തങ്ങന്മാരെ മറമാടാൻ പ്രത്യേകസ്ഥലവും സൗകര്യങ്ങളും ഉണ്ടായി. ഇതിന്ന് 'മഖാം' എന്നും വിളിക്കപ്പെട്ടു.

വെളിയങ്കോട് തങ്ങന്മാരെ മറമാടുന്ന കെട്ടിടം മഖാം എന്ന പേരിൽ നിലനിന്നുപോരുന്നു. ഞാൻ എന്റെ കുട്ടിക്കാലത്തെ ഓർമ്മകളിലേക്ക് നിങ്ങളെ തിരിച്ചുകൊണ്ടുവരികയാണ്.

എനിക്ക് ഓർമ്മ വെക്കുമ്പോൾ മഖാമിന്റെ താഴികക്കുടം കേടുവന്നു കിടക്കുകയായിരുന്നു. അക്കാലത്ത് നാട്ടിൽ ഏതൊരു വിഷമ സംഭവങ്ങളുണ്ടായാലും -തക്ക സമയത്ത് മഴകിട്ടാതെ ബുദ്ധിമുട്ടുക, അതിവർഷം മൂലം വെള്ളപ്പൊക്കം ഉണ്ടാകുക, കൃഷി നാശം സംഭവിക്കുക, ശക്തിയായ കാറ്റടിച്ച് മരങ്ങൾ മറിഞ്ഞുവീഴുക, വസൂരി, കോളറ തുടങ്ങിയ വ്യാധികൾ പരക്കുക, മുസ്‌ലിംകൾക്കിടയിൽ അടിപിടികൾ ഉണ്ടാകുക, ഒരു പേപ്പട്ടി ഓടി ജനങ്ങളെ ഭയപ്പെടുത്തിയാൽ പോലും- ആളുകൾ മഖാമിന് നേരെ തിരിഞ്ഞ് നെടുവീർപ്പിടും. എന്നിട്ട് പിറുപിറുക്കും. എങ്ങനെയാണ് നാട്ടിൽ ബലാഅ് മുസീബത്തുകൾ (ദുരിതങ്ങളും അത്യാഹിതങ്ങളും) ഉണ്ടാകാതിരിക്കുക? മഖാമിന്റെ താഴികക്കുടം കേടുവന്നിട്ട് ഇതുവരെയത് നന്നാക്കിയോ?

യാതൊരു വിശ്വാസ കാര്യങ്ങളും കരുപ്പിടിക്കാത്ത എന്റെ പിഞ്ചു മനസ്സിലേക്ക് കടന്നുകയറിയ മതസംബന്ധമായ ആദ്യത്തെ അറിവാണിത്. മഖാമിന്റെ നാലതിരുകളും ഭംഗിയായി സൂക്ഷിക്കുകയും ആദരിച്ചാരാധിക്കുകയും ചെയ്താലേ ജീവിതം സുരക്ഷിതവും സുഭിക്ഷവുമായിത്തീരൂ എന്നത്രെ ജനം വിശ്വസിച്ചിരുന്നത്. കാലം കടന്നുപോയി. ഞാൻ കിതാബോതി പഠിച്ചു. അപ്പോൾ എനിക്ക് മനസ്സിലായത് നേരെ വിരുദ്ധമായിട്ടാണ്. ഇത്തരം മഖാമുകളും ശവകുടീരങ്ങളെ അലങ്കരിക്കുന്ന എടുപ്പുകളും ഇടിച്ചു നിരത്തിയാൽ മാത്രമേ ഇഹത്തിലും പരത്തിലും നമുക്ക് രക്ഷയുള്ളൂ. സമൂഹത്തിന്റെ വിശ്വാസ ധാരണകൾ തലകുത്തനെ ആയിരുന്നുവെന്ന് എനിക്ക് ബോധ്യമായി.

ആത്മരക്ഷാർത്ഥമുള്ള പലായനകഥ പറച്ചിലാണല്ലോ നമ്മുടെ വിഷയം. അവിടേക്ക് തന്നെയാണ് ഞാൻ നിങ്ങളെ കൊണ്ടുപോകുന്നത്. ആ ഒളിച്ചോട്ടത്തിലേക്ക് എന്നെ നയിച്ച വസ്തുതകൾക്ക്, കൊച്ചുനാളുകളിലെ ഓർമ്മകളുടെയും അതിലൂടെ വളർന്ന് വന്ന അനുഭവങ്ങളുടെയും ഒരു പശ്ചാത്തലമുണ്ട്. അതേക്കുറിച്ച് ഏകദേശ രൂപം നിങ്ങൾക്ക് ലഭിക്കുമ്പോഴേ ഈ കഥക്ക് അർത്ഥമുണ്ടാവുകയുള്ളൂ. നിങ്ങളും പ്രതീക്ഷിക്കുന്നത് അതുതന്നെയായിരിക്കുമെന്ന് ഞാൻ കരുതട്ടെ.

എനിക്ക് ആറുവയസ്സ് പ്രായമായി. നാട്ടുനടപ്പ് പ്രകാരം എന്നെ ഓത്തുപള്ളിയിലാക്കി. അങ്ങനെ ഖുർആൻ ഓതാൻ പഠിച്ചു. പിന്നീട് എന്റെ ഉപരിപഠനം പള്ളിദർസിലേക്ക് നീങ്ങി. എന്റെ മാതാപിതാക്കൾക്ക് മലയാളം എഴുതാനും വായിക്കാനും അറിയുമായിരുന്നു. എന്നിട്ടും എന്നെ സ്കൂളിലയച്ചില്ല. അതിന്റെ കാരണം എനിക്കിപ്പോഴും അജ്ഞാതമാണ്.

എന്റെ പിതാവ് കടമ്പാളത്ത് അഹ്മദ് കച്ചവടക്കാരനായിരുന്നു. തേങ്ങയുടെ പച്ചത്തൊണ്ട് വാങ്ങും. അത് വെള്ളത്തിലിട്ട് വെക്കും. അഴുകിയാൽ ചകിരി തല്ലിയെടുത്ത് കയർ പിരിക്കും. അത് വഞ്ചിയിലും വള്ളത്തിലും കയറ്റിക്കൊണ്ടുപോയി മൊത്തക്കച്ചവടക്കാർക്ക് വിൽക്കും. സാമ്പത്തികമായി മോശമല്ലാത്ത സ്ഥിതിയുണ്ടായിരുന്നു. ഉമ്മയുടെ കുടുംബവും നാട്ടിൽ മുഖ്യ സ്ഥാനത്തുള്ളവരായിരുന്നു. വ്യാപാരം ക്രമേണ ക്ഷയിച്ചു. നഷ്ടത്തിലായി. വലിയ കടബാധ്യത വന്നുപെട്ടു. സ്വത്തുക്കൾ വിറ്റ് കടംവീട്ടി. ഒരു തെങ്ങിൻതോട്ടം മാത്രം ബാക്കിയായി. അതിൽനിന്നുള്ള വരുമാനം മാത്രമായിരുന്നു പിന്നീട് നിത്യവൃത്തിക്കുള്ള മാർഗം. എനിക്ക് ഓർമ്മവെക്കുന്ന കാലത്ത് സാമ്പത്തിക സ്ഥിതി നല്ല ക്ഷീണത്തിലായിരുന്നു. ഉമ്മ പത്ത് മക്കളെ പ്രസവിച്ചു. എട്ടാമനാണ് ഞാൻ. രണ്ടുപേർ ബാല്യത്തിൽ തന്നെ മരിച്ചു. ഏറ്റവും ഒടുവിൽ എന്നെ വിട്ടുപോയത് തിരുവനന്തപുരം ജില്ലയിൽ കണിയാപുരത്ത് കുടുംബതാമസമാക്കിയിരുന്ന ജ്യേഷ്ഠൻ അലി ആയിരുന്നു. മക്കളും പേരമക്കളും എല്ലാം അവിടെതന്നെയാണ്. ബന്ധങ്ങൾ നിലനിന്നുപോരുന്നു.

ഇതൊരു കുടുംബ കഥയല്ലല്ലോ. അതിനാൽ ഇത്രയൊക്കെ മതി. എന്നെ സ്കൂളിൽ പഠിക്കാൻ അയച്ചില്ലെന്ന് പറഞ്ഞല്ലോ. മുസ്‌ലിം സമുദായത്തിൽ അക്കാലത്ത് ഈ പതിവ് പൊതുവെ ഇല്ലായിരുന്നു. നാട്ടിലെ 'അറിവാള'ന്മാരെന്ന് ഗണിച്ചിരുന്നവർ സ്കൂൾ പഠനത്തിന് എതിരായിരുന്നു. അക്കാലത്തെ പാതിരാ വഅളു(മതപ്രസംഗം)കളിൽ സാധാരണ കേട്ടിരുന്ന ഒരു നീട്ടിവലിച്ച പ്രാർത്ഥന പുതിയ തലമുറ അറിഞ്ഞിരിക്കേണ്ടതാണ്. കേട്ടോളൂ: "ഖോജരാജാവായ തമ്പുരാനേ.., പച്ച മലയാളത്തിൽ മോടി വർത്താനം പറേണോരെ ശർറിൽ നിന്നും ഞങ്ങളെ നീ കാക്കണേ" ഇംഗ്ലീഷിന്റെ കാര്യം പറയുകയേ വേണ്ട. "അത് കാഫിരീറ്റീങ്ങളുടെ ബാസയാണ്! ജഹന്നമിലെ ബാസ"!!

ബ്രിട്ടീഷ് സാമ്രാജ്യത്വത്തോടുള്ള കടുത്ത വെറുപ്പും അമർഷവുമാണ് വിദ്യാഭ്യാസ ബഹിഷ്കരണത്തിന് ആഹ്വാനം ചെയ്യാൻ മുസ്‌ലിംകളെ പ്രേരിപ്പിച്ചതെന്നാണ് ആധുനിക ഭാഷ്യം. സ്വരാജ്യ സ്നേഹത്തിന്റെ

മുകുടോദാഹരണം! പച്ചക്കള്ളമാണിത്. മലയാളം മാതൃഭാഷയല്ലേ? പിന്നെന്തേ അതും കൈയൊഴിഞ്ഞത്? പഠിക്കരുതെന്ന് ഉപദേശിച്ചത്? എന്തിനിങ്ങനെ ദുആഇരുന്ന് നടന്നു? ഉത്തരമില്ലാത്ത ചോദ്യങ്ങൾ! വിശുദ്ധ ഖുർആനിന്റെ അർത്ഥം ജനങ്ങളെ പഠിപ്പിക്കാതിരുന്നതും വെള്ളക്കാരനോടുള്ള വിരോധമായിരുന്നോ? ഇപ്പോൾ അർത്ഥം പറയാതെ ഗത്യന്തരമില്ലെന്ന നിലവന്നപ്പോൾ അർത്ഥം തെറ്റിച്ചു പറയുന്നതും ആരോടുള്ള അമർഷമാണ്? ഉത്തരമില്ല. താഴെ പറയുന്ന ഒരു ഉദ്ധരണി ശ്രദ്ധിച്ചാൽ ഉത്തരം നിങ്ങൾക്ക് സ്വയം ലഭിക്കും.

സുന്നി കേരളത്തിന്റെ ആചാര്യനായിരുന്നു ഇ.കെ. ഹസൻ മുസ്ലിയാർ. കാന്തപുരത്തിന്റെ ഗുരുതുല്യൻ. ശംസുൽ ഉലമയുടെ ഇളയ സഹോദരൻ. വാദപ്രതിവാദവിദഗ്ധൻ. ഉഗ്ര പ്രഭാഷകൻ. ഈ മുസ്ലിയാർ ഒരു പുസ്തകമെഴുതിയിട്ടുണ്ട്. പേര് 'തഹ്ദീറുൽ ഇഖ്‌വാൻ മിൻ തർജമതിൽ ഖുർആൻ'. 1982ൽ പ്രസിദ്ധീകരിച്ച ഈ പുസ്തകത്തിലെ വിഷയം ഖുർആൻ തർജമ ഹറാം! സുന്നികളുടെ തന്നെ ഒരു വലിയ നേതാവായ കൂറ്റനാട് കെ.വി. മുഹമ്മദ് മുസ്ലിയാർ ഒരു ഖുർആൻ പരിഭാഷ പുറത്തിറക്കി. ശക്തിയായി ഈ പുസ്തകത്തിൽ അത് വിമർശിക്കപ്പെട്ടിട്ടുണ്ട്. ഈ പുസ്തകത്തിൽ നിന്നും ഹസൻ മുസ്ലിയാരുടെ ഒരു വാചകം ഇവിടെ പകർത്താം.

“എന്റെ ഉസ്താദന്മാരടക്കം പഴയ ആലിമീങ്ങൾ ഖുർആൻ വാക്കുകൾ ഉദാഹരണമായി വരുമ്പോൾ അതിന്റെ വിധി വിവരിച്ചുതരികയല്ലാതെ അർത്ഥം പറയാറില്ല. ചോദിച്ചാൽ തന്നെ അർത്ഥം പറയരുത്, പിഴച്ചുപോകും എന്ന് ഉപദേശിക്കുന്നവരായിരുന്നു.” (പേജ് 34)

മതസ്നേഹവും രാജ്യസ്നേഹവും പരസ്പര പൂരകങ്ങളാണെന്ന് അന്നത്തെ പണ്ഡിതന്മാർ മനസ്സിലാക്കിയിരുന്നുവോ? ബ്രിട്ടീഷ് വിരോധം, ഉള്ളത് തന്നെ പറയാൻ വേണ്ടുവോളമുണ്ട്. പിന്നെന്തിന് അസത്യം പറഞ്ഞു രാജ്യസ്നേഹം വിളമ്പുന്നു. മതസ്നേഹമുണ്ടായിരുന്നുവെങ്കിൽ മതം യഥാവിധി പഠിപ്പിക്കുമായിരുന്നല്ലോ. പക്ഷെ, അത് മുടക്കി അപരിഷ്കൃതമായ ഓത്തുപുരകൾക്ക് പകരം ആധുനിക മദ്റസാ സമ്പ്രദായം കൊണ്ടുവരാൻ ഇസ്ലാമിക പണ്ഡിതന്മാർ ശ്രമിച്ചപ്പോൾ അതിനെതിരിൽ ജിഹാദ് വിളിച്ച മുസ്ലിയാക്കൾക്ക് മതസ്നേഹമുണ്ടെന്ന് വാദിക്കാൻ അസാമാന്യ തൊലിക്കട്ടി തന്നെ വേണ്ടിവരും!

ഒരു കാലത്തും ലാ തജ്അലുൽ ബനീനാ–

മദ്റസ ബയ്യിൽ യതഅല്ലമൂനാ

അറിവാളൻ ഇബ്നുത്തീമിയ മുൻകാലം

ളലാലത്തെന്ന വിത്ത് പാകിയ കാലം

ജഹന്നമിന്റെ ആഖിറിലെ 'മീ' മാം

മദ്റസയുടെ ആഖിറ് ജഹന്നമാ.

മദ്റസ എന്ന പദത്തിലെ ആദ്യ അക്ഷരമായ 'മീം' ജഹന്നമിന്റെ (നരകം) അവസാന അക്ഷരമായതിനാൽ മദ്റസയിലേക്കുള്ള യാത്ര നരകത്തിലേക്കാകുന്നു എന്ന് ഈണത്തിൽ, ഭക്തിസാന്ദ്രമായി പാടി ജനങ്ങളെ സന്മാർഗത്തിൽ നിന്നകറ്റാൻ ശ്രമിച്ചവർക്ക് മതസ്നേഹമുണ്ടായിരുന്നുവോ? കാലത്തിന്റെ കൂലംകുത്തിയൊഴുക്കിൽ അവർ തെന്നിവീണു. ആയിരക്കണക്കിന് മദ്റസകൾ നടത്തുന്ന മഹാ പ്രസ്ഥാനമാണ് തങ്ങളുടേതെന്ന് മുസ്ലിയാക്കൾ ഇപ്പോൾ വീമ്പിളക്കുകയാണ്! മദ്റസാ അദ്ധ്യാപകരുടെ സംസ്ഥാന സമ്മേളനം തന്നെ അവർ നടത്തി. മാറ്റങ്ങൾ സ്വാഗതാർഹം തന്നെ. പുരോഗമനങ്ങൾ അഭിനന്ദനീയവുമാണ്. പക്ഷെ, സ്വാഗതം ചെയ്യാനും അഭിനന്ദിക്കാനും വകയില്ലതാനും. കാരണം ശിർക്കും ബിദ്അത്തും ഖുറാഫാത്തുകളുമാണ് ഈ മദ്റസകളിലൂടെ പിഞ്ചു മനസ്സുകളിലേക്ക് തള്ളിക്കയറ്റുന്നത്!

ബ്ലാക്ക് ബോർഡിൽ ചോക്ക് കൊണ്ട് ഖുർആൻ വാക്കുകൾ എഴുതുമ്പോൾ ചോക്ക്പൊടി താഴെ വീഴും, അതിൽ ചവിട്ടിയാൽ പാപമാണ് എന്ന് ജനങ്ങളെ പറഞ്ഞു പേടിപ്പിച്ചിരുന്നു. ഖുർആന്റെ അർത്ഥം ചോദിക്കരുത്; പറയരുത്; പഠിക്കരുത്; പിഴച്ചുപോകും. ജനങ്ങളെ അവർ ഭീഷണിപ്പെടുത്തി. എന്തൊരു മതസ്നേഹം!

പാവം മുസ്ലിം ജനത! അറിവാളന്മാരായ മുസ്ലിയാക്കൾ വിളമ്പിയത് രുചിയോടെ അപ്പടി ഭക്ഷിച്ചു. സ്കൂളിൽ പോയില്ല. ഭാഷകളും പഠിച്ചില്ല. പഠിച്ചതൊക്കെ വെറും മാല- മൗലീദുകളും റാത്തീബുകളും ഖിസ്സപ്പാട്ടുകളും മാത്രം! മഹാ ഭൂരിപക്ഷത്തിനും ബിസ്മിയുടെ അർത്ഥം പോലും അറിയില്ല. നൂറു ശതമാനത്തിനും മുഹ്യിദ്ദീൻ മാല മനഃപാഠമായിരുന്നുതാനും. ഇതായിരുന്നു പണ്ഡിതന്മാരുടെ മതസ്നേഹം! രാജ്യസ്നേഹം! സാമ്രാജ്യത്വ വിരോധം!!!

"മനുഷ്യർക്ക് വേണ്ടി നിയോഗിക്കപ്പെട്ട ഉത്തമ സമുദായമാണ് നിങ്ങൾ" എന്ന് അല്ലാഹു ഖുർആനിലൂടെ അറിയിച്ച ഒരു വിശിഷ്ട സമൂഹത്തെ ദുൻയാവും ആഖിറവും നഷ്ടപ്പെട്ട് ലോകത്തിന്നാവശ്യമില്ലാത്ത ഒരു പിന്നാക്ക വർഗമായി അധപതിപ്പിച്ചത് പണ്ഡിതന്മാരെന്ന് വീമ്പിളക്കിയ ഈ പുരോഹിതന്മാരായിരുന്നു.

കാലം മാറി. കോലവും കുറെയൊക്കെ മാറി. എന്നാൽ മനസ്സിൽ

ഊറിക്കൂടിയ കറുപ്പ് നീങ്ങിയിട്ടില്ല. കാലം നീങ്ങിയപ്പോൾ വിലകൂടിയ കറുപ്പ് ചായം കൊണ്ട് കൂടുതൽ അത് വികൃതമാക്കി. മുസ്‌ലിം സ്ത്രീക ളുടെ പള്ളി പ്രവേശനത്തിനെതിരിൽ തലസ്ഥാന നഗരിയിൽ മാർച്ച് നട ത്താൻ ഇക്കാലത്തും ഇവർക്ക് ധൈര്യമുണ്ടായല്ലോ. എഴുതിയും പ്രസം ഗിച്ചും മനസ്സിലെ കറുപ്പിന് അവർ കട്ടികൂട്ടി.

ഇടക്കിടെ ഞാൻ വഴിമാറുന്നുണ്ട്. സാരമില്ല. എല്ലാം അറിയേണ്ടതും മനസ്സിലാക്കേണ്ടതും തന്നെ. ഇരുട്ടിന്റെ കാഠിന്യം അനുഭവിക്കുമ്പോഴ ല്ലേ പ്രകാശത്തിന്റെ മഹത്വം ബോധ്യമാകൂ.

എന്നെ സ്കൂളിൽ അയക്കാതിരുന്നത് ഈ മൂഢ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലായിരുന്നു എന്ന് പറയുക വയ്യ. കാരണം, എന്റെ മാതാ പിതാക്കൾ മലയാളം പഠിച്ചവരായിരുന്നല്ലോ. എന്റെ അനുജനെ സ്കൂളി ലയച്ചിട്ടുണ്ട്. ജ്യേഷ്ഠന്മാർക്കും അത്യാവശ്യം മലയാളം അറിയുമായി രുന്നു. അതുകൊണ്ട് മലയാള വിരോധം എന്റെ കുടുംബത്തിൽ കാര്യ മായി വേരൂന്നിയിരുന്നില്ല എന്ന് മനസ്സിലായി. വേറെ കാരണമെന്തായിരു ന്നുവെന്ന് എനിക്ക് ശരിക്കറിയില്ല.

അങ്ങനെ ഞാൻ പള്ളിദർസിലെ ഉപരിപഠനത്തിൽ ഒരു കണ്ണിയായി. വെളിയങ്കോട് മരക്കാരിങ്ങൽ പള്ളിയിലാണ് കിതാബോതിയത്. ഗുരുനാ ഥന്മാർ ആരൊക്കെ, എവിടത്തുകാർ എന്നൊന്നും ശരിക്ക് ഓർമ്മയില്ല. താണപാടത്ത് മുഹമ്മദ് മുസ്‌ലിയാർ, തട്ടാങ്ങര മുഹമ്മദ് മുസ്‌ലിയാർ, തറയിൽ കുഞ്ഞുകുട്ടി മുസ്‌ലിയാർ എന്നിവർ ഗുരുനാഥന്മാരിൽ ചില രാണ്. പുറം ദേശത്തു നിന്നും വന്ന ഉസ്താദന്മാരും ഉണ്ടായിരുന്നു.

താണപാടത്ത് മുസ്‌ലിയാരുടെ ശിഷ്യത്വത്തിൽ കഴിയുന്ന കാലം. വയസ്സ് പതിനാലോ, പതിനഞ്ചോ ആയിരിക്കും. മനസ്സ് ഒന്ന് പിടഞ്ഞ ഒരു സംഭവമുണ്ടായി. വീടുകളിൽ ഉസ്താദ് പോയി ഖുത്ബിയ്യത്ത് റാ ത്തീബ് എന്ന 'ആരാധനാകർമ്മം കഴിക്കുക' പതിവായിരുന്നു. എല്ലായി ടത്തും ഇത് സാധാരണയാണ്. ഈ റാത്തീബിന്റെ മുന്നോടിയായി ഒരു നമസ്കാരമുണ്ട്. പന്ത്രണ്ട് റക്അത്താണത്. ശൈഖ് മുഹ്‌യിദ്ദീൻ അബ് ദുൽ ഖാദിർ ജീലാനി അവർകളുടെ പൊരുത്തം ആശിച്ചുകൊണ്ടാണിത്. ബഗ്ദാദിൽ അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ച മഹാ പണ്ഡിതനും ഭക്തനും ഒരു വലിയ മത പഠന കേന്ദ്രത്തിന്റെ (ദർസ്) തലവനുമായിരുന്നു ശൈഖ് ജീലാനി. അനേകം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ഇസ്‌ലാമിന്റെ വൈജ്ഞാ നിക വളർച്ചക്കും രക്ഷക്കും തന്റെ ജീവിതം അർപ്പിച്ച മഹാ പ്രതിഭാശാ ലിയായിരുന്നു ശൈഖ്. മരിച്ചുപോയ ഈ മഹാനവർകളുടെ രക്ഷയും പൊരുത്തവും ലഭിക്കണമെന്നുള്ള ആശയാണ് ഈ റാത്തീബിന്റെ പ്രേര

ക ശക്തി. ശൈഖിനോട് നേരിട്ടുള്ള പ്രാർത്ഥന റാത്തീബിലെ ഒരു മുഖ്യ ഇനമാണ്.

ഏതൊരു ഇബാദത്തിലും ഇഖ്ലാസ് ശർത്വാണല്ലോ. നിഷ്കളങ്കമായ ഉദ്ദേശ്യം ഉപാധിയാക്കുക എന്നതാണ് ഇഖ്ലാസ്. അല്ലാഹുവിന്റെ പൊരുത്തവും പ്രതിഫലവും മാത്രം ആശിക്കുകയാണ് ഇഖ്ലാസിന്റെ കഴമ്പ്. മേൽപറഞ്ഞ പന്ത്രണ്ട് റക്അത്ത് നമസ്കാരം ഈ തത്വത്തിന് വിരുദ്ധമാണ്. കാരണം പ്രവാചകനിൽ നിന്നും ഇങ്ങനെ ഒരു നമസ്കാരം മാതൃകയില്ല. അല്ലാഹുവിന്റെ പ്രതിഫലം ആഗ്രഹിച്ചു ചെയ്യുന്ന ഏതൊരു കർമ്മവും പ്രവാചകനിൽ നിന്നും നടപടിയായോ, ഉപദേശ നിർദേശമോ മൗനാനുവാദം മുഖേനയോ ചര്യയായി ലഭിച്ചിരിക്കണം. ഇതല്ലാതെ നിർമ്മിക്കപ്പെടുന്നവയെല്ലാം ബിദ്അത്തുകളാണ് (പുതിയ ആചാരങ്ങൾ).

“പ്രവാചകനിൽ നിങ്ങൾക്ക് ഉത്തമ മാതൃകയുണ്ട്, അല്ലാഹുവിനെയും അന്ത്യദിനത്തെയും ആഗ്രഹിക്കുന്നവന്” എന്നാണ് ഖുർആൻ അറിയിക്കുന്നത്. അപ്പോൾ ആരെങ്കിലും കെട്ടിയുണ്ടാക്കിയ ആരാധനാകർമ്മങ്ങളെ വാരിപ്പുണരുന്നത് ഉത്തമമല്ലെന്ന് മാത്രമല്ല, പ്രവാചകത്വത്തെ അംഗീകരിക്കാത്ത സ്വഭാവവുമാണ്.

ഇത്രയൊന്നും ഗാഢമായി അന്ന് ഞാൻ പഠിച്ചിട്ടില്ല. കുറെ നാൾ കിതാബോതിയാൽ ഇത്തരം കാര്യങ്ങളെക്കുറിച്ച് വിവരം ലഭിക്കാൻ സാധ്യതയില്ല. എങ്കിലും ഖൽബിൽ ഒരെരിച്ചിൽ ! ഇഖ്ലാസിന് നിരക്കാത്ത ഒരവസ്ഥയാണല്ലോ ഈ പന്ത്രണ്ട് റക്അത്ത് നമസ്കാരത്തിനുള്ളത് എന്നൊരു തോന്നൽ. പുറത്ത് പറയാൻ ധൈര്യമില്ല. ചോദിക്കാൻ തന്റേടവുമില്ല. ചർച്ചചെയ്യാൻ ഒരു പഴുതുമില്ല. ആകെ ഭയം. ഉസ്താദ് തന്നെ നേതൃത്വം വഹിക്കുന്ന ഒരു കർമ്മത്തിൽ സംശയം പ്രകടിപ്പിക്കുകയോ?! അത് അനാവശ്യവും ഗുരുത്വക്കേടുമാകില്ലേ?

സംശയം മനസ്സിൽ തന്നെ ഒതുക്കി. കുറെ കാലത്തിനു ശേഷം ഇതിന് മറുപടി കിട്ടി. സത്യസമ്പൂർണ്ണം എന്ന് മുസ്‌ലിയാക്കൾ ഉദ്ഘോഷിക്കുന്ന ശപിക്കപ്പെട്ട പാട്ടിൽ “ആകേന്ന് ഞാൻ ചൊൽകിൽ ആകും ഞാനെന്നോവർ” എന്നൊരു വരിയുണ്ട്. സർവ്വജ്ഞനും സർവ്വശക്തനുമായ അല്ലാഹുവിന്റേതാണല്ലോ ‘കുൻ ഫയക്കൂൻ’ (ഉണ്ടാകുക എന്ന് കൽപിക്കുമ്പോൾ അതുണ്ടാകുന്നു) എന്ന കഴിവ്. ഈ കഴിവ് ശൈഖിനുണ്ടെന്നാണ് ഇവിടെ പറയുന്നത്. ‘ലാ അന ഇല്ലാ അൻത’ എന്ന് റാത്തീബിലും കാണാം. ഞാനും നീയും ഒന്നുതന്നെ എന്നാണിതിന്റെ സാരം. കടഞ്ഞെടുത്ത അദ്വൈതവാദമാണിത്. അപ്പോൾ മേൽപറഞ്ഞ നമസ്കാരത്തിന് എന്താണൊരു തരക്കേട്! ഇതാണ് മുസ്‌ലിയാക്കളുടെ മതം!

മുമ്പ് ഒരു വലിയ മുസ്‌ലിയാർ ഉണ്ടായിരുന്നു. തിരുവിതാംകൂർ സ്വദേശി. കറ്റാനം പതി അബ്ദുൽഖാദിർ മുസ്‌ലിയാർ. സുന്നികളിൽ ഏറ്റവും പ്രസിദ്ധനും വാഗ്‌വിലാസത്താൽ ജനശ്രദ്ധ ഏറെ പിടിച്ചുപറ്റിയവനുമായിരുന്നു പതി മുസ്‌ലിയാർ. “മുഹ്‌യിദ്ദീൻ മാല സത്യസമ്പൂർണ്ണമല്ലെങ്കിൽ ഖുർആനും സത്യസമ്പൂർണ്ണമല്ല” എന്ന അതി ഭയങ്കരവും ധിക്കാരപൂർണ്ണവുമായ കുഫ്‌രിയ്യത്തിന്റെ വാദം ഭയലേശമന്യേ നിസ്സങ്കോചം പരക്കെ പ്രഖ്യാപിക്കാൻ ധാർഷ്ട്യം പ്രകടിപ്പിച്ച മനുഷ്യൻ! ധാരാളം പ്രസംഗ സ്റ്റേജുകളിൽ ഈ വാദമുയർത്തി വഹാബികളെ ഈ മുസ്‌ലിയാർ വാദപ്രതിവാദത്തിന് വെല്ലുവിളിച്ചിട്ടുണ്ട്. വിശദവിവരം വഴിയെ ആകാം.

മറ്റൊരു സംഭവം. വെളിയങ്കോട് പള്ളിദർസിലെ പഠനകാലം. പാനായിക്കുളം അബ്ദുറഹ്മാൻ മുസ്‌ലിയാരുടെ വീട്ടിൽ റബീഉൽ അവ്വൽ മാസം 12-ാം രാവിന് മൗലീദ് ഉണ്ടായി. മുസ്‌ലിയാക്കളിൽ പ്രശസ്ത പണ്ഡിതനായിരുന്നു പാനായിക്കുളം മുസ്‌ലിയാർ. സാധാരണയായി മുസ്‌ലിയാക്കൾ മറ്റുള്ളവരെക്കൊണ്ട് ദുരാചാരങ്ങൾ നടത്തിക്കും. എന്നിട്ട് അവരിൽ നിന്നും തീറ്റയും കൈമടക്കും ഒതുക്കലാണ് പതിവ്. ഈ പതിവിന് ഒരപവാദമായിരുന്നു അബ്ദുറഹ്മാൻ മുസ്‌ലിയാർ. ഞാൻ അക്കാലത്ത് പല പ്രാവശ്യം ഇവിടെ മൗലൂദിൽ ഭാഗഭാക്കായിട്ടുണ്ട്. മൗലീദിൽ അദ്ദേഹത്തിന്റെ സമ്പ്രദായം നാട്ടുനടപ്പിൽ നിന്നും വ്യത്യസ്തമായിരുന്നു. നേരത്തെ ഇശാഅ് നമസ്കാരം നടത്തും. എല്ലാവർക്കും ഭക്ഷണം നൽകും. ശേഷം മൗലൂദ് പാരായണം തുടങ്ങും. നാട്ടിലൊക്കെ മൗലീദിനു ശേഷമാണ് ഭക്ഷണം വിളമ്പാറുള്ളത്.

നബിﷺയുടെ പേരിൽ പല ജാതി മൗലീദുകളുണ്ട്. ഓരോന്നും മാറി മാറി ഓതും. അങ്ങനെ സമയം ദീർഘിപ്പിക്കും. നബിയെ പ്രസവിച്ചു എന്നു പറയപ്പെടുന്ന സുബ്ഹിയുടെ അല്പം മുമ്പ് വരെ ഓത്ത് നീട്ടി എത്തിക്കും. എന്നിട്ട് എല്ലാവരും എഴുന്നേറ്റ് നിന്ന് ‘അശ്‌റഖ’ ചൊല്ലും. ശേഷം ദുആ ഇരന്ന് പിരിയും. ഇവിടെയും എന്റെ മനസ്സിൽ ഒരു തേങ്ങൽ. മക്കയും നമ്മുടെ നാടുമായി രണ്ടര മണിക്കൂർ സമയ വ്യത്യാസമുണ്ടെന്ന് ഞാൻ കേട്ടിട്ടുണ്ട്. അപ്പോൾ നബിയെ പ്രസവിച്ച സമയമെത്തണമെങ്കിൽ സൂര്യോദയത്തിനു ശേഷം പിന്നെയും കുറെ സമയം കഴിയണം. അപ്പോൾ ഈ അശറഖ ചൊല്ലൽ യഥാസമയത്തല്ലല്ലോ നടക്കുന്നത്. ഈ സംശയം ഞാൻ സഹപാഠികളോട് പറഞ്ഞു. “പഹയാ, മിണ്ടണ്ട. മൂപ്പര് ചെയ്യുന്നതിന് നമ്മൾ തർക്കം പറയാൻ പാടുണ്ടോ?” ഇതായിരുന്നു അവരുടെ പ്രതികരണം. ഞാൻ പറഞ്ഞു: “മനസ്സിലൊരു സംശയമുണ്ടായി, നിങ്ങളോടത് സ്വകാര്യത്തിൽ പറഞ്ഞു. അത്രമാത്രം.”

സംശയങ്ങൾ ഒന്നിനു പിറകെ മറ്റൊന്നായി വന്നുകൊണ്ടിരിക്കുകയാണ്.

ഫത്ഹുൽ മുഈൻ ഓതുന്ന കാലം. സൈനുദ്ദീൻ മഖ്ദൂമിന്റെ ഗ്രന്ഥമാണത്. നമ്മുടെ നാട്ടിൽ ശാഫിഈ മദ്ഹബുകാർ പ്രാമാണികമായി കരുതുന്ന ഒരു കർമ്മശാസ്ത്ര ഗ്രന്ഥം. അടുത്ത കാലത്ത് മലയാളത്തിൽ ഇതിനു പരിഭാഷ ഉണ്ടാക്കി. പരിഭാഷക്ക് പേര് കൊടുത്തത്, 'ഇസ്‌ലാം മത നിയമസംഹിത' എന്നായിരുന്നു. വളരെ അതിര് കവിച്ചിലാണ് പ്രസാധകർ ചെയ്തത്. 'ശാഫിഈ മദ്ഹബ് നിയമ സംഹിത' എന്നതാണ് യാഥാർത്ഥ്യം. കാരണം ഇസ്‌ലാമിക നിയമസംഹിതക്ക് വിരുദ്ധമായ പലതും ഇതിലുണ്ട്. അമുസ്‌ലിംകൾക്കിടയിൽ ഇസ്‌ലാമിനെ വികലമായി ധരിക്കാൻ ഈ പേര് വെക്കൽ ഇടയാക്കും. ഒരു ഉദാഹരണം പറയാം. ഭാര്യക്ക് രോഗം വന്നാൽ ചികിത്സിക്കാൻ ഭർത്താവിന് ബാധ്യതയില്ല പോൽ! ഭാര്യയുടെ മാതാപിതാക്കൾ അവളെ കൂട്ടിക്കൊണ്ടുപോയി വേണ്ട ചികിത്സ നടത്തി സുഖപ്പെടുത്തി ഭർത്താവിന് ഉപയോഗിക്കാൻ തക്കവണ്ണം തിരിച്ചേൽപിക്കണമെന്നാണ് ഫത്ഹുൽ മുഈനിലെ വിധി! നാണംകെട്ട, മര്യാദയില്ലാത്ത വർത്തമാനം ! ഒരു അമുസ്‌ലിം ഇതു വായിച്ചാൽ അയാളുടെ മനസ്സിൽ വരുന്ന ധാരണ എന്തെന്ന് ഊഹിക്കാമല്ലോ. ഇസ്‌ലാംമത നിയമസംഹിത എന്നല്ലേ ഇവർ പേരിട്ടിരിക്കുന്നത്. ഏതെല്ലാം നിലക്ക് ഇസ്‌ലാമിനെ ദ്രോഹിക്കാൻ കഴിയുമോ, അതൊക്കെ അകത്തുള്ളവർ തന്നെ വേണ്ടുവോളം ചെയ്യുന്നുണ്ട്. ഞാൻ ഈ ഗ്രന്ഥം ഓതുന്ന കാലത്ത് ഒരാശയക്കുഴപ്പം മനസ്സിൽ മുഴങ്ങി. നമസ്കാരത്തിൽ നിന്നും സലാം പറഞ്ഞാൽ ഇമാം സ്ഥാനംവിട്ട് എഴുന്നേൽക്കൽ അതിപുണ്യമാണെന്ന് പറയുന്ന ഭാഗം ഉസ്താദ് ചൊല്ലിത്തന്നു. കുറച്ചു കഴിഞ്ഞപ്പോൾ നമസ്കാര സമയമായി. ഇമാം ഉസ്താദ് തന്നെ. സലാം പറഞ്ഞ ശേഷം നാട്ടിലെമ്പാടും സുന്നി പള്ളികളിൽ കണ്ടുവരുന്നതുപോലെ ഇമാമായ എന്റെ ഉസ്താദും ചെയ്തു. അദ്ദേഹം പകുതി തിരിഞ്ഞിരുന്നു. ഉറക്കെ ദുആ ഇരന്നു. ഇടക്കിടെ ശ്വാസതടസ്സം കൊണ്ടോ മറ്റോ നിർത്തും. അപ്പോൾ മറ്റുള്ളവർ ഉറക്കെ ആമീൻ എന്നു ചൊല്ലും!

ഞാൻ ആകെ ബേജാറായി. കുറച്ച് മുമ്പല്ലേ സലാം പറഞ്ഞാൽ ഇമാം തൽസ്ഥാനം വിട്ടുമാറണമെന്ന് ഉസ്താദ് തന്നെ ഓതി പഠിപ്പിച്ചത്! അത് ചൂടാറുന്നതിനു മുമ്പ് അദ്ദേഹം ഇങ്ങനെ പരസ്യമായി എതിര് ചെയ്യുകയോ! മാത്രമല്ല, ഈ കിതാബിൽ ഇങ്ങനെ വിധി ഉള്ള കാര്യം ഉസ്താദിന് മുമ്പ് തന്നെ അറിയുന്നതാണല്ലോ. പക്ഷെ, ഉസ്താദന്മാരെല്ലാം പഠിച്ചതിനും പഠിപ്പിക്കുന്നതിനും എതിരാണല്ലോ പ്രവർത്തിക്കുന്നത്? ഇതെ

ന്തൊരക്രമം?

സഹപാഠികളോട് ഞാൻ ഇതേക്കുറിച്ച് ചോദിച്ചു. അപ്പോഴും മറുപടി മുമ്പത്തേതുതന്നെ. പഹയാ മിണ്ടണ്ട! ഇത് എന്റെ ഒരു സംശയമല്ലേ എന്നു ഞാൻ പറഞ്ഞു. അപ്പോൾ അവരെന്നെ ഭയപ്പെടുത്തി. ഇതൊക്കെ വഹാബികളുടെ കുരുത്തംകെട്ട ചോദ്യങ്ങളാണ്. അങ്ങനെയെങ്കിൽ അവരാണല്ലോ നേർമാർഗത്തിൽ. മാത്രമല്ല, സലാം വീട്ടിയ ശേഷം അവരുടെ ഇമാം എഴുന്നേറ്റു മാറുന്നതിനെ നമ്മൾ ശക്തിയായി ആക്ഷേപിക്കുകയും ചെയ്യുന്നു. ഇതെന്തിന്? ഉത്തരമില്ല. മനസ്സ് കൂടുതൽ അസ്വസ്ഥമായി. പഠിക്കുന്നതും പഠിപ്പിക്കുന്നവർ ആചരിക്കുന്നതും തമ്മിൽ ഒരു ബന്ധവുമില്ല. അങ്ങനെയാണെങ്കിൽ ഓതിയോതി കാലം കഴിച്ചിട്ടെന്തിന്? മതം പഠിക്കുന്നത് ഇതിനാണോ? രാപകൽ ചിന്തതന്നെ. ഉസ്താദിനോട് തന്നെ ചോദിച്ച് ഒരു വിഷയത്തിലെങ്കിലും സംശയ നിവാരണം വരുത്തണം. അറിവിന്റെ ദാഹം ഭയത്തെ കീഴ്പ്പെടുത്തുകയായിരുന്നു. വളരെ ആലോചിച്ച് ചോദിക്കാൻ ഒരു വിഷയം തെരഞ്ഞെടുത്തു.

അങ്ങനെ ഒരു ദിവസം 'ഉസ്താദേ' ബഹുമാനപൂർവ്വം വിളിച്ചു. "മുഹ്യിദ്ദീൻ ശൈഖിനെ വിളിച്ചു തേടുകയും ശൈഖിന് നേർച്ചയാക്കുന്നതും നമ്മൾ ശരിവെക്കുന്നുണ്ടല്ലോ. എന്നാൽ ഗുരുവായൂരപ്പനെ വിളിക്കുന്നതും നേർച്ചയാക്കുന്നതും എതിർക്കുന്നു. എന്താണിതിന്റെ വ്യത്യാസം?" ഉസ്താദ് കോപത്തോടെ കുറെ ചീത്ത പറഞ്ഞു. ഞാൻ വിനയപൂർവ്വം പറഞ്ഞു. ഞാൻ ചോദിച്ചത് അവിടത്തേക്ക് ഇഷ്ടപ്പെട്ടില്ലെന്ന് മനസ്സിലായി. പക്ഷെ, എന്റെ സംശയം തീർന്നില്ല. വല്ലതും പറഞ്ഞുതന്നാൽ വലിയ ഉപകാരമാണ്.

ഉസ്താദ് ദേഷ്യത്തോടെ പറഞ്ഞു. "എടാ ഹമുക്കേ! മുഹ്യിദ്ദീൻ ശൈഖ് അല്ലാഹുവിന് പ്രിയപ്പെട്ടവനാണെന്നും ഗുരുവായൂരപ്പൻ വെറുക്കപ്പെട്ടവനാണെന്നും നിനക്കറിഞ്ഞുകൂടേ"? ഉടനെ ഞാൻ ചോദിച്ചു: "അല്ലാഹുവിന് പ്രിയപ്പെട്ടവരോട് നമുക്കു തേടാം. ഇതാണല്ലേ നമ്മുടെ മസ്അല. എങ്കിൽ നസ്രാണികൾ ഈസാനബിയെ വിളിച്ചു തേടുന്നത് നമ്മളെന്തിന് എതിർക്കണം?"

ഉസ്താദ് ദേഷ്യംകൊണ്ട് വിറക്കുകയാണ്. "എടാ കുരുത്തംകെട്ടവനേ- നീ ഇത്ര ചെറുപ്പത്തിലേ തലതിരിഞ്ഞുപോയല്ലോ" എന്ന് ആക്രോശിച്ചു. തലതിരിഞ്ഞതല്ല. തിരിഞ്ഞുപോയ തല നേരെയായി വരികയാണ് എന്ന് പറയാൻ മനസ്സിൽ വന്നു. പക്ഷെ, ക്രോധം നിറഞ്ഞ ആ മുഖം കണ്ട് പേടിച്ച് വിറച്ചു ഞാൻ പിൻവാങ്ങി. ഒരു പച്ചപ്പരമാർത്ഥമല്ലേ ഞാൻ പറഞ്ഞത്? പകരം കിട്ടിയത് ശാപ-കോപ-ക്രോധങ്ങളും!

തിരുവനന്തപുരം ജില്ലയിൽപെട്ട വാമനപുരത്ത്, ആറുമൈൽ കിഴക്കുള്ള പുലിപ്പാറയിൽ 21 വയസ്സ് പ്രായത്തിൽ ഒരു നബിദിന സമ്മേളനത്തിൽ ഞാൻ ഒരു പ്രസംഗകനാകേണ്ടിവന്നു. ഒരു നിർബന്ധ സാഹചര്യത്തിലായിരുന്നു അത്. ആ പ്രസംഗമാണ് പാതിരാവിന്റെ യാമങ്ങൾ പിന്നിട്ടു ഭയാനകമായ കൂരിരുട്ടിൽ ഏകനായി കുടുംബവും വെടിഞ്ഞ് ഓടേണ്ടി വന്നത്. പ്രസംഗത്തെ തുടർന്നുണ്ടായ സംഭവങ്ങൾ അറിയുമ്പോൾ നാം ഇവിടെ നിന്നൊക്കെ ഒരുപാട് മുന്നോട്ട് പോയെന്നാശ്വസിക്കുന്നവരുണ്ടാകും. ഞാനും അങ്ങനെയായിരുന്നു. എന്നാൽ ഈ അടുത്തകാലത്ത് അറിഞ്ഞ ഒരു സംഭവം ഈ ആശ്വാസത്തിന് മങ്ങലുണ്ടാക്കി. അക്ഷരവിരോധികളായ പഴയ പൗരോഹിത്യത്തിനും ഭൗതികവിദ്യാഭ്യാസത്തിന്റെ ഗുണഗണങ്ങൾ പ്രകീർത്തിക്കുന്ന അവരുടെ പുതിയ തലമുറയ്ക്കും ഇടയിൽ ദശകങ്ങളുടെ അന്തരമുണ്ടായി. പക്ഷെ, മുരടിച്ച അന്ധവിശ്വാസത്തിന് മാറ്റമുണ്ടായില്ല. അന്ന് ഞാൻ അനുഭവിച്ച പീഡനങ്ങൾ ഭയാനകമായി തോന്നിയേക്കാം. എന്നാൽ ഇക്കാലത്തെ ചിലരുടെ അനുഭവങ്ങൾ കേട്ട് ഞാനും തരിച്ചുപോയി!

എന്റെ മക്കളിൽ ആറാമൻ മുബാറക് ഇതെഴുതുമ്പോൾ അബൂദബിയിലെ സിവിൽ കോടതിയിൽ ഉദ്യോഗസ്ഥനാണ്. 93 ഡിസംബറിൽ അവൻ നാട്ടിൽ വന്നപ്പോൾ പറഞ്ഞ ഒരു സംഭവം എന്നെ അത്യധികം വേദനിപ്പിക്കുകയും അത്ഭുതപ്പെടുത്തുകയും ചെയ്തു. അതറിയുമ്പോൾ നിങ്ങളും ഈ വേദനകളിൽ പങ്കുചേരാതിരിക്കുകയില്ല. മനുഷ്യത്വം നശിക്കാത്തവരിൽ അതുണ്ടാകും.

മുബാറക്കിനോടൊത്ത് അബൂദബിയിൽ താമസവും നല്ല സമ്പർക്കവുമുണ്ടായിരുന്ന ഒരു യുവാവ്. മലപ്പുറം ജില്ലക്കാരൻ. കടുത്ത സുന്നി കുടുംബത്തിലെ അംഗം. കാന്തപുരം മുസ്‌ലിയാരുടെ ശിഷ്യനായിരുന്നു. വിവാഹിതൻ. പലതും കേട്ട് പഠിക്കാനും ചിന്തിക്കാനും അബൂദബിയിലെത്തിയ ശേഷം സ്വതന്ത്ര സാഹചര്യമുണ്ടായപ്പോൾ ആ യുവാവിന്റെ മനസ്സിനെ പൊതിഞ്ഞിരുന്ന ഖുറാഫാത്തിന്റെ ഇരുട്ട് കുറെശെയായി നീങ്ങി. തൗഹീദിന്റെ വെളിച്ചം അതിൽ കടന്നു. അയാൾ നാട്ടിലേക്ക് വരാൻ അടുത്തപ്പോൾ മുജാഹിദ് സുഹൃത്തുക്കളുടെ സമ്പർക്കം നാട്ടിൽ ലഭിക്കണമെന്ന് ആശിച്ചു. അബൂദബിയിലുള്ള ഇസ്‌ലാഹീ സുഹൃത്തുക്കളിലൂടെ പരിചയമുണ്ടാക്കി. അങ്ങനെ ഇദ്ദേഹം നാട്ടിലെത്തിയോ എന്നറിയാൻ അവർ ഒന്നുരണ്ടു തവണ വീട്ടിൽ അന്വേഷിച്ചു ചെന്നു. വീട്ടിൽ ചെന്ന ചെറുപ്പക്കാർ മുജാഹിദു പ്രസ്ഥാന പ്രവർത്തകരാണെന്ന് പിതാവ് തിരിച്ചറിഞ്ഞതോടെ സംശയവും വേവലാതിയുമായി. നമ്മുടെ

സുഹൃത്ത് വീട്ടിലെത്തി. പിതാവ് മകനെ രഹസ്യമായി വീക്ഷിക്കുകയും ചെയ്തു. തൗഹീദു സംബന്ധമായ ചില ലഘുലേഖകളും കാസറ്റുകളും മറ്റും ബാഗിൽ നിന്നും കണ്ടെടുത്തു. അതോടെ ആ മനുഷ്യന്റെ സമനില തെറ്റി. മകനെ ക്രൂരമായി മർദ്ദിച്ചു. അയാൾ സത്യം തുറന്നു പറഞ്ഞതോടെ മർദ്ദനം ഇരട്ടിച്ചു. പിതാവും ബന്ധുക്കളും ചേർന്നു പിടിച്ചുകെട്ടി ജീപ്പിലിട്ടു. കോഴിക്കോട് മാവൂർ റോഡിലുള്ള കാന്തപുരത്തിന്റെ മർക്കസ് കൊട്ടാരത്തിലേക്ക് കൊണ്ടുപോയി. നേരത്തെ ബന്ധപ്പെട്ട് സമയം നിർണ്ണയിച്ചിട്ടുള്ള പോക്കായിരുന്നു അത്. വഴിനീളെ ഇടക്കിടെ പുതിയതിൽ നിന്നും പിന്മാറാൻ കൽപിക്കലും വിസമ്മതിക്കുമ്പോൾ മർദ്ദിക്കലും തുടർന്നു. അങ്ങനെ മർകസിലെത്തി. മഹാ മുസ്‌ലിയാർ ഇവരെ കാത്തിരിക്കുന്നുണ്ടായിരുന്നു. യുവാവിനെ ചോദ്യം ചെയ്തു. ഭീഷണിപ്പെടുത്തി. തന്റെ തൗഹീദിലുള്ള വിശ്വാസം അയാൾ മുസ്‌ലിയാരുടെ മുമ്പിൽ നിസ്സങ്കോചം വെളിപ്പെടുത്തി. യുവാവ് ചില ചോദ്യങ്ങൾ മുസ്‌ലിയാരുടെ നേർക്കും വിട്ടപ്പോൾ ദേഷ്യംകൊണ്ട് ഭ്രാന്തനായ പിതാവ് അവിടെയിട്ട് മകനെ തല്ലി. അപ്പോൾ ഞാൻ ഇവനോട് തനിയെ സംസാരിക്കാം എന്ന് മുസ്‌ലിയാർ പറഞ്ഞു മറ്റുള്ളവരെ മുറിയിൽ നിന്നൊഴിവാക്കി. തന്ത്രപൂർവ്വം ഉപദേശിച്ചു. ഗുണമില്ലെന്ന് മനസ്സിലായപ്പോൾ ഭീഷണിപ്പെടുത്തി. തൗഹീദിന്റെ പ്രഭയാൽ തിളങ്ങിയ ആ യുവ ഹൃദയം 'അഹദ്!' എന്ന ബിലാലിന്റെﷺ മന്ത്രധ്വനികൾ കേട്ടിരിക്കാം. അയാൾ പറഞ്ഞു: എനിക്കെന്തെങ്കിലും അപകടം സംഭവിച്ചാൽ മുസ്‌ലിയാരായിരിക്കും ഉത്തരവാദി. ഇവിടെ നിന്നും രക്ഷപ്പെട്ടാൽ ആദ്യത്തെ എന്റെ ജോലി അതായിരിക്കും. അപ്പോൾ മഹാ മുസ്‌ലിയാരുടെ സൈക്കിളിൽ നിന്ന് വീണ ചിരി ഞാൻ ഊഹിക്കുന്നു. അടിയന്തിരാവസ്ഥ കാലത്ത് കോഴിക്കോട് കുറ്റിച്ചിറയിൽ നടന്ന പ്രസിദ്ധവും ഗുണസമ്പൂർണ്ണവുമായ വാദ-പ്രതിവാദ വേദിയിൽ ഈ മുസ്‌ലിയാർ ഒരു കാരണവുമില്ലാതെ ഇടക്കിടെ ചിരിച്ചുകൊണ്ടിരുന്നപ്പോൾ പ്രഗത്ഭ-ശൂരനായ എ.പി. അബ്ദുൽ ഖാദിർ മൗലവി, മുസ്‌ലിയാരുടെ തലക്ക് സന്ദർഭോചിതമായ ഒരു കിഴുക്ക് കൊടുത്തു. "സൈക്കിളിൽ നിന്ന് വീണ ചിരി." വളിച്ച ചിരി, ചമ്മിയ ചിരി എന്നൊക്കെ പ്രാദേശികമായ നാടൻ ശൈലികളുണ്ടല്ലോ. പക്ഷെ, എ.പിയുടെ ഈ പ്രയോഗം പിന്നീട് പ്രാസംഗികരും എഴുത്തുകാരും പകർത്തുന്ന ഒരു രസികൻ ശൈലിയായി ഭവിച്ചു.

മുസ്‌ലിയാർ തന്റെ സൈക്കിൾ ചിരിയുമായി മുറിക്ക് പുറത്ത് കാത്തുനിന്ന പിതാവിനെയും ബന്ധുക്കളെയും വിളിച്ചു. ശാന്തമായി ഉപദേശിച്ചു. നിങ്ങൾ ബേജാറാകേണ്ട. അവൻ ശരിയായിക്കൊള്ളും. മുസ്‌ലിയാർ

കാര്യമായി മന്ത്രിച്ചൂതി മകന്റെ ബലാഅ് മുസ്വീബത്തിന് അടക്കം നൽകിയിരിക്കുമെന്ന ആശ്വാസത്തിൽ അവനെയും കൊണ്ട് മടങ്ങി. വഴിമദ്ധ്യേ കൂടെയുള്ളവരുടെ അടക്കം പറച്ചിലിൽ നിന്നും യുവാവ് അപകടം മണത്തറിഞ്ഞു. മടക്ക വിസയുള്ള തന്റെ പാസ്പോർട്ടും ടിക്കറ്റും നശിപ്പിക്കലാണ് ഇവരുടെ പ്ലാൻ. അപ്പോൾ അവന് ഒരു തന്ത്രം തോന്നി. വഴിയിലാണ് അയാളുടെ ഭാര്യാഗൃഹം. അത്യാവശ്യമായി അവിടെയൊന്നിറങ്ങണം, നാളെ രാവിലെ വീട്ടിലേക്ക് എത്തിക്കൊള്ളാം എന്ന് അനുനയത്തിൽ പറഞ്ഞു. അനുവാദം വാങ്ങി വണ്ടിയിൽ നിന്നിറങ്ങി. ഉടൻ തന്നെ മറ്റൊരു ടാക്സി കാറിൽ അവരുടെ കണ്ണുവെട്ടിച്ച് അതിവേഗം വീട്ടിലെത്തി പാസ്പോർട്ടും ടിക്കറ്റുമെടുത്ത് ഭാര്യാഗൃഹത്തിലേക്ക് പാലായനം ചെയ്തു. പിതാവും കൂട്ടരും ഇടക്കെവിടെയോ തങ്ങി സാവധാനം വീട്ടിലെത്തി പെട്ടി പരിശോധിച്ചപ്പോഴാണ് അമളി പറ്റിയെന്ന് മനസ്സിലായത്. യുവാവ് ഭാര്യവീട്ടിൽ കൂടി അവധിക്ക് ശേഷം ഗൾഫിലേക്ക് മടങ്ങുകയും ചെയ്തു. അവിടെയെത്തിയ ശേഷമാണ് തനിക്കേറ്റ പീഡനത്തിന്റെ കഥ സുഹൃത്തുക്കളോട് പറഞ്ഞത്. മാത്രമല്ല, സ്വന്തം കൈപ്പടയിൽ അദ്ദേഹം ഈ സംഭവം വിശദമായി എനിക്ക് എഴുതുകയും ചെയ്തു. എഴുതാനുള്ള പരിചയക്കുറവും ഭാഷാപരമായ പ്രയാസങ്ങളും ആ നീണ്ട കത്തിൽ പ്രകടമായിരുന്നു. അതുകൊണ്ടാണ് സംഭവത്തിന്റെ സംക്ഷിപ്ത രൂപം മാത്രം ഞാൻ ഇവിടെ കുറിച്ചത്. പൂർവ്വ വിശ്വാസികൾക്കും ആദ്യകാല ഇസ്ലാഹീ പ്രവർത്തകർക്കും ഏൽക്കേണ്ടിവന്ന ക്രൂരമായ മർദ്ദനമുറകളും പ്രതികാര മനോഗതിയും നിരവധി മാറ്റങ്ങൾക്ക് വിധേയമായ ഈ പുരോഗമനകാലത്തും നാട്ടിൽ നടമാടുന്നുണ്ട്. ത്യാഗത്തിന്റെ മാറ്റുരച്ച സന്ദർഭങ്ങളെ അതിജീവിച്ച ആ സത്യവിശ്വാസിക്ക്, അല്ലാഹുവേ ! ഇഹത്തിലും പരത്തിലും അനുഗ്രഹം നൽകേണമേ. സ്വർഗം അദ്ദേഹത്തിന് ഔദാര്യമായി നൽകുകയും ചെയ്യേണമേ!

വെളിയങ്കോട് ജനിച്ചു വളർന്ന് അവിടെത്തന്നെ പഠനം നടത്തിയിരുന്ന ഞാൻ അറുപത് വർഷം മുമ്പ് കേരളത്തിന്റെ തെക്കേയറ്റത്ത് ഒരു പ്രസംഗകനായി എത്തിയതെങ്ങനെ എന്ന് ചിലരെങ്കിലും ആലോചിക്കാൻ വകയുണ്ട്. മാത്രമല്ല, കുടുംബം ഉപേക്ഷിച്ച് ഓടി എന്നാണല്ലോ ഞാൻ പറഞ്ഞത്. പുലിപ്പാറയിൽ കുടുംബമോ?!

യാത്രാ സൗകര്യങ്ങളുടെ ദൗർലഭ്യം. യാഥാസ്ഥിതികതയുടെ മൂർത്തഭാവമുള്ള കാലം. ഇന്ത്യ ബ്രിട്ടീഷ് ആധിപത്യത്തിൽ. തിരുവിതാംകൂർ ഇതിൽപെടാത്ത സ്വതന്ത്ര രാജ്യം. നാട്ടുപ്രമാണികൾക്ക് എന്തെന്ത് ക്രൂരതയും പ്രവർത്തിക്കാൻ സ്വാധീനമുള്ള സാഹചര്യം. സമുദായത്തെ ദുരാ

ചാരങ്ങൾ പൊതിഞ്ഞുവെച്ചിരിക്കുന്നു. ഇത്തരം പ്രതികൂല സാഹചര്യത്തിൽ ഒരു പയ്യൻ മൗലീദ് യോഗത്തിൽ ഹാജരായി അതിനെതിരിൽ പ്രസംഗിക്കുകയോ? സ്വാഭാവികമായ ശങ്കതന്നെ.

പക്ഷെ, അതൊരു യഥാർത്ഥ സംഭവമാണ്. എനിക്കിതിന് അർഹതയില്ലെന്നതും ശരിയാണ്. പിന്നെ എങ്ങനെ അവിടെയെത്തി എന്നല്ലെ? പറയാം. എന്റെ ഓർമ്മകളോടൊത്ത് നിങ്ങളും കുറച്ച് പിറകോട്ട് വരണം.

നായക്കാഷ്ഠത്തെ കസ്തൂരിയാക്കി മാറ്റുന്ന മഹത്തായ ഒരു കൊച്ചു സംസ്കരണ ശാലയിൽ ഞാൻ ചെന്നുപെട്ടു. ജീവിതത്തിൽ ഇന്നോളം എനിക്ക് കൈവന്ന നന്മകളിൽ വെച്ച് ഏറ്റവും മഹത്തരമായി ഇന്നും ഞാൻ കരുതുന്ന ആ കൊച്ചു സംസ്കരണശാലയിലെ ബന്ധം വാക്കുകൾ കൊണ്ട് വരക്കാൻ കഴിയുന്നതല്ല. ആ മഹിതാലയത്തിൽ ഞാൻ എത്തിപ്പെടാൻ വഴിതെളിഞ്ഞത് കുടുംബം വെളിയങ്കോട് നിന്നും മേൽ പറഞ്ഞേടത്തേക്ക് താമസം മാറ്റിയത് മൂലമാണ്. അതിന്നും ഒരു തക്ക കാരണമുണ്ടായി.

എനിക്ക് രണ്ട് അമ്മാവന്മാരുണ്ടായിരുന്നു. രണ്ടാളും മികച്ച മുസ്‌ലിയാക്കൾ. മുഹമ്മദ് മുസ്‌ലിയാരും അബൂബക്കർ മുസ്‌ലിയാരും. 1921ലെ മലബാർ ലഹളക്ക് മുമ്പ് തന്നെ ഇരുവരും കണിയാപുരത്തേക്ക് പോയി. ഖത്തീബും മുദർരിസുമാരുമായി ജോലി നോക്കാൻ. അവരുടെ ഗുരുനാഥൻ തട്ടാങ്ങര കുട്ട്യാമു മുസ്‌ലിയാർ അയച്ചതായിരുന്നു. മലബാർ ലഹളക്കു ശേഷം പിന്നീട് നാട്ടിലേക്ക് മടങ്ങി വരാൻ ഉത്സാഹം നഷ്ടപ്പെട്ടു. ബ്രിട്ടീഷ് പട്ടാളം പ്രവേശിക്കാത്ത ഇടംതേടി മലബാറിൽ നിന്നും അഭയാർത്ഥികളായി ധാരാളം പേർ പോയിക്കൊണ്ടിരുന്നു. ഇതുകണ്ടപ്പോൾ അമ്മാവന്മാർ താമസം കണിയാപുരത്ത് ഉറപ്പിച്ചു. ആയിടക്ക് അവരുടെ മാതാപിതാക്കൾ മരണപ്പെട്ടതിനാൽ അതിന് കൂടുതൽ സൗകര്യവുമായി. രണ്ടുപേരും ആ നാട്ടുകാർക്ക് പ്രിയപ്പെട്ടവരായി കഴിഞ്ഞിരുന്നു. അവർ അവിടെ വിവാഹിതരായി. തിരുവിതാംകൂർകാരായി എന്ന് സാരം. എങ്കിലും ഇടക്കിടെ നാട്ടിൽ വന്ന് കുടുംബ ബന്ധം പുലർത്തിയിരുന്നു.

എനിക്ക് പ്രായം പതിനാറു കഴിഞ്ഞു. ബാപ്പാക്ക് പ്രത്യേക ജോലി ഒന്നുമില്ല. സഹോദരികളേയും മരുമക്കളേയും സഹായിക്കാൻ അമ്മാവന്മാർ ഇടക്ക് വരുമായിരുന്നു. അവർ വന്നാൽ തിരിച്ചുപോകുംവരെ കുടുംബങ്ങളിൽ പെരുന്നാളാണ്. അവരിരുവരും ഉമ്മയോടും ബാപ്പയോടും സംസാരിച്ചു. താമസം കണിയാപുരത്തേക്ക് മാറ്റാൻ തീരുമാനിച്ചു. വെളിയങ്കോടുള്ള വീടും സ്ഥലവും വിറ്റ് അങ്ങോട്ട് പോയി. അത്തരം കാര്യങ്ങളിൽ ഒരഭിപ്രായം പറയാൻ എനിക്ക് അന്ന് അർഹതയില്ല. മാതാപിതാ

ക്കൾ തീരുമാനിച്ചത് അംഗീകരിക്കുകയേ നിവൃത്തിയുള്ളൂ. കുറേ കഴിഞ്ഞു കാര്യബോധത്തിന്റെ പ്രായമായപ്പോൾ ഈ മാറ്റത്തിൽ എനിക്ക് ഖേദം തോന്നി. മതസ്നേഹമല്ല ഈ മാറ്റത്തിന്റെ കാരണമെന്ന് ബോധ്യമായി. മതസ്നേഹികൾക്ക് വളക്കൂറുള്ള മണ്ണ് മലബാർ തന്നെയാണെന്ന് പറയുമ്പോൾ എന്നോടാരും പരിഭവിക്കരുത്. അനുഭവ ബോധ്യമായ ഒരു കാര്യം മറയില്ലാതെ പറഞ്ഞുവെന്നേയുള്ളൂ. ഞാൻ മാതാപിതാക്കളുടെ അനുവാദം വാങ്ങി മലബാറിലേക്ക് തന്നെ പോയി. പഠനത്തിനായി താനൂർ, പരപ്പനങ്ങാടി, കുമരനല്ലൂർ, കോട്ടക്കൽ തുടങ്ങി പല കേന്ദ്രങ്ങളിലുമുള്ള പള്ളിദർസുകളിൽ ഞാൻ പഠിച്ചിട്ടുണ്ട്. ഇടയ്ക്ക് വീട്ടിൽ വന്നു പോകും.

വെല്ലൂർ ബാഖിയാത്തു സ്വാലിഹാത്ത് എന്ന പ്രസിദ്ധമായ കോളേജിൽ ചേർന്നു പഠിക്കാൻ പലരും അക്കാലത്ത് എന്നെ പ്രേരിപ്പിച്ചു. ഒരിക്കൽ റമളാന് മുമ്പ് ദർസ് നിർത്തിയപ്പോൾ വെല്ലൂരിൽ പോകണമെന്ന ആശയിൽ ഞാൻ വീട്ടിൽ ചെന്നു. പക്ഷേ, കുടുംബത്തിലെ ദുരിതപൂർണ്ണമായ സ്ഥിതി കണ്ടപ്പോൾ അത് വേണ്ടെന്ന് വെച്ചു. അവിടെ ഒരു മദ്റസയിൽ അദ്ധ്യാപകനായി. പക്ഷേ, മനസ്സ് എന്നെ അവിടെ തുടരാൻ അനുവദിച്ചില്ല. അറിവിനുള്ള ദാഹം എന്നെ അലട്ടിക്കൊണ്ടിരുന്നു. കുറച്ച് നാൾക്ക് ശേഷം അനുജൻ സെയ്ദിനെ അവിടെ പകരമാക്കി ഞാൻ വീണ്ടും സ്ഥലംവിട്ടു.

അനുജൻ സെയ്ദിനെക്കുറിച്ച് ഓർക്കുമ്പോൾ ഞാൻ വികാരാധീനനാകുന്നു. നിങ്ങൾക്ക് ഒരുപക്ഷെ താൽപര്യമുണ്ടാകുകയില്ലെങ്കിലും അവനെ സ്മരിച്ചുകൊണ്ട് രണ്ടുവരി എഴുതാതെ എന്റെ തൂലിക മുന്നോട്ടു പോകുന്നില്ല. കോഴിക്കോട് പാളയം പള്ളിയിൽ 80കളിൽ കുറെകാലം ഇമാമായി ജോലിനോക്കിയിരുന്ന നീണ്ട് മെലിഞ്ഞ സെയ്ദ് മൗലവിയെ നിങ്ങളിൽ ചിലരെങ്കിലും കണ്ടിരിക്കും. ഓർക്കുന്നുണ്ടാകും. കേരളത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്നും കോഴിക്കോട്ടെത്തുന്ന മുസ്ലിംകൾ ആ പള്ളിയിൽ ഒരുനേരമെങ്കിലും ജമാഅത്തിന് പങ്കെടുത്തിരിക്കും. നഗര മദ്ധ്യത്തിൽ നാലുനിലകളിൽ ഉയർന്നു നിൽക്കുന്ന പാളയം മുഹ്യിദ്ദീൻ മസ്ജിദ് ഇസ്ലാഹി പ്രസ്ഥാനത്തിന്റെ അഭിമാന ചിഹ്നമാണ്.

വളരെ സൗമ്യനും ശാന്തശീലനുമായിരുന്നു സെയ്ദ്. ആവശ്യത്തിന് കിതാബോതിയിട്ടുണ്ട്. സ്കൂളിലും അത്യാവശ്യം പഠിച്ചു. പ്രസംഗകനായിരുന്നില്ല. എഴുത്തുകാരനുമല്ല. ഒരു ഒതുങ്ങിയ പ്രകൃതം. എങ്കിലും നല്ല മുവഹ്ഹിദായിരുന്നു. എന്നെ പിന്തുടർന്ന് സത്യവീഥിയിലേക്ക് വരികയാണുണ്ടായത്. കഠിന സുന്നിയായിരുന്ന അമ്മാവൻ അബൂബക്കർ

മുസ്ലിയാരുടെ മകളെയാണ് സെയ്ദ് വിവാഹം ചെയ്തത്. മുഹമ്മദ് മുസ്ലിയാരുടെ മകളെ അടുത്ത് നിര്യാതനായ എന്റെ ജ്യേഷ്ഠൻ അലിയും വിവാഹം ചെയ്തു. കണിയാപുരത്തേക്കുള്ള കുടിയേറ്റമാണ് ഈ ബന്ധങ്ങൾക്ക് കാരണം. അമ്മാവൻ എന്നെയും നോട്ടമിട്ടിരുന്നുവെങ്കിലും ഞാനതിൽ നിന്നും തന്ത്രപൂർവ്വം ഒഴിഞ്ഞു.

1990 ജൂൺ മാസത്തിലാണെന്നാണ് ഓർമ്മ. ഞാൻ യു.എ.ഇയിൽ ആയിരുന്നു. ഒരു ദിവസം റാസൽഖൈമയിൽ നമ്മുടെ ആദർശ സുഹൃത്തുക്കൾക്ക് വേണ്ടി ക്ലാസു നടത്തുകയായിരുന്നു. നാട്ടിൽ നിന്നൊരു വിളി. ഫോൺ ആരോ എടുത്തു. ക്ലാസിനു ശേഷമാണ് കൂട്ടുകാർ വിവരം പറഞ്ഞത്. അനുജൻ രോഗംമൂലം ഗുരുതരാവസ്ഥയിലാണ്. എന്നെ കാണാൻ ആശ പ്രകടിപ്പിക്കുന്നു. ഒരു നിമിഷം പോലും അവിടെ നിൽക്കാൻ എനിക്ക് ഇഷ്ടമില്ലാതായി. ചിറകുണ്ടായിരുന്നുവെങ്കിൽ എന്ന് വെറുതെ ഞാൻ മോഹിച്ചുപോയി. അത്ര വലിയ വികാരത്തള്ളൽ. സുഹൃത്തുക്കളുടെ കഠിന ശ്രമത്താൽ രാത്രിതന്നെ തിരുവനന്തപുരത്തേക്കുള്ള വിമാനത്തിൽ സീറ്റ് കിട്ടി. അന്നു കോഴിക്കോട് സർവ്വീസ് ആയിട്ടില്ല. തീവണ്ടി മാർഗം നാട്ടിലെത്തി. രോഗം കഠിനമാണ്. ക്യാൻസർ വയറ്റിലാണ് ബാധിച്ചിരിക്കുന്നത്. യൂനാനിയും അലോപ്പതിയുമെല്ലാമായി കഴിയുന്നത്ര ചികിത്സ ചെയ്തു. പക്ഷെ, നാൾക്കുനാൾ സ്ഥിതി മോശമായി. ക്യാൻസർ അധികപക്ഷവും ഏറ്റവും ഗുരുതരമായ അവസ്ഥയിലെത്തുമ്പോഴാണല്ലോ പുറത്തേക്ക് വിവരം തരിക. ഒടുവിൽ സെയ്ദ് എന്നെ വിട്ടുപോയി. വിധിയോട് മത്സരിക്കാൻ ആർക്കാണ് കഴിയുക. മഹാകാരുണികനായ റബ്ബ് എന്റെ സെയ്ദിന്റെ പരലോകം സുഖകരമാക്കട്ടെ!

പള്ളിദർസിൽ കഴിഞ്ഞുകൂടുന്നതിനിടയിലാണ് ഞാൻ മലയാളം വായിക്കാനും എഴുതാനും ശീലിച്ചത്. കായംകുളത്തിനടുത്ത് കീരിക്കാട് ദേശത്ത് ഉമർകുട്ടി മൗലവിയെ ഒരിക്കലും എനിക്ക് മറക്കാൻ കഴിയില്ല. അദ്ദേഹം എന്റെ സഹപാഠി മാത്രമല്ല. ഗുരുനാഥനുമാണ്. മലയാളം പഠിപ്പിച്ച ഗുരു. ആദ്യം അറബിമലയാളത്തിൽ അക്ഷരം എഴുതും. അതിന്റെ താഴെ മലയാള അക്ഷരം വരച്ചുകാണിക്കും. അങ്ങനെ അക്ഷരങ്ങൾ ഒന്നൊന്നായി പറഞ്ഞും എഴുതിയും ശീലിച്ചു. ക്രമേണ കൊച്ചുകൊച്ചു വാക്കുകൾ കൂട്ടിവായിക്കുകയും എഴുതുകയും ചെയ്തു. കത്തുകൾ എഴുതാൻ ശീലിച്ചു. പത്രം കുറെശ്ശെ വായിച്ചുതുടങ്ങി. അങ്ങനെ അടിവെച്ചടിവെച്ച് മുന്നോട്ട് പതുക്കെ നടന്നു നീങ്ങി. ചെറിയ ലേഖനങ്ങൾ എഴുതി. ലഘുലേഖകൾ ഓരോന്നായി പ്രസിദ്ധീകരിച്ചു. പുസ്തകങ്ങൾ തയ്യാറാക്കി. പ്രൂഫ്റീഡിങ്ങ് പഠിച്ചു. മാസികയുടെ പബ്ലിഷറായി. പത്രാധിപരായി.

അങ്ങനെ നേരത്തെ പറഞ്ഞ പി.സി. കടലുണ്ടിയെപ്പോലുള്ള ഭാഷാനിപു ണരും മതനിഷേധികളുമായവരുമായി എഴുത്തുകളും സംവാദങ്ങളും നടത്തേണ്ടിവന്നു. ഇതൊന്നും എന്റെ കഴിവായി ഒരിക്കലും തോന്നിയി ട്ടില്ല. അല്ലാഹുവിന്റെ അനുഗ്രഹം! അവന്റെ കാരുണ്യം! അല്ലാഹു മന സ്സിന് നൽകിയ ധൈര്യവും ആത്മവിശ്വാസവും നിമിത്തം ഞാൻ അദ്ധ്വാ നിച്ചു. സദ്ഫലം ലഭിച്ചു. സർവ്വസ്തുതിയുടെയും പ്രശംസകളുടെയും ഉടയവൻ റബ്ബാകുന്നു! റബ്ബിന് സർവ്വസ്തുതിയും!

എന്റെ ഉസ്താദും ആത്മ സുഹൃത്തുമായ ഉമർകുട്ടി മൗലവി ഈ ലോ കം വിട്ടുപോയി. അല്ലാഹു അദ്ദേഹത്തിനു പൊറുത്തുകൊടുക്കുകയും കരുണ ചൊരിയുകയും ചെയ്യട്ടെ. അദ്ദേഹം സുന്നിയായിരുന്നുവെങ്കിലും അയവുള്ളവനായിരുന്നു. എന്നോട് എന്നും സ്നേഹത്തിൽ തന്നെ വർ ത്തിച്ചു. ഇടക്ക് ഞങ്ങൾ സന്ധിക്കുമായിരുന്നു. കായംകുളം കീരിക്കാട് ദർസിൽ അദ്ദേഹം മുദർരിസായിരുന്ന കാലത്ത് ഒരിക്കൽ ഞാൻ അവിടെ ചെന്നു. അദ്ദേഹത്തിന്റെ ആവശ്യപ്രകാരം കുറെ ആളുകളെ കൂട്ടി തജ് വീദ് ക്ലാസ് നടത്തി. ഹിസ്ബ് ഓതുക എന്നാണ് അതിന് പറയാറ്. ഖുർ ആൻ ഓതുന്നതിന് ചില നിയമങ്ങളും ചട്ടങ്ങളുമുണ്ട്. അത് ശരിക്കും പാ ലിച്ചുകൊണ്ട് ഓതണം. ഈ ക്ലാസ്സിൽ പങ്കെടുത്ത കുറെ ശിഷ്യന്മാർ എനിക്ക് ഉണ്ടായിരുന്നു. ആരൊക്കെയെന്ന് ശരിക്ക് ഓർമ്മിക്കുന്നില്ല. അവരിൽ ഒരാൾ കായംകുളത്ത് പ്രധാന സലഫി പ്രവർത്തകനായിത്തീ ർന്നു. അബ്ദുൽ ഖാദിർ സാഹിബ്. ഒരു എൽ.പി. സ്കൂൾ മാനേജറായി രുന്നു. നിരന്തരം ബന്ധപ്പെടുകയും തമ്മിൽ കാണുകയും കത്തുകൾ കൈമാറുകയും ചെയ്തുകൊണ്ടിരുന്നു. അടുത്തിടെ മരണപ്പെട്ടു. അദ്ദേ ഹത്തിന്റെ മകനും സലഫി പ്രവർത്തകനാണ്. ഒന്നുരണ്ടു പ്രാവശ്യം തിരൂർക്കാട് വരികയും കാണുകയും കുറെ നോട്ടീസുകളും ലഘുലേഖ കളും കൊണ്ടുപോകുകയുമുണ്ടായി. ബാപ്പയുടെ സ്വഭാവം തന്നെ. അബ് ദുൽഖാദിർ സാഹിബും ഇങ്ങനെയായിരുന്നു. എന്റെ നോട്ടീസുകളും ലഘുലേഖകളും കെട്ടിക്കൊണ്ടുപോകും. യാത്ര ചെയ്യുന്നേടത്തെല്ലാം അത് വിതരണം ചെയ്യും. സഞ്ചരിക്കുന്ന പ്രബോധകൻ! അല്ലാഹു അദ്ദേ ഹത്തിന്റെ പരലോകം വെളിച്ചമാക്കി കൊടുക്കട്ടെ.

തിരൂരങ്ങാടി യതീംഖാനയുടെ മാനേജറായി ഞാൻ കുറേക്കാലം ജോലിനോക്കിയിട്ടുണ്ട്. അന്നൊരിക്കൽ എന്റെ സഹപാഠിയും ഗുരുവു മായ ഉമർകുട്ടി മൗലവി എന്നെ കാണാൻ വന്നു. തന്റെ മകനുവേണ്ടി എ ന്നെക്കൊണ്ട് ഒരു ശുപാർശ നടത്തിക്കാനായിരുന്നു. മകൻ അറബിക്ക് മുൻഷി പരീക്ഷ എഴുതിയിട്ടുണ്ട്. കരുവള്ളി മുഹമ്മദ് മൗലവിയോട് മക

നുവേണ്ടി ഞാൻ ശുപാർശ പറയണമെന്നായിരുന്നു എന്റെ സുഹൃത്തിന്റെ ആഗ്രഹം. തികച്ചും അവിഹിതമായ കാര്യം! ഞാൻ അത് ചെയ്യുകയില്ലെന്ന് പറഞ്ഞാൽ നല്ലവനായ എന്റെ സുഹൃത്ത് ദുഃഖിക്കും. ചിലപ്പോൾ പിണങ്ങിയെന്നും വരാം. യഥാർഥത്തിൽ അപ്പോൾ ദുഖിതനായത് ഞാനായിരുന്നു. ഒടുവിൽ വളരെ നയപരമായി നല്ല വാക്ക് പറഞ്ഞു ഒരു വിധത്തിൽ ഞാൻ രക്ഷപ്പെട്ടു.

താനൂർ (മലപ്പുറം ജില്ല) വലിയകുളങ്ങര പള്ളിക്കടുത്ത് ഇഹ്യാഉൽ ഉലൂം മദ്റസ. ഇന്നത്തെ പല അറബിക്കോളജുകളേക്കാൾ വലിയ നിലയിൽ പ്രവർത്തിച്ചിരുന്ന ദർസ്. ഞാൻ കുറെനാൾ അവിടെ വിദ്യാർഥിയായിരുന്നു. പള്ളിക്കരികിൽ ഉണ്ടായിരുന്ന ഒരു കെട്ടിടത്തിലാണ് ക്ലാസ് നടത്തിയിരുന്നത്. പ്രസിദ്ധ സുന്നി പണ്ഡിതനും നല്ല പ്രസംഗകനുമായിരുന്ന പാങ്ങിൽ അഹ്മദ്കുട്ടി മുസ്‌ലിയാർ ഈ പഠനകേന്ദ്രത്തിന്റെ സ്ഥാപകനും പ്രധാന ചുമതലക്കാരനുമായിരുന്നു. എട്ടുവർഷത്തോളം അദ്ദേഹം അവിടെ സേവനമനുഷ്ഠിച്ചു. മലബാറിൽ പരക്കെ അറിയപ്പെട്ട പ്രശസ്തനായിരുന്നു അദ്ദേഹം. കേരളത്തിൽ തന്നെ അന്നത്തെ പ്രാമാണികരായ മുസ്‌ലിയാക്കളുടെ മുൻനിരയിൽ നിന്നിരുന്ന ഒരാൾ.

അദ്ദേഹം വിദ്യാർഥികൾക്ക് പ്രസംഗ പരിശീലനത്തിന് ഏർപ്പാട് ചെയ്തിരുന്നു. അവിടെ വിദ്യാർഥി സമാജത്തിന്റെ കീഴിൽ നടന്നുവന്നിരുന്ന പ്രസംഗ ക്ലാസുകളിൽ ഞാനും പങ്കെടുക്കുമായിരുന്നു. പത്രവായനക്കും അദ്ദേഹം സൗകര്യമേർപ്പെടുത്തി. ഈ രണ്ടു കാര്യത്തിലും താൽപര്യമുണ്ടായിരുന്ന എനിക്ക് നല്ലൊരു മാനസിക വികാസത്തിന് ഈ ദർസ്ജീവിതം കളമൊരുക്കി.

വിദ്യാർഥി സമാജത്തിലെ പ്രസംഗ-ചർച്ചകളിലെ മുഖ്യ വിഷയം വഹാബിസമായിരുന്നു. വഹാബികളെന്ന ഒരു പുതിയ വിഭാഗം ഉടലെടുത്തിട്ടുണ്ടെന്നും ഇസ്‌ലാമിനെ തകർക്കുകയും നശിപ്പിക്കുകയുമാണ് ഇവരുടെ മുഖ്യലക്ഷ്യമെന്നും പലരും ഉണർത്തിക്കൊണ്ടിരുന്നു. സമുദായത്തിൽ തലമുറകളായി നിലനിന്നുവരുന്ന മുഴുവൻ ആചാരങ്ങൾക്കും എതിരാണീക്കൂട്ടർ. കാക്കകാരണവന്മാരെയും മഹാത്മാക്കളെയും ഔലിയാക്കളെയും പരിഹസിക്കുകയും നിന്ദിക്കുകയും ചെയ്യുന്ന ഈ വർഗത്തിന്റെ സ്ഥാപക നേതാവ് 'നജ്ദിലെ ശൈത്വാൻ' എന്ന് ആലിമീങ്ങൾ വിധിയെഴുതിയ മുഹമ്മദ്ബ്നു അബ്ദുൽ വഹാബ് എന്ന മഹാ ദുഷ്ടനാണെന്നും സമാജത്തിലെ പ്രസംഗങ്ങളിലൂടെ സദാ കേട്ടുകൊണ്ടിരുന്നു. വഹാബി പ്രസ്ഥാനത്തിന്റെ കേരളത്തിലെ തലവൻ കെ.എം. മൗലവി എന്ന പേരിലുള്ള ഒരാളാണെന്ന് ഞാൻ അറിഞ്ഞിരുന്നു. ഉസ്

താദ് തന്നെ ഒരിക്കൽ കെ.എം. മൗലവിയുടെ പേർ പറഞ്ഞു ലഅ്നത്ത് (ശാപ പ്രാർത്ഥന) ചൊല്ലുന്നത് ഞാൻ കേട്ടു.

മുഹമ്മദ്ബ്നു അബ്ദുൽ വഹാബിനെക്കുറിച്ച് പറഞ്ഞുപരത്തിയ കാര്യങ്ങൾ പച്ച നുണയാണെന്ന് ചില പരിശോധനകളിൽ നിന്നും എനിക്ക് ബോധ്യമായി. എന്തുകേട്ടാലും അപ്പടി വിഴുങ്ങുന്ന അന്ധമായ അനുകരണ സ്വഭാവം ചെറുപ്പം മുതൽക്കേ എനിക്കുണ്ടായിരുന്നില്ല. പഠിപ്പിക്കുന്ന കാര്യങ്ങൾക്ക് എതിരിൽ അദ്ധ്യാപകർ പ്രവർത്തിക്കുന്നതും സമൂഹത്തെ അതിന് പ്രേരിപ്പിക്കുന്നതും പലപ്പോഴും എന്നെ അസ്വസ്ഥനാക്കിയിരുന്നു. അതുകൊണ്ടായിരിക്കാം കേൾക്കുന്നത് അങ്ങനെതന്നെ വിഴുങ്ങാൻ മനസ്സ് സമ്മതിച്ചിരുന്നില്ല.

വഹാബിസത്തിന്റെ വേരറുക്കുന്ന ഒരു ഗ്രന്ഥത്തെക്കുറിച്ച് ക്ലാസ്സിൽ വെച്ചുകേട്ടു. അതിന്റെ കർത്താവായ 'മഹാ' പണ്ഡിതനെ ആകാശം മുട്ടെ വാഴ്ത്തുന്നതും കേട്ടു. സയ്യിദ് അഹ്മദ് സൈനീദഹ്‌ലാൻ ആയിരുന്നു ആ പണ്ഡിതൻ. 'മുഫ്തിശ്ശാഫിഇയ്യത്തിബിമക്ക' (മക്കയിലെ ശാഫിഈ മദ്ഹബിന്റെ മുഫ്തി) 'അദ്ദുററുസ്സനിയ്യ ഫിർ റദ്ദി അലൽ വഹാബിയ്യ' എന്ന ഗ്രന്ഥമാണ് വഹാബിസത്തിന്റെ നട്ടെല്ലൊടിക്കാൻ എല്ലാ കാലത്തും സുന്നി മുസ്‌ലിയാക്കൾ ഉപയോഗിക്കാറുള്ളത്. സുന്നികളുടെ ഏറ്റവും ആദരണീയനായ നേതാവായി ഇന്നും ദഹ്‌ലാൻ വാഴ്ത്തപ്പെടുന്നുണ്ട്. പക്ഷെ, എന്തുകൊണ്ടോ ദഹ്‌ലാന്റെ പേരിൽ ജാറമോ ഉറൂസോ മൗലീദോ ഉണ്ടായില്ല! സുന്നി പാരമ്പര്യത്തിൽ ഇതൊരതിശയമാണ്. ഈ ഗ്രന്ഥം ആദ്യമായി വായിച്ചപ്പോൾ വഹാബികളെക്കുറിച്ച് വളരെ മോശമായ കാഴ്ചപ്പാടാണ് മനസ്സിൽ ഊറിക്കൂടിയത്. ഇസ്‌ലാമിനെതിരിൽ ഇറങ്ങിപ്പുറപ്പെട്ട അങ്ങേയറ്റം ദുഷിച്ച വർഗമാണിവർ എന്നു തോന്നിപ്പോയി.

മനസ്സ് ഇങ്ങനെ ചഞ്ചലമായിക്കൊണ്ടിരിക്കുന്നു. യഥാർത്ഥ അറിവ് ഇനിയും ലഭിച്ചിട്ടില്ല എന്ന തോന്നൽ. കെ.എം. മൗലവിയെന്ന വഹാബിക്കൂറ്റനെ ഒന്നു നേരിൽ കാണണം എന്ന മോഹവും മനസ്സിൽ മൊട്ടിട്ടു. അതൊരു അടങ്ങാത്ത ദാഹമായി വളർന്നു. എങ്ങനെ കാണും? തിരൂരങ്ങാടിയിൽ പോകണം. അതിന് അനുവാദം കിട്ടുന്ന പ്രശ്നമേയില്ല. ചോദിക്കാതെ പോയി വിവരം പുറത്തായാൽ കഥ കഴിഞ്ഞതു തന്നെ!

അങ്ങനെയിരിക്കെയാണ് ഒരു വാർത്ത! തലശ്ശേരിയിലെ മുസ്‌ലിം ലിറ്ററേച്ചർ സൊസൈറ്റി എന്ന ഒരു സംഘം കെ.എം. സീതി സാഹിബിന്റെ നേതൃത്വത്തിൽ ഒരു ഖുർആൻ പരിഭാഷ അച്ചടിച്ച് പുറത്തിറക്കിയിരിക്കുന്നു. കെ.എം. മൗലവി, എം.സി.സി. അബ്ദുറഹ്മാൻ മൗലവി, പി.കെ.

മൂസ മൗലവി എന്നീ വഹാബി നേതാക്കൾ ചേർന്ന് തയ്യാറാക്കിയ പരിഭാഷ. അത് പുറത്തുവരാൻ പോകുന്നു എന്ന പ്രചരണം വന്നതോടെ ഇസ്‌ലാമിനെ തകർക്കാനുള്ള വലിയ ഒരു ശ്രമമാണതെന്ന് മുസ്‌ലിയാക്കളുടെ പ്രചരണവും തുടങ്ങി. തിരൂർ ജമാലിയ്യ പ്രസ്സിലാണ് ഇത് അച്ചടിച്ചത്.

എനിക്ക് എന്തെന്നില്ലാത്ത ഒരുത്സാഹം. ഏതുനിലയിലും അറിവ് വർദ്ധിപ്പിക്കണമെന്ന ദാഹമാണിതിന് കാരണമായത്. അങ്ങനെ ഞാൻ ഖുർആൻ പരിഭാഷയുടെ ഒരു കോപ്പി വാങ്ങി. അതുമായി മദ്റസയിൽ വന്നു. അദ്ധ്യാപക- വിദ്യാർത്ഥി ഭേദമന്യേ സകലരും ചേർന്ന് എന്നെ കഠിനമായി ശകാരിച്ചു. മദ്റസയിൽ നിന്നും എന്നെ പുറന്തള്ളാൻ അവർ ഒരുക്കം കൂട്ടി. ഞാൻ ശരിക്കും ഒറ്റയായി. ആകെ വിഷമത്തിലായി. സഹപാഠികളിൽ നിന്നും ഉപദ്രവം അസഹ്യമായി. അദ്ധ്യാപകർ അതിന് താങ്ങും തണലും നൽകി. ഉസ്താദ് പാങ്ങിൽ അഹമ്മദ്കുട്ടി മുസ്‌ലിയാർ സ്ഥലത്തില്ല. വീട്ടിൽ പോയിരിക്കുകയാണ്. അദ്ദേഹം വരാൻ അവർ കാത്തിരുന്നു.

ഞാൻ വളരെ ആലോചിച്ചു. ഒരു തന്ത്രം പ്രയോഗിച്ചുനോക്കാം. ഫലിച്ചെങ്കിൽ ആയി. ഞാൻ പാങ്ങിൽ ഉസ്താദിന്റെ വീട്ടിൽ ചെന്നു. അദ്ദേഹത്തോട് പറഞ്ഞു, വഹാബികളുടെ ഖുർആൻ പരിഭാഷയെക്കുറിച്ച് നമ്മൾ പറഞ്ഞ ആക്ഷേപങ്ങൾ പരിശോധിച്ചു ഉറപ്പിക്കാനും കൂടുതൽ ശക്തിയായി അതിനെതിരെ പ്രവർത്തിക്കാനും ഉദ്ദേശിച്ചാണ് ഞാൻ ഒരു കോപ്പി വാങ്ങിയത്. ഇപ്പോൾ എല്ലാവരും ചേർന്ന് ഉസ്താദ് വന്നയുടൻ എന്നെ പുറത്താക്കാൻ ഒരുങ്ങിയിരിക്കുകയാണ്. തന്ത്രം കുറിക്കുകൊണ്ടു. അദ്ദേഹം എന്നെ ആശ്വസിപ്പിച്ചു. നീ പേടിക്കണ്ടാ, ഞാൻ നോക്കിക്കൊള്ളാം എന്നു പറഞ്ഞു.

അടുത്ത സമാജത്തിന്റെ യോഗം ചേരുകയാണ്. എനിക്ക് ഒരാലോചന! ഈ പരിഭാഷ വാങ്ങാൻ എല്ലാവരേയും പ്രേരിപ്പിക്കണം. അതിനെന്തു വഴി? വേറൊരു സൂത്രം ഒരുക്കിവെച്ചു. സമാജയോഗത്തിൽ ഞാൻ സംസാരിച്ചു. വഹാബി പരിഭാഷ തടയണമെന്ന് നമ്മുടെ ബഹുമാനപ്പെട്ട എല്ലാ ആലിമീങ്ങളും പറഞ്ഞിട്ടുണ്ടല്ലോ. ആ കാര്യത്തിൽ കഴിയുന്നത് ചെയ്യണമെന്ന് ഞാനും ആശിച്ചു. പരിഭാഷയുടെ കോപ്പി ഉയർത്തി കാണിച്ചുകൊണ്ട് ഞാൻ പറഞ്ഞു, ഇതാ ഒരു കോപ്പി തടഞ്ഞുവെക്കാൻ എനിക്ക് കഴിഞ്ഞു. കൂടുതൽ കഴിവില്ല. നിങ്ങൾ ഓരോരുത്തരും കൂടുതൽ വാങ്ങി പ്രചരണം അർത്ഥത്തിൽ തടയുക. അതാണ് നമ്മുടെ കടമ എന്ന് ഞാൻ കരുതുന്നു. സംഗതി ജോറായി. പുറത്താക്കലുണ്ടായില്ല.

എന്റെ സൂത്രം ഫലിച്ചു. ആരൊക്കെ കോപ്പി വാങ്ങി എന്നറിയാൻ ഞാൻ ശ്രമിച്ചില്ല. രംഗം ശാന്തമാക്കുക, ശിക്ഷാനടപടിയിൽ നിന്നും മുക്തനാകുക, അതായിരുന്നു ആഗ്രഹം. അത് നേടി.

കെ.എം. മൗലവി സാഹിബിനെ കാണണം. ഈ മോഹം നാൾക്കുനാൾ ഏറിവന്നു. ഒരു ദിവസം ദർസിൽ നിന്നും എന്തോ ഒരാവശ്യം പറഞ്ഞു പുറത്തുപോകാൻ അനുവാദം വാങ്ങി. തിരൂരങ്ങാടിയിലെ വലിയ ജുമാഅത്ത് പള്ളിയുടെ അടുത്ത് ഞാൻ എത്തി. താനൂരിൽ വെച്ച് പരിചയമുള്ള ഒരു വലിയ മുസ്‌ലിയാർ ആ പള്ളിയിൽ ഉണ്ടായിരുന്നു. പേര് ഓർക്കുന്നില്ല. അദ്ദേഹം എന്നെ കണ്ടു. വിവരം തിരക്കി. കളവു പറയാൻ അപ്പോൾ തോന്നിയില്ല. കെ.എം. മൗലവിയെ കാണാൻ വന്നതാണെന്ന് പറഞ്ഞപ്പോൾ മുസ്‌ലിയാരിൽ നിന്നും ഒരു നീണ്ട നെടുവീർപ്പ്! ഒരിക്കലും പോകരുത് എന്നു വിലക്കി. പിഴച്ചു നശിച്ചുപോകും എന്ന് ഭയപ്പെടുത്തി. ഗത്യന്തരമില്ലാതെ ഞാൻ മടങ്ങി.

ശരീരം മടങ്ങിയെങ്കിലും മനസ്സ് മുന്നോട്ട് തന്നെ. എന്നെ നിയന്ത്രിക്കാൻ എനിക്ക് സാധ്യമാകുന്നില്ല. കുറെ ദിവസങ്ങൾക്ക് ശേഷം ഞാൻ നടന്നു. തിരൂരങ്ങാടിയിലേക്കുള്ള വഴിയിലേക്ക്. ഇടക്ക് പരിചയമുള്ളവരെ കാണാതിരിക്കണേ എന്നായിരുന്നു തേട്ടം. ഭാഗ്യം! ആരെയും കണ്ടില്ല. സ്ഥലത്തെത്തി. കിഴക്കേ അങ്ങാടിയിലെ നൂറുൽ ഇസ്‌ലാം മദ്‌റസയിൽ എത്തി. സന്ധ്യ കഴിഞ്ഞു. 1941 ഒടുവിലാണ് ഈ സംഭവം എന്നാണ് എന്റെ ബലമായ ഓർമ്മ. മാസവും തിയ്യതിയും മറന്നു.

അതൊരു പഠന കേന്ദ്രമായിരുന്നു. കെ.എം. മൗലവിയുടെ മേൽനോട്ടത്തിലാണ്. പുളിക്കൽ സ്വദേശി ഉബൈദുള്ള മൗലവിയെയാണ് ആദ്യം കണ്ടത്. അദ്ദേഹം മദ്‌റസയിലെ പ്രധാന അദ്ധ്യാപകനാണ്. ഞാൻ സലാം പറഞ്ഞു. ഇതെന്തിനൊരു ആനക്കാര്യമായി പറയുന്നു എന്ന തോന്നൽ നിങ്ങൾക്ക് ഉണ്ടായേക്കാം. അതെ, എന്റെ യാത്രാനുഭവങ്ങളിലെ അനേകം ആനക്കാര്യങ്ങളിൽ ഒന്നാണിത്. വഹാബികൾക്ക് സലാം പറയരുതെന്നാണ് എന്റെ ഉറച്ച വിശ്വാസം. അങ്ങനെയാണല്ലോ പഠിപ്പിച്ചിരിക്കുന്നത്. ഞാൻ അതിൽ നിന്നും ഇളകുകയായിരുന്നു. വഹാബികൾക്കുള്ള എന്റെ ആദ്യത്തെ സലാം! എന്റെ ചുണ്ടുകൾ വിറച്ചുവോ? ഓർമ്മയില്ല. ഓർമ്മകളിൽ എന്നെന്നും മായാതെ നിൽക്കുന്ന സലാം! എന്താ ഇതൊരാനക്കാര്യമല്ലേ?

ഉബൈദുള്ള മൗലവിയുമായി കുറെ നേരം സംസാരിച്ചു. കെ.എം. മൗലവി സാഹിബ് സ്ഥലത്തുണ്ട്. ഇശാ നമസ്കാര ശേഷം മദ്‌റസയിൽ വരും എന്നദ്ദേഹം പറഞ്ഞു. കൂട്ടത്തിൽ അവിടെ നടന്നുകൊണ്ടിരിക്കുന്ന

ഒരു പരിപാടിയെക്കുറിച്ചും പറഞ്ഞു. കുറച്ച് ദിവസങ്ങളായി ഇവിടെ ഒരു പരിപാടിയുടെ ട്രെയ്നിങ്ങ് നടക്കുന്നു. സി.പി. കുഞ്ഞുമൊയ്തീൻ മൗലവി (തൃപ്പനച്ചി), വി.എം. മുഹ്‌യിദ്ദീൻകുട്ടി മൗലവി (ആനമങ്ങാട്), കെ. കെ.എം. ജമാലുദ്ദീൻ മൗലവി (വടകര), മൊയ്തീൻകുട്ടി മൗലവി (വടകര) എന്നീ നാലു പണ്ഡിതന്മാർ മാറി മാറി പ്രസംഗിക്കുന്നു. കെ.എം. മൗലവി ഇതെല്ലാം ശരിക്ക് വീക്ഷിക്കുകയും ആവശ്യമായ ഉപദേശനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

എന്റെ സന്തോഷഭരിതമായ അവസ്ഥ അക്ഷരവിദ്യകൊണ്ട് പ്രകടിപ്പിക്കാൻ ചാതുര്യമില്ലാത്തതിൽ ദുഃഖിക്കുന്നു. കെ.എം. മൗലവി സാഹിബിനെ നേരിൽ കാണാനുള്ള നിമിഷങ്ങൾ എണ്ണിത്തീർക്കുകയായിരുന്നു ഞാൻ. മുഖാമുഖം കാണുന്ന ആ അനർഘ നിമിഷത്തെ കുളിർമയുടെ ഭാവനയിൽ ഞാൻ പടുത്തുയർത്തി. സുന്നി കുടുംബത്തിൽ ജനിച്ചു, മഖാമിന്റെ താഴികക്കുടം കണ്ടു വളർന്നു, റാത്തീബ്– മൗലീദുകളിൽ പങ്കെടുത്ത് രുചികരമായി ഭുജിച്ചു, ദർസുകളിൽ കിതാബോതി, വഹാബികൾക്കെതിരെ ശാപവാക്കുകൾ ചൊരിയുന്ന ഗുരുക്കന്മാരോടും സഹപാഠികളോടുമൊപ്പം ജീവിച്ച ഞാൻ എവിടെയാണിപ്പോൾ എത്തിപ്പെട്ടിരിക്കുന്നത്? ആരെയാണ് ആകാംക്ഷയോടെ കാത്തിരിക്കുന്നത്? എന്താണ് ഇവിടെ ഞാൻ കേൾക്കാൻ പോകുന്നത്? എന്റെ മനസ്സ് കത്തി ഉരുകുകയാണോ അതോ തണുത്ത് ഘനീഭവിക്കുകയാണോ? ഒന്നും പറയാൻ കഴിയുന്നില്ല. വഹാബികളുടെ യഥാർത്ഥ നില കണ്ടും കേട്ടും മനസ്സിലാക്കാനുള്ള ഏറ്റവും നല്ലൊരു സന്ദർഭം കൈവന്നതിൽ റബ്ബിനെ സ്തുതിച്ചു.

ഇശാ നമസ്കാര ശേഷം കെ.എം. മൗലവി സാഹിബ് എത്തി! എന്റെ ഭാവനയിൽ കരുപ്പിടിച്ചിരുന്ന രൂപമല്ല ഞാൻ കണ്ടത്. താടിയും തലപ്പാവുമില്ലാത്ത ക്രൂരനായ ഒരു കാഫിറിന്റെ മുഖമാണ് മനസ്സിൽ നിറഞ്ഞിരിക്കുന്നത്. പക്ഷെ, നീണ്ട താടിയും തലപ്പാവുമുള്ള ഭക്തിസ്വരൂപം. ആകർഷകമായ ഗാംഭീര്യമുള്ള മുഖം. വിനയം, ശാന്തഭാവം, സ്നേഹമസൃണമായ നോട്ടം. ഞാൻ അത്ഭുതപ്പെട്ടു! അതുവരെ ഞാൻ ഭാവനയിൽ കണ്ടിരുന്ന രൂപഭാവങ്ങൾക്ക് നേരെ വിരുദ്ധം! ഉബൈദുല്ല മൗലവി എന്നെ പരിചയപ്പെടുത്തി. കൊച്ചുനാൾ കണ്ടു പരിചയമുള്ള സ്നേഹലാളനയോടെ എന്റെ കൈപിടിച്ചു. ആ രംഗം ഓർക്കുമ്പോഴൊക്കെ ഞാൻ കരയും. എന്റെ ജീവിതത്തിന് പുതിയ അർത്ഥവും ഭാവവും നൽകിയ, അനേകം ഇരുളുകളുടെ അന്ധതയിൽ നിന്നും എന്നെ വെളിച്ചത്തിലേക്ക് ആനയിച്ച ആ കൈ അയോഗ്യതയായും ദുർബ്ബലതകൊണ്ടും വിറക്കുന്ന എന്റെ

കൈപ്പടത്തിന്മേൽ വാത്സല്യത്തോടെ പറ്റിപ്പിടിച്ചിരുന്ന ആ അനർഘ നിമിഷം! ഇതെഴുതുമ്പോഴും ആ രംഗം എന്നെ കോരിത്തരിപ്പിക്കുന്നു!

പ്രാസംഗകരായ പണ്ഡിതന്മാരും വന്നെത്തി. എന്നെ അവർക്ക് പരിചയപ്പെടുത്തി. അവരോടൊപ്പം ആ വിജ്ഞാന സദസ്സിൽ ഞാൻ ഒരംഗമായി. പ്രസംഗം കേട്ടും പഠിച്ചും മൂന്നു ദിവസം അവിടെ കഴിച്ചുകൂട്ടി. അവരോടൊപ്പം താമസിച്ചു. ഭക്ഷണം കഴിച്ചു. മൂന്നാം ദിവസം ഭാരവാഹികൾ കൂടിയിരുന്നു സംസാരിക്കുകയാണ്. കൂട്ടത്തിലുണ്ടായിരുന്ന സി.എച്ച് മുഹമ്മദ് മാസ്റ്റർ (തിരൂരങ്ങാടിയിലെ സി.എച്ച്. മുഹമ്മദ് ആന്റ് സൺസ് എന്ന പ്രസിദ്ധീകരണ അച്ചടി ശാലയുടെ ഉടമ) ചോദിച്ചു. ഇവിടെ ഒരു യുവാവിനെ കാണുന്നല്ലോ. ആരാണത്? ഞാൻ തന്നെ അതിനുത്തരം പറഞ്ഞു. നാളെ ഒന്നു പ്രസംഗിച്ചുകൂടേ? അടുത്ത ചോദ്യം? ഞാൻ പ്രസംഗകനല്ല. എങ്കിലും ശ്രമിക്കാം ഞാൻ പറഞ്ഞു.

പിറ്റേന്ന് ഞാൻ പ്രസംഗിച്ചു. "യാ, അയ്യുഹല്ലദീന ആമനൂത്തഖുല്ലാഹ വൽ തൻളുർ നഫ്സുൻ മാഖാദ്ദമത്ത് ലിഗദിൻ" എന്ന ഖുർആൻ വചനം ഓതി വിവരിച്ചു. ഒരു കക്ഷിയേയും തർക്കവിഷയങ്ങളേയും പരാമർശിക്കാത്ത പൊതു ഉപദേശം. ശ്രോതാക്കൾക്ക് ഹൃദ്യമായതുപോലെ. ദിവസവും കുറെശെ എന്നോട് സംസാരിക്കാൻ ഉപദേശിച്ചു. അങ്ങനെ കെ.എം. മൗലവി സാഹിബിന്റെ ആശീർവാദത്താൽ ഞാൻ അവരുടെ കൂട്ടത്തിൽ ഒരുവനായിത്തീർന്നു. ആ വിജ്ഞാന സദസ്സ് എനിക്ക് ഒരു ഞാറ്റുവേലയായി അനുഭവപ്പെട്ടു. വിഷയങ്ങളൊന്നും താത്വികമായും അടിസ്ഥാനപരമായും പഠിച്ചിരുന്നില്ല. വഹാബികൾ ഔലിയാക്കളുടെ കറാമത്തുകൾ നിഷേധിക്കുന്നവരും ഖബറിലെ ചോദ്യോത്തരങ്ങൾ തള്ളിപ്പറയുന്നവരുമൊക്കെയാണെന്ന് ഞാൻ ധരിച്ചിരുന്നു. നേരിട്ടു കാര്യങ്ങൾ കേൾക്കാനും ചോദിക്കാനും ചർച്ച ചെയ്യാനും അവസരം കിട്ടിയതോടെ അതൊക്കെ വെറും തെറ്റിദ്ധരിപ്പിക്കലുകളായിരുന്നുവെന്ന് ബോധ്യമായി. അര നൂറ്റാണ്ടിനു മുമ്പു നടന്നിരുന്ന നുണ പ്രചാരണം മുസ്ലിയാക്കൾ ഇപ്പോഴും തുടരുകയാണ്.

കുറച്ചുനാൾ അവിടെ കഴിഞ്ഞുകൂടാൻ ആശ. വഹാബികളെക്കുറിച്ച് കേട്ടതൊക്കെ ഭയങ്കര ദോഷങ്ങളാണ്. പരമാർത്ഥം അറിയണമല്ലോ. ഈ ഉദ്ദേശ്യം മനസ്സിൽ വെച്ചുകൊണ്ട് 'രിസാലത്തുൽ മാറദീനി' എന്ന കിതാബ് പഠിപ്പിച്ചുതരാൻ കെ.എം. മൗലവി സാഹിബിനോട് ഞാൻ അപേക്ഷിച്ചു. ഖിബ്ലയുടെ ദിക്ക് മനസ്സിലാക്കാനുള്ള പഠനമാണ് അതിന്റെ ഉള്ളടക്കം. ഏതാനും ദിവസങ്ങൾകൊണ്ട് അത് പൂർത്തിയാക്കാം. ഈ വിഷയത്തിൽ മൗലവി സാഹിബ് കേരളത്തിൽ പ്രഗത്ഭനായിരുന്നു. എന്നാൽ

എനിക്കതിൽ വലിയ താൽപര്യമില്ലായിരുന്നു. പള്ളിയുണ്ടാക്കുമ്പോൾ ഖിബ്‌ല ശരിപ്പെടുത്തൽ ആവശ്യമാണ് എന്നല്ലാതെ ഓരോ തവണയും നമസ്കരിക്കാൻ കിതാബിൽ പറഞ്ഞ പ്രകാരമൊക്കെ നോക്കേണ്ടതുണ്ടെന്ന വിശ്വാസം എനിക്കില്ല. ഞാനിത് പഠിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചത് കുറച്ചുദിവസം അവിടെ തങ്ങാനും വഹാബികളെ ശരിക്കൊന്ന് അടുത്തറിയാനുമായിരുന്നു.

വിദ്യാർത്ഥിയും പ്രസംഗകനുമായി ഞാൻ അവിടെ കഴിഞ്ഞു. മറ്റു നാലു പ്രസംഗകരും പ്രായംകൊണ്ട് എന്നേക്കാൾ മൂത്തവരാണ്. വിഷയങ്ങൾ നേരത്തെ പഠിച്ചറിഞ്ഞവരും. സമുദായത്തിൽ വന്നുകൂടി നിലയുറപ്പിച്ച ഒട്ടനവധി പുത്തൻ ആചാരങ്ങളിൽ സമഗ്രമായ ഒരു പൊളിച്ചെഴുത്ത് ആവശ്യമാണ്. ഖുർആനിനും സുന്നത്തിനും യോജിച്ച നിലയിൽ വിശ്വാസാചാരങ്ങൾ  പുനഃസ്ഥാപിക്കുന്നതിന്നാവശ്യമായ ബോധവത്കരണം നടത്തുകയും വേണം. കെ.എം. മൗലവി സാഹിബിന്റെ സാന്നിധ്യത്തിൽ ഞങ്ങൾ അഞ്ചുപേരും കാര്യങ്ങൾ പഠിക്കുകയും ചർച്ച ചെയ്യുകയും പതിവായി. അവിചാരിതമായി ലഭിച്ച അസുലഭാവസരം!

വടക്കെ മലബാറിലെ പൗരമുഖ്യനും പ്രമുഖ ധനാഢ്യനും സമുദായസ്നേഹിയുമായിരുന്ന എ.കെ. കുഞ്ഞിമായിൻ ഹാജിയുടെ ആവശ്യപ്രകാരം കെ.എം. മൗലവി സാഹിബ് പ്രബോധകരെ പരിശീലിപ്പിക്കുകയായിരുന്നു. ഇതിന്റെ മുഴുവൻ ചെലവുകളും ഹാജിസാഹിബ് ഏൽക്കുകയുണ്ടായി. ഏതാനും ദിവസങ്ങൾ പിന്നിട്ടപ്പോഴാണ് ഇത് എനിക്ക് മനസ്സിലായത്. മൗലവി സാഹിബ് തന്നെ ഒരു ദിവസം എന്നോട് പറഞ്ഞതാണിത്.

നാലു പ്രസംഗകരെ പ്രബോധന രംഗത്തേക്ക് ഇറക്കുകയാണ്. അതിലൊരാളായി നിന്നെയും എടുക്കാൻ എന്റെ സ്നേഹിതന്മാർ പറയുന്നു. എനിക്കും താൽപര്യമുണ്ട്. പെട്ടെന്നൊരു ദിവസം എന്നെ വിളിച്ച് മൗലവി സാഹിബ് ഇപ്രകാരം പറഞ്ഞു. നിന്നെ എന്നല്ല അദ്ദേഹം സംബോധന ചെയ്തത്. നിങ്ങൾ എന്ന പദമാണ് ഈ കൊച്ചു പയ്യനു നേരെ മഹാനായ സാത്വികൻ ഉപയോഗിച്ചത്. ഏതു പ്രായം കുറഞ്ഞവനേയും അദ്ദേഹം അങ്ങനെയേ സംബോധന ചെയ്യാറുണ്ടായിരുന്നുള്ളൂവെന്ന് ഞാൻ പിന്നീട് മനസ്സിലാക്കി. ആ വിനയം അദ്ദേഹത്തിന്റെ സാംസ്കാരിക ഔന്നത്യത്തിന് മകുടം ചാർത്തുന്നതായിരുന്നു. അത്തരം ഒരു സംബോധനക്ക് ഏതു നിലക്കും ഞാൻ അർഹനല്ലെന്നതു കൊണ്ട് തന്നെ ഇതെഴുതുമ്പോൾ എനിക്ക് അർഹതപ്പെട്ട പ്രയോഗമേ ചേർത്തിട്ടുള്ളൂ. അതേ എനിക്ക് സാധ്യമാകൂ.

കെ.എം. മൗലവി അവർകളെക്കുറിച്ച് എനിക്ക് അറിയാവുന്ന കാര്യങ്ങൾ എഴുതുകയാണെങ്കിൽ ഒരു വലിയ ഗ്രന്ഥം അതിനുവേണ്ടി മാത്രമായി രചിക്കേണ്ടിവരും. അതും മതിയാകുമെന്നു തോന്നുന്നില്ല. തൽക്കാലം രണ്ടുമൂന്നു വാചകങ്ങളിൽ ഞാൻ ഒതുക്കാം. ഈ ദീർഘമായ ജീവിതയാത്രയിൽ ഒരുപാട് മനുഷ്യരെ ഞാൻ കണ്ടു. പരിചയപ്പെട്ടു. അടുത്തിടപഴകി. കുടുംബക്കാർ, സാമൂഹിക പ്രമുഖർ, സമ്പന്നർ, ഭരണാധിപന്മാർ, വ്യവസായികളും വ്യാപാരികളും, പ്രാസംഗികർ, എഴുത്തുകാർ, ഉദ്യോഗമേധാവികൾ, ഇടത്തരക്കാർ, സാധാരണ തൊഴിലാളികൾ, ദരിദ്രർ സ്വദേശത്തും വിദേശത്തുമായി പരിചയപ്പെട്ടു. അങ്ങനെ എമ്പാടും അനുഭവങ്ങൾ! എന്നാൽ ഞാൻ ഇതുവരെ കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും നല്ല മനുഷ്യൻ ആരാണെന്ന് നിങ്ങൾ ചോദിക്കുന്നപക്ഷം നിസ്സംശയം, നിസ്സങ്കോചം ഞാൻ പറയും, സമാദരണീയനായ കെ.എം. മൗലവി!

മൗലവി സാഹിബ് പ്രസംഗകാര്യം എന്നെ അറിയിച്ചപ്പോൾ ഞാൻ പറഞ്ഞു: “നാലുപേർ ഇവിടെയുണ്ടല്ലോ. അവരിലൊരാളെ ഒഴിവാക്കിയാണോ എന്നെ നിശ്ചയിക്കുന്നത്? എങ്കിലത് വേണ്ട. എന്നോടാണ് അങ്ങനെ ചെയ്യുന്നതെങ്കിൽ എനിക്കെത്ര സങ്കടമുണ്ടാകും” അപ്പോൾ അദ്ദേഹം പറയുകയാണ്, അവരിലൊരാളുടെ സംസാരത്തിൽ ലേശം കൊഞ്ഞിപ്പു (വിക്ക്)ണ്ട്. നമ്മുടെ ഒരു പ്രചാരണ സംരംഭം എന്ന നിലയിൽ ശ്രോതാക്കൾക്ക് അത് അരോചകമാകുമെന്ന് എല്ലാവരും പറയുന്നു. പകരം നിന്നെ കിട്ടിയതിൽ എല്ലാവർക്കും സന്തോഷമാണ്. നീ അത് സമ്മതിക്കുന്നില്ലെങ്കിൽ വേറെ ഒരാളെ നോക്കേണ്ടിവരും.

ഇത്രത്തോളം പറഞ്ഞപ്പോൾ ഞാൻ സമ്മതിച്ചു. ശ്രോതാക്കളിൽ നിന്നും യാതൊരു പ്രതിഫലവും വാങ്ങരുത്. ഭക്ഷണത്തിന് ആരെങ്കിലും ക്ഷണിച്ചാൽ സ്വീകരിക്കാം. ഓഫീസിൽ നിന്നുള്ള നിർദ്ദേശപ്രകാരം പ്രവർത്തിക്കണം. ഇതാണ് നിബന്ധന. അങ്ങനെ ഞാൻ വടക്കേ മലബാറിലെ വഹാബികളുടെ മുബല്ലിഗ് (പ്രബോധകൻ) ആയി രംഗത്ത് വന്നു. നായ്ക്കാഷ്ഠമായിരുന്ന ഞാൻ കസ്തൂരിയായി പരിവർത്തിക്കപ്പെട്ട അനുഭൂതി! ജീവിതത്തിലെ അതിവിശിഷ്ഠമായ ഒരനുഭവം. ഞാൻ ഒരു മനുഷ്യനായി രൂപാന്തരപ്പെടുകയായിരുന്നു! മഹാനായ കെ.എം. മൗലവി സാഹിബിന്റെ മേൽനോട്ടത്തിൽ ചരിത്രപ്രസിദ്ധമായ തിരൂരങ്ങാടിയിലെ ആ സംസ്കരണ ശാല എന്നെ ഞാനാക്കി മാറ്റി!

പണ്ഡിതപ്രഗത്ഭരും മികച്ച വാഗ്മികളുമായിരുന്നു തൃപ്പനച്ചി സി.പി. കുഞ്ഞിമൊയ്തീൻ മൗലവി, കെ.കെ.എം. ജമാലുദ്ദീൻ മൗലവി, ആനമങ്ങാട് മൊയ്തീൻകുട്ടി മൗലവി എന്നിവർ. അവരോടൊത്ത് എളിയവ

നായ ഞാനും നിയമിക്കപ്പെട്ടു. അത്ഭുതം! ഇരുപത്തിഒന്നര രൂപയാണ് ഓരോരുത്തർക്കും ശമ്പളം. അന്ന് അതൊരു വലിയ സംഖ്യയാണ്. 1941 ആണ് കാലഘട്ടം. കുറച്ചുകാലം ഈ നിലയിൽ പ്രവർത്തിച്ചു. ഇടക്കിടെ ഞങ്ങൾ നാലുപേരും കുഞ്ഞിമായിൻ ഹാജിയുടെ ബംഗ്ലാവിൽ ഒത്തു ചേരും. വിഷയങ്ങൾ ചർച്ച ചെയ്തു പരിപാടികൾ നിർണ്ണയിച്ച് പിരിയും. അന്നുണ്ടായ ഒരു സംഭവം ഇപ്പോൾ ഓർക്കുന്നു. തലശ്ശേരിക്ക് കിഴക്ക് മട്ട ന്നൂർ അടുത്ത് പാറോറ എന്ന സ്ഥലത്ത് ഞാൻ എത്തി. അവിടെ ജുമുഅ ഇല്ലായിരുന്നു. അതാനും ദിവസം ഞാൻ അവിടെ പ്രസംഗിച്ചു. മഹല്ലു നിവാസികളെ ജുമുഅ തുടങ്ങാൻ പ്രേരിപ്പിച്ചു. ആവശ്യകത ബോധ്യപ്പെ ടുത്തി. ഉചിതമായ ഒരു സ്ഥലം കണ്ടെത്തി ഒരു ഷെഡ് നിർമ്മിച്ചു. ജുമു അ തുടങ്ങി. ഞാൻ തന്നെ ഉദ്ഘാടകൻ. ഖുത്ബയുടെ സമയമെത്തി. അപ്പോൾ ഒരു പ്രശ്നം. മഅ്ശിറ വിളിക്കാൻ ആളില്ലല്ലോ! ഖത്വീബ് മിമ്പ റിൽ കയറുന്നതിന് മുമ്പ് ഒരാൾ മരത്തിന്റെ വാൾ കയ്യിലെടുത്ത് അറബി യിൽ നീട്ടി വലിച്ച് കുറേ പറയും. ശേഷം ഖത്തീബ് അയാളിൽ നിന്നും വാൾ ഏറ്റുവാങ്ങി മിമ്പറിൽ കയറും. ഇസ്‌ലാം വാൾകൊണ്ട് സ്ഥാപിച്ച താണെന്ന മൂഢ വിശ്വാസത്തിന്റെ ചിഹ്നമാണത്രെ ഈ ദുരാചാരം. പച്ച നുണയാണിത്. പ്രവാചകന്റെ നടപടിയിൽ ഇങ്ങനെ ഒരാചാരമുണ്ടായിട്ടി ല്ല. നബിﷺ അഞ്ഞൂറിൽ പരം ജുമുഅ നടത്തിയതായി മനസ്സിലാകുന്നു. ഒരൊറ്റ തവണപോലും ഈ മഅ്ശറ വിളി ഉണ്ടായിട്ടില്ല. നമ്മുടെ നാട്ടിലാ കട്ടെ ഈ ദുരാചാരമില്ലാതെ ഒരൊറ്റ ജുമുഅയും നടക്കാറുമില്ല. എന്തൊരു ദുഃഖകരമായ വൈരുദ്ധ്യം!

മഅ്ശിറ വിളിക്കാൻ ആളില്ലാത്തതിൽ അസ്വസ്ഥത പൂണ്ടവരെ ഞാ ൻ സമാധാനിപ്പിച്ചു. അതത്ര പ്രാധാന്യമുള്ളതല്ല എന്നവരെ ധരിപ്പിച്ചു കൊണ്ട് ഖുത്ബ തുടങ്ങി. മലയാളത്തിൽ പ്രസംഗിച്ചു. നമസ്കാരം കഴി ഞ്ഞു. ഒരു തർക്കവുമുണ്ടായില്ല. എല്ലാവർക്കും തൃപ്തി. എന്നാൽ അടു ത്ത മഹല്ലുകളിലെ മുസ്‌ലിയാക്കളുടെ ചെവിയിൽ വാർത്തയെത്തി. അവർ പാഞ്ഞുവന്നു. മഅ്ശിറ വിളിക്കാതെ ജുമുഅ ഖുത്ബയോ?! വഹാബിസ ത്തിന്റെ തുടക്കം ഇങ്ങനെയാണ്. ഒന്നൊന്നായി അവർ ഇല്ലാതാക്കും. മുസ്‌ലിയാക്കൾ ഇങ്ങനെ പറഞ്ഞുകൊണ്ട് ബഹളം വെച്ചു. ആളുകൾ വി ഷമത്തിലായി. നമ്മുടെ നാട്ടിൽ ശാഫിഈ മദ്ഹബിലെ പ്രധാനപ്പെട്ട കിതാബാണല്ലോ ഫത്ഹുൽ മുഈൻ. അതിൽ മഅ്ശിറ വിളി പറഞ്ഞിട്ടി ല്ലല്ലോ. പിന്നെ എന്തിനിവിടെ ഫിത്ന ഉണ്ടാക്കുന്നു എന്ന് പറഞ്ഞ് ഞാ ൻ മുസ്‌ലിയാക്കളെ എതിരിട്ടു. ആളുകൾക്ക് സംഗതി ബോധ്യമായെന്ന് മനസ്സിലായതോടെ മുസ്‌ലിയാക്കൾ സൂത്രത്തിൽ സ്ഥലംവിട്ടു. ഇന്നത്തെ

സഖാഫികളേക്കാളും ഫൈസികളെക്കാളും എത്രയോ മെച്ചപ്പെട്ടവരായിരുന്നു അവർ. അതോടെ അവിടെ ജുമുഅ സ്ഥിരപ്പെട്ടു.

കുറച്ചു മാസങ്ങൾക്ക് ശേഷം കുഞ്ഞിമായിൻ ഹാജി ഈ പരിപാടി നിർത്തി. കാരണം എന്താണെന്ന് അറിഞ്ഞില്ല. പിന്നീട് അത് തുടരാൻ ഞങ്ങൾക്ക് സ്വന്തമായി സാമ്പത്തിക ശേഷി ഇല്ലായിരുന്നു. എന്നാൽ ഈ തബ്‌ലീഗ് വളരെ ഫലം ചെയ്തു. കുറേയിടങ്ങളിൽ ആദർശ പ്രചരണം എത്താനും കുറേയാളുകൾ ബോധവത്കരിക്കപ്പെടാനും ഇത് കാരണമായി. ഹാജി സാഹിബിന് അല്ലാഹു മഹത്തായ പ്രതിഫലം നൽകുമാറാകട്ടെ.



## 2

# കള്ള ഫത്‌വകൾ!

പറഞ്ഞു വന്നപ്പോൾ കാര്യപ്പെട്ട ഒരു സംഗതി വിട്ടുപോയി. പാങ്ങിൽ അഹ്മദ്കുട്ടി മുസ്‌ലിയാരുടെ ദർസിൽ ഓതിക്കൊണ്ടിരുന്ന കാലത്താണല്ലോ തൗഹീദിന്റെ പ്രഭയാൽ പ്രശോഭിതനായിരുന്ന കെ.എം. മൗലവി അവർകളുടെ മഹത്തായ ശിഷ്യത്വത്തിൽ ഞാൻ ചെന്നു പെട്ടത്. എന്റെ ഗുരുനാഥൻ പാങ്ങിൽ മുസ്‌ലിയാരോട് ആദ്യമൊക്കെ എനിക്ക് ബഹുമാനമായിരുന്നു. പണ്ഡിതനും ബുദ്ധിശാലിയുമായിരുന്നു അദ്ദേഹം. സമർത്ഥനായ അദ്ധ്യാപകനും. ഞാൻ അക്കാലത്ത് അദ്ദേഹത്തിന്റെ എഴുത്തുകാരനായിരുന്നു. എന്നെ അതിനു തെരഞ്ഞെടുക്കാൻ രണ്ടു കാരണങ്ങളുണ്ടായി. കിതാബ് നോക്കി പറയാൻ മറ്റു വിദ്യാർത്ഥികളെക്കാൾ ഞാൻ മെച്ചമാണെന്ന ധാരണ അദ്ദേഹത്തിനുണ്ടായിരുന്നു. മറ്റൊന്ന് എന്റെ അറബിമലയാള കയ്യക്ഷരം നല്ല വൃത്തിയായിരുന്നു. അന്നൊക്കെ പാങ്ങിൽ ഉസ്താദിന്റെയടുക്കൽ വിവിധ വിഷയങ്ങളിൽ ഫത്‌വ (മതവിധി) തേടി പലേടത്തുനിന്നും ആളുകൾ വരുമായിരുന്നു. ഫത്‌വ തയ്യാറാക്കുന്ന അദ്ദേഹത്തിന്റെ രീതി ഉസ്താദിനോട് മാനസികമായ വെറുപ്പുണ്ടാകുവാനും അത് വർദ്ധിക്കുവാനും ഇടയാക്കി. അതെങ്ങനെയാണെന്നല്ലേ? പറയാം.

മഹല്ലുകൾ തമ്മിൽ വഴക്ക്, മദ്റസാ കമ്മിറ്റിയിലെ ചേരിപ്പോര്, തറവാട്ടുകാർ തമ്മിലുള്ള അവകാശ തർക്കം ഇത്തരത്തിലുള്ള പ്രശ്നങ്ങളായിരിക്കും അധികവും. കൂർമ്മ ബുദ്ധികൾ നേരത്തെ ഉസ്താദിനെ വന്നു കാണും. തങ്ങൾക്കനുകൂലമായ വിധി സമ്പാദിക്കാൻ വരുന്നവർ കൈനിറയെ പലഹാരക്കെട്ടുകളും പണക്കിഴിയുമായാണ് എത്തുക. അവർ ആവ

ശ്യം പറയും. അത് സാധൂകരിക്കത്തക്കവണ്ണം ഫത്‌വ വേണം. ഞാനാണ ല്ലോ എഴുത്തുകാരൻ. ചോദ്യം ഉസ്താദ് തന്നെ ഉണ്ടാക്കി പറഞ്ഞുതരും. ഉത്തരം തയ്യാറാക്കാൻ കിതാബുകൾ എന്നെ കൊണ്ട് വായിപ്പിക്കും. കി താബുകളിൽ ഒരു വിഷയം പ്രതിപാദിക്കുമ്പോൾ തെളിവുകൾ നിരത്തി യും ഗ്രന്ഥകാരന്റെ യുക്തിപൂർവ്വമായ സമർത്ഥനത്തിലും വിഷയം ദൃഢ മാക്കുക മാത്രമല്ല, തദ്‌വിഷയമായി വന്നിട്ടുള്ള ഭിന്നാഭിപ്രായങ്ങളും പ്ര തിപക്ഷ മര്യാദ എന്ന നിലയിൽ ചേർത്തിരിക്കും. പഠിതാക്കൾക്ക് വിഷയ ത്തിന്റെ സമഗ്രമായ അഭിപ്രായ വൈവിധ്യങ്ങളോടൊപ്പം ഗ്രന്ഥകാരന്റെ ദൃഢമായ നിലപാടും തെളിവുകളും ലഭിക്കുകയും ചെയ്യും. ഇങ്ങനെ വളരെ വിസ്തരിച്ചുള്ള രചനാരീതിയാണ് പഴയ കിതാബുകളിൽ പൊ തുവെ കാണാൻ കഴിയുക.

എന്റെ ഉസ്താദ് പലപ്പോഴും ഗ്രന്ഥകാരന്റെ അഭിപ്രായമല്ല തെര ഞ്ഞെടുക്കാറുള്ളത്. പാരിതോഷികങ്ങളുമായി വരുന്നവരുടെ ആവശ്യങ്ങ ളെ ബലപ്പെടുത്താൻ പറ്റുന്ന അഭിപ്രായമാണ് അതിൽ നിന്നും തെര ഞ്ഞെടുക്കുക. ഗ്രന്ഥകാരൻ ദുർബ്ബലമാണെന്ന് വ്യക്തമാക്കിയവ. അതി നു പറ്റിയ വാചകങ്ങൾ തെരഞ്ഞെടുത്ത് എന്നെക്കൊണ്ട് എഴുതിക്കും. ശേ ഷം ഗ്രന്ഥത്തിന്റെ പേര്, പേജ്, നമ്പർ എന്നിവ രേഖപ്പെടുത്തി അദ്ദേഹം ഒപ്പിട്ട് കൊടുക്കും. മഹാനായ ഗ്രന്ഥകാരന്റെ പേരിൽ മറ്റുള്ളവരുടെ വാ റോലകൾ ഫത്‌വയാക്കി രൂപാന്തരീകരിക്കും. വിദഗ്ധമായ അട്ടിമറി! ഹീനമായ അഴിമതി! ആവശ്യക്കാർക്ക് തൃപ്തി! ഉസ്താദിന് കിഴിയും പൊതിയും!!

ഉസ്താദിനെക്കുറിച്ച് മനസ്സിൽ മതിപ്പ് കുറഞ്ഞു വന്നു. വലിയ ബലൂ ണിൽ ഒരു സുഷിരം വീണപോലെ. മനസ്സിന്റെ തള്ളൽ അസഹ്യമായ പ്പോൾ ഒരിക്കൽ ഞാൻ ചോദിച്ചു. മുസ്വന്നിഫ് (ഗ്രന്ഥകാരൻ) ബലപ്പെടു ത്തി പറഞ്ഞ അഭിപ്രായം മറ്റേതാണല്ലോ. അപ്പോൾ എതിർപക്ഷത്തിന്റെ വാദം നാം എങ്ങനെ തെളിവായി ഉദ്ധരിക്കും? പാങ്ങിൽ ഉസ്താദ് ഈ ർഷ്യതയോടെ പ്രതികരിക്കും. "മിണ്ടാതിരിക്കെടോ. ഇപ്പോൾ ആവശ്യം ഇതല്ലേ. ഈ അഭിപ്രായം അതിലില്ലായിരുന്നെങ്കിൽ അവർക്കാവശ്യ മുള്ള ഫത്‌വ കൊടുക്കാൻ കഴിയുമായിരുന്നോ?" തെളിയിച്ചു പറഞ്ഞാ ൽ കൈക്കൂലി വാങ്ങി കള്ള ഫത്‌വ കൊടുക്കൽ! ഈ അനുഭവങ്ങൾ പാങ്ങുമായുള്ള ബന്ധം അയഞ്ഞുപോകാൻ കാരണമായി.

മറ്റൊരു സംഭവം: ഇപ്പോൾ മുജാഹിദ് രംഗത്ത് ശോഭിച്ചു നിൽക്കുന്ന പണ്ഡിതനും പ്രഭാഷകനും മാപ്പിള കവിയും എഴുത്തുകാരനുമായ അബ്ദുറഹീം കുറ്റ്യാടിയെ മിക്കവരും അറിയുമല്ലോ. അദ്ദേഹത്തിന്റെ

പിതാവ് എം. അബ്ദുല്ലക്കുട്ടി മൗലവി തയ്യാറാക്കിയ ഒരു ലഘുലേഖ പുറത്ത് വന്നതോടെ സുന്നീ പണ്ഡിത വർഗ്ഗം ഇളകിവശായി. മുറിവിൽ മുളക്പൊടി തേച്ച നീറ്റൽ. സുന്നികളുടെ കടുത്ത ശിർക്കൻ വാദങ്ങളെ വെട്ടി നിരത്തുന്ന ഒരു കൃതി. തൗഹീദും ബിദ്അത്തും എന്ന പേരിൽ രചിച്ച പതിനൊന്ന് ചോദ്യങ്ങളും അവയ്ക്കുള്ള മറുപടിയുമാണ് ലഘുലേഖയിലെ ഉള്ളടക്കം. അതിന് തക്കതായ മറുപടി പുറത്തിറക്കണമെന്ന് സുന്നികളിൽ പരക്കെ ആവശ്യമുയർന്നു.

പാങ്ങിൽ മുസ്‌ലിയാരുടെ നേതൃത്വം. കൂട്ടാളി കണ്ണിയത്ത് അഹ്മദ് മുസ്‌ലിയാർ. ഇദ്ദേഹത്തെ പുതിയ തലമുറ അറിയുമല്ലോ. സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ പ്രസിഡണ്ടായിരിക്കെ അടുത്തകാലത്താണ് അദ്ദേഹം നിര്യാതനായത്. "റഈസുൽ മുഹഖിഖിൻ" (വിഷയങ്ങൾ ഭംഗിയായും വസ്തുനിഷ്ഠമായും ആഴത്തിലും പ്രതിപാദിക്കാൻ കഴിവുള്ളവരുടെ നേതാവ്) എന്ന ബഹുമതിപ്പേരിലാണ് അനുയായികൾ അദ്ദേഹത്തെ വാഴ്ത്തിയിരുന്നത്. ഇവരുടെ എഴുത്തുകാരൻ അന്ന് ഞാൻ തന്നെയായിരുന്നു. പുറമെ നിന്നും ശല്യങ്ങളും ഇടപെടലുകളും ഇല്ലാതിരിക്കാൻ ഞങ്ങൾ മൂന്നുപേരും മുറിയിൽ അടച്ചിരുന്നാണ് മറുപടി തയ്യാറാക്കിയത്. കുറെ ദിവസങ്ങൾ അങ്ങനെ കൂടി. സമുദായത്തിൽ വേരുറച്ച് പടർന്ന് പന്തലിച്ചു നിന്നിരുന്ന ശിർക്കിന്റെ വിശ്വാസങ്ങൾ, അതിൽ നിന്നുത്ഭവിച്ച ദുരാചാരങ്ങൾ എന്നിവ സമൂഹത്തിന്റെ ആഗ്രഹത്തിനൊത്തവണ്ണം സ്ഥാപിച്ചുകൊടുക്കാനുള്ള 'വഹ' തയ്യാറാക്കുകയായിരുന്നു ഈ അടച്ചുപൂട്ടി ഇരുപ്പിൽ ഉദ്ദേശിച്ചത്. 'റഈസുൽ മുഹഖിഖീൻ' എന്ന അപ്രമാദിത്വ നാമം അദ്ദേഹം അർഹിക്കുന്നതായിരുന്നുവോ? നിങ്ങൾക്ക് വിടുന്നു.

എന്നാൽ ജീവിതകാലത്തു തന്നെ സ്വന്തം അനുയായികളിൽ നിന്നും കടുത്ത മാനസിക പീഡനത്തിന് അദ്ദേഹം ഇരയായി. നിർഭാഗ്യം! സുന്നികൾക്കിടയിൽ ഉണ്ടായ മഹാ പിളർപ്പ്! കാന്തപുരം മുസ്‌ലിയാരുടെ നേതൃത്വത്തിൽ ഒരു വിഭാഗം സമസ്തയിൽ നിന്നും പുറത്താക്കപ്പെടുകയോ പുറത്ത് പോകുകയോ ചെയ്തു. ആദർശപരമല്ലാത്ത ചില ഭൗതിക കാര്യങ്ങളാണ് പിളർപ്പിന് കാരണമായത്. ശിർക്ക് ബിദ്അത്തുകൾ വളർത്തുന്നതിലും ഉറപ്പിക്കുന്നതിലും ആരാണ് വമ്പന്മാർ എന്ന വാശിയാണ് ഇരു വിഭാഗത്തിന്റെയും പ്രചരണ പ്രവർത്തനങ്ങളിൽ നെടുനീളം കാണുന്നത്. എന്നിട്ടും സഖാഫി- ഫൈസിമാർ രൂക്ഷമായ ആക്ഷേപങ്ങളുടെ അസ്ത്രങ്ങൾ പരസ്പരം എയ്തുകൊണ്ടിരുന്നു. ആ വാദ കോലാഹലങ്ങൾക്കും ആരോപണ പ്രത്യാരോപണങ്ങൾക്കുമിടയിൽ റഈസുൽ

മുഹഖിഖീനായി വാഴ്ത്തപ്പെട്ട വയോവൃദ്ധൻ കണ്ണിയത്ത് മുസ്‌ലിയാർ പോലും ഒഴിവാക്കപ്പെട്ടില്ല. നാടുനീളെ വേദികളൊരുക്കി അദ്ദേഹത്തെ ബഹുമാനിച്ച നാവുകൾ തന്നെ ഹീനമായ വാക്കുകൾ എറിഞ്ഞു ആക്ഷേപിച്ചു! പുച്ഛിച്ചു! ഉപ്പ്ചാക്ക് എന്ന പ്രയോഗം പോലും അദ്ദേഹത്തിനെതിരിൽ നന്ദിയും മര്യാദയുമില്ലാത്ത അനുയായിവൃന്ദം തൊടുത്തുവിട്ടു. അതിദയനീയം! മഹാ നിർഭാഗ്യം!! കണ്ണിയത്തിനെക്കുറിച്ച് എനിക്കുള്ള അഭിപ്രായം അദ്ദേഹം ദർസിൽ പഠിപ്പിക്കുവാൻ ഏറെ കഴിവുള്ള അദ്ധ്യാപകനായിരുന്നു എന്നു മാത്രമാണ്. യഥാർത്ഥവും അർഹവുമായ പ്രതിഫലത്തിന്റെ കേന്ദ്രത്തിലേക്ക് അദ്ദേഹം യാത്രയായി.

ഓർമകളുടെ തീരത്ത്

## 3

# വക്കം മൗലവി ﵀

കെ.എം. മൗലവി സാഹിബിനെ നേരിൽ കണ്ടു സംസാരിക്കാനുള്ള മോഹം അത്യാഗ്രഹമായിത്തീർന്നതിന് ചില പശ്ചാത്തലങ്ങളുണ്ട്. മഹാപണ്ഡിതനും പരിഷ്കർത്താവുമായ വക്കം മുഹമ്മദ് അബ്ദുൽ ഖാദിർ മൗലവിയുടെ ചില പരിഭാഷാ ഗ്രന്ഥങ്ങൾ വായിക്കാൻ ഇടയായത് അതിൽ പ്രധാനമാണ്.

വക്കം മൗലവിയെക്കുറിച്ചോർക്കുമ്പോൾ മനസ്സും ശരീരവും കോരിത്തരിക്കുന്നു. 1932 ഒക്ടോബർ മാസത്തിൽ ആ മഹാനുഭാവൻ ഈ ലോകം വിട്ടുപോയി. ജീവിതത്തിൽ അദ്ദേഹത്തെ ഒരു നോക്ക് കാണാൻ ഭാഗ്യം ലഭിക്കാത്തവനാണ് ഞാൻ. എങ്കിലും എന്റെ യാത്രാ വീഥിയിലെ പ്രധാന കവലയിൽ വക്കം മൗലവി തെളിഞ്ഞുനിൽക്കുന്നു. അദ്ദേഹം പരലോക പ്രാപ്തനാകുമ്പോൾ എനിക്ക് പതിനൊന്ന് വയസ്സായിരിക്കും. വീണ്ടും രണ്ടു വർഷത്തിനു ശേഷമാണ് മഹാനവർകളെ ഞാൻ കണ്ടത്! റാത്തീബിന്റെ സഭയിൽ മൊയ്‌ലിയാമാർക്ക് മുഹ്‌യിദ്ദീൻ ശൈഖ് ഹാജരാകുന്നതു പോലെയോ തബ്‌ലീഗ് ജമാഅത്തുകാരുടെ വാറോല കൃതികളിൽ കാണുന്ന സ്വപ്നദർശനം പോലെയോ അല്ല ഈ കാണൽ.

അദ്ദേഹത്തിന്റെ അനുഗൃഹീതമായ തൂലികയിലൂടെയാണ് ഞാൻ കണ്ടത്. അതിലൂടെ ഞാൻ ആ വലിയ മനുഷ്യനെ കണ്ടു. മഹാരഥന്മാരായ കെ.എം. മൗലവി, കെ.എം. സീതിസാഹിബ്, ഇ. മൊയ്തു മൗലവി, ഇ.കെ. മൗലവി തുടങ്ങിയവരെ കർമ്മവീഥിയിലേക്ക് നയിച്ച, അവർക്ക് ധൈര്യവും ആവേശവും പകർന്ന ഈ പടനായകൻ അന്ധകാരാവൃതമായ

എന്റെ ഇളം മനസ്സിലേക്കും ടോർച്ച് മിന്നിച്ചു. വിജ്ഞാനവീഥിയിൽ മുന്നോട്ട് ഗമിക്കാനുള്ള വെളിച്ചം! എന്റെ ബഹുമാന്യ സുഹൃത്ത് സി.എച്ച്. മുഹമ്മദ് കോയ സാഹിബ് എഴുതിയതുപോലെ "മൗലവിയുടെ ജീവിതം ഒരു കാലഘട്ടത്തിന്റെ ചരിത്രമാണ്. ഒരു സമുദായത്തിന്റെ ചരിത്രമാണ്. ദേശീയ ചരിത്രത്തിൽ ജാജ്ജ്വലമാനമായി പ്രശോഭിക്കുന്ന ഒരദ്ധ്യായമാണ്".

കേരള മുസ്‌ലിം ഐക്യസംഘം, കേരള ജംഇയ്യത്തുൽ ഉലമ എന്നീ സംഘടനകൾ കേരളത്തിലെ സലഫീ പ്രവർത്തനത്തിന് സമഗ്രമായ സംഭാവനകൾ അർപ്പിച്ചു. വക്കം മൗലവിയുടെ ബുദ്ധിയും പക്വമായ നേതൃത്വവുമാണ് ഇതിന്റെ പിറകിൽ അടിസ്ഥാനപരമായി പ്രവർത്തിച്ചതെന്ന കാര്യം കെ.എം. മൗലവി സാഹിബിൽ നിന്നും പിന്നീട് ഞാൻ അറിഞ്ഞു. ഒരു കാലഘട്ടത്തിന്റെ ഗുരുവും മാർഗദർശിയുമായിരുന്നു അദ്ദേഹം. മഹാനായ ദേശാഭിമാനിയും നവോത്ഥാന നായകനുമായ വക്കം മൗലവിയെ പരിചയപ്പെടുത്താൻ ചില വാചകങ്ങൾ ഞാൻ കടമെടുക്കുന്നു.

കേരളത്തിന്റെ സാഹിത്യ- സാംസ്കാരിക മണ്ഡലത്തിലെ നായകനും കേസരി എന്ന അപരനാമത്തിൽ അറിയപ്പെടുകയും ചെയ്ത എ. ബാലകൃഷ്ണപിള്ള മൗലവിയുടെ മകനും പ്രസിദ്ധ സാഹിത്യകാരനുമായിരുന്ന വക്കം അബ്ദുൽ ഖാദിറിന് ഒരിക്കൽ അയച്ച കത്തിലെ വരികൾ ഇവിടെ പകർത്തട്ടെ.

"നിങ്ങളുടെ വന്ദ്യപിതാവ് എനിക്ക് എത്രയും പ്രിയപ്പെട്ട ഒരാളായിരുന്നു. ഇത്ര ധീരനായ ഒരു സമുദായാഭിമാനിയും അതിനേക്കാൾ ധീരനായ ഒരു ദേശാഭിമാനിയും ഈ നാട്ടിൽ ജീവിച്ചിട്ടില്ലെന്ന സത്യം നമ്മുടെ കപട സാമുദായിക ദേശീയ ഭക്തന്മാർ അടുത്ത കാലത്തൊന്നും മനസ്സിലാക്കാൻ പോകുന്നില്ല. (ഉദ്ധരണം, വക്കം മൗലവി N.B.S)

ശ്രീനാരായണ ഗുരു വക്കം മൗലവിയുടെ ആശയ സംവാദ സദസ്സിലെ സ്ഥിരം സുഹൃത്തായിരുന്നു. നിരന്തരവും ദൃഢവുമായ ഈ ബന്ധം സ്വാമികളുടെ നവോത്ഥാന ചിന്തകളിൽ ഒട്ടൊക്കെ സ്വാധീനം ചെലുത്തിയെന്ന് അദ്ദേഹത്തിന്റെ പരിഷ്കരണ മുദ്രാവാക്യങ്ങൾ സൂചിപ്പിക്കുന്നു. ഒരു ദൈവം എന്ന ആശയം ഗുരുവിൽ ഏറെ തെളിഞ്ഞുനിന്നിരുന്നുവല്ലോ. എന്നാൽ അദ്ദേഹത്തിന്റെ അനുയായികൾ ഈ മഹത്തായ ആശയത്തിൽ നിന്നും ബഹുദൂരം അകന്നുപോയി. അവർ ഗുരുവിന്റെ വിഗ്രഹങ്ങൾ സ്ഥാപിക്കുകയും അവയെ പൂജിക്കുകയും ചെയ്യുന്നു. ചരിത്രത്തിന്റെ ദയനീയമായ ആവർത്തനം! യേശുവും ശ്രീബുദ്ധനും ആരാധനാ മൂർത്തികളായതുപോലെ.

വിവിധ ഭാഷകളിൽ പണ്ഡിതനായിരുന്നു വക്കം മൗലവി സാഹിബ്. ലോക പ്രശസ്ത ഇസ്‌ലാമിക പണ്ഡിതനും 'തഫ്‌സീറുൽ മനാർ' എന്ന വിശ്വവിശ്രുത ഖുർആൻ വ്യാഖ്യാന ഗ്രന്ഥത്തിന്റെ രചയിതാവുമായ 'സയ്യിദ് റശീദ് രിള'യുടെ അൽമനാർ എന്ന പ്രസിദ്ധ അറബി മാസിക കേരളത്തിന് പരിചയപ്പെടുത്തിയത് വക്കം മൗലവിയായിരുന്നു. കെ.എം. മൗലവിക്ക് അൽമനാറുമായി ബന്ധപ്പെടാനുള്ള അവസരം ലഭിച്ചത് ഈ നിലക്കായിരുന്നുവെന്ന് അദ്ദേഹം എന്നോട് പറഞ്ഞിട്ടുണ്ട്.

പേർഷ്യൻ ഭാഷയിലും വക്കം മൗലവി അഗാധ പാണ്ഡിത്യം നേടിയിരുന്നു. ഇമാം ഗസ്സാലി(റ) ഫാരിസിയിൽ രചിച്ച 'കീമായായേ സആദാ' എന്ന മഹാ ഗ്രന്ഥം മൗലവി മലയാളത്തിലേക്ക് തർജമ ചെയ്ത് അറബി മലയാള ലിപിയിൽ അച്ചടിച്ച് പുറത്തിറക്കി. ഞാൻ ആ ഗ്രന്ഥത്തെക്കുറിച്ച് അറിയുന്നത് എന്റെ മലയാള ഗുരുവും സഹപാഠിയുമായ ഉമർകുട്ടി മൗലവിയിൽ നിന്നാണ്. അദ്ദേഹം പ്രേരിപ്പിച്ചു. ഞാൻ തുടങ്ങി. എന്റെ ഉസ്താദ് പാങ്ങിൽ മുസ്‌ലിയാരുടെ ശ്രദ്ധയിൽ ഇതു പതിഞ്ഞു. അദ്ദേഹം ശാസിച്ചു. "ഓഹോ ഇതാണോ നീ വായിക്കുന്നത്, വേണ്ട." ഞാൻ ഭവ്യതയോടെ കാരണം ചോദിച്ചു. ഇതു വായിച്ചാൽ വഹാബിയായിത്തീരും എന്നായിരുന്നു മറുപടി. ഇതിൽ വഹാബിയ്യത്ത് ഒന്നും കാണുന്നില്ലല്ലോ എന്നു ഞാൻ പറഞ്ഞപ്പോൾ ഉസ്താദിന്റെ പ്രതികരണം വിചിത്രമായിരുന്നു. "ഇത് വായിച്ചാൽ ഈ പരിഭാഷകന്റെ മറ്റു കൃതികളും വായിക്കാൻ ഉത്സാഹം വരും. അതൊക്കെയും വഹാബിയ്യത്താണ്. മാത്രമല്ല, സ്വതന്ത്രമായി ചിന്തിക്കാൻ ഈ ഗ്രന്ഥം നിന്നെ നിർബന്ധിക്കും. സ്വതന്ത്ര ചിന്ത വഴികേടിലാക്കുകയും ചെയ്യും".

ഇങ്ങനെയൊക്കെ ഉസ്താദ് പറഞ്ഞപ്പോൾ പച്ചപ്പരമാർത്ഥിയായ ഞാൻ ശരിക്കും പേടിച്ചു. വായന നിർത്തി. എങ്കിലും വിജ്ഞാനപ്രദമായ ആ ഗ്രന്ഥത്തിന്റെ ഗുണവും വക്കം മൗലവിയുടെ ഭാഷാരീതിയും എന്റെ മനസ്സിനെ സ്വാധീനിച്ചുകഴിഞ്ഞിരുന്നു എന്നു ഞാൻ അറിഞ്ഞു. ഹൃദ്യമായ ആസ്വാദനം എന്റെ മനസ്സിനെ മുന്നോട്ടു തള്ളി. വായന വീണ്ടും തുടങ്ങി. ഒടുവിൽ ഉസ്താദ് ഭയപ്പെടുത്തിയതു തന്നെ സംഭവിച്ചു. മൗലവിയുടെ കൃതികൾ വായിക്കാനുള്ള അത്യുൽസാഹം ഉണ്ടായി. ആത്മാവ് ദാഹിച്ചു. അല്ലാമ സയ്യിദ് സുലൈമാൻ നദ്‌വി എഴുതിയതും വക്കം മൗലവി വിവർത്തനം ചെയ്തതുമായ 'അഹ്‌ലുസ്സുന്നത്തി വൽ ജമാഅത്ത്' എന്ന സുപ്രധാന ഗ്രന്ഥമാണ് അടുത്തതായി സമ്പാദിച്ചത്. അതും അറബി മലയാളം തന്നെ. അന്ന് മുസ്‌ലിം സമുദായം അറബി മലയാളത്തിന്റെ വലയത്തിലായിരുന്നുവല്ലോ. അതിനാൽ ആധുനിക വിദ്യാഭ്യാസ

ത്തിനും മതവിജ്ഞാന സമ്പാദനത്തിനും ഉത്സാഹം പകരാൻ അറബി-മലയാള ലിപിയെ തന്നെ മൗലവി മാധ്യമമാക്കുകയാണ് ചെയ്തത്.

'അഹ്ലുസുന്നത്ത്...' വായിച്ചു തീർത്തു. എന്റെ മനസ്സാകെ മാറി മറിഞ്ഞു. ഒരു പുതിയ മനുഷ്യനാകാൻ, സമൂഹത്തിൽ ആ നിലയിൽ പ്രത്യക്ഷപ്പെടാൻ, ഞാൻ അറിഞ്ഞത് എന്റെ സമുദായത്തെ അറിയിക്കാൻ കൊതിച്ചു. വെറും കൊതിയല്ല, ആർത്തിപൂണ്ട കൊതി. ആ ഉമിനീര് നുണഞ്ഞിറക്കുമ്പോഴാണ് മൗലവിയുടെ തന്നെ സ്വന്തം കൃതിയായ 'ഊഉസ്സബാഹ്' എന്ന അറബി മലയാള ഗ്രന്ഥം കിട്ടിയത്. ഇസ്‌ലാമിക വിജ്ഞാന വീഥിയിലെ മഹാ പ്രതിഭകളായ ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ, മുഹമ്മദ്ബ്നു അബ്ദിൽ വഹാബ് എന്നിവരെ സംബന്ധിച്ച് മുസ്‌ലിയാക്കൾ പ്രചരിപ്പിച്ച നീചവും വികൃതവുമായ ദുരാരോപണങ്ങൾക്ക് കാര്യകാരണസഹിതം മറുപടി നൽകുന്ന ഗ്രന്ഥമായിരുന്നു അത്. ഇതോടെ എന്റെ മനസ്സ് എന്നിൽ നിന്നും കുതറിച്ചാടി. ദർസിൽ നിന്നും വിട്ട് കെ.എം. മൗലവി സാഹിബിനെ കാണണം എന്നു തന്നെയായി ചിന്ത. കെ.എം. മൗലവി സുന്നി മുസ്‌ലിയാർക്കിടയിൽ ഒരു സജീവ ചർച്ചയായിക്കഴിഞ്ഞിരുന്നു. വഹാബി, പിഴപ്പിക്കുന്നവൻ, പുത്തൻ കൂറ്റുകാരുടെ നേതാവ് അങ്ങനെ പലതും. ഈ കേൾവിയും ആ വായനയുമെല്ലാം കൂടിയാണ് എന്നെ തിരൂരങ്ങാടി നൂറുൽ ഇസ്‌ലാം മദ്റസയിൽ എത്തിച്ചത്.

ഓർമകളുടെ തീരത്ത്

## 4

# മൗലിദ് യോഗത്തിൽ

കെ.എം. മൗലവി അവർകളുടെ ശിഷ്യത്വത്തിൽ തിരൂരങ്ങാടിയിൽ കഴിഞ്ഞുകൂടുമ്പോൾ കിളിമാനൂരിൽ നിന്നൊരാൾ മമ്പുറം ജാറത്തിൽ നേർച്ച വീടാൻ വന്നു. ഞാൻ വഹാബി വലയത്തിലാണെന്ന് അയാൾ മണത്തറിഞ്ഞു. അയാൾ എന്നെ കണ്ടു. കുറെ ഉപദേശിച്ചു. കെ.എം. മൗലവിയെ കുറെ ദൂഷണം പറഞ്ഞു. പിന്നെ ഈ പിഴച്ച കൂട്ടത്തിൽ നിന്നും മോചിപ്പിക്കാനുള്ള വ്യഗ്രത. ഞാൻ ആ മനുഷ്യനെ രണ്ടു ദിവസം എന്നോടൊത്ത് കഴിയാൻ ക്ഷണിച്ചു. "നിങ്ങൾ ഈ പറഞ്ഞതൊക്കെ ശരി തന്നെയോ എന്നു ബോധ്യപ്പെടാമല്ലോ" ഞാൻ പറഞ്ഞു. സിംഹക്കൂട്ടിലേക്ക് ക്ഷണിക്കപ്പെടുന്നതുപോലെ പേടിച്ച് അയാൾ അവിടെ നിന്നും രക്ഷപ്പെട്ടു.

ഏതാനും ദിവസങ്ങൾ കഴിഞ്ഞു. ബാപ്പയുടെ ഒരു കത്ത് കിട്ടി. അടി

യന്തിരമായി വീട്ടിൽ എത്തണം. ഒന്നും മനസ്സിലായില്ല. ഞാൻ വീട്ടിൽ എത്തി. എനിക്ക് വിവാഹം ഉറപ്പിച്ചിരിക്കുകയാണ്. ആ പ്രദേശത്തെ ധന ശേഷിയുള്ള ഒരു കുടുംബത്തിൽ നിന്നാണ്. സുന്ദരി തന്നെ. പക്ഷെ, എഴുത്തും വായനയും അറിയില്ല. എനിക്ക് പിടിച്ചില്ല. മാതാപിതാക്കളും അമ്മാവന്മാരും ചേർന്ന് നിശ്ചയിച്ചതാണ്. ഞാൻ ധർമ്മസങ്കടത്തിലായി. രക്ഷപ്പെടാൻ എന്തു വഴി? ബാപ്പയെ തൃപ്തിപ്പെടുത്തണം. വളരെ ആ ലോചിച്ചപ്പോൾ ഒരു മാർഗം തോന്നി. ഞാൻ ബാപ്പയോട് പറഞ്ഞു: ഞാ ൻ ദൂരെ സ്ഥലങ്ങളിൽ പോയി ജോലിനോക്കുന്ന സ്ഥിതിയിലാണല്ലോ ഇപ്പോൾ. വീട്ടിലേക്ക് പലതും എഴുതേണ്ടിവരും. അതുപോലെ ഇവിടെ നിന്നും. മറ്റുള്ളവർ അറിയേണ്ടതില്ലാത്ത, ഒരിക്കലും അറിയാൻ പാടില്ലാ ത്ത പലതും ഭാര്യാ ഭർത്താക്കന്മാർക്കിടയിൽ ഉണ്ടാകുമല്ലോ. എഴുത്തും വായനയും അറിയാത്ത ഒരു പെണ്ണായാൽ അത് വിഷമമാകുകയില്ലേ. ബാപ്പ വീട് വിട്ട്പോയി താമസിച്ച് ശീലമില്ലാത്തതുകൊണ്ട് ഇതൊന്നും ആലോചിച്ചിട്ടുണ്ടാവില്ല. അതുകൊണ്ട് ഞാൻ എന്താണ് വേണ്ടത്? ബാ പ്പ തീരുമാനിക്കുംപോലെ ചെയ്യാം. ലേശം മൗനം. ബാപ്പ പറഞ്ഞു: "മോ നേ, ഞാനിത്ര കടന്ന് ആലോചിച്ചില്ല. അതുകൊണ്ട് വാക്ക് പറഞ്ഞു. നീ പറഞ്ഞത് ബുദ്ധിമുട്ടുള്ള കാര്യങ്ങളാണ്. നമുക്ക് ഇത് വേണ്ട. ഞാൻ അവരോട് കാര്യം പറയാം. നിന്റെ ആഗ്രഹമനുസരിച്ച് നമുക്ക് വേറെ ആ ലോചിക്കാം".

അത് ക്യാൻസലായി. ഞാൻ രക്ഷപ്പെട്ടു. മമ്പുറം ജാറത്തിൽ വന്ന ആ ശിർക്കിന്റെ കോമരം വീട്ടിൽ വന്ന് എന്നെക്കുറിച്ച് കൊടുത്ത വിവരങ്ങ ളാണ് ഇതിനൊക്കെ കാരണമായത്. വീട്ടുകാരുടെ ബേജാറു ഒഴിവാക്കാ ൻ കുറെ ദിവസം കുടുംബത്തിൽ തന്നെ കൂടാമെന്ന് ഞാൻ തീരുമാനി ച്ചു. ഒരു സഫർ മാസം ഒടുവിലായിരുന്നു ഇതൊക്കെ.

റബീഉൽ അവ്വൽ പിറന്നു. നബിﷺയെ പ്രസവിച്ച മാസം. പോരേ പൂരം! മാസം ഒന്നുമുതൽ പന്ത്രണ്ട് വരെ അവിടെ ഒരു മതപ്രസംഗ പരമ്പര തീരുമാനിക്കപ്പെട്ടു. പന്ത്രണ്ടാം തീയതി വിപുലമായ നബിദിനാഘോഷ വും. സമ്മേളന ദിവസം വന്നു. എന്റെ അമ്മാവനും ഗുരുനാഥനുമായ അബൂബക്കർ മുസ്ലിയാർ അദ്ധ്യക്ഷൻ. സ്വാഗതവും അദ്ധ്യക്ഷപ്രസം ഗവും കഴിഞ്ഞു. ശേഷം ഒരു മുസ്ലിയാർ പ്രസംഗിച്ചു. അത് കഴിഞ്ഞ പ്പോൾ അദ്ധ്യക്ഷൻ എഴുന്നേറ്റ് പറഞ്ഞു: "ഇതുവരെ നിങ്ങൾ ഇന്നിന്ന വിഷയങ്ങളെക്കുറിച്ച് വിശദീകരണങ്ങൾ കേട്ടല്ലോ. ഇനി മൗലിദ് ഓതു ന്നതിന്റെ ഫളാഇൽ-നെ (ശ്രേഷ്ഠതകൾ) കുറിച്ച് എന്റെ ശിഷ്യനും മരുമ കനുമായ ഉമർ മുസ്ലിയാർ സംസാരിക്കും."

ഞാൻ ഞെട്ടി! യാതൊരു മുന്നറിയിപ്പുമില്ലായിരുന്നു. എന്റെ തൊണ്ട വരണ്ടു. ആലോചിച്ചു നിൽക്കാൻ നേരമില്ല. നേരത്തെ കിട്ടിയ വിവരത്തിന്റെ വെളിച്ചത്തിൽ ഇവരൊപ്പിച്ച കെണിയാണിതെന്ന് മനസ്സിലായി. ശരിക്കും വെട്ടിലാകുകയായിരുന്നു ഞാൻ. കുറഞ്ഞ നിമിഷങ്ങൾകൊണ്ട് ഒരുപാട് കാര്യങ്ങൾ ചിന്തിച്ചുപോയി. മനസ്സ് എന്ന അത്ഭുത പ്രതിഭാസം ഇതിന് സഹായിക്കുന്നു. മനഃസാക്ഷിക്കെതിരിൽ സംസാരിച്ചാൽ സത്യം എപ്പോഴെങ്കിലും പുറത്ത് വരാതിരിക്കില്ല. അപ്പോൾ കാപട്യം പ്രകടിപ്പിച്ചതിൽ ഖേദിക്കേണ്ടിവരും. വരുംപോലെ കാണാം എന്നുറച്ചു. നിമിഷങ്ങൾക്കകം ഒരുപാട് കാര്യങ്ങൾ മനസ്സിൽ കയറിയിറങ്ങി. തീരുമാനവും നടന്നു!

ഞാൻ സ്റ്റേജിലെത്തി. റബ്ബിനെ സ്തുതിച്ചു. അവന്റെ സഹായം തേടി. ധൈര്യമായി തുടങ്ങി. മൗലിദ് ഓതുന്നതിന്റെ ദോഷങ്ങളെക്കുറിച്ചാണ് ഞാൻ പ്രസംഗിച്ചത്. ഈ വിഷയത്തിൽ നമ്മുടെ പ്രസംഗകരും എഴുത്തുകാരും പൊതുവെ അവലംബിക്കുന്ന രീതി എനിക്ക് ഹൃദ്യമായി തോന്നിയിട്ടില്ല. മൗലിദിന്റെ ഉള്ളടക്കത്തിലുള്ള തെറ്റുകളും ദോഷങ്ങളുമാണ് അധികവും വിമർശന വിധേയമാക്കുന്നത്. മൗലിദ് പ്രവാചകചര്യയിലുള്ളതല്ലെന്നും അതിനാൽ ദീനിൽ പുതിയതെന്ന നിലക്ക് അത് ദുരാചാരമാണെന്നും വർജ്ജിക്കേണ്ടതാണെന്നും എടുത്തു പറയുകയും ചെയ്യാറുണ്ട്. രണ്ടും ശരിതന്നെ. വേണ്ടതുമാണ്.

പക്ഷെ, അതിഗുരുതരമായ മറ്റൊരു താത്ത്വിക വശം മൗലിദ് കഴിക്കുന്നതിലുണ്ട്. അതായത്, സൃഷ്ടികളുടെ തൃപ്തി ആഗ്രഹിച്ച് നടത്തുന്ന ഒരു ആരാധനയാണ് മൗലിദ്. ഉദാഹരണം മുഹ്‌യിദ്ദീൻ ശൈഖിന്റെ പൊരുത്തം മോഹിച്ച് ആരെങ്കിലും ബദർ മൗലിദ് ഓതാറുണ്ടോ? ഇല്ല, മറിച്ചും അങ്ങനെതന്നെ. ആരുടെ രക്ഷയും പൊരുത്തവുമാണോ ഓതുന്നവനും ഓതിക്കുന്നവനും ആശിക്കുന്നത്, അവരുടെ പേരിൽ നിർമ്മിതമായ മൗലിദാണ് അവിടെ 'കഴിക്ക'പ്പെടുന്നത്. ഈ ആശയും മോഹവും അദൃശ്യമായ മാർഗത്തിലൂടെയാണെന്നത് ഇതിന്റെ കഴമ്പാണ് താനും. അപ്പോൾ പദ്യങ്ങളിലും പ്രാർത്ഥനാ കീർത്തനങ്ങളിലും ദോഷകരമായ യാതൊന്നും പ്രകടമല്ലാത്ത മൗലീദ് ആയാൽ പോലും അത് ശിർക്കിന്റെ നടപടി തന്നെയാണ്. എന്തുകൊണ്ടെന്നാൽ അല്ലാഹുവല്ലാത്ത സൃഷ്ടികളുടെ പൊരുത്തവും രക്ഷയും ഇച്ഛിച്ചുകൊണ്ട് ഒരു പുണ്യകർമ്മം നിഷിദ്ധമാണ്. അത് ശിർക്കും കുഫ്‌റുമാണ്. ഖുതുബിയ്യത്ത് റാത്തീബിനു മുമ്പ് നടത്തുന്ന പന്ത്രണ്ട് റക്അത്ത് നമസ്കാരം പോലും ഈ വകുപ്പിൽ പെടുന്നതാണ്. അല്ലാഹുവും അവന്റെ ദൂതനും ഇങ്ങനെ ഒരു നമ

സ്കാരം പഠിപ്പിച്ചിട്ടില്ല. ഉപദേശിച്ചിട്ടുമില്ല. മുഹ്‌യിദ്ദീൻ ശൈഖിന്റെ പൊരുത്തം ആശിച്ചുകൊണ്ടായതിനാൽ ആ നമസ്കാരം പോലും ശിർക്കായിത്തീരുമെന്നതാണ് അതിദയനീയമായ കാര്യം. ആയതിനാൽ ദോഷമുക്തമായ മൗലിദ് എന്ന ഒരു കാര്യം ഇല്ലതന്നെ.

ഇതൊക്കെ എന്റെ പ്രസംഗത്തിൽ ഞാൻ പരാമർശിച്ചു. സാധാരണക്കാരുടെ ശ്രദ്ധ കൂടുതൽ പതിയുന്നതിന് വേണ്ടി മങ്കൂസ് മൗലിദിൽ നിന്ന് ചിലത് എടുത്ത് പറയുകയും ചെയ്തു. "ഇർതകബ്തു അലൽ ഖത്വഅ്.... സയ്യിദീഖൈറന്നബീ" എന്ന പദ്യമാണ് പ്രധാനമായി ചൂണ്ടിപ്പറഞ്ഞത്. "ഞങ്ങളുടെ യജമാനരേ, പ്രവാചക ശ്രേഷ്ഠരേ, ഞാൻ കണക്കറ്റ് പാപം ചെയ്തുപോയി. അതേക്കുറിച്ച് അവിടത്തോട് ഞാനിതാ സങ്കടം പറയുന്നു." ഇതാണ് ആ വരികളുടെ സാരം.

പ്രാർത്ഥന അല്ലാഹുവിനോട് മാത്രമേ പാടുള്ളൂ. അതാണ് ഇസ്‌ലാം ദീൻ. മറ്റിതര മതങ്ങളിൽ നിന്നും ഇസ്‌ലാമിനെ വേർതിരിക്കുന്ന സുപ്രധാന വിഷയവും ഇത് തന്നെ. ഈ വ്യത്യാസം മങ്കൂസ് മൗലിദ് 'കഴിച്ചു' കൊണ്ടു നാം ഇല്ലാതാക്കുന്നു. അപകടകരമായ പ്രവൃത്തി! അപമാനകരമായ അവസ്ഥ! നിർഭാഗ്യകരമായ സ്ഥിതി!

എന്റെ അന്നത്തെ പ്രസംഗ ചാതുര്യത്തിന്റെ പരിമിതിയിൽ നിന്നുകൊണ്ട് മേൽപറഞ്ഞ വിഷയങ്ങൾ ഞാൻ വിവരിച്ചു. എന്നെ അനുകൂലിക്കുന്ന ഒരൊറ്റയാൾപോലും ആ സദസ്സിലില്ലെന്ന് എനിക്ക് ഉറപ്പായിരുന്നു. പക്ഷെ, നിശബ്ദവും നിശ്ചലവുമായ ഒരവസ്ഥ! അത് ഉപയോഗപ്പെടുത്താതിരിക്കുന്നത് അക്ഷന്തവ്യമായ അപരാധമായിപ്പോകുമെന്ന തോന്നൽ നിമിത്തം അനന്തര ഫലങ്ങളെക്കുറിച്ച് ഞാൻ കാര്യമായി ചിന്തിച്ചതേയില്ല. ഞാൻ വിശ്വാസപരമായ ഒരു വൈകാരിക അടിമത്ത്വത്തിലമരുകയായിരുന്നുവെന്ന് പലർക്കും തോന്നിയേക്കാം. അല്ല, തികച്ചും വിചാരപരമായി തന്നെയായിരുന്നു എന്റെ പ്രവൃത്തി.

പ്രസംഗം ഞാൻ അവസാനിപ്പിച്ചു. അദ്ധ്യക്ഷൻ എഴുന്നേറ്റു. ഇടയ്ക്ക് ഒന്നു പറഞ്ഞോട്ടെ. സമുദായവും പണ്ഡിതവർഗവും ഏറെ പുരോഗമിച്ചുവെന്ന് കരുതുന്ന ഇക്കാലത്ത് പോലും എനിക്ക് ഈ തരത്തിൽ ഒരു പ്രസംഗം പൂർത്തിയാക്കാൻ പറ്റുമോ? അദ്ധ്യക്ഷപദത്തിലിരിക്കുന്ന ഫൈസി – സഖാഫിമാരുടെ ആംഗ്യത്തിന്റെ ഫലമായി ജനം എന്റെ കഥ അവിടെ വെച്ചുതന്നെ കഴിക്കും. രണ്ടു വിഭാഗത്തിനും സ്വതന്ത്രമായി അവരവരുടെ വിഷയങ്ങൾ വിശദീകരിക്കാനുള്ള വേദിയൊരുക്കി ക്ഷണിച്ചിട്ടുപോലും മുസ്‌ലിയാക്കൾ ഹാജരാകുന്നില്ല. അത്തരം യോഗങ്ങൾ കൂകിവിളിച്ചും അസഭ്യമുദ്രാവാക്യങ്ങൾ കൊണ്ടും കലക്കാൻ അനുയായിക

ളെ ശട്ടംകെട്ടി അയക്കുകയാണ് ചെയ്യുന്നത്. മുമ്പ് ഇത്രയധികം പോക്കിരിത്തരം ഇല്ലായിരുന്നു. ചിന്താപരമായി ഉയർന്നത് ഏതു വിഷയത്തിലാണെന്ന് ആറു പതിറ്റാണ്ടുകൾക്കു മുമ്പ് നടന്ന സംഭവവുമായി ഇന്നത്തെ സ്ഥിതി തുലനം ചെയ്താൽ മനസ്സിലാകും.

അങ്ങനെ അദ്ധ്യക്ഷൻ എഴുന്നേറ്റു പറഞ്ഞു: "പേപ്പട്ടി കടിച്ചവനെ മിടുക്കനായ വൈദ്യരുടെ അടുക്കൽ കൊണ്ടു ചെന്നാൽ വിഷത്തിന്റെ വീര്യം എത്രത്തോളമെന്ന് അറിയാനുള്ള മരുന്നാണ് ആദ്യം കൊടുക്കുക. പിന്നീടാണ് യഥാർത്ഥ ചികിത്സ. ഇതുപോലെയാണ് ഉമറിന് ഞാൻ ഈ വിഷയം തന്നെ കൊടുത്തത്. ഇവൻ മലബാറിൽ പോയപ്പോൾ ഒരു പേപ്പട്ടി അവനെ കടിച്ചതായി അറിഞ്ഞിരുന്നു. ആ പേപ്പട്ടി ആരാണെന്ന് നിങ്ങൾക്കറിയേണ്ടേ?" എന്നു പറഞ്ഞുകൊണ്ട് എന്റെ ബഹുമാന്യ ഗുരുനാഥൻ കെ.എം. മൗലവിയെ അസഹ്യമായ നിലയിൽ ചീത്ത പറഞ്ഞു. എന്റെ മനസ്സ് തേങ്ങിക്കരഞ്ഞു. അതൊക്കെ ഇവിടെ എടുത്ത് പറയാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. തുടർന്ന് എന്റെ അമ്മാവന്റെ പ്രഖ്യാപനം വന്നു. "ഉമറിനെ നിങ്ങൾ ബഹിഷ്കരിക്കുക! ഇന്നുമുതൽ ഇവനുമായി നമുക്ക് യാതൊരു ബന്ധവുമില്ല!! സലാം പറയരുത്! സലാം മടക്കരുത്!!"

ഉടനെ നാട്ടിലെ പൗരപ്രധാനിയായ ജമാൽ മുഹമ്മദ് ലബ്ബ എഴുന്നേറ്റു. (ഇദ്ദേഹം എന്റെ ശിഷ്യനാണ്. ഞാൻ കിതാബോതിക്കൊടുത്തിട്ടുണ്ട്) ഇദ്ദേഹം പറയുന്നത് ആദരപൂർവ്വം സ്വീകരിക്കുന്ന ഒരവസ്ഥയാണ് നാട്ടിലുള്ളത്. അദ്ദേഹം പറഞ്ഞു. "ഹേ കൂട്ടരേ, നമ്മുടെ ബഹുമാനപ്പെട്ട അദ്ധ്യക്ഷൻ പറഞ്ഞത് കേട്ടല്ലോ. അതിന്റെ അടിസ്ഥാനത്തിൽ എനിക്ക് ചിലത് പറയാനുണ്ട്. ഉമർ മുസ്‌ലിയാരെ രക്തബന്ധത്തിലുള്ള ഒരു സഹോദരനെപ്പോലെയാണ് നാം കരുതിയിരുന്നത്. എന്നാൽ ഇന്നുമുതൽ ഇയാൾ നമ്മുടെ ശത്രുവാകുന്നു."

ഞാൻ എല്ലാം കേൾക്കുകയാണ്. മനസ്സിനകത്ത് ഒരു നീറ്റൽ. അല്ലാഹുവിന്റെ ദീനിൽ ഒരു സത്യം തുറന്നുപറഞ്ഞ ഏക കാരണത്താൽ മുസ്‌ലിംകളെന്ന് അഭിമാനിക്കുന്ന സമൂഹം എനിക്കെതിരിൽ ശിക്ഷ പ്രഖ്യാപിക്കുകയാണ്. സത്യത്തിന്റെ പ്രതിഫലമായി ശിക്ഷ ഏറ്റുവാങ്ങണം. അല്ലാഹുവിന്റെ തൃപ്തിക്കും പരലോക മോക്ഷത്തിനും വേണ്ടി. ചരിത്രത്തിൽ എത്രയെത്ര ഉദാഹരണങ്ങൾ! എന്തെന്തെല്ലാം പാഠങ്ങൾ! ആദർശം ഉയർത്തിപ്പിടിക്കുന്ന ഏതൊരാൾക്കും അത് ആശ്വാസം നൽകും. ആവേശം പകരുകയും ചെയ്യും. എന്നാൽ ഇവിടെയോ?

സദസ്സിൽ നിന്നും മറ്റൊരാൾ എണീറ്റു. എനിക്ക് വിവാഹം ആലോചിച്ച യുവതിയുടെ പിതാവായിരുന്നു അത്. അദ്ദേഹം വിളിച്ചു പറഞ്ഞു:

“അബൂബക്കർ ഉസ്താദും ലബ്ബാസാഹിബും പറഞ്ഞത് മനസ്സിലായി. എതിരു പറയാൻ ഞങ്ങൾക്കാവില്ല. എന്നാൽ ഒരപേക്ഷയുണ്ട്. ഉമർ മുസ് ലിയാർ ഇവിടെ ഹാജരുണ്ടല്ലോ. അദ്ദേഹത്തെ ഈ പിഴവിൽ നിന്നും മട ക്കിക്കൊണ്ടുവരാൻ അബൂബക്കർ ഉസ്താദിന് ശ്രമിച്ചുകൂടേ? എന്നിട്ട് പോരെ ബാക്കി തീരുമാനങ്ങൾ.”

ഉടനെ മറ്റൊരാൾ വിളിച്ചു ചോദിക്കുകയാണ്. “ഉമർ മുസ്‌ലിയാർ വാദ പ്രതിവാദത്തിന് ഒരുക്കമുണ്ടോ?” ആ ചോദ്യം പലരും ആവർത്തിച്ചു. ഒരു ക്കമാണെന്ന് പറയുകയല്ലാതെ മറ്റൊരു പോംവഴിയുമില്ലായിരുന്നു. അവി ടെ വെച്ച് അപ്പോൾ തന്നെ തുടങ്ങി. ‘ഇർതകകബ്ത്ത്...’ എന്ന മങ്കൂസ് മൗലീദിന്റെ പദ്യശകലമാണ് ആദ്യ വിഷയം.

അതിലെന്താണ് തെറ്റ്? എന്നായിരുന്നു ആദ്യത്തെ ചോദ്യം. ഞാൻ മറുപടി തുടങ്ങി. പദ്യത്തിന്റെ മലയാള അർത്ഥം ആദ്യം കേൾപ്പിച്ചു. ഞാ ൻ തുടർന്നു. നമ്മൾ വല്ല പാപങ്ങളും ചെയ്തുപോയാൽ അതിനെക്കുറി ച്ച് ആവലാതി ബോധിപ്പിക്കേണ്ടതും മാപ്പിരക്കേണ്ടതും അല്ലാഹുവിനോ ടാണ്. അല്ലാഹു അല്ലാതെ പാപം പൊറുക്കുന്നവൻ ആരുണ്ട് എന്ന് ഖുർ ആൻ ചോദിക്കുന്നു. ആയതിനാൽ നബിﷺയോട് സങ്കടം പറയാൻ പാടി ല്ല. നബിﷺ നമുക്കിടയിൽ ജീവിച്ചിരിക്കുന്നുണ്ടായിരുന്നെങ്കിൽ നമുക്ക് വേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിക്കാൻ അപേക്ഷിക്കാമായിരുന്നു എന്നു മാത്രം. പ്രവാചകൻ പ്രബോധകനാണ്. പാപം പൊറുക്കുന്നവന ല്ല. ക്രിസ്ത്യാനികൾ പോപ്പിനും പുരോഹിതർക്കും മരിച്ചുപോയ പുണ്യാ ളന്മാർ എന്നു വിളിക്കപ്പെടുന്നവർക്കും ഇത്തരം ഒരു പദവി അംഗീകരിച്ചു കൊടുത്തിട്ടുണ്ട്. അവരാകട്ടെ അത് അർഹതയില്ലാതെ സ്ഥാപിച്ചെടുത്ത തുമാണ്.

ഉടനെ എതിർവാദം വന്നു. “മഴക്കാലം സസ്യങ്ങൾ മുളപ്പിച്ചു” എന്നു പറയുന്നതിൽ തെറ്റില്ലല്ലോ. മുളപ്പിച്ചത് യഥാർത്ഥത്തിൽ അല്ലാഹു ആ ണെങ്കിലും. ഇതുപോലെയാണ് നബി ﷺയോട് സങ്കടം പറയുന്നത്. അ ല്ലാഹു തന്നെയാണ് യഥാർത്ഥത്തിൽ മാപ്പു നൽകുന്നവൻ. അതുകൊ ണ്ട് ഈ പദ്യത്തിൽ യാതൊരു തെറ്റുമില്ല.

ആ വാദത്തെ ഞാൻ ഖണ്ഡിച്ചു. “മഴക്കാലം സസ്യങ്ങൾ മുളപ്പിച്ചു” എന്നത് ഒരു ആലങ്കാരിക (മജാസി) പ്രയോഗമാണ്. ‘ഹേ, മഴക്കാലമേ! ഞങ്ങൾക്ക് സസ്യങ്ങൾ മുളപ്പിച്ചു തരേണമേ’ എന്നു തേടിയാൽ അത് ശിർക്കാകും. തേടിയവൻ കാഫിറാകും. മഴമൂലം വെള്ളപ്പൊക്കമുണ്ടായാ ലും ഇങ്ങനെ തന്നെയാണ് വേണ്ടത്.” എന്നും ഞാൻ ചേർത്തുപറഞ്ഞു. എന്റെ വിശദീകരണം അവർ പ്രതീക്ഷിക്കാത്തതായിരുന്നു. അമ്മാവൻ

ഏതാണ്ട് വെട്ടിൽവീണ ഒരവസ്ഥയിലായി. അതോടെ മുസ്‌ലിയാക്കളുടെ യഥാർത്ഥ സ്വഭാവം വെളിപ്പെട്ടു. കോപിഷ്ഠനാകുകയും എതിർവാദവും മറുപടിയുമില്ലാത്ത നിലയിൽ അധികാര സ്വരത്തിൽ എന്നെ ഒരു പാട് ചീത്ത പറയുകയും വഹാബികളെ രൂക്ഷമായി ആക്ഷേപിക്കുകയുമാണ് ചെയ്തത്. ജനസ്വാധീനമാണ് എല്ലാകാലത്തും മുസ്‌ലിയാക്കളുടെ മുഖ്യ പിൻബലം! ഇവിടെയും നടന്നത് അതു തന്നെ. സംസാരം അനാവശ്യമായി ദീർഘനേരം നീണ്ടു. ഇടയ്ക്കിടെ ഞാനും എന്തൊക്കെയോ പറഞ്ഞുകൊണ്ടിരുന്നു.

നമസ്കാരത്തിന് ബാങ്ക് വിളിച്ചു. യോഗം നിർത്തിവെച്ചു. ഞങ്ങളുടെ വീട് പള്ളിക്കടുത്താണ്. അസ്വസ്ഥതകൊണ്ടും സങ്കടംകൊണ്ടും ഞാൻ പരവശനായിരുന്നു. കഠിനമായ ദാഹം. വെള്ളം കുടിക്കാൻ ഞാൻ വീട്ടിലേക്കു പോയി. ബാപ്പ സുഖമില്ലാതെ കിടപ്പിലാണ്. എന്റെ പിന്നാലെ അനുജൻ സൈദും വന്നു. അവൻ കരയുന്നുണ്ടായിരുന്നു. ബാപ്പ അവനോട് കാരണം ചോദിച്ചു. “പള്ളിയിലതാ അബൂബക്കർ കാക്കായും ആളുകളും കൂടി കുഞ്ഞിക്കാക്കാനെ എന്തോ കാട്ടാൻ ഒരുങ്ങുന്നു.” എന്നവൻ കരഞ്ഞു പറഞ്ഞു. അല്ല, വാവിട്ട് നിലവിളിച്ചു. കാക്കയും കുഞ്ഞിക്കാക്കയും കൂടി അവിടെ വാദപ്രതിവാദം നടന്നു എന്നും കരച്ചിലിനിടയിൽ അവൻ പറഞ്ഞു.

“എന്താണ് കാര്യം” ബാപ്പ ഉൽക്കണ്ഠയോടെ തിരക്കി. ഞാൻ പറഞ്ഞു; “നമ്മൾ വല്ല പാപവും ചെയ്തുപോയാൽ അല്ലാഹുവിനോട് മാത്രമേ സങ്കടം പറയാനാവൂ എന്നു ഞാൻ പറഞ്ഞപ്പോൾ അബൂബക്കർ കാക്ക പറയുന്നു, നബിയോടും സങ്കടം പറയാമെന്ന്”. ഉടനെ ബാപ്പയുടെ പ്രതികരണം. ഓൻ എവിടെന്നാ കിതാബ് ഓതിയത്?! ഞാൻ പറഞ്ഞു: “പക്ഷെ, പഠിച്ചത് മറച്ചുവെച്ച് ചുറ്റുപാടുകൾക്കൊത്ത് പറയുകയാണ് പലരും” മൗലീദുമായി ബന്ധപ്പെട്ട കാര്യമാണ് ഇതെന്നും അവിടെ നടന്ന സംഭവങ്ങൾ ഇന്നിന്നതാണെന്നും ബാപ്പ അറിഞ്ഞിട്ടില്ല. ബാപ്പയും അപ്പോൾ സുന്നിയായിരുന്നു. പക്ഷെ, ഒരു പച്ചപ്പരമാർത്ഥിയുടെ മനസ്സ് വിഷയത്തിന്റെ കാതലറിഞ്ഞു ഉടനെ പ്രതികരിക്കുകയാണുണ്ടായത്.

ഞാൻ പള്ളിയിലേക്ക് പോയി. നമസ്കാരം കഴിഞ്ഞതോടെ ആളുകൾ കൂട്ടത്തോടെ എന്നെ വളഞ്ഞു. എന്തും ചെയ്യാൻ മടിയില്ലാത്ത മുഖങ്ങൾ! “മടങ്ങണം” എന്നവർ ഗർജ്ജിച്ചു. ഞാൻ ഉടനെ മലബാറിലേക്ക് പോയേക്കാം എന്നു പറഞ്ഞപ്പോൾ “അതല്ല പറഞ്ഞത്. എല്ലാ പുതിയതിൽ നിന്നും മടങ്ങണം.'' ഞാൻ ആലോചിച്ചു. സാധ്യമല്ലെന്ന് പറഞ്ഞാൽ എന്തും സംഭവിക്കാം. യഥാർത്ഥത്തിൽ ഞാൻ പുതിയതിലല്ല, പഴയതി

ലാണ്. അതൊക്കെ വിശദീകരിക്കാനോ, ബോധ്യപ്പെടുത്താനോ പറ്റിയ സന്ദർഭമല്ല. അവർക്ക് രണ്ടു വാക്കിൽ ഉത്തരം വേണം. അല്ലാഹു ഒരു യുക്തി മനസ്സിൽ തോന്നിപ്പിച്ചു. "എല്ലാ പുതിയ വിശ്വാസത്തിൽ നിന്നും ആചാരങ്ങളിൽ നിന്നും ഞാൻ മടങ്ങിയിരിക്കുന്നു." എല്ലാവർക്കും ആഹ്ലാദം! എനിക്കും തൃപ്തി!! അവർ കൂട്ടമായി അല്ലാഹു അക്ബർ എന്ന് ഉറക്കെ ചൊല്ലി. എന്റെ മനസ്സ് ചിരിച്ചു. രംഗം ശാന്തമായി പിരിഞ്ഞു. പോയത്തക്കാർ! പുതിയതും പഴയതും ഏതെന്ന് തിരിച്ചറിയാത്ത പാവങ്ങൾ!

കരുനാഗപ്പള്ളിക്കാരൻ ഒരു അലിക്കുഞ്ഞു ലബ്ബ അന്നവിടെ ഓത്തുപുരയിലെ മൊല്ലാക്കയായിരുന്നു. അദ്ദേഹം എന്റെ ശിഷ്യനുമാണ്. ഞാൻ കുറച്ച് കിതാബ് ഓതിക്കൊടുത്തിട്ടുണ്ട്. ഞങ്ങൾ തനിച്ചായപ്പോൾ ഞാൻ ലബ്ബയോട് പറഞ്ഞു. "പുതിയതിൽ നിന്നൊക്കെ മടങ്ങി എന്നു ഞാൻ പറഞ്ഞതിന്റെ അർത്ഥം നിങ്ങളൊക്കെ അറിയണം. അറിവും ബുദ്ധിയുമുള്ള എന്റെ അമ്മാവൻപോലും അത് മനസ്സിലാക്കിയില്ല. ഇസ്‌ലാമിൽ പുതിയതായി ഒന്നും കടത്തിക്കൂട്ടാൻ ആർക്കും അധികാരമില്ല. വല്ലവരും അങ്ങനെ ചെയ്താൽ അതൊക്കെയും തള്ളപ്പെടേണ്ടതാണെന്ന് പ്രവാചകൻﷺ ഉൽബോധിപ്പിച്ചു. ഇങ്ങനെ കടത്തിക്കൂട്ടിയതിൽപെട്ടവയാണ് ഈ മൗലീദുകൾ! ഹിജ്റ 600ന്റെ ഒടുവിലാണ് ഈ അനാചാരം ഇർബിൽ (സിറിയ) നിന്നും തുടങ്ങിയത്. ഞാൻ ഇത് ഉപേക്ഷിച്ചുകൊണ്ട് പഴയതിലേക്ക് മടങ്ങിയെന്നാണ് പറഞ്ഞത്. ഇമാമുകളാരും മദ്ഹബുകൾ ഉണ്ടാക്കിയില്ല. ത്വരീഖത്തുകളും പുതിയതാണ്. മുഹ്‌യിദ്ദീൻ ശൈഖിനോടും ബദ്‌രീങ്ങളോടുമുള്ള തേട്ടവും പുതിയത് തന്നെ. ഇസ്‌ലാമിന് കടകവിരുദ്ധമായ ശിർക്കുമാണത്. മയ്യിത്ത് കൊണ്ടുപോകുമ്പോൾ മൗനം പാലിച്ചു അനുഗമിക്കണം. ദിക്ർ ചൊല്ലി ശബ്ദമുണ്ടാക്കി പോകൽ പുതിയതാണ്. നമസ്കാരത്തിൽ നിന്നും സലാം പറഞ്ഞാൽ ഇമാം തിരിഞ്ഞിരുന്ന് ഉറക്കെ ദുആ ഇരക്കലും മറ്റുള്ളവർ ഉറക്കെ 'ആമീൻ' ചൊല്ലലും പുത്തൻ കാര്യമാണ്. മആശിറ വിളി പുതിയതാണ്. ഇങ്ങനെ അനേകം പുതിയത് മതത്തിൽ കയറിക്കൂടിയിട്ടുണ്ട്. ഇത്തരം എല്ലാ പുതിയതിൽ നിന്നും ഞാൻ മടങ്ങിയെന്നാണ് മുൻപു പറഞ്ഞ മടക്കത്തിന്റെ സാരം. നിങ്ങൾ എല്ലാവരോടും ഇതു പറഞ്ഞേക്കുക".

പാവം ലബ്ബ മൂക്കത്ത് വിരൽവെച്ചു. എന്നോടുള്ള സ്നേഹമോ, ഉണ്ടാകാനിടയുള്ള അനർത്ഥങ്ങൾ ഭയന്നോ അദ്ദേഹം തൽക്കാലം ആരോടും ഒന്നും പറഞ്ഞില്ല. രണ്ടുമൂന്നു ദിവസങ്ങൾ ഞാൻ വീട്ടിൽ പിന്നെയും കൂടി. മനസ്സ് തിളച്ചുമറിയുകയാണ്. ഈ സമൂഹത്തിൽ നിന്നും ഓടി രക്ഷപ്പെടാൻ കൊതിപൂണ്ടു. പക്ഷെ, സ്നേഹനിധികളായ ഉമ്മ, ബാപ്പ, സഹോ

ദരങ്ങൾ ഒരു വശത്ത്. മറുവശത്ത് ശത്രുതയും വിദ്വേഷവും കൊണ്ടു ഉറഞ്ഞുതുള്ളുന്ന അമ്മാവൻ. അദ്ദേഹത്തോടൊപ്പം പൗരമുഖ്യരടക്കം സമൂഹം ഒന്നാകെ! കുടുംബത്തെ ഉപേക്ഷിച്ചു വേണം പോകാൻ.

"അല്ലാഹുവേ, കരുണാനിധിയായ എന്റെ റബ്ബേ, എനിക്ക് നേർമാർഗ്ഗമാണ് വേണ്ടത്. എന്നെ രക്ഷപ്പെടുത്തൂ. എന്റെ ഹൃദയത്തെ സത്യമാർഗത്തിലേക്ക് പാലായനം ചെയ്യാൻ പാകമാക്കിത്തരൂ" എന്ന് രാപ്പകൽ ഞാൻ പ്രാർത്ഥിച്ചുകൊണ്ടേയിരുന്നു. ഒടുവിൽ ഞാൻ തീരുമാനത്തിലെത്തി.

വീട് ചെറുതാണ്. അസൗകര്യമുണ്ട്. അതിനാൽ രാത്രി പള്ളിയിലാണ് ഉറക്കം. അർദ്ധരാത്രി കഴിഞ്ഞു. സമയം രണ്ടുമണിയോടടുത്തു. ഞാൻ ഇറങ്ങി. എല്ലാം ഉപേക്ഷിച്ചുകൊണ്ട് അല്ലാഹുവിന്റെ സ്വിറാത്വുൽ മുസ്തഖീമിലേക്ക്. ഭയങ്കരമായ കൂരിരുൾ. പുലിപ്പാറ പള്ളിയിൽ നിന്നും കല്ലറ വഴി വാമനപുരത്തേക്ക്. ആറുമൈൽ നീളമുള്ള ആയിരം മൈൽ ദൈർഘ്യത്തിന്റെ യാത്ര. മനുഷ്യശബ്ദം ഒരിടത്തുമില്ല. വഴിവക്കിൽ വീടുകളില്ല. വഴിവിളക്കുകളില്ല. വഴിയിൽ ഇരുവശത്തും കുറ്റിക്കാടുകൾ. ജീവിതത്തിലൊരിക്കലും ഇത്ര ഭയാനക- ഭീകര നിശബ്ദത പിന്നീട് അനുഭവപ്പെട്ടില്ല. എന്റെ ഹൃദയമിടിപ്പിന്റെ വേഗത മാത്രം ഞാൻ കേൾക്കുന്നുണ്ട്. ഞാൻ കരഞ്ഞുകൊണ്ട് ഓടുകയോ ഓടുകയോ നടക്കുകയോ, ഒന്നും ഇപ്പോൾ നിശ്ചയമില്ല. കുറേ പോയപ്പോൾ, ഞാൻ നിത്യസുന്ദരമായ വെളിച്ചത്തിലേക്കല്ലേ പോകുന്നത് എന്ന് മനസ്സ് മന്ത്രിക്കുന്നു. ശാന്തമാകാൻ മനസ്സിനോട് ഞാൻ നിർബന്ധിച്ചു. അല്ലാഹുവേ രക്ഷിക്കൂ, മനസ്സേ തണുക്കൂ എന്ന് പ്രാർത്ഥിച്ചുകൊണ്ട് സ്വയം ആശ്വസിപ്പിച്ചു മുന്നോട്ടു നീങ്ങി. കുറേ കഴിയുമ്പോൾ സൂര്യോദയം എന്നെ ഉന്മേഷവാനാക്കുമെന്ന പ്രതീക്ഷ! ഒരായിരം അന്ധവിശ്വാസങ്ങളുടെ ഇരുളുകളിൽ നിന്നും സത്യവിശ്വാസത്തിന്റെ വെളിച്ചത്തിലേക്കാണ് ഞാൻ പ്രയാണം ചെയ്യുന്നതെന്ന ബോധം എന്നെ ഊർജസ്വലനാക്കി. പ്രഭാതം പൊട്ടിവിടർന്നപ്പോൾ ഞാൻ എം.സി. റോഡ് എന്ന പ്രധാന കവലയിലെത്തി. അവിടെ നിന്നും അപ്പോൾ ഒരു ബസ്സ് ഉണ്ട്. അതിൽ കയറി. ജീവിതത്തിലെ ഏറ്റവും ദുർഘടമായ ഒരു ഘട്ടമായിരുന്നു അത്.

അടുത്ത ദിവസം ഞാൻ തിരൂരങ്ങാടിയിൽ എത്തി. ബഹുമാന്യ ഗുരുനാഥൻ കെ.എം. മൗലവിﷺയോട് കഴിഞ്ഞതെല്ലാം കരഞ്ഞു പറഞ്ഞു. അദ്ദേഹം എന്നെ തലോടി. ആശ്വസിപ്പിച്ചു. എനിക്ക് വേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിച്ചു. ആ തലോടലും പ്രാർത്ഥനയും അദ്ദേഹത്തിന്റെ അന്ത്യനാൾ വരെ എനിക്ക് ലഭിച്ചിട്ടുണ്ട്. പ്രകാശവീഥിയിലൂടെ എന്നെ കൈപിടിച്ച് നടത്തിയ മഹാനായ എന്റെ ഗുരുവിനോടൊത്ത് സ്വർഗത്തിൽ

കഴിയാൻ വിധിയേകണമേ എന്ന തേട്ടവുമായി ഞാൻ ഇവിടത്തെ ദിവസങ്ങൾ എണ്ണിത്തീർക്കുന്നു.

എന്റെ യാത്രയുടെ ദുഷ്കരവും സംഭവബഹുലവുമായ ഒന്നാംഘട്ടം സ്വകാര്യ ദുഃഖത്തോടെയാണെങ്കിലും ആശ്വാസത്തിന്റെ സന്തോഷത്തിൽ ഇവിടെ അവസാനിക്കുന്നു.

ഓർമകളുടെ തീരത്ത്

## 5

# തിരൂരങ്ങാടി

ചരിത്രസംഭവങ്ങളുടെ കലവറയാണീ നാട്. എന്റെ സത്യാന്വേഷണ വീഥിയിലെ മുഖ്യ താവളവും ഇതുതന്നെ. ഇപ്പോൾ ഓറിയന്റൽ ഹൈസ്കൂൾ സ്ഥിതിചെയ്യുന്നിടത്ത് 940കളിൽ നൂറുൽ ഇസ്‌ലാം മദ്റസയായിരുന്നു. എന്റെ യഥാർത്ഥ ഗുരുകുലം ഇവിടെയാണെന്ന് പറയാം. ഗുരുനാഥൻ കെ.എം. മൗലവിﷺയും.

നൂറുൽ ഇസ്‌ലാം മദ്റസയിൽ നിന്നാണ് ഞാൻ ഒരു പ്രസംഗകനായി രൂപപ്പെട്ടത്. പ്രഗത്ഭരായ ഒട്ടേറെ പണ്ഡിതപ്രഭാഷകരുടെ സംഗമ കേന്ദ്രവും പരിശീലന വേദിയുമായിരുന്നു ഈ മദ്റസ. മിക്ക മുജാഹിദ് നേതാക്കളും സംസ്കരിക്കപ്പെട്ടതും വളർന്നതും ഇവിടെ നടന്നുവന്ന വൈജ്ഞാനിക കൂട്ടായ്മകളിലൂടെയായിരുന്നു. കെ.എം. മൗലവി സാഹിബിന്റെ സജീവ ശ്രദ്ധയും പക്വമായ നേതൃവൈഭവവും നൂറുൽ ഇസ്‌ലാം (ഇസ്‌ലാമിന്റെ പ്രകാശം) മദ്റസ അർത്ഥംകൊണ്ട് അന്വർത്ഥമായി.

തിരൂരങ്ങാടിക്ക് തീരാത്ത കഥകളുണ്ട്. സങ്കൽപ കഥകളല്ല. യഥാർത്ഥ സംഭവങ്ങൾ തന്നെ. സാധാരണ സംഭവങ്ങളല്ല. അസാധാരണത്വം നിറഞ്ഞുനിൽക്കുന്ന വികാരോജ്ജ്വലങ്ങളായ ചരിത്ര പാഠങ്ങൾ! ഇന്ത്യൻ സ്വാതന്ത്ര്യ സമരവീഥിയിലെ കെടാത്ത വിളക്കാണ് തിരൂരങ്ങാടി. സ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുന്ന മേളക്കൊഴുപ്പിൽ മലയാള മണ്ണിലെ രക്തപങ്കിലമായ യഥാർത്ഥ സ്വാതന്ത്ര്യസമരം വിസ്മരിക്കപ്പെട്ടിരിക്കുന്നു. ജൂബിലി ആഘോഷങ്ങളുടെ കേന്ദ്രസ്ഥാനം തിരൂരങ്ങാടിക്കാണ് നീതിബോധമുള്ളവർ നൽകേണ്ടത്. ബ്രിട്ടീഷ്കാരന്റെ ചെരിപ്പ് നക്കികളായിരുന്ന തമ്പുരാക്കളുടെയും തമ്പുരാട്ടികളുടെയും നാട് ഇപ്പോൾ ജൂബിലി മേളയുടെ അവകാശികളായി മാറിയിരിക്കുന്നു. ചരിത്രത്തിന്റെ ദുർവിധി!

ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുള്ള പ്രചോദനവും ധൈര്യവും മലയാളികൾക്ക് നൽകിയ പ്രദേശം. ദീനാനുകമ്പയും ആത്മധൈര്യവും ത്യാഗസന്നദ്ധതയും സമന്വയിച്ച, ഈമാൻ മനസ്സിലും മുഖത്തും നിറഞ്ഞുനിന്ന ഒരു മനുഷ്യൻ തിരൂരങ്ങാടിയെ ലോകത്തിനു പരിചയപ്പെടുത്തി. എന്റെ പ്രാണസുഹൃത്ത് എം.കെ. ഹാജി ﷺ. ആ മഹാ പുരുഷൻ തിരൂരങ്ങാടിയിൽ ജീവിച്ചപ്പോൾ ആ പ്രദേശം ചരിത്രത്തിന്റെ ഭാഗമായി. എന്നെന്നും സ്മരിക്കപ്പെടാൻ ചൈതന്യവത്തായ സഊദാബാദ് ഹാജിയുടെ മുഖവുമായി ആ നാടിന്റെ ഹൃദയകവാടത്തിൽ വളർന്നുയർന്നു നിൽക്കുന്നു.

മലബാർ കലാപത്തിന്റെ വീരനായകൻ ആലി മുസ്‌ലിയാരെ സ്മരിക്കാതെ തിരൂരങ്ങാടിക്ക് ഒരു ചരിത്രമുണ്ടോ? മതവിദ്യാഭ്യാസത്തെ ഓത്തുപുരകളിലെ അപരിഷ്കൃത ബന്ധങ്ങളിൽ നിന്ന് മോചിപ്പിച്ച് ഇന്നു കാണുന്ന കോളേജ് നിലവാരത്തിലേക്ക് വളർത്തി ഉയർത്താൻ അടിത്തറ പണിത പരിവർത്തന നായകൻ മൗലാനാ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയും തിരൂരങ്ങാടിയുടെ അരുമ സന്തതി തന്നെ. പ്രസിദ്ധമായ വാഴക്കാട് ദാറുൽ ഉലൂം മദ്റസയിൽ നിന്ന് മൗലാനയുടെ ശിഷ്യത്വത്തിൽ വിജ്ഞാനം നേടിയ കുട്ടികളാണ് കേരള മുസ്‌ലിം നവോത്ഥാന സംരംഭങ്ങളുടെ ചുക്കാനികളായി പിന്നീട് ശോഭിച്ചത്. കെ.എം. മൗലവി, ഇ.കെ. മൗലവി, പി.കെ. മൂസാ മൗലവി, ഇ. മൊയ്തു മൗലവി, എം.സി.സി. അബ്ദുറഹ്മാൻ മൗലവി തുടങ്ങിയ മഹാ പ്രതിഭകൾ മൗലാനാ ചാലിലകത്തിന്റെ ശിഷ്യന്മാരിൽ പ്രധാനികളായിരുന്നു.

മൗലാനയുടെ അരുമ ശിഷ്യനും എഴുത്തുകാരനുമായിത്തീർന്ന തയ്യിൽ മുഹമ്മദ് കുട്ടി മുസ്‌ലിയാർ പിന്നീട് കാത്തിബ് (എഴുത്തുകാരൻ) എന്ന പേരിൽ അറിയപ്പെട്ടു. മാത്രവുമല്ല, ഗുരുനാഥന്റെ ജാമാതാവുമായി. കാത്തിബിന്റെ ആദ്യ ഇംഗ്ലീഷ് അക്ഷരവും സ്വന്തം പേരിന്റെ തുടക്കവും കൂട്ടിച്ചേർത്ത് സുഹൃത്തുക്കൾ നൽകിയ കെ.എം. മൗലവി എന്ന പേരിലാണ് അദ്ദേഹം പിൽക്കാലത്ത് പ്രസിദ്ധനായത്. പിന്നീട് നേതാക്കളുടെ നേതാവായി. പണ്ഡിതന്മാരുടെ ഗുരുവായും വിനീതനായ മാതൃകാപുരുഷനായും ചരിത്രതാളുകളിൽ തിളങ്ങുന്ന മുദ്രയായി. തിരൂരങ്ങാടിയുടെ മണൽത്തരികളുടെ മർമരത്തിൽ അലിഞ്ഞുചേർന്ന ശബ്ദമായി. മഹാനായ സി.എച്ചിന്റെ വാക്കുകൾ വീണ്ടും കടമെടുക്കേണ്ടിവരും. സി.എച്ച്. എഴുതി: “സഊദാബാദിൽ കല്ലിലും കുമ്മായത്തിലും കെട്ടിയുയർത്തപ്പെട്ട ആ കെട്ടിട സമൂഹങ്ങൾക്കുള്ളിൽ ഒരു വൃദ്ധന്റെ ആത്മാർത്ഥത അള്ളിപ്പിടിച്ചു കിടക്കുന്നുണ്ട്. ആ വയോവൃദ്ധന്, ജ്ഞാനവൃദ്ധന്, കെ.എം.

മൗലവിക്ക് ഉള്ള ഏറ്റവും വലിയ സ്മാരകവും അതു തന്നെയാണ്."

ചരിത്ര സംപുഷ്ടമായ തിരൂരങ്ങാടിയുടെ വക്ക് വരമ്പുകളിൽ കൊത്തിപെറുക്കി നടന്നു ഈ സാധുവായ ഞാനും. കെ.എം. മൗലവിയിൽ നിന്നും വീണുകിട്ടുന്നതോ ഔദാര്യപൂർവ്വം ഇട്ടുതരുന്നതോ ആയ നെന്മണികൾ മുത്തുമണികളായി ഹൃദയാന്തരങ്ങളിലേക്ക് കയറ്റി. മഹാരഥന്മാരായ മാതൃകായോഗ്യരുടെ മണം പിടിച്ച് പിച്ചവെച്ച് നടന്നു കയറിയ ഈയുള്ളവനെ തനിയെ വിട്ടേച്ച് അവരൊക്കെയും പോയി. മഹാകവിയും എന്റെ മാന്യ സുഹൃത്തുമായ ടി. ഉബൈദ് സാഹിബിന്റെ രണ്ടു വരികൾ കൊണ്ട് വികാരഭവ്യമായി വിറക്കുന്ന ഹൃദയത്തോടെ അവരെ ഞാൻ സ്മരിക്കട്ടെ.

"ആവോളമീ മന്നിലെ ധർമ്മങ്ങൾ നിറവേറ്റി
യാവഴിക്കീ ഞങ്ങളും പിന്നാലെ വരുന്നല്ലോ."

ഈ വരികൾക്ക് ജീവൻ നൽകിയ ഉബൈദ് സാഹിബും ജീവൻ വെടിഞ്ഞ് അവർക്ക് പിന്നാലെ പോയി. ഉബൈദ് സാഹിബിനെ രണ്ട് വരികൾ കൊണ്ട് തലോടാതെ പേന മുന്നോട്ടു പോകാൻ കൂട്ടാക്കുന്നില്ല. ഭാവനകളുടെ ചിറകിലേറി അയഥാർത്ഥത്തിന്റെ പുകമറകളിലേക്ക് പറന്നുയർന്നു പോകുന്ന കേവലം കവിയായിരുന്നില്ല എന്റെ ആദരണീയ സുഹൃത്ത്. പ്രസിദ്ധ സാഹിത്യനിരൂപകനായ എം. കൃഷ്ണൻ നായർ കലാകൗമുദി വാരികയിൽ എഴുതിയ ഒരു വരി സുഹൃത്ത് എനിക്ക് കാണിച്ചു തന്നു. "കവികൾ കള്ളത്തെ സത്യമെന്ന് നമുക്ക് തോന്നുന്ന മട്ടിൽ ആവിഷ്കരിക്കുന്നവരാണ്." (9.11.86) "കവികളാകട്ടെ, ദുർമാർഗികൾ അവരെ പിന്തുടരുന്നത്. എല്ലാ താഴ്വരകളിലും അലഞ്ഞുതിരിഞ്ഞുനടക്കുന്നവരായി അവരെ നിനക്കു കാണാം. അവർ പ്രവർത്തിക്കാത്തതു പറയുന്നവരാണ്, നിശ്ചയം." (ശുഅറാഅ് 224-226) ഈ വചനം പെട്ടെന്ന് ഓർമ്മ വന്നു. കൃഷ്ണൻ നായരുടെ വിശേഷണം ഞാൻ ഓർമ്മയിൽ കോറിയിട്ടു.

എന്നാൽ അനുഭവത്തിൽ ടി. ഉബൈദ് എന്ന കവിപുംഗവൻ സന്മാർഗികൾക്ക് സ്നേഹിക്കാൻ കൊള്ളുന്നവനായിരുന്നു. കള്ളത്തെ ഉബൈദ് സാഹിബ് സത്യമാക്കാൻ ശ്രമിച്ചിട്ടില്ലെന്നാണ് എന്റെ അറിവ്. വിജ്ഞാനത്തിന്റെ യഥാർത്ഥതയിലേക്ക് അദ്ദേഹത്തിന്റെ മനസ്സ് അന്വേഷണ യാത്ര നടത്തിയിരുന്നു. എന്റെ ഒരനുഭവം പറയാം. 1974ലോ 75ലോ ആയിരിക്കണം. എന്റെ 'സൽസബീൽ' മാസികയെ അഭിനന്ദിച്ചുകൊണ്ട് അദ്ദേഹം എനിക്കൊരു കത്തയച്ചു. അതിൽ മറക്കാൻ ഇന്നും കഴിയാത്ത ഒരു വിഷയം അദ്ദേഹം തെര്യപ്പെടുത്തിയിരിക്കുന്നു. ഈസാനബി عليه السلام മരിച്ചു പോയി എന്ന അഹമ്മദിയാക്കളുടെ ജൽപനത്തെ ഭൗതികശാസ്ത്ര

ത്തിന്റെ കണക്കുകൾ തന്നെ ഖണ്ഡിക്കുന്നുണ്ട് എന്ന് പറഞ്ഞ ശേഷം അതിലേക്ക് ചൂണ്ടുപലകയായി ഒരു കാര്യം എന്റെ ശ്രദ്ധയിലേക്കിട്ടു. മുട്ടാണിശ്ശേരി കോയക്കുട്ടി മൗലവിയുടെ ഖുർആൻ പരിഭാഷക്ക് റിട്ട. എഞ്ചിനീയർ എ.എം. ഉസ്മാൻ സാഹിബ് (പൊന്നാനി) പ്രൗഢഗംഭീരമായ ഒരു മുഖവുര രചിച്ചിട്ടുണ്ട്. ആ പരിഭാഷക്ക് ശോഭയേറ്റാൻ കാരണമായ ഒരു വിജ്ഞാന ഭണ്ഡാരമാണ് ആ മുഖവുര. സമയക്കുറവു മൂലം എനിക്കത് വായിക്കാൻ സാധ്യമാകാതെ പോയത് വൻ നഷ്ടമായി ശേഷിക്കുമായിരുന്നു എന്ന സത്യം ഞാൻ അറിഞ്ഞത് ഉബൈദ് സാഹിബിന്റെ വാക്കുകളിലൂടെയായിരുന്നു. ഈസാനബിﷺ ആകാശത്തിന്റെ വാതിലുകൾക്കപ്പുറത്ത് ജഢത്തോടെ ഇന്നും ജീവിച്ചിരിക്കുന്നുവെന്ന വിശ്വാസം ആധുനിക സയൻസിന്റെ അനിഷേധ്യമായ കണക്കുകൾ നിരത്തി ഉസ്മാൻ സാഹിബ് സമർപ്പിക്കുന്നുവെന്ന് വിശിഷ്ടമായ വസ്തുത ആ മുഖവുരയിൽ ഉണ്ടെന്ന് ഉബൈദ് സാഹിബാണ് എനിക്ക് വിവരം തന്നത്. തിരക്കുകളുടെ ചുഴിയിൽ കറങ്ങുന്ന ഘട്ടമായിരുന്നിട്ടും ഞാൻ സമയം കിണഞ്ഞു കണ്ടെത്തി ഉസ്മാൻ സാഹിബിന്റെ ആ മുഖവുര പരിശോധിച്ചു. രണ്ടു കാര്യങ്ങൾ എനിക്ക് ബോധ്യമായി. എ.എം ഉസ്മാൻ സാഹിബിന്റെ അഗാധമായ അറിവ്. ഉബൈദ് സാഹിബിന്റെ യഥാർത്ഥ അറിവ് നേടാനുള്ള തൃഷ്ണ. അത് എന്നെപ്പോലുള്ളവരുടെ ശ്രദ്ധയിലേക്ക് എത്തിക്കാനുള്ള അഭിവാഞ്ഛ. ഭാവനകളെ ഇസ്ലാമിക ചിന്തയുടെ പരിധി ലംഘിക്കാൻ വിട്ടുകൊടുക്കാത്ത യഥാർത്ഥ കവിയായിരുന്നു ടി. ഉബൈദ്. കൂട്ടത്തിൽ പറയട്ടെ, മുട്ടാണിശ്ശേരി മൗലവിയുടെ ഖുർആൻ പരിഭാഷ രണ്ടാം പതിപ്പ് പുറത്തിറങ്ങിയപ്പോൾ ഉസ്മാൻ സാഹിബിന്റെ വിജ്ഞാനത്തിന്റെ പ്രകാശം വിതറുന്ന ആ മുഖവുര ഒഴിവാക്കപ്പെട്ടു! ഇതിന്റെ പിന്നിലെ ചേതോവികാരം അത്യന്തം ദുരൂഹമായിരിക്കുന്നു. സിംഹാസനത്തിന് ശോഭ നൽകാൻ പതിച്ച രത്നം മോഷ്ടിക്കപ്പെട്ടതു പോലെ.

തിരൂരങ്ങാടിയാണ് നമ്മുടെ ചർച്ചാ വിഷയം. ഓർമ്മകൾ ചിലപ്പോൾ ചിതറും. വഴിക്കുവഴി എന്ന ക്രമം നിഷ്കർഷമായി പാലിക്കാൻ കഴിയാതെ വരുന്നത് ഓർമ്മകളിൽ ഓളംവെട്ടുന്ന വിചാരങ്ങൾക്കുമേൽ വികാരം പലപ്പോഴും ആധിപത്യം വാഴുമ്പോഴാണ്. ഉബൈദ് സാഹിബും ഉസ്മാൻ സാഹിബുമാണ് വികാരത്തിന്റെ വേലിയേറ്റമായി എന്നെ കുരുക്കിയത്.

തിരൂരങ്ങാടി തറമ്മൽ പള്ളിയുടെ മിമ്പറാണ് എന്നെ ഒരു ഖത്വീബായി രൂപപ്പെടുത്തിയത്. ഖുത്ബയുടെ പരിശീലനം യഥാർത്ഥമുറയ്ക്ക് കെ. എം. മൗലവിയുടെ ശ്രദ്ധയിൽ അവിടെ നിന്നാണ് നേടിയത്. തറമ്മൽ പള്ളിയിൽ ജുമുഅ തുടങ്ങിയ സാഹചര്യം ഇപ്പോഴും ഓർമ്മയിലുണ്ട്.

1943 ആരംഭം. തിരൂരങ്ങാടി യതീംഖാന അന്ന് തുടങ്ങിയിട്ടില്ല. പള്ളിയിൽ ജുമുഅ തുടങ്ങണമെന്ന അഭിപ്രായം ഉടലെടുത്തു. അത് ബലപ്പെട്ടു. അങ്ങനെ കൂടിയാലോചിച്ചു. ചട്ടപ്രകാരം വലിയ ജുമാഅത്ത് പള്ളിയിലെ ഖാളിയുടെ അനുവാദം ലഭിക്കണം. കുറെ ആളുകൾ ഒപ്പുവെച്ച് ഒരു പൊതു അപേക്ഷ ഖാളിക്ക് സമർപ്പിക്കുവാൻ തീരുമാനിച്ചു. ഒപ്പു ശേഖരണം ഏതാണ്ട് പൂർത്തിയായി.

അപ്പോഴാണ് കെ.എം. സീതിസാഹിബിന്റെ സെക്രട്ടറിയും ഡോ. ആരിഫയുടെ പിതാവുമായ വലിയാട്ട് മുഹമ്മദ് സാഹിബ് സ്ഥലത്തെത്തിയത്. അപേക്ഷയിൽ ഒപ്പുവെയ്ക്കാൻ അദ്ദേഹത്തെയും ക്ഷണിച്ചു. പക്ഷേ, അദ്ദേഹം തയ്യാറായില്ല. മാത്രമല്ല, ആ അപേക്ഷ കൊടുക്കരുതെന്ന് വിലക്കി. ഈ അപേക്ഷ മൂലം ഖാളിയുടെ സ്ഥാനം അംഗീകരിക്കലാണ് ഫലത്തിൽ ഉണ്ടാകുക. അത് ആദർശപ്രചാരണ രംഗത്ത് പല പ്രശ്നങ്ങൾക്കും ഇടയാക്കും. അതുകൊണ്ട് ഈ ഖാളി സ്ഥാനം നാം അംഗീകരിക്കുന്നില്ലെന്നുള്ള യാഥാർത്ഥ്യം തൽക്കാലം പരസ്യപ്പെടുത്താതിരിക്കുകയും സന്ദർഭം വരുമ്പോൾ വെളിപ്പെടുത്തുകയും ചെയ്യാം. ഈ അപേക്ഷ ബുദ്ധിപൂർവ്വമല്ലെന്ന മുഹമ്മദ് സാഹിബിന്റെ ഉപദേശം എല്ലാവരും അംഗീകരിച്ചു. അപേക്ഷ നൽകിയില്ല. ജുമുഅ തുടങ്ങുകയും ചെയ്തു. ആദ്യത്തെ ഖുത്ബ കെ.എം. മൗലവി സാഹിബ് നിർവ്വഹിച്ചു. പിന്നീട് എളിയവനായ ഞാൻ ഖുത്ബ നടത്തിപ്പോന്നു. കുറെ നാൾ ഇതു തുടർന്നു. കെ.എം. മൗലവി അടക്കമുള്ള പണ്ഡിത പ്രഗത്ഭരുടെ സാന്നിധ്യവും ഉപദേശവും എനിക്ക് നല്ല വളമായിരുന്നു. ഇവിടെ നിന്നാണ് കോഴിക്കോട് പട്ടാളപ്പള്ളിയിലെ മലയാള ഖുത്ബയുടെ ഒന്നാമത്തെ ചുമതലക്കാരനായി ഈയുള്ളവൻ നിയോഗിക്കപ്പെട്ടത്.

തിരൂരങ്ങാടിയും ഞാനുമായുള്ള ആത്മബന്ധം! അതിലെ ഓർമ്മകളുടെ ചുരുളഴിക്കാൻ ഒരുങ്ങിയാൽ ഒരു പക്ഷേ, ഗ്രന്ഥം തന്നെ രചിക്കേണ്ടിവരും. എന്റെ ജീവിതാനുഭവങ്ങളിലെ അത്യപൂർവ്വവും ആഹ്ലാദനിബദ്ധവുമായ രണ്ടു തീയതികൾ മങ്ങിത്തുടങ്ങിയ എന്റെ ഓർമ്മകൾക്കിടയിൽ പ്രശോഭിച്ചു നിൽക്കുന്നു! 1943 ഡിസംബർ 10,11 ദിനങ്ങൾ. ആദ്യത്തേത് ഞാൻ വിവാഹിതനായ ദിവസം. ഇണയെ തേടുന്ന മനസ്സിന്റെ ദാഹവും അതിന്റെ മോഹവും മനുഷ്യപ്രകൃതിയുടെ അനിവാര്യ ഘടകങ്ങളാണല്ലോ. ലൈംഗിക വികാരങ്ങൾ ഉപയോഗപ്പെടുത്താൻ അല്ലാഹു മനുഷ്യരിൽ സന്നിവേശിപ്പിച്ച ഈ ദാഹമോഹങ്ങൾ അനുവദനീയമായ വഴിയിലൂടെ സാധ്യമാക്കുകയാണ് സദാചാരം എന്ന പ്രയോഗത്തിന്റെ കഴമ്പ്. ധാർമ്മിക ബോധമുള്ള ഒരു യുവാവിന് തന്റെ ആത്മവികാരങ്ങൾ

നിയന്ത്രിച്ച് നിർത്തി, മാന്യമായ നിലയിൽ ഇണയെത്തേടി സന്തോഷവും സമാധാനവും കൈവരിക്കാൻ വെമ്പുന്ന ആ ദിനം വന്നണയുമ്പോൾ ലഭിക്കുന്ന ഹൃദയാഹ്ലാദം കവിഭാവനകൾക്കുപോലും വർണ്ണിച്ചൊതുക്കാൻ കഴിയുന്നതല്ല. സ്രഷ്ടാവ് മനുഷ്യരിൽ നിക്ഷേപിച്ച ഈ പ്രകൃതിയെ തല്ലിക്കെടുത്തി ബ്രഹ്മചര്യത്തിലൂടെ ആത്മീയ പരിശുദ്ധി പരത്താൻ ഉപദേശിക്കുന്ന മതചിന്ത പ്രകൃതി വിരുദ്ധമാണ്. സംസ്കാരത്തിന്റെ ലംഘനമാണ്. വിശുദ്ധ ഖുർആൻ അസന്ദിഗ്ദമായി പ്രഖ്യാപിച്ചു: "ബ്രഹ്മചര്യം അവർ കൃത്രിമമായി രൂപപ്പെടുത്തിയതാണ്. നാമവർക്ക് അത് നിയമമാക്കിയിട്ടില്ല. എന്നിട്ട് അവരത് പാലിക്കേണ്ട മുറപ്രകാരം പാലിച്ചതുമില്ല."(ഹദീഥ് 27)

ലോക ജനതയിൽ മഹാ ഭൂരിപക്ഷമുള്ള ഒരു സമുദായം ആത്മീയ ഔന്നത്യം നേടാനുള്ള അടിത്തറയായി കരുതി ആദരിച്ചു പോരുന്ന ഒരു സിദ്ധാന്തത്തെ ഇത്ര പച്ചയായി വിമർശിക്കുകയും 'അത് അവർക്ക് പാലിക്കാൻ കഴിഞ്ഞതുമില്ല.' എന്ന് പ്രഖ്യാപിക്കുകയും ചെയ്തത് ഖുർആന്റെ ദിവ്യത്വത്തിനുള്ള ഏറ്റവും ഉയർന്ന തെളിവാകുന്നു. മനുഷ്യനെ സൃഷ്ടിക്കുകയും അവന്റെ ഹൃദയമിടിപ്പുകളെ തൊട്ടറിയുകയും ചെയ്യുന്ന അല്ലാഹുവിന് മാത്രമേ ഒരു മഹാ ജനശക്തിയുടെ മുഖത്തുനോക്കി ഇങ്ങനെ ശക്തമായി പറയാൻ കഴിയൂ. അതെ, കണിശമായ സത്യം! പാലിക്കാൻ കഴിഞ്ഞിട്ടില്ല. കഴിയുകയുമില്ല. പൗരോഹിത്യത്തിന്റെ ശക്തവും ഭദ്രവുമായ കോട്ടമതിലുകൾക്ക് വിള്ളലുകളുണ്ടാക്കി ഈ സത്യം പലപ്പോഴും വെളിയിൽ ചാടി വരുന്നത് നമുക്ക് അനുഭവബോധ്യമാണല്ലോ. പുരോഹിതന്മാരുടെ ക്രൂരമായ ലൈംഗിക പീഡനങ്ങളേറ്റ് അന്ത്യശ്വാസം വലിച്ച യുവതികളുടെ മാന്തിയെടുക്കുന്ന ജഡങ്ങളിൽ ദൈവത്തിന്റെ മണവാട്ടിയായി മാലയിട്ടവരെയും കാണാം. അവിഹിത ഗർഭം പേറി ആത്മഹത്യ ചെയ്തവർ, കൊല ചെയ്യപ്പെട്ടവർ, ഭക്തിയുടെ മൂടുപടം കൊണ്ട് ദുരനുഭവങ്ങളെ പൊതിഞ്ഞുവെക്കുന്നവർ, കുമ്പസാര വിശേഷങ്ങളിലെ ദുർഗന്ധ വർത്തമാനങ്ങൾ, എല്ലാ നിയന്ത്രണങ്ങളും ഭേദിച്ച് ളോഹകളും മുഖമക്കനകളും കീറിയെറിഞ്ഞു ശാന്ത സുന്ദരമായ ജീവിതം തേടിപ്പോയവർ! ഇങ്ങനെ എത്രയെത്ര സംഭവങ്ങൾ! അനുഭവ കഥകൾ! പുരോഹിതന്മാർക്ക് വിവാഹം അനുവദിക്കണമെന്ന മുറവിളിയുമായി അരമനകളിലും നിയമവേദികളിലും മാറിമാറി ഓടി അലഞ്ഞു ക്ഷീണിതരായപ്പോൾ അവിഹിതവേഴ്ച തന്നെ ആശ്രയം എന്ന നെടുവീർപ്പുമായി അരമന രഹസ്യങ്ങളുടെ കാവൽക്കാർ പിൻവാങ്ങിയതും നാം കണ്ടു. ഭാരതീയ പുരാണങ്ങളിൽ വിശ്വാമിത്ര മേനകമാരുടേയും വേദ

വ്യാസ ജനനത്തിന്റെയും മൂക്കുപൊത്തുന്ന ലൈംഗിക ആഭാസങ്ങളുടെ ഘോഷയാത്രയുമുണ്ട്. ബ്രഹ്മചര്യത്തിലധിഷ്ഠിതമായ സന്യാസം പ്രകൃതി വിരുദ്ധവും സദാചാര വിരുദ്ധവുമായ കപട ഭക്തിയുടെ സിദ്ധാന്തമാണ്. അല്ലാഹുവിന്റെ വചനങ്ങൾ എത്ര സത്യം! അനശ്വരം! 'അതവർക്ക് പാലിക്കാൻ കഴിഞ്ഞതുമില്ല.' കഴിയുകയുമില്ല. ഖുർആൻ താക്കീത് നൽകുന്നു. "ഏതൊരു പ്രകൃതിയിൽ നിങ്ങൾ സൃഷ്ടിക്കപ്പെട്ടുവോ ആ പ്രകൃതിയെ താറുമാറാക്കരുത്".

അപ്പോൾ ആ തീയതി എനിക്കു മറക്കാൻ കഴിയുമോ? ഇല്ല. നിങ്ങൾക്കും കഴിയുകയില്ല. വിശുദ്ധമായ ആദ്യാനുഭവങ്ങളുടെ തേനൂറുന്ന ഓർമ്മകൾ നമ്മെ പിന്തുടർന്നുകൊണ്ടിരിക്കും. വിവാഹത്തിനു മുൻപ് പരസ്ത്രീ ഗമനത്തിൽ നീരാട്ടു നടത്തി മതിയും കൊതിയും തീർന്ന യുവാക്കൾക്കും പരപുരുഷ വേഴ്ചകളിൽ വിഷലിപ്തമായിപ്പോയ യുവതീഹൃദയങ്ങൾക്കും വിവാഹനാൾ മധുരമൂറുന്ന സ്മരണയാകണമെന്നില്ല. ധാർമ്മികതയുടെ കപടമുഖംമൂടിക്കുള്ളിലെ അനേകം ഓർമ്മകളിൽ ഒന്നു മാത്രം.

ഓർമകളുടെ തീരത്ത്

## 6

# തിരൂരങ്ങാടി യതീംഖാന

എന്റെ ജീവിതാനുഭവങ്ങളിലെ വിലപ്പെട്ട ഒരദ്ധ്യായമാണിത്. 1943 ഡിസംബർ 11. മഹത്തായ ഈ സ്ഥാപനം ജനിച്ച ദിനം. ഒരുപാടു തീയതികൾ മറന്നുപോയി. പക്ഷേ, മറക്കാൻ കഴിയാത്ത വിധം എന്റെ മനസ്സിന്റെ കണ്ണാടിയിൽ അതു തെളിഞ്ഞുകിടക്കും. എന്റെ വിരലുകൾ കുറിച്ച അക്ഷരങ്ങളിലൂടെയാണ് ഈ മഹാ പ്രസ്ഥാനത്തിന്റെ ആരംഭം. എനിക്കു ലഭിച്ച ആ ഭാഗ്യം എങ്ങനെ ഞാൻ മറക്കും! ദുനിയാവിൽ എനിക്കു കൈവന്ന നന്മകളിൽ മുഖ്യമായി ഞാൻ കരുതുന്ന ഈ കാര്യം പരലോകത്ത് എനിക്ക് അല്ലാഹുവിൽ നിന്നുള്ള ഔദാര്യത്തിന്റെ ഭാഗമായിത്തീരണമെന്ന് ഞാൻ സദാ പ്രാർത്ഥിക്കുകയാണ്.

1942ൽ മലബാറിനെ കാർന്നുതിന്ന അതിഭീകരമായ കോളറ! ഈ വ്യാധി കഠിനമായി കേന്ദ്രീകരിച്ച പ്രദേശമായിരുന്നു തിരൂരങ്ങാടി. ഭയാനകമായ അന്തരീക്ഷമായിരുന്നു അത്. രാവിലെ തമ്മിൽ കണ്ട് ചായകുടിച്ച് സന്തോഷത്തിൽ പിരിഞ്ഞ സ്നേഹിതൻ. പക്ഷേ, മണിക്കൂറുകൾക്കകം അദ്ദേഹത്തിന്റെ മയ്യിത്ത് കൊണ്ടുപോകുന്നു. ഹോ! അനുഭവങ്ങൾ തികട്ടിവരുമ്പോൾ വല്ലാത്ത ഒരു വിറയൽ. ധാരാളം പള്ളികളുള്ള ആ പ്രദേശ

ത്ത് അഞ്ചു നേരവും നമസ്കാരത്തിന് സ്ഥലം മതിയാകാതെ വന്നു. മനുഷ്യരാകെ ഭയവിഹ്വലരായി ദൈവസന്നിധിയിൽ അഭയം തേടുന്നു. നിസ്സഹായനായ മനുഷ്യൻ വേറെന്തു ചെയ്യാൻ? സുബ്ഹ് നമസ്കാരത്തിനു പോലും ജുമുഅക്ക് വരുന്നത് പോലെ പള്ളികൾ ജനങ്ങളാൽ നിറഞ്ഞു കവിയുകയാണ്. വൈദ്യശാസ്ത്രം വേണ്ടത്ര വളർന്നിട്ടില്ലാത്ത കാലം. മണിക്കൂറുകൾ അല്ല, മിനിറ്റുകൾ ഇടവിട്ടുപോലും മയ്യിത്തുകൾ കൊണ്ടു പോകുന്നതു കാണാം.

ദീനാനുകമ്പയുടെ മറ്റൊരു പേരായിരുന്നു എം.കെ. ഹാജി ﷺ. അദ്ദേഹത്തിന്റെ റിലീഫ് പ്രവർത്തനങ്ങൾ തുടങ്ങി. ഞാനും ഇതിൽ എളിയ പങ്കു വഹിച്ചിരുന്നു. ഹാജി സാഹിബിന്റെ ശ്രമദാനങ്ങളും ധർമ്മബോധവും വല്ലാത്തൊരനുഭവം തന്നെയാണ്. സ്വന്തം കുടുംബാംഗങ്ങൾപോലും ഭയത്താൽ ഓടി മറഞ്ഞിരുന്ന അവസ്ഥയിൽ കോളറ ബാധിതരുടെ ഛർദ്ദിയുടെയും അതിസാരത്തിന്റെയും അഴുക്കുകൾ പോലും സ്വന്തം കൈകൊണ്ട് വൃത്തിയാക്കുവാൻ തെല്ലും മടിയില്ലായിരുന്നു അദ്ദേഹത്തിന്. ഹാജി സാഹിബ് സേവനത്തിന്റെ ഉത്തമ മാതൃകയായി ഞങ്ങളെ നയിച്ചു.

വിഷമങ്ങൾ കൊടുമ്പിരി കൊണ്ട നാളുകൾ! തിരൂരങ്ങാടിക്കടുത്ത് കക്കാട് ദേശത്ത് ആതുരശുശ്രൂഷക്കും പൊതുജനസേവനത്തിനും ആത്മാർപ്പണം ചെയ്ത ഒരു നല്ല മനുഷ്യനുണ്ടായിരുന്നു. വി.ആർ. നായനാർ എന്ന ഹിന്ദു നേതാവ്. അദ്ദേഹം മുസ്‌ലിം അനാഥമക്കളെ സംരക്ഷിക്കാൻ കക്കാട് ഒരു ഓർഫനേജ് സ്ഥാപിച്ചു. എന്നാൽ അദ്ദേഹം ഇതുപോലെ സ്ഥാപിച്ച പല അനാഥ മന്ദിരങ്ങളുടെയും മതപരമായ ദുരവസ്ഥ ഞങ്ങൾ അറിഞ്ഞിട്ടുണ്ട്. എന്തുചെയ്യും? സ്വാഭാവികമായ പരിണാമമാണല്ലോ അത്. അല്ലാഹു എന്ന പദോച്ചാരണം പോലും മുസ്‌ലിം മക്കളിൽ നിന്നും പറ്റെ ഒഴിവായി. ദൈവമേ, ഈശ്വരാ എന്ന വിളികൾ പകരം സ്ഥാനം പിടിച്ചു. ഇങ്ങനെ വേദനിക്കുന്ന പലതും ഞങ്ങൾ കണ്ടറിഞ്ഞു. എന്തുചെയ്യും? വേദനിക്കുകതന്നെ.

ഒരു ദിവസം അതിരാവിലെ കെ.എം. മൗലവി സാഹിബ് നൂറുൽ ഇസ്‌ലാം മദ്റസയിലേക്ക് തിരക്കിട്ട് വന്നു. ശരീരം മറന്ന് ഊക്കോടെയുള്ള നടത്തം മൂലം മൗലവി വല്ലാതെ കിതക്കുന്നുണ്ടായിരുന്നു. ആ കിതപ്പ് തിരൂരങ്ങാടിക്കും മുസ്‌ലിം കേരളത്തിനും കരുണാമയവും അഭിമാനകരവുമായ ഒരു ചരിത്രം രചിക്കാൻ നിമിത്തമായി എന്ന് വളരെ നാൾ കഴിഞ്ഞാണ് ഞാൻ അറിഞ്ഞത്. അദ്ദേഹത്തിന്റെ പ്രകൃതം കണ്ടപ്പോൾ ഞങ്ങൾ പരിഭ്രമിച്ചു. സലാം പറഞ്ഞുകൊണ്ട് കയറി. എന്നെ വിളിച്ചു. “നീ അറിഞ്ഞോ? മുസ്‌ലിം അനാഥമക്കൾക്കായി നായനാർ പ്രത്യേക

മായി ഒരു യതീംഖാന ആരംഭിച്ചിരിക്കുന്നു. നാട്ടിലെ ഒരു മുസ്ലിം പ്രമാണിയായ എട്ടുവീട്ടിൽ മുഹമ്മദ് കുട്ടി തന്റെ ഒരു കെട്ടിടം വാടകയില്ലാതെ ഇതിന്നായി അനുവദിച്ച് കൊടുത്തിരിക്കുന്നു.” വിവരം ഞാനും കേട്ടു, ഞാൻ മറുപടി പറഞ്ഞു. “കേട്ടാൽ പോരാ, നമ്മൾ അല്ലാഹുവിന്റെ കൽപന കേൾക്കണം.” മൗലവി ഭക്തിയാൽ പരവശനാകുകയാണ്.

അന്ന് തിരൂരങ്ങാടി മുസ്ലിംലീഗ് കമ്മിറ്റിയുടെ പ്രസിഡണ്ട് കെ.എം. മൗലവിയായിരുന്നു. സെക്രട്ടറി വിനീതനായ ഞാനും. ഇതു കേട്ട് എന്റെ ഇപ്പോഴത്തെ പരിചിതർ അത്ഭുതപ്പെടുന്നുണ്ടാകും. രാഷ്ട്രീയത്തോട് അന്നുമിന്നും ഞാൻ അതീവ തൽപരനല്ലായിരുന്നു. ഈ സ്ഥാനത്തിന് ഒട്ടും യോഗ്യനുമായിരുന്നില്ല. പക്ഷെ, ഞാൻ അളവറ്റ് സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന എന്റെ ഗുരു എന്നോട് പറഞ്ഞു; നീ ഈ സ്ഥാനം ഏൽക്കണം. ഞാൻ അനുസരിച്ചു. അത്രതന്നെ. തെറ്റല്ലാത്ത ഒരു കാര്യം എനിക്ക് എത്ര വിരസമായി തോന്നിയാലും മൗലവി പറഞ്ഞാൽ പിന്നെ ഞാൻ അത് അനുസരിക്കലാണ് പതിവ്. തെറ്റായി അദ്ദേഹം വല്ലതും എന്നോട് പറയുകയോ കൽപിക്കുകയോ ചെയ്തതായി ഞാൻ ഓർക്കുന്നതേയില്ല.

മൗലവി സാഹിബ് എന്നോട് കൽപിച്ചു: “പൊന്നാനി മഊനത്തുൽ ഇസ്ലാം സഭയിലേക്കും കോഴിക്കോട് ജെ.ഡി.റ്റി ഇസ്ലാം യതീംഖാനയിലേക്കും മേൽ പറഞ്ഞ വിവരങ്ങൾ കാണിച്ച് ലീഗ് കമ്മിറ്റി സെക്രട്ടറി എന്ന നിലയിൽ നീ കത്തയക്കണം. അവർക്ക് എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്ന് ആരായണം, ഉടൻ തന്നെ.”

അന്ന് ജെ.ഡി.റ്റിയുടെ സെക്രട്ടറി പഞ്ചാബുകാരനായ മഖ്ബൂൽ അഹ്മദ് സാഹിബായിരുന്നു. അദ്ദേഹത്തിന് അറബിയിലും മഊനത്തിലേക്ക് മലയാളത്തിലും ഞാൻ എഴുതി. പൊന്നാനിയിൽ നിന്ന് ഒരു പ്രതികരണവുമുണ്ടായില്ല. ജെ.ഡി.റ്റി. സെക്രട്ടറി മറുപടി അയച്ചു. “ഞാൻ ഇന്ന ദിവസം അങ്ങോട്ടു വരുന്നു. വേണ്ടപ്പെട്ടവരെ വിളിച്ചുകൂട്ടുക.”

രണ്ടാംലോക മഹായുദ്ധകാലം. കോഴിക്കോട് നിന്നും രണ്ട് തീവണ്ടികൾ മാത്രമേ ഓടുന്നുള്ളൂ. ഒന്ന് മെയിൽ. അത് പരപ്പനങ്ങാടിയിൽ നിർത്തുകയില്ല. ലോക്കൽ വണ്ടി അവിടെയെത്തുന്നത് പാതിരാവ് കഴിഞ്ഞ് പുലർച്ച രണ്ടിനും മൂന്നിനും ഇടയ്ക്കാണ്. ആ സമയത്തിനൊപ്പിച്ച് അങ്ങോട്ട് പോകാൻ ആരുമില്ല. കുതിരവണ്ടി മാത്രമാണ് കിട്ടാവുന്ന വാഹനം. വർഷക്കാലമായാൽ കൃഷി ചെയ്യാൻ പറ്റാവുന്ന സ്ഥിതിയിലാണു റോഡ്. എന്തായാലും ഞാൻ തനിച്ചു തന്നെ പോകാൻ തീരുമാനിച്ചു. പരപ്പനങ്ങാടി തീവണ്ടിയാപ്പീസിലേക്ക് അഞ്ചു മൈൽ ദൂരമുണ്ട്. കുതിരവ

ണ്ടിക്ക് രണ്ടണയാണ് (ഇന്നത്തെ പന്ത്രണ്ട് പൈസ) കൂലി. ടോർച്ചുലൈറ്റ് കൊണ്ടു നടക്കുന്നത് ഇന്നത്തെ അംബാസിഡർ കാർ ഉള്ളതിന്റെ ഗമയാണ്. ചൂട്ടുകത്തിക്കലാണ് സാധാരണ പതിവ്. കുതിരവണ്ടിക്ക് കൂലി കൊടുക്കാൻ കാശില്ല. ഇന്നത്തെ കുട്ടികൾക്ക് ആശ്ചര്യം തോന്നുന്നുണ്ടാകും. ഇന്നത്തെ ഇരുന്നൂറു രൂപയേക്കാൾ മൂല്യമുണ്ട് അന്നത്തെ രണ്ടണയ്ക്ക്. എന്തു ചെയ്യും? ഞാൻ നടന്നുപോയി. വഴിയിൽ യാത്രക്കാരില്ല. ഇരുട്ട്. സർവ്വത്ര ഇരുട്ട്. ഇടക്ക് ചില കാളവണ്ടികൾ ചാഞ്ഞും ചരിഞ്ഞും ഉരുളുന്നത് കാണാം. അതിൽ തൂക്കിയിട്ട ഹരിക്കയിൻ ലാമ്പിന്റെ മങ്ങിയ വെട്ടവും. വണ്ടി എത്തുന്നതിന്റെ കുറച്ച് മുമ്പ് ഞാൻ പ്ളാറ്റ്ഫോമിൽ എത്തി. അങ്ങനെ വണ്ടി വന്നു. പഞ്ചാബി വേഷധാരിയെ നോക്കി ഞാൻ തലങ്ങും വിലങ്ങും നടക്കുമ്പോൾ ഒരാൾ വന്നു എന്റെ കൈപിടിച്ചു. ആരെയാണ് നിങ്ങൾ നോക്കുന്നത് എന്നു ചോദിച്ചു. ഞാൻ കാര്യം പറഞ്ഞു. അപ്പോൾ അദ്ദേഹം പറയുകയാണ്. “മഖ്ബൂൽ അഹ്മദ് സാഹിബ് എന്നെ അയച്ചിരിക്കുകയാണ്. അദ്ദേഹത്തിന് വരാൻ കഴിഞ്ഞില്ല. ഞാൻ അവിടത്തെ വാർഡൻ. പേര് അസ്‌ലം. സ്വദേശം വാഴക്കാട്. നിങ്ങൾ ഉമർ മൗലവിയല്ലേ?” എന്നും ചോദിച്ചു. അത്ഭുതം തോന്നി. ഈ വർത്തമാനത്തിൽ പുതിയ തലമുറക്ക് ഒരു പാഠമുണ്ട്. ‘വ്യവസ്ഥയും വെള്ളിയാഴ്ചയുമില്ലാത്ത’ മന്ത്രിമാർക്കും നേതാക്കൾക്കുമല്ല; സദാചാരവും ധാർമികതയും കുറച്ചെങ്കിലും വേണ്ടതാണെന്ന് കരുതുന്നവർക്ക്. ഒരാളോട് ഒരു വാക്ക് പറഞ്ഞാൽ അത് കഴിയുന്നത്ര ഓർമ്മവെക്കണം. ഒരിടത്ത് ഇന്ന സമയത്ത് എത്താമെന്ന് ഏറ്റാൽ കഴിവതും അത് നിറവേറ്റണം. കഴിയാതെ വന്നാൽ പകരം ആളെ അയക്കുകയോ യഥാസമയം വിവരം അറിയിക്കുകയോ ചെയ്യണം. അപരന്റെ സമയത്തിന് നമ്മുടെ സൗകര്യത്തേക്കാൾ വിലകൽപിക്കണം. ഇക്കാലത്ത് ഇതൊന്നും ആരും ശ്രദ്ധിക്കുന്നതായി തോന്നുന്നില്ല. ഓർമ്മയുണ്ടെങ്കിലും, ഞാൻ മറന്നുപോയി, ഇങ്ങനെ ഒഴുക്കൻ നുണ പറയാം എന്ന് നേരത്തെ തീരുമാനിക്കലാണ് പതിവ്. പഞ്ചാബുകാരനായ മഖ്ബൂൽ സാഹിബ് എത്ര നല്ലവനും മാതൃകാ യോഗ്യനുമാണ്. ധാർമ്മികബോധം അദ്ദേഹത്തെ വലയം ചെയ്തിരുന്നു എന്ന് മനസ്സിലായി.

“നമുക്ക് തിരൂരങ്ങാടിയിലേക്ക് നീങ്ങാം.” അസ്‌ലം സാഹിബ് പറഞ്ഞു. വാഹനമില്ല. കട്ടപിടിച്ച ഇരുട്ട്. വാഹനമുണ്ടെങ്കിൽ തന്നെ ആതിഥേയനായ എന്റെ പക്കൽ കാൽകാശില്ല. ഞാൻ മൈലുകൾ നടന്ന് എത്തിയതാണെന്ന സത്യം അദ്ദേഹം അറിയില്ലല്ലോ. പോരുമ്പോൾ ഇതൊന്നും ആലോചിക്കാതിരുന്നത് എന്താണാവോ? അബോധമായ ആവേശം

തന്നെ. വിഷണ്ണനായി നിന്ന എന്റെ തോളിൽ തട്ടി അസ്‌ലം സാഹിബ് 'നടക്കാം' എന്നു പറഞ്ഞപ്പോൾ ഞാൻ ആശ്വാസത്തിന്റെ നെടുവീർപ്പിട്ടു. ചുറുചുറുക്കുള്ള യുവാവായിരുന്നു അദ്ദേഹം.

അസ്‌ലം സാഹിബ് പിന്നീട് ജെ.ഡി.റ്റിയുടെ സെക്രട്ടറിയായി. അടുത്തിടെ സെക്രട്ടറി സ്ഥാനത്തു നിന്നും ആരോപണവിധേയനായി വിരമിച്ച ഹസൻ ഹാജി വാർഡനുമായി. കുറേ കൊല്ലങ്ങൾക്ക് ശേഷം അസ്‌ലം സാഹിബ് ദാരുണമായി അപകടത്തിൽ മരിച്ചു. ബോംബെയിൽ നിന്നും വിമാനം കയറിയ ഉടനെ അത് തീപിടിച്ച് തകർന്നു. അതിൽ അദ്ദേഹവും പെട്ടു. ത്യാഗബോധമുള്ള സേവകൻ. തന്റെ സേവനങ്ങൾ പരിഗണിക്കപ്പെടുകയും ശുഹദാക്കളുടെ പ്രതിഫലം പരലോകത്ത് അദ്ദേഹത്തിന് ലഭിക്കുകയും ചെയ്യുമാറാകട്ടെ.

ഞാൻ ഓർക്കുകയാണ്. പാങ്ങിൽ അഹ്മദ്കുട്ടി മുസ്‌ലിയാരുടെ ദർസിൽ തിരൂരിൽ കഴിയുന്ന കാലം. തിരൂർ ധർമ്മപരിപാലന സംഘത്തിന്റെ യോഗം നടക്കുന്നു. കിട്ടുന്ന വിജ്ഞാന സദസ്സുകളൊന്നും അന്നു ഞാൻ പാഴാക്കാറില്ല. ഇന്നും കഴിയുന്നത്ര അത് പാലിക്കാറുണ്ട്. കുറച്ചൊക്കെ വിജ്ഞാനം നേടി സാമാന്യം നന്നായി പ്രസംഗിക്കാനും എഴുതാനും തരമായാൽ പലർക്കും മറ്റുള്ളവരുടെ പ്രസംഗം കേൾക്കാൻ പോകുന്നത് ഒരു താഴ്ചപ്പാടായിട്ടാണ് തോന്നുക. ഈ രോഗം നന്മകളെ നശിപ്പിക്കുന്ന അഹങ്കാര സൂചനയാണ്. ഇന്നത്തെ യുവാക്കളിൽ ഈ രോഗം പടരുന്നതായി ഞാൻ കാണുന്നു. ഞാൻ ഭയപ്പെടുന്നു. അല്ലാഹു കാത്തു രക്ഷിക്കട്ടെ. വിജ്ഞാനം മുസ്‌ലിമിന്റെ കളഞ്ഞുപോയ സ്വത്താണ്. എവിടെ കണ്ടാലും നിങ്ങളത് എടുക്കണം എന്ന പ്രവാചക നിർദ്ദേശം നമ്മെ നയിക്കട്ടെ.

ആ യോഗത്തിൽ അസ്‌ലം സാഹിബും ഒരു പ്രാസംഗികനായിരുന്നു. അദ്ദേഹത്തിന്റെ പ്രഭാഷണത്തിലെ ഒരു പ്രധാന പോയിന്റ് ആറ് പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും മനസ്സിലെ അച്ചുകൂടത്തിലുണ്ട്. അദ്ദേഹം പറഞ്ഞു: "ഈ പേരിന് രണ്ടർത്ഥമുണ്ട്. ഒന്ന് ധർമ്മം പരിപാലിക്കുന്ന മുസ്‌ലിംകളുടെ സംഘം. മറ്റൊന്ന് മുസ്‌ലിംധർമ്മം പരിപാലിക്കുന്നതിന് ഉണ്ടാക്കപ്പെട്ട സംഘം. എന്നാൽ നമുക്ക് വേണ്ടത്, നാം ധർമ്മം പരിപാലിക്കുന്ന മുസ്‌ലിംകളാകണം എന്നുള്ളതാണ്." അസ്‌ലം സാഹിബിനെ ഞാൻ അന്നുമുതൽ സ്നേഹിച്ചിരുന്നു.

തിരൂരങ്ങാടിയിലേക്കുള്ള ആ നടത്തം ഇടക്കിടെ മനസ്സിൽ നിന്നും തികട്ടിവരാറുണ്ട്. രണ്ടണയ്ക്ക് കഴിവില്ലാത്ത ഞങ്ങൾ നൂറുകണക്കിന് അനാഥമക്കളെ പോറ്റുന്ന വിഷയമാണ് ആലോചിക്കുന്നത്! ഞങ്ങളിരു

വരും പലകാര്യങ്ങളും സംസാരിച്ചും ചർച്ച ചെയ്തും നടന്നതിനാൽ വലിയ വിഷമം തോന്നിയില്ല. അസ്‌ലം സാഹിബ് ചോദിച്ചു: "ഈ കുട്ടികളെയെല്ലാം ജെ.ഡി.റ്റിയിലേക്ക് കൊണ്ടുവരാൻ എളുപ്പമല്ല. ഇവിടെ ഞങ്ങളുടെ ഒരു ശാഖ സ്ഥാപിക്കലല്ലേ നല്ലത്? ഞാനെങ്ങനെ മറുപടി പറയും? ആലോചിക്കാം എന്നു മാത്രം പറഞ്ഞു.

ഞങ്ങൾ സ്ഥലത്തെത്തി. അപ്പോൾ നാനാഭാഗത്തുനിന്നും സുബ്ഹ് ബാങ്ക് കേൾക്കുന്നു. തറമ്മൽ പള്ളിയിൽ കയറി. കെ.എം. മൗലവി, എം. കെ. ഹാജി മുതൽ പേർ അവിടെയുണ്ട്. നമസ്കാര ശേഷം ഞങ്ങൾ നൂറുൽ ഇസ്‌ലാം മദ്റസയിൽ കൂടി. ഈ മദ്റസ തിരൂരങ്ങാടിയുടെ ചരിത്രം പുതിയൊരു ദിശയിലേക്ക് തിരിച്ചുവിട്ട കേന്ദ്രമാണ്. തിരൂരങ്ങാടി കേരള മുസ്‌ലിം നവോത്ഥാനസംരംഭങ്ങളുടെ കേന്ദ്രവും. ചരിത്രം വരക്കുന്നവർ പലപ്പോഴും മാപ്പ് തെറ്റിച്ചാണ് വരക്കുന്നത്. ചില സത്യങ്ങൾ അവർക്ക് അപ്രിയവും അരോചകവുമാണ്. ഭൂരിപക്ഷത്തിന്റെ കൈയടി മോഹിച്ചാണ് അത്തരക്കാർ പേനയുന്തുന്നത്.

അസ്‌ലം സാഹിബിന്റെ സാന്നിദ്ധ്യത്തിൽ ചർച്ച നടന്നു. ജെ.ഡി.റ്റിയുടെ ഒരു ശാഖ തിരൂരങ്ങാടിയിൽ തുടങ്ങാൻ തീരുമാനിച്ചു. തൽക്കാലം അൻപത് കുട്ടികളെ എടുക്കാം. ഭക്ഷണച്ചിലവ് പ്രതിമാസം മുന്നൂറു രൂപ വേണ്ടിവരുമെന്ന് കണക്കാക്കി. ഇരുന്നൂറ്റി അൻപത് രൂപ ജെ.ഡി.റ്റിയിൽ നിന്ന് തരും. ബാക്കി അൻപത് രൂപ നിങ്ങൾ ഉണ്ടാക്കണം. അസ്‌ലം സാഹിബിന്റെ ദീർഘബുദ്ധിയായിരുന്നു അത്. സേവന പങ്കാളിത്തം അദ്ദേഹം നിർബന്ധമായി വെച്ചുതരികയായിരുന്നു. കൊച്ചു കാര്യങ്ങളിലെ ഒരു കൊച്ചു കാര്യമായി ഇത് നിങ്ങൾക്കിപ്പോൾ തോന്നും. പക്ഷെ, അവിടെ നടന്നതെന്താണെന്ന് കേട്ടോളൂ. മറുപടി പറയാൻ, ആകട്ടെ എന്ന ലാഘവത്തോടെ ഒന്നു മൂളാൻ പോലും ആരും ധൈര്യപ്പെട്ടില്ല. കെ.എം. മൗലവിയുടെ നേതൃത്വത്തിൽ ഒരു സംഘം പ്രഗത്ഭന്മാർ മറുപടി പറയാൻ കഴിയാതെ അന്തംവിട്ടിരിക്കുകയാണ്. ഒരു മാസം അൻപത് രൂപയോ? എങ്ങനെ അതുണ്ടാക്കും? എല്ലാവരും മുഖത്തോട് മുഖം നോക്കുക തന്നെ. അസ്‌ലം സാഹിബ് നിസ്സംഗഭാവത്തിൽ മറുപടി കാത്തിരിക്കുകയായിരുന്നു. നൂറുൽഇസ്‌ലാം മദ്റസയിലെ അദ്ധ്യാപകനായ എന്റെ ശമ്പളം അന്ന് മാസാന്തം നാലു രൂപ. അതാണ് കാലഘട്ടം. ഒടുവിൽ എം.കെ. ഹാജി സാഹിബിന്റെ ഈമാനിന്റെ ശക്തി അവിടെ ജ്വലിച്ചുയർന്നു. "നമുക്ക് യാതൊരു കഴിവുമില്ല. പക്ഷേ, നമ്മുടെ യജമാനനായ അല്ലാഹു ഏറ്റവും കഴിവുള്ളവനല്ലേ. അൻപതു രൂപ ഞങ്ങളുണ്ടാക്കും." ഹാജി പറഞ്ഞു. ശാഖ തുടങ്ങാൻ തീരുമാനിച്ചു.

1943 ഡിസംബർ 11ന് യതീംഖാന പിറന്നുവീണു. എന്റെ വിവാഹപിറ്റേന്ന്. കല്യാണപിറ്റേന്ന് ഒരു മകൾ എന്നു പറയാൻ തോന്നുന്നു! പക്ഷെ, സദാചാര നിയമത്തിൽ അങ്ങനെ ഒരു വിശേഷണം അരുതാത്തതാണല്ലോ? എങ്കിലും എന്റെ മനസ്സ് അത്രയ്ക്കും ആഹ്ലാദമയമായിരുന്നു. സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങളുടെ അദ്ധ്യക്ഷതയിൽ ചേർന്ന മഹാ സമ്മേളനത്തിൽ വെച്ച് ഹാജി അബ്ദുസ്സത്താർ സേട്ട് സാഹിബ് ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. ഇവിടെ ചിലർക്ക് ഒരു ചോദ്യമുണ്ടാകും. ലീഗ് നേതാക്കളുടെ ആതിഥ്യം! അതും സുന്നികളുടെ ബഹുമാന്യ നേതാവായ ബാഫഖി തങ്ങൾ അദ്ധ്യക്ഷൻ! അവിടെയാണ് കെ.എം. മൗലവി സാഹിബിന്റെ മഹത്വം നമ്മൾ അറിയേണ്ടത്. നീതിയുടെ കണിശതയിൽ മൗലവി എന്നും മാതൃകയായിരുന്നു. മുസ്ലിംലീഗിന്റെ തിരൂരങ്ങാടി ശാഖയുടെ ലെറ്റർഹെഡിൽ അയച്ച അപേക്ഷയുടെ മഹത്തായ പരിണാമമായിരുന്നു ആ യതീംഖാന. അതിന്റെ ഉദ്ഘാടനകനും അദ്ധ്യക്ഷനുമാകാനുള്ള അർഹത മലബാറിലെ ഉന്നതനായ ഈ നേതാക്കൾക്കു തന്നെയാണെന്ന് മൗലവി വിശ്വസിച്ചു. അർഹതപ്പെട്ടത് അർഹരായവർക്ക് സന്തോഷത്തോടെ സമ്മാനിക്കണമെന്ന കാര്യത്തിൽ എന്റെ ഗുരു എന്നും നിർബന്ധം കാണിക്കുമായിരുന്നു. അദ്ദേഹത്തിന്റെ നിസ്വാർത്ഥത ആ കെട്ടിട സമൂഹത്തിൽ അള്ളിപ്പിടിച്ചു കിടക്കുന്നുണ്ട് എന്ന സി.എച്ചിന്റെ വിശേഷണം നൂറു ശതമാനം ശരിതന്നെ.

സത്താർസേട്ട് സാഹിബ് ഇന്ത്യാവിഭജനത്തോടെ പാക്കിസ്ഥാനിലേക്ക് പോയി. പാക്ക് അംബാസിഡറായി കുറെ കാലം ജോലി നോക്കി. കുറെ വർഷങ്ങൾക്കു ശേഷം നാട്ടിൽ വന്നു. ബന്ധുക്കളെയും സഹപ്രവർത്തകരെയും സുഹൃത്തുക്കളെയും എല്ലാം കണ്ടു മടങ്ങിപ്പോയി. ബാഫഖി തങ്ങൾ കേരള സംസ്ഥാന രൂപീകരണത്തോടെ മുസ്ലിംലീഗിന്റെ സ്റ്റേറ്റ് പ്രസിഡണ്ടായി. ഇന്ത്യൻ യൂണിൻ മുസ്ലിം ലീഗിന്റെ പ്രസിഡണ്ടായിരുന്ന ഖാഇദെമില്ലത്ത് മുഹമ്മദ് ഇസ്മാഈൽ സാഹിബ് എന്ന ലാളിത്യത്തിന്റെയും സേവനത്തിന്റെ പ്രതീകമായിരുന്ന നേതാവ് നിര്യാതനായപ്പോൾ തങ്ങൾ ആ സ്ഥാനം ഏറ്റെടുക്കാൻ നിർബന്ധിതനായി. ബുദ്ധിമാനും തന്ത്രജ്ഞനും ആജ്ഞാശക്തിയുമുള്ള നേതാവായിരുന്നു ബാഫഖി തങ്ങൾ. ഇന്ത്യൻ രാഷ്ട്രീയത്തിൽ അദ്ദേഹം ശ്രദ്ധേയനാകാൻ ഇതു തന്നെയായിരുന്നു കാരണം. ലീഗിന്റെ അനിഷേധ്യ നേതാവായിരിക്കുമ്പോഴും സ്വഭാവവൈശിഷ്ട്യവും വിനയവും അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നു. സർവ്വസമുദായ മൈത്രിയിൽ അദ്ദേഹത്തിന്റെ സേവനം മാതൃകയായിരുന്നു. ജാതി മത ഭേദമെന്യേ ബാഫഖി തങ്ങൾ ആദരണീ

യനായി. സുന്നികളുടെ ആധികാരിക സംഘടനയായ സമസ്തയുടെ സമുന്നത നേതാക്കളിൽ പ്രമുഖനായിരുന്നു അദ്ദേഹം. പക്ഷെ, മുജാഹിദ് നേതാക്കളായ എം.കെ. ഹാജി, എൻ.വി. അബ്ദുസ്സലാം മൗലവി തുടങ്ങിയ മഹദ് വ്യക്തികളുടെ ഉറ്റമിത്രമായി വർത്തിക്കാൻ അദ്ദേഹത്തിന് ഒട്ടും പ്രയാസമുണ്ടായിരുന്നില്ല. ഒരു സാമുദായിക നേതാവിന്റെ പക്വതയും മിതത്വവും മൂലം വ്യാപകമായ സുഹൃദ്ബന്ധവും ആദരവും നേടാൻ അദ്ദേഹത്തിനു കഴിഞ്ഞു. എന്നെപ്പോലുള്ള വികൃതികളായ മുജാഹിദുകളോടും സ്നേഹത്തിന് കുറവു കാണിച്ചിട്ടില്ല. നാട്ടിൽവെച്ചും മക്കത്തുവെച്ചും ഞങ്ങൾ ധാരാളം ഇടപഴകിയിട്ടുണ്ട്. ആത്മീയതയുടെ ഹോൾസെയിൽ ബാനറുമായി കേരളത്തിലേക്കു കടന്നു വന്നിട്ടില്ലാത്ത ഏക തങ്ങൾ കുടുംബം ബാഫഖി കുടുംബമായിരിക്കും. യമനിലെ ഹളറമൗത്തിൽ നിന്നും വ്യാപാരാർത്ഥം കേരളത്തിൽ കുടിയുറപ്പിച്ച ബാഫഖി കുടുംബം ആ പാരമ്പര്യം നിലനിർത്തി. പാണ്ടികശാലയിൽ നിന്നുകൊണ്ട് സാമുദായികവും രാഷ്ട്രീയവും അദ്ദേഹം കൈയാളി. അറബിവംശജനായ സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങൾ ഹജ്ജ് വേളയിൽ ലോകമുസ്ലിംകളുടെ ഖിബ്‌ല നിലകൊള്ളുന്ന മക്കത്തു വെച്ചു തന്നെ നിര്യാതനായി. അവിടെ ഖബറടക്കം നടന്നു. എന്റെ ഉറ്റ മിത്രവും പ്രഗത്ഭ നേതാവുമായിരുന്ന സത്താർ സേട്ട് പാക്കിസ്ഥാനിൽ വെച്ച് അന്തരിച്ചു. ഇരുവർക്കും അല്ലാഹു അർഹമായ പ്രതിഫലം നൽകുമാറാകട്ടെ.

ഓർമകളുടെ തീരത്ത്

## 7

# എന്റെ പ്രിയപ്പെട്ട എൻ.വി.

1997 ജൂൺ 8 വൈകുന്നേരം ഒരു ഫോൺ കോൾ. എൻ.വി. അബ്ദുസ്സലാം മൗലവി അന്തരിച്ചു. 9ന് രാവിലെ 10 മണിക്ക് ഖബറടക്കം. കുറെ നേരം തരിച്ചിരുന്നു. ദുഖമോ, ആശ്വാസമോ? ഒന്നും തിരിയുന്നില്ല. മൂന്നു വർഷത്തിലേറെയായി വെള്ളം നിറച്ച ബെഡ്ഡിൽ കിടക്കുകയായിരുന്നു. ഒമ്പത് വർഷങ്ങളായി രോഗം അദ്ദേഹത്തെ കീഴ്പ്പെടുത്തിയിരുന്നു. ദീർഘമായ കിടപ്പിൽ ശരീരത്തിലെ തൊലി പൊട്ടി വ്രണമാകാതിരിക്കാൻ ഡോക്ടർമാരുടെ നിർദേശമായിരുന്നു വെള്ളം നിറച്ച കിടക്ക.

ഓർമ്മകൾ അൻപത് വർഷങ്ങളേയും തള്ളിമാറ്റി പിറകോട്ട് പോയപ്പോൾ തിരൂരങ്ങാടിയിൽ തന്നെയാണ് എത്തിപ്പെട്ടത്. യതീംഖാനയുടെ ഉൽഘാടനം നടന്നു. ഏതാനും മാസങ്ങൾ പിന്നിട്ടു. അബ്ദുസ്സലാം മൗലവിയെ

യതീംഖാനയുടെ മാനേജർ പദവി എറ്റെടുക്കാൻ കെ.എം. മൗലവി ക്ഷണിച്ചു. സബഹുമാനം, സസന്തോഷം എൻ.വി. വന്നു. ഉത്തരവാദിത്വം ഏറ്റെടുത്തു. എൻ.വിയുമായുള്ള എന്റെ ബന്ധം അന്നു മുതൽ തുടങ്ങി. അഞ്ചു പതിറ്റാണ്ടുകൾ കഴിഞ്ഞു. എന്നെക്കാൾ രണ്ടു വയസ്സിന് മേലെയാണ് എൻ.വി. യുവത്വത്തിന്റെ തീക്ഷ്ണതയിൽ ആരംഭിച്ച ആ സുഹൃദ്ബന്ധം വാർദ്ധക്യത്തിന്റെ അന്ത്യയാമംവരെ പോയി. ആദർശബന്ധത്തിൽ തുടങ്ങി സുഹൃദ്ബന്ധത്തിന്റെ സുദൃഢമായ കണ്ണിയായി അത് രൂപാന്തരപ്പെട്ടു. സഹോദര സ്നേഹത്തിന്റെ ഉലയാത്ത കൊളുത്ത്. ഗുരുനാഥന്മാർ, ഗുരുതുല്യരായ മിത്രങ്ങൾ, സമപ്രായക്കാരായ സഹപ്രവർത്തകർ എല്ലാം ഒന്നൊന്നായി എന്നെ വിട്ടുപോയി. എൻ.വിയും പോയി.

എൻ.വി. കോടതിയിൽ ഒരു ഗുമസ്തനായിട്ടാണ് ഔദ്യോഗികജീവിതം ആരംഭിച്ചത്. അത് മനസ്സിനിണങ്ങാത്തതിനാൽ പിന്നീട് ജോലി രാജിവെച്ചു. അത്യാവശ്യം കഴിഞ്ഞുകൂടാൻ വകയുള്ള സ്ഥിതിയിലായിരുന്നു അദ്ദേഹം. ഭാര്യയും സാമാന്യം സാമ്പത്തിക ശേഷിയുള്ളവരായിരുന്നു. ഞങ്ങളുടെ പ്രവർത്തനങ്ങളിൽ താങ്കളുടെ സേവനം വളരെ ആവശ്യമായിരിക്കുന്നു എന്ന് കെ.എം. മൗലവി അറിയിച്ചപ്പോൾ അദ്ദേഹം വന്നു. ചുമതലകൾ ഏറ്റെടുത്തു. എൻ.വി.യെക്കുറിച്ച് അക്കാലത്തെ എന്റെ ഒരനുഭവം മനസ്സിൽ മായാതെ കിടക്കുന്നു. ഔദ്യോഗിക ജോലികൾക്ക് ശേഷം ഏതാണ്ട് മുഴുവൻ സമയവും അദ്ദേഹം ഖുർആൻ പാരായണത്തിലായിരിക്കും. നിരന്തരം ഓതുക തന്നെ. ആ കാഴ്ച ഇന്നും എന്റെ മനസ്സിലുണ്ട്. എൻ.വി. കഴിവുറ്റ പണ്ഡിതനും ഒന്നാന്തരം ആസൂത്രകനും മികവുറ്റ സംഘാടകനും എളിമയുള്ള സേവകനുമായിരിക്കുമ്പോൾ തന്നെ അദ്ദേഹം ഞങ്ങൾക്ക് മാതൃകയായിരുന്നു. ഇന്നത്തെ യുവാക്കൾ മാതൃക ആഗ്രഹിക്കുന്നുവെങ്കിൽ എൻ.വിയെ പഠിക്കൂ.

പുതിയ കുട്ടികൾ എന്തറിയുന്നു? കഴിഞ്ഞുപോയ കാലം! യാത്രാ സൗകര്യങ്ങൾ വിരളമായ, സാമ്പത്തിക ക്ലേശങ്ങളുടെ നടുവിൽ, പിന്തുണക്കാൻ ആരുമില്ലാതെ, സമൂഹത്തിന്റെ ശക്തമായ എതിർപ്പ്, വെറുപ്പ്, നാനാതരം പീഡനങ്ങൾ എല്ലാം സന്തോഷപൂർവ്വം സഹിച്ചും സമാശ്വസിച്ചും സത്യവീഥിയിലൂടെ തഖ്‌വയുടെ പാഥേയവുമായി നടന്നുകയറിയവർ. സ്വസമുദായത്തിന്റെ ആത്മീയവും ഭൗതികവുമായ വളർച്ചയ്ക്കും ഉയർച്ചയ്ക്കും വേണ്ടി ത്യാഗജീവിതം നയിച്ച എൻ.വി. അടക്കമുള്ള മഹാരഥന്മാരായ മാതൃകായോഗ്യരുടെ മണം പിടിച്ച് പിച്ചവെച്ച് നടന്ന് കയറിയ ഈ സാധുവിനെ വിട്ടേച്ച് അവരൊക്കെയും പോയി. അവരുടെ അദ്ധ്വാനത്തിന്റെ പ്രതിഫലം നേടാൻ. നീണ്ട സുഖദുഃഖ സമ്മിശ്രമായ ഈ വഴിത്താരയിൽ ഞാൻ പിന്നെയും പിന്നെയും ഒറ്റപ്പെടുകയാണ്.

അരീക്കോട് സല്ലമുസ്സലാം. ആ പേര് എൻ.വിയുടെ പര്യായ നാമാണ്. സമൂഹ ജീർണ്ണതയുടെ വരണ്ട ഭൂമിയിലൂടെ തെളിനീരിന്റെ ചാലുകൾ ഒഴുക്കി. വിജ്ഞാനത്തിന്റെ വിത്തുകൾ പാകി മുളപ്പിച്ചു. വളം ചേർത്ത് സംരക്ഷിച്ച് വളർത്തി വലുതാക്കി. അതൊക്കെയും പുഷ്പിച്ച് കായ്കനികൾ നൽകി സമൂഹം അത് ഭുജിച്ചുകൊണ്ടിരിക്കുന്നത് ആത്മസംതൃപ്തിയോടെ കണ്ടും അറിഞ്ഞും വിടവാങ്ങിയ മഹാഭാഗ്യവാനായിരുന്നു എൻ.വി. അബ്ദുസ്സലാം മൗലവി ﷺ. ഞാൻ മോഹിച്ചുപോകുന്നു, വെറുതെയാണീ മോഹം എന്നറിയാമെങ്കിലും യുവത്വം ഒന്നു തിരിച്ചുകിട്ടിയെങ്കിൽ എൻ.വി.യെപ്പോലെ കുറെ അദ്ധ്വാനിക്കാമായിരുന്നു. ആരോഗ്യത്തിന്റെയും യുവത്വത്തിന്റെയും കാലത്ത് എൻ.വി.യോടൊത്ത് എത്ര ഓടിയിട്ടും ഞാൻ വളരെ പിറകിലായിരുന്നു. കാരണം കർമ്മപഥത്തിൽ എൻ.വി. ഏറ്റവും വേഗതയുള്ള ഓട്ടക്കാരനായിരുന്നു. അദ്ദേഹം എന്റെ നേതാവും ഗുരുതുല്യനായ മിത്രവും പ്രിയപ്പെട്ട എന്റെ സഹകാരിയുമായിരുന്നു.

മനസ്സിലേക്ക് കയറിവന്ന ഒരു ഖുർആൻ വചനം. “ഹേ, സമാധാനം സിദ്ധിച്ച ആത്മാവേ, നീ നിന്റെ രക്ഷിതാവിങ്കലേക്ക് മടങ്ങിക്കൊള്ളുക. തൃപ്തനായിക്കൊണ്ടും തൃപ്തി ലഭിച്ചവനായ നിലയിലും എന്നിട്ട് എന്റെ അടിയാറുകളുടെ കൂട്ടത്തിൽ എന്റെ സ്വർഗത്തിൽ പ്രവേശിച്ചുകൊള്ളുക”. (91:27–30)

എന്റെ മിത്രമായ എൻ.വി. അത്യാഹ്ലാദകരമായ ഈ ആശംസകൾ ഏറ്റുവാങ്ങി പോയവനായിരിക്കാം എന്ന് എന്റെ മനസ്സ് മന്ത്രിക്കുന്നു. അല്ലാഹുവിന്നറിയാം. മഹാ കാരുണികനായ റബ്ബേ, എന്റെ എൻ.വിക്ക് നീ പൊറുത്തു കൊടുക്കണമേ! കരുണ ചെയ്യേണമേ, മോക്ഷം നൽകി അനുഗ്രഹിക്കേണമേ.

ഓർമകളുടെ തീരത്ത്

# 8

# സീതിസാഹിബ്

അക്ഷരത്തിലും അർത്ഥത്തിലും അനുഭവത്തിലും മഹാനായിരുന്നു കെ.എം. സീതിസാഹിബ്. യതീംഖാനയുടെ ആരംഭം തൊട്ടു തന്നെ എല്ലാ പ്രധാന വിഷയങ്ങളിലും ഉപദേഷ്ടാവും സഹായിയും നിർദേശകനുമായിരുന്നു അദ്ദേഹം. സീതിസാഹിബിന്റെ തലച്ചോർ മാത്രമല്ല രക്തവും മാംസവുമെല്ലാം ബുദ്ധിയായിരുന്നു എന്ന് തോന്നിയിരുന്നു. മതസ്നേഹം,

രാജ്യസ്നേഹം, സമുദായത്തോടുള്ള അടങ്ങാത്ത ഗുണകാംക്ഷ, പൊതുനന്മയെ ഇച്ഛിക്കൽ, എന്തിലും നിറഞ്ഞുനിൽക്കുന്ന ആത്മാർത്ഥത, ആസൂത്രണവൈദഗ്ധ്യം, ദീർഘദൃഷ്ടി ഇങ്ങനെ ഇതൾ വിടർത്തി എണ്ണിയാൽ തീരാത്ത വിശിഷ്ട ഗുണങ്ങൾക്ക് മകുടം ചാർത്തുന്ന മഹാവൈശിഷ്ട്യം മരണം വരെ അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. എപ്പോഴും പുഞ്ചിരിതൂകുന്ന വിനയാന്വിതമായ ആ വദനം. തേച്ചാലും മായ്ച്ചാലും പോകാത്ത ആ മുഖം ഇതെഴുതുമ്പോഴും എന്റെ മനസ്സിന്റെ കണ്ണാടിയിൽ തിളങ്ങുന്നു. ബി.എയ്ക്ക് പഠിക്കുമ്പോൾ തന്നെ സ്വഭാവഗുണത്തിനുള്ള സ്വർണ്ണ മെഡൽ അദ്ദേഹം നേടിയിരുന്നു. ആ മഹത്വം ഇടമുറിയാതെ അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. കേരള മുഖ്യമന്ത്രിയും രാഷ്ട്രീയാചാര്യനും കാഴ്ചയിൽ ഗർവ്വിഷ്ഠനുമായിരുന്ന ശ്രീ പട്ടം താണുപിള്ള സീതിസാഹിബിന്റെ ഖബറടക്കത്തിനു ശേഷം നടന്ന അനുശോചന യോഗത്തിൽ ഇങ്ങനെ പറഞ്ഞതായി ഞാൻ ഒരിടത്ത് വായിച്ചിട്ടുണ്ട്. “വിഷമങ്ങളും ദുഃഖങ്ങളും വരുമ്പോൾ നമ്മെ ആനന്ദിപ്പിക്കാറുള്ള ആ ‘പുഞ്ചിരി’ നമുക്ക് നഷ്ടപ്പെട്ടു... ആ പുഞ്ചിരി തൂകുന്ന മുഖം ഇനി നാം കാണുകയില്ലല്ലോ.”

സി.എച്ച്. ഒരിക്കൽ എഴുതി “ഞാൻ സീതിസാഹിബിന്റെ പാദങ്ങളെ പിൻപറ്റി പ്രവർത്തിച്ച് ജീവിതത്തിൽ ചില സ്ഥാനങ്ങളിലൊക്കെ എത്തിച്ചേർന്ന ഒരാളാണ്. എത്ര ആനന്ദത്തോടും എത്ര സ്നേഹത്തോടും കൂടിയായിരുന്നു വളരാൻ ആഗ്രഹിച്ച ഞങ്ങളെയൊക്കെ അദ്ദേഹം കൈപിടിച്ച് പൊക്കിക്കൊണ്ട് വന്നത്.”

സീതിസാഹിബിനെക്കുറിച്ച് കേട്ടതും കണ്ടറിഞ്ഞതുമായ കാര്യങ്ങൾ എഴുതാമെന്ന് കരുതിയാൽ എപ്പോൾ അത് അവസാനിക്കും എന്ന് എനിക്ക് തന്നെ നിശ്ചയമില്ല. ഞാൻ ചിലപ്പോഴൊക്കെ ഓർത്ത് പോകാറുണ്ട്. ബാലിശമാണെങ്കിലും സീതിസാഹിബ് എന്ന മനുഷ്യൻ ഈ നാട്ടിൽ ജനിച്ചില്ലായിരുന്നുവെങ്കിൽ ഈ സമുദായത്തിന്റെ അവസ്ഥ എന്താകുമായിരുന്നു! വല്ലപ്പോഴും മാത്രം ജനിക്കുന്ന അപൂർവ്വപ്രതിഭകൾ. താൻ ജീവിച്ചിരുന്നു എന്ന് അവർ തലമുറകളെ അറിയിക്കും. കേരള മുസ്ലിംചരിത്രം, അല്ല കേരള ചരിത്രം വരക്കുന്ന നീതിബോധമുള്ള ഏതൊരു ചരിത്രകാരനും സീതിസാഹിബിനെ ഒഴിവാക്കി തന്റെ കൃത്യം നിർവ്വഹിക്കാനാവില്ല. മുസ്ലിം സമുദായത്തിന്റെ നാനോന്മുഖ ചരിത്രവീഥികളിൽ സീതി സാഹിബിന്റെ പുഞ്ചിരി നിറഞ്ഞ ആ വദനം തെളിഞ്ഞു കാണാം. അദ്ദേഹമില്ലാത്ത കേരള ചരിത്രം കയ്യോ കാലോ ഇല്ലാത്ത വികലാംഗനെ ഓർമ്മിപ്പിക്കും. 1899 ആഗസ്റ്റ് 11ന് കൊടുങ്ങല്ലൂരിലെ അഴീക്കോട് കിഴ

ക്കേ നമ്പൂരിമഠം എന്ന തറവാട്ടിൽ ജനിച്ച് 1961 ആഗസ്റ്റ് 17ന് കേരള നിയമസഭയുടെ സർവ്വാദരണീയനായ സ്പീക്കറായിരിക്കെ പരലോക പ്രാപ്തനായി. പുതിയ തലമുറയോട് ഞാൻ ഉപദേശിക്കുന്നു. നിങ്ങൾ സീതി സാഹിബിനെ അറിയണം. അപ്പോഴേ നിങ്ങൾ ഈ സമുദായത്തെ അറിഞ്ഞവരാകൂ.



# 9

# ജെ.ഡി.റ്റിയെ വിടുന്നു

യതീംഖാന രണ്ടു വർഷം ജെ.ഡി.റ്റിയുടെ ശാഖയായി തുടർന്നു. പിന്നീട് ആ ബന്ധം വിടർത്തേണ്ടി വന്നു. കറസ്പോണ്ടന്റായ എൻ.വി. അബ്ദുസ്സലാം മൗലവിയും ജെ.ഡി.റ്റി ഭാരവാഹികളും തമ്മിൽ പൊരുത്തക്കേടുണ്ടായി. ബ്രിട്ടീഷ് ഭരണകാലം സർക്കാരിന് സമർപ്പിക്കേണ്ട കണക്കുകളിൽ ചില അഡ്ജസ്റ്റുമെന്റുകൾ ഭാരവാഹികൾ നിർദ്ദേശിച്ചു. അതൊരു നാട്ടുനടപ്പാണല്ലോ. ഉള്ളത് ഉള്ളതുപോലെ പറയരുതെന്നാണല്ലോ സർക്കാർ നിയമങ്ങൾ നമ്മെ പഠിപ്പിക്കുന്നതും ശീലിപ്പിക്കുന്നതും. ഒരു കൊച്ചു കച്ചവടക്കാരൻ പോലും കണക്കുകൾ സത്യസന്ധമായി കുറിച്ച് വെച്ച് അധികൃതർക്കു കൊടുത്താൽ കച്ചവടം പൂട്ടിയതു തന്നെ. അതല്ലെങ്കിൽ കിടപ്പാടം തന്നെ നഷ്ടപ്പെടും. ജനങ്ങളിൽ നിന്നും കണക്കുകൾ പിടിച്ചുവാങ്ങി പരിശോധിക്കുന്ന സെയിൽസ് ടാക്സ്- ഇൻകം ടാക്സ് ഓഫീസർമാർ റിട്ടയർ ചെയ്താൽ താമസിയാതെ അവർ ഒരു ഓഫീസ് തുറക്കും. ബോർഡ് വയ്ക്കും. സെയിൽ ടാക്സ്- ഇൻകം ടാക്സ് കൺസൾട്ടന്റ്. ആളുകൾ പിന്നെ കണക്കുബുക്കുകളുമായി അങ്ങോട്ടായി ഓട്ടം. സർക്കാർ നയങ്ങളുടെ ഊരാക്കുടുക്കുകളിൽ നിന്നും രക്ഷപ്പെടാനുള്ള തന്ത്രവും തരവും ഏറ്റവും നന്നായി അറിയുന്നവർ ഈ റിട്ടയേഡ് ഉദ്യോഗസ്ഥരാണല്ലോ. കളവു പറയാനും കള്ളത്തരം കാണിക്കാനും ജനങ്ങൾ നിർബന്ധിക്കപ്പെടുകയും ശീലിക്കുകയും ചെയ്യുന്ന നിയമവ്യവസ്ഥ ഒരു വശത്ത്. സർക്കാർ സർവ്വീസിലിരുന്ന് ശമ്പളം പറ്റി പണവും പേരും നേടി പുറത്തുവന്ന ശേഷം മാസംപ്രതി നല്ലൊരു തുക പെൻഷനായി കൈപ്പറ്റി സർക്കാറിനെ പറ്റിക്കാൻ കണക്കുകൾ ഒപ്പിക്കുന്ന ജോലിയുമായി മറുവശത്ത്! നിയമങ്ങളധികവും മനുഷ്യരുടെ നന്മയ്ക്കും പുരോഗതിക്കും വേണ്ടിയല്ല. നിയമത്തിനു വേണ്ടി നിയമം നിർമ്മിക്കുന്ന വിവരദോഷികൾ.

എന്തായാലും എൻ.വി. അഡ്ജസ്റ്റ്മെന്റിന് വഴങ്ങാൻ കൂട്ടാക്കിയില്ല. അദ്ദേഹത്തിന്റെ സത്യസന്ധതയുടെ കണിശത പ്രകടമായ ഒരു പ്രത്യേക സന്ദർഭമായിരുന്നു അത്. കെ.എം. മൗലവിയാകട്ടെ; നേർവഴിയിൽ നിന്നും അൽപം പോലും മാറാൻ നിർബന്ധിക്കുകയോ പ്രേരിപ്പിക്കുകയോ ചെയ്യുകയില്ല. ഇതുമൂലം മാനേജ്മെന്റും ബ്രാഞ്ചു അധികൃതരും തമ്മിൽ പൊരുത്തക്കേടിലായി. അങ്ങനെ ജെ.ഡി.റ്റിയുമായി ബന്ധം മുറിഞ്ഞു. എങ്കിലും യതീംഖാന തുടരണമെന്ന് ഞങ്ങൾ തീരുമാനിക്കുകയും ചെയ്തു. അങ്ങനെ തിരൂരങ്ങാടി മുസ്ലിം ഓർഫനേജ് കമ്മിറ്റി രൂപീകരിച്ചു. പ്രവർത്തനം തുടർന്നു. ഭാരവാഹികൾക്ക് കൂടുതൽ ധൈര്യവും ആത്മവിശ്വാസവും സൗകര്യങ്ങളും ഒത്തുകൂടിവന്നു. സീതിസാഹിബ് എല്ലാറ്റിന്റെയും പിറകിൽ ഉണ്ട് താനും.

ഇന്ത്യ സ്വതന്ത്രമായതിനുശേഷം ഉണ്ടായ ഒരു സംഭവം ഓർമ്മയിൽ വരുന്നു. മുസ്ലിം പേരുകളിൽ നടന്നുവരുന്ന സ്ഥാപനങ്ങളോടുള്ള സർക്കാർ സമീപനം അനുഭാവപൂർവ്വമല്ലായിരുന്നു. വിഭജനാനന്തര സാഹചര്യത്തിന്റെ അനിവാര്യ ദുരന്തം. പല നിയമക്കുരുക്കുകളും സൃഷ്ടിച്ച് സംഘങ്ങളുടെ പ്രവർത്തനങ്ങൾ നിർവീര്യമാക്കുന്ന പലതും നടന്നിട്ടുണ്ട്. ആ കൂട്ടത്തിൽപെട്ട ഒരു പ്രത്യേക അനുഭവം. മലബാർ മദിരാശി സംസ്ഥാനത്തിന്റെ ഭാഗം. യതീംഖാനകൾ ജയിൽ ഐ.ജി.യുടെ കീഴിൽ. ഒന്നിനു പിറകെ മറ്റൊന്നായി പ്രയാസങ്ങൾ വന്നുകണ്ടപ്പോൾ കമ്മിറ്റിയിൽ ഞാൻ ഒരഭിപ്രായം പറഞ്ഞു. അതിനുമാത്രം ഞാൻ അന്ന് വളർന്നിട്ടില്ല. എങ്കിലും പറഞ്ഞു. "നമുക്ക് കുറച്ച് ഹിന്ദു അനാഥക്കുട്ടികളേയും എടുക്കാം. ഭാവിയിൽ വരാവുന്ന പല പ്രയാസങ്ങൾക്ക് ഈ നടപടി ചിലപ്പോൾ ഗുണകരമായെങ്കിലോ?" എന്റെ അഭിപ്രായം ആരും പരിഗണിച്ചില്ല. നമുക്ക് കുട്ടികളെ ആ നിലയ്ക്ക് കിട്ടുകയില്ല, ആ ശ്രമം വൃഥാവിലായിരിക്കും എന്നു ചിലർ പറഞ്ഞു.

കുറെ നാൾ കഴിഞ്ഞു. ജയിൽ ഐ.ജിയുടെ ഒരു കത്തു വന്നു. നിങ്ങൾ എന്തുകൊണ്ട് ഇതര സമുദായത്തിലെ അനാഥകുട്ടികളെ ഈ സ്ഥാപനത്തിൽ ചേർക്കുന്നില്ല? ഈ ചോദ്യമാണ് കത്തിലെ ഉള്ളടക്കം. അതോടെ പ്രശ്നമായി. മറുപടി തയ്യാറാക്കാനും നിയമോപദേശത്തിനും യതീംഖാനയുടെ ലെറ്റർഹെഡുമായി സീതിസാഹിബിന്റെ അടുക്കലേക്ക് ആളെ വിടാനുള്ള ഒരുക്കത്തിലാണ്. അപ്പോഴും ഞാൻ ഒരഭിപ്രായം പറഞ്ഞു. ഒരു അമുസ്ലിം കുട്ടിക്കുവേണ്ടി ആരും അപേക്ഷ തരികയോ അതേക്കുറിച്ച് ഒരന്വേഷണവുമായി ആരും ഇതുവരെ ഞങ്ങളെ സമീപിക്കുകയോ ചെയ്തിട്ടില്ല. വന്നാൽ തീർച്ചയായും ഞങ്ങൾ അത് അനുഭാവപൂർവ്വം

പരിഗണിക്കുന്നതായിരിക്കും എന്ന് മറുപടി കൊടുത്താൽ മതിയാകുമെന്ന് തോന്നുന്നു. പക്ഷെ, ഞാൻ ഒരു നിയമജ്ഞനോ ബുദ്ധിജീവിയോ അല്ലല്ലോ. കാര്യപ്രാപ്തിയോ പൊതുരംഗത്ത് തഴക്കവും പഴക്കവും ലഭിച്ചവനോ അല്ല. അതുകൊണ്ടുതന്നെ എന്റെ അഭിപ്രായം മുഖവിലക്ക് എടുക്കേണ്ട ബാധ്യത കമ്മിറ്റിക്ക് ഇല്ല.

സീതിസാഹിബിനെ തേടിപ്പോയ ആൾ മടങ്ങിവന്നു. കത്ത് ഇംഗ്ലീഷിൽ ടൈപ്പ് ചെയ്തിട്ടുണ്ട്. പ്രസിഡണ്ട് കെ.എം. മൗലവി ഒപ്പിട്ട് അയച്ചാൽ മതി. കത്ത് എന്താണെന്ന് നോക്കി. വളരെ കുറഞ്ഞ വാചകം. ഞാൻ നേരത്തെ അഭിപ്രായപ്പെട്ടതുതന്നെ. എല്ലാവർക്കും സന്തോഷം. എനിക്ക് ആഹ്ലാദം. ഞാൻ റബ്ബിനെ സ്തുതിച്ചു. സാധുവായ ഞാൻ കമ്മിറ്റിക്കാർക്കിടയിൽ പരിഗണിക്കപ്പെടാൻ ഇതൊരു കാരണമായി ഭവിച്ചു. റബ്ബിന്റെ അനുഗ്രഹമല്ലാതെ മറ്റെന്താണിതിലുള്ളത്!

പിന്നീട് കമ്മിറ്റി ഈ കാര്യത്തിൽ ഗൗരവമായി ചിന്തിച്ചു. മന്ത്രിയും മുൻസ്പീക്കറുമായിരുന്ന ചാക്കീരി അഹ്മദ്കുട്ടി സാഹിബ് അന്ന് കമ്മിറ്റിയിലുണ്ട്. അദ്ദേഹം പറഞ്ഞു. എന്റെ കീഴിൽ അനാഥരായ ഹിന്ദുകുട്ടികളുണ്ട്. അവരെയെടുക്കാം. ചാക്കീരി ഒരു പ്രബല സമ്പന്ന കുടുംബത്തിലെ അംഗമാണല്ലോ. അത്തരക്കാർക്ക് അക്കാലത്തൊക്കെ നാടോടി ബഡുകന്മാർ എന്ന പേരിൽ ഒരു സംഘമുണ്ടായിരുന്നു. അധഃകൃതസമുദായത്തിൽപെട്ടവർ. പ്രബലന്മാരുടെ ആജ്ഞാനുവർത്തികളും കുടിയാന്മാരുമായിരുന്നു അവർ. അന്നത്തെ സാമൂഹിക ജാതിവ്യവസ്ഥയിൽ കുരുങ്ങിക്കിടക്കുകയാണീ കൂട്ടർ. അവരിൽപെട്ട അഞ്ചു കുട്ടികളെ ചാക്കീരി കൊണ്ടുവന്നു. അതിൽ നാലുപേരും ഇടയ്ക്ക് വെച്ച് പോയി. ഒരാൾ ബാക്കിയായി. അവൻ പിടിച്ചുനിന്നു. പത്താംതരം പാസ്സായി. അവിടത്തെ ട്രെയിനിംഗ് സ്കൂളിൽ ചേർത്തു. അതു കഴിഞ്ഞപ്പോൾ സ്കൂളിൽ തന്നെ അദ്ധ്യാപകനായി നിയമിച്ചു. ആ വ്യക്തി പിന്നീട് മുസ്‌ലിംലീഗിന്റെ എം. എൽ.എ. ആയി ശോഭിച്ചു. പിന്നീട് ലീഗിന്റെ നോമിനിയായി പബ്ലിക് സർവ്വീസ് കമ്മീഷൻ മെമ്പറായി. കെ.പി. രാമൻ മാസ്റ്റർ. അദ്ദേഹം ഞങ്ങളുടെ വളർത്തുപുത്രനാണ്. നല്ലവനാണ്. ഞാൻ അദ്ദേഹത്തെ ഇഷ്ടപ്പെടുന്നു. ബഹുമാന്യവും ഉന്നതവുമായ സ്ഥാനത്ത് പി.എസ്.സിയുടെ ബോർഡ് വെച്ച കാറിൽ അദ്ദേഹം വന്നിറങ്ങുന്നത് കാണുമ്പോൾ പുത്രവാത്സല്യത്തിന്റെ കുളിർമ്മയാണ് മനസ്സിൽ. ഒരിക്കൽ തിരൂരിൽ വെച്ച് ഒരു ദളിത് യുവാവ് എന്റെ അടുത്ത് വന്നു വിനയപൂർവ്വം സ്നേഹത്തോടെ സംസാരിച്ചു. അൽപം കഴിഞ്ഞാണ് ആളെ തിരിച്ചറിഞ്ഞത്. യതീംഖാനയിൽ നിന്നും വിട്ടുപോയ നാലു കുട്ടികളിൽ ഒരാളായിരുന്നു അത്.

അദ്ദേഹത്തിന്റെ പെരുമാറ്റത്തിൽ മനം കുളിർത്തു. രാമൻ മാഷ് പി.എസ്.സി. മെമ്പറായിരിക്കെ അന്തരിച്ചു.

ഞാൻ കുറെക്കാലം യതീംഖാനയുടെ മാനേജരായും പ്രവർത്തിച്ചു. പിന്നീട് ഞാൻ സുഊദി അറേബ്യയിൽ കഴിയുന്ന കാലം. എം.കെ. ഹാജി ഹജ്ജിന് വന്നു. ഞാൻ കോഴ്സ് പൂർത്തിയാക്കി നിൽക്കുകയാണ്. ഹാജി സാഹിബ് എന്നോട് നാട്ടിലേക്ക് വരാൻ ആവശ്യപ്പെട്ടു. അദ്ദേഹം പറയുകയാണ്, നിങ്ങളുടെ സാന്നിധ്യം എനിക്ക് വലിയ സമാധാനമായിരിക്കും. അത്രയ്ക്കൊന്നും ഞാനില്ലെന്ന് എനിക്ക് നന്നായി അറിയാം. ഹാജി സാഹിബിന് എന്നോടുള്ള സ്നേഹം അതിർകവിഞ്ഞ നിലയിൽ പ്രകടിപ്പിക്കുകയായിരുന്നു. ഞാൻ വന്നു. മാനേജരായി ചുമതലയേറ്റു. അദ്ദേഹത്തിന് എന്തെന്നില്ലാത്ത തൃപ്തി. എനിക്കും തൃപ്തി.

ഒരിക്കൽ ഒരു സംഭവം. വിശുദ്ധ ഖുർആനിന്റെ വശ്യത കുട്ടികളിൽ പ്രകടമായ ഒരനുഭവം ഇന്നും ഞാൻ മറന്നിട്ടില്ല. ഒരുപാട് കാര്യങ്ങൾ മറന്നുപോയി. പക്ഷെ, ഇത് ഓർമ്മയിൽ തങ്ങിക്കിടക്കുന്നു. ഒരു കുട്ടിയുടെ പെട്ടിയിൽ നിന്നും പണം കളവ് പോയി. സംഖ്യ കുറച്ചധികമുണ്ടായിരുന്നു. അന്നത്തെ നിലക്ക് അതൊരു വലിയ തുകയാണ്. കുട്ടികളുടെ കയ്യിൽ അത്രമാത്രം പൈസ ഉണ്ടായതും തെറ്റ്. ഞാൻ മക്കളെ വിളിച്ചുകൂട്ടി. വൽ- അസ്ർ സൂറത്ത് ഓതി. അത് വിശദീകരിച്ചുകൊണ്ട് ഒരു ക്ലാസ് എടുത്തു. കളവിന്റെ ഭൗതികവും പാരത്രികവുമായ ദോഷങ്ങൾ ആ കൂട്ടത്തിൽ ഊന്നിപ്പറഞ്ഞു. പ്രസംഗം കഴിഞ്ഞു. ആ രൂപ എടുത്തവൻ ഇവിടെ വരൂ. എന്ന് വിളിച്ചു പറഞ്ഞു. അത്ഭുതം! ഒരു കുട്ടി കരഞ്ഞുകൊണ്ട് കൂട്ടത്തിൽ നിന്ന് എഴുന്നേറ്റു വന്നു. പൈസ അവന്റെ കയ്യിൽ നിന്നും ചെലവായിപ്പോയിരുന്നു. ഭാഗ്യത്തിന് അപ്പോൾ എന്റെ കയ്യിൽ പൈസ ഉണ്ടായിരുന്നു. ഞാൻ ഉടമസ്ഥന് കൊടുത്തു. കളവ് ചെയ്തവനെ ആശ്വസിപ്പിച്ചു. ഉപദേശിച്ചു. ആ കുട്ടി പിന്നീട് നല്ലവനും മിടുക്കനുമായിത്തീർന്നു. മൊറയൂർക്കാരനാണ്. ഇതെഴുതുമ്പോൾ സുഖമില്ലാതെ കിടപ്പിലാണ്. ഞാൻ പോയി കണ്ടിരുന്നു. ഖുർആൻ മനുഷ്യമനസ്സിനെ പലപ്പോഴും അത്ഭുതകരമായ നിലയിൽ സ്വാധീനിക്കുന്നു. ആ സ്വാധീനം അവന്റെ ജീവിതത്തിലുടനീളം അവനെ നയിക്കുകയും ചെയ്യും.

മുഹമ്മദ് നബിﷺ ഒരിക്കൽ 'അന്നജ്മ്' എന്ന ഖുർആൻ അദ്ധ്യായം ഒരു സംഘത്തിന്റെ മുമ്പിൽ വെച്ച് ഓതി. കൂടുതലും ബഹുദൈവാരാധകരായിരുന്നു സദസ്സിൽ. "ഫസ്ജുദൂലില്ലാഹി" (അതിനാൽ അല്ലാഹുവിന് നിങ്ങൾ സാഷ്ടാംഗം ചെയ്യൂ) എന്നു പറഞ്ഞതോടെ ശക്തമായ ഒരാ

ജ്ഞക്ക് വിധേയമായ നിലയിൽ മുഴുവൻ ആളുകളും സുജൂദിൽ വീണു. നടുവളക്കാൻ കഴിയാതെ വിഷമിക്കുന്ന ഒരാൾ മണ്ണ് എടുത്ത് നെറ്റിയിൽ വെച്ചു. ഖുർആന്റെ അമാനുഷികതയാണ് ഇവിടെ ദൃശ്യമായത്. ആ കുട്ടിയിൽ പരിവർത്തനമുണ്ടാക്കിയതും ഖുർആൻ തന്നെ. ചരിത്രത്തിൽ ഒട്ടേറെ അനുഭവങ്ങൾ കാണാം.

എൻ.വി. അബ്ദുസ്സലാം മൗലവി യതീംഖാനക്ക് വേണ്ടി സേവനം ചെയ്യാൻ വന്നപ്പോൾ എല്ലാവരും സന്തോഷിച്ചു. അരീക്കോട് അതുമൂലം ഒരു വിടവുണ്ടായി. ജംഇയ്യത്തുൽ മുജാഹിദീൻ എന്ന സംഘം എൻ.വിയുടെ അരുമ സന്താനമാണ്. അതിന്റെ കീഴിൽ മുളച്ചുവളർന്ന് പന്തലിച്ചു നിൽക്കുന്ന വിദ്യാഭ്യാസസമുച്ചയം സുല്ലമുസ്സലാം എന്ന പേരിൽ നിങ്ങൾ കാണുന്നില്ലേ. എൻ.വി. അബ്ദുസ്സലാം മൗലവിയുടെ ഗന്ധം അതിനെ വലയം ചെയ്തിട്ടുണ്ട്. ഓരോ മഹാ പ്രസ്ഥാനങ്ങൾക്കും ഓരോ മഹാന്മാർ നിമിത്തമാകുകയാണ്. അഥവാ അതുമൂലം ചില വ്യക്തികൾ മഹാന്മാരുടെ പദവിയിലേക്ക് ഉയർത്തപ്പെടുന്നു. എന്റെ ബഹുമാന്യ സുഹൃത്തായിരുന്ന ഡോ. അബ്ദുൽ ഗഫൂർ സമർത്ഥനായ ഒരു ഭിഷഗ്വരനായിരുന്നു. പക്ഷേ, അദ്ദേഹം ജനലക്ഷങ്ങളുടെ മനസ്സിൽ മായാതെ നിൽക്കുന്നത് എം.ഇ.എസ് എന്ന മഹത്തായ പ്രസ്ഥാനത്തിന്റെ സ്ഥാപകൻ എന്ന നിലയിലാണ്. ഒരു കാലഘട്ടത്തിൽ ശക്തമായ എതിർപ്പിന്റെ തീച്ചൂളയിലേക്ക് എം.ഇ.എസ്. എറിയപ്പെട്ടു. മുസ്‌ലിംലീഗുമായി ഉണ്ടായ ചില അഭിപ്രായ ഭിന്നതയായിരുന്നു കാരണം. മറുഭാഗത്ത് ശക്തരും പ്രബലരും ജനപിന്തുണ വേണ്ടതിലധികം ആർജ്ജിച്ചവരുമായ നേതാക്കൾ എം.ഇ.എസ്സിനെതിരെ അണിനിരന്നു. ആ പ്രതിസന്ധിഘട്ടത്തിൽ എം.ഇ.എസ്സിനെ പിടിച്ചുനിർത്തിയതും വളർത്തിയതും ഡോ. അബ്ദുൽ ഗഫൂറിന്റെ വ്യക്തിപ്രഭാവവും ബുദ്ധിപരമായ അദ്ദേഹത്തിന്റെ നേതൃത്വവുമായിരുന്നു എന്ന കാര്യം ആർക്കും മറക്കാൻ കഴിയില്ല. ആരോഗ്യകരമായ ഒരു സംഘട്ടനം എന്ന് ഞാൻ അതിനെ വിശേഷിപ്പിക്കട്ടെ. കാരണം, അതിരൂക്ഷമായ ആ സംഘട്ടനം മൂലം ആർക്കും ദോഷമുണ്ടായില്ല. മുസ്‌ലിം ലീഗും വളർന്നു കൂടുതൽ ശക്തമായി. എം.ഇ.എസും വളർന്നു അഭിമാനകരമായ അവസ്ഥയിലേക്ക് കുതിച്ചു. എന്തുകൊണ്ട്? പ്രസ്ഥാനങ്ങളെ നയിക്കുന്നവരുടെ ഇഖ്‌ലാസ് തന്നെ കാരണം. അവരുടെ നിസ്വാർത്ഥതയും ആത്മശുദ്ധിയും സാമുദായിക പ്രതിബദ്ധതയും എല്ലാ താല്പര്യങ്ങൾക്കും അതീതമായിരുന്നു. അവർക്ക് അല്ലാഹുവിന്റെ ഭാഗത്ത് നിന്നും സഹായം ലഭിക്കും. എതിർപ്പുകൾകൊണ്ട് പരസ്പരം കലഹിച്ചാലും ആർക്കും ക്ഷതമേൽക്കുകയില്ല.

തന്റെ അഭാവത്തിൽ അരീക്കോട് പോയി കുറച്ച് പ്രവർത്തനങ്ങളിൽ ഏർപ്പെടണമെന്ന് എൻ.വി. എന്നോട് നിർദ്ദേശിച്ചു. ഞാൻ പോയി. കുറച്ചുനാൾ അങ്ങനെ കഴിഞ്ഞു. അവിടത്തെ ഒരു പഴയ പള്ളി വളരെ അശ്രദ്ധമായ അവസ്ഥയിലായിരുന്നു. നമസ്കാരം പോലും ക്രമമായി നടന്നിരുന്നില്ല. ആ പള്ളിയുടെ കൈകാര്യകുടുംബത്തിലെ ഒരംഗം ജംഇയ്യത്തുൽ മുജാഹിദീന്റെ പ്രവർത്തകനായിത്തീർന്നു. അതൊരു അനുകൂലമായ ഘടകമായി. ജംഇയ്യത്തിന്റെ ആളുകൾ ക്രമേണ പള്ളിയുടെ നടത്തിപ്പ് ഏറ്റെടുത്തു. പക്ഷെ, അവിടെ ജുമുഅ ഇല്ല. അത് തുടങ്ങാൻ ആർക്കും ധൈര്യം പോരാ. പഴയ മഹല്ലിന്റെ അനുവാദം കിട്ടണം. അത് കിട്ടുകയുമില്ല. ജുമുഅ തുടങ്ങാൻ ഞാൻ ഉദ്യമിച്ചു. അനന്തരം ഉണ്ടാകാവുന്ന പ്രശ്നങ്ങളിൽ നിങ്ങൾ തന്നെ ഉത്തരവാദിയായിരിക്കുമെന്ന് ജംഇയ്യത്തുകാർ എന്നെ താക്കീത് ചെയ്തു. ഞാൻ അത് സമ്മതിച്ചു. ഒരു യോഗം വിളിച്ച് അവരുടെ ഭയാശങ്കകൾ ഒതുക്കാൻ ഞാൻ കുറെ ശ്രമം നടത്തി. അങ്ങനെ ജുമുഅ തുടങ്ങി. ഒന്നുമുണ്ടായില്ല. ആ പള്ളിയാണ് സുല്ലമുസ്സലാം കോളേജിനടുത്ത് ഇപ്പോൾ തലയുയർത്തി നിൽക്കുന്നത്. അല്ലാഹുവിന് സ്തുതി!

തിരൂരങ്ങാടി യതീംഖാനയെക്കുറിച്ചാണ് പറഞ്ഞുവന്നത്. ഇടയ്ക്ക് വഴിമാറുന്നുണ്ട്. അനുബന്ധകാര്യങ്ങളെന്ന നിലയിൽ ഇടക്ക് ചിലത് പറയേണ്ടിവരും. പ്രതിമാസം അമ്പത് രൂപ എങ്ങനെയുണ്ടാക്കും എന്നാലോചിച്ച് ഉത്തരം കിട്ടാതെ മുഖത്തോടുമുഖം നോക്കിയിരുന്ന അവസ്ഥയിൽ നിന്നും രണ്ടണ കുതിര വണ്ടിക്ക് കൂലി കൊടുക്കാനില്ലാതെ കൂരാകൂരിരുട്ടിൽ അഞ്ചു മൈൽ അങ്ങോട്ടും തിരിച്ചിങ്ങോട്ടും നടന്നുപോയ കാലവും കടന്നു. യതീംഖാന പതുക്കെ പതുക്കെ വളർന്നു. എം.കെ. ഹാജിയുടെ ദൃഢമായ തവക്കുലിൽ നിന്നും ഉയർന്നുവന്ന വാക്കുകൾ അന്വർത്ഥമായി. കെ.എം. മൗലവിയുടെ വികാരവിവശമായ കിതപ്പിന്റെ ശബ്ദം എന്റെ കാതുകളിൽ മുഴങ്ങുന്നു. കേരളമുസ്ലിംകളുടെ തലയെടുപ്പുള്ള ഒരു മഹാപ്രസ്ഥാനമായി റബ്ബിന്റെ അനുഗ്രഹത്താൽ അത് വളർന്ന് പന്തലിച്ചു. എൽ.പി. സ്കൂൾ, ഓറിയന്റൽ ഹൈസ്കൂൾ, സീതിസാഹിബ് മെമ്മോറിയിൽ ട്രെയ്നിംഗ് സ്കൂൾ, പോക്കർ സാഹിബ് മെമ്മോറിയൽ ആർട്സ് കോളേജ്, ബിരുദാനന്തര ബിരുദ കോഴ്സുകൾ, കെ.എം. മൗലവി മെമ്മോറിയൽ അറബിക്കോളേജ്, വിശാലതയുള്ള മസ്ജിദ്, യതീംകുട്ടികൾക്കായുള്ള ഹോസ്റ്റൽ കെട്ടിടങ്ങൾ, ആധുനിക സൗകര്യങ്ങളോടെ പ്രൗഢഗംഭീരമായ എം.കെ. ഹാജി മെമ്മോറിയൽ ഹോസ്പിറ്റൽ. സി.എച്ച്. പറഞ്ഞതുപോലെ ഒരു ജ്ഞാനവൃദ്ധന്റെ ആത്മാർത്ഥത അതിൽ

അള്ളിപ്പിടിച്ചിരിക്കുന്നുണ്ട്. കെ.എം. മൗലവിയുടെ ആ കിതപ്പിന്റെ ശബ്ദം, മഹാനായ ആതുരസേവകൻ എം.കെ. ഹാജിയുടെ വിയർപ്പിന്റെ മണവും അവിടെ ഞാൻ അറിയുന്നു.

ഓർമകളുടെ തീരത്ത്

10

# എം.കെ. ഹാജിയും മുസ്ലിംലീഗും

മുസ്ലിംലീഗിന്റെയും ഇസ്ലാഹീ പ്രസ്ഥാനത്തിന്റെയും ആതുര സേവനചരിത്രത്തിലെ ഒരു പൊൻതൂവലാണ് ഈ മഹാ പ്രസ്ഥാനം. മുസ്ലിംലീഗിന്റെ ലറ്റർഹെഡ്ഡിൽ കുറിച്ച വാക്കുകളിലൂടെയാണിതിന്റെ തുടക്കം. മുജാഹിദ് നേതാക്കൾ ഇതിന്റെ മനസ്സും ശരീരവുമായിരുന്നു. ലീഗിന്റെയും ഇസ്ലാഹീ മൂവ്മെന്റിന്റെയും മനസ്സും തലച്ചോറുമായിരുന്ന സീതിസാഹിബായിരുന്നു ഇതിന്റെ രക്ഷാധികാരി. ബാഫഖിതങ്ങൾ, സത്താർസേട്ട്, ബി. പോക്കർ സാഹിബ് എം.പി, ചാക്കീരി അഹ്മദ്കുട്ടി, അവുക്കാദർ കുട്ടിനഹ, ഇബ്റാഹീം സുലൈമാൻ സേട്ട് എം.പി, സി. എച്ച്. മുഹമ്മദ് കോയ, സി.എച്ച്. ഇബ്രാഹീം ഹാജി, കാരാടൻ മുഹമ്മദ് കുട്ടി ഹാജി അങ്ങനെ എത്രയെത്ര ലീഗ് മുജാഹിദ് നേതാക്കൾ അതിന് വളവും വെള്ളവും നൽകി. മുസ്ലിം ലീഗിന്റെ അഭിമാനകരമായ നേട്ടങ്ങളുടെ പട്ടികയിൽ പ്രകാശിക്കുന്ന ഒരു പൊൻവിളക്കാണ് തിരൂരങ്ങാടി യതീംഖാന എന്ന് പറയുന്നതിൽ ഒരതിശയോക്തിയുമില്ല.

മുസ്ലിം ലീഗിൽ ഉണ്ടായ നിർഭാഗ്യകരമായ പിളർപ്പിന്റെ ഘട്ടം. ചന്ദ്രിക പത്രമടക്കം പല സ്ഥാപനങ്ങളും എം.കെ. ഹാജി നേതൃത്വം നൽകിയ അഖിലേന്ത്യാ മുസ്ലിംലീഗിന്റെ സ്വാധീനവലയത്തിലായിരുന്നു. എന്നാൽ സി.എച്ചിന്റെ നേതൃത്വത്തിൽ ഒന്നൊന്നായി മറുഭാഗം തിരിച്ചെടുക്കുകയായിരുന്നു. ഈ രാഷ്ട്രീയ പിരിഞ്ഞുമാറ്റം പുകയുന്ന തീകുണ്ഡമായി. യൂണിയൻലീഗിന്റെ അഖിലേന്ത്യാ പ്രസിഡണ്ട് ഇബ്രാഹീം സുലൈമാൻ സേട്ട് യതീംഖാനയുടെ പ്രസിഡണ്ട്. അഖിലേന്ത്യാലീഗിന്റെ സംസ്ഥാന പ്രസിഡണ്ട് എം.കെ. ഹാജി യതീംഖാനയുടെ സെക്രട്ടറി. കമ്മിറ്റിയിൽ ഇരുവിഭാഗക്കാരും പ്രബലമായുണ്ട്. യതീംഖാനയുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും ഭാവി തുലാസിലാണ്. എം.കെ. ഹാജിയെ തൽസ്ഥാനത്തു നിന്ന് നീക്കി സ്ഥാപനങ്ങൾ മറുപക്ഷത്തിന്റെ അധീനത്തിലാക്കാൻ അണിയറയിൽ ചരട്വലി ആരംഭിച്ചു. എന്നെപ്പോലുള്ള ഒന്നിനും പറ്റാത്തവർക്ക് കരയാനല്ലാതെ വേറെന്ത് കഴിയും? അന്ന് ഞാൻ

കൊച്ചി പുതിയ പള്ളിയിൽ ഖത്വീബായി കഴിയുന്നു. സൽസബീലിന്റെ പ്രസിദ്ധീകരണ കാര്യങ്ങളും അവിടെതന്നെ. ഞാൻ കരഞ്ഞുകൊണ്ടും കെ.എം. മൗലവിയെ അനുസ്മരിച്ചുകൊണ്ടും എം.കെ. ഹാജിക്ക് കത്തയച്ചു. അഖിലേന്ത്യാലീഗിന്റെ പ്രസിഡണ്ട് സ്ഥാനമെങ്കിലും നിങ്ങൾ ഒഴിയുക. നമ്മുടെ പ്രിയപ്പെട്ട സ്ഥാപനത്തിന്റെ ഗുണകരമായ ഭാവിക്കു വേണ്ടി. പക്ഷെ എന്തുകൊണ്ടോ അദ്ദേഹം വഴങ്ങിയില്ല. വേദനയോടെ ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അല്ലാഹുവിൽ ഭരമേൽപിച്ചു. ശക്തമായ ആ യുദ്ധമുഖത്ത് മുന്നണിപ്പോരാളിയായി പടവെട്ടുന്ന സി.എച്ചുമായി പലഘട്ടങ്ങളിലും ഒന്നിച്ചുകൂടുകയും ലോഹ്യം പറയുകയും ചെയ്യാറുണ്ടായിരുന്നു. പക്ഷെ, ഇതേക്കുറിച്ച് മിണ്ടാൻ എന്തോ എനിക്കു ധൈര്യമില്ല. എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ സി.എച്ച്. കാര്യത്തിന്റെ ഗൗരവം കണ്ടറിഞ്ഞു. തങ്ങളുടെ രാഷ്ട്രീയയുദ്ധത്തിൽ സി.എച്ചിന്റെ നാവു അതിമൂർച്ചയേറിയ ആയുധങ്ങൾ എതിരാളികൾക്ക് നേരെ നിരന്തരം എയ്തുവിട്ടുകൊണ്ടിരിക്കുമ്പോഴും 'ശുദ്ധനിൽ ശുദ്ധനായ എം.കെ. ഹാജി' എന്ന സംബോധകനായാണ് എപ്പോഴും നടത്തിപ്പോന്നിരുന്നത്. അതുകേട്ട സന്ദർഭങ്ങളിൽ എന്റെ മനസ്സ് ഭയത്തിലാണെങ്കിലും പ്രതീക്ഷ ഉളവാക്കിയിരുന്നു. തങ്ങളുടെ രാഷ്ട്രീയ സമരത്തിൽ യതീംഖാനയെ ആയുധമാക്കാൻ സി.എച്ച്. സമ്മതിച്ചില്ല. എം.കെ. ഹാജിയെ അവിടെനിന്നും ഒഴിവാക്കാൻ ഉദ്ദേശിക്കുന്നതു തന്നെ തികച്ചും ആത്മഹത്യാപരമായ പാപമാണെന്ന് ദീർഘദൃക്കായ സി.എച്ച്. കണ്ടറിഞ്ഞു. കത്തിപ്പുകഞ്ഞ് ഭീകരാവസ്ഥയിലെത്തുമായിരുന്ന ആ പ്രശ്നം മഞ്ഞുപോലെ തണുത്തു. അല്ലാഹുവിന് സ്തുതി.

മഹാനായ ആതുരസേവകൻ, പതിനായിരങ്ങളായ യതീമുകളുടെ 'ഹാജിയാരുപ്പ്' സ്വന്തം ഭവനം യതീംമക്കൾക്ക് താമസിക്കാൻ ഒഴിഞ്ഞു കൊടുക്കുകയും പിന്നീട് അത് അവർക്കു വേണ്ടി ദാനം ചെയ്യുകയും ജീവിതം യതീമുകളുടെ സംരക്ഷണത്തിനായി സമർപ്പിക്കുകയും ചെയ്ത എന്റെ പ്രാണസുഹൃത്ത് യാതൊരു ബഹുമതിയും ആശിക്കാതെ, അമ്പേഷിച്ചു പോകാതെ, നിശബ്ദനായി, സംതൃപ്തനായി ഈ ലോകം വിട്ടുകൊണ്ട് എന്നെ ഇവിടെ തനിച്ചാക്കി പോയി. അദ്ദേഹത്തിന്റെ പോറ്റുമക്കൾ സ്വദേശത്തും വിദേശത്തും ആയിരക്കണക്കിന് പരന്നുകിടക്കുന്നു. എത്രയോ പേർ ഉന്നതങ്ങളിൽ എത്തിപ്പെട്ടു. അവരിൽ സന്മനസ്സുള്ള ആയിരങ്ങളുടെ പ്രാർത്ഥന പരലോകത്ത് അദ്ദേഹത്തെ സ്ഥാനം കൊണ്ട് ഉയർത്തുമെന്ന് ഞാൻ ആശിക്കുന്നു. ലോകത്തുള്ള മുഴുവൻ സഹായഹസ്തങ്ങളുടെയും ശക്തികൊണ്ട് ബംഗാളിൽ ഒരാതുരശാല നടത്തിയു

രുന്ന മദർ തെരേസയെ മീഡിയകൾ വാഴ്ത്തിയതും അവരുടെ ശവമഞ്ചത്തിന് ഔദ്യോഗിക ബഹുമതി കോരിച്ചൊരിഞ്ഞതും കണ്ടപ്പോൾ ഞാൻ ഒന്നു പിടഞ്ഞു. ഈ ദുനിയാവിൽ അർഹിക്കുന്നവർക്ക് അർഹിക്കുന്നത് ലഭിക്കുകയില്ല. പരലോകത്തിന്റെ പരിപാടി നിശ്ചയിച്ചതിന് റബ്ബിനെ എത്ര സ്തുതിച്ചാലും മതിയാകുകയില്ല. നിത്യവും പതിനേഴ് പ്രാവശ്യം പരലോകത്തിന്റെ ഉടയവനെ സ്തുതിക്കാൻ നിർബന്ധിക്കപ്പെട്ടതിന്റെ പൊരുൾ ഇതൊക്കെത്തന്നെയാണ്. മൂന്ന്കണ്ടത്തിൽ കുഞ്ഞഹമ്മദ് ഹാജി. അതാണ് എം.കെ. ഹാജി. പ്രത്യേകമായി അദ്ദേഹത്തെ പുതിയ തലമുറ ഒന്നറിയുക തന്നെ വേണം. ഞാൻ തിരൂരങ്ങാടിയിൽ വന്ന കാലത്ത് അദ്ദേഹം മദിരാശിയിലാണ്. നാട്ടിൽ വന്നപ്പോൾ മൗലവി എന്നെ പരിചയപ്പെടുത്തി. എന്റെ വിവരങ്ങൾ അറിഞ്ഞപ്പോൾ അദ്ദേഹം ഏറെ സന്തുഷ്ടനായി. എന്നെ അദ്ദേഹം ഇളയ സഹോദരനെപ്പോലെ കണക്കാക്കിയതായാണ് എനിക്ക് തോന്നിയത്. ഹാജിയുടെ ഉമ്മ മകനെപ്പോലെ എന്നെ സ്നേഹിച്ചു. ഞാൻ ആ കുടുംബത്തിലെ അംഗമായി.

നാട്ടിലെ ഒരു സാമൂഹികപ്രവർത്തകനായിരുന്നു ഹാജി സാഹിബ്. മൗലീദിന്റെയും റാത്തീബിന്റെയും കൊടിവാഹകനുമായിരുന്നു. മമ്പുറം ജാറത്തിലെ നേർച്ച ആഘോഷത്തിൽ, അതിന്റെ നേതൃത്വത്തിലുണ്ടാകും. ഒരു ചട്ടമ്പിയുടെ എല്ലാ ഭാവങ്ങളും അദ്ദേഹത്തിനുണ്ടായിരുന്നു. സാമ്പത്തികമായി വട്ടപ്പൂജ്യം. ഉമ്മ അരിപ്പത്തിരി ഉണ്ടാക്കി വിറ്റ് കുടുംബം പുലർത്തുകയായിരുന്നു. തൊഴിൽ തേടി ആളുകൾ മദിരാശിയിലും ബാംഗ്ലൂരിലും പോകുന്ന കാലം. വിശപ്പിന്റെ വിളിയുമായി അദ്ദേഹം മദിരാശിയിലേക്ക് പോയി. ഹൽവ കഷ്ണങ്ങളാക്കി മുറിച്ച് കുട്ടയിൽ വെച്ച് തലയിലേറ്റി നടന്നു വിൽക്കും. ഒരു ദിവസം ദീർഘമായി നടന്നിട്ടും ഒന്നും വിറ്റില്ല. ദേഷ്യവും സങ്കടവും അസഹ്യമായി. മദിരാശിയിലെ ഒരു പാലത്തിന്റെ മുകളിൽ നിന്നും കുട്ട താഴേക്കെറിഞ്ഞു. കച്ചവടം അങ്ങനെ തീർന്നു. മനസ്സ് ശാന്തമായപ്പോൾ വേറെ കച്ചവടം തുടങ്ങി. ചായക്കടയും ബേക്കറിയും. മേപ്പേരിയിലെ അഹ്മദ് റെസ്റ്റോറന്റും ഗോൾഡൻ ബേക്കറിയും. അതിലൂടെ പതുക്കെ പുരോഗതിപ്പെട്ടുവന്നു. നാട്ടിൽ കുറച്ചു സമ്പാദിച്ചു. രണ്ടാം ലോക മഹായുദ്ധ കാലം. ജപ്പാന്റെ ഒരു ബോംബു വർഷം മദിരാശിയിൽ ഉണ്ടായി. കച്ചവടക്കാർ മിക്കതും പേടിച്ചു സ്ഥലംവിട്ടു. ഹാജി പിടിച്ചുനിന്നു. അദ്ദേഹത്തിന്റെ തവക്കുൽ ഒന്നുവേറെ തന്നെയാണ്. അല്ലാഹുവിന്റെ വിധിയിൽ നിന്നും എവിടേക്ക് ഒളിച്ചോടാൻ!

ഈ കാലത്താണ് കെ.എം. മൗലവിയുടെ നേതൃത്വത്തിൽ നൂറുൽ ഇസ്‌ലാം മദ്റസ തുടങ്ങുന്നത്. അതിന് സ്ഥലം വാങ്ങാൻ എല്ലാവരും

ചേർന്ന് കുറെ പണം എങ്ങനെയോ ഒപ്പിച്ചു. പോരാതെ വന്ന സംഖ്യക്ക് ഹാജിയുടെ വീട് ബാങ്കിൽ പണയപ്പെടുത്തി. ഇങ്ങനെ എന്തും ഉപേക്ഷിച്ച് ദീനീസേവനത്തിന് തുനിഞ്ഞിറങ്ങി. ഇതിനൊക്കെ ശേഷമാണ് ഞങ്ങൾ പരിചയപ്പെടുന്നത്. കാര്യങ്ങളൊക്കെ അറിഞ്ഞപ്പോൾ അളവറ്റ ബഹുമാനമായി അദ്ദേഹത്തോട്. പിന്നീട് യതീംഖാന തുടങ്ങിയപ്പോൾ യതീംമക്കളെ താമസിപ്പിക്കാൻ തന്റെ വീടുകൊടുത്തു. കുറെ കഴിഞ്ഞ് സ്വന്തം വീട് യതീംഖാനക്ക് ദാനം ചെയ്തു. എന്തൊരു മനസ്സ്!

കോളറ ബാധിത കാലത്ത് അദ്ദേഹം റിലീഫ് കമ്മിറ്റിയുണ്ടാക്കി. സി. എച്ച്. മുഹമ്മദ് മാസ്റ്റർ, വലിയാട്ട് കുഞ്ഞഹ്മദ് ഹാജി, സി.എച്ച്. അലി ഹസ്സൻ ഹാജി, സി.എച്ച്. അഹമ്മദ് മാസ്റ്റർ, കാരാടൻ അഹമ്മദ് ഹാജി തുടങ്ങിയവർ അതിൽ പങ്കാളികളായിരുന്നു. ഞാനും അതിൽ ചേർന്ന് പ്രവർത്തിച്ചു. എം.കെ. ഹാജിയുടെ ഏറ്റവും വലിയ ഗുണം അദ്ദേഹത്തിന്റെ ദീനദയാലുത്വം തന്നെയായിരുന്നു. അത് ഒരു കടമ നിർവ്വഹിക്കുന്ന മനസ്സോടെയായിരുന്നു. രാഷ്ട്രീയത്തിൽ ആദ്യം മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിന്റെ ശിഷ്യനായിരുന്നു. കെ.എം. മൗലവിയുമായുള്ള ബന്ധത്തോടെ സീതിസാഹിബിന്റെ അനുയായി ആയി മാറി. യാതൊരു ഭൗതിക ലാഭേച്ഛയും പൊതുകാര്യങ്ങളിൽ അദ്ദേഹത്തിനുണ്ടായിരുന്നില്ല. ഇതെനിക്ക് തീർത്തു പറയാൻ കഴിയും. നാടിനും സമുദായത്തിനും ഗുണം കിട്ടണം ഇതു മാത്രമാണ് ആശ. നിർബന്ധ കടമ നിർവ്വഹിക്കുന്ന സ്വഭാവം.

എം.കെ. ഹാജിയുടെ മഹത്വം വർണ്ണിച്ചാൽ എനിക്ക് മതിവരില്ല. അത്രയും സദ്ഗുണങ്ങളുടെ കേദാരമായിരുന്നു അദ്ദേഹം. കെ.എം. മൗലവിയുമായുള്ള ബന്ധത്തെക്കുറിച്ച് അദ്ദേഹം എന്നോട് പറഞ്ഞ സംഭവം:

'ഇസ്സത്തുൽ ഇസ്‌ലാം' എന്ന ഒരു കമ്മിറ്റി സാമൂഹിക രംഗത്ത് പ്രവർത്തിച്ചിരുന്നു. ഒരു ദിവസം ചെനക്കൽ പള്ളിയിൽ ഈ കമ്മിറ്റിയുടെ ഒരു യോഗം പറവണ്ണ കെ.പി. മൊയ്തീൻകുട്ടി മുസ്‌ലിയാരുടെ അദ്ധ്യക്ഷതയിൽ നടക്കുകയാണ്. അപ്പോൾ കെ.എം. മൗലവി നമസ്കരിക്കുവാൻ പള്ളിയിൽ കയറി വന്നു. ഞങ്ങൾ അദ്ദേഹത്തെ വെറുക്കുന്ന കാലം. പാങ്ങിൽ അഹമ്മദ്കുട്ടി മുസ്‌ലിയാരുടെ വഅള് കേട്ട് പിരിഞ്ഞുപോകുന്നയാളുകൾ മൗലവിയുടെ വീടിന് മുൻപിലുള്ള ഇടവഴിയിൽ (ഇപ്പോൾ അത് ടാറിട്ട റോഡാണ്) വന്നുകൂടും. തയ്യിൽ മുഹമ്മദ്കുട്ടി എന്നൊരാൾ വിളിച്ചുപറയും. അപ്പോൾ മറ്റുള്ളവർ ലഅനത്തുല്ലാഹി എന്ന് വിളിച്ചു പറയും. ഇത് കണ്ടിട്ട് ഒരു വെറുപ്പും തോന്നാത്ത കാലം. ഈ സദസ്സിന്റെ മുന്നിലേക്കാണ് മൗലവിയുടെ കടന്നുവരവ്. അദ്ദേഹത്തെ കണ്ട മാത്ര

യിൽ സുന്നി നേതാവായ പറവണ്ണ മുസ്‌ലിയാർ ചാടി എഴുന്നേറ്റ് അത്യധികം ബഹുമാനം പ്രകടിപ്പിച്ചു. അദ്ദേഹം മൗലവിയുടെ ശിഷ്യനായിരുന്നുവത്രെ! ഞങ്ങൾ എല്ലാവരും അത്ഭുതപ്പെട്ടു. ഇത് എന്തു പുതുമ! കെ.എം. മൗലവിയോട് ഇത്രത്തോളം ആദരവോ! ഈ ചിന്ത നിഷ്പക്ഷമായി പഠിക്കാൻ ചിലരെ പ്രേരിതരാക്കി. അദ്ദേഹത്തോടുള്ള സദ്ബന്ധത്തിന്റെ തുടക്കമായിരുന്നു അത്. പിന്നീട് മൗലവി സാഹിബ് ഇസ്സത്തുൽ ഇസ്‌ലാം കമ്മിറ്റിയിൽ ഞങ്ങളുടെ അപേക്ഷ പ്രകാരം അംഗമായി. അതിന്റെ പ്രസിഡണ്ടായി. നൂറുൽ ഇസ്‌ലാം മദ്റസയുടെ നടത്തിപ്പ് ഈ കമ്മിറ്റി ഏറ്റെടുക്കുകയായിരുന്നു".

മൗലവിയെ ഹാജിസാഹിബ് അനുസ്മരിക്കുന്ന ഏതാനും വാചകങ്ങൾ കൂടി ഇവിടെ പകർത്തുമ്പോൾ അതൊരു ചരിത്രപാഠത്തിന്റെ ഭാഗമായിത്തീരും.

"1920ൽ തിരൂരങ്ങാടി കുരിയൻതടം മൈതാനിയിൽ നടന്ന ഒരു ഖിലാഫത്ത് സമ്മേളനത്തിൽ കെ.എം. മൗലവി ഒരു പ്രസംഗകനായിരുന്നു. ആ യോഗം കഴിഞ്ഞപ്പോൾ ചെരിച്ചിയിൽ കുഞ്ഞിപോക്കർ എന്ന ഒരു സ്നേഹിതനും ഞാനും തമ്മിൽ ഒരു അടികലശൽ നടന്നു. അതിൽ മദ്ധ്യസ്ഥം വഹിച്ച് തീരുമാനമെടുത്തത് ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ അന്നത്തെ ഏറനാട് താലൂക്ക് സെക്രട്ടറിയായിരുന്ന കെ.എം. മൗലവിയും തിരൂരങ്ങാടിയിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്ന ആലി മുസ്‌ലിയാരുമായിരുന്നു. എന്റെ മേൽ രണ്ടു രൂപ പിഴ വിധിച്ചുകൊണ്ടാണ് തീരുമാനമായത്.

കെ.എം. മൗലവിയുമായി അന്നാണ് എനിക്ക് ആദ്യമായി പരിചയപ്പെടാൻ കഴിഞ്ഞത്. തയ്യിൽ മുഹമ്മദ്കുട്ടി മുസ്‌ലിയാർ എന്നാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. നല്ലൊരു പൊതുപ്രവർത്തകനായിരുന്നു അദ്ദേഹം. ഒരു ഉജ്ജ്വല പ്രാസംഗികനും. 1922ൽ അദ്ദേഹം നാടുവിട്ട ശേഷം ഒരു വിവരവും ഞാൻ അറിയുകയോ അന്വേഷിക്കുകയോ ചെയ്തിട്ടില്ലെന്ന് പറയാം. 1933ലാണ് അദ്ദേഹം വീണ്ടും നാട്ടിൽ തിരിച്ചെത്തിയത്. അന്ന് ഞങ്ങൾ എല്ലാവരും അദ്ദേഹത്തിന്റെ കഠിന വിരോധികളായിരുന്നു. വഴിയിലൂടെ നടന്നുപോകുമ്പോൾ ഞങ്ങളിൽ ചിലർ അദ്ദേഹത്തെ പരിഹസിക്കുകയും ആക്ഷേപിക്കുകയും ചെയ്തിരുന്നു. അദ്ദേഹം ഐക്യക്കാരനാണെന്നും പിഴച്ചുപോയവനാണെന്നും മറ്റുമായിരുന്നു ഞങ്ങൾ ധരിപ്പിക്കപ്പെട്ടിരുന്നത്".

എം.കെ. ഹാജിയുടെ ആദർശപരമായ പരിവർത്തനവും സംസ്കരണവും അദ്ദേഹം തന്നെ ഏറ്റുപറയുന്നത് കാണുക. "എന്റെ മതപരമായ

കാര്യദർശി കെ.എം. മൗലവിയായിരുന്നു. അന്ധതയിൽ നിന്നും അനാചാരതൽപരതയിൽ നിന്നും എന്നെ മുക്തനാക്കി യഥാർത്ഥ തൗഹീദിലൂടെ എന്നെ നയിച്ച് അല്ലാഹുവിന്റെ ശരിയായ ഒരടിമയായി എന്നെ രൂപാന്തരപ്പെടുത്തിയത് അദ്ദേഹം മാത്രമാണ്. അദ്ദേഹത്തിന്റെ പ്രധാന അഭിലാഷമായിരുന്നു തിരൂരങ്ങാടിയിൽ ഒരു ഉന്നത മതവിദ്യാലയം സ്ഥാപിക്കുകയെന്നത്. എന്റെ മരണത്തിനു മുൻപു തന്നെ അദ്ദേഹത്തിന്റെ അഭിലാഷം സാധിക്കാൻ ഞാൻ പരിശ്രമിക്കും." (കെ.എം. മൗലവി സ്മാരക ഗ്രന്ഥത്തിൽ നിന്ന്)

എന്റെ സുഹൃത്തുക്കൾ അറിയണം. തിരൂരങ്ങാടി യതീംഖാനയെയും അനുബന്ധ സ്ഥാപനങ്ങളെയും ഞാൻ അഗാധമായി സ്നേഹിക്കുന്നു. എന്റെ അരുമയായ മകളെപ്പോലെ. എന്റെ പേനത്തുമ്പിൽ തുടങ്ങിയ വാക്കുകളിലൂടെ ജനിച്ചു വളർന്ന് നിത്യയുവത്വത്തിൽ വിരാജിക്കുന്ന ആ സുന്ദരി മകളെ ഞാൻ എങ്ങനെ സ്നേഹിക്കാതിരിക്കും. കോഴയിൽ എല്ലാം അടി ഉലയുന്ന ഈ അധാർമ്മിക കാലഘട്ടത്തിൽ, കോഴയ്ക്ക് ധർമ്മത്തിന്റെയും സേവനത്തിന്റെയും യുക്തിന്യായങ്ങൾ അവതരിപ്പിക്കുന്നവരുടെ മുമ്പിൽ നിയമനത്തിനും പ്രവേശനത്തിനും ഒരു പൈസ പോലും വാങ്ങാതെ നിലനിന്നുവരുന്ന ഈ സ്ഥാപനം! എം.കെ. ഹാജി കൊണ്ടുനടന്ന ആ വിശുദ്ധി നല്ലവനായ പുതിയ സെക്രട്ടറി സി.എച്ച്. കുഞ്ഞഹമ്മദ് ഹാജി (സി.എച്ച്. ഇബ്റാഹീം ഹാജിയുടെ അനുജൻ) നിലനിർത്തിപ്പോരുന്നു. ഹാജി സാഹിബിന്റെ വിയോഗാനന്തരം അനാഥമായ അന്തരീക്ഷത്തിൽ പുതിയ സെക്രട്ടറിയായി പലരും ചൂണ്ടിക്കാണിച്ചത് ഇദ്ദേഹത്തെയായിരുന്നു. പക്ഷെ, സമ്മതിക്കുമെന്ന് ഉറപ്പില്ല. അപ്പോൾ അവർ എന്നെ കൂട്ടിക്കൊണ്ടുപോയി. ഞാൻ അദ്ദേഹത്തോട് കാര്യമവതരിപ്പിച്ചു. അപ്പോൾ അദ്ദേഹം കരഞ്ഞു. ഞാൻ ഉടനെ പറഞ്ഞു. "നിങ്ങൾ തന്നെയാണ് ഈ സ്ഥാനത്തിന് അർഹൻ എന്ന് എനിക്കിപ്പോൾ ബോധ്യമായിരിക്കുന്നു. അല്ലാഹുവിനെ മുൻനിർത്തി അതേറ്റെടുത്തു കൊള്ളുക".

പഴയ ആളുകളിൽ മാനേജിംഗ് കമ്മിറ്റിയിൽ കാരാടൻ മുഹമ്മദ് ഹാജിയും ഞാനും മാത്രമാണ് ഇപ്പോൾ ബാക്കിയുള്ളത്. പഴയ ചരിത്രത്തോടുള്ള അനുഭാവ സ്മരണ മാത്രമാണെന്നു തോന്നുന്നു. ഒന്നിനും കഴിയാത്ത, പ്രായം കൊണ്ടും ക്ഷീണിതനായ എന്നെ അവർ കൊണ്ടുനടക്കുന്നത്. ഈ ഔദാര്യത്തിന് നന്ദി എന്ന രണ്ടക്ഷരമല്ലാതെ പകരം കൊടുക്കാൻ എന്റെ പക്കൽ ഒന്നുമില്ല. എന്റെ മൂത്ത മകൾ കെ. ഹബീബയും അവളുടെ ഭർത്താവ് ഡോ. മുസ്തഫാ കമാൽ പാഷയും പി.എസ്.

എം.ഒ. കോളേജിൽ പ്രൊഫസർമാരായി ജോലി ചെയ്യുന്നു. രണ്ടാമത്തെ മകൾ ആമിന യതീംഖാനയുടെ എൽ.പി. സ്കൂളിൽ അറബി അദ്ധ്യാപികയാണ്. (അവരെല്ലാം റിട്ടയർ ചെയ്തു). ഈ മഹദ് സ്ഥാപനം കാലങ്ങളെ അതിജീവിച്ച് സമുദായത്തിന് താങ്ങും തണലുമായി നിലനിൽക്കുമാറാകട്ടെ. അല്ലാഹു അവന്റെ അനുഗ്രഹം വർദ്ധമാനമായി അതിന്മേൽ ചൊരിയട്ടെ.

പതിനാലു വർഷങ്ങൾക്കു മുൻപ് എം.കെ. ഹാജിയുടെ ചരമ വാർത്ത ബോംബെയിൽ വെച്ചാണ് ഞാൻ അറിഞ്ഞത്. കെ.എം. മൗലവിയുടെ പുത്രൻ ടി.കെ. മുഹ്‌യിദ്ദീൻ ഉമരിയുമൊത്ത് ഞാൻ ഒരു യാത്രയിലായിരുന്നു. ഏതാനും ദിവസങ്ങൾക്കു ശേഷം ഞങ്ങൾ നാട്ടിലെത്തി. ഹാജി സാഹിബിന്റെ ഖബറിനരികെ വിതുമ്പുന്ന ഹൃദയത്തോടെ നിന്നു. അദ്ദേഹത്തിന്റെ മയ്യിത്തിനുവേണ്ടി നമസ്കരിച്ചു. എന്റെ ഓർമ്മകൾ നശിക്കാതെ നിൽക്കുന്ന കാലത്തോളം എം.കെ. ഹാജിയെ ഞാൻ സ്മരിക്കും. അദ്ദേഹത്തിന്റെ നന്മകൾ കഴിയുന്നത്ര ഞാൻ അനുകരിക്കും. പരലോകത്തെ സ്വർഗത്തിൽ അദ്ദേഹവുമായി എനിക്ക് സഹവസിക്കണം. അല്ലാഹുവേ, നീ നിറവേറ്റിത്തരേണമേ!

ഓർമകളുടെ തീരത്ത്

## 11

# മൗലാനാ ചാലിലകത്ത്

മൗലാനാ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയെ ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ നേതാക്കളിൽ പ്രമുഖനായി ചിലർ വിശേഷിപ്പിക്കാറുണ്ട്. അതു ശരിയല്ല. അദ്ദേഹത്തിന്റെ സേവനം അതിനും വളരെ പിറകിൽ നിന്നും തുടങ്ങുന്നു. മുസ്‌ലിംകേരളത്തിന്റെ നാനോന്മുഖ പുരോഗതിയുടെ കേന്ദ്രവും സ്വാതന്ത്ര്യ സമരത്തിന്റെ ചോരകൊണ്ട് ചുവന്ന മണ്ണിന്റെ പ്രദേശവുമായ തിരൂരങ്ങാടിയുടെ അരുമസന്താനമാണ് മൗലാനാ ചാലിലകത്ത്. ഞാൻ ഖുതുബ പരിശീലിച്ച തറമ്മൽ പള്ളി മൗലാനാ എടുപ്പിച്ചതാണ്. പരപ്പനങ്ങാടിയിൽ നിന്നാണ് വിവാഹം ചെയ്തത്. രണ്ടു ഭാര്യമാരുണ്ടായിരുന്നു. തിരൂരങ്ങാടിയിൽ നിന്നാണ് മറ്റൊരു വിവാഹം. എന്റെ ഭാര്യാമാതാവിന്റെ ജ്യേഷ്ഠസഹോദരി. എന്റെ ഭാര്യാകുടുംബം ചാലിലകത്തുകാർ എന്നാണ് അറിയപ്പെടുന്നത്. മതവിദ്യാഭ്യാസ രംഗത്ത് ഒരു നവോത്ഥാന നായകനായി മൗലാനാ ചാലിലകത്ത് രംഗപ്രവേശം ചെയ്തതോടെയാണ് അദ്ദേഹം ചരിത്രത്തിന്റെ ഭാഗമാകുന്നത്. വാഴ

ക്കാട് അദ്ദേഹത്തിന്റെ ദാറുൽഉലൂം മദ്റസ ഇസ്‌ലാഹീ പ്രസ്ഥാന പ്രവർത്തനങ്ങൾക്ക് വിത്തുപാകാൻ ഉഴുതു മറിച്ച ഒരു പാടശേഖരമായി ഭവിച്ചു. സലഫീ പ്രസ്ഥാനത്തിന്റെ പടനായകന്മാരുടെ നായകനായ കെ.എം. മൗലവി ഈ മദ്റസയിൽ നിന്നും പഠിച്ചു. പ്രിയ ശിഷ്യനായിരുന്നപ്പോൾ ഗുരുവിന്റെ എഴുത്തുകാരനായി കാത്തിബ് എന്ന പേരിൽ അറിയപ്പെട്ടു. മൗലാനായുടെ മകളെ വിവാഹം ചെയ്തു. ഇ.കെ. മൗലവി, ഇ. മൊയ്തു മൗലവി തുടങ്ങിയ പ്രഗത്ഭ നേതാക്കൾ വാഴക്കാട് മദ്റസയിലെ വിദ്യാർത്ഥികളും കെ.എം. മൗലവിയുടെ സതീർത്ഥ്യരുമായിരുന്നു. മൗലാനയുടെ പുത്രന്മാർ എം.സി.സി. സഹോദരന്മാർ എന്ന പേരിലാണ് പരെക്കെ അറിയപ്പെട്ടിരുന്നത്. എം.സി.സി. അഹ്മദ് മൗലവി, എം.സി.സി. അബ്ദുറഹ്മാൻ മൗലവി, എം.സി.സി. ഹസൻ മൗലവി എന്നിവർ ഒന്നിനൊന്ന് മെച്ചപ്പെട്ട പണ്ഡിതന്മാരായി ശോഭിച്ചു. എം.സി.സി. അബ്ദുറഹ്മാൻ മൗലവി ഇസ്‌ലാഹീ പ്രവർത്തനങ്ങളിൽ അതീവ ബുദ്ധിശാലിയും ആസൂത്രകനും കെ.എം. മൗലവിയുടെ സന്തത സഹചാരിയുമായിരുന്നു. പുളിക്കൽ മദീനത്തുൽഉലൂം അറബിക്കോളേജിനെക്കുറിച്ച് ഓർക്കുന്നതു തന്നെ എം.സി.സി. മൗലവി എന്ന പേരിൽ നിന്നാണ്. ആദ്യഘട്ടത്തിൽ സുന്നി മുസ്‌ലിയാക്കളിൽ വൻതോക്കുകളായിരുന്ന പലരുമായി വാദപ്രതിവാദങ്ങൾക്ക് നിർബന്ധിതമായ ഘട്ടങ്ങളിലെല്ലാം അതിന്റെ ചുക്കാനായി എം.സി.സി. അബ്ദുറഹ്മാൻ മൗലവി തന്നെയാണ് രംഗത്ത് നിന്നത്. മൗലാനയുടെ ശിഷ്യന്മാരും പുത്രന്മാരും ചേർന്നപ്പോൾ കേരളത്തിൽ ഇസ്‌ലാഹീ പ്രസ്ഥാനം വിജയഗാഥയുമായി മുന്നോട്ടു ഗമിച്ചു.

വാഴക്കാട് മൗലാനാ നടത്തിയ ദാറുൽ ഉലൂം മദ്റസയുടെ ചരിത്ര പശ്ചാത്തലവും ഘടനയും വായനക്കാർ മനസ്സിലാക്കേണ്ട വിഷയമാണ്... ഞാൻ ജനിക്കുന്നതിനു മുമ്പുള്ള ചരിത്രമാണ്. എന്റെ കേട്ടുകേൾവിയിൽ നിന്നുള്ള വിവരണത്തേക്കാൾ അനുഭവസ്ഥന്റെ വാക്കുകളായിരിക്കും ഉത്തമം. ഇസ്‌ലാഹീ രംഗത്ത് ഇപ്പോൾ ശോഭയാർന്ന വ്യക്തിത്വമാണല്ലോ അബ്ദുർറഹീം മൗലവി കുറ്റ്യാടി. മകനേക്കാൾ പ്രഗത്ഭനായിരുന്നു പിതാവ് എം. അബ്ദുള്ളക്കുട്ടി മൗലവി. കെ.എം. മൗലവി സ്മാരക ഗ്രന്ഥത്തിൽ അദ്ദേഹം എഴുതിയ വാചകങ്ങൾ വായിച്ചാൽ മാഞ്ഞുപോയ ദാറുൽ ഉലൂം മദ്റസ എന്ന മഹത്തായ വിദ്യാകേന്ദ്രത്തെക്കുറിച്ച് ഒരു ഏകദേശ രൂപം നിങ്ങളുടെ മനസ്സിൽ രൂപപ്പെടും.

“ഈയുള്ളവൻ കെ.എം. മൗലവിയെ ഒന്നാമതായി കണ്ടതും പരിചയപ്പെട്ടതും വാഴക്കാട് ദാറുൽ ഉലൂം മദ്റസയിൽ വെച്ചാണ്. അന്ന് ഞാൻ

പ്രാഥമിക വിദ്യാലയത്തിലെ ഒരു വിദ്യാർത്ഥിയായിരുന്നു. വാഴക്കാട് പുരാതനകാലം മുതൽ ദർസ് നടന്നുവരുന്ന ഒരു കുഗ്രാമമെന്ന നിലയിൽ ശ്രദ്ധിക്കപ്പെട്ടതാണ്. പേരും പെരുമയുമുള്ള കൊയപ്പത്തൊടി തറവാട്ടുകാരാണ് അതിന്റെ ഭാരവാഹികൾ. ഇടക്കാലത്ത് അതിന്റെ മാനേജർ പരേതനായ മുഹമ്മദ്കുട്ടി ഹാജിയായിരുന്നു. അദ്ദേഹം വലിയ ധർമ്മിഷ്ഠനും ധനികനുമായിരുന്നു. അദ്ദേഹത്തിന് മദ്റസ നല്ല നിലയിൽ നടത്താൻ ആശ വന്നു. ഒരു മഹാപണ്ഡിതനെ കുറിച്ച് അന്വേഷിച്ചു. അക്കാലത്ത് കേരളത്തിൽ വിവിധ കലകളിൽ അസാമാന്യ പാണ്ഡിത്യമുണ്ടായിരുന്ന ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി അവർകളെ വരുത്തി ദാറുൽ ഉലൂമിന്റെ പ്രിൻസിപ്പാൾ സ്ഥാനം നൽകി. അന്ന് തൊട്ട് ദർസിന്റെ നില ശ്രുതിപ്പെട്ടു.

കേരളത്തിലെ മറ്റു ദർസുകളിലൊന്നിലും ഇല്ലാത്ത അനേകം സഹായ ഫണ്ടുകൾ വാഴക്കാട് തുടങ്ങിയിട്ടുണ്ടെന്ന് കേട്ട് അനേകം വിദ്യാർത്ഥികൾ വന്നുചേർന്നു. കൂട്ടത്തിൽ കെ.എം. മൗലവിയും ഉണ്ടായിരുന്നു. ഉയർന്ന പണ്ഡിതന്മാരായിരുന്ന സുലൈമാൻ മൗലവി, ചെറുശ്ശേരി അഹമ്മദ് മൗലവി, കുതുബി മുഹമ്മദ് മൗലവി മുതലായ അനേകം പേർ ഉയർന്ന ക്ലാസ്സിൽ വന്നു ചേർന്നു. കെ.എം. മൗലവി, പി.കെ. മൂസ മൗലവി, ഇ. മൊയ്തു മൗലവി, ഇ.കെ. മൗലവി, പി.പി. ഉണ്ണീൻകുട്ടി മൗലവി, പി.കെ. യൂനുസ് മൗലവി ആദിയായവർ രണ്ടാം നിരയിലും പഠിപ്പ് തുടങ്ങി. നൂറിൽപരം വിദ്യാർത്ഥികളുള്ള അന്നത്തെ നില എത്ര സ്തുത്യർഹം! തഫ്സീർ, ഹദീഥ്, ഫഖ്ഹ്, തസവ്വുഫ്, മആനി, ബദീഅ് ആദിയായവക്ക് പുറമെ തർക്കശാസ്ത്രം, ജ്യോതിശാസ്ത്രം, ഭൂമിശാസ്ത്രം, സയൻസ്, ഗണിതശാസ്ത്രം മുതലായവ പഠിപ്പിക്കുന്നത് കാണാൻ പല ഭാഗത്തുനിന്നും സന്ദർശകർ വന്നുകൊണ്ടിരുന്നു. ഇക്കാലത്ത് കെ.എം. മൗലവി സാഹിബ് പ്രിൻസിപ്പാളിന്റെ ഒരു പ്രൈവറ്റ് സെക്രട്ടറി എന്നോണം നിലകൊണ്ടിരുന്നു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വന്നുകൊണ്ടിരുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതി അയക്കുന്ന കാര്യത്തിൽ മൗലാനയെ സഹായിച്ചത് കെ.എം. മൗലവിയായിരുന്നു. പരിഷ്കൃതാശയക്കാരനായ പ്രിൻസിപ്പാളിന്റെ നേതൃത്വത്തിൽ നവീനാശയക്കാരായ ശിഷ്യന്മാരോട് കൂടിയുള്ള പഠനം പുരോഗതിയിൽ നിന്നും പുരോഗതിയിലേക്ക് കുതിച്ചുകൊണ്ടിരുന്നു. വാഴക്കാടും പരിസരപ്രദേശങ്ങളുമെല്ലാം ഉണർന്നു.

നവീന ശാസ്ത്രങ്ങൾ പഠിപ്പിക്കുമ്പോൾ ആധുനിക ഉപകരണങ്ങൾ അത്യന്താപേക്ഷിതമാണല്ലോ. മൗലാനയുടെ നിർദ്ദേശമനുസരിച്ച് ഗ്ലോ

ബുകളും അറ്റ്ലസുകളും വിവിധ മേഖലകളിലുള്ള ജന്തുക്കളുടെയും ജീവികളുടെയും ഫോട്ടോകളോടു കൂടിയുള്ള ചാർട്ടുകളും ഫറായിദ്, മുൻജിദ്, ഖാമൂസുൽ അസ്രി തുടങ്ങിയ ഡിക്ഷ്ണറികളും ഖുതുബ്ഖാനക്ക് ആവശ്യമായ സർവത്ര കിതാബുകളും മാനേജർ വരുത്തിക്കൊടുത്തു. എന്നാൽ ഇതെല്ലാം സെലക്ട് ചെയ്യുന്ന പ്രധാന കൃത്യം നിർവ്വഹിച്ചിരുന്നത് കെ.എം. മൗലവി സാഹിബായിരുന്നു. മൗലാനയുടെ ശിഷ്യഗണങ്ങളിൽ ഒരു വിഭാഗത്തിന് ലൗകിക വിജ്ഞാനം കുറവാണെന്നും ചിലർക്ക് മലയാളം എഴുത്തും വായനയും അറിഞ്ഞുകൂടെന്നും മൗലാനക്ക് അനുഭവപ്പെട്ടു. ഈ ന്യൂനത ഉടനടി പരിഹരിക്കണമെന്നുറച്ച് സിലബസ്സിൽ ചില മാറ്റങ്ങൾ വരുത്തി. കണക്കും മലയാളവും മറ്റ് അത്യാവശ്യ വിവരങ്ങളും പഠിപ്പിക്കാൻ ഏർപ്പാട് ചെയ്തു. വലിയ പണ്ഡിതന്മാർ മലയാളത്തിലെ ബാലപാഠങ്ങൾ പഠിക്കുന്നതും സ്ലേറ്റ് എടുത്ത് കണക്ക് ചെയ്യുന്നതും കൗതുകമുള്ള കാഴ്ചയായിരുന്നു. അദ്ധ്യാപനത്തിൽ ഒരു പങ്ക് വഹിച്ചിരുന്നതും കെ.എം. മൗലവി അവർകളായിരുന്നു എന്ന വസ്തുത വിസ്മരിക്കാവതല്ല. കാലക്രമത്തിൽ എല്ലാ വിദ്യാർത്ഥികളും മലയാളസാഹിത്യത്തിൽ നൈപുണ്യം സിദ്ധിച്ചവരായിത്തീർന്നു. പത്രവായനയിൽ അഭിരുചിയുള്ളവരും.

മദ്റസയുടെ ക്രമപ്രവൃദ്ധമായ അഭിവൃദ്ധിയിലും ഉയർച്ചയിലും സന്തുഷ്ഠനായിത്തീർന്ന മാനേജർ ഒരു ദിവസം പ്രിൻസിപ്പാളുമായുള്ള അഭിമുഖ സംഭാഷണത്തിൽ നാട്ടിലെ സാധാരണക്കാരായ ബാലികാബാലന്മാർക്ക് കൂടുതൽ ഫലവത്തായ ഒരു വിജ്ഞാന സമ്പാദന മാർഗം എന്താണ് എന്നന്വേഷിച്ചു. തന്നെ ഏറെക്കാലമായി അലട്ടിക്കൊണ്ടിരുന്ന ഒരു ചിന്താവിഷയമാണ് അതെന്ന് മൗലാനാ പ്രതിവചിച്ചു. എന്നാൽ നിങ്ങൾ അനുകൂലിക്കുന്നപക്ഷം ഞാൻ ഒരു പ്ലാൻ തയ്യാറാക്കി പഠനം ആരംഭിക്കാം എന്ന് മൗലാനാ പറഞ്ഞു. അതനുസരിച്ച് മദ്റസയിൽ ബോർഡുകളും ഡസ്കുകളും ബെഞ്ചുകളും മറ്റും ഏർപ്പെടുത്തി. ആസൂത്രിതമായ പദ്ധതി അനുസരിച്ച് പഠനം തുടങ്ങി. ഇതിന്നാവശ്യമായ പുസ്തകങ്ങളും രചിച്ചുതുടങ്ങി. വിശ്വാസപരമായ അത്യാവശ്യ കാര്യങ്ങൾ ഉൾക്കൊള്ളിച്ച ഒരു പുസ്തകം. ഖുർആൻ എളുപ്പത്തിൽ പഠിക്കാൻ ഉതകുന്ന ഒരു കൃതി, അറബി ഭാഷാപഠനത്തിന് മൂന്നു പുസ്തകം, കർമ്മശാസ്ത്രത്തിൽ ഒന്ന്, നഹ്വിൽ (വ്യാകരണം) രണ്ട്, ഇത്രയും എഴുതി. പലതും വേഗം പ്രസിദ്ധീകരിച്ചു. ഇവയെല്ലാം കെ.എം. മൗലവി സാഹിബിന്റെ കയ്യാൽ എഴുതി ഉണ്ടാക്കിയതായിരുന്നു. തന്നിമിത്തം അദ്ദേഹത്തിന് കാത്തിബ് (എഴുത്തുകാരൻ) എന്നു കൂടി ഒരു പേര് പ്രച

രിച്ചിരുന്നു. മിക്ക രാത്രികളിലും മറ്റുള്ളവർ സുഖനിദ്രകൊള്ളുമ്പോൾ മൗലാനായും കെ.എം. മൗലവിയും ഉറക്കമൊഴിച്ച് ഗ്രന്ഥരചനയിൽ വ്യാപൃതരായിക്കൊണ്ടിരുന്ന കാഴ്ച വിസ്മരിക്കാവതല്ല. വാഴക്കാട് മദ്റസയിലെ വിദ്യാർത്ഥികളെ നാലുതരക്കാരായി തിരിച്ച് പഠനം ഊർജ്ജിതമായി നടത്തിവന്നു. ഈ പരിഷ്കരണ വൃത്താന്തം നാടെങ്ങും പരന്നു. അത്തരം മദ്റസകൾ തങ്ങൾക്കും വേണമെന്ന് പല നാട്ടുകാരും വന്ന് ആവശ്യപ്പെട്ടു. ഈ അഭ്യർത്ഥന വടക്കേ മലബാറുകാരിൽ നിന്നും ഉണ്ടായിരുന്നു. നിർഭാഗ്യവശാൽ പരിശീലനം സിദ്ധിച്ച അദ്ധ്യാപകർ തുലോം കുറവായിരുന്നു. ഇതിനുള്ള പരിഹാര മാർഗങ്ങളും മൗലാനാ ആരാഞ്ഞുകൊണ്ടിരുന്നു. വാഴക്കാട് മദ്റസയിൽ അന്നത്തെ പ്രധാന അദ്ധ്യാപകർ കെ.എം. മൗലവി, പി.കെ. മൂസ മൗലവി, പി.എൻ മുഹമ്മദ് മൗലവി, ഇ.കെ. മൗലവി, ഇ. മൊയ്തു മൗലവി, സി.എ. അബ്ദുറഹ്മാൻ ഹാജി മുതലായവരായിരുന്നു.

താമസംവിനാ അയൽപ്രദേശങ്ങളിലും ഓരോ മദ്റസകൾ സ്ഥാപിതമായി. ഈ പുതിയ പഠനസമ്പ്രദായത്തിൽ ജനങ്ങൾ ആകൃഷ്ടരായിത്തീർന്നു. അപ്പോഴേക്ക് യാഥാസ്ഥിതികരായ മുസ്‌ലിയാക്കൾ ഇളകിയാട്ടമായി. പല കുസൃതികളും പറഞ്ഞു പരത്തി. മദ്റസാ മാനേജറെ ദുർബോധനപ്പെടുത്തി. വഖ്ഫിന്റെ സ്വത്ത് അതിന് ചെലവ് ചെയ്യാൻ പാടില്ല എന്ന് വിധിച്ചു. ഒരു ദിവസം മാനേജർ മൗലാനായെ സമീപിച്ച് മുസ്‌ലിയാക്കളുടെ ആവലാതികൾ ഉണർത്തി. അതിന് മൗലാനാ പറഞ്ഞ മറുപടി: "വളരെ നിലയും വിലയുമുള്ള ആലിമുകളെ വരുത്തി അവരെക്കൊണ്ട് പാഠപുസ്തകങ്ങൾ പരിശോധിപ്പിക്കുകയും പഠിക്കുന്ന കുട്ടികളെ പരീക്ഷിക്കുകയും ചെയ്യാം. തെറ്റുണ്ടെങ്കിൽ നമുക്ക് ഈ സംരംഭം നിർത്താം. ഇല്ലെങ്കിൽ തുടരാം". മാനേജർ സമ്മതിച്ചു.

അടുത്ത മാസത്തിൽ മാനേജറുടെ വീട്ടിൽ പൊന്നാനി മഖ്ദൂം ബാവ മുസ്‌ലിയാർ, കട്ടിലശ്ശേരി ആലി മുസ്‌ലിയാർ, പള്ളിപ്പുറം യൂസുഫ് മുസ്‌ലിയാർ, രായൻകുട്ടി മുസ്‌ലിയാർ തുടങ്ങി അനേകം ആലിമുകളെ വിളിച്ചുകൂട്ടി. അതൊരു വമ്പിച്ച സദസ്സായിരുന്നു. ആദ്യം കെ.എം. മൗലവി സാഹിബ് ഒരു പ്രസ്താവനയോടുകൂടി പാഠപുസ്തകങ്ങൾ ആലിമുകൾക്ക് സമർപ്പിച്ചു. അവരിൽ പലരും ഓരോന്നും പരിശോധിച്ചു. ഇതിൽ തെറ്റില്ലെന്ന് മുക്തകണ്ഠം ഘോഷിച്ചു. അനന്തരം കുട്ടികളെ പരിശോധിക്കുവാൻ ഒരുങ്ങി. അന്നു ഞാനും എം.സി.സി. സഹോദരന്മാരും രണ്ടാം ക്ലാസ്സിൽ പഠിക്കുകയായിരുന്നു. ഞങ്ങളെ വിവിധ വിഷയങ്ങളിൽ പരീക്ഷിച്ച് അവർ സംതൃപ്തരായി. ഇത് വളരെ എളുപ്പമുള്ള രീതിയാണെന്നും

അറബിവാചകങ്ങൾ നല്ല ഭാഷയിൽ പരിഭാഷപ്പെടുത്താനും മലയാള വാചകങ്ങളെ അറബിയിലാക്കാനും എളുപ്പത്തിൽ സാധിക്കുന്നുണ്ടെന്നും ഇത് പള്ളിദർസുകളിൽ നിന്നും ലഭിക്കുകയില്ലെന്നും മറ്റും അവർ ഉച്ചൈസ്തരം പ്രസ്താവിച്ചു. സന്തോഷത്തോടെ യോഗം പിരിഞ്ഞു.

ഇതോടെ പുതിയ രീതിയുടെ ഖ്യാതി എങ്ങും പരന്നു. മൗലാനയെ വളപട്ടണത്ത് മദ്റസ സ്ഥാപനാർത്ഥം ക്ഷണിച്ചുകൊണ്ടുപോയി. കൂട്ടത്തിൽ കെ.എം. മൗലവിയും ഉണ്ടായിരുന്നു. കണ്ണൂരിലും ഒരു മദ്റസ തുടങ്ങാൻ ഏർപ്പാട് ചെയ്തു. വളപട്ടണത്ത് ക്ലാസുകൾ തുടങ്ങാൻ ആദ്യം കെ.എം. മൗലവി തന്നെ താമസിക്കേണ്ടി വന്നു. അക്കാലത്ത് ചില പ്രത്യേക കാരണങ്ങളാൽ മൗലാന വാഴക്കാട് ദർസ് വിട്ടു. പിന്നെ മണ്ണാർക്കാട്ടാണ് ദർസ് നടത്തിയത്''. (കെ.എം. മൗലവി സ്മാരക ഗ്രന്ഥം).

മദ്റസ എന്ന പേരിൽ അറിയപ്പെട്ട ഈ സ്ഥാപനം ഒരു സർവ്വകലാശാലയുടെ വണ്ണവും വലിപ്പവും ഉള്ളതായിരുന്നു. അവിടെ നിന്നും പഠിച്ചുവന്ന വിദ്യാർത്ഥികൾ കയ്റോ അൽ അസ്ഹർ യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ടറേറ്റ് നേടിയ ഗവേഷണ പണ്ഡിതന്മാരേക്കാൾ മികച്ച പണ്ഡിതരും ദീർഘദൃക്കുകളും സമർത്ഥരായ സംഘാടകരുമായി വിവിധ മേഖലകളിൽ ശോഭിച്ചു. മൗലാനാ ചാലിലകത്തിന്റെ ദീർഘദൃഷ്ടിയിൽ നിന്നും മുളച്ചുപൊന്തിയ മതവിജ്ഞാന സംരംഭമാണ് ഇതിനടിസ്ഥാനം. മതവിദ്യാഭ്യാസ രംഗത്തെ നവോത്ഥാന നായകനായിരുന്നു അദ്ദേഹം.

എന്നാൽ നാം അടിസ്ഥാനപരമായി മനസ്സിലാക്കേണ്ട മറ്റൊരു വസ്തുതയുണ്ട്. മൗലാനാ ഒരിക്കലും തൗഹീദ് പ്രസ്ഥാനത്തിന്റെ നായകനായിരുന്നില്ല. 1921ലെ മലബാർ കലാപത്തിന്റെ ചരിത്രം പഠിക്കുമ്പോൾ കെ.എം. മൗലവി, ഇ. മൊയ്തു മൗലവി, ഇ.കെ. മൗലവി തുടങ്ങിയ മഹാരഥന്മാരെ ഖിലാഫത്ത് പ്രസ്ഥാനത്തിന്റെയും ദേശീയ രാഷ്ട്രീയത്തിലെയും നക്ഷത്രങ്ങളായി നമുക്ക് കാണാം. പക്ഷെ, അന്ന് തൗഹീദ് പ്രസ്ഥാനത്തിന്റെ വക്താക്കളായിരുന്നില്ല അവർ. മതവിശ്വാസത്തിൽ തൗഹീദിന്റെ പ്രസക്തിയും അനിവാര്യതയും അവരുടെ ചിന്തകളിലും പ്രവർത്തനങ്ങളിലും ദൃശ്യമായിരുന്നില്ല. സമുദായത്തിന്റെ സാമൂഹികവും രാഷ്ട്രീയവുമായ ഭദ്രതയെക്കുറിച്ചായിരുന്നു അവരുടെ ആശങ്ക. അതുകൊണ്ടു തന്നെ ആ വഴിക്കായിരുന്നു മുഴുസമയ പ്രവർത്തനങ്ങളും നീങ്ങിയത്. വിദേശാധിപത്യത്തിൽ നിന്നും നാടിനെ രക്ഷിക്കാനുള്ള ജനകോടികളുടെ മുന്നേറ്റത്തിൽ മുസ്ലിംകളും ഒറ്റക്കെട്ടായി അണിചേര

ണമെന്ന് ആഗ്രഹിക്കുകയും വിവിധ മേഖലകളിലൂടെ അവർ അതിനായി അഹോരാത്രം പരിശ്രമിക്കുകയും ചെയ്തു. ഖിലാഫത്ത് പ്രസ്ഥാനം ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായിത്തീർന്നതിന്റെ പിന്നിലുള്ള ചേതോവികാരം ഇതായിരുന്നു.

ഓർമകളുടെ തീരത്ത്

## 12

# മലബാർ ലഹള

മലബാർ കലാപത്തിന്റെ തലസ്ഥാനമായിരുന്നല്ലോ തിരൂരങ്ങാടി. ബ്രിട്ടീഷ് സർക്കാരിന്റെ ഇന്ത്യയെ സംബന്ധിക്കുന്ന രേഖകളിൽ തിരൂരങ്ങാടിയുടെ സ്ഥാനം ചെറുതല്ല. ചരിത്രകാരന്മാരുടെ തൂലികത്തുമ്പിലും ഈ പേര് തൂങ്ങിക്കിടക്കുന്നു. 1921 എന്ന പേരിൽ ചലച്ചിത്രം തന്നെ പുറത്തിറങ്ങിയതായി കേട്ടു. കലാപസംബന്ധമായി അനേകം ലേഖനങ്ങളും പ്രബന്ധങ്ങളും ഗ്രന്ഥങ്ങളും വിരചിതമായി. ഇനിയുമത് തീർന്നിട്ടില്ല. ചരിത്രം അയവിറക്കുന്ന കാലം വരെ തീരുകയുമില്ല. കലാപകാലത്ത് ഞാൻ കാര്യവിവരമെത്തിയിട്ടില്ലാത്ത ഒരു കൊച്ചു ബാലനായിരുന്നു. പിന്നീട് ക്രമേണ പലതും അറിഞ്ഞു. വായിച്ചും പഠിച്ചും കേട്ടും മനസ്സിലാക്കി.

വിദ്യാഭ്യാസവും ലോകവിവരവുമില്ലാതെ അന്ധമായ മതബോധത്തിലും സാമുദായിക വികാരത്തിലും മാത്രം അമർന്ന് കിടന്നിരുന്ന പാവപ്പെട്ട മാപ്പിള മുസ്‌ലിംകൾ! ഓത്തുപുരകളിലൂടെ ലഭിക്കുന്ന പരിമിതമായ ഖുർആൻ പാരായണ ശീലം മാത്രമായിരുന്നു അവരുടെ മതവിദ്യാഭ്യാസം. മാതൃഭാഷ പോലും എഴുതാനും വായിക്കാനും അറിയില്ല. ഇസ്‌ലാമിന്റെ മൗലിക പ്രധാനമായ ശഹാദത്ത് കലിമയുടെ അർത്ഥംപോലും നിശ്ചയമില്ലാത്ത ജനത. നേർച്ചപ്പാട്ടുകളും മാല മൗലീദുകളും റാത്തീബുകളുമാണ് അവർക്കറിയുന്ന മതം! അവർ നയിക്കപ്പെട്ടിരുന്നത് തങ്ങന്മാരിലൂടെയും മുസ്‌ലിയാക്കളിലൂടെയുമായിരുന്നു. അവർ നിർധനരായ കുടിയാന്മാരും കർഷകത്തൊഴിലാളികളും കൂലിവേലക്കാരുമായിരുന്നു. ഒറ്റവാക്കിൽ പറഞ്ഞാൽ ദീനും ദുൻയാവും നഷ്ടപ്പെട്ടുപോയ ഒരു സമുദായം! അനീതിയും അധാർമ്മികതയും തീണ്ടാത്ത ശുദ്ധ മനസ്കർ. ജന്മിമുതലാളിമാരുടെ ചൂഷണങ്ങൾക്കും പീഡനങ്ങൾക്കും ഇരയായി ജീവിച്ചിരുന്ന വർഗം. പരാതിയും അമർഷവും ഉണ്ടായിരുന്നു. പക്ഷെ, സംഘടിക്കാൻ അറിയില്ലായിരുന്നു. അതിനുള്ള സാഹചര്യങ്ങളും ഉണ്ടായില്ല. ഒരു പ്രദേശത്ത് എന്തു നടക്കുന്നുവെന്ന് മറ്റൊരിടത്തറിയാൻ ആഴ്ചകൾ തന്നെ

വേണ്ടിവരുന്ന കാലമായിരുന്നു അത്. ജനങ്ങളെ നയിച്ചിരുന്ന പണ്ഡിതന്മാർ യഥാർത്ഥ മതം അവരെ പഠിപ്പിച്ചതുമില്ല.

അന്നത്തെ ജന്മി മുതലാളിമാർ മഹാഭൂരിപക്ഷവും നമ്പൂതിരികളും നായന്മാരുമായിരുന്നു. ഭൂമി ദൈവദത്തമായ അവകാശമായി കരുതി അടക്കി വാണ സുഖലോലുപന്മാർ. അദ്ധ്വാനം എന്തെന്നറിയാതെ അദ്ധ്വാനിക്കുന്നവരെ ചൂഷണം ചെയ്തും അടിച്ചമർത്തിയും വാണരുളിയ അവർക്ക് നാട്ടുരാജാക്കന്മാരുടെയും ബ്രിട്ടീഷ് ഭരണകൂടത്തിന്റെയും താങ്ങും തണലും വേണ്ടുവോളം ലഭിച്ചിരുന്നു.

എം.പി. നാരായണ മേനോൻ എന്ന അങ്ങാടിപ്പുറത്തുകാരനായ ഒരു ഹിന്ദു വക്കീലാണ് മാപ്പിളമാരിൽ വർഗബോധവും സംഘടനാശീലവും വളർത്തിയെടുത്തത്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ മലബാർ ഓർഗനൈസിംഗ് സെക്രട്ടറിയും ഏറനാട് കോൺഗ്രസ്സ് സെക്രട്ടറിയുമായിരുന്ന ശ്രീ. മേനോൻ ചെറുപ്പം മുതൽക്കേ മുസ്ലിംകളുമായി സൗഹൃദത്തിലായിരുന്നു. കോൺഗ്രസ്സിൽ അദ്ദേഹത്തിന് ലഭിച്ച സ്ഥാനം ഉപയോഗിച്ച് പാവപ്പെട്ട ഹിന്ദു മുസ്ലിം കുടിയാന്മാരേയും കർഷകത്തൊഴിലാളികളെയും അദ്ദേഹം സംഘടിപ്പിച്ചു. മലബാറിലെ മുസ്ലിംകളെ രാഷ്ട്രീയമായി കുറച്ചെങ്കിലും ഉണർത്തുന്നതിൽ മേനോൻ വഹിച്ച പങ്ക് നിസ്തുലമായിരുന്നു. അദ്ദേഹത്തിന്റെ ആത്മമിത്രങ്ങളായിരുന്ന തയ്യിൽ മുഹമ്മദ്കുട്ടി മുസ്ലിയാരും (കെ.എം. മൗലവി), കട്ടിലശ്ശേരി മുഹമ്മദ് മുസ്ലിയാരും ഈ പ്രവർത്തനങ്ങളിൽ ശ്രീ മേനോന്റെ പ്രധാന സഹകാരികളായിരുന്നു. മാപ്പിള മുസ്ലിംകളുമായി അദ്ദേഹത്തിനുണ്ടായിരുന്ന സുഹൃദ്ബന്ധം സ്വസമുദായത്തിലും കുടുംബത്തിലും അദ്ദേഹത്തെ അന്യനാക്കി. 'മാപ്പിള മേനോൻ' എന്ന് ആക്ഷേപിക്കപ്പെട്ടു.

ചുരുക്കിപ്പറയാം. ജന്മിമുതലാളിത്തത്തിനെതിരായ സമരം കലാപമായി പടർന്നു. ബ്രിട്ടീഷ് ഉദ്യോഗസ്ഥരും പോലീസും സമരക്കാരെ അമർച്ച ചെയ്യാൻ ജന്മിമുതലാളിമാരുടെ സഹായികളായപ്പോൾ വിവരമില്ലാത്ത ജനങ്ങൾ ബ്രിട്ടീഷ് പട്ടാളത്തോട് പോലും സമരം ചെയ്യാൻ തയ്യാറായി. സംഘടിപ്പിച്ചവർക്കും നേതൃത്വം നൽകിയവർക്കും ഒതുക്കാൻ കഴിയാത്തവണ്ണം ജനം അനിയന്ത്രിതമായി. അപ്പോൾ നേതൃത്വം വികാരജീവികളായ മറ്റു ചിലരുടെ കൈകളിൽ ചെന്നുവീണു. സദുദ്ദേശ്യവും ശുദ്ധമനസ്കതയുമാണ് ആ നേതാക്കൾക്ക് ഉണ്ടായിരുന്നതെങ്കിലും വിചാരങ്ങളെക്കാളുപരി വികാരമാണ് അവരെ അധീനപ്പെടുത്തിയത്. ആ കൂട്ടത്തിലെ പ്രധാനികളായിരുന്നു ആലി മുസ്ലിയാരും വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയും.

അന്നത്തെ ഖിലാഫത്ത്- കോൺഗ്രസ് നേതാക്കൾ ബുദ്ധിശൂന്യവും അപകടവുമായ നടപടികളിൽ നിന്നും മാപ്പിളമാരെ പിന്തിരിപ്പിക്കാൻ കിണഞ്ഞു ശ്രമിച്ചു. ഏറനാട്- വള്ളുവനാട് താലൂക്കുകളിൽ 5000 കോപ്പികൾ വിതരണം ചെയ്യപ്പെട്ട ഒരു പ്രസ്താവന ഇപ്രകാരം ജനങ്ങളെ ഉപദേശിച്ചു.

“മാന്യ മഹാ ജനങ്ങളെ,

ഇന്ത്യക്കാരുടെ രാഷ്ട്രീയമായ ഉയിർത്തെഴുന്നേൽപും കോൺഗ്രസ്- ഖിലാഫത്ത് ആദർശപ്രചാരണ വിജയവും ഭരണാധിവർഗത്തെ വല്ലാതെ ചൊടിപ്പിച്ചിട്ടുണ്ട്. മഹാത്മാഗാന്ധിയും അലി സഹോദരന്മാരും മറ്റ് ഹിന്ദു- മുസ്‌ലിം ദേശീയ നേതാക്കളും സഹനസമരത്തിനും നിസ്സഹകരണ പ്രസ്ഥാനത്തിനുമാണ് ആഹ്വാനം ചെയ്തിരിക്കുന്നത്. മാപ്പിള നാട്ടിൽ സുദൃഢമായി വേരുറച്ച് വരുന്ന ഹിന്ദു- മുസ്‌ലിം ഐക്യം വെള്ളക്കാരുടെ പരിഭ്രമത്തെ വർദ്ധിപ്പിച്ചിട്ടുണ്ട്. 21-ാം നു തിരൂരങ്ങാടിയിൽ നടന്ന കലാപ വിവരം എല്ലാവരും അറിഞ്ഞിരിക്കുമല്ലോ. മാപ്പിള നാട്ടിൽ മർദ്ദനങ്ങളും അറസ്റ്റുകളും നടക്കാനുള്ള സാധ്യത തെളിഞ്ഞു കാണുന്നുണ്ട്.

ബഹുജനങ്ങളോട് ഞങ്ങൾ ഖേദത്തോടും ഭയാശങ്കയോടും കൂടി ഒരു കാര്യം ഉണർത്തുന്നു. പോലീസും പട്ടാളക്കാരും എന്ത് അക്രമം പ്രവർത്തിച്ചാലും നിങ്ങൾ സഹനസമരത്തിൽ ഉറച്ച് നിൽക്കണം. യാതൊരു തരത്തിലുള്ള അക്രമത്തിനും പകരം ചോദിക്കലിനും മുതിരരുത്. അങ്ങനെ ചെയ്താൽ ഇപ്പോൾ നമുക്ക് തിട്ടപ്പെടുത്താൻ സാധിക്കാത്ത പല നാശനഷ്ടങ്ങളും രക്തച്ചൊരിച്ചിലിന്നും ഹേതുവാകുന്നതാണ്. അതിനാൽ എല്ലാവരും സഹനമാർഗവും സഹകരണ ത്യാഗാശയവും പ്രകടിപ്പിക്കണം. എല്ലാവരും സമാധാന മാർഗത്തിൽ ചരിക്കണമെന്നും ഞങ്ങൾ ഇതിനാൽ അപേക്ഷിക്കുന്നു.” (1921 ആഗസ്റ്റ് 22)

1. കെ.പി. കേശവമേനോൻ, 2. യു. ഗോപാല മേനോൻ, 3. മുഹമ്മദ് അബ്ദുറഹ്മാൻ, 4. തയ്യിൽ മുഹമ്മദ്കുട്ടി മുസ്‌ലിയാർ (കെ.എം. മൗലവി), 5. എം.പി. നാരായണ മേനോൻ, 6. ഇ. മൊയ്തു മൗലവി, 7. പെരുമ്പടത്ത് മൊയ്തീൻകോയ. ഇത്രയും നേതാക്കളാണ് ഈ പ്രസ്താവനയിൽ ഒപ്പ് വെച്ചിരിക്കുന്നത്.

പക്ഷേ, എന്തു ഫലം! നേതാക്കളുടെ യാതൊരു ശ്രമവും വിജയിച്ചില്ല. ജനങ്ങൾ ആലിമുസ്‌ലിയാരുടെയും വാരിയൻകുന്നത്തിന്റെയും കൈകളിൽ അകപ്പെട്ടുപോയിരുന്നു. നയിക്കുന്നവരും നയിക്കപ്പെട്ടവരും വിവരക്കേടിൽ തുല്യരായി. ഹിന്ദു ജന്മിമാർക്കെതിരിൽ അലയടിച്ചുവന്ന കർ

ഷക സമരം ഹിന്ദുക്കൾക്കെതിരിലുള്ള വർഗീയാക്രമണമായി വ്യാഖ്യാനിക്കപ്പെട്ടു. വർഗീയ ഭ്രാന്തിനടിപ്പെട്ട് ചില വിവരദോഷികളുടെ അവിവേകവും കുറച്ചൊക്കെ ഇതിന് കാരണമായി. സർവ്വസന്നാഹങ്ങളോടെ ആർത്തുവിളിച്ചു വന്ന ബ്രിട്ടീഷ് പട്ടാളത്തെ കഠാരകൊണ്ടും കുറുവടി കൊണ്ടും നേരിടാൻ ഒരുങ്ങിയ പരമ വിഡ്ഢിത്തം ഒരു സമുദായത്തിന്റെ പതിറ്റാണ്ടുകൾ നീണ്ടുനിന്ന ദുരിതത്തിനും കഷ്ടതകൾക്കും അധപതനത്തിനും കാരണമായി. “10,000 മാപ്പിളമാർ കൊല്ലപ്പെട്ടു. 10,000 പേരെ കാണാതായി.” (മലബാർ സമരം: എം.പി. നാരായണ മേനോനും സഹപ്രവർത്തകരും, പ്രൊഫ. എം.പി. എസ് മേനോൻ 1992 ഐ.പി.എച്ച്)

ചുരുക്കത്തിൽ മലബാർ ലഹള മുസ്ലിംകൾക്ക് സംഭവിച്ച ചരിത്രപരമായ വലിയൊരു തെറ്റായിരുന്നു എന്നാണ് എന്റെ ദൃഢമായ അഭിപ്രായം. തിരുത്താൻ കഴിയാതെപോയ വിഡ്ഢിത്തം. ആത്മവീര്യവും രാജ്യസ്നേഹവും നിഷ്കളങ്കതയും ഹൃദയത്തിൽ ഒത്തുചേർന്ന പാവപ്പെട്ട സമുദായത്തെ ബ്രിട്ടീഷ് സൈന്യത്തിന്റെ തോക്കുകൾക്ക് മുന്നിലേക്ക് എറിഞ്ഞുകൊടുത്ത ക്രൂരവും ഭീകരവുമായ വിഡ്ഢിത്തം. നീണ്ട പതിറ്റാണ്ടുകൾക്ക് ശേഷം ഈ ദുരന്തത്തിനിരയായവരുടെ കുടുംബാദികൾക്ക് സർക്കാർ എറിഞ്ഞുകൊടുത്ത പെൻഷൻ പിച്ചക്കാശ് മാത്രം മിച്ചം!

ഓർമകളുടെ തീരത്ത്

## 13

# ഒരു പാലായനവും സമുദായവും

എന്റെ ബഹുമാന്യ ഗുരുനാഥൻ കെ.എം. മൗലവി അറിയപ്പെട്ട ജനപ്രിയ നായകനായിരുന്നു. കലാപം ഒതുക്കാൻ അദ്ദേഹം കഴിവത് പ്രയത്നിച്ചു. പക്ഷെ, വിപരീത ഫലമാണുണ്ടായത്. കലാപത്തിന് നേതൃത്വം നൽകിയവനായി മുദ്രയടിക്കപ്പെട്ടു. വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടു. അറസ്റ്റ് വാറണ്ട് അദ്ദേഹത്തിനെതിരിൽ വന്നു. മലബാർ പോലീസിന് പിടികൊടുക്കാതെ രക്ഷപ്പെടണമെന്ന് വേണ്ടപ്പെട്ടവരെല്ലാം നിർബന്ധിച്ചതനുസരിച്ച് ബ്രിട്ടീഷ് പട്ടാളവും പോലീസും കടന്നുചെല്ലാൻ ഇടയില്ലാത്ത കൊച്ചി രാജ്യത്തെ കൊടുങ്ങല്ലൂരിനടുത്തുള്ള അഴീക്കോട്ടേക്ക് നാടുകടന്നു. മലബാറും കൊച്ചിയും അന്ന് വ്യത്യസ്ത നാട്ടുരാജ്യങ്ങളായിരുന്നു. 1922 ജനുവരി 14നായിരുന്നു ചരിത്രപ്രധാനമായ ഈ പാലായനം.

മഹാനായ കെ.എം. സീതിസാഹിബിന്റെ മഹാനായ പിതാവ് കോട്ട

പ്പുറത്ത് സീതി മുഹമ്മദിന്റെ എറിയാടുള്ള നമ്പൂതിരിമഠം എന്ന വീട്ടിൽ അദ്ദേഹത്തിന്റെ ബഹുമാന്യനായ അതിഥിയും അഭയാർത്ഥിയുമായി മൗലവി കഴിഞ്ഞുകൂടി. ഈ ജീവിതമാണ് പിൽക്കാലത്ത് മുസ്‌ലിംകേരള ത്തിന്റെ നാനോന്മുഖമായ പരിവർത്തനത്തിനും പുരോഗതിക്കും വിത്തു പാകിയത്. മലബാർ കലാപകാലത്തുള്ള മുസ്‌ലിംകളുടെ മത- സാമൂഹിക സ്ഥിതിയും വിദ്യാഭ്യാസ സാംസ്‌കാരിക ബോധവും വട്ടപ്പൂജ്യമായിരുന്നു. പഴയ കൊച്ചി രാജ്യത്തിൽ പെട്ട കൊടുങ്ങല്ലൂർ- അഴീക്കോട്- എടവനക്കാ ട് വരെയുള്ള പ്രദേശങ്ങളും ആലുവ- വെളിയത്തുനാട് ഭാഗങ്ങളും പൂജ്യ ത്തിൽ നിന്നും അൽപം മുകളിലായിരുന്നുവെന്ന് മാത്രം. അവിടത്തെ മുസ്‌ലിംകൾ സാമ്പത്തികമായി ലേശം മെച്ചപ്പെട്ട നിലവാരത്തിലും ഭൗതി ക വിദ്യാഭ്യാസമേഖലയിൽ അൽപം ശ്രദ്ധാലുക്കളുമായിരുന്നുവെന്ന് കാ ണാം. എന്നാൽ മതരംഗം അവിടെയും മെച്ചമായിരുന്നില്ല. തിരുവിതാംകൂർ രാജ്യവും ഏതാണ്ട് ഇപ്രകാരം തന്നെ. തെക്കരേക്കാൾ മലബാർ മുസ് ലിംകൾ തുലോം മെച്ചമായിരുന്നു. മതവിജ്ഞാനമാർജ്ജിക്കുന്നതിൽ ധാരാളം പള്ളി ദർസുകളും മദ്റസകളും അവിടെ നടന്നുവന്നിരുന്നു.

സ്ത്രീ വർഗത്തിന്റെ കാര്യമായിരുന്നു ഏറെ കഷ്ടം. അടുക്കളക്ക് പുറത്ത് അവർക്ക് ഒരു ലോകമേയില്ല. എഴുത്തും വായനയും നിഷിദ്ധം. കുടുംബവിഷയങ്ങളിൽ അനുസരിക്കപ്പെടുന്ന യന്ത്രം മാത്രം. പുരുഷ ന്മാരുടെ ദാഹം തീർക്കാനുള്ള ലൈംഗിക ഉപകരണം. മക്കളെ പെറ്റുകൂ ട്ടുന്ന യന്ത്രങ്ങൾ. അവരെ വളർത്തുന്നതിലും ഭാവി കരുപ്പിടിക്കുന്ന തിലും ഉമ്മമാർക്ക് ഒരഭിപ്രായവുമില്ല. അഥവാ പറഞ്ഞുകൂടാ.

സ്ത്രീകളെ അല്ലാഹുവിന്റെ ഭവനങ്ങളിൽ നിന്നകറ്റി. പള്ളിയിൽ നമ സ്കരിക്കുന്നതും ഉപദേശം കേൾക്കുന്നതും വിലക്കി. സ്ത്രീകൾ പള്ളി യിൽ പ്രവേശിക്കുന്നത് ഖുർആനിനും സുന്നത്തിനും എതിരാണെന്ന് പണ്ഡിതന്മാർ നുണ പറഞ്ഞു പരത്തി. കയ്യെഴുത്ത് പഠിക്കൽ ഹറാമാ ണെന്ന് ഫത്‌വയിറക്കി.

"ഇക്കാലത്ത് സ്ത്രീകൾക്ക് അക്ഷര വിദ്യ തീർച്ചയായും ഹറാമാ കാൻ മാത്രമേ വഴി കാണുന്നുള്ളൂ." (സുന്നികളുടെ പഴയ അറബി മല യാള മാസിക. അൽബയാൻ പു. 11)

16.3.1930ൽ മണ്ണാർക്കാട്ട് ചേർന്ന സമസ്ത കേരള ജംഇയ്യത്തുൽ ഉലമ യുടെ നാലാം വാർഷിക സമ്മേളനം വെള്ളാങ്ങര മുഹമ്മദ് മുസ്‌ലിയാരു ടെ അദ്ധ്യക്ഷതയിൽ അംഗീകരിച്ച പ്രമേയത്തിൽ ഇങ്ങനെ കാണാം. "സ് ത്രീകൾക്ക് കയ്യെഴുത്ത് പഠിക്കൽ ശറഇൽ മക്റൂഹാണെന്നും മറ്റും പലേ മഹാന്മാരായ ഉലമാക്കൾ മുമ്പ് തന്നെ തീരുമാനിച്ചിട്ടുള്ളതാകയാൽ

അവർക്ക് കയ്യെഴുത്ത് പഠിക്കാൻ പ്രത്യേകം പാടില്ലാത്താണെന്ന് ഈ യോഗം തീരുമാനിക്കുന്നു." പ്രമേയം അവതരിപ്പിച്ചത് സി.കെ. മുഹമ്മദ് മുസ്‌ലിയാരും പിന്താങ്ങിയത് പാങ്ങിൽ അഹ്മ്മദ്കുട്ടിമുസ്‌ലിയാരും ആയിരുന്നു.

1998ൽ നമ്മൾ എത്തി. ലോകം എത്രയോ മാറി. സ്ത്രീകൾ പഠിച്ചു. ഉന്നത ബിരുദങ്ങൾ കരസ്ഥമാക്കി. അദ്ധ്യാപികമാരും പ്രൊഫസർമാരും ഡോക്ടർമാരും വക്കീലന്മാരും എഞ്ചിനീയർമാരും അടങ്ങിയ ഉന്നത ബിരുദധാരിണികൾ ഉണ്ടായി. മതരംഗത്തും അഫ്ളലുൽ ഉലമ പഠിച്ച ധാരാളം പണ്ഡിതകൾ രംഗത്തുവന്നു. പ്രസംഗകരും സാമൂഹിക പ്രവർത്തകരും സമുദായത്തിൽ വളർന്നു. എന്തിനേറെ, തങ്ങന്മാരും മുസ്‌ലിയാക്കളും അടങ്ങുന്ന, മഹാഭൂരിപക്ഷം സുന്നികൾ അണിനിരന്ന മുസ്‌ലിംലീഗിന്റെ രാഷ്ട്രീയ പ്രവർത്തനത്തിൽ സ്ത്രീകൾ സജീവമായി വന്നു. ത്രിതല പഞ്ചായത്തുകളിൽ തെരഞ്ഞെടുപ്പിൽ മത്സരിച്ച് വിജയിച്ച് പ്രസിഡണ്ടുമാർ വരെ ആയിത്തീർന്നു. മുസ്‌ലിം കേരളത്തിന്റെ അഭിമാനഭാജനമായ ശ്രീമതി ഖമറുന്നിസ അൻവർ കേരള സർക്കാരിന്റെ സാമൂഹികക്ഷേമ ബോർഡിന്റെ ചെയർപേഴ്സനായി ഭരണനൈപുണ്യം തെളിയിച്ചു. നൂറു കണക്കിന് മസ്ജിദുകളിൽ സ്ത്രീകൾക്ക് പ്രാർത്ഥനക്കായി സൗകര്യം ഉണ്ടായി. ക്രമാനുഗതമായ ഈ വളർച്ചയിലും അഭിവൃദ്ധിയിലും സ്ത്രീ സമൂഹം എത്തിപ്പെട്ടത് മഹത്തായ ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ ത്യാഗസുരഭിലമായ പ്രവർത്തനം ഒന്നുകൊണ്ടു മാത്രമായിരുന്നു. കയ്യോ വളരുന്നു, കാലോ വളരുന്നു എന്ന് മാതാപിതാക്കൾ പുന്നാരത്തോടെ നോക്കിയിരിക്കുമ്പോൾ അവരുടെ മനസ്സും ചിന്തകളും അതോടൊപ്പം വളരണമെന്ന് കൊതിച്ച എന്റെ ഗുരുതുല്യരായ പണ്ഡിതന്മാർ അതിനായി അനുഭവിച്ച കഷ്ടനഷ്ടങ്ങളുടെ കഥകൾ പറഞ്ഞു തീർക്കാവുന്നതിന്നപ്പുറമായിരുന്നു.

1998ൽ നമ്മൾ എത്തിയല്ലോ. അപ്പോഴും സ്ത്രീകളെ പള്ളിയിൽ പ്രവേശിപ്പിക്കുന്നതിനെ മുസ്‌ലിയാക്കൾ കൂട്ടത്തോടെ എതിർക്കുകയാണ്. ഇ.കെ. സുന്നിയും, എ.പി. സുന്നിയും. പിന്നെ ഏതെങ്കിലും സുന്നിയുണ്ടെങ്കിൽ അവരും ഇവിടെ കൈകോർക്കുന്നു. കാന്തപുരം എ.പി. അബൂബക്കർ മുസ്‌ലിയാർ ഈ വിഷയവുമായി കോഴിക്കോട് നടത്തിയ പത്രസമ്മേളനത്തിൽ തങ്ങളുടെ മുരടിച്ച യാഥാസ്ഥിതിക ചിന്ത സ്ഥാപിക്കുന്നതിന് പച്ചയായ നുണ ലജ്ജയില്ലാതെ തട്ടിവിടുകയുണ്ടായി. സത്യവും ധർമ്മവും എന്നതിന് ഇവരുടെ നിഘണ്ടുക്കളിൽ കളവും ചതിയും എന്ന് അർത്ഥമായിരിക്കാം. കാന്തപുരം പറഞ്ഞു:

"മക്കയിലും മദീനയിലും പള്ളിയിൽ നമസ്കാരത്തിന് വരാൻ സ്ത്രീ

കൾക്ക് അനുവാദമില്ല. രണ്ടിടത്തും പള്ളിയിൽ കടക്കാൻ ശ്രമിക്കുന്ന സ്ത്രീകളെ വളണ്ടിയർമാർ വടികൊണ്ട് കുത്തിയകറ്റുന്നത് സാധാരണ കാഴ്ചയാണ്." (മാധ്യമം 7.3.1997)

ഹജ്ജിന് പോയി തിരിച്ചെത്തിയ ലക്ഷക്കണക്കിന് മലയാളി മുസ്ലിംകൾ കല്ലുവെച്ച ഈ നുണകൾക്ക് മറുപടി പറയട്ടെ.

ഞാൻ തുടങ്ങിയേടത്തേക്ക് മടങ്ങുകയാണ്. വിവരക്കേടും അന്ധവിശ്വാസവും അതിൽ നിന്നും പൊട്ടിമുളച്ച എണ്ണമറ്റ അനാചാരങ്ങളും നിമിത്തം മതരംഗം ഇരുൾ മൂടിയതായിരുന്നു. വളരെക്കാലം കിതാബോതി പഠിച്ച പണ്ഡിതന്മാർ പോലും ഈ ഇരുളിൽ വഴിയറിയാതെ നട്ടംതിരിഞ്ഞു. കെ.എം. മൗലവിയെപ്പോലെ മഹാരഥന്മാരായ വിജ്ഞാനികൾ പോലും ഈ ഇരുട്ടിൽ അകപ്പെട്ടു. അവരുടെ കഴിവും തന്റേടവും രാഷ്ട്രീയ- സാമൂഹിക മേഖലകളിലാണ് വിനിയോഗിക്കപ്പെട്ടിരുന്നത്. ആ രംഗത്ത് അവർ വിജയിച്ചതുമില്ല. നാടും വീടും ഉപേക്ഷിച്ച് അന്യ ദേശത്തേക്ക് പാലായനം ചെയ്യേണ്ട ദൗർഭാഗ്യമാണുണ്ടായത്. സമുദായമാകട്ടെ, ദുരന്തങ്ങളുടെ ഘോഷയാത്രയിൽപെട്ട് ഞെരിഞ്ഞമരുകയും ചെയ്തു.

ഈ മനുഷ്യക്കൂട്ടത്തിന്റെ മതം മുഹ്യിദ്ദീൻ മാലയിൽ നിന്നും തുടങ്ങുന്നു. കപ്പപ്പാട്ട്, കുപ്പിപ്പാട്ട് മുതൽ പക്ഷിപ്പാട്ട് വരെ, ബദർ, ഉഹ്ദ് യുദ്ധ ചരിത്ര ഗാനങ്ങൾ, ബദറുൽ മുനീർ പോലുള്ള പ്രേമ കാവ്യങ്ങൾ, മൈലാഞ്ചിപ്പാട്ടുകൾ, മലപ്പുറം പാട്ടുകൾ അങ്ങനെ പാട്ടുകളുടെ ഒരു കൂത്താട്ടം. ഇതൊക്കെ കേൾക്കലും കേൾപ്പിക്കലുമായിരുന്നു മതപഠനം. ഈ പാട്ടുകളിലധികവും ഇസ്ലാമിന്റെ ഏകദൈവവിശ്വാസത്തിന്റെ കടയ്ക്കൽ കത്തിവെക്കുന്നതായിരുന്നു. സൃഷ്ടികളോടുള്ള പ്രാർത്ഥനയ്ക്ക് പ്രചോദനമേകുന്നതും! മൈലാഞ്ചിപ്പാട്ടുകൾ പോലും ഇത്തരം ശിർക്കിന്റെ പരിവേഷത്താൽ പടം വിരിച്ചു നിന്നു. ഇതിൽ നിന്ന് ഉത്ഭവിച്ച അനാചാരങ്ങൾക്ക് കയ്യും കണക്കുമില്ല. മനുഷ്യമനസ്സുകൾ പള്ളികളിൽ നിന്നകന്ന് ശവകുടീരങ്ങളിലേക്ക് ചാഞ്ഞു. ആശയും ഭയവും അർത്ഥനയും വഴിപാടുകളും അങ്ങോട്ടേക്കായി. മന്ത്രവാദങ്ങൾ എത്രയെത്ര ഇനങ്ങൾ! ശകുനം നോക്കാത്ത ഒരു കാര്യവുമില്ല. ഖുർആൻ ഊതിക്കെട്ടൽ, എഴുതികുടിക്കൽ, ഹോമം, ബാധ ഒഴിപ്പിക്കൽ, മന്ത്രങ്ങൾ പലതരം. ഇങ്ങനെ പലജാതി തന്ത്രങ്ങൾ! ജനിച്ചാലും മരിച്ചാലും വിവാഹത്തിനും പ്രസവത്തിനും എല്ലാം മന്ത്രചികിത്സകളുടെ കൂത്തരങ്ങാണ്. എല്ലാം പുണ്യം നേടാൻ! സ്വർഗം പൂകാൻ!!

പുരോഹിതന്മാരിൽ പോരിശ കൂടിയവരും കുറഞ്ഞവരും! പലയിനം തങ്ങൾ, സയ്യിദ്, ലബ്ബാ, മസ്താൻ, ഉസ്താദ്, മുസ്ലിയാർ! മുസ്വീബത്തു

കൾ അകറ്റലും സലാമത്ത് വീശലും! സദ്യയും കൈമടക്കും ഗ്രേഡ് അനുസരിച്ച്! പള്ളിദർസാണ് ഉപരിപഠന കേന്ദ്രം. പത്തും പതിനഞ്ചും വർഷങ്ങൾ, വരട്ടുചൊറിയും ചിരങ്ങും സന്തത സഹചാരിയും. ഇതെല്ലാം കഴിഞ്ഞു പുറത്തുവന്നാൽ മേൽ പറഞ്ഞ കാര്യങ്ങൾക്കുള്ള ആഖിറത്തൊഴിലാളികളായ കുട്ടി മുസ്‌ലാക്കളായി.

കെ.എം. മൗലവി എന്നോട് പറഞ്ഞ അക്കാലത്തെ ഒരു സർവ്വെ റിപ്പോർട്ട് അറിഞ്ഞിരിക്കേണ്ടതാണ്. ഭൗതിക വിദ്യാഭ്യാസത്തിൽ താരതമ്യേന മെച്ചപ്പെട്ട നിലവാരം പുലർത്തിയിരുന്ന അഴീക്കോട് മഹല്ലിലെ മതാചാരണം! മൗലവി സാഹിബ് മുസ്‌ലിം വീടുകളിൽ ഒരന്വേഷണം നടത്തി. മതത്തിന്റെ പേരിൽ എല്ലാ വീടുകളിലും മടുങ്ങാതെ നടന്നുവരുന്ന ഒരു കർമ്മമേത്? നിർബന്ധമായ നമസ്കാരം അധിക വീടുകളിലും ഇല്ല. നോമ്പും അങ്ങനെ തന്നെ. സകാത്ത് കൊടുക്കാൻ അർഹതയുള്ളവരിൽ അധികവും അത് നിർവഹിക്കുന്നില്ല. നോമ്പുകാലത്ത് പ്രത്യേകിച്ച് ഇരുപത്തി ഏഴാം രാവിന് ഒരു കൊടുക്കലുണ്ട്. വീടിന്റെ മുറ്റത്ത് വന്ന് കൂടുന്ന പാവങ്ങൾക്ക് ചില്ലറ നാണയത്തുട്ടുകൾ! ഹജ്ജ് നിർബ്ബന്ധമായിത്തീർന്നവരിൽ അധികവും വാർദ്ധക്യത്തിന് കാത്തിരിക്കുന്നു. സർവ്വ പ്രധാനമായ ശഹാദത്ത് കലിമയുടെ സാരം മഹാ ഭൂരിപക്ഷത്തിനും നിശ്ചയമില്ലതാനും. എന്നാൽ എല്ലാ വീടുകളിലും മുടക്കം വരാതെ നിത്യവും ചെയ്തുവരുന്ന ഒരു കർമ്മം ഏതെന്ന് കണ്ടെത്തി. ഒരു എണ്ണത്തിരിക്ക് മുമ്പിലിരുന്ന് ചന്ദനത്തിരികളുടെ അകമ്പടിയോടെ മഗ്‌രിബ് കഴിഞ്ഞ നേരം അതീവ ഭക്തിയോടെ മുഹ്‌യിദ്ദീൻ മാല ഈണത്തിൽ ചൊല്ലിപ്പാടും! ഏറ്റവും പഴക്കമുള്ള ഒരു മാപ്പിളപ്പാട്ട്. ശിർക്കും കുഫ്റും അട്ടിയിട്ട് രചിച്ച അറബി മലയാള ഗാനം. ഇസ്‌ലാമിന്റെ പരിശുദ്ധമായ തൗഹീദ് ജനമനസ്സുകളിൽ നിന്നും അകറ്റിയ, സമുദായത്തിന്റെ വിശ്വാസത്തകർച്ചയ്ക്ക് ഇത്രത്തോളം കാരണമായ ഒരു കാര്യം കേരള മുസ്‌ലിംകളുടെ ചരിത്രത്തിൽ ഈ ശപിക്കപ്പെട്ട മാലപോലെ മറ്റൊന്നും കാണുകയില്ല.

ഓർമകളുടെ തീരത്ത്

## 14

# പതിയും ഫൈസിയും

എന്നാൽ ഇരുപതാം നൂറ്റാണ്ടിന്റെ അവസാന വർഷങ്ങളിൽ പോലും കഠിനകഠോരമായ ഈ ശാപത്തിന്റെ മാലയ്ക്ക് ഭക്തിപുരസ്സരം വ്യാഖ്യാനം രചിച്ച പണ്ഡിതൻ ഈ നാട്ടിലുണ്ടായി. മുസ്തഫൽ ഫൈസി എന്നാ

ണ് അദ്ദേഹത്തിന്റെ പേര്. ഇതിന് സമാനമായി അര നൂറ്റാണ്ടു മുമ്പ് ജീവിച്ച ഒരു പണ്ഡിതനുണ്ടായിരുന്നു. കറ്റാനം പതി അബ്ദുൽഖാദിർ മുസ്ലിയാർ. തിരുവിതാംകൂർകാരൻ. കേരളത്തിലെ മുഴുവൻ മുസ്‌ലിയാക്കളും ആദരിച്ച് എതിരേറ്റ് കൊണ്ടുനടന്നിരുന്ന പ്രഗൽഭ വാഗ്മി. അദ്ദേഹത്തെ സുപ്രസിദ്ധനും കുപ്രസിദ്ധനുമാക്കിയ പ്രധാന വാദം എന്തായിരുന്നുവെന്നോ? “മുഹ്‌യിദ്ദീൻ മാല സത്യസമ്പൂർണ്ണമല്ലെങ്കിൽ ഖുർആനും സത്യസമ്പൂർണ്ണമാകുകയില്ല.” അല്ലാഹുവിൽ ശരണം! നാടു നീളെ ആ മനുഷ്യൻ അബൂജഹലിനെപോലും നാണിപ്പിക്കുന്ന ഈ കുഫ്ർ ഇസ്ലാമിന്റെ പേരിൽ വാതോരാതെ പ്രസംഗിച്ചു നടന്നു. ആയിരക്കണക്കിന് ജനങ്ങൾ അക്കാലത്ത് പതിയുടെ പ്രസംഗം കേൾക്കാൻ തടിച്ചുകൂടുമായിരുന്നു. ഒടുവിൽ ഈ ദുൻയാവിൽ വെച്ച് തന്നെ ആ മനുഷ്യന്റെ മേൽ ശാപം ഇറങ്ങി. പേരുകേട്ട സമസ്തയുടെ മുസ്‌ലിയാക്കളടക്കം പതിനായിരങ്ങളുടെ ആരാധ്യ പുരുഷനായി വിലസിയ പതി മുസ്‌ലിയാർക്ക് ഒരു നാൾ പെട്ടെന്ന് ഒരു ഉൾവിളി! മുസ്‌ലിംകൾ ‘അല്ലാഹു’ എന്ന പേരു പറയുമ്പോൾ മലയാളത്തിൽ എഴുതുന്നതുപോലെയല്ലല്ലോ ‘ല്ലാ’യുടെ ഉച്ചാരണം. എന്നാൽ പതി വാദിച്ചു, മുസ്‌ലിംകൾ ‘അല്ലാഹു’ എന്ന മലയാള ലിപി പ്രകാരമുള്ള ഉച്ചാരണമാണ് സ്വീകരിക്കേണ്ടത്. ഈ വാദം അദ്ദേഹത്തിന് ഒരു ഭ്രാന്ത് പോലെയായി. നാടുനീളെ ഇത് പ്രസംഗിച്ചു നടക്കാൻ തുടങ്ങി. സമസ്തയിലെ വൻതോക്കുകളായ മുസ്‌ലിയാക്കൾക്ക് ഇത് ഹാലിളക്കമുണ്ടാക്കി. പതിയെ അവർ ബഹിഷ്കരിക്കുകയും ബഹിഷ്കരിക്കാൻ ജനങ്ങളോട് ആഹ്വാനം നൽകുകയുമുണ്ടായി. പതി ഒറ്റപ്പെട്ടു. പതിനായിരങ്ങളെ ആകർഷിച്ച മുസ്‌ലിയാരുടെ പ്രസംഗത്തിന് പത്തുപേർ പോലും ഹാജരാകാത്ത വിധം ആ ബഹിഷ്കരണം പൂർണ്ണതയിലായി. ഒറ്റപ്പെടലിന്റെ ആഘാതത്തിൽ മാനസിക സംഘർഷത്തിന് വിധേയനായി കടുത്ത ആസ്തമാ രോഗത്തിന് അടിമപ്പെട്ടു. ആരും തിരിഞ്ഞുനോക്കാത്ത അവസ്ഥയിൽ ക്ഷീണിതനായി അന്ത്യശ്വാസം വലിച്ചു. രോഗ കാഠിന്യത്താൽ ആത്മഹത്യ ചെയ്തതാണെന്ന് നാട്ടിലാകെ ശ്രുതി പരന്നു. സത്യം അല്ലാഹുവിനറിയാം.

മുസ്തഫൽ ഫൈസി സമസ്തയുടെ പുന്നാര മോനായിരുന്നു. എഴുത്തുകാരനും പ്രഭാഷകനും. അദ്ദേഹം ഒരു ഖുർആൻ പരിഭാഷ പുറത്തിറക്കി. ഫാതിഹാ സൂറത്തിന്റെ വ്യാഖ്യാനമായിരുന്നു ഒന്നാം വാല്യം. അതിന്റെ മുഖവുരയിൽ ഫൈസി എഴുതി. മുഹ്‌യിദ്ദീൻ മാലക്ക് വ്യാഖ്യാനം രചിച്ചപ്പോൾ ഉണ്ടായ ആത്മീയ പ്രചോദനമാണ് ഈ ഖുർആൻ വ്യാഖ്യാനത്തിന് കാരണമായത്! ഗൾഫിൽ നിന്നാണ് വലിയമേനിയിൽ അച്ച

ടിച്ച് ഇത് പുറത്തിറക്കിയത്. അതിന്റെ ഒരു പ്രതി ഒരു സുഹൃത്ത് എനിക്ക് പരിശോധനയ്ക്കായി തന്നു. 'ഇയ്യാക്ക നഅ്ബുദു' എന്ന വചനത്തിന് 'നിന്നെ ഞങ്ങൾ ആരാധിക്കുന്നു' എന്നർത്ഥം കൊടുത്തിരിക്കുന്നു. 'നിന്നെ മാത്രം' എന്ന അതിപ്രധാനമായ ആശയം മാറ്റിക്കളഞ്ഞു. മറ്റു മതങ്ങളിൽ നിന്നും സിദ്ധാന്തങ്ങളിൽ നിന്നും ഇസ്‌ലാമിനെ വേർതിരിക്കുന്ന 'മാത്രം' എന്ന പ്രയോഗം എടുത്തുകളയുന്നതോടെ തൗഹീദ് ഇല്ലാതാകുകയാണ്. മക്കാമുശ്‌രിക്കുകളുടെ മതം ഫൈസി ഖുർആൻ പരിഭാഷയിലൂടെ അവതരിപ്പിച്ചു. ഇത് പരിശോധിച്ചപ്പോൾ കടുത്ത അസഹ്യതയുണ്ടായി. അല്ലാഹുവിന്റെ ഗ്രന്ഥത്തോട് കൂറു പാലിക്കുക എന്ന പ്രവാചകന്റെ കൽപന മനസ്സിൽ തെളിഞ്ഞു. ബഹുദൈവാരാധനയുടെയും സത്യനിഷേധത്തിന്റെയും ആശയങ്ങൾ അല്ലാഹുവും പ്രവാചകനും പഠിപ്പിക്കുന്നതാണെന്ന ഭാവത്തിൽ ഖുർആൻ പരിഭാഷയിലൂടെ ഉടനീളം എഴുതിക്കൂട്ടിയിട്ടുള്ളത് കണ്ടിട്ട് മിണ്ടാതിരുന്നാൽ റബ്ബിന്റെ ശിക്ഷ എനിക്കേൽക്കേണ്ടിവരുമെന്ന് ഞാൻ അറിഞ്ഞു. എന്റെ കഴിവിനൊത്ത് ഈ ഫൈസീ പരിഭാഷക്കെതിരിൽ നാവും പേനയും ചലിപ്പിച്ചു. എന്റെ സൽസബീൽ മാസികയിലൂടെ അനേകം ലക്കങ്ങളിലായി ഈ പരിഭാഷയിലെ ഇസ്‌ലാമിക വിരുദ്ധ കാര്യങ്ങൾ പുറത്തുവിടുകയും ശക്തിയായി വിമർശിക്കുകയും ചെയ്തു. എന്റെ പ്രഖ്യാപിത രീതി അനുസരിച്ച് വിമർശനലേഖനത്തിന്റെ പകർപ്പ് പ്രസിദ്ധീകരണത്തിന് മുമ്പായി തന്നെ രചയിതാവിന് പോസ്റ്റു വഴി അയച്ചു. മറുപടി ഉണ്ടെങ്കിൽ അയക്കുക. രണ്ടും കൂടി പ്രസിദ്ധീകരിക്കും. ഇരുഭാഗവും വായിച്ചു ജനങ്ങൾ സത്യം ഗ്രഹിക്കട്ടെ എന്നും കത്തെഴുതി. ഒരനക്കവുമുണ്ടായില്ല.

പക്ഷെ, എന്റെ മനസ്സ് അടങ്ങിയില്ല. ഈ ദുഷ്ടവൃത്തികൾക്കെതിരിൽ ഇനിയും പലതും ചെയ്യാൻ കഴിയുമെന്ന് മനസ്സ് എന്നോട് പറയുന്നുണ്ടായിരുന്നു. ഫാതിഹ സൂറത്തിന്റെ മറവിൽ മക്കാമുശ്‌രിക്കുകളുടെ ആശയം പ്രചരിപ്പിക്കുന്ന ഈ ക്ഷുദ്രകൃതിയുടെ പ്രചാരണം തടയണമെന്ന് തോന്നി. ഗൾഫിൽ നിന്നാണ് ഇതിന്റെ അച്ചടിയും വിതരണവും. ഞാൻ യു.എ.ഇ.യിൽ പോയപ്പോൾ ആ പരിഭാഷയിൽ നിന്നുള്ള അനിസ്‌ലാമിക ആശയങ്ങളും ഉദ്ധരണികളും ക്രോഡീകരിച്ചു ഒരു കത്തോട് കൂടി അവിടത്തെ മതകാര്യ വകുപ്പിന് സമർപ്പിച്ചു. അവർ അടിയന്തിരമായി അന്വേഷിച്ചു. കാര്യം ബോധ്യപ്പെട്ടതോടെ പരിഭാഷയുടെ മുഴുവൻ കോപ്പികളും കണ്ടുകെട്ടി. വിതരണം നിരോധിക്കുകയും ചെയ്തു. പിന്നീട് നാട്ടിലെത്തി അറിയപ്പെട്ട മിക്ക ബുക്സ്റ്റോളുകളിലും ഇതിന്റെ കോപ്പി അന്വേഷിച്ചു. എവിടെയുമില്ല. പലരും അത് കണ്ടിട്ടില്ലെന്ന് പറഞ്ഞു. സമസ്ത സെൻസർ

ചെയ്തുവത്രെ! മിണ്ടാട്ടം ഇല്ലാതായി. മുഹ്‌യിദ്ദീൻ മാലയിൽ നിന്നും ആത്മീയ പ്രചോദനം നേടി ഖുർആൻ പരിഭാഷയ്ക്കൊരുങ്ങിയ മനുഷ്യനെ നിങ്ങൾ എന്ത് പേര് വിളിക്കും! ഞാൻ ഇസ്‌ലാമിന്റെ കഠിന ശത്രു എന്ന് വിളിക്കുന്നു.



## 15

# വീണ്ടും വക്കം മൗലവി

പറഞ്ഞുവന്ന വിഷയത്തിലേക്ക് ഞാൻ മടങ്ങുകയാണ്. അനുബന്ധമായി വരുന്ന പലതും കൂട്ടത്തിൽ പറഞ്ഞുപോകാതെ മാറ്റിവെച്ചാൽ ഓർമ്മയിൽ നിന്നും അത് മറഞ്ഞുപോയേക്കും. കെ.എം. മൗലവി തന്റെ അന്വേഷണ റിപ്പോർട്ടിന്റെ വിശദാംശം അറിഞ്ഞപ്പോൾ അന്തംവിട്ടു. എന്തുമാത്രം ദയനീയവും അപകടകരവുമാണ് സമുദായത്തിന്റെ ഈ ദുരവസ്ഥ! വിദ്യാഭ്യാസത്തിലും സാമ്പത്തിക നിലവാരത്തിലും താരതമ്യേന മെച്ചപ്പെട്ട ഒരു സമൂഹത്തിന്റെ മതബോധം ഇത്രയ്ക്ക് മോശമാണെങ്കിൽ, എഴുത്തും വായനയുമില്ലാത്ത ഏറനാട്- വള്ളുവനാട് താലൂക്കുകളിലെ മാപ്പിള സമൂഹത്തിന്റെ കാര്യം എത്ര പരിതാപകരമായിരിക്കും! ഇതൊന്നും മനസ്സിലാക്കാതെ യുവത്വത്തിന്റെ നല്ലൊരു ഭാഗം ദേശീയ- സാമുദായിക- രാഷ്ട്രീയ പ്രവർത്തനത്തിൽ ചെലവഴിച്ചു. ഒരു ഫലവുമുണ്ടായില്ല. സമുദായം പേറാൻ കഴിയാത്ത ദുരന്തത്തിന് വിധേയമായി ബഹുദൂരം പിറകോട്ടു തള്ളപ്പെട്ടു. ആത്മീയകാര്യങ്ങൾ മാല- മൗലീദുകളിലും മന്ത്ര- തന്ത്രങ്ങളിലും ഖബർ പൂജകളിലും കുടുങ്ങി നശിച്ചു. ദുൻയാവും ആഖിറവും നഷ്ടപ്പെട്ട സമൂഹം! ബാല്യം മുതൽ മതവിജ്ഞാന രംഗത്ത് പഠിച്ചും പഠിപ്പിച്ചും ജീവിച്ച താനും ഈ നഷ്ടബോധത്തിന്റെ കാരണക്കാരിൽ ഒരാളല്ലേ എന്ന ശക്തിയായ ഖേദം. പശ്ചാത്താപ ബോധം മൗലവിയെ തെല്ലൊന്നുമല്ല അലട്ടിയത്.

മോചനത്തിനെന്തു മാർഗം? സ്വയം രക്ഷപ്പെടണം. സമൂഹത്തെ രക്ഷപ്പെടുത്താൻ കഴിയുന്നത് പ്രയത്നിക്കണം. പ്രശ്ന ബാഹുല്യങ്ങളിൽ നിന്നും മുക്തനായി ശാന്തമായ അന്തരീക്ഷത്തിൽ അദ്ദേഹം പിടയ്ക്കുന്ന മനസ്സോടെ ചിന്തിച്ചുകൊണ്ടിരുന്നു. വല്ലതും ചെയ്യണമെങ്കിൽ തനിക്ക് അഭയം നൽകി സംരക്ഷിച്ചുപോരുന്ന കുടുംബത്തിന്റെയും അവരോടൊത്ത നാട്ടു പ്രമാണിമാരുടെയും താൻ കഴിഞ്ഞുകൂടുന്ന സമൂഹത്തിന്റെയും സഹായവും സഹകരണവും കൂടിയേ തീരൂ. അപ്പോൾ ബോധവ

ത്കരണം എവിടെ നിന്നും തുടങ്ങണമെന്ന് തിരഞ്ഞു മൗലവി അഗാധ മായ ചിന്തയിലായി. അപ്പോഴതാ ഒരു തിരിനാളം! 1400 സംവത്സരങ്ങൾ ക്ക് മുമ്പ് മക്കയിലെ ഹിറാ ഗുഹയിൽ തെളിഞ്ഞ ആ വിളക്കിൽ നിന്നും കത്തിച്ചെടുത്തതു തന്നെ! അനേകായിരം ദൈവദൂതന്മാരിലൂടെ കൈമാ റിവന്ന ആ വിളക്ക് പരിപൂർണ പ്രകാശത്താൽ പ്രശോഭിതമായത് ഹിറാ ഗുഹയിൽ വെച്ചായിരുന്നു. അതേറ്റുവാങ്ങിയ വിശുദ്ധ കരങ്ങൾ തന്റെ വിശ്വസ്ത അനുചരന്മാരുടെ കൈകളിൽ അതേൽപിച്ചു. ഈ വെളിച്ചം ലഭിച്ചിട്ടില്ലാത്തവർക്ക് നിങ്ങൾ എത്തിച്ചുകൊടുക്കു എന്ന വസ്വിയ്യത്ത് നൽകി അവരെ പഠിപ്പിച്ചു സംസ്കരിച്ചു ഉത്തമരിൽ ഉത്തമരാക്കി. മാതൃ കാപുരുഷന്മാരാക്കി. ആ മഹാത്മാവ്, മുഹമ്മദ് നബിﷺ ഈ ലോകം വിട്ടുപോയി. ഏറ്റെടുത്തവർ അത് കെടാതെ സൂക്ഷിച്ചു. തലമുറകളിലൂടെ കൈമാറി. നൂറ്റാണ്ടുകളിലൂടെ, കാല- ദേശങ്ങളിലൂടെ ആ ശോഭ സഞ്ചരി ച്ചു. ആവശ്യമുള്ളവർക്ക് എപ്പോഴും അതിൽ നിന്നും പകർന്നെടുക്കാം.

ഇവിടെ ആ വിളക്കുമായി ഒരു മനുഷ്യൻ കടന്നുവന്നു. ദേശീയബോ ധത്തിലും രാഷ്ട്രീയ തീവ്രതയിലും സാമുദായിക നന്മയിലും ആ മനസ്സ് സമന്വയിച്ച് മുന്നേറുമ്പോഴും തന്റെ ആത്മാവ് ഏറ്റുവാങ്ങിയ തൗഹീദി ന്റെ തിരിനാളം ആ തൂലികയിലൂടെ നിർഗ്ഗളിച്ചു. തിരുവിതാംകൂർ രാജ സിംഹാസനത്തെ വിറകൊള്ളിച്ച മനുഷ്യൻ. 'ഭയകൗടില്യലോഭങ്ങൾ വളർത്തുകില്ലൊരു നാടിനെ' എന്ന മുദ്രാവാക്യവുമായി ജനങ്ങളുടെ ദേ ശീയ സ്വാതന്ത്ര്യബോധത്തെ തട്ടിയുണർത്തി മുന്നേറിയ സ്വദേശാഭിമാ നി പത്രത്തിന്റെ ഉടമസ്ഥൻ. കൊല്ലം ജില്ലയിൽ ചിറയിൻകീഴ് താലൂക്കി ലെ വക്കം എന്ന ഗ്രാമത്തിൽ പൂന്ത്രാംവിളാകം വീട്ടിൽ പിറന്ന മുഹമ്മദ് അബ്ദുൽ ഖാദിർ എന്ന അസാമാന്യ പ്രതിഭ. തൗഹീദിന്റെ തിരിനാളവു മായി കടന്നുവന്നു.

കെ.എം. മൗലവി, ഇ.കെ. മൗലവി, കെ.എം. സീതി സാഹിബ്, മുഹ മ്മദ് അബ്ദുറഹ്മാൻ സാഹിബ്, ഇ. മൊയ്തു മൗലവി, എം.സി.സി. അബ്ദുറഹ്മാൻ മൗലവി തുടങ്ങിയ മഹാരഥന്മാർക്ക് കർമ്മ വീഥിയിൽ മാതൃകയും പടയോട്ടത്തിൽ ധൈര്യവും നൽകിയ വക്കം മൗലവി ആധു നിക കേരള ചരിത്രത്തിലെ നവോത്ഥാന കാലഘട്ടത്തിന്റെ ഗുരുവും മാർഗദർശിയുമായിരുന്നു. സമുദായത്തെ പുരോഗതിയുടെ പാതയിലേക്ക് നയിച്ച ആ വിപ്ലവനായകനെ ഈ സമുദായം മറന്നു. ആ കടുത്ത കൃത ഘ്നതയ്ക്ക് ഒരു എളിയ പ്രായശ്ചിത്തമാകട്ടെ വിനീതമായ എന്റെ ഈ കൊച്ചുവാക്കുകൾ. 19-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ജനിച്ച് ഇരു പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ (28-12-1873 - 31-10-1932) പരലോക

പ്രാപ്തനായ വക്കം മൗലവി 59 വർഷക്കാലമേ ജീവിച്ചുള്ളൂ. ഹ്രസ്വമായ ഈ ജീവിതയാത്രയിൽ ജനജീവിതത്തിന്റെ സമസ്ത മേഖലകളിലും പുനർവിചിന്തനത്തിന്റെയും പുരോഗതിയുടെയും പാതയൊരുക്കാൻ ആ മഹാത്മാവിന് കഴിഞ്ഞു. അദ്ദേഹം കണ്ടെത്തിയ സത്യവീഥിയിലൂടെ മുന്നോട്ട് കുറെ നീങ്ങിയശേഷം പിന്നോട്ട് തിരിഞ്ഞുനോക്കിയപ്പോൾ പൂന്ത്രാംവിളാകത്തിലെ വലിയ സമ്പത്തിന്റെ ഉടമയ്ക്ക് അധികവും നഷ്ടപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ മരണശേഷം അവകാശികൾ നോക്കി നിൽക്കേ ശേഷിച്ചതൊക്കെ കടക്കാർ കൊണ്ടുപോകുകയും ചെയ്തു. താമസിച്ചിരുന്ന തറവാട് പോലും ജപ്തിചെയ്യപ്പെട്ടു. എല്ലാം സ്വസമുദായത്തിനും സ്വരാജ്യത്തിനും വേണ്ടി. എന്നാൽ നഷ്ടപ്പെട്ടതിനേക്കാൾ ഏറെ ഉത്തമമായത് അദ്ദേഹത്തിന് പരലോകത്ത് ലഭിച്ചിരിക്കാൻ അർഹതയുണ്ട്. അല്ലാഹു ആ മഹാനുഭാവന് അതിരുറ്റ അനുഗ്രഹം ചൊരിയുമാറാകട്ടെ. ആമീൻ. വക്കം മുഹമ്മദ് അബ്ദുൽ ഖാദിർ മൗലവിയുടെ ത്യാഗോജ്ജ്വലമായ ചരിത്രം പുതിയ തലമുറ എന്തുകൊണ്ട് അയവിറക്കുന്നില്ല. നന്ദികേടോ അഥവാ നാശഹേതുവോ?!

ഓർമകളുടെ തീരത്ത്

16

# ഐക്യ സംഘം

ഞാൻ പറഞ്ഞുവന്നത് കേരളത്തിലെ ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ നായകനായ കെ.എം. മൗലവിക്ക് വെളിച്ചം ലഭിച്ച വഴിയെക്കുറിച്ചാണ്. വക്കം മൗലവിയുമായുള്ള സമ്പർക്കമാണ് ഇതിന് കാരണം. ഇത് കേട്ടുകേൾവിയല്ല. എന്റെ ഗുരുനാഥനിൽ നിന്നും നേരിട്ടുള്ള അറിവാണ്.

1922ൽ അഴീക്കോട് 'നിഷ്പക്ഷ സംഘം' എന്ന പേരിൽ ഒരു സംഘടന നിലവിൽ വന്നു. കെ.എം. മൗലവി, കെ.എം. സീതിസാഹിബ് അദ്ദേഹത്തിന്റെ പിതാവ് കോട്ടപ്പുറത്ത് സീതി മുഹമ്മദ് സാഹിബ്, മണപ്പാട്ട കുഞ്ഞുമുഹമ്മദ് ഹാജി, പുത്തൻവീട്ടിൽ കെ.എം. കുഞ്ഞിമുഹമ്മദ് സാഹിബ് തുടങ്ങിയ മഹദ് വ്യക്തികൾ ഈ സംഘത്തിന്റെ എല്ലാമെല്ലാമായിരുന്നു. മുസ്‌ലിംകൾക്കിടയിലുള്ള കക്ഷിവഴക്കുകളും ചേരിപ്പോരുകളും കുടുംബ ഭിന്നതകളും പറഞ്ഞൊതുക്കി ഐക്യമുണ്ടാക്കുക എന്ന സദ്ഗുണ സമ്പന്നമായ ഉദ്ദേശ്യത്തോടെയാണ് നിഷ്പക്ഷ സംഘം നിലവിൽ വന്നത്. ഇത് സഫലമാകുകയും ചെയ്തു. പ്രവർത്തനം പുറത്തേക്ക് വ്യാപിപ്പിക്കണമെന്ന് അഭിപ്രായമുണ്ടായപ്പോൾ വിശാലമായ കാഴ്ചപ്പാ

ടിൽ പേര് മാറ്റി. കേരള മുസ്ലിം ഐക്യസംഘം എന്നായി. വക്കം മൗലവിയുടെ ബുദ്ധിയും ദീർഘദൃഷ്ടിയും ഇതിൽ പ്രവർത്തിച്ചു. സംഘത്തിന്റെ ആദർശപ്രഖ്യാപനവും തുടർന്നുള്ള പ്രവർത്തനങ്ങളും ഇത് വിളിച്ചോതുന്നു.

1923ൽ ഐക്യസംഘത്തിന്റെ പ്രഥമ വാർഷിക സമ്മേളനം നടന്നു. മഹാനായ വക്കം മൗലവിയാണ് സമ്മേളനത്തിൽ അദ്ധ്യക്ഷസ്ഥാനം അലങ്കരിച്ചത്. ഈ സമ്മേളനത്തിൽ അംഗീകരിച്ച പ്രമേയം കേരളത്തിന്റെ മത- സാംസ്കാരിക രംഗത്ത് ഒരു വഴിത്തിരിവായിത്തീർന്നു. കേരള മുസ്ലിംകളിൽ പൂണ്ട് പിടിച്ചു കിടക്കുന്ന ശിർക്കിന്റെ രൂപങ്ങൾ ഉൾക്കൊള്ളുന്നതും സമുദായത്തിന്റെ സന്മാർഗികവും സാംസ്കാരികവുമായ അവസ്ഥയെ നശിപ്പിക്കുന്നതും ഏകദൈവ വിശ്വാസത്തിന് ഹാനി സംഭവിപ്പിച്ചതുമായ ചന്ദനക്കുടം, ഉറൂസ്, കൊടികുത്ത് തുടങ്ങിയ ഖബർ പൂജയുടെ കോലങ്ങൾ വർജ്ജിക്കണമെന്ന് മുസ്ലിംകളോട് അപേക്ഷിക്കുന്നതായിരുന്നു പ്രമേയം. ഈ അനാചാരങ്ങൾ ജീവിതോപാധിയായി സ്വീകരിച്ച പൗരോഹിത്യം ഇതോടെ സംഘത്തിനെതിരായി. വളരെ നേരത്തെ തന്നെ അന്ധവിശ്വാസ ബന്ധിതമായ ദുർവൃത്തികളെ നാവു കൊണ്ടും തൂലിക കൊണ്ടും എതിർത്തുകൊണ്ടിരുന്ന വക്കം മൗലവിയുടെ അദ്ധ്യക്ഷതയിൽ തന്നെ ഈ പ്രമേയം അംഗീകരിച്ചതിൽ നിന്നും ഇസ്ലാഹീ ചിന്തയുടെ സംഘടിത പ്രവർത്തനങ്ങൾക്ക് രൂപഭാവം നൽകിയ ബുദ്ധികേന്ദ്രം ഏതെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. പൗരോഹിത്യം വക്കം മൗലവിയേയും ഐക്യസംഘത്തേയും ബന്ധിപ്പിച്ചുകൊണ്ട് ഇതും പിഴച്ച പാർട്ടിയാണെന്ന് പ്രഖ്യാപിച്ചു. അതിനാൽ മുസ്ലിംകളാരും ഇതിൽ കുടുങ്ങിപ്പോകരുതെന്ന് അവർ പ്രചാരവേല നടത്തി. പക്ഷെ, അല്ലാഹുവിന്റെ ഔദാര്യത്താലും അനുഗ്രഹത്താലും സംഘം മുന്നോട്ടു ഗമിക്കുകയായിരുന്നു.

1924ൽ ഐക്യസംഘത്തിന്റെ രണ്ടാം വാർഷികം ആലുവായിൽ ചേർന്നു. വേലൂർ ബാഖിയാത്തുസ്വാലിഹാത്ത് എന്ന സുപ്രസിദ്ധ അറബിക്കോളേജിന്റെ പ്രിൻസിപ്പാൾ മൗലാനാ അബ്ദുൽ ജബ്ബാർ ഹസ്റത്തിന്റെ അദ്ധ്യക്ഷതയിലായിരുന്നു ഇത്. ആ യോഗത്തിൽ വെച്ചാണ് മഹത്തായ മറ്റൊരു കർമ്മസേനക്ക് തുടക്കം കുറിച്ചത്. കേരളത്തിന്റെ നാനാദിക്കുകളിൽ നിന്നും ക്ഷണിച്ചു വരുത്തിയ പണ്ഡിതന്മാരെ ചേർത്തുകൊണ്ട് 'കേരളാ ജംഇയ്യത്തുൽ ഉലമാ' എന്ന പണ്ഡിത സംഘടനക്ക് രൂപം നൽകി. ഐക്യസംഘവും ഉലമാ സംഘവും യോജിച്ചു നീങ്ങി. എന്നാൽ അപകടം മണത്തറിഞ്ഞ മുസ്ലിയാന്മാർ ഇതിനെതിരിലും നീങ്ങി. അടു

ത്ത വർഷം തന്നെ കുറെ മുസ്‌ലിയാക്കൾ ജംഇയ്യത്തുൽ ഉലമയിൽ നിന്നും പിരിഞ്ഞുപോയി. ഈ കൂട്ടരാണ് പിന്നീട് 'സമസ്ത കേരള ജംഇയ്യത്തുൽ ഉലമ' എന്ന പുതിയ സംഘടന രൂപീകരിച്ചത്. സമുദായത്തിൽ നടമാടുന്ന അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും അംഗീകാരങ്ങളും പിന്തുണയും നൽകി. അത് പരിപോഷിപ്പിക്കുവാൻ കാലാകാലങ്ങളിൽ ന്യായങ്ങളും തെളിവുകളും മെനഞ്ഞുണ്ടാക്കി സമസ്ത അന്നു മുതൽ പ്രവർത്തനം ആരംഭിച്ചു. ഇന്നും അതു തുടരുന്നു. പുതിയ പുതിയ വഴിത്താരകളിലൂടെ. മദ്റസകൾ, കോളേജുകൾ, പത്രങ്ങൾ, ഖുർആൻ പരിഭാഷകൾ, ഗ്രന്ഥങ്ങൾ, സെമിനാറുകളും സിംപോസിയങ്ങളും മഹാസമ്മേളനങ്ങളും ധനസമ്പാദന ശ്രമങ്ങളും വിദേശയാത്രകളും. അങ്ങനെ എല്ലാമെല്ലാം ശിർക്കിന്റെയും ബിദ്അത്തുകളുടെയും നിലനിൽപ്പിനു വേണ്ടിയുള്ള അദ്ധ്വാനമാകുന്നു. കേരള മുസ്‌ലിംകളുടെ വിശ്വാസ കർമ്മരംഗത്ത് നവോത്ഥാനം ലക്ഷ്യമാക്കി ആദ്യമായി രൂപീകൃതമായ സംഘടനയെ പിളർത്തിയത് ഈ മുസ്‌ലിയാക്കൾ തന്നെയായിരുന്നു. പൗരോഹിത്യത്തിന്റെ സംരക്ഷണത്തിനുവേണ്ടി. എന്നിട്ടവർതന്നെ മുസ്‌ലിം ഐക്യത്തെക്കുറിച്ച് വാതോരാതെ പറഞ്ഞും കൈകഴച്ചാലും എഴുതിയും ജീവിക്കുന്നു! ഐക്യസംഘം അതിന്റെ മൂന്നാം വാർഷികം 1925ൽ കോഴിക്കോട് വെച്ച് നടത്തി. ഖാൻ ബഹദൂർ മുഹമ്മദ് ശംനാട് സാഹിബായിരുന്നു അദ്ധ്യക്ഷൻ. സമ്മേളനം വിജയപ്രദമാക്കാൻ കോഴിക്കോട്ട് പൗരപ്രമുഖനായ ഖാൻബഹദൂർ, പി.എം. ആറ്റക്കോയ തങ്ങളുടെ നേതൃത്വത്തിൽ ഒരു സ്വീകരണ സംഘം രൂപീകരിച്ചു. അതോടെ പിഴച്ച സംഘം മുസ്‌ലിം സമുദായത്തെ നശിപ്പിക്കാൻ മലബാറിലേക്ക് ചേക്കേറിയിരിക്കുന്നു എന്ന പ്രചാരണവേലയും തുടങ്ങി. ചില പണ്ഡിതന്മാരെ സംഘം വിരോധികൾ കൊണ്ടുവന്നു. ഐക്യസംഘവുമായി ചർച്ച നടത്തി. മാത്രമല്ല, അന്നത്തെ തലയെടുപ്പുള്ള മുസ്ല്യാക്കളെ യോഗത്തിൽ ക്ഷണിച്ചുവരുത്തി. മുഹമ്മദ് ശറൂൾ സാഹിബ് എതിരാളികൾ ഉന്നയിച്ച ഓരോ വാദത്തെക്കുറിച്ചും യോഗത്തിൽ ചോദ്യങ്ങൾ ഉന്നയിച്ചു. എല്ലാത്തിനും സംഘത്തിന്റെ ഔദ്യോഗിക പ്രതിനിധിയായ ഇ.കെ. മൗലവി സാഹിബ് യുക്തവും വ്യക്തവുമായ മറുപടി നൽകി. മുസ്‌ലിയാക്കളുടെ തലവനും പിൽക്കാലത്ത് എന്റെ ഗുരുനാഥനുമായിരുന്ന പാങ്ങിൽ അഹ്മദ്കുട്ടി മുസ്‌ലിയാർ ഐക്യസംഘം അഹ്‌ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ അടിസ്ഥാനത്തിലുള്ള സത്യസംഘമാണെന്നു പ്രഖ്യാപിക്കുകയും ലോകാവസാനം വരെ ഇതു നിലനിർത്തണേ എന്ന് അല്ലാഹുവിനോട് പരസ്യ പ്രാർത്ഥനയും നടത്തി. എന്നാൽ നിർഭാഗ്യം! പാങ്ങിൽ മുസ്‌ലിയാരുടെ പ്രാർത്ഥന അദ്ദേഹത്തിന് ഫലം ചെയ്തില്ല. ജനങ്ങളുടെ ആവ

ശ്യത്തിനനുസരിച്ച് കള്ള ഫത്‌വകൽ തയ്യാറാക്കുന്ന യഥാർത്ഥ മുസ്‌ലിയാരായി തന്നെ അദ്ദേഹം തുടർന്നു. കുറേ കാലത്തിനു ശേഷം അദ്ദേഹം എന്റെ ഗുരുനാഥനായി. ഞാൻ അദ്ദേഹത്തിന്റെ അരുമ ശിഷ്യനും എഴുത്തുകാരനുമായി. എത്രയെത്ര കള്ള ഫത്‌വകൾ ഈ വിരൽതുമ്പുകളിലൂടെ, പാങ്ങിന്റെ വാചകങ്ങളിലൂടെ തയ്യാറാക്കപ്പെട്ടു. പലരും പൊതിയും കിഴിയും നൽകി അതുകൊണ്ട് പോകുന്നത് വേദനയോടെ ഞാൻ കണ്ടു. അല്ലാഹുവേ! ഞാൻ നിരപരാധിയാകുന്നു. ഞാൻ അതിന് പ്രേരിപ്പിച്ചിട്ടില്ല. എന്റെ മനസ്സ് അതിൽ തൃപ്തമായിരുന്നില്ല. അനുസരണബോധമുള്ള ഒരു ശിഷ്യനായി, നിർബന്ധിതനായി ഞാൻ അതിന് കീഴ്പ്പെടുകയായിരുന്നു. എന്റെ അനിഷ്ടം കഴിവിനൊത്ത് ഞാൻ ഉസ്താദിനോട് പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതിനാൽ, അല്ലാഹുവേ എനിക്കു നീ പൊറുത്തു തരികയും എന്നെ പാപമുക്തനാക്കുകയും ചെയ്യേണമേ!

1926ൽ സംഘത്തിന്റെ നാലാം വാർഷികം തലശ്ശേരിയിലാണ് ചേർന്നത്. ഇസ്‌ലാമിലേക്ക് പരിവർത്തനം ചെയ്തുവന്ന പിന്നീട് സുപ്രസിദ്ധ ഖുർആൻ വ്യാഖ്യാതാവായിത്തീർന്ന മാർമഡ്യൂക്ക് പിക്താൾ അവർകളായിരുന്നു അദ്ധ്യക്ഷൻ. എ.കെ. മായിൻകുട്ടി സാഹിബ്, ബി. പോക്കർ സാഹിബ് അടക്കം പല പൗരപ്രധാനികളും ആ യോഗത്തിൽ ഭാഗഭാക്കായി. പ്രമുഖനായ ഹാജി അബ്ദുൾ സത്താർ ഹാജി ഇസ്ഹാഖ് സേട്ടുവിന്റെ തലശ്ശേരിയിലും മാഹിയിലുമുള്ള ബംഗ്ലാവുകൾ വാർഷിക യോഗത്തിന്റെ ഉപയോഗത്തിനായി വിട്ടുകൊടുത്തുകൊണ്ട് അദ്ദേഹം സഹായിച്ചു. മുസ്‌ലിയാക്കളുടെ അപശബ്ദങ്ങൾ അവിടെയും എത്താതിരുന്നില്ല. പക്ഷേ, ഒരു ഫലവും അവർക്ക് ലഭിച്ചില്ല.

അഞ്ചാം വാർഷികം 1927ൽ കണ്ണൂരിൽ വെച്ചു നടന്നു. പ്രസിദ്ധ പണ്ഡിതനും വർത്തക പ്രധാനിയുമായിരുന്ന മുഹമ്മദലി ഖസൂരി ആ സമ്മേളനത്തിൽ അദ്ധ്യക്ഷനായി. ഖസൂരി കുടുംബമാണ് കോഴിക്കോടുള്ള പ്രസിദ്ധമായ ജെ.ഡി.റ്റി. ഇസ്‌ലാം അനാഥശാലയുടെ സ്ഥാപകൻ. മലബാർ ലഹളക്കാലത്ത് അനാഥരായിത്തീർന്ന മുസ്‌ലിംമക്കളെ സംരക്ഷിച്ചു വളർത്താൻ ആ മഹാന്മാർ സ്വദേശമായ പഞ്ചാബിൽ നിന്നും മലബാറിൽ വന്നു. മാപ്പിളമാർക്ക് ആ കുടുംബം ഒട്ടേറെ സേവനങ്ങൾ അർപ്പിച്ചിട്ടുണ്ട്. ജെ.ഡി.റ്റി. ഇന്നും ജീവിക്കുന്ന സേവനരംഗമായി തുടരുന്നു.

1928ൽ അടുത്ത വാർഷികം തിരൂരിൽ നടന്നു. മദിരാശി സംസ്ഥാനത്തെ പബ്ലിക് സർവ്വീസ് കമ്മീഷൻ മെമ്പറായിരുന്ന ഡോ. അബ്ദുൽഹക്ക് ആയിരുന്നു അദ്ധ്യക്ഷപദം അലങ്കരിച്ചത്. യോഗം അലങ്കോലപ്പെടുത്താൻ മുസ്‌ലിയാക്കൾ ജനങ്ങളെ ഇളക്കിവിട്ടു. ഇതിൽപെട്ട ചില

പോക്കിരികൾ സംഘം പ്രവർത്തകരെ പല ഉപദ്രവങ്ങളും ഏൽപിച്ചു. പക്ഷെ, യോഗം വിജയകരമായി പര്യവസാനിച്ചു. അസഭ്യവർഷം കൊണ്ടും മറ്റും സംഘം ഭാരവാഹികളേയും പ്രവർത്തകരേയും ഉപദ്രവിച്ചവരുടെ നേതാക്കൾ തന്നെ പിന്നീട് യോഗസ്ഥലത്തെത്തി അദ്ധ്യക്ഷനോടും ഭാരവാഹികളോടും മാപ്പപേക്ഷിച്ചു. ആ യോഗത്തിൽ കെ.എം. സീതി സാഹിബ് മുഖ്യ പ്രസംഗകനായിരുന്നു. അദ്ദേഹം പറഞ്ഞു: നമ്മുടെ സഹോദരന്മാർ തെറ്റിദ്ധരിപ്പിക്കപ്പെട്ടിരിക്കുന്നു. ഇനി ഒരവസരത്തിൽ ഇവർ തന്നെ ഞങ്ങളെ അന്വേഷിച്ചു വരുകയും കൂട്ടിക്കൊണ്ടുവന്ന് പ്രസംഗിപ്പിക്കുകയും ചെയ്യുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. എന്നാൽ മറ്റൊരവസരത്തിന് കാത്തു നിൽക്കേണ്ടി വന്നില്ല. അന്നുതന്നെ കുഴപ്പക്കാർ പരസ്യമായി പശ്ചാത്തപിച്ചു. മുസ്ലിയാക്കൾ അവിടെയും പരാജിതരായി.

7-ാം വാർഷികം 1929ൽ ഖാൻ ബഹദൂർ പി.എം. മൊയ്തു സാഹിബിന്റെ അദ്ധ്യക്ഷതയിൽ എറണാകുളത്ത് നടന്നു. അവിടെ വലിയ എതിർപ്പുകൾ ഉണ്ടായില്ല. കേരളത്തിന്റെ നാനാഭാഗത്തുമുള്ള പ്രമുഖർ ആ യോഗത്തിൽ സംബന്ധിച്ചു.

8-ാം വാർഷികം 1930ൽ തിരുവനന്തപുരത്താണ് നടന്നത്. മദിരാശി യോജിന്റ് ഡയരക്ടറായിരുന്ന ലഫ്. കേണൽ അബ്ദുൽ ഹമീദ് സാഹിബായിരുന്നു യോഗാദ്ധ്യക്ഷൻ. 1931ൽ വടക്കേ മലബാർ ഡിസ്ട്രിക്റ്റ് ആന്റ് സെഷൻസ് ജഡ്ജി ഖാൻ ബഹദൂർ മീർ സൈനുദ്ദീൻ സാഹിബിന്റെ അദ്ധ്യക്ഷതയിൽ മലപ്പുറത്തുവെച്ചും 1932ൽ മൗലാനാ സയ്യിദ് അബ്ദുൽവഹാബ് ബുഖാരിയുടെ അദ്ധ്യക്ഷതയിൽ കാസർക്കോട്ടുവെച്ചും ഒമ്പതും പത്തും വാർഷികം നടത്തപ്പെട്ടു.

11-ാമത് വാർഷികം ഐക്യസംഘത്തിന്റെ ജന്മനാടായ എറിയാട് തന്നെ നടന്നു. ബി. പോക്കർ സാഹിബ് അദ്ധ്യക്ഷനായിരുന്നു. 12-ാമത്തേതും സംഘത്തിന്റെ ഒടുവിലത്തേതുമായ വാർഷിക യോഗം കണ്ണൂർ അറക്കൽ കെട്ടിനകത്താണ് ആഘോഷിക്കപ്പെട്ടത്.

ഐക്യസംഘത്തിന്റെ പ്രവർത്തനത്തിന് വിരാമമിടുകയായിരുന്നു. സാങ്കേതികമായ വിരാമം മാത്രം. 1931ൽ തലശ്ശേരിയിൽ സ്ഥാപിച്ച കേരള മുസ്ലിം മജ്ലിസിന്റെയും ഐക്യസംഘത്തിന്റെയും പ്രധാന പ്രവർത്തനവും ലക്ഷ്യവും പ്രായേണ സമാനമായിരുന്നു. ഐക്യസംഘത്തിന്റെ പേര് അന്വർത്ഥമാക്കാൻ, അതായത് ഒരേ ലക്ഷ്യത്തിൽ രണ്ടു ചേരികൾ പ്രവർത്തിക്കാതിരിക്കട്ടെ എന്ന സദുദ്ദേശ്യത്തിൽ ഐക്യസംഘം ആ പേരിൽ തുടരേണ്ടതില്ലെന്ന് അവസാനയോഗത്തിൽ ഒരു പ്രമേയം മുഖേന തീരുമാനിക്കപ്പെടുകയാണുണ്ടായത്. സംഘത്തിന്റെ പേരിൽ ഉണ്ടായി

രുന്ന ഭൂസ്വത്തുകൾ മുസ്‌ലിം വിദ്യാഭ്യാസ രംഗത്ത് അഭിമാനസ്തംഭ മായി വിരാജിച്ച ഫാറൂഖ് കോളേജിന് ഏൽപിച്ചുകൊടുക്കുകയും ചെയ്തു. ഐക്യസംഘം ലക്ഷ്യംവെച്ച ആദർശമുന്നേറ്റം ജംഇയ്യത്തുൽ ഉലമാ ഏറ്റെടുത്ത് മുന്നോട്ടുനീങ്ങി. പാങ്ങിൽ അഹ്മദ്കുട്ടി മുസ്‌ലിയാർ പ്രാർത്ഥിച്ചപോലെ ഐക്യസംഘം ഉയർത്തിയ ആദർശം വളർന്നു പന്തലിച്ചു. പുഷ്പിച്ചു. ഗുണവും രുചിയുമുള്ള കായ്കനികൾ നൽകിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. (ഐക്യസംഘത്തിന്റെ വാർഷിക നോട്ടുകൾ- അവലംബം കെ.എം. മൗലവി, രചന-കെ.കെ. മുഹമ്മദ് അബ്ദുൽ കരീം)

ഓർമകളുടെ തീരത്ത്

## 17

# വാദപ്രതിവാദം

വാദപ്രതിവാദം എന്നും വ്യക്തിപരമായി എനിക്ക് താൽപര്യമുള്ള സംഗതിയല്ല. കാരണം തെളിവുകളുടെ പിൻബലത്തിൽ വിഷയം വിശദീകരിക്കുകയും അങ്ങനെ തങ്ങളുടെ വാദം സ്ഥാപിക്കുകയും ചെയ്തുകൊണ്ട് ജനങ്ങളെ ബോധവത്കരിക്കാൻ ഈ പരിപാടി അധികവും പര്യാപ്തമാകുകയില്ല. തെളിവുകളേക്കാളേറെ അതിൽ പങ്കെടുക്കുന്നവരുടെ വാക്സാമർത്ഥ്യവും കുതന്ത്രങ്ങളും മൂലം എതിരാളിയെ കീഴ്പ്പെടുത്തലാണ് ഇവിടെ സംഭവിക്കുന്നത്. തെളിവുകൾക്കും രേഖകൾക്കും പലപ്പോഴും രണ്ടാംസ്ഥാനമേ ലഭിക്കാറുള്ളൂ. പതിറ്റാണ്ടുകൾക്ക് മുമ്പ് ഒന്ന് രണ്ട് തവണ ഞാൻ വാദപ്രതിവാദത്തിൽ കുടുങ്ങിയിട്ടുണ്ട്. പരാജയപ്പെട്ടില്ല. പക്ഷെ വിജയിച്ചില്ല. പക്കാ തെളിവുകൾ ഉണ്ടായിട്ടും വിജയിക്കാൻ കഴിഞ്ഞില്ലെന്ന ദു:ഖസത്യം ഞാൻ മനസ്സിലാക്കി. അതോടെ ഈ പരിപാടിയിൽ നിന്നും ഞാൻ വിരമിക്കുകയും ചെയ്തു.

1940കളുടെ തുടക്കത്തിലാണ് സംഭവം. കെ.എം. മൗലവിയുമായി നിത്യ സമ്പർക്കത്തിലും പഠനത്തിലും കഴിയുന്ന കാലമാണ്. ഒരു ദിവസം കോഴിക്കോട് ചാലിയം എന്ന ദേശത്തു നിന്ന് ഒരാൾ മൗലവിയെ കാണാൻ വന്നു. തിരുവിതാംകൂർകാരൻ ഒരു മുസ്‌ലിയാർ ചാലിയത്ത് പ്രസംഗിക്കുന്നു. അദ്ദേഹം പറഞ്ഞ ഒരു കാര്യം നാട്ടിലാകെ വലിയ പ്രശ്നമായിരിക്കുന്നു. നബിﷺയുടെ പള്ളിയിൽ ഒരിക്കൽ മുടിവളർത്തി ക്രോപ്പ് ചെയ്ത ഒരാൾ വന്നു കയറി. നബിﷺ അയാളോട് കഠിനമായി ദേഷ്യപ്പെട്ടു. പള്ളിയിൽ നിന്നും അയാളെ പുറത്താക്കുകയും ചെയ്തു. വഹാബികൾ അധി

കവും മുടി ക്രോപ്പ് ചെയ്യുന്നവരാണ്. അവരെ പള്ളിയിൽ കയറ്ററുത്. അതിനുവേണ്ടി പ്രവാചകന്റെ നടപടി തെളിവായി കൊണ്ടുവരികയാണ് മുസ്‌ലിയാർ ചെയ്തത്. സ്വഹീഹുൽ ബുഖാരിയിലും സ്വഹീഹ് മുസ്‌ലിമിലും ഈ വിഷയം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും മുസ്‌ലിയാർ തട്ടിവിട്ടു. ഇതിനേക്കാൾ വലിയ തെളിവ് വേറെന്ത് വേണം! ഇതോടനുബന്ധിച്ച് നീട്ടിവലിച്ചുള്ള കുറെ അസംബന്ധങ്ങളും.

കാലം ഏതാണെന്ന് ഓർക്കണം. വഹാബിയാണെന്നറിഞ്ഞാൽ സ്വന്തം വീട്ടിൽ പോലും ഭക്ഷണം നിഷേധിക്കും. സമൂഹം വെറുക്കുന്ന കാലം. കായബലവും തന്റേടവുമുള്ളവർക്കു മാത്രം കുറച്ചെങ്കിലും പിടിച്ചു നിൽക്കാനാവും. ചിലേടങ്ങളിൽ ചായക്കടകളിൽ നിന്നും ഒരു ഗ്ലാസ്സ് വെള്ളം ചോദിച്ചാൽ പോലും തരില്ല. തന്നാൽ തന്നെ കഠിനമായ വെറുപ്പോടെയായിരിക്കും. നായക്ക് വെള്ളം കൊടുത്താലും വഹാബിക്ക് കൊടുക്കരുതെന്നാണ് മുസ്‌ലിയാക്കൾ പറയുന്നത്. ഇന്നും അങ്ങനെ പറയാൻ മടിക്കാത്തവരെ കാണാം.

'ഖണ്ഡന പ്രസംഗത്തിന് ഒരാളെ കിട്ടണം' വന്നയാൾ കാര്യങ്ങൾ വിവരിച്ച ശേഷം പറഞ്ഞു. അപ്പോൾ സ്ഥലത്ത് ഞാൻ മാത്രമേയുള്ളൂ. കെ.എം. മൗലവി എന്നോട് ചാലിയത്തേക്ക് പോകാൻ നിർദ്ദേശിച്ചു. പോകാൻ ഒരുങ്ങിയപ്പോൾ എനിക്ക് ഒരു യുക്തി തോന്നി. ബുഖാരിയും മുസ്‌ലിമും കിതാബുകൾ കൂടെ കൊണ്ടുപോകാം. ഒരാൾ കൂടെയുള്ളതും നല്ലതാണ്.

ഇപ്പോൾ സഊദി അറേബ്യയിലെ പൗരനും കുടുംബസമേതം മദീനയിൽ സ്ഥിരതാമസവും മദീന ഇസ്‌ലാമിക് യൂണിവേഴ്സിറ്റിയിൽ നിന്ന് പ്രൊഫസറായി റിട്ടയർ ചെയ്ത, കെ.എം. മൗലവിയുടെ മകൻ കാത്തിബ് അബ്ദുസ്സമദ് മൗലവിയും അപ്പോൾ അവിടെയുണ്ടായിരുന്നു. അബ്ദുസ്സമദ് അന്ന് എന്റെ വിദ്യാർത്ഥിയുമാണ്. അബ്ദുസ്സമദിനെ എന്റെ കൂടെ അയച്ചുതരാൻ ഞാൻ ഉസ്താദിനോട് അഭ്യർത്ഥിച്ചു. അങ്ങനെ കിതാബുകളും ചുമന്ന് ഞങ്ങൾ ചാലിയത്തേക്ക് പോയി. ഖണ്ഡന പ്രസംഗത്തിന് അനുവാദം തരപ്പെടുത്താൻ മുസ്‌ലിയാർ വഅള് നടത്തുന്നിടത്തേക്ക് ആൾ പോയി. അത് സാധ്യമല്ല, വാദപ്രതിവാദത്തിന് തയ്യാറുണ്ടോ? എന്ന വെല്ലുവിളിയാണ് പകരം വന്നത്. എനിക്കത് ഇഷ്ടമുള്ള കാര്യമല്ല. എന്നെ അതിന് പറ്റുകയില്ലെന്ന് ഏറ്റവും നന്നായി അറിയുന്നവൻ ഞാൻ തന്നെയാണ്. പക്ഷെ, അപ്പോൾ ഞാൻ അതിന് സമ്മതിക്കാത്തപക്ഷം അവിടെയുള്ള സലഫികളായ ചുരുക്കം സുഹൃത്തുക്കൾക്ക് പല വിഷമങ്ങളും അനുഭവിക്കേണ്ടിവരും. ഞാൻ സമ്മതിച്ചു.

ഇശാഅ് നമസ്കാരാനന്തരം കടപ്പുറം പള്ളിയിൽ ഞങ്ങൾ ഒരുമിച്ചു. എന്നെ അറിയുന്നവരും ഞാൻ അറിയുന്നവരും വളരെ തുഛം. സലഫീ മാർഗത്തിൽ അന്ന് ഞാൻ പുതുമുഖമാണല്ലോ. കൂടിയവരിൽ മഹാ ഭൂരി പക്ഷവും തനിച്ച ഖുറാഫികളായ സുന്നികളാണ്. മതപരമോ ഭൗതിക മോ ആയ കൊച്ചു വിവരം പോലും അവരുടെ നാലയലത്ത് കൂടി പോയി ട്ടില്ലാത്ത ശുദ്ധ മതസ്നേഹികൾ. അങ്ങനെ രംഗമൊരുങ്ങിയപ്പോൾ ഞാൻ മുസ്ലിയാരോട് ചോദിച്ചു. “നിങ്ങൾ മേൽപ്രകാരമെല്ലാം പറഞ്ഞി ട്ടുണ്ടോ?” “ഉണ്ട്” മുസ്ലിയാർ കൂസലന്യേ മറുപടി നൽകി. “എന്നാലത് ബുഖാരിയിൽ കാണിച്ചുതരുമോ?” എന്നായി ഞാൻ. “കാണിക്കാമല്ലോ. പക്ഷെ, ബുഖാരി ഇവിടെ ഇല്ല.” എന്ന് മുസ്ലിയാർ.

അബ്ദുസ്സമദ് മൗലവി കിതാബുകളുമായി കുറച്ച് അകലെ പള്ളിയിൽ തന്നെ ഇരിക്കുന്നുണ്ടായിരുന്നു. “അബ്ദുസ്സമദേ” ഞാൻ വിളിച്ചു. ആ ബുഖാരി ഇവിടെ കൊണ്ടുവരൂ.” ഉടനെ കൊണ്ടുവന്നു. മുസ്ലിയാരുടെ മുഖത്ത് ഒരു പതർച്ച ഉണ്ടായത് ഞാൻ ശ്രദ്ധിച്ചു. അപ്രതീക്ഷിതമാണ ല്ലോ അത്. കിതാബ് മുസ്ലിയാരുടെ കയ്യിൽ കൊടുത്തു. ഏതാണ്ട് ഒന്ന ര മണിക്കൂർ നേരം ബുഖാരിയുടെ വാല്യങ്ങൾ ഒന്നൊന്നായി പേജുകൾ മറിച്ചുനോക്കി. മുസ്ലിയാർ കുഴങ്ങി. കാഴ്ചക്കാരായവർക്ക് ഒരു പരാതി യുമില്ല. അവർ നിശബ്ദരായിരുന്നു. എന്നാൽ പത്ത് മിനിറ്റ് നേരം ഞാ നായിരുന്നു കിതാബിൽ ഈ തെരച്ചിൽ നടത്തിയിരുന്നതെങ്കിൽ അവിടെ വമ്പിച്ച കോലാഹലം തന്നെ നടക്കുമായിരുന്നു. അന്നുമിന്നും ഇതിനു മാറ്റമില്ല.

അങ്ങനെ തെരച്ചിൽ യത്നം അവസാനിച്ചുകൊണ്ട് മുസ്ലിയാർ പറ ഞ്ഞു. “ഇതിൽ കാണുന്നില്ല സ്വഹീഹ് മുസ്ലിം ഉണ്ടായിരുന്നുവെങ്കിൽ പെട്ടെന്ന് കാണിക്കാമായിരുന്നു” ഞാൻ വീണ്ടും വിളിച്ചു. “അബ്ദുസ്സമദേ, ആ സഹീഹ് മുസ്ലിം ഇങ്ങെടുത്തോ.” ഇത്തവണ മുസ്ലിയാർ ശരിക്കും ഞെട്ടി. കിതാബ് കയ്യിൽ കൊടുത്തു. പേജുകൾ മറിക്കൽ തന്നെ മറിക്കൽ! ആളുകൾക്ക് ഒരു പരാതിയുമില്ല. “സഹീഹ് മുസ്ലിം കിട്ടിയാൽ ഉടനെ കാണിക്കാമെന്ന് നിങ്ങൾ ഇപ്പോൾ പറഞ്ഞതല്ലേ. എന്നിട്ടെന്തേ ഇങ്ങനെ മറിച്ചും തിരിച്ചും നേരം കളയുന്നത്” എന്ന് മുസ്ലിയാരോട് സൗമ്യത്തി ലെങ്കിലും ചോദിക്കാൻ ഒരാൾ പോലും ഒരുക്കമില്ല. മുസ്ലിയാരെ ചോദ്യം ചെയ്യുകയോ? കുരുത്തക്കേട് കിട്ടും. പൗരോഹിത്യം ജനങ്ങളെ പഠിപ്പിച്ച ഇത്തരം ‘സൂത്ര’വാക്യങ്ങളാണ് എന്നും പുരോഹിത വർഗത്തിന്റെ രക്ഷയ്ക്ക് എത്തുന്നത്.

കുറെ നേരം കഴിഞ്ഞപ്പോൾ ഇതാ ‘മുസ്ലിമി’ൽ എന്ന് വിളിച്ചു

പറഞ്ഞു. “വായിച്ചുകേൾപ്പിക്കൂ.” എന്നു ഞാനും. മുസ്‌ലിയാർ വായിക്കുന്നില്ല. ഞാൻ കിതാബ് വാങ്ങി. അയാൾ ചൂണ്ടിക്കാണിച്ച ഭാഗം ഞാൻ ഉറക്കെ വായിച്ചു. സംഭവം ഇപ്രകാരമാണ്. ഖൈബർ യുദ്ധത്തിൽ മുശ്‌രിക്കുകളുടെ പടനായകനായ മുർഹിബും മുസ്‌ലിം നായകനായ അലി ﷺയും തമ്മിൽ ഏറ്റുമുട്ടിയ വിഷയമാണിത്. കിതാബിൽ ഇപ്രകാരം കാണാം. “വളറബ റഅ്‌സ മുർഹിബിൻ ഫ ഖതലഹു സുമ്മ കാനൽ ഫത്ത്ഹു അലാ യദൈഹി” സാരം: “അപ്പോൾ അലി മുർഹിബിന്റെ തല വെട്ടി. മുർഹിബിനെ വധിച്ചു. തദ്ഫലമായി അദ്ദേഹത്തിന്റെ കയ്യാൽ വിജയം വരിച്ചു.”

ഈ അർത്ഥം കേൾപ്പിച്ച ശേഷം സംഭവത്തിന്റെ പശ്ചാത്തലം ഞാൻ കൂടിയിരുന്നവർക്ക് വിവരിച്ചുകൊടുത്തു. ശേഷം മുസ്‌ലിയാരോട് ചോദിച്ചു. നിങ്ങൾ പറഞ്ഞ വിഷയത്തിൽ ഇവിടെ നിങ്ങൾക്കുള്ള തെളിവ് എന്താണ്? നിങ്ങളുടെ അർത്ഥം ഒന്നു കേൾപ്പിച്ചാൽ കൊള്ളാം. അപ്പോൾ ആ മനുഷ്യ പിശാച് പറയുകയാണ്. “അയാൾ തന്റെ തലമുടി വെട്ടിച്ചു. ക്രോപ്പ് ചെയ്തു. അതിനാൽ അയാളെ ആട്ടിപ്പുറത്താക്കി.” ഇത്തവണ അത്ഭുത പരവശനായത് ഞാനായിരുന്നു! ഭയങ്കരമായ ഈ കളവ് കേട്ട് ഞാൻ ഞെട്ടിവിറച്ചു! കിതാബോതി പഠിച്ചു ജനങ്ങളെ ഉപദേശിക്കാൻ നടക്കുന്ന ഈ മനുഷ്യൻ യാതൊരു സങ്കോചവും കൂടാതെ, വിഷയവുമായി പുലബന്ധം പോലുമില്ലാത്ത പച്ചനുണ പരസ്യമായി പറയാൻ ധൈര്യപ്പെട്ടല്ലോ! “മനുഷ്യഹൃദയങ്ങളിൽ ദുർമന്ത്രണം നടത്തുന്ന മനുഷ്യരിൽ നിന്നും ജിന്നുകളിൽ നിന്നുമുള്ള പിശാചുക്കൾ” എന്ന് ഖുർആൻ ഉൽബോധിപ്പിച്ച കാര്യം ഞാൻ നേരിൽ കണ്ടു.

ഞാൻ ചോദിച്ചു: “മുസ്‌ലിയാരെ, നിങ്ങൾ പറഞ്ഞ അർത്ഥം ഞാൻ എഴുതട്ടെ.” ഉടനെ മറുപടി: എഴുതിക്കോളൂ. മുസ്‌ലിയാർ പറഞ്ഞ അർത്ഥം അബ്ദുസ്സമദ് മൗലവി എഴുതി. എന്റേതും എഴുതി. ശേഷം അവിടത്തെ പ്രധാനികളെ ഏൽപിച്ചു. നിങ്ങൾക്കിഷ്ടമുള്ള മുസ്‌ലിയാക്കളോട് ഇതിന്റെ ശരിയായിട്ടുള്ളത് ഏതെന്ന് ചോദിച്ചു ബോധ്യപ്പെടുക എന്ന് ഞാൻ പറഞ്ഞു. അല്ലാഹു നൽകിയ വിശേഷബുദ്ധി ഉപയോഗിച്ച ഒരൊറ്റ മനുഷ്യനേയും ആ സദസ്സിൽ ഞാൻ കണ്ടില്ല. ഈ ദുരവസ്ഥയിലേക്ക് സമൂഹത്തെ വലിച്ചെറിഞ്ഞ പുരോഹിത വർഗത്തെ ഭയഭക്തിപൂർവ്വം സമൂഹം ആദരിക്കുന്നു. മുസ്‌ലിയാക്കളുടെ സ്വഭാവം ആറു പതിറ്റാണ്ടുകൾക്ക് ശേഷവും മാറ്റമില്ലാതെ തുടരുന്നു. എല്ലാ ആധുനിക ദൃശ്യശ്രാവ്യ മാധ്യമങ്ങളും വിവരസാങ്കേതിക വിദ്യയും ഉപയോഗിച്ച് ഇത്തരം ഖുറാഫാത്തുകൾ അവർ ഇപ്പോഴും പഠിപ്പിക്കുന്നു. പ്രചരിപ്പിക്കുന്നു.

ബുദ്ധി ഉപയോഗിച്ചവർക്ക് അല്ലാഹു ഹിദായത്ത് നൽകി. അതിന് ഒരുങ്ങാത്തവർ ഇന്നും ആ ചളിക്കുഴിയിൽ തന്നെ.

സദസ്സ് പിരിഞ്ഞു. എന്റെ മനസ്സിൽ തിരയടിച്ചുകൊണ്ടിരുന്നു. അസഹ്യമായ ബേജാറ്! മേൽപറഞ്ഞ രണ്ട് അർത്ഥങ്ങളും വെവ്വേറെ കാണിച്ചുകൊണ്ടും ഇതിൽ ശരിയേതെന്ന് അന്വേഷിക്കുന്നതുമായ ഒരു നോട്ടീസ് ഞാൻ പുറത്തിറക്കി. എന്റെ ഈ നോട്ടീസ് പരിപാടിക്ക് ആറ് പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്. അപ്പപ്പോൾ ഉണ്ടാകുന്ന കാര്യങ്ങളിൽ ജനങ്ങളെ ബോധവത്കരിക്കാനും തൽപരകക്ഷികളുടെ വങ്കത്തവും കള്ളത്തരവും തുറന്നുകാണിക്കാനും ചെലവുകുറഞ്ഞതും എളുപ്പമായതും ഈ നോട്ടിസ് പരിപാടി തന്നെയാണെന്ന് ദീർഘകാലാനുഭവങ്ങൾ എനിക്ക് പാഠം നൽകി. എന്റെ ആദർശബന്ധുക്കൾ പോലും തമാശയ്ക്കോ പരിഹാസം കലർന്ന ഭാവത്തിലോ എന്നെ നോട്ടീസ് മൗലവി എന്നു വിളിച്ച് ആക്ഷേപിക്കാറുണ്ട്. ആക്ഷേപങ്ങൾ അറുപത് വർഷങ്ങളായി വിവിധ രൂപത്തിൽ എന്നെ പിന്തുടരുന്നു. ഞാൻ എല്ലാം നീതിയുടെ കർക്കശ കണിശക്കാരനായ റബ്ബിനെ ഏൽപിച്ചിരിക്കുന്നു. ഏൽപിക്കാൻ ഏറ്റവും തരപ്പെട്ടവൻ അവൻ തന്നെയല്ലേ. അതിനാൽ എനിക്ക് ആശങ്കകളില്ല. ഞാൻ വ്യാകുലനുമല്ല. റബ്ബിന് സ്തുതി! മരണംവരെ ഈ സജീവത അല്ലാഹു നിലനിർത്തിത്തരുമാറാകട്ടെ! (ഈ പ്രാർഥന റബ്ബ് സ്വീകരിച്ചു. മരണത്തിന് രണ്ടാഴ്ച മുമ്പും രോഗശയ്യയിൽ ഒരു നോട്ടീസ് അച്ചടിച്ചിരുന്നു-എഡിറ്റർ)

പ്രശസ്തനായ ചാലിയത്ത് അഹമ്മദ്കോയ മുസ്‌ലിയാർ (ബേപ്പൂർ ഖാളി) തുടങ്ങിയ പല പ്രധാന മുസ്‌ലിയാക്കളുടെ ചാരത്തും മേൽ പറഞ്ഞ ചോദ്യവുമായി ആളുകൾ ചെന്നു. ആരും ശരിയായ മറുപടി നൽകിയില്ല. ഓരോരോ സൂത്രം പറഞ്ഞു ഒഴിഞ്ഞുമാറി. സത്യം പറഞ്ഞാൽ വഹാബികൾക്ക് അനുകൂലമാകും. അത് സഹിച്ചുകൂടാ. കളവ് പറയാൻ ഒരു മനസാക്ഷിക്കുത്ത്! എന്നാൽ ഇന്നത്തെ സഖാഫി- ഫൈസിമാരോ, കാന്തപുരം- പേരോടുമാരോ ആയിരുന്നെങ്കിൽ യാതൊരു വൈമനസ്യവും കൂടാതെ മുസ്‌ലിയാരുടെ അർത്ഥം ശരിവെക്കുമായിരുന്നു! പൗരോഹിത്യം ജനങ്ങളെ വിടുകയില്ല. ജനങ്ങൾ പുരോഹിതന്മാരെ ഉപേക്ഷിക്കുകയുമില്ല. സമുദായത്തിന്റെ കാര്യം മഹാ കഷ്ടം തന്നെ!

എന്റെ ജീവിതാനുഭവങ്ങളിൽ ഇനിയുമുണ്ട് ഒരു വാദപ്രതിവാദ ചരിത്രം. വായനക്കാർക്ക് ഇതിൽ പാഠങ്ങളുണ്ട് എന്ന ശക്തിയായ വിശ്വാസമാണ് അതിവിടെ രേഖപ്പെടുത്താൻ പ്രേരിപ്പിക്കുന്നത്. കാലം കുറച്ചുകൂടി മുന്നോട്ടുപോയി. 1957ലാണെന്നാണ് ഓർമ്മ. തിരൂരങ്ങാടിയിലെ

ജീവിതബന്ധങ്ങളുടെ ഒരു കണ്ണിയാണീ സംഭവം.

സുൽത്താൻബത്തേരിയിലെ ഒരു ജന്മി മുതലാളിയായിരുന്നു കക്കോടൻ മമ്മുഹാജി. അദ്ദേഹം ഹജ്ജിന് വന്നു. ഞാൻ അന്ന് അറേബ്യയിലാണ്. കെ.എം. മൗലവിയും ആ വർഷം ഹജ്ജിനുണ്ടായിരുന്നു. ഞങ്ങൾ അവിടെവെച്ച് മമ്മുഹാജിയുമായി പരിചയപ്പെട്ടു. നാട്ടിലെത്തിയാൽ ഞങ്ങളിരുവരും അദ്ദേഹത്തിന്റെ വീട്ടിൽ ചെല്ലാൻ ക്ഷണിക്കപ്പെട്ടു. മുസ്ലിയാക്കളെ വീട്ടിൽ ക്ഷണിച്ചുവരുത്തി സൽക്കരിക്കൽ അദ്ദേഹത്തിന്റെ പതിവു പരിപാടിയാണ്. കെ.എം. മൗലവി സാഹിബ് രൂപത്തിലും ഭാവത്തിലും ഒരു പഴയ മുസ്‌ലിയാരും ഭക്തിസ്വരൂപനുമായിരുന്നു. എനിക്ക് നീണ്ട താടിയും തലേക്കെട്ടുമുണ്ട്. മക്കത്തുള്ളപ്പോൾ നീണ്ട അറബിക്കുപ്പായവും പതിവാണ്. മമ്മുഹാജിക്ക് ഞങ്ങളെ നന്നായി ബോധിച്ചു. തിരൂരങ്ങാടി യതീംഖാനക്ക് വല്ല സഹായവും ഇദ്ദേഹത്തിൽ നിന്നും ലഭിച്ചേക്കുമെന്ന ആശയാണ് ക്ഷണം സ്വീകരിക്കാൻ പ്രധാനമായും എന്റെ ഗുരുനാഥനെ പ്രേരിപ്പിച്ചത്.

നാട്ടിലെത്തിയ ഞങ്ങൾ ഒരു ദിവസം മമ്മുഹാജിയെ തേടിച്ചെന്നു. അദ്ദേഹത്തിന്റെ വീട്ടിൽ നിന്നും കുറച്ചകലെയുള്ള ഒരു ബംഗ്ലാവിലാണ് ഞങ്ങൾ ഒത്തുചേർന്നത്. നെൽചെടികൾ കൊയ്തു കറ്റകൾ കൊണ്ടുവന്നു കൂട്ടി മെതിക്കുന്ന ഒരു കളമുണ്ട്. അവിടെ പായവിരിച്ച് മൗലവി ഇമാമായി നിന്ന് ഞങ്ങൾ നമസ്കരിച്ചു. നമസ്കാര ശേഷം പതിവ് പോലെ മൗലവി മുസല്ലയിൽ നിന്നും മാറി. നമസ്കാരശേഷം കൂട്ടപ്രാർഥന നടത്താത്തതിനെക്കുറിച്ച് മമ്മുഹാജി എന്നോട് ചോദിച്ചു. “നമസ്കാരത്തിൽ ആദ്യന്തം അതുതന്നെയാണല്ലോ നടക്കുന്നത്” എന്ന് ഞാൻ പറഞ്ഞു. ഈ മറുപടി ഞാൻ കെ.എം. മൗലവിയിൽ നിന്നും പഠിച്ചതാണ്. അദ്ദേഹമാകട്ടെ 1922ൽ മഹാനായ വക്കം മൗലവിയിൽ നിന്നും പഠിച്ചതും. വക്കം മൗലവി ഇമാമായി, ഒരിക്കൽ അദ്ദേഹത്തോടൊപ്പം കെ. എം. മൗലവി നമസ്കരിച്ചിട്ടുണ്ട്. നമസ്കാരാനന്തരം വക്കം മൗലവി മുസല്ലയിൽ നിന്നും മാറി. അപ്പോൾ എന്റെ ഗുരുനാഥൻ ചോദിച്ചു. “എന്തേ ദുആ ഇരക്കാതിരുന്നത്.” വക്കം മൗലവി പറഞ്ഞു. “നമ്മൾ ഇതുവരെ ദുആയിൽ തന്നെയായിരുന്നുവല്ലോ”. പരിവർത്തന ശൃംഖലയിലെ ഒരു കണ്ണി. ഈ സംഭവം എന്റെ ഉസ്താദ് എനിക്ക് പറഞ്ഞുതന്നിട്ടുണ്ട്.

പക്ഷെ, മമ്മുഹാജി എന്റെ മറുപടിയിൽ തൃപ്തനല്ലായിരുന്നു. നാട്ടിലൊക്കെ നടന്നുവരുന്നതുപോലെ ചെയ്യാതിരുന്നതെന്ത്? എന്നാണ് ചോദ്യം. ഞാൻ പറഞ്ഞു. “നാട്ടിൽ നടക്കുന്നതെന്തെന്ന് നോക്കിയല്ല മൗലവി ദീൻ പഠിച്ചത്. ഖുർആനിൽ നിന്നും ഹദീസിൽ നിന്നുമാണ്.”

അപ്പോൾ കക്കോടൻ മുതലാളിയുടെ മറുചോദ്യം: "എങ്കിൽ നമുക്ക് ഇതേക്കുറിച്ച് ഒന്ന് ചർച്ച ചെയ്തുകൂടേ? ഞാൻ ഒരു മുസ്ല്യാരെ വിളിക്കാം. വിവരം തന്നാൽ നിങ്ങൾ വരുമോ?" ഞാൻ സമ്മതിച്ചു. അങ്ങനെ ദിവസവും അപ്പോൾ തന്നെ തീരുമാനിച്ചു.

നിശ്ചിത ദിവസം തിരൂരങ്ങാടിയിൽ നിന്നും സുൽത്താൻ ബത്തേരിയിലേക്ക് പോകാൻ ഞാൻ ഒരുങ്ങി. അപ്പോൾ പലരും എന്നെ പിന്തിരിപ്പിക്കാനും ഒരുങ്ങി. ഞാൻ വഴങ്ങിയില്ല. കോഴിക്കോട് എത്തിയപ്പോഴും ഇതേ അനുഭവം ഉണ്ടായി. കക്കോടൻ വലിയ ദുഷ്ടനാണെന്നും അയാൾ നിങ്ങളെ ദ്രോഹിക്കുമെന്നും ചിലർ പറഞ്ഞു. എങ്കിലും പോകാതിരിക്കാൻ എന്തോ മനസ്സ് സമ്മതിക്കുന്നില്ല. അല്ലാഹുവിൽ ഭരമേൽപിച്ചു ഞാൻ പോയി. കക്കോടന്റെ വീടിനു വെളിയിൽ വെച്ച് അദ്ദേഹത്തിന്റെ അനുജൻ കുഞ്ഞബ്ദുല്ല ഹാജിയെ കണ്ടു. അദ്ദേഹം എന്റെ പഴയ ഒരു സുഹൃത്തായിരുന്നു. 1945 കാലത്ത് ഞാൻ കോഴിക്കോട് പട്ടാളപ്പള്ളിയിൽ ഖതീബായിരുന്നപ്പോൾ തുടങ്ങിയ സ്നേഹബന്ധമാണ്. അന്ന് സലഫി ആദർശക്കാരനായിരുന്നു. പിന്നീട് ജമാഅത്തെ ഇസ്‌ലാമിയിലേക്ക് മാറി. എങ്കിലും ഞങ്ങളുടെ വ്യക്തിബന്ധം നിലനിന്നുപോന്നിരുന്നു. അദ്ദേഹം എന്നോടു പറഞ്ഞു; നിങ്ങൾക്ക് അവിടെ വല്ല വിഷമവും നേരിട്ടാൽ ഉടനെ ഇറങ്ങിവരണം. ഞാനിവിടെ പുറത്തുണ്ടാകും. ജ്യേഷ്ഠന്റെ സ്വഭാവം അദ്ദേഹത്തിന് നന്നായി അറിയുന്നത് മൂലമായിരിക്കാം ഇങ്ങനെ മുന്നറിയിപ്പ് നൽകിയത്.

കക്കോടന്റെ മാളികമുകളിലെ ഒരു മുറിയിൽ എന്നെ ഇരുത്തി. വേറെ ആരെയും കാണുന്നില്ല. കുറെ കഴിഞ്ഞപ്പോൾ ഒരു മുസ്‌ലിയാർ വന്നു. പിൽക്കാലത്ത് സമസ്തയുടെ ജനറൽ സെക്രട്ടറിയും ശംസുൽ ഉലമാ എന്ന അപരനാമത്താൽ വാഴ്ത്തപ്പെട്ടതുമായ ഇ.കെ. അബൂബക്കർ മുസ്‌ലിയാരായിരുന്നു അത്. അദ്ദേഹത്തിന്റെ കയ്യിൽ ഒരു കിതാബുണ്ടായിരുന്നു. സംഭാഷണം തുടങ്ങിയപ്പോൾ കയ്യിലിരുന്ന കിതാബ് അദ്ദേഹം തുറന്നു. നമസ്കാരശേഷം കൂട്ടുപ്രാർത്ഥന നടത്തുന്നതിന് വിരോധമില്ലെന്ന് അതിൽ പറയുന്നതായ ഭാഗം എന്നെ കാണിച്ചു. അപ്പോൾ ഞാൻ പറഞ്ഞു: എനിക്ക് അതെക്കുറിച്ച് ചോദിക്കാനുണ്ട്. പക്ഷെ, ഗ്രന്ഥകർത്താവ് ജീവിച്ചിരിക്കുന്നില്ല. നിങ്ങൾ ഇതിൽ പറഞ്ഞത് അംഗീകരിക്കുന്ന ആളാണല്ലോ. അതുകൊണ്ട് നിങ്ങളോട് ചോദിക്കാം. അപ്പോൾ ഇ.കെ. ശുണ്ഠിയോടെ ഞാൻ ഇത് അംഗീകരിക്കുന്ന വ്യക്തിയാണെന് നിങ്ങളോട് ആര് പറഞ്ഞു എന്ന മറുചോദ്യമാണിട്ടത്. "അംഗീകരിക്കുന്നതുകൊണ്ടാണല്ലോ നിങ്ങൾ ഇത് തെളിവായി ഹാജരാക്കിയത്" എന്ന്

ഞാനും പറഞ്ഞു.

തുടർന്ന് ലേശം ഞാൻ സംസാരിച്ചു. "ബുഖാരിയിലും മറ്റും സ്വഹീഹായ ഹദീസ് ഗ്രന്ഥങ്ങളിലും നബിﷺയുടെ നടപടി ഇങ്ങനെയല്ല വന്നിട്ടുള്ളത്. നമസ്കാരത്തിൽ നിന്നും സലാം പറഞ്ഞാൽ പിന്നിൽ നിന്നും സ്ത്രീകൾ എഴുന്നേറ്റുപോകാനുള്ള സമയം വരെ നബി അവിടെ തന്നെ ഇരിക്കും. ശേഷം മുസ്വല്ല വിട്ടുമാറും. നാട്ടിൽ നടന്നുവരുംപോലെ കൂട്ടുപ്രാർത്ഥന നടത്തിയതായി ഒരു റിപ്പോർട്ടും ഒരു ഹദീസ് കിതാബിലും വന്നിട്ടില്ല. ശാഫിഈ മദ്ഹബിന്റെ കിതാബായ 'ഫത്ഹുൽ മുഈനിൽ' പോലും ഈ വിട്ടുമാറൽ നടപടിയാണല്ലോ പറഞ്ഞിട്ടുള്ളത്. എന്തായാലും നബി ﷺയുടെ ചര്യക്കെതിരിൽ ഏതു കിതാബിൽ ആരു പറഞ്ഞാലും അത് സ്വീകരിക്കാൻ നമുക്കെന്ത് ബാധ്യത?"

ഇത്രയുമായപ്പോൾ ഇ.കെ. യഥാർത്ഥ മുസ്‌ലിയാരുടെ സ്വഭാവത്തിലേക്ക് വന്നു. ഞാൻ ഇമാമീങ്ങളെ തള്ളിപ്പറയുന്നവനാണെന്ന് ആരോപിച്ചുകൊണ്ടും എന്റെ നേരെ രോഷംപ്രകടിപ്പിച്ചും മുസ്‌ലിയാർ വികാരപൂർവ്വം ഒരു പ്രസംഗംതന്നെ നടത്തി. നബിﷺയുടെ ചര്യക്കു വിരുദ്ധമായി ഒരു ഇമാമിനെയും സ്വീകരിക്കേണ്ട യാതൊരു ബാധ്യതയും മുസ്‌ലിംകൾക്കില്ലെന്ന് ഞാനും വാദിച്ചു. അപ്പോൾ മാറ്റം ദൃശ്യമായത് കക്കോടൻ മുതലാളിയുടെ സ്വഭാവത്തിലായിരുന്നു. വളരെ ഗൗരവത്തിൽ എന്നെ അയാൾ കുറെ ചീത്ത പറഞ്ഞു. കൂട്ടത്തിൽ ചില ഭീഷണികളും താക്കീതുകളും. കാര്യങ്ങൾ ഇത്രത്തോളമെത്തിയപ്പോൾ ഞാൻ എണീറ്റു. കക്കോടനോട് ഞാൻ പറഞ്ഞു: "നിങ്ങൾ തോക്കിനു ലൈസൻസ് ഉള്ളവനാണെന്ന് അറിഞ്ഞുകൊണ്ടു തന്നെയാണ് ഞാനിവിടെ വന്നത്, എന്റെ സുഹൃത്തുക്കൾ വിലക്കിയിട്ടും. അതുകൊണ്ടു തന്നെ ഇപ്പോൾ നിങ്ങൾക്കെന്നെ മനസ്സിലായിരിക്കുമല്ലോ." ഞാൻ പുറത്തേക്കിറങ്ങി. കക്കോടൻ സ്തംഭിച്ചു നിൽക്കുകയായിരുന്നു. ഇ.കെ. മുസ്‌ലിയാർ മൗനത്തിലും. എന്റെ സുഹൃത്ത് കുഞ്ഞബ്ദുല്ലാ ഹാജി പുറത്ത് കാത്തുനിൽക്കുന്നുണ്ടായിരുന്നു. അദ്ദേഹം എന്നെ ആശ്വസിപ്പിച്ചു. ഒരു ഹോട്ടലിലേക്ക് കൂട്ടിക്കൊണ്ടുപോയി. ഭക്ഷണം തന്നു. എന്നെ അവിടെ താമസിപ്പിച്ചു. യാത്ര പറഞ്ഞു അദ്ദേഹം പോയി.

ഞാൻ തിരൂരങ്ങാടിയിൽ തിരിച്ചെത്തിയ ശേഷം അറബി മലയാളത്തിൽ ഒരു ലഘുലേഖ തയ്യാറാക്കി. അന്ന് മലയാളത്തേക്കാൾ മുസ്‌ലിം ജനതയിൽ ഉപയോഗപ്പെടുന്ന ഭാഷ അതായിരുന്നു. നമസ്കാരാനന്തരം വേണ്ട കാര്യങ്ങളെക്കുറിച്ച് ഹദീസുകളിലെയും മറ്റു നിരവധി കർമ്മശാസ്ത്ര ഗ്രന്ഥങ്ങളിലെയും ഉദ്ധരണികൾ അതിൽ ചേർത്തു. അത് പ്രസിദ്ധീ

കരിച്ചതോടെ ജനശ്രദ്ധ പിടിച്ചുവെന്ന് മനസ്സിലാക്കിയ ഇ.കെ. മുസ്‌ലിയാർ ഒരു മറുനോട്ടീസ് പുറത്തിറക്കി. ഒരു വർത്തമാനപത്രത്തിന്റെ രണ്ടുപുറം കൂടിയാലുള്ളത്ര വലിപ്പമുണ്ടായിരുന്നു അതിന്. കണ്ണിൽ കണ്ട മുഴുവൻ വാറോലകളും അതിൽ തിരുകിക്കയറ്റിയിരുന്നു. 'ഉദുകുറുല്ലാഹ ദിക്റൻ കസീറൻ' (അല്ലാഹുവിനെ അധികമായി സ്മരിക്കുവീൻ) എന്ന ഖുർആൻ വചനമാണ് ഒരേയൊരു തെളിവ്! എന്നിട്ടിങ്ങനെ വ്യാഖ്യാനവും; അല്ലാഹുവിന് ദിക്ർ ചെയ്യാൻ ഏറ്റവും നല്ല സന്ദർഭം നമസ്കാരശേഷമാണ്. അപ്പോൾ ദുആ ആകാം. അത് കൂട്ടായി നടത്തുന്നതാണല്ലോ നല്ലത്. ഈ നിലക്കായിരുന്നു ഇ.കെയുടെ വാദങ്ങൾ. പ്രവാചകചര്യയിൽ നിന്നുള്ള യാതൊരു തെളിവും അതിൽ കണ്ടില്ലതാനും. ഊഹങ്ങളും നിഗമനങ്ങളും അഭിപ്രായങ്ങളും മാത്രം. അതുകൊണ്ടാണ് 'വാറോലകൾ' എന്നു ഞാൻ വിശേഷിപ്പിച്ചത്. മുസ്‌ലിയാക്കൾ അന്നുമിന്നും ഒന്നുതന്നെ. വാദപ്രതിവാദങ്ങളുടെ കോലത്തിനും വലിയ അന്തരമില്ല.

ഓർമകളുടെ തീരത്ത്

# 18

# കൊടിയത്തൂർ വാദപ്രദിവാദം

മുകളിൽ പറഞ്ഞ രണ്ടു സംഭവങ്ങളും വ്യക്തിപരമായി ഞാൻ ഭാഗഭാക്കായതാണല്ലോ. സത്യം തെളിയിക്കാൻ എനിക്ക് കഴിഞ്ഞെങ്കിലും ഒരു യുദ്ധമുറയുടെ അടിസ്ഥാനത്തിൽ വിജയിച്ചു എന്നവകാശപ്പെടാൻ കഴിയില്ല. വാക്സാമർത്ഥ്യവും ജനപിന്തുണയും സ്വാധീനവും ഒരുമിപ്പിക്കുന്നതിൽ ഞാൻ പരാജയപ്പെട്ടു എന്നു പറയാം. ഈ അനുഭവങ്ങളാണ് വാദപ്രതിവാദത്തിനൊരുമ്പെടാൻ പിന്നീട് എനിക്ക് താൽപര്യം ഇല്ലാതെ പോയത്. എന്നാൽ സന്ദർഭോചിതമായി തന്ത്രങ്ങളുടെ വൈദഗ്ധ്യം മുൻകൂട്ടി മനസ്സിലാക്കി അതിന്റെ മുളനുള്ളാനും ബുദ്ധിയും കെൽപുമുള്ള സത്യത്തിന്റെ തേരാളികളായ പണ്ഡിതന്മാർ സലഫികളിലുണ്ടായിരുന്നു. എന്റെ ഗുരുതുല്യരായ ആ പ്രഗത്ഭമതികളിൽ നിന്നും ഈ വിഷയത്തിൽ പരിശീലനം നേടാൻ എനിക്ക് കഴിഞ്ഞില്ല. എന്റെ പ്രകൃതിപരമായ കുറവുകളായിരിക്കാം അതിന് കാരണം.

അനിവാര്യമായ ഘട്ടങ്ങളിൽ യുദ്ധമുന്നണിയിലേക്ക് മാർച്ചു ചെയ്യുന്ന ആർജ്ജവത്തോടെ, ഭയലേശമന്യേ തയ്യാറായ ഒട്ടനവധി വാദപ്രതിവാദ സംഭവങ്ങൾ ആദർശപ്രചാരണ വീഥിയിൽ വലിയ ഗുണം നേടുന്നതായിത്തീർന്നിട്ടുണ്ട്. അതിൽ എടുത്തുപറയാവുന്ന ഒരു പ്രധാന സംഭവ

മാണ് കൊടിയത്തൂർ വാദപ്രതിവാദം. 1942 കാലമാണെന്ന് ഓർക്കുന്നു. ചിലപ്പോൾ ലേശം വ്യത്യാസം ഉണ്ടാകാം. ആദ്യം പറഞ്ഞത് സ്വന്തം അനുഭവമാണെങ്കിൽ ഈ പറയുന്നത് കേട്ടറിഞ്ഞു ഉത്തമബോധ്യമായ അനുഭവത്തിലെ സ്മരണകളാണ്.

സുന്നികളുടെ ഭാഗത്ത് മലബാറിലെ പ്രസിദ്ധനായ പറവണ്ണ കെ.പി. എ. മൊയ്തീൻകുട്ടി മുസ്‌ലിയാരുടെയും കേരളമാകെ കുപ്രസിദ്ധനായിരുന്ന തിരുവിതാംകൂർ കറ്റാനം പതി അബ്ദുൽഖാദിർ മുസ്‌ലിയാരുടെയും നേതൃത്വം. പതി മുസ്‌ലിയാരെക്കുറിച്ച് നേരത്തെ പ്രതിപാദിച്ചിട്ടുണ്ടല്ലോ. പ്രതികാര ദാഹമുണ്ടാക്കുന്ന അദ്ദേഹത്തിന്റെ പ്രഭാഷണം മൂലം സലഫികൾ പലേടത്തും ആക്രമിക്കപ്പെട്ടിട്ടുണ്ട്. അതിനാൽ അനേകം സ്ഥലങ്ങളിൽ പോലീസ് അദ്ദേഹത്തിന്റെ പ്രസംഗം അനുവദിക്കാത്ത സാഹചര്യവും ഉണ്ടായിരുന്നു. പതിയുടെ കാടിളക്കുന്ന ശബ്ദ അട്ടഹാസത്തെ, മൂർച്ചയുള്ള പ്രയോഗങ്ങളും കണിശമായ തെളിവുകളുമായി നേരിടാൻ ധീരനായ ഒരു ഏകാംഗ പട്ടാളമുണ്ടായിരുന്നു. കൂട്ടായി അബ്ദുല്ലഹാജി എന്ന മഹാ പ്രതിഭ! ജീവാപായം ശങ്കിക്കേണ്ടി വന്ന പല ആപൽഘട്ടങ്ങളും അദ്ദേഹത്തിന് തരണം ചെയ്യേണ്ടിവന്നിട്ടുണ്ട്. ആരും സഹായത്തിനില്ലെന്ന് ബോധ്യമുണ്ടായിരുന്ന പല പ്രദേശങ്ങളിലും ഉച്ചഭാഷിണി അപൂർവ്വ വസ്തുവായിരുന്ന അക്കാലത്ത് അർപ്പണഭാവത്തോടെ സധീരം കടന്നുചെന്ന് ശക്തമായ പ്രത്യാക്രമണങ്ങൾ നടത്താൻ അഞ്ചടിയോളം ഉയരമില്ലാത്ത മെലിഞ്ഞ ആ കൊച്ചു മനുഷ്യൻ കാണിച്ച സാഹസികത സലഫീ ആദർശ വീഥിയിലെ അനർഘ മുദ്രയാകുന്നു. എന്നെപ്പോലുള്ള യുവാക്കൾ ഉൾക്കിടിലത്തോടെ, 'അസൂയ'യോടെ, ലജ്ജയോടെ അബ്ദുല്ലഹാജിയെ നോക്കിനിന്നിട്ടുണ്ട്. എട്ടു പതിറ്റാണ്ടുകൾ ജീവിച്ചു തീർത്തിട്ടും ഒരു ദിവസം അല്ല– ഒരു നിമിഷം പോലും അബ്ദുല്ല ഹാജിയാകാൻ എന്നെപ്പോലുള്ളവർക്ക് കഴിഞ്ഞിട്ടില്ല. അതാണ് ഞാൻ 'അസൂയ'യും ലജ്ജയും എന്ന് പറഞ്ഞത്. അദ്ദേഹത്തെക്കുറിച്ചുള്ള വീരസ്മരണകൾ അയവിറക്കുമ്പോൾ എന്റെ ഉൾക്കിടിലം ഇപ്പോഴും ബാക്കി നിൽക്കുന്നു. തൗഹീദിന്റെ സംസ്ഥാപനത്തിനുവേണ്ടി മഹാനവർകൾ പടയോട്ടം നടത്തിയ പാതയുടെ വരമ്പത്ത് നിൽക്കാൻപോലും അർഹത ഇന്നുവരെ എനിക്ക് ലഭിച്ചിട്ടില്ല. ആ തോന്നൽ എന്റെ കുറ്റബോധം വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. മഹാനവർകളെക്കുറിച്ച് പറയാൻ ഒരുപാട് ഓർമ്മകളുണ്ട്. ശഹാദത്ത് കലിമയുടെ അർത്ഥം ലളിതമായും ഹൃദ്യമായും ഞാൻ മനസ്സിലാക്കിയത് അദ്ദേഹത്തിൽ നിന്നായിരുന്നു. ഇലാഹിന്റെ അർത്ഥം അന്വേഷിച്ച് ഒരുപാട് ഞാൻ യാത്ര ചെയ്തിട്ടുണ്ട്. പല പണ്ഡിതന്മാ

രേയും കണ്ടു. വളരെ ചെറിയ വാക്കിൽ അന്നത്തെ സാധാരണ ജനങ്ങൾക്ക് എളുപ്പം ഗ്രഹിക്കാൻ കഴിയുന്ന ഒരർത്ഥം തേടിയുള്ള ആ യാത്രയിൽ ഞാൻ കൊച്ചിയിലും എത്തി. കൊച്ചങ്ങാടി പ്രദേശത്ത് ഒരു ലൈൻ വീട്ടിൽ താമസക്കാരനായിരുന്ന സലഫീ യോദ്ധാവ് ഒസ്സാൻ സൈദുക്കയെ കണ്ടു. എന്റെ അന്വേഷണത്തെക്കുറിച്ച് അദ്ദേഹത്തോട് പറഞ്ഞു. നിങ്ങൾ കൂട്ടായി അബ്ദുല്ലാ ഹാജിയെ കണ്ടോളൂ എന്നാണ് സൈദുക്ക എന്നെ ഉപദേശിച്ചത്. ഞാൻ ഹാജി സാഹിബിന്റെയടുക്കൽ ഓടിയെത്തി. എന്റെ കാര്യം പറഞ്ഞു. ഒരൊറ്റ നിമിഷം കൊണ്ട് ഉത്തരം കിട്ടി. 'നേർച്ചക്കാരൻ'. ഹോ! എന്തൊരു ഫിറ്റായ അർത്ഥമായിരുന്നു അത്. എന്റെ മനസ്സ് തണുത്തത് അപ്പോഴാണ്. കൂട്ടത്തിലൊരു വാക്ക്! ചെറുപ്പക്കാരായ എന്റെ മുജാഹിദ് സുഹൃത്തുക്കളോടാണ്. നിങ്ങൾക്ക് ഒസ്സാൻ സൈദുക്കയെപ്പോലെ ഒരു യോദ്ധാവാകാൻ പ്രയാസമാണ്. എങ്കിലും അദ്ദേഹത്തെപ്പോലുള്ളവരുടെ നിഴലാകാനെങ്കിലും ശ്രമിക്കണം. സൈദുക്കായെപ്പോലുള്ള ഒറ്റയാൾ പട്ടാളം നാട്ടിലെ പല ഭാഗങ്ങളിലും അന്ന് സധീരം മാർച്ച് ചെയ്തിരുന്നു. തൗഹീദിന്റെ മഹത്തരമായ ശബ്ദകാഹളവുമായി. അവരെപ്പോലുള്ള മഹാന്മാരായ ത്യാഗികളുടെ നിഴൽ പറ്റിയാണ് എന്നെപ്പോലുള്ള ദുർബലന്മാർ ഊർജ്ജസ്വലരായത്. അല്ലാഹു ആ ധീര മുജാഹിദുകൾക്ക് ബർസഖിയായ അനുഗ്രഹം ചൊരിയുമാറാകട്ടെ!

വാദപ്രതിവാദത്തെക്കുറിച്ചാണ് പറഞ്ഞുവന്നത്. പക്ഷെ, ചരിത്രം പരന്നു കിടക്കുകയാണ്. അതിന്റെ ഓർമകളും. ചിലപ്പോൾ ചില ശകലങ്ങൾ മനസ്സിൽ ഓടി എത്തും. അപ്പോൾ തന്നെ അത് കൊളുത്തിപ്പിടിച്ചില്ലെങ്കിൽ ഓർമ്മയിൽ നിന്നു മാഞ്ഞുപോകും. പ്രഗ്ത്ഭനായ പണ്ഡിത പ്രഭാഷകനും തൗഹീദ് പ്രചാരണവീഥിയിലെ പ്രധാന തേരാളിയുമായിരുന്ന പറപ്പൂർ അബ്ദുറഹ്മാൻ മൗലവി കൊടിയത്തൂരിൽ നടത്തിയ ഒരു പ്രസംഗമാണ് വാദപ്രതിവാദത്തിന് അരങ്ങൊരുങ്ങുവാൻ കാരണമായത്. പറപ്പൂരിന്റെ പ്രസംഗങ്ങൾ മുസ്‌ലിയാക്കൾക്ക് മുറിവിൽ മുളകുപൊടി വിതറിയാലുള്ള അനുഭവമായിരുന്നു. അവരുടെ സാമൂഹിക സ്വാധീനം പിടിച്ചുനിർത്താൻ അന്നും ഇന്നും അവർ കണ്ടെത്തുന്ന മാർഗമാണ് വാദപ്രതിവാദത്തിനുള്ള വെല്ലുവിളിയും ആക്രോശവും. നിർബന്ധ സാഹചര്യത്തിൽ നമ്മുടെ പണ്ഡിതന്മാർ തയ്യാറാകും.

അങ്ങനെ കൊടിയത്തൂരിലെ ജുമാഅത്ത് പള്ളിയിൽ വെച്ച് വാദപ്രതിവാദം അരങ്ങേറി. മഹാ പ്രതിഭയും സൂത്രധാരനും കെ.എം. മൗലവിയുടെ ഭാര്യാ സഹോദരനും മൗലാനാ ചലിലകത്തിന്റെ പ്രിയപുത്രനും എനിക്കു ഗുരുതുല്യനുമായിരുന്ന എം.സി.സി. അബുദുറഹ്മാൻ മൗലവി

യായിരുന്നു സുന്നി നേതാവും പണ്ഡിതനുമായ പറവണ്ണ മൊയ്തീൻകുട്ടി മുസ്‌ലിയാരെ നേരിട്ടത്. ഉമർﷺ മദീനത്തെ പള്ളിയിൽ താറാവീഹിന് 20 റക്അത്ത് നടപ്പിൽ വരുത്തി എന്ന സുന്നീ വാദമാണ് വിഷയം. വ്യക്തമായ തെളിവുകളുടെ മുൻപിൽ എത്ര തവണ തല കുത്തി വീണിട്ടും പതിറ്റാണ്ടുകൾക്കു ശേഷവും അവർ ആ വാദത്തിൽ നിന്നു പിൻമാറിയിട്ടില്ല. ഈ കാലത്ത് അവരുടെ ഏറ്റവും വലിയ തെളിവ് ഹറമിൽ തറാവീഹ് ഇരുപത് റക്അത്ത് നടക്കുന്നുവെന്നതാണ്. ലോകം മുഴുവൻ അത് ടെലിവിഷനിലൂടെ കാണാൻ സാധിക്കുകയും ചെയ്യുന്നു. ഇതു വായിക്കുന്ന ഏതൊരാളുടെ മുൻപിലും ആ ചിത്രം തെളിഞ്ഞു വന്നേക്കാം. അതൊരു ചോദ്യചിഹ്നമായി ഉയർന്നു നിൽക്കാം. അപ്പോൾ അതേക്കുറിച്ച് രണ്ടു വാക്ക് ഇടയിൽ പറയേണ്ടത് ആവശ്യമായിരിക്കുന്നു.

അറേബ്യയിലെ ഭരണവർഗമായ സുഊദി കുടുംബം പൂർവ്വീകമായി തന്നെ മുഹമ്മദ്ബ്നു അബ്ദുൽ വഹാബിന്റെ അനുയായികളാണ്. തൗഹീദിന്റെ എക്കാലത്തേയും വലിയ ശബ്ദമായിരുന്നു ശൈഖ്. ശൈഖ് മുഹമ്മദ്ബ്നു അബ്ദുൽ വഹാബിനെ യാഥാസ്ഥിതിക പണ്ഡിത വർഗം മർദ്ദിച്ച് ക്രൂരമായി പീഡിപ്പിക്കുകയും മൃതപ്രായമാക്കുകയും ചെയ്ത ശേഷം പൂർണ്ണ നഗ്നനായി മരുഭൂമിയിൽ വലിച്ചെറിഞ്ഞു. ചുട്ടുപഴുത്ത മണൽപരപ്പിൽ നിന്നും അദ്ദേഹത്തെ രക്ഷപ്പെടുത്തി സംരക്ഷണം നൽകി, അദ്ദേഹത്തിൽ നിന്നും ആദർശം ഉൾക്കൊണ്ട് അതിന്റെ പ്രചാരണത്തിൽ എല്ലാ സഹായങ്ങളും കൊടുത്ത് പിന്തുണച്ചത് അന്ന് അറേബ്യയിലെ ഒരു നാട്ടുരാജ്യത്തിലെ (ദർഇയ്യ) ഭരണാധികാരിയായിരുന്ന സുഊദി കുടുംബത്തിന്റെ തലവനായിരുന്നു. ശൈഖ് മുഹമ്മദ്ബ്നു അബ്ദുൽ വഹാബ് പുനരുത്ഥാരകനായിരുന്നെങ്കിലും കർമശാത്രരംഗത്ത് ഹൻബലീ മദ്ഹബാണ് സ്വീകരിച്ചിരുന്നത്. മദ്ഹബിന്റെ സ്വാധീനം എക്കാലത്തും ശക്തമായിരുന്നുവല്ലോ. എന്നാൽ നബിചര്യയുമായി താരതമ്യേന കൂടുതൽ പൊരുത്തപ്പെടുന്ന മദ്ഹബും ഹൻബലീ മദ്ഹബാണ്. മദ്ഹബിന്റെ ഇമാമുകളായി വാഴ്ത്തപ്പെട്ടവരിൽ ഏറ്റവും അധികം ഹദീഥുകൾ മനഃപാഠമാക്കിയ മഹാൻ ഇമാം അഹ്മദുബ്നു ഹമ്പൽ ആയിരുന്നു.

സുഊദീ കുടുംബം തൗഹീദിന്റെ സംസ്ഥാപനത്തിൽ മാത്രമല്ല കർമ്മ വിഷയങ്ങളിലും ശൈഖ് മുഹമ്മദ് ബ്നു അബ്ദുൽ വഹാബിനെ പിന്തുടർന്നു. ഈ കുടുംബമാണ് ശിർക്കിന്റെയും ബിദ്ത്തുകളുടെയും കോമരങ്ങളായ തുർക്കീ ശരീഫുമാരുടെ കരാളഹസ്തത്തിൽ നിന്നും മക്കയെയും

ഹറമിനെയും മോചിപ്പിച്ചത്. പട്ടാള നീക്കത്തിലൂടെ സുഊദീ കുടുംബം അറേബ്യയുടെ അധികാരം കൈവശപ്പെടുത്തി. ശിർക്കിന്റെ എല്ലാ ആചാരങ്ങളും ചിഹ്നങ്ങളും അംശങ്ങളും ഹറമിന്റെ പരിസരത്തു നിന്നും ക്രമേണ അറേബ്യയിൽ നിന്നും കർശനമായി തുടച്ചുമാറ്റി. തൗഹീദ് രാഷ്ട്രത്തിന്റെ മുഖമുദ്രയായി പ്രഖ്യാപിക്കപ്പെട്ടു. ശഹാദത്ത് കലിമ ആലേഖനം ചെയ്ത പതാക രാഷ്ട്രത്തിന്റെ കൊടിമരങ്ങളിൽ സദാ പാറിക്കളിച്ചു. മദ്ഹബിന്റെ വികൃതമായ ചേഷ്ടകൾ പലതും ഒഴിവാക്കപ്പെട്ടു. അതിൽ പ്രധാനമാണ് മസ്ജിദുൽ ഹറാമിൽ നിന്ന് നാലു മദ്ഹബിന്റെ മുസല്ലകൾ നീക്കം ചെയ്യപ്പെട്ടതും ഒരു ഇമാമിന്റെ കീഴിൽ ജമാഅത്ത് സ്ഥിരപ്പെടുത്തിയതും. പക്ഷെ, എന്തുകൊണ്ടോ തറാവീഹിന്റെ മദ്ഹബീ പാരമ്പര്യം അവർ നിലനിർത്തി. പക്ഷെ, സലഫീ പണ്ഡിതന്മാരുടെ ആവശ്യപ്രകാരം രാത്രി രണ്ടു മണിക്ക് ശേഷം തഹജ്ജുദിനു വേണ്ടിയുള്ള പ്രത്യേക ബാങ്കും (8+3) പതിനൊന്നു റക്അത്ത് നമസ്കാരവും ഹറമിൽ നിലവിൽ വന്നു. അതിന് പ്രത്യേക ഇമാമിനേയും നിശ്ചയിച്ചിട്ടുണ്ട്. സലഫീ ആദർശ നിഷ്ഠ പാലിക്കുന്നവർ ആ നമസ്കാരത്തിൽ എത്തി പങ്കുചേരും. ഹജ്ജ് കാലത്ത് ലക്ഷക്കണക്കിന് ആളുകൾ ഈ നമസ്കാരം നിർവ്വഹിക്കുന്നു.

തൗഹീദിന്റെ ഭദ്രതയിലും അതിന്റെ പ്രചാരണത്തിലും സുഊദീ കുടുംബം കാണിച്ചുവരുന്ന പാരമ്പര്യമായ ഔത്സുക്യവും ശ്രദ്ധയുമാണ് കേരളത്തിലെ സലഫീ പ്രസ്ഥാനത്തിന് അവരുമായുള്ള ആത്മബന്ധം. അതുകൊണ്ട് അവരെ തക്‌ലീദ് (അന്ധമായി അനുകരിക്കൽ) ചെയ്യുന്ന ഒരു സംഘമാണ് കേരളത്തിലെ മുജാഹിദുകൾ എന്ന് ആരും ധരിച്ചുപോകരുത്. മുഹമ്മദ്ബ്നു അബ്ദുൽ വഹാബ്ﷺ അവർകളെ നമ്മൾ സ്വീകരിക്കുന്നതും തൗഹീദിന്റെ മാതൃകാ യോഗ്യനായ തേരാളിയും ത്യാഗിയും എന്ന നിലക്കാണ്. മുജാഹിദുകൾ മുഹമ്മദ്ബ്നു അബ്ദുൽ വഹാബിന്റെ മുഖല്ലിദുകളല്ല. ഒരിക്കലും ആയിരുന്നിട്ടില്ല. ബ്രിട്ടീഷ് സാമ്രാജ്യവും തുർക്കികളും ചേർന്ന് അടിച്ചേൽപിച്ച ആക്ഷേപനാമമാണ് വഹാബികൾ എന്നത്. സലഫികൾ അത് ഒരിക്കലും സ്വയം സ്വീകരിച്ചതല്ല. നബിചര്യയിൽ നിന്നും ലഭിക്കുന്ന ഏറ്റവും ശുദ്ധമായ തെളിവാണ് ഈ കർമ്മത്തിന് ആധാരം.

അങ്ങനെ വാദപ്രതിവാദ സദസ്സ് മുകളിൽ പറഞ്ഞ നിലയിൽ അരങ്ങേറി. മൊയ്തീൻകുട്ടി മുസ്‌ലിയാർ തന്റെ വാദത്തിന് തെളിവായി മദ്ഹബ് കിതാബുകളിൽ നിന്നും പല ഉദ്ധരണികളും ഹാജരാക്കി. ആകപ്പാടെ അതിൽ തെളിഞ്ഞുവന്നത് ഉമർﷺന്റെ ഖിലാഫത്ത് കാലത്ത് ജനങ്ങൾ

ഇരുപത് റക്അത്ത് നമസ്കരിച്ചിരുന്നു എന്നാണ്. അത് ഉമർ ചെയ്തു വെന്നോ ചെയ്യാൻ കൽപിച്ചു നടപ്പിൽ വരുത്തിയെന്നോ സ്ഥാപിക്കാൻ ഉതകുന്ന ഒരു രേഖയും ഹാജരാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. ഒരു ഭരണാധികാരിയുടെ കാലത്ത് ജനങ്ങൾ ചെയ്യുന്നതൊക്കെ അദ്ദേഹം നടപ്പിൽ വരുത്തിയതാണെന്ന് പറയാൻ പാടില്ല.

പി.വി. മുഹമ്മദ് മൗലവി (പുളിക്കൽ) ആയിരുന്നു ഈ വാദപ്രതിവാദത്തിന്റെ അനൗൺസർ. അറബി, ഇംഗ്ലീഷ്, ഉർദു, മലയാളം തുടങ്ങിയ ഭാഷകളിൽ സാഹിത്യനിപുണനും അറബിക്കവിയുമായിരുന്ന പി.വി. മുഹമ്മദ് മൗലവി എന്റെ ഒരാത്മ സുഹൃത്തായിരുന്നു. ഇംഗ്ലീഷിലും ഉർദുവിലും പി.വി.ക്ക് ഉണ്ടായിരുന്ന കഴിവ് ആസ്വദിക്കാൻ എനിക്ക് കഴിഞ്ഞിട്ടില്ല. രണ്ടു ഭാഷകളും എനിക്ക് വശമില്ലാത്തതാണ്. എന്നാൽ അതറിയുന്നവർ പി.വിയുടെ കഴിവ് വർണിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. ഉയരം കുറഞ്ഞയാളാണ് പി.വി. അതുകൊണ്ട് ഒരു വീഞ്ഞപ്പെട്ടിയുടെ മുകളിൽ കയറി നിന്നാണ് അദ്ദേഹം വിളിച്ചുപറഞ്ഞിരുന്നത്. മുസ്‌ലിയാർ വിഷയ സംബന്ധമായി ഹാജരാക്കുന്ന ഓരോ രേഖകയെക്കുറിച്ചും വാദങ്ങളും ചർച്ചയും കഴിഞ്ഞശേഷം പി.വി. ഇപ്രകാരം ഉറക്കെ വിളിച്ചു പറയും: ഉമർﷺ തറാവീഹ് ഇരുപത് റക്അത്ത് നടപ്പിൽ വരുത്തിയെന്ന് വാദിച്ചു കൊണ്ട് സുന്നികളുടെ വക്താവ് കെ.പി.എ മൊയ്തീൻകുട്ടി മുസ്‌ലിയാർ മുന്നോട്ടുവെച്ച.............. എന്ന ഉദ്ധരണിയെക്കുറിച്ച് സലഫീ ഭാഗത്ത് നിന്നും എ. അലവി മൗലവി നിരത്തിയ ഇന്നയിന്ന അപര്യാപ്തതകൾ മുസ്‌ലിയാർ അംഗീകരിക്കുകയും അദ്ദേഹം കൊണ്ടുവന്ന രേഖ പിൻവലിക്കുകയും ചെയ്തിരിക്കുന്നു. ഒറ്റ വാചകത്തിൽ അന്നത്തെ ഏറ്റവും നല്ല ഭാഷയിലാണ് അനൗൺസ്മെന്റ് നടക്കുന്നത്.

സുന്നികൾ പരാജയപ്പെട്ടു. മാനക്കേടിലായി. ഉമർﷺ തറാവീഹ് ഇരുപത് റക്അത്ത് നടപ്പിൽ വരുത്തിയിട്ടില്ലെന്ന സലഫികളുടെ വാദം സുതരാം തെളിഞ്ഞു. യോഗം പിരിഞ്ഞു. ഈ പരാജയവാർത്ത ക്രമേണ മലബാറിലെ പ്രദേശങ്ങളിലേക്ക് പരന്നു. ഇന്നത്തെപ്പോലെ നിമിഷങ്ങൾ കൊണ്ട് ലോകമാകെ വാർത്തകൾ എത്തുന്ന സംവിധാനം അന്നില്ലല്ലോ.

ഈ വിവരങ്ങൾ അരീക്കോട് വെച്ചാണ് ഞാൻ അറിയുന്നത്. കെ.എം. മൗലവിയും ഞാനും മഞ്ചേരിയിൽ നിന്നും കാൽനടയായി അരീക്കോട് എത്തി. കാസശ്വാസത്തിന്റെ അസുഖത്തിൽ കഴിയുന്ന എൻ.വി. അബ്ദുസ്സലാം മൗലവിയെ കാണാനുള്ള യാത്രയായിരുന്നു അത്. കൂടാതെ കെ.സി. അബൂബക്കർ മൗലവിയുടെ നാടായ ഉഗ്രപുരത്ത് ഒരു മദ്റസ ആരംഭിക്കുന്നതിനെക്കുറിച്ചുള്ള ആലോചനാ യോഗവുമുണ്ട്. ഈ രണ്ട് മഹ

ത്തുക്കളേയും അന്നാണ് ഞാൻ ആദ്യമായി പരിചയപ്പെടുന്നത്. കെ.സി. അന്ന് തെറിക്കുന്ന യുവത്വത്തിലാണ്. ചിന്തോദ്ദീപകമായ ഫലിതങ്ങൾ പൊട്ടിക്കുന്നതിൽ അന്നുതന്നെ അദ്ദേഹത്തിന്റെ അതിസാമർത്ഥ്യം ഞാൻ അനുഭവിച്ചറിഞ്ഞു. തന്റെ നാട്ടുകാരുടെ അറിവില്ലായ്മയെ ഒരു ഫലിതമയമായ ഉദാഹരണത്തിലൂടെ കെ.സി. അവതരിപ്പിച്ചപ്പോൾ ആ സദസ്സ് ശരിക്കും ചരിച്ചാസ്വദിച്ചു. കേട്ടോളൂ. ഒരു ചാരുകസേരക്ക് തുണി യിടാൻ ഒരാളെ ഏൽപിച്ചു. അയാൾ വടി ആദ്യം തുണിയുടെ തുളയിൽ കയറ്റി. ശേഷം ചാരുകസേരയുടെ വിടവിൽ അത് ഉറപ്പിക്കാൻ തിരിച്ചും മറിച്ചും ശ്രമിക്കുന്ന ദയനീയമായ രംഗം കെ.സി. അവതരിപ്പിച്ചപ്പോൾ ആ രംഗം നിങ്ങൾക്ക് ഊഹിക്കാമല്ലോ. എന്നിട്ട് പറയുകയാണ്. എന്റെ നാട്ടിലെ ആളുകളുടെ അവസ്ഥ ഇതാണ്! ഈ കമ്മിറ്റി യോഗം നടന്നു കൊണ്ടിരിക്കുമ്പോൾ കൊടിയത്തൂർ വാദപ്രതിവാദം കഴിഞ്ഞു ആറു മൈൽ ദൂരം നടന്ന് എ. അലവി മൗലവി (എടവണ്ണ) അവിടെ വന്നു. അദ്ദേഹത്തിൽ നിന്നാണ് ഞങ്ങൾ വിവരങ്ങൾ അറിഞ്ഞത്.

പി.വി. മുഹമ്മദ് മൗലവി അകാലത്തിൽ ഞങ്ങളെ വിട്ടുപിരിഞ്ഞു. ആദ്യം ദുൻയാവിൽ തന്നെ. പിന്നീട് ദുൻയാവിൽ നിന്നും. ഇന്ത്യാ വിഭജ ന കാലത്ത് അദ്ദേഹം പാക്കിസ്ഥാനിലേക്ക് പോയി. പ്രിയപ്പെട്ടവരെയും പ്രിയപ്പെട്ട പ്രസ്ഥാനത്തേയും വിട്ട് അങ്ങനെ പോകാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച ചേതോവികാരം എന്തെന്ന് ഞങ്ങൾക്കറിയില്ലായിരുന്നു. പാ ക്കിസ്ഥാനിലേക്കുള്ള യാത്രാമധ്യേ അദ്ദേഹം തീവണ്ടിയിലിരുന്ന് തന്റെ വേർപാടിന്റെ ദുഃഖം ചാലിച്ചെഴുതിയ ഒരു അറബി കവിത ഞങ്ങൾക്ക് അയച്ചുതന്നു. അത് വായിച്ച് ഞാനും കെ.കെ.എം. ജമാലുദ്ദീൻ മൗലവി യും പി.വി.യുടെ എളാപ്പ ഉബൈദുല്ല മൗലവിയും പൊട്ടിക്കരഞ്ഞു. അ ത്രയും ഹൃദയഭേദകമായിരുന്നു ആ കവിത! (ആ കവിത വളരെ പ്രസിദ്ധ മായിത്തീരുകയും പിൽക്കാലത്ത് സ്കൂൾ പാഠപുസ്തകത്തിൽ അതുൾ പ്പെടുത്തുകയും ചെയ്തതായറിഞ്ഞു.)



## 19

# പൂനൂർ വാദപ്രതിവാദം

കൊടിയത്തൂർ വാദപ്രിതിവാദത്തിന് മുമ്പാണ് ഈ സംഭവം. യാതൊ രു മുൻകൈയും എടുക്കാതെ തന്നെ എല്ലാ കാലത്തും സലഫികൾ വാദ പ്രതിവാദരംഗത്തേക്ക് വലിച്ചിഴക്കപ്പെടുകയായിരുന്നു. നിരന്തരമായ

വെല്ലുവിളികളും ആക്ഷേപങ്ങളും കേട്ടില്ലെന്ന് നടിക്കുമ്പോൾ ജനങ്ങൾക്ക് നമ്മുടെ മേൽ ഒരു മതിപ്പില്ലായ്മക്ക് കാരണമാകും. തെളിവുകളുടെ പിൻബലമില്ലാത്തതുകൊണ്ടാണ് വെല്ലുവിളി സ്വീകരിക്കാൻ മടിക്കുന്നതെന്ന് മറുഭാഗം പ്രചരിപ്പിക്കുകയും ചെയ്യും. അപ്പോൾ നമ്മുടെ വാദഗതികൾ ജനമദ്ധ്യേ തെളിയിക്കാൻ നിർബന്ധിതമാകും. വാക്സാമർത്ഥ്യം ഇതിന്റെ മുഖ്യ ഘടകമാണ്. എതിരാളികളുടെ കുതന്ത്രങ്ങൾ മുമ്പേകണ്ട് അതിനെതിരിൽ അസ്ത്രങ്ങൾ പായിക്കാനുള്ള വൈഭവവും അവശ്യമത്രെ! ഈ നിലയിൽ അരങ്ങൊരുങ്ങിയതാണ് പൂനൂർ വാദപ്രതിവാദവും.

സുന്നികളുടെ പണ്ഡിതവ്യൂഹം തന്നെ എതിർവശത്ത് അണിചേർന്നിട്ടുണ്ട്. കറ്റാനം പതി അബ്ദുൽഖാദിർ മുസ്‌ലിയാരും പറവണ്ണ മൊയ്തീൻകുട്ടി മുസ്‌ലിയാരും അവർക്കു നേതൃത്വം നൽകുന്നവരാണ്. ഇരുവരെക്കുറിച്ചും നേരത്തെ പരിചയപ്പെടുത്തിയിട്ടുണ്ടല്ലോ. മുജാഹിദ് പക്ഷത്ത് നിന്നും എം.സി.സി. അബ്ദുറഹ്മാൻ മൗലവിയുടെ കുശാഗ്ര നേതൃത്വത്തിൽ പ്രഗത്ഭനായ എടവണ്ണ എ. അലവി മൗലവിയും. രണ്ടുപക്ഷത്തും പ്രധാനികളായ ഒട്ടേറെ പണ്ഡിതന്മാർ വേറെയും ഉണ്ടായിരുന്നു. രണ്ടു മാളികയുടെ മുകൾതട്ടിലായി ഇവർ വേറെ സംഘടിച്ചു. അടുത്തടുത്ത കെട്ടിടങ്ങൾ. താഴെ നാനാ പ്രദേശങ്ങളിൽ നിന്നും അത്യാവേശത്തോടെ വന്നെത്തിയ സുന്നികളുടെ പുരുഷാരം! മുജാഹിദുകൾ അന്നു വളരെ ദുർലഭമാണല്ലോ. എങ്കിലും എത്താവുന്നവരൊക്കെ എത്തിയിട്ടുണ്ട്.

രാത്രി 9 മണിക്കാണ് രംഗം തുടങ്ങിയത്. മൈക്ക് ഓൺ ചെയ്തുകൊണ്ട് യാതൊരു മുന്നറിയിപ്പും ആമുഖ പ്രസംഗവുമൊന്നുമില്ലാതെ അലവി മൗലവി പെട്ടെന്ന് ചോദ്യം എടുത്തിട്ടു. “മുഹ്‌യിദ്ദീൻ ശൈഖേ രക്ഷിക്കണേ, ബദ്‌രീങ്ങളേ കാക്കണേ എന്നിതുപോലെ മരിച്ചുപോയ മഹാത്മാക്കളെ വിളിച്ചു തേടുകയെന്ന ഇസ്തിഗാസ അനുവദനീയമാണെന്നതിന് ഖുർആനിൽ വല്ല രേഖയുമുണ്ടോ?” ഉടനെ മറുഭാഗത്ത് മുസ്‌ലിയാക്കളുടെ ശബ്ദം ഉയർന്നു. പക്ഷെ, ചോദ്യത്തിനുള്ള മറുപടിയല്ല. ചോദ്യം ഉന്നയിച്ചതിനെ ചോദ്യം ചെയ്യുകയാണ്! ആര് പറഞ്ഞു നിങ്ങളോട് ചോദ്യം ചോദിക്കാൻ? നിങ്ങൾക്കതിന് എന്തധികാരം? ആദ്യം മുജാഹിദ് ഭാഗത്ത് നിന്നും ചോദ്യം എടുത്തെറിഞ്ഞതിലുള്ള രോഷപ്രകടനം, തടസ്സവാദങ്ങളുടെ ഘോരശബ്ദം. പതിയാണ് പതഞ്ഞുപൊങ്ങിയത്. പതിയുടെ ശബ്ദം അടങ്ങിയതോടെ അലവി മൗലവി തന്റെ ചോദ്യം ആവർത്തിക്കുക മാത്രമാണ് ചെയ്തത്. പതിയുടെ ന്യായവാദങ്ങളോ തടസ്സരോഷങ്ങളോ കേട്ടില്ലെന്ന് നടിച്ചുകൊണ്ടുള്ള അലവി മൗലവിയുടെ ചോദ്യാ

വർത്തനം അവരുടെ ഈർഷ്യത ഇരട്ടിപ്പിച്ചു. അലവി മൗലവിയുടെ പ്രൗഢഗംഭീരമായ ശബ്ദം ഇതിനു മാറ്റ് വർദ്ധിപ്പിക്കുകയായിരുന്നു. വീണ്ടും പതിയുടെ അട്ടഹാസം തന്നെ. ചോദ്യം ചോദിച്ചതിനെ ചോദ്യം ചെയ്യുന്ന ഒരു ഘോര പ്രസംഗം! അതിനൊന്നും ഒരു പ്രതികരണവും പ്രകടിപ്പിക്കാതെ അലവി മൗലവി തന്റെ ചോദ്യം ആവർത്തിച്ചുകൊണ്ടിരുന്നു. എം.സി.സി.യുടെ വിദഗ്ധമായ തന്ത്രങ്ങളിൽ ഒന്നായിരുന്നു അത്. മറുഭാഗത്ത് ദേഷ്യം ഇരട്ടിക്കുകയാണ്. വീണ്ടും പഴയപടി ചോദ്യം തന്നെ. എതിർഭാഗത്തു നിന്നും അസംബന്ധങ്ങളുടെ ശക്തി ഏറിയേറി വരുന്നു. മുജാഹിദുകക്ഷി ചോദ്യം ആവർത്തിക്കുകയല്ലാതെ ഒരക്ഷരം പോലും വേറെ ഉരിയാടുന്നില്ല. മുസ്‌ലിയാക്കൾ കുഴങ്ങി. ബേജാറായി! അലവി മൗലവിയുടെ അക്ഷരസ്ഫുടതയും ആവർത്തനബാഹുല്യവും മൂലം ചോദ്യത്തിലെ കഴമ്പ് ശ്രോതാക്കളുടെ മനസ്സിൽ വേരുറക്കുകയാണ്! അതിലെ ആശയം ആഴ്ന്നിറങ്ങുകയാണ്. മറുപടി മറുഭാഗത്ത് നിന്നും വരുന്നുമില്ല. എന്തെല്ലാം പ്രകോപനപരമായ വാക്കുകൾ പ്രയോഗിച്ചിട്ടും ഹാലിളകി ആർത്തട്ടഹസിച്ചിട്ടും ശാന്തമായി ചോദ്യം ആവർത്തിച്ചുകൊണ്ടിരിക്കുന്ന മുജാഹിദു പണ്ഡിതന്മാരുടെ ന്യായയുക്തവും തന്ത്രപരവുമായ നീക്കത്തിനു മുന്നിൽ സുന്നീ മുസ്‌ലിയാക്കൾ പരവശരാകുകയായിരുന്നു.

സമയം നീങ്ങി. അർദ്ധരാത്രിയും പിന്നിട്ടു. ചോദ്യം നിരന്തരം ഉയർന്നു കേൾക്കുകയാണ്. ജനം ആകാംക്ഷാഭരിതരായി താഴെ തടിച്ചുകൂടി നിൽക്കുന്നു. സമയം പിന്നെയും നീങ്ങി. പുലർച്ച രണ്ടര മണിയിലെത്തി. ജനങ്ങൾ അക്ഷമരായിരിക്കുന്നു. പക്ഷെ, മഹാ ഭൂരിപക്ഷം സുന്നികളായതിനാൽ തങ്ങളുടെ ചോദ്യം ചെയ്യപ്പെടാത്ത നേതാക്കൾ മുജാഹിദുകളുടെ ചോദ്യത്തിന്റെ കുരുക്കിൽ വീണ ദയനീയതയിൽ പരിതപിച്ചുകൊണ്ട് നിശബ്ദരായി തലതാഴ്ത്തുകയാണ്. രണ്ടര മണിയായിട്ടും ചോദ്യത്തിന് യാതൊരു മറുപടിയും നൽകാതെ അനാവശ്യം മാത്രം പറയുന്നതിലുള്ള അനൗചിത്യവും പരാജയബോധവും അവരെ ഒട്ടൊന്നുമല്ല പരിഭ്രാന്തരാക്കിയത്.

മുസ്‌ലിയാക്കൾ കൂടിയാലോചിച്ചു. രക്ഷപ്പെടണമെങ്കിൽ ഈ അസംബന്ധങ്ങളുടെ അട്ടഹാസം നിർത്തിവെച്ച് എന്തെങ്കിലും മറുപടി പറഞ്ഞേ പറ്റൂ. അങ്ങനെ രണ്ടരക്ക് ശേഷം ഒരു മറുപടി വന്നു. “വിരോധിച്ചതായി ഖുർആനിൽ തെളിവില്ലാത്തതിനാൽ അനുവദിച്ചതായി മനസ്സിലാക്കണം.” ഒട്ടും വൈകാതെ അലവി മൗലവിയിൽ നിന്നും അതിന് പ്രതികരണമുണ്ടായി. വിരോധിച്ചതായി ധാരാളം തെളിവുകൾ ഖുർആനിൽ ഉണ്ട്. ഉദാഹരണത്തിന് അഞ്ചു ആയത്തുകൾ കേൾപ്പിക്കാം എന്ന് പറ

ഞ്ഞുകൊണ്ട് ഒരായത്ത് ഓതി അത് വിശദീകരിക്കാൻ തുടങ്ങി. മുസ്‌ലി യാക്കൾ, വീണിതല്ലോ കിടക്കുന്നു ധരണിയിൽ, എന്ന അവസ്ഥയിലായി. ഇനി പരിപാടി കലക്കിപ്പിരിയലല്ലാതെ രക്ഷാമാർഗമില്ലെന്ന് അവർക്ക് ബോധ്യമായി. ഏതുകാലത്തും അവരുടെ രക്ഷാമാർഗം ഈ കലക്കൽ തന്നെയാണ്. ഇവിടെ പ്രസംഗം അനുവദിക്കുകയില്ല എന്നാക്രോശിച്ചു കൊണ്ട് പതി മുസ്‌ലിയാർ ബഹളമുണ്ടാക്കി. അതേറ്റെടുക്കാൻ അനുയാ യികളെ പ്രേരിപ്പിക്കുകയും ചെയ്തു.

ഇതേ തന്ത്രമാണല്ലോ കാന്തപുരം മുസ്‌ലിയാർ കൊട്ടപ്പുറത്ത് ആവർ ത്തിച്ചതും. ചെറിയമുണ്ടം അബ്ദുൽ ഹമീദ് മൗലവിയുടെ ചോദ്യത്തിനു മുമ്പിൽ കാന്തപുരം വിരണ്ടപ്പോൾ അപകടം! അപകടം!! എന്ന് ആക്രോ ശിച്ചുകൊണ്ട് ജനത്തിനു നേരെ വിരലുകളുയർത്തി അവരെ ഇളക്കിവിട്ടു. പരിപാടി കലക്കി. കൊട്ടപ്പുറത്ത് മുജാഹിദുകൾ തോറ്റോടി എന്ന് നാടു നീളെ പ്രചരിപ്പിക്കുകയും ചെയ്തു. പൂനൂരിൽ പതിയും പാർട്ടിയും രക്ഷ പ്പെടുകയായിരുന്നു. അനിയന്ത്രിതമായ ബഹളത്തിൽ പരിപാടി കലങ്ങി. പക്ഷെ, മുജാഹിദുകൾ തോറ്റോടി എന്ന് കാന്തപുരം പാർട്ടി വീമ്പിളക്കി യതുപോലെ നുണ പ്രചാരണം കെട്ടഴിക്കാൻ എന്തുകൊണ്ടോ അവർക്ക് കഴിഞ്ഞില്ല. മനഃസാക്ഷിക്കുത്ത് കൊണ്ടായിരിക്കാം. ആ ഒരു സാധനം പഴയ മുസ്‌ലിയാക്കൾക്ക് ലേശമെങ്കിലും പ്രകടമായിരുന്നു. ഇന്നത്തെ ശംസുൽ ഉലമാ ഫൈസികളേക്കാളും കാന്തപുരം സഖാഫികളേക്കാളും മെച്ചമായിരുന്നു അവർ എന്ന് ചിലപ്പോൾ തോന്നാറുണ്ട്.

സുബ്ഹിന്റെ ബാങ്കിനുള്ള സമയമടുത്തു. പരാജയത്തിൽ നിന്നുണ്ടാ യ ലജ്ജയുടെ അസഹ്യഭാരത്താൽ തലകുനിച്ചുകൊണ്ട് വന്ന വണ്ടിക ളിലും കാൽനടയായും സുന്നികളുടെ വൻ കൂട്ടം സംഘങ്ങളായി പിരി ഞ്ഞുപോയി. മുസ്‌ലിയാക്കൾ മാളിക മുകളിൽ നിന്നും മുറികളിലേക്ക് ഉൾവലിയുകയും ചെയ്തു. കൂർത്ത ശരംപോലെ അഞ്ചര മണിക്കൂർ നീ ണ്ടുനിന്ന ചോദ്യം മുസ്‌ലിയാക്കളുടെ നെഞ്ചകവും ഉദരങ്ങളും തകർ ത്തുകൊണ്ടാണ് പര്യവസാനിച്ചത്. സത്യാന്വേഷികൾക്കും നിഷ്പക്ഷമ തികൾക്കും ബോധം തെളിയാൻ സഹായകമായി ഭവിച്ച ഈ വാദപ്രതി വാദം മുജാഹിദ് പ്രസ്ഥാനത്തിന്റെ വളർച്ചക്ക് ഒട്ടൊന്നുമല്ല തുണച്ചത്.

അടുത്ത ദിവസം ഞാൻ ഒരു നോട്ടീസ് പ്രസിദ്ധീകരിച്ചു. പ്രതികര ണം പിന്നത്തേക്ക് വെക്കാൻ എന്റെ മനസ്സ് കൂട്ടാക്കുകയില്ല. നോട്ടീസി ന്റെ ഉള്ളടക്കം ഇതായിരുന്നു. മുസ്‌ലിയാക്കൾ കൂട്ടായിതന്നെ വലിയ വമ്പ് നടിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ള റദ്ദുൽ വഹാബിയ്യ എന്ന ഗ്രന്ഥത്തിൽ ഈ ചോദ്യത്തിനുള്ള മറുപടി ഉണ്ടല്ലോ. “വബ്തഗൂ ഇലൈഹിൽ വസീ

ലത" എന്നു തുടങ്ങുന്ന ഖുർആൻ ആയത്തുകളിൽ വസീലത്ത് എന്നതിന് ഇടയാളൻ എന്ന് അർത്ഥം നൽകുകയും മരിച്ചുപോയ മഹാത്മാക്കളെ വിളിച്ചു തേടുന്നതിന് ഈ ആയത്ത് മുന്തിയ തെളിവായി ഉയർത്തിക്കാട്ടുകയും ചെയ്തിട്ടുണ്ടല്ലോ. എന്തുകൊണ്ട് ഈ ആയത്തുകൾ വാദപ്രതിവാദ സ്റ്റേജിൽ ഉന്നയിച്ചില്ല? ഇത്തരം പണ്ഡിതവേദികളിൽ ഉയർത്തിക്കാട്ടുവാൻ കൊള്ളുന്നവയല്ല ഈ കൃത്രിമ തെളിവുകൾ എന്ന് മുസ്‌ലിയാക്കൾക്ക് ബോധ്യമുള്ളതുകൊണ്ട് തന്നെ. നോട്ടീസ് വിതരണം നടത്തി. മറുപടിയില്ല. നിശബ്ദം. മുസ്‌ലിയാക്കളുടെ കാര്യം പോക്ക് തന്നെ.

ഓർമകളുടെ തീരത്ത്

## 20

# കോഴിക്കോട് പട്ടാളപ്പള്ളി

ബ്രിട്ടീഷ്കാരാണ് ഈ പള്ളി നിർമ്മിച്ചത്. കോഴിക്കോട് ക്യാമ്പടിച്ചിരുന്ന പഞ്ചാബി മുസ്‌ലിംകളായ പട്ടാളക്കാർക്ക് വേണ്ടിയായിരുന്നു ഈ പള്ളി. അവർ ഹനഫീ മദ്ഹബ്കാരായിരുന്നു. കാലക്രമേണ പള്ളി ഒരു ഹനഫീ കുടുംബത്തിന്റെ കൈകാര്യകർതൃത്വത്തിലായി. പള്ളിക്ക് സ്ഥലം മതിയാകാതെ വന്നപ്പോൾ കോഴിക്കോട്ടെ ഒരു വ്യവസായ പ്രമുഖനായ കൊയപ്പത്തൊടി മുഹമ്മദ്കുട്ടി ഹാജി (വാഴക്കാട്) പള്ളി വിപുലീകരിച്ചു.

1940കളുടെ ആരംഭം. പട്ടാളപ്പള്ളിയിലെ ഖത്വീബ് ഒരു മൊയ്തീൻ മുസ്‌ലിയാർ ആയിരുന്നു. ഡൽഹിയിൽ നിന്നും കോഴിക്കോട് വന്ന് താമസമാക്കിയ ഒരു പട്ടാണി കുടുംബത്തിലെ പിന്തുടർച്ചക്കാരനായിരുന്നു അദ്ദേഹം. പാരമ്പര്യപ്രകാരം അദ്ദേഹം തന്നെ പള്ളിയുടെ മുതവല്ലിയുമായി. പട്ടാളപ്പള്ളിയുടെ അവസാനത്തെ മുതവല്ലിയാണ് മൊയ്തീൻ മുസ്‌ലിയാർ. തൗഹീദ് മനസ്സിലാക്കിയ നല്ല മുവഹ്ഹിദും സൽസ്വഭാവിയുമായിരുന്നു അദ്ദേഹം. കെ.എം. മൗലവി, എം.സി.സി, പി.കെ. മൂസ മൗലവി തുടങ്ങിയ മഹാപണ്ഡിതന്മാരിൽ നിന്നും ഖുത്ബകൾ അദ്ദേഹം എഴുതിവാങ്ങും. അത് പഠിച്ച് മിമ്പറിൽ പ്രസംഗിക്കും. സ്ഥാനമോഹത്തിൽ നിന്നും മുക്തമായ നല്ല മനസ്സിന്റെ ഉടമയായിരുന്നു മൊയ്തീൻ മുസ്‌ലിയാർ. തന്നിൽ നിലനിന്നിരുന്ന മുതവല്ലിയുടെ പാരമ്പര്യാവകാശം അദ്ദേഹം പ്രഗത്ഭരായ വ്യക്തികളടങ്ങുന്ന ഒരു കമ്മിറ്റിക്ക് കൈമാറി. തൗഹീദിന്റെ പ്രചാരണവും പള്ളിയുടെ അഭിവൃദ്ധിയും ലാക്കാക്കി മാത്രമാണ് ആ നല്ല മനുഷ്യൻ നിസ്വാർത്ഥമായ ഈ പുണ്യകർമത്തിന് തയ്യാറാ

യത്. കുറച്ചുകാലം അദ്ദേഹം തന്നെ ഖത്വീബായി തുടർന്നു.

തമിഴ്നാട്ടിൽ നിന്നും വന്ന് കോഴിക്കോട് ഒരു കമ്പനി നടത്തിയിരുന്ന ഒരു അഹ്ലെ ഹദീസ്കാരനായിരുന്നു ആദ്യത്തെ പ്രസിഡണ്ട്. പേര് ഞാൻ ഇപ്പോൾ ഓർക്കുന്നില്ല. സെക്രട്ടറി വെള്ളയിൽ പി.എസ്. മമ്മുസാഹിബായിരുന്നു എന്നോർമ്മയുണ്ട്. ശേഷം കുടക്കാരൻ എന്നറിയപ്പെടുന്ന ബാവാ ഹാജി സെക്രട്ടറിയായിരുന്നു.

പുതിയ കമ്മിറ്റിക്ക് ഒരാഗ്രഹം. എഴുതിവായിക്കുന്ന സമ്പ്രദായത്തിൽ നിന്നും ഖുത്ബക്ക് ഒരു മാറ്റം വേണം. സദസ്യരുടെ മുഖത്ത് നോക്കി സ്വതന്ത്രമായി പ്രസംഗിക്കണം. അതിന്റെ ഗുണം വളരെ വലുതാണെന്ന് ദീർഘദൃക്കുകളായ കമ്മിറ്റിക്കാർക്ക് ബോധ്യമായി. സ്ഥിരം ഖത്വീബ് മൊയ്തീൻ മുസ്ലിയാരുമായി അവർ സംസാരിച്ചപ്പോൾ ആ നല്ല മനുഷ്യൻ സന്തോഷത്തോടെ അത് അംഗീകരിച്ചു. പക്ഷെ, അദ്ദേഹത്തിന് അത് കഴിയില്ല. നിങ്ങൾ തരപ്പെട്ട ഒരാളെ കൊണ്ടുവന്നോളൂ. ഞാൻ ഒഴിയാം. ഗുണവർദ്ധനകളുടെ പരമ്പരകൾക്ക് കാരണമായ മൊയ്തീൻ മുസ്ലിയാരുടെ ആത്മാർത്ഥമായ ഈ സമ്മതം അല്ലാഹുവിന്റെ സന്നിധാനത്തിൽ വളരെ വിലമതിക്കുന്നതാകാൻ തീർച്ചയായും വകയുണ്ട്. ഇത്തരം നന്മയുള്ള മനസ്സുകൾ നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ദോഷം ധാരാളമായി കണ്ടുവരികയും ചെയ്യുന്നു.

അന്ന് മലബാറിൽ വിരലിൽ ഒതുങ്ങാൻ മാത്രം സ്ഥലങ്ങളിലേ ഇത്തരം ഖുത്ബകൾ നിലവിലുള്ളൂ. മുമ്പ് എല്ലാ പള്ളികളിലും എഴുതിവായിക്കുകയോ പറയുകയോ ചെയ്യുന്ന സമ്പ്രദായം നിലനിന്നിരുന്നു. 1930ൽ സമസ്ത കേരള ജംഇയ്യത്തുൽ ഉലമ പാസ്സാക്കിയ ഒരു പ്രമേയത്തിലൂടെ അറബി അല്ലാത്ത ഭാഷയിലുള്ള ഖുത്ബ നിർത്തൽ ചെയ്തു. നന്മ തടയലാണല്ലോ എക്കാലത്തും മുസ്ലിയാക്കൾ സ്വീകരിച്ചുപോന്ന നയം. രണ്ടു ദോഷങ്ങളും കുറവുകളുമാണ് അവരെ ഇതിന് പ്രേരിപ്പിച്ചത്. ഒന്ന് ജനങ്ങൾ മതപരമായി വല്ലതും മനസ്സിലാക്കിയേക്കുമെന്ന ഭയം. തങ്ങളുടെ പൗരോഹിത്യത്തിന്റെ ആധിപത്യം നഷ്ടപ്പെടാൻ അത് കാരണമാകും. ഇനി വലിയ മുസ്ലിയാക്കൾ നോക്കി അംഗീകരിച്ചുകൊടുക്കാമെന്ന് വെച്ചാൽ തന്നെ മലയാളം വായിക്കാൻ അറിയാത്തവരാണ് ഭൂരിപക്ഷം ഖത്വീബുമാരും. അങ്ങനെ ആ സമ്പ്രദായം പൂർണ്ണമായി ഇല്ലാതായി.

സലഫികൾ വീണ്ടും ഇത് പുനഃസ്ഥാപിക്കാനുള്ള ശ്രമത്തിലായിരുന്നു. തങ്ങൾക്ക് സ്വാധീനമുള്ള പള്ളികളിൽ ഇത് നടപ്പിലാക്കാൻ തുടങ്ങി. തിരൂരങ്ങാടി, പുളിക്കൽ, എടവണ്ണ, ഒതായി തുടങ്ങിയ ചുരുക്കം സ്ഥലങ്ങളിൽ മലയാളത്തിൽ ഖുത്ബ നടക്കുന്നുണ്ടായിരുന്നു. പട്ടാളപ്പ

ള്ളി കമ്മിറ്റിക്കാർ അന്വേഷണം തുടങ്ങി. അപ്പോൾ അവർക്ക് ഒരു വിവരം കിട്ടി. കെ.എം. മൗലവിയുടെ ശിക്ഷണത്തിൽ പഠിച്ച് ഖുത്‌ബ ശീലിച്ച് നടത്തിപ്പോരുന്ന ഒരു ചെറുപ്പക്കാരനുണ്ട്. വിനീതനായ എന്നെക്കുറിച്ചാണ് അവർ കേട്ടറിഞ്ഞത്. അവർ കെ.എം. മൗലവിയെ സമീപിച്ചു. അങ്ങനെ ഈയുള്ളവൻ ഖത്വീബായി നിയോഗിക്കപ്പെട്ടു. 1944ൽ ഒരു ശഅ്ബാൻ മാസത്തിലാണ് ഞാൻ ചാർജെടുത്തത്.

എന്റെ ആദർശ വീഥിയിലെ വളരെ പ്രധാനപ്പെട്ട ഒരു സംഭവമാണിത്. മലബാറിലെ സുപ്രധാന വ്യാപാര കേന്ദ്രമായിരുന്നു കോഴിക്കോട്. ഇന്നും അങ്ങനെ തന്നെ. നിരവധി പ്രമുഖന്മാരുടെ വാസകേന്ദ്രം. പാരമ്പര്യ തറവാട്ടുകാരും സാമൂഹിക- സാംസ്കാരിക രാഷ്ട്രീയ വേദികളിൽ പ്രധാനികളായി നാട്ടിൽ അറിയപ്പെടുന്നവരുടെ ഒരു കൂട്ടംതന്നെ അന്നുമിന്നും കോഴിക്കോടുണ്ട്. മഹാന്മാരായ മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിന്റെയും ഇ. മൊയ്തു മൗലവിയുടെയും പ്രവർത്തനകേന്ദ്രം എന്ന ഒറ്റ കാരണത്താൽ കോഴിക്കോട് കേരളത്തിന്റെ ശ്രദ്ധാകേന്ദ്രമായി നിൽക്കുന്നു. വ്യാപാര പട്ടണമെന്ന നിലയിൽ നിത്യേന അയൽ പ്രദേശങ്ങളിൽ നിന്നും ധാരാളം ആളുകൾ വന്നും പോയും സജീവാവസ്ഥയിൽ നിൽക്കുന്ന ഒരു നാട് മലബാറിൽ വേറെയില്ല. അങ്ങനെയുള്ള ഒരു നഗരത്തിൽ പ്രമുഖരായ വ്യക്തികളുടെ മേൽനോട്ടത്തിൽ ഒരു പ്രധാന പോയിന്റിൽ നിലകൊള്ളുന്ന പള്ളിയിൽ മലയാളത്തിൽ ഖുത്‌ബ നടത്തുവാൻ നിയോഗിക്കപ്പെട്ട എനിക്ക് സ്വാഭാവികമായും ഉണ്ടാകാൻ ഇടയുള്ള മുഴുവൻ ഗുണങ്ങളും ലഭിച്ചു. അല്ലാഹുവിന്റെ പ്രത്യേകമായ ഒരനുഗ്രഹവും ഔദാര്യവുമായിരുന്നു ഈ നിയോഗം. ഞാൻ ഊഹിച്ചിട്ടില്ല. ഉദ്ദേശിച്ചിട്ടില്ല. ആഗ്രഹിക്കാൻ ഒരർഹതയുമില്ലതാനും. എന്നിട്ടും എന്റെ രക്ഷിതാവ് എനിക്ക് തികഞ്ഞ ഔദാര്യമായി ഈ അവസരം നൽകി. അല്ലാഹുവിന് സ്തുതി!

ഞാൻ നല്ല തെറിക്കുന്ന പ്രായം. വിവാഹം കഴിഞ്ഞു രണ്ടു വർഷം മാത്രം. ഒരു കുട്ടിയുണ്ട്. മലയാള ഖുത്‌ബ ആരംഭിച്ചതോടെ വാർത്ത അയൽപ്രദേശങ്ങളിലേക്ക് പരന്നു. ഇസ്‌ലാഹീ ബന്ധുക്കൾക്ക് ആവേശം. വ്യാപാരാർത്ഥം കോഴിക്കോട് വരുന്നവർ യാത്ര വെള്ളിയാഴ്ചത്തേക്ക് മാറ്റി. ഒരു വെടിക്ക് രണ്ടു പക്ഷി എന്ന് പറയുംപോലെ. വ്യാപാര കാര്യങ്ങൾക്കൊപ്പം ജുമുഅയിൽ പങ്കെടുത്ത് ഖുത്‌ബയും കേൾക്കാം. അങ്ങനെ പട്ടാളപ്പള്ളിയുടെ പ്രശസ്തി പരന്നു. ഒപ്പം വിനീതനായ എന്റെ പേരും. എനിക്ക് ലഭിച്ച അപൂർവ്വമായ ഭാഗ്യം!

റമളാൻ വന്നു. എന്റെ നിയമന പ്രശ്നത്തിൽ ഒരു ഉപാധി ഉണ്ടായി

രുന്നു. അത് പറയാൻ വിട്ടുപോയി. ഒരു ദിവസം കെ.എം. മൗലവി കോഴിക്കോട് പോയി മടങ്ങിവന്നപ്പോൾ അദ്ദേഹത്തോടൊപ്പം പട്ടാളപ്പള്ളി സെക്രട്ടറി വെള്ളയിൽ പി.എസ് മമ്മുഹാജിയുമുണ്ടായിരുന്നു. റമളാന് മുമ്പ് രണ്ട് വെള്ളിയാഴ്ചയുണ്ട്. ഖുത്ബ നടത്തി എനിക്ക് മടങ്ങാം. റമളാനിൽ മുഴുവനായി അവിടെ തന്നെ നിൽക്കണം. ഇത്രമാത്രമേ ആദ്യം പറഞ്ഞുള്ളൂ. എന്നെക്കുറിച്ച് ഒരഭിപ്രായ രൂപീകരണത്തിനുള്ള തന്ത്രമായി അത് തോന്നി. എനിക്കും അത് നന്നായി തോന്നി. എനിക്ക് അവരേയും ഒന്ന് പഠിക്കാൻ അതൊരവസരമാണല്ലോ.

റമളാൻ വന്നതോടെ പള്ളിയിൽ ആളുകൾ വർദ്ധിച്ചു. തറാവീഹിനും സുബ്ഹിക്കും ധാരാളം ആളുകൾ. ഖുത്ബയും മറ്റു പഠന ക്ലാസുകളുമായി പള്ളി ഏറെ സജീവമായി. ഞാൻ അന്ന് താമസം തിരൂരങ്ങാടിയിലാണ്. പോയി വരികയാണ്. ഒരു കൊച്ചു വീട് വേണമെന്ന് മോഹം ഉള്ളിലൊതുക്കി കഴിയുന്നു. എപ്പോൾ എങ്ങനെ നടക്കും എന്നൊന്നും അറിഞ്ഞുകൂടാ. അങ്ങനെയിരിക്കെ കമ്മിറ്റിക്കാർ റമളാനിൽ എനിക്ക് 250 രൂപ പാരിതോഷികമായി തന്നു. അന്ന് അതൊരു വലിയ സംഖ്യയാണ്. ഗ്രാമപ്രദേശത്ത് ഒരു കൊച്ചു വീടും പത്തിരുപത് സെന്റ് സ്ഥലവും വാങ്ങാൻ ആ സംഖ്യകൊണ്ട് കഴിയും. എന്റെ മനസ്സിലെ മോഹം മൊട്ടിട്ടു. ഒരു കൂട്ടുകാരനായ ലബ്ബാസാഹിബിനോട് ആ മോഹം തുറന്നുകാട്ടി. അപ്പോൾ അദ്ദേഹം എന്നെയും കൂട്ടി തിരൂർക്കാട് വന്നു. ഇപ്പോൾ ഞാൻ താമസിക്കുന്ന സ്ഥലം കാണിച്ചു. അതിൽ ഒരു കൊച്ചു മൺപുരയുമുണ്ട്. അങ്ങോട്ട് ആകർഷിക്കപ്പെടാൻ ഒരു കാരണവുമുണ്ടായിരുന്നു. എന്റെ ഭാര്യയുടെ അമ്മാവന്മാർ അവിടെയാണ് താമസം. ഒരു അമ്മാവനായ കുഞ്ഞു മുഹമ്മദ് കാക്കയും സുന്നീ പ്രമുഖനായ കാടേരി മുഹമ്മദ് മുസ്‌ലിയാരും ചേർന്ന് അവിടെ ഒരു മദ്റസ സ്ഥാപിച്ചിരുന്നു. കാടേരി മുസ്‌ലിയാർ ആദ്യകാലത്ത് ജംഇയ്യത്തുൽ ഉലമാ വർക്കിംങ് കമ്മിറ്റി അംഗമായിരുന്നു. പിന്നീട് ഒരു വിഭാഗം മുസ്‌ലിയാക്കൾ അതിൽ നിന്നും പിരിഞ്ഞു 'സമസ്ത' ഉണ്ടാക്കിയപ്പോൾ ഇദ്ദേഹവും ആ കൂട്ടത്തിലായി. സമസ്തയിലെ പ്രമുഖനുമായി.

തിരൂർക്കാട്ടെ സ്ഥലം ഇഷ്ടമായി. റോഡരികിൽ തന്നെ. ഏത് പാതിരായ്ക്കും കാളവണ്ടിയിലാണെങ്കിലും വന്നെത്താം. പക്ഷെ, 250 രൂപയേ കയ്യിലുള്ളൂ. ആ പുരയിടം ഒരേക്കർ നാല്പത്തി അഞ്ച് സെന്റ് ഉണ്ടത്രെ. ഒരു നായർ കുടുംബത്തിന്റേതാണ്. സെന്റ് ഒന്നിന് പത്ത് രൂപ നിരക്കിൽ 1450 രൂപ കൊടുക്കണം. ലബ്ബാ സാഹിബ് എന്നെ പ്രോത്സാഹിപ്പിക്കുന്നു. ഞാൻ കൈമലർത്തി. അദ്ദേഹം കോഴിക്കോട് എന്റെ ഒരു സഹായിയായി

രുന്നു. ഞാൻ അറിയാതെ അദ്ദേഹം പലരേയും കണ്ടു പണം സ്വരൂപിച്ചു എനിക്ക് തന്നു. അങ്ങനെ ആ സ്ഥലം വാങ്ങി. എനിക്ക് വേണ്ടി ആ നല്ല ഹൃദയത്തിന്റെ ഉടമ ചെയ്ത സേവനത്തിന് നന്ദിയല്ലാതെ വേറെ ഒന്നും ചെയ്യാൻ എനിക്ക് കഴിഞ്ഞില്ല. ജീവിതകാലം മുഴുവൻ തീർത്താൽ തീരാത്ത കടപ്പാടാണത്. എനിക്ക് മാത്രമല്ല. എന്റെ മക്കളും അതോർക്കണം. ആ നല്ല മനുഷ്യന് വേണ്ടി ഞാൻ എന്നും പ്രാർത്ഥിക്കാറുണ്ട്. എന്റെ കുട്ടികളും കുടുംബാദികളും അത് ചെയ്യട്ടെ. ആ ഹൃദയ സുഹൃത്ത് ഇന്ന് ജീവിച്ചിരിപ്പില്ല. അല്ലാഹു അദ്ദേഹത്തിന്റെ പരലോകം നന്നാക്കിക്കൊടുക്കട്ടെ.

ആ പുരയിടത്തിന്റെ ഉടമയുടെ അടുത്ത ബന്ധു പറമ്പിന്റെ അതിർത്തിയിൽ താമസമുണ്ട്. അദ്ദേഹത്തിന് ഈ കച്ചവടം തീരെ ഇഷ്ടമായിരുന്നില്ല. പുരയിടത്തിന് പടിഞ്ഞാറു ഭാഗവും കിഴക്ക് ഭാഗവും തുറന്നുകിടക്കുകയായിരുന്നു. കിഴക്കുഭാഗത്ത് ഒരു നടവഴി തെക്കോട്ടുള്ള പാടശേഖരത്തിലേക്ക് ഉണ്ടായിരുന്നു. പടിഞ്ഞാറു ഭാഗത്ത് ഉടമയുടെ ബന്ധുവും. വേലികെട്ടാൻ ഒരുങ്ങിയപ്പോൾ അയാൾ തർക്കമുണ്ടാക്കി. ഞാൻ തർക്കത്തിന് ഒരുക്കമല്ലായിരുന്നു. അദ്ദേഹം ചൂണ്ടിക്കാണിച്ച സ്ഥലത്ത് വേലികെട്ടാൻ പറഞ്ഞു. അങ്ങനെ ആ പ്രശ്നം തീർന്നു. ഞങ്ങൾ അന്നുമുതൽ നല്ല അയൽവാസികളുമാണ്. ഈയ്യിടെ എന്റെ മക്കൾ എന്തോ ആവശ്യത്തിന് സ്ഥലം അളപ്പിച്ചു. ഏതാണ്ട് ഇരുപതിൽ പരം സെന്റ് അതിൽ നിന്നും കിഴക്കും പടിഞ്ഞാറുമായി നഷ്ടപ്പെട്ടിരിക്കുന്നു. ഇപ്പോൾ അവിടെ സെന്റൊന്നിന് മുപ്പതിനായിരം രൂപ വരെ വിലമതിക്കുന്നുണ്ട്. പ്രമാണപ്രകാരമുള്ള സ്ഥലം അളന്ന് കൈവശപ്പെടുത്താൻ മക്കൾ കൂടിയാലോചിച്ചു. ചില നാട്ടുപ്രമാണിമാരേയും പഞ്ചായത്ത് കൈകാര്യകർത്താക്കളേയും സ്ഥലം കൈവശപ്പെടുത്തി അനുഭവിക്കുന്നവരേയും ചേർത്ത് അവർ ഒരു യോഗം വിളിച്ചു. മക്കൾ അതിന് പ്രാപ്തരാണെന്ന് എനിക്കറിയാം. പക്ഷെ, ആ യോഗത്തിൽ നിന്നും ഞാൻ വിട്ടുനിന്നു. അതിനുവേണ്ടി നിയമപരമോ അല്ലാത്തതോ ആയ ഒരു നടപടിക്കും എനിക്ക് താൽപര്യമില്ലായിരുന്നു. പോയത് പോയി. കൈവശമുള്ളത് പോകാതെ സൂക്ഷിക്കുക. അനുഭവിക്കുക. അതാണ് എന്റെ നയം. അതിനാൽ തുടർ നടപടികളൊന്നുമുണ്ടായില്ല. നഷ്ടപ്പെട്ടതിന്ന് പകരം നൽകാൻ കഴിവുള്ളവനാണ് അല്ലാഹു.

പട്ടാളപ്പള്ളിയുമായുള്ള ബന്ധത്തെക്കുറിച്ചാണ് പറഞ്ഞുവന്നത്. റമളാന് ശേഷം ഞാൻ അവിടെ ഖത്വീബായി തുടർന്നു. കമ്മിറ്റിക്കാർക്ക് എന്നെയും എനിക്ക് അവരേയും പിടിച്ചുവെന്നർത്ഥം. ഈ പള്ളിയുമായു

ള്ള ബന്ധം എനിക്ക് ഒരുപാട് സുഹൃത്തുക്കളെ നേടിത്തന്നു. കോഴിക്കോട് മാത്രമല്ല, മലബാറിൽ പലേടങ്ങളിലേക്കും ഈ സുഹൃദ്ബന്ധങ്ങൾ പടർന്നു. പട്ടാളപ്പള്ളിയിലെ ഖത്വീബ് എന്ന നിലയിൽ ഞാൻ അറിയപ്പെട്ടു. അല്ലാഹു ഓരോരോ ഔദാര്യങ്ങൾ നൽകുകയാണ്! ഞാൻ റബ്ബിനെ സ്തുതിച്ചു.

ചില സംഭവങ്ങൾ ഞാൻ ഓർക്കുകയാണ്.ഒരു ദിവസം ജുമുഅക്ക് പള്ളിയിൽ വന്നപ്പോൾ "പള്ളിയിൽ ആരും കിടന്നുറങ്ങരുത്" എന്ന ഒരു ബോർഡ് കണ്ടു. ഇതെന്തൊരു പുതുമ ! ഇത് സുന്നത്തിനെതിരാണല്ലോ. നബിﷺ അനുവദിച്ച ഒരു കാര്യം പള്ളികമ്മിറ്റി നിരോധിക്കുകയോ? സ്ത്രീകൾ പള്ളിയിൽ ഉറങ്ങുന്നത് സംബന്ധിച്ച ഒരദ്ധ്യായം തന്നെ ബുഖാരിയിൽ ഉണ്ട്. ഇത്രയും തെളിഞ്ഞു കിടക്കുന്ന ഒരു കാര്യത്തെ വിരോധിക്കുന്ന ഈ പരസ്യം കണ്ടിട്ട് നിശബ്ദനാകുന്നതെങ്ങനെ? ഞാൻ അന്യായമായ ആ നടപടിയെ വിമർശിച്ചു. ഖുതുബയിൽ സംസാരിച്ചു. ജുമുഅ കഴിഞ്ഞപ്പോൾ ആളുകൾ ചേരിതിരിഞ്ഞു ഇതേക്കുറിച്ച് തർക്കിക്കാൻ തുടങ്ങി. അപ്പോൾ പാളയം മുഹ്‌യിദ്ദീൻ പള്ളി കമ്മിറ്റിയുടെ പ്രസിഡണ്ടായ ഉണ്ടമൊയ്തീൻ കോയ ഹാജി എന്റെയടുത്ത് വന്നു ചോദിച്ചു. "മൗലവീ നിങ്ങൾ പറഞ്ഞപോലെയാണോ കാര്യം, ഉറപ്പല്ലേ" അതെ, ഉറപ്പ് തന്നെ. ഞാൻ മറുപടി നൽകി. ഉടനെ തന്റെ കൂടെയുള്ളവരോട് അദ്ദേഹം പറഞ്ഞു. "ആ ബോർഡ് മായിച്ചുകളയടാ." അതങ്ങനെ പോയി. അദ്ദേഹം ധീരനും തന്റേടിയുമായിരുന്നു. ഇതെന്തിന് എടുത്തുപറഞ്ഞുവെന്ന് തോന്നാം. അക്കാലത്ത് സമൂഹത്തിൽ നിലനിന്നിരുന്ന അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ, തെറ്റായ പെരുമാറ്റങ്ങൾ എല്ലാം പള്ളികളിലൂടെയാണ് ജനങ്ങളിൽ അടിച്ചേൽപിക്കപ്പെടുന്നത്. തിരുവായ്ക്കെതിർവായില്ല എന്ന നിലയിൽ മുസ്‌ലിയാക്കൾ പറയുന്നതൊക്കെ ജനം വിഴുങ്ങും. ചെയ്യുന്നതൊക്കെ അംഗീകരിക്കും. നാട്ടിലെ പ്രമാണിമാർക്ക് തോന്നുന്നതൊക്കെ നിയമങ്ങളും നിബന്ധനകളുമായി പള്ളിയിൽ നടപ്പാക്കും. അതിനൊക്കെ മുസ്‌ലിയാക്കൾ അംഗീകാരം നൽകും. ചില നാട്ടുപ്രമാണികളുടെ കാമദാഹം തീർക്കാൻ അതിമ്ലേച്ഛകരമായ ചടങ്ങുനിൽക്കൽ എന്ന ഒരുതരം കൂട്ടിക്കൊടുപ്പ് വരെ നികാഹിന്റെ പേരിൽ മുസ്‌ലിയാക്കൾ നടത്തിപ്പോന്നിട്ടുണ്ട്. ഇസ്‌ലാമിനെ ആക്ഷേപിക്കാൻ മോഹമുള്ള കലാകാരന്മാരും എഴുത്തുകാരും ഇത്തരം നീചവൃത്തികളെ സ്റ്റേജിലും സ്ക്രീനിലും അവതരിപ്പിച്ച് അവരുടെ മോഹം തീർത്തിട്ടുണ്ട്.

അകത്തെ പള്ളിയും പുറത്തെ പള്ളിയുമായി വേർതിരിച്ച് മാറ്റിയതിന്റെ പിന്നിലും ഒരു ഹീനമായ ദുരാചാരത്തിന്റെ കഥയുണ്ട്. അകത്തെ

പള്ളി നാട്ടിലെ പ്രമാണിമാർ, തറവാട്ടുകാർ, സാമ്പത്തിക സൗകര്യമുള്ള മറ്റു വേണ്ടപ്പെട്ടവർക്ക് എന്നിങ്ങനെ റിസർവ്വ് ചെയ്യപ്പെടും. മുൻ സ്വഫ്ഫിൽ ഇരിക്കേണ്ടവർ ആരൊക്കെയാണെന്ന് നിശ്ചയിക്കപ്പെടും. അവർ എത്ര വൈകി വന്നാലും ആ സീറ്റിൽ ആരും കയറിയിരിക്കാൻ ധൈര്യം കാട്ടുകയില്ല. പുറത്തെ പള്ളി കൂലിവേലക്കാർ, കർഷകതൊഴിലാളികൾ, ഒസ്സാന്മാർ, പൂശ്‌ലാന്മാർ (കടലിൽ പോകുന്നവർ) തുടങ്ങി അദ്ധ്വാനിക്കുന്ന വിഭാഗക്കാർക്കാണ്. അവർ സമൂഹത്തിലെ താഴേതട്ടുകാരാണ്. ഇത്യാദി സാമൂഹിക അനാചാരങ്ങൾ ഓരോ പ്രദേശങ്ങളിൽ വിവിധ രൂപങ്ങളിൽ പാരമ്പര്യമായി നിലനിന്നുപോന്നു. തങ്ങന്മാരും തറവാട്ടുകാരും പാവപ്പെട്ട സാധാരണ മുസ്‌ലിംകളെ ഞെരിച്ചമർത്തുകയായിരുന്നു. ഇസ്‌ലാഹി പ്രസ്ഥാനത്തിന്റെ ആദർശാധിഷ്ഠിതമായ പടയോട്ടം ഇത്തരം സാമൂഹിക തിന്മകളേയും ഒട്ടൊക്കെ അടിച്ചമർത്തി.

ഓർമകളുടെ തീരത്ത്

## 21

# മൗലവിയും സാഹിബും

പട്ടാളപ്പള്ളിയിലെ ഖത്വീബായി തുടരുന്ന കാലം എന്റെ ആദർശ വീഥയിൽ അനുഭവങ്ങളുടെ നിത്യവസന്തമായിരുന്നു. രസകരമായ ഒരു കാര്യം ഓർമ്മയിൽ ഇപ്പോൾ ഓടിയെത്തി. അമേരിക്കയുടെയും മറ്റു പാശ്ചാത്യ ശക്തികളുടെയും പിന്തുണയോടെ ഫലസ്തീനിൽ ജൂതരാഷ്ട്രം സ്ഥാപിക്കാനുള്ള ശ്രമം തീവ്രമായി നടക്കുകയാണ്. മുസ്‌ലിംകളെ അവിടെ നിന്നും കൂട്ടത്തോടെ ആട്ടിപ്പായിക്കുന്നു. മുസ്‌ലിം നാടുകൾ വെറും നോക്കുകുത്തികളായി നെടുവീർപ്പിടുന്നു. ഞാൻ ഒരു വെള്ളിയാഴ്ച ഖുത്ബയിൽ ഈ വിഷയത്തെക്കുറിച്ച് വികാരഭരിതനായി സംസാരിച്ചു. മുസ്‌ലിംകളോട് ചേർന്ന് യുദ്ധത്തിന് പോകാൻ തയ്യാറാകേണ്ടത് ജിഹാദിന്റെ ഒരു ഭാഗമായി കാണേണ്ടതുണ്ടെന്ന് ഞാൻ പറഞ്ഞു. സർക്കാറിന്റെ അനുമതി അതിനായി തേടുകയും ജിഹാദിൽ പങ്കെടുക്കാൻ തയ്യാറുള്ളവരുടെ പേരു വിവരങ്ങൾ ശേഖരിക്കണമെന്നും ഞാൻ പ്രസംഗിച്ചു. സ്ഥലകാലബോധം എന്നെ അലട്ടിയില്ല. അന്നത്തെ മനസ്സിന്റെ തള്ളൽ അത്ര വലുതായിരുന്നു. ജുമുഅ കഴിഞ്ഞു ഞാൻ പുറത്ത് നടക്കുകയാണ്. വഴിയിൽ വെച്ച് ഇ. മൊയ്തു മൗലവിയെ കണ്ടു. എന്റെ ഗുരുനാഥൻ കെ.എം. മൗലവിയുടെ സഹപാഠിയും മൗലാനാ ചാലിലകത്തിന്റെ പ്രമുഖ ശിഷ്യനുമായിരുന്നു മൗലവി സാഹിബ്. അദ്ദേഹം പട്ടാള

പ്പള്ളിയിലാണ് പങ്കെടുക്കാറുള്ളത്. എന്നെ കണ്ടപ്പോൾ ഒരു പരിഹാസ ഭാവത്തിൽ ചോദിച്ചു. എപ്പോഴാണ് നിങ്ങൾ ജിഹാദിന് പോകാനുള്ളവ രുടെ ലിസ്റ്റ് തയ്യാറാക്കുന്നത്? എന്റെ മറുപടി: ഞാൻ തയ്യാറാക്കുമെന്നല്ല പറഞ്ഞത്. നിങ്ങളെപ്പോലുള്ളവർ അതിന് ഒരുങ്ങണമെന്നാണ്. കൂടുതൽ സംസാരിക്കാൻ അവസരം നൽകാതെ ഞാൻ നടന്നു. ത്യാഗിയും സംശു ദ്ധനും ഭക്തനും ദൃഢചിത്തനും ദേശസ്നേഹിയും സർവ്വോപരി സലഫീ ചിന്തകനുമായിരുന്നു മൗലവി. അദ്ദേഹവുമായുള്ള സുഹൃദ്ബന്ധം അന്ത്യംവരെ ഉലയാതെ ഞാൻ കാത്തുസൂക്ഷിച്ചു. അദ്ദേഹവും. അല്ലാഹു അദ്ദേഹത്തിന് ബർസഖിയായ സൗഖ്യം പ്രദാനം ചെയ്യട്ടെ.

മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് കേരളം ദർശിച്ച നേതാക്കളിൽ ഒരപൂർവ്വ പ്രതിഭയായിരുന്നു. ഞാൻ പട്ടാളപ്പള്ളിയിൽ ഖത്തീബായി വന്ന പ്പോൾ സാഹിബ് ജയിലിലായിരുന്നു. അദ്ദേഹത്തെ കണ്ടിട്ടില്ല. കേട്ടറിവു കൊണ്ടുതന്നെ മനസ്സിൽ ആ മഹാവ്യക്തിത്വം നിറഞ്ഞുനിന്നിരുന്നു. എ ന്തോ കാരണവശാൽ രാഷ്ട്രീയ തടവുകാരെ ജയിൽ മുക്തരാക്കിയതിൽ അദ്ദേഹവും ഉൾപ്പെട്ടു. ശേഷം ജുമുഅക്ക് പട്ടാളപ്പള്ളിയിൽ വരാൻ തുട ങ്ങി. എന്റെ ശ്രോതാക്കളുടെ സദസ്സ് പ്രഗത്ഭന്മാരുടെയും ബുദ്ധിജീവിക ളുടെയും രാഷ്ട്രീയ നായകന്മാരുടെയും മഹദ് സാന്നിധ്യത്താൽ ധന്യ മായിക്കൊണ്ടിരുന്നു. എന്റെ മനസ്സും ചിന്തയും വളരുകയാണ്. എന്റെ സദസ്സിനോടൊപ്പം വളരാനുള്ള മോഹം എന്നെയും വളർത്തി.

കൊടുങ്ങല്ലൂരിലെ അഴീക്കോടാണ് അബ്ദുറഹ്മാൻ സാഹിബിന്റെ സ്വദേശം. മറ്റൊരു മഹാ പ്രതിഭയായിരുന്ന സീതിസാഹിബ് ഇദ്ദേഹത്തി ന്റെ സമശീർഷനും സഹപാഠിയുമായിരുന്നു. രണ്ടുപേരും ഇന്ത്യൻ നാഷ ണൽ കോൺഗ്രസ്സിലൂടെയാണ് രാഷ്ട്രീയ ജീവിതം ആരംഭിച്ചത്. കഴി വും ബുദ്ധിയും പ്രവർത്തന ഗാംഭീര്യവും നിമിത്തം രണ്ടാളും കോൺഗ്ര സ്സിന്റെ നേതൃനിരയിലേക്ക് ഉയർന്നു. ദേശീയതലത്തിൽ തന്നെ ശ്രദ്ധ പിടിച്ചുപറ്റി. എന്നാൽ ഇടക്കാലത്ത് ഇവർ വേർപിരിഞ്ഞു. കെ.എം. മൗല വിയുമായുള്ള നിത്യസമ്പർക്കം സീതിസാഹിബിനെ കോൺഗ്രസ്സിൽ നിന്നകറ്റി. മുസ്ലിംലീഗിന്റെ ആസൂത്രകനും നേതാവുമാക്കിത്തീർത്തു. അബ്ദുറഹ്മാൻ സാഹിബ് കോൺഗ്രസ്സിൽ തന്നെ ഉറച്ചുനിന്നു. ഇ.എം. എസ്. തുടങ്ങിയ നേതാക്കളോടൊത്ത് കോൺഗ്രസ്സിലെ ഇടതുപക്ഷ ചേരിയിൽ സാഹിബ് ശക്തമായി നിലകൊണ്ടു. പിന്നീട് നമ്പൂതിരിപ്പാടും കോൺഗ്രസ്സ് വിട്ടുപോയി. പക്ഷെ, സാഹിബ് ഉറച്ചുനിന്നു. ഇടതുപക്ഷ ചിന്താഗതിക്കാരനായതുകൊണ്ടും മുസ്ലിം എന്ന കാരണത്താലും കോ ൺഗ്രസ്സിലെ സവർണ മേധാവിത്ത ലോബിയിൽ നിന്നും ഏറെ പീഡന

ങ്ങൾക്ക് അദ്ദേഹം ഇരയായിട്ടുണ്ട്. പക്ഷെ, അതികായനായ അബ്ദുറ ഹ്മാൻ സാഹിബ് ജാതിമത ചിന്തകൾക്കതീതനായി ജനങ്ങളെ സ്നേ ഹിച്ചു. ജനങ്ങൾ അദ്ദേഹത്തെയും.

സലഫീ ആദർശത്തിൽ അടിയുറച്ചുനിന്ന ധീര മുജാഹിദായിരുന്നു മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ്. 'സാഹിബ്' എന്ന ഓമനപ്പേരിലാ ണ് അദ്ദേഹം സംബോധന ചെയ്യപ്പെട്ടിരുന്നതും പരക്കെ ജനങ്ങൾക്കിട യിൽ പറയപ്പെട്ടിരുന്നതും. അതാണ് എന്റെ വാക്കുകളിലും ആ പ്രയോ ഗം വന്നുകൊണ്ടിരുന്നത്. സാഹിബിന്റെ 'അൽഅമീൻ' പത്രം മലയാള നാടിന്റെ ചരിത്രത്തിൽ മറക്കാൻ പാടില്ലാത്ത ഒരദ്ധ്യായമാണ്. സാഹിബി നെക്കുറിച്ചും പത്രത്തെപ്പറ്റിയും എഴുതുന്നവരൊക്കെ തന്റെ ദേശസ്നേ ഹത്തേയും സ്വാതന്ത്ര്യസമര സേവനങ്ങളേയും മാത്രമാണ് എപ്പോഴും വാഴ്ത്തുന്നത്. വാഴ്ത്തപ്പെടേണ്ടതും സ്മരിക്കപ്പെടേണ്ടതും തന്നെയാ ണത്. എന്നാൽ കേരള മുസ്ലിം നവോത്ഥാന സംരംഭങ്ങളിൽ അദ്ദേഹ ത്തിന്റെ പത്രവും അദ്ദേഹവും വഹിച്ച മഹത്തായ പങ്കും വളരെ കുറച്ചു മാത്രമേ പരാമർശിക്കപ്പെടുന്നുള്ളൂ. 1925ൽ ആരംഭിച്ച അൽഅമീൻ പത്രം പേരിന്റെ മഹത്വം നിലനിർത്തുകയും ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിനു വേണ്ടി ഘോരമായ ശബ്ദം പുറപ്പെടുവിക്കുകയും ചെയ്തുകൊണ്ട് മുസ്ലിംകളെ ശക്തമായി ബോധവത്കരിച്ചിരുന്നു. അതോടൊപ്പം തന്നെ മുസ്ലിം സമുദായത്തിൽ വേരുറച്ച കിടന്ന അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരിലും അൽഅമീൻ ശക്തമായി ശബ്ദിച്ചു. ത്രൈവാരികയായും പിന്നീട് ദിനപത്രമായും വളരെക്കാലം അത് നടന്നു. ഇ. മൊയ്തു മൗലവി, ഇ.കെ. മൗലവി, കെ.കെ. മുഹമ്മദ് ശാഫി, കെ. എം. ഇബ്റാഹീം സാഹിബ് (സീതിസാഹിബിന്റെ അനുജൻ) തുടങ്ങിയ പ്രഗത്ഭ വ്യക്തികൾ ഇതിന്റെ പത്രാധിപസമിതിയിൽ പ്രവർത്തിച്ചിട്ടുണ്ട്. നീതിക്കുവേണ്ടിയുള്ള ധീരസമരത്തിൽ ഒരു ശക്തിക്കും സാഹിബിനെ പിന്തിരിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. വളരെ ചെറുപ്പത്തിൽ തന്നെ അദ്ദേഹം ജയിലിലടക്കപ്പെട്ടു. എട്ടുവർഷത്തോളം പലപ്പോഴായി ജയിൽവാസം അനുഭവിച്ചു.

തികഞ്ഞ ഭക്തനും മാതൃകായോഗ്യനും അസാമാന്യ ധീരനുമായിരു ന്നു സാഹിബ്. അദ്ദേഹവുമായി പലപ്പോഴും അടുത്ത് ബന്ധപ്പെടുകയും അദ്ദേഹത്തെ അറിയുകയും ചെയ്തപ്പോൾ നമ്മുടെ നേതാക്കൾ മതവി ഷയങ്ങളിൽ ഇദ്ദേഹത്തെ മാതൃകയാക്കിയിരുന്നുവെങ്കിൽ എന്ന് ഞാൻ കൊതിച്ചു. ഏതൊരു മഹാ സമ്മേളനത്തിലും നിർണ്ണായക പ്രാധാന്യമർ ഹിക്കുന്ന കമ്മിറ്റി യോഗങ്ങളിൽ പോലും നമസ്കാരത്തിന് നേരമായാൽ

ഉടനെ മുസല്ല വിരിച്ച് അവിടെതന്നെ ഒഴിഞ്ഞ മൂലയിൽ അദ്ദേഹം നമസ്കരിക്കുമായിരുന്നു. ഇത് ദൃക്സാക്ഷികളിൽ നിന്നും ഞാൻ അറിഞ്ഞിട്ടുണ്ട്. ധാരാളം സുന്നത്ത് നോമ്പുകൾ എടുക്കുന്ന സ്വഭാവക്കാരനായിരുന്നു സാഹിബ്. വിവാഹത്തിന് സൗകര്യപ്പെടാത്തവരോട് പ്രവാചകൻ കൽപിച്ചതാണ് ഈ വ്രതം. ഖിലാഫത്ത് സമരവുമായി ബന്ധപ്പെട്ട് അദ്ദേഹം ഉപരിപഠനം ഇടക്ക് വെച്ച് നിർത്തിയെങ്കിലും കുടുംബക്കാരെയും സുഹൃത്തുക്കളേയും കഴിവതും വിദ്യനേടാൻ അദ്ദേഹം പ്രോത്സാഹിപ്പിച്ചു. സ്വാതന്ത്ര്യസമരത്തിൽ അസാധാരണ പോരാളിയായി ശോഭിക്കുമ്പോഴും അന്ധവിശ്വാസ അനാചാരങ്ങൾക്കെതിരിലും സമുദായ നവോത്ഥാനത്തിന് വേണ്ടിയും നാവും തൂലികയും ചലിപ്പിക്കുന്നതിൽ സാഹിബ് ഒട്ടും പിന്നോക്കമായിരുന്നില്ല. പെരുമാറ്റ മര്യാദകളിൽ അങ്ങേയറ്റം മാന്യതയും അന്തസ്സും അദ്ദേഹം പുലർത്തിയിരുന്നതായി അനുഭവത്തിൽ എനിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്.

1944 കാലം. ഞാൻ പട്ടാളപ്പള്ളി ഖത്തീബ്. അന്ന് മുസ്ലിം ലീഗുകാരനുമാണ്. എന്റെ രാഷ്ട്രീയ അഭിരുചിയുടെ കാരണം മുമ്പേ പറഞ്ഞിട്ടുണ്ട്. മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് കോൺഗ്രസ്സിലെ സമുന്നതനായ നേതാവ്. ഞാൻ വിഭജനവാദിയുമായിരുന്നു. ഇന്ന് ഞാൻ സദാ ഖേദിക്കുന്ന ചിലതിൽ ഒന്നാണ് വിഭജനവാദത്തിന്റെ ചിന്തയും പ്രവർത്തനവും. പക്ഷെ, സാഹചര്യമാണ് എന്നെ ആ നിലയിലെത്തിച്ചത്. വല്ലഭായി പട്ടേലിന്റെ നേതൃത്വത്തിലുള്ള കോൺഗ്രസ്സിലെ സവർണ മേധാവികളുടെ നയവൈകല്യമാണ് പാകിസ്ഥാൻ വാദത്തിന് ശക്തിയേകാൻ കാരണമായതെന്ന സത്യം അധികമാളുകളും ഇന്ന് മൂടിവെക്കുകയാണ്. കടുത്ത ദേശീയവാദിയായിരുന്ന മുഹമ്മദലി ജിന്നാ സാഹിബ് വിട്ടുവീഴ്ചയില്ലാത്ത കടുത്ത വർഗീയ വാദിയായി മുദ്രകുത്തപ്പെടാൻ ഇടയായത് കോൺഗ്രസ്സിലെ മുസ്ലിം വിരുദ്ധ സവർണമേധാവിത്തത്തിന്റെ കടുംപിടുത്തമായിരുന്നു. അധഃകൃത വർഗത്തിന്റെ ഉന്നമനത്തിനും അംഗീകാരത്തിനും വേണ്ടി ജിന്നാസാഹിബ് ശബ്ദിച്ചപ്പോൾ ഗാന്ധിജിക്കുപോലും അത് ഉൾക്കൊള്ളാൻ കഴിഞ്ഞില്ലെന്നുള്ളതാണ് വസ്തുത. മൗലാനാ ആസാദിന്റെ ആത്മകഥയിലും സ്വതന്ത്രചിന്തകരായ ചില ഹിന്ദു നേതാക്കളുടെ രാഷ്ട്രീയ കുറിപ്പുകളിലും ഈ സത്യം പ്രകടമായിരുന്നു. പക്ഷെ, മൗലാനാ ആസാദ് അനിവാര്യമായ ഈ സത്യശകലങ്ങൾ തന്റെ ജീവിതകാലത്ത് അടച്ചുപൂട്ടിവെച്ചു. എന്തിന്? ഈ ചോദ്യം ചോദ്യമായിത്തന്നെ അവശേഷിക്കുന്നു. സവർണ മേധാവിത്വത്തിന്റെ കടുത്ത അധികാരക്കൊതി ഒടുവിൽ പാക്കിസ്ഥാൻ വാദത്തിൽ കൊണ്ടെത്തിക്കുകയായിരുന്നു. ഞാ

നും അതിൽ പങ്കുചേർന്നു. പാക്കിസ്ഥാൻ വാദവുമായി അക്കാലത്ത് ഞാൻ പല യോഗങ്ങളിലും പ്രസംഗിച്ചു നടന്നു. പട്ടാളപ്പള്ളി കമ്മിറ്റിയിലെ മിക്കപേരും കോൺഗ്രസ്സിലെ സജീവ പ്രവർത്തകരായിരുന്നത് സ്വാഭാവികമായും ചില വിഷമതകളുണ്ടാക്കി.

കമ്മിറ്റിക്കാരുടെ പ്രേരണകൊണ്ടോ, എന്റെ നിലപാട് ശ്രദ്ധിച്ചതുകൊണ്ടോ എന്തെന്ന് എനിക്ക് നിശ്ചയമില്ല, സാഹിബിന്റെ ദൃഷ്ടി എന്റെ നേർക്ക് പതിഞ്ഞു. മലബാറിൽ മനുഷ്യർക്ക് തിരിയുന്ന ഭാഷയിൽ ഖുത്ബ നടത്തുന്ന അപൂർവ്വം മസ്ജിദുകളിൽ കോഴിക്കോട് നഗരത്തിലെ ഏക കേന്ദ്രമായ പട്ടാളപ്പള്ളി സാമൂഹിക ശ്രദ്ധയിൽ തിളങ്ങി നിന്നിരുന്നു. കോഴിക്കോട്ടും പരിസരപ്രദേശങ്ങളിലുമുള്ള നിരവധി പ്രമുഖർ ജുമുഅക്ക് പങ്കെടുക്കുന്ന പള്ളി എന്ന നിലയിൽ പട്ടാളപ്പള്ളി ശരിക്കും ഒരു ശ്രദ്ധാകേന്ദ്രമായിരുന്നു. അവിടെ മലയാളത്തിൽ പ്രസംഗിക്കുന്ന ആദ്യത്തെ ഖത്വീബ് എന്ന നിലയിൽ ഞാൻ ജനശ്രദ്ധക്ക് വിധേയനായത് സ്വാഭാവികമാണല്ലോ.

ഒരു വെള്ളിയാഴ്ച ജുമുഅക്ക് ശേഷം സാഹിബ് എന്നെ ഭക്ഷണത്തിനായി ക്ഷണിച്ചു കൂടെ കൊണ്ടുപോയി. അതൊരു വലിയ അഭിമാനകരമായ ഓർമ്മയായി ഇന്നും മനസ്സിൽ കുളിര് കോരിയിടുന്നു. കോഴിക്കോട് ബേപ്പൂർ അഹ്മദ് സാഹിബിന്റെ നാലാം ഗെയിറ്റിനടുത്തുള്ള ബംഗ്ലാവിലാണ് സാഹിബിന്റെ താമസം. അഹ്മദ് സാഹിബ് ബംഗ്ലാവ് അദ്ദേഹത്തിന് വിട്ടുകൊടുത്തിരിക്കുകയായിരുന്നു. മുകൾഭാഗം തുറന്നുവെക്കുന്ന പഴയ മോഡൽ കാറിലായിയിരുന്നു അന്ന് ഞാൻ സാഹിബിനോടൊത്ത് യാത്ര ചെയ്തത്. എല്ലാവർക്കും കാണത്തക്കവിധം. ഉമർ മൗലവിയെ സാഹിബ് കൊണ്ടുപോകുന്നുണ്ട്, കോൺഗ്രസ്സുകാരനാക്കി മടക്കി അയക്കും എന്ന് പലരും ഈ യാത്രയെ ചൂണ്ടി പറഞ്ഞതായി പിന്നീട് ഞാൻ അറിഞ്ഞു.

ഭക്ഷണം കഴിഞ്ഞു. മുറിയിൽ ഞങ്ങൾ രണ്ടുപേരും മാത്രമായി വിശ്രമിക്കുകയാണ്. സാഹിബ് ചോദ്യരൂപേണ സംസാരം തുടങ്ങി "മൗലവീ- നിങ്ങൾ മുസ്‌ലിം ലീഗുകാരനും അതിന്റെ വലിയ പ്രചാരകനുമാണെന്ന് ആളുകൾ പറയുന്നുണ്ടല്ലോ?." അതിൽ തെറ്റൊന്നുമില്ല എന്ന് ഞാൻ മറുപടിയും പറഞ്ഞു. തുടർന്ന് സംസാരിക്കാൻ സാഹിബ് ഉത്സാഹം കാണിച്ചു. കേൾക്കാൻ എനിക്ക് ഇഷ്ടം തോന്നി. ജിന്നാ സാഹിബിന്റെ പല ദോഷങ്ങളും കുറ്റങ്ങളും അദ്ദേഹം എന്നെ കേൾപ്പിച്ചു. ശരിയായ മുസ്‌ലിമായി ജീവിക്കാൻ ഒരുക്കമില്ലാത്ത ഒരാൾ മുസ്‌ലിം സമുദായത്തിന്റെ നേതാവാകുന്നതെങ്ങനെ എന്നതായിരുന്നു സാഹിബിന്റെ വിശദീകരണത്തി

ലെ പ്രധാന ബിന്ദു. ഞാൻ നിശബ്ദനായി കേട്ടുകൊണ്ടും ശ്രദ്ധിച്ചുകൊണ്ടുമിരുന്നു. കുറെ കഴിഞ്ഞപ്പോൾ സാഹിബ് ചോദിച്ചു; മൗലവി എന്താ ഒന്നും മിണ്ടാത്തത്? ഞാൻ പറഞ്ഞു: സാഹിബ് ഇതുവരെ പറഞ്ഞ കാര്യങ്ങളിൽ എനിക്ക് എതിർക്കേണ്ടതോ തിരുത്തേണ്ടതോ ആയി ഒന്നുമില്ല. എങ്കിൽ പിന്നെ നിങ്ങൾ എന്തിനാണ് ജിന്നയെ നേതാവായി അംഗീകരിക്കുന്നത്? എന്നായിരുന്നു അടുത്ത ചോദ്യം.

ഞാൻ ഇങ്ങനെ പറഞ്ഞു: ജിന്നാ സാഹിബ് മുസ്‌ലിം സമുദായത്തിന് ഒരു മാതൃകാപുരുഷനായ നേതാവല്ല. ഒരു വക്കീലിന്റെ സ്ഥാനമോ ഡ്രൈവറുടെ സ്ഥാനമോ മാത്രമേ ജിന്നക്ക് ഞാൻ കണക്കാക്കുന്നുള്ളൂ. നമ്മൾ ബസ്സിൽ കയറാൻ ചെല്ലുമ്പോൾ സ്വാമിയേ ശരണം എന്ന് പ്രാർത്ഥിച്ചുകൊണ്ട് ബസ്സ് സ്റ്റാർട്ട് ചെയ്യുന്നവനാണ് ഡ്രൈവർ എങ്കിൽ ഞാൻ മടങ്ങിപ്പോരാറില്ല. ആരും അങ്ങനെ തിരിച്ചുപോകുന്നത് കണ്ടിട്ടുമില്ല. സാഹിബ് ഇതുവരെ പറഞ്ഞ കാര്യങ്ങൾ മുസ്‌ലിം ലീഗിന്റെ നയമാണെന്ന് വരുന്നപക്ഷം, അതായത് ജിന്ന അഞ്ചു നേരം നമസ്കരിക്കാറില്ലെന്ന് താങ്കൾ പറഞ്ഞല്ലോ. നമസ്കാരം അത്ര അത്യാവശ്യമുള്ളതല്ല എന്ന് ലീഗിന്റെ നയമായി പറയുന്ന പക്ഷം, അത്പോലെ ജിന്നയുടെ മകൾ ഒരു പാർസിയുടെ കൂടെ പോയി എന്നും താങ്കൾ പറഞ്ഞുവല്ലോ. പെൺമക്കളെ അമുസ്‌ലിംകൾക്ക് ഏൽപിച്ചുകൊടുക്കുന്നതിന് വിരോധമില്ലെന്ന് ലീഗ് പ്രഖ്യാപിക്കുന്നപക്ഷം ഞാൻ അന്ന് മുതൽ ലീഗിന്റെ എതിരാളികളുടെ സേവകനായിത്തീരും. എങ്കിലും മുസ്‌ലിംലീഗിന്റെ അദ്ധ്യക്ഷൻ ഈ തരത്തിലുള്ളവനാകുന്നതിൽ എനിക്ക് സങ്കടം ഉണ്ട്. അതുകൊണ്ട് സാഹിബ് മുസ്‌ലിംലീഗിലേക്ക് വരൂ. സാഹിബിനെ ഞങ്ങൾ പ്രസിഡന്റാക്കാം. മുസ്‌ലിം സമുദായം നിവൃത്തികേടിന്റെ ഘട്ടത്തിൽ, തരപ്പെട്ട പ്രഗത്ഭനായ ഒരു വക്കീലിനെ കിട്ടിയപ്പോൾ തങ്ങൾക്ക് വേണ്ടി വാദിക്കാൻ അദ്ദേഹത്തെ മുമ്പിൽ നിർത്തിയതാണ്. എല്ലാനിലയിലും അനുയോജ്യനായ താങ്കളെപ്പോലെ ഒരാളെ ലഭിച്ചാൽ വളരെ നല്ലതാണല്ലോ".

സാഹിബ് എന്റെ വാക്കുകൾ നിശബ്ദം കേട്ടുകൊണ്ടിരുന്നു. അദ്ദേഹം എത്രകണ്ട് മാന്യനും സഹനശീലനും വിനീതഹൃദയനുമാണെന്ന് ഞാൻ അന്ന് അനുഭവിച്ചറിഞ്ഞു. അദ്ദേഹത്തിന്റെ അന്നത്തെ ഉന്നത നിലവാരത്തിന് യോജിച്ചതോ, ആർക്കും പറയാൻ ധൈര്യം വരുന്നതോ ആയിരുന്നില്ല എന്റെ മറുപടിയെന്ന് പിന്നീട് ഞാൻ മനസ്സിലാക്കി. പക്ഷെ, സാഹിബ് വലിയ മനുഷ്യനായിരുന്നു. മാതൃകാപുരുഷനുമായിരുന്നു.

എന്റെ വർത്തമാനം തീർന്നു. അപ്പോൾ ഒരു പുഞ്ചിരിയോടെ അദ്ദേഹം ചോദിച്ചു: എന്നെ പ്രസിഡണ്ടാക്കാൻ നിങ്ങൾക്ക് കഴിയുമോ? എനി

ക്ക് അതിന്നായി ശ്രമിക്കാൻ കഴിയുമല്ലോ. എന്നാലാവുന്നത് ഞാനും ചെയ്യാം എന്ന് ഞാൻ മറുപടിയും പറഞ്ഞു. ഞങ്ങളുടെ സംസാരം അവസാനിച്ചു. സാഹിബ് ഉടനെ ഡ്രൈവറെ വിളിച്ചു. "മൗലവിയെ പള്ളിയിലോ മൗലവി ഉദ്ദേശിക്കുന്നേടത്തോ വിട്ടുകൊടുക്കൂ" എന്ന് നിർദ്ദേശം നൽകി. ഞാൻ സലാം പറഞ്ഞു മടങ്ങി. എന്നാൽ ഇതുമൂലം ഞങ്ങൾ തമ്മിലുണ്ടായിരുന്ന സ്നേഹബന്ധത്തിന് ഒരു കോട്ടവും തട്ടിയില്ല.

മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് വലിയ മനുഷ്യനായിരുന്നു. നേതാക്കൾക്ക് മാതൃകയായിരുന്നു. തികഞ്ഞ ഭക്തനായിരുന്നു. ഉറച്ച വിശ്വാസിയായിരുന്നു. തൗഹീദിന്റെ പ്രഭയാൽ പ്രശോഭിതമായ ഹൃദയമായിരുന്നു അദ്ദേഹത്തിന്റേത്. ബ്രിട്ടീഷ് ആധിപത്യത്തോട് ഒരു സിംഹത്തെപ്പോലെ അദ്ദേഹം അടരാടുമ്പോഴും സ്വസമുദായത്തിന്റെ അജ്ഞതയിലും അന്ധവിശ്വാസത്തിലും ഏറെ ദുഃഖിതനായിരുന്നു. ആ ഇരുട്ടിലേക്ക് സന്ദർഭം കിട്ടുമ്പോഴെല്ലാം വെളിച്ചമെത്തിക്കാൻ സാഹിബ് ഒരിക്കലും മറന്നിട്ടില്ല. സ്വാതന്ത്ര്യത്തിന്റെ ഗന്ധം അനുഭവിക്കാൻ ഭാഗ്യം ലഭിക്കാതെ 1945 നവംബർ 23ന് അദ്ദേഹം അന്തരിച്ചു. സാഹിബിന്റെ വ്യക്തിമാഹാത്മ്യവും നിഷ്കളങ്കമായ ത്യാഗ- സേവനങ്ങളും പുതിയ തലമുറക്ക് മാതൃകയാകത്തക്കവണ്ണം സ്മരിക്കപ്പെടുന്നില്ല. കക്ഷിരാഷ്ട്രീയത്തിലെ ചില വൃത്തങ്ങൾക്കുള്ളിൽ മാത്രം അനുസ്മരണം എന്ന ചടങ്ങ് നടത്തപ്പെടുന്നു. ത്യാഗസുരഭിലമായ സാഹിബിന്റെ സ്വരാജ്യസ്നേഹവും മതസ്നേഹവും സമുദായമൈത്രിക്ക് വേണ്ടിയുള്ള കനത്ത ആഭിമുഖ്യവും പ്രത്യേകം പ്രത്യേകം വിശദീകരിക്കപ്പെടേണ്ടതുണ്ട്. എന്റെ കഴിവുകേട് ഞാൻ ഇവിടെ സമ്മതിക്കുന്നു. കഴിവുള്ളവർ അതിനൊരുങ്ങണം. മഹാമനുഷ്യനായ സാഹിബിന്റെ വിശുദ്ധ കർമ്മങ്ങൾ അല്ലാഹു തൃപ്തിപ്പെടുകയും വീഴ്ചകൾ ഔദാര്യപൂർവ്വം അവൻ പൊറുത്തുകൊടുക്കുകയും സ്വർഗം സമ്മാനമായി നൽകുകയും സർവത്ര അനുഗ്രഹങ്ങൾ വർഷിക്കുകയും ചെയ്യുമാറാകട്ടെ. അദ്ദേഹത്തോടൊപ്പം സ്വർഗത്തിൽ കഴിയാൻ ഈയുള്ളവനും ആഗ്രഹിക്കുന്നു. അല്ലാഹുവേ, നീ ഭാഗ്യം നൽകേണമേ.

മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിന്റെ അപദാനങ്ങളെ പ്രകീർത്തിക്കുന്ന ലേഖനങ്ങളും പ്രസംഗങ്ങളും ഒരു ഫാഷനായി വല്ലപ്പോഴും നടക്കാറുണ്ട്. അഴിമതിയിൽ മുങ്ങിക്കുളിക്കുന്നവരായിരിക്കും അതിൽ മുൻപന്തിയിൽ പലപ്പോഴും കാണുക. ഇവരെപ്പോലുള്ളവർ സാഹിബിനെ മാതൃകാപുരുഷനായി വാഴ്ത്തുമ്പോൾ അദ്ദേഹത്തെ അറിഞ്ഞുകൂടാത്ത ജനങ്ങൾ എന്തായിരിക്കും കരുതുക! സാഹിബിനെ മാതൃകയാക്കുന്ന ശിഷ്യന്മാരുടെ കോലം ഇതാണെങ്കിൽ അദ്ദേഹം ഏത് തരക്കാരനാകുമെ

ന്ന് ചിന്തിച്ചുപോകുകയില്ലേ. ഈ കാട്ടുകള്ളന്മാരും കാലിത്തീറ്റ കുംഭ കർണ്ണന്മാരും ജനകീയാസൂത്രണ വിഴുങ്ങികളും ഖദറിനുള്ളിൽ അണലി പാമ്പിനെ ഒളിപ്പിച്ചിരുത്തുന്നവരും സെക്സ് റാക്കറ്റ് വീരന്മാരും അബ് കാരി ദല്ലാളന്മാരും സാഹിബ് എന്ന മഹാനായ മനുഷ്യനെക്കുറിച്ച് ഒന്നും മിണ്ടാതിരിക്കുന്നുവെങ്കിൽ തന്നെ അതൊരു വലിയ സേവനവും സാഹി ബിന്റെ മഹത്വം വിളിച്ചറിയിക്കുന്നതാകുമായിരുന്നു. പടച്ചവനേ, ഇതെ ന്തൊരു ലോകം! പരലോകത്തിന്റെ പരിപാടി നീ നിശ്ചയിച്ചിട്ടില്ലായിരു ന്നുവെങ്കിൽ സാധുക്കളായ ഞങ്ങൾ വലിയ ഭോഷന്മാരായിത്തീരുമായി രുന്നു 'മാലികിയൗമിദ്ദീൻ'ന് ഹൃദയം നിറയെ സ്തുതി!

ഓർമകളുടെ തീരത്ത്

## 22

# വിഭജനവാദം

പാക്കിസ്ഥാൻ വാദം ശക്തിപ്പെടുകയും ജിന്നയുടെ നേതൃത്വത്തിൽ മുസ്ലിംലീഗ് അത് ഏറ്റെടുക്കുകയും ചെയ്തതോടെ രാജ്യത്തൊട്ടാകെ വർഗ്ഗീയമായ ചേരിപ്പോരിന്റെ കാറ്റടിച്ചുവീശി. അന്നത്തെ കോൺഗ്രസ് നേതൃത്വം പക്വതയില്ലാതെ നീങ്ങിയതാണ് മൊത്തത്തിൽ പാക്കിസ്ഥാൻ വാദം രൂക്ഷമാക്കിയത്. കോൺഗ്രസ്സ് നേതൃത്വത്തിലെ ശക്തികേന്ദ്രമായി രുന്ന പ്രബലരുടെ മനസ്സുകൾ മുസ്ലിം വിരോധംകൊണ്ടും ഹിന്ദു വർഗീ യതയാലും മലിനപ്പെട്ടിരുന്നു. ശക്തരിൽ ശക്തനായിരുന്ന ജവഹർലാൽ നെഹ്റു ഈ സ്ഥാപിത താൽപര്യക്കാരുടെ ഭാഗത്ത് ചേർന്നുനിന്നതാണ് പ്രശ്നങ്ങൾ രൂക്ഷമാക്കിയത്. ഗാന്ധിജിയുടെ നിർദ്ദേശങ്ങളും അഭിപ്രായ ങ്ങളിൽ പലതും അവഗണിക്കപ്പെടുകയായിരുന്നു. ഇന്ത്യയിലെ മഹാ ഭൂരിപക്ഷം വരുന്ന അധഃകൃത വർഗ്ഗങ്ങളോട് ജിന്നാസാഹിബ് കാണിച്ച സഹതാപവും അവരുടെ ഉന്നമനത്തിനായി മുന്നോട്ടുവെച്ച നിർദ്ദേശങ്ങ ളും കോൺഗ്രസ്സിലെ സവർണ ലോബിയെ കഠിനമായി ശുണ്ഠി പിടിപ്പി ച്ചതും തിരശ്ശീലക്ക് പിന്നിലെ വലിയ കാരണമായിരുന്നു. സംഗതികളുടെ ഗുരുതരാവസ്ഥ കണ്ടറിഞ്ഞ ഗാന്ധിജി ജിന്നയോട് തന്റെ നിലപാടിൽ നി ന്നും പിന്മാറാൻ അഭ്യർത്ഥിച്ചു. പക്ഷെ, പിടിവാശിക്കാരനായ ജിന്നാസാ ഹിബ് ആ അഭ്യർത്ഥന നിരസിക്കുകയാണുണ്ടായത്. ക്വിറ്റ് ഇന്ത്യാ സമരം അതിന്റെ മൂർദ്ധന്യതയിൽ എത്തിയപ്പോൾ ഇന്ത്യ രണ്ടായി പിരിക്കാനു ള്ള സാധ്യതകളും പാരമ്യത്തിലെത്തി. ബ്രിട്ടീഷുകാരൻ എരിയുന്ന തീയി ൽ എണ്ണ പകർന്നുകൊണ്ട് വിദഗ്ധമായി കളിച്ചു. നെഹ്റുവിനെ തന്റെ

ഇംഗിതത്തിനൊത്ത് കുറെയെല്ലാം സ്വാധീനിക്കാൻ അവസാനത്തെ വൈസ്രോയിയും സ്വതന്ത്ര ഇന്ത്യയുടെ ഒന്നാമത്തെ ഗവർണ്ണർ ജനറലുമായിരുന്ന മൗണ്ട് ബാറ്റൺ പ്രഭുവിന് കഴിഞ്ഞു. പ്രഭുവിന്റെ പത്നി എഡ്വിനാ മുഖേനയാണ് ഇത് സാധ്യമായതെന്ന് പരക്കെ വാർത്ത പരന്നിരുന്നു. എഡ്വിനാ നെഹ്റുവിന്റെ ഒരു ദൗർബല്യമായിരുന്നുവത്രെ! ഈ വാർത്ത എരിവും പുളിയും മധുരവും കലർന്ന പലതരം കഥകളിലൂടെ പ്രചരിച്ചു. സ്വാതന്ത്ര്യത്തിനു ശേഷം ഈ കഥകൾക്ക് നിറം പകരുന്ന പല നോവലുകളും ചിത്രീകരണങ്ങളും സിനിമകൾപോലും ഉണ്ടായിരുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. നെഹ്റു ഒരു നിരീശ്വരവാദിയായി അറിയപ്പെട്ടിരുന്നുവെങ്കിലും തനിക്ക് ജന്മം നൽകിയ സവർണ ബ്രാഹ്മണ വർഗത്തിന്റെ താൽപര്യങ്ങൾക്ക് വിരുദ്ധമായ ഒരു നിലപാട് കൈക്കൊള്ളുവാൻ മുതിർന്നില്ല. കുശാഗ്രബുദ്ധിയും ഒരു വക്കീലിന്റെ വൈഭവവും മൂർത്തമായി സമ്മേളിച്ച ജിന്നാസാഹിബ് കനത്ത ശുണ്ഠിയോടെ മുന്നോട്ടു നീങ്ങി. കടുത്ത ദേശീയവാദിയായിരുന്ന ജിന്ന ശക്തനായ മുസ്‌ലിം വർഗ്ഗീയവാദിയായി രൂപഭേദം പ്രാപിച്ചതിന്റെ പിന്നിലുള്ള വസ്തുതകൾ വളരെ വിരളമായി മാത്രമേ രാഷ്ട്രീയ ചരിത്രകാരന്മാർക്കിടയിൽ നിരൂപണം ചെയ്യപ്പെട്ടിട്ടുള്ളൂ. വ്യാപകമായി ഇന്ത്യൻ ജനത പഠിക്കേണ്ടിയിരുന്ന വസ്തുതകൾ സങ്കുചിത താൽപര്യങ്ങൾ മൂലം തടയപ്പെടുകയാണുണ്ടായത്.

ഖിലാഫത്ത് പ്രസ്ഥാനത്തിൽ സജീവ ബന്ധവും പ്രവർത്തനവുമായി ശോഭിക്കുകയും മലബാർ ലഹളയുടെ ഭയാനകമായ വിപത്തുകളിൽ നിന്നും സമുദായത്തെ രക്ഷിക്കാൻ അഹോരാത്രം പണിപ്പെടുകയും ചെയ്ത എന്റെ ബഹുമാന്യ ഗുരുനാഥൻ കെ.എം. മൗലവിസാഹിബ് കോൺഗ്രസ്സിനുള്ളിലെ വർഗീയ ധ്രുവീകരണം അടുത്തറിയുകയും തന്മൂലം തന്റെ സന്തത സഹചാരികളും മിത്രങ്ങളുമായിരുന്ന മലബാറിലെ കോൺഗ്രസ് നേതാക്കളുമായി വിട്ടകലുകയും ചെയ്തു. കെ. മാധവൻ നായർ, കെ.പി. കേശവമേനോൻ തുടങ്ങിയ കോൺഗ്രസ്സിലെ നേതൃപ്രമുഖരുടെ മനോഭാവവും വർഗീയ കരുനീക്കങ്ങളും കോൺഗ്രസ്സിലെ സവർണ ദേശീയ നേതൃത്വത്തിന്റെ നിലപാടുകൾക്ക് ശക്തിപകരുന്നതായി മൗലവി മനസ്സിലാക്കി. ഇതുമൂലം മുസ്‌ലിംലീഗിനോടുള്ള അദ്ദേഹത്തിന്റെ ആഭിമുഖ്യത്തിന് ബലം വർദ്ധിച്ചു. കോൺഗ്രസിനുള്ളിലെ സവർണ ഹിന്ദു വർഗീയതയുടെ ധ്രുവീകരണം ദേശീയതലത്തിലും പ്രദേശിക ഘടകങ്ങളിലും വർദ്ധിച്ചുവരുന്നു എന്ന ദുഃഖസത്യം മൗലവിയെ തീവ്രമായി ചിന്തിക്കുവാൻ പ്രേരിപ്പിച്ചു. മഹാനായ സംശുദ്ധ ദേശീയവാദി മുഹമ്മദ്

അബ്ദുറഹ്മാൻ സാഹിബിനെപ്പോലുള്ള മുസ്‌ലിം നേതാക്കളോട് സവർണ ലോബിയുടെ സമീപനം മൗലവിയെ വളരെ ദുഃഖിതനാക്കിയിരുന്നു. തന്റെ വിചാരങ്ങളെ വികാരം കീഴ്പ്പെടുത്തിയ സന്ദർഭത്തിലായിരിക്കണം മുസ്‌ലിംകൾ മുസ്‌ലിം ലീഗിൽ ഒന്നൊഴിയാതെ അണിചേരേണ്ടത് മതപരമായിതന്നെ ഒരു നിർബന്ധകാര്യമായിത്തീരുന്നുവെന്ന് ഫത്‌വ പുറപ്പെടുവിക്കാൻ പോലും അദ്ദേഹത്തെ നിർബന്ധിതനാക്കിയത്. എന്നെപ്പോലുള്ള ശിഷ്യന്മാർ അദ്ദേഹത്തിന്റെ നിർദ്ദേശം ശിരസാവഹിച്ചു. മുസ്‌ലിംലീഗിനെ ഒരു ശക്തിദുർഗ്ഗമാക്കിയെടുക്കാൻ പ്രാപ്തിയുള്ള ഒരു തലച്ചോറിനെ മൗലവി സീതിസാഹിബിൽ ദർശിച്ചു. മൗലവിയുടെ ആത്മാർത്ഥതയും ആദർശശുദ്ധിയും അറിവിന്റെ നീരൊഴുക്കും സീതിസാഹിബിന്റെ മനസ്സിലും ഏറെ സ്വാധീനം ചെലുത്തി. അവർക്കിടയിൽ നടന്ന വസ്തുതാപരവും ദീർഘങ്ങളുമായ പഠനവും ചർച്ചകളുമാണ് എ.ഐ.സി.സി. മെമ്പറും കോൺഗ്രസിന്റെ കേരളത്തിലെ പ്രമുഖ വക്താവുമായിരുന്ന സീതിസാഹിബിനെ മുസ്‌ലിംലീഗിന്റെ കുടുംബത്തിലെ കണ്ണിയാക്കിയത്. മൗലവിയുടെ കണ്ടെത്തൽ നൂറ്റിയൊന്നു ശതമാനവും യാഥാർത്ഥ്യമായി പുലർന്നു. സീതിസാഹിബിന്റെ മനസ്സും ശരീരവും തലച്ചോറും ഒരു ബിന്ദുവിൽ ഒന്നിച്ചപ്പോൾ മുസ്‌ലിംലീഗ് കേരളത്തിലെ ശക്തിയായി വളർന്നു....

ഓർമകളുടെ തീരത്ത്

## 23

# ഖേദമുണ്ട് പക്ഷേ....

ഞാൻ ഒരു രാഷട്രീയ ചിന്തകനോ നിരൂപകനോ അല്ല. പക്ഷേ, മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിനെ സ്മരിക്കേണ്ടിവന്നപ്പോൾ ചില സാമൂഹിക രാഷ്ട്രീയ പ്രശ്നങ്ങളും കൂട്ടത്തിൽ ഓർത്തുപോയി എന്നുമാത്രം. എന്റെ അറിവും അനുഭവങ്ങളുമായി ഇടകലർന്ന വസ്തുതകളിൽ മായാതെ കിടക്കുന്ന ചില രേഖകൾ ഇവിടെ കുറിച്ചുവെന്ന് മാത്രം. അന്ന് ഞാൻ സ്വീകരിച്ച പല നിലപാടുകളും അതിർകവിയലോ വൈകാരികം മാത്രമോ ആയിരുന്നുവെന്ന് പിന്നീട് എനിക്ക് തോന്നിയിട്ടുണ്ട്. അതിൽ ഒന്നാണ് പാക്കിസ്ഥാൻ വാദത്തിന്റെ ശക്തനായ അനുകൂലിയായി ഞാൻ വേദികളിൽ പ്രത്യക്ഷപ്പെട്ടത്. മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിന്റെ മുമ്പിൽപോലും ന്യായവാദങ്ങളുമായി ഉറച്ചുനിൽക്കാൻ എന്നെ പ്രേരിപ്പിച്ചതും ഈ വികാരപരമായ ചിന്തയായിരുന്നു. മുസ്‌ലിംകൾ മുസ്‌ലിംലീ

ഗിൽ അംഗങ്ങളാകേണ്ടത് നിർബന്ധ കടമയാണെന്ന് എന്റെ ഗുരുനാഥൻ ഫത്വ ഇറക്കിയതും ഈ ഇനത്തിൽ പെട്ടതായിരുന്നു എന്ന് പിന്നീട് എനിക്ക് ബോധ്യമായി. എന്നാൽ മതവിഷയങ്ങളിൽ, പ്രത്യേകിച്ച് തൗഹീദ് പ്രബോധനരംഗത്ത് കെ.എം. മൗലവിയുടെ നേതൃത്വവും വീക്ഷണവും പൂർണമായി പിന്തുണച്ച സലഫി പണ്ഡിതന്മാരിൽ പലരും. ഉദാ: എ.കെ. അബ്ദുൽ ലത്തീഫ് മൗലവി, ഇ.കെ. മൗലവി, മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് തുടങ്ങിയ പല ചിന്തകരും അദ്ദേഹത്തിന്റെ മേൽപറഞ്ഞ ഫത്വയോട് തീരെ യോജിക്കുന്നവരായിരുന്നില്ല. അവർ രാഷ്ട്രീയമായി നല്ല കോൺഗ്രസ്സ് നേതാക്കളും പ്രവർത്തകരുമായി തന്നെ നിലകൊണ്ടു. ഭൗതികമായ വിഷയങ്ങളിലുണ്ടായിരുന്ന ഈ അഭിപ്രായ ഭിന്നതയും മതപ്രബോധനരംഗത്ത് നിലനിന്ന ഐക്യവും ദൃഢതയും പ്രസ്ഥാനത്തിന്റെ സവിശേഷതകളിൽപെടുന്നതാണ്. മഹാന്മാരും വിശുദ്ധരുമായ സ്വഹാബികൾക്കിടയിലും ഭൗതികരാഷ്ട്രീയകാര്യങ്ങളിലെ അഭിപ്രായവ്യത്യാസവും മതകാര്യങ്ങളിലെ ഒത്തൊരുമയും നമുക്ക് ദൃശ്യമാണ്. മൗലികമായ ഈ ചരിത്ര പാരമ്പര്യത്തിനെതിരിൽ രൂപപ്പെടുത്തിയതും രൂപപ്പെടുത്തിക്കൊണ്ടിരിക്കുന്നതുമായ സംഘടനാ രംഗത്തെ കേഡർ സ്വഭാവമാണ് ഇപ്പോൾ ലോകാടിസ്ഥാനത്തിൽ തന്നെ മുസ്‌ലിം സമുദായത്തിൽ ഉണ്ടായ നാശങ്ങൾക്ക് കാരണം. തീവ്രവാദങ്ങളും ഭീകരവാദങ്ങളും വാരിപ്പുണരുന്ന സമൂഹങ്ങൾ നിശബ്ദമായ അനുസരണത്തിന്റെയും അനുകരണത്തിന്റെയും സൃഷ്ടികളാണ്. നിശബ്ദരായിരിക്കുക, അനുസരിക്കുക എന്ന മുദ്രാവാക്യമാണ് എല്ലാ കേഡർ പ്രസ്ഥാനങ്ങളേയും വഴിതെറ്റിച്ചത്. പ്രവാചകനെ നിരുപാധികമായും പരിപൂർണമായും അനുസരിക്കാൻ മനസാ വാചാ കർമ്മണാ ഒരുങ്ങിയിരുന്ന സ്വഹാബികൾ സമ്മേളിച്ചിരുന്ന പ്രവാചകസദസ്സിൽപോലും ഇത്തരം ഭീകര നിശബ്ദത ദർശിക്കാൻ നമുക്ക് കഴിയില്ല. നബിﷺയുടെ അനുചരന്മാർ സംശയങ്ങൾ ചോദിച്ച് പഠിക്കുകയും വിശദീകരണങ്ങൾ തേടുകയും ചെയ്യുമായിരുന്നു. നബിﷺ അതനുവദിച്ചു കൊടുത്തിരുന്നു. മിണ്ടരുത്, സംസാരിക്കരുത്, അനുസരിക്കുക മാത്രമാണ് ബാധ്യത എന്ന ആധുനിക കേഡർ സംഘടനകളുടെ ചട്ടക്കൂട് ഇസ്‌ലാമികമല്ല. മതപരമായ കാര്യങ്ങളിൽ നിരുപാധികവും സമ്പൂർണ്ണവുമായ അനുസരണവും ഭൗതിക കാര്യങ്ങൾ അഭിപ്രായ സ്വാതന്ത്ര്യവും. അതാണ് ഇസ്‌ലാം പഠിപ്പിച്ചത്. പ്രവാചകന്റെ സദസ്സിൽ നിങ്ങൾ മിണ്ടരുത് എന്ന് അല്ലാഹു കൽപിച്ചിട്ടില്ല. പ്രവാചകന്റെ ശബ്ദത്തേക്കാൾ നിങ്ങളുടെ ശബ്ദം ഉയർത്തരുത് എന്നായിരുന്നു കൽപന. ആദരവും ബഹുമാനവും പ്രകടിപ്പിക്കേണ്ടതി

ന്റെ മുഖ്യപാഠം ഇതുമൂലം നൽകുകയായിരുന്നു. തികച്ചും ഇസ്‌ലാമിക മായ ഈ ജനാധിപത്യരീതിയാണ് ഭൗതിക വീക്ഷണങ്ങളിൽ ഇസ്‌ലാ ഹീ പ്രസ്ഥാനം തുടക്കം മുതൽക്കേ അനുവർത്തിച്ചു പോന്നിരുന്നത്. നിർഭാഗ്യവശാൽ സമീപകാലത്ത് വിശാലമായ ഈ കാഴ്ചപ്പാടിനെതിരി ൽ ചില വർക്ഷോപ്പുകളും നിശാക്യാമ്പുകളും രൂപപ്പെട്ടുവന്നതായി എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. അതിന്റെ പരിണാമം അത്യന്തം അപകടകരമായി ഭവിക്കുമെന്ന് ഞാൻ ഭയപ്പെടുന്നു. അല്ലാഹു കാത്തു രക്ഷിക്കട്ടെ.

ഞാൻ ചില ഓർമ്മകൾ നിങ്ങളുമായി പങ്കുവെക്കാൻ ഉദ്ദേശിക്കുമ്പോ ൾ പലപ്പോഴും അതിന്റെ പശ്ചാത്തലം കുറച്ച് പറയേണ്ടിവരും. എങ്കിലേ പുതിയ തലമുറക്ക് അത് ഹൃദ്യമാകൂ. ഇന്ത്യ സ്വാന്ത്ര്യം നേടുമ്പോൾ ഞാൻ പട്ടാളപ്പള്ളിയിൽ ഖതീബായിരുന്നു. 1946ലെ തെരഞ്ഞെടുപ്പിൽ മുസ്‌ലിംലീഗിന്റെ വേദികളിൽ ഞാൻ പ്രസംഗകനായിരുന്നു. കൂടാതെ ഞാൻ ഒരു പാക്കിസ്ഥാൻ വാദിയും. പട്ടാളപ്പള്ളിയുടെ കമ്മിറ്റിക്കാർ കോ ൺഗ്രസ്സുകാരായിരുന്നു. അവർ മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിന്റെ യും ഇ. മൊയ്തുമൗലവിയുടെയും ശിഷ്യന്മാരും സുഹൃത്തുക്കളുമാണ്. മൊയ്തു മൗലവി പട്ടാളപ്പള്ളിയിലെ സ്ഥിരം നമസ്കാരക്കാരനും. മിക്ക ദിവസങ്ങളിലും അദ്ദേഹം ഉറക്കം തന്നെ പള്ളിയിലായിരുന്നു. ഞാൻ ലീഗ് സ്റ്റേജുകളിൽ വെളിപ്പെട്ടപ്പോൾ കമ്മിറ്റിക്കാർക്ക് എന്നോട് ഒരതൃപ് തി. തുറന്നു പറഞ്ഞില്ലെങ്കിലും എനിക്കത് മനസ്സിലായി. വെറുപ്പില്ലാത്ത നിലയിൽ സൂത്രത്തിൽ ഒഴിയാൻ ഞാൻ ഉദ്ദേശിച്ചു. അങ്ങനെ പകരത്തി നായി പലരേയും ഖുത്ബ നിർവ്വഹിക്കാൻ അയക്കൽ പതിവാക്കി. സി. പി. കുഞ്ഞുമൊയ്തീൻ മൗലവി (തൃപ്പനച്ചി), കെ. മൊയ്തു മൗലവി (പി ന്നീട് ജമാഅത്തെ ഇസ്‌ലാമിയുടെ നേതാവായി) എൻ.വി. അബ്ദുസ്സ ലാം മൗലവി, വി.എം. മുഹ്‌യിദ്ദീൻകുട്ടി മൗലവി (ആനമങ്ങാട്) എന്നിവർ അങ്ങനെ പകരക്കാരായവരാണ്. ഞാൻ ഇടക്ക് കോഴിക്കോട് വന്ന് ഖുത് ബയെക്കുറിച്ചുള്ള പ്രതികരണം അന്വേഷിക്കുകയും ചെയ്യും. അപ്പോൾ മുഹ്‌യിദ്ദീൻകുട്ടി മൗലവിയെക്കുറിച്ചു പൊതുവെ നല്ല തൃപ്തിയുള്ളതായി കണ്ടു. പള്ളി പ്രസിഡണ്ട് കൊടക്കാരൻ ബാവഹാജിയോട് ഞാൻ പറ ഞ്ഞു. എനിക്ക് പകരം രണ്ടു മാസം മുഹ്‌യിദ്ദീൻ കുട്ടി മൗലവി ഖുത്ബ നടത്തട്ടെ. ഇത് സെക്രട്ടറിക്കും സമ്മതമായി. രണ്ടുമാസം കഴിഞ്ഞപ്പോൾ ഞാൻ ചാർജെടുക്കാൻ ചെന്നില്ല. അവർ എന്നെ വിളിച്ചതുമില്ല. ഞാൻ സ്വയം ഒഴിഞ്ഞുപോരുകയും ചെയ്തില്ല. ഇങ്ങനെ രണ്ടുവർഷത്തിലധി കം തുടർന്നു. ലീഗുരാഷ്ട്രീയവും പാക്കിസ്ഥാൻവാദവും പറയുന്ന ഞാൻ

മടങ്ങിച്ചെല്ലാത്തതിൽ കമ്മിറ്റിക്കാർ ആശ്വാസം കൊണ്ടു!

അങ്ങനെ ഒരു റമളാൻ മാസം എത്തി. കോഴിക്കോട് കുറ്റിച്ചിറയിൽ കുറെ ദിവസം തുടർച്ചയായി മുഹ്‌യിദ്ദീൻകുട്ടി മൗലവി മതപ്രസംഗം നടത്തി. ആ പ്രസംഗത്തിൽ അദ്ദേഹം ഒരു ഖുറാഫാത്തിന്റെ കെട്ടുകഥ അബദ്ധത്തിൽ വിളമ്പി. പഠിച്ചതും ശീലിച്ചതുമായ പല ഖുറാഫാത്തുകളും പറ്റെ ഒഴിഞ്ഞുപോകാൻ കുറെ സമയമെടുക്കും. കൂടുതൽ പഠനത്തിലൂടെയും പരിശീലനത്തിലൂടെയും മാത്രമേ ഇതിൽ നിന്നും പൂർണമായ മോചനം സാധ്യമാകൂ. ഈ സംഭവം കമ്മിറ്റിക്കാർക്കും പൊതുവെ സലഫീ ആദർശക്കാർക്കും വലിയ നാണക്കേടുണ്ടാക്കി. അതൊരു പ്രശ്നമായിത്തീർന്നു. അങ്ങനെ പള്ളി സെക്രട്ടറി എന്നെ വിളിപ്പിച്ച് കാര്യം പറഞ്ഞു. ഞാൻ ചോദിച്ചു: രണ്ടു മാസത്തേക്കാണല്ലോ ഞാൻ അദ്ദേഹത്തെ ഏൽപിച്ചത്. അതു കഴിഞ്ഞപ്പോൾ നിങ്ങൾ എന്നെ എന്തുകൊണ്ട് വിളിച്ചില്ല. നിങ്ങൾ എന്തുകൊണ്ട് വന്നില്ല എന്ന് സെക്രട്ടറിയും. രോഗി ഇച്ഛിച്ചതും വൈദ്യൻ കല്പിച്ചതും പാൽ എന്ന ചൊല്ല് പോലെ കാര്യം അവസാനിച്ചു. ഞാൻ അവിടെ നിന്ന് പിന്മാറി. രാഷ്ട്രീയം തന്നെ കാരണം. സജീവ രാഷ്ട്രീയം എനിക്ക് പറ്റുന്നതല്ലെന്ന് ഇതിലൂടെ ഞാൻ പഠിച്ചു. പിന്നീട് ആ വഴിക്ക് ഇതുവരെ പോയിട്ടില്ല. വ്യക്തിപരമായ അകൽച്ചക്കും വെറുപ്പിനും ഇടയാകാത്തവിധം എല്ലാ സ്നേഹബന്ധങ്ങളും സൗഹൃദങ്ങളും നിലനിൽക്കാൻ എന്റെ പിൻവാങ്ങൽ ഏറെ ഉപകരിച്ചു. പട്ടാളപ്പള്ളിയുമായുള്ള എന്റെ ബന്ധം എല്ലാ നിലക്കും എനിക്ക് വലിയ മുതൽകൂട്ടായിരുന്നു. തുടർന്നുള്ള എന്റെ ആദർശവീഥിയിൽ ആ ബന്ധങ്ങൾ കുറച്ചൊന്നുമല്ല പ്രയോജനപ്പെട്ടത്. എന്റെ യാത്രയുടെ ഗതി തന്നെ കൂടുതൽ ഉത്തമമായ നിലയിൽ മാറിമറിയാൻ ആ ഹ്രസ്വമായ ജീവിതം കാരണമായിത്തീർന്നിട്ടുണ്ട്. അതേക്കുറിച്ച് വഴിയെ പറയാം.

ശേഷം, മുഹമ്മദലി ഹാജി (എടയൂർ) അവിടെ ഖത്വീബായി. അദ്ദേഹം പിന്നീട് കേരള ജമാഅത്തെ ഇസ്‌ലാമിയുടെ സ്ഥാപക അമീറായി. ജമാഅത്ത്കാരനാകുന്നതിനു മുമ്പു തന്നെ ഞങ്ങൾ നല്ല സുഹൃത്തുക്കളായിരുന്നു. ഞാൻ തന്നെയാണ് ആ പള്ളിയിൽ അദ്ദേഹത്തിന് ഖുത്ബ നടത്താൻ അവസരം നൽകി പരിചയപ്പെടുത്തിയത്. അദ്ദേഹം നല്ല പ്രസംഗകനായിരുന്നു. പക്ഷെ, അധികവും അദ്ദേഹം ചുമതലപ്പെടുത്തിയ പ്രകാരം പകരക്കാരനായി മുൻ ജമാഅത്ത് അമീർ കെ.സി. അബ്ദുല്ല മൗലവിയാണ് ഖുത്ബ നിർവ്വഹിച്ചുപോന്നത്. ഈ നില തുടരുന്നതിനിടയിലാണ് ജമാഅത്തിന്റെ അതിരുവിട്ട ആദർശവും നയപരിപാടികളും വെളിപ്പെട്ടതും ഞാൻ അവരെ എതിർക്കാൻ മുന്നിട്ടിറങ്ങിയതും. എന്റെ

യാത്രാനുഭവങ്ങളിലെ മുഖ്യ ചരിത്രമാണിത്. അത് നമുക്ക് വഴിയെ ചർച്ച ചെയ്യാം.

അക്കാലത്ത് പള്ളി സെക്രട്ടറി ഇ.വി. അബൂബക്കർ കുഞ്ഞി ഹാജി ആയിരുന്നു. അദ്ദേഹം നമ്മുടെ എതിർപ്പുകളെ അവഗണിക്കുകയും ഇവരെ പിന്തുണക്കുകയും ചെയ്തപ്പോൾ ആദർശ രംഗത്ത് അതൊരു പ്രശ്നമായി. ഇവിടെയാണ് കുഞ്ഞോയി വൈദ്യരെ സ്മരിക്കുന്നത്. കോഴിക്കോട് ഫ്രാൻസിസ് റോഡിൽ ഒരു വൈദ്യശാലയുമായി കഴിഞ്ഞിരുന്ന ഇദ്ദേഹം ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ വലിയ ഗുണകാംക്ഷിയും നേതൃത്വനിരയിലെ ആസൂത്രകനുമായിരുന്നു. വൈദ്യശാലയിലെ മുഖ്യ ചികിത്സ ശരീരത്തിലെ രോഗങ്ങൾക്കായിരുന്നില്ല. സമുദായത്തിന്റെ ആത്മാവിനെ കാർന്നുതിന്നുകൊണ്ടിരിക്കുന്ന ശിർക്ക്- ബിദഅത്ത് എന്ന ക്യാൻസർ രോഗത്തിനെതിരിലായിരുന്നു. അതേക്കുറിച്ചുള്ള ചർച്ചകളും ആസൂത്രണങ്ങളും ഗവേഷണങ്ങളുമായിരുന്നു വൈദ്യശാലയിൽ സദാ നടന്നുകൊണ്ടിരുന്നത്. കുഞ്ഞോയി വൈദ്യരുടെ ഡിസ്പെൻസറിയിൽ വന്നുചേരാത്ത മൗലവിമാരും ഇസ്‌ലാഹീ നേതാക്കളും നന്നെ കുറവാണ്. ദൃഢവിശ്വാസിയും അതീവ സൂത്രധാരകനും പണ്ഡിതനും ബുദ്ധിമാനുമായിരുന്നു വൈദ്യർ. കോഴിക്കോട് ചെന്നാൽ കുഞ്ഞോയി വൈദ്യരെ കാണാതെ മടങ്ങിപ്പോരാൻ മനസ്സ് സമ്മതിക്കുമായിരുന്നില്ല. അത്ര ശക്തമായിത്തീർന്നു ഞങ്ങളുടെ ബന്ധം.

ജമാഅത്തെ ഇസ്‌ലാമിയെ പിന്തുണക്കുന്ന പള്ളി സെക്രട്ടറിയുടെയും കൂട്ടാളികളുടെയും വേലിക്കെട്ടു തകർക്കാൻ വൈദ്യർ ഒരു ചികിത്സ പ്രയോഗിച്ചു. ഒരു ഊമ നോട്ടിസ് പരസ്യം ചെയ്തു. അത് ഏൽക്കേണ്ടിടത്ത് ശരിക്കും ഏറ്റു. ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ച് കമ്മിറ്റിയിൽ എതിരഭിപ്രായം ശക്തമായി. അങ്ങനെ മുഹമ്മദലി ഹാജിയെ ഖത്വീബ് സ്ഥാനത്തു നിന്നും ഒഴിവാക്കി. തുടർന്ന് എ.കെ. അബ്ദുല്ലത്വീഫ് മൗലവിയാണ് തൽസ്ഥാനത്ത് നിയോഗിതനായത്. അന്ന് അദ്ദേഹം തിരൂരങ്ങാടി നൂറുൽ ഇസ്‌ലാം മദ്റസയിൽ പ്രധാന അദ്ധ്യാപകനും ഞാൻ യതീംഖാനയുടെ മാനേജറുമായിരുന്നു. മദ്റസയിൽ അദ്ധ്യാപകനും. 1956കളുടെ ആരംഭമാണത്. അബ്ദുല്ലത്വീഫ് മൗലവി ഏകദേശം രണ്ട് പതിറ്റാണ്ടുകാലം പട്ടാളപ്പള്ളിയിലെ ഖത്വീബായി തുടർന്നു. പ്രഗത്ഭങ്ങളും ആദ്യന്തം പഠനാർഹങ്ങളുമായിരുന്നു അദ്ദേഹത്തിന്റെ ഖുത്ബകൾ. അദ്ദേഹത്തിന്റെ ഖുത്ബകൾ ഒന്നാകെ ടേപ്പ് ചെയ്ത് ക്രോഡീകരിച്ച് എഴുതി പ്രസിദ്ധീകരിച്ചിരുന്നുവെങ്കിൽ മതവിജ്ഞാനരംഗത്ത് വലിയ ഗ്രന്ഥങ്ങളുടെ മുതൽക്കൂട്ടാകുമായിരുന്നു. പക്ഷെ, അക്കാലത്ത് അത്തരം

സൗകര്യങ്ങൾ വിരളമായിരുന്നുവല്ലോ.

എ.കെ. അബ്ദുല്ലത്വീഫ് മൗലവി അസാമാന്യ ബുദ്ധിജീവിയും പ്രഗത്ഭനായ പണ്ഡിതനും സമർത്ഥനായ എഴുത്തുകാരനുമായിരുന്നു. ഞങ്ങൾ ആദർശരംഗത്ത് ഏറെ ഇണങ്ങിയും അതുപോലെ പിണങ്ങിയും കഴിഞ്ഞ സുഹൃത്തുക്കളായിരുന്നു. ദീർഘകാലം അദ്ദേഹം നദ്‌വത്തുൽ മുജാഹിദീന്റെ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. അൽമനാറിന്റെ പത്രാധിപസമിതിയിലെ മുഖ്യനുമായിരുന്നു. തിരൂർക്കാട് ഞാൻ സ്വന്തമായി പുരയിടം വാങ്ങിയപ്പോൾ അതിൽ ഒരു കൊച്ചു മൺപുരയാണ് ഉണ്ടായിരുന്നത്. അസൗകര്യമുള്ള ആ ചെറിയ വീട്ടിൽ അബ്ദുല്ലത്വീഫ് മൗലവി എന്നോടൊത്ത് ഏതാനും ദിവസങ്ങൾ കഴിഞ്ഞുകൂടിയിട്ടുണ്ട്. അദ്ദേഹം വരാന്തയിൽ രാത്രി കിടന്നുറങ്ങും. അവിടെയിരുന്നു ഒരു പുസ്തകം തയ്യാറാക്കലായിരുന്നു ഞങ്ങളുടെ ജോലി. കണ്ണൂർ പി. അബ്ദുൽ ഖാദിർ മൗലവി രചിച്ച 'അത്തൗഹീദ്' എന്ന മഹദ് ഗ്രന്ഥത്തിന് പുറത്തേക്കാടൻ മൂസ മുസ്‌ലിയാർ എന്ന സുന്നി പണ്ഡിതൻ അറബി മലയാളത്തിൽ ഒരു ഖണ്ഡനം പ്രസിദ്ധീകരിച്ചു. അതിനൊരു ഖണ്ഡനം വേണമെന്ന് ജംഇയ്യത്തുൽ ഉലമാ കമ്മിറ്റി തീരുമാനിച്ചു. ആ കൃത്യം നിർവ്വഹിക്കുവാൻ ചുമതല ഏൽപിക്കപ്പെട്ടവർ ഞങ്ങളായിരുന്നു. പുസ്തകം പൂർത്തീകരിച്ചു തിരൂരങ്ങാടിയിലേക്ക് കൊണ്ടുപോയി. കെ.എം. മൗലവിയുടെ പരിശോധനയും നിർദ്ദേശങ്ങളും വേണ്ടത്ര നടന്നു. അങ്ങനെ അസ്സൽ തയ്യാറാക്കി. ഞങ്ങൾ മൂന്നുപേരുടെയും നാമത്തിൽ അത് പ്രസിദ്ധീകരിച്ചു. മതവിരുദ്ധമായി കാണുന്ന കാര്യങ്ങളെ അപ്പപ്പോൾ വേണ്ടവിധം പ്രതികരിക്കുന്നതിൽ കെ.എം. മൗലവി, എം.സി.സി. മുതൽപേർ വളരെ ശ്രദ്ധാലുക്കളായിരുന്നു. അവരുമായി നിലനിന്ന ദീർഘവും നിത്യവുമായ സമ്പർക്കം നിമിത്തം ആ സ്വഭാവം കുറെയൊക്കെ എനിക്കും പകർന്നുകിട്ടി. അങ്ങനെയാണ് ഞാൻ പലർക്കും പരിഹാസപാത്രമായ നോട്ടീസ് മൗലവിയായത്. പരിഹാസം ശത്രുതാപരമായാലും സ്നേഹപൂർവ്വമായാലും ഞാൻ മുഖവിലക്കെടുക്കാറില്ല. "ഇന്ന കാര്യത്തിൽ എന്റെ ദീനിനെതിരിൽ ഒരു സംഗതിയുണ്ടാകുകയും നിന്റെ ശ്രദ്ധയിൽ അതെത്തുകയും ചെയ്തപ്പോൾ നീ എന്തു ചെയ്തു?" പരലോകത്ത് അല്ലാഹുവിന്റെ സന്നിധാനത്തിൽ നിന്നും ഇങ്ങനെ ഒരു ചോദ്യം ഉണ്ടായാൽ എനിക്ക് കുറച്ചെങ്കിലും വിടുതൽ ലഭിക്കണം. "അല്ലാഹുവേ, ഈ സാധുവിന്റെ അറിവും കഴിവും വളരെ പരിമിതമായിരുന്നു. അതുകൊണ്ട് എനിക്ക് ഇങ്ങനെ ഒരു നോട്ടീസ് പുറത്തിറക്കാൻ മാത്രമേ കഴിഞ്ഞുള്ളൂ. നീ ഔദാര്യപൂർവ്വം പൊറുത്ത് തരേണമേ" എന്നിങ്ങനെ താണുകേണു പറയാൻ

എനിക്ക് കഴിയണം. അതുമാത്രമേ ഞാൻ എപ്പോഴും ഉദ്ദേശിച്ചിട്ടുള്ളൂ. 'ഇന്നമൽ അഅ്മാലു ബി ന്നിയ്യാത്ത്' (നിശ്ചയമായും കർമ്മങ്ങൾ ഉദ്ദേശ്യമനുസരിച്ചാണ്) എന്നാണല്ലോ നബിവചനം. വിപുലമായ അർത്ഥതലങ്ങളെ വ്യാപരിപ്പിക്കുന്ന ഒരു ഹദീസാണിത്. ഇതിന്റെ മഹത്വവും അർത്ഥവ്യാപ്തിയും ഗ്രന്ഥങ്ങൾ രചിച്ചാലും പൂർണ്ണമാകുകയില്ല. ലക്ഷക്കണക്കിന് ഹദീസുകൾ ശേഖരിച്ച് അവയിൽ ഗവേഷണവും പരിശോധനയും കഴിവതും പൂർത്തിയാക്കിയശേഷം ഇമാം ബുഖാരി സ്വഹീഹായി രേഖപ്പെടുത്തിയത് നാലായിരം ഹദീസുകളാണ്. അവയിൽ ഒന്നാം നമ്പർ ആയി അദ്ദേഹം കൊത്തിവെച്ചത് മേൽ പറഞ്ഞ കൊച്ചുവാക്യമുൾക്കൊള്ളുന്ന ഹദീസായിരുന്നു. തുടർന്നുവരുന്ന മുഴുവൻ കർമോത്സുകങ്ങളായ പാഠങ്ങളും ഈ വചനത്തെ ആധാരമാക്കുന്നു. പക്ഷെ, അധികമാളുകളും ഇതിന്റെ പ്രാധാന്യം ഉൾക്കൊള്ളുന്നവരാണോ? അനുഭവങ്ങൾ സംശയത്തിന് ഇടനൽകുന്നു. മനുഷ്യന്റെ പ്രയത്നങ്ങളും പ്രവർത്തനങ്ങളും നിയ്യത്തിനെ ആശ്രയിച്ചിരിക്കുന്നു. പുറമെ എത്ര മനോഹരങ്ങളായിരുന്നാലും ശരി, അതനുഷ്ഠിക്കുന്ന വ്യക്തിയുടെ വിചാരത്തിലെ വിശുദ്ധിയും അശുദ്ധിയുമാണ് അല്ലാഹുവിൽ പരിഗണിക്കപ്പെടുന്നതെന്ന അനർഘമായ യാഥാർത്ഥ്യം പലപ്പോഴും മനുഷ്യൻ മറന്നുപോകുന്നു.

ഓർമകളുടെ തീരത്ത്

## 24

# പെരുന്നാൾ വെള്ളിയാഴ്ച

എ.കെ. അബ്ദുല്ലത്വീഫ് മൗലവിയുമായി അഭിപ്രായഭിന്നതയുണ്ടായ ഒരു വിഷയം ഞാൻ ഇപ്പോൾ ഓർമ്മിക്കുകയാണ്. പട്ടാളപ്പള്ളിയുമായി ബന്ധപ്പെട്ടതു തന്നെയാണ് സംഭവം. 1960ന്റെ ആരംഭത്തിലാണ് ഈ കാര്യം എന്നാണ് എന്റെ ദൃഢമായ ഓർമ്മ. ഒരു വെള്ളിയാഴ്ച ജുമുഅക്ക് പട്ടാളപ്പള്ളിയിൽ കൂടി. എം.സി.സി. അബ്ദുറഹ്മാൻ മൗലവിയും എൻ.വി. അബ്ദുസ്സലാം മൗലവിയും ജുമുഅക്ക് ഉണ്ടായിരുന്നു. ഖുത്ബയിൽ അബ്ദുല്ലതീഫ് മൗലവി കൈകാര്യം ചെയ്ത വിഷയം ശ്രദ്ധേയമായിരുന്നു. അടുത്ത വെള്ളിയാഴ്ച പെരുന്നാളാകാൻ സാധ്യതയുണ്ടെന്ന് അദ്ദേഹം പറഞ്ഞു. വെള്ളിയാഴ്ച പെരുന്നാൾ വന്നാൽ എന്താണ് വേണ്ടത് എന്ന കാര്യമാണ് പ്രതിപാദിച്ചത്.

അബ്ദുല്ലാഹിബ്നു സുബൈർ ﵁ മക്കയിലെ ഗവർണറായിരുന്ന കാലം. ഒരിക്കൽ വെള്ളിയാഴ്ച ദിവസം പെരുന്നാൾ വന്നു. അദ്ദേഹത്തി

ന്റെ നേതൃത്വത്തിൽ ഈദ് നമസ്കാരം നടന്നു. ശേഷം അദ്ദേഹം വീട്ടിലേക്ക് പോയി. പിന്നീട് ജുമുഅക്ക് വേണ്ടി ആളുകൾ ഒരുമിച്ചുകൂടി. പക്ഷെ, അദ്ദേഹം വന്നില്ല. ഇമാം വരാത്തതിനാൽ ആളുകൾ ഒറ്റയൊറ്റയായി നമസ്കരിച്ചു പിരിഞ്ഞു. അനന്തരം അബ്ദുല്ലാഹിബ്നു അബ്ബാസ് തന്റെ താമസസ്ഥലമായ ത്വാഇഫിൽ നിന്നും മക്കയിലെത്തിയപ്പോൾ ആളുകൾ ഈ സംഭവം അദ്ദേഹത്തെ ധരിപ്പിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: “അസ്വാബസ്സുന്ന”. ഈ കാര്യം വിശദീകരിച്ചുകൊണ്ട് ജുമുഅ നടക്കാതിരിക്കൽ സുന്നത്താണെന്നും അഥവാ നടത്തിയാൽ അത് സുന്നത്തിന് എതിരാകുമെന്നും അബ്ദുല്ലത്വീഫ് മൗലവി ഖുത്ബയിൽ പ്രസ്താവിച്ചു.

ഞാൻ ഇതുകേട്ട് അന്തംവിട്ടു. ജുമുഅ മുടക്കാൻ പാടില്ല. നടത്തണം. എന്നാൽ വ്യക്തികൾക്ക് ഉപാധികളോടെ വിട്ടുവീഴ്ച അനുവദിച്ചിട്ടുണ്ട്. ഇതാണ് എന്റെ അറിവ്. ഞാൻ ആലോചിച്ചു. അദ്ദേഹത്തോട് നേരിട്ട് കാര്യം ധരിപ്പിക്കാം. പക്ഷെ, നമസ്കാരശേഷം കുറേ ആളുകൾ എന്നെ വളഞ്ഞു. ഞാൻ അവരുടെ പഴയ ഖത്വീബാണല്ലോ. ഖത്വീബ് മേൽ പ്രകാരം പ്രസ്താവിച്ചതിനാൽ ഞങ്ങൾ ആ ദിവസം ളുഹർ നമസ്കരിക്കേണ്ടതുണ്ടോ? എന്നാണ് സംശയം. ഞാൻ പറഞ്ഞു: “നമസ്കരിക്കണം. രോഗമോ യാത്രയോ നിമിത്തം ജുമുഅ നഷ്ടപ്പെട്ടാൽ ളുഹർ നമസ്കരിക്കൽ പതിവില്ലേ. അതുപോലെ ചെയ്യണം.” ഒരു കൂട്ടം എം.സി.സി മൗലവിയെ വളഞ്ഞു. അവരുടെയും ചോദ്യം ഇതുതന്നെ. ജനങ്ങൾക്ക് ഇതൊരു പുതിയ വർത്തമാനമായിരുന്നു. എന്നാൽ എം.സി.സി പറഞ്ഞത് ഇങ്ങനെയാണ്: “ജുമുഅ നടത്തുകയില്ലെന്ന് ഖതീബ് പറഞ്ഞത് ശരിയല്ല. അത് മുടക്കാൻ പാടില്ല. ജുമുഅ ഒരു സാമൂഹിക ബാധ്യതയും കൂടിയാണ്.” കുറേപേർ എൻ.വി. അബ്ദുസ്സലാം മൗലവിയെ സമീപിച്ചു. എൻ.വി. ആയിടെ കോഴിക്കോട് ഇടിയങ്ങരയിൽ ഖുർആൻ ക്ലാസ് നടത്തിക്കൊണ്ട് താമസിക്കുകയായിരുന്നു. അദ്ദേഹം അന്ന് നദ്‌വത്തുൽ മുജാഹിദീൻ സംസ്ഥാന സെക്രട്ടറിയുമാണ്. അവിടെ ഈ വിഷയത്തിൽ ഹദീസ് ക്ലാസ് നേരത്തെ നിശ്ചയിച്ചിട്ടുണ്ടായിരുന്നു. ആ ക്ലാസിൽ വിഷയം വിശദീകരിക്കാം എന്ന് പറഞ്ഞുകൊണ്ട് എൻ.വി. തൽക്കാലം ഒഴിഞ്ഞു. ഇങ്ങനെ ഞങ്ങൾ മൂന്നുപേരും വ്യത്യസ്തമായ നിലയിലാണ് പ്രതികരിച്ചത്. അതും ഒരു വിഷയമാകുമല്ലോ.

പള്ളിയിൽ നിന്നും ആളുകൾ പിരിഞ്ഞു. ഞാൻ എന്റെ കൂട്ടുകാരനോടൊപ്പം തിരൂരങ്ങാടി യതീംഖാനക്ക് വേണ്ടി പിരിവ് നടത്താൻ ടൗണിലേക്ക് നീങ്ങി. അപ്പോൾ ചെല്ലുന്നിടത്തെല്ലാം ഇതൊരു സജീവ ചർച്ചാവിഷ

യമായി അനുഭവപ്പെട്ടു. മറുപടി പറഞ്ഞു ഞാൻ കുഴങ്ങി. അങ്ങനെ മുൻ നിശ്ചയപ്രകാരം എൻ.വി. അബ്ദുസ്സലാം മൗലവിയുടെ ക്ലാസ്സ് നടന്നു. ജുമുഅ മുടക്കാൻ പാടില്ലെന്ന് അദ്ദേഹം തറപ്പിച്ചുതന്നെ പറഞ്ഞു. കോഴിക്കോട് ഇതു വലിയ വർത്തമാനമായി. അപ്പോൾ പാലാട്ട് കുടുംബത്തിലെ പ്രധാനികൾ ഈ വിഷയത്തിൽ നിങ്ങൾ ഒരു ക്ലാസ് നടത്തണം എന്ന് എന്നോട് ആവശ്യപ്പെട്ടു. ഞാൻ കുറിപ്പുകൾ തയ്യാറാക്കി അടുത്ത ദിവസം ക്ലാസ് നടത്തി. പല പ്രധാനികളും അതിൽ സംബന്ധിച്ചിരുന്നു. ഈ കുറിപ്പുകൾ അച്ചടിച്ച് പ്രസിദ്ധീകരിക്കണം എന്നവർ നിർബന്ധിച്ചു. അങ്ങനെ 'ഇർശാദുൽ ഇഖ്‌വാൻ' എന്ന പേരിൽ അറബി മലയാളത്തിൽ അതു പ്രസിദ്ധീകരിച്ചു. 'വെള്ളിചാഴ്ച പെരുന്നാൾ വന്നാൽ സുന്നത്ത് എന്ത് എന്നതിനുള്ള ദർശനം' എന്ന മുഖക്കുറിപ്പും കൊടുത്തു.

എന്നാൽ ഇതിന് മുമ്പ് നടന്ന ചില കാര്യങ്ങളുണ്ട്. അതുകൂടി പറയുമ്പോഴെ വിഷയത്തിന് പൂർണ്ണത ലഭിക്കൂ. ഈ ചർച്ചയുടെ ചൂട് നിലനിൽക്കെ പുറത്തിറങ്ങേണ്ട അൽമനാർ ആളുകൾ കാത്തിരിക്കുന്നു. അന്ന് അൽമനാറിന്റെ കൈകാര്യകർതൃത്വം അബ്ദുല്ലത്വീഫ് മൗലവിയിൽ നിക്ഷിപ്തമായിരുന്നു. മനാറിൽ വരാറുള്ള മതവിധികളെക്കുറിച്ച് 'ഫതാവൽമനാർ' (മനാറിന്റെ മതവിധികൾ) എന്നാണ് കൊടുക്കാറ്. ആ ലക്കം മുഴുവനും വെള്ളിചാഴ്ച പെരുന്നാൾ എന്ന വിഷയമായിരുന്നു. അബ്ദുല്ലത്വീഫ് മൗലവിയുടെ ജുമുഅ വേണ്ട എന്ന വാദം സ്ഥാപിക്കുകയായിരുന്നു ആ ലക്കം. ലക്കം അച്ചടി നടന്നുകൊണ്ടിരിക്കെ അൽമനാറിന്റെ അന്നത്തെ മാനേജറായിരുന്ന ഇട്ടോളി അഹമ്മദ്കോയ ഹാജി കാര്യം മനസ്സിലാക്കി. അദ്ദേഹം അബ്ദുല്ലത്വീഫ് മൗലവിയെ സമീപിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു: മനാറിലെ ഫത്‌വകളെക്കുറിച്ച് ജനം വിലയിരുത്തുന്നത് കെ.എം. മൗലവി അടക്കമുള്ള ജംഇയ്യത്തുൽ ഉലമായിലെ പണ്ഡിതസംഘത്തിന്റെ ഏകോപിച്ചുള്ള അഭിപ്രായം എന്ന നിലക്കാണ്. ഞാൻ അറിഞ്ഞിടത്തോളം കെ.എം. മൗലവി നിങ്ങളുടെ അഭിപ്രായത്തോട് യോജിക്കുന്നില്ല. വ്യക്തിപരമായി അദ്ദേഹത്തോട് ഫത്‌വ ചോദിച്ചവർക്ക് അദ്ദേഹം നൽകിയ മറുപടി നിങ്ങളുടെ വീക്ഷണത്തിനെതിരാണെന്ന് ഞാൻ അറിഞ്ഞു. അതിനാൽ ആശയക്കുഴപ്പവും തെറ്റിദ്ധാരണയും ഒഴിവാക്കാൻ ഫത്‌വയുടെ ചുവടെ നിങ്ങളുടെ പേർ പ്രത്യേകം കാണിക്കുന്നതായിരിക്കും ഉചിതം." പക്ഷെ, ഇട്ടോളിയുടെ അഭിപ്രായം നിരസിക്കപ്പെട്ടു. അദ്ദേഹം പിൻവാങ്ങി.

ഇതിനിടെ ഞാൻ തയ്യാറാക്കിയ കുറിപ്പുകളുടെ അടിസ്ഥാനത്തിൽ 'ഇർശാദുൽ ഇഖ്‌വാൻ' എന്ന ലഘുലേഖയുടെ കൈയെഴുത്ത് കോപ്പി

ഒരു കത്ത് സഹിതം ഞാൻ എ.കെ.യ്ക്ക് കൊടുത്തു. കത്തിൽ ഇപ്രകാരം എഴുതി. "ഈ ലഘുലേഖ പ്രസിദ്ധീകരിക്കാൻ വിചാരിക്കുന്നു. വായിച്ചു നോക്കി താങ്കൾക്ക് ഉചിതമായ അഭിപ്രായം ചുവടെ രേഖപ്പെടുത്താവുന്നതാണ്. അനുകൂലമോ പ്രതികൂലമോ ആകട്ടെ. താങ്കളുടെ അഭിപ്രായവും ചേർത്ത് പ്രസിദ്ധീകരിക്കുന്നതാണ്". ഞാൻ എന്റെ 'സൽസബീൽ' മാസികയിലൂടെ പ്രഖ്യാപിച്ചതും നടപ്പിൽ വരുത്തിയതും എതിരാളികൾക്ക് എന്നും അരോചകമായിരുന്നതുമായ ഈ നയം എന്റെ വളരെ പഴയ രീതിയായിരുന്നു. മാസികയോടൊപ്പം പൊട്ടിമുളച്ചതല്ലെന്ന് അർത്ഥം.

എന്നാൽ മൗലവിയുടെ മറുപടിക്കായി ഞാൻ ആറുമാസം കാത്തിരുന്നു. ശേഷം മടക്കിവാങ്ങി. അദ്ദേഹം അതിൽ പേന കുത്തിയിരുന്നില്ല. ഞാൻ അത് പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്നാൽ മൗലവിയാകട്ടെ, പ്രസ്തുത പെരുന്നാളിന്റെ വെള്ളിയാഴ്ച പതിവുപോലെ ജുമുഅ നമസ്കാരം നടത്തുകയും ചെയ്തു!

ഒരു കാര്യം വിട്ടുപോയി. എ.കെ.യുടെ പ്രസ്തുത ഖുത്ബ നടന്ന വെള്ളിയാഴ്ച ജുമുഅക്ക് ശേഷം ഞാനും എൻ.വിയും ഇടിയങ്ങരയിലുള്ള അന്നത്തെ കെ.എൻ.എം. ആഫീസിൽ വന്നു. എൻ.വി. സ്വഹീഹ് മുസ്ലിം എടുത്ത് ഒരു ഹദീസ് എനിക്ക് കാണിച്ചുതന്നു. "നുഅ്മാനുബ്നു ബശീറിൽ നിന്ന് നിവേദനം: നബി ﷺ വെള്ളിയാഴ്ച ജുമുഅ നമസ്കാരത്തിൽ സൂറതുൽ അഅ്ലാ (സബ്ബിഹിസ്മ)യും സൂറത്തുൽ ഗാശിയ (ഹൽഅതാക്ക)യും ഓതിയിരുന്നു. പെരുന്നാൾ നമസ്കാരത്തിലും അതു രണ്ടും ഓതിയിരുന്നു. വെള്ളിയാഴ്ച പെരുന്നാളായപ്പോൾ രണ്ടു നമസ്കാരങ്ങളിലും ഈ സൂറതുകൾ തന്നെ ഓതുകയുണ്ടായി".

കാര്യം ഗുരുതരമാണല്ലോ. മൗലവി പട്ടാളപ്പള്ളിയിൽ തന്നെ ഉണ്ടാകുമെന്ന് ഞങ്ങൾക്കുറപ്പായിരുന്നു. റമളാനിൽ വെള്ളിയാഴ്ച പള്ളിയിൽ തങ്ങും. ശനിയാഴ്ച രാവിലെ വീട്ടിലേക്ക് മടങ്ങും. അതാണ് അദ്ദേഹത്തിന്റെ പതിവ്. ആ ഉറപ്പിൽ ഞങ്ങളിരുവരും ചേർന്ന് ഒരു കത്ത് മൗലവിക്ക് കൊടുത്തയച്ചു. അദ്ദേഹം വന്നു. ഈ ഹദീസ് കാണിച്ചുകൊടുത്തു. വായിച്ചശേഷം സുബ്ഹാനല്ലാഹ്, അൽഹംദുലില്ലാഹ്, അസ്തഗ്ഫിറുല്ലാഹ് എന്നിങ്ങനെ ചൊല്ലി. എന്നിട്ട് അദ്ദേഹം പറഞ്ഞു: "ഞാൻ നെയ്ലുൽ ഔത്വാറിലെ ഹദീസിന്റെ വെളിച്ചത്തിലാണ് ഖുത്ബ നടത്തിയത്. അതിനേക്കാളേറെ പ്രബലപ്പെട്ട തെളിവുള്ളപ്പോൾ അതിലേക്ക് മടങ്ങുക തന്നെ. അടുത്ത വെള്ളിയാഴ്ച വേണ്ടത് ചെയ്യാം. അപ്പോൾ ബുഖാരിയിൽ നിന്നും ഒരു വിഷയം ഞാനും ശ്രദ്ധയിൽപെടുത്തി. ഉസ്മാൻ(റ)ന്റെ

കാലത്ത് ഒരിക്കൽ വെള്ളിയാഴ്ച പെരുന്നാൾ വന്നു. പെരുന്നാൾ ഖുത്ബയിൽ ഉസ്മാൻﷺ പറഞ്ഞു; ദൂരദിക്കുകളിൽ നിന്നും ഈദ് നമസ്കാരത്തിന് വന്നവർ ജുമുഅക്കും വന്ന് ബുദ്ധിമുട്ടിക്കൊള്ളണമെന്നില്ല. ജുമുഅ കഴിഞ്ഞു മടങ്ങാം എന്ന നിലക്ക് കാത്തിരിക്കണമെന്നുമില്ല. അവർ വീടുകളിൽ ളുഹർ നമസ്കരിച്ചാൽ മതിയാകുന്നതാണ്. ഞാൻ അവർക്ക് അനുവാദം കൊടുത്തിരിക്കുന്നു.” (‘ഫഖദ് അദിൻതുലഹു’ എന്നാണ് വാചകം)

സ്വഹാബികളുടെ വലിയ ഒരു സദസ്സിലാണ് അദ്ദേഹം ഇത് പ്രഖ്യാപിച്ചത്. അമീറുൽ മുഅ്മിനീൻ എന്ന നിലയിൽ ഇതിന് തികഞ്ഞ ഔദ്യോഗിക സ്വഭാവവും വന്നു. സ്വഹാബികളുടെ ഇജ്മാഅ് (ഏകകണ്ഠമായ അഭിപ്രായം) ഇജ്മാഉകളുടെ കൂട്ടത്തിൽ ഏറ്റവും പ്രബലപ്പെട്ടതാണ്. പണ്ഡിതന്മാരുടെ ഇജ്മാഅ്, ത്വാബിഉകളുടെ ഇജ്മാഅ് എന്നൊക്കെ പറയുന്നതിനേക്കാൾ ഉയർന്നതാണെന്നർത്ഥം. കാരണം നബിﷺയുമായി നേരിൽ സമ്പർക്കം പുലർത്തുകയും അവിടത്തെ തിരുമൊഴികളും പ്രവർത്തനങ്ങളും നേരിൽ കാണുകയും ജീവിതത്തിൽ അത് ഉൾക്കൊള്ളുകയും ചെയ്തവരാണല്ലോ സ്വഹാബികൾ. അവർ നിറഞ്ഞിരിക്കുന്ന സദസ്സ്. അവിടെയാണ് ഉസ്മാൻﷺന്റെ ഈ പ്രഖ്യാപനം. ഇതിനിടയിൽ യാതൊരു ശബ്ദവും സദസ്സിൽ നിന്നും ഉയർന്നില്ല. ശക്തനും ധീരനും വിജ്ഞാനഭണ്ഡാരവുമായിരുന്ന ഉമർﷺനെപ്പോലും ചോദ്യം ചെയ്യാൻ ധൈര്യം കാണിച്ച വനിതകൾ ജീവിച്ച ആ സമൂഹം ഉസ്മാൻ ﷺന്റെ പ്രഖ്യാപനം നിതാന്ത നിശബ്ദതയോടെ കേട്ടിരുന്നപ്പോൾ അതിനേക്കാൾ ഉയർന്ന ഒരു തെളിവ് തേടിപ്പോകാൻ ആർക്ക് കഴിയും?

കാര്യങ്ങൾ ബോധ്യപ്പെട്ട നിലയിൽ എ.കെ. മടങ്ങി. അടുത്ത വെള്ളിയാഴ്ചക്കിടയിൽ ഒരു ദിവസം ഞാൻ പാനൂരിലുള്ള മൗലവിയുടെ ഭാര്യാഗൃഹത്തിൽ ചെന്ന് അദ്ദേഹത്തെ കണ്ടിരുന്നു. കുറേനേരം സംസാരിച്ച് ഇരുന്നു. അപ്പോഴും അടുത്ത ആഴ്ച, പറഞ്ഞുറച്ചതുപോലെ അദ്ദേഹം ഒരുങ്ങിയിരിക്കുന്നതായിട്ടാണ് എനിക്ക് മനസ്സിലായത്. അടുത്ത വെള്ളിയാഴ്ച രാവിലെ അദ്ദേഹം കോഴിക്കോട് എത്തിയപ്പോൾ പലരും ഈ വിഷയം അദ്ദേഹവുമായി സംസാരിച്ചിരുന്നു. മതരംഗത്ത് ഇത് ഒരു സജീവ ചർച്ചയായിരുന്നു എന്ന് സാരം. എന്നാൽ ഏതോ നിലയിൽ ഒരു പൈശാചിക സ്വാധീനത്തിന് ദൗർഭാഗ്യവശാൽ എന്റെ ബഹുമാന്യസുഹൃത്ത് വശംവദനായോ?! അങ്ങനെ ദുഃഖിക്കാവുന്ന നിലയിലാണ് കാര്യങ്ങൾ നടന്നത്. അദ്ദേഹം തന്റെ മുൻവാദം ഖുത്ബയിൽ ആവർത്തിച്ചു! എന്നാൽ അന്ന് ജുമുഅ നടത്തുക വഴി തന്റെ അഭിപ്രായത്തിനെതിരിൽ ശരി

യായ പ്രവർത്തനം തന്നെ നടത്തുകയും ചെയ്തു! അത്ഭുതം!

ഈ വിഷയം ഞാൻ വിശദീകരിച്ച് പറഞ്ഞതിൽ പല ഉദ്ദേശ്യങ്ങളുമുണ്ട്. വായനക്കാർക്ക് പഠനാർഹങ്ങളായ പലതും ഇതിൽ കാണും. എത്ര വലിയ പണ്ഡിതനായാലും ചിലപ്പോൾ പിശാച് വലയിൽ കുടുക്കിയെന്ന് വരാം. ചെറിയവരും വലിയവരും സദാ സൂക്ഷ്മത പാലിക്കേണ്ട പാഠമുണ്ട് ഇതിൽ. അദൃശ്യലോകത്ത് മനുഷ്യന്റെ ശത്രുവായ ശൈത്വാൻ സദാ ജാഗരൂഗനാണ് എന്ന ബോധം നമ്മെ നയിക്കേണ്ടതുണ്ട്. അബദ്ധങ്ങൾ സംഭവിക്കാം. വഴിമാറിപ്പോകാം. പക്ഷെ, അത് തിരിഞ്ഞുകിട്ടിയാൽ പിന്നെ ഒട്ടും വൈകരുത്. മടങ്ങണം. ദുരഭിമാനത്തിന്റെയോ മറ്റോ ദൗർബല്യങ്ങൾ സ്വാധീനിക്കാതെ നോക്കണം. അല്ലാഹുവിന്റെ ദീൻകാര്യങ്ങൾ പറയുമ്പോൾ സത്യത്തിന്റെ കഴമ്പിനാണ് നാം മുൻതൂക്കം കൊടുക്കേണ്ടത്. എനിക്കും നിങ്ങൾക്കും ഇത്തരം വീഴ്ചകൾ സംഭവിക്കാം. വീണേടത്തു നിന്നും നാം ഉടനെ എഴുന്നേൽക്കണം. ചിലർ പരിഹസിച്ച് ചിരിച്ചേക്കാം. അതിന് വില കൽപിക്കരുത്. വീണേടത്ത് കിടന്ന് ഉരുളരുത് എന്ന് സാരം. അല്ലാഹു നമുക്കേവർക്കും സത്യത്തിന്റെയും വിനയത്തിന്റെയും മനസ്സ് നൽകുമാറാകട്ടെ.

ശ്രദ്ധിക്കേണ്ട മറ്റൊരു വിഷയവും ഇതിൽ ഉൾപ്പെടുന്നു. മുജാഹിദ് പ്രസ്ഥാനത്തിലെ പണ്ഡിതന്മാർ ഒരു പ്രത്യേക ചട്ടക്കൂടിനകത്ത് കുടുങ്ങി നിൽക്കുന്നവരോ അടങ്ങിക്കിടക്കുന്നവരോ അല്ല. അതായത് ആദ്യം മുതൽക്കേ അവർക്കിടയിൽ ഒരു ഇരുമ്പുമറ സൃഷ്ടിക്കപ്പെട്ടിട്ടില്ലായിരുന്നു. സ്വതന്ത്രമായ ചിന്തയും പഠനവും പരിശോധനയും നടത്തുകയും അതനുസരിച്ചുള്ള തങ്ങളുടെ വീക്ഷണങ്ങൾ പ്രകടിപ്പിക്കുന്നവരുമാണവർ. പ്രത്യേകിച്ച് ചില കർമ്മശാസ്ത്ര വിഷയങ്ങളിൽ ചിലപ്പോൾ പണ്ഡിതന്മാർക്കിടയിൽ ചില കാര്യങ്ങളിൽ വീക്ഷണ വ്യത്യാസങ്ങൾ ഉണ്ടായെന്ന് വരാം. സ്വാഭാവികമായ ഇത്തരം ഭിന്നതകൾ സ്ഥിരമായ നിലപാടായിക്കൊള്ളണമെന്നില്ല. ഗവേഷണസംബന്ധമാണ് അവ. അത് സമന്വയിപ്പിക്കാനുള്ള ശ്രമങ്ങൾ വിജ്ഞാനമണ്ഡലങ്ങളിൽ നടക്കാറുമുണ്ട്. പലതും വിജയിച്ചിട്ടുണ്ട്. ചിലത് വിജയത്തിൽ കലാശിച്ചതുമില്ല. തവളയെ കൊല്ലാൻ പാടുണ്ടോ എന്ന വിഷയം ഇതിന് ഒരു ഉദാഹരണമാണ്. അത് പിന്നീട് പറയാം. ചുരുക്കത്തിൽ ഇസ്‌ലാഹീ പണ്ഡിതന്മാർ വിജ്ഞാനവീഥിയിൽ അപകടകരമായ തഖ്‌ലീദിൽ നിന്നും മോചനം നേടിയവരാണ്.

സന്ദർഭോചിതമായി ഒന്നുകൂടി പറയേണ്ടതുണ്ട്. കർമ്മശാസ്ത്രപരമായ ഇത്തരം ചില വീക്ഷണവ്യത്യാസങ്ങൾ ഒരിക്കലും ആദർശവ്യതി

യാനമായി വിലയിരുത്തരുത്. ആ നിലയിൽ പറഞ്ഞും പ്രചരിപ്പിച്ചും ആരേയും തേജോവധം ചെയ്യാൻ ശ്രമിക്കരുത്. അടുത്തകാലത്തായി നമ്മുടെ പ്രസ്ഥാനരംഗത്ത് ചില അനാശാസ്യ പ്രവണതകൾ തലപൊക്കുന്നതായി ദുഃഖത്തോടെ ഞാൻ നോക്കിക്കാണുന്നു. മുൻകാല പണ്ഡിതന്മാർക്കിടയിലും വീക്ഷണവ്യത്യാസങ്ങൾ വന്നിരുന്നതായി നാം മനസ്സിലാക്കണം. മതരംഗത്തും രാഷ്ട്രീയ ചിന്തയിലും ഇത് സംഭവിച്ചിട്ടുണ്ട്. പക്ഷെ അവരാരും പരസ്പരം തേജോവധം ചെയ്യാനോ ആദർശഭ്രംശം ആരോപിക്കുവാനോ മുതിർന്നിട്ടില്ല. സ്ത്രീകൾക്ക് ജുമുഅ നിർബന്ധമാണ് എന്ന വാദം വളരെ ശക്തിയായി എഴുതിവിട്ട ഒരു വലിയ പണ്ഡിതനായിരുന്നു എം.സി.സി. അഹ്മദ് മൗലവി. ഒരു ഗുരുനാഥന്റെ ആദരവോടെ ഞാൻ ബഹുമാനിക്കുന്ന വ്യക്തിയായിരുന്നു അദ്ദേഹം. പക്ഷെ, അദ്ദേഹത്തിന്റെ വാദം സമ്മതിച്ചു കൊടുക്കാൻ വിനീതനായ എനിക്ക് കഴിയുമായിരുന്നില്ല. അദ്ദേഹം വാദിച്ചതിനേക്കാൾ കൂടുതൽ ശക്തിയിൽ ഞാൻ അതിനെ എതിർത്തു. 'എം.സി.സി. അഹ്മദ് മൗലവിയുടെ പുതിയ വാദങ്ങൾ' എന്ന തലവാചകത്തിൽ അൽമനാർ മാസികയിൽ ഞാൻ തുടർച്ചയായി ഖണ്ഡനം എഴുതി. ആരും ചെറിയവനായ എന്നെ ആക്ഷേപിച്ചില്ല. വലിയവനായ മൗലവിയെ കുറ്റപ്പെടുത്തിയതുമില്ല. ഞങ്ങൾ തമ്മിൽ അക്കാരണത്താൽ യാതൊരു പിണക്കവും ഉണ്ടായിരുന്നില്ല താനും. ആളുകൾ രണ്ടുഭാഗവും വായിച്ചു യാഥാർത്ഥ്യം ഗ്രഹിച്ചു. എന്നാൽ എം.സി.സി. അഹ്മദ് മൗലവി തന്റെ വാദം പിന്നീട് ആവർത്തിച്ചതുമില്ല. വലിയ മനുഷ്യരുടെ സ്വഭാവസവിശേഷതയാണത്.

പക്ഷെ, ആദർശ വ്യതിയാനം സംഭവിക്കാൻ ഇടയുള്ള ചില മേഖലകൾ നമ്മുടെ മേൽ സ്വാധീനം ചെലുത്താൻ ശ്രമിക്കുന്നുണ്ട്. നമുക്കിടയിൽ കിളിർത്ത് വരുന്ന ചില നൂതന വിഷയങ്ങളുടെ വേരുകൾ വളരെ അകലെയാണുള്ളതെന്ന് അറിയാൻ ചിലർക്ക് കഴിയാതെ പോയിട്ടുണ്ട്. ചികഞ്ഞു ചികഞ്ഞു പോയാൽ സിയോണിസത്തിന്റെ കേന്ദ്രങ്ങളിലാണ് ഇതിന്റെ കടനിൽക്കുന്നതെന്ന് മനസ്സിലാകും. ചരിത്രപാഠങ്ങൾ ശ്രദ്ധിക്കുക മാത്രമാണ് ഇതിന്നാവശ്യം. 'എല്ലാ നബിമാർക്കും അന്തരാവകാശികൾ ഉണ്ട്. എന്റെ അന്തരാവകാശി അലി ആകുന്നു' എന്ന് നബിﷺ പറഞ്ഞതായി ഒരു യഹൂദി കെട്ടിയുണ്ടാക്കി പ്രചരിപ്പിച്ച കള്ള ഹദീസ് ഈ സമുദായത്തിൽ ഉണ്ടാക്കിയ വിനകൾ എത്ര ഭയാനകമായിരുന്നുവെന്ന് നാം ഓർക്കണം. യഹൂദരുടെ ഈ വിഷവിത്ത് വളർന്ന് ഇന്നൊരു രാഷ്ട്രമായി തന്നെ ലോകത്ത് നിലകൊള്ളുന്നു. ശിയാ- സുന്നി സംഘട്ടനങ്ങളും കലാപങ്ങളും തുടർക്കഥപോലെ നമ്മെ ഇന്നും പിന്തുടരുന്നത്

കാണുന്നില്ലേ? എത്രയെത്ര യുദ്ധങ്ങളും കൂട്ടക്കൊലകളും ഈ സമുദായം ഏറ്റുവാങ്ങി! ഖാദിയാനിസം എന്ന മതം തന്നെ ഇവിടെ സൃഷ്ടിക്കപ്പെട്ടില്ലേ! സൽമാൻ റുശ്ദിയും തസ്‌ലീമാ നസ്‌റീനും ഈ സമുദായത്തിൽ നിന്നും ഉണ്ടായില്ലേ? ചേകന്നൂർ മൗലവിയെന്ന ഒരു പണ്ഡിതൻ മുഖേന നാം അനുഭവിച്ച മതപരവും സാമൂഹികവുമായ യാതനകൾ എന്തൊക്കെയായിരുന്നു? ഈ സാധുവായ ഞാനും പോലീസിന്റെ നോട്ടപ്പുള്ളിയായി ചോദ്യം ചെയ്യപ്പെട്ടു. അങ്ങനെ എത്രയെത്ര ചെറുതും വലുതുമായ ദുഃഖങ്ങൾ! യാതനകൾ! എല്ലാറ്റിന്റെയും വേരുകൾ ജൂതായിസത്തിൽ നിന്നുതന്നെ.

"പ്രബോധന വിജയത്തിന് പൊതു താൽപര്യമേഖല കണ്ടെത്തുക". ഈ തലവാചകത്തിൽ 99ന്റെ അവസാനത്തിൽ ഐ.എസ്.എം. മുഖപത്രമായ ശബാബിൽ ഒരു പത്രാധിപക്കുറിപ്പ് വന്നു. ഈ തലവാചകം വായിച്ചപ്പോൾ തന്നെ ഞാൻ ഞെട്ടി. സിയോണിസത്തിന് വളവും നീരും നൽകി സംരക്ഷിക്കുന്ന അമേരിക്കയിൽ നിന്നും ഇവ്വിഷയകമായി ഏതോ മുസ്‌ലിം സംഘടനയുടെ ബാനറിൽ ഒരു പുസ്തകം രചിക്കപ്പെട്ടിട്ടുണ്ടെന്ന് ഒരു സുഹൃത്ത് എന്നോട് പറഞ്ഞിരുന്നത് ഓർമ്മവന്നു. മുസ്‌ലിംകൾ പ്രബോധന വിഷയത്തിൽ ഖുർആനിന്റേയും നബിചര്യയുടെയും ശൈലിയാണ് പിൻപറ്റേണ്ടത് എന്ന കാര്യം എല്ലാവരും സമ്മതിക്കുമെങ്കിലും അതിൽ നിഷ്കർഷ പുലർത്തുന്ന സംഘം സലഫികൾ മാത്രമാണ്.

ഖുർആൻ പറയുന്നു: "നിനക്ക് മുമ്പ് വന്ന മുഴുവൻ ദൈവദൂതന്മാർക്കും നാം ഒരു സന്ദേശം നൽകാതിരുന്നിട്ടില്ല, എന്തെന്നാൽ, നിശ്ചയമായും ഞാനല്ലാതെ യാതൊരാരാധ്യനുമില്ലെന്നും അതിനാൽ എനിക്ക് മാത്രം ആരാധന അർപ്പിക്കണമെന്നും ഉള്ള കല്പനയത്രെ അത്". മുഹമ്മദ് നബിﷺ ഇപ്രകാരം അറിയിച്ചു: "ഞാനും എനിക്ക് മുമ്പ് കഴിഞ്ഞുപോയ മുഴുവൻ പ്രവാചകന്മാരും നടത്തിയ പ്രബോധനങ്ങളിൽ ഏറ്റവും മുഖ്യമായത് അല്ലാഹു അല്ലാതെ മറ്റൊരാരാധ്യനുമില്ല എന്ന സന്ദേശമാകുന്നു." സലഫികളുടെ പ്രബോധന മാർഗത്തിന്റെ മുഖ്യസ്രോതസ്സ് ഇതിൽ നിന്നാണ്. നൂറ്റാണ്ടുകൾക്ക് ശേഷം മുസ്‌ലിം ഭരണാധികാരികളുടെ രാഷ്ട്രീയ ദുർമോഹവും പണ്ഡിതന്മാരുടെ ഭൗതികേച്ഛകളും നിമിത്തം ഈ പ്രബോധനരീതിക്ക് ക്ഷതമേൽക്കുകയും ബഹുദൈവാരാധനയുടെ ധാരാളം അംശങ്ങൾ സമുദായത്തെ പൊതിയുകയും ചെയ്തപ്പോൾ, അതനുസരിച്ച് ഒട്ടേറെ സാമൂഹിക അനാചാരങ്ങളും വ്യത്യസ്ത രൂപത്തിൽ മുസ്‌ലിംകളുടെ ജീവിതശൈലിയായിത്തീർന്നു. ഖുർആനും

ഹദീസും അവഗണിക്കപ്പെട്ടു. സമുദായം അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും കാർമേഘ പടലങ്ങളാൽ മൂടപ്പെട്ടു.

അതിഗുരുതരമായ ഈ പ്രതിസന്ധിയിലാണ് ഇസ്‌ലാമിക നവോത്ഥാനത്തിന്റെ കാഹളം മുഴക്കിക്കൊണ്ട് മഹാചിന്തകനും പണ്ഡിതനുമായ മുഹമ്മദ്ബ്നു അബ്ദുൽ വഹാബ്ﷺ രംഗപ്രവേശം ചെയ്തത്. ശിർക്ക് ബിദ്അത്തുകൾക്കെതിരിൽ അദ്ദേഹം നടത്തിയ ത്യാഗസുരഭിലമായ ഉജ്ജ്വലപോരാട്ടമാണ് തൗഹീദ് പ്രചാരണരംഗത്ത് പുത്തനുണർവ്വ് ഉണ്ടാക്കിയത്. അദ്ദേഹത്തിന്റെ ശബ്ദം മുസ്‌ലിം ലോകത്ത് ശക്തിയായി അടിച്ചുവീശി. യാഥാസ്ഥിതിക പണ്ഡിത കോമരങ്ങളും മുസ്‌ലിം ഭരണാധികാരികളും ഒന്നിച്ച് അദ്ദേഹത്തെ തള്ളിപ്പറഞ്ഞു. പക്ഷെ, ആ തിരിനാളം അണഞ്ഞില്ല. വളർന്നുയർന്നുവരുന്ന തൗഹീദിന്റെ മധുരനാദം വിദൂരഭാവിയിൽ തങ്ങളുടെ ലോകാധിപത്യത്തിന് കനത്ത ഭീഷണിയാകുമെന്ന് ബ്രിട്ടീഷ് ഭരണകൂടവും അവരുടെ ശിങ്കിടികളും മണത്തറിഞ്ഞു. അന്ധവിശ്വാസത്തിന് അടിപ്പെടുകയും അനാചാരങ്ങളെ പുണരുകയും ചെയ്യുന്ന വിവരദോഷികളായ സമൂഹത്തെ ആർക്കും തങ്ങളുടെ സ്വാർത്ഥലാഭത്തിന്നായി തിരിച്ചും മറിച്ചും ഉപയോഗിക്കാൻ ഒരു കാലത്തും ബുദ്ധിമുട്ട് ഉണ്ടായിട്ടില്ല. എന്നാൽ അല്ലാഹുവിനെ മാത്രം ആരാധിക്കുന്നവരും അവനോട് മാത്രം പ്രാർത്ഥിക്കുന്നവരും അല്ലാഹുവിനെ മാത്രം രക്ഷകനായി സ്വീകരിക്കുന്നവരുമായ ഒരു ജനതയെ പിടിച്ചുകെട്ടാൻ ഒരു ഭൗതികശക്തിക്കും കഴിയില്ല. അവർ എത്ര ചെറിയ സംഘമായാലും ശരി. ലോകചരിത്രം ഈ യാഥാർത്ഥ്യം തെളിയിക്കുന്നുണ്ട്. ചരിത്രമറിയാവുന്ന ബ്രിട്ടീഷ് ഭരണാധിപന്മാരും ഈ യാഥാർത്ഥ്യം കണ്ടറിഞ്ഞു. അവർ തൗഹീദ് പ്രസ്ഥാനത്തിനെതിരിൽ ഒളിഞ്ഞും തെളിഞ്ഞും ആക്രമണങ്ങൾ അഴിച്ചുവിട്ടു. ബ്രിട്ടീഷുകാരൻ നൽകിയ ആക്ഷേപനാമമാണ് വഹാബി മൂവ്മെന്റ്. വഹാബി മൂവ്മെന്റിനെ അവർ എന്നും ഭയപ്പെട്ടു. യഥാർത്ഥ ഇസ്‌ലാമിക മുന്നേറ്റം അതിലൂടെയാണെന്ന് അവർ മനസ്സിലാക്കി. എല്ലാ റുഷ്ദിമാർക്കും തസ്‌ലീമമാർക്കും ഖാദിയാനിസത്തിനും അഭയകേന്ദ്രമായി ലണ്ടനും പാശ്ചാത്യനഗരങ്ങളും ഇന്നും നിലകൊള്ളുന്നു. ഈ തണലിൽ ഇസ്‌ലാമിക ദ്രോഹ പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ ആവിഷ്കരിച്ച ജൂതായിസം അത് എവിടെയും അവസാനിപ്പിച്ചില്ല. അവസാനിപ്പിക്കുകയുമില്ല. നാം അറിയാതെ നമ്മുടെ മനസ്സുകളെ സ്വാധീനിക്കുന്ന സാമ്പത്തികവും ആശയപരവുമായ ഒട്ടേറെ മേഖലകൾ ഇതിനുണ്ട്. ഓറിയന്റലിസ്റ്റുകൾ എന്ന പേരിൽ കുപ്രസിദ്ധിയാർജ്ജിച്ച പണ്ഡിതന്മാർ, ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നിർലോഭം പണമെറിയുന്ന

സന്നദ്ധ സംഘങ്ങൾ, വിദ്യാഭ്യാസ പുരോഗതിക്ക് വമ്പിച്ച സ്കോളർഷിപ്പുകൾ നൽകുന്ന നൂതന കേന്ദ്രങ്ങൾ, ശാസ്ത്ര ഗവേഷണങ്ങൾക്ക് പിന്തുണയും സഹായവുമേകുന്ന പ്രസ്ഥാനങ്ങൾ, എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്ന അവാർഡ് നീക്കങ്ങൾ എന്നിങ്ങനെ സാമൂഹിക ജീവിതത്തിന്റെ സകലമാന മേഖലകളിലേക്കും വ്യത്യസ്ത രൂപഭാവങ്ങളോടെ സിയോണിസം കടന്നുവരുന്നുണ്ട്. ഭൂതക്കണ്ണാടിയിലൂടെ നോക്കിയാലും കാണാത്ത ദുരൂഹമായ അണുബാധകൾ! ഇതിൽ നിന്നെല്ലാം മോചനം നേടാൻ ഏറെ പ്രയാസമാണ്. ഒരേയൊരു മാർഗമേയുള്ളൂ. അല്ലാഹുവിന്റെ പാശം മുറുകെ പിടിക്കുക. മുഹമ്മദ് നബിﷺയുടെ ചര്യയെ ആദ്യന്തം കണിശമായി പിന്തുടരുക. ഏതു പ്രതിസന്ധിയിലും എത്ര ദുരൂഹമായ സ്വാധീനമേഖലകളിൽ നിന്നും അത് നമ്മെ രക്ഷിക്കും.

അത്യാധുനികലോകത്ത് സിയോണിസത്തിന്റെ ഏറ്റവും മികച്ചതും ആസൂത്രിതവുമായ ആശയശൈലിയാണ് നാം മുകളിൽ കണ്ടത്. ലോകത്തുള്ള മുഴുവൻ സലഫി മൂവ്മെന്റിനേയും ക്ഷയിപ്പിക്കാനും ഭിന്നിപ്പിച്ചു തകർക്കാനും ശത്രുക്കൾ ഏറെ തലപുകഞ്ഞ് ആലോചിച്ച് രൂപപ്പെടുത്തിയ ഒരു ചിന്താധാരയാണ് “പ്രബോധന വിജയത്തിന് പൊതു താൽപര്യമേഖല” കണ്ടെത്തുകയെന്ന ആശയം. ഇത് നഗ്നമായ ആദർശ വ്യതിയാനമാണെന്ന് കണ്ടെത്താൻ ഒരു പ്രയാസവുമില്ല. നബിചര്യ എന്ന മഹത്വപൂർണ്ണമായ ഉരക്കല്ലിൽ ഉരച്ചുനോക്കണമെന്ന് മാത്രം. പക്ഷെ, ഭൗതികമായ നേട്ടങ്ങളും കാഴ്ചപ്പാടുകളും മനസ്സിൽ താളം പിടിക്കുന്നവരിലേക്ക് ചിലപ്പോൾ ഈ ഉരക്കല്ലിന്റെ അനിവാര്യത എത്തിനോക്കുകയില്ല. പിശാച് അദൃശ്യലോകത്തിരുന്ന് മനുഷ്യന്റെ പാതയിൽ മുള്ളു വിതറിക്കൊണ്ടിരിക്കുമെന്ന ബോധവും അതിലുള്ള സൂക്ഷ്മതയും ഇല്ലാതായാൽ പിശാചിന്റെ പടയാളികൾക്ക് കാര്യം എളുപ്പമാകും.

നാട്ടുപ്രമാണിമാരുടെ അനുഭാവം, ജനപ്രിയം ഇതൊക്കെ ആരും മോഹിച്ച് പോകുന്ന കാര്യം തന്നെ. മാനുഷികമായ ദൗർബല്യം. പ്രവാചകന്മാർ പോലും ഇതിൽ നിന്നും ചിലപ്പോൾ പൂർണ്ണമായി മോചിതരാകുന്നില്ലെങ്കിലും മനുഷ്യർക്ക് മാതൃകാപുരുഷന്മാരായി നിയോഗിതരായ ദൈവദൂതന്മാരെ ദൈവം തന്നെ നേരിട്ടു കാത്തുകൊള്ളും. അപ്പപ്പോൾ പാളിച്ചകളെ കർശനമായി തിരുത്തി അല്ലാഹു അവരെ മുന്നോട്ട് നയിക്കും. പ്രവാചക ചരിത്രങ്ങളിൽ ഒരുപാട് ഉദാഹരണങ്ങൾ നമുക്ക് കാണാം. അന്തിമ പ്രവാചകനും ലോകജനതയ്ക്ക് മാതൃകയുമായി അല്ലാഹു നിയോഗിച്ച മുഹമ്മദ് നബിﷺയുടെ പ്രബോധന ജീവിതത്തിൽ പോലും ഇത്തരം സംഭവങ്ങൾ തെളിഞ്ഞുകിടക്കുന്നു. നാട്ടിലെ പൗരപ്രമുഖ്യന്മാരെ

തന്റെ പ്രബോധന സംരംഭങ്ങളോട് അനുനയിപ്പിക്കാൻ പ്രവാചകൻ ഒരിക്കൽ ഒരു ശ്രമം നടത്തി. തന്ത്രപ്രധാനമായ ആ സംഭാഷണ സദസ്സിലേക്ക് ദരിദ്രനായ ഒരു അന്ധൻ കയറിവന്നു. പഠിക്കാൻ വന്ന ആ വിദ്യാർത്ഥിയോട് പ്രവാചകന് ലേശം നീരസം തോന്നി. നബിﷺ മുഖം ചുളിച്ചു. അദ്ദേഹത്തിന്റെ വരവും ആവശ്യമുന്നയിക്കലും അനവസരത്തിലാണെന്ന് നബിക്ക് തോന്നി. തികച്ചും സ്വാഭാവികമായ ഒരു മാനുഷികവികാരം മാത്രമാണ് നബിﷺയിൽ നിന്നും അപ്പോഴുണ്ടായത്.

എന്നാൽ അല്ലാഹുവിന്റെ അതിശക്തമായ ശാസനക്ക് പ്രവാചകൻ വിധേയനായി. രഹസ്യമായിട്ടല്ല. പരസ്യമായിത്തന്നെ. ലോകാവസാനം വരെ നിലനിൽക്കുകയും പാരായണം ചെയ്യപ്പെടുകയും വിശ്വാസികൾ പാരായണത്തിലൂടെ പുണ്യം സമ്പാദിക്കുകയും ചെയ്യുന്ന ഖുർആനിന്റെ വചനങ്ങളായിക്കൊണ്ടാണ് ആ ശാസന അവതരിപ്പിക്കപ്പെട്ടത്. ‘അബസ’ എന്ന ഖുർആനിലെ 80–ാം അദ്ധ്യായം ശ്രദ്ധിക്കുക.

“അദ്ദേഹത്തിന്റെ (നബിയുടെ) അടുക്കൽ ആ അന്ധൻ വന്നതിനാൽ അദ്ദേഹം മുഖം ചുളിച്ച് തിരിഞ്ഞുകളഞ്ഞു. (പ്രവാചകരേ) നിനക്ക് എന്തറിയാം? അയാൾ (അന്ധൻ) ഒരു വേള പരിശുദ്ധി പ്രാപിച്ചേക്കാമല്ലോ? അല്ലെങ്കിൽ ഉപദേശം സ്വീകരിക്കുകയും ആ ഉപദേശം അയാൾക്ക് പ്രയോജനപ്പെടുകയും ചെയ്തേക്കാമല്ലോ. എന്നാൽ സ്വയംപര്യാപ്തത നടിച്ചവനാകട്ടെ, നീ അവന്റെ നേരെ ശ്രദ്ധതിരിക്കുന്നു. അവൻ പരിശുദ്ധി പ്രാപിക്കാതിരിക്കുന്നതിനാൽ നിനക്കെന്താണ് ദോഷം? എന്നാൽ (അല്ലാഹുവിനെ) ഭയപ്പെട്ടുകൊണ്ട് നിന്റെയടുക്കൽ ഓടിവന്നവനാകട്ടെ, അവന്റെ കാര്യത്തിൽ നീ അശ്രദ്ധ കാണിക്കുന്നു.” (അബസ 1–10)

മുഹമ്മദ് നബിﷺ ദൈവദൂതനാണെന്നും ഖുർആൻ ദിവ്യബോധനമാണെന്നും ബോധ്യമാകാൻ സഹായിക്കുന്ന ശക്തമായ വചനങ്ങളാണിത്. ഒരു സത്യപ്രവാചകന് മാത്രമേ തന്നെത്തന്നെ കഠിനമായി ശാസിക്കുന്ന ഈ വചനങ്ങൾ അപ്പടി ജനങ്ങൾക്ക് ഓതിക്കൊടുക്കുവാൻ കഴിയൂ. ജൂതായിസം തന്ത്രപൂർവ്വം നമുക്കിടയിലേക്ക് തിരുകിക്കയറ്റാൻ ശ്രമിക്കുന്ന പൊതുതാൽപര്യ മേഖലക്കുള്ള ഖുർആനിന്റെ ശക്തമായ മുന്നറിയിപ്പാണിത്. ഖുർആൻ ദിവ്യബോധനം തന്നെയെന്ന പരമമായ സത്യം ഇവിടെ ബോധ്യപ്പെടുന്നു. സ്വയംപര്യാപ്തത നടിച്ചവൻ എന്ന പ്രയോഗം ശ്രദ്ധിക്കുക. നാട്ടുമുഖ്യർ എന്ന് അവകാശപ്പെടുന്നവരെക്കുറിച്ചാണീ പ്രയോഗം. ജനങ്ങളാൽ ആദരിക്കപ്പെടുന്ന ഇത്തരം പ്രമാണിമാരെ പ്രീതിപ്പെടുത്തിയും സ്വാധീനിച്ചും ജനങ്ങളുടെ ഇഷ്ടം സമ്പാദിച്ച് അവർക്കിടയിലേക്ക് ഇറങ്ങിച്ചെല്ലാനുള്ള എളുപ്പവഴി പൊതുതാൽപര്യ മേഖലയു

ടെ ഒന്നാമത്തെ പാലംകെട്ടലാണ്. ഈ പാലത്തിന്റെ ഒന്നാമത്തെ തൂണ് തന്നെ ഖുർആൻ തകർത്തുകളയുന്നു!

പ്രവാചകന്മാരുടെ പ്രബോധന ശൈലിയിൽ നിന്നും പ്രബോധകരെ തന്ത്രപൂർവ്വം അകറ്റുകയും അതിലൂടെ ഇസ്‌ലാമിന്റെ മൂലപ്രമാണമായ തൗഹീദ് പ്രബോധന പ്രവർത്തനങ്ങളിലെ അടിത്തറ ആകാതിരിക്കുകയും ചെയ്യുന്ന ഈ നൂതന ആശയം ശക്തി പ്രാപിക്കുമ്പോൾ ഇസ്‌ലാമിന്റെ ആദർശപരമായ വ്യതിരിക്തത ക്രമേണ അപ്രത്യക്ഷമാകുകയും മുസ്‌ലിംകൾ കേവലം കാനേഷുമാരിക്കൂട്ടമായി ഭവിക്കുകയുമാണുണ്ടാകുക. ജൂതായിസത്തിന്റെ പാരമ്പര്യ ശത്രുത ഇവിടെ വിജയക്കൊടി പാറിക്കുകയും ചെയ്യും. അപ്പോൾ തൗഹീദിനെ പ്രബോധനത്തിന്റെ മുഖ്യശിലയായി ഉയർത്തിക്കാട്ടുന്ന സലഫീ പ്രസ്ഥാനങ്ങളെ ക്ഷതമേൽപ്പിക്കുക തന്നെവേണം. മറ്റു വിഭാഗങ്ങളെ കാര്യമായി ശ്രദ്ധിക്കേണ്ടതില്ല, അവർ വളരെ മുമ്പ് തന്നെ തൗഹീദ് കൈയൊഴിച്ചവരാണ്, ഇതാണ് പിശാചിന്റെ തന്ത്രം.

ഈ തന്ത്രം മണത്തറിഞ്ഞ സുഊദി അറേബ്യയിലെ പ്രസിദ്ധ സലഫി പണ്ഡിതനായ ശൈഖ് റബീഅ്ബ്നു ഹാദീ അൽ മദ്ഖലി രചിച്ച ഒരു ഗ്രന്ഥത്തിന്റെ മലയാള വിവർത്തനം 'പ്രവാചകന്മാരുടെ പ്രബോധനം' എന്ന പേരിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. അതിൽ ഇസ്‌ലാമിന്റെ പേരിലുള്ള ചില പ്രബോധക സംഘങ്ങളുടെ വ്യതിയാനങ്ങളെ ന്യായമായ നിലയിൽ വിമർശിക്കുന്നുണ്ട്. പൊതു താൽപര്യമേഖല കണ്ടെത്തി പ്രബോധനം നടത്തുവാൻ ആഗ്രഹിക്കുന്നവർ, അല്ലാഹു പ്രവാചകനെ താക്കീത് ചെയ്ത ഖുർആനിലെ വചനങ്ങൾ ശ്രദ്ധിക്കട്ടെ.

“നിശ്ചയമായും നിനക്ക് ബോധനം നൽകിയിട്ടുള്ളതിൽ നിന്നും നിന്നെ തെറ്റിച്ചുകളയാൻ അവർ ഒരുങ്ങിയിരിക്കുന്നു, നീ നമ്മുടെ മേൽ അതല്ലാത്ത വല്ലതും കെട്ടിച്ചമക്കുവാൻ വേണ്ടി. അപ്പോൾ അവർ നിന്നെ മിത്രമായി സ്വീകരിക്കുക തന്നെ ചെയ്യും. നിന്നെ നാം ഉറപ്പിച്ചു നിർത്തിയിട്ടില്ലായിരുന്നുവെങ്കിൽ നിശ്ചയം നീ അവരിലേക്ക് കുറച്ചൊക്കെ ചാഞ്ഞുപോകുമായിരുന്നു. എങ്കിൽ ജീവിതത്തിലും ഇരട്ടി ശിക്ഷ, മരണത്തിലും ഇരട്ടി ശിക്ഷ. അതായിരിക്കും നാം നിന്നെ ആസ്വദിപ്പിക്കുക. പിന്നീട് നമുക്കെതിരിൽ നിനക്ക് സഹായം നൽകാൻ യാതൊരുത്തനെയും നീ കണ്ടെത്തുകയില്ല.” (ഇസ്‌റാഅ് 73-75)

ശബാബിലെ മേൽപറഞ്ഞ മുഖപ്രസംഗത്തിനെതിരിൽ സൽസബീൽ മാസികയുടെ അടുത്തലക്കത്തിൽ തന്നെ (99 നവംബർ) ഞാൻ ശക്തമായി പ്രതികരിച്ചു. അതിന് എന്നെ പ്രേരിപ്പിച്ചത് താഴെ പറയുന്ന പ്രസിദ്ധമായ

ഹദീസാണ്. നബി‎ﷺ പറഞ്ഞ. "ദീൻ എന്നാൽ കൂറുപാലിക്കലാകുന്നു. ആരോടാണ് പ്രവാചകരേ, കൂറുപാലിക്കേണ്ടത്? എന്ന് ചോദിക്കപ്പെട്ടു. അപ്പോൾ മറുപടി: അല്ലാഹുവിനോടും അവന്റെ ഗ്രന്ഥത്തോടും അവന്റെ പ്രവാചകനോടും മുസ്‌ലിം ഭരണനായകന്മാരോടും മുസ്‌ലിം ബഹുജന ങ്ങളോടും (കൂറു പാലിക്കുക)".

ദൂരവ്യാപകമായ ദുഷ്ഫലങ്ങളുടെ ഒരു വെള്ളച്ചാട്ടം തന്നെ ഈ മുഖ പ്രസംഗത്തിന്റെ അനന്തരഫലമായി ഭവിക്കുമെന്ന് ഞാൻ ഭയപ്പെടുന്നു. ഞാൻ ഉടനെ 'ഏറ്റവും പ്രധാനം' എന്ന തലവാചകത്തിൽ ഒരു ചെറിയ ലേഖനമെഴുതി ശബാബിലേക്ക് അയച്ചു. ആഴ്ചകൾ കാത്തിരുന്നു. അത് പ്രസിദ്ധപ്പെടുത്താൻ അവർ തൃപ്തി കാണിക്കുന്നില്ലെന്ന് തോന്നിയ പ്പോൾ അടുത്തലക്കം സൽസബീലിൽ അത് ചേർക്കാൻ ഞാൻ തീരുമാ നിച്ചു. ആ കാര്യം എങ്ങനെയോ അവർ മണത്തറിഞ്ഞു. അപ്പോൾ അവർ അത് പ്രസിദ്ധപ്പെടുത്തി. ഇവിടെ സദുദ്ദേശ്യം മാത്രമാണുള്ളത്. തെറ്റുക ളിലേക്ക് ആരും വഴുതി വീഴാം. അത് കണ്ടറിഞ്ഞവർ തക്കസമയത്ത് പ്രതികരിച്ചാൽ പലപ്പോഴും ഗുണഫലമാണുണ്ടാവുക. പരസ്യമായി എഴു തുകയോ പറയുകയോ ചെയ്ത ഒരു വിഷയത്തിന്റെ ദോഷഫലങ്ങൾ പരസ്യമായി തന്നെ എടുത്തുപറയൽ മുസ്‌ലിം സമൂഹത്തോട് കൂറുപാ ലിക്കുക എന്ന തത്വത്തിൽ പെടുന്നു. വഴുതി വീണാലും ഇടറി വീണാ ലും ആരെങ്കിലും ഉന്തി വീഴ്ത്തിയാലും എഴുന്നേറ്റ് നിവർന്ന് നിൽക്കാൻ ശ്രമിക്കണം. അതാണ് ബോധമുള്ള മനസ്സിന്റെ കടമ.

മുഖപ്രസംഗത്തിന് ഒരു ലേഖനത്തേക്കാൾ വലിയ പ്രാധാന്യമുണ്ട ല്ലോ. പാർട്ടിയുടെ ആദർശമാണതെന്നാണ് അതിന്റെ അർത്ഥം. സുബ്ഹാ നല്ലാഹ്! പാർട്ടി ഇങ്ങനെയായിപ്പോയോ എന്ന് ഞാൻ വ്യസനിച്ചു. ഇതി ങ്ങനെ വളർന്നാൽ നദ്‌വത്തുൽ മുജാഹിദീൻ പിരിച്ചുവിടേണ്ട ആവശ്യം വരില്ല, അത് പൊതുവെ സമൂഹത്തിൽ ലയിച്ചുപോകും. കെ.എൻ.എം. സ്ഥാപിച്ചവരും അതിനെ ശ്രമപ്പെട്ട് വളർത്തിയവരും പരലോക പ്രാപ്ത രായി. ഒരു സങ്കൽപഭാവനയോടെ പറയട്ടെ, ആ മഹാന്മാർ ഒന്നിവിടെ മടങ്ങിവന്നിട്ട് ഞങ്ങളുണ്ടാക്കിയ കെ.എൻ.എം. എവിടെയെന്ന് ചോദിച്ചാ ൽ, ഓഹോ! അതിന്റെ കാലം കഴിഞ്ഞുപോയല്ലോ എന്ന് മറുപടി ലഭിക്കും. സ്ഥാനമോഹങ്ങളും ധനമോഹങ്ങലും വിശന്ന രണ്ടു ചെന്നായ്ക്കളെ പ്പോലെയാണെന്നും ആട്ടിൻകൂട്ടത്തിലേക്ക് അഴിച്ചുവിട്ടാൽ ആ ചെന്നാ യ്ക്കൾ ആടുകളെ നശിപ്പിക്കുന്നതിനേക്കാൾ വേഗതയിൽ ഈ രണ്ടു മോഹങ്ങളും മനുഷ്യന്റെ ദീനിനെ നശിപ്പിച്ചു കളയുമെന്നുമുള്ള നബിവ ചനം എത്ര സത്യം!

കുട്ടികൾക്ക് സംഭവിക്കുന്ന ചിന്താപരമായ പാളിച്ചകളെ വളരാൻ അനുവദിക്കാതെ മുതിർന്നവർ തടയണം. വസ്തുനിഷ്ഠമായി തടയണം. ദോഷഫലം അവരെ ചരിത്ര പാഠങ്ങളിലൂടെയും ആനുകാലിക സംഭവങ്ങളിലൂടെയും ബോധ്യപ്പെടുത്തണം. അവരെ തിരുത്തി നേരായ പാതയിലൂടെ ചലിപ്പിക്കണം. നദ്‌വത്തുൽ മുജാഹിദീന്റെ നേതൃത്വവും പണ്ഡിതന്മാരുടെ സംഘവും കൂട്ടായി ഇതിന് ശ്രമിക്കട്ടെ. ഉദ്ദേശ്യശുദ്ധിക്ക് സദ്ഫലം നൽകുന്നവനാണ് അല്ലാഹു. ഈ വയസ്സനായ എനിക്ക് അവശമായ അവസ്ഥയിൽ ഇനി കൂടുതലൊന്നും കഴിയില്ല. അല്ലാഹുവേ! എന്റെ ആദർശ കുടുംബത്തിലെ മക്കൾക്ക് സദ്ബുദ്ധി പ്രദാനം ചെയ്യേണമേ! അവരുടെ കരങ്ങൾ ശക്തിപ്പെടുത്തുകയും ആ ശക്തിയിലൂടെ തൗഹീദ് പ്രസ്ഥാനം വളരാൻ നീ ഉതവി നൽകുകയും ചെയ്യേണമേ.

ഓർമകളുടെ തീരത്ത്

## 25

# തറാവീഹും ഞാനും

പഴയ ചില വാദപ്രതിവാദങ്ങളുടെ വിവരങ്ങൾ വിശദീകരിച്ച കൂട്ടത്തിൽ പറയേണ്ട ഒരു കാര്യമുണ്ടായിരുന്നു. അത് എന്നെ വ്യക്തിപരമായി ബാധിക്കുന്നതാണ്. ഇപ്പോൾ ഓർമ്മയിൽ ഓടിക്കയറിയതുകൊണ്ട് ഇവിടെ കുറിക്കുന്നു. കൊടിയത്തൂരിൽ പ്രമുഖ സുന്നി പണ്ഡിതനായ പറവണ്ണ കെ.പി.എ. മൊയ്തീൻകുട്ടി മുസ്‌ലിയാർ നയിച്ച വാദപ്രതിവാദത്തിലെ വിഷയം ഉമർ﵁ തറാവീഹ് ഇരുപത് റക്അത്ത് നടപ്പിൽ വരുത്തി എന്നതായിരുന്നുവല്ലോ. തന്റെ വാദം തെളിയിക്കാൻ കഴിയാതെ അദ്ദേഹം പരാജിതനായി. സുന്നികൾ മഹാ നാണക്കേടിലായി. കാരണം, അവരുടെ കൂട്ടത്തിൽ പ്രസിദ്ധനായിരുന്നു പറവണ്ണ മുസ്‌ലിയാർ. ഈ വാദപ്രതിവാദം കഴിഞ്ഞു കുറച്ചുനാൾക്ക് ശേഷമാണ് ഞാൻ പട്ടാളപ്പള്ളിയിൽ ഖത്വീബായി സ്ഥാനമേറ്റത്. പട്ടാളപ്പള്ളിയുടെ പ്രസിദ്ധിയും പ്രാധാന്യവും അക്കാലത്ത് പ്രത്യേക വിഷയമായിരുന്നു. അവിടെ ആദ്യത്തെ മലയാള ഖുത്ബയുടെ ആൾ എന്ന നിലയിൽ മലബാറിലെ വിവിധ ഭാഗങ്ങളിൽ നിന്നുമായി എത്തി ജുമുഅയിൽ പങ്കെടുക്കുന്നവരുടെ നാവിലൂടെ എന്റെ പേരും മലബാറിൽ പരക്കെ പ്രചരിച്ചിരുന്നു. പള്ളിയുടെ പ്രശസ്തിയിലൂടെ സ്വാഭാവികമായും എന്റെ പേർ മറ്റുള്ളവർക്കിടയിൽ വളരെ പരിചിതമായി എന്നു മാത്രമേ ഇതിന് അർത്ഥമുള്ളൂ. ആത്മപ്രശംസയല്ല ഇതുമൂലം ഞാൻ ഉദ്ദേശിക്കുന്നത്. കഠിനമായി ദ്രോഹിക്കപ്പെട്ട ഒരു സംഭ

വത്തിന്റെ പശ്ചാത്തലമാണ് നിങ്ങളെ അറിയിക്കുന്നത്.

കൊടിയത്തൂർ വാദപ്രതിവാദത്തിലേറ്റ തിരിച്ചടിയിൽ നിന്നും മോചനം നേടാൻ അവർ തന്ത്രം മെനയുകയായിരുന്നു. പട്ടാളപ്പള്ളിയിൽ ഞാൻ ഖത്വീബ് ആയി വന്നതോടെ തറാവീഹ് എട്ടും മൂന്നും പതിനൊന്ന് റക്അത്ത് നടപ്പിലാക്കി. കോഴിക്കോടും പരിസരത്തും ഇത് പുതിയ സംഭവമായിരുന്നു. നമസ്കാരത്തിൽ വലിയ സൂറത്തുകൾ ഓതലും സമയമെടുത്ത് സാവധാനത്തിൽ നമസ്കരിക്കലും നിമിത്തം നാട്ടിലൊക്കെയും അതൊരു കൗതുകവാർത്തയായിത്തീർന്നു. പരിസരപ്രദേശങ്ങളിൽ നിന്നും ആളുകൾ തറാവീഹിൽ പങ്കെടുക്കാൻ പട്ടാളപ്പള്ളിയിലേക്ക് പ്രവഹിച്ചുതുടങ്ങി. അക്കാലത്ത് വടകര ജുമാഅത്ത് പള്ളിയിൽ നടന്നുവന്നിരുന്ന ദർസിൽ മുദർരിസ് ആയിരുന്നത് സുന്നികളിൽ പ്രശസ്തനായ കൂട്ടായി ബാവമുസ്‌ലിയാർ ആയിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ മുസ്‌ലിയാക്കൾ ഒരു യോഗം കൂടി. വാദപ്രതിവാദ തകർച്ചയുടെ മാനക്കേടിൽ നിന്നും മുഖം രക്ഷിക്കാനുള്ള മാർഗം ആരാഞ്ഞുകൊണ്ട് വളരെ നീണ്ട ചർച്ചകൾ നടന്നു. ഒടുവിൽ ഏതോ കുബുദ്ധിയുടെ തലച്ചോറിൽ എളുപ്പമായ ഒരു മാർഗം ഉദിച്ചു. പട്ടാളപ്പള്ളിയിലെ തറാവീഹിന്റെ മറപിടിച്ച് എന്നെ കരുവാക്കി ഒരു കള്ളക്കഥ പടച്ചുണ്ടാക്കി. അതാണ് നിങ്ങളിൽ അധികപേരും കേട്ടുകൊണ്ടിരിക്കുന്ന 'മദീനത്തെ ഉമർ തറാവീഹ് ഇരുപത് ആക്കിയെങ്കിൽ വെളിയങ്കോട്ടെ ഉമർ ഇതാ എട്ടാക്കിയിരിക്കുന്നു' എന്നത്. ഞാൻ ഇപ്രകാരം പ്രഖ്യാപിച്ചുവെന്നാണ് ആരോപിക്കപ്പെട്ടത്. മുസ്‌ലിയാക്കൾ പള്ളികളിലൂടെയും മതപ്രസംഗവേദികളിലൂടെയും ഇത് പ്രചരിപ്പിച്ചു തുടങ്ങി. വാർത്ത എന്റെ ചെവിയിലും എത്തി. ഞാൻ അമ്പരന്നു! എനിക്ക് കലശലായ വിഷമമുണ്ടായി. എന്തൊരു ഭയാനകമായ കളവ്! രണ്ട് നേട്ടമാണ് അവർ ഇത് മുഖേന ലക്ഷ്യമിട്ടത്. മദീനത്തെ ഉമർ വെളിയങ്കോട്ടെ ഉമർ എന്നിങ്ങനെ തുല്യപ്പെടുത്തി പറഞ്ഞു. അങ്ങേയറ്റത്തെ ധാർഷ്ട്യമാണല്ലോ ഈ പ്രയോഗം. കൂടാതെ ഉമർ؄ ഇരുപത് റക്അത്ത് നടപ്പിലാക്കിയിട്ടില്ലെന്ന് നമ്മൾ ശരിക്കും തെളിയിച്ചിരുന്നല്ലോ. കൊടിയത്തൂർ വാദപ്രതിവാദത്തിലൂടെ അക്കാര്യം നാടാകെ അറിയപ്പെടുകയും ചെയ്തു. എന്നാൽ ഞാൻ അവരുടെ വാദം സമ്മതിച്ചുവെന്ന് ഈ വാക്കുകളിലൂടെ വരുത്തണം. കടുത്ത ധിക്കാരികളും അഹങ്കാരികളുമാണ് വഹാബികൾ എന്ന് ജനങ്ങൾ മനസ്സിലാക്കണം. ഈ വ്യാജപ്രചാരണത്തിന് എന്നെ ആയുധമാക്കിയത് രണ്ടു കാരണങ്ങളാലാണ്. ഒന്ന്, പേരിലുള്ള യോജിപ്പ്. രണ്ട്. മലബാറിൽ ഏറ്റവും ശ്രദ്ധേയമായ പട്ടാളപ്പള്ളിയിലെ തറാവീഹ് ഞാനാണല്ലോ അവിടെ എട്ടും മൂന്നും പതി

നൊന്ന് നടപ്പിലാക്കിയതും അതിന് നേതൃത്വം കൊടുക്കുന്നതും. പ്രസംഗങ്ങളിലൂടെയും രചനകളിലൂടെയും ഞാൻ ഈ കള്ളക്കഥ ശക്തിയായി നിഷേധിച്ചു. ആര് വകവെക്കാൻ! നാടുകളിൽ നിന്നും നാടുകളിലേക്ക് അവർ ഇത് പ്രചരിപ്പിച്ചുകൊണ്ടിരുന്നു. മലയാളികൾ ലോകത്ത് എവിടെയൊക്കെയുണ്ടോ അവിടെയൊക്കെയും ദുഷ്ടന്മാർ ഈ കള്ളവാർത്ത എത്തിച്ചു കൊണ്ടിരുന്നു. ഖബ്റാരാധനയുടെ കേന്ദ്രമായ തുർക്കിയിൽ നിന്നും പ്രിന്റ് ചെയ്ത് കേരളത്തിൽ സൗജന്യമായി വിതരണം ചെയ്ത 'സുന്നി' എന്ന മലയാളക്കിതാബിലും ഈ കള്ളക്കഥ എഴുതിപ്പിടിപ്പിച്ചിട്ടുണ്ട്. എന്റെ പേരിൽ മനഃപൂർവം ആസൂത്രിതമായി ഈ കഥ കെട്ടിച്ചമച്ചവർക്കും പ്രചരിപ്പിച്ചവർക്കും ഞാൻ മാപ്പു കൊടുക്കുകയില്ല. ആരെങ്കിലും ഖേദിച്ച് അതിൽ നിന്നും പിന്മാറിയാലൊഴിച്ച്. തെറ്റിദ്ധരിച്ച് വല്ലവരും പറഞ്ഞുപോയിട്ടുണ്ടെങ്കിൽ അവർക്ക് ഞാൻ സ്വമേധയാ മാപ്പ് നൽകുന്നു. അൻപത് വർഷങ്ങളിലേറെയായി മുസ്‌ലിയാക്കൾ തലമുറകളിലൂടെ ഈ കളവ് കൈമാറിപ്പോരുന്നു. എന്റെ പേരമക്കളുടെ പ്രായത്തിലുള്ള മുസ്‌ലിയാർ കുട്ടികൾ പോലും ഇപ്പോൾ അത് പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇന്നും ഞാൻ ഇത് നിഷേധിച്ചുകൊണ്ടിരിക്കുന്നു. എന്തൊരു പരീക്ഷണം! അല്ലാഹുവിൽ ശരണം! മുസ്‌ലിയാക്കളുടെ വർഗസ്വഭാവത്തിന്റെ പത്തരമാറ്റ് മനസ്സിലാക്കാൻ ഈ സംഭവം ചിന്തിക്കുന്നവർക്ക് സഹായകമാകും.

ഓർമകളുടെ തീരത്ത്

# 26

# പാളയം മുഹ്‌യിദ്ദീൻ പള്ളി

കോഴിക്കോട് ഞാൻ ബന്ധപ്പെടുന്ന കാലത്ത് ഉണ്ടമൊയ്തീൻകോയാ ഹാജിയുടെ നേതൃത്വത്തിലുള്ള ഒരു സംഘമാണ് ഈ പള്ളിയുടെ മേൽനോട്ടം വഹിച്ചിരുന്നത്. പള്ളിയുടെ തൊട്ട് കിഴക്ക് ഭാഗത്ത് ഉണ്ടായിരുന്ന പച്ചക്കറി ബസാറിലെ മുഖ്യ വ്യാപാരിയായിരുന്നു മൊയ്തീൻകോയ ഹാജി. ഒരു കോൺഗ്രസ് നേതാവായിരുന്ന ഹാജി മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിന്റെ അനുയായിയും മതകാര്യങ്ങളിൽ സലഫീ മാർഗത്തിൽ നിഷ്ഠയുള്ളവനുമായിരുന്നു. പട്ടാളപ്പള്ളി കമ്മിറ്റിയിലും അദ്ദേഹം ഉണ്ടായിരുന്നു എന്നാണെന്റെ ഓർമ്മ. മാല, മൗലിദ്, റാത്തീബ്, ദിക്ർ ഹൽഖ തുടങ്ങിയ ശിർക്ക് ബിദ്അത്തുകളുടെ കോലങ്ങൾ അവിടെ നിലനിന്നിരുന്നു. പള്ളിയുടെ തെക്ക് ഭാഗത്ത് ഇന്ന് മസ്ജിദ് ബസാർ സ്ഥിതി

ചെയ്യുന്നിടത്തായിരുന്നു റാത്തീബ് ഖാന ഉണ്ടായിരുന്നത്. അനുഗ്രഹീത നായ ഉണ്ടഹാജിയുടെ സമർത്ഥവും നിശബ്ദവുമായ പ്രവർത്തനത്തിലൂടെ പള്ളിക്കമ്മിറ്റിയിലെ ബഹുഭൂരിപക്ഷവും സലഫി ആദർശത്തിലേക്ക് വന്നു. കാര്യങ്ങൾ അവരെ ശരിക്ക് ബോധ്യപ്പെടുത്തി. ഞാൻ അന്നൊക്കെ ഉണ്ടഹാജിയുമായി നിരന്തരം സമ്പർക്കത്തിലായിരുന്നു. പള്ളിപൊളിച്ച് ഇന്നത്തെ പ്രൗഢഗംഭീരമായ നിലയിൽ പുനർനിർമ്മാണം ചെയ്യാൻ കമ്മിറ്റി തീരുമാനിച്ചു. അതിനു മുമ്പ് തന്നെ കമ്മിറ്റിയുടെ ഏകകണ്ഠമായ തീരുമാനപ്രകാരം നിയമപരമായി തന്നെ ശിർക്ക്പരമായ എല്ലാ അനാചാര കർമ്മങ്ങളും ഒഴിവാക്കി. സലഫീ ആദർശപ്രകാരം കർമ്മങ്ങൾ നടപ്പിലാക്കുകയും ചെയ്തു. അറുപതുകളുടെ ആരംഭത്തിലാണ് ഈ കാര്യങ്ങൾ നടന്നത്.

എ.പി. ഇബ്റാഹീം ഹാജി എന്ന പൗരമുഖ്യന്റെ അദ്ധ്യക്ഷതയിൽ നിലവിൽ വന്ന ബിൽഡിംഗ് കമ്മിറ്റി, പള്ളി ഇന്നത്തെ രൂപത്തിൽ പുനർനിർമ്മിച്ചു. ഞാൻ അന്ന് താമസം ഫറോക്കിലായിരുന്നു. എന്റെ മൂത്ത മകൾ പ്രൊഫ. കെ. ഹബീബ അക്കാലത്ത് ഫാറൂഖ് കോളേജിൽ പഠിച്ചു കൊണ്ടിരിക്കുന്നതിനാൽ അവളുടെ സൗകര്യാർത്ഥം കുടുംബ താമസം അങ്ങോട്ട് മാറ്റിയതാണ്. കോഴിക്കോടുമായി വളരെ അടുത്തായിരുന്നതിനാൽ പലപ്പോഴും കമ്മിറ്റികളിൽ ഞാനും പങ്കെടുക്കുമായിരുന്നു. എന്റെ ആത്മസുഹൃത്ത് ഇട്ടോളി അഹ്മദ് കോയഹാജിയുടെ സജീവ സഹകരണവും പള്ളി നിർമ്മാണ രംഗത്ത് ശ്രദ്ധേയമായിരുന്നു.

പുനർനിർമ്മാണത്തിന് ശേഷം ഖത്വീബിനെ നിയമിക്കുന്നതിൽ രണ്ടഭിപ്രായം ഉണ്ടായി. ഞാനും സി.പി. അബൂബക്കർ മൗലവിയുമാണ് നിർദ്ദേശിക്കപ്പെട്ടത്. സി.പി. ചാവക്കാട് സ്വദേശിയാണ്. ഫറോക്കിലെ പ്രസിദ്ധമായ റൗളത്തുൽ ഉലൂം അറബിക്കോളജിന്റെ പ്രിൻസിപ്പാൾ സ്ഥാനത്തിരുന്നു കൊണ്ടാണ് സി.പി. ഔദ്യോഗിക ജീവിതം അവസാനിപ്പിച്ചത്. ശേഷം ഫറോക്കിൽ തന്നെ സ്ഥിരതാമസമാക്കി. പ്രഗത്ഭനായ അബ്ദുസ്സബാഹ് മൗലവിയുടെ കർമ്മസംപുഷ്ടമായ സന്തതിയാണ് ഫാറൂഖ് കോളേജും അകത്തുള്ള റൗളത്തുൽ ഉലൂം അറബിക്കോളേജും. ഒരു കാട്ടുപ്രദേശമായിരുന്ന ഫറോക്ക് കേരളത്തിലെ കേളികേട്ട മുസ്ലിം വിദ്യാഭ്യാസ കേന്ദ്രമായി വളർന്നു വന്നതിന്റെ പിന്നിൽ പല മഹാന്മാരുടേയും ചോരയും നീരും പറ്റിപ്പിടിച്ചിരിക്കുന്നുണ്ട്. എങ്കിലും വിശുദ്ധമായ ഉദ്ദേശ്യലക്ഷ്യത്തിൽ അതിന്റെ സ്ഥാപകൻ എന്ന ബഹുമാന്യപദവിയിൽ മൗലാനാ അബ്ദുസ്സബാഹ് മൗലവി എന്നും സ്മരിക്കപ്പെടുന്നു. അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം കോളേജ് കോമ്പൗണ്ടിൽ തന്നെയാണ് മൗലാ

നാ മറമാടപ്പെട്ടിരിക്കുന്നത്. അത്രകണ്ട് അദ്ദേഹത്തിന്റെ ആത്മാവിന്റെ മിടിപ്പുകൾ ഈ സ്ഥാപനവുമായി അലിഞ്ഞു ചേർന്നിരിക്കുന്നു. ഫാറൂഖ് കോളേജുമായി സ്മരണകളെ ബന്ധിപ്പിക്കുമ്പോൾ മഹാനായ സീതിസാഹിബിനേയും പ്രത്യേകം ഓർത്തു കൊണ്ടല്ലാതെ പേന പിൻവലിക്കാൻ കഴിയുകയില്ല. ഫാറൂഖ് കോളജുമായി എനിക്ക് വല്ലാത്തൊരു ആത്മബന്ധമാണുള്ളത്. എന്റെ മക്കളിൽ പലരും അവിടത്തെ വിദ്യാർത്ഥികളാണ്. മരുമക്കളും പേരമക്കളും; പലരും അവിടെ നിന്നും പഠിച്ചുയർന്നു വന്നവരാണ്. എന്റെ സഹോദരീ പുത്രൻ മുഹമ്മദ് ഫാറൂഖി (യു.എ.ഇ.) റൗളത്തുൽ ഉലൂമിൽ നിന്നും അഫ്സലുൽ ഉലമ പാസ്സായി. പിന്നീട് മദീനാ ഇസ്‌ലാമിക് യൂണിവേഴ്സിറ്റിയിൽ നിന്നും കൈറോ അൽ അസ്ഹർ സർവ്വകലാശാലയിൽ നിന്നും ഉന്നത ബിരുദം നേടി. പഠിക്കാൻ ബഹു സമർത്ഥനായിരുന്നു മുഹമ്മദ്. പാണ്ഡിത്യവും ബുദ്ധിയുംകൊണ്ട് എന്റെ കുടുംബത്തിലെ ഒന്നാംസ്ഥാനക്കാരനായി മുഹമ്മദ് ഫാറൂഖി. തന്റെ വന്ദ്യ ഗുരുഭൂതനായ മൗലാനാ അബുസ്സബാഹിന്റെ മൂത്ത പുത്രി സനിയ്യയെ വിവാഹം ചെയ്തു. ഇപ്പോൾ തിരുവനന്തപുരത്ത് കുടുംബതാമസമാണ്. മുഹമ്മദിനെക്കുറിച്ച് പ്രത്യേകമായി ഞാൻ എടുത്ത് പറയുന്നത് എന്റെ ഒരു നിർഭാഗ്യവും കൂടി അനുസ്മരിച്ചുകൊണ്ടാണ്. എന്റെ രണ്ടാമത്തെ മകൾ ആമിനയെയാണ് അവൻ ആദ്യമായി വിവാഹം ചെയ്തത്. ഞാൻ തന്നെ മുൻകയ്യെടുത്താണ് അത് നടത്തിയത്. ഖേദകരമെന്ന് പറയട്ടെ, അവർ തമ്മിൽ യോജിച്ചില്ല. വളരെ വേഗം ആ ബന്ധം വേർപെടുത്തേണ്ടി വന്നു. എന്റെ സ്വകാര്യദുഃഖങ്ങളിൽ തേങ്ങിനിൽക്കുന്ന ഒരു ദുരന്തമാണത്. പഠനാനന്തരം മുഹമ്മദ് സുഊദി അറേബ്യയിലേക്ക് പോയി. അറിവും കഴിവും പരിഗണിക്കുമ്പോൾ അവിടെ ഉയർന്ന ഉദ്യോഗം ലഭിക്കാൻ ഏറെ സാധ്യതയുണ്ടായിരുന്നു. പക്ഷെ, ബിസിനസ്സ് രംഗമാണ് അവൻ തെരഞ്ഞെടുത്തത്. അത് ഫലവത്തായതുമില്ല. എന്റെ പ്രബോധന വീഥിയിൽ ഏറ്റവും ശക്തനായ സഹായിയായി വരാൻ ഞാൻ കൊതിച്ചതും അതിനുള്ള എല്ലാ യോഗ്യതയും നിറഞ്ഞതുമായ മുഹമ്മദിന്റെ കഴിവുകൾ എനിക്ക് ലഭ്യമായില്ലെന്നതും മറ്റൊരു നിർഭാഗ്യമായിരുന്നു. ദീനീ രംഗത്തേക്ക് മുഹമ്മദ് സജീവമാകാതിരുന്നതിൽ എനിക്കവനോട് വെറുപ്പുണ്ടായിരുന്നു. പക്ഷെ, വിധിയെ പഴിച്ചിട്ടെന്തു കാര്യം. ഇപ്പോൾ അബൂദാബിയിൽ ഒരു സ്ഥാപനം നടത്തിവരികയാണ്. ഞാൻ ഗൾഫിൽ പോകുമ്പോഴും അവൻ നാട്ടിൽ വരുമ്പോഴും തമ്മിൽ കാണുകയും നല്ല ബന്ധം പുലർത്തിപ്പോരുകയും ചെയ്യുന്നു. തന്റെ പ്രിയ ശിഷ്യൻ മുഹമ്മദ് ഫാറൂഖിയെ മൗലാനാ അബുസ്സബാഹ് ഏറെ പ്രത്യാശയോടെയാണ് നോക്കിക്കണ്ടത്. മുഹമ്മദിന്റെ പഠനത്തിലുള്ള സാമർത്ഥ്യവും കാര്യബോധവും

ചിന്താശക്തിയുമെല്ലാം ഏതൊരു ഗുരുനാഥനേയും ആഹ്ലാദിപ്പിക്കുന്നതും അഭിമാനം കൊള്ളിക്കുന്നതുമായിരുന്നു. തന്റെ പ്രിയപ്പെട്ട സ്ഥാപനത്തിന്റെ മേൽനോട്ടത്തിനും വളർച്ചയ്ക്കും ഉതകുന്ന ബുദ്ധികേന്ദ്രമായി അഥവാ തന്റെ പിൻഗാമിയായി മൗലാനാ ശിഷ്യൻ മുഹമ്മദിനെ ആശിച്ചു. അതും ഫലപ്രദമായില്ല. ഇപ്പോൾ എനിക്കൊരാശയുണ്ട്. മകൻ മുബാറക്കിന് അതറിയാം. ഞാനിപ്പോൾ തയ്യാർ ചെയ്തുവരുന്ന ഖുർആൻ തർജമയുടെ പരിശോധനയിലും വിലപ്പെട്ട നിർദേശങ്ങൾകൊണ്ട് എന്നെ സഹായിക്കുന്നതിലും മുഹമ്മദിന്റെ സഹകരണം എനിക്ക് ലഭിച്ചേക്കും. ലഭ്യമായാൽ അതൊരു വിലപ്പെട്ട കാര്യമായിരിക്കുമെന്നതിൽ സംശയമില്ല. അല്ലാഹു അനുഗ്രഹിക്കട്ടെ.

പാളയം മുഹ്‌യിദ്ദീൻ പള്ളിയുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ പറഞ്ഞുവരികയായിരുന്നു. അൽപം ചിന്ത ചിതറിപ്പോയി. ഖത്വീബ് സ്ഥാനത്തേക്ക് എന്നെയും സി.പി.യെയും അഭിപ്രായപ്പെട്ടുവെന്ന് പറഞ്ഞുവല്ലോ. എന്നോട് ആലോചിച്ചവരോട് സി.പി.യെയാണ് ഞാൻ ശുപാർശ ചെയ്തത്. അന്നത്തെ പ്രത്യേക സാഹചര്യത്തിൽ അദ്ദേഹമായിരുന്നു അവിടെ ഫിറ്റായ ഖത്വീബ് എന്നെനിക്ക് തോന്നി. കാരണം, സി.പി. ഒരു മിതവാദിയും രസികനായ പ്രഭാഷകനും നല്ല പണ്ഡിതനുമായിരുന്നു. ഞാൻ നേരെ മറിച്ചും. മുഹ്‌യിദ്ദീൻ പള്ളിയുടെ കാര്യത്തിൽ സുന്നികൾ വളരെ അസംതൃപ്തരായിരുന്നു എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. കോഴിക്കോടിന്റെ ഹൃദയഭാഗത്ത് പ്രവർത്തിച്ചിരുന്ന റാത്തീബ്ഖാന എന്ന ശിർക്കിന്റെ കൊത്തളം നശിച്ചുപോയതാണ് അവരുടെ ഏറ്റവും വലിയ ദുഃഖം. പള്ളിയേക്കാൾ അവർ സ്നേഹിക്കുന്നത് ജാറങ്ങളേയും അവയെ പരിപോഷിപ്പിക്കുന്ന ദിക്ർ- റാത്തീബ് ഹൽഖകളേയും മൗലിദ് പുരകളേയുമാണ്. ആലുവക്കും പെരുമ്പാവൂരിനുമിടയിൽ കുന്നത്ത്നാട് നിയോജകമണ്ഡലത്തിലെ പള്ളിക്കവല ബസ് സ്റ്റോപ്പിൽ പച്ച പെയിന്റിട്ട ഒരു ഭണ്ഡാരം നിങ്ങൾക്ക് കാണാം. അതിന്മേൽ എഴുതിവെച്ചിരിക്കുന്നത് വായിച്ചാൽ ചിരിക്കാതിരിക്കാൻ കഴിയില്ല. ആഴത്തിൽ ചിന്തിച്ചാൽ കണ്ണുനീർ പൊടിയും. ഈ സമുദായത്തിന്റെ മതപരമായ ദുരവസ്ഥയെ ഓർത്തുകൊണ്ടാണത്. 'മൗലീദ് പുര ജുമാഅത്ത് പള്ളി വക' എന്നാണ് ബോർഡ്. മൗലീദ് പുരയെന്നാൽ നബിയുടെ പൊരുത്തം ആഗ്രഹിച്ചുകൊണ്ട് നേർച്ച നടത്തുന്ന ഇടം. മൗലിദ് എന്നാൽ നബി ﷺ യെ വിളിച്ചുതേടുന്ന ശിർക്കിന്റെ പാട്ട്. സൃഷ്ടിയുടെ പൊരുത്തം ആശിച്ചുകൊണ്ട് പുണ്യത്തിനായി ഒരു കർമ്മം ചെയ്യുന്നതും സൃഷ്ടികളെ വിളിച്ചുതേടലും- രണ്ടും ശിർക്കിന്റെ നടപടികൾതന്നെ. പള്ളി എന്നു പറഞ്ഞാൽ

അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിനും അവനോട് മാത്രം പ്രാർത്ഥിക്കുന്നതിനും വേണ്ടിയുള്ളതാണ്. ഖുർആൻ പറയുന്നു. "നിശ്ചയമായും മസ്ജിദുകൾ അല്ലാഹുവിന്റേതാണ്. അതിനാൽ അല്ലാഹുവിനോടൊപ്പം മറ്റാരേയും നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കരുത്." (ജിന്ന്: 18). മൗലിദ് പുരയെക്കുറിച്ചും പള്ളിയെക്കുറിച്ചും വിവരമില്ലാത്ത ഒരു സമൂഹം എങ്ങനെയാണ് രക്ഷപ്പെടുക? 'മൗലീദു പുര ജുമാഅത്ത് പള്ളി' എന്ന പേരിട്ടതിലുള്ള ആശയവൈരുദ്ധ്യവും വിവരക്കേടിന്റെ വലിപ്പവും എത്രയാണെന്ന് ഒന്നാലോചിക്കൂ. കഷ്ടം! കോഴിക്കോട് മുഹ്യിദ്ദീൻ പള്ളി തങ്ങളുടേതാണെന്നും അത് തിരിച്ചു പിടിക്കണമെന്നും ആക്രോശിച്ചുകൊണ്ട് കാന്തപുരം ഗ്രൂപ്പുകൾ ടൈഗർ സുന്നിയുണ്ടാക്കി അടുത്തകാലത്തുപോലും ചില ശബ്ദകോലാഹലങ്ങൾ ഉണ്ടാക്കിയിരുന്നു. വെള്ളത്തിൽ വരച്ച വര തന്നെ.

ഓർമകളുടെ തീരത്ത്

## 27

# ഖലീഫ പള്ളി

പരമ്പരാഗത മുതവല്ലി ഭരണത്തിലായിരുന്നു ഖലീഫ പള്ളി. ഇട്ടോളി അഹ്മദ്കോയ ഹാജിയുടെ ബുദ്ധിപരവും സമർത്ഥവുമായ നീക്കത്തിലൂടെയാണ് പള്ളി സലഫീ മാർഗത്തിലായത്. എന്റെ ആത്മസുഹൃത്തായിരുന്ന ഇട്ടോളി ശരിക്കും ഒരു ബുദ്ധിജീവിയായിരുന്നു. എന്റെ പ്രവർത്തനവീഥിയിൽ ശക്തനായ ഒരു സഹായിയുമായിരുന്നു. എന്തു പ്രതിസന്ധിയിലും ഒട്ടും വികാരത്തിന് അടിപ്പെടാതെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനുള്ള അദ്ദേഹത്തിന്റെ കഴിവ് വളരെ ഞാൻ കണ്ടറിഞ്ഞിട്ടുണ്ട്. കോഴിക്കോട് വലിയങ്ങാടിയിലെ പ്രമുഖ ഇരുമ്പ് വ്യാപാരിയായിരുന്നു അദ്ദേഹം. ഒരു വലിയ കുടുംബത്തിന്റെ തലവനും. നദ്‌വത്തുൽ മുജാഹിദീൻ രൂപീകരിച്ചതു മുതൽ സംഘടനയുടെ ഉറച്ച സഹായിയായി അദ്ദേഹം നിലകൊണ്ടു. സംസ്ഥാന നേതൃരംഗത്ത് വളരെ വർഷങ്ങൾ അദ്ദേഹം സർവ്വസമ്മതനായി സേവനം അനുഷ്ഠിച്ചു. ഏതു വിഷയത്തെക്കുറിച്ചുള്ള കൂടിയാലോചനയിലും ഇട്ടോളിയുടെ സാന്നിദ്ധ്യം മറ്റുള്ളവർക്ക് ആശ്വാസവും ശക്തിയും പകരുന്നതായി എനിക്ക് അനുഭവപ്പെട്ടിട്ടുണ്ട്. എന്റെ പ്രവർത്തനശൈലിയോട് ഏറെ അനുഭാവം പുലർത്തിയും എന്നെ സഹായിച്ചും ഉപദേശം തേടി ഞാൻ സമീപിക്കുമ്പോഴൊക്കെ അതീവ വിനയത്തോടെ എന്നെ തൃപ്തിപ്പെടുത്തിയും മാറ്റുകൂടിയ ആ വ്യക്തിത്വം

എന്റെ മനസ്സിനെ ഒട്ടേറെ സ്വാധീനിച്ചു. കോഴിക്കോട് ടൗണിൽ ഞാൻ എത്തിയാൽ അദ്ദേഹത്തെ സന്ദർശിക്കാതെ മടങ്ങാൻ എനിക്ക് കഴിയുമായിരുന്നില്ല. അദ്ദേഹത്തിന്റെ കുടുംബാദികൾ ഒന്നാകെ ആദരവ് നിറഞ്ഞ സ്നേഹത്തോടെ എന്നോട് പെരുമാറുകയും അവരുടെ നല്ലൊരു കുടുംബ സുഹൃത്തായി എന്നെ അവർ സ്വീകരിക്കുകയും ചെയ്തു. സൽസബീൽ 1979-80 കാലത്ത് കുറച്ചുനാൾ ഒരു സായാഹ്ന ദിനപത്രമായി കോഴിക്കോട് നിന്നും പ്രസിദ്ധീകരിച്ചപ്പോൾ അതിന്റെ മാർഗദർശിയും ഉപദേഷ്ടാവുമായി അദ്ദേഹം എന്നെ ഏറെ സഹായിച്ചിട്ടുണ്ട്. കോഴിക്കോട് എ.വി. അബ്ദുറഹ്മാൻ ഹാജിയുടെ സംഗീത് ലോഡ്ജിലുള്ള സൽസബീൽ ഓഫീസിൽ നിത്യവും വരികയും കാര്യങ്ങൾ അന്വേഷിക്കുകയും ചെയ്തിരുന്നു. രാഷ്ട്രീയത്തിൽ ഉറച്ച ലീഗുകാരനായി നിലകൊണ്ടു. ലീഗിലുണ്ടായ ദുഃഖകരമായ പിളർപ്പിൽ എം.കെ. ഹാജിയുടെ നേതൃത്വത്തിൽ രൂപീകൃതമായ അഖിലേന്ത്യാ ലീഗിന്റെ നേതൃനിരയിൽ വന്നു. കോഴിക്കോട് നഗരത്തിൽ ഇത്രയേറെ സാമൂഹിക ബന്ധമുള്ള വ്യക്തികൾ ഇട്ടോളിയെപ്പോലെ അധികമുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ വിയോഗം വ്യക്തിപരമായി എന്നെ വല്ലാതെ ഉലച്ചുകളഞ്ഞു. പട്ടാളപ്പള്ളിയിൽ ഞാൻ ഖത്വീബായിരുന്ന കാലത്താണ് അദ്ദേഹത്തെ പരിചയപ്പെട്ടത്. സംഘാടക വൈഭവത്താൽ സലഫീ നേതൃത്വത്തിന് താങ്ങും തണലുമായിരുന്ന ഇട്ടോളി അഹ്മദ്കോയ ഹാജിയുടെ വിയോഗം മൂലം ഉണ്ടായ വിടവ് ഇന്നും പൂർണമായി നികത്താൻ കഴിഞ്ഞിട്ടില്ല. അദ്ദേഹത്തിന്റെ നന്മ നിറഞ്ഞ മനസ്സിനും പ്രവർത്തനങ്ങൾക്കും മതിയായ പ്രതിഫലം അല്ലാഹു നൽകുമാറാകട്ടെ.

ഖലീഫാ പള്ളിയുടെ മുതവല്ലി സ്ഥാനം ഒരു സംഖ്യ കൊടുത്ത് കൈവശം വാങ്ങുകയായിരുന്നു. പള്ളിയുടെ നടത്തിപ്പവകാശം നിയമപരമായി കൈയിൽ വന്ന ആ ദിവസം തന്നെ ഇട്ടോളി ഒരു കത്തുമായി തിരൂരങ്ങാടിയിൽ എന്റെയടുത്തേക്ക് ഒരാളെ അയച്ചു. മിഠായി തെരുവിൽ ബാർബർ ഷോപ്പ് നടത്തിയിരുന്ന ഒ. മുഹമ്മദ് എന്ന സ്നേഹിതനാണ് വന്നത്. അദ്ദേഹത്തിന്റെ ബാർബർ ഷോപ്പാണ് പിന്നീട് സി.എൻ അഹ്മദ് മൗലവി ബുക്സ്റ്റാൾ ആയിത്തീർന്നത്. നാളെ സുബ്ഹി മുതൽ ഖലീഫാ പള്ളിയിലേക്ക് ഒരു ഇമാമിനെ വേണം. ഇതാണ് കത്തിലെ ആവശ്യം. അപ്പോൾ എന്നോടൊത്ത് മേലാറ്റൂർ പരിസരത്തുള്ള ഒരു അബൂബക്കർ മൗലവി ഉണ്ടായിരുന്നു. വളരെ നല്ലവനാണ്. തന്റേടവും ഗൗരവവും ഒന്നുമറിഞ്ഞുകൂടാത്ത ഒരു ശുദ്ധ സാധു മനുഷ്യൻ. ഒരുപാട് ദുരിതങ്ങൾ അനുഭവിച്ചയാളായിരുന്നു അദ്ദേഹം. ദയനീയമാണ് അദ്ദേഹത്തിന്റെ കഥ. വളരെ വർഷ

ങ്ങൾക്ക് മുമ്പ് നല്ല യുവാവായിരിക്കെ ദാരിദ്ര്യത്താൽ നാടുവിട്ടു. യാതൊരു രേഖയുമില്ലാതെ ഒരു പായക്കപ്പലിൽ കയറിപ്പറ്റി കറാച്ചി വഴി യാത്രയായി. ഏതോ മരുഭൂമിയിൽ ഇറങ്ങി. ആരുടെയൊക്കെയോ സഹായത്തിൽ ചുട്ടുപഴുത്ത മണലാരണ്യത്തിലൂടെ നടന്നും ഒട്ടകപ്പുറത്തുമായി മക്കയിൽ എത്തി. അവിടെ കഴിയുകയായിരുന്നു. 1950കളുടെ മദ്ധ്യത്തിലാണിത്. ഞാൻ സുഊദിയിൽ പഠിക്കുന്ന കാലം. മക്കത്ത് വെച്ച് അദ്ദേഹത്തെ പരിചയപ്പെട്ടു. ആ പരിചയം ആദർശപരമായി വലിയ മാറ്റത്തിന് ഇടയായി. പഴയ ഖുറാഫാത്തുമായി അത്തരം മലബാറികളുടെ സഹായം സ്വീകരിച്ച് അടങ്ങി ഒതുങ്ങി അദ്ദേഹം അവിടെ ജീവിക്കുകയായിരുന്നു. കായംകുളത്തിനടുത്ത് ആറാട്ടുപുഴക്കാരൻ ഒരു ഉമർ മുസ്‌ലിയാർ വളരെ മുമ്പ് മക്കത്ത് വന്നുകൂടിയിരുന്നു. പിന്നീട് ഭാര്യയുമൊത്ത് അവിടെ കുടുംബതാമസമായി. ഈ മുസ്‌ലിയാരുടെ സഹായം എന്റെ ഈ സുഹൃത്തിന് നന്നായി കിട്ടിയിരുന്നു. എന്നാൽ ഞാനുമായുള്ള ബന്ധം കാര്യങ്ങളാകെ മാറ്റിമറിച്ചു. കഠിന ഖുറാഫിയായ ഉമർ മുസ്‌ലിയാർ ഇദ്ദേഹത്തെ കയ്യൊഴിഞ്ഞു. മറ്റു സുന്നികളായ മലബാരികളും അങ്ങനെയായി. മാത്രമല്ല, എന്റെ സുഹൃത്തിനെ നാനാ നിലക്കും അവർ ദ്രോഹിക്കാൻ തുടങ്ങി. എന്റെ പഠനം റിയാദിലായതുകൊണ്ട് വല്ലപ്പോഴും മാത്രം മക്കയുമായി ബന്ധപ്പെടാൻ സൗകര്യമുണ്ടാകുകയുള്ളൂ. ഹജ്ജ് കാലത്തു മാത്രം പൂർണ്ണമായും ഞാൻ മക്കയിൽ തന്നെയായിരിക്കും.

യാതൊരു രേഖകളുമില്ലാതെ പരസഹായത്തിൽ കഴിഞ്ഞിരുന്ന ഈ സാധു മനുഷ്യനെ ദ്രോഹിക്കാൻ സുന്നികൾക്ക് യാതൊരു മനഃപ്രയാസവുമുണ്ടായില്ല. അദ്ദേഹം സലഫീ ആദർശത്തിലായി എന്നത് തന്നെ കാരണം. അങ്ങനെ സുന്നികൾ അബൂബക്കർ മൗലവിയെ ഒറ്റിക്കൊടുത്തു. സർക്കാർ ഓഫീസിൽ ചെന്ന് ഇങ്ങനെ ഒരാൾ ഒളിച്ച് കടന്ന്വന്ന് മക്കത്തു താമസിക്കുന്നുവെന്ന് വിവരം നൽകി. അക്കാലത്ത് ഇന്നത്തെപ്പോലെ കഠിനമായ നടപടികൾ ഇല്ലായിരുന്നു. പക്ഷെ വിവരം കിട്ടിയാൽ നിയമപരമായ നടപടികൾ സ്വാഭാവികമാണല്ലോ. അദ്ദേഹത്തെ പോലീസ് പിടിച്ചുകൊണ്ട് പോയി. ഇന്നത്തെ അവസ്ഥയിലാണെങ്കിൽ ആ പരിസരത്ത് പോലും മറ്റുള്ളവർക്ക് അടുക്കാൻ കഴിയില്ല. അന്ന് പാസ്പോർട്ട് ഓഫീസിലെ പ്രധാനി(മുദീർ) ഞാനുമായി നല്ല സുഹൃദ്ബന്ധമായിരുന്നു. ഹംസജൂഅലി എന്നാണ് പേര്. ഞാൻ ചെന്ന് അദ്ദേഹത്തോട് ശുപാർശ പറഞ്ഞു. പാസ്പോർട്ട് നാട്ടിൽനിന്നും വരുത്തി ഹാജരാക്കാൻ ഒരു അവധിയും വാങ്ങി. അങ്ങനെ എന്റെ ജാമ്യത്തിൽ വിട്ടയച്ചു. വിവരം നാട്ടിലേക്ക് എഴുതി. പക്ഷെ, അദ്ദേഹത്തിന്റെ ബാപ്പ അതിന് തയ്യാറായില്ല.

മക്കത്ത് നിന്ന് മകൻ വഹാബിയായ വിവരം ചിലർ ബാപ്പയെ അറിയിച്ചിരുന്നു. അതിനാൽ ഇനി എനിക്കവനെ ആവശ്യമില്ല എന്ന് ബാപ്പ!! അവൻ സുഊദിയിൽ കിടന്ന് ചാകട്ടെ, അബൂജഹ്ലിനെപ്പോലെയെന്ന അവസ്ഥയിൽ ബാപ്പ അനങ്ങിയില്ല. എത്ര കഠിനമായ വെറുപ്പും എതിർപ്പും പ്രതികാര വാഞ്ഛയുമാണ് സ്വന്തം പിതാവിനും കുടുംബാദികൾക്കും! കൊലക്കുറ്റത്തിന് സമാനമായ പാപമായി കുടുംബക്കാർപോലും ആ സാധുവിനെ ദ്രോഹിച്ചു.

പറഞ്ഞ അവധിയെത്തി. പാസ്പോർട്ട് ഹാജരാക്കിയില്ല. വീണ്ടും പോലീസ് പിടിച്ചു. ഞാൻ ചെന്ന് അപേക്ഷ പറഞ്ഞു ഒഴിവാക്കിക്കൊണ്ടുവന്നു. ഇങ്ങനെ പലവട്ടം കഴിഞ്ഞിട്ടുണ്ട്. 1959ൽ ഞാൻ പഠനം പൂർത്തിയാക്കി സുഊദി അറേബ്യയിൽ നിന്നും വിട്ടുപോരുകയായിരുന്നു. അതറിഞ്ഞതോടെ പാവം എന്റെ സുഹൃത്ത് കൂടുതൽ ബേജാറിലായി. ഏകതുണക്കാരനായ ഞാനും വിട്ടകലുകയാണല്ലോ. നാട്ടിലേക്ക് മടങ്ങാൻ രേഖയില്ല. അവിടെ നിൽക്കാൻ അനുവാദവുമില്ല. എന്തുചെയ്യും? ജയിൽ തന്നെ ശരണം. ആ പ്രതിസന്ധിയിൽ നാട്ടിൽ നിന്നും ഹജ്ജിന് വന്ന മറ്റൊരാളെ പരിചയപ്പെട്ടു. അയാളുടെ സഹായം ഫലപ്പെട്ടു. യാത്രക്കുള്ള കാര്യങ്ങൾ ശരിയായി. അങ്ങനെ അദ്ദേഹം കപ്പലിൽ എന്നോടൊത്ത് നാട്ടിലേക്ക് വന്നു. കുടുംബത്തിൽ പ്രവേശനമില്ലാത്തതിനാൽ എന്റെ കൂടെ തിരൂരങ്ങാടിയിലും തിരൂർക്കാടുമായി കഴിയുകയായിരുന്നു. ഈ കഥ വിസ്തരിച്ചു പറയണമെന്ന് തോന്നി. സത്യമാർഗം സ്വീകരിക്കുന്നവർക്ക് ഇതുപോലെ, ചിലപ്പോൾ ഇതിനേക്കാൾ വിഷമകരമായ പലതും അനുഭവിക്കേണ്ടിവരും. പരീക്ഷണങ്ങളെ സഹനപൂർവ്വം നേരിടണം. ഇത് വായിച്ചു രസിക്കാനോ ദുഃഖിക്കാനോ എല്ലാവർക്കും കഴിയും. പക്ഷെ, സ്വജീവിതത്തിൽ ഇങ്ങനെ സഹിക്കാൻ എത്ര പേർക്ക് കഴിയും? അബൂബക്കർ മൗലവിയുടെ ത്യാഗം നമുക്ക് ഒരു പാഠമായിരിക്കട്ടെ.

അങ്ങനെ അദ്ദേഹത്തെ ഖലീഫ പള്ളിയിലേക്ക് ഇമാമായി ഞാൻ അയച്ചുകൊടുത്തു. ഏറെ ശാന്തനും സഹനശീലനുമായതിനാൽ ദീർഘകാലം ഖലീഫ പള്ളിയിൽ അദ്ദേഹം കഴിച്ചുകൂട്ടി. ഇതിനിടയിൽ വിവാഹിതനായി. മക്കൾ പ്രാപ്തരായപ്പോൾ ബാപ്പയെ ജോലിയിൽ നിന്നും ഒഴിവാക്കി. വീട്ടിൽ വിശ്രമജീവിതം നയിക്കാൻ സൗകര്യങ്ങൾ ഏർപ്പെടുത്തി. മക്കളുടെ സ്നേഹവും സംരക്ഷണവും ആസ്വദിച്ച് അദ്ദേഹം വളരെ സന്തുഷ്ടനായി കഴിഞ്ഞുകൂടുന്നു. എത്ര നല്ല മക്കൾ! ഒരിക്കൽ അദ്ദേഹത്തിന്റെ മോഹം നിറവേറ്റാൻ, മകന്റെ ജീപ്പിൽ മകൻ തന്നെ ഡ്രൈവ് ചെയ്ത് എന്നെ കാണാൻ തിരൂർക്കാട് വന്നു. ഞാൻ സന്തോഷത്തിന്റെ

കണ്ണീർ പൊഴിച്ചു. അദ്ദേഹത്തോട് എനിക്ക് വളരെ സ്നേഹമാണ്. അദ്ദേഹത്തിന് എന്നോടും. കേരളത്തിലെ ഏറ്റവും പ്രമുഖനായ ഹദീസ് പണ്ഡിതനും കേരള ജംഇയ്യത്തുൽ ഉലമയുടെ പ്രസിഡണ്ടുമായിരുന്ന മർഹൂം ശൈഖ് മുഹമ്മദ് മൗലവിയായിരുന്നു ഖലീഫാ പള്ളിയിൽ ഖുത്വ്ബ നടത്തിയിരുന്നത്. ശൈഖ് മൗലവിക്ക് ശേഷം അവിടെ സ്ഥിരമായി ഖുത്വ്ബ നിർവ്വഹിക്കുന്നത് എം. മുഹമ്മദ് മദനിയാണ്. പുത്രവാത്സല്യത്തോടെ ഞാൻ സ്നേഹിക്കുന്ന യുവപണ്ഡിതനും മികവുറ്റ പ്രഭാഷകനുമാണ് മദനി. ഇപ്പോൾ പുളിക്കൽ മദീനത്തുൽ ഉലൂം അറബിക്കോളജിന്റെ സമർത്ഥനായ പ്രിൻസിപ്പാൾ പദവി കയ്യാളുന്നു. (അദ്ദേഹം റിട്ടയർ ചെയ്ത് ഇപ്പോൾ എടവണ്ണ ജാമിഅ നദ്‌വിയ്യയുടെ പ്രിൻസിപ്പാളാണ് -എഡിറ്റർ). അദ്ദേഹത്തിന്റെ ഭക്തിനിർഭരമായ പ്രഭാഷണം കേൾക്കുമ്പോഴൊക്കെ എന്റെ കണ്ണുകൾ അറിയാതെ നിറഞ്ഞുപോകും. അത്ര ഹൃദയസ്പർശിയാണ് ആ പ്രതിപാദനം.

ഓർമകളുടെ തീരത്ത്

# 28
# ഖുർആൻ തർജമ

തൗഹീദിന്റെ വെളിച്ചം എന്റെ ഹൃദയത്തിലേക്ക് കടന്നുവന്നതിനു ശേഷം എന്റെ ജീവിതത്തിൽ ലഭിച്ച ഏറ്റവും മഹത്തായ ഒരു ഭാഗ്യമായി ഞാൻ കരുതുന്നത് വിശുദ്ധ ഖുർആനിന്ന് സമ്പൂർണ പരിഭാഷ തയ്യാറാക്കാൻ കിട്ടിയ അവസരത്തെയാണ്. സീതിസാഹിബിന്റെ നേതൃത്വത്തിൽ തലശ്ശേരിയിൽ നിന്നും മുസ്‌ലിം ലിറ്ററേച്ചർ സൊസൈറ്റി പുറത്തിറക്കിയ പരിഭാഷയെക്കുറിച്ച് നേരത്തെ ഞാൻ പറഞ്ഞുവല്ലോ. പാങ്ങിൽ മുസ്‌ലിയാരുടെ ദർസിൽ വിദ്യാർത്ഥിയായി താനൂരിൽ കഴിയുന്ന കാലമാണത്. അതിന്റെ കോപ്പി ഞാൻ വാങ്ങിയതും അതേതുടർന്ന് ദർസിൽ ഉണ്ടായ കോലാഹലങ്ങളും ഞാൻ വിവരിച്ചിരുന്നു. എന്നാൽ, അതൊരു സമ്പൂർണ പരിഭാഷയായിരുന്നില്ല. അതിന്റെ പ്രവർത്തനം തുടർന്നുകൊണ്ടുപോകുവാൻ പല കാരണങ്ങളാലും കഴിഞ്ഞുമില്ല. അതിന് വളരെ മുമ്പും ഖുർആനിന് തർജമ തയ്യാറാക്കാൻ പല മഹാന്മാരും ശ്രമിച്ചിട്ടുണ്ട്. പക്ഷെ, അതൊക്കെ തുടക്കം കുറിക്കുക മാത്രമേ ചെയ്തിട്ടുള്ളൂ. യാഥാസ്ഥിതിക പണ്ഡിതവർഗത്തിന്റെ കൂട്ടായ എതിർപ്പും മുസ്‌ലിം സമൂഹത്തിന്റെ കഠിനമായ നിസ്സഹകരണവും നിമിത്തം അതൊക്കെയും ഇടക്ക് വെച്ച് സ്തംഭിച്ചുപോയി. പണ്ഡിതവർഗത്തിന്റെ എതിർപ്പിനെ അവഗണിക്കാ

നും സാമ്പത്തിക ബാധ്യത ഏറ്റെടുക്കാനും ആരും തയ്യാറാകാതിരുന്നത് ഇത്തരം സൽകർമങ്ങളുടെ ഗതിയെ മരവിപ്പിച്ചുകളഞ്ഞു. എങ്കിലും അതിനുവേണ്ടി മുന്നിട്ടിറങ്ങിയ മഹദ് വ്യക്തികളുടെ ഉദ്ദേശ്യശുദ്ധി അല്ലാഹു കണക്കിലെടുക്കുമെന്നും അവർക്ക് തക്കതായ പ്രതിഫലം പരലോകത്ത് ലഭിക്കുമെന്നും ആശിക്കാവുന്നതാണ്. ഖുർആനിന്റെ വെളിച്ചം ജനങ്ങളിലെത്തിക്കാൻ ഒരുമ്പെട്ട ആ മഹാന്മാർക്ക് അല്ലാഹു അനുഗ്രഹവും കാരുണ്യവും നൽകുമാറാകട്ടെ. കൂട്ടത്തിൽ ഒരനുഭവം പറയട്ടെ. മുസ്‌ലിം ലിറ്ററേച്ചർ സൊസൈറ്റി പുറത്തിറക്കിയ ഖുർആൻ പരിഭാഷയുടെ കോപ്പി ഞാൻ വാങ്ങിയതും തുടർന്ന് പാങ്ങിൽ മുസ്‌ലിയാരുടെ ദർസിൽ നിന്നേൽക്കേണ്ടിവന്ന ചില മാനസിക പീഡനങ്ങളും വായനക്കാർ ഓർക്കുന്നുണ്ടാകുമല്ലോ. എന്നാൽ അത് വിൽക്കാൻ ഞാൻ യാത്ര ചെയ്തപ്പോൾ ഉണ്ടായ ഒരു സംഭവം പറയാൻ വിട്ടുപോയി. ജീവൻ തന്നെ അപകടത്തിലാകുമെന്ന് തോന്നിയ ഒരു സന്ദർഭമായിരുന്നു അത്.

സീതിസാഹിബിന്റെ നിർദ്ദേശപ്രകാരം കുറച്ചു കോപ്പികളുമായി ഞാൻ യാത്രയായി. അങ്ങനെ പാലക്കാട് എത്തി. ചിലർക്കെല്ലാം കോപ്പി കൊടുത്തു. അസർ നമസ്കരിക്കാൻ ഒരു പള്ളിയിൽ കയറി. പരിഭാഷയുടെ കെട്ട് ഒരു മൂലയിൽ വെച്ചുകൊണ്ട് ഞാൻ നമസ്കാരത്തിലാണ്. അപ്പോൾ പള്ളിയിൽ ഒരാൾക്കൂട്ടം. ഉച്ചത്തിലുള്ള സംസാരം ഞാൻ കേട്ടു. "ഇവൻ ഖുർആൻ പരിഭാഷ വിൽക്കാനെത്തിയതാണ്. ഇവനെ വിടരുത്, ശരിപ്പെടുത്തണം, അവനെ കൊല്ലണം" എന്നും വിളിച്ചുപറയുന്നത് കേട്ടു. എന്റെ നമസ്കാരം കഴിഞ്ഞപ്പോൾ ആളുകൾ ചുറ്റും കൂടി. ആകെ ബഹളം. ചീത്തവിളിയും ആക്രോശങ്ങളും. ഒന്നും തിരിയുന്നില്ല. പള്ളിയിൽ നിന്നിറക്കി റോഡിൽ ഇട്ട് എന്നെ കൈകാര്യം ചെയ്യുവാനാണ് നീക്കം എന്ന് മനസ്സിലായി. ഞാൻ കെട്ട് എടുത്ത് പുറത്തേക്കിറങ്ങി. നീ ഖുർആൻ കാഫറിന് കൊടുക്കാൻ വന്നവനല്ലേ എന്നാണ് ചോദ്യം. ആവശ്യപ്പെടുന്നവരാരായാലും കൊടുക്കും എന്നു ഞാൻ പറഞ്ഞപ്പോൾ "ഇവനെ വിടരുത്, കൊല്ലണം" എന്ന് ഗർജ്ജിച്ചുകൊണ്ട് ചിലർ എന്റെ നേർക്ക് വന്നു. എന്റെ കഥകഴിയും എന്നുറപ്പായതോടെ എനിക്കെന്തോ ഒരു ധൈര്യം കൈവന്നതുപോലെ "എങ്കിൽ കൊല്ലെടാ, ഖുർആനിന്റെ പേരിൽ മരിക്കാൻ ഞാനൊരുക്കമാണ്" എന്ന് ഗർജ്ജിച്ചു. സഹായത്തിനൊരാൾ പോലുമില്ലല്ലോ എന്ന കാര്യം അപ്പോൾ എന്നെ തെല്ലും അലട്ടിയില്ല. ചിലർ പിടിക്കുകയും വലിക്കുകയും ഉന്തുകയും തള്ളുകയുമെല്ലാം ചെയ്യുന്നുണ്ട്. മേലിൽ ഇതാവർത്തിക്കുകയില്ലെന്ന് സത്യം ചെയ്താൽ വിട്ടയക്കാമെന്ന ഭാവത്തിലാണ് ചിലർ. ഞാൻ വഴങ്ങിയില്ല. ആ ദുർഘട നിമി

ഷത്തിലതാ ഒരു മനുഷ്യൻ ഓടിയെത്തി. അയാൾ ആ വിവരദോഷികളുടെ കൂട്ടത്തോട് എന്തൊക്കെയോ പറഞ്ഞു. അയാൾ ഒരു തന്റേടിയാണെന്ന് മനസ്സിലായി. എന്നെ ആ ചെന്നായക്കൂട്ടത്തിൽ നിന്നും വിടർത്തി ഒരു പീടികയിലേക്ക് കയറ്റി. അതൊരു തയ്യൽക്കടയായിരുന്നു. അദ്ദേഹത്തിന്റെ സ്വന്തം സ്ഥാപനം.

അദ്ദേഹം എന്നോട് പറഞ്ഞു: 'നിങ്ങൾ ഒന്നും മിണ്ടരുത്. ഞാൻ അവരെ കാര്യം പറഞ്ഞു സമാധാനിപ്പിക്കാം.' ആളുകൾ കടയുടെ മുമ്പിൽ തടിച്ചുകൂടി. ആ സുഹൃത്ത് എന്തൊക്കെയോ പറഞ്ഞു അവരുടെ രോഷം ശമിപ്പിക്കുകയായിരുന്നു. കൂട്ടത്തിൽ "ഇത് മുസ്‌ലിംകൾക്ക് മാത്രമേ കൊടുക്കൂ, കാഫറിന് കൊടുക്കുകയില്ല" എന്നു പറഞ്ഞു. ഉടനെ ഞാൻ ചാടി എഴുന്നേറ്റ്, ആരു പറഞ്ഞു, കാഫിർ ചോദിച്ചാൽ തീർച്ചയായും കൊടുക്കും എന്നുറക്കെ വിളിച്ചുപറഞ്ഞതോടെ "കൊല്ലെടാ അവനെ" എന്ന രോഷഗർജ്ജനം പലേടത്തുനിന്നായി ഉയർന്നു. രംഗം നിയന്ത്രണാതീതമാകുകയായിരുന്നു. പക്ഷെ, എന്റെ സഹായി ശക്തനായിരുന്നതിനാൽ ആരും പീടികയിലേക്ക് പ്രവേശിച്ചില്ല. ആളുകൾ മഗ്‌രിബിന്റെ സമയം വരെ അവിടെ കൂടിനിന്നു. ആ നല്ല മനുഷ്യൻ എന്നെ ശാസിച്ചും ആ ജനക്കൂട്ടത്തോട് വാഗ്വാദം നടത്തിയും സമാശ്വാസ വാക്കുകൾ പറഞ്ഞു സമയം നീക്കി. ബാങ്കിന് സമയമായപ്പോൾ കുറെ പേർ പള്ളിയിലേക്ക് നീങ്ങി. അപ്പോൾ അയാൾ എന്നെയും കൊണ്ട് ബസ്സ്റ്റാന്റിലേക്ക് നടന്നു. എന്നെ ബസ്സിൽ കയറ്റിവിട്ടു. "ഇനി കുറെ നാളത്തേക്ക് ഈ വഴി വരണ്ട" എന്ന സ്നേഹമയമായ താക്കീതും. അദ്ദേഹത്തിന്റെ പേര് മറന്നുപോയി. അദ്ദേഹം ഒരു തീർത്തു മുറിച്ച സലഫിയാണെന്ന് തോന്നിയില്ല. പക്ഷെ, സത്യത്തോട് അനുരാഗമുള്ള ശുദ്ധമനസ്കനായിരുന്നു എന്ന് തീർച്ച. അല്ലാഹു ആ ഹൃദയശുദ്ധി അംഗീകരിക്കുകയും അദ്ദേഹത്തിന് പരലോകം ധന്യമാക്കുകയും ചെയ്യട്ടെ.

എൻ.വി. അബ്ദുസ്സലാം മൗലവിയുടെ നിർദ്ദേശപ്രകാരം ഞാൻ കുറച്ചുകാലം അരീക്കോട് നിന്ന് പ്രവർത്തിച്ചിരുന്ന കാര്യം മുമ്പ് വിവരിച്ചിരുന്നല്ലോ. അവിടത്തെ പഴയ മഹല്ല് പള്ളി ജംഇയ്യത്തുൽ മുജാഹിദീന്റെ സ്വാധീനത്തിൽ വന്നതും അവിടെ സലഫീ ആദർശപ്രകാരം ജുമുഅ തുടങ്ങാൻ ഞാൻ മുൻകൈയെടുത്തതും ആ കൂട്ടത്തിൽ പറഞ്ഞിരുന്നു. എന്റെ ഭാര്യയുടെ ഒരു എളാപ്പ അവിടത്തെ ഖാളിയായിരുന്നു. മുസ്‌ലിയാരകം കുടുംബം. ഒരുപാട് ശാഖകളുള്ളതാണത്. അതിലൊന്ന് അരീക്കോടും ഉണ്ടായിരുന്നു. അവരുമായി ഞാൻ സദാ സമ്പർക്കം പുലർത്തിയിരുന്നു.

അങ്ങനെ കഴിഞ്ഞുകൂടുന്നതിനിടയിൽ ഞാൻ ഒരിക്കൽ കണിയാപുരത്തുള്ള എന്റെ ബാപ്പയുടെ കുടുംബത്തിലേക്ക് പോയി. അവിടെ ജ്യേഷ്ഠനും മക്കളുമുണ്ട്. അവിടെ കുറെ ദിവസം കഴിച്ചുകൂട്ടി. അങ്ങനെ ഞാൻ ബന്ധപ്പെട്ടിരുന്നത് പലതുകൊണ്ടും ഗുണത്തിലായിരുന്നു. തൗഹീദിന്റെ വെളിച്ചം കടന്നുചെല്ലാത്ത പ്രദേശവും കടുത്ത സുന്നി പ്രമുഖരായിരുന്ന എന്റെ അമ്മാവൻമാരായ മുസ്‌ലിയാക്കളും അവരോട് വിധേയത്വം പുലർത്തുന്ന നാട്ടുകൂട്ടവും തറവാട്ടുകാരുമെല്ലാമായി അന്ധവിശ്വാസത്തിന്റെ ഇരുട്ട് കട്ടപിടിച്ച ഒരു അന്തരീക്ഷമായിരുന്നു ആ പ്രദേശത്തുണ്ടായിരുന്നത്. അവിടെ നടന്ന ഒരു മൗലീദ് യോഗത്തിൽ പ്രസംഗിക്കേണ്ടി വന്ന സംഭവത്താലാണല്ലോ ഞാൻ കുടുംബത്തെ വിട്ട് ഓടിപ്പോരേണ്ടിവന്നത്. കുറച്ച് കൂടി കാര്യപ്രാപ്തിയും തന്റേടവും അറിവും കൈവന്നപ്പോൾ ഞാൻ വീണ്ടും അവിടെ ബന്ധപ്പെടാൻ തുടങ്ങി. ഇതുമൂലം കുറച്ചുപേരെയെങ്കിലും സത്യദീനിന്റെ മാർഗത്തിലേക്ക് അടുപ്പിക്കാൻ റബ്ബിന്റെ അനുഗ്രഹത്താൽ സാധിച്ചിട്ടുണ്ട്.

അവിടെ കുടുംബവുമായി അങ്ങനെ കൂടിക്കഴിയുന്നതിനിടയിൽ എൻ.വിയുടെ ഒരു കത്ത് കിട്ടി. ജംഇയ്യത്തുൽ മുജാഹിദീന്റെ സാമ്പത്തിക നില വളരെ മോശമാണ്. നിങ്ങൾ ഉടനെ വരണം. അതിനുവേണ്ടി ഒന്നിറങ്ങണം ഇതാണ് ഉള്ളടക്കം. പക്ഷെ, ആ കത്തിലെ ശൈലി എനിക്ക് ഇഷ്ടമായില്ല. ഒരു ജോലിക്കാരനോടുള്ള കൽപനപോലെ എനിക്ക് തോന്നി. ഞാൻ ഇപ്രകാരം മറുപടി അയച്ചു. എന്റേമേൽ നിങ്ങൾ പ്രത്യേകം നിയന്ത്രണം ഏർപ്പെടുത്തുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല. എന്നെ ഒരു പിരിവുകാരനായി മാത്രം നിങ്ങൾ കാണരുത്. സ്വാതന്ത്ര്യം അനുവദിക്കണം. എന്റെ കത്ത് എൻവിക്കും ഇഷ്ടപ്പെട്ടില്ല. അദ്ദേഹം മറുപടിക്കത്തിൽ ഒരാഴ്ചക്കുള്ളിൽ ഇവിടെയെത്തി കണക്കുകൾ ഏൽപിച്ചു പിരിഞ്ഞുപോകാൻ നിർദ്ദേശിച്ചു. സമയപരിധി വെച്ചതിനെ ഞാൻ സ്വീകരിക്കുന്നില്ല എന്ന് ഞാൻ വീണ്ടും അറിയിച്ചു. എനിക്ക് വലിയ ദേഷ്യവും മനസ്സിൽ ക്ലേശവുമുണ്ടായി. അങ്ങനെ ഞങ്ങൾ തമ്മിൽ ഇടഞ്ഞു. ഞാൻ അവിടെ നിന്നും പിരിഞ്ഞു. വീട്ടിൽ സ്വസ്ഥമായി ഇരിപ്പായി. ആകപ്പാടെ എല്ലാറ്റിനോടും ഒരു വെറുപ്പ്. പിശാചിന്റെ ഒരു കെണി തന്നെ.

ആയിടക്ക് തിരൂരങ്ങാടി സി.എച്ച്. മുഹമ്മദ് ആന്റ് സൺസ് എന്ന അച്ചടിശാലയുടെയും ബുക് ഡിപ്പോവിന്റെയും ഉടമസ്ഥൻ സി.എച്ച്. മുഹമ്മദ് സാഹിബ് ഒരു ദിവസം തിരൂർക്കാട് വീട്ടിൽ വന്നു. അദ്ദേഹം ഇടക്ക് വരാറുണ്ട്. ഭാര്യയുടെ അടുത്ത ബന്ധുവായിരുന്നു അദ്ദേഹം. യതീമായിരുന്ന എന്റെ ഭാര്യയുടെ ചെറുപ്പം മുതൽക്കുള്ള സംരക്ഷകനു

മായിരുന്നു. അവരുടെ സംരക്ഷണയിൽ പഠിച്ചു. ഒരു എൽ.പി. സ്കൂളിൽ അദ്ധ്യാപികയായി ജോലിയുമുണ്ടായിരുന്ന കാലത്താണ് ഞാൻ അവരെ വിവാഹം ചെയ്തത്. ജോലിക്ക് അയക്കാൻ അന്ന് എനിക്ക് താൽപര്യമില്ലായിരുന്നു. ജോലി ഞാൻ രാജിവെപ്പിച്ചു. കുടുംബകാര്യങ്ങളുമായി വീട്ടിൽതന്നെ കഴിഞ്ഞുകൂടാൻ നിർദ്ദേശിക്കുകയായിരുന്നു. ഞാൻ സദാ യാത്രയിലും പല ജോലികളിലുമായി പലേടത്തും താമസിച്ചും കഴിയുന്ന സ്ഥിതിയിൽ ഇതൊരാവശ്യമാണെന്ന് എനിക്ക് തോന്നി. അതുമൂലം ദാരിദ്ര്യം കുറെ അനുഭവിച്ചിട്ടുണ്ട്. എങ്കിലും അത് ഞാൻ കാര്യമായി എടുത്തില്ല. എത്രത്തോളമെന്നാൽ തിരൂർക്കാട് നിന്നും മലപ്പുറത്തേക്ക് പതിനാലു കിലോമീറ്റർ ദൂരമുണ്ട്. മൂന്ന് അണയാണ് അന്ന് ബസ്സ് കൂലി. (18പൈസ). ബസ്സ് കൂലി ഇല്ലാത്തതുകൊണ്ട് പലപ്പോഴും മലപ്പുറത്തേക്ക് നടന്നുപോയിട്ടുണ്ട്. ചിലപ്പോഴൊക്കെ കാശുണ്ടായാലും ബസ്സുണ്ടാകുകയില്ല. അപ്പോഴും നടക്കും. മെറ്റൽ മാത്രമായ റോഡ്. കോഴിക്കോട്ടേക്ക് തിരൂർക്കാടുനിന്നും മൂന്ന് മണിക്കൂർ യാത്രയുണ്ട്. ഒന്നര രൂപയാണ് അന്ന് ബസ്സ് ചാർജ്ജ്. ഇടക്ക് ഇതൊക്കെ പറയുന്നത് അക്കാലത്തെ മനുഷ്യരുടെ ജീവിതരീതിയും യാത്രാസൗകര്യങ്ങളുടെ പരിമിതിയും സ്പീഡ് യുഗത്തിൽ ജീവിക്കുന്ന പുതിയ തലമുറ അറിയുന്നതിനു വേണ്ടിയാണ്. ഇത്തരം ധാരാളം പരിമിതികളുടെ വലയത്തിൽ ജീവിച്ചുകൊണ്ടാണ് എന്റെ ഗുരുഭൂതരായ പണ്ഡിത- നേതാക്കൾ തൗഹീദിന്റെ ശബ്ദവുമായി കടുത്ത എതിർപ്പുകളെ നേരിട്ട് കൊണ്ട് മുന്നേറിയിരുന്നത്. ഇന്ന് ചിലർക്ക് എത്ര സൗകര്യങ്ങളുണ്ടായിട്ടും പേരാ എന്ന തോന്നലാണ്. കാലത്തിന്റെ മാറ്റം.!

പറയാൻ തുടങ്ങിയ വിഷയത്തിനിടയിൽ പലതും കയറിവരികയാണ്. ചിലർക്ക് ദേഷ്യം തോന്നുന്നുണ്ടാകും. സാരമില്ല. ഇതൊക്കെ അറിയേണ്ടതല്ലേ. എന്റെ രചനാവൈഭവത്തിന്റെ അപാകതയും നിങ്ങൾ ക്ഷമിച്ചേ പറ്റൂ. സി.എച്ച്. മുഹമ്മദ് കാക്കാക്ക് എന്റെ ഭാര്യയോട് വളരെ സ്നേഹമാണ്. അതുകൊണ്ടാണ് ഇടയ്ക്കുള്ള ഈ വരവ്. വന്നാൽ വല്ലതും കൊടുത്തിട്ടേ പോകൂ. ഞങ്ങളുടെ ജീവിതനിലവാരത്തെക്കുറിച്ച് അദ്ദേഹത്തിന് ബോധമുണ്ടായിരുന്നു. അന്ന് വന്നപ്പോൾ ഞാൻ വീട്ടിൽ കുത്തിയിരിപ്പാണ്. “എന്താണിങ്ങനെ ഒന്നിലും ഇടപെടാതെ ഇരിക്കുന്നത്?” എന്ന് ചോദിച്ചു. എന്റെ വിഷമവും ദേഷ്യവും ഞാൻ തെളിയിച്ചു പറഞ്ഞു. അപ്പോൾ അദ്ദേഹം എന്നെ തിരൂരങ്ങാടിയിലേക്ക് ക്ഷണിച്ചു. “നിങ്ങൾ അവിടെ വന്ന് വല്ലതും എഴുതൂ” എന്ന് പറഞ്ഞു. എനിക്കത് ശീലമില്ലല്ലോ എന്ന് ഞാനും. അപ്പോൾ അദ്ദേഹം പറഞ്ഞു: “ഇന്ന് അറിയപ്പെ

ടുന്ന എല്ലാ എഴുത്തുകാരും ശീലമില്ലാത്തവരായിരുന്നു. എഴുതി ശീലിച്ച വരാണവർ. നിങ്ങളും ശീലിക്കുക.” അങ്ങനെ ഞാൻ പോയി. അന്ന് അവ രുടെ പ്രസ്സ് വളരെ ചെറുതാണ്. അതിന്റെ മുകളിൽ ആപ്പീസും. ഞാൻ അവിടെ കൂടി. താമസം പള്ളിയിലും. അതിനു മുമ്പ് ഞാൻ “അദ്കാറുസ്സ ലാത്ത്” എന്ന നമസ്കാരകർമ്മങ്ങൾ വിവരിക്കുന്ന ഒരു ചെറു പുസ്ത കം മലയാളത്തിലും അറബി മലയാളത്തിലും അച്ചടിച്ച് വിതരണം ചെയ് തിട്ടുണ്ട്. എന്റെ ആദ്യത്തെ അച്ചടിച്ച കൃതി അതാണ്.

സി.എച്ച്. മുഹമ്മദ്കാക്ക എന്നോട് സൂറതുർറഹ്മാന്റെ ഒരു പരിഭാഷ തയ്യാറാക്കാൻ ആവശ്യപ്പെട്ടു. ഞാൻ ഖുർആൻ പരിഭാഷയുടെ പ്രവർത്ത നത്തിലേക്ക് ആദ്യത്തെ ചുവട് എടുത്ത് വെക്കുകയായിരുന്നു. മദ്റസ യിൽ നിന്നും ആവശ്യമായ കിതാബുകൾ എടുത്തുനോക്കി. ഞാൻ പരി ഭാഷ തയ്യാറാക്കി. അത് മലയാളത്തിലായിരുന്നു. അത് അവർ പ്രസിദ്ധീ കരിച്ചു. ശേഷം അമ്മ ജുസ്ഇന്റെ പരിഭാഷ ലേശം വ്യാഖ്യാനത്തോടെ എഴുതി. അതും പ്രസിദ്ധീകരിച്ചു. അതിൽ ഒരു വിഷയം പറയാനുണ്ട്. “അലിമത് നഫ്സുൻ മാ ഖദ്ദമത്ത് വ അഖറത്” എന്ന ആയത്തിന്റെ അർത്ഥത്തിൽ വിശദീകരണം എഴുതി. മിക്ക തഫ്സീറുകളിലും മുന്തി ച്ചതും പിന്തിച്ചതും എന്ന അർത്ഥത്തിന് മുന്തിച്ചത് എന്നാൽ പ്രവർത്തി ച്ചതും പിന്തിച്ചത് എന്നാൽ ഉപേക്ഷിച്ചതും എന്ന വ്യാഖ്യാനമാണുള്ളത്. ഒരു തഫ്സീറിൽ മുന്തിച്ചത് എന്നാൽ താൽക്കാലികമായി ചെയ്തതും പിന്തിച്ചത് എന്നാൽ അതിന്റെ ഫലം നീണ്ടുപോകുന്നതും എന്നാണു ള്ളത്. അതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ വിശദീകരിച്ചത്. അപ്പോൾ മുഹ്യിദ്ദീൻ മാലയുടെ അതിവിദൂരമായ ദോഷങ്ങൾ എഴുതി. അടുത്ത വെള്ളിയാഴ്ച ഞാൻ തറമ്മൽ പള്ളിയിൽ ഖുത്ബ നടത്തി. ഞാൻ ഖുത്ബ പരിശീലിച്ച പള്ളിയാണത്. ഖുത്ബയിൽ ഞാൻ മുഹ്യിദ്ദീൻ മാലയുടെ വിദൂര ദുഷ്ഫലങ്ങൾ വിശദീകരിച്ചു. സി.എച്ച്. പ്രസ്സുകാർ ഇതൊക്കെ അച്ചടിച്ച് വിൽപ്പന നടത്തുന്നവരാണ്. അതിനാൽ ഖുത്ബ യുടെ തലേന്നാൾ ഞാൻ എന്റെ ഗുരുഭൂതനായ കെ.എം. മൗലവിയോട് ചോദിച്ചു: “ഈ വിഷയം നമ്മൾ പറയേണ്ടതല്ലേ? സി.എച്ച്.കാരും മറ്റും ഇതൊരു കച്ചവടമാക്കിയിരിക്കുകയല്ലേ. നമ്മൾ ഉൽബോധിപ്പിക്കേണ്ടത ല്ലേ.” മൗലവിയുടെ പ്രതികരണം, സമയമായിട്ടില്ല കുറച്ചുകൂടി കഴിയട്ടെ എന്നായിരുന്നു. അപ്പോൾ എനിക്ക് രോഷമുണ്ടായി. “സമയമാകുംവരെ നമ്മൾ ജീവിച്ചിരിക്കുമെന്നതിന് വല്ല ഉറപ്പുമുണ്ടോ?” എന്നു ഞാൻ തിരി ച്ചു ചോദിച്ചു. അദ്ദേഹം ഒന്നും മിണ്ടിയില്ല. അങ്ങനെ ഞാൻ ഖുത്ബയിൽ ഈ വിഷയത്തെ പരാമർശിച്ചു ഒരുൽബോധനം നടത്തി. ഇതോടെ സി.

എച്ച്. മുഹമ്മദ് സാഹിബിന് എന്നോട് ഭയങ്കര ദേഷ്യമുണ്ടായി. ആകുമല്ലോ. പക്ഷെ, അദ്ദേഹത്തിന്റെ അനുജൻ സി.എച്ച്. അബ്ദുറഹ്മാൻ ഹാജിക്ക് ഈ ഉൽബോധനം ഫലംചെയ്തു. അദ്ദേഹത്തിന് ഒരു പ്രസ്സ് സ്വന്തമായി ഉണ്ടായിരുന്നു. അദ്ദേഹം ആ പ്രസ്സ് നിർത്തി. ഈ പണിയില്ലാതെ ഇക്കാലത്ത് പ്രസ്സ് മുന്നോട്ട് പോകുകയില്ല, എനിക്ക് ഇനി ഇത് കഴിയുകയില്ല എന്ന് പറഞ്ഞുകൊണ്ടാണ് ആ തീരുമാനത്തിലെത്തിയത്. പരലോകത്തിന് വേണ്ടി അദ്ദേഹം ഇഹലോകത്തിന്റെ മെച്ചം ഉപേക്ഷിക്കുകയായിരുന്നു. ആഖിറത്തിനുവേണ്ടി ദുൻയാവിനെ വെടിഞ്ഞ മഹത്തായ പദവി അദ്ദേഹത്തിന് ലഭിക്കുമാറാകട്ടെ.

അങ്ങനെ ആദർശ വിഷയത്തിൽ ഞാൻ സി.എച്ച്. മുഹമ്മദ് ഹാജിയുമായി പിണങ്ങേണ്ടിവന്നു. എങ്കിലും തിരൂരങ്ങാടി വിട്ടുപോയില്ല. പരീക്ഷണങ്ങൾ ഒന്നിനുപിറകെ ഒന്നായി വരികയാണ്. വലിയ ആശയോടും പ്രതീക്ഷയോടും കൂടി ആരംഭിച്ച കാര്യം ബ്രേക്കായി. എങ്കിലും ഒരു തൃപ്തി. ഒരു സത്യം വെളിപ്പെടുത്തണമെന്ന് മനസ്സ് നിർബന്ധിച്ചപ്പോൾ അത് നിർവ്വഹിച്ചുവല്ലോ. ദാരിദ്ര്യം വീണ്ടും തുറിച്ചുനോക്കുന്നു! അങ്ങനെയിരിക്കെ സി.എച്ച്. മുഹമ്മദ് ഹാജിയുടെ മറ്റൊരു അനുജൻ സി.എച്ച്. അലിഹസ്സൻ ഹാജി (അദ്ദേഹത്തിനും ഒരു പ്രസ്സ് ഉണ്ട്) എന്നോട് ചോദിച്ചു. "സൂറതുർറഹ്മാന് കൂടുതൽ വിശദീകരണത്തോടെ ഒരു പരിഭാഷ തയ്യാറാക്കാമോ" ഞാൻ സമ്മതിച്ചു. ജോലി തുടങ്ങി. "തുഹ്ഫത്തുൽ ഇഖ്വാൻ ബി തഫ്സീറീ സൂറത്തിർ റഹ്മാൻ" എന്ന പേരിൽ അത് പ്രസിദ്ധീകരിച്ചു. അതിൽ മഹ്ശറിലെ നിൽപ്പിനെക്കുറിച്ച് പറയുന്നുണ്ട്. അവിടെ "അശ്ശഫാഅത്തുൽ ഉള്മാ"യെക്കുറിച്ച് വിശദീകരിച്ചു. അതിൽ മുസ്‌ലികൾക്കുള്ള നേതൃത്വത്തെക്കുറിച്ചും അവരുടെ പിറകെ ഗാന്ധിജി, നെഹ്റു തുടങ്ങിയ ദുൻയാവിലെ പ്രഗത്ഭന്മാർ നിരാശരായ നിലയിൽ പോകുന്നതായും പറഞ്ഞിട്ടുണ്ട്. ഈ പരിഭാഷ അന്നത്തെ വായനക്കാർക്കിടയിൽ ശ്രദ്ധിക്കപ്പെടുകയും എനിക്ക് കൂടുതൽ അംഗീകാരം ലഭിക്കുന്നതിന് കാരണമാകുകയും ചെയ്തു. കത്തുകളിലൂടെയും നേരിട്ടും ധാരാളം പേർ നല്ല അഭിപ്രായം രേഖപ്പെടുത്തിയപ്പോൾ എനിക്ക് അത് പ്രചോദനമായി. എന്റെ ആത്മവിശ്വാസം വർദ്ധിച്ചു. വിശുദ്ധ ഖുർആൻ മുഴുവൻ പരിഭാഷപ്പെടുത്തുവാനുള്ള ആശയുണ്ടായി.

തിരൂരങ്ങാടിയിലെ ഉബൈദിയ ബുക്ക് ഡിപ്പോക്കാരോട് ഞാൻ എന്റെ ഉദ്ദേശ്യം വെളിപ്പെടുത്തി. വ്യാഖ്യാനത്തോടുകൂടി സമ്പൂർണ്ണ പരിഭാഷയായിരുന്നു ലക്ഷ്യം. അവർ അതിനു സമ്മതിച്ചു. എഴുത്തു തുടങ്ങി. അത്യന്തം ക്ലേശകരമായ പ്രവൃത്തിയായിരുന്നു അത്. ധാരാളം തഫ്സീ

റുകൾ പരിശോധിക്കേണ്ടതുണ്ട്. അല്ലാഹുവിന്റെ കലാം ഭാഷാന്തരം ചെയ്യുകയാണ്. ജീവിതത്തിൽ ഇത്രയധികം ടെൻഷൻ അനുഭവിച്ച ഒരു കാലം വേറെ ഉണ്ടായിട്ടില്ല. എപ്പോഴും ഭയം തന്നെ. എവിടെയെങ്കിലും പിശക് വരുമോ? സദാ പ്രാർത്ഥനയും. എന്റെ ഗുരനാഥൻ കെ.എം. മൗലവി എനിക്ക് ധൈര്യം പകർന്നു. തയ്യാറാകുന്നത് അപ്പപ്പോൾ അദ്ദേഹം പരിശോധിച്ച് വേണ്ടത് ചെയ്യാമെന്ന് ഏറ്റപ്പോൾ എനിക്ക് ആശ്വാസം ലഭിച്ചു. കൂടുതൽ ധൈര്യവും. അല്ലാഹുവിൽ തവക്കുൽ ചെയ്തുകൊണ്ട് ഞാൻ മുന്നോട്ടുനീങ്ങി. മറ്റൊന്നിലേക്കും തിരിയാതെ ചിന്തയും പരിശോധനയും എഴുത്തുമായി കഴിച്ചുകൂട്ടി. രണ്ടര വർഷത്തെ നീണ്ട പ്രയത്നം. എന്റെ പഠനവും ചിന്തയും എന്റെ അറിവിനെ വളർത്തുകയായിരുന്നു. എന്താണ് ഞാൻ അനുഭവിച്ച അനുഭൂതികൾ, ആശങ്കകൾ, സംഘർഷങ്ങൾ, വേവലാതികൾ, അതിനിടയിൽ എനിക്ക് ലഭിച്ചുകൊണ്ടിരുന്ന സംതൃപ്തി ഇതൊക്കെ വിശദീകരിക്കാൻ കഴിയുകയില്ല. ദുൻയാവിന്റെ അധിക കാര്യങ്ങളും ഞാൻ മറന്നു. എന്റെ നിരന്തരമായ യാത്രയും നെട്ടോട്ടവും നിലച്ചു. വല്ലപ്പോഴും വീട്ടിൽ പോയിവരും. ചുരുക്കത്തിൽ ശരീരം ദുൻയാവിലാണെങ്കിലും മനസ്സ് മറ്റൊരു ലോകത്തായിരുന്നു. അക്ഷരങ്ങളിലൂടെ ആ മാനസികാവസ്ഥ വെളിവാക്കാൻ ഞാൻ അശക്തനാണ്. ഇന്നും ആ കാലഘട്ടം വിശ്രമവേളയിൽ മനസ്സിൽ ഓടിയെത്തും. ശരീരം കോരിത്തരിക്കും. അല്ലാഹു എനിക്ക് നൽകിയ ആ മഹാഭാഗ്യം ഓർത്തുകൊണ്ട് കണ്ണുനീർ പൊഴിക്കും. വിശുദ്ധ ഖുർആനിലെ ഓരോ വചനവുമായി സംവദിക്കാൻ ലഭിച്ച ഈ അസുലഭാവസരത്തേക്കാൾ വലുതായി ഒരു വിശ്വാസിക്ക് മറ്റെന്താണുള്ളത്?! എന്റെ ജീവിതം ഒരു പറിച്ചുനടലായിരുന്നു എന്നു പറഞ്ഞാൽ ശരിയാകുമോ? എന്തോ എനിക്കൊന്നും അറിഞ്ഞുകൂടാ. കൈകാലുകൾ വിറക്കുന്നു. വേച്ചുവേച്ചു കൊണ്ടാണെങ്കിലും ധൈര്യം കൈവിടാതെ ഞാൻ പതുക്കെ നടന്നുകയറി. അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹത്താലും ഔദാര്യത്താലും ആ ഭാരമേറിയ കൃത്യം ഞാൻ പൂർത്തീകരിച്ചു. എന്റെ ഗുരുനാഥൻ തന്റെ വാക്ക് പാലിച്ചു. അപ്പോഴപ്പോൾ പരിശോധനയും വേണ്ട നിർദ്ദേശങ്ങളും നൽകിക്കൊണ്ടിരുന്നത് എനിക്ക് വലിയ ശക്തിയും സഹായവുമായി ഭവിച്ചു. 1955ൽ ഞാൻ ആദ്യത്തെ ഹജ്ജ് നിർവ്വഹിക്കാൻ പോകുന്നതിന് മുമ്പ് ഖുർആൻ തർജമയുടെയും വ്യാഖ്യാനത്തിന്റെയും ജോലി പൂർത്തീകരിച്ചിരുന്നു. അൽഹംദുലില്ലാഹ്!

വാക്കർത്ഥങ്ങൾ മുറിച്ചു മുറിച്ച് എഴുതിയും ശേഷം ആയത്തിന്റെ അർത്ഥം പൂർണ്ണമായി കൊടുത്തും താഴെ വിശദീകരണങ്ങളോടും അറബിമലയാള ലിപിയിലാണ് തർജമ പൂർത്തിയാക്കിയത്. അന്ന് സാധാര

ണക്കാർക്കിടയിൽ മുസ്‌ലിം വീടുകളിൽ അറബിമലയാളം മലയാളത്തേ ക്കാളേറെ പ്രചാരത്തിലുണ്ടായിരുന്നു. മിക്കവാറും സ്ത്രീകൾ ഈ ലിപി വായിക്കുമായിരുന്നു. മാത്രമല്ല, മലബാറിൽ ഒട്ടേറെ ദർസുകൾ പള്ളികളി ൽ നടന്നുവന്നിരുന്നു. ദർസുകളിലും എഴുതിയും വായിച്ചും ശീലിക്കുന്നത് അറബിമലയാളം തന്നെ. ഇങ്ങനെ മതവിദ്യാർത്ഥികളിലും സാധാരണ ക്കാരിലും സ്ത്രീജനങ്ങളിലും സാർവ്വത്രികമായി പ്രചാരത്തിലുള്ള അറബിമലയാള ലിപിയിൽ പരിഭാഷ രചിക്കപ്പെട്ടാൽ ഖുർആനുമായി ബന്ധമുണ്ടാക്കാൻ മുസ്‌ലിം ബഹുജനങ്ങൾക്ക് എളുപ്പമാകുമെന്ന സദു ദ്ദേശ്യമാണ് ഇതിന്റെ പിന്നിലെ പ്രചോദനമായിത്തീർന്നത്. അത് ഒട്ടൊ ക്കെ ഫലം ചെയ്തതായിട്ടാണ് അനുഭവം. അക്കാലത്തെ ഏതാണ്ട് മുഴു വൻ ദർസുകളിലും പഠിപ്പിക്കുവാനും പഠിക്കാനുമുള്ള സൗകര്യാർത്ഥം ഈ പരിഭാഷ ഉപയോഗിച്ചിരുന്നതായി പ്രസാധകരിൽ നിന്നും മനസ്സിലാ ക്കാൻ കഴിഞ്ഞിട്ടുണ്ട്. പരിഭാഷ വാങ്ങുന്നവരിലൂടെ അവർക്കാണല്ലോ കാര്യം മനസ്സിലാക്കാൻ കഴിയുക.

ഉബൈദിയ്യ ബുക്ക് ഡിപ്പോവിന്റെ ഉടമസ്ഥർ അഞ്ചു ബുക്കുകളായി അഞ്ചു ജുസ്അ് ആദ്യഘട്ടം പ്രസിദ്ധീകരിച്ചു. ഞാൻ ഹജ്ജ് നിർവ്വഹി ക്കാൻ 55ൽ പോകുകയും അവിടെ പഠനത്തിന്നായി സ്ഥിരതാമസമാക്കു കയും ചെയ്തകാലത്ത് എന്റെ ആത്മമിത്രവും സുഊദി പൗരനായി അവിടെ സ്ഥിരതാമസമാക്കിയ ദേഹവുമായ അബ്ദുറഊഫ് മലൈ ബാരി തന്റെ സ്വന്തം ചെലവിൽ അഞ്ചു ജുസ്അ് നാട്ടിൽ പ്രസിദ്ധീകരിച്ചു. അബ്ദുറഊഫ് മൗലവിയുടെ ഇളയ സഹോദരനും ആ നിലക്ക് തന്നെ ഞാനും സ്നേഹം നൽകിവന്ന യുവാവും തിരൂർക്കാട് താമസിച്ചിരുന്ന, അറബി അദ്ധ്യാപകനായി റിട്ടയർ ചെയ്ത വ്യക്തിയുമായ കെ.സി. മുഹമ്മ ദുണ്ണി സാഹിബാണ് നാട്ടിൽ നിന്നുകൊണ്ട് തന്റെ ജ്യേഷ്ഠന്മാരായ ഞങ്ങളുടെ ഈ ആഗ്രഹം നടപ്പിലാക്കുന്നതിന് ആവശ്യമായതെല്ലാം ചെയ്തുപോന്നത്. 1959ൽ ഞാൻ പഠനം കഴിഞ്ഞു നാട്ടിൽ മടങ്ങിയെത്തി. പത്ത് ജുസ്അ് പത്ത് ബുക്കുകളായി പ്രസിദ്ധീകരിച്ചു. ശേഷമുള്ള പത്ത് ജുസ്അ് സി.എച്ച്. മുഹമ്മദ് സൺസുകാർ തന്നെ പ്രസിദ്ധപ്പെടുത്തി. അങ്ങനെയാണ് അതീവഭാരമുള്ള ഈ മഹാ സംരംഭം പൂർത്തീകരിച്ചത്.

പിന്നീട് സി.എച്ചുകാർ തന്നെ ആറു വാല്യങ്ങളായി മുപ്പത് ജുസ്ഇ ന്റെയും തർജമ ഒന്നിച്ച് ലഭിക്കത്തക്കവണ്ണം പുറത്തിറക്കി. അത് പല പതിപ്പുകളിലായി വീണ്ടും വീണ്ടും അച്ചടിച്ചിട്ടുണ്ട്. കൂടാതെ ആയത്തു കളെ അർത്ഥം മാത്രം അതിൽ നിന്നും ക്രോഡീകരിച്ച് അത്യാവശ്യ കുറി പ്പുകൾ സഹിതം എന്റെ അനുവാദത്തോടെ തർജുമാനുൽ ഖുർആൻ

എന്ന പേരിൽ ഒറ്റ വാല്യമായി മലയാള ലിപിയിൽ സി.എച്ചുകാർ തന്നെ പുറത്തിറക്കി. അതും അനേക പതിപ്പുകളിലായി പതിനായിരക്കണക്കിന് കോപ്പികൾ വിറ്റഴിച്ചിരിക്കുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ലക്ഷക്കണക്കിന് മുസ്‌ലിംകളും അമുസ്‌ലിംകളുമായ ജനങ്ങൾ ഈ തർജമയുമായി ഇതിനകം ബന്ധം സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതിലൂടെ എന്നെ നേരിൽ കാണാത്ത ഒട്ടേറെ പഠിതാക്കൾ എനിക്ക് ഉണ്ടായിട്ടുണ്ട്. നീണ്ട യാത്രക്കിടയിൽ പലേടത്ത് വെച്ചും ഇത്തരം പഠിതാക്കൾ എന്റെയടുത്ത് വന്ന് വിവരം പറയുകയും നേരിൽ കണ്ടതിൽ സന്തോഷവും ആഹ്ലാദവും രേഖപ്പെടുത്തുകയും ചെയ്ത അനുഭവങ്ങൾ എമ്പാടുമുണ്ട്. ഒന്നിവിടെ പറയാം. ഒറ്റപ്പാലം സ്വദേശി, കെ.ജി. രാഘവൻ നായർ. സംസ്കൃതത്തിലും മലയാളത്തിലും പണ്ഡിതൻ. കവിതയെക്കുറിച്ച് അവഗാഹമായ പാണ്ഡിത്യം! ഇദ്ദേഹം അപൂർവ്വമായ ഒരു കൃത്യം നിർവ്വഹിച്ചു. അനേക വർഷങ്ങളുടെ കഠിനാദ്ധ്വാനത്താൽ വിശുദ്ധ ഖുർആൻ മുഴുവൻ കവിതാരൂപത്തിൽ മലയാളത്തിലേക്ക് തർജമ ചെയ്തു. ആ മഹദ് ഗ്രന്ഥത്തിന്റെ ഒരു കോപ്പി, തിരൂരിലുള്ള എന്റെ സുഹൃത്ത് ഡോക്ടർ അൻവർ എനിക്ക് തന്നു. സാമൂഹിക ക്ഷേമ ബോർഡിന്റെ ചെയർപേഴ്സണായിരുന്ന പ്രമുഖ സാമൂഹിക- രാഷ്ട്രീയ പ്രവർത്തക ഖമറുന്നിസയാണ് അൻവറിന്റെ പത്നി. കവിതയുമായി എനിക്ക് ബന്ധമില്ല. എങ്കിലും ഞാൻ കുറച്ചൊക്കെ നോക്കി. എന്റെ സഹപ്രവർത്തകനും സഹകാരിയുമായ എ.എ. ഹമീദിന്റെ സഹായത്തിൽ ആ കൃതി ഞാൻ കുറേ വായിച്ചു കേട്ടു. ലളിതമായ ശൈലി. ആർക്കും മനസ്സിലാക്കാവുന്ന രീതിയിൽ ആ കവിതാ സമാഹാരം രചിക്കപ്പെട്ടിരുന്നു. പരിശോധനയിൽ ഫാതിഹാസൂറത്തിന്റെ അർത്ഥത്തിൽ ഒരു വാക്ക് വിട്ടുപോയതായി കണ്ടു. ഏതൊരു മദ്റസാവിദ്യാർത്ഥിക്കും കണ്ടെത്താൻ കഴിയുന്ന പിശക് തന്നെ. ഞാൻ ഉടനെ എന്റെ ബാധ്യത നിറവേറ്റി. ഖുർആനോട് കൂറുപാലിക്കുക എന്ന ബാധ്യത. ശ്രീ രാഘവൻ നായർക്ക് ആ കുറവ് ചൂണ്ടിക്കാണിച്ചുകൊണ്ടും എന്നാൽ അദ്ദേഹത്തിന്റെ അപൂർവ്വമായ, ദീർഘകാല കഠിനാദ്ധ്വാനത്തെ അനുസ്മരിച്ച ശേഷം അദ്ദേഹത്തെ പുകഴ്ത്തിയും ഒരുപാട് നന്ദി രേഖപ്പെടുത്തിയും ഞാൻ കത്തയച്ചു. തെറ്റ് ബോധ്യപ്പെട്ട നിലയിൽ അത് ചൂണ്ടിക്കാണിച്ചതിൽ വളരെ നന്ദി രേഖപ്പെടുത്തിയും അടുത്ത പതിപ്പിൽ തിരുത്തേണ്ട വാചകം എഴുതി എന്റെ അഭിപ്രായം ചോദിച്ചുകൊണ്ടും ഏറ്റവും ഉയർന്ന മാന്യത പുലർത്തിയാണ് ശ്രീ. നായർ കത്തിനെ സ്വീകരിച്ചത്. നമ്മുടെ വലിയ പണ്ഡിതന്മാരിൽ പോലും ഞാൻ കണ്ടിട്ടില്ലാത്ത എളിമയും സാംസ്കാരിക ഔന്നത്യവും ആ കത്തിൽ ഞാൻ ദർശിച്ചു. മാത്രമല്ല, എന്നെ അദ്ദേഹം വളരെക്കാലമായി അറിയും എന്നും കത്തിലുണ്ട്.

എനിക്ക് അത്ഭുതമായി. ഞാൻ അദ്ദേഹത്തിന്റെ പേർ ആദ്യമാണ് കേൾക്കുന്നത്. എനിക്ക് അദ്ദേഹത്തെ കാണാൻ പൂതിയായി. ഡോ. അൻവറിനോട് ഞാൻ എന്റെ ആഗ്രഹം പറഞ്ഞു. അദ്ദേഹം എന്നോടൊപ്പം ശ്രീ. രാഘവൻ നായരെ സന്ദർശിക്കാൻ വന്നു. ഞങ്ങൾ ഒറ്റപ്പാലത്തുള്ള അദ്ദേഹത്തിന്റെ വസതിയിലെത്തി. പ്രായാധിക്യവും ക്ഷീണവുമുള്ള അവസ്ഥയിലാണ്. പുറത്തുപോകാറില്ല. വളരെ നേരം ഞങ്ങൾ സംസാരിച്ചു. പലതും ഞാൻ അദ്ദേഹത്തിൽ നിന്നും പഠിച്ചു. ഞാൻ ഈ വയസ്സുകാലത്തും ഒരു വിദ്യാർത്ഥിയാണെന്ന് ഒരിക്കൽകൂടി എനിക്ക് ബോധ്യമായി. കൂട്ടത്തിൽ ഞാൻ ചോദിച്ചു. അങ്ങ് വളരെക്കാലമായി എന്നെ അറിയുമെന്ന് പറഞ്ഞല്ലോ. എങ്ങനെയാണത്? അദ്ദേഹം പുഞ്ചിരിച്ചു. “ഉമർ മൗലവി കഴിഞ്ഞ പതിറ്റാണ്ടുകളായി എന്റെ തൊട്ടടുത്തുണ്ട്. അതാ നോക്കൂ.” മേശപ്പുറത്തേക്ക് ചൂണ്ടി. എന്റെ ഖുർആൻ തർജമ മേശപ്പുറത്ത് ഇരിക്കുന്നു. റബ്ബിന് സ്തുതി! ഞാൻ കോരിത്തരിച്ചു. അമിതാഹ്ലാദത്തെ നിയന്ത്രിക്കാൻ ഞാൻ ക്ലേശിച്ചു. എന്റെ കൺപീലികൾക്കിടയിൽ ഒരു നനവ്. ഞാൻ എന്റെ റബ്ബിനെ സ്തുതിച്ചു. എല്ലാ സ്തുതികളെയും ഉടയവൻ അവനാണല്ലോ. ഖുർആന്റെ അർത്ഥം കവിതാരൂപത്തിൽ രചിക്കാൻ മലയാളത്തിൽ അതിന്റെ അർത്ഥവും സാരവും ആദ്യം പഠിക്കണം. ഇംഗ്ലീഷിലും മലയാളത്തിലുമുള്ള പരിഭാഷകൾ ഒത്തുനോക്കണം. മലയാളത്തിൽ വളരെ ലളിതമായി അത് ഗ്രഹിക്കാൻ എന്റെ പരിഭാഷ പലപ്പോഴും ഉതകിയിട്ടുണ്ടെന്നാണ് ശ്രീ. രാഘവൻ നായർ എന്നോട് പറഞ്ഞത്. ഞാൻ വീണ്ടും അല്ലാഹുവിനെ സ്തുതിച്ചു. ഇതുപോലെ നൂറുകണക്കിന് അനുഭവങ്ങൾ എന്റെ യാത്രയിലുടനീളം ഉണ്ടായിട്ടുണ്ട്.

സി.എച്ച്. മുഹമ്മദ് ആന്റ് സൺസ് അറബി മലയാളത്തിലുള്ള ആറു വാല്യങ്ങളുടെ അച്ചടി ഇക്കാലത്ത് നിർത്തി. മലയാള ലിപിയിലൂടെയുള്ള എഴുത്തും വായനയും മുസ്‌ലിംകൾക്കിടയിൽ സാർവ്വത്രികമായി പ്രചാരത്തിൽ വന്നപ്പോൾ ഇത് ഇനി ആവശ്യമില്ലെന്ന് അവർ ധരിച്ചു. മലയാളത്തിലുള്ള ഒറ്റപ്രതി മാത്രം പ്രചരിപ്പിച്ചുകൊണ്ടിരുന്നു. പക്ഷെ, അടുത്തകാലത്ത് അറബി മലയാള പരിഭാഷാഗ്രന്ഥം വീണ്ടും പ്രസിദ്ധീകരിക്കേണ്ടിവന്നു. പഴയകാല പ്രതികൾ പരിശോധിച്ച് തിരുത്തുണ്ടെങ്കിൽ ചെയ്തുകൊടുക്കാൻ എന്റെയടുത്തേക്ക് കൊടുത്തയച്ചു. നാനാഭാഗങ്ങളിൽ നിന്നും ആവശ്യക്കാർ കത്തയക്കുന്നതിനാൽ പുനഃപ്രസിദ്ധീകരണം ആവശ്യമായിരിക്കുന്നു എന്നാണ് അവർ പറഞ്ഞത്. പത്ത് ജുസ്അ് വീതം മൂന്നു വാല്യങ്ങളായി ഇറക്കാൻ തീരുമാനിച്ച വിവരവും പറഞ്ഞു. അതിന്റെ ആദ്യവാല്യം പ്രസിദ്ധീകരിച്ചത് ഞാൻ കണ്ടു. പിന്നീടുള്ള വി

വരം ഞാൻ അന്വേഷിച്ചിട്ടില്ല. പുനഃപ്രസിദ്ധീകരണം ആവശ്യപ്പെട്ട് വന്ന കത്തുകളിൽ പലതും സുന്നി മുസ്‌ലിയാക്കളുടേതായിരുന്നുവെന്നും ഞാൻ അറിഞ്ഞു. ദർസുകളിലും മദ്റസകളിലും ഖുർആൻ പഠിപ്പിക്കാൻ എളുപ്പമാർഗവുമായി അവർ ഇതിനെ അവലംബിക്കുന്നുണ്ട്. വാക്കുകൾ മുറിച്ച് മുറിച്ച് അർത്ഥം പറഞ്ഞുകൊടുക്കാനും സ്വയം പഠിക്കാനും ഇത് സഹായകമാണെന്നുള്ള അനുഭവമാണ് എന്റെ പരിഭാഷയെ അവർ സ്വീകരിക്കാനുള്ള കാരണം എന്നെനിക്കറിയാം. എന്നാൽ എന്റെ പേര് പറഞ്ഞാൽ അവർ ശപിക്കും! കിട്ടുന്ന വേദികളിലൊക്കെ എന്നെ ആക്ഷേപിക്കും! പേനയെടുത്താൽ എന്നെ ചീത്ത പറയുന്ന ഒരു വാചകമെങ്കിലും കുറിക്കാതിരുന്നാൽ അവർക്ക് വിശപ്പ് കെടുകയില്ല! വല്ലാത്തൊരു വർഗം തന്നെ! ഇത്തരക്കാരുടെ ശർറിൽ നിന്നും അല്ലാഹു ഈ സമൂഹത്തെ മോചിപ്പിക്കുമാറാകട്ടെ!

അടുത്തകാലത്തായി വല്ലാത്തൊരു ആഗ്രഹം. അറബി മലയാളം ഖുർആൻ തർജമ ആനുകാലികമായ ചില വിശദീകരണങ്ങളോടെ മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്യണം. എന്റെ ഈ മഹാ തിരക്കിൽ അതിനെവിടെ സമയം? ആദ്യത്തെ ക്ലേശം വേണ്ടിവരില്ലെങ്കിലും അത്യാവശ്യം ചിന്തയും പഠനവും പരിശോധനയും കൂടാതെ കഴിയില്ല. 70കളിൽ കൊച്ചിയിൽ കഴിഞ്ഞുകൂടുന്ന കാലത്ത് എന്റെ സ്നേഹിതൻ എ.എ.ഹമീദ് പ്രത്യേകം താല്പര്യമെടുത്ത് ഇതിന് ശ്രമമാരംഭിച്ചതാണ്. സുന്ദരമായ കൈയ്യക്ഷരത്തിന്റെ ഉടമയും ആർട്ടിസ്റ്റുമായിരുന്ന എന്റെ മുത്തലിബ് മാസ്റ്റർ കുറച്ചൊക്കെ അത് പകർത്തി എഴുതുകയും ചെയ്തു. ക്ഷമിക്കണം. എന്റെ മുത്തു മാസ്റ്ററെക്കുറിച്ച് രണ്ടുവരികളെഴുതി അനുസ്മരിക്കാതെ എനിക്ക് ഇത് തുടരാൻ വയ്യ. എന്നെ ഹൃദയപൂർവ്വം സ്നേഹിച്ച, എന്റെ സ്വഭാവഗുണങ്ങളും സ്വഭാവക്കേടുകളും ഉൾക്കൊണ്ട് എന്നെ സ്നേഹിച്ച, എനിക്കൊരു തലവേദന എന്നു പറഞ്ഞാൽപോലും ആ തടിച്ച ചുണ്ടുകൾ വിതുമ്പുന്ന, എന്റെ മുത്തു മാസ്റ്റർ! ഹോ ഇങ്ങനെ മനുഷ്യർക്ക് സ്നേഹിക്കാൻ കഴിയുമോ? എന്ന് ഇദ്ദേഹത്തെക്കുറിച്ച് ഞാൻ പലപ്പോഴും ആലോചിച്ചിട്ടുണ്ട്. ഞാൻ ഒരിക്കൽ അസുഖമായി കൊച്ചി മഹാരാജാസ് ആശുപത്രിയിൽ ഏതാനും ദിവസങ്ങൾ കിടക്കേണ്ടിവന്നു. അന്ന് മുത്തു മാഷ്ക്ക് ഒരു വാശിയായിരുന്നു, എന്റെ ഭക്ഷണം അദ്ദേഹം കൊണ്ടുവരുമെന്ന്. അദ്ദേഹം ഒരു സ്കൂൾ ഹെഡ്മാസ്റ്ററായിരുന്നു. ശ്രമകരമായ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിലും ഫോർട്ട് കൊച്ചിയുടെ അങ്ങേതലക്കൽ നിന്ന് കിലോമീറ്ററോളം സൈക്കിൾ ചവിട്ടി വീട്ടിൽ തയ്യാറാക്കിയ ഭക്ഷണം ടിഫിൻകാരിയറിലാക്കി സമയാസമയം ആശുപ

ത്രിയിലെത്തും. ഞാൻ അത് കഴിക്കുന്നത് ഒരു പ്രത്യേക ആത്മതൃപ്തിയോടെ നോക്കിയിരിക്കും. ഞാൻ ഭക്ഷണം കഴിച്ച പാത്രങ്ങൾ കഴുകാൻ എന്നെ അനുവദിക്കുകയില്ല. ചിലപ്പോൾ സ്വയം കഴുകും. സമയം അധികരിച്ചാൽ അത് കൊണ്ടുപോകും. ഇതൊക്കെ ഞാൻ എങ്ങനെ മറക്കും. എന്റെ സ്മരണയിൽ മങ്ങാതെ നിൽക്കുന്ന മുത്തുമാസ്റ്റർ 1984ൽ ഒമാനിലെ മസ്കറ്റിൽവെച്ച് മരണമടഞ്ഞു. ആ സ്നേഹസമ്പന്നമായ മുഖം ഒരിക്കൽ കൂടി കാണാൻ കഴിഞ്ഞില്ല. അവിടെ തന്നെ അദ്ദേഹത്തെ സംസ്കരിക്കുകയാണുണ്ടായത്. ഇങ്ങനെ ഗാഢമായി എന്നെ സ്നേഹിക്കുന്ന, പിന്തുണക്കുന്ന കുറെയാളുകൾ പലേടങ്ങളിലായി ഉണ്ടായിരുന്നു. ഇപ്പോഴുമുണ്ട്. കടുത്ത ശത്രുതയും എതിർപ്പും വിരോധവും വിവിധ രൂപത്തിൽ എന്നെ വലയം ചെയ്യുമ്പോഴും പിന്തുടരുമ്പോഴും അല്ലാഹുവിനെ കഴിച്ചാൽ എന്റെ ഭൗതികശക്തി എന്റെ സ്നേഹവലയമായിരുന്നു. 1979ൽ മലപ്പുറം ജില്ലയിലെ പുളിക്കൽ പാടശേഖരത്തിൽ നടന്ന മുജാഹിദ് സംസ്ഥാന മഹാസമ്മേളനത്തിന്റെ അതിമനോഹരമായ പ്രവേശനകവാടം ഡിസൈൻ ചെയ്തതും രണ്ടുമാസക്കാലത്തെ ശമ്പളമില്ലാത്ത ലീവെടുത്ത് കവാടം നിർമ്മിച്ചതും എന്റെ ആത്മമിത്രമായ മുത്തുമാഷ് ആയിരുന്നു. അദ്ദേഹത്തിന്റെ സഹായികളായി കൊച്ചിയിൽ നിന്നുതന്നെ ചില സുഹൃത്തുക്കൾ വലിയ സേവനം അർപ്പിച്ചിരുന്നു. സ്മരണ മാത്രയിൽ എന്നെ വികാരഭരിതനാക്കുന്ന, എന്റെ മനസ്സിന്റെ മിടിപ്പുകൾക്കിടയിൽ തങ്ങിനിൽക്കുന്ന മുത്തലിബ് മാസ്റ്റർ ! അല്ലാഹുവേ, എന്റെ മുത്തുമാഷ്ക്ക് നീ ബർസഖിയായ സൗഖ്യം നൽകി അനുഗ്രഹിക്കേണമേ!

ഞാൻ പറഞ്ഞുവന്നത് ഖുർആൻ തർജമയുടെ പുനരാവിഷ്കരണമാണ്. കൊച്ചിയിൽ നടന്ന ആ ശ്രമം വിജയിക്കാതെ പോയത് എന്റെ തിരക്കുപിടിച്ച പരിപാടികളും സൽസബീലിന്റെ പ്രസിദ്ധീകരണത്തിലെ അദ്ധ്വാനവും നിമിത്തം അടങ്ങിയിരുന്നു ശ്രദ്ധിക്കാൻ കഴിയാത്തത് മൂലമായിരുന്നു. എങ്കിലും ആശ മനസ്സിൽ ഊറിക്കിടന്നു. അടുത്തകാലത്ത് അത് പതഞ്ഞുപൊങ്ങി. എന്റെ മകൻ മുബാറക്കും ഹമീദും വീണ്ടും എന്നെ മുന്നോട്ട് തള്ളി. എഴുതാൻ ഒരാൾ കൂടിയേ കഴിയൂ. അതിന് ചെലവുണ്ട്. അത് വഹിക്കാൻ കുടുംബത്തിലെ ചില കുട്ടികളും മുബാറക്കും തയ്യാറായി. ഇത്രയുമായപ്പോൾ വല്ലപ്പോഴും ഒഴിവ് കിട്ടുന്ന സന്ദർഭങ്ങളിൽ മാത്രം കുറേശ്ശെ നടത്തിപ്പോന്ന ഈ കാര്യം വേഗതയിലാക്കാൻ എന്റെ മനസ്സ് നിർബന്ധിച്ചു. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതിന്റെ പൂർത്തീകരണം ഏതാണ്ട് ആയിക്കഴിഞ്ഞു. ഇനി അത് ഒരു വായനക്ക് വിധേയമാക്കണം. രണ്ടുമൂന്ന് പേർ ഇരുന്ന് വേണം അത് നിർവ്വഹി

ക്കാൻ. പല ചർച്ചകളും വേണ്ടിവരും. എന്റെ മോൻ മുബാറക് ലീവിന് വരുന്നതും കാത്തിരിക്കുകയാണ് ഞാൻ. അവനെ അതിന് കൊള്ളും എന്നാണ് എന്റെ വിശ്വാസം. അഫ്ളലുൽ ഉലമ പാസ്സായ ശേഷം സുഊദിയിലെ മദീനാ യൂണിവേഴ്സിറ്റിയിൽ നാലു വർഷം ഉപരിപഠനം നടത്തിയ അവനെ അതിനുകൊള്ളും. എത്രയും വേഗം അവൻ വന്നെങ്കിൽ. മനസ്സിൽ സദാ ഒരു തോന്നൽ, എനിക്ക് ശാശ്വത ലോകത്തേക്കുള്ള യാത്രയ്ക്ക് സമയമായി എന്ന്. അതിന് മുമ്പ് ഈ വായന ഒന്ന് നടന്നുകിട്ടിയെങ്കിൽ! അല്ലാഹുവിന്റെ വിധിയെ മറികടന്ന് ചിന്തിക്കേണ്ട. ഓരോ കാര്യവും അവൻ നിശ്ചയിച്ച പ്രകാരമല്ലേ നടക്കുകയുള്ളൂ. അല്ലാഹുവിൽ ശരണം!

മറ്റൊരു കാര്യം ഇതോടനുബന്ധിച്ച് പറയേണ്ടതുണ്ട്. അറബിമലയാളത്തിൽ രചിച്ച എന്റെ ഖുർആൻ തർജമ ശ്രദ്ധിക്കപ്പെട്ട നിലയിലാകുകയും പൂർവ്വികരായ മുഫസ്സിറുകളുടെ നിലപാടിൽ നിന്നും ഒട്ടും വ്യതിചലിക്കാതെ തന്നെ തയ്യാറാക്കുകയും ചെയ്തതെന്ന നിലയിൽ പണ്ഡിതന്മാർക്കിടയിൽ അംഗീകാരം ലഭിച്ചതിന്റെയും പിന്നിൽ എന്നെ തുണച്ച പ്രധാന സഹായി എന്റെ ഗുരുവായ കെ.എം. മൗലവി തന്നെയായിരുന്നു. കെ.എം. മൗലവിയുടെ സമ്പൂർണ്ണ പരിശോധനയ്ക്ക് വിധേയമായ കൃതിയെന്ന നിലയിൽ സലഫി ആദർശാഭിമുഖ്യമുള്ളവർക്കിടയിലും ഇതേക്കുറിച്ച് ഒരു വിശ്വാസ്യത വന്നുകൂടി. സി.എൻ. അഹ്മദ് മൗലവിയുടെ പരിഭാഷയിലും വ്യാഖ്യാനങ്ങളിലുമുള്ള കുപ്രസിദ്ധമായ പല വ്യതിചലനങ്ങളെ തുറന്ന് കാണിച്ചതും ഇതിന് ഒരു കാരണമായി ഭവിച്ചു.

ഈ സാഹചര്യത്തിൽ വലിയ ധനാഢ്യരും സാമൂഹിക പ്രമുഖരുമായ ഒലവക്കോട് കെ.പി. സഹോദരന്മാർ കെ.എം. മൗലവിയെ കണ്ട് എന്റെ തർജമ മലയാളത്തിലേക്ക് ലിപി മാറ്റം നടത്തി പ്രസിദ്ധീകരിക്കാൻ ആശ പ്രകടിപ്പിക്കുകയും അഭിപ്രായം ആരായുകയും ചെയ്തു. മൗലവി അവരെ പ്രോത്സാഹിപ്പിച്ചു. സി.എൻ. മൗലവിയുടെ പരിഭാഷയിൽ അദ്ദേഹം വരുത്തിയ ക്രമക്കേടുകളെ ചൂണ്ടിപ്പറഞ്ഞും അതിന് ഫലപ്രദമായ നിലയിൽ മറുപടി എഴുതിയും ഇത് വിപുലമാക്കി പ്രസിദ്ധീകരിക്കാൻ അവർ സമ്മതിച്ചു. ഈ വിവരം മൗലവി എന്നോട് പറയുകയും അഭിപ്രായമാരായുകയുമുണ്ടായി. ഞാൻ എന്ത് അഭിപ്രായം പറയാൻ? മൗലവി തീരുമാനിക്കുന്നതുപോലെ എന്നു മാത്രം. എനിക്ക് അത്യധികമായ സന്തോഷമുണ്ടായി എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

പക്ഷെ, കുറച്ച് കഴിഞ്ഞപ്പോൾ ആ തീരുമാനം മാറി. എ. അലവി മൗലവി (എടവണ്ണ) പി.കെ. മൂസാ മൗലവി (പുളിക്കൽ) മുഹമ്മദ് അമാനി

മൗലവി (വാണിയമ്പലം) എന്നിവർ ചേർന്ന് തയ്യാറാക്കിയ പരിഭാഷ കെ.പി. സഹോദരന്മാർ പ്രസിദ്ധീകരിക്കുന്നതായി അറിഞ്ഞു. അവരുടെ തീരുമാനം ഈ നിലയിൽ മാറിമറഞ്ഞത് എങ്ങനെയെന്നും കാരണമെന്തെന്നും ഇപ്പോഴും എനിക്കറിയില്ല. ഇതിന്റെ മേൽനോട്ടം കെ.എം. മൗലവിയാണെന്നറിഞ്ഞപ്പോൾ മൗലവിയോട് അത് അന്വേഷിക്കണമെന്ന് തോന്നി. പക്ഷെ, അത് വേണ്ടെന്ന് വെച്ചു. മൗലവിയാകട്ടെ, ഒന്നും പറഞ്ഞതുമില്ല. താൽക്കാലികമായ ഒരു നിരാശാബോധം എനിക്കുണ്ടായി. ക്രമേണ അതിൽനിന്നും ഞാൻ മനസ്സിനെ മോചിപ്പിച്ചു.

അങ്ങനെ മേൽപറഞ്ഞ ഖുർആൻ വിവരണത്തിന്റെ ഒരു ഭാഗം പ്രസിദ്ധീകൃതമായി. പിന്നീട് അത് തുടരാൻ കെ.പി. മുഹമ്മദ് സാഹിബിന് എന്തുകൊണ്ടോ കഴിഞ്ഞില്ല. തുടർന്നുള്ള രചനയിൽ എ. അലവി മൗലവിയും അമാനി മൗലവിയും മാത്രമായി. പ്രസിദ്ധീകരണം നദ്‌വത്തുൽ മുജാഹിദിനു വേണ്ടി കൊച്ചിയിലെ വ്യവസായപ്രമുഖനായിരുന്ന സാലെ മുഹമ്മദ് ഇബ്റാഹീം സേട്ട് ഏറ്റെടുത്തു. കുറച്ചുകൂടി കഴിഞ്ഞപ്പോൾ രചനയുടെ മുഴുവൻ ചുമതലയും മുഹമ്മദ് അമാനി മൗലവിയിൽ നിക്ഷിപ്തമായി. വർഷങ്ങളുടെ കഠിനാദ്ധ്വാനത്തിലൂടെ മൗലവി അത് പൂർത്തിയാക്കി. ആറു ഭാഗങ്ങളായി മുഴുവൻ പ്രസിദ്ധീകരിച്ചു. അമാനി മൗലവിയുടെ മരണാനന്തരം നദ്‌വത്തുൽ മുജാഹിദീൻ പ്രസിദ്ധീകരണ വിഭാഗം കേരളമൊട്ടാകെ, ഗൾഫ് മലയാളികൾക്കിടയിലും വ്യാപകമായി ബുക്കിങ്ങ് എടുത്തുകൊണ്ട് നാലു വാല്യങ്ങളിലായി ഇത് പുനഃപ്രസിദ്ധീകരിച്ചു. ഏതാണ്ട് സമഗ്രമായ വ്യാഖ്യാനത്തോടെയുള്ള ഈ ഖുർആൻ വിവരണം ഇന്ന് മലയാളത്തിൽ ലഭ്യമായ ഏതു തഫ്സീറിനേക്കാളും മികവുറ്റതാണെന്നറിയിക്കുന്നതിൽ എനിക്ക് അനൽപമായ സന്തോഷമുണ്ട്. പണ്ഡിതന്മാർക്കും പ്രസംഗകർക്കും എഴുത്തുകാർക്കും ഒരുപോലെ റഫറൻസായി ഉപയോഗപ്പെടുന്ന ഒരു മഹത്തായ വ്യാഖ്യാനഗ്രന്ഥമാണ് ഇത്. ഒരു ഗുരുനാഥനെപ്പോലെ ഞാൻ ആദരിക്കുന്ന പ്രഗത്ഭനായ പണ്ഡിതനാണ് അമാനി മൗലവി. ഒരു സത്യവിശ്വാസിക്ക് ഖുർആൻ വിശേഷിപ്പിച്ച എല്ലാ ലക്ഷണങ്ങളും ഒത്തിണങ്ങിയ പണ്ഡിതൻ. രൂപത്തിലും ഭാവത്തിലും പെരുമാറ്റത്തിലും ഒരു സാധാരണ മനുഷ്യൻ. വിനയവും എളിമയും തന്റെ സ്വഭാവമായി ജീവിതത്തിലുടനീളം നിലനിർത്തിയ മഹാൻ. രചനയിൽ പൂർവ്വികരുടെ പാതയിൽ നിന്നും അൽപംപോലും വ്യതിചലിക്കാതെ, ആദ്യന്തം സൂക്ഷ്മത പാലിച്ചുകൊണ്ട് അനേകവർഷങ്ങളടെ ചിന്തയും പരിശോധനയും പഠനവും സമന്വയിപ്പിച്ചെടുത്ത അമാനി മൗലവിയുടെ ഖുർആൻ വിവരണം മലയാള

ത്തിൽ രചിക്കപ്പെട്ട ഏറ്റവും ആധികാരികമായ തഫ്സീർ തന്നെയാണ്. ഖുർആനിലെ ഏതൊരു വിഷയത്തെപ്പറ്റിയുള്ള ചർച്ചയിലും പഠനത്തിലും പണ്ഡിതന്മാർ അമാനി എന്തു പറയുന്നു എന്ന് പരിശോധിക്കാറുണ്ട്. ഞാനും അങ്ങനെ തന്നെ. ഈ തഫ്സീറിന്റെ ആധികാരികത അത്രയ്ക്കും പ്രശസ്തി നേടിക്കഴിഞ്ഞു. തലമുറകളിലൂടെ ഈ കൃതി നിലനിൽക്കും. ഖുർആനിന്റെ സമ്പൂർണമായ പഠനത്തിന് എല്ലാവർക്കും ഉപകരിക്കുന്ന ഒരു മഹത്തായ പ്രയത്നമായി ഇത് പ്രസിദ്ധി പ്രാപിച്ചു കഴിഞ്ഞു. പലപ്പോഴും അമാനി മൗലവിയുടെ വ്യാഖ്യാനങ്ങൾ ശ്രദ്ധിക്കേണ്ടിവരുന്ന ഘട്ടങ്ങളിൽ എനിക്ക് മുമ്പുണ്ടായ നിരാശാബോധത്തെക്കുറിച്ച് ഖേദപൂർവ്വം ഞാൻ ഓർക്കാറുണ്ട്. അന്നത്തെ സംഭവങ്ങൾ ഈ നിലയിൽ മാറിമറിഞ്ഞത് എത്ര നന്നായി എന്ന് ആശ്വസിക്കുകയും അല്ലാഹുവിനെ സ്തുതിക്കുകയും ചെയ്യുന്നു. ഇത്ര വലിയ ഫലസിദ്ധിയുള്ള ഒരു ഖുർആൻ വിവരണം മലയാളികൾക്ക് സ്വന്തമാകണമെന്ന് അല്ലാഹു അവന്റെ ഔദാര്യത്താൽ നിശ്ചയിച്ചിരുന്നു. ആ കാര്യം ഏറ്റവും ഭംഗിയായ നിലയിൽ നടപ്പിൽ വന്നു. ആ തീരുമാനത്തെ മാറ്റിമറക്കാൻ ആർക്കും കഴിയുകയില്ല. ലക്ഷക്കണക്കിനാളുകൾ അമാനി മൗലവിയുടെ രചനാ വൈദഗ്ധ്യത്തിൽ നിന്നും ജ്ഞാനം നേടുന്നു. ഖുത്ബകൾ നിർവ്വഹിക്കുന്ന പണ്ഡിതന്മാർ മുഖേനയും തൂലിക ചലിപ്പിക്കുന്ന രചയിതാക്കൾ മുഖേനയും ആ വിജ്ഞാനം ജനങ്ങളിലേക്ക് ഒഴുകിക്കൊണ്ടേയിരിക്കുന്നു. വറ്റാത്ത നീരുറവപോലെ. മുറിഞ്ഞുപോകാത്ത ഒരു മഹത്തായ സൽകർമ്മത്തിന്റെ അളവറ്റ പ്രതിഫലം എന്റെ ആദരണീയനായ സുഹൃത്തിന് ആശിക്കാവുന്നതാണ്. ആ പ്രതീക്ഷയും പ്രാർത്ഥനയുമായി, വിനയത്തോടെ,എളിമയോടെ എന്റെ അമാനി യാത്ര പോയിക്കഴിഞ്ഞു. അദ്ദേഹത്തോടൊപ്പം സ്വർഗത്തിൽ കടക്കാൻ ഈ സാധുവിന് ഏറെ മോഹമുണ്ട്. അല്ലാഹുവേ, നീ കനിയേണമേ.

ഓർമകളുടെ തീരത്ത്

## 29

# തിരൂർക്കാട് നിന്ന് ഒരോർമ്മ

1993 ഡിസംബർ 5, ഇങ്ങനെ കൊല്ലവും മാസവും തിയ്യതിയും കൃത്യമായി ഓർക്കാൻ കഴിഞ്ഞത് എന്റെ ഓർമ്മയുടെ ഗുണമല്ല. അന്ന് വലമ്പൂർ എന്ന സ്ഥലത്ത് മൂന്ന് ദിവസമായി നടന്നു വരുന്ന ഒരു മതപ്രഭാഷണത്തിന്റെ അവസാനദിവസമായിരുന്നു. അന്ന് തിരൂർക്കാട് നിന്നും കുറച്ച്

സ്നേഹിതന്മാർ ഒരു ജീപ്പെടുത്ത് പ്രസംഗം കേൾക്കാൻ പോകുന്നുണ്ടായിരുന്നു. കൂട്ടത്തിൽ ഞാനും തയ്യാറായി. പ്രസംഗം കേൾക്കൽ എനിക്ക് വളരെ ഇഷ്ടമുള്ള കാര്യമാണ്. ചിലപ്പോൾ സുന്നി മുസ്‌ലിയാക്കൾ പ്രസംഗിക്കുന്ന സദസ്സിൽ ഞാൻ ചെന്നിരിക്കും. എന്നെ കാണുമ്പോൾ അവർക്ക് ആകെ ഒരു എരിച്ചിലാണ്. ഞാൻ അടുത്ത് എവിടെയെങ്കിലും ഇരിക്കുന്നുണ്ടെന്ന് അറിഞ്ഞാലും സ്ഥിതി അത് തന്നെ. ഒരുപാട് അനാവശ്യങ്ങൾ പറയും. പരിഹസിക്കും. ആക്ഷേപിക്കും. സൽസബീൽ മാസികയിൽ എഴുതിയിട്ടുണ്ടെന്ന് ആരോപിച്ച് പല കളവുകളും തട്ടിവിടും. ആളുകൾ ഞാൻ പരിസരത്തുണ്ടെങ്കിൽ എന്നെ നോക്കി പരിഹാസപൂർവ്വം ചിരിക്കും. ഞാൻ ക്ഷമയോടെ എല്ലാം കേൾക്കും. പിറ്റേദിവസം 'ഇന്നലത്തെ വഅദ്' എന്ന് തലവാചകം കൊടുത്ത് ഈ അസംബന്ധങ്ങൾക്ക് നോട്ടീസിലൂടെ മറുപടി നൽകും. സ്നേഹിതന്മാർ ചിലപ്പോൾ ശാസിക്കും. 'മൗലവി അങ്ങോട്ട് പോകേണ്ട'. പക്ഷെ, എനിക്ക് അത് ഒരു ഹരമാണ്. എതിരാളികൾക്ക് എരിച്ചിലും. മുജാഹിദ് യുവ പണ്ഡിതന്മാരുടെ പ്രസംഗം കേൾക്കാൻ എനിക്ക് കൊതിയാണ്. പലരും പ്രഗത്ഭമായി പ്രസംഗിക്കുന്നവരാണ്. എം.എം. അക്ബർ, സുഹൈർ ചുങ്കത്തറ, സകരിയ്യ സ്വലാഹി, സലാഹുദ്ദീൻ മൗലവി, ഇബ്റാഹീം ബുസ്താനി, കെ.വി. അബ്ദുല്ലത്തീഫ് മൗലവി, നിഅ്മത്തുല്ലാ ഫാറൂഖി, അബ്ദുർറഹ്മാൻ സലഫി, സുബൈർ മങ്കട തുടങ്ങിയ യുവാക്കൾ നല്ല പ്രസംഗകരാണ്. പേര് ഇപ്പോൾ ഓർമവരാത്ത ഒട്ടേറെ പേർ വേറെയുമുണ്ട്. ഓരോരുത്തർക്കും വ്യത്യസ്തമായ ശൈലിയുണ്ട്. ചിലപ്പോൾ ചില പുതിയ കാര്യങ്ങൾ പഠിക്കാനും സാധിക്കാറുണ്ട്. കേരളത്തിലെ യുവ പണ്ഡിതന്മാരിൽ ഏറ്റവുമധികം കക്ഷിവ്യത്യാസമന്യേ ജനശ്രദ്ധ ആകർഷിച്ച ഒരു യുവപ്രതിഭയാണ് എം.എം. അക്ബർ. 'മിശ്കാത്തുൽ ഹഖ്' (സത്യത്തിന്റെ വിളക്കുമാടം) എന്ന മഹത്തായ പ്രസ്ഥാനത്തിന്റെ ഡയറക്ടറായ അക്ബർ ബൈബിളിലും ഹൈന്ദവ വേദങ്ങളിലും അവഗാഹം നേടിയ പ്രഗത്ഭ പ്രഭാഷകനും എഴുത്തുകാരനുമായി ഏറെ ശോഭിച്ചിരിക്കുന്നു. അക്ബറിന്റെ അസാമാന്യമായ കഴിവുകൾ കണ്ടും കേട്ടും ഞാൻ അമ്പരന്ന് പോയ സന്ദർഭങ്ങളുണ്ട്. ഇത്ര ചെറുപ്രായത്തിൽ ഇത്രകണ്ട് വിജ്ഞാനം നേടിയവർ എന്റെ ഓർമ്മയിൽ അപൂർവ്വമാണ്. ഏഴു പതിറ്റാണ്ടുകൾ പഠിച്ചും പ്രവർത്തിച്ചും നാടുനീളെ ഓടിനടന്ന എനിക്ക് അക്ബറിന്റെ വൈജ്ഞാനികമായ കഴിവുകളുടെ വരമ്പത്ത് നിൽക്കാൻ പോലും അർഹതയില്ലല്ലോ എന്നോർത്ത് ലജ്ജിക്കുന്നതിനേക്കാളേറെ ആഹ്ലാദിക്കുകയാണ് ഞാൻ. പുത്രവാത്സല്യത്തോടെ എന്റെ മനസ്സിൽ ഞാൻ കുടിയിരുത്തിയ ആ കുട്ടി എന്നേക്കാൾ എത്രയോ വലിയവനാണ് എന്ന സത്യം

ഞാൻ ഉൾക്കൊള്ളുന്നു. അഭിമാനിക്കുന്നു. അനുഗ്രഹീതനായ അക്ബറിനുവേണ്ടി ഞാൻ പ്രത്യേകം പ്രാർത്ഥിക്കാറുണ്ട്.

ഖുർആൻ അവതരിപ്പിച്ചതിന്റെ ആവശ്യകതയെക്കുറിച്ച് ഓർമ്മപ്പെടുത്തിക്കൊണ്ട് ഒരിടത്ത് ഇങ്ങനെ പറയുന്നുണ്ട്. “അല്ലാഹു പുത്രനെ സ്വീകരിച്ചു എന്ന് പറയുന്നവരെ താക്കീത് ചെയ്യാൻ വേണ്ടി” (അൽകഹ്ഫ് -4) ഈ ഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നു എന്ന്. അല്ലാഹു സത്യവിശ്വാസികളിൽ ഏൽപിച്ച ആ ദൗത്യം നിറവേറ്റുന്നതിൽ നാം ഏറെ പിന്നിലായപ്പോയി. ഫോർട്ട്കൊച്ചി കൽവത്തി ജുമാഅത്ത് പള്ളിവക ഖബർസ്ഥാനിൽ അന്ത്യവിശ്രമം കൊള്ളുന്ന മഹാപ്രതിഭയായിരുന്ന സയ്യിദ് സനാഉല്ലാഹ് മക്തിതങ്ങളുടെ വിയോഗത്തിന് ശേഷം ഒരുനൂറ്റാണ്ട് കാലം ഈ ദൗത്യനിർവ്വഹണത്തിന് നമുക്ക് ആളില്ലാതെ കടന്നുപോയി. എന്റെ സ്നേഹപുത്രനായ അക്ബർ ആ വിടവ് മനോഹരമായി നികത്തിക്കൊണ്ട് രംഗത്ത് നിറഞ്ഞുനിൽക്കുന്നു. ക്രിസ്ത്യൻ പൗരോഹിത്യം തങ്ങൾക്കൊരു വിജ്ഞാനഭീഷണിയായി അക്ബറിനെ ഉറ്റുനോക്കുന്നു. ആയിരങ്ങൾ തിങ്ങി നിറയുന്ന മഹാസദസ്സുകളിൽ പാതിരിമാരുമായും സന്യാസിമാരുമായും ആശയ സംപുഷ്ടമായ സംവാദങ്ങളും ചർച്ചകളും നടത്തുകയും ശ്രോതാക്കളുടെ അസംഖ്യം ചോദ്യങ്ങൾക്ക് മുഖാമുഖം സമുചിതമായി മറുപടി നൽകുകയും ചെയ്തുകൊണ്ട് അക്ബർ ജൈത്രയാത്ര നടത്തുകയാണ്. വിജ്ഞാനവും പ്രശസ്തിയും വർദ്ധിക്കുന്തോറും ഈ യുവാവിൽ പ്രകടമാകുന്ന വിനീതഭാവം എന്നെ ഏറെ സന്തുഷ്ടനാക്കുന്നു. മഹത്തായ ഗുണലക്ഷണമാണത്. എന്റെ അക്ബർ കൂടുതൽ കൂടുതൽ ഉയരങ്ങളിലേക്ക് കയറി ഈ സമുദായത്തിലുണ്ടായിത്തീർന്ന വലിയ വിടവിനെ നികത്തുന്ന ഒരാശ്രയമായി ഭവിക്കട്ടെ. അല്ലാഹു അദ്ദേഹത്തിന് വലുതായ അനുഗ്രഹങ്ങൾ നൽകുമാറാകട്ടെ. തൗഹീദ് പ്രസ്ഥാനത്തിന്റെ പ്രഗത്ഭ- സമർത്ഥനായ നായകൻ, എന്റെ ബഹുമാന്യ സുഹൃത്ത് എ.പി. അബ്ദുൽഖാദിർ മൗലവിയുടെ ജാമാതാവായ അക്ബർ കിരീടത്തിൽ പതിച്ച രത്നം പോലെ ശോഭിച്ചുകൊണ്ടിരിക്കട്ടെ.

വലമ്പൂരിൽ പ്രസംഗം കേൾക്കാൻ പോകാൻ തീരുമാനിച്ചതിൽ ഒരു പഴയ സംഭവത്തിന്റെ സ്മരണയും മനസ്സിൽ ഓടിയെത്തിയിരുന്നു. അന്ന് ഞാൻ ആ സംഭവം ഹമീദിനെ കേൾപ്പിച്ചു. അപ്പോൾ അത് ഓർമ്മക്കുറിപ്പുകളിൽ ഉൾപ്പെടുത്തണമെന്ന് എന്നോട് ആവശ്യപ്പെട്ടിരുന്നു. ഇതെഴുതാൻ ആരംഭിച്ചപ്പോൾ വലമ്പൂരിൽ പോയ തിയ്യതി കുറിച്ചുവെച്ചത് ഹമീദ് തെരഞ്ഞെടുത്തു. അങ്ങനെയാണ് കൃത്യമായി കൊല്ലവും തിയ്യതിയും ഇവിടെ കൊടുക്കാൻ കഴിഞ്ഞത്. അന്ന് മൂസാ സ്വലാഹിയാണ് പ്രസംഗി

ച്ചത്. വിഷയം തൗഹീദ്. അവിടെ ചെന്നപ്പോൾ എനിക്കും കുറച്ചു പറയണമെന്ന് പൂതിയായി. പ്രാസംഗികനോടും സംഘാടകരോടും അനുവാദം ചോദിച്ചു. അവർ സമ്മതിച്ചു. മുഹമ്മദ് നബിﷺ റസൂലാണെന്ന് പ്രഖ്യാപിക്കുന്ന സമുദായം അർത്ഥത്തിൽ നബിയെ എതിർക്കുകയാണ് ചെയ്യുന്നതെന്ന് ഏതാനും ഉദാഹരണങ്ങളിലൂടെ തെളിയിച്ചുകൊണ്ട് പതിനഞ്ച് മിനിറ്റ് ഞാൻ സംസാരിച്ചു.

ഞാൻ തിരൂർക്കാട് കുടുംബതാമസം തുടങ്ങിയ കാലം. 1945ലാണ്. വലമ്പൂരിൽ ഒരു വാദപ്രതിവാദം ഉണ്ടെന്ന് കേട്ടു. വിഷയം: ഖത്തീബ് മിമ്പറിൽ കയറുമ്പോൾ മഅ്ശിറ വിളിച്ച് വാളെടുത്ത് കൊടുക്കൽ. അക്കാലത്ത് മഅ്ശിറ വിളിയും വാളെടുക്കലും ഇല്ലാതെ ജുമുഅ ശരിയാകുകയില്ലെന്ന വിശ്വാസം സാർവ്വത്രികമാണ്. നബിﷺ മദീനത്ത് ഹിജ്റ ചെന്നതിന് ശേഷമാണ് ജുമുഅ തുടങ്ങിയതും പള്ളിയുണ്ടായതും. പത്തുവർഷങ്ങൾക്കിടയിൽ ഏകദേശം അഞ്ഞൂറിലധികം ജുമുഅ നബിﷺ നടത്തിയതായി കാണാം. ഒരൊറ്റ ജുമുഅക്കും മഅ്ശിറ വിളിയും വാളെടുത്ത് കൊടുക്കലും ഉണ്ടായിട്ടില്ലെന്നതാണ് സത്യം. നമ്മുടെ നാട്ടിലെ പള്ളികളിൽ അതില്ലാതെ ഒരൊറ്റ ജുമുഅയും നടക്കാറുമില്ല. നബിﷺയുടെ ചര്യയും മുസ്‌ലിയാക്കളുടെ ചര്യയും തമ്മിലുള്ള വൈരുദ്ധ്യം ഇതിൽ ദൃശ്യമാണ്. മുജാഹിദ് പ്രസ്ഥാനം, മതത്തിൽ വലിഞ്ഞുകയറിയ ഇത്തരം ഒട്ടേറെ അനാചാരങ്ങൾക്കെതിരിൽ ശക്തമായ ബോധവത്കരണം അക്കാലത്ത് പതിവാക്കിയിരുന്നു. തങ്ങൾക്ക് സ്വാധീനം ലഭിക്കുന്ന പള്ളികളിൽ നിന്നും ഇതൊഴിവാക്കി മാതൃക കാണിക്കുകയും ചെയ്തിരുന്നു. ഒരു പ്രസ്റ്റീജ് പ്രശ്നമെന്ന നിലയിൽ മുസ്‌ലിയാക്കൾ ഈ വിഷയത്തിൽ വാദപ്രതിവാദത്തിന് നിരന്തരം വെല്ലുവിളിക്കും. പലപ്പോഴും ഇതിനെ നേരിടേണ്ടതായി വരും. എപ്പോഴും മുസ്‌ലിയാക്കൾ ഈ വിഷയത്തിൽ പരാജയപ്പെടുകയും ചെയ്യും. ഉടനെ അവർ ഭൂരിപക്ഷത്തിന്റെ പിന്തുണ ഉപയോഗിച്ച് സദസ്സിൽ കലഹത്തിന് വഴിയൊരുക്കുകയും മുജാഹിദുകളെ ജനം ആക്രമിക്കാൻ മുതിരുകയും മൗലവിയെ കൈയേറ്റം ചെയ്തും ഭീഷണിപ്പെടുത്തിയും പരിപാടി അലങ്കോലമാക്കുകയും പതിവാണ്. ഒടുവിൽ അവർ ജയഭേരി മുഴക്കി പിരിഞ്ഞുപോകും. ഇന്നും ഏറെക്കുറെ ഇങ്ങനെ തന്നെയാണ് കാര്യങ്ങൾ പര്യവസാനിക്കുന്നത്.

വലമ്പൂരിൽ അന്ന് മുജാഹിദ് വിഭാഗത്തിനുവേണ്ടി ഒറ്റപ്പാലം സ്വദേശി ഒരു മുഹമ്മദ് മൗലവിയാണ് ഹാജരായത്. എനിക്ക് അദ്ദേഹത്തെ മുൻപരിചയമുണ്ടായിരുന്നില്ല. അലവിക്കുട്ടി മുസ്‌ലിയാർ എന്നൊരാളായിരുന്നു സുന്നീ പക്ഷത്ത് നേതാവ്. ഈ മുസ്‌ലിയാർ കുറച്ച് നാൾക്ക്

ശേഷം കിണറ്റിൽ നിന്നും കുളത്തിലേക്ക് എന്നപോലെ ജമാഅത്തെ ഇസ്ലാമിയിലേക്ക് ചാടി. പിൽക്കാലത്ത് ജമാഅത്തെ ഇസ്ലാമിയുടെ നേതാവായിത്തീർന്ന മുഹമ്മദ് ശരീഫ് മൗലവി ഇദ്ദേഹത്തെ അമ്മോശ നായി സ്വീകരിച്ചു. മകളെ വിവാഹം ചെയ്തു എന്നു സാരം.

തിരൂർക്കാട് നിന്നും ഏതാനും സുഹൃത്തുക്കളോടൊത്ത് ഞാനും വലമ്പൂരിലേക്ക് പോയി. പരിപാടി തുടങ്ങി. ആദ്യം വഹാബി പക്ഷത്ത് നിന്നും മുഹമ്മദ് മൗലവി പ്രസംഗിച്ചു. നബിﷺയുടെയും സ്വഹാബികളു ടെയും കാലത്ത് ഇല്ലാതിരുന്ന ഒരു കാര്യം മതചടങ്ങായി തല്ലിക്കൂട്ടിയ താണ് മഅ്ശിറ വിളിയെന്ന് അദ്ദേഹം തെളിയിച്ചു. അതുകൊണ്ടു തന്നെ ഇത് ബിദ്അത്തും വർജ്യവുമാണെന്ന് വിശദീകരിക്കുകയും ചെയ്തു. തുടർന്ന് അലവിക്കുട്ടി മുസ്ലിയാർ പ്രസംഗിച്ചു. അദ്ദേഹത്തിന്റെ വാദം ചുരുക്കത്തിൽ ഇപ്രകാരമായിരുന്നു. പ്രസിദ്ധ ശാഫിഈ കർമ്മശാസ്ത്ര പണ്ഡിതനായ ഇബ്നുഹജർ ഹൈതമി ഇത് നല്ല ബിദ്അത്താണെന്ന് പറഞ്ഞിട്ടുണ്ട്. "കുല്ലു ബിദ്അത്തിൻ ളലാല" എല്ലാ ബിദ്അത്തുകളും പിഴച്ചതാകുന്നു എന്നാണ് പ്രവാചകൻ പറഞ്ഞിട്ടുള്ളത്. സുന്നികൾ ഇതിൽ മായം ചേർത്ത് നല്ല ബിദ്അത്ത്, ചീത്ത ബിദ്അത്ത് എന്നിങ്ങനെ രണ്ടു വിഭാഗമാക്കി. സമുദായത്തിൽ വലിഞ്ഞുകയറി വേരുറച്ച മുഴുവൻ ശിർക്കുപരമായതും അല്ലാത്തതുമായ അനാചാരങ്ങൾക്കും വെള്ളപൂശു ന്നതിനു വേണ്ടിയാണ് ഈ നല്ല ബിദ്അത്ത് വാദം പ്രചരിപ്പിച്ചത്. അവർ വിശദീകരിക്കുമ്പോഴാകട്ടെ നല്ലതല്ലാതെ ചീത്ത ബിദ്അത്തായി ഒന്നുമു ണ്ടാകുകയില്ല. ജാറത്തിൽ നിലവിളക്ക് കൊളുത്തുന്നതും പുഷ്പം വിത റുന്നതും നല്ല ബിദ്അത്തായിത്തീരും. അതിലേക്ക് തെളിവുകളും ഉദ്ധരി ച്ചിട്ടുണ്ട്. ജുമുഅക്ക് വന്നുകൂടുന്നവർ പലേ സംസാരങ്ങളിലും ഏർപ്പെട്ടു അശ്രദ്ധരായിരിക്കുകയുമാണ്. അപ്പോൾ അവരുടെ ശ്രദ്ധ ഖുത്ബയിലേ ക്ക് തിരിച്ചുവിടാനുള്ള ഒരു മുന്നറിയിപ്പാണ് മഅ്ശിറ കൊണ്ടുള്ള ഉദ്ദേ ശ്യം. അതുകൊണ്ട് ഇതൊരു നല്ല കാര്യമാണല്ലോ. ഇത് പറഞ്ഞത് മേൽ പറഞ്ഞ ഇമാം ആണല്ലോ. ഇബ്നു ഹജറിനെക്കുറിച്ച് വളരെ പ്രശംസിച്ചു പറഞ്ഞു. ഒടുവിൽ ഇങ്ങനെ ഉപസംഹരിച്ചു, ഇബ്നു ഹജർ തങ്ങൾ നര കത്തിലാണെങ്കിൽ നമുക്കും നരകത്തിൽ പോകുന്നതിന് വിരോധമില്ല.

മുസ്ലിയാരുടെ വാചകക്കസർത്തിൽ മയങ്ങി ജനം ഹിയർ വിളിച്ചു. തുടർന്നു സദസ്സ് ഇളകി പ്രക്ഷുബ്ധമായി. മുസ്ലിയാരുടെ ഗർജ്ജനം കേട്ട് ആളുകൾ ക്ഷുഭിതരായി. മൗലവിയെ കൈകാര്യം ചെയ്യണമെന്ന് ചില തെമ്മാടികൾ വിളിച്ചുപറഞ്ഞപ്പോൾ ആകെ തർക്ക വിതർക്കങ്ങൾ കൊണ്ടൊരു കോലാഹലമായി. അപ്പോൾ ഞാൻ മുസ്ലിയാരോട് അപേ

ക്ഷിച്ചു. ആളുകൾ നിങ്ങളുടെ വാക്ക് കേട്ടാണ് ആ പാവപ്പെട്ട മനുഷ്യനെ ആക്രമിക്കാനൊരുങ്ങുന്നത്. നിങ്ങളിവരെ ശാന്തരാക്കി പിരിച്ചയക്കണം. മുസ്‌ലിയാർ ഒന്നും പറയുകയില്ലെന്ന് ശഠിച്ചു. സാധുവായ ആ മനുഷ്യൻ പേടിച്ചു വിറക്കുകയാണ്. ഞാൻ ഉടനെ കൂടെയുള്ള സുഹൃത്തുക്കളെ കൂട്ടി മൗലവിയുടെ ചുറ്റും ഒരു വലയമുണ്ടാക്കി. നിങ്ങൾ സമാധാനിക്കൂ, ഞങ്ങളെല്ലാം അടികൊണ്ടു വീണശേഷമേ നിങ്ങൾക്ക് ഏൽക്കുകയുള്ളു, നിങ്ങളെ ഇവിടെ വിട്ടേച്ച് ഞങ്ങൾ പോകില്ല എന്ന് പറഞ്ഞു ആശ്വസിപ്പിച്ചു. എനിക്ക് അദ്ദേഹത്തെ അപ്പോൾ കണ്ട പരിചയം മാത്രമേ ഉണ്ടായിരുന്നുള്ളൂ. എങ്കിലും ആദർശം ഞങ്ങൾക്കിടയിൽ പെട്ടെന്നൊരു ആത്മബന്ധമുണ്ടാക്കി. അങ്ങനെ അദ്ദേഹത്തെ നടുവിലും ചുറ്റും ഞങ്ങളുടെ വലയവുമായി നടന്നുനീങ്ങി. രണ്ടാം ലോക മഹായുദ്ധ കാലത്ത് ഇരുമ്പിന്റെ ആവശ്യാർത്ഥമാണെന്ന് പറയുന്നു, റെയിൽവേ പാളങ്ങൾ പലേടത്തു നിന്നും വലിച്ചെടുത്തു കൊണ്ടുപോയിരുന്നു. നിലമ്പൂർ-ഷൊർണ്ണൂർ റെയിൽ അതിലേയാണ് പോകുന്നത്. കാലിയായ ആ റെയിൽവെ ലൈനിലൂടെ ഞങ്ങൾ മൗലവിയെയും കൊണ്ട് അങ്ങാടിപ്പുറത്തേക്ക് നടന്നു. കുറെ നടന്നപ്പോൾ ആ വഴിയിൽ എന്റെ ഒരു ബന്ധുവിന്റെ വീട് ഓർമ്മയായി. അവിടെ ചെന്ന് വീട്ടുകാരെ വിളിച്ചുണർത്തി. പാതിരാവ് കഴിഞ്ഞ സമയം. അവരോട് വിവരങ്ങൾ പറഞ്ഞു. ഇന്ന് രാത്രി മൗലവിക്ക് ഇവിടെ അഭയം നൽകി രാവിലെ അങ്ങാടിപ്പുറത്ത് കൊണ്ടുപോയി ബസ്സിൽ കയറ്റിവിടണം. പറ്റുമോ? എന്ന് ചോദിച്ചു. വീട്ടുകാരൻ ശൂരനാണ്. 'ഞാനേറ്റു' എന്ന് ധൈര്യപൂർവ്വം പറഞ്ഞു. നന്ദി പറഞ്ഞും അദ്ദേഹത്തിനു വേണ്ടി പ്രാർത്ഥിച്ചും ഞങ്ങൾ തിരൂർക്കാട്ടേക്ക് നടന്നു.

പിന്നീട് മുസ്‌ലിയാർ തെളിവായി കാണിച്ച ഇബ്നു ഹജറിന്റെ തുഹ്ഫ എന്ന കർമ്മശാസ്ത്രഗ്രന്ഥം ഞാൻ പരിശോധിച്ചു. അദ്ദേഹം വിഷയം അതിൽ വിശദീകരിക്കുകയാണ്. നബിﷺയുടെയും സഹാബത്തിന്റെയും സലഫുസ്വാലിഹികളുടെയും കാലങ്ങളിൽ ഇത്തരം ഒരു സമ്പ്രദായം ഉണ്ടായിരുന്നില്ലെന്ന് തെളിയിച്ച് വിശദീകരിക്കുകയാണ് ആദ്യം ചെയ്തിരിക്കുന്നത്. ശേഷം "ഖീല ഹസനത്തുൻ" (എന്നാൽ നല്ലതെന്നു ഇതേക്കുറിച്ച് പറയപ്പെടുന്നുണ്ട്) എന്ന് പറഞ്ഞശേഷം അത്തരക്കാരുടെ ന്യായങ്ങൾ ഇന്നിന്നതൊക്കെയാണെന്ന് എടുത്ത് പറയുന്നുണ്ട്. 'ഖീല' (പറയപ്പെട്ടു) എന്നുവരെയുള്ളത് മുസ്‌ലിയാർ വിട്ടുകളഞ്ഞ ശേഷം ബാക്കിയുള്ള ഭാഗം ഗ്രന്ഥകാരന്റെ അഭിപ്രായമായി ആളുകളെ കേൾപ്പിക്കുകയാണ് ചെയ്തത്. സത്യം മറച്ചുവെക്കുകയും അസത്യത്തെ സത്യമാക്കി അവതരിപ്പിക്കുകയും ചെയ്തുവന്ന് സാരം. എന്റെ ചെറുപ്പകാലത്ത് ദർ

സിൽ പഠിക്കുമ്പോൾ പാങ്ങിൽ അഹ്മദ്കുട്ടി മുസ്‌ലിയാർ ആവശ്യക്കാരുടെ ഹിതത്തിനൊത്ത് ഫത്‌വ ഉണ്ടാക്കിക്കൊടുക്കുന്ന രീതി ഞാൻ നേരത്തെ വിവരിച്ചിട്ടുണ്ടല്ലോ. ഇതുതന്നെയാണ് മുസ്‌ലിയാക്കളുടെ പൊതുവെയുള്ള സ്വഭാവം.

കുറച്ചു നാളുകൾക്ക് ശേഷം ഈ മുസ്‌ലിയാർ തിരൂർക്കാട് മഹല്ലുപള്ളിയിൽ ഖത്വീബായി ചുമതലയേറ്റു. അതിന്റെ പിന്നിലും രസകരമായ ഒരു സംഭവ കഥയുണ്ട്. അവിടെ നേരത്തെ ഖതീബും ഇമാമുമായി ഉണ്ടായിരുന്ന മുസ്‌ലിയാർ മഹല്ല് നിവാസികൾക്ക് ഒന്നാകെ നാണക്കേടുണ്ടാക്കിയ ഒരു പണി പറ്റിച്ചു! തിരുമാന്ധാംകുന്നു ക്ഷേത്രം എന്ന പേരിൽ അങ്ങാടിപ്പുറത്ത് ഒരു കുന്നിൻമേൽ പ്രസിദ്ധമായ ഒരമ്പലമുണ്ട്. അതേക്കുറിച്ച് ഔലിയാക്കളെന്ന് പറയുന്നവരെപ്പറ്റി പ്രചരിപ്പിക്കുന്നതുപോലെ പല ഐതിഹ്യങ്ങളുമുണ്ട്. വർഷത്തിലൊരിക്കൽ ദിവസങ്ങൾ നീണ്ടുനിൽക്കുന്ന വിവിധ പരിപാടികളോടെ ഗംഭീരമായ ഉത്സവം നടക്കും. തീർത്ഥാടകരും കലാപരിപാടികൾ കാണാനെത്തുന്നവരുമായി വമ്പിച്ച ജനക്കൂട്ടമായിരിക്കും അവിടെ! ജാറങ്ങളിലെ ഉറൂസു പോലെ തന്നെ. ഒരുപാട് കച്ചവടക്കാരും ക്ഷേത്രോത്സവ പറമ്പിൽ വന്നെത്തുകയും ചെയ്യും. അവർക്കെല്ലാം നല്ല കച്ചവടവും നടക്കും. നമ്മുടെ കഥാപുരുഷനായ മുസ്‌ലിയാർ ഉത്സവപറമ്പിൽ ചെന്ന് കച്ചവട സ്റ്റാളുകളിൽ ചുറ്റിനടക്കുന്നതിനിടയിൽ ഒരു കടയിൽ നിന്നും ഒരു തുണി മോഷ്ടിച്ചു അരയിൽ തിരുകി. സ്റ്റാളിൽ ജോലി ചെയ്യുന്ന ആരോ ഇത് കണ്ട് ഇയാളെ പിടികൂടി. ബഹളമായി. ജനം കൂടി. മുസ്‌ലിയാരെ അറിയുന്നവർ ആ കൂട്ടത്തിലുണ്ടായിരുന്നു. പള്ളിയിലെ പുരോഹിതനാണെന്നറിഞ്ഞപ്പോൾ കൂടുതൽ കുഴപ്പം വിളിച്ചുവരുത്തേണ്ടെന്ന് കരുതി അവർ മുസ്‌ലിയാരെ വിട്ടയച്ചു. വിവരം നാട്ടിൽ പരന്നു. ആകെ നാണക്കേടായി. അങ്ങേയറ്റത്തെ വഷളത്തമാണല്ലോ മുസ്‌ലിയാർ കാണിച്ചത്. കമ്മിറ്റിക്കാർ അയാളെ ചോദ്യം ചെയ്തപ്പോൾ അയാൾ ന്യായം പറഞ്ഞു. ആ ന്യായമാണ് ഈ കഥയിലെ രസകരമായ വിഷയം. “കാഫിരീറ്റിങ്ങളുടെ മുതൽ ഞമ്മക്ക് ഹലാലാണ്” എന്നായിരുന്നു മുസ്‌ലിയാരുടെ ഫത്‌വ !

സാധാരണയായി മുസ്‌ലിയാക്കൾ പറയുന്നത് അപ്പടി വിഴുങ്ങലാണല്ലോ ജനങ്ങളുടെ ശീലം. പക്ഷെ, ഈ കമ്മിറ്റിക്കാർക്കും മഹല്ലു നിവാസികൾക്കും മുസ്‌ലിയാരുടെ ഫത്‌വ സ്വീകാര്യമായില്ല. കളവിന് മതത്തിന്റെ പരിവേഷം നൽകി രക്ഷപ്പെടാനുള്ള മുസ്‌ലിയാരുടെ ഈ സൂത്രം വമ്പിച്ച അപകടം വരുത്തിവെക്കുമെന്ന് കമ്മിറ്റിയിലെ ബുദ്ധിശാലികൾ മനസ്സിലാക്കി. കാലങ്ങളായി നല്ലനിലയിൽ സാമുദായിക

സൗഹാർദ്ദം നിലനിൽക്കുന്ന ഒരു ഗ്രാമമാണ് തിരൂർക്കാട്. ഹിന്ദുക്കളും മുസ്‌ലിംകളും വളരെ സ്നേഹത്തിലാണ് കഴിഞ്ഞുപോരുന്നത്. ഇന്നും അങ്ങനെ തന്നെയാണ്. അയൽവാസി ബന്ധങ്ങളും അങ്ങനെതന്നെ. മുസ്‌ലിയാരുടെ ഈ കള്ളവാദം അവിടെ പ്രചരിക്കുകയും മുസ്‌ലിയാർ അവിടെതന്നെ തുടരുകയും ചെയ്താൽ ആകെ പ്രശ്നമാകും. വല്ല തെമ്മാടികളും ഇതിന്റെ മറവിൽ ഹിന്ദുവീടുകളിൽ കയറി കളവും കൊള്ളയും നടത്തിയാൽ കാഫിരീറ്റങ്ങളുടെ മുതൽ ഞമ്മക്ക് ഹലാലാണെന്നുള്ള മുസ്‌ലിയാരുടെ 'മനോഹരമായ ഫത്‌വ' ക്രൂരമായ ഒരു വർഗീയകലാപം തന്നെ ഉണ്ടാക്കിക്കൂടെന്നില്ല. അങ്ങനെ കമ്മിറ്റി മുസ്‌ലിയാരെ അവിടെ നിന്നും വേഗം ഓടിച്ചു. പകരം ഒരു ഖത്വീബിനെ അന്വേഷിക്കുമ്പോഴാണ് വലമ്പൂർ വീരൻ എന്നറിയപ്പെട്ട അലവിക്കുട്ടി മുസ്‌ലിയാർ നിർദ്ദേശിക്കപ്പെട്ടത്. വഹാബി മൗലവിയെ മലർത്തിയടിച്ച വീരനല്ലേ? ഈ ആലോചനക്കിടയിൽ കമ്മിറ്റിയിൽ പെട്ട രണ്ടുപേർ എന്നോടും അഭിപ്രായമാരാഞ്ഞു. സത്യം മറച്ചുവെച്ച് ജനങ്ങളോട് സംസാരിക്കുന്ന ആളെയാണ് നിങ്ങൾക്കാവശ്യമെങ്കിൽ ഈ ആളെ തന്നെ എടുക്കാം എന്ന് ഞാൻ അവരോട് പറഞ്ഞു. അവർ മൗനമായി മടങ്ങിപ്പോയി. അലവിക്കുട്ടി മുസ്‌ലിയാർ തന്നെ നിയമിതനായി. ഞങ്ങൾ തമ്മിൽ പലപ്പോഴും കാണും. എന്റെ അയൽപക്കത്താണ് താമസം. ഞാനൊരിക്കൽ അദ്ദേഹത്തോട് ചോദിച്ചു. തുഹ്ഫയിൽ കാണുന്നത് ഇന്ന പ്രകാരമാണല്ലോ? പിന്നെ ഈ വിധം മാറ്റിപ്പറഞ്ഞതെന്തിന്? മറുപടി: ചിലപ്പോഴൊക്കെ അങ്ങനെ വേണ്ടി വരും... ഇബ്നുഹജർ നരകത്തിലാണെങ്കിൽ നമുക്കും നരകത്തിൽ പോകാം എന്ന വാക്ക് നിങ്ങൾ ഒരിക്കലും പറയരുതായിരുന്നു എന്ന് ഞാൻ ഉപദേശിച്ചപ്പോൾ അങ്ങനെ പറഞ്ഞതിൽ ഒരു തെറ്റുമില്ല എന്നായിരുന്നു പ്രതികരണം! അപ്പോൾ ഞാൻ പറഞ്ഞു; ഇതൊരു ചോദ്യമാക്കി പത്ത് പണ്ഡിതന്മാർക്കയക്കാം. നിങ്ങൾ നിർദ്ദേശിക്കുന്ന അഞ്ചു പേർക്കും ഞാൻ പറയുന്ന അഞ്ചുപേർക്കും. ഭൂരിപക്ഷം നൽകുന്ന മറുപടി നമുക്ക് സ്വീകരിക്കാം. അദ്ദേഹം സമ്മതിച്ചു. ചോദ്യം തയ്യാറാക്കി മറുപടിക്കുള്ള സ്റ്റാമ്പ് സഹിതം അയച്ചു. ചെലവ് എന്റെ കയ്യിൽ നിന്നു തന്നെ. പൈസക്ക് വലിയ വിലയുള്ള കാലം. എങ്കിലും സത്യം ബോധ്യപ്പെടാനല്ലേ? ഞാൻ ആശ്വസിച്ചു. ഞാൻ തെരഞ്ഞെടുത്ത അഞ്ചു പണ്ഡിതന്മാരിൽ കെ.എം. മൗലവി, ഇ.കെ. മൗലവി, ജമാഅത്ത് സ്ഥാപക അമീർ മുഹമ്മദലി ഹാജി എന്നീ മൂന്നുപേർ മാത്രമേ ഇപ്പോൾ ഓർക്കുന്നുള്ളൂ. പത്ത് പേരുടെയും മറുപടി വന്നു. എല്ലാവരും ഏകോപിച്ച് അഭിപ്രായപ്പെട്ടത് അങ്ങനെ ഒരു വിശ്വാസി പറയാൻ പാടില്ലെന്ന് തന്നെയായിരുന്നു. മുഹമ്മദലി ഹാജി അൽപം വിശദീകരിച്ചുതന്നെ എഴുതി. ഈ

ലോകത്തുള്ള മുഴുവൻ മനുഷ്യരും നരകത്തിൽ പോയാലും എനിക്ക് നരകത്തിൽ പോകാൻ കഴിയില്ല എന്നാണ് ഒരു മുസ്ലിം പറയേണ്ടത്. മറുപടികൾ മുസ്ലിയാരെ കാണിച്ചു. മൗനം മാത്രം. പിന്നീടാണ് ഇദ്ദേഹം സുന്നിയിൽ നിന്നും ജമാഅത്തെ ഇസ്ലാമിയിലേക്ക് മാറിയത്.

കുറച്ചുകാലത്തിനു ശേഷം അദ്ദേഹം രോഗിയായി. ഒരു വയർവേദന. തൃശൂരിൽ വെച്ച് ഓപ്പറേഷൻ നടന്നു. പക്ഷെ, വയർ തുറന്നപ്പോഴാണ് കുടലിൽ കാൻസറാണെന്ന് കണ്ടെത്തിയത്. ഒന്നിനും പറ്റാത്ത നിലയിൽ അവശനായി. ചികിത്സക്കും പണമില്ല. കടുത്ത ദാരിദ്ര്യം. എനിക്ക് അദ്ദേഹത്തോട് വലിയ സഹതാപം തോന്നി. ഞാൻ ഇറങ്ങി നടന്നു. പലരോടും വിവരം പറഞ്ഞു. കുറെ പണം ശേഖരിച്ച് അദ്ദേഹത്തിന് നൽകി. പലപ്പോഴായി ഇങ്ങനെ വേണ്ടിവന്നു. ഒരു ആദർശവിരോധിയാണെങ്കിലും എന്റെ നാട്ടുകാരനും അയൽവാസിയുമാണദ്ദേഹം.

**ഇടക്ക് ഒരു വാൽകഷ്ണം:** തിരൂർ സ്വദേശിയായ മൊയ്തീൻകുട്ടി ഫൈസി ഷാർജയിലെ ഖൂർഫക്കാൻ എന്ന സ്ഥലത്ത് ഒരു ചെറിയ കച്ചവടവുമായി കഴിയുന്നു. തിരൂർ പ്രൈവറ്റ് ബസ് സ്റ്റാന്റിന്റെ പ്രവേശനാതിർത്തിയിൽ പണിതുയർത്തിയ മനോഹരവും തന്ത്രപ്രധാനവുമായ സലഫീ മസ്ജിദിന്റെ ഒരു പ്രവർത്തകൻ കൂടിയാണ് ഫൈസി. ഫൈസി എന്നത് മുസ്ലിയാരുടെ ആധുനിക വാൽകഷ്ണമാണല്ലോ. പട്ടിക്കാടുള്ള ജാമിഅ നൂരിയ്യ അറബിക്കോളജ് സ്ഥിതിചെയ്യുന്ന സ്ഥലത്തിന് ഫൈസാബാദ് എന്നാണ് അവർ പേരിട്ടിരിക്കുന്നത്. പട്ടിക്കാട് തന്നെ ജമാഅത്തെ ഇസ്ലാമിയുടെ ഇസ്ലാമിയ്യ കോളേജിന്റെ ഭാഗത്തിന് അവർ ശാന്തപുരം എന്നും പേർ നൽകിയിട്ടുണ്ട്. ഫൈസി സലഫിയായി പരിവർത്തനം ചെയ്തതിന്റെ കാരണം അദ്ദേഹം തന്നെ എന്നോട് പറഞ്ഞതാണ്. മുകളിൽ പറഞ്ഞ മുസ്ലിയാരുടെ മനോഭാവത്തെ തോൽപിക്കുന്ന ഉമ്മിണി വലിയ മുസ്ലിയാരുടെ കഥ!

മൊയ്തീൻകുട്ടി ഫൈസി ജാമിഅ നൂരിയ്യയിലെ വിദ്യാർത്ഥിയായിരുന്ന കാലത്താണ് സംഭവം. ശംസുൽ ഉലമാ എന്ന് വാഴ്ത്തപ്പെട്ട സമസ്തയുടെ ജനറൽ സെക്രട്ടറി ഇ.കെ. അബൂബക്കർ മുസ്ലിയാരാണ് പ്രധാന അദ്ധ്യാപകൻ. മോഡേൺ ഭാഷയിൽ പ്രിൻസിപ്പാൾ. ഈ മൊയ്തീൻകുട്ടി ഫൈസി സമസ്തയുടെ കീഴിലുള്ള മതവിദ്യാഭ്യാസ ബോർഡിൽ മുഫത്തിശ് (ഇൻസ്പെക്ടർ) ആയി കുറച്ചുനാൾ ജോലി ചെയ്തിട്ടുമുണ്ട്. വിദ്യാർത്ഥിയായിരിക്കെ ഒരു ദിവസം ഇ.കെ. അബൂബക്കർ മുസ്ലിയാർ അവർക്ക് ക്ലാസ്സ് എടുത്തു. ഫാതിഹ സൂറത്താണ് പഠിപ്പിക്കുന്നത്. ഇയ്യാക നഅ്ബുദു എന്ന ആയത്തിന്റെ അർത്ഥം വിശദീകരി

ക്കുന്ന ഭാഗം ഒരു ഗ്രന്ഥത്തിൽ നിന്നും പാഠമെടുത്തു കൊടുക്കുകയാണ്. നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. ഇവിടെ നിന്നെ മാത്രം എന്നുള്ളത് ഗ്രന്ഥത്തിൽ വളരെ വ്യക്തമാക്കി പറഞ്ഞിട്ടുണ്ട്. ഒരു വിദ്യാർത്ഥി ചോദിച്ചു; "ഉസ്താദേ മാത്രം എന്നുള്ളത് അവിടെ ഉണ്ടോ? നിന്നെ ഞങ്ങൾ ആരാധിക്കുന്നു എന്നല്ലേ ഉള്ളൂ!" ഉസ്താദിന്റെ മറുപടി; "ഉണ്ടെടോ, മാത്രമെന്ന് പറഞ്ഞത് ഇയ്യാക എന്ന് മുന്തിച്ചതിന്റെ അർത്ഥമാണ്. എല്ലാ തഫ്സീറുകളിലും അതെടുത്ത് പറഞ്ഞിട്ടുണ്ട്. വിദ്യാർത്ഥിയുടെ സംശയം തീർന്നില്ലേ." ചോദ്യം പലരും പല രീതിയിലും ആവർത്തിച്ചു. മറുപടിയും ആവർത്തിച്ചു. ഒടുവിൽ ഒരു കുട്ടിയുടെ ചോദ്യം. ദർസ് ഭാഷയിൽ കുരുത്തംകെട്ട ചോദ്യം! മാത്രം എന്ന സാരം ഇവിടെയില്ലെന്ന് മഞ്ചേരി കോടതിയിൽ നടന്ന ഒരു കേസിന്റെ വിചാരണയിൽ ഉസ്താദ് പറഞ്ഞിട്ടുണ്ടെന്ന് ഞാൻ കേട്ടിട്ടുണ്ട് അത് ശരിയാണോ ഉസ്താദേ! ഇ.കെ. പറഞ്ഞു; "ശരിയാണ്. എടോ അവന്മാരെ തോൽപിക്കാൻ ചിലപ്പോൾ അങ്ങനെയൊക്കെ വേണ്ടിവരും!" മൊയ്തീൻകുട്ടി ഫൈസി പറയുകയാണ്. അപ്പോൾ എന്റെ മനസ്സിൽ ഒരു വാക്ക് മുഴച്ചുവന്നു. അവന്മാരെ അതായത് മുജാഹിദുകളെ തോൽപിക്കാൻ കാഫിറാകാൻ വരെ ഇവർ ഒരുക്കമാണല്ലോ.

ആരാധനയുടെ കാര്യത്തിൽ 'മാത്രം' എന്ന നിബന്ധന ഒഴിവാക്കിയാൽ പിന്നെ ഇസ്‌ലാം ദീൻ ഇല്ല. അല്ലാഹുവിനെ ആരാധിക്കാം. കൂടെ എന്തിനേയും ഏതിനേയും ആരാധിക്കാം. എല്ലാ ദീനും ഒന്നുതന്നെ. അതുകൊണ്ട് ഈ കൂട്ടരുമായുള്ള ബന്ധം മുറിക്കാതെ രക്ഷയില്ല എന്ന് മനസ്സിൽ കോറിയിട്ടു. അദ്ദലാഇലുസ്സുന്നിയ്യ (സുന്നി തെളിവുകൾ) എന്ന ഒരു കൈയ്യെഴുത്ത് ഗ്രന്ഥമുണ്ട്. അതിൽ നിന്നും നോട്ട് കൊടുത്ത് പഠിപ്പിക്കുകയാണ് അവരുടെ കോളെജുകളിൽ പതിവ്. എതായാലും ഫൈസി സലഫിയായി മാറി. ഇങ്ങനെ പല ഫൈസികളും സഖാഫികളും ദാരിമികളും രക്ഷപ്പെട്ടിട്ടുണ്ട്. പക്ഷെ, സമസ്തയുടെ പുന്നാരമോൻ മുസ്തഫൽ ഫൈസി രക്ഷപ്പെട്ടിട്ടില്ല. അയാൾ ആദരവായ ഉസ്താദന്മാരുടെ കുരുത്തവും പൊരുത്തവും നേടാൻ ഒരു ഖുർആൻ പരിഭാഷ പുറത്തിറക്കി. മുഹ്‌യിദ്ദീൻ മാലയെന്ന ശപിക്കപ്പെട്ട പാട്ടിന് വ്യാഖ്യാനം രചിച്ചപ്പോൾ ലഭിച്ച ഉൾവിളിയാണ് ഈ പരിഭാഷയ്ക്ക് അദ്ദേഹത്തെ പ്രാപ്തനാക്കിയത് എന്ന് ഗ്രന്ഥകാരന്റെ കുറിപ്പിൽ അദ്ദേഹം അഭിമാനം കൊള്ളുന്നുണ്ട്. ആ പരിഭാഷയുടെ കോലം എന്തായിരിക്കുമെന്ന് ഊഹിക്കാമല്ലോ. ബഹുമാനപ്പെട്ട ഉസ്താദിന്റെ വാദങ്ങളെ സ്ഥിരപ്പെടുത്തിക്കൊണ്ട് ഇയ്യാകനഅ്ബുദുവിന്റെ അർത്ഥത്തിൽ നിന്നും 'മാത്രം' എന്ന ഏറ്റവും പ്രധാ

നവും അടിസ്ഥാനപരവുമായ അർത്ഥം മുസ്തഫൽ ഫൈസി എടുത്തു മാറ്റി. വിഷയത്തിന്റെ പര്യവസാനം നേരത്തെ വിശദീകരിച്ചിട്ടുണ്ട്. അതു കൊണ്ട് ആവർത്തിക്കുന്നില്ല. നരകം ചോദിച്ചുവാങ്ങുന്ന ഫൈസിമാരിൽ നിന്നും ഒരു കനപ്പെട്ട ഉദാഹരണം എടുത്തുപറഞ്ഞുവെന്ന് മാത്രം.

ഓർമകളുടെ തീരത്ത്

## 30

# രണ്ടത്താണിയിൽ നിന്നൊരു ശാന്ത ഗർജ്ജനം!

തൗഹീദിന്റെ കെടാവിളക്കായ എന്റെ ആത്മമിത്രം പി. സൈദ് മൗലവി ﷺ (രണ്ടത്താണി). ശുദ്ധമായ നീരൊഴുക്കുപോലെ ഹൃദ്യമായ ശൈലിയിൽ മാല- മൗലീദുകളിലെ മാരക വിഷം തുളുമ്പുന്ന വരികൾ മേമ്പൊടിയായി ഇടക്കിടെ ഈണത്തിൽ പാടുന്ന, മധുരമനോഹരമായ, മണിക്കൂറുകൾ നീളുന്ന പ്രഭാഷണം! അത് ഒരിക്കൽ കേട്ടവർ പിന്നീടൊരിക്കലും സൈദ് മൗലവിയെ മറക്കുകയില്ല. പത്ത് മിനിറ്റെങ്കിലും സൈദ് മൗലവിയെ പോലെ ഹൃദ്യമായി പ്രസംഗിക്കണമെന്ന് ഞാൻ ഒരുപാട് മോഹിച്ചിട്ടുണ്ട്. മോഹഭംഗം മാത്രമായിരുന്നു ഫലം. ആ പ്രഭാഷണം കേൾക്കാൻ എനിക്കെന്തൊരു കൊതിയായിരുന്നെന്നോ! മൂന്ന് മണിക്കൂറിലേറെ നീണ്ടുപോകുന്ന സത്യത്തിന്റെ ആ സന്ദേശം ശ്രവിച്ചിരിക്കുന്ന ജനക്കൂട്ടത്തിലൊരാളായി എല്ലാം മറന്ന് ഞാൻ ലയിച്ചിരുന്നിട്ടുണ്ട്. പക്ഷെ, അസത്യത്തിന്റെ വക്താക്കൾക്ക് സൈദ് മൗലവി മാറാത്ത തലവേദനയായിരുന്നു. തൗഹീദിന്റെ മുന്നണിപ്പോരാളിയായി നാടുനീളെ യാത്ര ചെയ്ത എന്റെ സുഹൃത്ത് ജീവിതത്തിലെ ദാരിദ്ര്യത്തോടൊപ്പം ശത്രുക്കളിൽ നിന്നും കടുത്ത പീഡനങ്ങൾക്കും ഇരയായിട്ടുണ്ട്. പക്ഷെ, സലഫുസ്വാലിഹീങ്ങളെ ഓർമ്മിപ്പിക്കുന്ന സഹനവുമായി ജീവിച്ച ആ ത്യാഗിവര്യൻ ഒരിക്കലും തളർന്നിട്ടില്ല. പ്രസംഗവേദിയിലേക്ക് കല്ലേറ്, സോഡാകുപ്പി എറിഞ്ഞു ഭീകരത സൃഷ്ടിക്കൽ, വേദിയിൽ നിന്നിറങ്ങുമ്പോൾ കരണത്തടി, വസ്ത്രാക്ഷേപം, പിറകിൽ നിന്നും ഇടി, ഇങ്ങനെ മനുഷ്യപ്പിശാചുക്കളുടെ എന്തെന്തെല്ലാം ദ്രോഹങ്ങൾ അദ്ദേഹം സഹിച്ചു. ക്ഷമയുടെ പര്യായമായിരുന്നു അദ്ദേഹം. ചെറിയ മക്ക എന്ന് സുന്നികൾ വിശേഷിപ്പിക്കുന്ന പൊന്നാനിയിൽ സലഫീ ആദർശക്കാരായ ഏതാനും സുഹൃത്തുക്കൾ ചേർന്ന് സൈദ് മൗലവിയുടെ ഒരു പ്രഭാഷണം സംഘടിപ്പിച്ചു. വമ്പിച്ച ജനക്കൂട്ടം. ഇത് കണ്ട് പിശാചുക്കൾക്ക് കലികയറി. അവർ മനുഷ്യപ്പിശാചുക്കളെ ഇളക്കിവിട്ടു. അവർ സ്റ്റേജ് ആക്രമിച്ചു. സ്റ്റേജിൽ ഓടിക്കയറി സൈദ് മൗലവിയെ വസ്ത്രാക്ഷേപം ചെയ്യാൻ ശ്രമിച്ചു. മുണ്ട് വലിച്ചൂരി.

ഷർട്ട് വലിച്ചു കീറി. മർദ്ദിച്ചു. സംഘാടകരായ ഏതാനും ചില സുഹൃത്തുക്കൾ തങ്ങളുടെ ജീവൻ വെടിഞ്ഞു മൗലവിയെ രക്ഷിക്കാൻ കഠിനാദ്ധ്വാനം ചെയ്തു. അവർക്ക് പിടിപ്പത് മർദ്ദനമേറ്റു. അക്രമികൾ ഓലപ്പടക്കത്തിന്റെ മാല സൈദു മൗലവിയുടെ കഴുത്തിലിട്ടു തീ കൊളുത്താൻ ശ്രമിച്ചു. ദയനീയമാംവിധം അദ്ദേഹത്തെ കൊലപ്പെടുത്തണമെന്നു തന്നെയായിരുന്നു അവരുടെ ഉദ്ദേശ്യം. ഭയങ്കരമായ ബഹളം നടക്കുന്നുവെന്ന് കേട്ട് മാർകിസ്റ്റ് പാർട്ടി നേതാവും നാട്ടുകാരനും എം.എൽ.എയുമായ ഇമ്പിച്ചിബാവ അവിടെ ഓടിയെത്തി. ചുരുക്കത്തിൽ, മഹാവിപത്തിൽ നിന്നും മൗലവി എങ്ങനെയോ മോചിതനായി. ഉടുതുണി ആരോ എവിടെ നിന്നോ എടുത്തുകൊടുത്തു. ഇമ്പിച്ചിബാവയുടെ സാന്നിധ്യം അക്രമികൾ പിൻവലിയാൻ കാരണമായി. അദ്ദേഹം മൗലവിയെ ആശ്വസിപ്പിച്ചു. പരാതി നൽകാൻ പോലീസ് സ്റ്റേഷനിലേക്ക് അദ്ദേഹത്തോടൊപ്പം ചെല്ലാൻ ക്ഷണിച്ചു. പക്ഷെ, മൗലവി കൂട്ടാക്കിയില്ല. സാരമില്ല, എനിക്ക് വീട്ടിലേക്ക് പോയാൽ മതി എന്നാണ് അദ്ദേഹം പറഞ്ഞത്. പാവം എന്റെ സൈദ് മൗലവി എത്രകണ്ട് വേദനിച്ചിരിക്കും. എത്രയോ സഹിച്ചിരിക്കും. അതോർത്ത് പലപ്പോഴും ഞാൻ കരഞ്ഞിട്ടുണ്ട്. ഇത്തരം ക്രൂരമായ അനുഭവങ്ങളൊന്നും എന്നെപ്പോലുള്ളവർക്ക് ഏൽക്കേണ്ടിവന്നിട്ടില്ല. എന്നു വെച്ചാൽ അല്ലാഹുവിന്റെ അടുക്കൽ ദീനിനുവേണ്ടി യാതനകൾ അനുഭവിച്ചവരുടെ പട്ടികയിൽ അദ്ദേഹം പദവികൊണ്ട് ഉയർന്നു. ആ ഭാഗ്യത്തിന്റെ ഒരു ശതമാനം പോലും എനിക്ക് ലഭിക്കാൻ അർഹതയില്ലെന്ന് മനസ്സ് മന്ത്രിക്കുമ്പോഴും മഹാനായ എന്റെ സൈദ് മൗലവിയെക്കുറിച്ച് ദുഃഖപൂർവ്വം സ്മരിക്കുമ്പോൾ ഞാൻ സന്തോഷിക്കുന്നു.

പൊന്നാനിയിലെ പ്രസംഗ പരിപാടി തുടരാൻ കഴിയില്ലെന്ന് ബോധ്യമായ നിലക്ക് നിർത്തിവെക്കാൻ പ്രവർത്തകർ ആലോചിച്ചു. പക്ഷെ, നീതിമാനായ മാർകിസ്റ്റ് നേതാവ് ഇമ്പിച്ചിബാവ സമ്മതിച്ചില്ല. "കമ്മ്യൂണിസ്റ്റുകാർക്കും നിരീശ്വരവാദികൾക്കും യുക്തിവാദികൾക്കുമെല്ലാം ഇവിടെ പ്രസംഗിക്കാം. യാതൊരു പ്രശ്നങ്ങളുമില്ല. മുജാഹിദു മൗലവിമാർക്ക് മാത്രം പ്രസംഗിച്ചുകൂടെന്നോ? ഈ നാട്ടിലെ പൗരാവകാശലംഘനം ഞാൻ അനുവദിക്കുകയില്ല." അദ്ദേഹം രോഷാകുലനായി. "സൈദ് മൗലവി നിശ്ചയിക്കപ്പെട്ട ദിവസങ്ങൾ പൂർത്തിയാക്കണം. ഞാൻ അവിടെ സദസ്സിൽ ഉണ്ടാകും. ആരാണ് തടയുന്നതെന്ന് കാണട്ടെ?" അദ്ദേഹം പ്രഖ്യാപിച്ചു. തുടർന്ന് സൈദ് മൗലവി രണ്ടു ദിവസം പ്രസംഗിച്ചു. അനക്കമുണ്ടായില്ല. ഇമ്പിച്ചിബാവയ്ക്ക് നാട്ടിലുണ്ടായിരുന്ന രാഷ്ട്രീയവും സാമൂഹികവുമായ ശക്തിയുടെ ഉത്തമ ഉദാഹരണമായിരുന്നു അത്. ഈ സംഭവം നടക്കുമ്പോൾ ഞാൻ കൊച്ചിയിലാണ്. 1973ലോ 74ലോ എന്ന് ഓർമ്മയില്ല.

വിവരം ഫോൺ മുഖേന അറിഞ്ഞതോടെ എനിക്ക് പൊന്നാനിയിലെത്തണം. സൈദ് മൗലവിയെ കാണണം എന്നായി. പക്ഷെ, സുഹൃത്തുക്കൾ എന്നെ വിട്ടില്ല. നിങ്ങളിപ്പോൾ ചെന്നാൽ കുഴപ്പങ്ങൾ വർദ്ധിക്കുകയേയുള്ളൂ എന്നവർ പറഞ്ഞു. ഞാൻ വഴങ്ങി. എന്നാൽ രണ്ടു ദിവസങ്ങൾക്ക് ശേഷം പൊന്നാനിയിൽ നിന്നും അറിയിപ്പു വന്നു. രണ്ടു ദിവസം എന്റെ പരിപാടി അനൗൺസ് ചെയ്തിട്ടുണ്ട്, എത്തണം എന്നാണ് വിവരം. പിന്നെ ഞാൻ ഇടവും വലവും ചിന്തിച്ചില്ല. പോയി. അതിശക്തമായി തന്നെ രണ്ടു ദിവസം പ്രസംഗിച്ചു. വികാര വിക്ഷുബ്ധനായിരുന്നു ഞാൻ. സൈദ് മൗലവിയുടെ ദുഃഖകരമായ അവസ്ഥ എന്റെ മനസ്സിനെ മഥിക്കുകയായിരുന്നു. പരമാവധി ഞാൻ നിയന്ത്രിച്ചു. ശക്തമായ പോലീസ് ബന്തവസ്സും ഉണ്ടായിരുന്നു. എനിക്ക് ഇമ്പിച്ചിബാവയെ കാണണം. അദ്ദേഹത്തിന്റെ വീട്ടിൽ ചെന്ന് ഹൃദയംഗമായ നന്ദി രേഖപ്പെടുത്തണം. അത് നമ്മുടെ കടമയല്ലേ? ഞാൻ സ്നേഹിതരോട് പറഞ്ഞു. അപ്രകാരം വീട്ടിൽ പോയി. പക്ഷെ, അദ്ദേഹം വീട്ടിൽ ഉണ്ടായിരുന്നില്ല. ഭാര്യ എന്നെ സ്വീകരിച്ചു, കുടിക്കാൻ ചായ തന്നു. ഞാൻ എന്റെ കർത്തവ്യം നിർവ്വഹിച്ചു. വരുമ്പോൾ ഞാൻ അറിയിക്കാം എന്നവർ ഏറ്റു. യാത്രപറഞ്ഞു എഴുന്നേറ്റപ്പോൾ കൗതുകമുണർത്തിയ ഒരു കാര്യമുണ്ടായി. ആ സഹോദരി കുറച്ചു പൈസ വെച്ചുനീട്ടി. ഞാൻ അന്തംവിട്ടു. മൊയ്‌ലിയാക്കന്മാർക്ക് കൈമടക്കുന്ന പതിവാണോ? ഹെയ്, അങ്ങനെയുണ്ടാവില്ല. ഇതൊരു കമ്മ്യൂണിസ്റ്റ് നേതാവിന്റെ വീടല്ലേ? അദ്ദേഹത്തിന്റെ ഭാര്യയല്ലേ? ഒരു നിമിഷത്തെ ചിന്ത! അപ്പോഴാണ് ഞാൻ അറിയുന്നത്, അവർ എന്റെ സൽസബീൽ മാസികയുടെ വരിക്കാരിയും സ്ഥിരം വായനക്കാരിയുമാണെന്ന്. സൽസബീലിനുള്ള സംഭാവനയാണ് ആ വെച്ചു നീട്ടിയത്. നന്ദിപൂർവ്വം ഞാൻ അത് സ്വീകരിച്ചു. അപൂർവ്വമായ ഒരനുഭവമായിരുന്നു അത്. വൈക്കം മുഹമ്മദ് ബഷീറിന്റെ ഏതോ ഒരു പുസ്കതകത്തിൽ ഒരു വാചകമുണ്ടത്രെ! 'ഈ വെളിച്ചത്തിനെന്തൊരു വെളിച്ചം.' മലയാള സാഹിത്യത്തിൽ ഒരു പെരുമയറ്റ പ്രയോഗമാണത്രെ ഇത്. ഇത് കേട്ടപ്പോൾ എനിക്ക് പെട്ടെന്ന് മനസ്സിൽ മിന്നിത്തിളങ്ങിയത് ഖുർആനിലെ ഒരു പ്രയോഗമാണ്. "നൂറുൽ അലാ നൂർ" (വെളിച്ചത്തിനു മേൽ വെളിച്ചം). ഖുർആൻ പഠനത്തിൽ നിന്നും ബഷീർ സ്വാംശീകരിച്ചതാകാം തന്റെ ഈ വാചകം. ഖുർആനിന്റെ വർണനാതീതമായ മനോഹരപ്രയോഗത്തിന് തന്റെ ഭാവനയിലൂടെ തന്റെ കൃതിയിൽ മഹത്തായ ഒരു സ്ഥാനം നൽകിയതായിരിക്കാം.

സുഊദിയിൽ പഠിക്കുന്ന കാലത്ത് ഒരിക്കൽ ലീവിന് ഞാൻ നാട്ടിൽ വന്നു. 56ൽ ആണെന്നാണ് ഓർമ്മ. വളവന്നൂരിൽ ഒരു യോഗത്തിൽ പങ്കെടുത്തു. രണ്ടത്താണിയും വളവന്നൂരും അടുത്തടുത്ത പ്രദേശങ്ങളാണ്.

അപ്പോൾ സൈദ് മൗലവി പല കാരണങ്ങളാലും അവിടെ ഹാജരുണ്ടാകേണ്ടതായിരുന്നു. കണ്ടില്ല. യാത്രയിലായിരിക്കുമോ? ഞാൻ തിരക്കി. കലശലായ രോഗത്തിലാണെന്നറിഞ്ഞു. അദ്ദേഹത്തെ കാണാതെ മടങ്ങാൻ മനസ്സ് വഴങ്ങിയില്ല. യോഗം കഴിഞ്ഞ് നേരെ രണ്ടത്താണിയിലേക്ക് പോയി.

എന്റെ ഹൃദയം പൊട്ടിത്തകർന്നുപോകുമാറ് വലിഞ്ഞുമുറുകി. ഒരു പീടികയുടെ താഴ്‌വരയിൽ ഒരു ഷെഡ്ഡ്. അതിന്റെ ഒരറ്റത്ത് കർട്ടൺ കൊണ്ട് മറച്ചു ഒരു കിടപ്പ്മുറിപോലെയാക്കിയിട്ടുണ്ട്. ബാക്കി വരാന്തയും എല്ലാകൂടി ഒരൊറ്റ മുറിയായി നിൽക്കുന്ന ഷെഡ്ഡ്.

ആരാണീ സൈദ് മൗലവി! ഇരുപതിനും മുപ്പതിനും ഇടയിൽ പ്രായക്കാരായ കുട്ടികൾ അറിയുമോ അദ്ദേഹത്തെ? പലരും കേട്ടിരിക്കും. ചിലർ കണ്ടിരിക്കും. പക്ഷെ, അദ്ദേഹത്തെ അറിഞ്ഞവർ എത്രയുണ്ട്. കേരള ജംഇയ്യത്തുൽ ഉലമയുടെ അദ്ധ്യക്ഷപദവി 1979ൽ നടന്ന പുളിക്കൽ സമ്മേളനത്തിനു ശേഷം ഞാൻ രാജിവെച്ചു. (അതിന്റെ കാരണം മറ്റൊരിടത്തു പറയാം) തൽസ്ഥാനത്ത് അവരോധിതനായത് സൈദ് മൗലവിയായിരുന്നു. മരണം വരെ അദ്ദേഹം അതു തുടർന്നു. തൗഹീദ് പ്രഭാഷണത്തിന്റെ വീറുറ്റ നായകൻ, ഭക്തിസാന്ദ്രമായ ഈണത്തിൽ ഖുർആൻ വചനങ്ങൾ ഓതി ശുദ്ധവും ലളിതവുമായ ഭാഷയിൽ വിശദീകരിക്കും. മണിക്കൂറുകൾ നീണ്ട ശാന്തവും വിജ്ഞാനനിർഭരവും പ്രൗഢോജ്ജ്വലവുമായ പ്രഭാഷണം. സദസ്സ് നിശബ്ദമായി ഭക്തിയുടെ ഉൾക്കിടിലവും ആസ്വാദനത്തിന്റെ മധുരിമയും പ്രഭാഷണ ചാതുര്യവും ഒന്നിച്ചാവാഹിച്ചെടുക്കുന്ന ഒരവസ്ഥ. ശിർക്കിന്റെ ചിഹ്നങ്ങളായ മാല- മൗലിദ് റാത്തീബുകളിലെ പദ്യങ്ങൾ മധുരമായ ഈണത്തിൽ നീട്ടിച്ചെല്ലുമ്പോൾ ആസ്വാദ്യകരമല്ലാത്ത മറ്റൊരവസ്ഥയില്ല. പക്ഷെ, അത് ഖുർആനും ഹദീസും അടിസ്ഥാനമാക്കി കാര്യകാരണസഹിതം വിശദീകരിക്കുമ്പോൾ, ശിർക്കിന്റെ ഈ നൂലാമാലകളെ, ചിന്തിക്കുന്നവർ കഠിനമായി വെറുക്കും. സൈദ് മൗലവിയുടെ പ്രഭാഷണത്തിൽ ശ്രോതാവ് ആസ്വാദകനായും നിരൂപകനായും തീരുമാനിക്കുന്നവനായും ക്രമേണ മാറിമാറി വരും. ശുദ്ധ മനസ്സുകളിൽ തൗഹീദിന്റെ ശോഭയേറി തിളങ്ങുന്ന നിലയിൽ സദസ്സിൽ നിന്നും മടങ്ങും. പിറ്റേന്ന് മുതൽ ആ മനസ്സിന്റെ ഉടമ തൗഹീദിന്റെ ഭടനായി വീഥിയിൽ കാണും. എനിക്ക് എത്ര പറഞ്ഞിട്ടും മതിവരുന്നില്ല. അതിരുകവിയാതിരിക്കാൻ ഞാൻ സൂക്ഷിക്കുകയാണ്.

ഞാൻ ചെന്നപ്പോൾ മൗലവി വീട്ടിലുണ്ട്. കലശമായ രോഗത്തിലാണ്. ധൈര്യമായി പുറത്തിറങ്ങാൻ വയ്യ. ചികിത്സ പലതും നോക്കി. മരുന്നുകൾ മാറിമാറി കഴിച്ചു. ദാരിദ്ര്യം അതിനേക്കാൾ വലിയ രോഗമായി നിൽക്കു

ന്നു. എനിക്ക് അസഹ്യമായ ദുഃഖവും വിഷമവും ഉണ്ടായി. പക്ഷെ, മൗലവി ആരോടും ഒന്നും പറയില്ല. ആരോടും പരിഭവവുമില്ല. സഹനത്തിന്റെ തൽസ്വരൂപം!

ഇതിനൊരു പരിഹാരം കാണാതെ വയ്യ. ഞാൻ അദ്ദേഹത്തോട് പറഞ്ഞു: "നിങ്ങളിവിടെയിരുന്നു എന്തെങ്കിലും മരുന്ന് കഴിച്ചതുകൊണ്ടായില്ല. ഏതെങ്കിലും നല്ല ഒരു ഡോക്ടറുടെ മേൽനോട്ടത്തിൽ കിടന്ന് ചികിത്സ നടത്തണം. ഞാൻ അതിനുള്ള ഏർപ്പാടുണ്ടാക്കാം. നിങ്ങളെ ശുശ്രൂഷിക്കാൻ ഭാര്യയും കൂടെ വേണം." ഭാര്യയോടും വിവരം പറഞ്ഞു. എന്നോട് വലിയ സ്നേഹമാണ് അദ്ദേഹത്തിന്. അതുകൊണ്ട് രണ്ടുപേരും അത് സമ്മതിച്ചു. പിറ്റേന്ന് നേരം വെളുത്ത് ഞാൻ കുറെ ആലോചിച്ചു. ഏത് ഡോക്ടറുമായാണ് ബന്ധപ്പെടുന്നത്. എന്റെ മനസ്സിൽ ഓടിയെത്തിയതും മുൻതൂക്കം നിന്നതും നിലമ്പൂരിലുള്ള ഡോക്ടർ ഉസ്മാൻ സാഹിബായിരുന്നു. അവിടെ ഡിസ്പൻസറിയും ചുരുക്കം ചിലരെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യവുമായി അദ്ദേഹം പ്രാക്ടീസ് ചെയ്യുന്നതായി അറിയാം.

പക്ഷെ, അന്നത്തെ ഡോ. ഉസ്മാൻ ഇന്ന് നിങ്ങളധികപേരും അറിയുന്ന ആളല്ല. കേരള മുസ്‌ലിംകളുടെ നാനോന്മുഖമായ നന്മക്കും വളർച്ചക്കും കളമൊരുക്കിയ മുജാഹിദ് പ്രസ്ഥാനത്തിന്റെ അനിഷേധ്യനായ അമരക്കാരൻ ഡോ. ഉസ്മാൻ, സമർത്ഥനും വിജ്ഞാനസംപുഷ്ടവുമായ പ്രഭാഷണങ്ങളാൽ മതരംഗത്ത് നിറഞ്ഞുനിൽക്കുന്ന ഡോ. ഉസ്മാൻ, വാളിനേക്കാൾ മൂർച്ചയുള്ള തൂലികയും അതിലൂടെ നിർഗളിക്കുന്ന വിജ്ഞാനത്തിന്റെ നീരുറവുകളും. ചിലപ്പോൾ ആ തൂലിക ഒരു വെള്ളച്ചാട്ടം പോലെ ശത്രുക്കളുടെ എടുപ്പുകളും കെട്ടുകളും തകർത്തു കയറുന്നതാകും. അറിവിന്റേയും കഴിവിന്റേയും അണക്കെട്ടുപോലെ ശാന്തഗംഭീരമായി നിൽക്കുന്ന ഡോ. ഉസ്മാൻ. ഇതാണ് ഇന്നത്തെ കേരളം അറിയുന്ന ഡോ. ഉസ്മാൻ സാഹിബ്. (നിലമ്പൂർ)

ഞാൻ അറിഞ്ഞു തുടങ്ങിയ ഡോ. ഉസ്മാൻ ഇതല്ല. എന്റെ സുഹൃത്തായ എം. മുഹമ്മദിന്റെ മകനായിരുന്നു. മൂർക്കൻ വീട്ടിൽ എന്നാണ് തറവാട്ട് പേര്. മലബാർ ഡിസ്ട്രിക്റ്റ് ബോർഡ് പ്രസിഡണ്ടും പൗരമുഖ്യനുമായിരുന്ന പി. ഉണ്ണിക്കമ്മു സാഹിബിന്റെ പി.എ. ആയിരുന്നു ഇദ്ദേഹം. പ്രമുഖ സമ്പന്നനും മുഹമ്മദ് അമാനി മൗലവിയുടെ പ്രസിദ്ധമായ ഖുർആൻ വിവരണം ആദ്യമായി പ്രസിദ്ധീകരിച്ച ദീനീ തൽപരനുമായ ഒലവക്കോട് പി.കെ. മുഹമ്മദ് സാഹിബ് ഉണ്ണിക്കമ്മു സാഹിബിന്റെ പുത്രനാണ്. മലബാർ ഡിസ്ട്രിക്റ്റ് ബോർഡ് വിപുലമായ അധികാരങ്ങളുള്ള ഒരു സമിതിയായിരുന്നു. അതിന്റെ പ്രസിഡണ്ട് ഒരു മിനി മുഖ്യമന്ത്രിപോലെ

യും ബോർഡ് മെമ്പർമാർ മിനി മന്ത്രിമാരുമായിരുന്നു. ബോർഡിന്റെ ഓഫീസ് കോഴിക്കോടായിരുന്നതിനാൽ ഡോ. ഉസ്മാൻ സാഹിബിന്റെ പിതാവ് മിക്കവാറും കോഴിക്കോടുണ്ടാകും. അദ്ദേഹം ജുമുഅക്ക് പട്ടാളപ്പള്ളിയിലാണ് വരിക. ഞാൻ അക്കാലത്ത് അവിടത്തെ ഖത്വീബായിരുന്നല്ലോ. അങ്ങനെ ഞങ്ങൾ പരിചയപ്പെട്ടു. സുഹൃത്തുക്കളുമായി. മുഹമ്മദ് സാഹിബുമായി പരിചയപ്പെടുന്ന കാലത്ത് മകൻ ഉസ്മാൻ മദിരാശി മെഡിക്കൽ കോളേജിൽ വിദ്യാർത്ഥിയാണ്. മദിരാശിയിൽ ചെന്നപ്പോൾ ഞാൻ പരിചയപ്പെട്ടിട്ടുണ്ട്.

പക്ഷെ അടുക്കാൻ വയ്യ. തീക്കട്ടയിൽ കൈതട്ടിയാലുള്ള അനുഭവമാണ്. കടുത്ത ഭൗതികവാദിയും നിർമതവാദിയുമായിക്കഴിഞ്ഞിരിക്കുന്നു. വെറും കമ്മ്യൂണിസ്റ്റ് എന്നു പറഞ്ഞാൽ ഒട്ടും ശരിയാവില്ല. മാർക്സിസത്തിന്റെയും വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദത്തിന്റെയും അങ്ങേതലക്കൽ വരെ അദ്ദേഹം ചെന്നു. കമ്മ്യൂണിസത്തിലേക്ക് ആകർഷിക്കപ്പെടുന്ന യുവാക്കളെ ക്ലാസ്സ് കൊടുത്തു മെരുക്കിയെടുക്കുന്ന സൈദ്ധാന്തിക ബാധ്യത മലബാറിൽ പലേടത്തും അദ്ദേഹത്തിന്റേതായിരുന്നു. 50കളിലെ കഥയാണിത്. കലാകാരൻ, നാടക സംവിധായകൻ, രചയിതാവ് അങ്ങനെ പലതും. അക്കാലത്ത് തിരു- കൊച്ചിയിലേയും പ്രത്യേകിച്ച് മലബാറിലേയും മുസ്‌ലിം സമൂഹത്തിൽ അമർഷത്തിന്റെയും പ്രതിഷേധത്തിന്റേയും കൊടുങ്കാറ്റു വീശിയ ഒരു വിമർശന നാടകം കുപ്രസിദ്ധി നേടിയിരുന്നു. “ജ്ജ് ഒരു നല്ല മനസ്കനാകാൻ നോക്ക്” ഇതാണ് നാടകത്തിന്റെ പേര്. സംവിധായകൻ ഡോ. ഉസ്മാൻ. നാടകം അരങ്ങേറുന്ന വൻ സദസ്സുകളിൽ അദ്ദേഹം വേദിയിൽ വന്ന് പ്രസംഗിക്കും. ആ നിലക്കും വെറുപ്പും ദേഷ്യവും ഏറ്റുവാങ്ങും. അക്കാലത്ത് കൊച്ചിയിലും അദ്ദേഹം വന്നിട്ടുള്ളതായി എന്റെ സുഹൃത്ത് ഹമീദ് പറയുന്നു. 72ൽ എന്നെ കാണാൻ ഡോ. ഉസ്മാൻ കൊച്ചിയിൽ വന്നപ്പോൾ ഒരു വെള്ളിയാഴ്ചയായിരുന്നു. പാന്റും അരക്കയ്യൻ ഷർട്ടുമണിഞ്ഞ ഡോ. ഉസ്മാൻ എന്റെ നിർബന്ധപ്രകാരം പുതിയ പള്ളിയുടെ മിമ്പറിൽ കയറി ഖുത്ബ നടത്തി. പരലോകമെന്ന അനശ്വര ജീവിതത്തിന്റെ യാഥാർത്ഥ്യത്തെക്കുറിച്ച് അദ്ദേഹം നടത്തിയ പ്രൗഢഗംഭീരമായ പ്രഭാഷണം സദസ്സിന് ഒരു പുത്തൻ അനുഭവമായിരുന്നു. അന്ന് ഞാൻ ഡോക്ടർക്ക് ഹമീദിനെ പരിചയപ്പെടുത്തി. അപ്പോഴാണ് ഹമീദ് പറയുന്നത്, ഞാൻ ഹൈസ്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ ഇദ്ദേഹത്തിന്റെ പ്രസംഗം കേട്ടിട്ടുണ്ട്. സുന്ദര സുമുഖനായ നീണ്ടുമെലിഞ്ഞ ആപ്പിൾ നിറമുള്ള യുവാവായിരുന്നു അദ്ദേഹം. മേൽ പറഞ്ഞ നാടകം ഉദ്ഘാടനം ചെയ്യാൻ അന്ന് അദ്ദേ

ഹം തന്നെ വരികയായിരുന്നുവത്രെ! മനസ്സിൽ നിന്നും ഒഴിഞ്ഞുപോകാത്ത അദ്ദേഹത്തിന്റെ പ്രസംഗശൈലിയാണ് ഹമീദിന്റെ ആ ഓർമ്മ. കുപ്രസിദ്ധമായ ആ നാടകത്തിൽ കെ.സി. അബൂബക്കർ മൗലവിയെപ്പോലെ ഒരു കഥാപാത്രമുണ്ട്. പരിഹാസ കഥാപാത്രം. കെ.സി. അന്നും മലബാറിൽ അലയടിക്കുന്ന ലീഗ്, മുജാഹിദ് വേദികളിലെ സരസഗംഭീരനായ പ്രഭാഷകനാണ്. കമ്മ്യൂണിസ്റ്റുകാരുടെ ലീഗ് വിരോധത്തിന്റെ പാരമ്യമാണ് നാടകത്തിൽ കെ.സി.യെ ഇപ്രകാരമൊരു പരിഹാസ കഥാപാത്രമായി അവതരിപ്പിക്കാൻ അവരെ പ്രേരിപ്പിച്ച ചേതോവികാരം.

തന്റെ കമ്മ്യൂണിസ്റ്റ് ശിഷ്യനായ ഒരു സഹപാഠി ഒരിക്കൽ ഡോ. ഉസ്മാനോട് ഉന്നയിച്ച ഒരു ചോദ്യവും മറുപടിയും തന്റെ പിൽക്കാലത്തെ രചനയിൽ ഒരിടത്ത് അദ്ദേഹം ഉദ്ധരിച്ചിരിക്കുന്നു. "എന്താണ് സദാചാരം!" മറുപടി: തൊഴിലാളിവർഗ സർവ്വാധിപത്യം ലക്ഷ്യമാക്കി ചെയ്യുന്നതെന്തൊക്കെയാണോ അതാണ് സദാചാരം. അതിനെതിരിലുള്ളതെല്ലാം ദുരാചാരം! ഈ മറുപടിയുടെ കർത്താവ് പിന്നീട് സത്യവിശ്വാസത്തിന്റെയും സദാചാരത്തിന്റെയും യഥാർത്ഥ മൂല്യം കണ്ടെത്തി. പക്ഷെ, തന്റെ ശിഷ്യനെ തിരിച്ചുകൊണ്ടുവരാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. തന്റെ മറുപടിയിൽ ഉറച്ച് നിന്ന് അയാൾ മുന്നോട്ട് പോയി. ആ ഖേദം അദ്ദേഹം തന്റെ രചനയിൽ അനുസ്മരിക്കുന്നുണ്ട്. എന്റെ സൽസബീൽ മാസികയുടെ താളുകളിലാണ് ഈ അനർഘ പാഠങ്ങൾ അച്ചടിച്ചുവന്നത് എന്ന കാര്യം ഒരു ഭാഗ്യമായി ഞാൻ കരുതുന്നു. ഡോക്ടർ ഉസ്മാൻ സാഹിബിനെക്കുറിച്ച് പറഞ്ഞു എനിക്ക് പൂതി തീരുമെന്ന് തോന്നുന്നില്ല. ഒരു ഗ്രന്ഥം തന്നെ അതിനുവേണ്ടിയായാലോ എന്ന് ഞാൻ വിചാരിക്കുകയാണ്. ഇപ്പോൾ നമ്മൾ മറ്റൊരു വിഷയത്തിലാണല്ലോ.

ഈ ഉസ്മാൻ ഡോക്ടറുടെ അടുക്കലാണ് ഞാൻ സൈദ് മൗലവിയുടെ കാര്യത്തിനായി ചെന്നത്. അന്ന് അദ്ദേഹത്തിൽ ആദർശപരമായ മാറ്റങ്ങൾ ഉണ്ടായിട്ടില്ല. എന്നിട്ടും എനിക്ക് പോകാൻ തോന്നിയത് അങ്ങോട്ടാണ്. എന്റെ മനസ്സ് അദ്ദേഹത്തെ ഓർക്കുമ്പോൾ ഇങ്ങനെ മന്ത്രിക്കും. ചെറുപ്പത്തിൽ കുറച്ചൊക്കെ കിതാബോതി പഠിച്ച ആളാണിദ്ദേഹം. കാപട്യവും സ്വാർത്ഥതയും തീണ്ടിയിട്ടില്ലാത്ത സത്യസന്ധനായ ഒരു കമ്മ്യൂണിസ്റ്റ് ഭൗതികവാദിയാണിപ്പോൾ. വക്രത തീണ്ടിയിട്ടില്ലാത്ത ആ മനസ്സിന് എന്നെങ്കിലും മടങ്ങാതിരിക്കാൻ കഴിയില്ല. മടങ്ങാൻ ഞാൻ പ്രാർത്ഥിക്കുകയും ചെയ്യും. എന്റെ കോലവും രൂപവും ഇതായിട്ടും എന്റെ ആദർശം ശരിക്കറിയാമായിരുന്നിട്ടും അദ്ദേഹം വളരെ സ്നേഹാദരവോടെ എന്നെ സ്വീകരിച്ചു. പിതാവിന്റെ സുഹൃത്ത് എന്ന പരിഗണന മാത്രമായി

രുന്നു ഞങ്ങൾക്കിടയിലെ ബന്ധം. ഞാൻ ഡോക്ടറോട് സൈദ് മൗലവിയുടെ രോഗവിവരവും ഞാനുമായുള്ള ആത്മബന്ധവും ധരിപ്പിച്ചു. സൈദ് മൗലവിയെ പരിചയമില്ല. പക്ഷെ കേട്ടറിവുണ്ട്. ഞാൻ പറഞ്ഞു: “നിങ്ങൾ അദ്ദേഹത്തെ ഇവിടെ താമസിപ്പിച്ചു ചികിത്സിക്കണം. മരുന്നിന്റെ പണം ഞാൻ ഉണ്ടാക്കിത്തരാം. ബാക്കി സർവ്വീസ് നിങ്ങളുടെ വകയായി നൽകണം.” അദ്ദേഹം സമ്മതിച്ചു. ഞാൻ രണ്ടത്താണിയിൽ പോയി. സൈദ് മൗലവി ഭാര്യയുമൊത്ത് വന്നു. മൂത്ത മകൻ അബ്ദുറഹ്മാൻ അന്ന് ചെറിയ കുട്ടിയാണ്. അദ്ദേഹം അവരോടൊത്ത് നിലമ്പൂരിൽ ഉണ്ടായിരുന്നുവെന്നാണ് എന്റെ ഓർമ്മ. ചികിത്സ മാസങ്ങൾ നീണ്ടു. റബ്ബിന്റെ അനുഗ്രഹത്താൽ ഫലപ്പെട്ടു. ഈ നിലയിൽ മഹാനായ സൈദ് മൗലവിക്ക് വേണ്ടി ഒരു സേവനം ചെയ്യാൻ അല്ലാഹു ഭാഗ്യം നൽകി. സംതൃപ്തി നൽകുന്ന ആനന്ദമായ ഒരു ഓർമ്മയായി ഇത് മനസ്സിൽ കിടക്കുന്നു. സൈദ് മൗലവിയുടെ ചാരത്ത് സ്വർഗത്തിലൊരു ഇടം കിട്ടാൻ ഞാൻ സദാ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. ത്യാഗത്തിന്റേയും സഹനത്തിന്റെയും ഉത്തമ ഉദാഹരണമായിരുന്നു അദ്ദേഹം. എന്റെ ആദർശപുത്രന്മാർ ഇതറിയണം. ഈ തൗഹീദ് പ്രസ്ഥാനം വളർത്തിയെടുക്കുന്നതിൽ ഗുരുതുല്യരായ എന്റെ മിത്രങ്ങൾ അനുഭവിച്ച ത്യാഗത്തിന്റെ കഥകൾ! പ്രബോധനവിഷയത്തിൽ പൊതു താല്പര്യമേഖല കണ്ടെത്തുക എന്ന അനിസ്‌ലാമിക ചിന്താഗതി മനസ്സിനെ സ്വാധീനിച്ച യുവ പണ്ഡിതന്മാർ! അവർക്ക് സൈദ് മൗലവിയെപ്പോലുള്ളവർ ഒരു പാഠമായിരിക്കട്ടെ.

സൈദ് മൗലവി രോഗമുക്തനായതോടെ രണ്ടത്താണിയിലെ ആദർശബന്ധുക്കൾ ഉണർന്നു. അവരുടെ സഹകരണത്തിൽ പിന്നീട് കുറച്ചുകൂടി ഭേദപ്പെട്ട താമസ സൗകര്യമുണ്ടാക്കാൻ മൗലവിക്ക് കഴിഞ്ഞു. പ്രസിദ്ധനായ സലഫി പണ്ഡിതനും പ്രഭാഷകനുമായിരുന്ന പറപ്പൂർ അബ്ദുറഹ്മാൻ മൗലവിയുടെ ശിഷ്യനായിരുന്നു സൈദ് മൗലവി. പറപ്പൂർ മൗലവി പാലക്കാട് ജില്ലയിൽ എടത്തനാട്ടുകരയിലെ പാലക്കാഴി മസ്ജിദിൽ ഖത്വീബും മുദർരിസുമായിരുന്നു. സൈദ് മൗലവി അവിടെയാണ് കിതാബോതിയത്. അടുത്ത പ്രദേശമായ വട്ടമണ്ണപ്പുറത്ത് പാറോക്കോട് കുടുംബമാണ് അവിടെ പരിവർത്തനത്തിന് താങ്ങും തണലുമായി നിന്നത്. എടത്തനാട്ടുകര ഒരൊറ്റപ്പെട്ട പ്രദേശമായിരുന്നു. മേലാറ്റൂർ അതിർത്തിയിൽ പുഴയ്ക്ക് അപ്പുറത്തുള്ള വിശാലമായ ഒരു കര. യാത്രാ സൗകര്യങ്ങൾ അന്ന് വിരളമായതിനാൽ ഒറ്റപ്പെട്ടുകിടന്നിരുന്നു. ഇപ്പോൾ പാലം വന്നു. പാറോക്കോട് കുടുംബം ആ നാട്ടിലെ വലിയ ജന്മികളും അതിനാൽ സ്വാധീനമുള്ളവരുമായിരുന്നു. മൂന്നു സഹോദന്മാർ. ഉമർ

ഹാജി, കുഞ്ഞമ്മുഹാജി എന്നിവർ ഇസ്‌ലാഹീ ആദർശവുമായി അടുത്തു വന്നു. മൂത്തയാൾ അബ്ദുല്ലഹാജി സുന്നിയായിതന്നെ തുടർന്നു. പക്ഷെ, സഹോദരന്മാർ വഹാബികളായതും സലഫി പ്രവർത്തനരംഗത്തെ പിന്തുണച്ചു നിന്നതും അബ്ദുല്ല ഹാജിയെ നിശബ്ദനാക്കി. കേരള ജംഇയ്യത്തുൽ ഉലമയുടെ ഒരു വാർഷിക യോഗം എടത്തനാട്ടുകരയിൽ വെച്ച് നടന്നിട്ടുണ്ട്. കെ.എം. മൗലവി മുതൽ പേരോടൊത്ത് ഞാൻ അവിടെ പോയിട്ടുണ്ട്. അങ്ങനെയാണ് ആ നാടുമായുള്ള ആദ്യബന്ധം. പറപ്പൂർ അബ്ദുറഹ്മാൻ മൗലവിയുടെ മേൽനോട്ടത്തിലും പറോക്കോട് സഹോദരന്മാരുടെ പിന്തുണയിലുമാണ് ആ യോഗം നടന്നത്. മലബാറിൽ ഇസ്‌ലാഹീ പ്രവർത്തനത്തിൽ ആകൃഷ്ടരായി ആദർശപരിവർത്തനം നടന്ന ആദ്യകാല പ്രദേശങ്ങളിൽ ഒന്നാണ് എടത്തനാട്ടുകര. ഒരിക്കൽ അവിടെ ഒരു മതപ്രഭാഷണം നടന്നപ്പോൾ സുന്നികൾ ബഹളമുണ്ടാക്കി. അന്ന് മുജാഹിദുകൾ തുലോം കുറവായതിനാൽ അപായകരമായ ഒരവസ്ഥയായിരുന്നു. വിവരം പാറോക്കോട് വീട്ടിൽ അറിഞ്ഞു. തൽക്ഷണം ഉമർഹാജി തോക്കുമേന്തി കുതിരപ്പുറത്ത് പാഞ്ഞെത്തി. അതോടെ രംഗം ശാന്തമായി. ജനം പിരിഞ്ഞുപോയി. ഈ നിലയിൽ കായബലം കൊണ്ടും സാമൂഹിക സ്ഥാനംകൊണ്ടും പാറോക്കോട് സഹോദരന്മാർ സലഫീ ആദർശത്തിനു നൽകിയ പിന്തുണയും പറപ്പൂർ അബ്ദുറഹ്മാൻ മൗലവിയുടെ വൈജ്ഞാനിക നേതൃത്വവും സമന്വയിച്ചപ്പോൾ എടത്തനാട്ടുകരയിൽ തൗഹീദിന്റെ വെളിച്ചം പരന്നൊഴുകി. ഇവിടെ നിന്നാണ് എന്റെ ആത്മസുഹൃത്തായ സൈദ് മൗലവി വിജ്ഞാനവും ആവേശവും അതോടൊപ്പം ത്യാഗബോധവും നേടിയെടുത്തത്. അദ്ദേഹത്തിന്റെ സേവനത്തിനുള്ള പ്രതിഫലം നൽകാൻ അല്ലാഹു അദ്ദേഹത്തിന്റെ മടക്കി വിളിച്ചു. സൈദ് മൗലവിയിൽ അല്ലാഹുവിന്റെ രക്ഷയും അനുഗ്രഹവും ചൊരിയുമാറാകട്ടെ.

ഓർമകളുടെ തീരത്ത്

## 31

# ഒരു ഖാളി കഥ

കുറിപ്പുകൾ ഞാൻ പറഞ്ഞുകൊടുക്കുകയും ഹമീദ് അതെഴുതുകയും ചെയ്യുന്നതിനിടയിൽ ഞാൻ പത്രം മറിച്ചുനോക്കുന്നുണ്ട്. അപ്പോൾ അതാ ഒരു വാർത്ത! കോഴിക്കോട് അപ്പവാണിഭം നേർച്ച ഉദ്ഘാടനം വലിയ ഖാളി ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയ തങ്ങൾ നിർവ്വഹിക്കുന്നു. നമ്മുടെ നാട്ടിലെ ജാറങ്ങളിലും ചർച്ചുകളിലും ക്ഷേത്രങ്ങളിലും ഇതു

പോലെ ഒട്ടേറെ വാണിഭങ്ങൾ അരങ്ങേറുന്നുണ്ട്. ചിലേടത്ത് ചക്കരക്ക ഞ്ഞി. മറ്റു ചിലേടത്ത് പൊതിച്ചോറ്, വേറെ ചില സ്ഥലത്ത് പായസം. പലയിടങ്ങളിലും വമ്പിച്ച വ്യാപാരാടിസ്ഥാനത്തിൽ ശിർക്കിന്റെ ഈ ആറാട്ട് നടക്കുമ്പോൾ, ചിലേടത്ത് വീടുകളിൽ നിന്നും പലഹാര കൊട്ട കളുമായി ആളുകൾ വന്ന് ശിർക്കിന്റെ കൂടാരത്തിൽ അത് സമർപ്പിക്കലാ ണ്. കുന്നുകൂടുന്ന അപ്പം തുടങ്ങിയ പലഹാരങ്ങളിലും പാകം ചെയ്തു ണ്ടാക്കുന്ന മറ്റു വിഭവങ്ങളിലും അവിടത്തെ പ്രധാന പുരോഹിതൻ മന്ത്രി ച്ചൂതുകയോ പുണ്യാഹം തളിക്കുകയോ ചെയ്യും. അയാൾ അവിടെ കുടി യിരുത്തിയ ദൈവങ്ങളുടേയോ ഔലിയാക്കൾ എന്നും പുണ്യാളന്മാർ എന്നും പേരിട്ടവരുടെയോ ഔദ്യോഗിക പ്രതിനിധിയാണെന്ന ധാരണ യാണ് വിവരദോഷികളായ ജനത്തിനുള്ളത്. അവർ നിശ്ചയിക്കുന്ന പണം കൊടുത്ത് ഈ വിഭവങ്ങൾ ഏറ്റുവാങ്ങാൻ പാവങ്ങൾ നീണ്ട ക്യൂവിൽ മണിക്കൂറുകൾ കാത്തുനിൽക്കുന്നുണ്ടാകും. രോഗനിവാരണത്തിനും മറ്റു ആഗ്രഹ സഫലീകരണത്തിനും വേണ്ടി മനുഷ്യർ പലപ്പോഴും വൃ ത്തിയില്ലാത്ത ഈ ഭക്ഷണം ഭക്തിയോടെ തിന്നുകയും തീറ്റിക്കുകയും ചെയ്യും. കോഴിക്കോട്ടെ അപ്പവും കാഞ്ഞിരമുറ്റത്തെ കഞ്ഞിയും ഗുരുവാ യൂരിലെ അരവണ പായസവും കണ്ണമാലിപ്പള്ളിയിലെ പൊതിച്ചോറും മനുഷ്യരെക്കൊണ്ട് തീറ്റിക്കുന്നതും വ്യാപാരാടിസ്ഥാനത്തിൽ പണം സമ്പാദിക്കുന്നതും ചില്ലറക്കാരുടെ സംഘങ്ങളല്ല. ബിരുദാനന്തര ബിരുദ ധാരികൾ, ഡോക്ടർമാർ, എഞ്ചിനീയർമാർ, ശാസ്ത്രജ്ഞന്മാർ, പി.എച്ച്. ഡി നേടിയ ഗവേഷകന്മാർ, നിയമജ്ഞന്മാർ, നന്നായി കിതാബോതി പഠിച്ച പണ്ഡിതന്മാർ തുടങ്ങിയ നാട്ടിലെ അറിയപ്പെടുന്ന പ്രമുഖന്മാരു ടെ കമ്മിറ്റികളാണ് ഇതിനൊക്കെ നേതൃത്വം കൊടുക്കുന്നത്. ചിലയാളു കൾ വേദികളിൽ വലിയ ഗമയിൽ പറയുന്നത് കേൾക്കാം, ഭൗതികവിദ്യാ ഭ്യാസത്തിന്റെ അഭാവം കൊണ്ടാണ് സമൂഹത്തിൽ അന്ധവിശ്വാസങ്ങൾ വളരുന്നതും നിലനിൽക്കുന്നതും എന്ന്. ശുദ്ധ മണ്ടത്തരമാണിതെന്ന് അനുഭവങ്ങളുടെ പരമ്പര തെളിയിക്കുന്നു. സ്രഷ്ടാവിനെക്കുറിച്ചുള്ള യഥാർത്ഥ ജ്ഞാനത്തിന്റെ അഭാവമാണിതിന് കാരണം. മറഞ്ഞ വഴിയിൽ ഗുണം ആശിക്കാനും ദോഷം ഭയപ്പെടാനും സൃഷ്ടികർത്താവ് മാത്രമേ അർഹനായിട്ടുള്ളൂവെന്നും അവനെ മാത്രമേ ആരാധിക്കാവൂ എന്നും പ്രാർത്ഥന ആ സൃഷ്ടികർത്താവിനോട് മാത്രമേ ആകാവൂ എന്നുമുള്ള യഥാർത്ഥവും ലളിതവുമായ വിജ്ഞാനത്തിന്റെ അഭാവമാണ് കാരണം. സ്വന്തം പേരു പോലും എഴുതാനറിയാത്ത, ഒരു മേൽവിലാസം വായിക്കാ നറിഞ്ഞുകൂടാത്ത എത്രയോ വിദ്യവിഹീനരായ സാധാരണക്കാർ ഈ ജ്ഞാനം നേടിയിട്ടുണ്ട്. അവർ ഇത്തരം അപ്പത്തിനും പൊതിച്ചോറിനും

അരവണക്കും ആശിക്കുന്നവരല്ല. അതിനെ വെറുക്കുന്നവരാണ്. സ്രഷ്ടാവും സൃഷ്ടിയും എന്ന സുപ്രധാനമായ വ്യത്യാസമാണിവിടെ പഠിക്കേണ്ടത്. മുഹമ്മദ് നബി, യേശുക്രൂസ്തു, മോസസ്സ് അവരെല്ലാം സൃഷ്ടികളാണ്. സന്മാർഗ പ്രബോധനം ഏൽപിക്കപ്പെട്ട മഹാന്മാർ. ആരും സ്രഷ്ടാവല്ല. സ്രഷ്ടാവിന്റെ അടിമകൾ മാത്രം. ഗുരുവായൂരപ്പനും ശബരിമല ശാസ്താവും വേളാങ്കണ്ണി മാതാവും മുഹ്‌യിദ്ദീൻ ശൈഖും മുനമ്പത്തെ ബീവിയും ഫരീദ് ഔലിയയും എല്ലാം സൃഷ്ടികളാണ്. പ്രാർത്ഥനക്ക് ഇവരാരും അവകാശികളല്ല. സ്രഷ്ടാവ് മാത്രമാണ് യഥാർത്ഥ അവകാശി. ഇത്ര ലളിതസുന്ദരമായ മഹദ് ആശയം പഠിക്കാൻ ഒരു സർവ്വകലാശാലയിലും ഗവേഷണ കേന്ദ്രത്തിലും പോകേണ്ടതില്ല. ഇതെഴുതുന്ന ഞാനും സ്കൂളിന്റെ വാതിൽ കടന്നത് മക്കളെ ചേർക്കാൻ വേണ്ടി മാത്രമാണ്. ഇതിന്റെ അർത്ഥം വിദ്യാഭ്യാസം ആവശ്യമില്ലെന്നല്ല. അത് പലപ്പോഴും യഥാർത്ഥ വിജ്ഞാനം നേടാൻ സഹായിക്കുന്ന ഘടകമായേക്കും. വിജ്ഞാനത്തിന്റെ ഭൗതികവും ആത്മീയവുമായ ഉന്നതമാനങ്ങൾ നേടാൻ തുണച്ചേക്കും.

പറയാൻ ഉദ്ദേശിച്ച് തുടങ്ങിയത് മറ്റൊരു കഥയാണ്. ആ കഥയുടെ ദുഃഖകരമായ അന്ത്യം മേൽപറഞ്ഞ വിജ്ഞാനത്തിലേക്ക് വിരൽ ചൂണ്ടും.

ഖാൻബഹദൂർ ആറ്റക്കോയ തങ്ങൾ ബാഫഖി തങ്ങളുടെ അളിയനാണ്. മമ്പുറം ജാറത്തിന്റെ അവകാശി. മുജാഹിദ് പ്രസ്ഥാനത്തിൽ ഇപ്പോൾ സജീവമായി പ്രവർത്തിക്കുന്ന പണ്ഡിതനും പ്രഭാഷകനുമായ ഐദീദ് തങ്ങളും ഈ ജാറത്തിന്റെ അവകാശികളിൽപെട്ട കുടുംബക്കാരനാണ്. അദ്ദേഹത്തെ അല്ലാഹു ശിർക്കിന്റെ വേലിക്കെട്ടിൽ നിന്നും രക്ഷപ്പെടാൻ സഹായിച്ചു. ആറ്റക്കോയ തങ്ങൾ കോഴിക്കോട് നഗരത്തിൽ പ്രമുഖനാണ്. ബ്രിട്ടീഷ് ഭരണകൂടത്തിന് പ്രിയപ്പെട്ടവൻ. അങ്ങനെയുള്ള നാട്ടുപ്രമാണിമാർക്ക് ബ്രിട്ടീഷ് ഭരണകൂടം അക്കാലത്ത് കനിഞ്ഞു നൽകുന്ന സ്ഥാനപ്പേരാണ് ഖാൻ ബഹദൂർ. എന്റെ ബഹുമാന്യ സുഹൃത്തും സരസനുമായ കെ.കെ.എം. ജമാലുദ്ദീൻ മൗലവിക്ക് ഇതിനെക്കുറിച്ച് ഒരു കമന്റുണ്ട്. ഖാൻ ബഹദൂർ എന്നാൽ 'സ്ഥാനബഹുദൂരം അനിൽ ഇസ്‌ലാം'. അദ്ദേഹം ഇത് പ്രത്യേക രീതിയിൽ പറയുമ്പോൾ ഞങ്ങൾ അറിയാതെ ചിരിച്ചുപോകും.

ആറ്റക്കോയ തങ്ങൾ കോഴിക്കോട് വലിയപള്ളി (കുറ്റിച്ചിറ തെക്കുഭാഗം)യിലെ മുതവല്ലിയായിരുന്നു. അവിടത്തെ ഖാളിയും ഖത്വീബുമായിരുന്ന ആൾ മരണപ്പെട്ടു. പകരം ഒരാളെകിട്ടണം. ഞാൻ അന്ന് പട്ടാളപ്പള്ളിയിലെ ഖത്വീബ് സ്ഥാനത്ത് നിന്നും വിരമിച്ചുനിൽക്കുന്ന കാലം. ഖാൻബ

ഹദൂർ കെ.എം. മൗലവിയുമായി വളരെ സൗഹൃദത്തിലായിരുന്നു. തങ്ങൾ ഒരു ദിവസം മൗലവിയോട് പറഞ്ഞു; വലിയപള്ളിയിൽ ഖുത്ബ മലയാളത്തിലാക്കണം. വളരെ നല്ലത് എന്ന് മൗലവി പറഞ്ഞു. ഉടനെ തങ്ങൾ പറയുകയാണ്. "ഉമർ മൗലവിയെ ഖത്വീബായി കിട്ടിയാൽ നന്നായിരുന്നു." (ഖാളി സ്ഥാനം എനിക്ക് കിട്ടുകയില്ല. അത് തങ്ങന്മാർക്ക് അവകാശപ്പെട്ടതാണ്) ഖുത്വ്ബ പട്ടാളപ്പള്ളിയിലേത് പോലെ. പക്ഷെ, ഒരു ചെറിയ കാര്യം അതോടൊപ്പം വേണം. നമസ്കാര ശേഷം തിരിഞ്ഞിരുന്നു ഒരു ചെറിയ ദുആ ഇരക്കൽ നടത്തണം. (സുന്നി പള്ളികളിൽ നടപ്പുള്ളതുപോലെ) ഖാൻ ബഹദൂർ പറഞ്ഞു.

കെ.എം. മൗലവിക്ക് ഉടനെ മറുപടി പറയാമായിരുന്നു. പക്ഷെ, ചിലപ്പോൾ അദ്ദേഹം മുഖത്തടിച്ചതുപോലെ ചിലരോട് പറയുകയില്ല. അദ്ദേഹത്തിന്റെ നിഷ്ക്കളങ്കതയും സ്വഭാവ വൈശിഷ്ട്യവുമാണത്. തങ്ങൾ നാടറിയുന്ന വലിയ പ്രമാണിയും പൗരമുഖ്യനുമാണല്ലോ. പെട്ടെന്ന് പിണക്കേണ്ട എന്ന് തോന്നിയിരിക്കും. കെ.എം. മൗലവി ലാളിത്യം കൊണ്ട് ഉന്നതനാണ്. പലതും ഞാൻ അദ്ദേഹത്തിൽ നിന്നും പഠിച്ചു. പകർത്തി. പക്ഷെ, ഈ വിശേഷത എന്തുകൊണ്ടോ എനിക്ക് അനുകരിക്കാൻ പലപ്പോഴും കഴിഞ്ഞിട്ടില്ല. ദുൻയാവിന്റെ കാര്യത്തിൽ ഒരാൾ എത്ര ചീത്തപറഞ്ഞാലും ഞാൻ കേട്ടിരിക്കും. ദീനിന്റെ കാര്യത്തിലും ഞാൻ കേട്ടിരിക്കും. പക്ഷെ വൈകാതെ പ്രതികരിക്കുകയും ചെയ്യും.

ഖാൻ ബഹദൂർ ഇങ്ങനെ പറയുന്നു, ഒരു ചെറുചിരിയോടെ മൗലവി പിറ്റേന്നാൾ എന്നോട് പറഞ്ഞു. "പഠിച്ചതിന് വിരുദ്ധമായി നമുക്ക് എങ്ങനെ പ്രവർത്തിക്കാൻ കഴിയും" ഞാൻ മറുപടി പറഞ്ഞു. "ഒരു കാര്യം ഉറപ്പുകിട്ടിയാൽ ഞാൻ ഏൽക്കാം. മുൻ ഉപാധികളൊന്നും എന്റെ മുമ്പിൽ വെക്കരുത്. ഞാൻ പറയുന്നതിനും ചെയ്യുന്നതിനും ഞാൻ ഉത്തരവാദിയായിരിക്കും. ആർക്കും ചോദ്യം ചെയ്യാം. മറുപടി നൽകാൻ ഞാൻ ഒരുക്കമായിരിക്കും." മൗലവി ഒന്നും മിണ്ടിയില്ല. അതങ്ങനെ പോയി. പിന്നീട് ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയ തങ്ങളെ ഖാളിയായി നിയമിച്ച വാർത്തയും കേട്ടു. അന്ന് അദ്ദേഹം ഫറോക്കിലെ റൗളത്തുൽ ഉലും അറബി കോളേജിലെ വിദ്യാർത്ഥിയായിരുന്നു. മൗലാനാ അബ്ദുസ്സബാഹിന്റെ ശിഷ്യൻ. ഈ സ്ഥാനാരോഹണവാർത്ത കേട്ടപ്പോൾ ഗുരുനാഥനായ മൗലാനാ അബുസ്സബാഹ് പറഞ്ഞു: "ആ കുട്ടിയെ എല്ലാവരും കൂടി ചീത്തയാക്കി." എത്ര ദീർഘവീക്ഷണവും അർത്ഥഗർഭവുമായ വാക്ക്. അപ്പവാണിഭം ഉൽഘാടനം ചെയ്യുന്ന ഖാളിയായില്ലേ! നല്ലവണ്ണം കിതാബ് തിരിയുന്ന, അറബിഭാഷയിൽ കഴിവുള്ളവർ കിതാബുമായി തിരിയുകയാണ്! ജനസ

മ്മതി ആശിക്കുന്നവരുടെ സ്ഥിതി നാശത്തിലേക്കായിരിക്കും. ഇദ്ദേഹം വലിയ ഖാളിയായ കഥ വേറെയാണ്. തൊട്ടു വടക്കുഭാഗത്തുള്ള പള്ളിയിൽ ഒരു ചെറിയ ഖാളിയുണ്ട്. എന്താണീ വലുതും ചെറുതുമായി വിഭജിക്കപ്പെട്ടത്? എവിടെയാണിതിന്റെ വ്യത്യാസം? ഒരു രസികൻ കഥയാണിത്.

ബ്രിട്ടീഷ് ഭരണം അന്ത്യം കാത്തു കഴിയുന്ന കാലം. കുറ്റിച്ചിറയിലെ തെക്കും വടക്കുമുള്ള മഹല്ലുകളിലെ ഖത്വീബുമാർ തമ്മിൽ വലിയൊരു ചേരിപ്പോരുണ്ടായി. ജനങ്ങൾ രണ്ടു വശത്തും വാശിയോടെ ചേർന്നു. ഒടുവിൽ ഭയങ്കരമായ ബഹളത്തിന്റെ വക്കത്ത് എത്തി. പോലീസ് ഇടപെടേണ്ടിവന്നു. അന്ന് വിവാഹത്തിന് പുതിയാപ്ലമാരെ എഴുന്നള്ളിച്ച് കൊണ്ടു നടക്കലുണ്ട്. ബൈത്ത് ചൊല്ലി ഈണത്തിൽ പാടി ദഫ്ഫ് മുട്ടി താളം പിടിച്ച് ആരവത്തോടെയാണ് കൊണ്ടുപോകുക. ദഫ്ഫ് മുട്ടു പാടില്ല അത് ഹറാമാണ്, പാടുണ്ട് അത് ഹലാലാണ് ഇതാണ് തർക്ക വിഷയം. വമ്പിച്ച അടികലശയിൽ എത്താവുന്ന കർക്കശമായ വാശിയിലായി പ്രശ്നം. ഒടുവിൽ ഭൂരിപക്ഷാഭിപ്രായമനുസരിച്ച് വോട്ടെടുപ്പ് നടത്തി പ്രശ്നം തീരുമാനിക്കാം എന്ന് പോലീസ് മദ്ധ്യസ്ഥം പറയുകയും ജനം അത് അംഗീകരിക്കുകയും ചെയ്തു. അന്ന് വോട്ടെടുപ്പുകൾക്ക് ചിഹ്നം ഉള്ള പെട്ടികൾ വെക്കലാണ് പതിവ്. ആളുകൾ ബാലറ്റ് ഇഷ്ടമുള്ള പെട്ടിയിലിടും. ഒടുവിൽ എണ്ണി അധികം കിട്ടുന്നവർ വിജയിക്കും. ഇവിടെയും പെട്ടികൾ വെച്ചു. ആനപ്പെട്ടിയും കാളപ്പെട്ടിയുമാണെന്നാണ് ഓർമ്മ. വോട്ടെണ്ണിയപ്പോൾ ആനപ്പെട്ടിയാണ് ജയിച്ചത്. ദഫ്ഫ് മുട്ട് ഹലാൽ എന്ന വാദം ആനപ്പെട്ടിയുടേതായിരുന്നു. ജയിച്ച ഭാഗത്തെ ഖാളിയെ വലിയ ഖാസിയായായും തോറ്റ ഭാഗത്തെ നേതാവിനെ ചെറിയ ഖാളിയുമായി ബ്രിട്ടീഷ് സർക്കാരിന്റെ നിയമപാലകർ ഔദ്യോഗികമായി പ്രഖ്യാപിച്ചു. അങ്ങനെ വലിയ ഖാളിയും ചെറിയ ഖാളിയും ഉണ്ടായി. ദഫ്ഫ് മുട്ടു ഖാളിമാർ!



## 32

# അസ്ഹരി തങ്ങളും കണ്ണിയത്ത് നേർച്ചയും

22.6.98 ചന്ദ്രിക പത്രത്തിൽ ഒരു വാർത്ത! വാർത്ത 98ലാണെങ്കിൽ ഞാൻ പറയുന്നത് കുറേകൂടി പഴയ കാര്യമാണ്. കാന്തപുരം സുന്നികൾ ‘ഉപ്പ്ചാക്ക്’ എന്ന് ആക്ഷേപിച്ച സമസ്തയുടെ പ്രസിഡണ്ട് കണ്ണിയത്ത് അഹ്മദ് മുസ്ലിയാരെക്കുറിച്ച് ഞാൻ നേരത്തെ പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ ആണ്ടുനേർച്ച നാലു ദിവസങ്ങളിലായി വിവിധ പരിപാടികളോ

ടെ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. അസ്ഹരി തങ്ങളുടെ നേതൃത്വ ത്തിൽ കൂട്ടസിയാറത്തോടെ പരിപാടിക്ക് തുടക്കം. ആണ്ടുനേർച്ചയെന്ന ശിർക്കിനെക്കുറിച്ചും അതിന്റെ തുടക്കമായ കൂട്ട സിയാറത്തിനെക്കുറിച്ചു മല്ല ഞാനിപ്പോൾ പറയുന്നത്. അസ്ഹരി തങ്ങളെക്കുറിച്ചാണ് ഞാൻ ഓർക്കുന്നത്. കേരളത്തിൽ കഴിയുന്നത്ര മതപഠനം നടത്തി, കുറേക്കാലം ദർസ് നടത്തി, പിന്നീട് കൈറോ ജാമിഅ അസ്ഹറിൽ പോയി ഉന്നത പഠനം നടത്തി ജയിച്ചു. ആ സർട്ടിഫിക്കറ്റിൽ ലിബിയയിൽ അദ്ദേഹത്തിന് ഒരു ജോലി കിട്ടി. കുറച്ചുകാലം അവിടെകഴിഞ്ഞു. അപ്പോൾ സുഊദിയി ൽ അതിനേക്കാളേറെ ശമ്പളം ലഭിക്കാൻ സാധ്യതയുണ്ടെന്നറിഞ്ഞു. അങ്ങനെ വഹാബിക്കുപ്പായമിട്ട് മക്കത്ത് വന്നു. എന്റെ ആത്മസുഹൃ ത്തും സുഊദി പൗരനും മക്കയിൽ മസ്ജിദുൽ ഹറമിലുള്ള കോളേജിലെ ഉന്നത ഉദ്യോഗസ്ഥനുമായിരുന്ന ചാവക്കാട് സ്വദേശി അബ്ദുറഊഫ് മലൈബാരിയുമായി പരിചയപ്പെട്ടു. അബ്ദുറഊഫ് മൗലവി വക്രതയറി യാത്ത ഒരു ശുദ്ധഹൃദയനായിരുന്നു. അദ്ദേഹം മുഖേന വാദിഫാത്വിമയി ലെ ഒരു എൽ.പി. സ്കൂളിൽ അദ്ധ്യാപക ജോലി സമ്പാദിച്ചു. അന്ന് സു ന്നികൾ ഇവിടെ പറഞ്ഞു പരത്തിയിരുന്നത് മറ്റൊന്നായിരുന്നു. സുഊദി രാജാവ് തങ്ങളെ ലിബിയയിൽ നിന്നും പ്രത്യേകം വിളിച്ചുവരുത്തി സുഊദിയിലെ വിദ്യാഭ്യാസ വികസനത്തിന്റെ ചുമതലകൾ അദ്ദേഹത്തെ ഏൽപിച്ചുവെന്നാണ്. ഞാൻ അന്ന് അവിടെയുണ്ടായിരുന്നതിനാൽ സത്യം നേരിട്ട് അറിയാൻ കഴിഞ്ഞിട്ടുണ്ട്.

അക്കാലത്ത് ഞാൻ വർഷം തോറും ഹജ്ജിന് പോയിക്കൊണ്ടിരുന്നു. സുഊദി മതപ്രബോധന വകുപ്പിന്റെ (ദാറുൽ ഇഫ്താഅ്) വകയായി എനിക്ക് വിമാന ടിക്കറ്റ് കിട്ടുമായിരുന്നു. മലയാളികളായ ഹാജിമാർക്ക് ഉപദേശങ്ങൾ കൊടുക്കുന്നതിനുവേണ്ടിയാണിത്. മക്കത്തുള്ള നുസ്റ ത്തുൽ മസാക്കീൻ (അഗതിമന്ദിരം) കെട്ടിടത്തിലെ ഒരു മുറിയിൽ തങ്ങ ളും ഞാനും ഒരുമിച്ച് താമസിച്ചിട്ടുണ്ട്. ശിർക്ക് ബിദ്അത്തുകളുമായി മുങ്ങിക്കുളിക്കുന്ന നമ്മുടെ സമുദായത്തിന്റെ ദുർഗതിയെക്കുറിച്ച് ഞങ്ങ ളോടൊപ്പം ഇദ്ദേഹം ദുഃഖം രേഖപ്പെടുത്തലുണ്ടായിരുന്നു. ഇപ്പോൾ അദ്ദേഹം നമ്മുടെ നാട്ടിൽ നിലവിലുള്ള ശിർക്ക് ബിദ്അത്തുകൾ ഉറപ്പി ക്കുകയും പുതിയ രൂപങ്ങൾ ആവിഷ്കരിച്ച് നടപ്പിൽ വരുത്തുകയും ചെ യ്യുന്നു! സമസ്തയുടെ പ്രസിഡണ്ട് സ്ഥാനം അലങ്കരിക്കുകയും ചെയ്യു ന്നു. ആണ്ടുനേർച്ചയുടെ പത്രവാർത്തയും ഈ ഓർമ്മകളും എന്നെ ശുണ്ഠി പിടിപ്പിച്ചു. ഞാൻ താഴെപറയും പ്രകാരം ഒരു നോട്ടീസ് അച്ചടി പ്പിച്ചു. അന്വേഷണം എന്ന് തലവാചകം. “നിങ്ങളുടെ മതം ഏതാകുന്നു? മുഹമ്മദ് നബി പഠിപ്പിച്ച ഇസ്ലാം മതത്തെക്കുറിച്ച് നിങ്ങളുടെ നിലയെ

ന്ത്? അബൂലഹബിനെ പോലെ ശത്രുക്കളോ? അബൂത്വാലിബിനെപ്പോലെ മിത്രങ്ങളോ? പൗരസ്വാതന്ത്ര്യമുള്ള നാടായതുകൊണ്ട് ചോദിച്ചതാണ്. മറുപടി കിട്ടിയാൽ അച്ചടിച്ചുവിതരണം ചെയ്യാം. മറുപടി ആരെഴുതി തന്നാലും തരക്കേടില്ല." കോഴിക്കോട് വലിയ ഖാളിയാരും പ്രശസ്തനായ ഡോ. ബഹാവുദ്ദീനും മറ്റും ഈ പരിപാടിയുടെ പ്രമുഖരാണ്. പരിപാടിയിൽ പേരുള്ള എല്ലാവർക്കും പോസ്റ്റു വഴി അയച്ചു. വാഴക്കാടും പരിസരത്തും നോട്ടീസ് വിതരണം നടത്തി.

കണ്ണിയത്തിന്റെ ആണ്ടുനേർച്ച പരിപാടിയിൽ പല വലിയവന്മാരുടെയും പേരുകൾക്കിടയിൽ ഡോ. ബഹാവുദ്ദീന്റെ പേര് കണ്ടപ്പോൾ ഞാൻ വളരെ സങ്കടപ്പെട്ടു. സഹതപിക്കുകയും ചെയ്തു. ലോക പ്രശസ്തനായ മൗലാനാ അബുൽ ഹസൻ നദ്‌വിയുടെ മേൽനോട്ടത്തിൽ ലക്നോയിൽ നടന്നുവരുന്ന കേളികേട്ട ദാറുൽ ഉലൂമിൽ പഠിച്ച് പാസ്സായി പിന്നീട് അറിയപ്പെട്ട വ്യക്തിത്വമായിത്തീർന്ന ഡോ. ബഹാവുദ്ദീൻ ആണ്ടു നേർച്ചക്ക് ശോഭ പകരാൻ സമ്മതിച്ച കാര്യത്തിൽ എങ്ങനെ സങ്കടപ്പെടാതിരിക്കും? സഹതപിക്കാതിരിക്കും? ബഹാവുദ്ദീൻ അവിടെ വിദ്യാർത്ഥിയായിരുന്ന കാലത്ത് ഞാൻ മൗലാനാ നദ്‌വി സാഹിബിനെ കാണുവാൻ ലക്നോവിൽ പോയിട്ടുണ്ട്. ഞങ്ങൾ തമ്മിൽ പരിചയമാണ്. സുഊദിയിൽ വെച്ചാണ് അതിന്റെ തുടക്കം. അവിടെയെത്തി മൗലാനയെ സന്ദർശിച്ച ശേഷം പ്രശസ്തമായ ദാറുൽ ഉലൂം കാണുവാൻ ആഗ്രഹിച്ചു. അവിടെയുള്ള മലയാളി വിദ്യാർത്ഥികളെ പരിചയപ്പെടണം. ഡോ. ബഹാവുദ്ദീൻ അന്നവിടെ വിദ്യാർത്ഥിയായിരുന്നു. മലയാളി വിദ്യാർത്ഥികളെ വിളിച്ചുകൂട്ടി ഞാൻ അവരോട് സംസാരിച്ചു. പരിചയപ്പെട്ടു. സൗഹൃദം കൈമാറി. അപ്പോൾ ഒരാശ. അവർക്ക് ചെറിയ പാരിതോഷികം നൽകണമെന്ന്. കുറച്ച് പൈസ കയ്യിലുണ്ടായിരുന്നത് അവർക്ക് നൽകി. കൊച്ചു സംഖ്യകൾ. ഒരു സ്നേഹപ്രകടനം എന്ന സന്തോഷം മാത്രം. മഹത്തായ ഒരു സ്ഥാപനത്തിൽ നിന്നും ദീൻ പഠിച്ച് ഉയർന്ന നിലയിലെത്തിയ ഒരാൾ ആണ്ടുനേർച്ചയെന്ന ശിർക്കൻ അനാചാരത്തിന്റെ വക്താവായി പ്രത്യക്ഷപ്പെടുന്നതു കാണുമ്പോൾ എങ്ങനെ സങ്കടപ്പെടാതിരിക്കും? എന്റെ ഓർമ്മക്കുറിപ്പുകളിൽ നിന്നുള്ള ചില നുറുങ്ങുകൾ സൽസബീലിൽ പലപ്പോഴായി പ്രസിദ്ധീകരിച്ച കൂട്ടത്തിൽ ഈ വിഷയവും വന്നിരുന്നു. മാസിക പുറത്തിറങ്ങി ഏതാനും ദിവസങ്ങൾക്ക് ശേഷം ബഹാവുദ്ദീന്റെ ഒരു കത്ത് കിട്ടി. രോഷാകുലനായിരുന്നു അദ്ദേഹം. ഞാൻ കളവു പറയുകയാണെന്നും അദ്ദേഹം വിദ്യാർത്ഥിയായിരിക്കെ ഞാൻ ദാറുൽ ഉലൂമിൽ ചെന്നിട്ടില്ലെന്നും ഇങ്ങനെ ഒരു പാരിതോഷികത്തിന്റെ കഥ താനറിയില്ലെന്നും കത്തിൽ ഉണ്ടായിരുന്നു. മാത്രമല്ല വലിയ ഭീഷണിയും മുഴക്കിയിട്ടുണ്ടായി

രുന്നു ആ കത്തിൽ. തനിക്ക് അപമാനകരമായ ഈ പ്രസ്താവന തിരുത്തുകയോ, പകരം തന്റെ കത്ത് പ്രസിദ്ധീകരിക്കുകയോ ചെയ്യാത്ത പക്ഷം എന്നെ എന്തൊക്കെയോ കാട്ടുമെന്നായിരുന്നു അത്. എന്നുവെച്ചാൽ കൊല്ലുമെന്നോ, ഗുണ്ടകളെ അയച്ച് കൈകാര്യം ചെയ്യുമെന്നോ പറഞ്ഞിട്ടില്ല. തന്റെ കത്ത് അച്ചടിച്ച് പൊതുജന സമക്ഷത്തിങ്കൽ പരസ്യം ചെയ്യുമെന്നോ നിയമനടപടി കൈക്കൊള്ളുമെന്നോ, അങ്ങനെ പലതും. ഭീഷണികേട്ട് ഞാൻ ഞെട്ടിവിറക്കുമെന്ന് അദ്ദേഹം ധരിച്ചിരിക്കാം. ഞാൻ അനങ്ങിയില്ല. ഒന്നുമുണ്ടായതുമില്ല. അപമാനകരമെന്ന് അദ്ദേഹം വിശേഷിപ്പിച്ചത് ഞാൻ നൽകിയ ചെറിയ പാരിതോഷികത്തെ കുറിച്ചായിരുന്നു. അത് മൂലം അദ്ദേഹത്തിന്റെ ഇപ്പോഴത്തെ വലുപ്പത്തിനും പ്രശസ്തിക്കും ഹാനി തട്ടിയെന്ന് തോന്നിയിരിക്കാം. "അൽപന് അർത്ഥം കിട്ടിയാൽ അർദ്ധരാത്രിയും കുടപിടിക്കും" എന്നൊരു പഴഞ്ചൊല്ലുണ്ടല്ലോ. അഭിമാനബോധം കൊണ്ട് ഇങ്ങനെ വിറക്കുന്നതു കണ്ടപ്പോൾ മറ്റൊരു കാര്യം ഓർമ്മ വന്നു. എന്റെ ഒരു ബന്ധു ഒരിക്കൽ എന്നെ ഭീഷണിപ്പെടുത്തി. എന്റെ മേൽ മാനനഷ്ടത്തിന് കോടതിയിൽ കേസ് കൊടുക്കുമെന്നായിരുന്നു ഭീഷണി. ഞാൻ ഉടനെ ഒരു മണിയോർഡർ ഫോറം അദ്ദേഹത്തിന്റെ പേരിൽ പൂരിപ്പിച്ചു. എന്നിട്ട് കൂപ്പണിൽ ഇപ്രകാരം എഴുതി. "ദയവു ചെയ്തു കേസ് കൊടുക്കരുത്. ഞാൻ വാദിക്കുകയില്ല. കുറ്റം സമ്മതിക്കും. നിങ്ങളുടെ മാനത്തിന് ഞാൻ വില നിശ്ചയിച്ച് അയക്കുന്നു. ദയവായി ഇത് സ്വീകരിച്ച് എന്നെ കേസിൽ നിന്നും ഒഴിവാക്കാൻ അപേക്ഷ." പത്ത് പൈസ മണിഓർഡറായി അയച്ചു. അയാളുടെ സുഖക്കേട് അതോടെ ഭേദമായി. പക്ഷെ, ബഹാവുദ്ദീൻ സാഹിബിനോട് ഞാൻ അങ്ങനെയൊന്നും ചെയ്തില്ല. അദ്ദേഹം ഇപ്പോൾ എന്നെക്കാൾ വളരെ ഉയർന്നവനും പ്രശസ്തനുമാണല്ലോ. ഖുർആനിൽ ഒരു പ്രയോഗമുണ്ട്; 'ഫൻസലഖമിൻഹാ' (പാമ്പ് ഉറ ഒഴിയൽ). ചില മനുഷ്യരും അങ്ങനെയാണ്.

സൂറതുൽ അഅ്റാഫിലെ 175-178 വരെയുള്ള വചനങ്ങളുടെ സാരം ചേർത്തു വായിക്കുക. സത്യത്തെ പുണരാൻ നമുക്ക് അതൊരു ആവേശമായിരിക്കും.

"നാം നമ്മുടെ ദൃഷ്ടാന്തങ്ങൾ നൽകിയിട്ട് അതിൽ നിന്ന് ഊരിച്ചാടുകയും അങ്ങനെ പിശാച് പിന്നാലെ കൂടുകയും എന്നിട്ട് ദുർമാർഗികളുടെ കൂട്ടത്തിലാകുകയും ചെയ്ത ഒരുവന്റെ വൃത്താന്തം നീ അവർക്ക് വായിച്ച് കേൾപ്പിച്ചുകൊടുക്കുക.

നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവ (ദൃഷ്ടാന്തങ്ങൾ) മൂലം അവന്ന് ഉയർച്ച നൽകുമായിരുന്നു. പക്ഷെ, അവൻ ഭൂമിയിലേക്ക് (അത് ശാശ്വത

മാണെന്ന ഭാവേന) തിരിയുകയും അവന്റെ തന്നിഷ്ടത്തെ പിൻപറ്റുകയു മാണ് ചെയ്തത്. അപ്പോൾ അവന്റെ ഉപമ ഒരു നായയുടേത് പോലെയാ കുന്നു. നീ അതിനെ ആക്രമിച്ചാൽ അത് നാവ് തൂക്കിയിടും. നീ അതി നെ വെറുതെ വിട്ടാലും അത് നാവ് തൂക്കിയിടും. അതാണ് നമ്മുടെ ദൃഷ് ടാന്തങ്ങൾ നിഷേധിച്ചു തള്ളിയ ആളുകളുടെ ഉപമ. അതിനാൽ (അവർ ക്ക്) ഈ കഥ വിവരിച്ചുകൊടുക്കൂ. അവർ ചിന്തിച്ചെന്ന് വരാം.

നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചു തള്ളുകയും സ്വദേഹങ്ങൾക്ക് തന്നെ ദ്രോഹം വരുത്തിക്കൊണ്ടിരിക്കുകയും ചെയ്ത ആളുകളുടെ ഉപമ വളരെ ചീത്തതന്നെ.

അല്ലാഹു ഏതൊരാളെ നേർവഴിയിലാക്കുന്നുവോ അവനാണ് സന്മാർഗം പ്രാപിക്കുന്നവൻ. അവൻ ആരെ പിഴവിലാക്കുന്നവോ അവ രാണ് നഷ്ടം പറ്റിയവർ"

ഇവിടെ 'ഊരിച്ചാടുക' എന്നതിന് 'ഇൻസലഖ' എന്ന വാക്കാണു ള്ളത് (ഇൻസലഖ എന്ന വാക്കിൽ 'ഫ' എന്ന അക്ഷരം വരുമ്പോൾ 'ഇ' ലോപിക്കും. ഇതൊരു ഭാഷാനിയമമാണ്) പാമ്പ് ഉറ ഒഴിക്കുക എന്നാണ് ഇതിന്റെ മൂലാർത്ഥം. ചില തൊടികളിലും മറ്റും പ്ലാസ്റ്റിക് ഉറ പോലെ ഒ ന്ന് നീണ്ടു കിടക്കുന്നത് കാണാം. പാമ്പ് അതിന്റെ പുറംതോട് ഊരിക്കള ഞ്ഞുപോയതാണ്. അപ്പോൾ അതിന് ഒരു പുതുജീവൻ ലഭിക്കുകയാണ ത്രെ. മനസ്സുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു പുറംതോടായിരി ക്കും ഇത്തരക്കാർ ധരിച്ചിട്ടുണ്ടാകുക. ചില കാര്യസാധ്യതകൾക്കായി ആ ഉറ ധരിക്കുകയും കൂടുതൽ മെച്ചപ്പെട്ടത് കിട്ടാൻ വഴി തെളിഞ്ഞാൽ അത് ഊരി എറിഞ്ഞു അങ്ങോട്ടുപോകുകയും ചെയ്യും. അല്ലാഹുവിനേക്കാൾ നന്നായി ഉപമ പറഞ്ഞുതരാൻ ആർക്കു കഴിയും?

ഓർമകളുടെ തീരത്ത്

## 33

# കെ.കെ.എം. ജമാലുദ്ദീൻ മൗലവി

എന്റെ ഓർമ്മകളിലെ നുറുങ്ങുകൾ ശേഖരിച്ച് വായനക്കാരിലേക്ക് കൈമാറുമ്പോൾ ചില വ്യക്തിത്വങ്ങളെ അതിൽ ഉൾപ്പെടുത്താതിരിക്കാൻ കഴിയില്ല. മനസ്സിൽ അത്രകണ്ട് ചിത്രം കൊത്തിയ ചില രൂപങ്ങളാണവർ. അതിൽ ഒരു പ്രധാനിയാണീ ഹൃദയസുഹൃത്ത്. കെ.എം. മൗലവിയെ കാണാൻ ഞാൻ തിരൂരങ്ങാടിയിൽ ആദ്യമായി വന്ന ദിവസം, നാലു പണ്ഡിതന്മാരെ പ്രബോധനരംഗത്തേക്ക് അയക്കാൻ പരിശീലിപ്പിച്ചു

കൊണ്ടിരുന്ന കാര്യം നേരത്തെ വിശദമാക്കിയിരുന്നുവല്ലോ. ഞാൻ അവിടെ എത്തിയ ദിവസം അദ്ദേഹം അവിടെയില്ലായിരുന്നു. രണ്ടു മൂന്ന് ദിവസങ്ങൾ കഴിഞ്ഞാണ് വന്നത്. തമ്മിൽ കണ്ടു പരിചയമായി. എന്റെ കഥയറിഞ്ഞപ്പോൾ വലിയ സ്നേഹമായി. ദൃഢമായ ഒരാത്മബന്ധമായി അത് വളർന്നു. പ്രായം കൊണ്ട് എന്നേക്കാൾ ലേശം മൂത്തയാളായിരുന്നു. അദ്ദേഹത്തിന്റെ സരസവും സാരസമ്പൂർണ്ണവുമായ സംഭാഷണങ്ങളിൽ നിന്നും പ്രഭാഷണങ്ങളിൽ നിന്നും ഞാൻ ഏറെ പഠിച്ചിട്ടുണ്ട്.

നാദാപുരം അടുത്ത് ആയഞ്ചേരിയാണ് മൗലവിയുടെ ജന്മദേശം. വടകരയിൽ നിന്നും കിഴക്ക് കീഴൽ എന്ന ദേശത്തു നിന്നാണ് വിവാഹം. താമസം അവിടെ സ്ഥിരപ്പെടുത്തി. നാട്ടിലെ പള്ളി ദർസുകളിൽ ഓതി പഠിച്ചു. ഉമറാബാദിലെ കോളേജിൽ നിന്നും അഫ്ദലുൽ ഉലമ, സ്റ്റെയിറ്റിൽ ഒന്നാം റാങ്കായി പാസ്സായി. (അന്ന് മലബാർ മദിരാശി സംസ്ഥാനത്തിൽ പെട്ടതായിരുന്നു). റാങ്കിന് അർഹമായ പലതിൽ ഒരു കാര്യം, അദ്ദേഹത്തെക്കുറിച്ചുള്ള ദുഃഖത്തിലും മധുരതരമായ ഒരോർമ്മയായി എന്റെ മനസ്സിന്റെ ചെപ്പിലുണ്ട്. അദ്ദേഹം തന്റെ ഫൈനൽ പരീക്ഷയിൽ സാഹിത്യ സംബന്ധമായ ഒരു ചോദ്യം. അറബി സാഹിത്യത്തിൽ ശ്രുതിപ്പെട്ട രണ്ടുപേർ, ബദീഉസ്സമാൻ, ഹരീരി; ഇവരെ വ്യത്യസ്തരാക്കുന്ന കഴിവുകളുടെ പ്രത്യേകതകൾ ഉപന്യസിക്കുകയും ഇവരിൽ ആരെയാണ് നിങ്ങൾ കൂടുതൽ ഇഷ്ടപ്പെടുന്നതെന്ന് പറയുകയും വേണം.

ജമാലുദ്ദീൻ മൗലവി, രണ്ടുപേരുടേയും രചനയുടെ വൈവിധ്യമാർന്ന പ്രത്യേകതകളെക്കുറിച്ച് എഴുതി. ഒടുവിൽ ബദീഉസ്സമാനെ താൻ കൂടുതൽ ഇഷ്ടപ്പെടുന്നുവെന്നും അതിലേക്കായി ഞാൻ ഒരു കൊച്ചു കവിത ഇവിടെ സമർപ്പിക്കുന്നു എന്നും പറഞ്ഞുകൊണ്ട് മൂന്നടി കവിത രചിച്ചു. അതിൽ ഒടുവിലത്തെ വരി എനിക്കിപ്പോഴും ഓർമ്മയുണ്ട്.

“ഫമൻ യൽബസ് ഹരീറൻ ഗാലിയൻലം
യക്കുൻ അബദൻ കദീഷക്‌ലിൻ ബദീഇൻ”

(വളരെ മികച്ച പട്ടുവസ്ത്രം വല്ലവനും ധരിച്ചാൽ ജന്മനാ സുന്ദരനായവനെപ്പോലെ ഒരിക്കലും ആകുകയില്ലല്ലോ)

വസ്ത്രാലങ്കാരത്തിന്റെ മേന്മയും ജന്മ സൗന്ദര്യത്തിന്റെ ഭംഗിയും വേർതിരിച്ച ഈ പ്രയോഗം അദ്ദേഹത്തിന്റെ സാഹിത്യാഭിരുചിയെ പ്രത്യേകം പ്രകടമാക്കി. എക്സാമിനർമാർക്കിടയിൽ മൗലവിയുടെ ഉപന്യാസവും കവിതയും പ്രത്യേകം ചർച്ചാവിഷയമായിരുന്നുവത്രെ!

വടകരയിൽ പുരാതനമായ ഒരു മദ്റസ ഉണ്ടായിരുന്നു. അവിടെ

അദ്ധ്യാപകനായിരുന്നു മൗലവി. കഠിന ഖുറാഫാത്തിന്റെയും ശിർക്കിന്റെയും പ്രദേശമാണ്. മുഹ്‌യിദ്ദീൻ ശൈഖിന് മുഹമ്മദ് നബിﷺയേക്കാൾ ഉയർന്ന സ്ഥാനമുണ്ടെന്നായിരുന്നു അവിടുത്തുകാരിൽ പലരുടെയും നിലപാട്! ശപിക്കപ്പെട്ട മുഹ്‌യിദ്ദീൻ മാല അതിലേക്കുള്ള വിഷവിത്താണല്ലോ? ആ ഉയർന്ന നിലപാടിനെക്കുറിച്ച് പറയുന്ന കഥ ഇങ്ങനെയാണ്. നബിﷺയുടെ കാലത്തിന് ശേഷം നാനൂറ് കൊല്ലം കഴിഞ്ഞാണ് ശൈഖിന്റെ കാലം. പക്ഷെ, കഥ തുടങ്ങുന്നത് അവിടെ നിന്നല്ല. നബി ﷺ മിഅ്റാജ് യാത്രയ്ക്ക്പോയി. ആകാശങ്ങളുടെ അതിർത്തിയിലെത്തിയപ്പോൾ മലക്ക് ജിബ്‌രീൽ യാത്ര പറഞ്ഞു. 'ഞങ്ങൾക്ക് അപ്പുറത്തേക്ക് പ്രവേശനമില്ല'. ഇത് ഹദീസിൽ വന്നിട്ടുള്ളതാണ്. ഇനി പറയുന്നതാണ് കഥ. അവിടെ നിന്നും നബിﷺ കോണി വഴി മുകളിലേക്ക് കയറുകയാണ്. ഏതാനും പടവുകൾ ചവിട്ടിയപ്പോൾ കാലിടറി, ഉടനെ ഒരാളുടെ തോൾ ഭാഗം നബിക്ക് താങ്ങായിവന്നു. അത് ശൈഖിന്റെ ചുമൽ ആയിരുന്നു! ശൈഖിന്റെ ജനനം നടന്നപ്പോൾ അദ്ദേഹത്തിന്റെ ചുമലിൽ ഒരു കാൽ പാദം പതിഞ്ഞു കിടക്കുന്നുണ്ടായിരുന്നു. അത് നബിﷺയുടെ കാൽ പാദത്തിന്റെ ചിഹ്നമായിരുന്നു. അപ്പോൾ പ്രവാചകന്റെ രക്ഷകനായി ആകാശലോകങ്ങളുടെ അപ്പുറത്ത് ഹാജറുണ്ടായിരുന്ന ശൈഖ് നബിﷺയേക്കാൾ ഉയർന്നവനല്ലെ! മറ്റൊരിടത്ത് ഇതിന് ഒരു ഉപകഥയുണ്ട്. നബി ഗോവണി കയറി മഹാസിംഹാസനത്തിൽ ആസനസ്ഥായിരിക്കുന്ന അല്ലാഹുവിന്റെ സന്നിധാനത്തിൽ എത്തി. മുഖമുയർത്തി ഭയവിഹ്വലനായി നോക്കി. അപ്പോൾ മുഹ്‌യിദ്ദീൻ ശൈഖ് സിംഹാസനത്തിലിരിക്കുന്നു. എന്നു വെച്ചാൽ.. ബാക്കി പൂരിപ്പിക്കാനുള്ള ശക്തി നാവിനും പേനയ്ക്കുമില്ല. ഈ തരം ഭയാനകമായ കുഫ്‌രിയത്ത് ഇസ്‌ലാമിന്റെ പേരിൽ പ്രചരിപ്പിക്കുന്നവരേക്കാൾ ദുഷ്ടന്മാരായ കാഫിറുകൾ വേറെയുണ്ടോ? അബൂജഹ്‌ലിനേക്കാളും അബൂലഹബിനേക്കാളും കൊടിയ മുശ്‌രിക്കുകൾ! ഭാരതീയ പുരാണങ്ങളിലെ അവതാരകഥകളെ വെല്ലുന്ന അദ്വൈത വാദങ്ങൾ!

മുഹ്‌യിദ്ദീൻ മാലയിലെ വിഷയത്തിന്റെ രൂക്ഷത ജമാലുദ്ദീൻ മൗലവി മദ്റസാ വിദ്യാർത്ഥികൾക്ക് ലേശം പറഞ്ഞുകൊടുത്തു. അതോടെ മദ്റസയിൽ നിന്നും അദ്ദേഹം ബഹിഷ്കൃതനായി. വടകരയിലെ അക്കാലത്തെ മുസ്‌ലിം സമൂഹത്തെ കുറിച്ച് മഹാനായ മുഹമ്മദ് അബ്ദുറഹ്‌മാൻ സാഹിബ് അവിടെ നടത്തിയ ഒരു പ്രസംഗത്തിൽ പറഞ്ഞ ഒരു വാചകം ജമാലുദ്ദീൻ മൗലവിയിൽ നിന്നും ഞാൻ കേട്ടിട്ടുണ്ട്. "വടകരക്കാർ പുല്ലു തിന്നാതിരിക്കുന്നത് ഇവിടെയുള്ള പോത്തുകളുടെ ഭാഗ്യമാണ്."

വടകരയിൽ അദ്ദേഹത്തിന് ഭാര്യയുടെ വക ഒരു തെങ്ങിൻപുരയിട

വും അതിലൊരു വീടുമുണ്ടായിരുന്നു. അവിടെയായിരുന്നു മൗലവിയുടെ താമസം. ഭാര്യാഗൃഹത്തിൽ താമസമാക്കലാണല്ലോ അവിടങ്ങളിലെ പതിവ്. മൗലവിക്ക് മൂന്ന് ആൺമക്കളും ഒരു മകളും ഉണ്ടായിരുന്നു. മൂത്ത മകൻ ഫാറൂഖ് കോളേജിലെ ഗുമസ്തനായിരുന്നു. അദ്ദേഹത്തിന്റെ മകൻ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അവസാന വർഷം പഠിക്കവേ പെട്ടെന്ന് മരണപ്പെട്ടു. അതൊരു ആഘാതമായി. അദ്ദേഹത്തിന്റെ മനോനില തകരാറിലായി. ഒരിക്കൽ ഉമ്മയുമായി ഹജ്ജിന് വന്നപ്പോൾ ഞാൻ മക്കയിലുണ്ടായിരുന്നു. രണ്ടാമത്തെ മകൻ എഞ്ചിനീയറായിരുന്നു. സുഊദിയിൽ മരണപ്പെട്ടു. കുടുംബത്തിന് വല്ലതും കിട്ടാൻ സാധ്യതയുണ്ടോ എന്ന് ഞാൻ അവിടെ ചെന്നപ്പോൾ തിരക്കി. ഭാര്യ നേരിട്ട് അപേക്ഷിക്കണമെന്നാണ് കിട്ടിയ വിവരം. മൂന്നാമത്തെ മകൻ കൊയിലാണ്ടിയിൽ ഒരു ഹോട്ടൽ നടത്തിയിരുന്നു. കെ.എൻ.എം. സംസ്ഥാന സമ്മേളനം കണ്ണൂരിലെ പിലാത്തറയിൽ നടത്തിയപ്പോൾ അതിനു വേണ്ടി തയ്യാർ ചെയ്ത വിപുലവും ഗംഭീരവുമായ പന്തൽ കാണാൻ ഞാനും കാത്തിബ് അബ്ദുസ്സമദ് മൗലവിയും എ.എ. ഹമീദും (കൊച്ചി) പോകുന്ന വഴി കൊയിലാണ്ടിയിലെ ഈ ഹോട്ടലിലെ മകനെ അന്വേഷിച്ചു. അദ്ദേഹം മരണപ്പെട്ട വിവരമാണ് ലഭിച്ചത്. മൗലവിയുടെ മകളും ഇപ്പോൾ ജീവിച്ചിരിപ്പില്ല. ഒരു അനുജൻ സ്വന്തം നാട്ടിലുണ്ട്. കുറെ നാളായി കണ്ടിട്ടില്ല.

1965ലാണ് ഞാൻ ജമാലുദ്ദീൻ മൗലവിയുമായി അവസാന യാത്ര പറഞ്ഞു പിരിഞ്ഞത്. ഞാൻ സുഊദി ഗവൺമെന്റിന്റെ ക്ഷണപ്രകാരം ഹജ്ജിന് പുറപ്പെടുകയായിരുന്നു. മൗലവി അപ്പോൾ കോഴിക്കോട് സർക്കാർ ആശുപത്രിയിൽ ചികിത്സയിലാണ്. യാത്രയ്ക്ക് ഒരുങ്ങുന്നതിനിടയിൽ ഒരു ദിവസം ഞാൻ ആശുപത്രിയിൽ ചെന്നു. രാത്രി ഒരു മണി. ഗെയ്റ്റ് കീപ്പറോട് അപേക്ഷ പറഞ്ഞു. അദ്ദേഹം കടത്തിവിട്ടു. ഞാൻ ചെല്ലുമ്പോൾ മൗലവി ഉറങ്ങിയിട്ടില്ല. നട്ടെല്ലിന് താഴെ ക്യാൻസറായിരുന്നു രോഗം. ദുഃഖം അമർത്തി വേദനയോടെ യാത്ര പറഞ്ഞു ഞാൻ മടങ്ങി. ഞാൻ യാത്ര പുറപ്പെടുന്നതിന്റെ തലേരാത്രി ഒരു സ്വപ്നം കണ്ടു. യാത്രാമദ്ധ്യേ കപ്പലിൽ വെച്ച് ഞാൻ മരണപ്പെടുകയും മയ്യിത്ത് ചട്ടപ്രകാരം കടലിൽ താഴ്ത്തുകയും ചെയ്തു. ഇതിനെപ്പറ്റി ആരോടും ഒന്നും പറഞ്ഞില്ല. യാത്ര പുറപ്പെടുമ്പോൾ മനസ്സിന്റെ ഭാരം മാത്രമല്ല, കാലിന്റെ ഭാരവും താങ്ങാനാവാത്തതായിരുന്നു. വിധി അങ്ങനെയാണെങ്കിൽ തടുക്കാൻ ആർക്കു കഴിയും? അല്ലാഹുവിന്റെ നിശ്ചയം പോലെ എന്നുറപ്പിച്ച് യാത്രയായി. ജിദ്ദയിലെത്തിയശേഷം മദീനതുൽ ഹുജ്ജാജിൽ വെച്ച് സഹയാത്രികരോട് ഈ സ്വപ്ന കഥ പറഞ്ഞു. തിരൂരിലുള്ള എന്റെ

സുഹൃത്ത് ഡോ. ആലിക്കുട്ടിയുടെ പിതാവ് അഹ്മദ് കോയക്കാക്ക കൂട്ടത്തിലുണ്ട്. അദ്ദേഹം പറഞ്ഞു: സ്വയം മരിച്ചതായി സ്വപ്നം കണ്ടാൽ അടുത്ത ബന്ധുവോ സുഹൃത്തോ മരിക്കുമെന്നാണ് വ്യാഖ്യാനം. നാട്ടിൽ ആരെങ്കിലും മരണപ്പെട്ടിരിക്കും. നിങ്ങളുടെ ആയുസ്സ് ദീർഘിക്കുമെന്നും സൂചനയുണ്ട്. ഞാൻ വ്യസനമോ, സന്തോഷമോ ഭയമോ എന്തെന്നറിയാത്ത ഒരു ഹാലിൽ ഇരുന്നു. മക്കത്ത് എത്തി. നാലാം ദിവസം എം.കെ. ഹാജിയുടെയും ഇട്ടോളി അഹ്മദ്കോയ ഹാജിയുടെയും കത്തുകൾ കിട്ടി. രണ്ടിലും ജമാലുദ്ദീൻ മൗലവിയുടെ മരണവാർത്തയുണ്ടായിരുന്നു. ഇന്നും ആ ദുഃഖം എന്റെ കൂടെയുണ്ട്. യാത്ര പറഞ്ഞു ഞങ്ങൾ പിരിഞ്ഞ രംഗവും.

അസാമാന്യ പ്രതിഭാശാലിയായിരുന്നു ജമാലുദ്ദീൻ മൗലവി. ബഹുഭാഷാ പണ്ഡിതനും എഴുത്തുകാരനുമായിരുന്നു അദ്ദേഹം. കഥകളും നോവലുകളും രചിച്ചിട്ടുണ്ട്. ക്രിസ്തീയ മിഷനറിമാരുടെ തന്ത്രങ്ങളുടെ ഉള്ളറകളിലേക്കിറങ്ങിച്ചെല്ലുന്ന ഒരു നോവൽ മലയാളത്തിൽ കോളിളക്കം സൃഷ്ടിച്ചിട്ടുണ്ട്. അന്ധവിശ്വാസത്തിന്റെ ഇരുളുകൾ കൊണ്ട് മൂടപ്പെട്ട കാലത്ത് ഇസ്‌ലാമിന്റെ യഥാർത്ഥ വെളിച്ചം മനുഷ്യർക്ക് എത്തിച്ചുകൊടുക്കാൻ ത്യാഗം ചെയ്ത എന്റെ ആത്മസ്നേഹിതനോടൊപ്പം സ്വർഗത്തിൽ കഴിയണമെന്ന് ഞാൻ കൊതിക്കുന്നു. അല്ലാഹു അനുഗ്രഹിക്കട്ടെ. ജമാലുദ്ദീൻ മൗലവിയുടെ വിജ്ഞാനവും വാക്ചാതുര്യവും ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ വളർച്ചക്ക് ഏറെ ഗുണപ്പെട്ടിട്ടുണ്ട്. പ്രഭാഷണം എത്ര മൂർച്ചയുള്ളതായാലും ശരി ശ്രോതാക്കളെ രസകരമായ ആസ്വാദനത്തിൽ തളച്ചിടാൻ എന്റെ സുഹൃത്തിനുള്ള കഴിവ് ഒന്നുവേറെ തന്നെയായിരുന്നു. മനസ്സ് മനസ്സിനെ തൊട്ടറിയുന്ന സ്നേഹം! അതായിരുന്നു ഞങ്ങളുടെ ബന്ധം.

ഓർമകളുടെ തീരത്ത്

## 34

# തൃപ്പനച്ചി

സി.പി. കുഞ്ഞിമൊയ്തീൻ മൗലവി (തൃപ്പനച്ചി)യെ തൃപ്പനച്ചി എന്നു മാത്രം പറഞ്ഞാൽ അന്ന് മലബാറിൽ അറിയുമായിരുന്നു. ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ ചരിത്രത്താളുകളിൽ തൃപ്പനച്ചി എന്നുമുണ്ടാകും. ആദർശത്തിനുവേണ്ടി സഹനം കൊണ്ട് ത്യാഗം ചെയ്ത മൗലവി ചരിത്രത്തിൽ വേറിട്ടുനിൽക്കുന്നു. ഞാൻ തിരൂരങ്ങാടി നൂറുൽ ഇസ്‌ലാം മദ്റസ

യിൽ ആദ്യമായി എത്തിയ ദിവസം തന്നെ അദ്ദേഹത്തെ കണ്ടു പരിചയപ്പെട്ടു. എനിക്ക് അദ്ദേഹം നല്ലൊരു കൂട്ടുകാരനായിരുന്നു. ഉരച്ചാൽ തീ പാറുന്ന കത്തിപോലെയായിരുന്നു പ്രസംഗ ശൈലി. അദ്ദേഹത്തിന്റെ പരിഹാസശരങ്ങളേറ്റ് പൗരോഹിത്യം പുളഞ്ഞുകൊണ്ടിരുന്നു. നാട്ടിൽ അദ്ദേഹം ഒറ്റയാനായിരുന്നു. കുടുംബത്തിൽ വ്യത്യസ്ത ചിന്താഗതിക്കാരുമുണ്ടായിരുന്നുവെങ്കിലും ഒരൊറ്റ സുന്നിയുമില്ലായിരുന്നു. തന്റെ പിതാവ് നാട്ടിൽ ഭൂരിപക്ഷത്തിനും ഖുർആൻ ഓതാൻ പഠിപ്പിച്ച ഉസ്താദാണ്. പക്ഷെ, സുന്നിയല്ലാതായതുകൊണ്ട് നാട്ടുകാർ ഒറ്റപ്പെടുത്തി. അദ്ദേഹം മരണപ്പെട്ടു. പതിവുപോലെ ഖബർ തയ്യാറാക്കി. മയ്യിത്തുമായി ബന്ധുക്കൾ ഖബർസ്ഥാനിൽ എത്തി. നാട്ടുകാർ ഖബറടക്കാൻ സമ്മതിച്ചില്ല. മയ്യിത്ത്കട്ടിൽ പള്ളിമുറ്റത്ത് വെച്ച് മകൻ കുഞ്ഞിമൊയ്തീൻ മൗലവിയടക്കം എല്ലാവരും തിരിച്ചുപോയി. സുന്നികൾ അത് ചുമന്ന് വീട്ടുമുറ്റത്ത് കൊണ്ടുവന്ന് വെച്ചു. മഞ്ചേരിയിൽ നിന്നും വിവരമറിഞ്ഞു പോലീസ് എത്തി. ഒരു യോജിപ്പിന് വലിയ ശ്രമം നടത്തി. വഹാബികൾ മതത്തിൽ നിന്നും പുറത്താണ്, മുസ്‌ലിംകളെ മറമാടുന്നിടത്ത് അന്യമതക്കാർക്ക് സ്ഥാനമില്ല എന്നാണ് നാട്ടുകൂട്ടത്തിന്റെ വാശി. അങ്ങനെ ഏഴുദിവസം!! ഹോ! ആലോചിക്കുമ്പോൾ ശരീരവും, മനസ്സും വിറക്കുകയാണ്. ആ മയ്യിത്തിന്റെ ദാരുണമായ സ്ഥിതി! അതിനേക്കാളേറെയാണല്ലോ വീട്ടിലുള്ളവരുടെ അവസ്ഥ! ആ മകന്റെ തുല്യതയില്ലാത്ത സഹനം! ഓർമ്മയിൽ തന്നെ മനസ്സ് പിടക്കുന്നു. എന്തൊരു ദുഃഖം! എന്തൊരു ത്യാഗം! അമ്മാറുബ്നു യാസിറി ﵁ന്റെ കുടുംബത്തിന്റെ അതിദാരുണമായ കഥ! പീഡനത്തിന്റെ അസഹ്യമായ വേദനയിൽ നാവു വഴുതിപ്പോയ സംഭവം! അതിന് സമാനമായതല്ലേ എന്റെ കൂട്ടുകാരന്റേയും കുടുംബത്തിന്റെയും അനുഭവം. അതൊന്ന് വർണിക്കാൻ വാക്കുകൾ തേടുമ്പോഴൊക്കെയും ഞാൻ തോറ്റു പിൻമാറുകയാണ് പതിവ്. ഇപ്പോഴും അങ്ങനെ തന്നെ. ഒടുവിൽ പോലീസിന്റെ അതി കർശനമായ ഇടപെടലിലൂടെ, തയ്യാറാക്കപ്പെട്ട ഖബറിൽ തന്നെ അടക്കം ചെയ്തു. പോലീസ് കേസെടുത്തു. കേസ് മഞ്ചേരി കോടതിയിലെത്തി.

ഇ.കെ. അബൂബക്കർ മുസ്‌ലിയാരടക്കം (അന്ന് ശംസുൽ ഉലമാ പദവിയിലെത്തിയിട്ടില്ല) പ്രഗത്ഭ സുന്നി മുസ്‌ലിയാക്കൾ സാക്ഷികളായി കോടതിയിൽ വന്നു. വിസ്താരവും എതിർ വിസ്താരവുമായി കേസു കുറെ നാൾ നീണ്ടു. ഇ.കെ. മുസ്‌ലിയാർ അപകടകരവും അത്ഭുതകരവുമായ രണ്ടു വിഷയങ്ങൾ സാക്ഷിമൊഴിയായി പറഞ്ഞത് കോടതി രേഖപ്പെടുത്തി. മുജാഹിദ് വിഭാഗത്തിനുവേണ്ടി സാക്ഷി പറഞ്ഞവരിൽ പ്രമു

ഖൻ ആർ.യു.എ. കോളേജ് പ്രിൻസിപ്പാളായിരുന്ന സി.പി. അബൂബക്കർ മൗലവിയായിരുന്നു. കേസ് നടത്തിപ്പിന്റെ ചുമതല കെ.എൻ.എം. സംസ്ഥാന സെക്രട്ടറി എ.കെ. അബ്ദുൽ ലത്തീഫ് മൗലവി സ്വയം ഏറ്റെടുത്തു. ഇ.കെ. മുസ്‌ലിയാർ നൽകിയ മൊഴിയിൽ (1) “ഇയ്യാകനഅ്ബുദു” എന്ന സുപ്രധാനവും അടിസ്ഥാനപരവുമായ വചനത്തിൽ ‘മാത്രം’ എന്ന് ഇല്ലെന്നും ‘നിന്നെ ഞങ്ങൾ ആരാധിക്കുന്നു’ എന്ന് പറഞ്ഞാൽ മതിയാകുന്നതാണ് എന്നും വാദിച്ചു. (2) നബിﷺയുടെ അരുമ മകൾ ഫാത്വിമ‎ﷺ ‘അടുത്ത കുടുംബങ്ങളെ താക്കീത് ചെയ്യുക’ എന്ന വചനം അവതരിച്ച് അതുപ്രകാരം പ്രവർത്തിക്കുന്നതുവരെ കാഫിറായിരുന്നു! ഇതേക്കുറിച്ച് “അവന്മാരെ തോൽപിക്കാൻ അപ്പോൾ അങ്ങനെ പറയേണ്ടിവന്നു.” എന്നു മുസ്‌ലിയാർ ന്യായം പറഞ്ഞ കാര്യം നേരത്തെ ഞാൻ പറഞ്ഞിട്ടുണ്ട്.

മുജാഹിദ് ഭാഗത്തുനിന്നാണ് ഇങ്ങനെ പറഞ്ഞതെന്ന് സങ്കൽപിക്കുക. എങ്കിൽ ഈ പ്രസ്ഥാനം തന്നെ ഇവിടെ ഉണ്ടാകുമായിരുന്നില്ല! പക്ഷെ, മുസ്‌ലിയാക്കൾക്ക് എന്തും പറയാം. പറഞ്ഞത് എപ്പോഴും മാറ്റിപ്പറയാം. സുന്നി ബഹുജനം അതപ്പടി വിഴുങ്ങിക്കൊള്ളും. അതാണീ മുസ്‌ലിയാക്കളുടെ ശക്തി. മറിച്ച്, സ്വതന്ത്രമായി ചിന്തിക്കുകയും ഖുർആനിനും ഹദീസിനും നേരിയ വിലയെങ്കിലും കൽപിക്കുകയും ചെയ്തിരുന്നുവെങ്കിൽ സുന്നി പ്രസ്ഥാനത്തിന്റെ ഗന്ധംപോലും ഇവിടെ ഉണ്ടാകുമായിരുന്നില്ല. മുജാഹിദ് വിഭാഗത്തിനുവേണ്ടി വാദിച്ച വക്കീൽ വി.എം.കെ. അഹ്മദ് സാഹിബായിരുന്നു. അദ്ദേഹം ദർസിൽ കിതാബോതി പഠിച്ച മുസ്‌ലിയാരായിരുന്നു. പാനായിക്കുളം വി.എം.കെ. അഹ്മദ്. ഇത് മുസ്‌ലിയാക്കൾക്ക് വിനയായി. കോടതിയിൽ ആയത്തും ഹദീസും ഉപോൽബലകമായിട്ടുള്ള ചോദ്യങ്ങൾ അവരെ കഷ്ടത്തിലാക്കി. അപ്പോൾ കണ്ണടച്ച് കളവു പറയാനൊരുങ്ങി. ഈ കേസ്സിന്റെ വാദ- പ്രതി വിഭാഗങ്ങളോടുള്ള വിസ്താരവും എതിർ വിസ്താരവും മുഴുവനായി ഈയ്യിടെ ഇറങ്ങിയ ശബാബ് വിശേഷാൽ പ്രതിയിൽ പ്രസിദ്ധീകരിച്ചിരുന്നു.

കൊച്ചി പനയപ്പിള്ളിയിലുള്ള മദ്റസത്തുൽ മുജാഹിദീൻ ഓറിയന്റൽ ഹൈസ്കൂളിന്റെ കോമ്പൗണ്ടിലുള്ള എച്ച്.ഇ. ബാബുസേട്ടിന്റെ മാതാവ് ഖദീജാബായി സംഭാവന ചെയ്ത മൈതാനിയിൽ ഒരു വമ്പിച്ച മുജാഹിദ് സമ്മേളനം നടക്കുകയാണ്. അപ്പോഴാണ് അബ്ദുല്ലത്വീഫ് മൗലവിക്ക് മഞ്ചേരിയിൽ നിന്നും ഫോൺ സന്ദേശം ലഭിച്ചത്. ‘മുത്തന്നൂർ പള്ളി കേസ്’ നമ്മൾ ജയിച്ചു. ഖബർസ്ഥാൻ നിരോധനം ഒഴിവാക്കി. നിരോധനം പാടില്ലാത്തതാണെന്ന് കോടതി അംഗീകരിച്ചു. മുഹമ്മദ് നബിﷺ പ്രബോധനം ചെയ്ത ഇസ്‌ലാം മതം ശരിയായി പിന്തുടരുന്നവർ വഹാബി

കളാണെന്ന് തെളിവുകളുടെ പിൻബലത്തിൽ കോടതി പ്രഖ്യാപിച്ചു, വ്യക്തി, കുടുംബ പ്രശ്നങ്ങളിൽ നിന്നും ഇതൊരു സാമൂഹിക പ്രശ്നമാക്കിയത് ബുദ്ധിപൂർവ്വമായ നടപടിയായിരുന്നു. സി.പി. കുഞ്ഞിമൊയ്തീൻ മൗലവിയും സഹോദരന്മാരും അതിൽ കഠിനമായ ത്യാഗം സഹിച്ചു. കഷ്ടത അനുഭവിച്ചു. ക്ഷമ അവലംബിച്ചു.

നാട്ടിൽ തുണയായി ആരുമില്ലാതിരുന്നിട്ടും ആദർശത്തിൽ ഒരു കടുകുമണിയോളം വിട്ടുവീഴ്ചക്ക് തയ്യാറാകാതെ ഉറച്ചുനിന്ന ധീര മുജാഹിദായിരുന്നു സി.പി. തൃപ്പനച്ചി. ആദർശ വീഥിയിൽ പൊതു താല്പര്യമേഖലക്ക് പാലം പണിയാൻ ആലോചിക്കുന്ന എന്റെ സുഹൃത്തുക്കൾ സി.പിയെ വല്ലപ്പോഴും ഒന്നോർത്തിരുന്നുവെങ്കിൽ? ലളിതമായ ശൈലി, സംഭാഷണത്തിലെ വ്യക്തത, ആദർശ പ്രതിപാദനത്തിലെ ശൂരത ഇതെല്ലാം സി.പി.യുടെ പ്രസംഗ സവിശേഷതകളായിരുന്നു. തൃപ്പനച്ചിയിൽ നിന്നും അരീക്കോട്, മഞ്ചേരി, കുണ്ടോട്ടി എന്നിവിടങ്ങളിലേക്ക് തുല്യദൂരമാണ്. പഴയ നാട്ടുരാജാക്കന്മാരുടെ ഒരാസ്ഥാനമായിരുന്നു ഇവിടം. ദ്രവിച്ച ഒരു കൊട്ടാരത്തിന്റെ അവശിഷ്ടങ്ങളും അവിടെ ഉണ്ടായിരുന്നു. പള്ളിയും ഖബർസ്ഥാനും നിൽക്കുന്ന സ്ഥലത്തിന് മുത്തനൂർ എന്നു പറയുന്നു. അതുകൊണ്ടാണ് മുത്തനൂർ പള്ളികേസ് എന്ന് പറയപ്പെട്ടത്. എന്റെ പ്രിയ കൂട്ടുകാരനായ സി.പിക്ക് അല്ലാഹു പരലോകത്ത് സഹനശീലർക്കും ത്യാഗികൾക്കും നൽകുന്ന മഹത്തായ പ്രതിഫലം നൽകുമാറാകട്ടെ.

ഓർമകളുടെ തീരത്ത്

## 35

# സുഊദിയിലേക്ക്

1955ലാണ് എന്റെ ആദ്യത്തെ ഹജ്ജ് യാത്രയുണ്ടായത്. തികച്ചും അവിചാരിതമായിരുന്നു അത്. ഹജ്ജ് നിർബന്ധമായ ഒരവസ്ഥയിലല്ലായിരുന്നു ഞാൻ. അതുകൊണ്ട് ഇങ്ങനെ ഒരു കാര്യം ഉദ്ദേശിച്ചിട്ടില്ലായിരുന്നു. കണ്ണൂർ സ്വദേശിയും കോഴിക്കോട് ഹോൾസെയിൽ തുണിക്കച്ചവടക്കാരനുമായിരുന്ന എ. അഹ്മദ്കുഞ്ഞി ഹാജി അവർകളാണ് എന്നെ ആദ്യമായി ഹജ്ജിന് കൊണ്ടുപോയത്. ഇദ്ദേഹം ഒരുവേളയിൽ പട്ടാളപ്പള്ളി കമ്മിറ്റി പ്രസിഡണ്ടായി സേവനം ചെയ്തിട്ടുണ്ട്. ഞാൻ അദ്ദേഹവുമായി വലിയ കാരണമല്ലാത്ത കാര്യത്തിൽ ഒരിക്കൽ ലേശം നീരസമുണ്ടായിട്ടുണ്ട്.

അദ്ദേഹം ഒരു ദിവസം എന്നെ കടയിൽ വിളിപ്പിച്ചു. നിങ്ങൾക്ക് ഹജ്ജ് ചെയ്യാൻ ആശയില്ലേ എന്നു ചോദിച്ചു. ഏതു മുഅ്മിനാണ് അതാഗ്രഹിക്കാത്തത് എന്ന് ഞാൻ മറുപടിയും നൽകി. അപ്പോൾ അദ്ദേഹം പറഞ്ഞു; "നിങ്ങൾ എല്ലാവർഷവും ഹജ്ജിന് അപേക്ഷ നൽകുന്ന സമയമായാൽ അതേക്കുറിച്ച് ഖുത്ബ നടത്താറുണ്ടല്ലോ. അത് കേട്ട് പലരും അന്നു തന്നെ ഫോറം വാങ്ങി അപേക്ഷിച്ചത് ഞാൻ അറിയും. ഞാനും അതിലൊരുത്തനാണ്. നിങ്ങളുടെ ഖുത്ബ കേട്ടാൽ നിങ്ങൾ അതിയായി ആശിക്കുന്നുവെന്ന് തോന്നാറുണ്ട്. ഞാൻ ഒരിക്കൽകൂടി പോകാൻ ആഗ്രഹിക്കുന്നു. നിങ്ങൾ എന്നോടൊത്ത് വരുമോ?" ഞാൻ ആവശ്യപ്പെടുന്നില്ല എന്ന് പറഞ്ഞു. കാരണം എനിക്ക് അതിനു കഴിവില്ല. അതുകൊണ്ട് ഫർളുമില്ല. ആളുകൾ ഹജ്ജിന് പോകാൻ പിരിവു എടുക്കുന്നതായി ഞാൻ കണ്ടിട്ടുണ്ട്. തികഞ്ഞ അനാവശ്യമാണത്. പടച്ചവൻ കൽപിച്ചിട്ടില്ലാത്ത ഒരു കാര്യത്തിനുവേണ്ടി ആളുകളോട് യാചിച്ചു നടക്കുക. സകാത്ത് ഫർളാണല്ലോ? എനിക്ക് സകാത്ത് കൊടുക്കണമെന്ന് അതിയായ മോഹം. കഴിവില്ല. അതുകൊണ്ട് എന്റെ ആശ നിറവേറ്റാൻ എല്ലാവരും എന്നെ സഹായിക്കണം എന്ന് പറഞ്ഞാൽ എങ്ങനെയിരിക്കും? അതുപോലെതന്നെയാണ് ഹജ്ജിനുപോകാൻ പിരിവെടുക്കലും. അഹ്മദ്കുഞ്ഞി ഹാജി പറഞ്ഞു. "വേണ്ട, ഞാൻ നിങ്ങളെ ക്ഷണിക്കുകയാണ്. ഈ ക്ഷണം നിങ്ങൾക്ക് സ്വീകരിച്ചുകൂടേ"

ക്ഷണം സ്വീകരിച്ചു. അദ്ദേഹത്തോടൊപ്പം ഞാൻ കപ്പലിൽ മക്കത്തേക്ക് യാത്രയായി. ഹജ്ജ് കഴിഞ്ഞപ്പോൾ ഒരാശ. ഉപരിപഠനത്തിന് സൗകര്യം ലഭിച്ചാൽ അവിടെ കൂടിയാലോ എന്ന്. ഞാൻ നിങ്ങളോടൊത്ത് മടങ്ങുന്നില്ല എന്ന് ഹാജിയെ അറിയിച്ചു. അദ്ദേഹം സമ്മതിച്ചില്ല. നിങ്ങളിവിടെ കിടന്ന് കഷ്ടപ്പെട്ടാൽ കുടുംബക്കാരും സുഹൃത്തുക്കളും എന്നെ കുറ്റപ്പെടുത്തും. അത് ശരിയാവില്ല എന്നായി ഹാജി. അപ്പോൾ ഞാൻ ഒരു തന്ത്രം പ്രയോഗിച്ചുനോക്കി. എങ്കിൽ ഞാൻ അവസാനത്തെ കപ്പലിൽ വരാം. അത് അദ്ദേഹം സമ്മതിച്ചു. അവർ മടങ്ങി.

അന്ന് മദീനയിലെ ഇസ്ലാമിക് യൂണിവേഴ്സിറ്റി തുടങ്ങിയിട്ടില്ല. റിയാദിൽ 'കുല്ലിയതുല്ലഗതിൽ അറബിയ്യ' എന്ന അറബി ഭാഷയിൽ ഉന്നത പഠനത്തിനുള്ള കോളേജ് ആരംഭിച്ചിട്ടുണ്ട്. ഒന്നാമത്തെ ബാച്ചിലേക്കുള്ള അഡ്മിഷന്റെ സമയമാണ്. രാജാവിന്റെ നേരിട്ടുള്ള ഉത്തരവിലാണ് പ്രവേശനം നൽകുന്നത്. ഞാൻ എത്ര ചാടിയാലും എത്തിപ്പിടിക്കാൻ കഴിയാത്ത ശിഖരം. വഴികാണിച്ചുതരാൻ ഞാൻ ദുആ ചെയ്തുകൊണ്ടിരുന്നു. അപ്പോൾ ഒരു നന്മയുള്ള മനുഷ്യനെ പരിചയപ്പെട്ടു.

പാകിസ്ഥാനിലെ റാവൽപിണ്ടി സ്വദേശി. മുഹമ്മദ് ശരീഫ് സാഹിബ്. അദ്ദേഹത്തോട് എന്റെ ആഗ്രഹം അറിയിച്ചു. അദ്ദേഹത്തിന് അറബി നന്നായി അറിയാമായിരുന്നത് ഭാഗ്യമായി. എന്തുകൊണ്ടോ അദ്ദേഹത്തിന് എന്നോട് വലിയ സ്നേഹമായി. അദ്ദേഹം പറഞ്ഞു; "നിങ്ങൾ സഊദ് രാജാവിന് ആഗ്രഹം അറിയിച്ചുകൊണ്ട് ഒരു ടെലഗ്രാം ചെയ്യുക." ഞാൻ ചോദിച്ചു. എന്നിട്ടോ? നിങ്ങൾ ദുആ ചെയ്യൂ. അല്ലാഹു ഔദാര്യവാനല്ലേ എന്നായിരുന്നു മറുപടി. മനസ്സ് തണുത്തു. ഏറ്റവും വലിയ അഭയകേന്ദ്രമാണ് ചൂണ്ടിക്കാണിച്ചത്. ഞാൻ പ്രാർത്ഥിച്ചുകൊണ്ടും തവക്കുലാക്കിയും കമ്പിയടിച്ചു. സുഊദി അറേബ്യയുടെ സ്ഥാപകനായ അബ്ദുൽ അസീസുബ്നു സഊദിന്റെ മൂത്ത മകനായ സുഊദുബ്നു അബ്ദുൽ അസീസ് ആണ് അന്നത്തെ രാജാവ്. ഇന്ത്യ സന്ദർശിച്ച ഏക സുഊദി ഭരണത്തലവനും ഇദ്ദേഹമാണ്. (ഇദ്ദേഹത്തിന്റെ ഭരണകാലത്താണ് ഇന്ത്യൻ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൻ നെഹ്റു സുഊദിയിൽ വന്നത്.) ഔദ്യോഗിക സന്ദർശനവേളയിൽ ഒരപൂർവ്വ സംഭവം ഉണ്ടായി. രാജാവിന് താമസിക്കാൻ ഡൽഹിയിൽ ഒരുക്കിയിരുന്ന വസതിയും കിടപ്പുമുറിയും ഗാന്ധിജി, സർദാർ പട്ടേൽ, വിവേകാനന്ദൻ, ഗോഖലെ, മൗലാനാ മുഹമ്മദലി തുടങ്ങിയ ദേശീയ നേതാക്കളുടെയും മതാചാര്യന്മാരുടെയും ചിത്രങ്ങൾ കൊണ്ട് അലങ്കരിച്ചിരുന്നു. മനുഷ്യചിത്രങ്ങൾ നിരത്തിവെച്ചിരിക്കുന്ന ആ മുറിയിൽ താമസിക്കാൻ രാജാവ് കൂട്ടാക്കിയില്ല. അവയെല്ലാം നീക്കം ചെയ്യപ്പെട്ടു. പ്രോട്ടോക്കോൾ അനുസരിച്ച് രാഷ്ട്രത്തലവന്മാർ ഗാന്ധിജിയുടെ ശവകുടീരത്തിൽ (രാജ്ഘട്ട്) റീത്ത് സമർപ്പിക്കലുണ്ട്. അതും അദ്ദേഹം നടത്തിയില്ല. ശിർക്ക്പരമായ അനാചാരങ്ങൾ എന്ന നിലയിലാണ് ഫോട്ടോ നിരാകരിക്കലും റീത്ത് സമർപ്പണ ബഹിഷ്കരണവും രാജാവിൽ നിന്നുണ്ടായത്. ലോകത്തുള്ള മുഴുവൻ സലഫികളും അന്ന് ആഹ്ലാദിച്ചു. എന്തിനും ഏതിനും സ്ഥാനലബ്ധി ലക്ഷ്യമാക്കി നിലവിളക്ക് കത്തിക്കാനും ശവമഞ്ചത്തിൽ പുഷ്പാർച്ചന നടത്താനും ദീപം തൊഴാനും തിരക്കുകൂടുന്ന മുസ്ലിം നാമധാരികളായ നേതാക്കന്മാർ ഇസ്ലാമിന് അപമാനമാണ്. ദുൻയാവിന് വേണ്ടി ദീനിനെ പിറകിലേക്ക് നീക്കൽ! എന്നാൽ സുഊദി രാജാവ് അദ്ദേഹത്തിന്റെ തൗഹീദ് ആദർശത്തിൽ ഉറച്ചുനിന്നു. ശിർക്കിന്റെ ചിഹ്നങ്ങൾ നിരാകരിക്കുകയും ചെയ്തു. ഇതൊരു അപൂർവ്വ സംഭവമാണ്. എന്നാൽ എന്തുകൊണ്ടോ പിന്നീട് ഒരിക്കലും ഒരു സുഊദി ഭരണത്തലവൻ ഇന്ത്യയിലേക്ക് ക്ഷണിക്കപ്പെട്ടില്ല.

എന്റെ സുഹൃത്ത് മുഹമ്മദ് ശരീഫ് ഇപ്പോൾ ജീവിച്ചിരിപ്പില്ല. അല്ലാ

ഹു അദ്ദേഹത്തിന് അനുഗ്രഹം ചെയ്യുമാറാകട്ടെ. ഞാൻ പരിചയപ്പെടുമ്പോൾ അദ്ദേഹം റിയാദ് ശറഇയ്യ കോളേജിലെ രണ്ടാം വർഷ പഠിതാവായിരുന്നു. ഇദ്ദേഹം എന്നെ അവിടത്തെ ചില ഉന്നത ശൈഖുമാരുടെ അടുക്കൽ കൂട്ടിക്കൊണ്ടുപോയി പരിചയപ്പെടുത്തി. പ്രിൻസിപ്പാൾ ആ കൂട്ടത്തിൽ പെടും. മുഹമ്മദ് ശരീഫ് സാഹിബിന്റെ സ്നേഹസമ്പന്നമായ ദൂരക്കാഴ്ചയായിരുന്നു ഇതെല്ലാം. പിന്നീടാണ് എനിക്കത് തിരിഞ്ഞത്. കൊട്ടാരത്തിൽ നിന്നും എന്റെ അപേക്ഷ അന്വേഷണത്തിനായി അയച്ചത് മേൽ പറഞ്ഞ പണ്ഡിതന്മാരുടെ സന്നിധിയിലേക്കായിരുന്നു. അവർ എന്നെക്കുറിച്ച് നല്ലത് എഴുതി കൊട്ടാരത്തിലേക്ക് അയച്ചു. വടക്കാഞ്ചേരി സ്വദേശി സഅദുദ്ദീൻ മൗലവിയും എന്നോടൊപ്പമാണ് അപേക്ഷിച്ചത്. അദ്ദേഹത്തിനും എന്നോടൊപ്പം അഡ്മിഷൻ കിട്ടി. സഅദുദ്ദീൻ മൗലവിക്ക് എന്നേക്കാൾ ചില മേന്മയുണ്ടായിരുന്നു. ഇംഗ്ലീഷ് നന്നായി അറിയുമായിരുന്നു എന്നത് തന്നെ. അഡ്മിഷൻ കിട്ടിയ വിവരം എന്നെ ഹജ്ജിന് കൊണ്ടുപോയ ഹാജിസാഹിബിനെ അറിയിച്ചു. നന്ദി പറഞ്ഞു. അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിച്ചു. വീട്ടിലേക്കും മറ്റു വേണ്ടപ്പെട്ടവർക്കും വിവരം അറിയിച്ചു. എന്റെ ബഹുമാന്യനായ ഗുരുനാഥൻ കെ.എം. മൗലവി അവർകൾക്കും.

1955 മുതൽ 59 വരെയായിരുന്നു പഠനം. അന്ന് റിയാദിൽ ആരംഭിച്ച ജാമിഅതുൽ ഇമാം മുഹമ്മദുബ്നു സുഊദ് അൽ ഇസ്ലാമിയ്യ എന്ന യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജായിരുന്നു ഞാൻ പഠിച്ച "കുല്ലിയ്യതുല്ലുഗത്തിൽ അറബിയ്യ". ശൈഖ് അബ്ദുൽ മലിക്ബ്നു ഇബ്റാഹീം ആലുശൈഖ് അവർകളായിരുന്നു ആദ്യത്തെ രണ്ടു വർഷം പ്രിൻസിപ്പാളായിരുന്നത്. ആലുശൈഖ് എന്ന് പറയുന്നത് മുഹമ്മദുബ്നു അബ്ദുൽ വഹാബിﷺന്റെ കുടുംബത്തെയാണ്. മതനേതൃത്വം ആലുശൈഖിനും ഭരണനേതൃത്വം ആലു സുഊദിനുമാണ്.

നിറം, ഭാഷ, വേഷം, വർഗം ഇത്യാദി ഒന്നും ഇസ്ലാം പരിഗണിക്കുന്നില്ല. മനുഷ്യസമുദായം ഒന്ന്, ഒരൊറ്റ കുടുംബം. ദൈവഭക്തി മാത്രമാണ് പരിഗണിക്കപ്പെടുക. എന്നാൽ പലയിടത്തും പലതും പരിഗണിക്കപ്പെടുന്നുണ്ട്. ചില കുടുംബത്തിനു മേന്മ? ചില ജോലി ചെയ്യുന്നവർക്കളെ ആഢ്യത്വം. ഇസ്ലാം വിഭാവന ചെയ്ത, മാതൃക കാണിച്ച സാമൂഹിക നീതിയുടെയും സമത്വത്തിന്റെയും ലംഘനമാണ്. കച്ചിമേമൻ സമൂഹത്തിലും ഈ ഉച്ചനീചത്വം ഇന്നും കാണുന്നുണ്ട്. മുമ്പ് കൊച്ചിയിലെ നൈനാ സമൂഹത്തിൽ ഇതുണ്ടായിരുന്നു. ബ്രാഹ്മണ വർഗത്തിൽ നിന്നും മതപരിവർത്തനം ചെയ്തവരുടെ പൊങ്ങച്ചം. സാമ്പത്തികമായും സാമൂ

ഹികമായും തകർന്ന് മുടിഞ്ഞപ്പോൾ ഈ അനാചാരം നൈനാ വർഗ ത്തിൽ നിന്നും ക്രമേണ ഇല്ലാതായി. തങ്ങന്മാർ എന്നറിയപ്പെടുന്നവരിൽ നിന്നും ഒട്ടൊക്കെ ഈ ദൂഷ്യം മാറിയിട്ടുണ്ട്. മുഴുവനുമായിട്ടില്ല. കച്ചി സേട്ടുമാരിലും ഈ വർണ്ണവിവേചനം അള്ളിപ്പിടിച്ചിരിക്കുന്നു. ഇസ്ലാ മിക വിരുദ്ധമായ ഈ ദുഷിച്ച വർണ്ണവിവേചനം മേൽപറഞ്ഞ തരക്കാരാ യ ജാതി- വർഗങ്ങളിൽ നിലനിന്നിരുന്നു. സാമ്പത്തിക മേന്മയാണ് പല പ്പോഴും ഈ തിന്മക്ക് ആധാരം.

സാമ്പത്തികമായ അസമത്വം അംഗീകരിച്ചുകൊണ്ടു തന്നെ ഇസ്ലാം ഈ ദുരാചാരത്തിനെതിരിൽ മഹത്തായ മാതൃക കാഴ്ചവെച്ചിട്ടുണ്ട്. കാറൽ മാർക്സിന്റെ സാമ്പത്തിക സമത്വം തികച്ചും മനുഷ്യ പ്രകൃതിക്ക് വിരുദ്ധവും അപ്രായോഗികവുമായ ഒരു പൊട്ടൻ സിദ്ധാന്തമാണെന്ന് അവർ സ്വയം തെളിയിച്ചിട്ടുണ്ട്. തൊഴിലാളി വർഗ സംരക്ഷകരായ നേ താക്കൾ, എയർകണ്ടീഷൻ ബംഗ്ലാവുകളിലും കാറുകളിലും സുഖിച്ചു മദിച്ചാടുമ്പോൾ മറുവശം നാം കാണുന്നില്ലേ? ഒരു കഷ്ണം റൊട്ടിക്കു വേണ്ടി സംഘടിച്ച റഷ്യൻ ജനത ക്രെംലിൻ കൊട്ടാരത്തിൽ വാണരുളിയ കമ്യൂണിസ്റ്റ് ആചാര്യന്മാരെ ആട്ടിയോടിച്ചു. കമ്യൂണിസത്തിന്റെ സുപ്ര ധാന പ്രയോക്താവും വ്യാഖ്യാതാവുമായ ലെനിന്റെ പ്രതിമ പോലും മോസ്കോ നഗരത്തിൽ തകർക്കപ്പെട്ടു. കിഴക്കൻ യൂറോപ്യൻ രാജ്യങ്ങ ളിൽ നിന്നും കമ്യൂണിസം തുടച്ചുമാറ്റപ്പെട്ടു. ഫിഡൽ കാസ്ട്രോവിന്റെ ക്യൂബ മാത്രമാണ് ഇതിനൊരപവാദം. സ്വേച്ഛാധിപതിയാണെങ്കിലും ജന ങ്ങൾക്ക് നന്മ ചെയ്യുന്നവനാണ് അദ്ദേഹം എന്നറിയുന്നു. അമേരിക്കൻ സാമ്രാജ്യത്വ മനോഭാവത്തെയും കുപ്രസിദ്ധമായ സി.ഐ.എ.യുടെ സകലമാന എതിർപ്പുകളേയും കുതന്ത്രങ്ങളേയും അതിജീവിച്ച്കൊണ്ട് നാലു പതിറ്റാണ്ടുകളിലേറെയായി ജനപിന്തുണയോടെ കാസ്ട്രോ സുര ക്ഷിതനായി വാഴുന്നു. അദ്ദേഹത്തിന്റെ ജനപിന്തുണക്കുള്ള തെളിവായി ഇതിനെ ഗണിക്കാം.

സാമ്പത്തിക സമത്വം പ്രകൃതിവിരുദ്ധ സിദ്ധാന്തമാകുന്നു. ഇസ്ലാം ഇതിനെ നിരാകരിക്കുന്നു. വർണണവർഗ വിവേചനത്തെയും ഉച്ചനീച ത്വത്തേയും ഇസ്ലാം വെറുക്കുന്നു. അല്ലാഹുവിന്റെ വെറുപ്പിനെ ഭയപ്പെ ടുന്നവർ അതിൽനിന്നും മോചിതരാകട്ടെ. ബിലാൽ നീഗ്രോ വംശജനാ യ അടിമയും അഗതിയുമായിരുന്നു. പക്ഷെ, സത്യവിശ്വാസം കൊണ്ട് ത്യാഗത്തിന്റെ തീച്ചൂളയിൽ അദ്ദേഹം ഉരുകിത്തെളിഞ്ഞു. പ്രവാചകൻ അദ്ദേഹത്തെ സ്നേഹിച്ചു. കൈപിടിച്ചുയർത്തി. ആഢ്യന്മാരായ ഖുറൈ ശികളുടെ സദസ്സിൽ അദ്ദേഹത്തെ അംഗമാക്കി. സാമൂഹിക നീതിയുടെ

ഉത്തുംഗശൃംഗത്തിലേക്ക് നബിﷺ ബിലാലിനെ ഉയർത്തിയ സംഭവം ലോക പ്രശസ്തമാണ്. മക്കാവിജയം! വിശുദ്ധ കഅ്ബയുടെ ആധിപത്യം മുസ്ലിംകൾ ഏറ്റെടുക്കുകയാണ്. പ്രവാചകന്റെ വിശുദ്ധ സാന്നിദ്ധ്യത്തിൽ! ഉന്നതകുലജാതരും സമ്പന്നന്മാരും കവികളും വ്യാപാര പ്രമുഖരും സുപ്രസിദ്ധ യോദ്ധാക്കളും കഅ്ബക്ക് ചുറ്റും വളഞ്ഞുനിൽക്കുന്നു. അവിടെ നബിﷺയുടെ ഇഷ്ടതോഴനായ അബൂബക്കർ رضي الله عنه ഉണ്ട്, ഉമർ, അലി رضي الله عنه തുടങ്ങിയവരുണ്ട്. അബ്ദുറഹ്മാനുബ്നു ഔഫ്, ഇബ്നു മസ്ഊദ്, അംറുബ്നുൽ ആസ്, ഖാലിദുബ്നു വലീദ് رضي الله عنهم അങ്ങനെ എത്രയെത്ര പ്രമുഖന്മാർ! പ്രവാചക ശ്രേഷ്ഠന്റെ നാവിൽ നിന്നും ഉയർന്ന ശബ്ദം "ബിലാൽ! ബിലാൽ! കഅ്ബയുടെ മുകളിൽ ബാങ്കിന്റെ ശബ്ദം മുഴക്കൂ." തൗഹീദിന്റെ ശബ്ദവും രിസാലത്തിന്റെ മഹത്വവും കേൾപ്പിക്കാനാണല്ലോ താൻ കൽപിക്കപ്പെടുന്നത്! ബിലാൽ വിറച്ചു. "താനോ?!" ഒരു നിമിഷം! അദ്ദേഹം വിറക്കുന്ന ഹൃദയത്തോടെ വിതുമ്പുന്ന ചുണ്ടുകളോടെ, മരവിച്ച കാൽപാദങ്ങളോടെ ചുറ്റും നോക്കിയിരിക്കും. പക്ഷെ അല്ലാഹുവിന്റെ പ്രവാചകന്റെ വിളികേട്ടു ചാരത്തേക്കു ചെന്നു. കഅ്ബയുടെ മുകളിലേക്ക് കയറാൻ ആജ്ഞാപിച്ചു. ഉയരം കുറഞ്ഞ ബിലാൽ رضي الله عنه ന് ബുദ്ധിമുട്ടുണ്ടായിരുന്നു. ലോകത്തിന് കാരുണ്യമായി അല്ലാഹു നിയോഗിച്ച പ്രവാചക ശ്രേഷ്ഠൻ തന്റെ കൈതണ്ട് ചുമരിൽ വെച്ചു. ആ വിശുദ്ധ കരത്തിന്മേൽ ചവിട്ടി ബിലാൽ കഅബാ മന്ദിരത്തിന് മുകളിലെത്തി. അല്ലാഹു അക്ബർ! ബിലാലിന്റെ ശ്രവണ- സുന്ദര- ഗംഭീരമായ ആ ശബ്ദം കേട്ടു ജനങ്ങൾ കോരിത്തരിച്ചു! അവർ അതേറ്റുപറഞ്ഞു. മുകളിൽ നിൽക്കുന്നതാര്? താഴെ നിൽക്കുന്നതാരെല്ലാം? ഇതിനേക്കാൾ ഉദാത്തവും ഉന്നതവുമായ ഒരു സാമൂഹിക നീതിയുടെ പ്രായോഗിക പ്രഖ്യാപനം ലോകത്തെവിടെയാണ് ഉദാഹരിക്കാൻ കഴിയുക. ഇന്ത്യയുടെ ഭരണഘടനാ ശിൽപിയായ ഭീംറാവു അംബേദ്കറുടെ ഒരു ചിത്രം അധഃകൃതനായതിന്റെ പേരിൽ പാർലമെന്റ് ഹാളിൽ തൂക്കാൻ നാലു പതിറ്റാണ്ടുകൾ വിസമ്മതിച്ച ദേശീയ മൂരാച്ചികൾ! ഭരണഘടനയിൽ എഴുതിവെച്ച സാമൂഹിക നീതിയുടെ ഏടു ചുമക്കുകയാണിപ്പോഴും അവർ. ഖുർആനിന്റെ പ്രയോഗം എത്ര മഹത്തരം! "ഏടു ചുമക്കുന്ന കഴുതകൾ"! നമ്മുടെ സമൂഹത്തിലും ഈ ഏടു ചുമക്കുന്നവരുണ്ട്. സമ്പന്നനും ഉന്നതകുലജാതനുമായ അബ്ദുറഹ്മാനുബ്നു ഔഫിന്റെ സുന്ദരിയായ സഹോദരിയെ നീഗ്രോ അടിമയായ ബിലാലിന് ഇണയാക്കി കൊടുത്തു. ഖലീഫാ ഉമർ رضي الله عنه ബിലാലിനെ 'യാ സയ്യിദീ' (എന്റെ നായകാ) എന്ന് ആദരപൂർവ്വം വിളിക്കുമായിരുന്നു.

പ്രവാചകനെ അക്ഷരാർത്ഥത്തിൽ സ്നേഹിച്ച, അനുസരിച്ച അനുചരന്മാർ! നമ്മളോ? ദീനും ഗുണമേന്മയുമുള്ള യുവാക്കൾക്ക് പോലും മകളെയോ സഹോദരിയെയോ ഇണയായി കൊടുക്കാൻ വിസമ്മതിക്കുന്നു. കാരണം വർണ- ജാതി- ഭാഷ വിവേചനം മാത്രം. ഏടു ചുമക്കുന്ന കഴുതകൾ എന്ന പ്രയോഗം ഇവിടെയും ഫിറ്റാകുമോ? തങ്ങന്മാർക്കും മറ്റുള്ളവർക്കും നിയമം ഒന്നുതന്നെ. അവർ വിചാരണ ദിവസത്തെ കാത്തുകൊള്ളട്ടെ.

കുല്ലിയതുല്ലഗതുൽ അറബിയ്യ (അറബി ഭാഷാ കോളേജ്), കുല്ലിയതുൽ ഉലൂമിശ്ശറഇയ്യ (മതവിജ്ഞാന കോളേജ്) രണ്ടും തുല്യ പദവിയാണ്. രണ്ടിൽ ഏതെങ്കിലും തെരഞ്ഞെടുക്കാൻ അവസരമുണ്ടായിരുന്നു. അവിടെ അധികവും പരിഗണിക്കപ്പെടുന്നത് ശറഇയ്യയുടെ സർട്ടിഫിക്കറ്റായിരുന്നു. ഞാൻ ഭാഷാ കോളേജ് തെരഞ്ഞെടുത്തു. കാത്തിബ് അബ്ദുസ്സമദ് മൗലവിയും സഅദുദ്ദീൻ മൗലവിയും ശറഇയ്യയിൽ പ്രവേശനം വാങ്ങി. എനിക്കും സഅദുദ്ദീൻ മൗലവിക്കും ടെസ്റ്റും ഇന്റർവ്യൂവും ഉണ്ടായിരുന്നില്ല. അബ്ദുസ്സമദ് മൗലവി ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയിരുന്നു. ഞങ്ങൾ മൂന്നുപേരും ഒരുമിച്ചാണ് കോളേജിൽ ചേർന്നത്. അബ്ദുസ്സമദ് മൗലവി നാട്ടിൽപോയി ഭാര്യയെ കൂട്ടിവന്നു. ടി.എം. ഇസ്ഹാഖ് മൗലവിയുടെ മൂത്തമകളാണ് ആദ്യഭാര്യ. ഞാൻ ഭാഷാ കോളേജ് തെരഞ്ഞെടുക്കാൻ കാരണം, ഭാഷാ വിജ്ഞാനത്തിൽ കൂടുതൽ കഴിവു നേടാൻ ആഗ്രഹിച്ചുതന്നെയായിയിരുന്നു. മതവിജ്ഞാനം നേടാൻ ഗ്രന്ഥങ്ങളെ ആശ്രയിക്കണമല്ലോ. അതിന് മെച്ചപ്പെട്ട ഭാഷാസ്വാധീനം കൂടിയേ കഴിയൂ. അതുകൊണ്ട് ഭാഷാ കോളേജ് മതി എന്ന് തീരുമാനിച്ചു. മറ്റൊന്ന്, പഠനശേഷം അവിടെ തന്നെ കഴിഞ്ഞുകൂടണമെന്ന് നേരത്തെ ഉദ്ദേശ്യമുണ്ടായിരുന്നില്ല.

ഞങ്ങൾ അവിടെ പഠിക്കുന്ന കാലത്ത് ഒരു വിശേഷമുണ്ടായി. ഇന്ത്യൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു സുഊദിയിൽ ഔദ്യോഗിക സന്ദർശനാർത്ഥം എത്തി. പത്ര മാധ്യമങ്ങളിലും ഉദ്യോഗ മണ്ഡലത്തിലും ഒരു പെരുന്നാൾപോലെ ആയിരുന്നു ആ സന്ദർഭം. ഇന്ത്യക്കാരും അതിരറ്റു ആഹ്ലാദിച്ചു. പത്രങ്ങൾ അദ്ദേഹത്തെ എതിരേറ്റത് സമാധാനത്തിന്റെ ദൂതൻ (റസൂലുസ്സലാം) എന്ന വിശേഷണം നൽകിയായിരുന്നു. അപ്പോൾ ഞങ്ങൾക്കൊരു മോഹം, നമ്മുടെ പ്രധാനമന്ത്രി ഇവിടെ എത്തിയിട്ട് നമ്മൾ അദ്ദേഹത്തെ ഒന്ന് സന്ദർശിക്കേണ്ടതല്ലേ? രണ്ടു വാക്ക് സംസാരിക്കേണ്ടതല്ലേ? ഒന്നു ശ്രമിച്ചുനോക്കാം. അങ്ങനെ അനുവാദത്തിനായി ഞങ്ങൾ അപേക്ഷിച്ചു. അത്ഭുതം തന്നെ! അനുവാദം ലഭിച്ചു. കണ്ടു.

നെഹ്റു ഞങ്ങളെ സ്നേഹത്തോടെ ഹസ്തദാനം ചെയ്ത് സ്വീകരിച്ചു. ഒരുമിച്ചിരുന്നു ചായ കുടിച്ചു. സംസാരിച്ചു. എനിക്ക് ഉറുദു അറിയില്ല. ഇംഗ്ലീഷുമറിയില്ല. സഅദുദ്ദീൻ മൗലവിക്ക് രണ്ടും നന്നായി അറിയാം. അബ്ദുസ്സമദ് മൗലവിക്കും അത്യാവശ്യം ഉറുദു അറിയാം. കൂട്ടത്തിൽ പോക്ക് ഞാൻ തന്നെ. നെഹ്റു ചോദിച്ചു "ഈ പഠനം പൂർത്തിയാക്കിയാൽ എന്താണ് നിങ്ങൾ ഉദ്ദേശിക്കുന്നത്?" ഞാൻ ഉടനെ പറഞ്ഞു: നാട്ടിലേക്ക് മടങ്ങി അവിടെ പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നു. അദ്ദേഹം പ്രതികരിച്ചു: "നല്ലത്". കൂട്ടുകാർ രണ്ടുപേരും നിശബ്ദരായി. അവരുടെ നിശബ്ദതയും എന്റെ ശബ്ദവും പ്രയോഗത്തിൽ വന്നു. ഞാൻ ഉദ്യോഗം സ്വീകരിക്കാതെ നാട്ടിലേക്ക് മടങ്ങി. കൂട്ടുകാർ ഉദ്യോഗം സ്വീകരിച്ച് അവിടെകൂടി. അവിടെ നിന്നും അറബി പെണ്ണുങ്ങളെ വിവാഹം ചെയ്തു. കുടുംബതാമസമാക്കി. അവിടെ പൗരത്വം നേടുകയും ചെയ്തു.

ഓർമകളുടെ തീരത്ത്

# 36

# അബ്ദുർറഊഫ് മലൈബാരി ﵀

റിയാദിൽ വെച്ചാണ് ആദ്യപരിചയം. അവിടെ അദ്ദേഹം ഒരു ചെറിയ ബുക്ക് ഡിപ്പോ നടത്തുന്നു. പള്ളികളിൽ സാധാരണ നടന്നുവരുന്ന ദർസുകളിലും മറ്റും പങ്കെടുക്കും. ആ നിലയിൽ വളരെ പഠിച്ചവർ അവിടെ കുറെയുണ്ട്. എഴുത്തില്ല. തഫ്സീറുകൾ വായിച്ചു വിശദീകരിച്ച് കൊടുക്കലാണ് പതിവ്. ഭാഷയിൽ വേണ്ടത്ര പരിജ്ഞാനമില്ലാതിരുന്ന ധാരാളം പേർക്ക് ഇത്തരം ക്ലാസ്സുകൾ ഏറെ ഫലം ചെയ്തിട്ടുണ്ട്.

ചാവക്കാട് മണത്തല സ്വദേശിയാണ് അബ്ദുറഊഫ് മൗലവി. ചിങ്ങനാത്ത് കുടുംബം. ഞങ്ങൾ സമപ്രായക്കാരായിരുന്നു. പരിചയപ്പെട്ട അന്നുമുതൽ ഞങ്ങളുടെ ബന്ധം ഇടമുറിയാതെ തുടർന്നു. സുഊദിയിലുള്ളപ്പോഴും നാട്ടിലെത്തിയ ശേഷവും കത്തുകളിലൂടെയും അവിടെ ചെല്ലുന്ന ഹാജിമാരിലൂടെയും ആ സമ്പർക്കം അനസ്യൂതം തുടർന്നു. കുറെക്കാലം വർഷംതോറും ഞാൻ അങ്ങോട്ട് പോകുമായിരുന്നു. പിന്നീട് അദ്ദേഹം സർക്കാർ ഉദ്യോഗത്തിൽ മക്കത്ത് താമസമാക്കി. മക്കത്ത് വന്നാൽ അദ്ദേഹത്തോടൊപ്പമാണ് എന്റെ താമസം. അത് അദ്ദേഹത്തിന് നിർബന്ധമായിരുന്നു. എനിക്കേറ്റവും സന്തോഷവും. അത്രയ്ക്കിഷ്ടമായിരുന്നു എന്നെ. എത്ര നല്ല മനുഷ്യനായിരുന്നു മൗലവി. വിനയശീലൻ, സ്നേഹസമ്പന്നൻ, ഔദാര്യവാൻ. വ്യക്തിപരമായി എന്റെ

ഏറ്റവും നല്ല ഗുണകാംക്ഷികളിൽ ഒരാൾ. അത്യാവശ്യം മലയാളം എഴുത്തും വായനയും അറിയാം. വിവാഹം ചെയ്തിട്ടില്ല. തനിക്ക് കിട്ടുന്ന സമ്പാദ്യമെല്ലാം ദീനീ കാര്യങ്ങൾക്കും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും കുടുംബാദികൾക്കും വേണ്ടി ചെലവഴിക്കും. അവിടെയെത്തുന്ന നാട്ടുകാർക്ക് മൗലവി എന്നും ഒരത്താണിയായിരുന്നു. ഞാൻ കൊച്ചിയിൽ താമസമുള്ള കാലത്ത്, 70കളിലാണ് അത്. കണ്ണൂർ, പി. അബ്ദുൽ ഖാദിർ മൗലവി രചിച്ച പ്രസിദ്ധമായ 'അത്തൗഹീദ്' എന്ന മഹത്തായ ഗ്രന്ഥം അദ്ദേഹത്തിന്റെ സ്വന്തം ചെലവിൽ മുജാഹിദ് പബ്ലിക്കേഷൻസ് (കൊച്ചി) പ്രസാധകരായി പുനഃപ്രസിദ്ധീകരണം നടത്തി. ഒരു രൂപക്ക് സൗജന്യ നിരക്കിൽ ചെലവഴിക്കാൻ 5000 കോപ്പികൾ അന്ന് തയ്യാറാക്കി. മുഴുവൻ ചെലവും അദ്ദേഹത്തിന്റെ സംഭാവനയായിരുന്നു. ഒരു രൂപ വില വെച്ച് ലഭിക്കുന്ന സംഖ്യ ദീനീ സേവനത്തിന്നായി അദ്ദേഹം അർപ്പിക്കുകയും ചെയ്തു. ഇങ്ങനെ എണ്ണിപ്പറയാൻ ഓർമ്മയിലുള്ളതു തന്നെ ധാരാളമാണ്. കുടുംബാദികളിൽ പലരേയും വിളിച്ചുവരുത്തി ഹജ്ജ് നിർവ്വഹിക്കാൻ അവസരമുണ്ടാക്കിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ഇളയ സഹോദരൻ കെ.സി. മുഹമ്മദുണ്ണി മാസ്റ്റർ തിരൂർക്കാട് കുടുംബ താമസമാണ്. സ്കൂൾ അദ്ധ്യാപകനായി റിട്ടയർ ചെയ്തു. അബ്ദുസ്സമദ് മൗലവിയുടെ ഭാര്യാ സഹോദരി മൈമൂനയാണ് അദ്ദേഹത്തിന്റെ പ്രിയതമ. ശാന്തനും സൽസ്വഭാവിയും നല്ല മക്കളുടെ പിതാവും എന്റെ കുടുംബസുഹൃത്തുമാണ്. മുഹമ്മദുണ്ണി മാസ്റ്റർ തിരൂർക്കാട് സ്ഥിരപ്പെടാൻ കാരണം തന്നെ ഞാനും അബ്ദുർറഊഫ് മൗലവിയുമായുള്ള ആത്മബന്ധമാണ്.

അബ്ദുർറഊഫ് മൗലവിയുടെ വേർപാട് എന്റെ അപൂർവ്വ ദുഃഖങ്ങളിൽ ഒന്നാകുന്നു. 1980ൽ ശിആക്കളുടെ ഹറം കൈയേറ്റം നടന്ന ഭയങ്കരമായ സാഹചര്യം. അന്ന് ഞാൻ അവിടെയുണ്ട്. ഹറമിൽ ചോരപ്പുഴ ഒഴുകിയ ദുഃഖകരമായ ആ ദിവസങ്ങൾ മുസ്‌ലിംലോകത്തിന്റെ ആത്മാവിന് മുറിവേറ്റ കാലമായിരുന്നു. എത്രപേരാണ് പട്ടാളത്തിന്റെ വെടിയേറ്റ് മരിച്ചതെന്ന് ഒരു രൂപവുമില്ല. ആക്രമികളുടെ തോക്കിനിരയായവരും കുറവായിരുന്നില്ല. ലോകം തന്നെ ഞെട്ടിവിറച്ച ആ ഭീകര താണ്ഡവത്തിൽ മക്കയിൽ ഹറമിൽ ആർക്കും ആരെക്കുറിച്ചും ഒരു വിവരവും ഇല്ലായിരുന്നു. നിൽക്കുന്നേടത്ത് നിന്നും മറ്റൊരിടത്തേക്ക് മാറാൻ ഒരാൾക്കും അനുവാദമില്ലാത്ത ഭീകരാവസ്ഥ! അബ്ദുർറഊഫ് മൗലവി ഹറമിൽ തന്നെയാണ് താമസം. അദ്ദേഹത്തിന് അവിടെ പ്രത്യേക മുറിയുണ്ട്. എന്താണ് മൗലവിയുടെ സ്ഥിതി എന്നറിയാൻ ഞാൻ കഴിയുംവിധം ശ്രമിച്ചുനോക്കി. യാതൊരു വിവരവുമില്ല. കലാപം ഒതുങ്ങിയ ശേഷം വിവരം ലഭിച്ചു. വെടിയേറ്റു മരിച്ച നിലയിൽ അദ്ദേഹത്തിന്റെ ജഡം ലഭിച്ചു. ആരുടെ

വെടിയാണേറ്റതെന്ന് റബ്ബിന് മാത്രം അറിയാം. പട്ടാളവും ശിആ ഭീകര ന്മാരും തമ്മിലായിരുന്നുവല്ലോ യുദ്ധം. ആഴ്ചകൾ തന്നെ ഹറമിൽ സം ഘടിത നമസ്കാരം മുടങ്ങി. ജുമുഅ മുടങ്ങി. നൂറ്റാണ്ടുകളായി അനസ്യൂ തം നടന്നിരുന്ന കഅ്ബയെ പ്രദക്ഷിണം ചെയ്യുന്ന മഹത്തായ കർമ്മം നിന്നുപോയി. രക്തം പുരണ്ട തറയും ചുമരുകളും! വെടിയുണ്ട തറച്ച് പൊളിഞ്ഞ സ്ഥലങ്ങൾ! ആകപ്പാടെ വിവരിക്കാൻ സാധ്യമാകാത്ത ദുഃഖ കരമായ ഭീകരത. എല്ലാം വൃത്തിയാക്കി പൂർവ്വാവസ്ഥയിൽ എത്തിച്ച ശേഷമാണ് ജുമുഅ തുടങ്ങിയത്. ജുമുഅയിൽ പങ്കെടുത്ത ശേഷമാണ് ഞാൻ നാട്ടിലേക്ക് മടങ്ങിയത്.

ജീവിതത്തിൽ വലിയ പരീക്ഷണങ്ങൾക്ക് എന്റെ സഹോദരൻ അബ് ദുർറഊഫ് മൗലവി വിധേയനായിട്ടുണ്ട്. അതിലേറ്റവും ഗുരുതരമായ ഒരു വിഷയം പറയാം. ഞെട്ടലോടെ മാത്രമേ അതോർക്കാൻ കഴിയൂ. അദ്ദേഹം റിയാദിൽ ജീവിക്കുന്ന കാലം. ഞാൻ പഠനം കഴിഞ്ഞു മടങ്ങി. രാജകുടുംബത്തിൽപെട്ട ചിലരുമായി അദ്ദേഹത്തിന് നല്ല ബന്ധമായി രുന്നു. അന്നത്തെ ഫൈസൽ രാജാവിന്റെ ഒരു സഹോദരൻ ഖാലിദ് അദ്ദേഹത്തിന്റെ നല്ല സുഹൃത്തായിരുന്നു. അബ്ദുൽ അസീസ് രാജാ വിന് നാലു ഭാര്യമാരിലായി 28 മക്കളുണ്ടായിരുന്നു എന്നാണ് അറിവ്. ഫൈസൽ രാജാവിനു ശേഷം അധികാരത്തിൽ വന്ന ഖാലിദ് രാജാവല്ല ഇത്. ഈ ഖാലിദ് ഭരണതലങ്ങളിൽ പ്രത്യക്ഷപ്പെടാത്ത ഒരു നല്ല പണ് ഡിതനായിരുന്നു. അതുകൊണ്ടുതന്നെ പണ്ഡിതന്മാരായിരുന്നു ഇദ്ദേഹ ത്തിന്റെ സുഹൃദ്വലയം. അങ്ങനെ അബ്ദുർറഊഫ് മൗലവി ഖാലിദ് രാജകുമാരന്റെ മജ്ലിസിൽ ഒരു സജീവ അംഗമായി.

അക്കാലത്ത് ഭരണകൂടം നാട്ടിൽ ടെലിവിഷൻ സാർവ്വത്രികമാക്കാൻ തീരുമാനിച്ചു. അതിനുള്ള നടപടികൾ തകൃതിയായി നടക്കുകയാണ്. ജിദ്ദയിൽ ടെലിവിഷൻ കേന്ദ്രം ഉയരുകയായിരുന്നു. ടെലിവിഷൻ രാജ്യ ത്ത് പരത്തുന്നതിന് ഖാലിദ് രാജകുമാരൻ എതിരായിരുന്നു. പള്ളികളിൽ അദ്ദേഹം അതേക്കുറിച്ച് പ്രസംഗങ്ങൾ നടത്തി. തന്റെ പിതാവും സുഊദി അറേബ്യയിലെ രാജകുടുംബത്തിന്റെ തലവനുമായ അബ്ദുൽ അസീസുബ്നു സുഊദ് നാട്ടിൽ സിനിമാശാലകൾ നിരോധിച്ചിരുന്നു. പാശ്ചാത്യ സിനിമകൾ പ്രചരിപ്പിക്കുന്ന കുറ്റകൃത്യ പ്രദർശനങ്ങളും ലൈംഗികാഭാസങ്ങളും ഇസ്ലാമിക സമൂഹത്തെ ആക്ഷേപിക്കുന്ന പല തരം കഥകളും പ്രേക്ഷകനെ വിവിധ മാനസിക വിഭ്രാന്തികൾക്കും വൈകൃതങ്ങൾക്കും അടിപ്പെടുത്തുന്നതായ വാർത്തകൾ നിത്യസംഭവ ങ്ങളാണല്ലോ. ലോകത്ത് കുപ്രസിദ്ധി നേടിയ കളവും കൊള്ളയും കവർ ച്ചകളും നടത്താൻ മനുഷ്യ മനസ്സിന് പ്രചോദനം നൽകുകയും അതിന്നാ

വശ്യമായ ആധുനിക തന്ത്രങ്ങൾ ജനങ്ങളെ പഠിപ്പിക്കുകയും ചെയ്യുന്നതിൽ സിനിമകൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. അതുപോലെ ആസൂത്രിതമായ കൊലപാതകൾ, ചാരപ്രവർത്തനങ്ങൾ, ലൈംഗിക വികാരങ്ങൾ അഴിഞ്ഞാടാൻ ഉതകുന്ന ചേഷ്ടകൾ എന്നിത്യാദി മനുഷ്യത്വരഹിതവും സംസ്കാരശൂന്യവുമായ ഒട്ടേറെ കാര്യങ്ങൾ യുവഹൃദയങ്ങളിലും ബാലമനസ്സുകളിലും കുത്തിക്കയറ്റുന്നതിൽ വലിയ പങ്കാണ് സിനിമ വഹിക്കുന്നതെന്ന് എല്ലാവർക്കുമറിയാം. മദ്യത്തെക്കുറിച്ച് ഖുർആൻ പറഞ്ഞത് അതിൽ നിങ്ങൾക്ക് ചില ഗുണങ്ങളുണ്ട്, പക്ഷെ, ദോഷം ഗുണത്തേക്കാൽ വളരെ വലുതാണ് എന്നാണ്. സദാചാരനിഷ്ഠ നേടിയവർ ഈ യാഥാർത്ഥ്യം ഉൾക്കൊണ്ടു. അവർ മദ്യം ഉപേക്ഷിച്ചു. പൂർണ്ണ നിരോധനം പ്രഖ്യാപിക്കുന്നതിനു മുമ്പ് തന്നെ മദ്യം ഉപേക്ഷിച്ചവർ അറേബ്യയിൽ ഉണ്ടായിരുന്നു. ഇതുതന്നെയാണ് സിനിമയുടെയും അവസ്ഥ. ക്യാമറ പകർത്തുന്ന മനോഹാരിതയും ചരിത്ര വസ്തുതകളും മനുഷ്യ ജീവിതത്തിന്റെ സാമൂഹിക വൈവിധ്യങ്ങളും അതിൽ ഉണ്ടാകാറുണ്ടെന്ന് സിനിമ കണ്ടവരിൽ നിന്നും ഞാൻ അറിഞ്ഞിട്ടുണ്ട്. ജീവിതത്തിൽ ഒരിക്കലും ഞാൻ ഇത് കണ്ടിട്ടില്ല. പക്ഷെ, ദൃശ്യമാധ്യമം എന്ന നിലക്ക് സിനിമ പിഞ്ചുഹൃദയങ്ങളിൽ ദോഷവശമാണ് കുടിയിരുത്തുന്നത് എന്ന കാര്യം മനഃശാസ്ത്രപരമായി നിഷേധിക്കാനാവുന്നതല്ല. ഈ വക വിഷയങ്ങളെക്കുറിച്ച് ദീർഘദൃഷ്ടിയോടെ മനസ്സിലാക്കാൻ കഴിയുന്ന നല്ലൊരു പണ്ഡിതനായിരുന്നു അബ്ദുൽ അസീസ് രാജാവ്. കാലങ്ങളുടെ വേലിയേറ്റത്തിൽ വിശുദ്ധ ഹറമുകളുടെ പരിസരങ്ങളിൽ പോലും കയറിക്കൂടിയ ശിർക്കുപരമായ മുഴുവൻ ചിഹ്നങ്ങളെയും കെട്ടിപ്പൊക്കിയ ഖബറുകളേയും അദ്ദേഹം ഉന്മൂലനം ചെയ്ത് അറേബ്യയെ ശുദ്ധീകരിച്ചത് അദ്ദേഹത്തിന്റെ പാണ്ഡിത്യത്തിന്റെയും ആർജ്ജവത്തിന്റേയും നിശ്ചയദാർഢ്യത്തിന്റേയും തെളിവായിരുന്നു. എല്ലാ ഖുറാഫാത്തുകൾക്കും അനുകൂലം നിൽക്കുകയും മൗനാനുവാദം നൽകുകയും ചെയ്തിരുന്ന പണ്ഡിതന്മാരിൽ നിന്നുതന്നെ തന്റെ നടപടികൾക്ക് അനുകൂലവിധി സമ്പാദിക്കുന്നതിൽ അദ്ദേഹം വിജയിച്ചതും തന്റെ പാണ്ഡിത്യത്തിന്റെ പിൻബലത്തിലായിരുന്നു.

ഖാലിദ് രാജകുമാരൻ ടെലിവിഷൻ വ്യാപകമാക്കുന്ന നടപടികൾക്കെതിരിൽ നിലകൊള്ളാൻ ഒരുങ്ങിയതും തന്റെ പിതാവിനെപ്പോലെ അദ്ദേഹത്തിനുണ്ടായ പാണ്ഡിത്യത്തിന്റെ ഭാഗമായിരുന്നു. ഇതുമൂലം ഓരോ വീടും ഓരോ കിടപ്പറയും ഓരോരോ സിനിമാശാലകളായി മാറുകയാണ് ഫലത്തിൽ സംഭവിക്കുന്നതെന്ന് അദ്ദേഹം പ്രസംഗിച്ചു. ജനങ്ങളുടെ അനിയന്ത്രികമായ ധാർമ്മികച്യുതിക്ക് ക്രമേണ ഇത് കാരണമായി ഭവി

ക്കുമെന്ന് ഖാലിദ് കണ്ടറിഞ്ഞു. അങ്ങനെ ഈ ബോധവത്കരണത്തിൽ അദ്ദേഹം സജീവമായി. ഗവൺമെന്റിൽ നിന്നും ഏറ്റവും മെച്ചപ്പെട്ട ജീവിത സൗകര്യങ്ങളും ആനുകൂല്യങ്ങളും ജനങ്ങൾക്ക് വേണ്ടുവോളം ലഭിക്കുന്നു. ഒരു കുട്ടി ജനിച്ചുവീഴുന്ന ദിവസം മുതൽ അവന്റെ വളർച്ചയ്ക്കും ചികിത്സക്കും വിദ്യാഭ്യാസത്തിനും ആവശ്യമായതൊക്കെ സർക്കാർ നൽകുന്നു. വൃദ്ധന്മാർ, അഗതികൾ, വികലാംഗർ, അനാഥകൾ തുടങ്ങി അവശ വിഭാഗങ്ങൾക്ക് മാന്യമായി കഴിയാൻ തക്ക പെൻഷൻ അനുവദിക്കുന്നു. നല്ല വീടുകൾ നിർമ്മിക്കാൻ ദീർഘകാലാടിസ്ഥാനത്തിലുള്ള വായ്പ നൽകുന്നു. വായ്പ എന്നു പേർ മാത്രം. അത് തിരിച്ച് കൊടുക്കലില്ല. തിരിച്ചുപിടിക്കാൻ കർശന നടപടികളുമില്ല. വ്യാപാരങ്ങൾക്ക് വേണ്ടിയുള്ള സഹായവും ഉണ്ട്. ഒരു പൈസ പോലും ജനങ്ങൾ നികുതിയായി കൊടുക്കേണ്ടതില്ല. ഇങ്ങനെ അനേകമനേകം ഗുണങ്ങൾ ഭരണകൂടം നൽകുന്നു.

പ്രവർത്തന സ്വാതന്ത്രമാണ് നമ്മുടെ രാജ്യത്തിന്റെ മഹത്വം ബോധ്യപ്പെടുന്നത്. ഈ മഹത്വം കണ്ടറിഞ്ഞുകൊണ്ടാണ് ഞാൻ പഠനശേഷം നാട്ടിലേക്ക് ചേക്കേറിയത്. ഒരു പ്രബോധനകനെന്ന നിലയിൽ ലഭിക്കാവുന്ന എല്ലാം സൗകര്യങ്ങളും ഇവിടെ ഞാൻ കണ്ടു. അനുഭവിക്കുകയും ചെയ്തു. 1975ൽ പ്രഖ്യാപിക്കപ്പെട്ട ഇന്ദിരാഗാന്ധിയുടെ അടിയന്തരാവ്സഥയുടെ നാളുകളിൽ ഒരുപാട് പൗരാവകാശ മേഖലകളെ ചങ്ങലക്കിട്ടിരുന്നു. സർക്കാരിനെതിരിൽ പ്രസ്താവനകൾ പോലും നിരോധിച്ചിരുന്നു. പത്രങ്ങളെ സെൻസർഷിപ്പ് എന്ന കറുത്ത തുണികൊണ്ട് മൂടിയിരുന്നു. അക്കാലത്ത് പോലും മതസ്വാതന്ത്ര്യത്തിന്റെ മഹിമ അനുഭവിച്ചവനാണ് ഞാൻ. മതപ്രചാരണത്തിന് ഒരു തടസ്സവും അന്ന് ഞാൻ അനുഭവിച്ചില്ല. ജമാഅത്തെ ഇസ്‌ലാമിയെപ്പോലുള്ള ചില സംഘടനകൾക്ക് നിരോധനമുണ്ടായിരുന്നുവെന്നത് വാസ്തവം തന്നെ. അതിന്റെ മൂലകാരണങ്ങൾ മതസ്വാതന്ത്ര്യത്തെ ഹനിക്കലായിരുന്നില്ല. അത് പിന്നീട് വിശദീകരിക്കാം. രണ്ടു പൈസയുടെ പോസ്റ്റൽ സ്റ്റാമ്പിൽ വിശാലമായ ഇന്ത്യാ മഹാരാജ്യത്തിന്റെ ഏത് കോണിലേക്കും എന്റെ 'സൽസബീൽ' മാസിക അയക്കാൻ അന്നും എനിക്ക് കഴിയുമായിരുന്നു. കൊച്ചിയിലിരുന്നുകൊണ്ട് രണ്ടു പൈസ ചെലവിൽ ഡൽഹിയിലും കൽക്കത്തയിലും ബോംബെയിലുമുള്ള എന്റെ വായനക്കാരുമായി ഞാൻ സംസാരിക്കുകയും സംവദിക്കുകയും ചെയ്തിരുന്നു. ഈ സൗകര്യം ലോകത്ത് എവിടെയും കിട്ടുമെന്ന് എനിക്ക് തോന്നുന്നില്ല. എന്നാൽ വിചിത്രമെന്ന് പറയട്ടെ, നിർഭാഗ്യകരമെന്ന് കരുതട്ടെ, ഇസ്‌ലാമിക രാഷ്ട്രമാണെന്ന് പറയപ്പെടുന്ന പല ഗൾഫ് നാടുകളിലും സ്വതന്ത്രമായ ഇസ്‌ലാമിക പ്രബോധ

നവും സംവാദങ്ങളും സാധ്യമല്ല. അന്നും ഇന്നും സ്ഥിതി അതുതന്നെ. അവിടെ പോയവർക്കും ജോലി ചെയ്തു കഴിയുന്നവർക്കും ഞാനീ പറയുന്നത് വേഗം മനസ്സിലാകും. അനുഭവമാണല്ലോ മനുഷ്യന്റെ ഏറ്റവും നല്ല വിജ്ഞാനം. ഏറ്റവും വലിയ അധ്യപകനും അനുഭവമത്രെ! അതുകൊണ്ടു തന്നെയാണ് വൈക്കം മുഹമ്മദ് ബഷീർ സാഹിത്യ മണ്ഡലത്തിലെ തമ്പുരാനായി അവരോധിക്കപ്പെട്ടത് എന്നാണ് ഭാഷ്യം.

എന്നാൽ നമ്മുടെ നാട്ടിൽ സ്വാതന്ത്ര്യം എന്ന മഹത്തായ ആദർശം വളരെയധികം ദുരുപയോഗപ്പെടുത്തപ്പെടുന്നു. ലോകത്ത് വലിയ ജനശക്തിയുള്ള രാഷ്ട്രമായ ഇന്ത്യ പുനർ നിർമ്മാണ പ്രക്രിയയിലും വികസനത്തിന്റെ പാതയിലും പതിറ്റാണ്ടുകൾ പിറകിലായത് സ്വാതന്ത്ര്യത്തിന്റെ അനിയന്ത്രിതമായ ദുരുപയോഗത്തിന്റെ ദോഷഫലമായാണ്.

നമ്മുടെ സ്വാതന്ത്ര്യത്തിന്റെ ശത്രുക്കൾ രാഷ്ട്രീയ നേതാക്കളും അവരുടെ ശിങ്കിടികളുമാണ്. മാറിമാറി വരുന്ന രാഷ്ട്രീയ- ഭരണ വർഗത്തിന്റെ അനർഹമായ താൽപര്യ സംരക്ഷകരായി നിന്നുകൊടുത്തു കൊണ്ട് ഉദ്യോഗസ്ഥവൃന്ദവും പാടെ ദുഷിച്ചു. അഴിമതിയും കൈക്കൂലിയും പ്രതികാര നടപടികളും സാധാരണ സംഭവങ്ങളായി. നന്മയുള്ള മനുഷ്യർക്ക് അവർ ഇച്ഛിക്കുന്ന മാർഗത്തിലൂടെ ചലിക്കാൻ കഴിയാത്ത സ്ഥിതി വളർന്നുവരുന്നു. കൈക്കൂലിക്ക് സംഭാവന എന്നാണ് ഇപ്പോൾ പേര്. ഗാന്ധിതൊപ്പി ധരിച്ചവരും ഖദർധാരികളും തൊഴിലാളിവർഗ സംരക്ഷകരും അമിതമായ ധൂർത്തിന്റെയും ആഢംബരങ്ങളുടെയും ഏറ്റവും വലിയ വക്താക്കളായിക്കഴിഞ്ഞു. അമിതമായ സ്വാതന്ത്ര്യത്തിന്റെ അനന്തമായ ദോഷഫലങ്ങൾ നിത്യേനയെന്നോണം ജനങ്ങളെ വേട്ടയാടുകയാണ്. എത്ര ഉയർന്ന കുറ്റവാളികൾക്കും ഊരിച്ചാടാൻ പഴുതുകളുള്ള നീതിപീഠങ്ങളുടെ നിയമവ്യാഖ്യാനം എല്ലാതരം ദുഷ്ടപ്രകൃതർക്കും തണലായി ഭവിച്ചിരിക്കുന്നു. പിടികിട്ടാതെ ഓടിയകലുന്ന ഈ സ്വാതന്ത്ര്യത്തിന് നിയന്ത്രണം വരുത്തിയില്ലെങ്കിൽ ഭീകരവും ഭയാനകവുമായ ഒരു തകർച്ചയെ നാം നേരിടുക തന്നെ വേണ്ടിവരും. വാക്കുകൾക്ക് ശബ്ദമില്ല. നിരാശ്രയരായ ജനങ്ങൾക്ക് മനസ്സുരുകി പ്രാർത്ഥിക്കുക മാത്രമേ നിവൃത്തിയുള്ളൂ. ഇങ്ങനെയൊക്കെയാണെങ്കിലും ഈ സ്വാതന്ത്ര്യത്തിന്റെ കഴമ്പ് സത്യവിശ്വാസികൾ മനസ്സിലാക്കണം. റസൂൽﷺന് നാം ഇപ്പോൾ അനുഭവിക്കുന്ന സ്വാതന്ത്ര്യത്തിന്റെ അൻപത് ശതമാനം അന്നത്തെ മുശ്രിക്കുകൾ അനുവദിച്ചുകൊടുത്തിരിക്കുന്നുവെങ്കിൽ നബിﷺക്കും സ്വഹാബികൾക്കും ഹിജ്റ വേണ്ടി വരുമായിരുന്നില്ല. ഈ യാഥാർത്ഥ്യത്തെക്കുറിച്ച് ഏറ്റവും ബോധവാന്മാരായിരിക്കേണ്ടത് ഇസ്‌ലാമിന്റെ അനുയായികളാണ്. പക്ഷെ, അവിടെയും വൈകല്യമാണ് കാണുന്നത്.

പറഞ്ഞുതുടങ്ങിയ വിഷയത്തിൽ നിന്നും കുറേ അങ്ങോട്ടും ഇങ്ങോട്ടും മാറി. എന്റെ ഓർമ്മകളും അനുഭവങ്ങളും ഒരു പാഠപുസ്തകത്തിലെ ഖണ്ഡികകൾ പോലെ ക്രോഡീകരിക്കുക സാധ്യമല്ല. ചില അനുഭവങ്ങളെ ആനുകാലിക പ്രശ്നങ്ങളുമായി ബന്ധിപ്പിക്കേണ്ടിവരും. ആരോഗ്യകരമായ ഒരു ചർച്ചയാണ് ഇതുമൂലം ഞാൻ ഉദ്ദേശിക്കുന്നത്. ശീലമില്ലാത്ത ആത്മകഥാ കഥനം വായനക്കാരെ രസിപ്പിക്കുമോ? അതോ മുഷിപ്പിക്കുമോ? അല്ലാഹുവിന്നറിയാം.

ഖാലിദ് രാജകുമാരനിലേക്ക് ഞാൻ മടങ്ങട്ടെ. ഇദ്ദേഹത്തിന്റെ നീക്കങ്ങൾ ഭരണകൂടത്തിന് വലിയ തലവേദനയായിത്തീർന്നു. കുടുംബ ബന്ധങ്ങൾക്കുള്ളിൽ വെച്ച് അദ്ദേഹത്തെ നിയന്ത്രിക്കാനോ പിന്തിരിപ്പിക്കാനോ കഴിയാത്തവണ്ണം കാര്യങ്ങൾ വളർന്നു. അങ്ങനെ ഒരു ദിവസം ചില പട്ടാള ഉദ്യോഗസ്ഥർ അദ്ദേഹത്തിന്റെ വസതിയിലെത്തി. മങ്ങിയ വെളിച്ചത്തിൽ അവിടെ ഒരു സദസ്സ്. പല വിഷയങ്ങളെക്കുറിച്ചും പതിവുപോലെ അവർ ചർച്ചയിൽ ഏർപ്പെട്ടിരിക്കുകയാണ്. രാജാവ് സഹോദരനെ അടിയന്തിരമായി കാണാൻ ആഗ്രഹിക്കുന്നു എന്ന് ഉദ്യോഗസ്ഥർ അറിയിച്ചു. പിന്നീട് വന്നുകണ്ടുകൊള്ളാമെന്ന് അദ്ദേഹം മറുപടി നൽകിയെങ്കിലും ഉദ്യോഗസ്ഥർ കൂട്ടാക്കിയില്ല. കൊട്ടാരത്തിന്റെ അധിപൻ തന്റെ സഹോദരനാണ്. അദ്ദേഹത്തെ സന്ദർശിക്കാൻ ഉദ്യോഗസ്ഥരുടെ ആജ്ഞാനുവർത്തിയാകേണ്ട കാര്യം തനിക്കില്ല എന്ന നിലപാടിലായി.

രംഗം ചൂടാകുകയായിരുന്നു. ഉദ്യോഗസ്ഥന്മാർ ഖാലിദിനെ ബലമായി കൊണ്ടുപോകാൻ ഒരുങ്ങിയപ്പോൾ കീശയിൽ നിന്ന് റിവോൾവർ അദ്ദേഹം പെട്ടെന്ന് പുറത്തെടുത്തു. പക്ഷെ, അത് പ്രയോഗിക്കാൻ പട്ടാളക്കാർ അവസരം നൽകുകയില്ല. അവർക്കുള്ള പരിശീലനം അതാണല്ലോ. ഭീകരവും ഭയാനകവുമായ ഈ അവസ്ഥ മുന്നിൽ കണ്ടുകൊണ്ട് എന്റെ സുഹൃത്ത് അബ്ദുർറഊഫ് മലൈബാരി “ലാതഫ്അൽ, അത്വിഅ്” (ചെയ്യരുത്. അവർക്ക് വഴങ്ങുക) എന്ന് കൂട്ടുകാരനോട് വിളിച്ചുപറഞ്ഞു. അങ്ങനെ അദ്ദേഹം പട്ടാള ഉദ്യോഗസ്ഥരുടെ കൂടെ പോയി. ആ സദസ്സിൽ ഉണ്ടായിരുന്ന മുഴുവൻ പേരെയും അവർ അതോടൊപ്പം തടവിലാക്കി.

ഏതാണ്ട് മൂന്നു വർഷങ്ങൾക്ക് ശേഷം അബ്ദുർറഊഫ് മൗലവിയെക്കുറിച്ച് നേരിയ സൂചന ലഭിച്ചു. ഇപ്പോഴത്തെ സുഊദിയിലെ മതപ്രബോധന വകുപ്പിന്റെ തലവനും (ദാറുൽ ഇഫ്താഅ്) ഗ്രാന്റ് മുഫ്തിയുമായ ശൈഖ് അബ്ദുൽ അസീസ്ബ്നു അബ്ദുല്ലാഹിബ്നു ബാസ് അവർകൾക്കാണ് ഈ വിവരം ലഭിച്ചത്. അന്ന് ഈ പറയുന്ന ഉന്നത പദവിയില്ലെങ്കിലും രാജസദസ്സിൽ പ്രത്യേകം പരിഗണിക്കപ്പെടുന്ന ഒരു സ്ഥിതി ഇബ്നുബാസിനുണ്ടായിരുന്നു. അബ്ദുർറഊഫ് മലൈബാരിയെ

ഇബ്നുബാസ് ഏറെ ഇഷ്ടപ്പെടുകയും സ്നേഹിക്കുകയും ചെയ്തിരുന്നു. അങ്ങനെ അദ്ദേഹം ഫൈസൽ രാജാവിനെ മുഖം കാണിക്കാൻ അനുവാദം വാങ്ങി. അബ്ദുർറഊഫിനെ വിചാരണ ചെയ്ത് മേൽ നടപടി സ്വീകരിക്കണം എന്ന് മാത്രം അഭ്യർത്ഥിച്ചു.

ആ അഭ്യർഥന പരിഗണിക്കപ്പെട്ടു. മലൈബാരിയെ കോടതിയിൽ വിചാരണക്കായി ഹാജരാക്കി. സംഭവദിവസത്തെ കാര്യങ്ങൾ അദ്ദേഹം സത്യസന്ധമായി കോടതിയിൽ ബോധിപ്പിച്ചു. “ലാതഫ്അൽ അത്വിഅ്‘ എന്ന് താൻ വിളിച്ചുപറഞ്ഞതും അത് ഖാലിദ് രാജകുമാരൻ പരിഗണിച്ചതും കൂട്ടത്തിൽ ചേർത്തുപറഞ്ഞു. താൻ ഭരണകൂടത്തിന് എതിരാണെന്ന ധാരണ അകറ്റുന്നതിന് വേണ്ടിയാണ് ഈ വിവരം പ്രത്യേകം എടുത്ത് പറഞ്ഞത്. അപ്പോൾ ആ മൊഴിയുടെ സത്യാവസ്ഥ അന്വേഷണ വിധേയമാക്കി. സംഭവദിവസം അവിടെ ചെന്നിരുന്ന ഉദ്യോഗസ്ഥന്മാരെ വിചാരണ ചെയ്തു. ആ സദസ്സിൽ നിന്നും അങ്ങനെ ആരോ വിളിച്ചുപറഞ്ഞത് ഞങ്ങൾ കേട്ടിട്ടുണ്ട്. അതോടെയാണ് ഖാലിദ് ഞങ്ങൾക്ക് വഴങ്ങിയത്, പക്ഷെ, അതാരാണെന്ന് മങ്ങിയ വെളിച്ചത്തിൽ തിരിച്ചറിയാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടില്ല എന്ന് അവർ മൊഴി നൽകി. രണ്ടു കൂട്ടരുടേയും മൊഴികൾ സാമ്യമായി വന്ന സാഹചര്യത്തിന്റെ ബലത്തിൽ കോടതി എന്റെ ആത്മസുഹൃത്തിനെ മോചിതനാക്കാൻ രാജാവിനോട് ശുപാർശ ചെയ്തു. അദ്ദേഹം ഔദാര്യപൂർവ്വം മോചിതനായി. അത്യത്ഭുതകരമായ ഈ മോചനം അബ്ദുർറഊഫ് മലൈബാരിയുടെ അന്തസ്സും നിലവാരവും വർദ്ധിക്കാൻ ഇടയായി. റിയാദിലെ പല ഉന്നതന്മാരും അദ്ദേഹവുമായി സുഹൃദ്ബന്ധം സ്ഥാപിക്കുകയും അദ്ദേഹത്തിന് ആതിഥ്യം നൽകുകയും പതിവായി. ഈ പരിഗണനകളും ബന്ധങ്ങളും മൗലവിക്ക് ഒരുതരം വീർപ്പുമുട്ടലായിത്തീർന്നു. റിയാദിൽ നിന്നുള്ള മാറ്റം അനിവാര്യമായി അദ്ദേഹത്തിന് തോന്നി. അങ്ങനെ താമസം മക്കയിലേക്ക് മാറ്റി. ഹറമിൽ അനുവദിച്ചു കിട്ടിയ ഒരു മുറിയിൽ താമസിച്ചു. ഹാജിമാർക്കും മറ്റു സന്ദർശകർക്കും കഴിയാവുന്ന സേവനങ്ങൾ നൽകി ജീവിച്ചു. മസ്ജിദുൽ ഹറമിൽ നടന്നുവന്നിരുന്ന കോളേജിന്റെ മേൽനോട്ടക്കാരനായി അദ്ദേഹം നിയമിക്കപ്പെട്ടു. സുഊദി ഗവൺമെന്റിൽ നിന്നും സാമാന്യം മെച്ചപ്പെട്ട ശമ്പളവും. മസ്ജിദുൽ ഹറമിന്റെ അണ്ടർഗ്രൗണ്ടിൽ തന്നെയാണദ്ദേഹം താമസിച്ചിരുന്നത്. പ്രസിദ്ധമായ ‘അത്തൗഹീദ്’ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണം പലവട്ടം അദ്ദേഹത്തിന്റെ ചെലവിൽ നടന്നു. സൗജന്യവിതരണമായിരുന്നു. അതിന്റെ ചുമതലകൾ എന്നെയാണ് അദ്ദേഹം ഏൽപിച്ചത്. എന്റെ അറബി മലയാള ഖുർആൻ പരിഭാഷയുടെ അഞ്ചു ജുസ്ഉം അദ്ദേഹത്തിന്റെ സ്വന്തം ചെലവിൽ അച്ചടിച്ചു.

എന്റെ വികാര വിചാരങ്ങളിൽ അബ്ദുർറഊഫ് മൗലവി കടന്നുവരാത്ത ദിനങ്ങൾ ഉണ്ടായിട്ടുണ്ടോ എന്ന് സംശയമാണ്. അതിനു സഹായമെന്നോണം അദ്ദേഹത്തിന്റെ ഇളയ സഹോദരനും സൗമ്യശീലനുമായ കെ.സി. മുഹമ്മദുണ്ണി മാസ്റ്റർ എന്റെ അയൽവാസിയായും നിത്യകാഴ്ചക്കാരനായും എന്റെ മുമ്പിൽ ഉണ്ട്. മഹാനായ എന്റെ ആത്മ സുഹൃത്തിനെ അന്ത്യഘട്ടത്തിലും ഒരു നോക്ക് കാണാൻ എനിക്ക് ഭാഗ്യമുണ്ടായില്ല. ആ ദുഃഖം എന്റെ ഓർമ്മകൾ നശിക്കുന്നേടം വരെ എന്നെ പിന്തുടരും. ശത്രുക്കൾ വിശുദ്ധ ഹറമിനെ രക്തപങ്കിലമാക്കിയ ഒരു മാസം ത്വവാഫും ജുമുഅയും നമസ്കാരവും മുടങ്ങി. ആ ക്രൂര കലാപത്തിൽ അജ്ഞാതമായ വെടിയുണ്ടകളേറ്റ് പിടഞ്ഞുവീണ് ഇഹലോകജീവിതം വെടിഞ്ഞ എന്റെ അബ്ദുർറഊഫ് മൗലവിയുടെ ആത്മാവ് മഹത്തുക്കളായ രക്തസാക്ഷികളുടെ ആഹ്ലാദകരമായ കൂട്ടുകെട്ടിൽ ബർസഖിയായ ലോകത്ത് വസിക്കുന്നുണ്ടാകുമെന്ന് എന്റെ ഹൃദയാന്തരാളങ്ങൾ മന്ത്രിക്കുന്നു. പരലോകത്ത് മനുഷ്യർ ഹാജരാക്കപ്പെടുന്ന ദിവസം ശുഹദാക്കൾക്ക് നൽകപ്പെടുന്ന ഉന്നതമായ സ്ഥാനം അദ്ദേഹത്തിനും കരസ്ഥമാക്കുവാൻ ഭാഗ്യം ലഭിക്കുമാറാകട്ടെ. ആമീൻ. എനിക്ക് അവിടെ വെച്ച് എന്റെ അബ്ദുർറഊഫിനെ കാണണം. സമ്പർക്കം പുലർത്താൻ കഴിയണം. സന്തോഷിക്കണം. എന്റെ ആത്മാവിന്റെ ദാഹമാണിത്. അല്ലാഹുവേ, നീ എനിക്ക് ഔദാര്യം ചെയ്യേണമേ! എനിക്ക് പൊറുത്ത് തരേണമേ, എന്റെ പ്രിയപ്പെട്ട കൂട്ടുകാരന്റെ ചാരത്ത് സ്വർഗത്തിൽ ഇടം നൽകേണമേ. എന്റെ കൂട്ടുകാരന്റെ കഥ അത്ഭുതകരമാണ്. യുവത്വത്തിൽ അബ്ദുർറഊഫ് നാടുവിട്ട ശേഷം ഒരിക്കലും മടങ്ങി നാട്ടിലേക്ക് വന്നില്ല. പലരും അപേക്ഷിച്ചു. നിർബന്ധിച്ചു. എന്തുകൊണ്ടോ നടന്നില്ല. വിവാഹം ചെയ്തില്ല. കാരണം അജ്ഞാതമാണ്. മണത്തലയിലുള്ള തന്റെ ചിങ്ങനാത്ത് വീട് ഓലമേഞ്ഞതായിരുന്നു. ഉമ്മയും സഹോദരങ്ങളും താമസിക്കുന്ന വീട്. വർഷംതോറും വീടുമേയാനുള്ള പണം പ്രത്യേകമായി എന്നെ ഏൽപിക്കുമായിരുന്നു. ഒരിക്കൽ ഞാൻ പറഞ്ഞു: നിങ്ങൾ അഞ്ചു വർഷത്തേക്ക് വീട് മേയാനുള്ള സംഖ്യ കഴിയുമെങ്കിൽ എന്നെ ഏൽപിക്കുക. വീട് ഓട് മേയാം. സമ്മതിച്ചു. സംഖ്യ എന്നെ ഏൽപിച്ചു. നിങ്ങൾ തന്നെ അത് അവിടെ നിന്നുകൊണ്ട് പൂർത്തീകരിക്കണം എന്നും നിർദ്ദേശിച്ചു. അങ്ങനെ ഞാൻ നാട്ടിൽ വന്നു. അദ്ദേഹത്തിന്റെ സഹോദരീ ഭർത്താവും നാട്ടിൽ ഒരു കാര്യപ്രാപ്തനായി അറിയപ്പെടുന്നവനുമായ ശൈഖ് ഹസൻ വൈദ്യരെയും സഹായത്തിനു കൂട്ടി. വേണ്ട സാമഗ്രികൾ എടുപ്പിച്ചു. പത്ത് ദിവസം അവിടെ താമസിച്ച് കാര്യം പൂർത്തിയാക്കി. ഞാനില്ലെങ്കിലും അത് നടക്കും. ഹസൻ വൈദ്യർ അതിന് പ്രാപ്തനാണ്. എനിക്ക്

ഈ വിഷയത്തിൽ യാതൊരു വിവരവുമില്ലതാനും. പക്ഷെ, എന്റെ സുഹൃത്തിന്റെ ആഗ്രഹം ഞാൻ മാനിച്ചു. അങ്ങനെ മൗലവിയുടെ കുടുംബം എന്റെയും കുടുംബമായി. ബന്ധങ്ങൾ ഇപ്പോഴും സ്നേഹപൂർവം തുടരുന്നു. അല്ലാഹു അനുഗ്രഹിക്കട്ടെ.

ഓർമകളുടെ തീരത്ത്

37

# ആഫ്രിക്കൻ റാത്തീബ്

ശൈഖ് അബ്ദുറഹ്മാൻ അഫ്‌രീഖി. ആഫ്രിക്കക്കാരനെ അഫ്‌രീഖി എന്നാണ് അറബികൾ പറയാറ്. കുല്ലിയത്തുശ്ശറഇയ്യയിൽ അദ്ധ്യാപകനായിരുന്നു. അബ്ദുർറഊഫ് മൗലവിയുടെയും ഉസ്താദാണ്. അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ മദീനയിൽ നടന്നുവന്നിരുന്ന ദാറുൽ ഹദീസിൽ എനിക്കും സഅദുദ്ദീൻ മൗലവിക്കും അദ്ദേഹം ഒരു റൂം അനുവദിച്ചു തന്നിരുന്നു. ഈ ദാറുൽ ഹദീസിന്റെ സ്ഥാപകൻ ദൽഹി സ്വദേശിയായ ശൈഖ് അഹ്മദ് ദഹ്‌ലവി എന്ന മഹാപണ്ഡിതനായിരുന്നു. അതിനാൽ ദാറുൽ ഹദീസിൽ അക്കാലത്ത് ഇന്ത്യക്കാർക്ക് ഒരു പരിഗണന നൽകിയിരുന്നു. ഇപ്പോൾ ആ സ്ഥാപനം ജാമിഅ ഇസ്‌ലാമിയ്യ (മദീന യൂണിവേഴ്സിറ്റി)യുടെ കീഴിലാക്കി വിപുലീകരിച്ചു നടത്തിപ്പോരുന്നു.

അബ്ദുറഹ്മാൻ അഫ്‌രീഖിയെ സ്മരിക്കുമ്പോൾ ഒരു പ്രത്യേക വിഷയം മനസ്സിൽ നീറിനീറി വരുന്നു. ആഫ്രിക്കയിലെ അദ്ദേഹത്തിന്റെ നാട് അതിഭയങ്കരമായ ഖുറാഫാത്തിന്റെ കേന്ദ്രമായിരുന്നുവത്രെ! അവിടെ ജീവിക്കാൻ ഒരു നിലക്കും കഴിയാത്ത വിഷമത്താൽ കുടുംബത്തോടൊപ്പം സുഊദിയിലേക്ക് ഹിജ്റ ചെയ്യുകയായിരുന്നു. തന്റെ നാട്ടിൽ നടന്നുവരുന്ന ഒരു റാത്തീബിന്റെ കഥ അദ്ദേഹം ഒരിക്കൽ വിശദീകരിച്ചു. മനസ്സും ശരീരവും ഒരുപോലെ വെന്തുരുകുന്ന പ്രതീതിയാണ് അത് കേട്ടപ്പോൾ ഉണ്ടായത്.

പ്രത്യേകം സജ്ജമാക്കിയ ഒരിടത്ത് തുല്യ എണ്ണത്തിൽ സ്ത്രീ പുരുഷന്മാർ സമ്മേളിക്കും. ഇതിൽ പരസ്പരം ബന്ധുക്കളായവരും ചിലപ്പോൾ സഹോദരീ സഹോദരന്മാരും ഉണ്ടാകും. റാത്തീബ് ആരംഭിക്കും. അത് ഓതിയോതി ഒരു തരം ഭക്തി പ്രമത്തതയിൽ എത്തും. സദസ്സ് സ്വയം മറന്ന് ആടിയുലയുമ്പോൾ വിളക്കണക്കും. ഇരുട്ടിൽ ഈ സ്ത്രീ പുരുഷന്മാർ ലൈംഗിക കേളികളിൽ വ്യാപൃതരാകും. ഇത് കേട്ട് ഞെട്ടി വിറക്കാത്തവരും ലജ്ജയിൽ നിന്നുതിർന്ന ദുഃഖഭാരത്താൽ കണ്ണീർ പൊഴിക്കാത്തവരും വിശ്വാസികൾക്കിടയിൽ ഉണ്ടാകുമോ? മക്കാ മുശ്‌രിക്കുകൾ

പോലും തോറ്റോടുന്ന, ലോകം അറിഞ്ഞതിലേറ്റവും കേളികേട്ട ലൈംഗിക അരാജകത്വത്തിന് കിരീടം ചൂടിയ കുപ്രസിദ്ധനായ കാമാന്ധൻ 'ഭഗവാൻ' രജനീഷിന്റെ ആശ്രമത്തെ രണ്ടാം സ്ഥാനത്തേക്ക് തള്ളി മാറ്റുന്ന ഒരു ആരാധനാ ചടങ്ങ്!! മനുഷ്യലോകത്തിന് സദാചാരത്തിന്റെ ഉത്തുംഗശ്രേണി കാണിച്ചും പ്രയോഗവത്കരിച്ചും അനുകരണീയമാക്കിയ ഇസ്ലാമിക ദർശനത്തിന്റെ ചിഹ്നമെന്ന നിലയിലാണ് ഈ റാത്തീബ് വ്യഭിചാരം അരങ്ങു തകർക്കുന്നത്. ഹോ! അതിനേക്കാൾ ഭീകരമാണല്ലോ അനന്തരഫലം! ഈ കാമകേളികളിൽ ഗർഭിണികളാകുന്ന സ്ത്രീകൾ പ്രസവിക്കുന്ന മക്കളാണത്രെ ആ വർഗത്തിലെ സയ്യിദുമാർ!! ഈ ഭീകര കൃത്യത്തിന് ഇസ്‌ലാമിന്റെ ഛായ നൽകാൻ ആഫ്രിക്കയിലും വലിയ തലപ്പാവും താടിയുമുള്ള മുസ്ലിയാക്കന്മാരുണ്ട്. അല്ലാഹുവിൽ ശരണം! അജ്മീർ- ഏർവാടി- ബീമാപള്ളി തുടങ്ങിയ ദർഗകളിലെ... ശാലകൾ ഈ കഥ കേട്ടപ്പോൾ ആറാം നമ്പർ ആയി തരംതാണുപോയി. അല്ലാഹുവിൽ ശരണം!



## 38

# ശൈഖ് അബ്ദുൽ അസീസ്ബ്നു അബ്ദുല്ലാഹിബ്നു ബാസ് ﷺ

ലോക പ്രശസ്ത പണ്ഡിതൻ. സുഊദി അറേബ്യയുടെ മതപ്രബോധന വകുപ്പിന്റെ തലവൻ. ഗ്രാന്റ് മുഫ്തി. രാജകൊട്ടാരത്തിൽ ബഹുമാനപൂർവ്വം പരിഗണിക്കപ്പെടുന്ന മഹദ് വ്യക്തിത്വം. സർവ്വോപരി മനുഷ്യസ്നേഹി. അദ്ദേഹത്തെ വാഴ്ത്തിയാൽ എനിക്ക് പൂതി തീരുകയില്ല. അത്ര വലിയ ജ്ഞാനിയും സ്വഭാവശ്രേഷ്ഠനും വിനയാന്വിതനുമായ മഹാപുരുഷനായിരുന്നു ഇബ്നുബാസ് ﷺ. 1999 മെയ് മാസത്തിൽ അദ്ദേഹം ഈ ലോകത്തോട് വിടപറഞ്ഞു.

1955ലാണ് ഞാൻ ആദ്യമായി ഹജ്ജിനുപോയത്. ശേഷം ഉപരിപഠനാർത്ഥം അവിടെ കൂടി. ഈ വിവരങ്ങൾ മുമ്പ് വിശദീകരിച്ചിട്ടുണ്ട്. എന്റെ ആദ്യ ഹജ്ജ് വേളയിൽ തന്നെ മക്കത്ത് വെച്ച് അബ്ദുർറഊഫ് മൗലവി മുഖേന ഞാൻ ശൈഖിനെ പരിചയപ്പെട്ടു. ഞാൻ അവിടെ ചെല്ലുമ്പോൾ ശൈഖ് ഇബ്നുബാസ് റിയാദ് കുല്ലിയത്തു ശറഇയ്യയിലെ അദ്ധ്യാപകനായിരുന്നു. റിയാദിലെ ഏറ്റവും വലിയ പള്ളിയിലെ ഇമാമും ഇദ്ദേഹം ത

ന്നെ. അവിടെ നടക്കുന്ന ഔദ്യോഗിക ദർസിന്റെ നായകനുമാണ്. ഞങ്ങളുടെ ബന്ധത്തിനു നാലു പതിറ്റാണ്ടുകളിലേറെ പഴക്കമുണ്ട്. ഞാൻ മക്കയിൽ ആദ്യമായി എത്തിയ കാലം. ഹജ്ജിന്റെ അടുത്തൊരു ദിവസം ഹറമിൽ മഗ്‌രിബ് നമസ്കാരാനന്തരം പല ഭാഗങ്ങളിലായി പലരും ക്ലാസ് നടത്തുന്നതായി കണ്ടു. അവിടെ അൽപം തങ്ങി. പഠനാർഹമായിരുന്നു ആ പ്രസംഗം. മനസിൽ തറക്കുന്ന ഉപദേശങ്ങൾ. ഇശാഅ് ബാങ്ക് ഉയർന്നപ്പോൾ പ്രഭാഷണം നിർത്തി. വളരെ ഗുണവും രുചിയുമുള്ള ഒരു പാനീയം കുടിച്ച് ആസ്വദിക്കുമ്പോൾ പെട്ടെന്ന് പാത്രം ഒഴിഞ്ഞതുപോലെയുള്ള നിരാശയുണ്ടായി. അദ്ദേഹത്തെ പരിചയപ്പെടണമെന്ന മോഹം. സന്ദർശകരുടെ തിരക്കൊഴിഞ്ഞ തക്കം നോക്കി അടുത്ത് ചെന്ന് സലാം പറഞ്ഞു. സലാം മടക്കിയിട്ട് ആരാണിത്? പരിചയമില്ലാത്ത ശബ്ദമാണല്ലോ എന്ന് പറഞ്ഞു പരിചയപ്പെട്ടു. എന്റെ സംസാരത്തിലെ അക്ഷരസ്ഫുടതയും അറബി വ്യാകരണ നിയമങ്ങളോട് യോജിപ്പുള്ള സംസാരവും അദ്ദേഹത്തിന് വളരെ ഇഷ്ടമായെന്ന് പറഞ്ഞു. എനിക്കും സഅദുദ്ദീൻ മൗലവിക്കും ടെസ്റ്റും ഇന്റർവ്യൂ ഒന്നുമില്ലാതെ കോളേജിൽ പ്രവേശനം ലഭിക്കാനിടയായത് ഇബ്നുബാസിന്റെ ശുപാർശയുടെ ബലത്തിലായിരുന്നു എന്ന് അബ്ദുർറഊഫ് മൗലവിയിൽ നിന്നും പിന്നീട് അറിഞ്ഞു.

13-ാം വയസ്സിൽ മസൂരി രോഗം ബാധിച്ച് കണ്ണുകൾ രണ്ടും നഷ്ടപ്പെട്ടതായിരുന്നു. പക്ഷെ കണ്ണുള്ളതിനേക്കാൾ കഴിവും ശക്തിയും അല്ലാഹു ഇബ്നുബാസിന്റെ മനസ്സിനു നൽകി. ഒരു അനുഭവം പറയാം. അദ്ദേഹത്തെ പരിചയപ്പെടുകയും സംസാരിക്കുകയും ചെയ്തശേഷം കോളേജിൽ അഡ്മിഷനായി. ഞാൻ ആദ്യത്തെ വെക്കേഷനിൽ നാട്ടിൽ വന്നു. ഇതിനിടയിൽ ഒരിക്കൽകൂടി അദ്ദേഹത്തെ കണ്ടു എന്നാണ് ഓർമ്മ. ഹ്രസ്വമായ കാണൽ. നാട്ടിൽ വന്നു മാസങ്ങൾക്ക് ശേഷം ഞാൻ ജിദ്ദയിൽ തിരിച്ചെത്തി. മക്കയിൽ വന്നു. ത്വവാഫ് കഴിഞ്ഞു. അപ്പോൾ ഹറമിന്റെ ഒരു ഭാഗത്ത് ഇബ്നുബാസിന്റെ ക്ലാസ് നടക്കുന്നു. സന്തോഷമായി. അതിൽ സംബന്ധിച്ചു. ക്ലാസ് കഴിഞ്ഞപ്പോൾ ആളുകൾ സലാം പറഞ്ഞും സ്നേഹം പങ്കിട്ടും അദ്ദേഹത്തിന്റെ ചുറ്റും കൂടിയിരിക്കുകയാണ്. അങ്ങോട്ടടുക്കാൻ ഒരു പഴുതുമില്ല. ഞാൻ ദൂരെ നിന്ന് ഉറക്കെ സലാം പറഞ്ഞു. ആ സ്നേഹവലയത്തിന്റെ ശബ്ദക്കൂട്ടത്തിൽ നിന്നും അദ്ദേഹം ഉറക്കെ എനിക്ക് സലാം മടക്കുകയും "അഹ്‌ലൻ യാ ശൈഖ് ഉമർ" എന്ന് പറയുകയും ചെയ്തുകൊണ്ട് ഹസ്തദാനത്തിനായി കൈനീട്ടി. അപ്പോൾ ആളുകൾ ഒഴിഞ്ഞുതന്നു. ഞാൻ മുന്നോട്ടടുത്ത് ചെന്ന് കൈപിടിച്ചു. അത്ഭുതം കൊണ്ടും ആനന്ദം കൊണ്ടും ഞാൻ കുഴഞ്ഞുപോയി. ഇതായിരുന്നു

ഇബ്നുബാസിന് അല്ലാഹു കനിഞ്ഞു നൽകിയ ഗ്രാഹ്യശക്തി. ഫത്വകൾക്കായി വ്യക്തികളും സംഘടനകളും പ്രത്യേകിച്ച് കൊട്ടാരത്തിൽ നിന്നും അദ്ദേഹത്തെ സമീപിക്കും. ഖുർആനും ഹദീസും തെളിവായി രേഖപ്പെടുത്തിയും ബൃഹത്തായ തഫ്സീർ ഗ്രന്ഥങ്ങളിൽ നിന്നും മറ്റും വിശദീകരണങ്ങൾ ഉദ്ധരിച്ച് പേജ് നമ്പർ വരെ പറഞ്ഞുകൊടുത്ത് സെക്രട്ടറിമാരെക്കൊണ്ട് മറുപടികൾ തയ്യാറാക്കും. രണ്ട് കണ്ണിനും കാഴ്ചയുള്ളവർ തന്നെ ഇത്തരം ഘട്ടങ്ങളിൽ കിതാബുകൾ മാറിമാറി റഫർ ചെയ്തു കുറിപ്പെടുത്ത ശേഷമേ ഫത്വ തയ്യാറാക്കുകയുള്ളൂ. അങ്ങനെ ചെയ്യാനേ ആർക്കും കഴിയൂ. പക്ഷെ, മഹാനവർകളുടെ മനസ്സിന്റെ കണ്ണാടിയിൽ ആവശ്യമനുസരിച്ച് ഇതെല്ലാം അപ്പോഴപ്പോൾ വന്നുകൊണ്ടിരിക്കും. കമ്പ്യൂട്ടറിൽ ബട്ടൻ അമർത്തി കാത്തിരിക്കുന്നതിനേക്കാൾ വേഗത്തിൽ എന്ന് പറഞ്ഞാൽ അതിൽ ഒരതിശയോക്തിയുമില്ല. ഇബ്നുബാസിന്റെ ഫത്വകൾ അറേബ്യൻ ഭരണകൂടത്തിൽ മാത്രമല്ല ലോകമെമ്പാടുമുള്ള പണ്ഡിതസദസ്സുകളിലും പ്രത്യേകം പരിഗണിക്കപ്പെടുന്നവയാണ്.

ശൈഖിന് അന്ധത ബാധിച്ച ബാല്യകാലം. അന്ന് സുഊദിയിൽ ഗ്രാന്റ് മുഫ്തി ശൈഖ് മുഹമ്മദുബ്നു ഇബ്രാഹീം ആലുശൈഖ് ﷺ എന്ന മഹാപണ്ഡിതനായിരുന്നു. ഇബ്നുബാസ് ഒരിക്കൽ അദ്ദേഹത്തെ സന്ദർശിച്ച് തന്നെ അദ്ദേഹത്തിന്റെ ഒരു വിദ്യാർത്ഥിയായി സ്വീകരിക്കണമെന്ന് അപേക്ഷിച്ചു. ഖുർആൻ മനഃപാഠമാക്കിയിട്ടുണ്ടോ എന്ന് ശൈഖ് ആലുശൈഖ് ചോദിച്ചു. ഇല്ല. എങ്കിൽ അത് പൂർത്തിയാക്കി വരിക എന്ന് പറഞ്ഞു മടക്കി അയച്ചു. മൂന്ന് മാസം കൊണ്ട് ഖുർആൻ മുഴുവനും അന്ധനായ ആ ബാലൻ മനഃപാഠമാക്കി ശൈഖിന്റെ അടുക്കൽ തിരിച്ചെത്തി. ശൈഖിന്റെ ഓമനശിഷ്യനായി. പരീക്ഷയും സർട്ടിഫിക്കറ്റുമില്ലാത്ത പഠനം. ഖുർആൻ മനഃപാഠമാക്കിയതിന്റെ ബർക്കത്തായിരിക്കാം. ഒരിക്കൽ ഒരു വിഷയം കേട്ടാൽ അത് മനസ്സിൽ പതിയും. പിന്നീട് ഇന്ന കിതാബിൽ ഇന്ന പേജിൽ ഇന്നതുപോലെയുണ്ട് എന്നു കൃത്യമായി പറയാൻ നിഷ്പ്രയാസം സാധിക്കുന്ന നിലയിലേക്ക് അദ്ദേഹത്തിന്റെ പഠനവും ജ്ഞാനവും ഉയരുകയായിരുന്നു! അല്ലാഹുവിന്റെ ഒരു വിശേഷാൽ അനുഗ്രഹം! ശൈഖ് ഏറ്റവും വലിയ പണ്ഡിതനായി ലോകത്ത് അംഗീകരിക്കപ്പെട്ടു. പദവികൾ അദ്ദേഹത്തെ തേടിയെത്തുകയായിരുന്നു. ഒടുവിൽ തന്റെ ഗുരുനാഥൻ ഇരുന്ന വിശിഷ്ടമായ കസേരയിൽ അദ്ദേഹം എത്തിച്ചേർന്നു. സുഊദിയിലെ ഗ്രാന്റ് മുഫ്തി! ദാറുൽ ഇഫ്താഇന്റെ ചെയർമാൻ! ലോകത്ത് അനേകം രാഷ്ട്രങ്ങളിലേക്ക് പ്രബോധകരെ സുഊദി സർക്കാരിന്റെ ശമ്പളത്തിൽ നിയമിച്ചയിക്കാറുണ്ട്. ഈ നിയമനങ്ങ

ളെല്ലാം ഇബ്നുബാസിന്റെ കയ്യൊപ്പിലാണ് നടപ്പാക്കുന്നത്. എനിക്കും ഈ അവസരം ലഭിച്ചിട്ടുണ്ട്. കേരളത്തിൽ പ്രബോധകനായി കുറെ വർഷങ്ങൾ ഞാൻ നിയമിക്കപ്പെട്ടു. എഴുപതു വയസ്സാണ് അതിന്റെ കാലാവധി. അതുവരെ ഞാൻ ആ സ്ഥാനത്ത് തുടർന്നു. വർഷംതോറും ഹജ്ജ് വേളയിൽ എനിക്ക് ടിക്കറ്റ് അയച്ചുകിട്ടും. അവിടെ ചെന്ന് മലയാളികളായ ഹാജിമാർക്ക് ഉപദേശം നൽകാനും സേവനം ചെയ്യാനുമാണിത്. ഈ നിയമനം മുഖേന സ്ഥിരമായി ലഭിച്ചുപോന്ന പ്രതിഫലമാണ് എന്റെ പ്രവർത്തനങ്ങൾക്കും ജീവിതാവശ്യങ്ങൾക്കും തുണയായിരുന്നത്. ദാരിദ്ര്യം എന്റെ കുടുംബത്തിൽ നിന്ന് പൂർണ്ണമായി വിട്ടൊഴിയാനും ഇത് സഹായകമായി. അല്ലാഹുവിന്റെ അനുഗ്രഹം. ഇബ്നുബാസിന്റെ സ്നേഹപൂർവ്വമായ ഔദാര്യം.

എന്തുകൊണ്ടെന്നറിയില്ല, എന്നെ അദ്ദേഹം വല്ലാതെ സ്നേഹിച്ചിരുന്നു. കേരളത്തിൽ നിന്നും അദ്ദേഹത്തെ ആര് സന്ദർശിച്ചാലും അവരോട് ശൈഖ് ഉമർ അഹ്മദ് മലൈബാരിയെ അറിയുമോ എന്നു ചോദിക്കും. ഞാനുമായി നല്ല അടുപ്പമുള്ളവർ അതിനൊത്ത മറുപടി പറയും. അവരെ അദ്ദേഹം പ്രത്യേകം പരിഗണിക്കും. ചിലരെ സൽക്കരിക്കും. എനിക്ക് സലാം പറയാൻ അവരോട് വസ്വിയ്യത്ത് ചെയ്യും. നാട്ടിലുള്ളപ്പോൾ ഇത്തരം അനുഭവങ്ങൾ ഒട്ടേറെ ഉണ്ടായിട്ടുണ്ട്. എന്നോടുള്ള അദ്ദേഹത്തിന്റെ മനോഭാവം കണ്ടറിഞ്ഞവരും കേട്ടറിഞ്ഞവരുമായി സലഫീ സുഹൃത്തുക്കളും സ്ഥാപനങ്ങളുടെ ഭാരവാഹികളും സുഊദിയിലേക്ക് വിവിധങ്ങളായ ദീനീ ആവശ്യങ്ങൾക്ക് സഹായം തേടി യാത്രയാകുമ്പോൾ എന്നെ സമീപിക്കുക പതിവാണ്. ഇബ്നുബാസിന് ഒരു കത്ത് വേണം. ചിലർക്ക് പരിചയപ്പെടുത്തിയാൽ മതി. ചിലർക്ക് ശുപാർശ ചെയ്യുന്ന കത്തായിരിക്കണം. ഉത്തമബോധ്യമുള്ളവർക്ക് ഞാൻ കത്ത് നൽകും. ഇങ്ങനെ ശൈഖ് അവർകൾക്ക് ഞാൻ നൽകിയ എണ്ണമറ്റ കത്തുകളിൽ ഒട്ടും പരിഗണിക്കപ്പെടാതെ പോയത് ഒന്നുമില്ലെന്നാണ് എന്റെ അറിവ്. പോയവർ മടങ്ങി എത്തിയാൽ എന്നെ കാണാൻ വരും. ഏറെ സന്തോഷത്തോടെയാണ് അവർ തങ്ങളുടെ അനുഭവങ്ങൾ വിവരിക്കുക. അദ്ദേഹത്തെ സമീപിക്കുന്ന വിഷയത്തിന്റെ പ്രാധാന്യം ബോധ്യപ്പെട്ടാൽ അവിടെ നിന്നുള്ള സഹായത്തിനു പുറമെ അദ്ദേഹത്തിന്റെ ഒരു പൊതുവായ ശുപാർശക്കത്തു ഒപ്പിട്ടുകൊടുക്കും. സുഊദിയിലെ ഏത് ഉന്നത കേന്ദ്രങ്ങളിലും കുബേരന്മാർക്കിടയിലും ആ ശുപാർശ മാന്യമായി പരിഗണിക്കപ്പെടും. എന്നാൽ നാൽപത്തിഅഞ്ചു വർഷത്തെ നീണ്ട സൗഹൃദത്തിനിടയിൽ വ്യക്തിപരമായ ഒരു സഹായവും ഞാൻ അദ്ദേഹത്തിൽ

നിന്നും ആവശ്യപ്പെട്ടിട്ടില്ല. കത്തു മുഖേനയും നേരിൽ കണ്ടപ്പോഴും അത് ഞാൻ കാത്തുസൂക്ഷിച്ചു. പക്ഷെ, അദ്ദേഹം എന്റെ പ്രവർത്തനങ്ങൾ അന്വേഷിച്ചറിയും. ഇടക്ക് എന്നെ സഹായിക്കും. ചിലപ്പോൾ പണം നേരിട്ട് അയച്ചുതരും. ചിലപ്പോൾ വിശ്വസ്തരായ ആരുടെയെങ്കിലും പക്കൽ കൊടുത്തയക്കും. നേരിൽ കാണുന്ന സന്ദർഭങ്ങളിൽ കയ്യിൽ തരും. ഇങ്ങനെ എന്നെ സഹായിച്ചിട്ടുള്ള എല്ലാ സന്ദർഭങ്ങളിലും കത്തിലൂടെയും നേരിട്ടും മൂന്നാമൻ വഴിക്കായാലും ഒരു വാചകം അദ്ദേഹം ഒഴിവാക്കാറുണ്ടായിരുന്നില്ല. “ഇത് സ്വീകരിക്കുവാൻ അപേക്ഷിക്കുന്നു”. മഹാന്മാരെക്കൊണ്ടല്ലാതെ ഇത് കഴിയില്ല. മഹാന്മാരിൽ മഹാനായിരുന്നു ശൈഖ് ഇബ്നുബാസ് ﷺ.

ശൈഖ് അവർകൾക്ക് എന്നോടുണ്ടായിരുന്ന സ്നേഹാധിക്യം അനുഭവിച്ചറിഞ്ഞ ഒരു പ്രത്യേക സന്ദർഭം നിങ്ങളുമായി സന്തോഷത്തോടെ ഞാൻ പങ്കുവെക്കുന്നു. എനിക്ക് സുഊദിയിൽ പോകാൻ ആഗ്രഹമുണ്ടായ ഒരു ഘട്ടം. ബോംബെയിൽ പോയി. ഒരു പരിചയക്കാരനായ ട്രാവൽ ഏജന്റിന്റെ പക്കൽ പാസ്പോർട്ട് ഏൽപിച്ചു മടങ്ങി. ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഒരു ടെലഗ്രാം കിട്ടി. സുഊദിയിലെ പ്രമുഖനായ ഒരു വ്യാപാരിയുടേതായിരുന്നു അത്. അദ്ദേഹം എന്റെ ഒരു പരിചയക്കാരനായിരുന്നു. അദ്ദേഹത്തിന് എന്നെ കാണണം. ഉടനെ ബോംബെ ടാജ്മഹൽ ഹോട്ടലിലെ ഇന്ന സ്യൂട്ടിൽ വന്നെത്തണം. കൂട്ടത്തിൽ ഒ.കെ. ചെയ്ത വിമാന ടിക്കറ്റും അയച്ചിട്ടുണ്ട്. ഞാൻ പോയി കണ്ടു സംസാരിച്ചു. സൗഹൃദം പുതുക്കി. കുറേ കാലമായി ഞങ്ങൾ തമ്മിൽ കാണാറില്ലായിരുന്നു. ഞാൻ സുഊദിയിൽ ചെല്ലുമ്പോൾ അദ്ദേഹം വിദേശത്തായിരിക്കും. അങ്ങനെ അദ്ദേഹം ബോംബെയിലെത്തിയപ്പോൾ പെട്ടെന്ന് എന്നെ ഓർത്തു. ഡയറിയിൽ നിന്നും എന്റെ വിലാസം നോക്കിയെടുത്തു വിവരം തന്നു. അന്ന് എനിക്ക് ഫോൺ സൗകര്യമില്ല. അങ്ങനെ അദ്ദേഹത്തിന്റെ അതിഥിയായി ഒരു ദിവസം ഹോട്ടൽ താജ്മഹലിൽ കഴിഞ്ഞു. പലരും എന്നെ ആശ്ചര്യത്തോടെ നോക്കുന്നുണ്ടായിരുന്നു. ഒരു ഇസ്തിരിയിടാത്ത വെളുത്ത ഷർട്ടും മുണ്ടും നീണ്ട താടിയും തലയിൽ ഒരു നൂൽ തൊപ്പിയും ഒരു ഓയിൽ തുണിയുടെ ഷാളും തോളിൽ തൂക്കിയിടുന്ന ഒരു സഞ്ചിയുമാണ് എന്റെ വേഷം. കോടീശ്വരന്മാർ താമസിക്കുന്ന താജ്മഹൽ ഹോട്ടലിൽ ഇങ്ങനെ ഒരുത്തൻ എങ്ങനെ വന്നു?! ഇതാണ് ഈ ആശ്ചര്യത്തിന്റെ ഉറ്റുനോക്കൽ. റസ്റ്റാറന്റിലും സ്വീകരണ ഹാളിലും ഞാൻ എന്റെ സുഹൃത്തുമായി വിഹരിച്ചപ്പോഴാണ് ഈ അനുഭവമുണ്ടായത്.

ഈ കൂടിക്കാഴ്ചയിൽ അദ്ദേഹം, ഞാൻ എന്തു ചെയ്യണം എന്ന്

എന്നോട് ചോദിച്ചു. ഞാൻ ഉടനെ പറഞ്ഞു: എനിക്ക് അത്യാവശ്യമായി ഒന്ന് അറേബ്യയിൽ പോകണം. വിസ കിട്ടാൻ താമസം. എനിക്ക് രണ്ടു ദിവസത്തെ വിസ കിട്ടിയാൽ മതി. നിങ്ങൾക്ക് കഴിയുമോ? എന്നിട്ടെന്തു ചെയ്യും. എന്ന് അദ്ദേഹം ചിരിച്ചുകൊണ്ട് ചോദിച്ചപ്പോൾ "അവിടെയെത്തിയെന്നറിഞ്ഞാൽ ശൈഖ് ഇബ്നുബാസ് എന്നെ സഹായിക്കുമെന്നാണ് പ്രതീക്ഷ"യെന്ന് ഞാൻ മറുപടി പറഞ്ഞു. അദ്ദേഹം എന്നെ അണച്ചുപിടിച്ചു ഇബ്നുബാസിനുവേണ്ടി പ്രാർത്ഥിക്കുന്നുണ്ടായിരുന്നു. "ഞാൻ നാളെയും കൂടിയേ ഇവിടെ ഉണ്ടാകൂ. നിങ്ങളുടെ പാസ്പോർട്ട് തരൂ" എന്ന് പറഞ്ഞു. ഉടനെ ഞാൻ എന്റെ ഏജന്റിനെ വിളിച്ചു. അപ്പോഴാണ് എന്റെ പാസ്പോർട്ട് ഡൽഹിയിലുള്ള അവരുടെ ആഫീസിലാണെന്ന് ഏജന്റ് പറയുന്നത്. എന്റെ നിരാശയുടെ നെടുവീർപ്പ് ഫോണിലൂടെ കേട്ടപ്പോൾ ഏജന്റ് പറഞ്ഞു: മൗലവി വിഷമിക്കേണ്ട, രാവിലെ സാധനം ഞാൻ നിങ്ങളുടെ കയ്യിൽ തരാം. അങ്ങനെ അദ്ദേഹം ഡൽഹിയുമായി ബന്ധപ്പെട്ടു. പിറ്റേദിവസം രാവിലെ വിമാനത്തിൽ പാസ്പോർട്ട് എത്തി. അദ്ദേഹത്തിന്റെ അതിസാമർത്ഥ്യം എന്നെ വല്ലാതെ ആകർഷിക്കുകയും അതിന്റെ മറവിൽ ഞാൻ ആസൂത്രിതമായി വഞ്ചിക്കപ്പെടുകയും ചെയ്ത കഥ വേറെയുണ്ട്. അത് പിന്നീടാകാം.

പാസ്പോർട്ടുമായി എന്നെയും കൂട്ടി എന്റെ സുഹൃത്ത് ബോംബെയിലുള്ള സുഊദി കോൺസലേറ്റിൽ പോയി. അദ്ദേഹത്തിന്റെ സ്വാധീനം എനിക്ക് ബോധ്യപ്പെട്ടു. ഒരാഴ്ചത്തേക്കുള്ള വിസ സ്റ്റാമ്പ് ചെയ്ത് പിറ്റേന്ന് പാസ്പോർട്ട് കയ്യിൽകിട്ടി. പിന്നെ ആകപ്പാടെ മഹാ തിരക്കായിരുന്നു. ജിദ്ദയിലേക്ക് ടിക്കറ്റ് ഒ.കെയാക്കണം. നാട്ടിലേക്ക് വരണം. ഉടനെ തിരിച്ചു ബോംബെയിലെത്തണം. കേരളത്തിൽ അന്ന് നേരിട്ട് വിദേശയാത്രാ വിമാന സൗകര്യങ്ങളൊന്നുമില്ല.

എങ്ങനെയോ ഓടിക്കിതച്ച് കാര്യങ്ങൾ പൂർത്തിയാക്കി ഞാൻ ജിദ്ദയിലെത്തി. ചെന്നെത്തിയ ദിവസവും പിറ്റേദിവസവും മാത്രമേ വിസ ബാക്കിയുള്ളൂ. നീട്ടിക്കിട്ടിയില്ലെങ്കിൽ പിറ്റേന്നാൾ ബോംബെക്ക് മടങ്ങണം. ഞാൻ വിമാനമിറങ്ങിയ ശേഷം ആദ്യം ചെയ്തത് ഇബ്നുബാസിന് ടെലക്സ് അയക്കുകയായിരുന്നു. വിസയുടെ കാലാവധി 24 മണിക്കൂർ മാത്രം എന്നും കാണിച്ചു. ഒരു മണിക്കൂറിനകം മറുപടി കിട്ടി. വിസ നിങ്ങൾക്കിഷ്ടമുള്ളിടത്തോളം നീട്ടിത്തരുവാൻ ബന്ധപ്പെട്ട ഓഫീസിൽ ഇതോടൊപ്പം കൽപന അയച്ചിട്ടുണ്ട് എന്നായിരുന്നു സന്ദേശം. പ്രശ്നം പരിഹൃതമായി. സൗദിയിൽ എവിടെയും യാത്ര ചെയ്യാനുള്ള പ്രത്യേക അനുമതിപത്രവും ലഭിച്ചു. ഞാൻ ആദ്യം പോയത് ശൈഖിന്റെ അടുക്ക

ലേക്കായിരുന്നു. തമ്മിൽ കണ്ടു. അദ്ദേഹത്തെ സന്തോഷാശ്രുക്കളോടെ ഞാൻ ആശ്ലേഷിച്ചു. എനിക്ക് വേണ്ടി പ്രാർത്ഥിച്ചു. എന്നെ ഹൃദ്യമായി സൽക്കരിച്ചു. ആ സ്നേഹവും ആ ബന്ധവും ഒന്നു പ്രത്യേകം തന്നെയായിരുന്നു.

മറ്റൊരു സംഭവം ഇപ്രകാരമാണ്. ഞാൻ ഒരിക്കൽ ജിദ്ദയിലെത്തി. എയർപോർട്ടിൽ നിന്നുതന്നെ അടിയന്തിര സന്ദേശം. ശൈഖിന്റേതാണ്. ഉടനെ തന്നെ വന്നു കാണണം. നേരെ അദ്ദേഹത്തിന്റെ അടുക്കലേക്ക് പോയി. ഞാൻ ശൈഖിനെ മുഖം കാണിച്ചു. അത്യാവശ്യ കുശലം കഴിഞ്ഞപ്പോൾ കിട്ടിയ വാർത്ത ഭീകരവും വേദനാജനകവുമായിരുന്നു. ശൈഖ് ഉമർ അഹ്മദ് മലൈബാരി എന്ന ഒരാൾ ഇന്ന ദിവസം ഇന്ന വിമാനത്തിൽ ജിദ്ദയിലെത്തുന്നു, ഇയാൾ ഇസ്‌ലാമിന്റെ കഠിന വിരോധിയും സിയോണിസ്റ്റ് ഏജന്റുമാണ്, പ്രത്യേകം ശ്രദ്ധിക്കേണ്ടതാകുന്നു, ഇങ്ങനെ ഒരു സന്ദേശം രാജസന്നിധിയിലെത്തിയിരിക്കുന്നു. അതിന്റെ പകർപ്പ് രാജാവിന്റെ കൽപന പ്രകാരം ശൈഖ് ഇബ്നുബാസിന്റെ പ്രത്യേക ശ്രദ്ധയ്ക്കും നടപടിക്കുമായി കൊട്ടാരത്തിൽ നിന്നും അദ്ദേഹത്തിന് അയച്ചിരിക്കുകയാണ്. ഉത്തരവിന്റെ കോപ്പി അദ്ദേഹം എനിക്ക് വായിക്കാൻ തന്നു. ഞാൻ സ്തംഭിച്ചുപോയി! അതിന്റെ പ്രത്യാഘാതം അറിയുന്നതുകൊണ്ടാണത്. ശൈഖ് എന്നെ ആശ്വസിപ്പിച്ചു. ഇതിന്ന് തക്കതായ മറുപടി കൊട്ടാരത്തിലേക്ക് അയച്ചിട്ടുണ്ടെന്നും എന്നോട് പറഞ്ഞു. സുഊദിയിൽ എല്ലായിടത്തും യാത്രചെയ്യാനുള്ള അദ്ദേഹത്തിന്റെ പ്രത്യേക കത്ത് എനിക്ക് നൽകുകയും ചെയ്തു.

ഇബ്നുബാസിന്റെ 'ഹജ്ജും ഉംറയും' എന്ന ഗ്രന്ഥം മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്ത് അച്ചടിച്ച് തന്റെ സ്വന്തം ചെലവിൽ കേരളത്തിൽ സൗജന്യമായി വിതരണം ചെയ്യാൻ അദ്ദേഹം ആഗ്രഹിച്ചു. അന്ന് ഞാൻ കൊച്ചിയിലാണ് താമസം. ജമാഅത്തെ ഇസ്‌ലാമി നേതാവ് അബുൽ ജലാൽ മൗലവി അവിടെ ചെന്നപ്പോൾ ഈ കൃത്യനിർവഹണം ശൈഖ് അദ്ദേഹത്തെ ഏൽപിച്ചു. പ്രബോധനം പ്രസ്സിലാണ് അത് പ്രിന്റ് ചെയ്തത്. ഞാൻ ഒന്നും അറിഞ്ഞിട്ടില്ലായിരുന്നു. ഒരു ദിവസം അബുൽ ജലാൽ മൗലവിയുടെ ഒരു കത്ത് എനിക്ക് കിട്ടി. ഈ പുസ്തകത്തിന്റെ സൗജന്യ വിതരണം ശൈഖ് ഉമർ അഹ്മദ് മലൈബാരി മുഖേനയാകണമെന്നാണ് താൻ ആഗ്രഹിക്കുന്നതെന്നും ആയതിനാൽ അച്ചടിച്ച പതിനെണ്ണായിരം കോപ്പികൾ നിങ്ങളെ എൽപിക്കുവാനാണ് ശൈഖിന്റെ നിർദ്ദേശമെന്നും കത്തിൽ കാണിച്ചിരിക്കുന്നു. പുസ്തകക്കെട്ടുകൾ എവിടെയാണ് എത്തിക്കേണ്ടതെന്നും ചോദിച്ചിരിക്കുന്നു. കൊച്ചിയിൽ പുതിയ

പള്ളി മദ്റസയിൽ എത്തിക്കാൻ ഞാൻ മറുപടിയും നൽകി. അടുത്ത ദിവസം ലോറിയിൽ സാധനം എത്തി. അന്ന് അട്ടിമറിക്കാരുടെ പ്രശ്നങ്ങളില്ല. നമ്മുടെ ഇസ്‌ലാഹീ സുഹൃത്തുക്കൾ കെട്ടുകൾ മദ്റസയിൽ ഇറക്കിവെച്ചു. ഇറക്കുകൂലി ആഗ്രഹിച്ചുകൊണ്ടല്ല. അല്ലാഹുവിന്റെ പ്രതിഫലം കാംക്ഷിച്ചുകൊണ്ട്. എങ്കിലും ഞാൻ അവർക്ക് സന്തോഷത്തിന്നായി ചായപൈസ കൊടുത്തു. ഈ സേവനത്തിലും തുടർന്നുള്ള പലതിലും ഒരു സുഹൃത്തിനെ ഞാൻ പ്രത്യേകം സ്മരിക്കുന്നു. അരീക്കോട് ഉഗ്രപുരം സ്വദേശിയും കൊച്ചി വെല്ലിംഗ്ടൺ ഐലണ്ടിൽ ജോലി ചെയ്ത് പുതിയപള്ളിയിൽ താമസിച്ചുവന്നിരുന്ന വ്യക്തിയുമായ മൂസാ സാഹിബ്. മട്ടാഞ്ചേരിയിൽ ഐലന്റ് മൂസക്ക എന്നാണ് എല്ലാവരും അദ്ദേഹത്തെ വിളിച്ചിരുന്നത്. ഉറച്ച തൗഹീദ് വിശ്വാസിയും ഭക്തനും ശാന്തനുമായിരുന്നു ഐലന്റ് മൂസക്ക. എനിക്ക് വേണ്ടി അദ്ദേഹം ഒരുപാട് സേവനങ്ങൾ സസന്തോഷം ചെയ്തിട്ടുണ്ട്. എന്തുകൊടുത്താലും വാങ്ങുകയില്ല. പകരം ഒരു ചിരിയാണ് സമ്മാനിക്കുക. കുറെക്കാലം കൊച്ചിയിൽ ഉണ്ടായിരുന്നു. ചുമടെടുക്കാൻ വയ്യാതായപ്പോൾ ചില്ലറ കച്ചവടവുമായി കുറെ നാൾ കഴിഞ്ഞു. പിന്നീട് രോഗബാധിതനായി. ഒരു വലിയ ശസ്ത്രക്രിയ വേണ്ടി വന്നു. കൊച്ചിയിലെ സുഹൃത്തുക്കൾ സംഖ്യ ശേഖരിച്ച് അത് നടത്തി. ശേഷം നാട്ടിലേക്ക് പോയി. പിന്നീട് ലേശം മാനസിക തകരാറു ബാധിച്ചു. ആയിടക്കാണ് കണ്ണൂർ പിലാത്തറയിൽ കെ.എൻ.എം. സംസ്ഥാന സമ്മേളനം നടന്നത്. സമ്മേളനത്തിനു പോകാൻ വേണ്ടി ആ അസ്വാസ്ഥ്യത്തിനിടയിലും മൂസക്ക ബഹളം വെച്ചു. അങ്ങനെ കുടുംബക്കാരിൽ ചിലർ അദ്ദേഹത്തെ സമ്മേളന നഗരിയിൽ കൊണ്ടുവന്നു. കൊച്ചിയിൽ നിന്നെത്തിയ ആദർശ ബന്ധുക്കളെയെല്ലാം കണ്ടു. കുറച്ചുനാൾ മുമ്പ് ആ നല്ല മനുഷ്യൻ മരണമടഞ്ഞു. നല്ല മുവഹ്ഹിദ്, സൽസ്വഭാവി, ശാന്തൻ. അല്ലാഹു അദ്ദേഹത്തിന് പൊറുത്തുകൊടുക്കുകയും അനുഗ്രഹം ചൊരിയുകയും ചെയ്യട്ടെ.

ഹജ്ജും ഉംറയും ഒരു കോപ്പിയെടുത്ത് ഞാൻ ആദ്യന്തം പരിശോധിച്ചു. ജമാഅത്തുകാരാണ് ഇതിന്റെ പരിഭാഷയും അച്ചടിയും നിർവ്വഹിച്ചത്. വിതരണം ചെയ്യുന്നത് ഞാനും. അതുകൊണ്ട് പരിശോധന അത്യാവശ്യമാണെന്ന് തോന്നി. ഒരിടത്ത് തെറ്റ് കണ്ടു. ആദർശ വ്യതിയാനം ഉളവാക്കുന്ന തെറ്റ്. 'അല്ലാഹുവിനെ മാത്രം അനുസരിച്ചുകൊണ്ട്' എന്ന അർത്ഥം പിടിപ്പിച്ചിരിക്കുന്നു. ഇസ്‌ലാമിൽ ഇങ്ങനെ ഒരാശയമില്ല. അത് വഴിയേ വിശദീകരിക്കാം. വിതരണം ഞാൻ തൽക്കാലം നിർത്തിവെച്ചു. ഇതേക്കുറിച്ച് ശൈഖ് ഇബ്നുബാസിന് കത്തയച്ചു. ആ ഭാഗം ഉദ്ധരിച്ചുകൊ

ണ്ട്. ഈ വിവരം അബുൽ ജാൽ മൗലവിയേയും അറിയിച്ചു. കുറച്ചു ദിവസം കഴിഞ്ഞു ശൈഖിന്റെ കത്തുവന്നു. "പ്രസ്തുത ഭാഗം നിങ്ങൾ പറയുന്നതുപോലെ തിരുത്താൻ അപേക്ഷിക്കുന്നു" എന്ന അതിവിനയത്തിന്റെ വാക്കുകളായിരുന്നു മറുപടിയിൽ ഉണ്ടായിരുന്നത്. അങ്ങനെ ചെയ്യുന്നതിനുള്ള ചെലവും അദ്ദേഹം വഹിക്കും എന്നും എഴുതിയിരുന്നു. ഞാൻ എന്റെ 'സൽസബീൽ പബ്ലിഷിംഗ് ഹൗസി'ന്റെ യോഗം വിളിച്ചു. കൂടിയാലോചിച്ചു. 'പ്രസാധകന്റെ കുറിപ്പ്' എന്ന തലവാചകത്തിൽ ഒരു പ്രസ്താവന പ്രത്യേകം അച്ചടിപ്പിക്കുവാനും അതിൽ ശൈഖിന്റെ വാചകം അറബിയിൽ തന്നെ കാണിക്കുവാനും ആയത് ബുക്കിന്റെ കവർ പേജ് തുറക്കുന്ന ആദ്യപേജിൽ ഒട്ടിച്ചു ചേർത്ത് വിതരണം നടത്താനും തീരുമാനിച്ചു. പതിനെണ്ണായിരം കോപ്പിയിലും ഇത് ഒട്ടിച്ചുചേർക്കണം. മൂന്നു ദിവസംകൊണ്ട് എന്റെ സുഹൃത്തുക്കൾ നിരനിരയായിരുന്നു അത് പൂർത്തിയാക്കി. സൽസബീൽ പബ്ലിഷിംഗ് ഹൗസിന്റെ സീൽ പുസ്തകത്തിൽ പതിക്കുകയും ചെയ്തു. ശേഷം എല്ലായിടത്തും വിതരണം ചെയ്തു. 500 കോപ്പികൾ ശൈഖിന് എത്തിച്ചുകൊടുക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. അത് അയക്കാൻ റിസർവ്വ് ബാങ്കിന്റെ അനുമതിപത്രം കിട്ടണമെന്ന് മനസ്സിലായി. സാമ്പത്തിക പ്രശ്നവുമായി ബന്ധപ്പെട്ട ചില സാങ്കേതിക കാര്യങ്ങളായിരുന്നു അവ. ഞാൻ മൂലം അത് കൈകാര്യം ചെയ്തവർക്ക് ബുദ്ധിമുട്ട് വരരുതെന്ന് കരുതി ആ കാര്യം അബുൽ ജലാൽ മൗലവിയെ തന്നെ ഏൽപിച്ചു. അദ്ദേഹം വളരെ സന്തോഷത്തിൽ അതേറ്റെടുത്തു. ചില കുബുദ്ധികൾ ആരോപിക്കുന്നതുപോലെ അന്ധമായ വിരോധമാണ് എനിക്ക് ജമാഅത്തെ ഇസ്‌ലാമിയോട് ഉണ്ടായിരുന്നതെങ്കിൽ ഈ അവസരം ഉപയോഗിച്ച് അച്ചടിശാലക്കും ജമാഅത്ത് നേതാക്കൾക്കും വിഷമം സൃഷ്ടിക്കുന്ന പലതും ചെയ്യാമായിരുന്നു. നമുക്ക് ആദർശപരമായ എതിർപ്പ് മാത്രമേ അവരോടുള്ളൂ. എന്നാൽ അവർ എന്നെ വ്യക്തിപരമായി ഒരുപാട് ചീത്തപറയുകയും ഉന്നതസ്ഥാനങ്ങളിൽ എന്നെ ദ്രോഹിക്കാൻ പലതും പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. അവസരം പോലെ വഴിയെ വിവരിക്കാം.

ശൈഖ് ഇബ്നുബാസ് എന്നെ അത്യധികം സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്തിരുന്നു. എനിക്ക് ലഭിച്ച ആ ഭാഗ്യം ഒരിക്കലും ഞാൻ ചൂഷണത്തിന് വിധേയമാക്കിയിട്ടില്ല. ശൈഖുമായി ആരംഭിച്ച ആദർശബന്ധം ദൃഢമായ സ്നേഹബന്ധമായി വളരുകയും ആ ബന്ധം മുഖേന പണ്ഡിതലോകത്തും പുറത്തും ധാരാളം ഉന്നതന്മാരുമായി സമ്പർക്കം പുലർത്താൻ എനിക്ക് കഴിയുകയും ചെയ്തിട്ടുണ്ട്. ശൈഖിന്റെ സുഹൃ

ത്ത് എന്ന നിലയിൽ ഒട്ടേറെ പരിഗണനകൾ അറബ് നാടുകളിൽ എനിക്ക് കിട്ടിയിട്ടുണ്ട്. എല്ലായിടത്തും പിഴവുപറ്റാതെയും അതിര് കവിയാതെയും ഞാൻ പരമാവധി സൂക്ഷിച്ചിട്ടുണ്ടെന്ന കാര്യം അല്ലാഹുവിനറിയാം. അവൻ സൂക്ഷ്മമായി കണക്ക് നോക്കുന്നവനാണല്ലോ.

എന്നാൽ ശൈഖ് അവർകളുമായി ഉണ്ടായ ബന്ധത്തിൽ ഏറ്റവും വലിയതായ ഒരു നേട്ടം ഉണ്ട്. അത് ഞാൻ പതിറ്റാണ്ടുകളായി നടത്തിപ്പോരുന്ന ഒരാദർശ സമരത്തിന്റെ വിജയമാണ്. ഒരുപാട് വ്യക്തിബന്ധങ്ങൾ ഈ സമരമുഖത്ത് വെച്ച് എനിക്ക് നഷ്ടമായിട്ടുണ്ട്. ധാരാളം മുറിവുകൾ ഏറ്റിട്ടുണ്ട്. കുടുംബത്തിൽ നിന്നുപോലും നിസ്സഹകരണമാണ് എനിക്ക് ലഭിച്ചത്. ഞാൻ അരുമയോടെ വളർത്തി കഷ്ടപ്പെട്ട് പഠിപ്പിച്ച്, പരിശീലിപ്പിച്ച് കൊണ്ടുവന്ന എന്റെ മകൾ പോലും അവളുടെ ഭർത്താവിന്റെ താൽപര്യത്തിനു വഴങ്ങി എനിക്കെതിരിൽ നിലയുറപ്പിച്ചു. ഞാൻ പഠിപ്പിച്ച ഒട്ടേറെ ശിഷ്യന്മാർ എന്നെ വെട്ടിവീഴ്ത്താൻ ആയുധമെടുത്തു. പക്ഷെ, ഞാൻ പിന്നോട്ട് മാറിയില്ല. തളർന്നില്ല. കൂടുതൽ കർക്കശമായി നേരിട്ടുകൊണ്ട് മുന്നോട്ടാഞ്ഞ് നീങ്ങി. സത്യം എന്റെ പക്ഷത്താണെന്ന് എനിക്ക് ഉത്തമബോധ്യമുണ്ടായിരുന്നു. എന്റെ ആത്മനിശ്വാസത്തിൽ അലിഞ്ഞുചേർന്ന പ്രസ്ഥാനം പോലും എന്നെ പിന്തുണക്കുന്നതിൽ അറച്ചുനിന്ന ഘട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. ഗുരുതുല്യരായ ആദരണീയ വ്യക്തിത്വങ്ങൾ അൽപം മയപ്പെടുത്താൻ എന്നോട് ഉപദേശിച്ചിട്ടുണ്ട്. ചിലർ എന്നെ ഭീഷണിപ്പെടുത്തി. “നീ ഒറ്റപ്പെടും” എന്ന്. “എന്റെ ഖബറിലും ഞാൻ ഒറ്റയായിരിക്കുമല്ലോ” എന്ന് ഞാൻ മറുപടി നൽകി. ഭ്രാന്തൻ, ഞരമ്പ് രോഗി, സിയോണിസ്റ്റ് ഏജന്റ്, ദജ്ജാൽ, അഹങ്കാരി, ധിക്കാരി തുടങ്ങി കേൾക്കാവുന്നതൊക്കെ കേട്ടു. എന്റെ നാശത്തിന് വേണ്ടി പരസ്യമായി പ്രാർത്ഥിച്ചു നടന്നവരുമുണ്ട്. ഒരിക്കൽ ഞാൻ ജിദ്ദയിൽ ചെന്നിറങ്ങിയ ദിവസം വീട്ടിലും നാട്ടിലും ഞാൻ മരിച്ചതായി വാർത്ത പരത്തി അമ്പരപ്പിച്ചിട്ടുണ്ട്. അടിമാത്രം കിട്ടിയിട്ടില്ല. പക്ഷെ, മർദ്ദനത്തേക്കാൾ ഗുരുതരവും വേദനാജനകവുമായ എണ്ണമറ്റ പീഢനങ്ങൾ ഞാൻ അനുഭവിച്ചു. ആദർശം അടിയറ വെക്കാൻ ഒരുക്കമില്ലാതിരുന്നതു തന്നെ കാരണം.

സമാദരണീയനും ലോകപ്രശസ്തനുമായ പണ്ഡിത കേസരി ഇബ്നുബാസിന്റെ മുമ്പിൽ ഒരു മറുപടിക്കായി ഈ പ്രശ്നം ഉന്നയിച്ചുകൊണ്ട് 1977 മുതൽ ഞാൻ കാത്തുനിന്നു. അദ്ദേഹത്തിന്റെ നീണ്ട മൗനം എനിക്കെതിരിലുള്ള ആയുധമാക്കി പലരും ഉപയോഗിച്ചു. സഹനത്തോടെ, പ്രതീക്ഷയോടെ ഞാൻ കാത്തിരുന്നു. ഒടുവിൽ അദ്ദേഹം ഏറ്റവും

ഉന്നതവും ഉദാത്തവുമായ നിലയിൽ മൗനം ഭഞ്ജിച്ചു. 88ൽ പ്രസിദ്ധീകൃതമായ ഈ ഗ്രന്ഥത്തെക്കുറിച്ച് അൽപം കഴിഞ്ഞാണ് ദുബൈയിൽ വെച്ച് ഞാൻ അറിഞ്ഞത്. തന്റെ ലോക പ്രശസ്തമായ മജ്മുഉൽ ഫതാവ (മതവിധികളുടെ സമാഹാരം) രണ്ടാം വാല്യത്തിൽ ഒന്നാം നമ്പർ ആയി എന്റെ ചോദ്യത്തിനുള്ള മറുപടി ചേർത്തുകൊണ്ടാണ് അത് പ്രസീദ്ധീകൃതമായത്.

അറബി നാടുകളിലെ പ്രചാരണാർത്ഥം ഞാൻ തയ്യാറാക്കിയ "മഅ്നാ ലാ ഇലാഹ ഇല്ലാഹു" (ലാഇലാഹ ഇല്ലല്ലാഹുവിന്റെ സാരം) എന്ന ചെറുഗ്രന്ഥം പണ്ഡിതന്മാരുടെ ശ്രദ്ധയ്ക്കായി എത്താവുന്നിടത്തെല്ലാം എത്തിച്ചിരുന്നു. അത് വായിച്ചവരിൽ പലരും നേരിൽ കണ്ടപ്പോൾ എന്റെ വാദങ്ങളോട് സന്തോഷപൂർവ്വം യോജിപ്പ് രേഖപ്പെടുത്തി. എന്നെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇബ്നുബാസിന്റെ ഫത്‌വാ ഗ്രന്ഥം കയ്യിൽ കിട്ടിയിട്ടും രണ്ട് മൂന്നു വർഷം അത് പരസ്യം ചെയ്യാൻ ഞാൻ ഉത്സാഹിച്ചില്ല. വലിയവരുടെ പുറത്ത് ചാരി വമ്പ് നടിക്കണമെന്നുള്ള അതിമോഹം ഇല്ലാത്തതുകൊണ്ടുതന്നെ.

എന്നാൽ ഉത്തർ പ്രദേശിലെ ബീഗാപൂരിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന 'അൽഫലാഹ്' എന്ന പ്രസിദ്ധ ഉർദു മാസികയിൽ എന്റെ 'മഅ്നാ ലാ ഇലാഹ ഇല്ലല്ലാഹു' എന്ന പുസ്തകത്തെക്കുറിച്ച് മൗലാനാ നിയാസ് അഹ്മദ് ത്വയ്യിബ് മദനി നടത്തിയ പഠനാർഹമായ നിരൂപണം വന്നപ്പോൾ ഞാൻ അത് പരസഹായത്താൽ വായിച്ചു കേട്ടു. അത് പരിഭാഷ ചെയ്തു സൽസബീലിൽ പരസ്യം ചെയ്യാൻ എന്റെ സുഹൃത്ത് എ.എ. ഹമീദ് എന്നെ നിർബന്ധിച്ചു. മൗലാനാ നിയാസ് സാഹിബ് ആ നിരൂപണത്തിൽ എന്റെ വാദമുഖങ്ങളെ അംഗീകരിക്കുകയും ശൈഖ് ഇബ്നുബാസ് അതേക്കുറിച്ച് അനുകൂലമായ ഫത്‌വ പുറപ്പെടുവിച്ച കാര്യം എടുത്ത് പറയുകയും ചെയ്തു. മൗലനായുടെ നിരൂപണം വായിച്ച പലരും എനിക്ക് കത്തയച്ചു. എന്റെ കൃതി ആവശ്യപ്പെടുകയും ചെയ്തു. ആവശ്യപ്പെട്ടവരെല്ലാം പണ്ഡിതന്മാരായതിനാൽ ഓരോരുത്തർക്കും പത്ത് കോപ്പിവീതം ഞാൻ അയച്ചുകൊടുത്തു. ഇബ്നുബാസിന്റെ ഫത്‌വ അറബിമൂലത്തോടുകൂടി പ്രസിദ്ധീകരിക്കണമെന്ന് സഹകാരികൾ പലരും എന്നെ നിർബന്ധിച്ചു. സദുദ്ദേശപരമായി സമ്മർദ്ദത്തിന് ഞാൻ വഴങ്ങി. 92 ഒക്ടോബർ ലക്കം സൽസബീലിൽ അത് പ്രസിദ്ധീകരിച്ചു.

മൗദൂദിസം ഇസ്‌ലാമിന് അന്യമായ തിരുത്തൽവാദവും തീവ്രവാദവുമാണെന്ന് ഇന്ത്യാ ഉപഭൂഖണ്ഡത്തിലും അറബിനാടുകളിലുമുള്ള പണ്ഡിതന്മാർ മനസ്സിലാക്കിക്കൊണ്ടിരിക്കുകയാണ്. അതിനുള്ള പശ്ചാത്തലം

ഒരുക്കുന്നതിൽ എളിയവനായ എനിക്കും ഒരു പങ്കുവഹിക്കാൻ അല്ലാഹു അവസരം നൽകി. അല്ലാഹുവിന് സർവ്വ സ്തുതിയും! സമയം അതിക്രമി ച്ചെങ്കിലും നഷ്ടപ്പെട്ടിട്ടില്ല. മഹാപണ്ഡിതനും ചിന്തകനും സർവ്വാംഗീ കാരത്താൽ പ്രശസ്തനുമായ ശൈഖ് ഇബ്നുബാസിന്റെ ഫത്‌വ അവർ ക്ക് ഒരു വഴിവിളക്കാകുമെങ്കിൽ...? അല്ലാഹു അനുഗ്രഹിക്കട്ടെ.

ഫത്‌വയുടെ സംക്ഷിപ്ത തർജമ താഴെ കൊടുക്കുന്നു.

“ലാഇലാഹ ഇല്ലല്ലാഹു എന്ന പരിശുദ്ധ വചനത്തിന് മൂന്നു കക്ഷിക ൾ വ്യത്യസ്തമായ അർത്ഥങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നതിനെ സംബ ന്ധിച്ച് നമ്മുടെ പ്രിയ സഹോദരൻ ശൈഖ് ഉമർ അഹമദ് മലൈബാരി തയ്യാറാക്കിയ ചെറു കൃതി എന്റെ ശ്രദ്ധയിൽപെട്ടു. അത് ഞാൻ മനസ്സിരു ത്തി ചിന്തിച്ചു. താഴെ പറയുന്നവയാണ് ആ വ്യത്യസ്ത അർത്ഥങ്ങൾ.

1. ആരാധിക്കപ്പെടാൻ അർഹൻ അല്ലാഹു അല്ലാതെയില്ല.
2. അനുസരിക്കപ്പെടാൻ അർഹൻ അല്ലാഹു അല്ലാതെയില്ല.
3. രക്ഷകർത്താവ് അല്ലാഹു അല്ലാതെയില്ല.

ഇതിൽ വിശുദ്ധ വചനത്തിന് നൽകേണ്ട സത്യമായ അർത്ഥം ഒന്നാമ ത്തേത് മാത്രമാകുന്നു. ലേഖകൻ അത് നല്ലവണ്ണം തെളിയിച്ചിട്ടുണ്ട്. വിശുദ്ധ ഖുർആനിൽ അനേകം സ്ഥലങ്ങളിൽ ഇത് വ്യക്തമാക്കിയിട്ടു മുണ്ട്.

“നിന്നെമാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുകയും ചെയ്യുന്നു.” (ഫാതിഹ)

“അല്ലാഹുവിനെയല്ലാതെ നിങ്ങൾ ആരാധിക്കരുത് എന്ന് നിന്റെ റബ്ബ് വിധിച്ചിരിക്കുന്നു.” (ഇസ്റാഅ് 23)

“ജിന്നിനേയും മനുഷ്യരേയും എന്നെ മാത്രം ആരാധിക്കുന്നതിന് വേ ണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല.” (ദാരിയാത്ത് 56)

അതായത്, എന്നെ മാത്രം ആരാധിക്കണം, മറ്റാരേയും ആരാധിക്കരു ത്. ആ നിലക്ക് മാത്രമാണ് സൃഷ്ടിച്ചത്. എന്നെ ആരാധിക്കൽ അവരുടെ ഏക രക്ഷാമാർഗവും കടമയുമാണ്. എനിക്ക് മാത്രമാണ് അതിനുള്ള അവകാശം എന്ന് സാരം.

ഇവ്വിഷയകമായി ധാരാളം വചനങ്ങൾ ഖുർആനിലുണ്ട്. ബഹുദൈ വാരാധകർ ഈ വചനത്തിലേക്ക് ക്ഷണിക്കപ്പെട്ടപ്പോൾ അവർ അത് നി ഷേധിക്കുകയും അഹങ്കരിക്കുകയും ചെയ്തു. അവരുടെ പൂർവ്വീകന്മാർ സ്വീകരിച്ചുവന്ന ബിംബാരാധനയെ ഈ വചനം നിഷേധിക്കുകയാണെ

ന്നവർ മനസ്സിലാക്കി. വിഗ്രഹങ്ങളെ ഇലാഹാക്കുന്നതിനെ 'ലാഇലാഹ ഇല്ലല്ലാഹു' എന്ന വാക്യം എതിർക്കുന്നുവെന്ന് അവർ ശരിക്കും ഗ്രഹിച്ചു. അതുകൊണ്ടാണ് ആ സമൂഹം കലിമ ചൊല്ലാതെ വിമുഖത കാണിച്ചത്.

"അവരിൽ നിന്ന് ഒരു താക്കീതുകാരൻ അവരെ അഭിമുഖീകരിച്ചപ്പോൾ അവർ അത്ഭുതം പ്രകടിപ്പിച്ചു. പെരുംകള്ളനായ ആഭിചാരകനാണ് ഇവൻ! ഇലാഹുകളെയെല്ലാം അവൻ ഒറ്റ ഇലാഹാക്കുകയോ?! ഇത് വലിയ അത്ഭുതകാര്യം തന്നെ! എന്ന് സത്യനിഷേധികൾ പറയുകയും ചെയ്തു." (സ്വാദ് 4,5)

"ലാഇലാഹ ഇല്ലല്ലാഹു എന്ന് അവരോട് പറയുമ്പോൾ അവർ അഹ ങ്കാരം നടിക്കുകയും ഒരു ഭ്രാന്തനായ കവിക്കുവേണ്ടി നമ്മുടെ ഇലാഹു കളെ നാം ഉപേക്ഷിക്കുന്നവരാകണമോ എന്ന് പറയുകയും ചെയ്യുന്നവ രായിത്തീർന്നു". (സ്വഫ്ഫാത്ത് 23,36)

ഇതുപോലുള്ള അനേകം ഖുർആൻ വചനങ്ങളിൽ നിന്ന് വിശുദ്ധ വചനം ബഹുദൈവാരാധനയെ എതിർക്കുകയും ആരാധന അല്ലാഹു വിന് മാത്രമാക്കി ഉറപ്പിക്കുകയും ചെയ്യുന്നുവെന്ന് മുശ്‌രിക്കുകൾ മനസ്സി ലാക്കി എന്ന് തെളിയുന്നു. അതിനാൽ അവരിൽ നിന്ന് ചിലർ മുസ്‌ലിംക ളായിത്തീർന്നപ്പോൾ ബഹുദൈവാരാധന പാടെ ഉപേക്ഷിക്കുകയും ചെയ്തു. ആരാധിക്കപ്പെടാൻ അർഹൻ അല്ലാഹു മാത്രമാണ്, വേറെ ആരുമില്ല എന്നാണ് വിശുദ്ധ വചനത്തിന്റെ സാരമെന്ന് അവർ മനസ്സിലാ ക്കിയതുകൊണ്ടാണിത്.

എന്നാൽ അനുസരിക്കപ്പെടാൻ അർഹൻ അല്ലാഹു മാത്രമാണ്, വേറെ ആരുമില്ല എന്നോ, രക്ഷകർത്താവ് അല്ലാഹു അല്ലാതെ ഇല്ല എന്നോ അർത്ഥമായിരുന്നുവെങ്കിൽ ഈ വചനത്തെ ആ സമൂഹം എതിർക്കുമാ യിരുന്നില്ല. സ്രഷ്ടാവും രക്ഷിതാവും അല്ലാഹു തന്നെയാണെന്ന് അവർ വിശ്വസിച്ചിരുന്നു. അവർ അത് തുറന്നുപറയുക പതിവായിരുന്നു. അല്ലാ ഹുവിനെ തന്നെയാണ് അനുസരിക്കേണ്ടത് എന്നു അവർ വിശ്വസിച്ചി രുന്നു. പക്ഷെ, വിഗ്രഹങ്ങൾ, പ്രവാചകന്മാർ, മലക്കുകൾ, പുണ്യാത്മാ ക്കൾ, വൃക്ഷങ്ങൾ ഇങ്ങനെയുള്ള അവരുടെ ദൈവങ്ങൾ അല്ലാഹുവിന്റെ അടുക്കൽ തങ്ങൾക്കുവേണ്ടി ശുപാർശ ചെയ്യുമെന്നും അല്ലാഹുവിങ്കലേ ക്ക് തങ്ങളെ അടുപ്പിക്കുമെന്നും ജൽപിച്ചുകൊണ്ടാണ് ആ 'ദൈവങ്ങളെ' അവർ ആരാധിച്ചത്. ഈ വിഷയം ഖുർആനിൽ അല്ലാഹു വളരെ തെളി യിച്ചു പറഞ്ഞിട്ടുണ്ട്. സൂറത് യൂനുസ് 18-ാം ആയത്തും സൂറത് സുമർ മൂന്നാം ആയത്തും ശ്രദ്ധിക്കുക. ആരാധിക്കപ്പെടാൻ അർഹൻ അല്ലാഹു അല്ലാതെയില്ല എന്ന അർത്ഥമാണ് ശരി. മറ്റേ രണ്ടർത്ഥവും തെറ്റാണ്.

ശൈഖ് ഉമർ പറഞ്ഞത് പരമസത്യമാകുന്നു." (രത്നച്ചുരുക്കം)

ശൈഖ് മുഹമ്മദ് മുബാറക് എന്ന സിറിയക്കാരനായ പണ്ഡിതൻ മക്കയിൽ കുല്ലിയ്യതു ശരീഅയിലെ അദ്ധ്യാപകനായിരുന്നു. എനിക്ക് അദ്ദേഹത്തെ പരിചയമില്ല. കേട്ടുകേൾവിയുമില്ല. പക്ഷെ, അദ്ദേഹം എന്നെക്കുറിച്ച് അതിനാശകരമായ ഒരാരോപണം ഉന്നയിച്ചുകൊണ്ട് ശൈഖ് ഇബ്നുബാസിന് ഒരു കത്ത് കൊടുത്തയച്ചു. കത്ത് ശൈഖിന്റെ കയ്യിൽ തന്നെ എത്തിച്ചത് ജമാഅത്തെ ഇസ്ലാമിയുടെ ഒരു വക്താവായ ടി.കെ. ഇബ്റാഹീം (ശിവപുരം) എന്ന വ്യക്തിയായിരുന്നുവെന്ന് അറിഞ്ഞു. നേരിട്ടുള്ള സംഭാഷണത്തിൽ അദ്ദേഹം അത് സമ്മതിക്കുകയും ചെയ്തു. കത്തിലെ പ്രധാന വിഷയം ഞാൻ ജൂതന്മാരുടെ വലിയ സഹായിയാണ് എന്നായിരുന്നു. 1976ലാണ് ഈ സംഭവം എന്നാണ് ഓർമ്മ. ഞാൻ ഹജ്ജിനായി ദാറുൽ ഇഫ്തായുടെ പ്രതിനിധിയായി അവിടെയെത്തി. ടി.കെ. ഇബ്റാഹീം സാഹിബിനെ ദാറുൽ ഇഫ്തായിൽ നിന്നും മത പ്രബോധനത്തിനായി അമേരിക്കയിലേക്ക് അയക്കാൻ തീരുമാനിക്കപ്പെട്ട പ്രകാരം തുടർ നടപടികൾക്കായി അദ്ദേഹവും അവിടെയുണ്ടായിരുന്നു.

ശൈഖ് മുബാറക്കിന്റെ കത്തിൽ ഞാൻ ഇസ്ലാമിക പ്രസ്ഥാനമായ ജമാഅത്തെ ഇസ്ലാമിയെ കഠിനമായി എതിർക്കുന്ന കാര്യമാണ് പ്രധാന തെളിവായി ചൂണ്ടിയിരുന്നത്. ഞാൻ ഇബ്നുബാസിനെ ചെന്നു കണ്ടപ്പോൾ അദ്ദേഹം ഈ വിവരം എന്നെ ധരിപ്പിച്ചു. ശൈഖ് മുബാറക്കിന് എന്നെ അറിഞ്ഞുകൂടാ. എന്നിട്ടും അദ്ദേഹം ഇങ്ങനെ ഒരു കത്ത് ഇബ്നുബാസിന് അയച്ചതിൽ അത്ഭുതം തോന്നിയില്ല. ടി.കെ. ഇബ്റാഹീം സാഹിബും കൂട്ടുകാരും എന്നെക്കുറിച്ച് അദ്ദേഹത്തിനു നൽകിയ അറിവാണ് ഇതിനു കാരണം. അദ്ദേഹത്തിന് ഒരു ഉത്തരവാദിത്ത ബോധവുമില്ലെന്ന് ഇതിൽ നിന്ന് തന്നെ മനസ്സിലായി. കത്തെഴുതിച്ച് ശൈഖിന്റെ കയ്യിൽ എത്തിക്കുന്ന ചുമതല ടി.കെ. ഇബ്റാഹീം സ്വയം ഏറ്റെടുക്കുകയായിരുന്നു. ശൈഖുബ്നുബാസ് എന്നോട് വിവരങ്ങൾ പറഞ്ഞു: അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ ടി.കെ. ഇബ്റാഹീമുമായി ഒരു ചർച്ചക്ക് ശൈഖ് ആഗ്രഹിച്ചു. ഞാൻ സന്തോഷപൂർവ്വം സമ്മതിച്ചു. ഞങ്ങൾക്കിടയിൽ ഒരു സൗഹൃദം ഉണ്ടാക്കണമെന്ന് അദ്ദേഹം ആഗ്രഹിക്കുന്നുവെന്ന് മനസ്സിലായി. അങ്ങനെ ചർച്ച നടന്നു. ഞാൻ മൗദൂദി സാഹിബിനെക്കുറിച്ചും ജമാഅത്തെ ഇസ്ലാമിയെ സംബന്ധിച്ചും ഗുരുതരമായ വ്യാജാരോപണങ്ങൾ എന്റെ മാസികയിലൂടെ നിരന്തരം പ്രചരിപ്പിക്കുകയാണെന്ന് ടി.കെ. ശൈഖിനോട് പറഞ്ഞു. ശൈഖ് തെളിവ് ആവശ്യപ്പെട്ടപ്പോൾ തന്റെ പക്കൽ സൽസബീലിന്റെ കോപ്പികൾ ഇല്ലെന്ന് അദ്ദേഹം പറ

ഞ്ഞു. നാലു വർഷത്തെ ലക്കങ്ങൾ പുസ്തക രൂപത്തിൽ ബൈൻഡ് ചെയ്ത് എന്റെ ബാഗിൽ ഉണ്ടായിരുന്നു. വല്ല ആവശ്യവും വന്നെങ്കിലോ എന്ന വിചാരത്തിൽ ഞാൻ കയ്യിൽ കൊണ്ട് പോയതായിരുന്നു അത്. യാതൊരു സങ്കോചവും കൂടാതെ ഇതാ സൽസബീൽ കോപ്പികൾ എന്റെ പക്കലുണ്ട് എന്ന് പറഞ്ഞുകൊണ്ട് ബാഗിൽ നിന്നെടുത്ത് ടി.കെ.യുടെ കയ്യിൽ കൊടുത്തു. എന്റെ ഈ പ്രവൃത്തി ശൈഖിനെ അത്ഭുതപ്പെടുത്തുകയും ആഹ്ലാദിപ്പിക്കുകയും ചെയ്തു. അദ്ദേഹം അല്ലാഹുവിനെ സ്തുതിക്കുകയും എനിക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. ടി.കെ. സൽസബീലിൽ നിന്നും എന്റെ ചില വചനങ്ങൾ ശൈഖിന് ബോധ്യപ്പെടുത്താൻ ശ്രമിച്ചു. മൗദൂദി സാഹിബ് തന്റെ ഗ്രന്ഥങ്ങളിലൂടെ പുറത്തിട്ട ആശയങ്ങളെയാണ് ഞാൻ വിമർശിക്കുന്നതെന്ന് ഞാനും ഉദാഹരിച്ചു. അപ്പോൾ ടി.കെ. പറഞ്ഞത് മൗദൂദി സാഹിബിന്റെ ഗ്രന്ഥങ്ങൾ പരിശോധിക്കാതെ ഒന്നും പറയാൻ കഴിയില്ലെന്നായിരുന്നു! എനിക്ക് അത്ഭുതവും വെറുപ്പും തോന്നി. മൗദൂദി ഗ്രന്ഥങ്ങളെക്കുറിച്ച് ഇത്ര അജ്ഞനാണോ അദ്ദേഹം! എന്റെ ആരോപണം നിഷേധിക്കാൻ അദ്ദേഹത്തിന് ധൈര്യമില്ല. അംഗീകരിക്കാൻ മനസ്സുമില്ല. അപ്പോൾ രക്ഷപ്പെടാൻ പറഞ്ഞ ന്യായമാണത്. പരിശോധിക്കണം പോൽ! കാര്യങ്ങൾ എവിടെയും എത്തിയില്ല. ഒടുവിൽ ശൈഖ് ഇടപെട്ടു. ഊഹാപോഹങ്ങൾ ഒഴിവാക്കിയും ആരോഗ്യകരമായ സംവാദം നിലനിർത്തിയും സൗഹാർദ്ദത്തിൽ കഴിയണമെന്ന് ഞങ്ങളെ ഉപദേശിച്ചു. ഞങ്ങൾക്കിടയിലുള്ള ആശയ ഭിന്നതയിൽ തീരുമാനമെടുക്കൽ ശൈഖിന് ഞാൻ വിട്ടുകൊടുത്തു. പിന്നീട് പല പണ്ഡിതന്മാരുമായി ചർച്ച നടന്നു. ജമാഅത്തെ ഇസ്‌ലാമിയോടും മൗദൂദി സാഹിബിനോടും അനുഭാവമുള്ള പല പണ്ഡിതന്മാരുമായും ടി.കെ. ചർച്ച സംഘടിപ്പിച്ചു. എല്ലാവരോടും ഞാൻ ഒരേ ഉത്തരമാണ് പറഞ്ഞത്. ഞാൻ തെറ്റ് പറഞ്ഞിട്ടുണ്ടെങ്കിൽ മാപ്പ് പറയുന്നതാണ്. “നിങ്ങൾ ശൈഖ് ഇബ്നു ബാസിൽ നിന്നും മറുപടി വാങ്ങുക”. അത് എല്ലാവരും അംഗീകരിച്ചു. ഞങ്ങളുടെ ചർച്ചകൾ അങ്ങനെ അവസാനിച്ചു. ഞാൻ സിറിയക്കാരനായ മുഹമ്മദ് മുബാറക്കിന് കത്തെഴുതി. “നിങ്ങൾ ഇബ്നുബാസിനോട് ഞാൻ സിയോണിസ്റ്റ് ഏജന്റാണെന്ന് സ്ഥാപിച്ചുകൊണ്ട് കത്തയച്ചല്ലോ. ആരുടെയെങ്കിലും വാക്ക് വിശ്വസിച്ച് നിങ്ങൾ തെറ്റിദ്ധാരണയിൽപെട്ട് അത് ചെയ്തതാണെങ്കിൽ ഞാൻ നിങ്ങളോട് പൊരുത്തപ്പെട്ടിരിക്കുന്നു. മനഃപൂർവമാണെങ്കിൽ കേസ് അല്ലാഹുവിന്റെ കോടതിയിലേക്ക് വിട്ടിരിക്കുന്നു. നമുക്ക് അവിടെ വെച്ചുകാണാം.” അദ്ദേഹം മറുപടി തന്നില്ല.

ഹജ്ജിനു ശേഷം ഞാൻ കൊച്ചിയിൽ മടങ്ങിയെത്തി. ഏതാനും ദിവ

സം കഴിഞ്ഞപ്പോൾ കൗതുകമുണർത്തിയ ഒരു സംഭവം ഉണ്ടായി. ഞാൻ താമസിക്കുന്ന പുതിയപള്ളി മദ്റസയിലെ മുറിയിലേക്ക് ടി.കെ. ഇബ്റാഹീം സാഹിബ് സലാം പറഞ്ഞു കൊണ്ട് കയറി വന്നു. ഹസ്തദാനം ചെയ്തു. കൂടെ ജമാഅത്തുകാരനായ ടി.എം. ഹൈദ്രോസ് ബാപ്പുവും ഉണ്ടായിരുന്നു. ഞാൻ സമുചിതമായി സ്വീകരിച്ചു. കുശലം പറഞ്ഞു. അദ്ദേഹം നാട്ടിലേക്കുള്ള യാത്രാമദ്ധ്യേ കൊച്ചി വിമാനത്താവളത്തിൽ വന്ന്, ഞാൻ കൊച്ചിയിലുണ്ടോ എന്നന്വേഷിപ്പിച്ച് ഉറപ്പുവരുത്തി കാണാൻ വന്നതായിരുന്നു. അപ്പോൾ എന്റെയടുത്ത് എ.എ. ഹമീദും ഉണ്ട്. അമേരിക്കയിലേക്ക് പോകുവാൻ ഫാമിലി വിസ അടക്കം നടപടികൾ പൂർത്തിയായപ്പോൾ കുടുംബത്തെ കൊണ്ടുപോകാൻ നാട്ടിലെത്തിയതായിരുന്നു അദ്ദേഹം. താൽപര്യപൂർവ്വം എന്നെ കാണാൻ വന്നതിന്റെ പിന്നിൽ ഒരു നന്ദിപ്രകടനത്തിന്റെ ഭാവമുണ്ടായിരുന്നു. അതും ഈ കൂട്ടത്തിൽ ചേരുവയാകേണ്ടതാണ്. അറേബ്യയിൽ വെച്ചുള്ള ചർച്ചകൾ കഴിഞ്ഞു. എന്നെ പണ്ഡിതസദസ്സുകളിൽ വിഷമിപ്പിക്കാൻ ആവുന്നതെല്ലാം അദ്ദേഹം ചെയ്തു. ഹജ്ജ് കഴിഞ്ഞ് തിരക്കൊഴിഞ്ഞു. ഞാൻ മദീനയിലായിരുന്നു. ഒരു ദിവസം ടി.കെ. ഇബ്രാഹീം എന്നെ സമീപിച്ചു ഒരു സഹായം അഭ്യർത്ഥിച്ചു. കാര്യമിതാണ്. അമേരിക്കയിലേക്കുള്ള തന്റെ ജോലിക്കാലത്ത് ഫാമിലിയെ കൂടെ കൊണ്ടുപോകാൻ അനുവാദമുണ്ട്. ടിക്കറ്റും ലഭിക്കും. അതിന്നായി ദാറുൽ ഇഫ്താഇന്റെ ആഫീസിൽ ചെന്നപ്പോൾ ഒരു സാങ്കേതികത്വം! ഭാര്യയേയും മക്കളേയും കുറിച്ചുള്ള സർട്ടിഫിക്കറ്റ് ഹാജരാകണം. അതിന് അവിടെ നിന്നുതന്നെ ഒരു എളുപ്പമാർഗം ആഫീസിൽ നിന്നും നിർദ്ദേശിച്ചു. ദാറുൽ ഇഫ്താഇന്റെ കേന്ദ്രത്തിൽ അറിയപ്പെടുന്ന ഒരു കേരളീയൻ സർട്ടിഫൈ ചെയ്താൽ മതിയാകും. ടി.കെ. അങ്ങനെ ഒരാളെ കണ്ടെത്താൻ ശ്രമിച്ചു. തന്റെ കക്ഷിക്കാരിൽപെട്ട ആരെയും അവിടെ കണ്ടില്ല. അന്വേഷണത്തിൽ സ്ഥലത്ത് അതിനു ഫിറ്റായ ഒരാൾ ഞാൻ മാത്രമേ അപ്പോൾ ഉണ്ടായിരുന്നുള്ളൂ. ടി.കെ. വിവരം എന്നോട് പറഞ്ഞു. ഞാൻ അപ്പോൾ തന്നെ അദ്ദേഹത്തോടൊപ്പം ദാറുൽ ഇഫ്താഇലേക്ക് പോയി. “ഇദ്ദേഹത്തിന് ഭാര്യയും രണ്ടുമക്കളും ഉണ്ടെന്ന് അദ്ദേഹം എന്നോട് പറഞ്ഞിരിക്കുന്നു. ആ കാര്യത്തിൽ അദ്ദേഹം സത്യമാണ് പറയുന്നതെന്ന് എനിക്ക് ബോധ്യമുണ്ട്. അതിനാൽ ഞാൻ എന്റെ സത്യവാങ്മൂലം രേഖപ്പെടുത്തുന്നു” എന്ന് അറിയിച്ചു. അദ്ദേഹത്തിന്റെ ആവശ്യം നടന്നു. ഇത് ഞാൻ എടുത്ത് പറയാനുള്ള കാരണവും കൂടി ഇവിടെ ചേർത്തു പറയട്ടെ. എന്നെ ഇസ്ലാമിനെതിരിൽ ജൂതന്മാരുടെ ഏജന്റായി ചിത്രീകരിച്ച് മറ്റൊരാളെ കൊണ്ട് കത്തെഴുതിച്ച് അത് കയ്യിൽ വാങ്ങി ശൈഖ് ഇബ്നുബാസിന് എത്തിച്ചു

കൊടുത്ത അതിനീചമായ ദ്രോഹം എന്നോടു ചെയ്ത ശത്രുവായിരുന്നു ഈ മനുഷ്യൻ. ആ വേദനയുടെ വിങ്ങൽ എന്റെ മനസ്സിൽ നിന്നും മാഞ്ഞിട്ടില്ല. അദ്ദേഹത്തിന് വ്യക്തിപരമായി വലിയൊരു കാര്യം ഞാൻ മുഖേന ആവശ്യമായി വന്നിരിക്കുന്നു. ഒരു നിമിഷം എന്റെ ചിന്ത ആ വഴിയിൽ വന്നു. എന്നാൽ എന്റെ റബ്ബ് എന്റെ മനസ്സിനെ വിശാലമാക്കിത്തന്നു. ഞാൻ അപ്പോൾ ഏറ്റവും വെറുത്തുകൊണ്ടിരുന്ന ഒരു ശത്രുവിനെ യാതൊരു ഉപാധിയും കൂടാതെ സഹായിക്കാൻ എന്റെ ഹൃദയത്തെ മയപ്പെടുത്തിത്തന്ന ഔദാര്യവാനായ അല്ലാഹുവിന് സ്തുതി!

ടി.കെ. കൊച്ചിയിൽ നിന്ന് എന്നോട് യാത്രചോദിച്ചു പിരിഞ്ഞു. അടുത്ത ദിവസം കൊച്ചിയിലെ സജീവ ജമാഅത്തുകാരനും പ്രസംഗകനുമായ കെ.യു. ഹംസ എന്നയാൾ ഒരു തടിച്ച കവറുമായി എന്റെയടുത്തെത്തി. ടി.കെ. ഇബ്റാഹീം സാഹിബ് ഏൽപിച്ച സൽസബീലിലേക്കുള്ള ലേഖനമാണെന്നതെന്നും അതിന്റെ പകർപ്പ് എടുക്കാനുള്ള സൗകര്യത്തിനു വേണ്ടിയാണ് തരാൻ വൈകിയതെന്നും പറഞ്ഞുകൊണ്ട് കവർ എന്നെ ഏൽപിച്ചു. നോക്കി വേണ്ടത് ചെയ്യാം എന്ന് ഞാൻ മറുപടി നൽകി. കെ.യു. ഹംസ എന്ന വ്യക്തിയെ രണ്ടു വാക്കിൽ ഒന്നു പരിചയപ്പെടുത്താതെ വയ്യ. ജമാഅത്തുകാർ കൊച്ചി പുതിയപള്ളിക്ക് മുമ്പിൽ ഒരു യോഗം സംഘടിപ്പിച്ചു. രണ്ടു ദിവസം മാഞ്ഞാലി സ്വദേശി ഖാസിം മൗലവിയും (ഇദ്ദേഹം കുറച്ചുകാലം ഖത്തറിൽ ഉണ്ടായിരുന്നു) കെ.യു. ഹംസയുമായിരുന്നു പ്രസംഗകർ. എന്നെ ശക്തിയുക്തം വിമർശിച്ചു. ചീത്തപറഞ്ഞു. തെറിവിളിച്ചു. ഇവർ പറഞ്ഞു: "ഇയാൾ കാഫിറാണ്, ഇയാളുടെ ജനനം തന്നെ ശരിയല്ല. രക്ത പരിശോധന നടത്തിയിരുന്നെങ്കിൽ അത് തെളിയുമായിരുന്നു". ഞാൻ സ്ഥലത്തില്ല. പക്ഷെ, എന്റെ ഭാര്യ ഉണ്ടായിരുന്നു. അവർ ഇതു മുഴുവൻ കേട്ടു. ഒറ്റക്കിരുന്നു കുറെ കരഞ്ഞു. പിറ്റെ ദിവസം രാത്രി ഞാൻ വന്നു. അടുത്ത സുബ്ഹിക്ക് വുളു ചെയ്ത് പള്ളിയിലേക്ക് ഇറങ്ങാൻ ഒരുങ്ങിയപ്പോൾ ഭാര്യ എന്നെ തടഞ്ഞു. നിങ്ങൾ കാഫിറാണെന്നും മറ്റും മൈക്കിലൂടെ വിളിച്ചു പറഞ്ഞത് നിശബ്ദം കേട്ടു പിരിഞ്ഞ ആളുകൾക്ക് വേണ്ടി ഇമാമാകുവാൻ നിങ്ങളെന്തിനു പോകുന്നുവെന്നവർ ചോദിച്ചു. അവർ കരയുകയാണ്. ഞാൻ ആശ്വസിപ്പിച്ചു. പള്ളിയിലേക്ക് പോയി. അന്ന് വൈകുന്നേരം സുഹൃത്തുക്കളുടെ ഒരു യോഗം വിളിച്ചുചേർത്തു. മദ്റസ ഹാൾ തിങ്ങിനിറഞ്ഞു. കാര്യങ്ങൾ ചർച്ച ചെയ്തു. ആ പ്രസംഗത്തിന് ശക്തിയായ ഒരു പ്രതികരണം വേണമെന്ന കാര്യത്തിൽ എല്ലാവരും ഏകോപിച്ചു. പൂച്ചയ്ക്ക് ആര് മണികെട്ടും എന്നായി അടുത്ത പ്രശ്നം. കെ.സി. അബൂബക്കർ മൗലവി, സൈദ് മൗലവി, എ.പി. അബ്ദുൽ ഖാദിർ മൗലവി, ടി.പി. അബ്ദുല്ലക്കോയ മദനി തുടങ്ങി

പലരുടെയും പേരുകൾ സഭയിലുയർന്നു. അപ്പോൾ എ.എ. ഹമീദ് മുന്നോട്ട് കയറി നിന്നു. ഹമീദ് അന്ന് നടത്തിയ ചെറു പ്രസംഗം ഞാൻ ഒരിക്കലും മറക്കുകയില്ല. "രണ്ടു ദിവസത്തെ പ്രസംഗത്തിലുള്ള പ്രധാന വിഷയങ്ങളെല്ലാം കുറിപ്പെടുത്തിട്ടുണ്ട്. തെറി വിളിച്ചതും ചീത്ത പറഞ്ഞതും അടക്കം. ഉമർ മൗലവി കള്ളനും ഇസ്‌ലാമിന്റെ ശത്രുവും കാഫിറും ജനനം കൊണ്ട് അവിശുദ്ധനുമാണെന്ന് അവർ ഇവിടെ പറഞ്ഞു. ആയതിനാൽ ഇയാളെ വിശ്വസിക്കാൻ കൊള്ളുകയില്ലെന്നും ഇമാമത്തിനു യോഗ്യനല്ലെന്നും പ്രഖ്യാപിച്ചു. മൗലവിക്കെതിരിൽ ഉയർത്തിയ വിമർശനങ്ങൾക്കും ആരോപണങ്ങൾക്കും ഒരു ഖണ്ഡനം നടത്താൻ പുറത്തേക്ക് ആളെ തേടിപോകുന്നതിനോട് ഞാൻ യോജിക്കുന്നില്ല. ഉമർ മൗലവി തന്നെ ഇതിനു മറുപടി പറയണം. അദ്ദേഹം അതിന് ബാധ്യസ്ഥനാണ്. മൗലവിക്ക് അത് സാധ്യമല്ലെങ്കിൽ ഈ പള്ളിയിൽ അദ്ദേഹം ഇമാമായി തുടരുന്നതിലെന്തർത്ഥം." അത്രയുമാണ് ആ സംസാരത്തിന്റെ ചുരുക്കം. ഞാൻ എഴുന്നേറ്റു. നിങ്ങൾക്ക് സമ്മതമാണെങ്കിൽ എനിക്കും അത് സമ്മതമാണ് എന്ന് പറഞ്ഞു. ഉടനെ അഞ്ചു ദിവസം എന്റെ പ്രസംഗം നിശ്ചയിച്ചു. വ്യാപകമായ പരസ്യം നൽകാനും തീരുമാനിച്ചു. അപ്പോൾ വീണ്ടും ഞാൻ എഴുന്നേറ്റു. ഞാൻ ഏറ്റിരിക്കുന്നു. പക്ഷെ, ഒരു നിബന്ധന. ഓരോ ദിവസവും ആമുഖമായി ഈ പള്ളിയിൽ ജുമുഅക്ക് കൂടുന്നവരും ജമാഅത്തിൽ എന്നെ പിന്തുടരുന്നവരുമായ വ്യക്തികൾ ഓരോരുത്തരായി കുറച്ചുനേരം സംസാരിക്കണം. അതും തീരുമാനമായി. ഒന്നാം ദിവസം ഹമീദ് തന്നെ, ശേഷം ആർ.എ. ഹംസ മാസ്റ്റർ, മുത്തലിബ് മാസ്റ്റർ, കുഞ്ഞുമുഹമ്മദ് സ്രാങ്ക്, കെ.എസ്.കെ. തങ്ങൾ ഇങ്ങനെ ക്രമപ്രകാരം നിശ്ചയിക്കപ്പെട്ടു. ഇതിൽ ഒടുവിൽ പറഞ്ഞ രണ്ടുപേരെക്കുറിച്ച് പ്രത്യേകം അനുസ്മരിക്കേണ്ടതുണ്ട്. അതൊഴിവാക്കിയാൽ ഈ രചനയുടെ പ്രസക്തി തന്നെ നഷ്ടപ്പെടും. അത് വഴിയെ ഞാൻ നിർവ്വഹിക്കും. ഇൻശാഅല്ലാഹ്.



## 39

# ഒരു കലിമ ചൊല്ലൽ

വമ്പിച്ച ജനാവലിയുടെ സാന്നിധ്യത്തിൽ അതേ സ്ഥലത്ത് തന്നെ പരിപാടി ആരംഭിച്ചു. നിശ്ചയപ്രകാരം അര മണിക്കൂർ നീണ്ട പ്രൗഢഗംഭീരമായ ഹമീദിന്റെ ആമുഖപ്രസംഗത്തിനു ശേഷം ഞാൻ തുടങ്ങി.

ഹംദും സ്വലാത്തും കഴിഞ്ഞു. ഞാൻ പറഞ്ഞു: കഴിഞ്ഞദിവസത്തെ പ്രസംഗത്തിൽ കെ.യു. ഹംസ എന്നയാൾ ഞാൻ കാഫിറാണെന്ന് പ്രഖ്യാപിക്കുകയും ഇമാമത്തിന് ഞാൻ യോഗ്യനല്ലെന്ന് തീർത്തു പറയുകയും ചെയ്തത് നിങ്ങൾ കേട്ടിരിക്കുമല്ലോ? ഞാൻ അങ്ങനെയാണ് എന്ന കാര്യത്തിൽ ഈ ജനക്കൂട്ടത്തിൽ ആർക്കെങ്കിലും ആശങ്കയുണ്ടെങ്കിൽ ഇതാ ഞാൻ അത് നീക്കുന്നു: “അശ്ഹദു അൻലാഇലാഹ ഇല്ലല്ലാഹു.... റസൂലില്ലാഹി”. എനിക്ക് കഴിയാവുന്നത്ര ശബ്ദത്തിൽ വികാര വിക്ഷുബ്ധനായി ഞാൻ കലിമ ചൊല്ലി. ശാന്തഗംഭീരമായ നിശ്ശബ്ദത. വമ്പിച്ച ജനക്കൂട്ടവും എന്നെ സ്നേഹിക്കുന്നവരും വിറങ്ങലിച്ചു നിൽക്കുന്നത് കണ്ടുകൊണ്ട് ഞാൻ ശാന്തനായി പറഞ്ഞു. ഞാനിതാ മുസ്ലിമായി. ഇനി ഇസ്ലാമിനെക്കുറിച്ച് നിങ്ങളോട് ഞാൻ സംസാരിക്കാൻ തുടങ്ങുകയാണ്. എന്റെ ബഹുമാന്യ സുഹൃത്ത് കെ.എസ്.കെ. തങ്ങൾ അടക്കം കുറെ സുഹൃത്തുകൾ കണ്ണീർ തുടക്കുന്നത് ഞാൻ കണ്ടു. എന്റെ കണ്ണുകളും നനഞ്ഞിരുന്നു. ഒരു വല്ലാത്ത രംഗമായിരുന്നു അത്. ശക്തിയായ ഹൃദയമിടിപ്പോടുകൂടിയാണ് ഞാൻ എപ്പോഴും അതോർക്കാറുള്ളത്. തീരുമാനപ്രകാരം പരിപാടി പൂർത്തിയാക്കി. ജമാഅത്തുകാരുടെ പൂതിയും തീർന്നു. കൊച്ചിയിലും പരിസരത്തും അവരുടെ നാശത്തിലേക്കുള്ള നടത്തം വേഗയിലായിത്തീർന്നു.

ഈ ശഹാദത്ത് കലിമ ചൊല്ലൽ മറ്റൊരു ചരിത്ര സംഭവത്തിൽ നിന്നാണ് ഞാൻ പഠിച്ചത്. പഞ്ചാബിലെ പ്രഗത്ഭനും പ്രശസ്തനുമായ സലഫീ പണ്ഡിതൻ മൗലാനാ സനാഉല്ലാഹ് അമൃതസരിയാണ് ഇതിൽ എന്റെ ഉസ്താദ്. ശപിക്കപ്പെട്ട കള്ള പ്രവാചകൻ മീർസാ ഗുലാം അഹ്മദ് ഖാദിയാനി (ല.അ)യുമായി മൗലാനാ നടത്തിയ ഗംഭീരമായ വാദപ്രതിവാദം. പതിനായിരങ്ങൾ തടിച്ചുകൂടിയ സദസ്സ്. ആദ്യം മീർസ വന്നു. ശേഷം മൗലാനയും. മീർസ ഒരു കുബുദ്ധി പ്രയോഗിച്ചു. “അദ്ദേഹം മുസ്ലിമല്ല, കാഫിറാണ്. കാഫിറുകളോട് വാദപ്രതിവാദത്തിന് ഞാനിപ്പോൾ ഒരുക്കമില്ല.” ആശ്ചര്യ നിശബ്ദമായ സദസ്സിന്റെയും സംഘാടകരുടെയും ഹൃദയങ്ങളെ പ്രകമ്പനം കൊള്ളിച്ചുകൊണ്ട് അതിവേഗം മഹാനായ സനാഉല്ലാഹ് അമൃത്സരി “അശ്ഹദു....” എന്ന് ശഹാദത്ത് കലിമ ഏറ്റവും ഉച്ചത്തിൽ ചൊല്ലി. അദ്ദേഹം പറഞ്ഞു. “ഞാനിതാ മുസ്ലിമായിക്കഴിഞ്ഞു. ഇനി തുടങ്ങാം” മീർസ വെട്ടിലായി. ഒടുവിൽ മുബാഹല നടത്തി പിരിയുകയാണുണ്ടായത്. നാൽപതാം ദിവസം തീവണ്ടി യാത്രയിൽ അതിസാരം പിടിപെട്ട് കക്കൂസിൽ കുഴഞ്ഞുവീണ് മീർസ മരിക്കുകയായിരുന്നുവത്രെ! മൗലാനാ നാൽപത് വർഷം പിന്നെയും ആരോഗ്യവാനായി ജീവിച്ചു.

നമ്മൾ പറഞ്ഞുവന്നത് ടി.കെ. ഇബ്റാഹീമിന്റെ ലേഖനത്തെക്കുറിച്ചാണ്. ഞാൻ നീണ്ട ആ ലേഖനം വായിച്ചു. "മക്കയിൽ എന്തു സംഭവിച്ചു" ഇതാണ് തലവാചകം. സത്യങ്ങളും അർദ്ധസത്യങ്ങളും കളവുകളും കൂട്ടിക്കുഴച്ചു സത്യമാക്കാൻ ശ്രമിക്കുന്നതായിരുന്നു ലേഖനം. ഒടുവിൽ ഒരു ഭീഷണിയും. ഈ ലേഖനം താങ്കൾ പ്രസിദ്ധീകരിക്കുന്നില്ലെങ്കിൽ അത് പ്രത്യേകം അച്ചടിച്ച് കേരളത്തിലും, അറബിയിലും ഇംഗ്ലീഷിലുമാക്കി ഇന്ത്യയിലും അറബ് രാജ്യങ്ങളിലും വിതരണം ചെയ്യുന്നതാണ്. പകർപ്പെടുത്ത് വെച്ചു എന്നു പറഞ്ഞതിന്റെ ഉള്ളടക്കം അപ്പോഴാണ് മനസ്സിലായത്. വായിച്ചുതീർത്ത ഉടനെ ഹമീദിനെ വിളിച്ചിരുത്തി മറുപടി എഴുതാൻ ആരംഭിച്ചു. ലേഖനത്തിൽ പറഞ്ഞ പ്രധാന വിഷയങ്ങൾക്കെല്ലാം ഖണ്ഡനം തയ്യാറാക്കി. അടുത്തലക്കം സൽസബീലിൽ ടി.കെ. ഇബ്റാഹീമിന്റെ തുറന്ന കത്തും എന്റെ തുറന്ന മറുപടിയുമായപ്പോൾ മറ്റൊന്നും ചേർക്കാൻ ഇടമില്ലായിരുന്നു. അമേരിക്കയിലെ അദ്ദേഹത്തിന്റെ വിലാസം ലേഖനത്തിന്റെ താഴെ കൊടുത്തിരുന്നു. കോപ്പി അയച്ചുകൊടുക്കുകയും ചെയ്തു.

ഈ കൂട്ടത്തിൽ ടി.കെ. ഇബ്റാഹീം ഒരു പരസ്യവും തന്നിരുന്നു. "അറബി ഭാഷാ ഗവേഷകർക്ക് ഒരു സുവർണ്ണാവസരം". ഇതാണ് പരസ്യത്തിന്റെ ഹെഡ്ഡിങ്ങ്. അതിലുള്ള വിഷയം ഇപ്രകാരമാണ്. ഇബാദത്ത് എന്ന വാക്കിന് ത്വാഅത്ത് (അനുസരണം) എന്ന് അർത്ഥം പറയാൻ പാടില്ലെന്ന് പറഞ്ഞിട്ടുള്ള പൂർവ്വീകരോ ആധുനികരോ ആയ മുഫസ്സിറുകളെ ഉദ്ധരിക്കുന്നവർക്ക് ആയിരം രൂപ സമ്മാനം. ഗ്രന്ഥത്തിന്റെ പേര്, ഗ്രന്ഥകാരന്റെ പേര്, വാല്യം, പേജ് നമ്പർ എന്നിവ കൃത്യമായി കാണിച്ചിരിക്കണം എന്ന് ടി.കെ. ഇബ്റാഹീം. വിലാസം യു.എസ്.എയിലെ താമസത്തിന്റേതായിരുന്നു. പരസ്യം ഞാൻ ഏറ്റവും പ്രാധാന്യത്തോടെ നൽകി. കവർ പേജിന്റെ ഒന്നാം പുറത്ത്. ഇൻഡക്സ് ഒഴിവാക്കി ബോക്സിൽ കൊടുത്തു. ജമാഅത്തെ ഇസ്‌ലാമിയുടെ മുഖ്യ ആദർശ വിഷയവും അവർക്കെതിരിൽ എന്റെ മുഖ്യ ആയുധവുമായ വിഷയമാണല്ലോ പരസ്യത്തിലുള്ളത്. രണ്ട് കൂട്ടർക്കും തുല്യ പ്രാധാന്യമുള്ള കാര്യം. പരസ്യക്കൂലി ഞാൻ ആവശ്യപ്പെട്ടില്ല. അത് സൗജന്യമാക്കി.

കവർ പേജ് രണ്ടിൽ തന്നെ അതിന്റെ മറുപടിയും അച്ചടിച്ചു. ഇമാം റാസി തന്റെ തഫ്സീറിൽ സൂറത് ബയ്യിനത്തിന്റെ വ്യാഖ്യാനത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു. "ഇബാദത്തിന് അനുസരണം എന്ന അർത്ഥം ആരെങ്കിലും ജൽപിച്ചാൽ അവൻ അബദ്ധം പറഞ്ഞു. എന്തുകൊണ്ടെന്നാൽ ഒരു കൂട്ടർ വിഗ്രഹങ്ങൾക്കും മലക്കുകൾക്കും ഇബാദത്ത്

ചെയ്തിരുന്നല്ലോ"? "ഇനാം എനിക്ക് വേണ്ട" എന്നായിരുന്നു മറുപടിയുടെ തലവാചകം. മറുപടിക്ക് ശേഷം ഞാൻ ഇപ്രകാരം എഴുതി. ഇമാം റാസി ﷺയുടെ തഫ്സീറിൽ ഈ ഉദ്ധരണി എനിക്ക് കാണിച്ചുതന്നത് പുതിയ പള്ളിയിലെ ആക്ടിംഗ് ഇമാമായ പി.എം. അബ്ദുൽ ഖാദിർ മൗലവിയാണ്. ഇനാം അദ്ദേഹത്തിന് അയച്ചുകൊടുക്കുക. മാസികയുടെ കോപ്പി പതിവുപോലെ ജമാഅത്ത് കേന്ദ്രങ്ങളിലേക്കും ടി.കെ. ഇബ്റാഹീം സാഹിബിന്റെ അമേരിക്കയിലെ വിലാസത്തിലും അയച്ചു. ഇതെഴുതുന്ന തിയ്യതിവരെ (കാൽ നൂറ്റാണ്ട് പിന്നിട്ടു) യാതൊരു പ്രതികരണവുമില്ല. ഇനാം നൽകിയില്ല. പി.എം. അബ്ദുൽ ഖാദിർ മൗലവി മരണപ്പെട്ടു. അദ്ദേഹത്തിന്റെ വിധവയ്ക്ക് ആ സംഖ്യ നൽകാൻ ഏർപ്പാട് ചെയ്യണമെന്ന് വേണ്ടപ്പെട്ടവരെ അറിയിച്ചു. ക.മ ശബ്ദിച്ചില്ല. ഒരിക്കൽ അദ്ദേഹത്തിന്റെ നാട്ടിലുള്ള അടുത്ത അയൽവാസികളായ എന്റെ ചില സ്നേഹിതന്മാർ തിരൂർക്കാട് വന്നു. അവരോട് ഞാൻ തിരക്കി. ആൾ നാട്ടിലില്ല. അദ്ദേഹത്തിന്റെ സഹോദരൻ അവിടെയുണ്ട്. മാസികയുടെ പ്രസ്തുത ലക്കം അവരുടെ കയ്യിൽ കൊടുത്തയച്ചു. വിവരം പറയാൻ ഏൽപിച്ചു. അവർ അപ്രകാരം ചെയ്തു. അനക്കമില്ല. ഇതാണ് ഇസ്ലാമിക വ്യവസ്ഥിതിയുടെ സംസ്ഥാപനത്തിന് സ്വയം അർപ്പിക്കപ്പെട്ട നേതാക്കളുടെ ക്വാളിറ്റി. അപ്പോൾ അനുയായികളുടെ സ്ഥിതി ഊഹിക്കാമല്ലോ.

സുഊദി അറേബ്യയിൽ എന്റെ പ്രവേശനം ഇല്ലാതാക്കാനും എന്നെ അവിടെ തടവിലാക്കാനും തക്കവണ്ണം കഴിയുന്ന ദ്രോഹനടപടികളെല്ലാം മുന്തിയ ശത്രുതാമനോഭാവത്തോടെ നിർവ്വഹിച്ചവരാണ് ജമാഅത്തെ ഇസ്ലാമിക്കാർ. അവർക്ക് അവിടെ ലഭ്യമായ മുഴുവൻ സ്വാധീനവും ഇതിനു വേണ്ടി ഉപയോഗിച്ചിട്ടുണ്ട്. പക്ഷെ, അവരുടെ ദുരുദ്ദേശ്യം വിഫലമായി. അല്ലാഹുവിന് സ്തുതി! ശൈഖ് ഇബ്നുബാസിന് എന്നോട് ഉണ്ടായിരുന്ന വിശ്വാസവും സ്നേഹവുമായിരുന്നു എന്റെ രക്ഷയ്ക്ക് കാരണമായത്. നാൽപത്തിയഞ്ച് വർഷങ്ങൾ ഇടമുറിയാതെ നിലനിന്ന ആ ബന്ധം തികച്ചും ആദർശപ്പൊരുത്തത്തിൽ അധിഷ്ഠിതമായിരുന്നു. അത് അദ്ദേഹം തന്റെ വിഖ്യാതമായ തൂലികയിലൂടെ പരസ്യപ്പെടുത്തുകയും ചെയ്തു. എല്ലാ സ്തുതിയും അല്ലാഹുവിന്നാകുന്നു.

ദീർഘവും പവിത്രവുമായ ഈ ബന്ധം എന്റെ മനസ്സറിഞ്ഞുകൊണ്ട് ഞാൻ ഒരിക്കലും ചൂഷണം ചെയ്തിട്ടില്ല. ദുൻയാവിൽ എനിക്ക് കോടീശ്വരനാകാൻ ഈ ബന്ധം മാത്രം വളരെ അധികമായിരുന്നു. പക്ഷെ, ഈ ബന്ധം പരലോകത്തിൽ ദൃഢമായി, സ്ഥിരമായി ലഭിക്കണമെന്നായിരുന്നു എന്റെ കൊതി. ഞാൻ പ്രാർത്ഥിക്കുന്നുണ്ട്. പരലോകത്ത് സ്വർഗ

ത്തിൽ അദ്ദേഹത്തിന്റെ കൂടെ പ്രവേശനം ലഭിക്കാൻ. അല്ലാഹു ഭാഗ്യം നൽകട്ടെ.

ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമ പല വിദ്യാഭ്യാസ സ്ഥാപനങ്ങളും മെച്ചപ്പെട്ട നിലയിൽ നടത്തുന്നവരാണ്. ശിർക്കും ബിദ്അത്തും പ്രചരിപ്പിക്കുന്നതിൽ സമസ്തയെ അപേക്ഷിച്ച് അവർ അൽപം പിന്നിലാണെന്ന് മാത്രം. അവരുടെ പണ്ഡിതന്മാരിൽ അധികവും ശിർക്കിന്റെ പ്രചാരകരായി രംഗത്ത് വിലസാറില്ല. പക്ഷെ, അധികപേരും ആ വിശ്വാസാചാരങ്ങളുമായി പൊരുത്തപ്പെട്ടു പോകുന്നവരാണ് താനും. ഭൂരിപക്ഷത്തിന്റെ തൃപ്തിയും അംഗീകാരവും വേണമല്ലോ. തൊടിയൂർ മുഹമ്മദ് മൗലവിയും കടക്കൽ അബ്ദുൽ അസീസ് മൗലവിയും ദക്ഷിണയുടെ പ്രഗത്ഭരായ നേതാക്കളും സ്ഥാപനങ്ങളുടെ മേധാവികളുമാണ്. തൊടിയൂർ മൗലവി കേരള വഖഫ് ബോർഡിൽ അംഗമായിരുന്ന കാലത്ത് കെ.എൻ. എം. സംസ്ഥാന സെക്രട്ടറിമാരിൽ പെട്ട അലി അബ്ദുറസാഖ് മദനിയും ബോർഡ് അംഗമായിരുന്നു. നാലഞ്ചു വർഷം മുമ്പുള്ള കഥയാണിത്. ഒരു ദിവസം തൊടിയൂർ മുഹമ്മദ് മൗലവിയും കടക്കൽ അബ്ദുൽ അസീസ് മൗലവിയും ചേർന്ന് തിരൂർക്കാട് വന്നു. എന്നെ കാണാനായിരുന്നു യാത്ര. പക്ഷെ, അന്നു ഞാൻ ഉണ്ടായിരുന്നില്ല. എന്റെ മകൻ മുബാറക്കും ഹമീദും അവിടെയുണ്ടായിരുന്നു. അലി അബ്ദുർറസാഖ് മദനിയുടെ എനിക്കുള്ള ഒരു കത്ത് തൊടിയൂർ മൗലവിയുടെ പക്കൽ ഉണ്ടായിരുന്നു. സ്വഭാവവൈശിഷ്ട്യവും മിതവാദവും പ്രത്യേകതയായിരുന്ന അദ്ദേഹത്തെ എനിക്ക് പരിചയപ്പെടുത്തുകയും അദ്ദേഹത്തിന്റെ ആവശ്യം കഴിയുമെങ്കിൽ നിവൃത്തിച്ചുകൊടുക്കുകയും ചെയ്യണമെന്ന് കത്തിൽ എഴുതിയിരിക്കുന്നു. ആവശ്യമിതാണ്. അവർ ഇരുവരും തങ്ങളുടെ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഒരു വൻ പ്രൊജക്റ്റുമായി സുഊദിയിലേക്ക് സഹായം തേടി പോകുകയാണ്. അവിടെയുള്ള പ്രമുഖരുമായി ബന്ധപ്പെടണം. അതിന് ശൈഖ് ഇബ്നുബാസിന്റെ സഹായം ലഭിക്കണം. ഞാൻ ഇവരെ പരിചയപ്പെടുത്തിക്കൊണ്ടും ശുപാർശ ചെയ്തു കൊണ്ടും ശൈഖിന് കത്ത് കൊടുക്കണം. ശൈഖ് എന്റെ വാക്കുകൾക്ക് നൽകുന്ന വിശ്വാസ്യതയും പരിഗണനയും ഇവർ എങ്ങനെയോ അറിഞ്ഞിരിക്കുന്നു. അബ്ദുർറസാഖ് മൗലവിയുടെ കത്ത് അവർ മകനെ ഏൽപിച്ചു. വിവരം പറഞ്ഞു. ശൈഖിനുള്ള ശുപാർശക്കത്ത് എത്രയും വേഗം അയപ്പിക്കണമെന്ന് പറഞ്ഞേൽപിച്ച് മടങ്ങി. ഞാൻ തിരിച്ചെത്തിയപ്പോൾ വിവരം അറിഞ്ഞു. മുജാഹിദ് സെന്ററിൽ നിന്നുള്ള അറിവും അംഗീകാരവുമില്ലാത്ത ആർക്കും മേലിൽ കത്ത് കൊടുക്കേണ്ട എന്നാണ് ഞാൻ

തീരുമാനിച്ചിരിക്കുന്നത്. അതിനാൽ അവിടെ ബന്ധപ്പെട്ടശേഷം വേണ്ട ത് ചെയ്യാം എന്ന് ഞാൻ അവരെ അറിയിച്ചു. പക്ഷെ, അതിനു തൊട്ടു പിറകെ എനിക്ക് ഒരു വിവരം കിട്ടി. കടക്കൽ അബ്ദുൽ അസീസ് മൗല വി ഏതോ ജാറത്തിലെ ഒരു നേർച്ച പരിപാടി ഉദ്ഘാടനം ചെയ്തുകൊ ണ്ട് ദുആ ഇരക്കുന്ന ഫോട്ടോയും വാർത്തയും ചന്ദ്രിക ദിനപത്രത്തിൽ വന്നിരിക്കുന്നു. ഇതു കണ്ടതോടെ ശൈഖ് ഇബ്നുബാസിന് കത്ത് കൊടുക്കുന്ന പരിപാടി ഞാൻ ഉപേക്ഷിച്ചു. കാര്യം മൗലവിയോട് എഴുതി അറിയിക്കുകയും ചെയ്തു. ഞാൻ നിങ്ങൾക്ക് കത്ത് തരികയും ഈ പത്രവാർത്ത ശൈഖിന്റെ സന്നിധിയിൽ എത്തുകയും ചെയ്താൽ എന്നെക്കുറിച്ച് അദ്ദേഹം എന്തായിരിക്കും ധരിക്കുക എന്ന് ഊഹിക്കാ മല്ലോ. അതുകൊണ്ട് ഇത്തരത്തിലുള്ളവരെ പരിചയപ്പെടുത്താനോ അവ ർക്ക് വേണ്ടി ശുപാർശ ചെയ്യാനോ എനിക്ക് കഴിയില്ല എന്ന് ഞാൻ അവ രെ അറിയിച്ചു. അല്ലാഹു എന്നെ വൻദോഷത്തിൽ നിന്നും അകറ്റി.

ശൈഖ് ഇബ്നുബാസിനെക്കുറിച്ചുള്ള മറ്റൊരു വിഷയം കൂടി പറയാം. പഴയ സംഭവമാണ്. കേട്ടറിവാണെങ്കിലും ദൃഢമായ ബോധ്യമുള്ളതാണ്. ഒരിക്കൽ സുഊദ് രാജാവിന് ഇബ്നുബാസിന്റെ രേഖാമൂലമുള്ള ഒരു നിവേദനം ലഭിച്ചു. മതരംഗത്തും ഭരണരംഗത്തും വരുത്തേണ്ട ചില നട പടികളടങ്ങുന്ന നിവേദനമായിരുന്നു അത്. പരിശോധിച്ച് രാജാവ് അതീവ സന്തുഷ്ടനായി. അദ്ദേഹം പാരിതോഷികമായി കുറെ പണം കൊടുത്ത യച്ചു. പക്ഷെ, ശൈഖ് അത് നന്ദിപൂർവ്വം നിരസിക്കുകയാണ് ചെയ്തത്. താൻ നൽകിയ നിവേദനം പൊതു താൽപര്യപ്രകാരമാണെന്നും സ്വാർത്ഥ മായി ഒന്നും പ്രതീക്ഷിക്കുന്നില്ലെന്നും ഇത് സ്വീകരിക്കുന്നപക്ഷം ഇഖ്ലാ സിന് കോട്ടം സംഭവിക്കുമെന്ന് താൻ ഭയപ്പെടുന്നുവെന്നും അതിനാൽ പണം തിരിച്ചയക്കുന്നതിൽ മാപ്പ് ചെയ്യണമെന്നും മറുപടി നൽകി. ശൈ ഖിന്റെ ഈ നിലപാട് കൊട്ടാരത്തിൽ അദ്ദേഹത്തിന് പ്രത്യേക ആദരവും പരിഗണനയും ലഭിക്കാൻ നിമിത്തമായി. അദ്ദേഹത്തിന്റെ അഗാധവി ജ്ഞാനവും നിസ്വാർത്ഥതയും സമന്വയിച്ച വ്യക്തിത്വവും രാജസദസ്സിൽ ലഭിച്ച സ്വീകാര്യതയും ഇടമുറിയാതെ മുന്നേറി. ഒടുവിൽ രാഷ്ട്രത്തിന്റെ ഗ്രാന്റ് മുഫ്തിയിൽ അദ്ദേഹം എത്തിച്ചേർന്നു. ദീനിനുവേണ്ടി ദുൻയാവ് വേണ്ടെന്ന് വെച്ചപ്പോൾ അത് വലിയ നിലയിൽ തന്നെ അല്ലാഹു നൽകി. ആഖിറത്തിൽ വേണ്ടുവോളം അദ്ദേഹത്തിന് ആശിക്കാനും വകയുണ്ട്. അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

അവസാനമായി ശൈഖിനെ ഞാൻ കണ്ടത് 1997 ഒടുവിലാണ്. കണ്ണൂർ പിലാത്തറയിൽ നടന്ന കെ.എൻ.എം. സംസ്ഥാന മഹാ സമ്മേളനത്തിന്റെ

പ്രചാരണാർത്ഥം കെ.കെ.ഹസൻ മദീനി (ആലുവ)യും ഹുസൈൻ മടവൂരുമൊത്ത് ഞാൻ സുഊദിയിൽ യാത്ര ചെയ്തു. കൂടെ ചെല്ലണമെന്നുള്ള ഹുസൈൻ മൗലവിയുടെ ആഗ്രഹത്തിന് ഞാൻ വഴങ്ങി. പോകണമെന്ന് എനിക്ക് ആഗ്രഹവുമുണ്ടായി. വേണ്ടപ്പെട്ടവരെയെല്ലാം ഒന്നു കാണുകയും സൗഹൃദം പുതുക്കുകയും ചെയ്യാമല്ലോ. യാത്രയിൽ ഹുസൈൻ മടവൂരും ഹസൻ മദീനിയും പിതൃതുല്യമായ സ്നേഹത്തോടെ എന്നെ ശ്രദ്ധിക്കുകയും പരിചരിക്കുകയും ചെയ്തത് നന്ദിപൂർവ്വം ഞാൻ സ്മരിക്കട്ടെ. ആ യാത്രയിൽ ശൈഖ് ഇബ്നുബാസിനെ കാണുകയും സൗഹൃദം പുതുക്കുകയും ചെയ്തു. അദ്ദേഹത്തിൽ എനിക്ക് ശിഷ്യത്വം ഇല്ലെങ്കിലും ഒരു ഗുരുനാഥന്റെ എല്ലാ പരിഗണനയും ഞാൻ ആദ്യം മുതൽക്കേ അദ്ദേഹത്തിന് നൽകിപ്പോന്നിട്ടുണ്ട്. മഹാനായ, വിശാല ഹൃദയനായ, സ്നേഹ സമ്പന്നനായ ശൈഖ് എന്നെ ഒരു സുഹൃത്തിനെപ്പോലെ സ്നേഹിച്ചു. സ്മരണ മാത്രയിൽ എന്നെ കോരിത്തരിപ്പിക്കുന്ന അത്യപൂർവ്വ ബന്ധങ്ങളിൽ ഒന്നാണിത്. മഹാന്മാർക്ക് മാത്രമുള്ള അപൂർവ്വ സ്വഭാവവൈശിഷ്ട്യത്തിന്റെ മകുടോദാഹരണമായിരുന്നു ശൈഖ് അബ്ദുൽ അസീസ്ബ്നു അബ്ദില്ലാഹിബ്നുബാസ് ﵀.

ഇതോടൊപ്പം ഓർമ്മിക്കേണ്ട ഒരു സംഭവം വേറെയുണ്ട്. അത് എന്റെ ബഹുമാന്യ ഗുരുനാഥൻ കെ.എം. മൗലവിയെക്കുറിച്ചാണ്. അദ്ദേഹം ആദ്യമായി ഹജ്ജിന് പോയപ്പോൾ മക്കയിലും മദീനായിലും ഹാജിമാരുടെ സൗകര്യാർത്ഥം വരുത്തേണ്ട ചില പരിഷ്കാരങ്ങളുടെ ഒരു രൂപരേഖ തയ്യാറാക്കി രാജാവിന് നേരിൽ സമർപ്പിക്കുവാൻ ആഗ്രഹിച്ചു. പക്ഷെ, സന്ദർശനാനുമതി ലഭിച്ചില്ല. നിവേദനം മൗലവി കൊട്ടാരത്തിലെ ഔദ്യോഗിക വിഭാഗത്തിൽ ഏൽപിച്ചു. നാട്ടിലേക്ക് മടങ്ങാൻ ജിദ്ദയിലെത്തി. അപ്പോൾ കൊട്ടാരത്തിലെ പ്രത്യേക പ്രതിനിധി മൗലവിയെ തേടിയെത്തി. രാജാവ് മൗലവിയുടെ നിവേദനത്തിൽ വളരെ സന്തോഷിക്കുന്നു എന്നറിയിച്ചു. അതിന് പാരിതോഷികമായി ഒരു സംഖ്യ മൗലവിക്ക് രാജാവിന്റെ വകയായി കൊണ്ടുവന്ന വിവരവും അറിയിച്ചു. സുഊദി അറേബ്യയുടെ സ്ഥാപകനായ അബ്ദുൽ അസീസ് രാജാവായിരുന്നു അന്നത്തെ ഭരണവാഴ്ചയുടെ തലവൻ. മഹാനായ എന്റെ ഗുരുനാഥൻ മോശമല്ലാത്ത ആ പാരിതോഷികം ഏറെ നന്ദിയോടെ നിരസിച്ചു. തന്റെ നിവേദനം അല്ലാഹുവിന്റെ പ്രിയപ്പെട്ട ഭവനത്തിനുവേണ്ടി അല്ലാഹുവിന്റെ പൊരുത്തം മാത്രം ആഗ്രഹിച്ചു കൊണ്ടുള്ളതാകയാൽ രാജസന്നിധിയിൽ അത് തിരസ്കരിക്കപ്പെട്ടാലും അല്ലാഹുവിന്റെ പൊരുത്തം ആശിക്കാവുന്നതാണെന്നും അദ്ദേഹം വിനയപൂർവ്വം അറിയിച്ചു. ഈ

പാരിതോഷികം സ്വീകരിക്കുകവഴി തന്റെ ഇഖ്ലാസിന് ഒരു കൊച്ചു പോറ ലെങ്കിലും സംഭവിച്ചേക്കുമോ എന്ന് ഭയപ്പെടുന്നത് കൊണ്ടു മാത്രമാണ് താൻ ഇത് നിരസിക്കുന്നതെന്നും അദ്ദേഹം ബന്ധപ്പെട്ടവരോട് സവിനയം പറഞ്ഞു. വളരെ ഉന്നതമായ സ്വഭാവ വിശേഷതകളുടെ ഒരു സമന്വയമാ യിരുന്നു എന്റെ പ്രിയപ്പെട്ട ഉസ്താദ്.

ഓർമകളുടെ തീരത്ത്

# 40

# ശൈഖ് അബ്ദുല്ലാഹ് ഉമർ നസ്വീഫ്

ഫഹ്ദ് രാജാവിന്റെ മജ്ലിസുശ്ശൂറയുടെ ചെയർമാൻ, റാബിത്വത്തുൽ ആലമിൽ ഇസ്ലാമീ (മുസ്ലിം വേൾഡ് ലീഗ്)യുടെ സെക്രട്ടറി ജനറൽ എന്നീ നിലകളിൽ ലോകപ്രശസ്തനാണ് ശൈഖ് അബ്ദുല്ല ഉമർ നസ്വീ ഫ്. ഇദ്ദേഹം എന്റെ ഒരു നല്ല സുഹൃത്താണ്. എന്നെ സ്നേഹിക്കുന്ന ഉന്നതന്മാരിൽ മഹനീയൻ. എനിക്ക് ഒട്ടും അർഹതയില്ലാത്ത എത്രയെത്ര ബന്ധങ്ങളാണ് അല്ലാഹു ഔദാര്യപൂർവ്വം നൽകിയത് എന്നോർക്കുമ്പോ ൾ മനസ്സിൽ കുറ്റബോധവും കണ്ണിൽ കണ്ണുനീരും! വളരെ കുറച്ച് മാത്ര മേ അല്ലാഹുവിന് നന്ദി ചെയ്യാൻ കഴിഞ്ഞിട്ടുള്ളൂവെന്നതാണ് എന്റെ ദുഖം. ആശിക്കാത്തതും അർഹതയില്ലാത്തതുമായ ഇത്തരം സൗഭാഗ്യ ങ്ങളെക്കുറിച്ചോർക്കുമ്പോൾ, ഹൃദയം ആഹ്ലാദിക്കുമ്പോൾ പൊടിയുന്ന താണ് കണ്ണുനീർ.

ശൈഖ് അബ്ദുല്ലാഹ് ഉമർ നസ്വീഫിന്റെ കുടുംബചരിത്രം സുഊദി അറേബ്യയുടെ തന്നെ ചരിത്രമാണ്. തൗഹീദിനെ രാഷ്ട്രത്തിന്റെ ഔദ്യോ ഗിക ആദർശമായി പ്രഖ്യാപിക്കുവാൻ താങ്ങും തണലുമായ കുടുംബ ത്തിന്റെ ചരിത്രം എന്റെ വായനക്കാരിൽ അറിഞ്ഞിട്ടില്ലാത്തവർ അറിയേ ണ്ടതും അറിഞ്ഞിട്ടുള്ളവർ സ്മരണ പുതുക്കേണ്ടതുമാണ്. ഇദ്ദേഹ ത്തിന്റെ പിതാമഹൻ ശൈഖ് മുഹമ്മദ് നസീഫ്ﷺ 'അയ്നു അയ്നാജിദ്ദ' (ജിദ്ദയിലെ പ്രമുഖരിൽ പ്രമുഖൻ) എന്ന ബഹുമതിപ്പേരിലാണ് അറിയ പ്പെട്ടിരുന്നത്. ആധുനിക സുഊദി ഭരണകൂടത്തിന്റെ ഒന്നാമത്തെ സർവ്വാ ധികാരിയായിരുന്ന അബ്ദുൽ അസീസ്ബ്നു സുഊദ്. ജിദ്ദയിൽ വന്നാൽ ശൈഖ് മുഹമ്മദ് നസ്വീഫിന്റെ ബംഗ്ലാവിലാണ് താമസിക്കാറുണ്ടായിരു ന്നത്. അബ്ദുൽ അസീസ് രാജാവ് ഹിജാസ് പിടിച്ചെടുക്കുമ്പോൾ തുർ ക്കികൾ പണികഴിപ്പിച്ച ഒരു പഴയ കൊട്ടാരം മാത്രമേ ജിദ്ദയിൽ ഉണ്ടായി രുന്നുള്ളൂ. ഇദ്ദേഹത്തിന്റെ മകനും പിൻഗാമിയുമായ സുഊദ്ബ്നു

അബ്ദുൽ അസീസ് രാജാവ് ഇന്ത്യയിൽ ഔദ്യോഗിക സന്ദർശനം നടത്തിയപ്പോൾ ശൈഖ് മുഹമ്മദ് നസ്വീഫായിരുന്നു അദ്ദേഹത്തെ അനുഗമിച്ച ഉപദേഷ്ടാവ്. ഈ കുടുംബത്തിന്റെ പ്രാധാന്യം ഇതിൽ നിന്നും വ്യക്തമാണല്ലോ.

ഇദ്ദേഹത്തിന്റെ പദവിയും സ്വാധീനവും വ്യക്തമാക്കുന്ന കഴിവുറ്റ ഒരു പ്രധാന സംഭവം അറിയേണ്ടതുതന്നെയാണ്. നജ്ദു വ മുൽ ഹഖാത്തുഹാ (നജ്ദും അതിനോടു ബന്ധപ്പെട്ട പ്രദേശങ്ങളും)യുടെ ഭരണാധികാരിയായിരുന്നു അബ്ദുൽ അസീസ് രാജാവ്. 1910 കാലമാണത്. അന്ന് ഹിജാസിന്റെ ഭരണം കയ്യാളിയിരുന്നത് ബനൂ ഹാഷിം കുടുംബമായിരുന്നു. ബ്രിട്ടീഷ് മേൽക്കോയ്മയുടെ ആശ്രിതരായിട്ടാണ് ഇവർ അവിടെ വാണരുളിയിരുന്നത്. അവർ ശിർക്കിന്റെയും ബിദ്അത്തുകളുടെയും സംരക്ഷകരുമായിരുന്നു. ഹിജാസിനെ ഇവരുടെ ദുർഭരണത്തിൽ നിന്നും മോചിപ്പിക്കുവാനും അതുവഴി ബ്രിട്ടീഷ് മേൽക്കോയ്മ മുറിച്ചുമാറ്റുവാനും ആശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ടിരുന്ന നല്ല മനുഷ്യർ ഈ അവസ്ഥയിൽ ദു:ഖിതനായിരുന്നു. പ്രതാപിയും കഴിവുറ്റവനുമായ അബ്ദുൽ അസീസ് രാജാവിനെയാണ് തൗഹീദിന്റെ വക്താക്കൾ പ്രതീക്ഷയോടെ ഉറ്റുനോക്കിയിരുന്നത്. തൗഹീദിന്റെ എക്കാലത്തേയും വലിയ പ്രചാരകനും തേരാളിയുമായിരുന്ന മുഹമ്മദ്ബ്നു അബ്ദുൽ വഹാബിന്റെ അനുയായികളായിരുന്നു സുഊദ് കുടുംബം. അതുകൊണ്ട് തന്നെ വഹാബീ മൂവ്മെന്റിനെ മുസ്‌ലിംലോകത്തുള്ള തങ്ങളുടെ എതിരാളികളിൽ മുഖ്യസ്ഥാനത്ത് ബ്രിട്ടീഷ് സാമ്രാജ്യം എന്നും കണ്ടുകൊണ്ടിരുന്നു. അന്ധവിശ്വാസത്തിലമർന്ന് കിടന്ന മുസ്‌ലിം ലോകത്തെ വഹാബീ പ്രസ്ഥാനത്തിനെതിരിൽ അണിനിരത്താൻ എല്ലാ കരുക്കളും ബ്രിട്ടീഷുകാർ കാലാനുസൃതം ഒരുക്കിയിട്ടുണ്ട്. അതോടൊപ്പം മുസ്‌ലിം സൊസൈറ്റിയെ ഭിന്നിപ്പിക്കലും അവരുടെ തന്ത്രങ്ങളിലുണ്ടായിരുന്നു. അഹ്മദിയ്യാ പ്രസ്ഥാനം ഒരു മതമായി രൂപപ്പെടുത്തിയതിന്റെ പിന്നിൽ സംരക്ഷകരും സഹായികളുമായി വർത്തിച്ചതും ബ്രിട്ടീഷ് ഭരണകൂടമായിരുന്നു. കള്ളപ്രവാചകനായ മീർസാ ഗുലാം അഹ്മദ് ഖാദിയാനിയുടെ ഒന്നാമത്തെ സന്ദേശം തന്നെ ഇതിനുള്ള ഒന്നാംതരം തെളിവാണല്ലോ. ബ്രിട്ടീഷ്ഭരണം ഇന്ത്യയിൽ നിലനിൽക്കാൻ പ്രാർത്ഥിക്കേണ്ടത് ഓരോ മുസ്‌ലിമിന്റേയും നിർബന്ധകടമയാകുന്നു എന്നിങ്ങനെ അല്ലാഹു തന്നോട് കൽപിച്ചിരുന്നുവെന്നായിരുന്നു ഈ ദുഷ്ടൻ തന്റെ ഒന്നാമത്തെ 'വഹ്‌യ്' ആയി പുറത്തിട്ടത്. ഖാദിയാനിസം ബ്രിട്ടീഷുകാരന്റെ തണലിൽ വേര് പിടിച്ചു. അവർ തന്നെ വെള്ളവും വളവും മറ്റു സംരക്ഷണങ്ങളും നൽകി. ആ സ്നേഹസംര

ക്ഷണം ഇന്നും ഇടമുറിയാതെ തുടരുകയാണ്. അഹ്മദിയ്യാ പ്രസ്ഥാന ത്തിന്റെ ആഗോള പ്രചാരണ കേന്ദ്രം ഇന്നും ലണ്ടൻ തന്നെ. ഹിന്ദു മത ത്തിൽ നിന്നും വേറിട്ടു മാറിയ സിക്കു മതവും ബ്രിട്ടീഷുകാരന്റെ ഒരു വെടിക്ക് രണ്ടു പക്ഷിയായിരുന്നു. ഹിന്ദുക്കളെ ഭിന്നിപ്പിക്കുകയും സിക്കു കാരെ മുസ്‌ലിംകളുടെ മുഖ്യ ശത്രുവാക്കി മാറ്റുകയും ചെയ്ത ഇരട്ട തന്ത്രം. സിക്കുകാർക്കും അവർ എല്ലാ പരിരക്ഷയും നൽകി പോറ്റിവളർത്തി. പട്ടാളത്തിലും മറ്റു നയതന്ത്ര വിഹാര രംഗങ്ങളിലും അവർക്ക് ഗണ്യമായ സ്ഥാനം നൽകി. ലണ്ടൻ സിക്ക് മതത്തിന്റെയും അഭയ കേന്ദ്രമായി. അവ രിൽ നിന്ന് ഉത്ഭവിച്ച ഖലിസ്ഥാൻ തീവ്രവാദമെന്ന ഭീകര പ്രസ്ഥാനത്തി ന്റെ പ്രചാരണ താവളമായി ലണ്ടൻ തന്നെ ചിറക് വിരിച്ചു. മറുഭാഗത്ത് മുസ്‌ലിം സമൂഹത്തിലെ നാട്ടുപ്രമാണിമാരെ ഖാൻ ബഹദൂർ പട്ടം പോ ലുള്ള പദവികൾ നൽകിയും സാമാന്യജനങ്ങളെ അന്ധവിശ്വാസങ്ങ ളുടെ നീർച്ചുഴിയിൽ കറങ്ങാൻ തക്ക തന്ത്രങ്ങൾ ആവിഷ്കരിച്ച് പൗരോ ഹിത്യത്തെ സഹായിച്ചും കൊളോണിയലിസം അടിത്തറ ഉറപ്പിക്കുകയാ യിരുന്നു. പക്ഷെ ലോകത്തെവിടെയും സലഫീ മൂവ്മെന്റിനെ തളക്കാൻ ഒരു നിലക്കും ഇവർക്ക് കഴിയുമായിരുന്നില്ല. അത് തകർക്കുന്നതിനാണ വർ ആയുധമെടുത്തത്. സലഫികൾക്ക് വഹാബികൾ എന്ന് പേര് നൽ കി. മുഹമ്മദുബ്നു അബ്ദുൽ വഹാബുമായി സലഫീ പ്രസ്ഥാനത്തെ കൂട്ടിക്കെട്ടി. 'നജ്ദിലെ ശൈത്വാൻ' എന്ന് മുഹമ്മദ്ബ്നു അബ്ദുൽ വഹാ ബിനെ വിശേഷിപ്പിക്കാൻ പുരോഹിതന്മാർക്ക് പണവും പ്രേരണയും നൽകി. ബ്രിട്ടീഷുകാർക്ക് വഹാബികളോടുള്ള കുടിപ്പക തീർക്കാൻ പല ആയുധങ്ങളും വിവിധ ദിശകളിലൂടെ പ്രയോഗിച്ചു.

അതിൽപെട്ട ഒരു പ്രധാന സംഭവമാണ് നജ്ദ് നിവാസികളെ ഹജ്ജിന് വരുന്നതിൽ നിന്നും ഹിജാസിലെ ബ്രിട്ടീഷ് ആശ്രിതന്മാർ തടഞ്ഞത്. ബനൂഹാഷിം ആധിപത്യം ബ്രിട്ടീഷ് ചട്ടുകമായി പ്രവർത്തിച്ചപ്പോൾ നജ് ദുകാർക്ക് ഹിജാസിൽ പ്രവേശനം നിഷേധിക്കപ്പെടുകയായിരുന്നു. മൂന്ന് വർഷം ഈ നിരോധനം കർക്കശമായി തുടർന്നു. അസഹ്യമായ ഈ അതിക്രമത്തിനെതിരിൽ പോരാടാൻ തന്നെ അബ്ദുൽ അസീസ്ബ്നു സുഊദ് തീരുമാനമെടുത്തു. വിജയം അല്ലെങ്കിൽ മരണം എന്ന സുദൃഢ നിശ്ചയത്തിൽ അദ്ദേഹം തന്റെ പട്ടാളത്തെ ഹിജാസിലേക്ക് നയിച്ചു. ആ വിശുദ്ധ യുദ്ധത്തിൽ ബനൂഹാഷിം ഭരണകൂടം പരാജിതരായി. ഭരണാധി പൻ രാജ്യം വിട്ടോടുകയും ചെയ്തു. ഹിജാസ് ശിർക്കിന്റെ കരാളഹസ്ത ത്തിൽ നിന്നും മോചിതരുമായി. തൗഹീദിന്റെ പതാക ഉമ്മുൽഖുറായിൽ പാറിക്കളിച്ചു. പലായനം ചെയ്ത രാജാവിനെ ബ്രിട്ടീഷുകാർ ഇപ്പോഴത്തെ

ജോർഡാനിൽ കുടിയിരുത്തി. അവിടെ "അൽ മംലക്കത്തുൽ ഉർദുനിയ്യ ത്തുൽ ഹാഷിമിയ്യ" എന്ന പേരിൽ ഒരു ഭരണകൂടമുണ്ടാക്കി. ഇദ്ദേഹത്തെ അവിടത്തെ രാജാവാക്കി. ഇയാളുടെ ചെറുമകനാണ് ഇപ്പോഴത്തെ ഹുസൈൻ രാജാവ്. 'ഉർദുനാ'യാണ് ജോർഡാനായിത്തീർന്നത്.

ഹിജാസിനു വേണ്ടിയുള്ള വിശുദ്ധയുദ്ധവുമായി ബന്ധപ്പെട്ട പ്രധാന സംഭവമാണ് മുഹമ്മദ് ന്വസീഫിന്റേത്. അബ്ദുൽ അസീസ് രാജാവ് നജ്ദിൽ നിന്നുള്ള തന്റെ പടയോട്ടത്തെക്കുറിച്ച് മുഹമ്മദ് നസ്വീഫിനെ മുൻകൂട്ടി അറിയിച്ചിരുന്നു. തന്റെ പട്ടാളത്തിന് ഭക്ഷ്യവിഭവങ്ങൾ സജ്ജീകരിക്കുന്നതിന് ഇദ്ദേഹത്തിന്റെ സഹായം തേടുകയായിരുന്നു രാജാവ്. വിവരം ലഭിച്ച ഉടനെ അദ്ദേഹം ഡൽഹിയിലെ അഹ്ലെ ഹദീസിന്റെ അദ്ധ്യക്ഷനുമായി ബന്ധപ്പെട്ടു. ഭക്ഷണ വിഭവങ്ങൾ ശേഖരിക്കാനുള്ള സഹായത്തിനുവേണ്ടിയായിരുന്നു ഇത്. അന്ന് ഏഷ്യാ ഭൂഖണ്ഡത്തിൽ ഖുർആനും ഹദീസും അടിസ്ഥാനമാക്കി മതപ്രബോധനം നടത്തുന്ന ഏക പ്രസ്ഥാനം അഹ്ലെ ഹദീസ് ആയിരുന്നു. ആ നിലക്ക് അറേബ്യയിലെ സലഫികൾക്ക് അഹ്ലെ ഹദീസുമായി വലിയ ബന്ധമുണ്ടായിരന്നു.

ഡൽഹിയുടെ പരിസര പ്രദേശങ്ങളിൽ നിന്ന് കിട്ടാവുന്നത്ര ഗോതമ്പ് വിലക്ക് വാങ്ങി ശേഖരിക്കപ്പെട്ടു. അഹ്ലെ ഹദീസ് നേതാവിന്റെ ശ്രമഫലമായിരുന്നു ഇത്. ഗോതമ്പ് മുഴുവൻ ഗുഡ്സ്വാഗൺ വഴി ബോംബെയിലേക്കും അവിടെനിന്നും കപ്പൽ മാർഗം ജിദ്ദയിലേക്കും അയച്ചു. രണ്ടു കപ്പൽ നിറയെ വന്നെത്തിയ ഗോതമ്പ് മുഹമ്മദ് ന്വസീഫിന്റെ നേതൃത്വത്തിൽ സൂക്ഷിച്ചു. രണ്ടു മാസക്കാലം അബ്ദുൽ അസീസ് രാജാവിന്റെ പട്ടാളത്തിനും ആശ്രിതർക്കും ഭക്ഷണത്തിന്നായി ഈ ഗോതമ്പാണ് ഉപയോഗിച്ചത്. അങ്ങനെ ദുർഭരണത്തിൽ നിന്നും ശിർക്ക്പരമായ അനാചാരങ്ങളിൽ നിന്നും ഹിജാസിനെ ശുദ്ധീകരിക്കാനും തൗഹീദ് സംസ്ഥാപിക്കുവാനും കാരണമായ വിശുദ്ധ സമരത്തിൽ നിർണ്ണായക സഹായിയായി വർത്തിച്ച മഹാ പുരുഷനാണ് മുഹമ്മദ് നസ്വീഫ്ﷺ.

മഹാനവർകളെ മുഖാമുഖം പരിചയപ്പെടാനും സ്നേഹബന്ധം ഉറപ്പിക്കാനും എളിയവനായ എനിക്ക് ഭാഗ്യം സിദ്ധിച്ചിട്ടുണ്ട്. എന്റെ ആത്മമിത്രം അബ്ദുർറഊഫ് മലൈബാരിക്ക് മുഹമ്മദ് നസ്വീഫുമായി സ്നേഹബന്ധം ഉണ്ടായിരുന്നു. മൗലവിയാണ് എന്നെ അദ്ദേഹത്തിന് പരിചയപ്പെടുത്തിയത്. ഹിന്ദ്(ഇന്ത്യ)കാരായ സലഫികളെ മുഹമ്മദ് നസ്വീഫിന് വലിയ സ്നേഹമാണ്. മേൽ പറഞ്ഞ ബന്ധങ്ങളുടെ വെളിച്ചത്തിൽ ആ സ്നേഹം കുടുംബ ബന്ധമാക്കാൻ പോലും അദ്ദേഹം ആവേശം കാണിച്ചു. തന്റെ മകൻ ശൈഖ് ഉമർ തസ്വീഫിന് ഇണയെ കണ്ടെത്തിയത്

അഹ്‌ലെ ഹദീസ് കുടുംബത്തിലെ ഒരു ഇന്ത്യക്കാരിയെയായിരുന്നു. ഭീവണ്ടിയിലായിരുന്നു അവരുടെ കുടുംബം. ആ വീട്ടിൽ ഒരിക്കൽ ഞാൻ പോയിട്ടുണ്ട്. ആ വനിത നല്ലൊരു പണ്ഡിതയുമായിരുന്നു. അവരുടെ ഒരു പുസ്തകം അറബിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒരിക്കൽ ജിദ്ദയിൽ വെച്ച് ആ മഹതിയുമായി ഞാൻ സംസാരിച്ചിരുന്നു. പക്ഷെ, അവരുടെ ഭർത്താവ് ശൈഖ് ഉമർ നസ്വീഫുമായി പരിചയപ്പെടാൻ അവസരമുണ്ടായില്ല. ഞാൻ ഈ കുടുംബവുമായി ബന്ധപ്പെടുന്ന കാലത്ത് അദ്ദേഹം അമേരിക്കയിൽ പഠിക്കുകയായിരുന്നു.

ഇദ്ദേഹത്തിന്റെ മകനാണ് റാബിത്വയുടെ മുൻ സെക്രട്ടറി ജനറലും ഫഹ്ദ് രാജാവിന്റെ ശൂറാ ചെയർമാനുമായ അബ്ദുല്ല ഉമർ നസ്വീഫ്. ഞങ്ങൾ തമ്മിൽ നല്ല സ്നേഹബന്ധമാണ്. ഏറ്റവുമൊടുവിൽ തമ്മിൽ കണ്ടത് 97 ഒക്ടോബർ മാസത്തിൽ ജിദ്ദയിൽ വെച്ചായിരുന്നു. ജിദ്ദയിലെ മർകസുസഖാഫ എന്ന പ്രവിശാലമായ ഓഡിറ്റോറിയത്തിൽ ഞാൻ കൂടി സംബന്ധിച്ച മലയാളികളുടെ സമ്മേളനത്തിൽ വെച്ചായിരുന്നു ഈ കൂടിക്കാഴ്ച. ഒരു അവാർഡ്ദാനമുണ്ടായിരുന്നു. അദ്ദേഹമാണ് അത് നടത്തിയത്. ഞാൻ നേരത്തെ പറഞ്ഞുവല്ലോ 97ൽ കണ്ണൂർ പിലാത്തറയിൽ നടന്ന കെ.എൻ.എം. സംസ്ഥാന സമ്മേളനവുമായി ബന്ധപ്പെട്ട് ഹുസൈൻ മടവൂരും കെ.കെ. ഹസൻ മദീനി(ആലുവ)യും ചേർന്ന് സുഊദിയിൽ ഞാൻ നടത്തിയ പര്യടനം. ഹസൻ സാഹിബ് മദീന ഇസ്‌ലാമിക് യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദമെടുത്തിട്ടുണ്ട്. അതുപോലെ ഹുസൈൻ മടവൂർ മക്കയിലെ ഉമ്മുൽഖുറാ യൂണിവേഴ്സിറ്റിയിൽ നിന്നും. ഞങ്ങൾ മൂന്നുപേരും വിവിധ കാലഘട്ടങ്ങളിലായി സുഊദിയിലെ വിവിധ സ്ഥാപനങ്ങളിൽ പഠിച്ചവരും അവിടെ പലനിലയിൽ ബന്ധമുള്ളവരുമാണല്ലോ. അതുകൊണ്ടാണ് കെ.എൻ.എം. നേതൃത്വം ഈ യാത്രയ്ക്ക് ഞങ്ങളെ നിയോഗിച്ചത്.

ഞങ്ങൾ ജിദ്ദയിലേക്ക് വരാൻ ബുറൈദയിലെ അൽഖസീം എയർപോർട്ടിൽ നിൽക്കുമ്പോൾ എനിക്ക് ചെറിയ നെഞ്ചുവേദന അനുഭവപ്പെട്ടു. കൂട്ടുകാർ ഉടനെ ഡോക്ടറെ കാണാൻ പറഞ്ഞുവെങ്കിലും ജിദ്ദയിൽ ചെന്നിട്ടാകാം എന്നായി ഞാൻ. കാരണം ജിദ്ദയിൽ സംഘടിപ്പിച്ചിരിക്കുന്ന യോഗത്തിൽ ശൈഖ് അബ്ദുല്ല നസ്വീഫ് പങ്കെടുക്കുമല്ലോ. എനിക്ക് അദ്ദേഹത്തെ കാണാനും പഴയ ലോഹ്യം പുതുക്കാനും നല്ലൊരവസരമാണത്. ഡോക്ടറെ കാണാൻ പോയാൽ അവർ അവിടെ കിടക്കാനും പറഞ്ഞേക്കും. നെഞ്ചുവേദനയാണല്ലോ. അപ്പോൾ ഈ അവസരം നഷ്ടമാകുമെന്ന ശങ്കയാൽ ഞാൻ കൂട്ടാക്കിയില്ല. അബ്ദുല്ല നസ്വീഫിനെ കാ

ണാൻ അത്രയ്ക്കും പൂതിയുണ്ടായിരുന്നു. ഞങ്ങൾ ജിദ്ദ എയർപോർട്ടിൽ ഇറങ്ങിയപ്പോൾ സുഹൃത്തുക്കൾ കാത്തുനിൽക്കുന്നുണ്ടായിരുന്നു. യോഗം തുടങ്ങി. കുറച്ചു കഴിഞ്ഞപ്പോൾ ശൈഖ് നസ്വീഫ് വന്നെത്തി. എന്നെ കണ്ടപ്പോൾ അത്ഭുതത്തോടും അതീവ സന്തോഷത്തോടും അദ്ദേഹം എന്നെ ആശ്ലേഷിച്ചു. സൗഹൃദം പുതുക്കി. അദ്ദേഹം വളരെ തിരക്കിലായിരുന്നു. ഉടനെ റിയാദിലേക്ക് പോകുകയാണ്. എന്നെ റിയാദിലേക്ക് ക്ഷണിച്ചു. ചൊവ്വാഴ്ച ദിവസം തമ്മിൽ കാണണമെന്നും കുറെ സമയം ഒരുമിച്ചുകൂടാമെന്നും നിശ്ചയിച്ചു.

പക്ഷെ, ആ കൂടിക്കാഴ്ച സാധ്യമായില്ല. കൊതിച്ചതല്ലല്ലോ, വിധിച്ചതല്ലേ നടക്കൂ. യോഗം കഴിഞ്ഞതോടെ എനിക്ക് ക്ഷീണം വർദ്ധിച്ചു. ഡോക്ടറെ കാണാൻ പോയി. അവർ എന്നെ ആശുപത്രിയിൽ കിടത്തി. മൂന്നു ദിവസം അങ്ങനെ കിടക്കേണ്ടിവന്നു. തുടർന്നുള്ള പരിപാടികളിൽ നിന്നും ഞാൻ ഒഴിയേണ്ടിവന്നു. എന്നെ ശുശ്രൂഷിച്ചുകൊണ്ട് ഹസൻ മദീനി കൂടെയുണ്ടായിരുന്നു. ഒടുവിൽ യാത്ര റദ്ദാക്കി ഞാൻ മാത്രം ജിദ്ദയിൽ നിന്ന് നേരെ നാട്ടിലേക്ക് മടങ്ങി. യു.എ.ഇ യാത്ര ഉദ്ദേശിച്ചിരുന്നു. അതും റദ്ദായി. ശൈഖ് അബ്ദുല്ല ഉമർ നസ്വീഫുമായി കൂടാനുള്ള ഒരവസരം നഷ്ടമായതിൽ വലിയ ഖേദമുണ്ടായി. എന്തുചെയ്യും? റബ്ബിന്റെ വിധിയിൽ പൊരുത്തപ്പെടണമല്ലോ. ശൈഖ് ഉമർ നസ്വീഫുമായി ബന്ധപ്പെട്ട മറ്റൊരു പ്രധാന സംഭവം വിവരിക്കേണ്ടതുണ്ട്. അത് പ്രസിദ്ധനും പ്രഗത്ഭനുമായ സി.എൻ. അഹ്മദ് മൗലവിയുമായുള്ള എന്റെ ആദർശസമരത്തിന്റെ ഒരു ഭാഗമാണ്. ആ ചരിത്രം വിവരിക്കുന്നേടത്ത് ചേർത്തു പറയുമ്പോഴേ അത് പ്രസക്തമാകുകയുള്ളൂ. അതിനാൽ തൽക്കാലം മാറ്റിവെക്കുന്നു.

ഓർമകളുടെ തീരത്ത്

## 41

# കുളിരേകുന്ന പഠനകാലം

വിദ്യാർത്ഥി ജീവിതം ആർക്കും മറക്കാനാവുന്നതല്ല. പലരും പലവിധത്തിലാണ് ആ ഓർമ്മകൾ ആസ്വദിക്കുന്നത്. ചിലർക്ക് സമരവീര്യത്തിന്റേതാണ്. വേറെ ചിലർക്ക് അടിപിടിയും അടിച്ചുപൊളിയുമാണ്. ചിലർക്ക് സഹ വിദ്യാർത്ഥി- വിദ്യാർത്ഥിനികളുമായുള്ള ഇടപഴകലുകളിലെ മധുരിക്കുന്ന ഓർമ്മകളാണ്. എല്ലാവർക്കും പൊതുവെ നിലനിൽക്കുന്ന സ്മരണകൾ. ആ ജീവിതകാലം ദൃഢമായ സുഹൃദ്ബന്ധങ്ങളുടെ വളർച്ചയും തളർച്ചയുമാണ്. വിവിധ രാജ്യങ്ങളിൽ നിന്നും വന്ന ഒരുപാട് സഹ

പാഠികളുമായി നാലുവർഷം ഇടപഴകി ജീവിച്ചു. ആശയങ്ങൾ കൈമാറി. നാടിന്റെയും നാട്ടുകാരുടെയും പ്രത്യേകതകൾ പരസ്പരം അറിഞ്ഞു. വസ്ത്രധാരണരീതികളിലെ വൈവിധ്യം, ഭക്ഷണ ക്രമത്തിലെ രുചിഭേദങ്ങൾ, സ്വഭാവഗുണങ്ങളും സ്വഭാവക്കേടുകളും, എല്ലാം അങ്ങോട്ടുമിങ്ങോട്ടും ഉൾക്കൊണ്ടു. കൊച്ചു കൊച്ചു പിണക്കങ്ങൾ. ചിലത് വലിയ അകൽച്ച സൃഷ്ടിച്ചതുമുണ്ട്. അദ്ധ്യാപകരെക്കുറിച്ചും മായാതെ നിൽക്കുന്ന നല്ലതും ചീത്തയുമായ കുറെ ഓർമ്മകൾ എന്നെ വിടാതെ പിന്തുടരുന്നുണ്ട്. അത്തരത്തിൽപെട്ട ഒരു വലിയ കാര്യമാണ് ഇവിടെ കുറിക്കുന്നത്. എന്റെ വിജ്ഞാന സമ്പാദനത്തിലെ ഒരു വഴിത്തിരിവ്. വലിയ സ്നേഹവലയത്തിന് അർഹനായിത്തീർന്ന അപൂർവ്വ കാലം. എക്കാലത്തും മാതൃകയായി എടുത്തു ഉദ്ധരിക്കാവുന്ന ഗുരുനാഥ പരമ്പരയിലെ ഒരു മാണിക്യം. ഇങ്ങനെ പലതും എന്റെ ഓർമ്മയുടെ ആ മണിച്ചെപ്പിൽ അടങ്ങിയിരിക്കുന്നു.

കോളേജിൽ ഞാൻ രണ്ടാം വർഷത്തിലാണ്. ക്ലാസിൽ 'തത്ബീക്' എന്ന പേരിൽ ഒരു പഠനരീതിയുണ്ട്. വ്യാകരണ സംബന്ധമാണത്. കുറെ ചോദ്യങ്ങൾ ഗുരുനാഥൻ പറഞ്ഞുതരും. വിദ്യാർത്ഥികൾ അത് എഴുതിയെടുക്കണം. ശേഷം ഒരു നോട്ടുബുക്കിൽ മറുപടിയെഴുതി തയ്യാറാക്കണം. വിഷയത്തിന്റെ പുതുമ ഇവിടെയല്ല. വിദ്യാർത്ഥികളോടൊപ്പം അദ്ധ്യാപകനും ഈ ചോദ്യങ്ങൾക്ക് മറുപടി എഴുതും. അടുത്ത പീരിയഡിൽ ഉസ്താദ് തയ്യാറാക്കിയ ഉത്തരം വായിക്കും. വിദ്യാർത്ഥികൾ അവരവർ എഴുതിയ മറുപടിയുമായി ഉസ്താദിന്റേത് ഒത്തുനോക്കും. ശേഷം ആവശ്യമായ തിരുത്തലുകൾ നടത്തും. ഈ രീതിക്കാണ് തത്ബിക് എന്ന് പറയുന്നത്.

ഒരിക്കൽ ഗുരുനാഥൻ ചോദ്യങ്ങൾ തന്ന കൂട്ടത്തിൽ ഒരു ചോദ്യം? "ഇന്നമാ അക്റംതുക" എന്നുള്ളതിൽ 'തു' 'ക' എന്നീ രണ്ടു ളമീറുകളുടെ വസ്ല് (ചേർക്കുക) ഫസ്ല് (പിരിക്കുക) സംബന്ധിച്ച നിയമമെന്ത്? ഇത് അറബി ഭാഷാ വ്യാകരണ ജ്ഞാനമില്ലാത്ത വായനക്കാർക്ക് മനസ്സിലാകുന്നതല്ല. പക്ഷെ, ഇതിന്റെ പരിണാമമാണ് എല്ലാവർക്കുമുള്ള മഹത്തായ പാഠം.

ഇതിന്റെ മറുപടി ഞാൻ വിശദീകരിച്ച് എഴുതി. 'ഇന്നമാഉ എന്നത് ഹസ്റിന്റെ വാക്കാണ്. അതായത് മാത്രം എന്ന അർത്ഥം കൊടുക്കുന്ന പദം. മാത്രം എന്നുള്ളതിന്റെ അനുബന്ധം ഇവിടെ മൂന്നു വിധത്തിലാകാം. (ഒന്ന്) ഞാൻ എന്നർത്ഥമുള്ള 'തു' എന്നതുമായി ബന്ധപ്പെട്ടതാകാം. അപ്പോൾ അതിനെ പിരിച്ചു പറയേണ്ടതാണ്. "ഇന്നമാ അക്റമക അന" ഞാൻ മാത്രമാണ് നിന്നെ ബഹുമാനിച്ചത് എന്ന് അർത്ഥമായി. നിന്നെ

ബഹുമാനിക്കാൻ വേറെ ആരുമുണ്ടായില്ല എന്നു സാരം.

(രണ്ട്) 'ഇന്നമാ'യുടെ ഉന്നം (ബന്ധം) ക (നിന്നെ എന്നർത്ഥമുള്ള) എന്നതിനോട് ബന്ധപ്പെട്ടതാകാം. അപ്പോൾ 'ഇന്നമാ അക്റംതു ഇയ്യാക' എന്ന് പറയേണ്ടിവരും. 'നിന്നെ മാത്രമാണ് ഞാൻ ബഹുമാനിച്ചത്.' എന്നർത്ഥം. വേറെ ആരേയും ഞാൻ ബഹുമാനിച്ചിട്ടില്ല എന്ന് സാരം.

(മൂന്ന്) 'ഇന്നമാ'യുടെ ഉന്നം (ബന്ധം) വേറെ വല്ലതിനോടുമാകാം. "ഇന്നമാ അക്റംതുക ലി ഇൽമിക" നിന്നെ വിജ്ഞാനം നിമിത്തം മാത്ര മാണ് ഞാൻ ബഹുമാനിച്ചത് എന്ന അർത്ഥം വന്നു. നിന്റെ ധനമോ പദ വിയോ മറ്റു വല്ലതുമോ നിമിത്തമല്ലെന്ന് സാരം.

'ഇന്നമാ' എന്ന് ഇവിടെ ഉള്ളതുകൊണ്ട് ഈ രണ്ടു രൂപവും വരാവു ന്നതാണ്. 'ഇന്നമാ' ഇല്ലായിരുന്നുവെങ്കിൽ അക്റംതുക എന്നുതന്നെ രണ്ടു ളമീറും വസ്ല് ആകേണ്ടതാണ്. ഇതായിരുന്നു എന്റെ മറുപടിയുടെ രത്നച്ചുരുക്കം.

ഉസ്താദ് വായിച്ച മറുപടിയിൽ 'ഇന്നമാ അക്റംതുക' എന്നതിൽ രണ്ടു ളമീറിനും വസ്ല് തന്നെ എന്നു മാത്രമേ പറഞ്ഞിട്ടുള്ളൂ. ക്ലാസ് പിരിയാ റായപ്പോൾ ഞാൻ ഉസ്താദിന്റെ അരികിൽ ചെന്നു. 'ഇന്നമാ അക്റം തുക' എന്നതിനെപ്പറ്റി ഞാൻ എഴുതിയ മറുപടി അങ്ങ് വായിക്കണമെന്ന് എനിക്കൊരു അപേക്ഷയുണ്ട് എന്ന് അറിയിച്ചു. അദ്ദേഹം എന്റെ നോട്ട് ബുക്ക് വാങ്ങി തന്റെ ബാഗിൽ വെച്ചു. നാളെ തിരിച്ചുതരാം എന്നു പറഞ്ഞു പോയി. പക്ഷെ, രണ്ടാഴ്ച കഴിഞ്ഞാണ് പുസ്തകം അദ്ദേഹം മടക്കിത്തന്നത്. ഇതിനിടയിൽ ഞാൻ പലരിലൂടെയും ചില കാര്യങ്ങൾ അറിഞ്ഞു. ടീച്ചേഴ്സ് റൂമിൽ ഇൻർവെൽ സമയത്ത് ഗുരുനാഥന്മാർ ഒരു മിച്ചു കൂടിയപ്പോൾ എന്റെ ഗുരു സഹാദ്ധ്യാപകർക്ക് എന്റെ ഉത്തരം വായിച്ചുകേൾപ്പിക്കുകയും ചർച്ചയ്ക്ക് വിധേയമാക്കുകയും ചെയ്തിരു ന്നുവത്രെ! എല്ലാവരും ഏറെ സന്തോഷം പ്രകടിപ്പിക്കുകയും ചെയ്തതാ യി ഞാൻ അറിഞ്ഞു. ചിലർ ഇങ്ങനെ പറഞ്ഞുപോൽ! ഈ വിദ്യാർത്ഥി നമ്മളിൽ നിന്നും പഠിക്കേണ്ടവനല്ല. പഠിപ്പിക്കേണ്ടവനാണ്. ഈ സ്തുതി പാഠം വളരെ അതിർകവിയലാണ്. അവർക്കറിയാത്ത ഒരു കാര്യം ഞാൻ എഴുതിയതല്ല കാരണം. മറ്റു വിദ്യാർത്ഥികൾ ചൂണ്ടിപ്പറയാത്ത വിശദീക രണം ഞാൻ കൊടുത്തു എന്നതാണ് ഈ ആഹ്ലാദ പ്രകടനത്തിന് അവ രെ പ്രേരിപ്പിച്ചത്. ഇവിടെ നമ്മെ മഥിക്കുന്ന മഹത്തായ പാഠം മറ്റൊന്നാ ണ്. മഹാന്മാരും വിശാലമനസ്കരുമായ ഗുരുനാഥന്മാർ! തന്റെ വിദ്യാ ർത്ഥിയെക്കുറിച്ച് എത്ര പുകഴ്ത്തിപ്പറയുന്നതിലും പിശുക്ക് കാണിക്കാ ത്ത സ്നേഹസമ്പന്നർ! സ്വന്തത്തേക്കാളും തന്റെ വിദ്യാർത്ഥിയെ

ഉയർത്തിക്കാട്ടാൻ വെമ്പുകയും യാതരപകർഷതാബോധവും ഇല്ലാതെ മനസ്സിനെ സ്നേഹവിശാലമാക്കാൻ ശ്രമിക്കുകയും ചെയ്യുന്നവർ! നമ്മുടെ വിദ്യാഭ്യാസരംഗത്ത് നഷ്ടമായിക്കൊണ്ടിരിക്കുന്ന അദ്ധ്യാപക-വിദ്യാർത്ഥി ബന്ധങ്ങളിലെ മൂലകങ്ങൾ!

ഖുർആൻ നോക്കിക്കൊണ്ടിരിക്കുമ്പോൾ ഒരു വചനം ശ്രദ്ധയിൽ തങ്ങി. അർത്ഥവൈപുല്യത്താൽ ലോകത്തെ വലയം ചെയ്യുന്നതും അനുഭവങ്ങളിൽ ഇപ്പോഴും അന്വർത്ഥമായി നിൽക്കുന്നതുമായ വചനം! "പങ്കാളികളിൽ അധികവും പരസ്പരം അതിക്രമം കാണിക്കുകയാണ് ചെയ്യുന്നത്." (സ്വാദ് 24)

ഓർമ്മകളുടെ തരംഗങ്ങളിൽ നിന്നും ഒരനുഭവം തെളിഞ്ഞുവന്നു. സുഊദി അറേബ്യയിലെ ജീവിതകാലത്തുണ്ടായ സംഭവം. മനസ്സിന് മുറിവേറ്റ സംഭവം ഓർമ്മയുടെ വെളിച്ചത്തിലേക്ക് മറ നീക്കിവന്നപ്പോൾ പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും മനസ്സ് ഒന്നുകൂടി നീറിയപോലെ. മുറിവ് ഇനിയും ഉണങ്ങിയിട്ടില്ലെന്ന് അപ്പോൾ അറിഞ്ഞു. ഒരു കൂട്ടുകാരനിൽ നിന്നുണ്ടായ വേദന. പണ്ഡിതനാണ്. അദ്ദേഹം ജീവിച്ചിരിപ്പില്ല. വളരെ പ്രിയപ്പെട്ടവനായിരുന്നു. അതാണല്ലോ ഈ വേദനയുടെ ദൈർഘ്യം. ഉടനെ ഞാൻ പ്രാർത്ഥിച്ചു. അല്ലാഹുവേ, എന്റെ സുഹൃത്തിന് നീ പൊറുത്തുകൊടുക്കുകയും നന്മ വർദ്ധിപ്പിക്കുകയും ചെയ്യേണമേ!

വിഷയം പറയാം. നമ്മുടെ ഓരോരുത്തരുടെയും ജീവിതാനുഭവങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ ചെറുതും വലുതുമായ ബന്ധം ഉണ്ടായിക്കൂടെന്നില്ല. ഞാനും കൂട്ടുകാരനും മക്കത്തു നിന്നും മദീനത്തേക്ക് പുറപ്പെടുകയാണ്. അപ്പോൾ ഒരു പരിചയക്കാരൻ റിയാദിലുള്ള തന്റെ ഒരു സുഹൃത്തിന് നൽകാൻ ഒരു സംഖ്യ എന്നെ ഏൽപിച്ചു. ഞങ്ങൾ റിയാദിൽ താമസസ്ഥലത്തെത്തി. സാധനങ്ങൾ റൂമിൽവെച്ച് പുറത്തുപോയി. തിരിച്ചുവന്നപ്പോൾ സംഖ്യ മോഷ്ടിക്കപ്പെട്ടിരിക്കുന്നു. ഞാൻ വളരെ വിഷമിച്ചു. കൂട്ടുകാരൻ എന്നോടൊപ്പമുണ്ട്. ദിവസങ്ങൾക്കുശേഷമാണ് മോഷ്ടാവിനെ തിരിച്ചറിഞ്ഞത്. എന്റെ അടുത്ത പരിചയക്കാരനായ ഒരു പണ്ഡിതന്റെ മകനായിരുന്നു മോഷ്ടാവ്. തന്റെ മകനാണ് ഈ കളവിന്റെ കർത്താവെന്ന് നല്ലവനായ പിതാവിനും ബോധ്യപ്പെട്ടു. അദ്ദേഹം ഖേദിക്കുകയും സംഖ്യ കൊടുത്തയക്കുകയും ചെയ്തു. പണവുമായി വന്നയാൾ ഞങ്ങളുടെ റൂമിൽ എത്തിയപ്പോൾ ഞാൻ പുറത്തുപോയിരിക്കുകയായിരുന്നു. റൂമിലുണ്ടായിരുന്ന എന്റെ കൂട്ടുകാരൻ ആ സംഖ്യ സ്വീകരിക്കാതെ മടക്കി. ഞാൻ ഹാജറില്ലാത്തതുകൊണ്ടല്ല മടക്കിയത്. എന്റെ അഭിപ്രായവകാശം അദ്ദേഹം സ്വയം കയ്യിലെടുക്കുകയാണ്

ചെയ്തത്. വന്നയാളോട് എന്തൊക്കെയോ പറഞ്ഞു സംഖ്യ സ്നേഹ പൂർവ്വം തിരിച്ചയക്കുകയാണ് ചെയ്തത്. പ്രസ്തുത പണ്ഡിതന്റെ സ്നേഹം ലഭിക്കുകയോ അദ്ദേഹത്തോടുള്ള ഞങ്ങളുടെ സ്നേഹം പ്രക ടമാക്കുകയോ എന്തായിരുന്നു ഉദ്ദേശ്യമെന്ന് നിശ്ചയമില്ല. ഞാൻ വന്ന പ്പോൾ വലിയ ഒരു കാര്യം താൻ നിർവ്വഹിച്ച മട്ടിൽ അദ്ദേഹം സംഭവം എന്നോടു പറഞ്ഞു. എന്റെ അഭിപ്രായത്തിന്മേൽ നടത്തിയ അവകാശ കയ്യേറ്റത്തിൽ നീരസം തോന്നി. എങ്കിലും ഒന്നും പറഞ്ഞില്ല. ക്ഷമിച്ചു. ഞാൻ പറഞ്ഞു. ശരി ആ സംഖ്യ നമുക്ക് രണ്ടുപേർക്കും കൂടി ഭാഗിച്ച് ഉട മസ്ഥന് കൊടുക്കാം.

കുറച്ചുദിവസങ്ങൾക്ക് ശേഷം എനിക്ക് കോളേജിൽ നിന്നും സ്റ്റൈപ്പന്റ് കിട്ടി. ഞാൻ കടം തീർക്കാൻ കൂട്ടുകാരനോട് വീതം ചോദിച്ചു. അദ്ദേഹം തന്നില്ല. എനിക്ക് കിട്ടേണ്ടിയിരുന്ന അവകാശം നിങ്ങൾ സ്വന്തം അഭിപ്രാ യത്തിൽ മടക്കി അയച്ചതെന്തിന് എന്ന് ഞാൻ ചോദിച്ചു. അതിന് മറുപടി യില്ല. മറ്റെന്തൊക്കെയോ കുറെ പറഞ്ഞു. എനിക്ക് ദേഷ്യം അടക്കാനാ യില്ല. ബന്ധപ്പെട്ട കേന്ദ്രത്തിൽ ഞാൻ നിങ്ങളെക്കുറിച്ച് പരാതിപ്പെടും എന്ന് പറഞ്ഞപ്പോൾ അദ്ദേഹം ഭയന്നു. പണത്തിന്റെ ഉടമസ്ഥനെ സമീ പിച്ച് പകുതി സംഖ്യ ഞാൻ ഏൽപിച്ചു. അദ്ദേഹം കാര്യങ്ങൾ അറിഞ്ഞി രുന്നു. പണത്തിന്റെ ഉടമസ്ഥൻ എന്റെ സുഹൃത്തുമായിരുന്നു. അദ്ദേഹം സ്നേഹപൂർവ്വം എന്നെ ഉപദേശിച്ചു. “അതു വാങ്ങേണ്ട. നിങ്ങൾ അത് അയാൾക്ക് വിട്ടുകൊടുത്തേക്കൂ.” ഞാൻ ആ ഉപദേശം മാനിച്ചു സംഖ്യ മുഴുവനും വെച്ചുനീട്ടി, അദ്ദേഹം നിസ്സങ്കോചം അത് മുഴുവൻ സ്വീകരിച്ചു. സംഖ്യ വെച്ചുനീട്ടിയപ്പോൾ എന്റെ മനസ്സിൽ ഒരു തോന്നലുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഉപദേശം ഞാൻ മാനിച്ചതിനാൽ എന്നിൽ നിന്നും ലഭി ക്കേണ്ട സംഖ്യയിൽ വല്ലതും എനിക്ക് വിട്ടുവീഴ്ച ചെയ്തുതരുമെന്ന്. അതുണ്ടായില്ല. എനിക്ക് അവകാശപ്പെട്ടത് ഉപേക്ഷിക്കാൻ അയാൾ എന്നെ ഉപദേശിച്ചതിന്റെ മാനദണ്ഡം എന്തെന്ന് എനിക്ക് മനസ്സിലായ തുമില്ല. അത്ഭുതം, അത്ഭുതം തന്നെ!

മതവിധിപ്രകാരം കളവ്പോയ ആ സംഖ്യക്ക് ഞാൻ ഉത്തരവാദിയാ കേണ്ടതില്ല. എന്റെ അശ്രദ്ധകൊണ്ടോ അവിവേകം കൊണ്ടോ കാര്യക്ഷ മത ഇല്ലായ്കയാലോ നഷ്ടപ്പെട്ടതല്ല ഈ തുക. അടച്ചിരുന്ന മുറി കുത്തി ത്തുറന്ന് മോഷ്ടിച്ചതാണ്. ഞാൻ അതിൽ നിരപരാധിയാണല്ലോ. ഞാൻ കടക്കാരനുമാകുന്നില്ല. എന്നിട്ടും ഞാൻ സംഖ്യ മുഴുവനും കൊടുക്കാൻ തയ്യാറായി. എനിക്ക് നഷ്ടപരിഹാരം കിട്ടാൻ അവസരം കൈവന്നത് കൂ ട്ടുകാരൻ തട്ടിത്തെറിപ്പിക്കുകയും ചെയ്തു. അയാളോടു വിട്ടുവീഴ്ച ചെ

യ്യാൻ എന്നെ ഉപദേശിച്ച സംഖ്യയുടെ ഉടമസ്ഥൻ എന്നിൽ നിന്നും മുഴുവൻ തുകയും കൈപ്പറ്റുകയും ചെയ്തു! കൂട്ടുകാരിൽ അധികവും പരസ്പരം അതിക്രമം കാണിക്കുകയാണ് ചെയ്യുന്നത് എന്ന വചനം പലപ്പോഴും പല അനുഭവങ്ങളിലൂടെ എന്റെ മനസ്സിൽ ഓടിയെത്തിയിട്ടുണ്ട്. പഠനാർഹമായ അനേകം കാര്യങ്ങൾ ഈ വചനത്തിൽ അന്തർഭവിച്ചിരിക്കുന്നു.

സഊദിയിലെ പഠനകാലത്തും ശേഷവും ഒട്ടേറെ സുഹൃദ് ബന്ധങ്ങൾ എനിക്കുണ്ടായി. സുഊദിയിലും പുറം രാജ്യങ്ങളിലുമുള്ളവരുമായ സുഹൃത്തുക്കൾ. യു.എ.ഇ, ഈജിപ്ത്, ഖത്തർ, ആഫ്രിക്ക, പാകിസ്ഥാൻ, ജോർഡാൻ, യമൻ, ബഹ്റൈൻ, കുവൈത്ത് അങ്ങനെ നീണ്ടുപോകുന്നു അത്. സഹപാഠികളിൽ പലരും പല രാജ്യങ്ങളിലും ഉന്നത സ്ഥാനങ്ങൾ വഹിക്കുന്നവരായി ഉണ്ട്. ഖത്തറിലെ ചീഫ് ജസ്റ്റീസ് ശൈഖ് ഇബ്നുഹജർ എന്റെ സഹപാഠിയായിരുന്നു. സുഊദി ധനകാര്യ വകുപ്പിൽ മന്ത്രിയായിരുന്ന മുഹമ്മദ് സ്വാലിഹുൽ അമീൻ എന്നോടൊപ്പം പഠിച്ചയാളാണ്. അബ്ദുൽ അസീസ് ഫവ്വാസ് വിദ്യാഭ്യാസ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥനാണ്. എന്റെ സതീർത്ഥ്യനുമാണ്. റിയാദിൽ നിന്നും എൺപത് കിലോമീറ്റർ അകലെ ഹുറൈമിയായിലുള്ള കോളേജ് പ്രിൻസിപ്പാൾ അബ്ദുൽ അസീസ് അൽ കുറയ്യിഫ്, ദാദൽ ഇഫ്താഇന്റെ അദ്ദഅ്വ പത്രത്തിന്റെ എഡിറ്റർ അബ്ദുല്ലാഹിൽ മുഫ്ലിഹ്, പ്രൊഫസർ അബ്ദുൽ അസീസ് മുവൈശിദ് തുടങ്ങിയ മഹദ് വ്യക്തികളും എന്റെ സഹപാഠികളായിരുന്നു. ഇങ്ങനെ ധാരാളം പേരുണ്ട്. മിക്കവരും ഉന്നതസ്ഥാനത്തും ഉദ്യോഗങ്ങളിലുമാണ്. അറബ് നാടുകളിൽ ചുറ്റിക്കറങ്ങുമ്പോൾ പലരുമായും ബന്ധം പുതുക്കാനും അവരുടെയെല്ലാം ഹൃദയപൂർവ്വമായ സ്നേഹം ആസ്വദിക്കാനും ആതിഥ്യം സ്വീകരിക്കാനും ഭാഗ്യം ലഭിച്ചിട്ടുണ്ട്. ഓരോരുത്തരും നൽകുന്ന വിരുന്നു സൽക്കാരങ്ങളിൽ പങ്കെടുക്കുമ്പോൾ അവർ മുഖേന ധാരാളം ഉന്നതന്മാരായ പണ്ഡിതന്മാരുമായും മറ്റു പ്രമുഖരുമായും ബന്ധപ്പെടാൻ അവസരം ലഭിച്ചിട്ടുണ്ട്. അവരിൽ പലരും എന്നെ ഒരു സുഹൃത്തായി അംഗീകരിച്ച അനുഭവങ്ങളും ഉണ്ടായിരുന്നു. എന്നാൽ ദാറുൽ ഇഫ്താഇന്റെ ചെയർമാനും സുഊദിയിലെ ഗ്രാന്റ് മുഫ്തിയുമായിരുന്ന ശൈഖ് അബ്ദുൽ അസീസ്ബ്നു അബ്ദുല്ലാഹിബ്നു ബാസ്, മക്കയിലെ ചീഫ് ഇമാം ശൈഖ് സുബയ്യിൽ എന്നീ മഹത്തുക്കളുടെ പതിറ്റാണ്ടുകൾ നീണ്ട ഇടമുറിയാത്ത സ്നേഹബന്ധം മറ്റെന്തിനേക്കാളും ഞാൻ വിലമതിക്കുന്നതാണ്. മഹാപണ്ഡിതന്മാരും പ്രശസ്തരുമായ ഈ പ്രഗത്ഭമതികൾ എന്നോട് കാണിച്ചിരുന്ന പ്രിയം ജീവിതത്തിലെ വികാരഭരിതമായ അനർഘനിമിഷങ്ങളെ എനിക്ക് പ്രദാനം ചെയ്യുന്നു. എന്തുകൊ

ണ്ടെന്നാൽ ഈ ബന്ധങ്ങൾ മുഖേന ഒട്ടേറെ ഇസ്‌ലാഹീ സ്ഥാപനങ്ങ ൾക്കും വ്യക്തികൾക്കും പ്രയോജനമേകാൻ കാരണമായി എന്നത് ജീവിത ത്തിലെ വലിയ ഭാഗ്യങ്ങളിൽ എണ്ണപ്പെട്ടു കിടക്കുന്നു. അല്ലാഹുവിന്റെ തൃപ്തിക്കും ദീനിന്റെ നന്മക്കും സത്യത്തിന്റെ വളർച്ചക്കും വേണ്ടി മാത്രമേ എല്ലാ ബന്ധങ്ങളും ഞാൻ ഉപയോഗപ്പെടുത്തിയിട്ടുള്ളൂ എന്ന സംതൃപ്തിയിൽ ഞാൻ ജീവിക്കുന്നു. അല്ലാഹു എന്നിൽ നിന്നും സ്വീകരി ക്കുമെങ്കിൽ ഞാൻ കൃതാർത്ഥനാണ്. അല്ലാഹുവേ! എല്ലാ രഹസ്യങ്ങളും പരസ്യങ്ങളും നീ അറിയുന്നവനാണ്. എന്നിൽ നിന്നും നീ സ്വീകരിക്കേ ണമേ! എന്റെ വീഴ്ചകൾ എനിക്ക് പൊറുത്ത് മാപ്പാക്കിത്തരേണമേ!

ഓർമകളുടെ തീരത്ത്

## 42

# എന്റെ സൽസബീൽ

സുഊദി അറേബ്യയിലെ പഠനം പൂർത്തിയായി. പരീക്ഷയിൽ റബ്ബിന്റെ അനുഗ്രഹത്താൽ ഉന്നത വിജയമാണ് എനിക്ക് ലഭിച്ചത്. ഞാൻ നാട്ടിലേ ക്ക് മടങ്ങാൻ ഒരുങ്ങി. വിവരം അറിഞ്ഞപ്പോൾ അറബികളും അല്ലാത്തവ രുമായ പല പണ്ഡിതന്മാരും മറ്റു സുഹൃത്തുക്കളും എന്നോട് അവിടെ തുടരാൻ ഉപദേശിച്ചു. ചിലർ അഭ്യർത്ഥിച്ചു. ഉയർന്ന വരുമാനമുള്ളതും മാന്യമായ നിലവാരം ലഭിക്കുന്നതുമായ ഉദ്യോഗ സാധ്യത അവർ എന്നെ ഓർമ്മിപ്പിച്ചു. നാട്ടിലെ എന്റെ സ്ഥിതിഗതികൾ അറിയുന്നവർ എന്നെ ശാസിച്ചു. അവിടെ ചെന്ന് കഷ്ടപ്പെടുന്നതെന്തിന്? എല്ലാ സുഖസൗക ര്യങ്ങളും ഉന്നത ബന്ധങ്ങളും ഇവിടെ നിങ്ങളെ കാത്തുകിടക്കുന്നു. എന്നിട്ടും അറിഞ്ഞുകൊണ്ടു നിങ്ങൾ ദാരിദ്ര്യത്തിലേക്ക് കുതിച്ചു ചെല്ലു കയാണോ? ഒരുപാട് ന്യായവാദങ്ങൾ. പലതും യുക്തിപരമാണ്. ശരിയു മാണ്. പക്ഷെ, ആ വിലപ്പെട്ട അഭിപ്രായങ്ങളും ശാസനകളും എനിക്ക് സ്വീകാര്യമായില്ല. പഠനം കഴിഞ്ഞാൽ നാട്ടിലെത്തി ദീനീ രംഗത്തു കഴി യുന്ന സേവനങ്ങൾ ചെയ്ത് ജീവിക്കണമെന്നുള്ള ആശ ആദ്യമേ മന സ്സിൽ ഉറപ്പിച്ചിരുന്നു. ഈ ദൃഢമായ അഭിപ്രായമാണ് പണ്ഡിറ്റ് നെഹ്റു വിന്റെ മുമ്പിൽ ഞാൻ വെളിപ്പെടുത്തിയത്. അറേബ്യൻ സന്ദർശനത്തിനി ടയിൽ റിയാദിൽ വെച്ച് നെഹ്റുജിയെ കാണാൻ എനിക്കും കൂട്ടുകാർ ക്കും അനുവാദം ലഭിച്ച കാര്യം മുൻപ് പറഞ്ഞിട്ടുണ്ടല്ലോ. പഠനം കഴി ഞ്ഞാൽ എന്താണുദ്ദേശ്യം എന്ന് അദ്ദേഹം ചോദിച്ചപ്പോൾ നാട്ടിലേക്ക് മടങ്ങി അവിടെ പ്രവർത്തിക്കണം എന്ന് ഞാൻ മറുപടി പറഞ്ഞത്

കേവലം ഭംഗിവാക്കല്ലായിരുന്നു. ബോധപൂർവ്വമായിരുന്നു. എന്റെ കൂട്ടുകാർ മൗനം പാലിച്ചതും മനഃപൂർവ്വമായിരിക്കാം. അവർ ഇരുവരും മദീന സർവ്വകലാശാലയിൽ ഉദ്യോഗം നേടി. മെച്ചപ്പെട്ട ജീവിത സൗകര്യങ്ങളും ലഭിച്ചു. അറബി വനിതകളെ വിവാഹം ചെയ്തു. പിന്നീട് അവിടെ പൗരത്വം സമ്പാദിച്ചു. അവിടെ താമസം ഉറപ്പിച്ചു. വല്ലപ്പോഴും നാട്ടിൽ വന്ന് കുടുംബാദികളുമായി കൂടി സന്തോഷിച്ചു മടങ്ങും. ഞാൻ എന്റെ മനഃസാക്ഷിയോട് നീതി പുലർത്താൻ തന്നെ തീരുമാനിച്ചു. ദുൻയാവിന്റെ സുഖ പ്രലോഭനങ്ങൾ എന്തുകൊണ്ടോ എന്നെ അലട്ടിയില്ല. കാരണം ദീനീരംഗത്ത് പരിപൂർണ്ണ സ്വാതന്ത്ര്യമാണ് എനിക്ക് വേണ്ടിയിരുന്നത്. തൗഹീദിന്റെ പ്രകാശവീഥിയിലേക്ക് ഞാൻ ചാടിയതും അതിലൂടെ നടന്നതും ഓടിയതും കിതച്ചതും വിശന്നതുമെല്ലാം സ്വാതന്ത്ര്യത്തിനു വേണ്ടിയായിരുന്നു. ബോധ്യപ്പെട്ട സത്യം സഹജീവികളിലേക്ക് പകരണം. വിജ്ഞാനം കൂടുതൽ നേടണം. നേടുന്ന അറിവുകൾ പൂർണ്ണ സ്വാതന്ത്ര്യത്തോടെ ഉപയോഗപ്പെടുത്തണം. വിവരം വെച്ചു തുടങ്ങിയ നാൾ മുതൽ ഈ ശീലവുമായി ഞാൻ നാടുനീളെ യാത്ര ചെയ്തു. കൂടുതൽ വിജ്ഞാനം നേടാനുള്ള ഉപാധിയായി മാത്രമാണ് ഉന്നത വിദ്യാഭ്യാസത്തെ ഞാൻ ആശിച്ചത്.

സുഊദി അറേബ്യയിൽ ദീനീപ്രബോധനരംഗം എന്റെ ശീലങ്ങൾക്ക് ഒരിക്കലും യോജിക്കുന്നതല്ല. അവിടെ സ്വാതന്ത്ര്യം പരിമിതമാണ്. നമ്മൾ പഠിച്ചതും അറിഞ്ഞതുമായ കാര്യങ്ങൾ എത്ര സത്യമാണെങ്കിലും അത് ഉറക്കെ പറയുന്നതിൽ നിയന്ത്രണങ്ങളുണ്ട്. ഇന്ത്യാ രാജ്യത്ത് നാം അനുഭവിക്കുന്ന പൗരസ്വാതന്ത്ര്യവും മത സ്വാതന്ത്ര്യവും മറ്റൊരു നാട്ടിലും ഞാൻ കണ്ടിട്ടില്ല. അനുഭവിച്ചിട്ടില്ല. പല മുസ്‌ലിം നാടുകളിലും ഇസ്‌ലാമിനെക്കുറിച്ച് നമുക്ക് ബോധ്യപ്പെട്ട സത്യം ഉറക്കെ പറയാൻ സ്വാതന്ത്ര്യമില്ല. എന്നാൽ ഇവിടെയോ? നമ്മുടെ രചനകൾ കേവലം രണ്ടു പൈസയുടെ ചെലവിൽ (ഇപ്പോൾ പതിനഞ്ചു പൈസ) വിശാലമായ ഇന്ത്യാ രാജ്യത്തിന്റെ ഏതേതു മുക്കുമൂലകളിലും എത്തിക്കാൻ നമുക്ക് കഴിയുന്നു. പഠനരൂപത്തിലും ഖണ്ഡനരൂപത്തിലും വിമർശന രീതിയിലും ഇത് അനുസ്യൂതം നടക്കുന്നുണ്ട്. മഹത്തായ ഈ സ്വാതന്ത്ര്യത്തിന്റെ മേന്മ നാം മനസ്സിലാക്കുന്നില്ല. ഇവിടെ നിന്നുകൊണ്ട് ലോകം മുഴുവൻ നമ്മുടെ ശബ്ദം എത്തിക്കാൻ അവസരം ലഭിക്കുന്നു. “മുറ്റത്തെ മുല്ലയ്ക്ക് മണമില്ല” എന്ന പഴഞ്ചൊല്ലുപോലെ. പുറത്തുപോയി ജീവിച്ചവർക്കേ ഈ മുല്ലയുടെ സുഗന്ധം ആസ്വദിക്കാൻ കഴിയൂ. അപ്പോൾ ചിലർ വാദിക്കും, നാം ഇവിടെ ധാരാളം അടികൊള്ളുന്നവരാണല്ലോ എന്ന്. അതെ,

ശരിയാണ്. പക്ഷെ, അടികൊണ്ടാൽ കരയാൻ സ്വാതന്ത്ര്യമുണ്ടല്ലോ. പലേടത്തും അടികൊണ്ടാൽ കരയാൻ അനുവാദമില്ല. അതിനാൽ നാം, മുസ്ലിംകൾ ഈ സ്വാതന്ത്ര്യത്തെപ്പറ്റി മനസ്സിലാക്കണം. ഉപയോഗിക്കണം. ഒരിക്കലും ദുരുപയോഗപ്പെടുത്തരുത്. ചില തീവ്രവാദി നേതാക്കളുടെ അട്ടഹാസം കേൾക്കുമ്പോൾ ഞാൻ ചിന്തിക്കാറുണ്ട്. പത്തുദിവസമെങ്കിലും ഇവർ മറുനാട്ടിൽ, പ്രത്യേകിച്ച് സ്വേഛാധിപത്യ വാഴ്ചയുള്ള നാടുകളിൽ പോയി ജീവിച്ച് അനുഭവം നേടാത്തതെന്ത്? അട്ടഹാസം അവർ കയറ്റുമതി ചെയ്യുന്നു. എന്നാൽ അടക്കം പറച്ചിൽപോലും അവിടെ നിന്നും ഇങ്ങോട്ട് ഇറക്കുമതി ചെയ്യാൻ ഒക്കുകയില്ല. അഥവാ നടന്നാൽ ആ നാട് പിന്നീട് അവന്ന് ഹറാമായിത്തീരും.

ഒരു പത്രം തുടങ്ങണമെന്നുള്ള എന്റെ മോഹം വളരെ പഴയതാണ്. ഒരിക്കൽ ഒരു സ്നേഹിതൻ ഒരു കവിത ചൊല്ലി കേൾപ്പിച്ചു. “വെറുതെ ഈ മോഹങ്ങൾ എന്നറിയുമ്പോഴും വെറുതെ മോഹിക്കുവാൻ മോഹം”. ഒരുപാട് അർത്ഥവ്യാപ്തിയുള്ള ഒരു കവിതാശകലം! നടക്കാത്ത കാര്യമാണെന്ന് ബോധ്യമുണ്ടായിട്ടും വെറുതെ ഞാൻ മോഹിച്ചു നടന്നു. മുമ്പ് അറബി മലയാളത്തിൽ നടന്നിരുന്ന അൽ മുർശിദ് മാസിക തിരൂരങ്ങാടിയിൽ നിന്നും മലയാള ലിപിയിൽ പുനഃപ്രസിദ്ധീകരണമാരംഭിച്ചു. പത്രാധിപസമിതിയിൽ എന്നേയും അവർ അംഗമാക്കി. അങ്ങനെ ഒന്നരകൊല്ലം നടന്നു. അത് മുടങ്ങിപ്പോയി. അപ്പോൾ ഒരു മോഹം! ഇത് ഏറ്റെടുത്ത് നടത്താൻ കഴിയുമോ എന്ന് ആരെങ്കിലും എന്നോട് ചോദിച്ചിരുന്നെങ്കിൽ...? ആരും ചോദിച്ചില്ല. മുൻകടന്ന് പറയാൻ ധൈര്യം വന്നതുമില്ല. എൻ.വി. അബ്ദുസ്സലാം മൗലവി, അറുപതുകളുടെ ആരംഭത്തിലാണെന്ന് ഓർമ്മ, ഒരു മാസിക തുടങ്ങി. പേര് ‘മിശ്കാത്തുൽഹുദാ’. നല്ല പത്രമായിരുന്നു. പക്ഷെ, ഒരു വർഷം നടന്നു, അതും നിർത്തി. മോഹം തോന്നി. ചോദിക്കാൻ ധൈര്യമില്ല. ഇങ്ങനെ അടങ്ങാത്ത മോഹവുമായി അടങ്ങിക്കഴിയുകയായിരുന്നു ഞാൻ. രണ്ട് പ്രധാന കാരണങ്ങളാണ് ഈ മോഹത്തിന് പിന്നിലെ പ്രേരക ശക്തിയായി വർത്തിച്ചത്, രണ്ടു വേദനകൾ എന്ന് ചുരുക്കിപ്പറയാം.

ഞാൻ 1944 മുതൽ ഏതാനും വർഷങ്ങൾ കോഴിക്കോട് പട്ടാളപ്പള്ളിയിൽ ഖത്വീബായ ചരിത്രം പറഞ്ഞല്ലോ. അക്കാലത്തെ ഒരു പ്രധാന സംഭവം നിങ്ങളോട് പറഞ്ഞിട്ടില്ല. സന്ദർഭത്തിനുവേണ്ടി മാറ്റി വെച്ചതാണ്. മുഹമ്മദലി ഹാജി (എടയൂർ) എന്റെ അടുത്ത സുഹൃത്തായിരുന്നു. നല്ലൊരു പണ്ഡിതനും പ്രഭാഷകനുമായിരുന്നു. എഴുതാനും കഴിവുള്ള തൂലിക. ഇദ്ദേഹമാണ് കേരള ജമാഅത്തെ ഇസ്‌ലാമിയുടെ സ്ഥാപക

നേതാവും ഒന്നാമത്തെ അമീറും. മൗലാനാ അബുൽ അഅ്‌ലാ മൗദൂദിയുടെ ശിഷ്യത്വം സ്വീകരിക്കുവാനും അദ്ദേഹത്തോടൊപ്പം താമസിച്ച് പരിശീലനം നേടുവാനുമായി ഹാജി സാഹിബ് പഞ്ചാബിലെ പത്താൻ കോട്ട് എന്ന സ്ഥലത്തേക്ക് പോയി. ചരിത്രം കുറേക്കൂടി പിറകോട്ട് പോയാലേ ചിത്രം വ്യക്തമാകൂ.

സയ്യിദ് അബ്ദുൽ അഅ്‌ലാ മൗദൂദി വളരെ ചെറുപ്പകാലത്തു തന്നെ പത്രപ്രവർത്തന രംഗത്ത് ജോലി ചെയ്ത് വന്നയാളാണ്. തുടക്കത്തിൽ അദ്ദേഹം ഒരു കമ്മ്യൂണിസ്റ്റ് സഹയാത്രികനായിരുന്നു. ശക്തമായ തൂലിക, ഒഴുകുന്ന ശൈലി, ഗർജ്ജിക്കുന്ന അക്ഷരശബ്ദം എന്നീ സവിശേഷതകളാൽ രചനാ രംഗത്ത് യുവാവായിരിക്കെ തന്നെ അദ്ദേഹം ശ്രദ്ധിക്കപ്പെട്ടു. സ്വാതന്ത്ര്യത്തിനുവേണ്ടി ഇന്ത്യൻ ജനതയുടെ ഇടവും വലവും നോക്കാതെയുള്ള കൂട്ടായ്മക്ക് ഹിന്ദു- മുസ്‌ലിം നേതാക്കൾ ത്യാഗശ്രമങ്ങൾ നടത്തുന്ന കാലഘട്ടം. സ്വാതന്ത്ര്യം എന്ന ലക്ഷ്യം മാത്രം മുമ്പിൽ കണ്ട് ഭാവിയെക്കുറിച്ച് ദീർഘവീക്ഷണം പുലർത്താതെ നീങ്ങിയാൽ മുസ്‌ലിം സമുദായത്തിന് നേരിട്ടേക്കാനിടയുള്ള അനാരോഗ്യകരമായ സ്ഥിതിവിശേഷങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകിക്കൊണ്ട് മൗദൂദി സാഹിബ് വേറിട്ടൊരു ശബ്ദമായി പത്രലോകത്ത് വിലസി. അദ്ദേഹം ഹൈദരാബാദിൽ നിന്നും നടത്തിയിരുന്ന ഉറുദു മാസികയിൽ ഇതു സംബന്ധമായി ലേഖനങ്ങൾ എഴുതി ചിന്താമണ്ഡലത്തിൽ ശ്രദ്ധയാകർഷിച്ചു. അദ്ദേഹത്തിന്റെ ചില ലേഖനങ്ങൾ കെ.എം. മൗലവിയേയും സ്വാധീനിച്ചു. മൗലവി അറബിയിലേക്ക് അത് മൊഴിമാറ്റം ചെയ്തു. അൽ മുർശിദ് മാസികയിൽ ചേർത്തു. അൽ മുർശിദിൽ അറബി ലേഖനങ്ങളും പ്രസിദ്ധീകരിക്കാറുണ്ട്. കയ്റോവിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്ന അൽ ഫത്ഹ് വാരികയ്ക്ക് മാറ്റപത്രമായി അൽ മുർശിദ് അയക്കാറുണ്ടായിരുന്നു. മേൽപറഞ്ഞ ലേഖനങ്ങൾ അൽ ഫത്ഹിന്റെ പത്രാധിപരുടെ ശ്രദ്ധ ആകർഷിച്ചു. അദ്ദേഹം തന്റെ വാരികയിൽ അത് പുനഃപ്രസിദ്ധീകരിക്കുകയും മൂലലേഖകന്റെ പേർ അതിൽ ചേർക്കുകയും ചെയ്തു. വിഷയത്തിന്റെ പ്രാധാന്യവും പ്രതിപാദന രീതിയിലെ വൈശിഷ്ട്യവും പരിഭാഷയുടെ മിടുക്കും ഒത്തുചേർന്നപ്പോൾ ലേഖനം അറബ് ലോകത്ത് ചർച്ചാവിഷയമായി. ഇങ്ങനെയാണ് മൗദൂദി സാഹിബിന്റെ പേർ അറബ് ലോകത്ത് പ്രത്യേകമായി ശ്രദ്ധിക്കപ്പെടാൻ ഇടയായത്. ഞാൻ ആ ലേഖനങ്ങൾ അൽ മുർശിദിലും അൽ ഫത്ഹിലും കണ്ടിട്ടുണ്ട്. വായിച്ചിട്ടുമുണ്ട്. എനിക്കും ലേഖകനെ കുറിച്ച് വലിയ മതിപ്പ് ഉണ്ടായി. കൂടാതെ രഹ്ബർ മലൈബാരി എന്ന തൂലികാ നാമത്തിൽ അക്കാലത്ത് ചന്ദ്രിക ആഴ്ചപ്പ

തിപ്പിൽ വന്നുകൊണ്ടിരുന്ന സാമുദായിക ലേഖനങ്ങൾ മൗദൂദി സാഹി ബിന്റെ രചനകളെ അവലംബിച്ചു കൊണ്ടായിരന്നുവെന്ന് പലരിൽ നിന്നും കേട്ടിട്ടുണ്ട്.

ഈ പശ്ചാത്തലത്തിലാണ് എന്റെ സുഹൃത്ത് മുഹമ്മദലി ഹാജി പത്താൻകോട്ടിലേക്ക് പഠന പരിശീലനത്തിന്നായി യാത്രയായത്. എനിക്ക് അദ്ദേഹത്തോടു ഇഷ്ടം കൂടുതലാകാൻ ഇതൊരു കാരണമായി. അക്കാ ലത്ത് ഞങ്ങൾ തമ്മിൽ സദാ കത്തിടപാടുകൾ നടത്തിയിരുന്നു. ഓരോ കത്ത് വരുമ്പോഴും മൗദൂദി സാഹിബിനോടുള്ള മതിപ്പും ആദരവും എന്നി ൽ വർദ്ധിച്ചുകൊണ്ടിരുന്നു. അദ്ദേഹം അറബിയിൽ വല്ലതും എഴുതിയിട്ടു ണ്ടെങ്കിൽ അയച്ചുതരാൻ ആവശ്യപ്പെട്ടുകൊണ്ട് ഒരിക്കൽ ഞാൻ ഹാജി സാഹിബിന് ഒരു കത്ത് എഴുതി. അപ്പോൾ, മൗദൂദി സാഹിബ് അറബി യിൽ ഒന്നും എഴുതിയിട്ടില്ലെന്നും എഴുതാൻ കഴിയുകയില്ലെന്നും നമ്മുടെ നാട്ടിലെ മുസ്‌ലിയാക്കളെപ്പോലെ കിതാബ് നോക്കി മനസ്സിലാക്കാൻ കഴിയുന്ന സ്ഥിതിയേയുള്ളൂ എന്നും മുഹമ്മദലി ഹാജി മറുപടിയിൽ എനിക്കെഴുതി. എന്നാൽ മൗലാനാ ഉറുദുവിൽ എഴുതിയത് അറബിയി ലേക്ക് ഭാഷാന്തരം ചെയ്ത് പ്രസിദ്ധീകരിക്കുവാൻ മസ്ഊദ് ആലം നദ്‌വി എന്ന പണ്ഡിതന്റെ നേതൃത്വത്തിൽ ദാറുൽ ഉറുബത്ത് എന്ന ഒരു സ്ഥാ പനം നിലവിൽ വന്നിട്ടുണ്ടെന്നും അതിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിത മായി മുന്നേറുന്നുണ്ടെന്നും താൻ നാട്ടിലേക്ക് മടങ്ങുന്നതിന് മുമ്പ് വല്ലതും അച്ചടിച്ചിറക്കിയാൽ അയച്ചുതരാമെന്നും ഹാജി സാഹിബ് മറുപടിയിൽ പ്രത്യേകം കാണിച്ചിരുന്നു. ഈ വിവരം എന്റെ മനസ്സിൽ മൗലാനയെക്കു റിച്ച് നിറച്ചുവെച്ചിരന്ന മതിപ്പിന് എന്തുകൊണ്ടോ ഒരു ഇടിവ് ഉണ്ടാക്കി.

കുറച്ചുനാൾക്ക് ശേഷം മുഹമ്മദലി ഹാജി പത്താൻകോട്ടിൽ നിന്നും നാട്ടിൽ മടങ്ങിയെത്തി. അദ്ദേഹം കോഴിക്കോട് വന്നു. അപ്പോൾ എനി ക്കൊരാഗ്രഹം. അദ്ദേഹത്തെ കോഴിക്കോട് ഇസ്‌ലാഹീ രംഗത്ത് കാര്യ മായി ഒന്നു പരിചയപ്പെടുത്തണം. അതിനുള്ള ഏറ്റവും എളുപ്പമായ മാർ ഗം പട്ടാളപ്പള്ളിയിൽ അദ്ദേഹം ഖുത്ബ നടത്തുക തന്നെയാണ്. അങ്ങ നെ വെള്ളിയാഴ്ച ഞാൻ അദ്ദേഹത്തിന് മിമ്പർ ഒഴിഞ്ഞുകൊടുത്തു. അദ്ദേഹത്തിന്റെ പ്രസംഗം ഹൃദയസ്പൃക്കായിരുന്നു. ശ്രോതാക്കൾക്ക് വളരെ ഇഷ്ടമായി. എനിക്ക് വളരെ സന്തോഷവും ഉണ്ടായി. ഹാജി സാ ഹിബിന് കോഴിക്കോട് ഏതാനും ദിവസങ്ങൾ ഒരു ക്ലാസ് നടത്തണമെ ന്നു ആഗ്രഹം പറഞ്ഞു. ഞാനും ചില സുഹൃത്തുക്കളും ചേർന്ന് കല്ലാ യിയിൽ ഒരു മാളികയുടെ മുകളിൽ സ്ഥല സൗകര്യമുണ്ടാക്കി. അദ്ദേഹം ക്ലാസ് നടത്തി. അങ്ങനെ മൗദൂദി സാഹിബ് അറബ് ലോകത്ത് ശ്രദ്ധിക്ക

പ്പെടാൻ എന്റെ ഉസ്താദ് കാരണമായതുപോലെ മുഹമ്മദലി ഹാജി കോഴിക്കോടും പരിസര പ്രദേശത്തും അറിയപ്പെടാൻ ഞാനും നിമിത്ത മായി. ഞാൻ ജമാഅത്തെ ഇസ്‌ലാമിയുടെ നല്ല അനുഭാവിയും ആയി ത്തീർന്നു.

ഇങ്ങനെയിരിക്കെ ഹാജി സാഹിബ് കാട്ടിപ്പരുത്തി എന്ന സ്ഥലത്ത് ഒരു യോഗം വിളിച്ചുകൂട്ടി. നമ്മുടെ പ്രധാനപ്പെട്ട മൗലവിമാരോടൊത്ത് ഞാനും അവിടെ ഹാജരായി. ഹാജി സാഹിബ് ഒരു ആമുഖ പ്രസംഗം നടത്തി. തുടർന്നു പലരും സംസാരിച്ചു. എല്ലാവരും പറഞ്ഞത് ഏതാണ്ട് ഒന്നുതന്നെയായിരുന്നു. ജീവിതത്തിന്റെ എല്ലാ വശങ്ങളെയും നിയന്ത്രി ക്കുന്ന നിയമങ്ങളും ചട്ടങ്ങളും ഇസ്‌ലാമിനുണ്ട്. നമുക്ക് അതെല്ലാം നട പ്പിൽ വരുത്താൻ കഴിഞ്ഞിട്ടില്ല. അതിനാൽ നമ്മുടെ ദീൻ അപൂർണ്ണ മാണ്. നമുക്ക് അത് പൂർണ്ണമാക്കണം. അതിനുള്ള മാർഗങ്ങൾ കാണു കയും അത് നടപ്പിലാക്കുകയും ചെയ്യണം. ഇതായിരുന്നു ചുരുക്കം. ഒടു വിലൊരാൾ പറഞ്ഞു: "കാര്യം നിറവേറ്റുന്നതിനുള്ള പ്രായോഗികമാർഗ ത്തെക്കുറിച്ച് സദസ്സിൽ നിന്നും നിർദ്ദേശങ്ങൾ വരട്ടെ." അപ്പോൾ ചിലരെ ല്ലാം ചിലത് പറഞ്ഞു. അതെല്ലാം ഞാൻ ശ്രദ്ധിച്ചിരുന്നു. പക്ഷെ, ഒന്നും വ്യക്തമായി തിരിഞ്ഞില്ല. മുഖ്യ പ്രസംഗകൻ പറഞ്ഞത് താത്വികമായി എല്ലാവരും അംഗീകരിച്ചു എന്ന് മാത്രം മനസ്സിലായി. ഒടുവിൽ ഞാൻ ഒരു പരിപാടി വിവരിച്ചു. പെട്ടെന്ന് മനസ്സിൽ ഉദിച്ചതല്ല. വളരെ കാലമായി മനസ്സിൽ കൊണ്ടുനടന്ന ഒരു ആഗ്രഹമായിരുന്നു. ഇതിന്റെ ചുരുക്കം ഇപ്രകാരമാണ്. "മേൽ പറഞ്ഞ വിഷയത്തിൽ ഉൽകണ്ഠാകുലരായ, മന സ്സ് വേദനിക്കുന്ന പലരും ഉണ്ടല്ലോ. അങ്ങനെയുള്ള കുറച്ചുപേർ യോജി ച്ച് കിഴക്കൻ പ്രദേശത്ത് എവിടെയെങ്കിലും കുറച്ചു കാലിസ്ഥലം കണ്ടെ ത്തണം. ഇക്കാലത്ത് അത് ബുദ്ധിമുട്ടുള്ള കാര്യമല്ല. ടൗണിൽ നിന്നും രണ്ടു മൂന്ന് മൈൽ അകലെയായിരിക്കണം. പുഴയുടെ സൗകര്യം ഉണ്ടാ കണം. അഞ്ഞൂറോ ആയിരമോ ഏക്കർ ഭൂമി വാങ്ങുവാൻ സൗകര്യം ഉ ണ്ടാക്കണം. വാങ്ങുന്ന ഭൂമിയുടെ മദ്ധ്യഭാഗത്ത് വിശാലമായ ഒരു പള്ളി ക്ക് സ്ഥലം കണ്ടുവെക്കുകയും പരിസരങ്ങളിൽ കൊച്ചുകൊച്ചു വീടുക ളുണ്ടാക്കി താമസം ആരംഭിക്കുകയും ചെയ്യണം. ജീവിത സൗകര്യത്തി ന്നായി വരുമാനമാർഗ്ഗം സ്വയംതൊഴിലിലൂടെ കണ്ടെത്താം. ആടിനെ വളർത്തുക. കോഴി വളർത്തുക, പായ, കൊട്ട, കത്തി, മടവാൾ തുടങ്ങി കൈവേലകൾ അറിയാവുന്നത് പരിപോഷിപ്പിക്കുകയും പരിശീലിപ്പിക്കു കയും പച്ചക്കറിത്തോട്ടങ്ങൾ നട്ടുവളർത്തി വിളവെടുത്ത് സ്വന്തമായി ഉപ യോഗിക്കുകയും മിച്ചമായത് മാർക്കറ്റിൽ എത്തിച്ച് വരുമാനമുണ്ടാകു

കയും ചെയ്യാം. ഇങ്ങനെ ധാരാളം പരിപാടികളുണ്ട്. കൂട്ടത്തിൽ ഏറ്റവും തരപ്പെട്ട ഒരാളെ സമൂഹത്തിന്റെ അമീറായി തെരഞ്ഞെടുക്കണം. എല്ലാവരും അദ്ദേഹത്തിന് ബൈഅത്ത് ചെയ്യണം. അദ്ദേഹം സാമൂഹികമായ എല്ലാ വിഷയത്തിനും നേതൃത്വം നൽകണം. ആർക്കെങ്കിലും വല്ല കാര്യത്തിനും പുറത്ത് പോകേണ്ടിവന്നാൽ അമീറിന്റെ അനുവാദത്തോടെയേ പാടുള്ളൂ. ആ പോക്കിൽ സഹജീവികളുടെയും കൊച്ചുകൊച്ചു ആവശ്യങ്ങൾ കഴിയുന്നിടത്തോളം നിർവ്വഹിക്കാം. പോകുന്നയാളുടെ അഭാവത്തിൽ അയാളുടെ കുടുംബകാര്യം അമീറിന്റെ ശ്രദ്ധയിലാകണം. എന്നെപ്പോലെയുള്ളവരെ പുറമെ നിന്നുള്ളവർ ഒരു പ്രസംഗത്തിനോ മറ്റോ ക്ഷണിക്കുകയാണെങ്കിൽ നേരിട്ട് ക്ഷണിക്കപ്പെടുകയും സ്വമനസ്സാലെ പോകുകയുമല്ല വേണ്ടത്. ഇന്നയാളെ ഞങ്ങൾക്ക് അയച്ചുതരണമെന്ന് അവർ അമീറിനോട് ആവശ്യപ്പെടട്ടെ. അങ്ങനെ അമീറിന്റെ നിയോഗാനുസരണം കാര്യങ്ങൾ നടക്കണം. പോകുന്നവരുടെ കുടുംബകാര്യങ്ങൾ അയാൾ തിരിച്ചുവരുന്നതുവരെ അമീറിന്റെ ശ്രദ്ധയിലായിരിക്കണം. അയാൾ അവിടെ നിർവ്വഹിച്ചുകൊണ്ടിരുന്ന ബാധ്യതകളെക്കുറിച്ചും അമീർ ശ്രദ്ധിക്കുന്ന അവസ്ഥയുണ്ടാകണം. പള്ളിക്കുവേണ്ടി കണ്ടുവെക്കുന്ന സ്ഥലത്ത് തൽക്കാലം ഒരു ഷെഡ്ഡ് നിർമ്മിച്ച് ജുമുഅയും ജമാഅത്തും ക്ലാസ്സുകളും യോഗങ്ങളും നടത്താം. അത്യാവശ്യം വിഷയങ്ങൾ പഠിക്കാൻ ഉതകുന്ന വിദ്യാലയം ഉണ്ടാക്കുകയും വയോജന ക്ലാസ്സുകൾ നടത്തുകയും ചെയ്യാം. വിദ്യാഭ്യാസം തൊഴിലിനുവേണ്ടിയാകരുത്. മനുഷ്യന്റെ അന്തസ്സിനൊത്തവണ്ണം ബാധ്യതകൾ നിറവേറ്റി കാര്യക്ഷമമായ ഒരു ജീവിതം നയിക്കുന്നതിനുതകുന്ന അറിവും കഴിവും നേടുന്നതിനുവേണ്ടിയായിരിക്കണം വിദ്യാഭ്യാസം. ഇതോടുകൂടി ഏതെങ്കിലും തൊഴിൽ പരിശീലിക്കുവാനുള്ള ഏർപ്പാടുകളും ആരംഭിക്കാവുന്നതാണ്. അത് വിദ്യാഭ്യാസത്തിന്റെ ഒരു ഘടകമായി രൂപപ്പെടുത്തണം. വ്യക്തികൾ, കുടുംബങ്ങൾ തമ്മിൽ നല്ല വഴക്കോ വക്കാണമോ ഉണ്ടായാൽ അമീറിനോട് ആവലാതിപ്പെടുകയും അമീർ അല്ലാഹുവിന്റെ വിധിപ്രകാരം അത് പരിഹരിക്കുകയും വേണം. അങ്ങനെ കഴിവിന്റെ പരമാവധി അല്ലാഹുവിന്റെ നിയമങ്ങൾ പാലിച്ചുകൊണ്ട് ഒരു ഇസ്‌ലാമിക ഗ്രാമം നമുക്ക് കെട്ടിപ്പടുക്കാം. വിശ്വാസത്തിലും പ്രവൃത്തിയിലും ഇസ്‌ലാം എങ്ങനെ? എന്ന ചോദ്യത്തിന് ഈ സമൂഹം ഇതരർക്കു നോക്കിക്കാണുന്ന ഉത്തരമായിരിക്കണം." ഇത്രയും ഞാൻ വിവരിച്ചു.

എന്റെ വിവരണം കഴിഞ്ഞപ്പോൾ മുഹമ്മദലി ഹാജിയാണ് ആദ്യമായി എന്നെ എതിർത്ത് പ്രസംഗിച്ചത്. അദ്ദേഹം പറഞ്ഞതിന്റെ ആകെത്തുക

ഇങ്ങനെയായിരുന്നു. "ഉമർ മൗലവി പറയുന്നത് നമ്മളൊക്കെയും ഹിജ്റ പോകണമെന്നാണ്. അതിനു സമയമായിട്ടില്ല. അഥവാ ഇപ്പോൾ അതിന്റെ ആവശ്യമില്ല. ഇവിടെ നമുക്ക് മതസ്വാതന്ത്ര്യമുണ്ട്. അതിനു പുറമെ ഹിജ്റ പോയാൽ നമ്മുടെ കുടുംബങ്ങളെയും അയൽവാസികളേയും നാട്ടുകാരെയും സംബന്ധിച്ച് പിന്നെ നമുക്കൊന്നും ചെയ്യാൻ കഴിയില്ല. നാം പരിശ്രമിച്ചാൽ നമ്മുടെ പരിസരമാകെ സന്മാർഗമവലംബിക്കും. അങ്ങനെ സമൂലമായ പരിവർത്തനത്തിലൂടെ നാടാകെ നമുക്ക് സ്വാധീനമാകും. അങ്ങനെ ഒരു 'ഹുക്കൂമത്തെ ഇലാഹി' പതാക ഉയർത്താം.''

ഹാജിസാഹിബിന്റെ പ്രസംഗശേഷം ഞാൻ വീണ്ടും സംസാരിച്ചു; ഞാൻ ഉദ്ദേശിക്കാത്തത് ഹാജി സാഹിബ് എന്റെ മേൽ ആരോപിച്ചിരിക്കുന്നു. ഹിജ്റ ഞാൻ ഉദ്ദേശിച്ചിട്ടില്ല. നമ്മുടെ നാട്ടുകാർ പലരും കച്ചവടത്തിനും ജോലിക്കുമായി രാജ്യംവിട്ടു പലേടങ്ങളിലും താമസമാക്കിയിട്ടുണ്ടല്ലോ. അന്തമാൻ ദ്വീപിൽ മണ്ണാർക്കാട് എന്നും പാണ്ടിക്കാട് എന്നും പേരുള്ള പ്രദേശങ്ങൾ രൂപംകൊണ്ടതായി കേട്ടിട്ടുണ്ട്. ഈ നിലയിലുള്ള സ്ഥലമാറ്റം അനുവദനീയമാണെന്നതിൽ സംശയമില്ല. ഇവരുടെയെല്ലാം ലക്ഷ്യം ഭൗതികമാണെന്ന കാര്യം നാം ഓർക്കുക. എന്നാൽ അതിമഹത്തരവും പരിപാവനവുമായ ഒരു ലക്ഷ്യത്തിനുവേണ്ടി ഒരു സ്ഥലത്തേക്ക് താമസം മാറുകയും ആദർശബന്ധത്തിനനുസൃതമായ ഒരു കൊച്ചു സമൂഹത്തെ വളർത്തി പരിശീലിപ്പിച്ചെടുക്കുകയും ചെയ്യുന്നതിൽ അനനുവദനീയമായി ഒന്നുമില്ല എന്ന് മാത്രമേ എനിക്ക് വാദമുള്ളൂ. നിങ്ങളാരും അതിനെ എതിർക്കുകയില്ലെന്ന് ഞാൻ കരുതുന്നു. ഹാജി സാഹിബിനും ഈ വിഷയം എതിർപ്പുള്ളതല്ല. അതുകൊണ്ടാണല്ലോ അദ്ദേഹം വിഷയത്തിന്റെ രൂപം മാറ്റി ഹിജ്റ എന്ന സാങ്കേതിക നാമം നൽകി അവതരിപ്പിച്ചത്. അതൊന്നും ശരിയല്ല. ഹിജ്റയുടെ പ്രശ്നവും ഇപ്പോഴില്ല. മേൽപറഞ്ഞ രൂപത്തിൽ നാട്ടിൽ ഒരു സമാധാന കേന്ദ്രം നിലവിൽ വന്നാൽ ശരിയായ മതസ്വാതന്ത്ര്യം അനുവദിക്കപ്പെടാത്ത സാഹചര്യത്തിൽ നിന്ന് വ്യക്തികൾക്കും കുടുംബങ്ങൾക്കും ഇതൊരു അഭയകേന്ദ്രമായിത്തീരുകയും അവരെ സംബന്ധിച്ചേടത്തോളം ഹിജ്റ ചെയ്യാനുള്ള ഒരവസ്ഥ വരികയും ചെയ്തേക്കാമെന്നു മാത്രം. നാം പരിശ്രമിച്ചാൽ നാടാകെ നന്നായിത്തീരുമെന്ന് പറഞ്ഞത് അതിരുവിട്ട വെറും അതിമോഹം മാത്രമാണ്. നാം ഓരോരുത്തരും തന്നെ എത്രത്തോളം നന്നായിട്ടുണ്ടെന്ന് ഒരാത്മപരിശോധന നടത്തിയാൽ ഏതൊരാൾക്കും ഇത് ബോധ്യമാകും.

ഞാൻ നിർത്തി. വീണ്ടും മുഹമ്മദലി ഹാജി എന്നെ എതിർത്തു സംസാരിച്ചു. വിഷയം മുമ്പുപറഞ്ഞതുതന്നെ. ഞാൻ മൂന്നാം തവണയും

സംസാരിക്കാൻ എഴുന്നേറ്റപ്പോൾ ബാങ്കുവിളിച്ചു. യോഗം നിർത്തിവെച്ചു. നമസ്കാരാനന്തരം എനിക്ക് സംസാരിക്കാമായിരുന്നു. പക്ഷെ, വേണ്ടെന്നുവെച്ചു. കാരണം ഇവരുടെ പക്കൽ ഈ ഭംഗിയായ സംസാരം മാത്രമല്ലാതെ വേറെയൊന്നുമില്ലെന്ന് എനിക്ക് തോന്നി. ജമാഅത്തെ ഇസ്‌ലാമിയുടെ യോഗത്തിൽ ആദ്യമായി ഞാൻ പങ്കെടുത്തത് അന്നായിരുന്നു. അവസാനത്തേതും അതുതന്നെയായിരിക്കുമെന്ന് തോന്നുന്നു. പിന്നീട് ഞാൻ അറിഞ്ഞു, മൗദൂദിസാഹിബ് പത്താൻകോട്ടിൽ നടപ്പിൽ വരുത്തിയ പരിപാടിയായിരുന്നു ഞാൻ പറഞ്ഞതെന്ന്. അപ്പോൾ പിന്നെ മുഹമ്മദലി ഹാജി ഇതിനെ എതിർക്കുവാനുള്ള കാരണമെന്ത്? ഈയൊരു ചോദ്യം ഇവിടെയുണ്ട്. പക്ഷെ, ഉത്തരം ഇന്നുവരെ കിട്ടിയിട്ടില്ല. ജമാഅത്തെ ഇസ്‌ലാമിയുമായി കൂടുതൽ ബന്ധപ്പെടണമെന്നുണ്ടായിരുന്ന എന്റെ മോഹം അവിടെ അവസാനിച്ചു. പക്ഷെ എതിർക്കലുണ്ടായിരുന്നില്ല, കുറേകാലം വരെ.

ഒരിക്കൽ മുഹമ്മദലി ഹാജിയും ഞാനും ഒരു സംഭാഷണത്തിൽ ആയിരുന്നു. സമുദായത്തിന്റെ ദുരവസ്ഥ തന്നെ വിഷയം. ഹാജി സാഹിബ് കെ.എം. മൗലവിയെക്കുറിച്ച് വളരെ വളർത്തി പറഞ്ഞു. ഇടക്ക് ഒരു വാചകം, "അദ്ദേഹമൊന്ന് ഹിദായത്തിലേക്ക് വന്നിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു" എന്ന്. ഞാൻ അക്ഷരാർത്ഥത്തിൽ ഞെട്ടി. ഇങ്ങനെ പറയാൻ എന്ത് കാരണം? ഇപ്പോൾ അദ്ദേഹം ഉലാലത്തിലാണോ? ഞാൻ ചോദിച്ചു. അദ്ദേഹം മുശ്‌രിക്കല്ലേ എന്നായിരുന്നു മറുപടി. ഞാൻ അന്ധാളിച്ചുപോയി. ഞാൻ വീണ്ടും ചോദിച്ചു; ഹാജി സാഹിബേ, ജമാഅത്തെ ഇസ്‌ലാമിക്ക് തൗഹീദ്, ശിർക്ക് എന്നീ വിഷയങ്ങളിൽ വിശേഷാൽ വല്ല വാദവുമുണ്ടോ? അപ്പോൾ എന്താണ് അങ്ങനെ ചോദിക്കാൻ എന്നായി അദ്ദേഹം. ഞാൻ പറഞ്ഞു: "തൗഹീദും ശിർക്കും എന്താണെന്ന് ഞാൻ മനസ്സിലാക്കിയത് കേരള ജംഇയ്യത്തുൽ ഉലമായുടെ ചില പ്രസിദ്ധീകരണങ്ങളും അവരിൽ പെട്ട ചില പ്രധാനികളുമായുള്ള സംഭാഷണങ്ങളും മുഖേനയാണ്. ഞാൻ മുമ്പ് തൗഹീദിൽ അല്ലായിരുന്നുവെന്ന് അപ്പോൾ ബോധ്യമായി. അങ്ങനെ തൗഹീദിന്റെ ശരിയായ രൂപം ഗ്രഹിക്കാനും അനുസരിച്ച് ജീവിതം ചിട്ടപ്പെടുത്താനും സാധിച്ചതിൽ റബ്ബിനെ സ്തുതിക്കുകയും അളവറ്റ സന്തോഷിക്കുകയും ചെയ്തുകൊണ്ട് കഴിഞ്ഞുകൂടുകയാണ് ഞാൻ. എന്നാലിപ്പോൾ കെ.എം. മൗലവിയെക്കുറിച്ച് നിങ്ങൾ പറഞ്ഞത് കേട്ടപ്പോൾ ഞാൻ വല്ലാത്ത ഒരമ്പരപ്പിലായിരിക്കുന്നു. എന്റെ നില ഇനിയും ശരിയായില്ലേ എന്ന സംശയം തോന്നിയിരിക്കുന്നു. എനിക്ക് ശരിക്കൊന്ന് വിശദീകരിച്ചുതരിക." അപ്പോൾ അദ്ദേഹം പറഞ്ഞതിന്റെ

ചുരുക്കം ഇങ്ങനെയായിരുന്നു. കേരള ജംഇയ്യത്തുൽ ഉലമാ ആരാധനയിലുള്ള തൗഹീദു മാത്രമേ അംഗീകരിച്ചിട്ടുള്ളൂ. ഹുക്കൂമത്തിലുള്ള തൗഹീദ് അംഗീകരിച്ചിട്ടില്ല. നമ്മുടെ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളെല്ലാം ത്വാഗൂത്തുകളാണ്. ഗവൺമെന്റിനെ നിയന്ത്രിക്കുന്ന നിയമഘടനയും ശരിയായ ത്വാഗൂത്ത് തന്നെ. ത്വാഗൂത്തീ ഹുക്കൂമത്തിനെ അനുസരിക്കൽ ശിർക്കും കുഫ്റുമാണ്. അതെങ്ങനെ വന്നു എന്നു ഞാൻ വീണ്ടും അന്വേഷിച്ചു. അപ്പോൾ തന്നെ മറുപടി: "ഈ ഗവൺമെന്റ് ത്വാഗൂത്താണെന്നതിൽ നിങ്ങൾക്ക് തർക്കമില്ലല്ലോ. ത്വാഗൂത്തിന് ഇബാദത്ത് എന്നു വെച്ചാൽ ത്വാഗൂത്തിനെ അനുസരിക്കൽ എന്നർത്ഥമായി. അത് ശിർക്കാണെന്നതിൽ യാതൊരു സംശയവുമില്ല. കേന്ദ്ര- സംസ്ഥാന സർക്കാരുകളോട് അനുസരണം കാണിച്ചുകൊണ്ടല്ലേ കെ.എം. മൗലവി ജീവിക്കുന്നത്?" ഇതായിരുന്നു അദ്ദേഹത്തിന്റെ ന്യായീകരണം.

ഞാൻ വല്ലാത്ത ഒരവസ്ഥയിലായി. തല മരവിച്ചതുപോലെ. ജീവിതത്തിൽ ഇങ്ങനെ ഒരവസ്ഥ അതിനു മുമ്പുണ്ടായിട്ടില്ല. ഇങ്ങനെ ഒരു വാദം ഇതിനു മുമ്പ് കേട്ടിട്ടുമില്ല. ഇബാദത്തിന് അനുസരണം എന്നർത്ഥം വെച്ചാൽ ഹാജിയുടെ വാദം ശരിയാണ്. ഈ ഗവൺമെന്റിനോട് അച്ചടക്കം പാലിക്കുന്നവരെല്ലാം കാഫിറുകളും മുശ്രിക്കുകളുമാണ്. ഞാൻ പറഞ്ഞു: എനിക്ക് ഇത് തീർത്തും പുതിയ ഒരു വിഷയമാണ്. ഞാൻ ഒന്നു പരിശോധിക്കട്ടെ, കൂടുതൽ പഠിക്കട്ടെ. ഞങ്ങൾ തൽക്കാലം പിരിഞ്ഞു. അങ്ങനെ ഞാൻ വളരെ പരിശോധിച്ചു. രണ്ടു വേദനകൾ എന്ന് ഞാൻ നേരത്തെ പറഞ്ഞുവല്ലോ. അതിൽ ഒന്നാമത്തെ വേദനയായിരുന്നു ഇത്. തൗഹീദിന്റെ സംസ്ഥാപനത്തിനുവേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച, കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും ഏറെ പീഡനങ്ങൾ സഹിച്ചുകൊണ്ട് ഇസ്‌ലാഹീ രംഗത്ത് ത്യാഗം ചെയ്യുന്ന എന്റെ ഗുരുനാഥനും ഗുരുതുല്യരായ സഹപ്രവർത്തകരും മുശ്രിക്കുകളായി തന്നെ ജീവിതം വ്യർത്ഥമാക്കുകയാണെന്നറിഞ്ഞാൽ അതിൽപരം ഒരു വേദന മറ്റെന്താണുള്ളത്?

ഞാൻ പഠിക്കുകയും പരിശോധിക്കുകയും ധാരാളം പേരുമായി ചർച്ചയിൽ ഏർപ്പെടുകയും ചെയ്തു. കെ.എം. മൗലവി എഴുതിയ "അദ്ദുആഉ വൽ ഇബാദത്ത്' എന്ന പുസ്തകം വായിച്ചു. അൽമനാർ മാസികയിൽ അദ്ദേഹം എഴുതിയ ദീർഘമായ ലേഖനം വായിച്ചു. അതിനെ ഖണ്ഡിച്ചുകൊണ്ട് പ്രബോധനം മാസികയിൽ അതിന്റെ പത്രാധിപർ ടി. മുഹമ്മദ് സാഹിബ് എഴുതിയ ലേഖന പരമ്പര വായിച്ചു. അതാണ് പിന്നീട് ഇസ്‌ലാമിലെ ഇബാദത്ത് എന്ന പേരിൽ പുറത്തിറങ്ങിയ ജമാഅത്തെ

ഇസ്‌ലാമിയുടെ ഔദ്യോഗിക പുസ്തകം. ദീർഘമായ പഠന- പരിശോധന കളിൽ നിന്നും എനിക്ക് ഒരു കാര്യം ബോധ്യപ്പെട്ടു. ഇസ്‌ലാമിന്റെ തൗഹീദിൽ ജമാഅത്തെ ഇസ്‌ലാമി ഒരു പൊളിച്ചെഴുത്ത് തന്നെ നടത്തിയിരിക്കുന്നു. തൗഹീദിൽ അതിഭയങ്കരമായ ബിദ്അത്ത് അവതരിപ്പിച്ചിരിക്കുന്നു. നമ്മുടെ സഹോദരന്മാരാകട്ടെ, സാഹിത്യത്തിന്റെ മിനുക്കത്തിൽ കണ്ണുമയങ്ങി വേണ്ടവിധം പരിശോധിക്കാതെ, ഇസ്‌ലാമിന്റെ ഭരണം നടപ്പിൽ വന്നാൽ വളരെ നല്ലതല്ലേ എന്ന അതിമോഹത്തിന്റെ കനൽ കണ്ട് ഓടാൻ തുടങ്ങി. ഓടിയോടി കുഴയുകയല്ലാതെ ഒരിറ്റ് വെള്ളത്തിന്റെ നനവ് അനുഭവിക്കാൻ കഴിയുകയില്ല. എന്നാൽ ആരാധനാപരമായ ശിർക്കിനെ എതിർക്കുകയും തൗഹീദ് സ്ഥാപിക്കുകയും ചെയ്താൽ ഇവിടെ യാതൊരു കെട്ടിക്കുടുക്കുമില്ല. പക്ഷെ, അത് കേവലം ശാഖാപരവും നിസ്സാരവുമായി കരുതി സാധ്യമല്ലാത്ത സംഗതി ലക്ഷ്യം വെച്ച് അവർ വട്ടം കറങ്ങുകയും നട്ടം തിരിയുകയും ചെയ്യുന്നു. വിശദാംശങ്ങൾ ഒട്ടേറെയുണ്ട്. ചുരുക്കത്തിൽ 'സങ്കൽപ വീട്ടിലെ സ്വപ്നജീവികൾ' എന്ന വിശേഷണം ഇവർക്ക് അനുയോജ്യമാകുന്നു. ഈ പിഴവിൽ നിന്നും അവരെ ഉണർത്താൻ വേണ്ടി ഞാൻ പലേ മാർഗങ്ങളിലും പ്രവേശിച്ചു. ഒന്നും ശരിയായില്ല.

അബുൽ അഅ്‌ലാ മൗദൂദിയുടെ ഗ്രന്ഥങ്ങൾ പലതും മുഹമ്മദലി ഹാജി വിവർത്തനം ചെയ്തത് മലയാളത്തിൽ പ്രസിദ്ധീകൃതമായി. അതിൽ ആദ്യത്തേത് റിസാലേ ദീനിയാത്ത് എന്ന ഉർദു ഗ്രന്ഥത്തിന്റെ പരിഭാഷയാണ്. 'ഇസ്‌ലാം മതം' എന്ന പേരാണ് ഗ്രന്ഥത്തിന് നൽകിയത്. 'മൗദൂദിയുടെ ഇസ്‌ലാംമതം' എന്നു പറയുന്നതായിരിക്കും ശരി. ആ ഗ്രന്ഥത്തിൽ ഇസ്‌ലാമിന്റെ നാഡി ഞരമ്പ് മുറിക്കുന്ന പലേ തീവ്ര- ഭീകര വാദങ്ങളുമുണ്ട്. അതിൽ ഏറ്റവും ഗുരുതരമായിട്ടുള്ളത് മുഹമ്മദ് നബിﷺയുടെ പ്രവാചകത്വത്തിന്റെ തെളിവുകൾ എന്ന ഭാഗമാണ്. പ്രവാചകത്വം നബിﷺ ആശിച്ചു നേടിയതാണെന്ന് മൗദൂദി വിശദീകരിച്ചിരിക്കുന്നു. അതിനുവേണ്ടി പട്ടിണി കിടന്നു ഹൃദയവും മസ്തിഷ്കവും നിർമ്മലമാക്കി. ഘോരമായ തപസ്സ് അനുഷ്ഠിച്ചുകൊണ്ട് ഹിറാഗുഹയിൽ കഴിഞ്ഞുകൂടിയെന്നും ഒടുവിൽ അദ്ദേഹം ആശിച്ച കാര്യം ഹൃദയത്തിൽ പെട്ടെന്നൊരു ദിവസം വന്നു നിറഞ്ഞുവെന്നും മൗദൂദി ആ പുസ്തകത്തിൽ ജൽപിച്ചിരിക്കുന്നു. ഭാരതീയ പുരാണങ്ങളിൽ മഹർഷിമാർ ആഗ്രഹസഫലീകരണത്തിനായി തപോവനങ്ങളിൽ പട്ടിണി കിടന്ന് കൊടും തപസ്സ് അനുഷ്ഠിച്ച് ഇഷ്ടദേവനെ തന്റെ മുമ്പിൽ ഹാജരാക്കുകയും ആശിച്ച വരം കരസ്ഥമാക്കി ദിവ്യത്വം സമ്പാദിക്കുകയും ചെയ്യുന്ന ഒട്ടേ

റെ കഥകളുണ്ടല്ലോ. പ്രവാചക ശ്രേഷ്ഠനായ മുഹമ്മദ് നബിﷺയെ ഇത്തരം കഥകളോട് ഉപമിക്കുകയാണ് ഇതിലൂടെ നടക്കുന്നത്. ഖുർആനിനും ഹദീസിനും പ്രത്യക്ഷത്തിൽ തന്നെ വിരുദ്ധമായ പ്രസ്താവനകളാണിതൊക്കെയും എന്ന് അറിയാത്ത ഒരു മദ്റസാ വിദ്യാർത്ഥി പോലും ഈ സമുദായത്തിലില്ല. എന്നിരിക്കെ ഈ ഭയാനകമായ കളവ് എഴുതി പ്രചരിപ്പിക്കുന്ന മൗദൂദിയും അതിനെ കൂസലെന്യെ പിന്തുണക്കുന്നവരും ഇസ്ലാമിന്റെ മിത്രങ്ങളല്ലെന്ന് ഉറക്കെ പറയാൻ നമ്മുടെ പണ്ഡിതന്മാർ മടി കാണിച്ചത് അങ്ങേയറ്റം ദുരൂഹമായി അനുഭവപ്പെട്ടു.

ഗയ്ബിൽ (അദൃശ്യകാര്യങ്ങൾ) വിശ്വസിക്കുകയെന്ന വിഷയം ഇസ്ലാമിലെ മൗലിക പ്രധാനമായ സംഗതിയാണ്. അല്ലാഹുവിലുള്ള വിശ്വാസവും അല്ലാഹുവിനു മാത്രം ഇബാദത്ത് ചെയ്യുക എന്നതും ഈ വിശ്വാസത്തിന്റെ മൂല ഘടകമാണ്. ഖുർആൻ ആരംഭിക്കുന്നതു തന്നെ "അല്ലദീന യുഅ്മിനൂന ബിൽ ഗയ്ബ്" എന്ന് അറിയിച്ചുകൊണ്ടാകുന്നു. സൂക്ഷ്മതയുള്ളവർക്കാണ് ഈ ഗ്രന്ഥം മാർഗദർശനമാകുന്നത് എന്ന് പറഞ്ഞുകൊണ്ട് തഖ്‌വയുടെ ഒന്നാമത്തെ ഉപാധിയായി ഗയ്ബിലുള്ള വിശ്വാസത്തെ വിശുദ്ധഖുർആൻ ഉയർത്തിക്കാട്ടുന്നു. മതം മതമാകുന്നതു തന്നെ ഗയ്ബിലുള്ള വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ്. എല്ലാ മതങ്ങളും അദൃശ്യമായ വിശ്വാസത്തിലധിഷ്ഠിതമാണ്. ഗയ്ബിലുള്ള വിശ്വാസത്തിന്റെ വികലതകളാണ് ഇസ്ലാമിൽ നിന്നും മറ്റു മതങ്ങളെ വേർതിരിക്കുന്നത്. എല്ലാ വിശ്വാസ വൈകല്യങ്ങളെയും തിരുത്തി ഗയ്ബിയ്യായ വിശ്വാസത്തിന്റെ സംശുദ്ധമായ രൂപമാണ് ഖുർആനും നബിചര്യയും മനുഷ്യനെ പഠിപ്പിക്കുന്നത്. ഇതിന് ഭൗതികമായ സമാനതകളില്ല. ഉദാഹരണങ്ങളുമില്ല. എന്നാൽ മൗദൂദി സാഹിബ് 'ഇസ്ലാം മതം' എന്ന ഗ്രന്ഥത്തിലൂടെ അതിമഹത്തായ ഈ കേന്ദ്ര ബിന്ദുവിനെ തികച്ചും ഭൗതികമാക്കുകയാണ് ചെയ്തത്. വഴിയറിയാതെ വലയുന്ന ഒരാൾ വഴിയറിയുന്ന ആളോട് ചോദിച്ചറിഞ്ഞു അദ്ദേഹം പറഞ്ഞ വഴിയിലൂടെ യാത്ര ചെയ്യും. രോഗിയായ മനുഷ്യൻ വിദഗ്ധനായ ഒരു ഭിഷഗ്വരന്റെ നിർദ്ദേശം പാലിക്കും. നിയമമറിയാത്ത ഒരാൾ വിശ്വസ്തനായ ഒരു വക്കീലിന്റെ സഹായം തേടി മുന്നോട്ടുപോകും. ഇങ്ങനെ ഉദാഹരണങ്ങൾ നിരത്തിയ ശേഷം മൗദൂദി പറയുകയാണ്. ചുരുക്കത്തിൽ ഭൗതികമായ ഏതൊരു വിഷയത്തിലും അറിവില്ലാത്തവൻ ഒരറിവുള്ള ആളുടെ ഉപദേശം നേടിയാണ് മുന്നോട്ടു പോകുക. ഇതിനത്രെ ഗയ്ബ് അഥവാ അദൃശ്യകാര്യങ്ങളിൽ വിശ്വസിക്കൽ എന്നു പറയുന്നത്.

കുഫ്രിയ്യത്ത് വെട്ടിത്തിളങ്ങുന്ന പ്രസ്താവനയാണിത്. ഭൗതികമായ

വിഷയങ്ങൾ എന്ന് പ്രത്യേകം അദ്ദേഹം ഊന്നിപ്പറഞ്ഞിരിക്കുന്നു. അപ്പോൾ ഏതൊരു നിരീശ്വരവാദിയും ഗയ്ബിൽ വിശ്വസിക്കുന്നവനാകുമല്ലോ! ഈ സത്യനിഷേധത്തിന്റെ വാചക്കസർത്തുകളെക്കുറിച്ചും നമ്മുടെ പണ്ഡിതന്മാർ മൗനം പാലിച്ചു. ഈമാൻ കാര്യങ്ങൾ ആറെണ്ണം എന്നാണല്ലോ സഹീഹായ ഹദീഥിലൂടെ പ്രവാചകൻ പഠിപ്പിക്കുന്നത്. എന്നാൽ മൗദൂദി ഈ ഗ്രന്ഥത്തിൽ അത് അഞ്ചാക്കി ചുരുക്കിയിരിക്കുന്നു. ഖുർആനിൽ അഞ്ചായിട്ടാണ് കാണുന്നത്. അതുകൊണ്ടു ഞാനും അത് അഞ്ചെണ്ണമായി നിജപ്പെടുത്തുന്നു എന്ന ധാർഷ്ട്യത്തിന്റെ പ്രകടനം ഈ ഗ്രന്ഥത്തിൽ കാണാം. ഖുർആനിൽ വന്നിട്ടുള്ള വിശ്വാസ – കർമ്മാദികളുടെ വിശദീകരണം നമുക്ക് പഠിപ്പിച്ചുതരാൻ അല്ലാഹു അയച്ച ഗുരുനാഥനായ മുഹമ്മദ് നബിﷺയെ അംഗീകരിക്കുന്ന ഏതൊരു വിശ്വാസിക്കും ഇത്തരം പ്രസ്താവനകൾ ഭൂഷണമല്ല. കിതാബോതി യഥാർത്ഥ വിജ്ഞാനം നേടിയ പല പണ്ഡിതന്മാരും ജമാഅത്തെ ഇസ്‌ലാമിയുടെ കൊടിക്കീഴിൽ അണിനിരന്നു. അവർ മൗദൂദിയുടെ ഗുരുതരമായ വ്യതിയാനങ്ങളെ പരസ്യമായി ന്യായീകരിക്കുകയോ മൗനം അവലംബിക്കുകയോ ചെയ്തു. ഇസ്‌ലാഹീ രംഗത്ത് പ്രഗത്ഭരായ പണ്ഡിതന്മാർ വേണ്ടത്ര ഉണ്ടായിരുന്നു. എന്നാൽ ഈ സത്യനിഷേധങ്ങൾക്കെതിരിൽ നാവും പേനയും ഉയർത്താൻ അവരിൽ അധികപക്ഷവും സമയം കണ്ടെത്തിയില്ല. വ്യക്തിപരമായി വല്ലവരും സംശയം ചോദിച്ചാൽ ഇതൊക്കെ ഗുരുതരമായ തെറ്റുകളാണെന്ന് അവർ പറയും. പക്ഷെ, അക്ഷരങ്ങളിലൂടെ മനുഷ്യരുടെ ബുദ്ധി മണ്ഡലത്തിലേക്ക് കടന്നുകയറി ക്യാൻസറായി രൂപപ്പെട്ടുവരുന്ന അതിഭയങ്കരമായ ഈ വഴികേടുകളെ അതർഹിക്കുന്ന ഗൗരവത്തിൽ പ്രതിരോധിക്കാൻ ഇവിടെ തയ്യാറെടുപ്പു കണ്ടില്ല. എന്നാൽ ഹുക്കൂമത്തെ ഇലാഹിയുടെ വക്താക്കളെന്ന നിലയിൽ ഇവരോട് സഹവർത്തിത്വം കാണിക്കാൻ വളരെ പേരെ കാണുകയും ചെയ്യുന്നു.

40കളിൽ മൗലാനാ മൗദൂദി പത്താൻകോട്ടിലെ ജുമാമസ്ജിദിൽ നടത്തിയ ഖുത്ബകളുടെ സമാഹാരമാണ് ഖുത്ബാത്ത് എന്ന ഗ്രന്ഥം. മലയാളത്തിൽ ഇത് പ്രസിദ്ധീകൃതമായപ്പോൾ സാഹിത്യാഭിരുചിയുള്ള വായനക്കാർക്കിടയിൽ വലിയ സ്വീകരണം ലഭിക്കുന്നതായി കണ്ടു. പലരും ആവർത്തിച്ചാവർത്തിച്ച് വായിച്ച് കൊണ്ടിരിക്കുന്നു. പഠിക്കുന്നതിനേക്കാൾ ആസ്വദിക്കുന്നതിലാണ് വായനക്കാരിൽ അധികവും താൽപര്യം കാണിച്ചിരുന്നത് എന്ന് അനുഭവത്തിൽ നിന്നും ഞാൻ മനസ്സിലാക്കി. അഞ്ചുതവണ ഖുത്ബാത്ത് വായിച്ചു തീർത്ത ഒരു ബുദ്ധിജീവിയോട്

അതിലുള്ള ഗുരുതരമായ ഒരു തെറ്റ് ഞാൻ തെര്യപ്പെടുത്തിയപ്പോൾ അതിൽ അങ്ങനെയുണ്ടോ എന്ന് അത്ഭുതം കൂറുകയാണ് അദ്ദേഹം ചെയ്തത്. ഗ്രന്ഥത്തിൽ നിന്ന് ഞാൻ അത് ചൂണ്ടിക്കാണിച്ചപ്പോഴാണ് താൻ അഞ്ചു പ്രാവശ്യം ഇത് വായിച്ചിട്ടും ഈ തെറ്റ് ശ്രദ്ധയിൽ പെട്ടില്ലെന്ന് കുറ്റബോധത്തോടെ അദ്ദേഹം സമ്മതിച്ചത്. ഇത് ഒരൊറ്റപ്പെട്ട അനുഭവമല്ല. പ്രവാചകന്മാർ പഠിപ്പിച്ച ഇസ്‌ലാമിന്റെ അടിത്തറ പൊളിച്ചുമാറ്റി പകരം വേറൊന്ന് പ്രതിഷ്ഠിക്കുകയാണ് ഖുത്ബാത്തിലൂടെ മൗദൂദി സാഹിബ് ചെയ്ത 'ഇസ്‌ലാമിക സേവനം'. ഒന്നുരണ്ടു ഉദാഹരണങ്ങൾ മാത്രം ചൂണ്ടിക്കാണിക്കാം.

"സ്വന്തം ഭരണമില്ലാത്ത ദീനിന്റെ സ്ഥിതി ഭൂമിയിൽ സ്ഥാപിക്കപ്പെടാത്ത ഒരു സങ്കൽപ്പ വീടുപോലെയാണ്"

"അല്ലാഹു നമ്മുടെ മേൽ നിർബന്ധമാക്കിയതും ഇസ്‌ലാമിന്റെ നെടുംതൂണുകളാക്കിയതുമായ നമസ്കാരം, നോമ്പ്, സകാത്ത്, ഹജ്ജ് എന്നീ ആരാധനാ കർമ്മങ്ങൾ അനുഷ്ഠിക്കുന്നതു കൊണ്ടു മാത്രം അല്ലാഹു തൃപ്തിപ്പെടുവാൻ, ഇവ ഇതര മതങ്ങളിലേതുപോലെ വെറും ചില പൂജകളോ വഴിപാടുകളോ തീർത്ഥയാത്രകളോ അല്ല. നേരെ മറിച്ച് ഗൗരവതരമായ ഒരു ഉദ്ദേശ്യത്തിന്നായി നമ്മെ ഒരുക്കുകയും മഹത്തായ ഒരു പ്രവൃത്തിക്ക് നമ്മെ പരിശീലിപ്പിക്കുകയുമാണ് അവയെ നിർബന്ധമാക്കിയതിന്റെ യഥാർത്ഥ ഉദ്ദേശ്യം. എന്നാൽ ഈ ഒരുക്കത്തേയും പരിശീലനത്തെയും കുറിച്ച് വേണ്ടുവോളം പ്രതിപാദിച്ചു കഴിഞ്ഞ സ്ഥിതിക്ക് ഇതെല്ലാം ഏതൊന്നിനെ ഉദ്ദേശിച്ചായിരുന്നുവോ ആ പരമ ലക്ഷ്യം എന്താണെന്ന് നിങ്ങളെ അറിയിക്കേണ്ട സമയം ഇപ്പോൾ ആസന്നമായിരിക്കുന്നു. ചുരുക്കത്തിൽ മനുഷ്യന്റെ മേൽ മനുഷ്യൻ തന്നിഷ്ടപ്രകാരം ഭരണം നടത്തുകയെന്ന സമ്പ്രദായത്തെ ഉന്മൂലനം ചെയ്ത് അവന്റെ മേൽ അല്ലാഹുവിന്റെ മാത്രം ഭരണം സ്ഥാപിക്കുകയെന്നതാണ് ആ പരമ ലക്ഷ്യമെന്നും അതിനെ പ്രാപിക്കേണ്ടതിനായി സർവ്വവും ബലികഴിച്ച് പരിശ്രമിക്കുന്നതിനലാണ് ജിഹാദ് അഥവാ സമരമെന്ന് പറയുന്നതെന്നും നമസ്കാരം, നോമ്പ്, സകാത്ത്, ഹജ്ജ് എന്നീതുകകളെല്ലാം തന്നെ ഈ മഹൽകൃത്യത്തിന് മനുഷ്യനെ സന്നദ്ധനാക്കാനുള്ളതാണെന്നും പറഞ്ഞാൽ മതിയാകുന്നതാണ്." (പേജ് 389-390 രണ്ടാം പതിപ്പ്. ഖുതുബാത്ത്). മുഅ്മിനായ മനുഷ്യന്റെ പരമലക്ഷ്യം അല്ലാഹുവിന്റെ തൃപ്തിയും പരലോക മോക്ഷവുമായിരിക്കണമെന്ന ഗയ്ബിയായ നിബന്ധനയുടെ അടിക്കല്ല് മൗദൂദി ഇളക്കിമാറ്റി പകരം ഭരണം സ്ഥാപിക്കുകയെന്ന ഉദ്ദേശ്യം പരമലക്ഷ്യമാക്കി. നിർബന്ധവും ഐച്ഛികവുമായ മുഴുവൻ

ഇബാദത്തുകളും അല്ലാഹുവിന്റെ തൃപ്തിയും പ്രതിഫലവും ആശിച്ചു കൊണ്ടായിരിക്കണമെന്ന സർവ്വപ്രധാനമായ നിബന്ധനയും അതിനുവേണ്ടിയുള്ള പ്രാർത്ഥനാനിബദ്ധമായ മനസ്സുമായിരിക്കണം വിശ്വാസിയെ ചലിപ്പിക്കേണ്ടതെന്ന മൗലിക പ്രധാനമായ നെടുംതൂണും മൗദൂദി തകർത്തു. എല്ലാം ഭൗതികമായ അധികാര പ്രാപ്തിയെ ലക്ഷ്യംവെച്ചു കൊണ്ടായിരിക്കണമെന്ന് സമർത്ഥിച്ചു. ജിഹാദിനെ ഭരണം പിടിച്ചടക്കാനുള്ള ഒളിപ്പോർ സമരമാക്കി വ്യാഖ്യാനിച്ചു. ചുരുക്കത്തിൽ എന്റെ ആത്മസുഹൃത്തും ചിന്തകനുമായ ഡോ. എം. ഉസ്മാൻ (നിലമ്പൂർ) പ്രസ്താവിച്ചതുപോലെ കമ്യൂണിസ്റ്റ് ചട്ടക്കൂടിനുള്ളിൽ ഇസ്‌ലാമിനെ ഫ്രെയിം ചെയ്യാൻ മൗദൂദി പേനയും ബുദ്ധിയും ഉപയോഗിക്കുകയാണ് ചെയ്തത്. ഒരു മാർക്സിസ്റ്റ് അനുഭാവിയും പഠിതാവുമായി പൊതുരംഗത്തേക്ക് കടന്നുവന്ന മൗദൂദി വേറിട്ടൊരു വ്യക്തിത്വം പ്രകടമാക്കി പ്രശസ്തനാകാൻ ശ്രമിക്കുകയാണുണ്ടായതെന്ന് തോന്നുന്നു. ഇസ്‌ലാമിനെ കമ്യൂണിസ്റ്റ് ഒളിപ്പോർ മാതൃകയിലും രക്തസാക്ഷി സമരവീര്യം കുത്തിവെച്ചും റഷ്യാ-ചൈനാ മോഡൽ വിപ്ലവത്തിലൂടെ ജിഹാദിനെ അവതരിപ്പിച്ചുകൊണ്ടും മുസ്‌ലിം സമൂഹത്തെ ഒരു സായുധസമരത്തിന് സജ്ജമാക്കുന്ന പ്രക്രിയയാണ് ഖുത്ബാത്തിലൂടെ അദ്ദേഹം ചെയ്തത്. ആത്മീയ പ്രാധാന്യത്തിന്റെ വലയത്തിൽ, അദൃശ്യവിശ്വാസത്തിന്റെ അടിത്തറയിൽ സമർപ്പിക്കപ്പെട്ട ഇസ്‌ലാമിക വിശ്വാസങ്ങളും ജീവിത വീക്ഷണവും കേവലം ഭൗതികമായ അധികാരമോഹത്തിന്റെ പരിവേഷത്തിൽ മൗദൂദി വികൃതമാക്കി. പ്രവാചകന്മാർക്ക് പരിചയമില്ലാത്ത ഒരു ഇസ്‌ലാം, അതായിരുന്നു മൗദൂദിയുടെ ഇസ്‌ലാം മതം! ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ ഇസ്‌ലാമിക തീവ്രവാദത്തിന്റെ വിത്ത് പാകിയ കർഷകൻ മൗലാനാ മൗദൂദിയായിരുന്നുവെന്ന് സമകാലീന തീവ്രവാദ- ഭീകരവാദ ചിന്തകളെയും പ്രവർത്തനങ്ങളെയും അപഗ്രഥിച്ചാൽ ബോധ്യമാകുന്ന ഒരു യാഥാർത്ഥ്യം മാത്രമാണ്.

വിദൂരമായ ദുഷ്ഫലങ്ങൾ കാരണമാക്കുന്ന ഒരു വൻ വിപത്താണിതെന്ന് എന്റെ മനസ്സ് തുടക്കത്തിലേ മന്ത്രിച്ചു. വിശദാംശങ്ങൾ നിരത്താനുള്ള രാഷ്ട്രീയ തന്ത്രജ്ഞതയും ദീർഘവീക്ഷണവും എനിക്കില്ലായിരുന്നു. ഞാൻ തേടിപ്പോയത് ആദർശത്തിന്റെ അടിസ്ഥാന ശിലയിലേക്കാണ്. കെ.എം. മൗലവി മുശ്‌രിക്കാണെന്ന് മുഹമ്മദലി ഹാജി സംശയലേശമന്യേ പ്രഖ്യാപിച്ച കാരണം തേടിയാണ് എന്റെ മനസ്സ് നീങ്ങിയത്. അനിസ്‌ലാമിക ഭരണകൂടങ്ങളെ അനുസരിക്കുന്നത് വിഗ്രഹാരാധന പോലെ ശിർക്കാണെന്ന വാദമാണ് ഇതിനുപോൽബലകമായത്. അല്ലാഹു അല്ലാ

ത്തവർക്ക് ഇബാദത്ത് ചെയ്തവൻ കാഫിറും മുശ്രിക്കുമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇബാദത്തിന്റെ യഥാർത്ഥ അർത്ഥം അനുസരണം എന്നാകുമ്പോൾ അല്ലാഹു അല്ലാത്തവരെ അനുസരിക്കുന്നവൻ മുശ്രിക്കാകുമെന്നതിൽ രണ്ടു പക്ഷമില്ല. ഇപ്പോൾ ഈ ഭരണകൂടങ്ങൾ വിഗ്രഹ സമാനങ്ങളാകുന്നു. അവയോടുള്ള അനുസരണം ശിർക്കും കുഫ്റുമാകുന്നു. ഇതാണ് മൗദൂദി മതത്തിന്റെ മുഖ്യ സന്ദേശം. മൗദൂദി പറഞ്ഞു: "ഒരു മുസ്ലിം എന്ന നിലക്ക് എന്റെ വീക്ഷണം ഇതാണ്. ഇന്ത്യ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിൽ നിന്ന് മുക്തമാകുകയെന്നത് യാതൊരു നിലയും വിലയും അർഹിക്കാത്ത കാര്യമാണ്. ബ്രിട്ടീഷുകാരന്റെ ഭരണത്തിൽ നിന്ന് ഒഴിവാക്കുന്നത് ലാഇലാഹയുടെ ആശയം മാത്രമെ ആകുന്നുള്ളൂ. നിഷേധമല്ല. ശേഷം സ്ഥിരീകരിക്കുന്നതെന്ത്? എന്നതാണ് കാതലായ വശം. എന്നാൽ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ഈ സമരമെല്ലാം സാമ്രാജ്യത്വ ദൈവത്തെ കുടിയിറക്കി ജനാധിപത്യ ദൈവത്തെ ഭരണത്തിലേറ്റാൻ വേണ്ടിയാണെങ്കിൽ മുസ്ലിമിനെ സംബന്ധിച്ചെടത്തോളം രണ്ടും യഥാർത്ഥത്തിൽ തുല്യമാണ്. ലാത്തക്കു പകരം മനാത്ത വന്നു എന്നതിൽ കഴിഞ്ഞു വ്യത്യാസമൊന്നുമില്ല. ഒരു കള്ളദൈവം മറ്റൊരു കള്ള ദൈവത്തിന്റെ സ്ഥാനത്തായി.' (സിയാസീ കശ്മകഷ് ഭാ. 3, പേജ് 97-98)

"ഉലൂഹിയ്യത്തിന്റെ അർത്ഥത്തിൽ രാജത്വം, ഭരണകർതൃത്വം എന്നീ ആശയങ്ങൾ കൂടി ഉൾപ്പെട്ടിരിക്കുന്നു. ഇലാഹിന്റെ ഏകത്വത്തിൽ ഈ രണ്ട് അർത്ഥത്തിലും അല്ലാഹുവിന് പങ്കുകാരെ സമ്മതിക്കാതിരിക്കണം."

"ഒരാൾ അല്ലാഹുവിന്റെ കൽപനയുടെ അവലംബമില്ലാതെ മറ്റാരുടെയെങ്കിലും കൽപന നിർബന്ധമായും അനുസരിക്കേണ്ടതാണെന്ന് വിശ്വസിക്കുന്നുവെങ്കിൽ അല്ലാഹു അല്ലാത്തവരെ വിളിച്ചു പ്രാർത്ഥിക്കുന്നവൻ ചെയ്യുന്ന ശിർക്ക് പോലെ തന്നെ ഒരു ശിർക്കാണ് അദ്ദേഹം ചെയ്യുന്നത്."

മൗലാനാ മൗദൂദിയുടെ വാക്കുകളാണിതെല്ലാം. ഇതിൽ നിന്നെല്ലാം സുതരാം തെളിയുന്ന ഒരു വസ്തുത കാണാതിരുന്നുകൂടാ. മുസ്ലിംകൾ എവിടെയായിരുന്നാലും, ഏത് പരിതസ്ഥിതിയിലായിരുന്നാലും ന്യൂനപക്ഷമോ, ഭൂരിപക്ഷമോ എന്ന വേർതിരിവ് ശ്രദ്ധിക്കാതെ നാട്ടിൽ നിലവിലുള്ള അനിസ്ലാമിക ഭരണവ്യവസ്ഥിതിക്കെതിരിൽ കയ്യും മെയ്യും മറന്ന് പോരാടുക. ഭരണം പിടിച്ചെടുത്ത് തൽസ്ഥാനത്ത് ഇസ്ലാമിക രാഷ്ട്രം സ്ഥാപിക്കുക. ഇത് വിട്ടുവീഴ്ചയില്ലാത്ത നിർബന്ധ ബാധ്യതയാകുന്നു. അല്ലാത്തപക്ഷം അവരുടെ ഈമാനും ഇസ്ലാമും അപൂർണ്ണമാകും

എന്നു മാത്രമല്ല, മുശ്രിക്കായി ജീവിച്ച് മുശ്രിക്കായി മരണമടയുന്ന അവസ്ഥ അവരിൽ സംജാതമാകുകയും ചെയ്യും.

ഇത് തീവ്രവാദമല്ലാതെ മറ്റൊന്നുമല്ല. ഭാവിയിൽ ഭയാനകമായ ഭീകര വാദത്തിലേക്കുള്ള ചുവട് വെപ്പുകൂടിയാണെന്ന് എന്റെ മനസ്സ് പറഞ്ഞു. എന്തുമാകട്ടെ, ഇസ്‌ലാമിന്റെ ആത്യന്തിക ലക്ഷ്യം അതാണെങ്കിൽ വി ശ്വാസികളുടെ സമൂഹത്തിന് ഭാവിയുടെ ഗുണദോഷങ്ങളെക്കുറിച്ച് ചി ന്തിച്ച് അസ്വസ്ഥമാകാൻ പാടുള്ളതല്ല. വിശുദ്ധമായ ആ ലക്ഷ്യപ്രാപ്തി ക്കായി സ്വയം അർപ്പിക്കുക തന്നെയാണ് കടമയായിട്ടുള്ളത്. ഇവിടെ ഒറ്റ നോട്ടത്തിൽ ലക്ഷ്യം പരിശുദ്ധമാണെന്ന് പണ്ഡിത- പാമര വ്യത്യാസ മന്യേ തോന്നും വിധം വിഷയം അവതരിപ്പിക്കുന്നതിൽ മൗദൂദി സാഹി ബ് ഏറെക്കുറെ വിജയിച്ചു എന്നത് സമ്മതിക്കാതെ വയ്യ. അതുകൊണ്ടാ ണല്ലോ മൗലാനാ വഹീദുദ്ദീൻ ഖാൻ, മൻളൂർ നുഅ്മാനി, അമീൻ അഹ് സൻ ഇസ്‌ലാഹീ, മസ്ഊദ് ആലം നദ്‌വി തുടങ്ങിയ പ്രശസ്തരും പ്രഗ ത്ഭരുമായ പണ്ഡിത- ചിന്തകന്മാർ മൗദൂദിയുടെ ഫുൾടൈം അനുയായി കളായിത്തീർന്നത്. ഇതിൽ ആദ്യത്തെ മൂന്ന് മഹദ് വ്യക്തികളേയും ഞാൻ നേരിട്ട് അറിയും. മക്കയിൽ വെച്ച് പരിചയപ്പെടാൻ പലപ്പോഴായി അവ സരമുണ്ടായിട്ടുണ്ട്. മൻളൂർ നുഅ്മാനി ജമാഅത്തെ ഇസ്‌ലാമിയിൽ രണ്ടാമനായിട്ടാണ് വാഴ്ത്തപ്പെട്ടിരുന്നത്. മറ്റു രണ്ടു പേർ എഴുത്തുകാരും ചിന്തകരുമായി ഖ്യാതി നേടിയ വ്യക്തിത്വങ്ങളായിരുന്നു. ഇവർ മൂന്ന് പേരും മൗദൂദിയുമായുള്ള ബന്ധം വേർപ്പെടുത്തി സ്വതന്ത്രരായി പ്രവർ ത്തിക്കുന്ന കാലത്താണ് ഞാൻ പരിചയപ്പെട്ടത്. ഓരോരുത്തരോടും ഞാൻ ചോദിച്ചു. നിങ്ങൾ എന്തുകൊണ്ടാണ് ഈ ബന്ധത്തിൽ നിന്ന് ഒഴി വായത്? മൂന്ന് പേരും മൂന്ന് കാരണങ്ങളാണ് പറഞ്ഞത്. എല്ലാം മൗദൂദി സാഹിബിനെക്കുറിച്ചുള്ള വ്യക്തിപരമായ ആക്ഷേപങ്ങളിൽ നിക്ഷിപ്ത മായിരുന്നു. മൗദൂദി നബിചര്യക്ക് വലിയ പ്രാധാന്യം നൽകാതെയാണ് പല വിഷയങ്ങളും അപഗ്രഥിക്കുന്നത് എന്നായിരുന്നു ഒരു മറുപടി. സം ഘടനയിൽ മൗദൂദിയുടെ ഏകാധിപത്യത്തെക്കുറിച്ചായിരുന്നു മറ്റൊരാ ൾക്ക് പറയാനുണ്ടായിരുന്നത്. മൗദൂദിയുടെ കുടുസ്സായ സാമൂഹിക ചിന്തയെക്കുറിച്ചാണ് വേറെയൊരാളുടെ ആവലാതി. ഈ കൂടിക്കാഴ് ചയും ചർച്ചയും പല ഘട്ടങ്ങളിലായിരുന്നു എന്ന കാര്യം കൂട്ടത്തിൽ പറ യട്ടെ. ഞാൻ ചോദിച്ചു; "ഇതിന് പരിഹാരം എളുപ്പമല്ലെ? മൗദൂദി സാഹി ബിനെ പരമോന്നത നേതൃത്വത്തിൽ നിന്നും ഒഴിവാക്കി ഈ പറയപ്പെട്ട ദോഷങ്ങൾക്കിരയായിട്ടില്ലാത്ത നിങ്ങൾക്ക് ആ സ്ഥാനം വഹിക്കാമല്ലോ. അഥവാ അത്തരം ഒരു നേതാവിനെ കണ്ടെത്തിയാൽ പ്രശ്നം പരിഹൃത

മായല്ലോ. അതിനുവേണ്ടി യത്നിക്കാതെ നിങ്ങൾ പിണങ്ങി മാറിയത് എങ്ങനെ ന്യായീകരിക്കാനാവും? എനിക്കറിയേണ്ടത് മറ്റൊന്നാണ്. മൗദൂദി ഉദ്ഘോഷിക്കുന്ന തൗഹീദിലും അതിന്റെ അർത്ഥ- വ്യാഖ്യാനത്തിലും നിങ്ങൾക്ക് വല്ല ഭിന്നാഭിപ്രായവും ഉണ്ടായിരുന്നുവോ?" മൂന്ന് പേരും ആദ്യം പകച്ചുനിന്നു. നിമിഷങ്ങൾക്കു ശേഷം പറഞ്ഞു: അങ്ങനെ ഉണ്ടായിട്ടില്ല. പിന്നെന്തിന് വേർപ്പെട്ടുപോന്നു? ഈ ചോദ്യത്തിന് അവർ മൂന്നു പേരും മറുചോദ്യമാണ് എന്നോട് ചോദിച്ചത്. "നിങ്ങൾക്കിതിൽ വല്ല ആദർശവ്യതിയാനവും കണ്ടെത്താൻ കഴിയുന്നുണ്ടോ?" ഉണ്ട്, ഞാൻ പറഞ്ഞു. മൗദൂദി ഉയർത്തിക്കാട്ടുന്ന ഇസ്‌ലാം മതം പ്രവാചകന്മാരുടെ അദ്ധ്യാപനങ്ങളിൽ നിന്നും തുലോം വ്യത്യസ്തമാണ്. അതെങ്ങനെ? അത്ഭുതത്തോടെ ആ മഹത്തുക്കൾ ചോദിച്ചു. ഞാൻ പറഞ്ഞു: അല്ലാഹുവിനെ മാത്രം ആരാധിക്കുക, മറ്റൊന്നിനേയും ആരാധിക്കാതിരിക്കുക, ഇതാണ് പ്രവാചകന്മാർ പഠിപ്പിച്ച തൗഹീദ്. പ്രാർത്ഥനയാണ് ആരാധന. (അദ്ദുആഉ ഹുവൽ ഇബാദ). ഈ കൊച്ചു വാക്യത്തിലൂടെ മുഹമ്മദ് നബിﷺ ഇബാദത്തിനെ നിർവ്വചിക്കുകയും ചെയ്തു. അപ്പോൾ പ്രാർഥനയോടെയുള്ള മുഴുവൻ കർമ്മങ്ങളും ആരാധനയുടെ വകുപ്പിൽപെടുന്നു. ഈ പ്രാർത്ഥന അല്ലാഹുവിനോട് മാത്രമയിരിക്കണം. അതാണ് തൗഹീദ് അഥവാ ഒറ്റയാക്കൽ. പ്രാർത്ഥന മറ്റു ശക്തികളോടോ വ്യക്തികളോടോ വസ്തുക്കളോടോ ആയാൽ അതാണ് ശിർക്ക്. ഈ ശിർക്ക് പാടെ ഉപേക്ഷിച്ച് പ്രാർത്ഥന അല്ലാഹുവോട് മാത്രമാക്കുന്നവനാണ് മുവഹ്ഹിദ്. ഒന്നാം കലിമയുടെ താൽപര്യം ഇതാണ്. പ്രവാചകന്മാർ പഠിപ്പിച്ച തൗഹീദ്. മൗദൂദി സാഹിബ് ജൽപിക്കുന്ന തൗഹീദ് അദ്ദേഹത്തിന്റെ സ്വന്തം വകയാണ്. ഇബാദത്തിന് അനുസരണം, അടിമത്തം, ആരാധന എന്നീ മൂന്നർത്ഥങ്ങളുണ്ടെന്ന് അദ്ദേഹം വാദിച്ചു. ഇവ മൂന്നും തൗഹീദിൽ സുപ്രധാനങ്ങളാണെന്നും അദ്ദേഹം ശഠിച്ചു. ഫാതിഹാ സൂറത്തിലെ 'ഇയ്യാക്ക നഅ്ബുദു' എന്ന സർവ്വപ്രധാനമായ വചനത്തിന്റെ വ്യാഖ്യാനത്തിൽ ഈ തത്വം അദ്ദേഹം കർക്കശമായി എഴുതിച്ചേർത്തു. അതോടെ തൗഹീദ് കേവലം രാഷ്ട്രീയപ്രേരിതമായ ഒരാശയമായി. തരംതാഴ്ന്ന അനിസ്‌ലാമിക ഭരണകൂടങ്ങളെയും വ്യവസ്ഥിതികളെയും അനുസരിക്കുന്നത് ബിംബാരാധന പോലെ ശിർക്കും കുഫ്റുമായിത്തീർന്നു. ഇതിൽ നിന്നുള്ള മോചനം ജിഹാദ് മാത്രമാണ്. ഈ ജിഹാദ് കേവലം നാവുകൊണ്ടും പേനകൊണ്ടും മാത്രമാകുന്നത് തികച്ചും അർത്ഥശൂന്യമാണ്. സർവ്വ സന്നാഹങ്ങളോടെ എഴുന്നേറ്റ് അബദ്ധമായ അടിത്തറയിൽ സ്ഥാപിക്കപ്പെട്ട ഭരണകൂടങ്ങളെ പിടിച്ചുമാറ്റി പകരം സുബദ്ധമായ ഇസ്‌ലാമിക ഭര

ണത്തിന്റെ സംസ്ഥാപനം മാത്രമാണ് പരിഹാരമായിട്ടുള്ളത്, ശിർക്കിൽ നിന്നുള്ള മോചനം അപ്പോഴാണ് യാഥാർത്ഥ്യമാകുന്നത്. സ്വന്തം ഭരണമില്ലാത്ത ദീനിന്റെ സ്ഥിതി ഭൂമിയിൽ സ്ഥാപിക്കപ്പെടാത്ത വെറും ഒരു സങ്കൽപ വീടുപോലെയാണ് എന്ന് മൗദൂദി വിശേഷിപ്പിച്ചത് ഈ അർത്ഥത്തിലാണ്. ഇത് അല്ലാഹുവും റസൂലും പഠിപ്പിച്ച ദീൻ അല്ലല്ലോ. എന്റെ ഈ വിശദീകരണം ശ്രദ്ധിച്ചുകേട്ട ആ പണ്ഡിത- പ്രഗത്ഭർ അക്ഷരാർത്ഥത്തിൽ സ്തംഭിച്ചുനിന്നു. അവർ ഒരു പുതിയ വർത്തമാനം കേൾക്കുന്ന വികാരവിക്ഷുബ്ധതയിലാണെന്ന് എനിക്ക് തോന്നി. ഏതാനും നിമിഷങ്ങൾക്ക് ശേഷം അവർ പറഞ്ഞു. ഇത്ര വലിയ അപകടം ഇതിൽ അന്തർഭവിച്ചിട്ടുണ്ടെന്ന കാര്യം ഞങ്ങളുടെ ചിന്തയിൽ ഇതിനു മുമ്പ് വന്നിട്ടില്ല. അവർ എനിക്കു വേണ്ടി പ്രാർത്ഥിച്ചു. എന്നെ പ്രോത്സാഹിപ്പിച്ചു. ഈ ദൗത്യനിർവ്വഹണവുമായി മുന്നോട്ടുപോകാൻ എന്നെ ഉപദേശിച്ചു. എല്ലാ ധാർമ്മിക പിന്തുണയും അവർ വാഗ്ദാനം ചെയ്തു. ഞാൻ എന്റെ റബ്ബിനെ സ്തുതിച്ചു. അവർക്ക് നന്ദി പറഞ്ഞു.

മൂന്ന് മഹാവ്യക്തിത്വങ്ങളുമായി മൂന്നു സന്ദർഭങ്ങളിൽ ഉണ്ടായ ഈ അനുഭവകഥ ഞാൻ ഇവിടെ വിവരിച്ചത്, നേരത്തെ പറഞ്ഞ ഒരു വിഷയത്തിന്റെ തെളിവിലേക്കാണ്. തന്റെ ലക്ഷ്യം പരിശുദ്ധമാണെന്ന് മഹാചിന്തകന്മാരായ പണ്ഡിതന്മാരെ പോലും തെറ്റിദ്ധരിപ്പിക്കുന്നതിൽ വലിയൊരളവോളം മൗദൂദി വിജയിച്ചിരുന്നു എന്നു അറിയുന്നതിനുവേണ്ടിയാണ്. ഇതേ അപകടം തന്നെയാണ് ലോക പ്രശസ്ത പണ്ഡിതപ്രഗത്ഭരായ ശൈഖ് അബ്ദുൽ അസീസുബ്നു ബാസ്, മൗലാനാ അബുൽ ഹസൻ അലി നദ്‌വി തുടങ്ങിയ ഒട്ടേറെ മഹത്തുക്കളെ മൗദൂദിസത്തിന്റെ അനുഭാവികളോ അതിനെതിരിൽ പതിറ്റാണ്ടുകളോളം ഉരിയാടാതെ മൗനികളോ ആയിരിക്കാൻ പ്രേരിപ്പിച്ചത്. കേരളത്തിലെ ഇസ്‌ലാഹീ പണ്ഡിതന്മാരിൽ ഗുരുതുല്യഭാവത്തോടെ ഞാൻ ആദരിക്കുന്ന പലരും നിശബ്ദരായതിന്റെ പിന്നിലും ഇതേ ചേതോവികാരമായിരുന്നു എന്ന് എനിക്ക് ബോധ്യമായിട്ടുണ്ട്. പലഘട്ടങ്ങളിലായി എല്ലാവർക്കും സത്യം ബോധ്യപ്പെടാൻ കഴിഞ്ഞുവെന്നത് ആശാവഹമായി.

മൗദൂദിസത്തിന്റെ പുറംതോടിൽ പൊതിഞ്ഞ വലിയൊരപകടം മാർക്സിസ്റ്റ് ചിന്താഗതിയായിരുന്നു. എനിക്കിത് മനസ്സിലാക്കിത്തന്നത് എന്റെ ആത്മസുഹൃത്തും എഴുത്തുകാരനും പ്രസംഗകനും ചിന്തകശിരോമണിയുമായ ഡോ. ഉസ്മാൻ സാഹിബായിരുന്നു. ലക്ഷ്യം മാർഗത്തെ ന്യായീകരിക്കുന്നു എന്നാണത്രെ മാർക്സിസ്റ്റ് തത്വശാസ്ത്രം. ലക്ഷ്യം വിശുദ്ധമാണെങ്കിൽ മാർഗങ്ങൾ അങ്ങനെതന്നെ ആയിക്കൊള്ളണമെന്നില്ല.

ധാർമ്മിക സദാചാര- മാനുഷിക ചിന്തകൾക്ക് അവിടെ സ്ഥാനമുണ്ടായിരിക്കരുത്. ലക്ഷ്യപ്രാപ്തിക്കായി അപ്പോഴപ്പോൾ പ്രായോഗികമായി തോന്നുന്ന മാർഗങ്ങളിലടെ മുന്നേറുക. കവർച്ച, കൊലപാതകം, ഉന്മൂലനം ചെയ്യൽ, ഒളിപ്പോരുകൾ, പ്രത്യക്ഷാക്രമണം തുടങ്ങി ഏതു മാർഗവുമാകാം. അവിടെ ഭാര്യ, മക്കൾ, കുടുംബം, ഗുരുക്കന്മാർ, സുഹൃത്തുക്കൾ ഒന്നും തടസ്സമായിക്കൂടാ. വെട്ടിമാറ്റണം. അതിനുവേണ്ടി വാരിക്കുന്തം മുതൽ എ.കെ. 47 വരെ. അതിലും വലുതുണ്ടെങ്കിൽ അതുമാകാം. തൊഴിലാളി വർഗാധിപത്യമാണ് ലക്ഷ്യം. അതിനനുകൂലമാക്കാൻ കഴിയുന്നതെന്തും സദാചാരം തന്നെ. അതിന്റെ മുമ്പിൽ തടസ്സമാകുന്നതൊക്കെയും ദുരാചാരവുമാണ്. അപ്പോൾ ലക്ഷ്യം മാർഗത്തെ ന്യായീകരിക്കുന്നു. കമ്യൂണിസത്തിന്റെ ഈ തത്വശാസ്ത്രമാണ് മൗദൂദിസം ആവാഹിച്ചെടുത്തത്. ചെറുപ്പകാലത്ത് ഒരു മാർക്സ്റ്റ് സഹയാത്രികനായിരുന്ന മൗദൂദിക്ക് ഇത് ഇസ്‌ലാമുമായി ബന്ധിപ്പിച്ചെടുക്കാൻ ഏറെ ശ്രമപ്പെടേണ്ടി വന്നിട്ടുണ്ടായിരിക്കുകയില്ല. ഇസ്‌ലാമിക ഭരണവ്യവസ്ഥ അഥവാ ഹുക്കൂമത്തെ ഇലാഹീ നടപ്പിൽ വരുത്തുക എന്നതാണ് ലക്ഷ്യം. വിചാരത്തേക്കാൾ വികാരത്തിന് സ്ഥാനം ലഭിക്കുന്ന ശ്രവണസുന്ദരമായ മുദ്രാവാക്യം! അപ്പോൾ ലക്ഷ്യം പരിശുദ്ധമായി. അതിലേക്ക് എത്തിച്ചേരാനുള്ള മാർഗങ്ങളോ? അവിടെ വിശുദ്ധി ഒരു മുഖ്യ ഘടകമാകേണ്ടതില്ല. ആദർശവ്യതിയാനമാകാം. കർമ്മാവേശമാകാം. തിരുത്തൽവാദമോ തീവ്രവാദമോ ആകാം. ഭീകരവാദമാകുന്നതും ദോഷമല്ല. രഹസ്യ സംഗമങ്ങളും പരസ്യാക്രമണങ്ങളുമാകാം. ഖബർ പൂജകരായ ബറേൽവികളെ പോലും കൂട്ടാളികളാക്കാം. തൗഹീദിന്റെ യഥാർത്ഥ പ്രചാരകന്മാരെ "ദീനും ദുൻയാവും രണ്ടാക്കി, ഇസ്‌ലാം ദീനിനെ തുണ്ടാക്കി" എന്ന് പരിഹസിച്ചു കൊണ്ടിരിക്കാം. ആയുധ സന്നാഹങ്ങളോടെ ജിഹാദ് നടത്തി തോക്കിൻ കുഴലിലൂടെ വിപ്ലവം ജയിക്കാം. ഹുക്കൂമത്തെ ഇലാഹി എന്ന വിശുദ്ധ ലക്ഷ്യപ്രാപ്തിക്കായി വിശുദ്ധമല്ലാത്ത ഏതു മാർഗവും സ്വീകരിക്കാവുന്നതാണ്. ഇതാണ് മൗദൂദിയുടെ 'ഖുത്ബാത്ത്' എന്ന അടിസ്ഥാന ഗ്രന്ഥവും മറ്റു അനുബന്ധ ഗ്രന്ഥങ്ങളും മുസ്‌ലിംകളെ പഠിപ്പിക്കുന്നത്. നമസ്കാരം, നോമ്പ്, സകാത്ത്, ഹജ്ജ് തുടങ്ങിയ നിർബന്ധ കർമ്മങ്ങൾപോലും ഭരണം സ്ഥാപിക്കാനുള്ള പരിശീലനങ്ങളായിട്ടാണ് നിങ്ങളുടെ മേൽ നിർബന്ധമാക്കപ്പെട്ടിട്ടുള്ളതെന്ന യാഥാർത്ഥ്യം ഇതിനു മുമ്പ് നിങ്ങളെ ആരും പഠിപ്പിച്ചിട്ടില്ല എന്നിപ്രകാരം മൗദൂദി ഖുത്ബാത്തിലൂടെ വിളംബരം ചെയ്തു. ഒരലങ്കാര ഭാഷയിൽ പറയട്ടെ, ഖുത്ബാത്തിൽ പറഞ്ഞിട്ടുള്ള സത്യത്തിന്റെ വാചകം, "ഈ യാഥാർത്ഥ്യം ഇതിനു മുമ്പ്

നിങ്ങളെ ആരും പഠിപ്പിച്ചിട്ടില്ല" എന്നതാണ്. സത്യമാണ്. നൂറുശതമാനം സത്യമാണത്. അല്ലാഹു അങ്ങനെ പഠിപ്പിച്ചിട്ടില്ല. പ്രവാചകന്മാർ പഠിപ്പിച്ചിട്ടില്ല. സ്വഹാബികൾ അങ്ങനെ വ്യാഖ്യാനിച്ചിട്ടില്ല. സലഫുസ്സ്വാലിഹീങ്ങളോ, പൂർവ്വികരോ ആധുനികരോ ആയ മുഫസ്സിറുകളോ ചിന്തകന്മാരോ ഇത് പറഞ്ഞിട്ടില്ല. ചുരുക്കത്തിൽ മൗദൂദിക്ക് മുമ്പ് ലോകത്ത് ഒരു മനുഷ്യനും പരിപാവനവും ശ്രേഷ്ഠവുമായ ഈ ആരാധനാ കർമങ്ങളെക്കുറിച്ച് ഇപ്രകാരം പഠിപ്പിച്ചിട്ടില്ല. അദ്ദേഹം മാത്രമാണ് ഇങ്ങനെ പഠിപ്പിക്കുന്നത്. അത് സത്യം തന്നെ. മൗദൂദിയുടെ മതത്തിലെ സത്യം!!

ഇന്ത്യാ മഹാരാജ്യം സ്വാതന്ത്ര്യം നേടുന്നതിനു മുമ്പ് രചിക്കപ്പെട്ട മൗദൂദിയുടെ ഖുത്ബാത്ത്, സ്വതന്ത്ര്യ സമ്പാദനത്തിനു ശേഷം വളക്കൂറുള്ള മണ്ണുതേടി മൗദൂദി പാക്കിസ്ഥാനിലേക്ക് വണ്ടി കയറിയതിന് ശേഷവും ഇന്ത്യയിലെ വിവിധ ഭാഷകളിൽ അനേകം പതിപ്പുകളിലൂടെ പ്രചരിപ്പിക്കപ്പെട്ടു. കേരള ജമാഅത്തെ ഇസ്‌ലാമി അതിന്റെ മുന്നണിയിൽ നിന്നു. സ്ഥാപക അമീറായ മുഹമ്മദലി ഹാജി തന്നെയായിരുന്നു ഖുത്ബാത്തിന്റെ പരിഭാഷകൻ. ഖുത്ബാത്ത് മലയാളത്തിൽ നാലാം പതിപ്പ് അച്ചടിയിൽ ഇരിക്കുമ്പോൾ 1971 ഏപ്രിൽ ലക്കം പ്രബോധം മാസികയുടെ കവർ പേജിൽ അതേക്കുറിച്ച് ഇപ്രകാരം ഒരു പരസ്യമുണ്ടായിരുന്നു. "ഇസ്‌ലാമിന്റെ വിശ്വാസാദർശങ്ങളെയും കർമ്മപദ്ധതിയേയും നമസ്കാരം, നോമ്പ്, സകാത്ത്, ഹജ്ജ് എന്നീ ആരാധനാ കർമ്മങ്ങളുടെ യാഥാർത്ഥ്യങ്ങളെയും ഇസ്‌ലാമിലെ ജിഹാദിനേയും യുക്തിപൂർവ്വം വിശദീകരിക്കുന്ന ഒരുത്തമ ഗ്രന്ഥം". വിശദീകരണത്തിലെ യുക്തി എന്തെന്ന് നാം മനസ്സിലാക്കിയല്ലോ. സ്വതന്ത്ര്യത്തിനു മുമ്പ് ബ്രിട്ടീഷ് ആധിപത്യകാലത്ത് പ്രത്യേക സാഹചര്യത്തിൽ രചിക്കപ്പെട്ടതാണെന്ന് ഒഴികഴിവ് പറഞ്ഞു വിമർശനങ്ങളിൽ നിന്നും രക്ഷപ്പെടാൻ ജമാഅത്ത് നേതാക്കൾ പലപ്പോഴും ശ്രമിച്ചിട്ടുണ്ട്. അത് തികച്ചും വ്യാജമാണ്. 1971 ഏപ്രിൽ ലക്കം പ്രബോധനം മാസികയുടെ മുഖപ്രസംഗം ഇത് തെളിയിക്കുന്നു. അതിൽ നിന്നും ഒരു ഭാഗം ഇവിടെ ഉദ്ധരിക്കുന്നത് ഉചിതമായിരിക്കും.

"മതം മനുഷ്യന്റെ സ്വകാര്യ ജീവിതത്തിൽ മാത്രം പരിമിതമാക്കേണ്ടതാണെന്നും രാഷ്ട്രീയത്തിൽ അതിന് പ്രവേശനം നൽകരുതെന്നുമുള്ള വാദഗതിക്ക് ഇന്ന് കൂടുതൽ പ്രചാരം സിദ്ധിച്ചിട്ടുണ്ട്. റോമാ സാമ്രാജ്യത്തിന്റെ തകർച്ചക്കു ശേഷം യൂറോപ്പിൽ പ്രചാരം സിദ്ധിച്ച ഈ ചിന്താഗതി മുസ്‌ലിംകളിലേക്ക് വ്യാപിപ്പിച്ചത് ഇസ്‌ലാമിന്റെ ബദ്ധശത്രുക്കളായ ചില ഓറിയന്റലിസ്റ്റുകളും ക്രിസ്തീയ പാതിരികളുമായിരുന്നുവെന്ന് ചരിത്രം തെളിയിക്കുന്നു. ഖേദകരമെന്ന് പറയട്ടെ, ഇന്ന് ഈ ചിന്താഗതി

യുടെ കുഴലൂത്തുകാരായി രംഗത്ത് വന്നിരിക്കുന്നത് മുസ്ലിംകൾ തന്നെയാണ്. ഇസ്ലാമിനെ അതിന്റെ തനതായ രൂപത്തിൽ പ്രചരിപ്പിക്കുന്നതിന് വേണ്ടി അരയും തലയും മുറുക്കി രംഗത്ത് വന്ന ധീരരായ മുജാഹിദുകളും ഇസ്ലാമിന്റെ അന്തസ്സും അഭിമാനവും നിലനിർത്തുന്നതിനുവേണ്ടി പ്രവർത്തിക്കുന്നുവെന്ന് വാദിക്കുന്ന മുസ്ലിം രാഷ്ട്രീയ സംഘടനകളും സുന്നത്തിന്റേയും ജമാഅത്തിന്റെയും പാദുകപ്പാടുകൾ മാത്രം അനുധാവനം ചെയ്യുന്നുവെന്ന് ഘോഷിക്കുന്ന പണ്ഡിതകോവിദന്മാരുമെല്ലാം ഒന്നായി നിന്നുകൊണ്ടാണ് ഇപ്പോൾ ഇസ്ലാമിൽ രാഷട്രീയമില്ല, മതത്തെ രാഷ്ട്രീയവുമായി കൂട്ടിക്കുഴക്കരുത് എന്നൊക്കെ പുരപ്പുറത്ത് കയറി വിളിച്ചുകൂവുന്നത്. മനുഷ്യന്റെ സാക്ഷാൽ ജീവിത രംഗമാകുന്ന രാഷ്ട്രീയ- സാമൂഹിക- മണ്ഡലങ്ങളെ തികച്ചും വിഛിന്നമാക്കി നിർത്തി, സ്വകാര്യ ജീവിതത്തിൽ അനുഷ്ഠിക്കേണ്ട ചില ആചാരങ്ങളും ആരാധനകളും മാത്രം പഠിപ്പിക്കുന്ന അതി ശുഷ്കമായ ഒരിസ്ലാമിനെ ഇവർക്ക് എവിടെ നിന്ന് കിട്ടി എന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. ഖുർആൻ അങ്ങനെ പഠിപ്പിച്ചിട്ടില്ല. തിരുമേനിയുടെ അനുകരണീയമായ ജീവിതത്തിൽ നിന്ന് അതിന്ന് മാതൃകയും ലഭ്യമല്ല.”

ഇസ്ലാമിൽ രാഷ്ട്രീയമില്ല എന്ന് തങ്ങളല്ലാത്തവരൊക്കെ പറയുന്നു എന്നാണ് ജമാഅത്തെ ഇസ്ലാമിക്കാരുടെ വാദം. അങ്ങനെ വാദിക്കുന്ന യാഥാസ്ഥിതികരെപ്പോലും ഇന്ന് കാണാൻ സാധ്യമല്ല. ഇസ്ലാമിൽ വ്യക്തി, കുടുംബം, സമൂഹം, രാഷ്ട്രം ഇവയെയൊക്കെ ബാധിക്കുന്ന നിയമനിർദ്ദേശങ്ങളുണ്ട്. കക്ഷിഭേദമെന്യെ എല്ലാവരും അംഗീകരിക്കുന്ന കാര്യമാണിത്. മുസ്ലിം സമൂഹത്തിന് ഭരണം ലഭ്യമായാൽ എങ്ങനെയാണ് ഭരിക്കേണ്ടതെന്നതിനു ഇസ്ലാമിൽ വ്യക്തമായ മാർഗനിർദ്ദേശങ്ങളുണ്ട്. ഒരുപാടു വിഷയങ്ങൾ കൂടിയാലോചനക്കു വിട്ടു കൊടുത്തിട്ടുമുണ്ട്. ഭരണത്തലവനെ എങ്ങനെ തെരഞ്ഞെടുക്കണമെന്നതിന് നിയതമായ ഒരു രൂപം ഇസ്ലാം നിർദ്ദേശിക്കുന്നില്ല. ഒന്നാം ഖലീഫ അബൂബക്കറും ﷺ രണ്ടാം ഖലീഫ ഉമറുംﷺ മൂന്നാം ഖലീഫ ഉസ്മാൻﷺയും തിരഞ്ഞെടുക്കപ്പെട്ടത് വ്യത്യസ്ത രൂപങ്ങളിലായിരുന്നു. ഭരണ നിയമങ്ങൾ ഭരണം കയ്യാളുന്നവർ നടപ്പാക്കണം. ഭരണമില്ലാത്തവരോ? അവരും ഭരണ രാഷ്ട്രീയ നിയമങ്ങൾ നടപ്പാക്കണമെന്ന തീവ്രവാദമാണ് ജമാഅത്തെ ഇസ്ലാമിക്കുള്ളത്. നാം വിയോജിക്കുന്നതിവിടെയാണ്. സകാത്ത് നൽകാൻ മാത്രം സമ്പത്തില്ലാത്തവൻ സകാത്ത് എന്ന ഇസ്ലാം കാര്യങ്ങളിൽ മൂന്നാമത്തെ വിഷയം എങ്ങനെ നടപ്പാക്കും?! നടപ്പാക്കേണ്ടതില്ല; അയാൾക്കു അതിനനുസരിച്ചുള്ള ഈ സമ്പത്ത് കൈവശമാകുംവരെ,

എന്നാണ് നാളിതുവരെ മുസ്‌ലിംകൾ മനസ്സിലാക്കിയത്. എന്നാൽ, അതു പറ്റില്ല. ഇസ്‌ലാം കാര്യങ്ങളിലെ ഒരു കാര്യം നടപ്പാക്കാതെ മുസ്‌ലിമാകുന്നതെങ്ങനെ? അതുകൊണ്ടവർ സകാത്ത് നൽകാൻ മാത്രം ധനമില്ലെങ്കിൽ ആദ്യ ധനം അതിനനുസരിച്ച് സമ്പാദിച്ചുണ്ടാക്കണം, എന്നിട്ട് സകാത്ത് കൊടുക്കണം. ഇതുപോലെയാണ് ജമാഅത്തുകാരുടെ വാദം. രാഷ്ട്രീയ നിയമങ്ങൾ നടപ്പിലാക്കാൻ ഭരണമില്ലെങ്കിൽ ഭരണം നേടിയെടുക്കണം. ഈ തലതിരിഞ്ഞ വാദം അവരുടെ സ്വന്തം വകയാണ്. ഖുർആനിലോ ഹദീസിലോ അതിന് തെളിവില്ല. അബ്സീനിയയിലേക്ക് രണ്ടു തവണയായി നൂറോളം സഹാബികൾ ഹിജ്റ പോയി. മദീനാ ഹിജ്റക്കു ശേഷവും പലരുമവിടെ താമസിച്ചതായി ചരിത്രം വ്യക്തമാക്കുന്നു. അനിസ്‌ലാമിക ഭരണകൂടമായിരുന്നു അബ്സീനിയയിൽ നിലനിന്നിരുന്നത്. ആ ഭരണം മാറ്റാനൊന്നും സഹാബികൾ തുനിഞ്ഞില്ലെന്ന് മാത്രമല്ല, അവരുടെ അതിഥികളായി സമാധാനത്തോടെ അവിടെ ജീവിക്കുകയാണവർ ചെയ്തത്. അവർ പൂർണ്ണമായും വിശ്വാസികളായിത്തന്നെ അവിടെ ജീവിച്ചു എന്ന് മുസ്‌ലിംകൾ വിശ്വസിക്കുന്നു.

ലക്ഷ്യവും മാർഗവും പരിശുദ്ധമായിരിക്കണം. ഇതാണ് ഇസ്‌ലാം നൽകുന്ന സന്ദേശം. ഒരു മുസ്‌ലിമിന്റെ ആത്യന്തിക ലക്ഷ്യം അല്ലാഹുവിന്റെ തൃപ്തിയും പരലോക മോക്ഷവുമാണ്. ലക്ഷ്യപ്രാപ്തിക്കായുള്ള മാർഗമാണ് പ്രവാചകചര്യ. ഇതിനു വിരുദ്ധമായ മാർഗങ്ങൾ തെരഞ്ഞെടുക്കുന്നവനും കെട്ടിച്ചമക്കുന്നവനും അതിർത്തിക്ക് പുറത്താകുന്നു. വ്യക്തിയും കുടുംബവും സമൂഹവും രാഷ്ട്രവുമെല്ലാം ഈ നിബന്ധനകൾക്ക് വിധേയമാണ്. ഇത് മറികടക്കുകയാണ് മൗദൂദി ചെയ്തത്. ലക്ഷ്യവും മാർഗവും സ്വയം തെരഞ്ഞെടുത്തു. അതിനാൽ മൗദൂദിസം അപ്പാടെ വർജ്ജ്യമാകുന്നു. അനേകം തെളിവുകളുടെ പിൻബലത്തിൽ എനിക്കിത് അങ്ങേയറ്റം ബോധ്യപ്പെട്ടു. ബോധ്യപ്പെട്ട സത്യം പരമാവധി ജനങ്ങളിൽ എത്തിക്കണം. ഗ്രന്ഥം രചിക്കുന്നതിനേക്കാൾ ഫലപ്രദമായി എനിക്ക് തോന്നിയത് ഒരു പത്രം തുടങ്ങുന്നതാണ്. ഗ്രന്ഥപാരായണത്തിന് സാധാരണക്കാരെ സംബന്ധിച്ചേടത്തോളം പല പരിമിതികളുമുണ്ട്. ഒരു നോട്ടീസ് വായിക്കുന്നവൻ ഒരു ലേഖനം വായിച്ചുകൊള്ളണമെന്നില്ല. ലേഖനം വായിക്കുന്നവൻ ഒരു ഗ്രന്ഥം വായിക്കണമെന്നില്ല. ഖുത്ബകളും മറ്റു പ്രസംഗങ്ങളും മുഖാമുഖ പരിപാടിയായതിനാൽ ആശയങ്ങൾ മനസ്സിലേക്ക് തുളച്ചുകയറും. ലോകഗതിയെ തന്നെ മാറ്റിമറിച്ചതും നൂറ്റാണ്ടുകൾക്ക് ശേഷവും ലോകം ശ്രദ്ധിക്കുന്നതുമായ പ്രസംഗങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രവാചക ശ്രേഷ്ഠനായ ഇബ്റാഹീം നബിعليه السلامയുടെ പ്രസംഗം.

സ്വന്തം പിതാവിനോടും നംറൂദ് രാജാവിനോടും സംവദിച്ച ആ വാക്കുകൾ സഹസ്രാബ്ദങ്ങൾക്ക് ശേഷവും നാം ആവേശത്തോടെ പാരായണം ചെയ്യുന്നു. റസൂൽﷺയുടെ ആദ്യ പ്രസംഗവും അന്ത്യപ്രസംഗവും അങ്ങനെ തന്നെ. പ്രവാചകത്വം ലഭിച്ചശേഷം കുടുംബാദികളോട് ചെയ്ത ആദർശ പ്രഭാഷണമാണ് ഒന്നാമത്തെ പ്രസംഗം. ഒന്നാമത്തേതും അവസാനത്തേതുമായ ഹജ്ജ് കർമ്മം നിർവ്വഹിച്ച ശേഷം വിശാലമായ അറഫ മൈതാനിയിലെ കുന്നിൽ പുറത്ത് നിന്നുകൊണ്ട് ലക്ഷത്തിൽപരം അനുയായികളോട് പ്രവാചകൻ നടത്തിയ ചരിത്രപ്രസിദ്ധമായ പ്രഭാഷണമാണ് ഒടുവിലത്തെ പ്രസംഗം. രണ്ടും ചരിത്രത്തിലെ അനർഘരേഖകളാണ്. വേറെയുമുണ്ട് പ്രസംഗ ചരിത്രങ്ങൾ. ലോകം ഉറങ്ങുമ്പോൾ ഇന്ത്യ ഉണർന്നിരിക്കുന്നു എന്നു തുടങ്ങുന്ന ജവഹർലാൽ നെഹ്റുവിന്റെ സ്വാതന്ത്ര്യദിന സന്ദേശം. “എനിക്ക് സ്വാതന്ത്ര്യം തരൂ അതില്ലെങ്കിൽ സ്വാതന്ത്ര്യമുള്ള ഈ ഭൂമിയിൽ ഖബർസ്ഥാൻ തരൂ” എന്ന് ഗർജ്ജിച്ചുകൊണ്ട് ലണ്ടനിലെ വട്ടമേശ സമ്മേളനത്തിൽ വെച്ച് മൗലാനാ മുഹമ്മദലി ജൗഹർ നടത്തിയ പ്രസംഗം. ലോകചരിത്രത്തിൽ സൂര്യൻ അസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ ചക്രവർത്തിയുടെ മുഖത്ത് വിരൽ ചൂണ്ടി “മിസ്റ്റർ ജോർജ്ജ്” എന്ന് അലറിയ മൗലാനയുടെ സംബോധനയിൽ ഞെട്ടിവിറച്ച ബ്രിട്ടീഷ് അതികായകന്മാർക്കും അവരുടെ സന്താന പരമ്പരകൾക്കും ആ പ്രസംഗം ഒരിക്കലും മറക്കാൻ കഴിയില്ല, ഇന്ത്യൻ ഫാസിസ്റ്റുകൾ അത് കുഴിച്ചുമൂടിയാലും ശരി. റോമാ സാമ്രാജ്യത്തിന്റെ ചക്രവർത്തിയായ ജൂലിയസ് സീസറെ കൂട്ടാളികൾ ചേർന്ന് ക്രൂരമായി വധിച്ച ശേഷം ആ ശവം ചുമന്നുകൊണ്ട് ജനമധ്യത്തിലേക്ക് സധീരം കടന്നുവന്ന മാർക്ക് ആന്റണിയുടെ പ്രസംഗവും പ്രസിദ്ധമാണ്. “ക്വിറ്റ് ഇന്ത്യാ” എന്ന് വിളംബരം ചെയ്ത മഹാത്മാഗാന്ധിയുടെ പ്രസംഗം. മുസ്‌ലിംലീഗിനെ ചത്ത കുതിര എന്ന് നെഹ്റു ആക്ഷേപിച്ചപ്പോൾ “പണ്ഡിറ്റ്ജീ, ഇത് ഉറങ്ങിക്കിടക്കുന്ന സിംഹമാണ്” എന്ന് ഗർജ്ജിച്ച എന്റെ ബഹുമാന്യ സുഹൃത്ത് സി.എച്ച്. മുഹമ്മദ്കോയയുടെ പ്രസംഗം. ഇതുപോലെ മനുഷ്യലക്ഷങ്ങളെ ത്രസിപ്പിച്ച അപൂർവ്വ പ്രസംഗങ്ങൾ പലതുമുണ്ട്. അനേകായിരം മനുഷ്യമനസ്സുകളെ ആവേശം കൊള്ളിക്കുകയും മനസ്സുകളിൽ നിന്നും മനസ്സുകളിലേക്ക് കുടിയേറ്റം നടത്തി ജീവിക്കുകയും ചെയ്യുന്ന പ്രസംഗങ്ങൾ!

പക്ഷെ, ഞാൻ എന്ന നിസ്സാര ജീവി ഈ രംഗത്തും ശോഭിച്ചവനല്ല. വർത്തമാനം പറയുന്നതുപോലെ പ്രസംഗിച്ചുകൊണ്ട് മൈക്കിന്റെ മുമ്പിൽ നിൽക്കുന്ന എന്റെ കഴിവുകൾ വളരെ പരിമിതമായിരുന്നു. അതും അവി

ടെ കൂടിയിരിക്കുന്നവരെ മാത്രമെ എനിക്ക് കേൾപ്പിക്കാൻ കഴിയൂ. എന്നാൽ ഒരു പത്രമുണ്ടെങ്കിൽ മലപ്പുറത്തിരുന്നുകൊണ്ട് ഡൽഹിയിലുള്ളവരും ഗൾഫിലുള്ളവരുമായ മലയാളികളോട് എനിക്ക് സംസാരിക്കാൻ കഴിയും. അവരുമായി സംവദിക്കാൻ കഴിയും. അറബിയിൽ ഒരു ലേഖനം തയ്യാറാക്കി അച്ചടിച്ചാൽ മുസ്‌ലിം ലോകത്തുള്ള പണ്ഡിതന്മാരുമായി എനിക്ക് ആശയവിനിമയം നടത്താം. ഒരു കൊച്ചു പത്രം വേണം. അത് എന്റെ അടങ്ങാത്ത ആവേശമായി. മൗദൂദിസത്തിന്റെ അനിസ്‌ലാമികതയും ആദർശവ്യതിയാനവും ജനമധ്യത്തിലേക്ക് എത്തിക്കേണ്ടത് എന്റെ ഒഴിച്ചുകൂടാത്ത കർത്തവ്യമായിരുന്നു. ഞാൻ ഒട്ടേറെ ഭൗതിക സൗകര്യങ്ങൾ വിട്ടേച്ച് അറേബ്യയിൽ നിന്നും സ്വദേശത്തെത്തിയത് അതിനുവേണ്ടിയായിരുന്നു.

ഒരു പതിറ്റാണ്ടിന്റെ ശ്രമകരമായ കാത്തിരിപ്പിനു ശേഷം 1971 ഫെബ്രുവരിയിൽ എന്റെ മോഹം പൂവണിഞ്ഞു! സൽസബീൽ ത്രൈമാസികയായി തുടങ്ങി. ഒരു വർഷം തീരുന്നതിനു മുമ്പ് 72 ജനുവരിയിൽ മാസികയായി അത് വളർന്നു. ഒന്നാം ലക്കം മുതൽ സൽസബീലിന്റെ മുദ്രാവാക്യം 'സ്വതന്ത്രമായി ചിന്തിക്കുക, ആളെ നോക്കാതെ തെളിവ് നോക്കുക' എന്നായിരുന്നു. കുടിക്കാൻ രുചിയും സുഖവുമുള്ള ശുദ്ധപാനീയം എന്നാണീ പദത്തിന്റെ സാരം. വിശ്വാസികളായ സ്ത്രീപുരുഷന്മാർക്ക് സ്വർഗത്തിൽ വെച്ച് നൽകപ്പെടുന്ന പാനീയമാണ് സൽസബീൽ. ഈ പേരും അനേക വർഷങ്ങൾ അരുമയോടെ എന്റെ മനസ്സിൽ സൂക്ഷിച്ചു വെച്ചതാണ്. എന്റെ ശ്രമഫലമായി ഫോർട്ടുകൊച്ചിയിൽ ഒരു മസ്ജിദിന് സ്ഥലം വാങ്ങിയപ്പോൾ ആ പള്ളിക്ക് സൽസബീൽ മസ്ജിദ് എന്ന് ഞാൻ നാമകരണം ചെയ്തു. ഞാൻ ഒരു ട്രസ്റ്റ് രൂപീകരിച്ചപ്പോൾ സൽസബീൽ ട്രസ്റ്റ് എന്ന പേരിട്ടു. ആ പേർ എന്റെ ആത്മാവിന്റെ ഭാഗമായി. എന്റെ തിരൂർക്കാടുള്ള വീടിനെയും സൽസബീൽ ഹൗസ് എന്ന് വിളിച്ചു.

ജമാഅത്തെ ഇസ്‌ലാമിയുടെ ആദർശ വ്യതിയാനം ബോധ്യപ്പെട്ട കാലം മുതൽ മാന്യമായ നിലയിൽ അവരുമായി സംവദിക്കുവാൻ ഞാൻ വളരെ ശ്രമിച്ചിട്ടുണ്ട്. എന്നാൽ വേദനിക്കുന്ന ദുരനുഭവങ്ങളാണ് എനിക്കുണ്ടായത്. സമ്പൂർണ്ണ ഇസ്‌ലാമിനെ പരിപൂർണ്ണമായി കണ്ടറിഞ്ഞു ഉൾക്കൊള്ളുന്നവർ തങ്ങൾ മാത്രമാണെന്ന അന്ധവിശ്വാസം തുടക്കം മുതൽ തന്നെ അവരുടെ മസ്തിഷ്കങ്ങളെ ബാധിച്ചിരുന്നു. അന്ധവിശ്വാസം പിന്നീട് അഹങ്കാരമായി പരിണമിച്ചു. അപ്പോൾ തങ്ങളുടെ തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നവർക്കു നേരെ കടുത്ത ആക്ഷേപങ്ങളും പരിഹാസങ്ങളും അവർ ചൊരിഞ്ഞു. ഇതിന്റെ ഒന്നാംതരം ഒരു ഉദാഹരണം വായനക്കാർ

ക്ക് നൽകുന്നതിനാണ് പ്രബോധനം മാസികയുടെ മുഖപ്രസംഗത്തിന്റെ ഒരു ഭാഗം മുകളിൽ പകർത്തിയത്. വ്യക്തിപരമായി പറഞ്ഞാൽ അര നൂറ്റാണ്ടിന്റെ ദുരനുഭവങ്ങൾ എനിക്കുണ്ട്. അവയിൽ ചിലത് മാത്രം ഇവിടെ അനുസ്മരിക്കുന്നു.

ഞാൻ തിരൂർക്കാട് താമസമാക്കിയ ശേഷം ആരംഭിച്ചതാണ് മദ്റസത്തുൽ ഇലാഹിയ്യ. അതിന്റെ സജീവ പ്രവർത്തകനായിരുന്നു ഞാൻ. യാതൊരു കമ്മീഷനും സ്വീകരിക്കാതെ അതിന്റെ നടത്തിപ്പിന്നായി ഞാൻ ധാരാളം പണം ശേഖരിച്ചുകൊടുത്തിട്ടുണ്ട്. കമ്മീഷൻ വകയിൽ വല്ലതും സ്വീകരിച്ചേ പറ്റൂ എന്ന് ഭാരവാഹികൾ ഒരിക്കൽ എന്നെ നിർബന്ധിച്ചു. മദ്റസക്കുവേണ്ടി പിരിവു നടത്തുന്ന മറ്റു പ്രവർത്തകന്മാർക്ക് എന്റെ നിലപാട് ഒരു ബുദ്ധിമുട്ടാകുമെന്ന് കണ്ടറിഞ്ഞതുകൊണ്ടാണ് അവർ എന്നെ നിർബന്ധിച്ചത്. യാത്രാ സൗകര്യങ്ങൾ വളരെ ദുർലഭമായിരുന്ന അക്കാലത്ത് നടന്നലഞ്ഞ് വരമ്പും തോടും പാടസേഖരങ്ങളും താണ്ടിക്കടന്ന് വീടുകൾ കയറിയിറങ്ങി സംഭാവനകൾ സ്വരൂപിച്ച് അതിൽ നിന്നും ലഭിക്കുന്ന തുച്ഛമായ കമ്മീഷൻ വിഹിതം കൊണ്ട് വിശപ്പടക്കുന്ന പാവങ്ങൾ ഏറെയുള്ള കാലമാണത്. ഞാനും ദരിദ്രനായിരുന്നു. പക്ഷെ, ഞെങ്ങി ഞെരുങ്ങിയാണെങ്കിലും കഞ്ഞികുടിക്കാനുള്ള വക എനിക്ക് പള്ളിയിൽ നിന്നും മറ്റുമായി ലഭിക്കുന്നതുകൊണ്ട് മദ്റസക്കുവേണ്ടിയുള്ള പിരിവ് അല്ലാഹുവിന്റെ മാർഗത്തിലുള്ള ഒരു കർമ്മമായി ഞാൻ നിയ്യത്ത് ചെയ്തു. പക്ഷെ, എന്റെ നിലപാട് മേൽപറഞ്ഞ നിലയിൽ ഒരു വിഷമമുണ്ടാക്കുമെന്ന് മനസ്സിലായപ്പോൾ എന്റെ കമ്മീഷൻ എത്രയുണ്ടെന്ന് കണക്കു നോക്കാൻ ഞാൻ ആവശ്യപ്പെട്ടു. സാമാന്യം മോശമല്ലാത്ത ഒരു സംഖ്യ ഉണ്ടായിരുന്നു. അത് എന്റെ സംഭാവനയായി എഴുതി ഞാൻ രസീതു വാങ്ങുകയും കമ്മീഷൻ സ്വീകരിച്ചതായി കണക്കിൽ രേഖപ്പെടുത്തുകയുമാണ് ചെയ്തത്. അല്ലാഹുവിന്റെ പൊരുത്തം മാത്രമേ ഞാൻ ഇന്നും ഇതിൽ ആഗ്രഹിച്ചിട്ടുള്ളൂ. അല്ലാഹു സ്വീകരിക്കുമാറാകട്ടെ. എന്നാൽ ഈ വിഷയം ഇവിടെ കുറിച്ചിട്ടത് ഒരു ആത്മപ്രശംസയായി ആരും കാണരുത്. ഞാൻ അത് ഉദ്ദേശിച്ചിട്ടില്ല. മതപ്രബോധന വീഥിയിൽ എനിക്കുണ്ടായ വേദനകൾ അയവിറക്കുമ്പോൾ ഇതൊരാവശ്യമായി എന്നു മാത്രം.

തിരൂർക്കാട്ടെ മദ്റസാ ഇലാഹിയ്യയിലെ മുദർരിസും ഖതീബുമായിരുന്ന അലവിക്കുട്ടി മുസ്ലിയാർ ഖുറാഫാത്തിൽ നിന്നും നേരിട്ട് ജമാഅത്തെ ഇസ്ലാമിയിലേക്ക് മാറി വന്ന ദേഹമാണ്. അദ്ദേഹത്തെക്കുറിച്ച് നേരത്തെ ഞാൻ പരാമർശിച്ചിട്ടുണ്ട്. മുസ്ലിയാരുടെ ചുവട് മാറ്റം മദ്റസാ പഠനത്തേയും ബാധിക്കുമെന്ന് കണ്ടപ്പോൾ ഞാൻ ഒരു നീക്കം നട

ത്തി. ജമാഅത്തെ ഇസ്‌ലാമിയിൽ ഞാൻ കാര്യപ്പെട്ട ആദർശവ്യതിയാനം കണ്ടിട്ടുണ്ടെന്നും അതേക്കുറിച്ച് മദ്റസയിൽ വെച്ച് ഞാൻ ഒരു പ്രസംഗം ചെയ്യാമെന്നും മുസ്‌ലിയാർ അതിന് നൽകുന്ന മറുപടി നമുക്ക് കേൾക്കാമെന്നും, ആ നിലയിൽ ഒരു പരിശോധനയ്ക്കു ശേഷം മാത്രം മദ്റസ ജമാഅത്തെ ഇസ്‌ലാമിയുടേതാക്കിയാൽ മതിയെന്നും കാണിച്ചുകൊണ്ട് ഒരു കയ്യെഴുത്ത് നോട്ടീസ് തിരൂർക്കാട് പലേടത്തും ഒട്ടിച്ചു. നിശ്ചിത ദിവസത്തിന് മുമ്പ് രണ്ട് പ്രധാനികൾ എന്റെ വീട്ടിൽ വന്നു. ആ പ്രസംഗം വേണ്ട. കുഴപ്പമുണ്ടാകും എന്ന് പറഞ്ഞു. ഞാൻ കുറെ ന്യായം പറഞ്ഞുനോക്കി. അവർ വഴങ്ങുന്നില്ല. ഒടുവിൽ ഞാൻ ഇങ്ങനെ പറഞ്ഞു: “നിങ്ങളിരുവരും ഇതിന്റെ ഉത്തരവാദിത്തം വഹിച്ചുകൊള്ളണം. വഴികേടിലേക്കുള്ള നീക്കം കണ്ടപ്പോൾ സത്യം തെളിയിക്കാൻ ഞാൻ ഒരുങ്ങി. നിങ്ങളാണ് അത് മുടക്കിയത്. അത് കേട്ട് പരിശോധിക്കേണ്ട ബാധ്യതയുള്ള നിങ്ങളുടെ നില ഇതാണെങ്കിൽ പിന്നെ എനിക്കെന്ത് ചെയ്യാൻ കഴിയും. ഞാൻ പ്രസംഗിക്കുന്നില്ല.” താമസിയാതെ അവർ എന്നെ മദ്റസാ കമ്മിറ്റിയിൽ നിന്ന് നീക്കം ചെയ്തു. മദ്റസ ജമാഅത്തെ ഇസ്‌ലാമിയുടേതാക്കി. ആ സ്ഥാപനം വളർന്നു. ഇലാഹിയ്യ കോളേജും മറ്റു പല സ്ഥാപനങ്ങളുമായിക്കൊണ്ട് ജമാഅത്തിന്റെ ഉന്നത വിദ്യാഭ്യാസ കേന്ദ്രമായി നിലകൊള്ളുന്നു.

പതിറ്റാണ്ടുകൾക്ക് മുമ്പ് നടന്ന മറ്റൊരു സംഭവം. ജമാഅത്തെ ഇസ്‌ലാമിയുടെ പ്രസിദ്ധീകരണങ്ങളിൽ ഗുരുതരമായ പല തെറ്റുകളും ഞാൻ കണ്ടിട്ടുണ്ടെന്നും അതേക്കുറിച്ച് എഴുത്തുമൂലം ഒരു സംവാദം നടത്താൻ പാർട്ടിയുടെ വക്താക്കളാരെങ്കിലും തയ്യാറാകണമെന്നും ആദ്യത്തെ വിഷയം ‘ഇബാദത്ത്’ തന്നെയാകട്ടെ എന്നും കാണിച്ച് ഞാൻ ഒരു നോട്ടീസ് അച്ചടിപ്പിച്ചു. അത് ജമാഅത്ത് കേന്ദ്രങ്ങളിലേക്കും മറ്റു ചില പ്രധാനികൾക്കും അയച്ചുകൊടുത്തു. എനിക്ക് പറയാനുള്ളത് തപാലിൽ അയക്കാം, മറുപടി തപാലിൽ തന്നെ അയക്കുക, തയ്യാറുള്ളവർ വിവരം അറിയിക്കുക എന്നും നോട്ടീസിൽ കാണിച്ചിരുന്നു. ചെമ്മനാട് മദ്റസാ ആലിയായിൽ നിന്നും ജമാഅത്ത് നേതാവായിരുന്ന താഈ മൗലവി മാത്രം മറുപടി അയച്ചു. അതിപ്രകാരമായിരുന്നു. “മഴയില്ലാത്തതുകൊണ്ട് താങ്കളുടെ തലക്ക് ചൂട് പിടിച്ചിരിക്കുകയാണ്. മഴ പെയ്ത് തല അൽപം തണുക്കട്ടെ.” അഹങ്കാരത്തിൽ നിന്നുതിർന്ന് വീണ പരിഹാസ വചനങ്ങൾ!

പ്രബോധനം ആഫീസിലേക്ക് ഞാൻ ഒരു കത്തയച്ചു. നിങ്ങളുടെ പ്രസിദ്ധീകരണങ്ങളിൽ ഖുർആനിനും ഹദീസിനും എതിരായി പലതുമുണ്ട്. അവ ചൂണ്ടിക്കാണിച്ചുള്ള വിമർശന ലേഖനം അയച്ചാൽ പ്രസിദ്ധീകരിക്കുമോ? നിങ്ങൾക്കുള്ള മറുപടിയും അതോടൊപ്പം പ്രസിദ്ധപ്പെടുത്താ

മല്ലോ. ആക്ഷേപങ്ങൾക്ക് ന്യായമായ മറുപടി നൽകുന്നതുമൂലം ഏതൊരു പാർട്ടിക്കും കൂടുതൽ വളർച്ച ലഭിക്കുമല്ലോ" എന്നെല്ലാം കത്തിൽ പറഞ്ഞിരുന്നു. അവർ മറുപടി തന്നു. 'സാധിക്കുകയില്ല.' എന്ന്.

പട്ടിക്കാട് ശാന്തപുരം ഇസ്‌ലാമിയ്യ കോളേജിന്റെ ഒരു വാർഷിക യോഗത്തിൽ സംബന്ധിക്കുവാനുള്ള ക്ഷണക്കത്ത് എനിക്ക് കിട്ടി. യോഗത്തിൽ സംബന്ധിക്കാൻ എനിക്ക് സന്തോഷമാണെന്നും ജമാഅത്തെ ഇസ്‌ലാമിയുമായി സഹകരിച്ചു പ്രവർത്തിക്കുവാൻ ഞാൻ ഒരുക്കമാണെന്നും, പക്ഷെ, നിങ്ങളിൽ സംഭവിച്ച ഗുരുതരമായ തെറ്റുകൾ തെര്യപ്പെടുത്തേണ്ടതുള്ളതിനാൽ അതിന്നായി ഒരു പ്രസംഗം ചെയ്യാനുള്ള അനുവാദം നൽകുമെങ്കിൽ വിവരം അറിയിക്കണമെന്നും കാണിച്ച് അമീറിന് ഞാൻ കത്തയച്ചു. മറുപടി തന്നില്ല.

ഇങ്ങനെ ഞാൻ അവഗണിക്കപ്പെട്ട ഒട്ടനവധി അനുഭവങ്ങളുണ്ട്. അവഗണിക്കപ്പെടുക മാത്രമല്ല, പരിഹസിക്കപ്പെട്ടു. ആക്ഷേപിക്കപ്പെട്ടു. എന്റെ വ്യക്തിബന്ധങ്ങൾ, കുടംബബന്ധങ്ങൾ, സാമൂഹിക ബന്ധങ്ങൾ എന്നിവ തളർത്താനും തകർക്കാനും അവർ നിരന്തരം ശ്രമിച്ചു. എന്റെ ആദർശബന്ധുക്കൾക്കിടയിൽ പോലും ശല്യക്കാരൻ എന്ന് എന്നെ ചൂണ്ടിപ്പറയുകയും എന്റെ നേരെ നെറ്റി ചുളിക്കുകയും ചെയ്യുന്ന അവസ്ഥയുണ്ടായി. പലതിലും അവർ വിജയിച്ചുവെന്ന് സാരം. അവരുടെ മിഷനറികളെല്ലാം എനിക്കെതിരിൽ ഉപയോഗപ്പെടുത്തിക്കൊണ്ടിരുന്നു. സ്വദേശത്തും വിദേശത്തും ഇത് അനുസ്യൂതമായി തുടർന്നു. നിങ്ങൾ ഒറ്റപ്പെടും എന്ന് എന്നെ ചില സ്നേഹിതന്മാർ ഭീഷണിപ്പെടുത്തി. എന്റെ ഖബറിലും ഞാൻ ഒറ്റയായിരിക്കുമല്ലോ എന്നു മാത്രം മറുപടി പറഞ്ഞു. യഥാർത്ഥത്തിൽ ഞാൻ പലേടത്തും ഒറ്റപ്പെടുകയായിരുന്നു. എന്റെ ആദർശ സ്നേഹവലയത്തിൽ പോലും ഉമർ മൗലവിക്ക് പെരും ചൂടാണ് എന്ന് പറഞ്ഞ പണ്ഡിത സുഹൃത്തുക്കളെ എനിക്കറിയാം. പക്ഷെ, ഞാൻ തളർന്നില്ല. അല്ലാഹു അസത്യത്തിനെതിരിൽ പോരാടാൻ എന്റെ മനസ്സിന് ശക്തി നൽകി. വേദനകളുടെ ശൃംഖലയിൽ മനസ്സ് പിടയുമ്പോഴും ഞാൻ അല്ലാഹുവിന്റെ സഹായത്താൽ കൂടുതൽ സജീവമാകുകയായിരുന്നു.

മനസ്സിന് മുറിവേറ്റ് പിടഞ്ഞ ഒരനുഭവം ഓർമ്മയിലെത്തിയത് ഇടയിൽ കുറിക്കട്ടെ. സുഊദിയിലെ പഠനം പൂർത്തിയാക്കി നാട്ടിലെത്തിയ കാലം. ഒരു ജോലിയുമില്ല. ശല്യക്കാരനായ എന്നെ ഉൾക്കൊള്ളാൻ പല സ്ഥാപനങ്ങൾക്കും മടിയാണ്. അപ്പോൾ ഞാൻ ഒരു ലഘുലേഖ തയ്യാറാക്കി. മൗദൂദിസത്തിന്റെ ഇസ്‌ലാമിൽ നിന്നുള്ള വ്യതിയാനങ്ങൾ തെളിയിക്കുന്ന ഒരു രചന. 'പുതിയ മതം' (ദീനുൻ ജദീദ്) എന്നാണ് ആദ്യം പേര്

നിശ്ചയിച്ചത്. ചില സുഹൃത്തുക്കൾ ശക്തിയായി ശാസിച്ചപ്പോൾ അത് മാറ്റി. 'പുതിയ മദ്ഹബ്' (മദ്ഹബുൻ ജദീദ്) എന്നാക്കി. പ്രസിദ്ധീകരിക്കുന്നതിനു മുമ്പ് ആ വിവരം പരന്നു. ചെവിയിൽ നിന്നും ചെവിയിലേക്ക്. അച്ചടിക്കാൻ ചെലവുണ്ട്. ആരുതരും? ആരോട് ചോദിക്കും? അങ്ങനെയിരിക്കെ കോഴിക്കോട് നിന്ന് എനിക്ക് ഒരു കത്ത് കിട്ടി. വ്യാപാര പ്രമുഖരും പൗരപ്രമുഖരുമായി കേളികേട്ട രണ്ടുപേർ ചേർന്ന് അയച്ച കത്ത്. അവരുടെ പേര് പറയുന്നില്ല. രണ്ടുപേരും ജീവിച്ചിരിപ്പില്ല. "നിങ്ങൾ അടുത്ത് കോഴിക്കോട് വരുന്നുണ്ടെങ്കിൽ വിവരം അറിയിക്കണം. ഒന്ന് അത്യാവശ്യമായി കാണേണ്ടതുണ്ട്" ഇത് മാത്രമാണ് കത്തിൽ ഉണ്ടായിരുന്നത്. കോഴിക്കോട് പോകേണ്ട പ്രത്യേക ആവശ്യങ്ങളൊന്നും എനിക്കില്ലായിരുന്നു. വീട്ടിൽ വെറുതെ ഇരിക്കുകയുമാണ്. ഇവർ രണ്ടുപേരും എനിക്ക് പ്രിയപ്പെട്ടവരും എന്നെ പ്രിയപ്പെടുന്നവരുമാണ്. എന്നെ വളരെ സഹായിച്ചിട്ടുള്ളവരുമാണ്. ആ നന്ദിയും കടപ്പാടും ഓർത്തപ്പോൾ ഞാൻ മറുപടി അയച്ചില്ല, അന്ന് തന്നെ പുറപ്പെടുകയാണ് ചെയ്തത്. രാത്രി പള്ളിയിൽ തങ്ങി. സുബ്ഹി കഴിഞ്ഞു അതിൽ ഒരാളുടെ വീട്ടിലേക്ക് ചെന്നു. വിശാലമായ പറമ്പിൽ വലിയ ബംഗ്ലാവാണ്. അദ്ദേഹം എന്നെ സ്വീകരിച്ചു. വേണ്ടവിധം ഉപചരിച്ചു. അദ്ദേഹം ഫോൺ ചെയ്ത പ്രകാരം മറ്റേയാൾ ഉടനെ കാറിൽ വന്നെത്തി. ഞങ്ങൾ കുശലം പറഞ്ഞു. എനിക്ക് ആകാംക്ഷയായിരുന്നു. ഞാൻ വിവരം തിരക്കി. അപ്പോൾ ഒരു ചോദ്യമാണ് ആദ്യം വന്നത്. "നിങ്ങൾ ജമാഅത്തെ ഇസ്‌ലാമിക്കെതിരിൽ എന്തോ എഴുതി അച്ചടിച്ച് പുറത്തിറക്കാൻ പോകുന്നുവെന്ന് കേട്ടു. അത് ശരിയാണോ?" ശരിയാണ്, ഞാൻ പറഞ്ഞു. ഉടനെ ഇരുവരും ചേർന്ന് ഒരു അഭ്യർത്ഥനയായിരുന്നു. "ദയവായി അത് പ്രസിദ്ധീകരിക്കരുത്." ഞാൻ തൽക്ഷണം മറുപടി പറഞ്ഞു. "ഇല്ല. പക്ഷെ, കാരണവും കൂടി ഒന്നറിഞ്ഞാൽ നന്നായിരുന്നു." "കാരണമൊന്നും ചോദിക്കരുത്. നിങ്ങൾ അത് ചെയ്യരുതെന്ന് മാത്രം മനസ്സിലാക്കുക." എന്നാണ് വീണ്ടും പറഞ്ഞത്. എനിക്കൽപ്പം നീരസം തോന്നി. എങ്കിലും ഞാൻ മനസ്സടക്കിക്കൊണ്ട് വിനയഭാവം കൈവിടാതെ പറഞ്ഞു: "നിങ്ങളുടെ ആവശ്യം ഞാൻ മാനിക്കുന്നു. ഞാൻ അത് അനുസരിക്കാം. പക്ഷെ എന്റെ മനസ്സിന് ഒരു റാഹത്ത് വേണ്ടേ? കാരണം അറിഞ്ഞു ബോധ്യപ്പെടുമ്പോഴല്ലേ അതുണ്ടാകൂ. മാത്രമല്ല അതെന്റെ ഒരവകാശവും കൂടിയാണല്ലോ". തുടർന്ന് അവരിൽ നിന്നു വന്ന വാക്കുകൾ ലേശം ശാസനാരൂപത്തിലോ അധികാര ഭാവത്തിലോ ആയിരുന്നു. എനിക്ക് അവരോടുള്ള ചില കടപ്പാടുകൾ ചൂഷണം ചെയ്യാനുള്ള ഒരു ഗർവ്വാണ് സ്വരത്തിൽ നിഴലിക്കുന്നതെന്ന് ബോധ്യമായി. മനസ്സ് വല്ലാതെ നീറി. മനസ്സ് എന്ന അത്ഭുത പ്രതിഭാസം പ്രകാശവേഗത

യിൽ പ്രവർത്തിച്ചു. അവരുടെ വിശാലമായ മുറ്റം ഒരു ഹരിജൻ പെണ്ണ് ചൂലുകൊണ്ട് തൂത്ത് വാരുന്നത് അപ്പോൾ കാണാമായിരുന്നു. എന്റെ കൊച്ചു സഞ്ചിയുമായി പെട്ടെന്ന് എഴുന്നേറ്റു. ആ പെണ്ണിനു നേരെ വിരൽ ചൂണ്ടിക്കൊണ്ട് "ദാ, ഈ ഭാഷ അവളോട് മതി" എന്ന് പറയുകയും ഉടനെ അവിടെ നിന്നും ഇറങ്ങിപ്പോരുകയും ചെയ്തു. അവർ ഇരുവരും സ്തംഭിച്ചിരിക്കുന്നുണ്ടായിരുന്നു. ദൃഢമായിരുന്ന ആ ബന്ധം അതോടെ മുറിഞ്ഞു. പിന്നീടത് ഉണങ്ങിയതുമില്ല. ഞാൻ വികാര വിക്ഷുബ്ധനായിരുന്നു. എന്റെ ആത്മാഭിമാനത്തിന്മേൽ മുള്ളുകൊണ്ട് കോറിയ അനുഭവമായിരുന്നു അത്. ദിവസങ്ങൾക്ക് ശേഷം അത്രയും വേണമായിരുന്നോ എന്ന പുനഃപരിശോധനക്ക് മനസ്സ് ഇണങ്ങി. അധികപ്പറ്റായെങ്കിൽ തിരുത്തണമല്ലോ. ഞാൻ ശാന്തമായി ആലോചിച്ചു. വളരെ കഷ്ടപ്പെട്ട് ഞാൻ സ്വന്തമാക്കിയ വീടും പുരയിടവും ഒരാൾക്ക് ഒഴിഞ്ഞുകൊടുക്കാനാണ് അവർ ആവശ്യപ്പെട്ടതെങ്കിൽ ഒരക്ഷരം ഞാൻ മറുത്ത് പറയാതെ അനുസരിക്കുമായിരുന്നു. അത്രയ്ക്കും എനിക്കവരോട് ആദരവും സ്നേഹവും ഉണ്ടായിരുന്നു. പക്ഷെ, എന്റെ ഉത്തമബോധ്യമുള്ള ആദർശ സ്വാതന്ത്ര്യത്തിനു നേരെയാണ് അവർ വിരൽ ചൂണ്ടിയത്. എനിക്കത് സഹിക്കാനാവുന്നതിന്റെ അപ്പുറത്താണ്. എല്ലാ ഭൗതിക സൗകര്യങ്ങളും എന്നെ അരുമയോടെ മാടിവിളിച്ചപ്പോൾ അത് സ്നേഹപൂർവ്വം തിരസ്കരിച്ച് ഞാൻ സുഊദിയിൽ നിന്ന് യാത്ര പറഞ്ഞത് ഈ സ്വാതന്ത്ര്യം രുചിക്കുന്നതിനുവേണ്ടിയായിരുന്നു. അതിനെതിരിൽ ചൂണ്ടുന്ന വിരലുകളെ ഞാൻ നിഷ്കരുണം മുറിച്ചുകളയും. ഞാൻ സമാധാനിച്ചു. ഇതിനേക്കാൾ ഉത്തമമായത് അല്ലാഹു എനിക്ക് നൽകിയേക്കാം. ഇവിടെയോ അതോ പരലോകത്തോ? പരലോകത്ത് മതി. പക്ഷെ, ഈ ലോകത്ത് തന്നെ എന്റെ റബ്ബ് എനിക്ക് നൽകി. നന്ദിപൂർവ്വം റബ്ബിനെ സ്തുതിച്ചുകൊണ്ടാണ് അതൊക്കെയും ഞാൻ സ്വീകരിച്ചത്. അല്ലാഹുവിന്റെ തൃപ്തിക്ക് വേണ്ടി ഉപേക്ഷിക്കുകയും സ്വീകരിക്കുകയും ചെയ്യാൻ അല്ലാഹു നമ്മുടെ ഹൃദയങ്ങളെ പ്രാപ്തമാക്കട്ടെ.

ഈ കാലങ്ങളിലൊക്കെയും എന്റെ പിന്നിൽ ഒരു ശക്തിയുണ്ടായിരുന്നു. ബഹുമാന്യ ഗുരുനാഥൻ കെ.എം. മൗലവിﷺ, എം.സി.സി അബ്ദുറഹ്മാൻ മൗലവിﷺ എന്നീ രണ്ടു വടവൃക്ഷങ്ങൾ. ആ തണൽ എന്റെ ശക്തിയും ആശ്വാസവും പ്രചോദനവുമായിരുന്നു. ഈ രംഗത്ത് പ്രവർത്തിക്കാൻ നിരന്തരം അവർ എന്നെ ഉപദേശിക്കുകയും പ്രേരിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. അവരുടെ ത്യാഗപരിശ്രമങ്ങളുടെയും സൽകർമ്മങ്ങളുടേയും പ്രതിഫലം നൽകാൻ അല്ലാഹു അവങ്കലേക്ക് അവ

രെ മടക്കി വിളിച്ചു. അപ്പോൾ ഞാൻ യതീമിനെപ്പോലെയായി. ബാപ്പയും ഉമ്മയും നഷ്ടപ്പെട്ട യതീമിനെപ്പോലെ. അഥവാ രണ്ടു ചിറകുകളും ഒടിഞ്ഞുപോയ ഒരു പക്ഷിയെ പോലെ. എങ്കിലും ഞാൻ പിടഞ്ഞു പിടഞ്ഞു മുന്നേറി. അവർ നൽകിയ പഠനങ്ങളും ആവേശവും എന്റെ ഊർജ്ജമായി.

ചിന്തയിലും പ്രവർത്തനങ്ങളിലും പ്രചാരണത്തിലും തികഞ്ഞ സ്വാതന്ത്ര്യമാണ് ഞാൻ എന്നും ആഗ്രഹിച്ചിട്ടുള്ളത്. അതുകൊണ്ട് തന്നെ ഒരു സംഘടനാ ചട്ടക്കൂടിൽ ഒതുങ്ങാൻ അധികവും എനിക്ക് കഴിഞ്ഞിട്ടില്ല. എന്റെ വ്യക്തിപരമായ വീക്ഷണങ്ങളുമായി പൊരുത്തപ്പെടാൻ സംഘടനയ്ക്കും കഴിയില്ല. സംഘടനയുടെ വരുതിയിൽ പതുങ്ങി നിൽക്കാൻ എനിക്കും സാധ്യമാകുമാകുകയില്ല. അതുകൊണ്ടുതന്നെ സംഘടനയിലെ ഏതെങ്കിലും ഭാരവാഹിത്വത്തിന് ശ്രമിക്കുകയോ മോഹിക്കുകയോ ഞാൻ ചെയ്തിട്ടില്ല. പലപ്പോഴും കെ.എൻ.എം. മെമ്പർഷിപ്പിൽ നിന്നു പോലും വിട്ടുനിന്നിട്ടുണ്ട്. ഞാൻ വല്ലനിലക്കും അവർക്ക് ഒരു ഭാരമായിത്തീരരുതെന്നുള്ള സദ്വിചാരം മാത്രമാണ് ഇതിന് കാരണം. 1979 ൽ കേരള ജംഇയ്യത്തുൽ ഉലമയുടെ അദ്ധ്യക്ഷപദവി ഞാൻ ഉപേക്ഷിച്ചതിനും ഇത് തന്നെയായിരുന്നു ഹേതു. അത് വഴിയെ പറയാം. എന്റെ ഈ സ്വഭാവം മൂലം ഞാൻ അധികവും ഒരു ഒറ്റയാനായിരുന്നു. നല്ലതോ ചീത്തയോ നോക്കി തെരഞ്ഞെടുത്തതല്ല ഈ സ്വഭാവം. ഞാൻ അങ്ങനെയായിപ്പോയി. അതാണു സത്യം. എന്റെ ഗുരുനാഥന്മാർക്ക് പോലും ഈ വികൃതി സ്വഭാവം മൂലം പലപ്പോഴും ഞാൻ ഒരു ശല്യക്കാരനായി ഭവിച്ചിട്ടുണ്ട്. ചിലർ ഇത് ഉൾക്കൊള്ളുകയും എന്നെ കൂടുതൽ സ്നേഹിക്കുകയും ചെയ്തു. ഒരനുഭവം പറയാം. ഓർക്കുമ്പോൾ തന്നെ ഹൃദയം പിടക്കുന്ന അനുഭവം! എന്റെ വന്ദ്യഗുരു കെ.എം. മൗലവിയുമായി ഒരിക്കൽ ചർച്ചയിലായിരുന്നു. ഒരു വിഷയത്തിൽ അദ്ദേഹത്തിന്റെ അഭിപ്രായവുമായി യോജിക്കാൻ കഴിഞ്ഞില്ല. തന്റെ അഭിപ്രായത്തിലേക്ക് എന്നെ മടക്കാൻ അദ്ദേഹം ശാന്തമായി പലവട്ടം ശ്രമിച്ചു. പക്ഷെ, നടന്നില്ല. ഒടുവിൽ ഒരു കൊച്ചു ശാസനാഭാവം കൈക്കൊണ്ടു. ഞാൻ വളരെ വിഷമത്തിലായി. മനസ്സിന്റെ ഏതെങ്കിലും ഒരു കോണിൽ ഒരിക്കൽപോലും അദ്ദേഹത്തെ ധിക്കരിക്കണമെന്ന് ഞാൻ ഉദ്ദേശിച്ചിട്ടില്ലതാനും. പക്ഷെ, വിഷയം ദീനീപരമായ വീക്ഷണവൈവിധ്യമാണ്. അവിടെ അദ്ദേഹത്തിന്റെ വീക്ഷണം എനിക്ക് ബോധ്യമാകുന്നില്ല. ആ ശാസനാഭാവത്തിന്റെ മുമ്പിൽ എന്റെ വായിൽ നിന്നും ഒരു വാക്ക് അറിയാതെ വീണുപോയി. ചെറുപ്പകാലത്ത് ഒരഭിപ്രായം ചോദിച്ചതിന് ഉസ്താദ് എന്നെ 'എടാ കുരുത്തംകെട്ടവനേ' എന്ന് വിളിച്ചിട്ടുണ്ട്. അതിനേക്കാൾ എത്രയോ വലിയ

അതിർകവിച്ചലാണ് എന്റെ നാവിൽ നിന്നും ചാടിയത്. “ആരാന്റെ മനസ്സ് കൊണ്ട് ചിന്തിക്കാൻ എനിക്ക് പറ്റില്ല” എന്ന് ഞാൻ പറഞ്ഞുപോയി. എന്റെ ഹൃദയം വീർപ്പുമുട്ടുന്നത്പോലെ. പറഞ്ഞവാക്ക് തിരിച്ചെടുക്കാൻ വയ്യല്ലോ. ഞാൻ ഭയത്തോടെ നിന്നു. പക്ഷെ, മഹാന്മാർക്ക് മാതൃകയായ ഒരു വ്യക്തിത്വമാണ് എന്റെ മുമ്പിൽ നിൽക്കുന്നതെന്ന സത്യം ഒരിക്കൽ കൂടി എനിക്ക് ബോധ്യപ്പെടുകയായിരുന്നു. മൗലവിയുടെ മുഖത്ത് ഒരു പുഞ്ചിരി വിടർന്നു. പ്രസന്നമായ മുഖത്തോടെ അദ്ദേഹം എന്റെ ചുമലിൽ കൈവച്ചു. എനിക്ക് വേണ്ടി പ്രാർത്ഥിച്ചു. ഞാൻ കരഞ്ഞു. അപ്പോൾ മാത്ര മല്ല. ആ സംഭവം ഓർക്കുമ്പോഴൊക്കെ ഞാൻ വിതുമ്പിയിട്ടുണ്ട്. ഇപ്പോഴും അതാ മനസ്സ് വിതുമ്പുന്നു. ഇത്ര നല്ല ഒരു മനുഷ്യനെ എന്റെ കണ്ണുകൊണ്ട് ഇന്നുവരെ ഞാൻ കണ്ടിട്ടില്ല. ക്യാരക്ടർ എന്ന് ഇംഗ്ലീഷിൽ ഒരു പ്രയോഗം നടപ്പിലുണ്ടല്ലോ. അതായിരിക്കാം ഇത്. സ്വഭാവം എന്ന അർത്ഥം വളരെ പരിമിതമായി തോന്നുന്നു. എല്ലാവർക്കും ഇഷ്ടവും ആദരവും തോന്നുന്ന ഒരു ക്യാരക്ടറായിരുന്നു കെ.എം. മൗലവി. അധികം പേർക്കും  ഇഷ്ടം തോന്നാത്ത ഒരു ക്യാരക്ടറായിരുന്നു ഈയുള്ളവൻ. എന്റെ ഭാര്യക്കുപോലും. അവർ സഹിക്കുകയായിരിക്കാം. പൊരുത്തപ്പെടാൻ മനഃപൂർവ്വം ശ്രമിക്കുകയാണല്ലോ ജീവിതം.

ജമാഅത്തെ ഇസ്‌ലാമി ആദർശമായി സ്വീകരിച്ച മൗദൂദിസത്തിന്റെ നൂതനത്വം പ്രവാചക മാതൃകയെ അവലംബിക്കണമെന്നുള്ളവർക്ക് സ്വീകാര്യമല്ല. വിശുദ്ധ ഖുർആന്റെ പ്രത്യക്ഷമായ കൽപനകളെ അത് അവഗണിക്കുകയും ചെയ്യുന്നു. ഈ പരമാർത്ഥം ജനങ്ങളിൽ വെളിപ്പെടുത്താൻ എന്റെ ഗുരുക്കന്മാരുടെ പ്രോത്സാഹനം കൈമുതലാക്കി ഞാൻ മുന്നേറി. അന്ന് എന്നിൽ കിളിർത്ത മോഹമാണ് പത്രം. 1971ഫെബ്രുവരിയിൽ അത് മൊട്ടിട്ടു. മാറ്റർ ഉണ്ടാക്കൽ, അത് സമ്പാദിക്കൽ, അച്ചടി, പ്രസിദ്ധീകരണം, എഡിറ്റിങ്ങ്, ഫ്രൂഫ് റീഡിംഗ്, വരിക്കാരെ തേടിയുള്ള യാത്ര, വിതരണം എല്ലാം ഞാൻ ഒറ്റക്കായിരുന്നു. ആദർശ പ്രതിബദ്ധതയുടെ ഈ ആവേശം എല്ലാ വിഷമതകളെയും തള്ളിനീക്കി മുന്നോട്ട് ഗമിക്കാൻ എന്നെ പ്രാപ്തനാക്കി. നിരന്തരമായ പ്രാർത്ഥനയിലൂടെ ഞാൻ ആത്മവിശ്വാസം നേടി. അല്ലാഹുവിന്റെ സഹായം വേണ്ടുവോളം ലഭിച്ചു. സഹായികളും സഹകാരികളും വർദ്ധിച്ചു വന്നു. ഈ വളർച്ചയ്ക്ക് കാരണമായി ഭവിച്ച വലിയൊരു പിന്തുണ റബ്ബിന്റെ സഹായത്താൽ എനിക്കുണ്ടായി. ഒന്നാം ലക്കത്തിലേക്കുള്ള ആമുഖ പ്രസംഗം ഞാൻ തയ്യാറാക്കി. പ്രസ്സിൽ കൊടുക്കുന്നതിനു മുമ്പ് ഒരാശയം മനസ്സിലുദിച്ചു. പ്രഗത്ഭരായ ഇസ്‌ലാഹീ പണ്ഡിതന്മാരെ വായിച്ചു കേൾപ്പിക്കണം. അവർ അംഗീക

രിക്കുന്നുവെങ്കിൽ അത് രേഖാമൂലം വാങ്ങണം. ദീനീ സേവനാർത്ഥം ഒരു പത്രം നടത്താൻ പിന്തുണ നൽകുന്നത് വെറും സ്വാഭാവികം മാത്രം. പക്ഷെ, ഇവിടെ അതല്ല പ്രശ്നം. പലർക്കും ഉൾക്കൊള്ളാൻ വിഷമമുള്ള ചില കാര്യങ്ങൾ മുഖപ്രസംഗത്തിൽ തുറന്നെഴുതിയിട്ടുണ്ട്. പത്രത്തിന്റെ പ്രഖ്യാപിത ലക്ഷ്യമായി എടുത്തുപറഞ്ഞ രണ്ടു വിഷയങ്ങൾ. ജമാഅത്തെ ഇസ്ലാമിയുടെ ആദർശവ്യതിയാനങ്ങളെയും പ്രശസ്തനായ സി.എൻ. അഹ്മദ് മൗലവി തന്റെ രചനകളിലൂടെ ഖുർആനിനും നബിചര്യക്കും എതിരായി നടത്തിയ അർത്ഥ വ്യാഖ്യാനങ്ങളെയും ശക്തമായി എതിർക്കുന്നതിനുവേണ്ടിയാണ് ഈ പത്രം തുടങ്ങുന്നത് എന്ന് മുഖപ്രസംഗത്തിൽ തെളിച്ചെഴുതിയിരുന്നു. ഈ രണ്ടുവിഷയങ്ങളിലും മൗനം പാലിക്കുകയും അനുഭാവികളാണെന്ന് പൊതുവെ തോന്നാൻ ഇടയാക്കുകയും വേദികൾ പങ്കിടുന്നതിൽ സമ്മതം പ്രകടിപ്പിക്കുകയും ചെയ്തിരുന്ന പല പണ്ഡിതന്മാരേയും ഇസ്ലാഹീ രംഗത്തെ മഹാപണ്ഡിതന്മാരെയും മുഖലേഖനം കേൾപ്പിക്കുന്നതിന് ഞാൻ തെരഞ്ഞെടുത്തിരുന്നു. ഇസ്ലാഹീ രംഗത്തെ മഹാപണ്ഡിതന്മാർ, സർവ്വാംഗീകാരമുള്ള നേതാക്കൾ, കൊടുങ്കാറ്റുപോലെ വീശിയടിച്ച് മുന്നേറുന്ന പ്രബോധകന്മാർ തുടങ്ങിയവർ എന്റെ സെലക്ഷനിലുണ്ടായിരുന്നു. എല്ലാ ആശങ്കകളും അസ്ഥാനത്തായിരുന്നുവെന്ന് എനിക്ക് ബോധ്യമായി. സത്യത്തോടുള്ള അവരുടെ അടങ്ങാത്ത അഭിവാഞ്ഛ കണ്ട് കുറ്റബോധത്തോടെ ഞാൻ തലതാഴ്ത്തി. അത്ഭുതകരമായിരുന്നു അവരുടെ പ്രതികരണം. ഒരു കുറിപ്പ് എഴുതി അതിൽ സസന്തോഷം അവർ കൈയൊപ്പിട്ട് തന്നു. എന്നെ പ്രോത്സാഹിപ്പിച്ചു. എനിക്ക് വേണ്ടി പ്രാർത്ഥിച്ചു. പതിനൊന്ന് മഹദ് വ്യക്തികളുടെ ആശംസകളുമായി ഞാൻ വീട്ടിൽ തിരിച്ചെത്തിയപ്പോൾ കുറ്റബോധത്താലും സന്തോഷത്താലും പൊട്ടിക്കരഞ്ഞുപോയി. ഒരു ആനയേക്കാൾ വലിപ്പമേറിയ ശക്തി മനസ്സിൽ ഞാൻ സംഭരിച്ചു കഴിഞ്ഞിരുന്നു. ആ കുറിപ്പും അതിൽ അണിചേർന്ന മഹത്തുക്കളും ഇവിടെയും അണിനിരക്കട്ടെ.

ബിസ്മില്ലാഹി റഹ്മാനിർറഹീം

സൽസബീലിന്റെ ആമുഖ പ്രസംഗം ഞങ്ങൾ വായിച്ചു കേട്ടു. ഞങ്ങൾ വളരെ സന്തോഷിക്കുന്നു.

ഈ നിലയിൽ എല്ലാം ബാത്വിലിനോടും ജിഹാദ് ചെയ്യുവാൻ സൽസബീലിന് അല്ലാഹു ശക്തി നൽകട്ടെ. (ആമീൻ)

എന്ന്,

1. പി.കെ. മൂസ മൗലവി - പുളിക്കൽ

2. പി.പി. ഉണ്ണീൻകുട്ടി മൗലവി– പുളിക്കൽ
3. കെ.എം.ടി. സൈദലവി തങ്ങൾ – ചെറുശോല
4. ഇ.കെ. മൗലവി – കടവത്തൂർ
5. വി.ടി. അബ്ദുല്ല ഹാജി –കൂട്ടായി
6. എം. ശൈഖ് മുഹമ്മദ് മൗലവി –വളവന്നൂർ
7. പി. സൈദ് മൗലവി – രണ്ടത്താണി
8. എ. അലവി മൗലവി – എടവണ്ണ
9. മുഹമ്മദ് അമാനി മൗലവി – വാണിയമ്പലം
10. ടി.മുഹമ്മദ് ഇസ്ഹാഖ് മൗലവി – അരീക്കോട്
11. സി.പി. കുഞ്ഞിമൊയ്തീൻ മൗലവി – തൃപ്പനച്ചി

ഡോ. എം. ഉസ്മാൻ സാഹിബ്, കെ.എൻ. ഇബ്റാഹീം മൗലവി, പി. പി. അബ്ദുൽ ഗഫൂർ മൗലവി (പുളിക്കൽ), പ്രൊ. ടി. അബ്ദുല്ല സാഹിബ് (ഫാറൂഖ് കോളേജ്), കെ.കെ. മുറമ്മദ് മദനി (പരപ്പനങ്ങാടി), കെ.പി. മുഹമ്മദ് മൗലവി എന്നീ പ്രഗത്ഭമതികൾ പത്രാധിപസമിതിയിൽ സഹകരിക്കാമെന്ന് സമ്മതിക്കുകയും ചെയ്തു. കെ.എൻ ഇബ്രാഹീം മൗലവി അന്ന് പുളിക്കൽ മദീനത്തുൽ ഉലൂം അറബിക്കോളേജിന്റെയും കെ.പി. മുഹമ്മദ് മൗലവി സുല്ലമുസ്സലാം അറബിക്കോളേജി (അരീക്കോട്)ന്റെയും പ്രിൻസിപ്പാൾമാരായിരുന്നു. ഇരുവരുടേയും ധാർമ്മികമായ പിന്തുണ എനിക്ക് ആവോളം ലഭിച്ചിട്ടുണ്ട്. ഡോക്ടറാകട്ടെ, കയ്യും മെയ്യുമായി എന്നോടൊത്ത് മരണം വരെ ഉണ്ടായിരന്നു. ഒന്നാംലക്കം മുതൽ തന്നെ തന്റെ അനുഗ്രഹീതമായ തൂലിക സൽസബീലിനുവേണ്ടി ചലിപ്പിച്ചു. ‘മനുഷ്യനും പ്രാർത്ഥനയും’ എന്ന തലവാചകം കൊണ്ട് അലങ്കരിച്ച ഉസ്മാൻ സാഹിബിന്റെ പ്രൗഢമായ വിജ്ഞാനത്തിന്റെ തെളിനീർ പ്രഥമ ലക്കത്തിൽ തന്നെ ഒഴുകി. കാൽനൂറ്റാണ്ട് ഇടമുറിയാതെ സൽസബീൽ എന്ന നാമത്തെ അത് അന്വർത്ഥമാക്കി. പലപ്പോഴും ആ തെളിനീര് തടസ്സങ്ങളുടെ കടുത്ത പാറക്കെട്ടുകളെ അടിച്ചുതകർത്ത വെള്ളച്ചാട്ടമായും രൂപാന്തരപ്പെട്ടിട്ടുണ്ട്. ഇസ്ലാമിക വിജ്ഞാനവീഥിയിലെ തിളങ്ങുന്ന മുത്താണ് അദ്ദേഹത്തിന്റെ ‘ഗയ്ബ്’ എന്ന ഗ്രന്ഥം. തന്റെ തൂലിക സൽസബീലിലൂടെ ഒഴുക്കിവിട്ടതായിരുന്നു ആ മുത്ത്. ഡോക്ടറുടെ തൂലികയുടെ സുഗന്ധമില്ലാത്ത ചില ലക്കങ്ങൾ തികച്ചും അപൂർണ്ണമായിരുന്നു. സലഫീ പ്രസ്ഥാനത്തിന്റെ സാരഥ്യം വഹിക്കുന്ന നാളുകളിലും സംഘടനയുടെ ചട്ടക്കൂടുകൾക്കതീതമായി എന്റെ വീക്ഷണങ്ങളേയും പ്രവർത്തനങ്ങളേയും ഡോക്ടർ പൂർണ്ണമായി തഴുകി തലോടി ആശീർവദിച്ചിരുന്നു. എല്ലാ

അർത്ഥത്തിലും മഹാനായിരുന്നു എന്റെ ഉസ്മാൻ ഡോക്ടർ. കലവറയില്ലാതെ എന്നെ അദ്ദേഹം സ്നേഹിച്ചു. അത്ര അളവിൽ തന്നെ തിരിച്ചു കൊടുക്കാൻ മഹാ തിരക്കിനിടയിൽ കഴിയാതെ പോയ കുറ്റബോധം എന്നെ പിന്തുടരുന്ന ഒരു ദുഃഖമായി കൂടെയുണ്ട്.

സൽസബീലിന്റെ പശ്ചാത്തല ചരിത്രത്തിൽ നിങ്ങളെ ഞാൻ ഉടക്കി നിർത്തിയിരിക്കുകയാണ്. അതിൽ നിന്നും ഒരു താൽക്കാലിക മോചനം തരാം. മറ്റൊരു സുപ്രധാന സ്മരണയിലേക്ക് മനസ്സ് എന്നെ തള്ളിയിട്ടു. നിങ്ങളും എന്നോടൊപ്പം അതിലേക്കൊന്ന് വീഴട്ടെ. എന്റെ പ്രിയപ്പെട്ട കെ.പി. മനസ്സിൽ കയറിവന്നു പുഞ്ചിരിയോടെ നിറഞ്ഞുനിൽക്കുന്നു. അത് കണ്ടില്ലെന്ന് നടിച്ച് വർത്തമാനം തുടരാൻ എനിക്കെങ്ങനെ കഴിയും.

1940കളുടെ ആരംഭം. പ്രസിദ്ധമായ വാഴക്കാട് ദാറുൽ ഉലൂം സംഗതി വശാൽ അടച്ചുപൂട്ടേണ്ടിവന്നു. അന്ന് അതിന്റെ കണ്ണും കരളുമായിരുന്ന എം.സി.സി. അബ്ദുറഹ്മാൻ മൗലവി ﷺ വിദ്യാർത്ഥികളുമായി തിരൂരങ്ങാടിയിൽ വന്നു. കെ.എം. മൗലവിയുടെ നിർദ്ദേശപ്രകാരം തറമ്മൽ പള്ളിയിൽ ദർസ് തുടങ്ങി. ഞാനപ്പോൾ തിരൂരങ്ങാടി നൂറുൽ ഇസ്‌ലാം മദ്റസയിലെ അദ്ധ്യാപകനും കെ.എം. മൗലവിയുടെ ശിഷ്യനുമായി കഴിഞ്ഞു കൂടുന്നു. സ്വഭാവഗുണം, പഠനത്തിലെ കാര്യക്ഷമത എന്നിവ പരിശോധിച്ച് മെച്ചപ്പെട്ടവരെ തിരഞ്ഞെടുത്ത കൂട്ടത്തിൽ വാഴക്കാടു നിന്നെത്തിയ വിദ്യാർത്ഥികളിൽ കെ.പി. മുഹമ്മദ് മൗലവിയായിരുന്നു ഒന്നാമൻ. ഇവിടെ നിന്നാണ് ഞങ്ങളുടെ പരിചയം ആരംഭിക്കുന്നത്. സ്വയം നന്നാകാനും മറ്റുള്ളവരെ നന്നാക്കുവാനുമായി പഠിക്കുന്ന ആളായിട്ടാണ് എനിക്കദ്ദേഹത്തെ ബോധ്യപ്പെട്ടത്. ആ ദർസ് പിന്നീട് പുളിക്കലേക്ക് മാറ്റി. അതാണ് പിൽക്കാലത്ത് പ്രസിദ്ധമായിത്തീർന്ന മദീനത്തുൽ ഉലൂം അറബിക്കോളേജ്.

കെ.പി. അഫ്ളലുൽ ഉലമ പാസ്സായ ശേഷം കുറച്ചുകാലം സ്വദേശത്തും മറ്റുമായി കഴിഞ്ഞുകൂടി. വളവന്നൂർ അൻസാറുല്ലാഹ് സംഘത്തിന്റെ സജീവ പ്രവർത്തനത്തിൽ മുഴുകിയിരിക്കുന്ന വേളയിലാണ് മർഹൂം ശൈഖ് മുഹമ്മദ് മൗലവിയുടെ നിർദ്ദേശപ്രകാരം അരീക്കോട് സുല്ലമുസ്സലാം കോളേജിലെത്തിയത്. അവിടെ പ്രിൻസിപ്പാളായി. ശൈഖ് മൗലവി തുടങ്ങിവെച്ച പല പരിപാടികളും വിജയിപ്പിക്കാൻ അല്ലാഹുവിന്റെ അനുഗ്രഹത്താൽ കെ.പിക്ക് കഴിഞ്ഞു. സ്വന്തം വീടിനേക്കാൾ സുല്ലമുസ്സലാമിനെ അദ്ദേഹം സ്നേഹിച്ചു. ഇതിനിടയിലാണ് നദ്‌വത്തുൽ മുജാഹിദീന്റെ ജനറൽ സെക്രട്ടറിയായി ചുമതലയേൽക്കാൻ അദ്ദേഹം നിർബന്ധിക്കപ്പെട്ടത്. ചുമതലകൾ ന്യായമായി നിർവഹിക്കുവാൻ തനിക്കു കഴി

യുമോ എന്ന ആശങ്കയാൽ ആദ്യം അദ്ദേഹം മടിച്ചു നിന്നു. പിന്നീട് പൊതുനന്മക്ക് വേണ്ടി ആ ഭാരം വഹിക്കൽ കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് മനസ്സിലായി. വിനീതനായ കെ.പി. റബ്ബിൽ ഭരമേൽപ്പിച്ചുകൊണ്ട് 71ൽ ആ മഹത്തായ സ്ഥാനം ഏറ്റെടുത്തു. 1982ലാണ് സുല്ലമുസ്സലാമിൽ നിന്നും അദ്ദേഹം വിമരിച്ചത്. ആ സ്ഥാപനത്തിനു ലഭിച്ചത് പോലെ, അല്ല അതിൽ എത്രയോ മടങ്ങ് കൂടുതൽ കാര്യക്ഷമതയോടെയുള്ള ത്യാഗസുരഭിലമായ സേവനം നദ്‌വത്തിന് കെ.പി.യിൽ നിന്നും ലഭിച്ചു. ആദർശ പ്രചാരണ രംഗത്ത് നദ്‌വത്തുൽ മുജാഹിദീൻ വളരെ വളർന്നു. സംഘടന കെ.പിയുടെ നേതൃത്വത്തിൽ എത്രയോ ശക്തിയാർജ്ജിച്ചു. സുല്ലമുസ്സലാമിനും നദ്‌വത്തിനും ഇന്നത്തെ നിലയിൽ എത്താൻ മനുഷ്യരിൽ നിന്നാരുടെയെങ്കിലും പങ്കുണ്ടെങ്കിൽ അതിൽ ഒന്നാമൻ കെ.പി. മുഹമ്മദ് മൗലവിയായിരുന്നുവെന്ന് ഞാൻ ഉറക്കെ പറയും.

ഞങ്ങൾ തമ്മിലുള്ള ബന്ധം ക്രമേണ വളർന്നു. ഞാൻ അദ്ദേഹത്തെ ബഹുമാനിച്ചു. അദ്ദേഹം എന്നെ വളരെ സ്നേഹിച്ചു. ഈ സ്നേഹാദരവുകളുടെ ശക്തി എത്ര ആഴത്തിലായിരുന്നുവെന്ന് ബോധ്യമായ ഒരസുലഭ സന്ദർഭമായിരുന്നു പാലക്കാട് നടന്ന മുജാഹിദ് സംസ്ഥാന സമ്മേളനം. ബാബരി മസ്ജിദിന്റെ തകർച്ചയാൽ ഇന്ത്യാരാജ്യം കത്തിയെരിയുന്നു. ലോക മുസ്‌ലിംകൾ പ്രതിഷേധത്തിന്റെ അലയടി ഉയർത്തിയിരിക്കുന്നു. പ്രശ്ന സങ്കീർണതകളിൽ സമ്മേളനം ആടി ഉലയുന്ന ഘട്ടം. പാലക്കാട് പട്ടണം ആർ.എസ്.എസിന്റെ ഒരു ശക്തികേന്ദ്രമാണ്. അവിടെ നടന്ന ഒരു നിർഭാഗ്യകരമായ വർഗീയ കലാപത്തിന്റെ ദുർഗന്ധം സമ്പൂർണ്ണമായി ശമിച്ചിട്ടില്ല. അപ്പോഴാണ് ബാബരി പള്ളിയുടെ നേർക്കുണ്ടായ ക്രൂരമായ ആക്രമണം. നാടൊട്ടുക്കും വർഗീയ കലാപത്തിന്റെ ദുഷിച്ച മണം വീശുന്നുണ്ട്. 'മതം മനുഷ്യ സൗഹാർദത്തിന്' എന്ന വിശിഷ്ട മുദ്രാവാക്യം മുഴക്കിക്കൊണ്ട് പ്രഖ്യാപിക്കപ്പെട്ട നമ്മുടെ സമ്മേളനത്തിന്റെ പ്രചാരണ പരിപാടികൾ കേരളത്തിന്റെ നഗരഗ്രാമാന്തരങ്ങളിലും മുക്കുമൂലകളും ആയിരക്കണക്കിന് യോഗങ്ങളുടെ അകമ്പടിയോടെ വീശിയടിച്ചു. ജാതി- മത ഭേദമന്യേ കേരള ജനത അത് സ്വീകരിച്ചത് വലിയ ഭാഗ്യമായി പരിണമിക്കുകയാണ് ചെയ്തത്. ഒരു നാശകരമായ വർഗീയ കലാപത്തിന്റെ കരാള ഹസ്തത്തിൽ നിന്നും മലയാള രാജ്യം മോചിതമായതിന്റെ പിന്നിൽ തുണയേകിയ പല കാരണങ്ങളിൽ 'മതം മനുഷ്യ സൗഹാർദ്ദത്തിന്' എന്ന മഹത്തായ മുദ്രാവാക്യവും അതിന്റെ പ്രചാരണവും അനിഷേധ്യമായ പങ്കുവഹിക്കുക തന്നെ ചെയ്തു. സമ്മേളനം നിർത്തിവെക്കാൻ കേന്ദ്ര അഭ്യന്തര വകുപ്പിൽ നിന്നും നിർദ്ദേശമു

ണ്ടായി. കേരള അഭ്യന്തരവകുപ്പ് അത് പ്രയോഗത്തിൽ വരുത്താൻ തയ്യാറെടുത്തു. സമ്മേളനം ആരംഭിക്കേണ്ടതിന്റെ തലേദിവസം നിർണ്ണായകമായ നിമിഷങ്ങളായിരുന്നു. ശക്തമായ വീർപ്പുമുട്ടലായിരുന്നു. എന്നാൽ പ്രസ്ഥാനത്തിന്റെ ആദർശത്തെക്കുറിച്ച് അണികളുടെ അച്ചടക്ക ശീലത്തെക്കുറിച്ചും സമ്മേളനത്തിന്റെ പ്രഖ്യാപിത സന്ദേശത്തെപ്പറ്റിയും നേതൃവിഭാഗത്തിന്റെ മേന്മയെ സംബന്ധിച്ചും ആഭ്യന്തരവകുപ്പിനെ ബോധ്യപ്പെടുത്താൻ മണിക്കൂറുകൾ മാത്രം ബാക്കിയുള്ളപ്പോൾ ഒരു തീവ്രശ്രമം തന്നെ നടന്നു. നമ്മുടെ കൂട്ടത്തിൽ തന്നെ സമ്മേളനം നിർത്തിവെക്കാൻ ആഗ്രഹിച്ചവരുമുണ്ടായി. അതിനുവേണ്ടി സ്വാധീനം ചെലുത്തിയവരുമുണ്ടായി. ചിലർ ഗൂഢമായ ചരടുവലികൾ നടത്തിയതായും പിന്നീട് ആരോപിക്കപ്പെട്ടിരുന്നു. സമ്മേളനം വേണോ വേണ്ടയോ എന്ന് അവസാന തീരുമാനമെടുക്കാൻ ചേർന്ന ആലോചനാ യോഗത്തിൽ ശാന്തസ്വരൂപനായ അദ്ധ്യക്ഷൻ ഡോ. ഉസ്മാൻ സാഹിബ് പ്രഖ്യാപിച്ചു. "പടയങ്കി അണിഞ്ഞ ശേഷം പ്രവാചകൻ പുറംതിരിഞ്ഞിട്ടില്ല. നാമും പടയങ്കി അണിഞ്ഞുകഴിഞ്ഞു. നമ്മളായിട്ട് ഇനി പിന്തിരിയുന്ന പ്രശ്നമില്ല. അല്ലാഹുവാണ് നമ്മുടെ രക്ഷകൻ". സദസ്സ് തക്ബീർ വിളികളോടെ അദ്ധ്യക്ഷന്റെ പ്രഖ്യാപനം അംഗീകരിച്ചു. സമ്മേളനത്തിന് ഔദ്യോഗികാനുമതി ലഭിക്കാൻ അഭ്യന്തരവകുപ്പിൽ ബന്ധപ്പെട്ടു നടന്ന ചർച്ചകളിൽ അന്നത്തെ വ്യവസായ വകുപ്പ് മന്ത്രിയും മുസ്ലിംലീഗ് നേതാവുമായ പി.കെ. കുഞ്ഞാലിക്കുട്ടി സാഹിബിന്റെ ബാഹ്യവും ആന്തരികവുമായ സഹായവും സഹകരണവും ഏറെ നന്ദിയോടെ എന്നും അനുസ്മരിക്കേണ്ടതാകുന്നു.

ഒടുവിൽ സമ്മേളനം നടത്താൻ ഉപാധികളോടെ അനുമതി ലഭിച്ചു. പൊതുസമ്മേളനം പാടില്ല. വിശാലമായ കോട്ട മൈതാനിക്ക് വെളിയിലേക്ക് സ്പീക്കറിന്റെ ശബ്ദം പാടില്ല. പുറമെ നിന്ന് വന്നെത്തുന്ന ആളുകളുടെ എണ്ണം അൻപത് ശതമാനം കുറക്കണം. അങ്ങനെ പലതും. തിരുവനന്തപുരത്ത് അഭ്യന്തര സെക്രട്ടറിയുമായി ചർച്ചയിൽ ഏർപ്പെട്ടിരുന്നവർ നേതൃത്വത്തിന്റെ അഭിപ്രായം തേടി. കെ.എൻ.എം. സംസ്ഥാന അസിസ്റ്റന്റ് സെക്രട്ടറി എ.പി.യുടെ ദീർഘദൃഷ്ടിയും യുക്തിബോധവും നയതന്ത്രജ്ഞതയും എത്ര പ്രശംസിച്ചാലും അധികമാവില്ല. ഒരു നേതാവിന്റെ ക്വാളിറ്റി വെളിവായ സന്ദർഭമായിരുന്നു അത്. "സമ്മേളനം നടത്താനുള്ള അനുമതിക്കുവേണ്ടി ഏതു നിബന്ധനയും അംഗീകരിക്കാൻ നമ്മൾ ഒരുക്കമാണ്." അങ്ങനെ അനുമതി ലഭിച്ചു. ഞാൻ ഈ കുറിപ്പ് എഴുതുമ്പോൾ സംഘടനാ രംഗത്ത് ശൈഥില്യം മുളപൊട്ടിയിരിക്കുന്നു. എ.പിക്കെതി

രായി ഒരു ഉപജാപ സംഘം വളർന്ന് വരുന്നു. എനിക്ക് പ്രിയപ്പെട്ടവരും എന്നെ സ്നേഹിക്കുന്നവരുമായ പലരും അതിൽ സജീവമാകുന്നത് ദുഃഖത്തോടെ ഞാൻ കാണുന്നു. എനിക്ക് സഹിക്കാൻ കഴിയുന്നില്ല. എന്റെ പല വീക്ഷണങ്ങളെയും പിന്തുണക്കാതിരിക്കുകയോ ചിലതിനെ ശക്തിയായി എതിർക്കുകയോ ചെയ്യുന്ന വ്യക്തിയാണ് എ.പി. എനിക്കും പൂർണ്ണമായ യോജിപ്പ് എ.പി.യോട് ഉണ്ടെന്ന് പറയുക വയ്യ. മനുഷ്യസഹജമായ വികാരങ്ങൾ അങ്ങനെയാണ്. എങ്കിലും സംഘടനയുടെ നേതൃരംഗത്ത് നിന്ന് അദ്ദേഹത്തെ പിഴുതുമാറ്റാൻ ഒരുമ്പെട്ടുള്ള ചിലരുടെ രഹസ്യവും പരസ്യവുമായ നീക്കങ്ങൾ തികച്ചും ആത്മഹത്യാപരമാണ്. കൊലക്കയർ സ്വയം കഴുത്തിലിടുകയോ? എന്നെ സ്നേഹിക്കുന്നവരോട് ഞാൻ യാചിക്കുന്നു. നിങ്ങൾ ഈ അനുചിത നീക്കത്തിൽ കൂട്ടുചേരരുത്. എ.പിക്ക് നമ്മൾ ഔദാര്യപൂർവ്വം കൈവെള്ളയിൽ വെച്ചുകൊടുത്തതല്ല ഇന്നുള്ള പദവി. ദീർഘമായ, നിസ്വാർത്ഥമായ ത്യാഗപരിശ്രമങ്ങളിലൂടെ, തനിക്കർഹമായ പടവുകൾ ചവിട്ടി അദ്ദേഹം അവിടെ എത്തിപ്പെടുകയായിരുന്നു. അതിൽ നാം എന്തിന് അസൂയപ്പെടണം? എന്തിന് വേവലാതിപ്പെടണം? എ.പി. അബ്ദുൽ ഖാദിർ മൗലവി തെറ്റുകുറ്റങ്ങൾക്കതീതനാണെന്ന് എനിക്കഭിപ്രായമില്ല. നമ്മളെല്ലാവരും അങ്ങനെയാണ്. നാം സ്വയം തിരുത്തണം. എ.പി.യും തിരുത്തണം. അതിന്നായി അദ്ദേഹത്തെ സജ്ജനാക്കണം. എന്റെ സുഹൃത്തുക്കളോട് എനിക്കതാണ് പറയാനുള്ളത്. ശക്തവും നിസ്വാർത്ഥവുമായ നേതൃപാടവത്തിന്റെ ദൗർലഭ്യം അനുഭവിക്കുന്ന ഒരു കാലഘട്ടമാണിത്. ഉസ്മാൻ ഡോക്ടറില്ല, കെ.പിയില്ല, ഇട്ടോളിയില്ല. ഉള്ളവരിൽ പലരും അവശരാണ്. എന്നെപ്പോലുള്ള സാധുക്കളെ ഇത്തരം രംഗങ്ങളിൽ ഒന്നിനും പറ്റുകയില്ല. അതുകൊണ്ട് അല്ലാഹുവിന്റെ തൃപ്തി പ്രധാനമാക്കിയും സംഘടനയുടെ ഭദ്രത തുല്യമായി ഗണിച്ചും വിട്ടുവീഴ്ച ചെയ്യുക അങ്ങോട്ടുമിങ്ങോട്ടും. അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

അങ്ങനെ സമ്മേളനത്തിന് അനുമതി ലഭിച്ചു. രണ്ടാം ദിവസം വെള്ളിയാഴ്ച സമ്മേളന നഗരിയിൽ ജുമുഅ നമസ്കാരം തീരുമാനിച്ചിട്ടുണ്ട്. സർക്കാർ മിഷനറികളുടെ സൂക്ഷ്മവലയത്തിലാണ് സമ്മേളനം. വ്യാഴാഴ്ച രാത്രി കെ.പിയുടെ ഒരു ദൗത്യവുമായി കെ.എൻ. ഇബ്റാഹീം മൗലവി എന്നെ തേടി വന്നു. ജുമുഅ ഖുതുബ ഞാൻ നടത്തണം. അതിന് എന്നെ സമ്മതിപ്പിക്കാൻ കെ.എൻ.ഇ.യെ ഏൽപിച്ചിരിക്കുന്നു. പ്രക്ഷുബ്ധ സങ്കീർണ്ണ സാഹചര്യത്തിൽ അതിപ്രധാനമായ ഈ ഭാരം ഞാൻ ഏൽക്കണമത്രെ! നേതൃത്വത്തിന് എന്നും ഒരു ശല്യമായ എന്നെ സംഘടനാതലത്തിൽ നിന്നും ദൂരെ നിർത്തിയിരിക്കുകയാണെന്ന് എന്റെ ശത്രു

ക്കൾ വമ്പിച്ച പ്രചാരവേല നടത്തിക്കൊണ്ടിരിക്കുന്ന ഒരു സന്ദർഭം. അപ്പോൾ ഈ 'പൊട്ടിത്തെറിച്ചവനെ' തികഞ്ഞ ഔദ്യോഗികത വെളിവാക്കപ്പെടുന്ന ഒരു കൃത്യനിർവ്വഹണത്തിന് കെ.പി. നിയോഗിക്കുകയോ?! ഞാൻ ശരിക്കും ഭയന്നു. വികാരവിവശനായി. പ്രതിഭാസമ്പന്നനായ ആ നേതാവിന്റെ മനസ്സിൽ എന്നെ എത്ര ആഴത്തിൽ കുടിയിരുത്തിയിരുന്നുവെന്ന് അന്ന് ഞാൻ അറിഞ്ഞു. എന്റെ ആദർശ വീഥിയിലെ നീണ്ട കാലയളവിൽ ഹൃദയത്തെ മഥിച്ച അപൂർവ്വ സ്മരണകളിലൊന്നായി ആ സംഭവം ജീവിക്കുന്നു. ലക്ഷത്തോളം വരുന്ന ആ മഹാ സദസ്സിൽ അധികാരികളുടെ വിവിധ ഗ്രൂപ്പുകൾ കുറിപ്പുകളെടുക്കാൻ ഒരുങ്ങി നിൽക്കുമ്പോൾ ഞാൻ ഖുത്ബ നടത്തി. നമസ്കാരത്തിന് നേതൃത്വവും നൽകി. എന്റെ മനസ്സിന്റെ ആശ്വാസത്തിനുവേണ്ടി എന്റെ സഹചാരി എ.എ. ഹമീദുമായി ഖുത്ബയിലെ വിഷയത്തെക്കുറിച്ച് ഒരഭിപ്രായം ആരാഞ്ഞിരുന്നു. ഒന്നാം ഖുത്ബ പരലോക വിശ്വാസത്തെക്കുറിച്ചായിരിക്കണമെന്ന് ഞാൻ സ്വയം നിശ്ചയിച്ചിരുന്നു. രണ്ടാം ഖുത്ബയുടെ കാര്യത്തിൽ ഒരു കൺഫ്യൂഷൻ. നിശ്ചയമില്ലായ്മ എന്ന് പറയാം. രണ്ടാം ഖുത്ബ സമ്മേളന പ്രമേയമായ 'മതം മനുഷ്യ സൗഹാർദത്തിന്' എന്നായാലോ? ഹമീദ് അഭിപ്രായപ്പെട്ടു. എനിക്കത് നന്നെ ബോധിച്ചു. ഒരു പ്രത്യേക സാഹചര്യത്തിൽ സാമൂഹിക പ്രതിബദ്ധതയുള്ള വിഷയമായതിനാൽ അതിന്റെ ചേരുവകൾ ഞങ്ങൾ ചർച്ച ചെയ്തുതന്നെ തീരുമാനിച്ചു. കെ.പി. അടക്കമുള്ള എന്റെ നേതാക്കൾ എന്റെ മുമ്പിലിരുന്നു ഖുത്ബ കേട്ടു. എന്റെ പിന്നിൽ അണിനിരന്നു നമസ്കരിച്ചു. ഈ അസുലഭ ഭാഗ്യം ഞാൻ മറക്കുമോ? ഇല്ല. ഒരിക്കലുമില്ല. അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താൽ എല്ലാം സംതൃപ്തമായി. എന്നോട് ഇങ്ങനെ സ്നേഹം പ്രകടിപ്പിക്കാൻ, എന്നിൽ ഇങ്ങനെ വിശ്വാസമർപ്പിക്കാൻ കെ.പിക്ക് മാത്രമേ കഴിയുമായിരുന്നുള്ളൂ.

നിസ്വാർത്ഥത, നിഷ്കളങ്കത, ത്യാഗബോധം, വിനയം, സഹനശക്തി തുടങ്ങിയ അദ്ദേഹത്തിന്റെ സദ്ഗുണങ്ങൾക്ക്, പ്രതിഫലം നൽകാൻ കെ.പി.യെ അല്ലാഹു മടക്കിവിളിച്ചു. "ശാന്തമായ ആത്മാവേ... എന്റെ നല്ല അടിയാറുകളുടെ കൂട്ടത്തിൽ പ്രവേശിക്കൂ." എന്ന റബ്ബിന്റെ അനുമോദനവും സ്വീകരണവും മഹാനവർകൾക്ക് ലഭിച്ചിരിക്കുമെന്ന് നമുക്ക് ആശിക്കാം. അങ്ങനെ ഏറ്റവും പ്രിയപ്പെട്ട പ്രവാചകരോടും കൂട്ടുകാരോടും വക്കം മൗലവി, കെ.എം. മൗലവി, എം.സി.സി. മൗലവി, ശൈഖ് മൗലവി, ജമാലുദ്ദീൻ മൗലവി, സൈദ് മൗലവി, അലവി മൗലവി, അമാനി മൗലവി, ഡോ. ഉസ്മാൻ സാഹിബ് മുതലായവരുടെ കൂടെയും സഹവസിക്കുവാൻ അല്ലാഹു അദ്ദേഹത്തിന് സൗഭാഗ്യം പ്രദാനം ചെയ്യട്ടെ. ഈ സാധു

വിനും ആ സഹവാസം ലഭിക്കണമെന്നത് അടങ്ങാത്ത മോഹമാണ്. അല്ലാഹുവേ കനിയേണമേ.

ഒരു അറബിക്കവിതയിൽ നിന്ന് രണ്ടു വരികൾ. “മനുഷ്യാ നീ കരയുകയും ആളുകൾ സന്തോഷിച്ചു ചിരിക്കുകയും ചെയ്യുന്ന അവസ്ഥയിലാണല്ലോ നിന്റെ മാതാവ് നിന്നെ പ്രസവിച്ചത്. എന്നാൽ നിന്റെ മരണവേളയിൽ ആളുകൾ കരയുന്ന സന്ദർഭത്തിൽ നീ ചിരിക്കുന്നവനായിരിക്കുവാൻ അദ്ധ്വാനിക്കുക,” ഭക്തനും ഗുണസമ്പന്നനുമായ നമ്മുടെ പ്രിയപ്പെട്ട കെ.പിയുടെ മരണം മേൽപറഞ്ഞ അവസ്ഥയിലായിരിക്കുമെന്നാശിക്കാം. കേരളത്തിലും ഇന്ത്യയിലും അറബ് നാടുകളിലുമുള്ള സലഫികൾ കെ.പി.യുടെ മരണത്തിൽ ദുഃഖിക്കുന്നു. നമ്മളെപ്പോലെ. ഈ മഹാവേദനക്ക് അല്ലാഹു പ്രത്യേക പ്രതിഫലം നൽകട്ടെ. അദ്ദേഹത്തേക്കാൾ ഉത്തമനായ ഒരാളെ പകരം തരട്ടെ. ഇപ്രകാരം പ്രാർത്ഥിക്കുവാൻ പ്രവാചകൻ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. നമുക്ക് പ്രാർത്ഥിക്കാം. പക്ഷെ, തത്തുല്യമായ ഒരാളെ ഞാൻ ഇപ്പോൾ കാണുന്നില്ല. അല്ലാഹുവിൽ ശരണം!

ഞാൻ പറഞ്ഞുകൊണ്ടിരിക്കുന്ന വിഷയം സൽസബീലിന്റെ പശ്ചാത്തലമാണ്. ഓർമ്മകൾ ചിതറി പലേടത്തേക്കും സഞ്ചരിച്ചു. ഓർമ്മകൾ അയവിറക്കുമ്പോൾ വികാരങ്ങൾ വിചാരങ്ങളെ മറികടക്കുന്നത് സ്വാഭാവികമാണ്. മനുഷ്യമനസ്സിന്റെ ചില ദൗർബല്യങ്ങൾ! 1971 ഫെബ്രുവരിയിൽ ത്രൈമാസികയായി ആരംഭിച്ച സൽസബീൽ 72 ജനുവരി മുതൽ മാസികയായി പുരോഗമിച്ചു. വരിക്കാരും വായനക്കാരും വർദ്ധിക്കുകയും സഹായ സഹകരണങ്ങൾ ഏറിവരികയും പണ്ഡിതന്മാരും നേതാക്കളും ബുദ്ധിജീവികളും ആശംസകൾ കൊണ്ട് പ്രോത്സാഹിപ്പിക്കുകയും ചെയ്തപ്പോൾ മതപ്രചാരണ രംഗത്ത് ഒരവശ്യഘടകമായി സൽസബീൽ രൂപാന്തരപ്പെട്ടിരുന്നു എന്ന് ബോധ്യമായി. സാധാരണ പത്ര ശൈലിയിൽ നിന്നും വ്യത്യസ്തമായ ഒരു വഴിത്താരയും ഇതിന് കാരണമായിട്ടുണ്ടാകാം. ആദർശ ശത്രുക്കൾ പ്രസ്ഥാനങ്ങളായാലും വ്യക്തികളായാലും അവരെ നേരിടുമ്പോൾ മുറിവേൽപ്പിക്കാതെ പൗഡർ പൂശുന്ന ശൈലിയിൽ വിമർശിക്കുന്നത് പ്രതിപക്ഷ ബഹുമാനത്തിന്റെ സാംസ്കാരിക രൂപമാണെന്ന് പൊതുവെ ഗണിക്കപ്പെടുന്നത് കാണാം. അല്ലെന്ന് ഞാൻ പറയുന്നില്ല. നാം കൈകാര്യം ചെയ്യുന്ന വിഷയത്തിന്റെ ഗുരുതരാവസ്ഥയും പ്രാധാന്യവും വായനക്കാരുടെ മനസ്സിൽ ഏൽപിക്കുവാൻ പലപ്പോഴും ഈ ശൈലികൊണ്ട് സാധ്യമാകാറില്ല. ഒരു വായിച്ചു തള്ളൽ മാത്രം. എന്തോ ചില്ലറ അഭിപ്രായാന്തരങ്ങളുണ്ടെന്നുള്ള ഒരു തോന്നൽ മാത്രം. എന്നാൽ ഞാൻ ധരിക്കുന്നത് മറ്റൊന്നാണ്. വിമർശനത്തിന്റെ മൂർച്ച കുറ

ക്കുന്നതും സോപ്പിംഗ് ശൈലിയും പ്രതിപക്ഷ ബഹുമാനമാകുന്നില്ല. രചനയും ഒരു ജിഹാദാണ്. മനുഷ്യ മനസ്സുകളോടുള്ള ജിഹാദ്. ആദർശ ശത്രുവിനോടുള്ള യുദ്ധം എന്ന സാരവും ഇതിലുണ്ട്. അപ്പോൾ തെളിവുകളുടെ അടിസ്ഥാനത്തിൽ വിഷയത്തിന്റെ മർമ്മം വായനക്കാർക്ക് നൽകുകയും രൂക്ഷമായ ശൈലിയിൽ എതിരാളിയെ മുറിവേൽപിക്കുകയും വേണം. വായനക്കാരുടെ ചിന്തയെ കുലുക്കുകയും എതിരാളിയെ ക്ഷീണിപ്പിക്കുകയും വേണം. ചിലപ്പോൾ അദ്ദേഹം രോഷാകുലനായേക്കാം. അധികവും അനുഭവം അങ്ങനെയാണ്. താൻ ആക്രമിക്കപ്പെട്ടു എന്ന ധാരണയിൽ നേരിടാനൊരുങ്ങുമ്പോൾ വികാരം മാത്രമേ കൈമുതലായി എടുക്കുകയുള്ളൂ. വിഷയ ബന്ധിതമായി നേരിടുകയും തെളിവുകൾ നിരത്തി വിജയിക്കാൻ ശ്രമിക്കുകയും ചെയ്യുന്നതിന് പകരം വിമർശകനെ വ്യക്തിപരമായി തേജോവധം ചെയ്യാൻ ആയുധമേന്തും. അങ്ങനെ അയാളുടെ അഥവാ അവരുടെ മൂല്യച്യുതി മുഖംമൂടി മാറ്റി വെളിയിൽ വരികയും ചെയ്യും. ഇതുമൂലം പ്രതിപക്ഷ ബഹുമാനമെന്ന സത്ത രണ്ടിടത്തും ചോർന്നുപോകുന്നു.

എന്നാൽ പ്രതിപക്ഷ ബഹുമാനം പാലിക്കാൻ ഞാൻ കണ്ടെത്തിയ രീതി മറ്റൊന്നായിരുന്നു. പത്രം എന്റെ ഉടമസ്ഥതയിലും തൂലിക പ്രധാനമായും എന്റേതുമാണ്. ഞാൻ വിഷയത്തോടൊപ്പം അതിന്റെ കർത്താക്കളേയും വെളിപ്പെടുത്തും. 'ചിലർ പറയുന്നു:' 'തല്പരകക്ഷികളുടെ വാദം' തുടങ്ങിയ പതിവ് ശൈലി ഞാൻ സ്വീകരിക്കുന്നില്ല. വായനക്കാർ ഈ ചിലരേയും കക്ഷികളേയും ഏതെന്ന് തെരക്കി നടക്കണം. അതുണ്ടാവില്ല. വായിച്ചുതള്ളലേ ഉണ്ടാകൂ. അപ്പോൾ വ്യക്തികളേയും കക്ഷികളേയും സമൂഹത്തിന്റെ മുന്നിൽ കൊണ്ടുവരണം. വ്യതിയാനങ്ങളുടേയും തിരുത്തൽ വാദങ്ങളുടേയും കർത്താക്കളെ ജനം മറയില്ലാതെ തിരിച്ചറിയണം. അവർക്ക് നീറ്റലുണ്ടാകണം. അപ്പോൾ എനിക്ക് ധാർമ്മികമായ ഒരു ബാധ്യതയുണ്ട്. ഞാൻ വിമർശിക്കുന്ന കക്ഷികൾക്കും വ്യക്തികൾക്കും തങ്ങളുടെ നിലപാട് വ്യക്തമാക്കാൻ എന്റെ പത്രത്തിന്റെ താളുകൾ സ്വതന്ത്രമായി അനുവദിക്കണം. എന്റെ വായനക്കാരോട് തന്നെ മുഖാമുഖം സംവദിക്കാൻ അവർക്ക് അവസരം നൽകണം. ഈ സ്വഭാവം പൊതുവെ കാണാത്തതാണ്.

പക്ഷെ, ഞാൻ സൽസബീലിന്റെ ഒന്നാം തിയ്യതി മുതൽ തന്നെ എന്റെ ശൈലി വ്യക്തമാക്കി. സൽസബീലിൽ വിമർശിക്കപ്പെടുന്ന വ്യക്തികൾക്കും പ്രസ്ഥാനത്തിന്റെ വക്താക്കൾക്കും വായനക്കാർക്കും പ്രതികരിക്കാൻ പേജുകൾ അനുവദിക്കും. പലപ്പോഴും വിഷയത്തിന്റെ പ്രാധാന്യമനു

സരിച്ച്. ഒരു ലേഖനം കിട്ടിയാൽ പ്രസിദ്ധീകരിക്കുന്നതിനു മുമ്പ് അതിന്റെ വക്താക്കൾക്ക് പകർപ്പെടുത്ത് അയച്ചു കൊടുക്കും. മറുപടി ഉണ്ടെങ്കിൽ അയച്ചുതന്നാൽ രണ്ടും ഒപ്പം പ്രസിദ്ധീകരിക്കും. വായനക്കാർ ഇരുഭാഗവും ശ്രദ്ധിച്ച് വായിച്ച് യുക്തമായത് സ്വീകരിച്ചുകൊള്ളട്ടെ. പത്രപ്രവർത്തനരംഗത്ത് ഈ ശൈലി ഞാൻ എവിടെ നിന്നെങ്കിലും കടമെടുത്തതല്ല. എന്റെ സ്വന്തമാണ്. ഈ പ്രഖ്യാപിത ശൈലിയുമായി മൂന്നു പതിറ്റാണ്ടുകൾ ഞാൻ സൽസബീൽ നടത്തി. സുന്നി, ജമാഅത്തെ ഇസ്‌ലാമി, ഖാദിയാനി, യുക്തിവാദി, ക്രിസ്ത്യൻ മിഷനറി തുടങ്ങിയ വിഭാഗങ്ങളുടെ തെറ്റായ ആദർശങ്ങൾക്കെതിരിൽ സൽസബീൽ പോരാടി. മതരംഗത്ത് ശക്തിയും ഒഴുക്കുമായി പ്രസിദ്ധിയാർജ്ജിച്ച, മുസ്‌ലിംകൾക്കിടയിലും അമുസ്‌ലിംകൾക്കിടയിലും ഖ്യാതി നേടിയ തൂലികയുടെ ഉടമയായ സി.എൻ. അഹ്മദ് മൗലവി, സുന്നി നേതാക്കളായ കൂറ്റനാട് കെ.വി. മുഹമ്മദ് മുസ്‌ലിയാർ, ടി.കെ. അബ്ദുല്ല മുസ്‌ലിയാർ (പരപ്പനങ്ങാടി), മുസ്തഫൽ ഫൈസി തുടങ്ങിയ ഖുർആൻ വ്യാഖ്യാതാക്കളും എന്റെ വിട്ടുവീഴ്ചയില്ലാത്ത വിമർശനത്തിന് വിധേയരായി. വ്യക്തികളെന്ന നിലയിൽ ഏറ്റവും രൂക്ഷമായി വിമർശിക്കപ്പെട്ടത് അബുൽ അഅ്‌ലാ മൗദൂദിയും സി.എൻ. അഹ്മദ് മൗലവിയുമായിരുന്നു. മൗദൂദി സാഹിബ് പാക്കിസ്ഥാനിലായിരുന്നതിനാൽ എന്റെ വിമർശനം നേർക്കുനേരെ അദ്ദേഹത്തിന് എത്തുകയില്ലെന്ന് ഞാൻ മനസ്സിലാക്കിയിരുന്നു. ഈ വിടവ് എന്നാൽ കഴിയും വിധം ഞാൻ നികത്തിയിട്ടുണ്ട്. മൗദൂദിക്കെതിരിൽ ഞാൻ ഉയർത്തിയ ഏറ്റവും മുഖ്യമായ വിഷയം ശഹാദത്ത് കലിമയുടെ അർത്ഥത്തിൽ ഗുരുതരമായ മാറ്റം വരുത്തിയെന്നതാണ്. എന്റെ വാദം ഔദ്യോഗികമായും ഉന്നത നിലവാരത്തിലും അദ്ദേഹത്തിന്റെ മുന്നിൽ എത്തിക്കണമെന്ന് ഞാൻ ആശിച്ചു. 1973ൽ ആദ്യമായി അതിനുള്ള ഒരു ശ്രമം നടത്തി. സുഊദി വിദ്യാഭ്യാസ വകുപ്പിലെ രണ്ടു ഉന്നത വ്യക്തികൾ കേരളത്തിൽ വന്നു. സുലൈഫീഹ്, അമീൻ അബ്ദുല്ല എന്നിവർ. കൊച്ചി വിമാനത്താവളത്തിലാണ് അവർ ആദ്യം വന്നിറങ്ങിയത്. കൊച്ചി മുഹാജിദീൻ ഓറിയന്റൽ ഹൈസ്കൂൾ ആഡിറ്റോറിയത്തിൽ വെച്ച് അവർക്ക് സമുചിതമായ ഒരു വരവേൽപ്പ് നടത്തിയിരുന്നു. ഈ സന്ദർശന വിവരം ലഭിച്ചപ്പോൾ ഞാൻ അറബിയിൽ വിശദമായ ഒരു ചോദ്യം തയ്യാറാക്കി അച്ചടിച്ചു. മൗദൂദിയുടെ തിരുത്തൽ വാദത്തെക്കുറിച്ചു കാര്യകാരണസഹിതമുള്ള ഒരു ചോദ്യം. അറബി ഉദ്യോഗ മേധാവികളെ മലബാറിലേക്ക് സ്വീകരിച്ചു കൊണ്ടുപോകാൻ ജമാഅത്ത് നേതാക്കളുടെ ഒരു സംഘം അബുൽ ജലാൽ മൗലവിയുടെ നേതൃത്വത്തിൽ കൊച്ചിയിൽ എത്തിയിരുന്നു. സ്വീകരണച്ചടങ്ങിൽ വെച്ച് ഈ ചോദ്യം അതിഥികളായ അറബികൾക്കും

ജമാഅത്ത് നേതാക്കൾക്കും മുജാഹിദ് പണ്ഡിതന്മാരിൽ അവിടെ ഹാജറുണ്ടായിരുന്നവർക്കും വിതരണം ചെയ്തു. സംഘാടകരായ മുജാഹിദ് പ്രധാനികൾക്ക് എന്നോട് നീരസമുണ്ടായി. ആ ചടങ്ങിന്റെ ഔപചാരികതക്ക് ഞാൻ പോറലേൽപിച്ചു എന്ന പരാതി. ഞാൻ അത് മുഖവിലക്കെടുത്തില്ല. അവരുടെ ദീർഘവീക്ഷണമില്ലായ്മയിൽ ഞാൻ പരിതപിച്ചു. അറബികൾ മലബാർ യാത്ര പൂർത്തിയാക്കി കൊച്ചിയിൽ മടങ്ങിയെത്തി. കൊച്ചിവഴി തന്നെയായിരുന്നു മടക്കയാത്ര. യാത്രയയപ്പിന്നായി ഞാനും ചില സുഹൃത്തുക്കളും ചെന്നു. ജമാഅത്ത് നേതാക്കളുടെ ചുറ്റളവിൽ അവർ അതിഥികൾക്കായുള്ള മുറിയിൽ വിശ്രമിക്കുകയാണ്. ഞാൻ സലാം പറഞ്ഞു കയറിച്ചെന്നു. അവർ എഴുന്നേറ്റ് സലാം മടക്കി എന്റെ കൈപിടിച്ച് എന്നെ പുറത്തേക്ക് കൂട്ടിക്കൊണ്ടുപോയി. എനിക്കവരുമായി മുൻ പരിചയമില്ലായിരുന്നു. പക്ഷെ, എന്റെ ചോദ്യാവലി വായിക്കുകയും ജമാഅത്ത് നേതാക്കളിൽ നിന്ന് വിശദമായി എന്നെക്കുറിച്ച് അറിയുകയും ചെയ്തിരുന്നു. ജമാഅത്ത് അനുഭാവികളും ഗുണകാംക്ഷികളുമായ അറബി ഉദ്യോഗസ്ഥർ എന്നെ അനുനയിപ്പിക്കാൻ ശ്രമിച്ചു. ജമാഅത്ത് നേതാക്കൾക്ക് എന്നെക്കുറിച്ചുള്ള വലിയ മതിപ്പിന്റെ ഒരു ചിത്രമാണ് അവർ ആദ്യം അവതരിപ്പിച്ചത്. അപ്പോൾ തന്നെ എനിക്ക് കാര്യം പിടികിട്ടി. ഈ ദുനിയാവിൽ അവർ ഏറ്റവും വെറുപ്പോടുകൂടി കാണുന്ന വ്യക്തി ഞാനാണെന്ന് എനിക്കറിയാം. പിന്നെ എന്താണിത്? വെറും സോപ്പിംഗ്. വിമർശനം ഒഴിവാക്കി കഴിയുന്നടത്തോളം ജമാഅത്തുമായി സഹകരിച്ചു പോകണം എന്ന ഉപദേശമാണ് അവർ നൽകിയത്. ഞാൻ സമ്മതിച്ചു. പക്ഷെ, ഒരു നിബന്ധന. എന്റെ ചോദ്യത്തിനു മറുപടി കിട്ടണം. ശൈഖ് ഇബ്നുബാസിൽ നിന്നും നിങ്ങൾ മറുപടി വാങ്ങിതരണം. എന്റെ വാദം തെറ്റാണെന്ന് അദ്ദേഹം കാര്യകാരണസഹിതം പറയുന്നപക്ഷം ഞാൻ മാപ്പു പരസ്യപ്പെടുത്തുകയും ജമാഅത്തിന്റെ സഹായിയായി മാറുകയും ചെയ്യുന്നതാണ്. അവർ സമ്മതിച്ചു. ഞങ്ങൾ സന്തോഷമായി പിരിഞ്ഞു. ഞാൻ ചോദ്യം ശൈഖിന് തപാലിൽ അയക്കുകയും ചെയ്തു. അടുത്ത വർഷം ഞാൻ ഹജ്ജിന് പോയി. അവിടെവെച്ച് മേൽപറഞ്ഞ പ്രമുഖരെ ഞാൻ കണ്ടു. അവരിൽ നിന്ന് ഒരു ഒഴിഞ്ഞുമാറ്റമാണ് അനുഭവപ്പെട്ടത്. അവർ ഏറ്റുപോയ പ്രകാരം ശൈഖ് ഇബ്നുബാസുമായി ബന്ധപ്പെടൽ ഉണ്ടായില്ലെന്ന് ഞാൻ പിന്നീടറിഞ്ഞു. ഞാൻ ശൈഖിനെ കണ്ടു. ചോദ്യം കിട്ടി എന്ന് അദ്ദേഹം പറഞ്ഞു. തന്റെ ഒരു കവറിങ്ങ് ലറ്ററോടൊപ്പം ചോദ്യം മൗദൂദി സാഹിബിന് അയച്ചിട്ടുണ്ടെന്നും അദ്ദേഹത്തിന്റെ മറുപടി ലഭിച്ച ശേഷം വേണ്ടത് ചെയ്യാമെന്നും ശൈഖ് പറഞ്ഞു. എനിക്ക് സന്തോഷവും ആശ്വാസവുമായി. എന്റെ വിമർശനം നേർക്കുനേർ എത്തേ

ണ്ടിടത്ത് എത്തിയിരിക്കുന്നുവല്ലോ. പക്ഷെ, മറുപടി ഉണ്ടായില്ല. ഒന്നു രണ്ടു തവണ ശൈഖിന്റെ ശ്രദ്ധയിൽ പെടുത്തി. വരട്ടെ, കാത്തിരിക്കാം എന്നദ്ദേഹം പറഞ്ഞു. ശൈഖ് അവർകൾ മനഃപൂർവ്വമായ ഒരു മൗനം പാലിക്കുന്നതുപോലെ എനിക്ക് തോന്നി. പിന്നീട് ഞാൻ ചോദിച്ചില്ല. സുഊദിയിലെ പ്രമുഖരായ പല പണ്ഡിതന്മാർക്കും കാര്യം ബോധ്യപ്പെട്ടിട്ടുണ്ടെന്ന് സമ്പർക്കത്തിൽ എനിക്ക് മനസ്സിലായി. പക്ഷെ, ആരും തുറന്ന് പ്രതികരിക്കുന്നില്ല. സുഊദി ഭരണകൂടത്തിൽ മൗദൂദിക്ക് വലിയ പരിഗണനയുണ്ട്. ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ ഇസ്‌ലാമിക ഭരണത്തിനു വേണ്ടിയുള്ള ജിഹാദിന്റെ ഏറ്റവും ഉന്നതനായ വക്താവായി മൗദൂദി പരിഗണിക്കപ്പെടുന്നു. കൊട്ടാരം ആദരിക്കുന്ന ഒരു വ്യക്തിക്കെതിരിൽ ആരും ശബ്ദിക്കൽ അവിടെ പതിവില്ല. ഞാൻ ഉദ്യോഗ സൗകര്യങ്ങൾ വെടിഞ്ഞു സ്വദേശം പൂകിയതിന്റെ പ്രസക്തി ഒരിക്കൽകൂടി എനിക്ക് ബോധ്യമായി.

വർഷങ്ങൾ പിന്നെയും നീങ്ങി. എൺപതുകളുടെ ആദ്യത്തിൽ ഞാൻ സുഊദിയിൽ നിന്നുള്ള മടക്കയാത്രയിൽ പാകിസ്ഥാനിൽ ഏതാനും ദിവസം തങ്ങി. മക്കത്ത് വെച്ച് അടുപ്പം ലഭിച്ച ചില സലഫീ പണ്ഡിത സുഹൃത്തുക്കൾ എനിക്കവിടെ ഉണ്ടായിരുന്നു. കറാച്ചിയിൽ വെച്ച് അവരുമായി ആലോചിച്ച ശേഷം മൗദൂദി സാഹിബിന് അറബിയിൽ ഞാൻ ഒരു കത്ത് തയ്യാറാക്കി. സുഹൃത്തുക്കളുടെ സഹായത്തോടെ മൗദൂദി സാഹിബിന്റെ സെക്രട്ടറിക്ക് നേരിട്ടു കൊടുത്തു. മറുപടി ഇന്ത്യയിലേക്ക് അയക്കാം എന്നദ്ദേഹം ഏറ്റു. പക്ഷെ, ഒരിക്കലും അത് വന്നില്ല. നീണ്ട കാത്തിരിപ്പ് തന്നെ ഫലം. പിന്നീടാണ് മഅ്നാ 'ലാഇലാഹ ഇല്ലല്ലാഹു' എന്ന തലവാചകത്തിൽ ഞാൻ ഒരു പുസ്തകം അറബിയിൽ എഴുതിയത്. അത് അച്ചടിച്ച് നാട്ടിലും വിദേശത്തും കഴിയുംവിധം പരത്തി. ആ കൃതിയെ കുറിച്ചുള്ള നിരൂപണമാണ് ശൈഖ് ഇബ്നുബാസിന്റെ പ്രസിദ്ധമായ മജ്മൂഅ് ഫതാവ എന്ന ഗ്രന്ഥത്തിൽ വന്നത്.

ഞാൻ പറഞ്ഞതിന്റെ ചുരുക്കം: എന്റെ വിമർശനം ഞാൻ മൗദൂദി സാഹിബ് മരണപ്പെടുന്നതിന് മുമ്പ് തന്നെ അദ്ദേഹത്തിന്റെ കൈകളിൽ എത്തിച്ചു. മറുപടി തന്നാൽ ഞാൻ തന്നെ പ്രസിദ്ധീകരിക്കുമെന്ന് അദ്ദേഹത്തോട് വാഗ്ദത്തം ചെയ്യുകയും ചെയ്തു. സൽസബീലിലൂടെ വിമർശിക്കപ്പെട്ട എല്ലാവർക്കും ഈ അവസരം ഉണ്ടായിരുന്നു. വിരലിൽ എണ്ണാവുന്നവർ മാത്രമാണ് ഇത് ഉപയോഗിച്ചത്. ടി.കെ. അബ്ദുല്ല മുസ്‌ലിയാർ പരപ്പനങ്ങാടി, തിരുവനന്തപുരം പാളയം ജുമാമസ്ജിദ് ഇമാം ആയിരുന്ന അബ്ദുൽ ഗഫാർ മൗലവി എന്നിവർ ലേഖനങ്ങൾ അയച്ചു. അവ മറുപടിയോടുകൂടി പ്രസിദ്ധപ്പെടുത്തി. പിന്നീടവർ പിൻവാങ്ങി.

അതല്ലാതെ അവർക്ക് നിവൃത്തിയില്ലായിരുന്നു. യുക്തിവാദി നേതാക്കളാണ് ഏറ്റവും മാന്യമായ സംവാദത്തിന് ഒരുങ്ങിവന്നത്. കേരള യുക്തിവാദി സംഘത്തിന്റെ പ്രസിഡണ്ടും പരമോന്നത നേതാവുമായിരുന്ന എം.സി. ജോസഫ്, മലബാറിൽ പരക്കെ അറിയപ്പെട്ട യുക്തിവാദി പി.സി. കടലുണ്ടി എന്നിവർ 'ദൈവം ഇല്ല' എന്ന വിഷയത്തെ ആസ്പദമാക്കി ലേഖനങ്ങൾ അയച്ചു. രണ്ടുപേരേയും ഞാൻ ഒരു സംവാദത്തിന് തുറന്ന കത്തിലൂടെ ക്ഷണിക്കുകയായിരുന്നു. അതിൽ ആദ്യം ഇടപെട്ടത് ശ്രീ എം.സി. ജോസഫ് വക്കീലായിരുന്നു. ദീർഘകാലം യുക്തിവാദി പ്രസ്ഥാനത്തിന്റെ പ്രമുഖ തേരാളിയായി ശോഭിച്ച ദേഹവും യുക്തിവാദി മാസികയുടെ സർവസ്വവുമായിരുന്നു അദ്ദേഹം. കൊച്ചിയിലെ ഒരു പ്രധാന സലഫീ പ്രവർത്തകനും എന്റെ പ്രത്യേക സ്നേഹിതനുമായ ആർ.എ. ഹംസ മാസ്റ്ററെകൊണ്ട് ഞാൻ എഴുതിച്ച ചെറുലേഖനമാണ് ആദ്യമായി ജോസഫ് വക്കീലിനയച്ചത്. മറുപടിയെന്നോണം ഹ്രസ്വമായ ഒരു കുറിപ്പ് വന്നു. ഒരു സ്രഷ്ടാവ് ഉണ്ടെന്ന വാദം നിരർത്ഥകവും പരിഹാസ്യവുമാണെന്ന് അദ്ദേഹം വാദിച്ചു. ദൈവവിശ്വാസം അന്ധവിശ്വാസമാണെന്നും മതവിശ്വാസികൾ അല്പജ്ഞരാണെന്നും ധ്വനിപ്പിക്കുന്ന അഹങ്കാരത്തിന്റെ ചുവ ലേഖനത്തിലുടനീളം നിറഞ്ഞുനിന്നു. തന്റെ ലേഖനത്തിന് ആരെങ്കിലും മറുപടി അയച്ചാൽ തന്റെ യുക്തിവാദി മാസികയിലും പ്രസിദ്ധീകരിക്കാമെന്ന് അദ്ദേഹം ഏൽക്കുകയും ചെയ്തു.

ഞാൻ ജോസഫ് വക്കീലിന്റെ ലേഖനം എന്റെ ആത്മമിത്രവും സൽസബീലിന്റെ വിജ്ഞാന ഗൈഡുമായ ഡോ. ഉസ്മാൻ സാഹിബിന് അയച്ചുകൊടുത്തു. അടുത്ത ലക്കത്തിലേക്ക് മറുപടി തയ്യാറാക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. ശ്രീ ജോസഫ് വക്കീലിന് മറുപടി എന്ന തലവാചകത്തിൽ ഡോക്ടർ സുദീർഘമായ ലേഖനം അയച്ചു. യുക്തിവാദത്തിന്റെ നട്ടെല്ലു തകർക്കുന്ന വിജ്ഞാനത്തിന്റെ വെള്ളച്ചാട്ടമായിരുന്നു ആ ലേഖനം. വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദത്തിന്റെ അങ്ങേതലയ്ക്കൽ വരെ ഓടിക്കയറി അതിന്റെ നിരർത്ഥകതയും അർത്ഥശൂന്യതയും ആവോളം ബോധ്യപ്പെട്ട് ദൈവ വിശ്വാസത്തിലേക്കും ഇസ്‌ലാമിലേക്കും ഓടിക്കിതച്ച് മടങ്ങിയെത്തി സാത്വികനായി ജീവിതം നയിച്ചിരുന്ന ഡോക്ടർക്ക് തിരിച്ചടിക്കാനുള്ള നല്ലൊരായുധമാണ് കയ്യിൽ കിട്ടിയത്. 'യുക്തിവാദ'ത്തിന് മേൽ ഇസ്‌ലാമിക യുക്തിവിചാരം തുളുമ്പി നിൽക്കുന്ന തന്റെ തൂലികകൊണ്ട് തലങ്ങും വിലങ്ങും അദ്ദേഹം ആഞ്ഞുവെട്ടി. അംഗഭംഗം സംഭവിച്ച നിലയിൽ യുക്തിവാദം തറപറ്റി പിടഞ്ഞു. ശ്രീമാൻ ജോസഫ് വക്കീൽ അമ്പരന്നു. യുക്തിവാദികൾ തലകുനിച്ചു. അത് വായിച്ച മതവിശ്വാസികൾ പുളകം കൊണ്ടു. എം.സി. ജോസഫ്

തന്റെ വാഗ്ദത്തം പാലിച്ചില്ല. അദ്ദേഹത്തിന്റെ മാസികയിൽ ആ ലേഖനം പ്രസിദ്ധപ്പെടുത്താമെന്ന് ഏറ്റിരുന്നതാണ്. വാക്കുപാലിച്ചാൽ വരാവുന്ന യുക്തിവാദ നഷ്ടം അദ്ദേഹത്തിന് ബോധ്യമായി. പക്ഷെ, സത്യത്തിന് വഴങ്ങാൻ അദ്ദേഹം ഒരുക്കമില്ലായിരുന്നു. ഡോകടർ ഉസ്മാൻ സാഹിബിന്റെ അറിവിനെയും കഴിവിനെയും പ്രത്യേകം പ്രശംസിച്ചുകൊണ്ട് തന്ത്രപൂർവ്വം ആ സംവാദത്തിൽ നിന്നും അദ്ദേഹം തലയൂരി. സൽസബീലിന് വരിക്കാർ വർദ്ധിച്ചു. പഴയ കോപ്പികൾക്ക് ഒരുപാട് ആവശ്യക്കാർ കത്തയച്ചു. അതിൽ ക്രിസ്ത്യാനികളും ഹിന്ദുക്കളുമുണ്ടായിരുന്നു. അപ്പോഴാണ് തിരുവനന്തപുരം വി.ജെ.റ്റി ഹാളിൽ യുക്തിവാദി സംഘത്തിന്റെ കേരള സമ്മേളനം നടക്കുന്ന വിവരം കിട്ടിയത്. ഈ സംവാദം ഒരു പ്രത്യേക ലഘുലേഖയായി അച്ചടിപ്പിച്ചു. 'മതവും യുക്തിവാദവും' എന്ന തലവാചകത്തിൽ. ആ സമ്മേളനത്തിൽ എത്തുന്നവർക്ക് അത് വിതരണം ചെയ്യാൻ തീരുമാനിച്ചു. കൊച്ചിയാണ് ഈ പ്രവർത്തനങ്ങളുടെ കേന്ദ്രമായി നിലകൊണ്ടത്. കൊച്ചിയിലെ ഏറ്റവും മിടുക്കനായ സംഘാടകനും മുജാഹിദ് പ്രവർത്തകനും എന്റെ സഹകാരിയും സുഹൃത്തും, ഞാൻ എപ്പോൾ കൊച്ചിയിൽ ഉണ്ടായിരുന്നാലും എന്റെ ക്ഷേമാന്വേഷണങ്ങളിൽ വ്യാപൃതനായി മുഴുവൻ സമയവും എന്നെ ശ്രദ്ധിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന മാന്യവ്യക്തിയുമായ എന്റെ സൽസബീൽ മസ്ജിദിന്റെ മുതവല്ലിയും പരിപാലകനുമായി സദാ സജീവനായി ഇന്നും തുടരുന്ന കെ.കെ. ഉമർ സാഹിബ് ആ ലഘുലേഖയുടെ ഭാണ്ഡവുമായി തനിച്ച് തിരുവനന്തപുരത്തേക്ക് യാത്രയായി. ഉമർ സാഹിബ് നന്മയിൽ എന്നും ഉത്സാഹിയായിട്ടാണ് എനിക്ക് അനുഭവപ്പെട്ടിട്ടുള്ളത്. അദ്ദേഹം തിരുവനന്തപുരത്ത് ചെന്നു സംഘാടകരുമായി ബന്ധപ്പെട്ടു. ലഘുലേഖ കാണിച്ചു അത് ഹാളിൽ എത്തുന്നവർക്ക് ഗെയ്റ്റിൽ നിന്നുകൊണ്ട് വിതരണം ചെയ്യാൻ അനുമതി ചോദിച്ചു. സംഘാടകർ വളരെ മാന്യമായി അതിന് അനുവാദം നൽകുക മാത്രമല്ല, സൗകര്യം ഏർപ്പെടുത്തിക്കൊടുക്കുകയും ചെയ്തു. മാത്രമല്ല, ഒരുക്കമാണെങ്കിൽ സമ്മേളനത്തിൽ ലേശം സംസാരിക്കുവാൻ സമയം അനുവദിക്കാമെന്നും ഉമറിനോട് അവർ പറഞ്ഞു. ഉമർ സാഹിബ് പ്രസംഗകനല്ല. അതുകൊണ്ട് ആ അവസരം ഉപയോഗിക്കുവാൻ കഴിഞ്ഞില്ല. ഇങ്ങനെ ഒരു രംഗം ഊഹിക്കാനെങ്കിലും കഴിഞ്ഞിരുന്നുവെങ്കിൽ തീർച്ചയായും ഞാൻ ഉമറിനോടൊത്ത് ആ യോഗത്തിന് പോകുമായിരുന്നു. പിന്നീട് ഡോ. ടി.എ.എം. ത്വാഹിർ സാഹിബിന്റെ (കൊച്ചി) നേതൃത്വത്തിൽ ആ ലഘുലേഖ വീണ്ടും ആയിരക്കണക്കിന് അച്ചടിപ്പിച്ചു. ഡോ. ത്വാഹിർ ബുദ്ധിജീവിയായ ഒരു സലഫീ ചിന്തകനും നല്ലൊരു വായനാശീലനും ആയിരുന്നു. സി.എൻ. മൗലവിയുടെ ഒരു ഭക്തൻ എന്നു പറയാവുന്ന

അവസ്ഥയിൽ അദ്ദേഹം നിലകൊള്ളുമ്പോഴാണ് സൽസബീൽ ബന്ധം തുടങ്ങിയത്. ബുദ്ധിമാനായ ഡോ. ത്വാഹിർ സത്യം ഗ്രഹിച്ചു. അങ്ങനെ സൽസബീലിന്റെ ശക്തനായ സഹകാരിയായി. 'മതവും യുക്തിവാദവും' എന്ന ലഘുലേഖ വീണ്ടും തിരൂർക്കാടുനിന്നും എന്റെ മകൻ മുബാറക്കിന്റെ ശ്രമഫലമായി അച്ചടിച്ചു. കമ്യൂണിസത്തിന്റെ ആധാരശിലയായ വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദത്തെ സംബന്ധിച്ച് ഡോക്ടർ സൽസബീലിലെഴുതിയ ലേഖനപരമ്പരയും അതിൽ ചേർത്താണ് പ്രസിദ്ധീകരിച്ചത്. പി.സി. കടലുണ്ടി എന്ന തൂലികാനാമത്തിൽ അറിയപ്പെട്ട യുക്തിവാദി നേതാവും ഡോ. ഉസ്മാനും തമ്മിൽ നടന്ന സംവാദത്തിന്റെ രണ്ടാം ഘട്ടവും ഉൾപ്പെടുത്തിയപ്പോൾ അത് ഒരു പുസ്തകം തന്നെയായി. ഇങ്ങനെ ഇസ്‌ലാമിക പ്രചാരണ വീഥിയിൽ യുക്തിവാദികളുമായി മുഖാമുഖം സംവദിച്ച ഏക പത്രം എന്ന ഖ്യാതി സൽസബീലിന് ലഭിച്ചു. ഇതിന് ധൈര്യവും ശക്തിയുമേകിയ അല്ലാഹുവിന് സർവ്വ സ്തുതിയും.

ഓർമകളുടെ തീരത്ത്

## 43

# സി.എൻ. മൗലവിയും ഞാനും

പ്രശസ്തനായ സി.എൻ. അഹ്മദ് മൗലവി എന്റെ ആദർശ പ്രചാരണ വീഥിയിലെ എതിരാളികളിൽ ഏറെ ശക്തനായിരുന്നു. അദ്ദേഹത്തിനെതിരിൽ ഞാൻ പതിറ്റാണ്ടുകൾ ഇടതടവില്ലാതെ എഴുതുകയും പ്രസംഗിക്കുകയും ചെയ്തു. എല്ലാം തികച്ചും ആദർശപരമായിരുന്നു. സി.എൻ. ഒരു പ്രസംഗകനായി ശോഭിച്ചിട്ടില്ല. പക്ഷേ, ആ തൂലിക വളരെ ഒഴുക്കുള്ളതും ശക്തവും ലളിതവുമായ ശൈലിയാൽ വായനക്കാരെ ഏറെ ആകർഷിച്ചതായിരുന്നു. ഏറ്റവും ഗഹനമായ വിഷയങ്ങൾ പോലും ഹൃദ്യമായും ലളിതമായും വിവരിക്കുവാനുള്ള മൗലവിയുടെ കഴിവ് അപാരമായിരുന്നു. മലയാളത്തിലെ പ്രശസ്ത ഖുർആൻ വ്യാഖ്യാതാവ്, ഗ്രന്ഥകാരൻ എന്നീ നിലകളിൽ വിദ്യാസമ്പന്നരായ മുസ്‌ലിംകൾക്കിടയിലും വായനാശീലരായ അമുസ്‌ലിംകൾക്കിടയിലും ഗവൺമെന്റ് തലത്തിൽ പോലും സി.എൻ മൗലവിക്ക് വലിയ അംഗീകാരമുണ്ടായിരുന്നു. ശരീഅത്ത് നിയമങ്ങളിലെ പല വിഷയങ്ങളിലും ഭേദഗതി വേണമെന്ന് ആശിക്കുകയും ശബ്ദിക്കുകയും ചെയ്തിരുന്ന മോഡേണിസ്റ്റ് ചിന്താഗതിക്കാർ സി.എൻ. മൗലവിയെ ഏറെ ഇഷ്ടപ്പെട്ടു. അഥവാ തന്റെ രചനാ വൈഭവത്തിലൂടെ അത്തരം ആശയക്കാർ വർദ്ധിച്ചുവെന്ന് സാരം. ഇത്തരം 'പു

രോഗമനാ'ശയക്കാർ അദ്ദേഹത്തെ മഹാപണ്ഡിതൻ എന്ന് സദാ വാഴ്ത്തിക്കൊണ്ടിരുന്നു. ഒരു കാലഘട്ടത്തിൽ എം.ഇ.എസ്സിന്റെ മാർഗദർശകനായ പണ്ഡിതനായി സി.എൻ. വിശേഷിപ്പിക്കപ്പെട്ടിരുന്നു.

ഇങ്ങനെ സർവ്വഥാ വാഴ്ത്തപ്പെട്ട ഒരു പണ്ഡിത കേസരിയെ എഴുതിയും പ്രസംഗിച്ചും നിരന്തരം എതിർക്കുകയെന്നത് തപസ്യയാക്കിയ ഒരുത്തനെ ഉന്നതതലങ്ങളിലുള്ളവർ എത്ര നീരസത്തോടെ വിലയിരുത്തുമോ അതാണ് എനിക്ക് ലഭിച്ചത്. പക്ഷെ, ഞാൻ നിരാശനായില്ല. വേദനിക്കുകയും ചെയ്തില്ല. എന്റെ വീഥിയിൽ നിന്നും പിൻവാങ്ങുകയോ അറച്ചു നിൽക്കുകയോ ചെയ്തതുമില്ല. സത്യത്തോടുള്ള അടങ്ങാത്ത ആഭിമുഖ്യം മാത്രമാണ് എന്നെ നയിച്ചത്. ആളുകളുടെ വണ്ണമോ വലിപ്പമോ പ്രശസ്തിയോ മാത്രം നോക്കി തള്ളുകയും കൊള്ളുകയും ചെയ്യുന്ന മനോഭാവം ചെറുപ്പം മുതൽ തന്നെ എന്തുകൊണ്ടോ ഞാൻ ശീലിച്ചില്ല. തെളിവുകളുടെ ബലാബലമാണ് ഞാൻ ആധാരമാക്കിയത്. ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യ ﷺ ഇമാം ഫഖ്റുദ്ദീൻ റാസി ﷺ മുഹമ്മദ്ബ്നു അബ്ദിൽ വഹാബ് ﷺ എന്നീ മഹാപരിഷ്കർത്താക്കളുടെ ചില അഭിപ്രായങ്ങളെയും വിശദീകരണങ്ങളേയും വിമർശനാത്മകമായ നിലയിൽ ഞാൻ കൈകാര്യം ചെയ്തപ്പോൾ ധിക്കാരിയും അഹങ്കാരിയും എന്ന വിശേഷണം എന്റെ തലയിൽ കെട്ടിവെക്കപ്പെട്ടു. പക്ഷെ, ആളെ നോക്കിയില്ല. തെളിവാണ് ഞാൻ നോക്കിയത്. ആളെ നോക്കി തള്ളുകയും കൊള്ളുകയും ചെയ്യുന്ന സ്വഭാവം പകർച്ചവ്യാധി പോലെ പടർന്നതാണ് ഈ സമുദായത്തിന് വന്നുഭവിച്ച ദുര്യോഗങ്ങളിൽ പ്രധാനം. ഞാൻ ആ ശീലക്കാരനായിരുന്നുവെങ്കിൽ ശിർക്കിന്റെയും കുഫ്റിന്റെയും കനത്ത വലയത്തിൽ നിന്നും ഒരിക്കലും ഞാൻ രക്ഷ പ്രാപിക്കുമായിരുന്നില്ല. എന്റെ ഗുരുനാഥനും പണ്ഡിതനും അമ്മാവനുമായിരുന്ന അബൂബക്കർ മുസ്‌ലിയാർ, എനിക്ക് താടിരോമം മുളക്കാത്ത പ്രായത്തിൽ ആദർശത്തിന്റെ പേരിൽ എന്നെ ഉപദ്രവിച്ചു. എന്റെ ഹൃദയത്തിൽ മുളച്ചുതുടങ്ങിയിരുന്ന തൗഹീദിന്റെ ഇളം കൂമ്പുകൾ, അത് മൊട്ടിടുന്നതിന് മുമ്പ് ഊഹിച്ചറിഞ്ഞു പിഴുതുകളയാൻ ശ്രമിച്ച ദേഹമായിരുന്നു അദ്ദേഹം. പഠിച്ചറിഞ്ഞതിന് യാതൊരു വിലയും കൽപിക്കാതെ, ഭൂരിപക്ഷത്തിന്റെ അംഗീകാരത്തിനും സ്വന്തം നിലനിൽപിനും വേണ്ടി എന്റെ അമ്മാവൻ എനിക്കെതിരിൽ ഒരുക്കിയ ഒരു കെണിയെക്കുറിച്ച് ഞാൻ നേരത്തെ പറഞ്ഞിട്ടുണ്ട്. വണ്ണ വലിപ്പം നോക്കിയിരുന്നുവെങ്കിൽ ആ ചെറുപ്രായത്തിൽ തന്നെ എഴുന്നേൽക്കാൻ കഴിയാതെ ഞാൻ വീണുപോകുമായിരുന്നു. എന്നാൽ ആ ഗൂഢശ്രമത്തെ നേരിടുകയും സത്യം പരസ്യപ്പെടുത്തുകയും ചെയ്തു. അതിനു

തക്കവണ്ണം ഒരു വലിയ സദസ്സിന്റെ മുമ്പിൽ നിൽക്കാൻ അല്ലാഹു എന്നെ അനുഗ്രഹിച്ചു. കാരുണ്യവാനായ റബ്ബിന് സ്തുതി! സത്യത്തിനുവേണ്ടി പ്രതികരിക്കാനുള്ള മോഹം കൊച്ചുനാൾ മുതൽ ഒരു ദാഹമായി എന്നെ പിന്തുടർന്നിരുന്നുവെങ്കിലും അതിനുള്ള ധൈര്യം ഉദിച്ചത് ഉസ്താദും അമ്മാവനുമായ അബൂബക്കർ മുസ്‌ലിയാരുമായി പരസ്യ സംവാദത്തിന് നിർബന്ധിക്കപ്പെട്ട ആ സാഹചര്യത്തിലൂടെയായിരുന്നു. ആ കഥ തുടക്കത്തിൽ വിശദീകരിച്ചുവല്ലോ.

ഇവിടെ പറഞ്ഞുവന്നത് സി.എൻ. മൗലവിയുമായുള്ള ചില സംഗതികളാണ്. എനിക്ക് അദ്ദേഹത്തെ വലിയ ബഹുമാനമായിരുന്നു. അദ്ദേഹത്തിന് എന്നോട് നല്ല സ്നേഹവുമായിരുന്നു. പലപ്പോഴും വളരെ അടുത്ത് ഇടപഴകുകയും ഒരു കുടുംബ സുഹൃത്തായി നിലകൊള്ളുകയും ചെയ്തിട്ടുണ്ടദ്ദേഹം. എന്റെ മൂത്ത മകൾ ഹബീബയ്ക്ക് (ഇപ്പോൾ പി.എസ്. എം.ഒ. കോളേജിൽ പ്രൊഫസർ) ഒരു വിവാഹാലോചനയുമായി തിരൂർക്കാടുള്ള എന്റെ വീട്ടിൽ മൗലവി ഒരിക്കൽ വന്നിട്ടുണ്ട്. അത്രയും അടുത്ത് ഞങ്ങൾ ഇടപഴകിയിരുന്നു.

പക്ഷെ, എന്നെ ഞെട്ടിപ്പിക്കുകയും അത്ഭുതപ്പെടുത്തുകയും വേദനിപ്പിക്കുകയും ചെയ്ത ഒരു സംഭവമുണ്ടായി. മലപ്പുറം ജില്ലയിലെ കരുവാരകുണ്ട് എന്ന സ്ഥലത്തുനിന്നും 'അൻസാരി' എന്ന പേരിൽ ഒരു മാസിക സി.എൻ മൗലവി പ്രസിദ്ധീകരിച്ചിരുന്നു. ഇതിൽ 'അൽ അസ്ർ' എന്ന ഖുർആനിലെ ചെറിയ അദ്ധ്യായത്തിന് അദ്ദേഹം ഒരു വ്യാഖ്യാനമെഴുതി. 1949ലാണ് സംഭവം. “ഇല്ലല്ലദീന ആമനൂ” – ഈമാൻ കൊണ്ടു മാത്രമേ മനുഷ്യന് രക്ഷയുള്ളൂ എന്ന് പ്രഖ്യാപിക്കുന്ന വചനത്തിന് “പ്രപഞ്ചയാഥാർത്ഥ്യങ്ങളിൽ വിശ്വസിക്കുക” എന്ന് അദ്ദേഹം അർത്ഥമെഴുതി. ശേഷം ഇങ്ങനെ വിശദീകരിച്ചു: പാശ്ചാത്യർ ന്യൂമോണിയ എന്ന രോഗത്തിന് മരുന്ന് കണ്ടുപിടിച്ചു. ഭൂഗർഭ ഗവേഷണ ഫലമായി ജർമ്മൻകാർ ഒരുപാട് വിജ്ഞാനം നേടി മുന്നിലെത്തി. പല പരീക്ഷണ നിരീക്ഷണങ്ങളിലൂടെ അവർ ഭൗതിക യാഥാർത്ഥ്യങ്ങളിൽ പലതും കണ്ടെത്തി. അങ്ങനെ പാശ്ചാത്യർ ഭൗതിക വിജയവും പുരോഗതിയും കരസ്ഥമാക്കി. എന്നാൽ പൗരസ്ത്യർ ഇത്തരം വിഷയങ്ങളിൽ വിമുഖരായി കഴിഞ്ഞു. അതിനാൽ അവർ പരാജിതരാകുകയും അധഃപതിക്കുകയും ചെയ്തു. അദ്ദേഹം വ്യാഖ്യാനിച്ച ഈമാൻ വായിച്ചു ഞാൻ ഞെട്ടുകയും അങ്ങേയറ്റം വേവലാതിപ്പെടുകയുമുണ്ടായി. അല്ലാഹുവിലുള്ള വിശ്വാസത്തെക്കുറിച്ചോ പരലോകത്തെക്കുറിച്ചോ ഈമാന്റെ വ്യാഖ്യാനക്കുറിപ്പിൽ യാതൊന്നുമില്ല. അസഹ്യമായ മനഃപ്രയാസം. ഇത് വായിക്കുന്ന പലർക്കും

ഇക്കാര്യം അവിശ്വസനീയമായി തോന്നാം. എനിക്ക് അസഹനീയത അനുഭവപ്പെട്ടതിന്റെ കാരണം മറ്റൊന്നുകൂടിയാണ്. ശക്തമായ ഒരു തൂലികയുടെ ഉടമയാണ് സി.എൻ. മൗലവി. ആ നിലക്ക് അദ്ദേഹത്തിന്റെ ഗുരുതരമായ ഈ പിഴവിനെക്കുറിച്ച് പ്രതികരിക്കാതെ വിടുന്നത് മതരംഗത്ത് ചിന്താപരമായ വൻ വിപത്തായി ഭവിക്കുമെന്ന് ഞാൻ ഭയപ്പെട്ടു. അറിവും സത്യത്തോട് ആഭിമുഖ്യവുമുള്ള ഏതെങ്കിലും പണ്ഡിതന്മാർ പ്രതികരിച്ചേക്കാം എന്നാശ്വസിച്ച് മൗനിയാകുവാൻ എനിക്ക് തോന്നിയില്ല. ഈ ശീലമാണ് എനിക്ക് പലപ്പോഴും ശത്രുക്കളെ വർദ്ധിപ്പിച്ചതും ചിലപ്പോൾ മിത്രങ്ങളെ ഏറ്റിത്തന്നതും. കുടുംബത്തിലും സമൂഹത്തിലും ഈ വർദ്ധനവ് ഇന്നും തുടരുകയാണെന്ന് തോന്നുന്നു.

ഞാൻ സി.എൻ. മൗലവിക്ക് ഒരു കത്തയച്ചു. "താങ്കളുടെ ഈ വിശദീകരണത്തിന് ഒരു വിമർശനം എഴുതി അയച്ചാൽ അൻസാരി മാസികയിൽ പ്രസിദ്ധീകരിക്കുമോ" എന്ന് അന്വേഷിക്കുന്നതായിരുന്നു കത്തിലെ കാതൽ. ഒരു മറുപടിയും ഉണ്ടായില്ല. കുറെ കാത്തിരുന്നു. തൈ്ധവ! നാളുകളേറെ കഴിഞ്ഞു. ഒരിടത്ത് വെച്ച് മൗലവിയെ നേരിൽ കണ്ടു. കത്തയച്ചതും മറുപടിക്ക് കാത്തിരുന്നതും ഓർമ്മിപ്പിച്ചു. അദ്ദേഹം പറഞ്ഞു: "കത്ത് കിട്ടിയിരുന്നു. മറുപടി അയച്ചില്ല. കാരണം നിങ്ങൾക്കൊന്നും അതിനർഹതയി." ഞാൻ ഒരിക്കൽ കൂടി ഞെട്ടി. വേദനിച്ചു. ഒരിസ്‌ലാമിക പണ്ഡിതന് ഇങ്ങനെ ധിക്കാരവും അഹങ്കാരവും പറയാൻ കഴിയുമോ? വേദനിച്ചുകൊണ്ട് തന്നെ ഞാൻ പിൻവാങ്ങി. പിന്നീട് ഞാൻ നിരന്തരമായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. "അല്ലാഹുവേ, സി.എൻ. മൗലവിയുടെ നവീനമായ മുഴുവൻ ചിന്താരീതികൾക്കുമെതിരിൽ പ്രതികരിക്കാനും പ്രവർത്തിക്കാനുമുള്ള അർഹത കുറച്ചെങ്കിലും ഈ സാധുവിന് കനിഞ്ഞു നൽകേണമേ" കാരുണ്യവനായ റബ്ബ് അൽപം അർഹത കനിഞ്ഞുനൽകി. ഞാൻ പ്രവർത്തിച്ചു. എഴുതി. പ്രസംഗിച്ചു. നീണ്ട പതിറ്റാണ്ടുകൾ. സൽസബീൽ മാസിക തുടങ്ങാൻ എനിക്ക് ധൈര്യം ലഭിച്ച കാരണങ്ങളിൽ മറ്റൊരു പ്രധാന വിഷയം സി.എൻ. മൗലവിക്കെതിരിൽ ശബ്ദിക്കാനുള്ള വ്യഗ്രതയായിരുന്നു. അല്ലാഹുവിന്റെ തൗഫീഖ് കൊണ്ട് ആശാവഹമായ ഫലമുണ്ടായി. സി.എൻ. മൗലവിക്കെതിരിലുള്ള എന്റെ ആദർശയുദ്ധം ഒരു നീണ്ട കഥയാണ്. ചിന്തിക്കുന്നതും രസിപ്പിക്കുന്നതും വേദനിപ്പിക്കുന്നതും ആശ്വസിപ്പിക്കുന്നതുമായ നിരവധി ഓർമ്മകളുടെ കഥ. അതിൽ പ്രധാനപ്പെട്ട ഒരു സംഭവം പറയാം. ശൈഖ് മുഹമ്മദ് നസീഫിന്റെ ചരിത്രം കുറച്ച് നേരത്തെ പറഞ്ഞുവല്ലോ. റാബിത്വയുടെ മുൻ സെക്രട്ടറി ജനറലും ഫഹ്ദ് രാജാവിന്റെ ശൂറാ ചെയർമാനുമായ അബ്ദുല്ല ഉമർ നസീഫിന്റെ പിതാമ

ഹന്മാരിൽ ശൈഖ് മുഹമ്മദ് ഉമർ നസ്വീഫ്ﷺ എന്ന മഹാനുമായി എനിക്ക് പരിചയപ്പെടാൻ സൗഭാഗ്യം സിദ്ധിച്ച കാര്യം മുമ്പ് വിവരിച്ചിട്ടുണ്ട്. അപ്പോൾ മാറ്റിവെച്ച ഒരു സംഭവമാണിപ്പോൾ പറയുന്നത്. സി.എൻ. മൗലവിയുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ഇങ്ങോട്ട് മാറ്റിവെച്ചതാണ്.

സി.എൻ. രചിച്ച ഒരു ഗ്രന്ഥമാണ് 'ഇസ്‌ലാമിലെ ധനവിതരണ പദ്ധതി.' ഞാൻ ഒരിക്കൽ സുഊദിയിലുള്ളപ്പോൾ ഈ ഗ്രന്ഥത്തിന്റെ ഇംഗ്ലീഷ് പരിഭാഷ മൗലവിയുടെ ചില ശിഷ്യന്മാർ മുഖേന റാബിത്വയിൽ സമർപ്പിക്കുകയും അതിന്റെ ലോക പ്രചാരണത്തിന്നായി സഹായമർത്ഥിക്കുകയും ചെയ്തു. ശൈഖ് മുഹമ്മദ് നസ്വീഫിന്റെ ശക്തമായ ശുപാർശ പ്രതീക്ഷിച്ചുകൊണ്ടായിരുന്നു ഈ നടപടി. എന്നാൽ സി.എൻ. അവിടെ എത്തിയിരുന്നില്ല. അപ്പോൾ എനിക്ക് തോന്നി. അടുത്ത വർഷം അദ്ദേഹം ഹജ്ജിന് വരാനുള്ള മുന്നൊരുക്കമാണിതെന്ന്. ഞാൻ നാട്ടിലേക്ക് മടങ്ങി. ഈ വിഷയം എന്റെ മനസ്സിൽ തറഞ്ഞുകിടന്നു. സി.എൻ. മൗലവി ഒരു ഉന്നത ഗ്രന്ഥകാരനാകുന്നു. അറബിയിൽ പരിജ്ഞാനമില്ലാത്തവർക്കും ഭൗതിക വിദ്യാഭ്യാസം നേടി ഉയർന്ന മത്സരങ്ങളിൽ വിഹരിക്കുന്നവർക്കും താരതമ്യേന വായനാശീലമുള്ളവർക്കും ഇസ്‌ലാമിനെക്കുറിച്ച് പഠിക്കാൻ സി.എൻ. മൗലവിയുടെ കൃതികൾ ഒരു തുണയായി ഗണിച്ചിരുന്ന കാലമാണത്. പെരുമ്പാവൂരിലെ മരിക്കാർ കുടുംബാംഗവും ധനാഢ്യനും സമുദായ തൽപരനും മതസ്നേഹിയുമായ അബ്ദുൽ മജീദ് മരിക്കാർ സാഹിബിന്റെ സഹായത്തിലും സംരക്ഷണത്തിലും സി.എൻ. തന്റെ രചന നിർവ്വഹിക്കുന്ന കാലമായിരുന്നു 1960കളുടെ ആരംഭകാലം. മജീദ് മരിക്കാർ സാഹിബിന്റെ പിന്തുണ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്ക് കുറച്ചൊന്നുമല്ല തണലേകിയത്. പഴയ ഇസ്‌ലാഹീ ആദർശക്കാരനും എന്തും നേരിടാൻ കെൽപുള്ള ശരീരവും മനസ്സുമുള്ള ആളായിരുന്ന ശൈഖ് പരീത് സാഹിബും അദ്ദേഹത്തിന്റെ വലംകൈയായി പെരുമ്പാവൂരിൽ ഉണ്ടായിരുന്നു. കഠിന ഖുറാഫാത്തിന്റെ ആ നാട്ടിൽ സി.എൻ. മൗലവിക്ക് ഉറച്ചുനിൽക്കാൻ ഈ രണ്ട് സഹായഹസ്തങ്ങൾ ശക്തി നൽകി.

എന്നാൽ തികച്ചും പ്രതികൂല സാഹചര്യങ്ങളിൽ അദ്ദേഹത്തിന് അല്ലാഹു നൽകിയ പിന്തുണയും സംരക്ഷണവും അല്ലാഹുവിന്റെ ദീനിനെ വികലമാക്കി ചിത്രീകരിക്കുന്നതിനുവേണ്ടിയാണ് തന്റെ പേന മൗലവി ചലിപ്പിച്ചത്. ഖേദകരവും ഏറെ നിർഭാഗ്യകരവുമായ കാര്യം! തന്റെ ഖുർആൻ തർജമയിലും സഹീഹുൽ ബുഖാരി തർജമയിലും മറ്റിതര ഗ്രന്ഥങ്ങളിലും വളരെയേറെ അർത്ഥ വ്യത്യാസവും നൂതന വ്യാഖ്യാനങ്ങളും നൽകി ഒരു തിരുത്തൽവാദി നേതാവായി അദ്ദേഹം പ്രവർത്തിക്കുകയു

ണ്ടായത്. ഖുർആനിലെ അനേകം ആയത്തുകൾക്ക് അദ്ദേഹം അർത്ഥം തെറ്റിച്ചു. പ്രവാചകന്മാരിലൂടെ അല്ലാഹു വെളിപ്പെടുത്തിയ മുഅ്ജിസത്തുക (അസാധാരണ അത്ഭുത സംഭവങ്ങൾ)ളെ അദ്ദേഹം പരിഹാസ്യമാക്കി. വെറും സാധാരണ സംഭവങ്ങളാക്കി തരംതാഴ്ത്തി. ബഹുഭാര്യത്വം, അനന്തരാവകാശം തുടങ്ങിയ പല നിയമങ്ങളേയും ദുർവ്യാഖ്യാനിച്ച് കാലത്തിനൊപ്പിച്ച് കോലം മാറാൻ അദ്ദേഹം തീവ്രശ്രമം നടത്തി. സ്വഹീഹുൽ ബുഖാരി തർജമയ്ക്ക് അദ്ദേഹം രചിച്ച മുഖവുര തർജമയേക്കാൾ കൂടുതൽ പേജുകൾ കൊണ്ട് നിബിഢമായിരുന്നു. ബുഖാരിയുടെ ഹദീസുകളുടെ ഇൻഡക്സ് ഒന്നേമുക്കാൽ പേജ് ആയിരുന്നപ്പോൾ തന്നെ മുഖവുരയുടെ ഇൻഡക്സ് രണ്ടേകാൽ പേജായിരുന്നു. അത്ഭുതം! പ്രവാചകന്റേയും അനുചരന്മാരുടേയും ചരിത്രം വിശദീകരിക്കുന്ന ആ മുഖവുര ഇസ്‌ലാമിന്റെ ഏത് എതിരാളികളേയും സംതൃപ്തമാക്കുന്ന നിലയിൽ ക്രൂരമായിരുന്നു. സ്വഹാബികൾക്കിടയിൽ രാഷ്ട്രീയമായി ഉണ്ടായിത്തീർന്ന ചില ഭിന്നതകളെ പർവ്വതീകരിച്ച് കാണിച്ചുകൊണ്ട് ഇക്കാലത്തെ രാഷ്ട്രീയക്കാർ അധികാരത്തിനുവേണ്ടി നടത്തുന്ന കുതികാൽവെട്ടലും ഗ്രൂപ്പ് സംഘാടനവുമായി സമാനമാക്കുംവിധം ചിത്രീകരിക്കുകയാണ് അദ്ദേഹം ചെയ്തത്. സമകാലിക രാഷ്ട്രീയക്കാരായ അധികാരമോഹികളുമായി ഇവർക്കെന്ത് വ്യത്യാസം എന്ന് സാധാരണ വായനക്കാർക്ക് തോന്നുംവിധം അദ്ദേഹം തന്റെ പേനയിലെ മഷി ഒഴുക്കി. വക്കം മൗലവിയുടെ മരുമകനായിരുന്ന എന്റെ സുഹൃത്ത് മുഹമ്മദ് അബ്ദുസാഹിബ് ഈ മുഖവുരയെക്കുറിച്ച് ഒരു ശക്തമായ വിമർശനം സൽസബീലിൽ ഒരിക്കൽ എഴുതുകയുണ്ടായി.

വിശുദ്ധ ഖുർആനിലെ ഏറ്റവും പ്രധാനപ്പെട്ട 'ഇയ്യാക നഅ്ബുദു' എന്ന വചനത്തിന് മൗലാനാ മൗദൂദിയുടെ അർത്ഥവ്യതിയാനത്തിന് പിന്തുണയേകുന്ന രീതിയാണ് അദ്ദേഹം അവലംബിച്ചത്. സി.എൻ. മൗലവിയുടെ വ്യതിയാനങ്ങളിൽ ഏറ്റവും ഗുരുതരമായ കാര്യം ഇതുതന്നെയാണ്. "നിന്റെ കൽപനകൾക്കേ ഞങ്ങൾ വിധേയമായി ജീവിക്കുകയുള്ളൂ." എന്ന് അദ്ദേഹം അർത്ഥം കൊടുത്തു. "നിന്നെ മാത്രമേ ഞങ്ങൾ ആരാധിക്കുകയുള്ളൂ" എന്നു പറയേണ്ട സ്ഥാനത്ത് ഈ അർത്ഥം പകരമായാലുണ്ടാകുന്ന സ്ഥിതി അതീവ ഗുരുതരമാണ്. അല്ലാഹുവിനെ ആരാധിക്കുന്നതിനോടൊപ്പം മറ്റു വല്ലതിനേയും ആരാധിച്ചാൽ മനുഷ്യൻ കാഫിറാകുമെന്നതാണ് യഥാർത്ഥ അർത്ഥം. ആരാധനയിൽ പറയുന്ന 'മാത്രം' എന്ന കർക്കശമായ ഉപാധിയാണ് ഇസ്‌ലാമികാദർശത്തിന്റെ നെടുംതൂൺ. മറ്റു മതാദർശങ്ങളിൽ നിന്നും ഇസ്‌ലാമിനെ വേർതിരി

ക്കുന്ന മൂലഘടകവും ഇതുതന്നെ. ഇതിന്മേലാണ് മൗദൂദി കത്തിവെച്ചതും സി.എൻ. മൗലവി ആഞ്ഞുവെട്ടിയതും. മറ്റാരുടെയെങ്കിലും നിയമങ്ങൾക്ക് കീഴ്പ്പെടേണ്ടിവന്നാൽ മനുഷ്യൻ കാഫിറാകുമെന്നാണ് ഈ അർത്ഥ വ്യാഖ്യാനത്തിന്റെ ദുഷ്ഫലം. അങ്ങനെ ഒരു നിയമം അല്ലാഹു നൽകിയിട്ടില്ല. റസൂൽﷺ നിർദ്ദേശിച്ചിട്ടില്ല. മാതൃകയിലില്ലതാനും.

ഞാൻ സുഊദിയിലേക്ക് പോകുമ്പോൾ രണ്ടു വിഷയങ്ങളാണ് എന്റെ മനസ്സിനെ മഥിച്ചിരുന്നത്. ഒന്ന് മൗദൂദിസം. രണ്ട് പ്രശസ്തനും തൂലികാ വൈഭവത്താൽ തിളങ്ങി നിൽക്കുന്നതുമായ സി.എൻ. മൗലവി. അദ്ദേഹം തന്റെ പേനകൊണ്ട് ഇസ്‌ലാമിന്റെ ആശയങ്ങൾ ഒന്നൊന്നായി കുത്തിക്കീറുകയും അതിൽ നിന്നൊലിച്ചുവരുന്ന ചോര വിദ്യാസമ്പന്നരും ഭൗതികപ്രതാപികളുമായ മുസ്‌ലിം സുഹൃത്തുക്കൾ തെളിനീർപോലെ ഊറ്റിക്കുടിക്കുകയും ചെയ്യുന്നു. ഞാൻ പഠനത്തിന് സുഊദിയിലേക്ക് പോകുമ്പോൾ മേൽ പറഞ്ഞ രണ്ടു കൂട്ടരും അക്ഷരങ്ങളിലൂടെ നടന്നു കയറുകയാണ്. കുട്ടികളെ ചേർക്കാനല്ലാതെ സ്കൂളിൽ പോയിട്ടില്ലാത്ത സാധുവായ ഞാൻ എന്തു ചെയ്യും? അറബി മലയാളത്തിൽ ഖുർആനിന്റെ പരിഭാഷയും അത്യാവശ്യ വ്യാഖ്യാനവും ഞാൻ എഴുതി പൂർത്തീകരിച്ചിരുന്നു. പക്ഷെ, അത് മുഴുവൻ പ്രസിദ്ധീകരിക്കാൻ അന്ന് കഴിഞ്ഞിട്ടുമില്ല. മുസ്‌ലിം സമൂഹത്തിന്റെയും പുരോഹിതക്കൂട്ടത്തിന്റെയും മുഖം തിരിക്കലും എതിർപ്പും സഹായികളുടെ അപര്യാപ്തതയും വിദ്യാനിധികൾക്ക് അറബി മലയാളത്തോടുള്ള പുച്ഛമനോഭാവവുമെല്ലാം ഇതിന് കാരണമായി ഭവിച്ചു. ശബ്ദം മുഴക്കാൻ കെൽപില്ലാത്ത തൂലികയും നീറുന്ന മനസ്സുമായി ഞാൻ നാടുവിട്ടെങ്കിലും തിരിച്ചുവന്ന് കഴിവിനൊത്ത് പോരാടണമെന്ന് മോഹിച്ചു. പ്രാർത്ഥിച്ചു. മോഹം അതിമോഹമായി. നോട്ടീസുകൾ, ലഘുലേഖകൾ, പ്രസംഗങ്ങൾ. ഒരു പത്രം തുടങ്ങണമെന്നുള്ള ആശ ഒരടി മുന്നോട്ടും രണ്ടടി പിന്നോട്ടും എന്ന നിലയിൽ പേറി നടന്നു. വർഷങ്ങൾ പലതും കഴിഞ്ഞ് 1971ൽ അത് പൂവിട്ടു. ഇത്രയും ആവർത്തിച്ചത് സി.എൻ. മൗലവി എന്റെ മനസ്സിൽ അവഗണിക്കാൻ കഴിയാത്ത ആശയ തീവ്രതയുടെ മേലാളനായി കുടിയേറിയിരുന്നു എന്ന് അറിയിക്കാൻ മാത്രമാണ്. വ്യക്തിയുടെ പ്രശസ്തിയോ പ്രഗത്ഭതയോ പ്രശ്നമല്ല. വിഷയത്തിന്റെ പ്രാധാന്യവും അതിന്റെ തെളിവുകളുമാണ് മുഖ്യം.

ശൈഖ് ഉമർ നസീഫിന്റെ ചരിത്രവുമായി സി.എൻ. കാര്യം ബന്ധപ്പെടുത്തി പറയുന്നതിനു മുമ്പ് ചിലതുകൂടി നമ്മളറിഞ്ഞേ പറ്റൂ. സൽസബീലിന്റെ താളുകൾ നിരന്തരം ഞാൻ ഇതിനുപയോഗിച്ചു. ഇപ്പോഴും ആവർ

ത്തിച്ചുകൊണ്ടിരിക്കുന്നു. ആശയ സംവാദത്തിന്റെ ആവർത്തനം വിരസമാണെന്ന് പറഞ്ഞു തള്ളിക്കളയരുത്. ഖുർആൻ എന്ന പദത്തിന്റെ അർത്ഥം തന്നെ 'പാരായണം ചെയ്യുന്നത്' എന്നാണ്. അപ്പോൾ ഖുർആനിൽ നടത്തുന്ന അട്ടിമറികളെക്കുറിച്ച് ആവർത്തിച്ച് ഉൽബോധിപ്പിച്ചുകൊണ്ടിരിക്കണം. ബോധവത്കരണത്തിന്റെ കാമ്പാണത്.

'ചെങ്കടലിൽ ഒരു റോഡ്' എന്ന തലവാചകത്തിൽ ഞാൻ സൽസബീലിൽ ഒരു വിമർശന ലേഖനം എഴുതിയിട്ടുണ്ട്. വളരെയേറെ ആളുകൾ പഠിക്കുകയും മനസ്സിലാക്കുകയും ചെയ്ത ചരിത്രം. സി.എൻ. മൗലവി തന്റെ തൂലിക വാളാക്കി മാറ്റി വെട്ടുകയും കീറുകയും ചെയ്ത ഒരു പ്രധാന വിഷയമാണിത്. ചരിത്രം വിവരിക്കുന്നില്ല. അല്ലാഹു പ്രത്യേകം അനുഗ്രഹിച്ച ദൂതന്മാരിൽ പ്രമുഖനാണ് മൂസാ നബിعليه السلام. അല്ലാഹു നേരിട്ടു സംസാരിച്ച ശ്രേഷ്ഠൻ. സുദൃഢമായ ദൃഷ്ടാന്തങ്ങളുമായി തൗഹീദിന്റെ പ്രബോധനാർത്ഥം മൂസാനബിعليه السلام തന്റെ സഹോദരനുമൊത്ത് ഈജിപ്തിലെത്തി. ഫറോവയുടെ കൊട്ടാരത്തിൽ കയറിച്ചെന്ന് അയാളെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. സ്വസമുദായത്തിന്റെ മോചനം ആവശ്യപ്പെട്ടു. സംവാദങ്ങൾ നടന്നു. ദൃഷ്ടാന്തങ്ങൾ വെളിപ്പെടുത്തി. മർദ്ദനങ്ങളുടെയും പീഡനങ്ങളുടെയും നീണ്ട പരമ്പര എല്ലാവരുമറിയും. ഒടുവിൽ അല്ലാഹുവിന്റെ ആജ്ഞപ്രകാരം സ്വസമുദായത്തേയും കൂട്ടി മൂസാعليه السلام നാടു വിടുകയാണ്. വിവരമറിഞ്ഞ ഫിർഔനും കൂട്ടാളികളും പിറകെ പാഞ്ഞു. നേരം പുലർച്ചയിൽ അവർ പരസ്പരം കണ്ടുമുട്ടി. അപ്പോൾ ഇസ്‌റാഈല്യർ ചെങ്കടലിന്റെ തീരത്തെത്തിയിരുന്നു. മുമ്പിൽ സമുദ്രം! പിന്നിൽ ശത്രു സന്നാഹം! അവർ ഭയചകിതരായി! മൂസാനബി അവരോട് പറഞ്ഞു: ഇല്ല, നിങ്ങൾ ഭയപ്പെടേണ്ട. എന്റെ റബ്ബ് കൂടെയുണ്ട്. അവൻ എനിക്ക് രക്ഷാമാർഗം കാണിക്കും.

അപ്പോഴതാ കല്പന വന്നു. നിന്റെ വടികൊണ്ട് സമുദ്രത്തിൽ അടിക്കുക. അടിച്ചപ്പോൾ സമുദ്രമിളകി. വെള്ളം ഇരുവശത്തേക്കും ഒഴിഞ്ഞു വലിയ മല പോലെ നിന്നു. സമുദ്രത്തിനിടയിൽ വെള്ളവും ചളിയുമില്ലാത്ത ഉണങ്ങിയ റോഡ് ദൃശ്യമായി! മലകീറി ഉണ്ടാക്കിയ റോഡ് പോലെ. മൂസാനബിയും കൂട്ടരും ആ വഴിയിലൂടെ മറുകര പ്രാപിക്കുന്നു. ഫറോവയും സൈന്യവും ശീഘ്രം പിന്നാലെയെത്തി. മൂസായും കൂട്ടരും മറുഭാഗത്ത് ചെന്നെത്തിയിരിക്കുന്നു. ഇസ്‌റാഈല്യർ ഉൽകണ്ഠയോടെ നോക്കി നിൽക്കേ സമുദ്രം പൂർവ്വസ്ഥിതിയിൽ നികഴ്ന്നു! ശത്രുക്കൾ പാടെ മുങ്ങി മരിച്ചു. ഈ രക്ഷയും നാശവും ഈ നിലക്ക് തന്നെയാണെന്ന് ജൂതരും ക്രിസ്ത്യാനികളും വിശ്വസിക്കുന്നു. അമേരിക്കയിലെ ജൂത- ക്രിസ്ത്യാ

നികൾ ചേർന്ന് നിർമ്മിച്ച ടെൻ കമാന്റ്മെന്റ്സ് എന്ന കോടികൾ ചെലവഴിച്ച ചലച്ചിത്രത്തിൽ സാങ്കേതിക വിദ്യയുടെ തന്ത്രത്താൽ ഈ രംഗം അത്ഭുതകരമായി പ്രദർശിപ്പിച്ചിട്ടുണ്ടെന്ന് അത് കണ്ടവർ പറഞ്ഞു. വിശുദ്ധ ഖുർആനിന്റെ ഒരു ഭാഗം മറ്റു ഭാഗത്തെ വിശദീകരിക്കുന്നുവെന്ന് സർവ്വസമ്മത തത്ത്വപ്രകാരം പരിശോധിച്ചാൽ ഈ വസ്തുതയിൽ വിശ്വസിക്കുകയല്ലാതെ മറ്റൊരു നിവൃത്തിയുമില്ല.

സൂറ: ബഖറ 50ാം വചനത്തിൽ സമുദ്രത്തെ നാം പിളർത്തി എന്ന് പറഞ്ഞിട്ടുണ്ട്. “ഫറഖ്നാ” എന്നാണിവിടെ പ്രയോഗം. “നാം പിളർത്തി” എന്നർത്ഥം. ഒന്നായിക്കിടന്ന ഒരു വസ്തുവിനെ രണ്ടായി ഭാഗിക്കലാണ് പിളർക്കൽ. മുള, കവുങ്ങ്, പലക എന്നിവ പിളർത്തി എന്നൊക്കെ പറയുന്നതുപോലെ. ‘നാം പിളർത്തി’ എന്ന് അല്ലാഹു പ്രത്യേകമായി പറഞ്ഞപ്പോൾ അതിഗൗരവമായ ഒരു സാരം തീർച്ചയായും അവിടെയുണ്ട്. അവരുടെ പ്രയത്നത്താൽ ഒരിക്കലും കഴിയാത്ത കാര്യം തന്റെ അജയ്യ ശക്തിയാൽ അല്ലാഹു നിർവ്വഹിച്ചുവെന്ന് സാരം. സൂറ: ശുഅറാഅ് 63ൽ ഇപ്രകാരം കാണാം: ‘അപ്പോൾ സമുദ്രം പിളർന്നു. ഓരോ പാളിയും വലിയ പർവ്വതം പോലെ ആയിത്തീർന്നു.’ ഭീമാകാരമായ മല കീറി റോഡുണ്ടാക്കിയാൽ അതിന്റെ നടുവിൽ നിന്നും നോക്കിയാലുള്ള കാഴ്ച ഒരു ഉദാഹരണമായെടുക്കാം. മൂസാനബിﷺ വടികൊണ്ട് കടലിൽ അടിച്ചപ്പോൾ അല്ലാഹു ഉണ്ടാക്കിയ സമുദ്ര പാതയെ ഈ ഉദാഹരണത്തിലൂടെ മനസ്സിൽ കാണാം. ഈ സംഭവം ഒരു കഥയോ വ്യാഖ്യാനമോ അല്ല. ദിവ്യ വചനത്തിന്റെ നേർക്കുനേരെയുള്ള അർത്ഥമാണ്.

സൂറ: ത്വാഹ 77ൽ “സമുദ്രത്തിൽ ഒരു ഉണങ്ങിയ വഴി” എന്നാണുള്ളത്. അപ്പോൾ സമുദ്രത്തിലൂടെയാണെന്ന് വ്യക്തമായി. വളരെ ആഴത്തിൽ കണക്കറ്റ ജലം തിങ്ങിനിൽക്കുന്ന ജലാശയമാണല്ലോ സമുദ്രം. മണൽ തിട്ടകളിൽ കൂടി വളഞ്ഞുതിരിഞ്ഞു പോയതായിരുന്നുവെങ്കിൽ (എന്നാണ് സി.എൻ. മൗലവിയുടെ ദുർവ്യാഖ്യാനം) കുറച്ചൊക്കെ വെള്ളവും ചളിയും ചവിട്ടാതെ യാത്ര സാധ്യമല്ല. അത്യത്ഭുതകരമായ ഒരു ചരിത്ര വൃത്താന്തം ലോകത്തെ കേൾപ്പിക്കുകയാണിവിടെ. സൂറ: ദുഖാൻ 24ൽ. മൂസാ നബിയോട് അല്ലാഹു പറഞ്ഞു: “സമുദ്രത്തെ ശാന്തമായ നിലയിൽ വിട്ടേച്ചുപോകുക. നിശ്ചയമായും അവർ മുക്കി കൊല്ലപ്പെടുന്ന ഒരു സൈന്യമാകുന്നു.” ഇസ്റാഈല്യർ സസുഖം അക്കരെ പ്രാപിച്ചപ്പോൾ ഈ സമുദ്രപാത ഉടനെ അടഞ്ഞുപോകണമെന്ന് അവർ ആശിച്ചുവെങ്കിൽ അത് സ്വാഭാവികമല്ലേ. കാരണം ശത്രുക്കൾ ആ വഴിയിൽ ഇറങ്ങുകയാണ്. അവർ സായുധരും ഇവർ നിരായുധരുമാണ്. അവർ ഇക്ക

രെയെത്തിയാൽ കഥ കഴിഞ്ഞു. അപ്പോൾ ഭയവും ഉൽക്കണ്ഠയും സ്വാഭാവികമാണ്. മേൽവചനത്തിന്റെ സന്ദർഭ സാരം അതുതന്നെ. ശാന്തമായ നിലയിൽ എന്നർത്ഥം വരുന്ന പദം 'റഹ്വൻ' എന്നാണ്. ഖുർആൻ വ്യാഖ്യാതാക്കൾ മിക്കവരും ഈ അർത്ഥമാണ് പറഞ്ഞിട്ടുള്ളത്. "തുറന്നുകിടക്കുന്ന അവസ്ഥയിൽ" എന്നും ചിലർ പറഞ്ഞിട്ടുണ്ട്. ഈ പദത്തിന്റെ ധാതുവിൽ നിന്നുള്ള 'റഹാ' എന്ന ക്രിയാരൂപത്തിന്റെ കർത്താവായി 'ബഹ്റ്' വന്നാൽ (റഹൽ ബഹ്റു) സമുദ്രം ശാന്തമായി എന്നാണ് എല്ലാ ഭാഷാപണ്ഡിതന്മാരും അർത്ഥം പറഞ്ഞിട്ടുള്ളത്.

എന്നാൽ പ്രവാചകന്മാരിലൂടെ അല്ലാഹു വെളിപ്പെടുത്തുന്ന ചില അസാധാരണ അത്ഭുതങ്ങളെ (മുഅ്ജിസത്ത്) ചില ഭൗതികന്മാർ സമ്മതിക്കുകയില്ല. സമ്മതിച്ചാലല്ലേ അത്ഭുതമുള്ളൂ. സി.എൻ. മൗലവി ഇവിടെ മാർക്ക് കൂടുതൽ നേടാൻ ശ്രമിക്കുകയാണ് ചെയ്തത്. യാതൊരു പുതുമയും അസാധാരണത്വവുമില്ലാത്ത നിലയിൽ കടൽ താണ്ടിക്കടന്ന സംഭവം ചിത്രീകരിക്കാൻ സാഹസപ്പെടുകയാണ് അദ്ദേഹം ചെയ്തത്. തന്റെ ഖുർആൻ വിവർത്തന സംരംഭത്തിന് പാരിതോഷികമായി നല്ലൊരു സംഖ്യ സർക്കാർ ഫണ്ടിൽ നിന്നും അനുവദിച്ച് കിട്ടിയതോടെ സർക്കാർ മിഷണറിയെ കൂടുതൽ അനുനയിപ്പിക്കാൻ ഖുർആനിലെ അസാധാരണ വിവരങ്ങളെ സാധാരണ സംഭവങ്ങളാക്കി പരിവർത്തിപ്പിക്കാൻ പ്രേരിതമാകുകയാണുണ്ടായതെന്ന് വല്ലവരും ആരോപിച്ചാൽ അത് തീർത്തും തള്ളിക്കളയാവതല്ലല്ലോ. ഇബ്റാഹീം നബിعليه السلامയുടെയും സുലൈമാൻ നബിعليه السلامയുടെയും ചരിത്രങ്ങളിലെ അത്ഭുത സംഭവങ്ങളെയും ഇതുപോലെ അദ്ദേഹം മാറ്റിമറിച്ചിട്ടുണ്ട്. മൂസാനബിയുടെ ചരിത്രത്തിൽ സി.എൻ. മൗലവിയുടെ വാദഗതി ഇങ്ങനെയാണ്. ചെങ്കടൽ ഇന്നത്തേപോലെ ആഴവും പരപ്പുമില്ലാത്തതായിരുന്നു. കയങ്ങളും മണൽതിട്ടകളും അവിടവിടെ ഉണ്ടായിരുന്നു. കയങ്ങളിൽ ഇടറി വീണ് മുങ്ങിച്ചാകാതെ അക്കരെയെത്താൻ തക്കവണ്ണം മൂസാ നബിക്കും വഴി നല്ല പരിചയമായിരുന്നു. അങ്ങനെ മൂസാ നബി മുന്നിലും സമൂഹം പിന്നിലുമായി മണൽതിട്ടകളിലൂടെ സൂക്ഷിച്ചും വളഞ്ഞുതിരിഞ്ഞും അക്കരെയെത്തി. ഫറോവാക്കും കൂട്ടർക്കും വഴി നല്ല നിശ്ചയമില്ലാത്തതിനാലും ഇസ്റാഈല്യരോടുള്ള കഠിനമായ കോപം നിമിത്തം സൂക്ഷിക്കാതെയും കാലിടറി കയത്തിൽ വീണ് മുങ്ങിച്ചത്തതാണ്. ഇവിടെ ഏഴു കാര്യങ്ങളാണ് ഖുർആൻ വിരുദ്ധം. വായനക്കാർക്ക് പഠിക്കാൻ ഉപകരിക്കുമെന്നതിനാൽ അത് ചൂണ്ടിക്കാണിക്കാം.

1. ഇസ്റാഈല്യരെ നാം രക്ഷിച്ചു എന്ന് അല്ലാഹു പറയുന്നു. അതാ

യത് സ്വപ്രയത്നത്താൽ രക്ഷ പ്രാപിക്കാൻ കഴിയാത്ത ഗുരുതരാവസ്ഥ സംജാതമായപ്പോൾ നമ്മുടെ അജയ്യമായ ശക്തിയാൽ അസാധാരണ മാർഗത്തിൽ അത്ഭുതകരമായി രക്ഷ നൽകിയെന്ന് സാരം. സി.എൻ. പറയുന്നു. അങ്ങനെയൊന്നുമില്ല. നേർവഴി പരിചയമുള്ള സമർത്ഥരായിരുന്നു അവർ. അങ്ങനെ സ്വപ്രയത്നത്താൽ രക്ഷപ്പെട്ടു.

2. ഫറോവയെയും കൂട്ടരേയും നാം മുക്കിക്കൊന്നു എന്ന് അല്ലാഹു പറയുന്നു. എന്നാൽ മൗലവിയുടെ വാദം: അവർക്ക് വഴി നല്ല പരിചയമില്ലാത്തതിനാലും കോപഭാരത്താൽ സൂക്ഷ്മത അവലംബിക്കാത്തതുകൊണ്ടും കയത്തിൽ വീണു മുങ്ങിച്ചത്തതാണ്.

3. കടലിലൂടെയാണ് മൂസ(عليه السلام)യും കൂട്ടരും അക്കരെ പ്രാപിച്ചതെന്നാണ് അല്ലാഹു പറയുന്നത്. അങ്ങനെയല്ല, മണൽതിട്ടകൾ വഴി കരയിലൂടെയാണ് പോയതെന്ന് മൗലവിയും വാദിച്ചു!

4. സമുദ്രത്തെ നാം പിളർത്തി എന്ന് അല്ലാഹു പറഞ്ഞപ്പോൾ, പിളർന്നതല്ല, അങ്ങനെ തോന്നിയതാണെന്നാണ് സി.എന്നിന്റെ വാദം!

5. സമുദ്രം പിളർന്ന് ഓരോ പാളിയും വലിയ മലപോലെയായി എന്ന് അല്ലാഹു അറിയിക്കുന്നു. അങ്ങനെയൊന്നുമുണ്ടായില്ലെന്ന് മൗലവി പഠിപ്പിക്കുന്നു!

6. സമുദ്രത്തിൽ ഉണങ്ങിയ പാത എന്നാണ് പടച്ചതമ്പുരാൻ അറിയിച്ചത്. പക്ഷെ, സി.എൻ. മൗലവി അത് സമ്മതിക്കുന്നില്ല. അങ്ങനെയല്ല, നേരത്തെ അവിടെ പൊന്തിനിന്നിരുന്ന മണൽതിട്ടകളായിരുന്നു എന്നത്രെ അദ്ദേഹത്തിന്റെ അറിയിപ്പ്!

7. മൂസാനബിയും കൂട്ടരും അക്കരയെത്തിയിട്ടും സമുദ്രപാത അങ്ങനെതന്നെ നിന്നു. ശത്രുക്കൾ അതിലൂടെ ആർത്തിരമ്പി വന്നു. അപ്പോൾ വിടവ് നികത്തി അവരെ കൂട്ടത്തോടെ നശിപ്പിച്ചു എന്ന് റബ്ബ് അറിയിച്ചതിനെ തിരുത്തി പറയാൻ മൗലവി ബദ്ധപ്പെട്ടു. സൂക്ഷ്മതയില്ലായ്മയാൽ കാലിടറി വീണു നശിച്ചതാണെന്നു പ്രായോഗിക രൂപം അദ്ദേഹം കണ്ടെത്തി!

മുന്നിൽ പോകുന്നവർ ഇങ്ങനെ മുങ്ങിച്ചാകുന്നത് കാണുമ്പോൾ പിന്നിൽ വരുന്നവർ കുറച്ചൊന്നു സൂക്ഷിക്കാതിരിക്കുമോ? ഒരു വമ്പിച്ച സംഘം ഒന്നായി കാലിടറി വീഴുകയും മുങ്ങിപ്പോവുകയും ചെയ്യുമോ? ആ നാട്ടുകാരനായിരുന്ന മൂസാ നബിക്ക് വഴി പരിചയമുണ്ടെങ്കിൽ ഫറോവയ്ക്കോ കൂട്ടത്തിൽ മറ്റാർക്കെങ്കിലുമോ വഴി അറിയേണ്ടതല്ലേ? ഇങ്ങനെ ഒട്ടേറെ ചോദ്യങ്ങൾ ഒരു പഠിതാവിന്റെ മുമ്പിൽ ഉയരുമ്പോൾ അങ്ങ

നെ ചോദിക്കാനൊന്നും നിങ്ങൾക്കർഹതയില്ല എന്ന് പറഞ്ഞാൽ എന്തു ചെയ്യും? വൽഅസ്ർ അധ്യായത്തിൽ ഈമാൻ എന്നതിന് പ്രപഞ്ച യാഥാർ ത്ഥ്യങ്ങളിൽ വിശ്വസിക്കുക എന്നർത്ഥം എഴുതിയതിനെക്കുറിച്ച് തിരക്കി യപ്പോൾ നിങ്ങൾക്കൊന്നും അതിന്നർഹതയില്ല എന്നാണല്ലോ പ്രതികര ണമുണ്ടായത്. ഇത് ഒരൊറ്റപ്പെട്ട സംഭവമല്ല. എഴുപതുകളുടെ മദ്ധ്യത്തി ൽ ഞാൻ കൊച്ചിയിൽ താമസമുള്ളപ്പോൾ ഒരു അനുഭവമുണ്ട്. സി.എൻ. മൗലവിയെ ക്ഷണിച്ചുവരുത്തി കൊച്ചിയിലെ എം.ഇ.എസുകാർ മട്ടാഞ്ചേ രി ടിബി.യിൽ വെച്ച് ഒരു പഠനക്ലാസ് നടത്തി. ക്ലാസിനു ശേഷം സാമാജി കർക്ക് ചോദ്യത്തിനുള്ള അവസരമുണ്ടായിരുന്നു. ക്ലാസിലെ മുഖ്യവിഷ യം പൗരോഹിത്യത്തിന്റെ ദോഷങ്ങളെക്കുറിച്ചായിരുന്നു. പൗരോഹിത്യം മനുഷ്യബുദ്ധിയെ ബന്ധിക്കുകയാണെന്നും ന്യായമായ നിലയിൽ ഏതൊരു പണ്ഡിതനോടും കാര്യങ്ങൾ ചോദിക്കാൻ അവകാശമുണ്ടെ ന്നും വ്യക്തമാക്കി. വസ്തുതാപരമായ ചോദ്യങ്ങൾക്കുള്ള ഊഴം വന്ന പ്പോൾ എന്റെ സുഹൃത്ത് എ.എ. ഹമീദ് (കൊച്ചി) ചോദ്യമുന്നയിച്ചു. ചോ ദ്യം മൗലവിക്ക് ലേശം പ്രയാസമുണ്ടാകുന്നതായിരുന്നു. അദ്ദേഹത്തിന്റെ രചനയിലുള്ള വിഷയം തന്നെ. മൗലവി ഉടനെ മറുപടി കൊടുത്തു. ഇത് നിങ്ങളെപ്പോലുള്ളവർ ചോദിക്കേണ്ട മഹാനായ സാലേ സേട്ട് അന്ന് നദ്‌വത്തുൽ മുജാഹിദീന്റെ സംസ്ഥാന അദ്ധ്യക്ഷനായിരുന്നു എന്നോ ർക്കണം. അപ്പോൾ ഹമീദ് വീണ്ടും ചോദിച്ചു. എനിക്ക് ഒരു സംശയം വന്നാൽ അത് ചോദിക്കാൻ സാലേ മുഹമ്മദ് സേട്ടുവിനേയും കൂട്ടി വര ണമോ? ഇതെന്തൊരു ന്യായം. കഴിഞ്ഞ നിമിഷങ്ങളിൽ മൗലവി തന്നെ പറഞ്ഞതിനെതിരല്ലേ ഇത്. ചുരുക്കത്തിൽ ആ സദസ്സ് അലങ്കോലമായി പിരിഞ്ഞു. സി.എൻ. സ്ഥലംവിട്ടു. സി.എൻ. മൗലവിയെ ലോകൈക പ ണ്ഡിതനും പ്രഗത്ഭ ഖുർആൻ വ്യഖ്യാതാവും രചനാവൈഭവത്തിന്റെ മ കുടോദാഹരണമായി വിശേഷിപ്പിക്കുന്ന വിദ്യാനിധികളും വി.ഐ.പിക ളും ഇതു തന്നെ പറയും, ഉമർമൗലവിയെപോലെയുള്ളവർക്കൊന്നും സി.എൻ. മൗലവിയുടെ ചാരത്ത് കൂടി നടക്കാൻപോലും അർഹതയില്ല.

നേരത്തെ പറഞ്ഞ മൂസാനബിﷺയുടെ സംഭവത്തിലേക്ക് ഒരനുബ ന്ധംകൂടിയുണ്ട്. പഠിക്കാനാഗ്രഹിക്കുന്നവർക്ക് അത് ഉപകാരപ്പെടും. എ ന്നെ ആശ്ചര്യപ്പെടുത്തിയ ഒരു വിഷയംകൂടിയാണത്. ഖുർആൻ വാക്യ ങ്ങൾ സി.എൻ. ദുർവ്യാഖ്യാനം ചെയ്തു എന്ന് ഞാൻ വാദിക്കുന്നതിനു ള്ള ഒരു തെളിവും കൂടിയാണത്. റഹ്‌വ് എന്ന പദത്തിന്റെ അർത്ഥവും അതുൾക്കൊള്ളുന്ന സാരവും മുകളിൽ പറഞ്ഞു. സി.എൻ. ഈ പദത്തിന് ലോകത്ത് ആരും നൽകാത്ത ഒരർത്ഥം കൊടുത്തു. ഉയർന്നും താഴ്ന്നും

കിടക്കുന്ന സ്ഥലം. ഖാമൂസ് എന്ന വിശ്വവിഖ്യാതമായ നിഘണ്ടുവിൽ ഈ അർത്ഥമുണ്ടെന്ന് ജൽപിക്കുകയും ചെയ്തു. വായനക്കാരെ വഞ്ചിക്കാൻ ഒരു വാചകം മുറിച്ചെടുത്ത് ഉദ്ധരിക്കുകയും ചെയ്തു. "അൽമകാനുൽ മുർതഫിഉ വൽ മുൻഖഫിളു" (ഉയർന്നും താഴ്ന്നും കിടക്കുന്ന സ്ഥലം) പക്ഷെ മർമ്മപ്രധാനമായ ഭാഗം മനഃപൂർവ്വം അദ്ദേഹം വിട്ടുകളഞ്ഞു.

സമുദ്രത്തിന് വിശേഷണമായിട്ടാണല്ലോ ഈ പദം ഇവിടെ ഉപയോഗിച്ചിട്ടുള്ളത്. ജലം ആഴത്തിലും പരപ്പിലും നിറഞ്ഞുനിൽക്കുന്ന സ്ഥലമാണ് സമുദ്രം. അവിടെ ഉയർച്ചയും താഴ്ചയുമുള്ള ആകൃതി വരികയില്ല. ഓളം വെട്ടുമ്പോഴും തിരമാലകൾ തിരിഞ്ഞും മറിഞ്ഞും വരുമ്പോഴും അൽപം പൊങ്ങിയും താണുമുള്ള അവസ്ഥയുണ്ടാകും. പക്ഷെ, അത് നിമിഷംതോറും മാറിക്കൊണ്ടിരിക്കും. കരയിൽ അല്ലാതെ ഉയർന്നും താഴ്ന്നും കിടക്കുന്ന അവസ്ഥ ഉണ്ടാകില്ല. അല്ലാഹു 'റഹ്‌വ്' എന്ന് വിശേഷിപ്പിച്ചത് കടലിനെയാണ്. ഖാമൂസിലെ വാചകത്തിൽ നിന്നു മൗലവി വിട്ടുകളഞ്ഞ വാചകം കൂട്ടിച്ചേർക്കുമ്പോഴാണ് കൃത്രിമം വെളിവാകുന്നത്. വാചകത്തിന്റെ പൂർണരൂപം ഇങ്ങനെയാണ്. "അൽമകാനുൽ മുർതഫിഉ വൽ മുൻഖഫിളു കർറഹ്‌വത്തി ഫീഹിമാ ളിദ്ദുൻ" അതായത് റഹ്‌വ് റഹ്‌വത്ത് എന്നീ രണ്ട് വാക്കുകൾക്കും ഉയർന്ന സ്ഥലമെന്നും താഴ്ന്ന സ്ഥലമെന്നും അർത്ഥങ്ങളുണ്ട്. വിപരീതാർത്ഥങ്ങൾ.

ചില പദങ്ങൾക്ക് രണ്ട് അർത്ഥങ്ങളുണ്ടായിരിക്കും. ഒന്ന് മറ്റേതിന് എതിരായിരിക്കുകയും ചെയ്യും. ഇത് അറബി ഭാഷയുടെ ഒരു പുതുമയാണ്. 'ഖുർഅ്' എന്നതിന് ആർത്തവകാലം എന്നർത്ഥമുണ്ട്. ശുദ്ധികാലം എന്നും പറയും. രണ്ടുംകൂടി ചേർന്നതല്ല. 'മൗലാ' എന്ന പദത്തിന് യജമാനൻ എന്നും അടിമ എന്നും അർത്ഥമുണ്ട്. രണ്ടും ഒന്നിച്ച് പറയാറില്ല. ഇങ്ങനെയുള്ള ഒരു പദമാണ് റഹ്‌വ് എന്നാണ് ഖാമൂസിൽ പറയുന്നത്. മറ്റു ഡിക്ഷ്നറികളിലും ഈ അർത്ഥം പറഞ്ഞിട്ടുണ്ട്. അപ്പോൾ താഴ്ന്ന സ്ഥലത്തിനും ഉയർന്ന സ്ഥലത്തിനും റഹ്‌വ് പറയാം. സന്ദർഭമനുസരിച്ച് മനസ്സിലാക്കണം. ഏതെങ്കിലും ഒന്നിനുവേണ്ടി ഉപയോഗിക്കുമ്പോൾ മറ്റേ അർത്ഥവും ഉദ്ദേശിച്ചുകൂടാ. അതാണ് മൗലവി ഉദ്ധരിച്ച വാചകത്തെ തുടർന്ന് ഫീഹിമാളിദ്ദുൻ എന്ന് നിഘണ്ടുവിൽ പറഞ്ഞത്. മൗലവിയുടെ ഉദ്ധരണികളിലും റിപ്പോർട്ടുകളിലും വിശ്വസിക്കാൻ വയ്യാത്ത വേറെയും തെളിവുകളുണ്ട്. അവയിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് 'ഇയ്യാകന അ്ബുദു' എന്ന വചനത്തിന് നൽകിയ അർത്ഥം. ഇതൊക്കെ പരിശോധിച്ച് യാഥാർത്ഥ്യം കണ്ടെത്തി പുറത്തുവിടാൻ ആരും വല്ലാതെ മെനക്കെടുകയില്ലെന്ന് അദ്ദേഹം ധരിച്ചിരിക്കുമോ ആവോ? അല്ലാഹുവിന്നറി

യാം. ഇടക്ക് ഒരു കാര്യവുംകൂടി. മഹാനായ ഇമാം ബൈളാവിയുടെ പേരിൽ, അദ്ദേഹം പറയാത്തതും പറയാൻ യാതൊരു നിവൃത്തിയുമില്ലാത്തതുമായ ഒരു വിഷയവും കൂടി സി.എൻ. വെച്ചുകെട്ടി. സൂക്ഷ്മതയില്ലാതെ യാത്ര ചെയ്തതിനാൽ ഫറോവയും കൂട്ടരും കയത്തിൽ വീണ് മുങ്ങി മരിച്ചുവെന്ന് ഇമാം ബൈളാവി എഴുതിയിട്ടുണ്ടത്രെ! ഖാമൂസിന്റെ പേരിൽ ചുമത്തി പറഞ്ഞതിനേക്കാൾ കൊടും വഞ്ചനയാണിത്. ബൈളാവിലാകട്ടെ അങ്ങനെയൊന്നും പറഞ്ഞിട്ടില്ല.

സി.എൻ. മൗലവി ഇതുപോലെ കൃത്രിമങ്ങൾ പലതും തന്റെ ഖുർആൻ പരിഭാഷയുടെ ആരംഭം മുതൽക്കു തന്നെ നടത്തിയിട്ടുണ്ട്. ഒന്നാം വാല്യത്തിലും മുഖവുരയിലും ഇതുപോലെ സംഗതികൾ വേറെയുമുണ്ട്. അദ്ദേഹത്തിന്റെ മറ്റു ഗ്രന്ഥങ്ങളിലും ഒരുപാട് നൂതനാശയങ്ങൾ കടത്തി വിട്ടിട്ടുണ്ട്. വക്രബുദ്ധി ഉപേക്ഷിച്ചും സത്യം ഉൾക്കൊണ്ടും തെറ്റു സമ്മതിച്ചും ഖേദിച്ചു മടങ്ങാൻ ഞാൻ പലകുറി കാര്യകാരണ സഹിതം പ്രസ്താവനകളിലൂടെയും ലേഖനങ്ങളിലൂടെയും അദ്ദേഹത്തെ ഗുണദോഷിച്ചിട്ടുണ്ട്. പക്ഷെ, ഞാൻ ഏറെ ദുഃഖിക്കുന്നു. കാരണം നിങ്ങൾക്കും ഊഹിക്കാമല്ലോ. അദ്ദേഹം ഈ ലോകം വിട്ടുപോയി. ഞാൻ ദുഃഖിക്കുന്നു. സി.എൻ. മൗലവി സമർത്ഥനായ ഒരു എഴുത്തുകാരനും പണ്ഡിതനുമായിരുന്നു. അല്ലാഹു നമ്മളെ സത്യവീഥിയിൽ നിന്നും വഴുതിപ്പോകാതെ കാത്തുരക്ഷിക്കട്ടെ. അദൃശ്യലോകത്ത് പിശാച് എന്ന ഒരു സൃഷ്ടി ഇല്ലെന്ന് ഒരു മനുഷ്യർ ദൃഢപ്പെടുത്തിയാൽ പിന്നെ തനിക്കുണ്ടാകാവുന്ന തോന്നലുകൾ, വികാരങ്ങൾ, വിരോധങ്ങൾ, ഇഷ്ടങ്ങൾ തുടങ്ങിയവ പൈശാചികമാണോ അല്ലയോ എന്ന് പരിശോധിക്കുകയോ സൂക്ഷ്മത പാലിക്കുകയോ ചെയ്യുകയില്ല. പിശാചില്ലല്ലോ, പിന്നെയാരെ സൂക്ഷിക്കാൻ? എന്തു സൂക്ഷിക്കാൻ? മനുഷ്യന്റെ ധാർമ്മികനാശത്തിന് ഏക കാരണം ഇതാകുന്നു. സി.എൻ. മൗലവി അദൃശ്യലോകത്ത് പിശാച് എന്ന സൃഷ്ടിയില്ലെന്ന് വാദിക്കുന്ന പണ്ഡിതനായിരുന്നു. അതാണ് അദ്ദേഹത്തിന് സംഭവിച്ച എല്ലാ വീഴ്ചകൾക്കും നിദാനമായിത്തീർന്നത്.

വക്കം മൗലവിയുടെ കാലഘട്ടത്തിനു ശേഷം ഒരു മതപണ്ഡിതൻ തെളിഞ്ഞ മലയാളത്തിൽ എഴുതി മുന്നേറിയത് സി.എൻ. മൗലവിയായിരുന്നു. മലബാറിൽ സർക്കാർ അദ്ധ്യാപകനായിരുന്ന മൗലവിക്ക് ഭൗതിക വിദ്യാഭ്യാസ രംഗത്തേക്ക് വന്ന ഒട്ടേറെ ശിഷ്യന്മാർ ഉണ്ടായി. ഇത് വായനക്കാരുടെ ഒരു വൃത്തമുണ്ടാക്കാൻ ഏറെ സഹായിച്ചു. അദ്ദേഹത്തിന്റെ രചനാവൈഭവം ഒരു നല്ല കാരണമായി. അൻസാരി മാസികയുമായി രംഗത്ത് വന്നപ്പോൾ മേൽ പറഞ്ഞ ഗുണങ്ങളും സാഹചര്യങ്ങളും വേണ്ടത്ര

തുണച്ചു. സി.എൻ. മൗലവിയുടെ നവീന ചിന്താഗതികളേയും മാറ്റിത്തിരുത്തലുകളേയും വിജ്ഞാനകളരിയിലൂടെ നേരിടാൻ കെൽപുള്ള ഒട്ടേറെ പണ്ഡിതന്മാർ സലഫീ രംഗത്തുണ്ടായിരുന്നു. കെ.എം. മൗലവിയുടെ നേതൃത്വത്തിൽ നവോത്ഥാന രംഗത്ത് ജീവിതം തന്നെ ഉഴിഞ്ഞുവെച്ച ഒരു പണ്ഡിത സമൂഹം. പരിഷ്കരണ സംരംഭങ്ങളിലെ ഉഴുതുമറിക്കുന്ന നുകംപോലെ സി.എന്നിന്റെ തൂലിക ചലിക്കുന്നതിൽ സന്തോഷിക്കുകയായിരുന്നു, അവരിൽ അധികവും. വഅള് കേൾക്കാൻ വന്നിരിക്കാത്ത മേൽത്തട്ടുകാരെ മതചിന്തയുമായി ബന്ധിപ്പിക്കാൻ സി.എന്നിന്റെ തൂലിക നല്ലൊരു അനുകൂല ഘടകമായി കണ്ട് അവർ ആശ്വാസം കൊണ്ടു. അൽമനാർ മാസികയുടെ പത്രാധിപസമിതിയിലും അദ്ദേഹത്തിന് മാന്യമായ സ്ഥാനമുണ്ടായിരുന്നു. അന്നത്തെ കെ.എൻ.എം. സംസ്ഥാന സെക്രട്ടറി എ.കെ. അബ്ദുൽല്ലത്വീഫ് മൗലവിയുടെ പിന്തുണ സി.എൻ. മൗലവിക്ക് വേണ്ടുവോളം ലഭിച്ചു.

സി.എൻ. മൗലവിയുടെ വ്യതിചലനങ്ങൾ ഒന്നൊന്നായി പുറത്തുവന്നു. അവയെ നേരിടാൻ സലഫീ പണ്ഡിതന്മാർക്ക് ചില പരിമിതികൾ ഉണ്ടായിരുന്നു എന്നു തോന്നുന്നു. രചനാ വൈഭവത്തിന്റെ ദൗർബല്യം. ഭാഷാ പ്രയോഗത്തിലെ പരിമിതി. വിജ്ഞാന വീഥിയിൽ തൂലിക ചലിപ്പിക്കാൻ, അതിനു ശ്രമിക്കാൻ പോലും ഈ ബോധം അവരെ അനുവദിച്ചില്ല. എന്റെ സ്ഥിതിയും മറിച്ചല്ലായിരുന്നു. സ്കൂളിൽ പോയില്ല. സ്വന്തമായി എഴുതിയും വായിച്ചും കിട്ടിയ ശീലമേയുള്ളൂ. കൂടുതൽ ബന്ധം അറബി മലയാളവുമായിട്ടാണ്. പക്ഷെ, അപകർഷതാബോധം എന്നെ ഒരിക്കലും അലട്ടിയില്ല. അർഹതയില്ലെന്ന് ആക്ഷേപിച്ച് എന്നെ തള്ളി മാറ്റിയപ്പോഴും അതെന്നെ ബാധിച്ചില്ല. മറിച്ച് ആശയും വാശിയും എന്നെ മുന്നോട്ട് തള്ളി. എന്റെ ഗുരുനാഥൻ കെ.എം. മൗലവി സി.എൻ മൗലവിയുടെ വ്യതിചലനങ്ങൾക്കെതിരിൽ പേനയുയർത്തി. കെ.എം. മൗലവിയുടെ പേനത്തുമ്പിന് രചനാ വൈഭവത്തേക്കാൾ ഭക്തിയുടെയും സത്യസന്ധതയുടെയും വിലയുണ്ടെന്ന് മനസ്സിലാക്കിയ സി.എൻ. മൗലവി പ്രതികരിക്കാൻ മുന്നോട്ടുവന്നു. ധാർഷ്ട്യത്തിന്റെയും അഹങ്കാരത്തിന്റെയും ഊന്നുവടിയുമായിട്ടാണ് അദ്ദേഹം മുന്നിട്ടത്. അത് കൂടുതൽ അപകടകരമായി. 'മരണഗോഷ്ഠികൾ' എന്ന പേരിൽ ഒരു ലഘുലേഖയുമായി കെ.എം. മൗലവിയെ വ്യക്തിപരമായി ഇകഴ്ത്തിക്കാട്ടുവാനാണ് നിർഭാഗ്യവശാൽ അദ്ദേഹം മുതിർന്നത്. സി.എന്നിന്റെ ഖുർആൻ തർജമാവൃത്തിക്ക് കേന്ദ്ര സർക്കാറിൽ നിന്നും പ്രോത്സാഹനമായി അനുവദിച്ച പതിമുവ്വായിരം രൂപ, അന്ന് വലിയൊരു സംഖ്യയായിരുന്നു. അദ്ദേഹത്തെക്കൊണ്ട് ലഭി

ക്കാവുന്ന ഗുണം മണത്തറിഞ്ഞ് ഹൈന്ദവ വർഗീയ ലോബിയുടെ സ്വാധീനത്തിൽ സർക്കാരിൽ നിന്നും പാരിതോഷികം നൽകി കെ.എം. മൗലവിയെ വ്യക്തിപരമായി തേജോവധം ചെയ്യാൻ അദ്ദേഹം മരണഗോഷ്ഠികൾ കാണിച്ചത് ഈ ആയുധമേന്തിക്കൊണ്ടായിരുന്നു. സർക്കാർ തലത്തിൽ തനിക്ക് ലഭിച്ച അംഗീകാരവും പാരിതോഷികത്തിന്റെ വലിപ്പവും കണ്ട് അസൂയ മൂത്ത് ലക്ക് തെറ്റിയതാണ് കെ.എം. മൗലവിയുടെ രോഗമെന്ന് അദ്ദേഹം ആക്ഷേപിച്ചു! ഈ മരണഗോഷ്ഠികൾ സി.എന്നിന്റെ നാശത്തിന് വിത്തുപാകി. കെ.എം.മൗലവിയുടെ മതഭക്തിയും വിജ്ഞാനവും നിസ്വാർത്ഥതയും ശരിക്കറിയുന്ന പലർക്കും ഇത് സഹിക്കാവുന്നതിന്റെ അപ്പുറത്തായിരുന്നു. മരണഗോഷ്ഠികൾ വായിച്ചു ഞാൻ കരഞ്ഞു. അൽമനാറിന്റെ എഡിറ്റോറിയൽ ബോർഡിലിരുന്നുകൊണ്ട് അതിന്റെ കണ്ണും കരളുമായ കെ.എം. മൗലവിയെ ഇത്ര നീചമായ നിലയിൽ ആക്രമിക്കാൻ സി.എന്നിന് തോന്നിയല്ലോ! അൽമനാർ പത്രാധിപരായിരുന്ന എ.കെ. അബ്ദുല്ലത്വീഫ് മൗലവി ഇതിൽ നിശബ്ദനായല്ലോ! വികാരഭരിതനായ എനിക്ക് സ്വയം നിയന്ത്രിക്കാൻ കഴിഞ്ഞില്ല. ഞാൻ ഒരു നോട്ടീസ് ഇറക്കി. നദ്‌വത്തിന്റെ മെമ്പർഷിപ്പിൽ നിന്നും രാജിവെക്കുന്നു. എ.കെ. അബ്ദുല്ലത്വീഫ് മൗലവിയും സി.എൻ. മൗലവിയും അൽമനാറിന്റെ തലപ്പത്ത് ഇരിക്കുന്നിടത്തോളം കാലം ഞാൻ മെമ്പറായി ഇരിക്കാൻ ഉദ്ദേശിക്കുന്നില്ല എന്ന് തുറന്നടിച്ചു. അതിനും കുറേപേർക്ക് എന്നോട് ലോഹ്യക്കേടുണ്ടായി.

കൊച്ചി പുതിയ പള്ളിയുടെ മിമ്പർ എക്കാലത്തും തെക്കൻ കേരളത്തിൽ തൗഹീദിന്റെ ശബ്ദമായിരുന്നു. മർഹൂം സൈദ്കുഞ്ഞിഹാജിയായിരുന്നു 72 ജനുവരി വരെ അവിടെ ഖതീബായിരുന്നത്. നീണ്ട മുപ്പത്തിയഞ്ചു വർഷം ആ സേവനം ജനങ്ങൾക്ക് ലഭിച്ചു. വേഷത്തിലും ശബ്ദത്തിലും പെരുമാറ്റത്തിലും ഭക്തി സ്വരൂപനായിരുന്ന ഹാജിസാഹിബിനെ പള്ളി ഭാരവാഹികളും ജനങ്ങളും ഒരു ഗുരുവിനെപ്പോലെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. അധാർമ്മിക ജീവിതം നയിച്ചിരുന്ന ധാരാളം യുവാക്കൾ അദ്ദേഹത്തിന്റെ ഖുത്ബകളിലൂടെയും വഅളുകളിലൂടെയും സംസ്കരിക്കപ്പെട്ടിട്ടുണ്ട്. സ്ത്രീകൾക്കിടയിൽ അദ്ദേഹത്തിന്റെ വഅള് വളരെ സ്വാധീനം ചെലുത്തി. തെക്കൻ കേരളത്തിൽ സ്ത്രീകൾക്ക് ജുമുഅക്കും റമളാനിലും പങ്കെടുക്കാൻ സൗകര്യമേർപ്പെടുത്തിയ ഏക മസ്ജിദ് പുതിയപള്ളിയായിരുന്നു എന്നാണ് എന്റെ അറിവ്. പുതിയപള്ളി വലിയൊരു ചരിത്രമാണ്. അത് പിന്നീടാകാം. മൂസാനബിﷺ സുലൈമാൻനബിﷺ ഇബ്റാഹീംനബിﷺ എന്നീ പ്രവാചകന്മാരുടെ മുഅ്ജിസത്തുകളെ നിഷേധിച്ചുകൊണ്ടുള്ള സി.എന്നിന്റെ

ഖുർആൻ വ്യാഖ്യാനം പുറത്തുവരുന്നതുവരെ അദ്ദേഹത്തിന്റെ ഗുണകാംക്ഷിയും സഹായിയുമായി വർത്തിച്ചിരുന്ന സൈദ്കുഞ്ഞി ഹാജി പൊട്ടിത്തെറിച്ചു. താൻ അങ്ങേയറ്റം സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തിരുന്ന കെ.എം. മൗലവിയെ 'മരണഗോഷ്ഠി'കളിലൂടെ ആക്രമിച്ചതറിഞ്ഞപ്പോൾ ഹാജി സാഹിബ് പ്രതികാര ബുദ്ധിയോടെ സി.എന്നിനെ ആക്രമിക്കാൻ തയ്യാറെടുത്തു. പള്ളിമിമ്പറും പുറത്തെ വേദികളും നിരന്തരം തന്റെ പ്രൗഢഗംഭീരമായ വിജ്ഞാനശബ്ദം കൊണ്ട് മുഖരിതമായി. ആ ശബ്ദം തെക്കൻ കേരളത്തിന്റെ ശബ്ദമായിരുന്നു. കൊച്ചിയിലെ പൊതുരംഗത്തെ പ്രമുഖനായിരുന്ന ഡോക്ടർ മൗലാനാ എന്നറിയപ്പെട്ടിരുന്ന അബ്ദുൽ ഖാദിർ സാഹിബ് (എ.എ. ഹമീദിന്റെ പിതാവ്. അറിയപ്പെട്ട ഒരു ഹോമിയോ ഡോക്ടർ) ചാവക്കാട് ദർസിൽ കിതാബോതി പഠിച്ച നല്ലൊരു വിജ്ഞാനിയും വായനക്കാരനുമായിരുന്നു. റൗളത്തുൽ ഉലൂം അറബിക്കോളേജ് (ഫറോക്ക്) പ്രിൻസിപ്പാളായിരുന്ന സി.പി. അബൂബക്കർ മൗലവിയുടെ സതീർത്ഥ്യനുമായിരുന്നു ഡോക്ടർ മൗലാന. ഇദ്ദേഹം സൈദ്കുഞ്ഞി ഹാജിയുടെ ശക്തനായ കൂട്ടാളിയും പള്ളി ഭാരവാഹികളായ ഇസ്ഹാഖ് സേട്ട് (എച്ച്.ഇ അഹ്മദ് ത്വാഹിർ സേട്ടുവിന്റെ പിതാവ്) കിക്കീസേട്ട് (എച്ച്.ഇ. മുഹമ്മദ് ബാബു സേട്ടുവിന്റെ പിതാവ്) എന്നിവരുമായി അടുത്ത സുഹൃദ്ബന്ധം പുലർത്തിയിരുന്ന ദേഹവുമായിരുന്നു. കൊച്ചിയിലെ അറിയപ്പെടുന്ന സലഫീ ആദർശവാദിയും കെ.എൻ.എം. കൊച്ചി ശാഖയുടെ സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. പെരുമ്പാവൂർ സ്വദേശിയായിരുന്ന ഡോക്ടർ മൗലാനാ കൊച്ചിയിൽ കുടുംബവുമായി സ്ഥിരവാസിയായിരുന്നു. മജീദ് മരിക്കാർ സാഹിബിന്റെയും ശൈഖ് ഫരീത് സാഹിബിന്റെയും അടുത്ത സുഹൃത്തുമായിരുന്നു അദ്ദേഹം. സി.എൻ. മൗലവിയുടെ വലിയ ഗുണകാംക്ഷിയും സ്നേഹിതനുമായിരുന്നു. സി.എൻ. തന്റെ ഖുർആൻ പരിഭാഷയുടെ കെട്ടുകളുമായി വരുന്നതും സ്റ്റോക്ക് ചെയ്യുന്നതും മൗലാനയുടെ ഡിസ്പെൻസറിയിലാണ്. ഡോക്ടറാണ് പരിഭാഷയുടെ കോപ്പികൾ കൊച്ചിയിലുള്ള വേണ്ടപ്പെട്ടവർക്ക് വിൽപന നടത്താറ്. സൈദ് കുഞ്ഞി ഹാജിയും ഡോക്ടർ മൗലാനയും മറ്റു സലഫീ സുഹൃത്തുക്കളും ചേർന്ന് സി.എൻ മൗലവിക്കെതിരായി ഒരു പടയോട്ടം കൊച്ചിയിൽ ആരംഭിച്ചു. സൈദ്കുഞ്ഞി ഹാജി തന്റെ മിമ്പറും പുറംവേദികളും സി.എന്നിന്റെ ഖുർആൻ വിരുദ്ധ അർത്ഥവ്യാഖ്യാനങ്ങൾക്കെതിരായി ഉപയോഗിച്ചു തുടങ്ങിയതോടെ തെക്കൻ കേരളത്തിൽ സി.എൻ. നേടിയ അജയ്യതയുടെ അടിത്തറക്ക് ഇളക്കം തുടങ്ങി. ഡോക്ടർ മൗലാനയുടെയും മറ്റും ശ്രമഫലമായി സി.എന്നിന്റെ സംരക്ഷകനും സഹായിയുമാ

യിരുന്ന മജീദ് മരിക്കാർ സാഹിബിനും കാര്യങ്ങൾ ബോധ്യപ്പെട്ടു. മരിക്കാർ സാഹിബ് നല്ല ബുദ്ധിജീവിയും സമുദായ പ്രവർത്തകനും കോൺഗ്രസ്സു കാരനും വലിയ ബന്ധങ്ങളുടെ ഉടമയുമായിരുന്നു. സത്യം മനസ്സിലാക്കിയ മജീദ് മരിക്കാറും ശൈഖ് ഫരീദും സി.എന്നുമായി ഇടഞ്ഞതോടെ പെരു മ്പാവൂരിലെ തന്റെ കേന്ദ്രം അദ്ദേഹത്തിന് ഒഴിവാക്കേണ്ടിവന്നു. സി.എൻ. മൗലവിയുടെ തിരുത്തൽവാദത്തെ വിട്ടുവീഴ്ചയില്ലാതെ എതിർക്കുന്ന വെളിയങ്കോട് ഉമർ എന്ന യുവാവിനെക്കുറിച്ച് സൈദ്കുഞ്ഞി ഹാജിയിൽ നിന്ന് മനസ്സിലാക്കിയ മജീദ് മരിക്കാർ തിരൂർക്കാടുള്ള എന്റെ വീട്ടിൽ വ ന്നു. കൂട്ടത്തിൽ ഹമീദിന്റെ പിതാവ് ഡോക്ടർ മൗലാനയും ശൈഖ് ഫരീ ദും ഉണ്ടായിരുന്നത് ഞാൻ ഓർക്കുന്നു. എന്റെ പ്രവർത്തനങ്ങൾക്ക് അവർ പൂർണ പിന്തുണ വാഗ്ദാനം ചെയ്തു. പ്രതീക്ഷിക്കാതെ വന്നെത്തിയ ആ പിന്തുണ എനിക്ക് വലിയ ആവേശം നൽകി കൂടുതൽ കരുത്തുനേടി ക്കൊണ്ടിരുന്നു. 1973ൽ എറണാകുളം പുല്ലേപ്പടി ദാറുൽ ഉലൂം സ്കൂൾ ഓഡിറ്റോറിയത്തിൽ സൽസബീൽ മാസികയുടെ ഒരു വാർഷിക സമ്മേള നം ഗുണകാംക്ഷികൾ ചേർന്നു സംഘടിപ്പിച്ചു. ഒരു പുതിയതരം സമ്മേള നമായിരുന്നു അത്. മുമ്പ് കേട്ടു കേൾവിയില്ലാത്ത സമ്മേളനം. സൽസ ബീലിലൂടെ വിമർശിക്കപ്പെട്ട വ്യക്തികളേയും പ്രസ്ഥാനങ്ങളുടെ വക്താ ക്കളെയും തങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട വാദവിഷയം സ്വതന്ത്രമായി അവതരിപ്പിക്കുന്നതിന് ക്ഷണമയച്ചുകൊണ്ട് സംഘടിപ്പിച്ച ഒരു സാംസ്കാ രിക വേദി. എല്ലാവർക്കും യാത്രച്ചെലവും താമസ സൗകര്യവും സംഘാട കർ ഏർപ്പെടുത്തി. വിശദവിവരം പിന്നീടാകാം. സി.എൻ. മൗലവിയും ആ വേദിയിലേക്ക് ക്ഷണിക്കപ്പെട്ടു. തന്റെ സർവ്വ പ്രധാനമായ ‘അദൃശ്യ ലോ കത്ത് പിശാച് എന്ന ഒരു സൃഷ്ടിയില്ല” എന്ന നവീനവാദം തെളിയിച്ചു കൊണ്ട് സംസാരിക്കുന്നതിന്നായിരുന്നു ക്ഷണമയച്ചത്. എന്റെ യുവ സു ഹൃത്ത് സി.പി. ഉമർ സുല്ലമിയേയും നിശ്ചയിച്ചു. തികച്ചും സ്വതന്ത്രവും ശാന്തവുമായ ആശയ വിനിമയവേദി. തന്റെ വാദങ്ങളിൽ സത്യത്തിന്റെ കഴമ്പുണ്ടെന്ന് ബോധ്യമുള്ള ഏതൊരു പ്രബോധകനും സന്തോഷത്തോ ടെ ആശ്ലേഷിക്കേണ്ട വേദി. ഒരു പൈസ പോലും ചെലവില്ല. എന്നാൽ സി.എൻ. ആ ക്ഷണം സ്വീകരിച്ചില്ല. പകരം ഒരു ലഘുലേഖയുമായി ത ന്റെ ചില അനുയായികളെ സമ്മേളന സ്ഥലത്തേക്ക് അയക്കുകയാണ് അദ്ദേഹം ചെയ്തത്. “ആ അഭിമാനരോഷം ഇപ്പോൾ എവിടെ” ഇതായിരു ന്നു ലഘുലേഖയുടെ തലവാചകം. മരണഗോഷ്ഠികളിലൂടെ ബഹു. കെ. എം.മൗലവിയെയാണ് ആക്രമിച്ചതെങ്കിൽ ഈ കൃതിയിലൂടെ എന്നെയും പ്രഗത്ഭനായ ഡോക്ടർ ഉസ്മാൻ സാഹിബിനെയുമാണ് സി.എൻ. കടി

ച്ചുകീറിയത്. അതിശക്തമായ വ്യക്തിവധമായിരുന്നു അത്. എന്റെ സുഹൃത്ത് ഉസ്മാൻ സാഹിബിനെ നിരീശ്വരവാദി എന്ന് പലവട്ടം അതിൽ വിളിച്ചാക്ഷേപിച്ചിരുന്നു. തന്നെ ആശയപരമായി വിമർശിക്കുന്നവരുടെ നേർക്ക് ഭ്രാന്തമായ ക്രോധത്തിന്റെ വാൾ വീശുക മാത്രമായിരുന്നു സി. എൻ. മൗലവി ചെയ്തുകൊണ്ടിരുന്നത്. വ്യക്തിപരമായി ഞാൻ ഇതിൽ ഒരുതരം സംതൃപ്തിയിലായിരുന്നു. അർഹതയില്ലെന്ന് ആക്ഷേപിച്ച് എന്നെ പിന്നോട്ട് തള്ളിയ സി.എൻ. പ്രഗത്ഭനായ ഉസ്മാൻ ഡോക്ടറോടൊപ്പം എന്നെയും പരിഗണിച്ചുവല്ലോ.

എന്നെ ചീത്ത വിളിച്ചതിന് ന്യായമല്ലാത്തതാണെങ്കിലും അടങ്ങാത്ത പ്രതികാരത്തിന്റെ ഒരു കാരണമുണ്ട്. അതാണ് ഞാൻ പറഞ്ഞുതുടങ്ങിയത്. ശൈഖ് മുഹമ്മദ് നസ്വീഫു (ജിദ്ദ)മായി ബന്ധപ്പെട്ട വിഷയം തന്നെ. സി.എൻ. മൗലവിയുടെ ഇസ്‌ലാമിലെ ധനവിതരണ പദ്ധതി എന്ന ഗ്രന്ഥത്തിന്റെ ഇംഗ്ലീഷ് പരിഭാഷ അന്തർദേശീയ പ്രചാരണത്തിനുവേണ്ടി റാബിത്വയിൽ സമർപ്പിച്ചുവല്ലോ. വിവരം ഞാൻ ജിദ്ദയിൽ വെച്ചുതന്നെ അറിഞ്ഞു. ഞാൻ ഊഹിച്ചതുപോലെ അടുത്ത വർഷം സി.എൻ. ഹജ്ജ് യാത്രക്ക് ഒരുക്കം തുടങ്ങി. ഞാൻ അറബിയിൽ ഒരു ലഘുലേഖ തയ്യാറാക്കി. പ്രസ്തുത ഗ്രന്ഥത്തിലും ഖുർആൻ തർജമയിലും ഇസ്‌ലാം ഒരു സമഗ്രപഠനം എന്ന ഗ്രന്ഥത്തിലും അദ്ദേഹം വരുത്തിയ ഗുരുതരമായ വ്യതിയാനങ്ങളും തിരുത്തൽവാദങ്ങളും അക്കമിട്ടു നിരത്തുന്ന ഒരു രചനയായിരുന്നു ആ അറബി ലഘുലേഖ. റാബിത്വയുടെ പ്രസിദ്ധീകരണ വിഭാഗത്തിലേക്കും സുഊദിയിലെ എനിക്കറിയാവുന്നതും എന്നെ അറിയുന്നതുമായ ചില ഉന്നത കേന്ദ്രങ്ങളിലേക്കും അത് അയച്ചു. ഞാൻ ആ വർഷം യാത്ര പോയതുമില്ല. സി.എൻ. മൗലവി അവിടെയെത്തി. മുൻ ഒരുക്കപ്രകാരം വേണ്ടപ്പെട്ടവരെയെല്ലാം സന്ദർശിച്ചു. ആ കൂട്ടത്തിൽ പ്രധാനമായും അദ്ദേഹം ആശാപൂർവ്വം സന്ദർശിച്ചത് ശൈഖ് മുഹമ്മദ് നസ്വീഫ് അവർകളെയായിരുന്നു.

ശൈഖ് എന്റെ കൃതി കയ്യിൽ കിട്ടിയതോടെ വിഷയങ്ങൾ പഠിക്കാൻ മിനക്കെട്ടു. പരിശോധനാർത്ഥം റാബിത്വയുടെ പുസ്തകശേഖരത്തിൽ നിന്ന് 'ധനവിതരണ പദ്ധതിയുടെ ഇംഗ്ലീഷ് കോപ്പി വരുത്തി. എന്റെ കുറിപ്പിൽ നമ്പർ ഇട്ട് കാണിച്ചിരുന്ന വിഷയങ്ങൾ ഒത്തുനോക്കി. പുസ്തകത്തിന്റെ പേജ് ഞാൻ പ്രത്യേകം കാണിച്ചിരുന്നു. ശൈഖിന് പരിശോധനയിലൂടെ കാര്യം ശരിക്കും ബോധ്യപ്പെട്ടു. അദ്ദേഹം പ്രമുഖനായ ഒരു പണ്ഡിതനായിരുന്നു. സി.എൻ മൗലവി ചെന്നപ്പോൾ ശൈഖ് അദ്ദേഹത്തെ വളരെ മാന്യമായി സ്വീകരിച്ചു. സൽക്കരിച്ച ശേഷം ചൂണ്ടിപ്പ

റഞ്ഞ വിഷയങ്ങളെക്കുറിച്ച് അദ്ദേഹത്തിന്റെ അഭിപ്രായമാരാഞ്ഞു. ചില തെല്ലാം നിർബന്ധ സാഹചര്യത്തിൽ അദ്ദേഹം സമ്മതിച്ചു. പലതും ഓർമ്മയില്ലെന്നും പരിശോധിക്കണമെന്നും പറഞ്ഞു ഒഴിഞ്ഞുമാറി. കാര്യങ്ങൾ ശരിക്കും ബോധ്യമായതോടെ ശൈഖ് തന്റെ നില വെളിപ്പെടുത്തി. താങ്കൾ ഈ വ്യതിയാനങ്ങളിൽ നിന്നും പിന്തിരിയാത്ത കാലത്തോളം താങ്കളെ ഒരുനിലക്കും സഹായിക്കാനോ പ്രോത്സാഹിപ്പിക്കാനോ ഞങ്ങൾക്ക് സാധ്യമല്ല. സി.എൻ. നിരാശപ്പെട്ട് മടങ്ങി. അദ്ദേഹത്തിന്റെ ആസൂത്രണം പരാജയപ്പെട്ടു. അഥവാ അല്ലാഹു പരാജയപ്പെടുത്തി. ശൈഖ് നസ്വീഫ് എനിക്ക് നന്ദി പറഞ്ഞുകൊണ്ട് കത്തയച്ചു.

സി.എൻ. മൗലവി എനിക്ക് നിഷേധിച്ചത് ഈ അർഹതയല്ല. ഇതിനേക്കാൾ വളരെ വളരെ താഴ്ന്ന അർഹതയായിരുന്നു. ശരിയാണ്. അദ്ദേഹത്തെ അപേക്ഷിച്ച് ഞാൻ വളരെ താഴെയായിരുന്നു. എന്നിരുന്നാലും അല്ലാഹുവിന്റെ അധികാരത്തിന്മേലുള്ള ഒരു കൈയേറ്റമായിപ്പോയി അത്. ഞാനും നിങ്ങളും അറിയേണ്ടതും പഠിക്കേണ്ടതുമായ ഒരു കാര്യമാണിത്. അഹങ്കാരത്തെക്കുറിച്ച് നബിﷺ വിശദീകരിച്ചത് രണ്ടു കാര്യങ്ങളെ ആസ്പദമാക്കിയാണ്. നല്ല വാഹനം, നല്ല വീട്, നല്ല വസ്ത്രം ഇതൊന്നും അഹങ്കാരമല്ല. അതിൽ ധൂർത്തും അതിർകവിയലും പാടില്ല. സത്യത്തെ നിഷേധിക്കലും മറ്റുള്ളവരെ തരംതാഴ്ത്തിക്കാണലുമാണ് അഹങ്കാരം. ഖുർആനിലും ഹദീസിലും വ്യക്തമായി വന്ന സത്യങ്ങളെ അദ്ദേഹം തള്ളിപ്പറഞ്ഞു. അതിനെക്കുറിച്ച് തെര്യപ്പെടുത്തിയവരെ കഠിനമായി ആക്ഷേപിച്ചു. അവരുടെ അർഹതയെ ചോദ്യം ചെയ്തു. അല്ലാഹുവിന്റെ വിധി (ഖളാഅ് ഖദ്ർ)യിലുള്ള അദ്ദേഹത്തിന്റെ വിശ്വാസ വൈകല്യമായിരിക്കാം ഇതിന് നിമിത്തമായത്. പ്രവാചക മാതൃകയ്ക്ക് എതിരായിരുന്നു അദ്ദേഹത്തിന്റെ തൂലിക ഒഴുക്കിയ ഖദ്റിന്റെ വിശ്വാസം! പ്ലാവിൽ ചക്ക മാത്രം കായ്ക്കുന്നതും തെങ്ങിൽ അടക്ക കായ്ക്കാത്തതും കശുമാവിൽ തേങ്ങ ഉണ്ടാകാത്തതുമൊക്കെയാണ് വിധിയായി അദ്ദേഹം കണ്ടിരുന്നത്. ശൂന്യാകാശത്തിലേക്കും ലബോറട്ടറികളിലേക്കും ഓടിപ്പോകുന്നതായിരുന്നു അദ്ദേഹത്തിന്റെ ഈമാൻ. 1974ൽ കൊച്ചിയിൽ നിന്ന് എ.എ. ഹമീദ് കൺവീനറായി സത്യാന്വേഷണ സംഘം ഒരു ചോദ്യാവലി അച്ചടിപ്പിച്ച് കേരളത്തിലെ പ്രഗത്ഭരായ പണ്ഡിതന്മാർക്കും അറബിക്കോളേജ് പ്രിൻസിപ്പാൾമാർക്കും അയച്ചു. കൂട്ടത്തിൽ അന്ന് മദീനാ യൂണിവേഴ്സിറ്റിയിൽ പ്രൊഫസർമാരായിരുന്ന ശൈഖ് അബ്ദുസ്സമദ് മൗലവിക്കും (കെ.എം. മൗലവിയുടെ പുത്രൻ) ശൈഖ് സഅദുദ്ദീൻ മൗലവിക്കും (വടക്കാഞ്ചേരി), ഞാൻ നിർദ്ദേശിച്ച പ്രകാരം അയച്ചിരുന്നു. അന്ന് ജാമിഅ

നദ്‌വിയ്യയുടെ പ്രിൻസിപ്പാൾ സി.എൻ മൗലവിയുടെ ഗുണകാംക്ഷിയും കൂട്ടാളിയുമായിരുന്ന എ.കെ. അബ്ദുല്ലത്വീഫ് മൗലവിയായിരുന്നു. സമർത്ഥനും പ്രഗത്ഭനുമായ പണ്ഡിതനായിരുന്നു എന്റെ സുഹൃത്ത് അബ്ദുല്ലത്വീഫ് മൗലവി. കെ.എൻ.എം. സംസ്ഥാന സെക്രട്ടറിയുടെ പദവിയിൽ നിന്നും എന്റെ സുഹൃത്ത് അബ്ദുല്ലത്വീഫ് മൗലവിയെ നീക്കിയായിരുന്നു ബഹുമാന്യനായ കെ.പി. മുഹമ്മദ് മൗലവിയെ തൽസ്ഥാനത്ത് അവരോധിച്ചത്. അബ്ദുല്ലത്വീഫ് മൗലവി നേരെ പോയത് ജമാഅത്തെ ഇസ്‌ലാമിയുടെ കേന്ദ്രത്തിലേക്കായിരുന്നു. അവരുടെ ഒരു പ്രധാന സ്ഥാപനമായ ചേന്ദമംഗല്ലൂർ ഇസ്‌ലാഹിയ്യ കോളേജിന്റെ പ്രിൻസിപ്പാളായി എന്റെ മൗലവി സ്ഥാനമേറ്റു. ഒരു ജോലി മാത്രമല്ലായിരുന്നു അതുകൊണ്ട് അദ്ദേഹം ഉദ്ദേശിച്ചതെന്ന് വ്യക്തം. കേരളത്തിലെ ഇസ്‌ലാഹീ സുഹൃത്തുക്കളെ ഒന്നാകെ വേദനിപ്പിക്കുകയും ലജ്ജിപ്പിക്കുകയും ചെയ്ത ഒരു സംഭവമായിരുന്നു അത്. കുറച്ച് വിദ്യാർത്ഥികൾ ചേർന്ന് മുജാഹിദ് സ്റ്റുഡൻസ് മൂവ്മെന്റിന്റെ ഒരു ശാഖ അവിടെ ആരംഭിക്കാൻ തീരുമാനിച്ചപ്പോൾ മൗലവി ഇടപെട്ട് കർശനമായി അത് തടഞ്ഞു. എത്ര ദയനീയം!

അങ്ങനെ കുറെ നാൾ കഴിഞ്ഞു. ജമാഅത്തെ ഇസ്‌ലാമിയുടെ കേരള അമീറായി കെ.സി. അബ്ദുല്ല മൗലവിയെ മാറ്റി ടി.കെ. അബ്ദുല്ല സാഹിബിനെ തൽസ്ഥാനത്ത് നിയമിച്ചു. കെ.സി. അബ്ദുല്ല മൗലവി അയോഗ്യനായതുകൊണ്ടൊന്നുമല്ല ഈ മാറ്റമുണ്ടായത്. അദ്ദേഹം പിന്നീട് വീണ്ടും അമീറായി നിയോഗിക്കപ്പെട്ടിട്ടുണ്ട്. അപ്പോൾ കെ.സിക്ക് അർഹിക്കുന്ന ഒരു പദവി നൽകാൻ പാർട്ടി നിർബന്ധിതമായി. അതിന്നവർ കണ്ടെത്തിയ കേന്ദ്രം ചേന്ദമംഗല്ലൂർ കോളേജായിരുന്നു. ഒട്ടും താമസിച്ചില്ല. അബ്ദുല്ലത്വീഫ് മൗലവി പുറത്തായി. കെ.സി. പകരം അവരോധിതനാകുകയും ചെയ്തു. അങ്ങേയറ്റം ദൗർഭാഗ്യകരവും ലജ്ജാകരവുമായ ഒരവസ്ഥയായിരുന്നു അത്. 'നക്കിക്കൊല്ലുക' എന്ന ഒരു ഗൂഢാലോചന ഇതിന്റെ പിന്നിലുണ്ടായിരുന്നോ എന്ന് എനിക്ക് സംശയമുണ്ട്. പക്ഷെ, എന്റെ സുഹൃത്തിന് അർഹിക്കുന്നത് കിട്ടിയെന്ന ആശ്വാസവും ഇങ്ങനെയായിപ്പോയല്ലോ എന്ന ഖേദവുമായി ഞാൻ കഴിയുകയായിരുന്നു. അപ്പോഴാണ് ഡോക്ടർ ഉസ്മാൻ സാഹിബിന്റെ ഒരു കത്ത് കൊച്ചിയിലേക്ക് വന്നത്. അബ്ദുല്ലത്വീഫ് മൗലവിയെ ഞാൻ ജാമിഅ നദ്‌വിയ്യയുടെ പ്രിൻസിപ്പാൾ സ്ഥാനത്തേക്ക് നിയമിക്കുകയാണെന്നും അദ്ദേഹത്തിന്റെ അഭിമാനം സംരക്ഷിക്കൽ നമ്മുടെ ബാധ്യതയാണെന്നും നിങ്ങൾ ദയവുചെയ്ത് പ്രശ്നങ്ങളൊന്നും ഉണ്ടാക്കരുതെന്നും ഡോക്ടർ എനിക്ക് എഴുതിയിരുന്നു. കത്ത് വായിച്ചു ഞാൻ കുറേനേരം തരിച്ചിരുന്നു. ഡോക്ടർ ജാമിഅ

നദ്‌വിയ്യ ട്രസ്റ്റിന്റെ ചെയർമാനാണ്. ഞാൻ ഒരു വികൃതി കാണിക്കുന്ന ശല്യക്കാരനാണെന്നും അത് പ്രകടിപ്പിക്കാൻ ഒരു പത്രം സ്വതന്ത്രമായി ഉണ്ടെന്നും ഡോക്ടർക്ക് എന്റെ മനസ്സിലുള്ള സ്ഥാനം മനസ്സിലാക്കി ക്കൊണ്ടും ബന്ധപ്പെട്ടവർ വെച്ച പണിയായിരുന്നു ഇത്. സത്യമാണ്, ഉസ്മാൻ ഡോക്ടറുടെ ഒരു ശാസനയോ അപേക്ഷയോ കണ്ണടച്ച് എനിക്ക് തള്ളാൻ കഴിയില്ല. എന്റെ മനസ്സിൽ അദ്ദേഹത്തിനുള്ള സ്ഥാനം അത്ര മികച്ചതാണ്. ഞാൻ വഴങ്ങി. പക്ഷെ, ഒരു നിബന്ധന വെച്ചു. കൊച്ചിയിൽ നിന്നും നേരത്തെ പറഞ്ഞ ഒരു ചോദ്യാവലി അബ്ദുല്ലത്വീഫ് മൗലവി ക്കും അയക്കും. അതിന് സ്വതന്ത്രമായ ഒരു മറുപടി അദ്ദേഹം നൽകണം. അഥവാ ആ ബാധ്യത നിങ്ങൾ ഏൽക്കണം എന്ന് ഞാൻ ഡോക്ടർക്ക് എഴുതി. ചോദ്യാവലിയിൽ എന്താണുണ്ടായിരുന്നതെന്ന് ഇനി പറയാം. മൂന്ന് കോളങ്ങളിലായി അത് രൂപപ്പെടുത്തി, നടുവിലെ കോളത്തിൽ ഏതാനും ഖുർആൻ വചനങ്ങളും നബിവചനങ്ങളും, വലതുവശത്ത് ഉമർ മൗലവി കൊടുത്ത അർത്ഥം എന്ന തലവാചകത്തിൽ അവ രേഖ പ്പെടുത്തി. ഇടതുവശത്തെ കോളത്തിൽ സി.എൻ. മൗലവി കൊടുത്ത അർത്ഥം എന്ന തലവാചകത്തിൽ അദ്ദേഹം നൽകിയ അർത്ഥങ്ങളും രേഖപ്പെടുത്തി. താഴെ ഇപ്രകാരം ചോദിക്കുന്നു. ഇതിൽ ഏതർത്ഥമാണ് ശരിയായിട്ടുള്ളത് എന്നറിയിച്ചുതരാൻ അപേക്ഷ. ശൈഖ് മുഹമ്മദ് മൗല വി, അമാനി മൗലവി, കെ.പി. മുഹമ്മദ് മൗലവി, സി.പി. അബൂബക്കർ മൗലവി, കെ.സി. അബൂബക്കർ മൗലവി തുടങ്ങിയ പ്രശസ്തരും പ്രഗത്ഭ രുമായ പണ്ഡിതന്മാർക്കും ചോദ്യം അയച്ചിരിക്കുന്നു.

ഈ വിഷയത്തിൽ എന്നെ അത്ഭുതപ്പെടുത്തിയ രണ്ടു അനുഭവങ്ങളു മായി. ഗുരുതുല്യനും കേരളത്തിലെ ഹദീസ് പണ്ഡിതന്മാരിൽ സുപ്ര ധാനിയുമായ എന്റെ സുഹൃത്ത് ശൈഖ് മുഹമ്മദ് മൗലവി അന്ന് കേരള ജംഇയ്യത്തുൽ ഉലമയുടെ പ്രസിഡണ്ടായിരുന്നു. ജമാഅത്തെ ഇസ്‌ലാമി യുമായുള്ള വിവാദപ്രശ്നങ്ങളിൽ അദ്ദേഹം പുലർത്തിയിരുന്ന മൗനം എന്നെ വല്ലാതെ അലോസരപ്പെടുത്തിയിട്ടുണ്ട്. സി.എൻ. മൗലവിയുടെ യും ശൈഖ് മൗലവിയുടെയും മക്കൾ തമ്മിലെ വിവാഹബന്ധത്തേക്കാൾ ദൃഢമായ ഒരു ബന്ധവും അവർക്കിടയിലുണ്ടായിരുന്നു. ഇതൊക്കെ എന്റെ മനസ്സിലൂടെ കയറിയിറങ്ങിക്കൊണ്ടിരുന്നപ്പോൾ അതാ ഒരു ദിവ സം അദ്ദേഹം കൊച്ചിയിലെ എന്റെ താമസസ്ഥലത്തേക്ക് സലാം പറഞ്ഞു കയറിവന്നു. ഞാൻ ബഹുമാനപൂർവ്വം സ്വീകരിച്ചു. പ്രാഥമിക കുശലങ്ങ ൾക്കു ശേഷം അദ്ദേഹം ചോദിച്ചു. എ.എ. ഹമീദ് എന്നയാൾ എവിടെ? ഉട നെ എനിക്ക് കാണണം. ഞാൻ വേഗം ഒരാളെ അയച്ച് ഹമീദിനെ വരു

ത്തി. ഹമീദ് വന്നു. പരിചയപ്പെട്ടു. പോക്കറ്റിൽ നിന്നും മൗലവി ചോദ്യാവലിയുടെ പേപ്പർ എടുത്ത് നിവർത്തി കമഴ്ത്തി മേശപ്പുറത്തുവെച്ചു. ഞാൻ പറയുന്ന വാചകങ്ങൾ ഇവിടെ എഴുതുക എന്നു പറഞ്ഞുകൊണ്ട് പേന ഹമീദിന്റെ കയ്യിൽ കൊടുത്തു. എന്നോട് ഒരക്ഷരം ഉരിയാടിയില്ല. “നിങ്ങളുടെ ചോദ്യാവലി കിട്ടി. അതിൽ കാണിച്ചിട്ടുള്ള ആയത്തുകൾക്കും ഹദീസുകൾക്കും എല്ലാ പ്രാമാണിക തെളിവുകളുടെയും അടിസ്ഥാനത്തിൽ ഉമർ മൗലവി കൊടുത്തിട്ടുള്ള അർത്ഥമാണ് ഏറ്റവും ശരിയായിട്ടുള്ളത്. സി.എൻ. മൗലവി നൽകിയിട്ടുള്ള അർത്ഥങ്ങൾ പൂർണ്ണമായും തെറ്റുതന്നെയാണ്.” ഇപ്രകാരം എഴുതി മൗലവി തന്റെ കയ്യക്ഷരത്തിൽ പേരെഴുതി ഒപ്പ് വെച്ചു. തിയ്യതിയും കുറിച്ചു ഹമീദ് വശം ഏൽപിച്ചു. അത്ഭുതവും സന്തോഷവും കൂടിക്കലർന്ന മനസ്സുമായി ഞാൻ നോക്കിയിരുന്നു. വിവാദങ്ങളിൽ കഴിവതും മൗനം പാലിക്കുന്ന ശൈഖ് മൗലവി സത്യം തെളിയിക്കേണ്ട ഒരു ഘട്ടം മുന്നിലെത്തിയപ്പോൾ കുടുംബബന്ധമോ സുഹൃദ്ബന്ധമോ പരിഗണിക്കാതെ ഉത്സാഹപൂർവ്വം ഓടിയെത്തി തന്റെ ബാധ്യത നിറവേറ്റുന്നത് കണ്ടതാണ് എന്നെ അത്ഭുതപ്പെടുത്തിയത്. ശൈഖ് മൗലവിയെ പോലെ സർവാംഗീകൃതനായ ഒരു പ്രഗത്ഭ പണ്ഡിതനിൽ നിന്നുമുണ്ടായ ആ നിലപാടാണ് ഏറെ സന്തോഷത്തിനിടയാക്കിയ കാര്യം. ഇതുപോലെ തന്നെ ഏറെ ശങ്കിച്ചിരുന്ന എ.കെ. അബ്ദുല്ലത്വീഫ് മൗലവിയും മറുപടി തപാൽ മാർഗം അയച്ചു. അദ്ദേഹം എഴുതി. “ചോദ്യങ്ങൾ ഒന്നൊന്നായി ഞാൻ ശരിക്കും പരിശോധിച്ചു. എല്ലാ നമ്പറുകളിലും ഉമർ മൗലവി നൽകിയ അർത്ഥങ്ങളാണ് ശരിയായിട്ടുള്ളതെന്ന് എനിക്ക് ബോധ്യപ്പെട്ടു.” മറ്റു പണ്ഡിതന്മാർ എല്ലാവരും എനിക്ക് അനുകൂലമായിട്ടാണ് മറുപടി നൽകിയത്. അത് ഞാൻ പ്രതീക്ഷിച്ചതുമാണ്. സി. പി. അബൂബക്കർ മൗലവി മാത്രം മറുപടി അയച്ചില്ല. സത്യം പറയേണ്ടി വരുമ്പോൾ എനിക്ക് അനുകൂലമാകുമെന്നതിൽ ഇഷ്ടക്കേടുണ്ടായിരുന്നതുകൊണ്ടോ, സി.എൻ. മൗലവിക്കെതിരിൽ പേന ചലിപ്പിക്കുവാൻ താൽപര്യമില്ലായ്മയാലോ എന്തെന്ന് എനിക്ക് മനസ്സിലായില്ല. ഒരു ഉത്തരവാദപ്പെട്ട പണ്ഡിതൻ എന്ന നിലയിൽ അദ്ദേഹം തന്റെ കർത്തവ്യം നിർവ്വഹിച്ചില്ലെന്ന് മാത്രം മനസ്സിലായി. ഇങ്ങനെ നാനാവിധേനയും സി.എൻ. മതവിഷയങ്ങളിൽ നടത്തിയ അതിക്രമം ജനങ്ങളെ ബോധ്യപ്പെടുത്തുവാൻ ഞാൻ ഇട മുറിയാതെ പ്രയത്നിച്ചു. സി.എൻ. മൗലവിയുടെ രചനാവൈഭവത്തിൽ ആകൃഷ്ടരായി അന്ധമായി അദ്ദേഹത്തെ പിന്തുണയ്ക്കുകയും വാഴ്ത്തുകയും ചെയ്ത ധാരാളം ആളുകൾക്ക് സത്യം ബോധ്യപ്പെട്ടതായി നേരിലും കത്തുകൾ മുഖേനയും എനിക്ക് അനുഭവപ്പെട്ടു. അല്ലാഹുവിന് സർവ്വസ്തുതിയും!

ഒരു കാര്യവും കൂടി പറഞ്ഞുകൊള്ളട്ടെ, മൗലവി സാഹിബിന്റെ നിര്യാണത്തിനു ശേഷവും എന്റെ പ്രബോധനം ഞാൻ തുടർന്നുകൊണ്ടിരുന്നു. അപ്പോൾ ചില കത്തുകൾ പലേടത്തുനിന്നായി എനിക്ക് ലഭിച്ചു. മരണപ്പെട്ടുപോയ ഒരു പണ്ഡിതനെക്കുറിച്ച് ദൂഷണം നടത്തൽ താങ്കൾ തുടർന്നുകൊണ്ടിരിക്കുന്നു. ഇത് ഇസ്‌ലാമികമായി എങ്ങനെ ന്യായീകരിക്കപ്പെടും? എന്നായിരുന്നു കത്തുകൾ എന്നോട് ചോദിച്ചത്. ചോദ്യകർത്താക്കളിൽ പലരും പേരുവെക്കാതെയാണ് കത്തയച്ചത്. പക്ഷെ, ആളെ നോക്കാതെ വിഷയം നോക്കുകയാണല്ലോ വേണ്ടത്. സൽസബീലിന്റെ മുദ്രാവാക്യവും അതുതന്നെയാണ്. ഞാൻ ഒരിടത്ത് പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ ഒരു ചോദ്യം കിട്ടി. "ലോകത്ത് അറിയപ്പെടുന്ന ഒട്ടേറെ മഹാപണ്ഡിതന്മാർ മൗദൂദി സാഹിബിനെ പിന്തുണക്കുന്നു. അദ്ദേഹം വലിയൊരു മനുഷ്യനാണെന്നതിന് ഇതു തന്നെ നല്ലൊരു തെളിവാകുന്നു. അപ്പോൾ ഈ കൊച്ചു കേരളത്തിന്റെ ഒരു കൊച്ചു മൂലയിൽ കഴിയുന്ന നിങ്ങൾ ഇത്തരം കൊച്ചു സദസ്സിൽ ഒരു വലിയ മനുഷ്യനെ വിമർശിക്കുന്നതിന്റെ നിരർത്ഥകത നിങ്ങൾക്കിനിയും ബോധ്യമാകുന്നില്ലേ." ഞാൻ ഒരു കൊച്ചു വാചകം മാത്രം മറുപടിയായി പറഞ്ഞു. "വലിയ ആളാണെങ്കിൽ വലിയ കുപ്പായം ധരിച്ചു കൊള്ളട്ടെ." എന്റെ മറുപടി കേട്ട് സദസ്സ് ഒന്നാകെ ചിരിച്ചു.

കത്തിലെ ആക്ഷേപത്തിന് ഇങ്ങനെ ഞാൻ മറുപടി അയച്ചു. സൽസബീലിൽ അത് കൊടുക്കുകയും ചെയ്തു. "സി.എൻ. മൗലവി ഈ ലോകം വിട്ടുപോയി. പക്ഷെ, അദ്ദേഹത്തിന്റെ വാദമുഖങ്ങൾ അക്ഷരങ്ങളിലൂടെ ഇവിടെ തെളിഞ്ഞുകിടക്കുന്നു. ജനങ്ങൾ അത് വായിച്ചുകൊണ്ടിരിക്കുന്നു. അപ്പോൾ എന്റെ വിമർശനം അനിവാര്യമാണ്. അത് തുടരാതെ വയ്യ. പേര് വെളിവാക്കി പറയുന്നതിൽ തെറ്റില്ല. മാത്രമല്ല, പലപ്പോഴും അത് അത്യാവശ്യമാണ്. ഇതിന് വിശുദ്ധ ഖുർആൻ തന്നെ ഏറ്റവും മുന്തിയ തെളിവാണ്. ഇസ്‌ലാമിന്റെ ശക്തരായ പല ശത്രുക്കളേയും ഖുർആൻ പേരെടുത്തും അല്ലാതെയും ആക്ഷേപിച്ചതും വിമർശിച്ചതും തെളിഞ്ഞുകിടക്കുന്നുണ്ടല്ലോ. സഹസ്രാബ്ദങ്ങൾക്കും നൂറ്റാണ്ടുകൾക്കും മുമ്പേ കഴിഞ്ഞുപോയ ആ വ്യക്തികളെ വിമർശിക്കുന്ന വാചകങ്ങൾ ലോകാവസാനം വരെ പാരായണം ചെയ്യപ്പെടുന്നു. വിശ്വാസികളാകട്ടെ അവ പാരായണം ചെയ്തു അല്ലാഹുവിൽ നിന്നും പുണ്യം നേടുകയും ചെയ്യുന്നു. മുഹമ്മദ് നബിﷺയുടെ പിതൃവ്യനായ അബൂലഹബിനേയും പത്നിയേയും ആക്ഷേപിച്ചുകൊണ്ട് ഒരു അദ്ധ്യായം തന്നെ ഖുർആനിലുണ്ട്. കോടാനുകോടി വിശ്വാസികൾ അത് പാരായണം ചെയ്ത് പുണ്യം നേടിയിരിക്കാം. ഇന്നും അത് തുടരുന്നു. തുടരുകയും ചെയ്യും. അതിൽ വല്ല പദ

ത്തെ സംബ്ധിച്ചും മനസ്സിൽ അനിഷ്ടം തോന്നുന്നവന്റെ സ്ഥാനം ഇസ് ലാമിനു പുറത്താണ്. അബൂലഹബിന്റെ രണ്ടു പുത്രന്മാർ ഇസ്‌ലാമിലേക്ക് വന്നതായി ചില ചരിത്രഗ്രന്ഥങ്ങളിലുണ്ട്. അവരും ഭക്ത്യാദരവുകളോടെ ഈ അദ്ധ്യായം പാരായണം ചെയ്തിരിക്കുമല്ലോ! അവരുടെ ഈമാൻ എത്ര ശക്തമായിരുന്നുവെന്ന് നാം മനസ്സിലാക്കുക. അഥവാ മറിച്ചായിരുന്നുവെങ്കിൽ പരിണിതഫലം എന്തായിരിക്കുമെന്നും അറിയുക. ആളെ നോക്കാതെ തെളിവു നോക്കി സ്വീകരിക്കുക. സത്യത്തെ ഏറ്റവും മുമ്പിൽ നിർത്തുക. അതു മാത്രമാണ് രക്ഷാമാർഗം.

ഓർമകളുടെ തീരത്ത്

## 44

# കൊച്ചി- ഒരു വഴിത്തിരിവ്

സൽസബീൽ ത്രൈമാസികയിൽ നിന്നും മാസികയിലേക്ക് പുരോഗമിച്ചു. 72 ജനുവരി ലക്കത്തിന്റെ പണി പൂർത്തിയായി. മാസികയായതിന്റെ ഒന്നാം ലക്കം. അപ്പോൾ എറണാകുളം ബ്രോഡ്‌വേയിലുള്ള സ്വിസ്‌ടൈം ഹൗസിന്റെ ഉടമ സുലൈമാൻ ഹാജിയുടെ ഒരു കത്ത് തിരൂർക്കാട്ട് കിട്ടി. അദ്ദേഹം എന്റെ ഒരു പഴയ സുഹൃത്താണ്. കത്തിലെ വിഷയം ഇതാണ്: കൊച്ചി പുതിയപള്ളിയിലെ സ്ഥിരം ഖത്വീബ് സൈദ്കുഞ്ഞി മൗലവിയുടെ നിർദ്ദേശപ്രകാരം മുതവല്ലി അബ്ദുല്ലാ ഹാജി അഹ്മദ് സേഠ് നിങ്ങളെക്കുറിച്ച് അന്വേഷിക്കുന്നു. നിങ്ങൾക്ക് അത് ഏറ്റെടുക്കാൻ കഴിയുമോ? ഒരു പത്രത്തിന്റെ 'അ' മുതൽ 'ക്ഷ'വരെ എല്ലാ ഉത്തരവാദിത്വങ്ങളും ഒറ്റയ്ക്ക് നിർവ്വഹിക്കുന്ന കഠിനാദ്ധ്വാനത്തിലായിരുന്നു ഞാൻ. രാത്രി കണ്ണിൽ ഉറക്കം എത്തുന്നതുവരെ വിശ്രമമില്ലാതെ ജോലിയാണ്. ഇതിനിടയിൽ വരിക്കാരെ തേടിയുള്ള യാത്രയും. എന്നിട്ടും കത്തിന് മറുപടി അയക്കുകയല്ല ചെയ്തത്. പിറ്റേദിവസം തിരൂർക്കാട്ടു നിന്ന് പുറപ്പെട്ടു. ഉച്ചയ്ക്ക് എറണാകുളത്ത് എത്തി. സുലൈമാൻ ഹാജി മുഖേന മുതവല്ലിയെ കണ്ടു. ഖത്വീബ് സ്ഥാനം ഏറ്റു. അന്ന് തന്നെ അസ്ർ നമസ്കാരത്തിന് ഇമാമായി നിൽക്കുകയും ചെയ്തു. പിന്നീട് വർഷങ്ങളോളം തുടർന്നു. ഇത്രയും ദീർഘമായി ഞാൻ എവിടെയും ഉറച്ചുനിന്നിട്ടില്ല. എന്റെ സുഹൃത്തുക്കൾക്ക് എന്നെക്കുറിച്ചുള്ള വലിയൊരാക്ഷേപം തന്നെ ഇതാണ്. അവർ പറയും. "മൂപ്പര് എപ്പോൾ ഇട്ടേച്ച് പോകും എന്ന് നോക്കിയാൽ മതി." ഈ പറയുന്നതിൽ വലിയ അതിശയോക്തിയൊന്നുമില്ല താനും. എന്റെ സ്വതന്ത്രമായ പ്രവർത്തനത്തിനും യാത്രയ്ക്കും വിഘ്നം നേരിടുന്നുവെന്ന്

തോന്നിയാൽ ഞാൻ എവിടെയായാലും അത് വിട്ടുകളയും. അത് തെറ്റോ ശരിയോ? രണ്ടുമാകാം. പക്ഷെ, എനിക്കതേ കഴിയൂ.

എന്നാൽ പുതിയ പള്ളിയിൽ തുടരാൻ രണ്ടുമൂന്നു കാരണങ്ങൾ എന്റെ മനസ്സിനെ ശക്തിയായി സ്വാധീനിച്ചിരുന്നു. കത്ത് കിട്ടിയ പാടെ ഓടിയെത്തി മിഹ്റാബിൽ കയറി നിൽക്കാൻ ധൃതിപ്പെട്ട കാരണം ആദ്യം പറയാം. സൽസബീൽ ത്രൈമാസിക നാലാം ലക്കം ഡിസംബർ 20ന് പുറത്തിറങ്ങി അതിന്റെ അച്ചടി നടന്നുകൊണ്ടിരിക്കുമ്പോൾ കൊച്ചി സ്റ്റാർ ജംഗ്ഷനിലുള്ള ഇളയ കോവിലകം ജമാഅത്ത് പള്ളിയുടെ താഴെയുള്ള പീടികമുറിയുടെ വിലാസത്തിൽ ശൗക്കത്തലി എന്ന ഒരാളുടെ ലേഖനം തപാലിൽ കിട്ടി. 'ഇസ്‌ലാമിന്റെ പേരിൽ' എന്നാണ് തലവാചകം. ഒരു ഭാവനാകൃതിയുടെ ചുവയുണ്ടായിരുന്നു അതിന്. ലേഖനം ഒരു ജമാഅത്തുകാരന്റേതാണെന്ന് വായിച്ചപ്പോൾ ബോധ്യമായി. ലേഖനത്തിലുടനീളം ജമാഅത്തിനെ വിമർശിക്കുന്നതിന്റെ പേരിൽ അമർഷം പൂണ്ട് എന്നെ കഠിനമായി ആക്ഷേപിക്കുന്ന വാചകങ്ങളാണ്. ഒടുവിൽ 'ഓമർ മൗലവി ദജ്ജാൽ' എന്ന ക്രൂരമായ വിശേഷണവും! ഒരക്ഷരംപോലും തിരുത്താതെ, വെട്ടാതെ ലേഖനം ഞാൻ പ്രസ്സിൽ കൊടുത്തു. ആ ലക്കത്തിൽ ചേർക്കുകയും ചെയ്തു. 'സംസ്കാര സമ്പന്നരായി' വേഷമിട്ട മൗദൂദികൾ വിമർശനത്തെ എത്ര ഹീനമായ നിലയിലാണ് നേരിടുന്നതെന്ന് ആളുകൾ തിരിച്ചറിയട്ടെ എന്നതാണ് ലേഖനം പ്രസിദ്ധീകരിക്കാൻ എന്നെ പ്രേരിപ്പിച്ച വികാരം. ഇങ്ങനെ എന്നെ അസഹ്യമായി ചീത്തവിളിച്ച പല കത്തുകളും ഞാൻ പിന്നീട് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. നാലാം ലക്കം ആളുകൾക്ക് കിട്ടി വായന നടക്കുന്ന സന്ദർഭത്തിലാണ് സുലൈമാൻ ഹാജിയുടെ കത്ത് കിട്ടുന്നത്. കൊച്ചിയിൽ പലഭാഗത്തും പ്രത്യേകിച്ച് പുതിയ പള്ളിയുടെ പരിസരത്തും വരിക്കാരുണ്ട്. പുതിയപള്ളി പരിസരത്തെ എന്റെ ഒന്നാമത്തെ വരിക്കാരൻ ജൈനി സാഹിബാണ്. (അദ്ദേഹം അടുത്ത് മരണപ്പെട്ടു– എഡിറ്റർ). അദ്ദേഹം പുതിയപള്ളിയിലെ ഒന്നാം സ്വഫിലെ സ്ഥിരം നമസ്കാരക്കാരനുമാണ്. മുൻപരിചയം ഉണ്ടായിരുന്നില്ല. കെ.കെ. ഉമർ സാഹിബാണ് പരിചയപ്പെടുത്തിയത്. അന്നുമുതൽ എന്നും എന്റെ സഹകാരിയും ഗുണകാംക്ഷിയുമായി വർത്തിച്ച നിസ്വാർത്ഥനായിരുന്നു ജൈനിക്ക. കൃത്യമായ മേൽവിലാസത്തോടെ കൊച്ചിയിൽ നിന്നയച്ച പ്രസ്തുത ലേഖനം അവിടെ എങ്ങനെ പ്രതികരിക്കപ്പെട്ടിരിക്കുന്നു എന്നറിയാൻ എനിക്ക് ആകാംക്ഷ ഉണ്ടായിരുന്നു. അപ്പോഴാണ് പള്ളിയിലേക്ക് ക്ഷണം ലഭിക്കുന്നത്. കൊച്ചിയിലെ ജമാഅത്തുകാരിൽ അധികപക്ഷവും ജുമുഅ നമസ്കാരത്തിന് പങ്കെടുക്കുന്നത് പുതിയപള്ളിയിലാണെന്നും

എനിക്കറിയാമായിരുന്നു. ദജ്ജാലിനെ ഇമാമായി സ്വീകരിച്ച് നമസ്കരിക്കുന്ന മൗദൂദികളെ കാണാൻ കഴിയുമല്ലോ. അഥവാ അവർ കൂട്ടത്തോടെ പിന്തിരിഞ്ഞുപോകുന്നതും കാണാം! ഇതൊക്കെ മനസ്സിൽ വന്നപ്പോൾ അങ്ങോട്ട് പോകാൻ ഉത്സാഹമായി. ലേശം വൈകാരികമാണിതെന്ന് കൂട്ടിക്കോളൂ. പക്ഷെ, തികച്ചും വിചാരപരമായ വിഷയങ്ങൾ വേറെയുമുണ്ട്.

പുതിയപള്ളി അതിമഹത്തായ ഒരു സലഫീചരിത്രം ഉണർന്നിരിക്കുന്ന ഇടമാണ്. ചരിത്രം ഉറങ്ങുന്നു എന്നാണ് സാധാരണ വിശേഷിപ്പിക്കാറുള്ളത്. ഇവിടെ അത് ശരിയല്ല. ഉണർന്ന് സജീവമായി നിൽക്കുകയാണ്. കേരളത്തിൽ കടുത്ത ഖുറാഫാത്തിന്റെ അധിനിവേശം നിറഞ്ഞുവന്ന കാലം. പള്ളി മിമ്പറുകൾ അറബി ഏടുകൾ വായിക്കുന്ന നിർജീവ കേന്ദ്രങ്ങളായി. പഴയകാലത്ത് ഒരു ഈജിപ്ഷ്യൻ പണ്ഡിതൻ എഴുതിവെച്ച കടിച്ചാൽ പൊട്ടാത്ത അറബി വാചകങ്ങൾ നിറഞ്ഞ നബാത്തീ ഖുത്ബകൾ! ഇബനു നബാത്തതുൽ മിസ്രി എന്ന പണ്ഡിതന്റെ പേരിൽ അവ നബാത്തീ ഖുത്ബകൾ എന്നറിയപ്പെടുന്നു. ഇത് സാർവ്വത്രികമായി നടപ്പിലാക്കാൻ ചില കാരണങ്ങളുണ്ട്. മിക്ക ഖത്വീബുമാർക്കും നല്ല മലയാളത്തിൽ സംസാരിക്കാൻ അറിയില്ല. “കാഫ്രീറ്റങ്ങളുടെ പച്ച മലയാളം പറയുന്നവരുടെ ശർറിൽ നിന്നും ഞമ്മളെ നീ കാക്കണേ തമ്പുരാനേ” എന്ന് ദുആ ഇരക്കുന്നവർ ഈ നിലയിലായതിൽ അത്ഭുതമില്ലല്ലോ. ഭക്ത്യാദരപൂർവ്വം ദുൻയാവിന്റെ കാര്യങ്ങളിൽ നിന്നും മനസ്സിനെ മോചിപ്പിച്ച് ആത്മീയ ചിന്തയുടെ മിടിപ്പുകളുമായി മിമ്പറിൽ നിൽക്കുന്ന ഖത്വീബിന്റെ മുന്നിൽ ഉപദേശങ്ങൾക്കായി ഉറ്റുനോക്കുന്ന ഒട്ടേറെ മുഖങ്ങൾ കാണുമ്പോൾ മലയാളമറിയാത്ത ഖതീബിന് ഹൃദയമിടിപ്പ് വർദ്ധിക്കും. തലകറക്കം വരും. വിറക്കും. കക്കൂസിൽ പോകാൻ തോന്നും. ചിലർക്ക് ബോധമറ്റു എന്നും വരാം. ഇത്തരക്കാരെ രക്ഷപ്പെടുത്താൻ വലിയ മുസ്‌ലിയാക്കൾ കണ്ടുപടിച്ച രക്ഷാമാർഗമായിരുന്നു നബാത്തീ ഖുത്ബ. മിമ്പറിൽ കയറി ഏട് നിവർത്തി ജനങ്ങളിൽ നിന്നും മുഖം മറച്ച് നീട്ടിയും കുറുക്കിയും ഉച്ചത്തിൽ വായിക്കും. വായിക്കുന്നവർക്ക് അറിയില്ല താൻ എന്താണ് വായിക്കുന്നതെന്ന്, കേൾക്കുന്നവർക്കറിയില്ല തങ്ങൾ എന്താണ് കേൾക്കുന്നതെന്ന്. അങ്ങനെ ആളുകൾ ഉറക്കം തൂങ്ങും. ഖുത്ബ ഇബാദത്താണ്. പ്രയോജനകരമായ ഒരു പുണ്യകർമ്മമാണ്. പ്രവാചകശ്രേഷ്ഠൻ പോക്കിരികളും ദുർമാർഗികളുമായ ഒരു ജനതയെ സംസ്കരിച്ചെടുത്ത് തിളങ്ങുന്ന മുത്തുകളാക്കി ലോകത്തിന് സമ്മാനിച്ചത് മുഖ്യമായും തന്റെ ഖുത്ബകളിലൂടെയായിരുന്നു. ആ മഹത്തായ പുണ്യകർമമാണ് മൊയ്‌ലിയാക്കന്മാർ ഈ കോലത്തിലാക്കിത്തീർത്തത്. ഇന്നും വാശി

യോടെ അത് തുടരുന്നു.

ഇങ്ങനെ ഒരു ഇരുണ്ടകാലം! ജാഹിലിയ്യത്ത് കൊണ്ടും ഖുറാഫാത്തു കൊണ്ടും പാടെ മൂടപ്പെട്ട കാലത്ത് ഏതാണ്ട് 125 വർഷങ്ങൾക്ക് മുമ്പ് അറബി അല്ലാത്ത ഭാഷയിൽ ഖുത്ബ നടത്താൻ നിർമ്മിക്കപ്പെട്ട പള്ളി. അതാണ് പുതിയപള്ളി. തീർന്നില്ല. അക്കാലത്ത് മട്ടാഞ്ചേരി ബസാർ വളരെ പ്രസിദ്ധമാണ്. കൊച്ചി കായലിന്റെ തീരത്ത് തെക്കുവടക്ക് നീണ്ടു കിടക്കുന്ന റോഡ്. വടക്ക് അന്നത്തെ മദിരാശി സംസ്ഥാനത്തിലായിത്തീർന്ന ഫോർട്ടു കൊച്ചിയുടെയും മട്ടാഞ്ചേരിയുടെയും അതിർത്തി തിരിക്കുന്ന കൽവത്തി പാലത്തിന്റെ താഴെ നിന്ന് ബസാർ തുടങ്ങുന്നു. തെക്കോട്ട് മട്ടാഞ്ചേരി പോലീസ് സ്റ്റേഷൻ, ആശുപത്രി, ബോട്ട് ജെട്ടി, എന്നീ പ്രമുഖ സ്ഥാപനങ്ങൾ കടന്നു പ്രസിദ്ധമായ ജൂതത്തെരുവുവരെ ബസാർ നീണ്ടുകിടക്കുന്നു. കിഴക്കും പടിഞ്ഞാറും പാണ്ടികശാലകൾ കൊണ്ട് നിബിഢമാണ്. കിഴക്ക് കൊച്ചി തുറമുഖം സ്ഥിതിചെയ്യുന്ന വിശാലമായ കായൽതീരം. അന്ന് ഇടക്കൊച്ചി പാലം ഇല്ല. നീണ്ടകര പാലവുമില്ല. കൊച്ചിയിൽ നിന്ന് തെക്കോട്ടുള്ള യാത്ര ബോട്ടിലാണ്. ആലപ്പുഴ, കായംകുളം, കൊല്ലം വരെ ബോട്ട് യാത്രതന്നെ. രാത്രി പത്ത് മണിയോടെ കൊച്ചിയിൽ നിന്നും പുറപ്പെടുന്ന ബോട്ട് പിറ്റേന്ന് വെളുപ്പാൻ കാലം ആലപ്പുഴയിലെത്തും. ബോട്ട് സർവ്വീസ് വരുന്നതിനു മുമ്പ് കടത്ത് വള്ളങ്ങളായിരുന്നു ആശ്രയം. നിത്യവും നൂറുകണക്കിന് വള്ളങ്ങൾ കൊച്ചിയിൽ നിന്നും അരി, പലചരക്ക് സാധനങ്ങളുമായി വേമ്പനാട്ട് കായൽ വഴി നീങ്ങുന്ന കാഴ്ച മനോഹരമായിരുന്നു. കായലിൽ നങ്കൂരമിട്ടു കിടക്കുന്ന കപ്പലുകൾ, അതിൽ നിന്നും ചരക്കുകൾ ഇറക്കാൻ കപ്പലിന്റെ ഉരുവശത്തും നിരനിരയായി ബന്ധിച്ചുകിടക്കുന്ന തോണികൾ, ജോലിക്കാർക്ക് കരയിലേക്കും തിരിച്ചു കപ്പലിലേക്കും യാത്ര ചെയ്യാനുള്ള അനേകം ചെറുവഞ്ചികൾ, ബസാറിലെ ഗോഡൗണുകളിൽ നിന്നും ചരക്കുകൾക്കായി കാത്തുകിടക്കുന്ന നൂറുകണക്കിന് വള്ളങ്ങൾ, ഓരോ വള്ളത്തിലും നാലും അഞ്ചും ജോലിക്കാർ, ഇങ്ങനെ രാപകലുകൾ ജനനിബിഢമായ കൊച്ചി ബസാർ തിരുവിതാംകൂർ - കൊച്ചി രാജ്യങ്ങളുടെ അന്നദാതാവായി നിലകൊള്ളുകയായിരുന്നു. കച്ചവടക്കാരിൽ പ്രമുഖർ ഗുജറാത്തി വംശജരായ ആലായികളും കച്ചിമേമൻകാരുമാണ്. കപ്പൽ സ്റ്റീവ്ഡോർമാരിൽ പ്രമുഖർ മുസ്ലിംകളും ക്രിസ്ത്യാനികളുമാണ്. ബസാറിനു ചുറ്റുമുള്ള പ്രദേശങ്ങളിൽ നാനാജാതി മതസ്ഥരും ഇടതൂർന്ന് താമസിക്കുന്നു. മിക്കവാറും പാണ്ടികശാലകളും ചുറ്റുമുള്ള പറമ്പുകളും അതിൽ നിർമ്മിച്ചിട്ടുള്ള നൂറുകണക്കിന് വീടുകളും ക്രമേണ

കച്ചിമേമൻ വർഗത്തിൽ പെട്ട സേട്ടുമാരുടെ അധീനതയിൽ വന്നുചേർന്നു. അതെല്ലാം പിന്നീട് അവർ വഖഫ് ചെയ്ത് തങ്ങളുടെ കുടുംബട്രസ്റ്റുകളാക്കി മാറ്റുകയാണുണ്ടായത്. ഇന്നത്തെ വിലനിലവാരത്തിൽ കോടാനുകോടി രൂപ വിലമതിക്കുന്നവയാണ് ഈ ട്രസ്റ്റുകളുടെ കീഴിലുള്ള സ്വത്തുക്കൾ. കൊച്ചി അഴിമുഖം കടന്ന് വൈപ്പിൻ കരയിലെ മാലിപ്പുറം, ഞാറക്കൽ, നായരമ്പലം, ചെറായി തുടങ്ങിയ പ്രദേശങ്ങളിലെ ഭൂസ്വത്തുകളിലധികവും മുസ്‌ലിം സേട്ടുമാരുടെ ഉടമസ്ഥതയിലായിത്തീർന്നു. കൊടുങ്ങല്ലൂരിലും ധാരാളം ഭൂസ്വത്തുക്കൾ ഇങ്ങനെ ഉണ്ടായിരുന്നു. അവിടങ്ങളിലെല്ലാം കുടിയാന്മാരും കുടികിടപ്പുകാരുമായി കഴിഞ്ഞിരുന്നത് മിക്കവാറും അമുസ്‌ലിംകളായിരുന്നു.

ഗുജറാത്തിലെ കച്ച് രാജ്യത്തുനിന്നും സമീപ പ്രദേശങ്ങളിൽ നിന്നും ഉന്നതകുലജാതരായ വൈശ്യ സമുദായത്തിലെ നിരവധി കുടുംബങ്ങൾ ഇസ്‌ലാമിലേക്ക് വന്നു. വൈശ്യരുടെ കുലത്തൊഴിൽ വ്യാപാരമാണ്. മതപരിവർത്തനം മൂലമുണ്ടായ സാമൂഹിക ബുദ്ധിമുട്ടുകളും വ്യാപാര- വ്യവഹാരങ്ങൾക്കുള്ള നാനാവിധ പരിമിതികളും മൂലം ഗുജറാത്തികൾ രാജ്യത്തിന്റെ പല ഭാഗങ്ങളിലേക്കായി കുടിയേറി. ആ കൂട്ടത്തിൽ കേരളത്തിൽ വന്നു ചേർന്നവരിൽ ഭൂരിഭാഗവും വ്യാപാര സാധ്യതകൾ മുന്നിൽ കണ്ടു കൊച്ചിയിലാണ് സ്ഥിരപ്പെട്ടത്. കുറേപേർ ആലപ്പുഴയിലും കൂടുകൂട്ടി. ഇങ്ങനെ എത്തിച്ചേർന്നവരിൽ ഉണ്ടായിരുന്ന മുസ്‌ലിം വിഭാഗങ്ങളാണ് ആലായി- മേമൻ സമുദായങ്ങൽ. ആലായിമാർ ഗുജറാത്തി ഭാഷ സംസാരിക്കുന്നവരായിരുന്നു. എന്നാൽ മേമൻ സമുദായം കച്ച് പ്രദേശത്തുള്ള ഗുജറാത്തി കലർന്ന ലിപിയില്ലാത്ത ഒരു നാടൻ ഭാഷയാണ് സംസാരിച്ചിരുന്നത്. അതവരുടെ മാതൃഭാഷയായി ഇന്നും നിലനിന്നുപോരുന്നു. ഹിന്ദുമതത്തിൽ ജീവിച്ചിരുന്നപ്പോൾ അവരിലുണ്ടായിരുന്ന ഗുജറാത്തീ ആചാരങ്ങൾ പലതും ഇസ്‌ലാമിലേക്ക് വന്നിട്ടും അവർ കൈവിട്ടിരുന്നില്ല. ചിലതെല്ലാം ഇപ്പോഴും അവർക്കിടയിൽ നിലനിൽക്കുന്നുണ്ട്. ഒരു നൂറ്റാണ്ടിലധികം പിന്നിട്ടുവെങ്കിലും തലമുറകൾ പലതും കൊഴിഞ്ഞുതീർന്നെങ്കിലും വർഗപരമായ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിലും സാമൂഹിക ഭദ്രത കാത്തുസൂക്ഷിക്കുന്നതിലും ഇവർ പ്രത്യേകം ശ്രദ്ധാലുക്കളാണ്. ഇന്ത്യാ-പാക് വിഭജനം നടന്നതോടെ ചുരുക്കം കുടുംബങ്ങളൊഴിച്ച് ആലായി വർഗക്കാർ മുഴുവനായി പാക്കിസ്ഥാനിലേക്ക് യാത്രയായി. എന്നാൽ കച്ച്മേമൻ വർഗം കൊച്ചിയിൽ തന്നെ ഉറച്ചുനിന്നു. ഇവരുടെ ബന്ധുക്കൾ മംഗലാപുരത്തും ബാംഗ്ലൂരിലും തിരുവനന്തപുരത്തും ആലപ്പുഴയിലും കായംകുളത്തുമെല്ലാമുണ്ട്.

ആലായീ- മേമൻ വർഗങ്ങളെല്ലാം ഹനഫീ മദ്ഹബിനെ തഖ്‌ലീദ് ചെയ്യുന്നവരാണ്. പേരിന്റെ അവസാനത്തിൽ സേട്ട് എന്ന പ്രയോഗത്തിലൂടെ അവരുടെ വർഗപരമായ പ്രത്യേകത നിലനിർത്തുന്നു. ദാനധർമ്മങ്ങളുടെ മാഹാത്മ്യം ഏറെ ഉയർത്തിക്കാട്ടുകയും വളരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഹനഫീ മദ്ഹബിന്റെ സ്വാധീനമാണ് വഖഫ് സ്ഥാപനങ്ങൾ ധാരാളമായി സ്ഥാപിക്കപ്പെടുവാനും നിത്യധർമ്മാദികളിൽ തൽപരരാകുവാനും മേമൻ സമുദായത്തിലെ ധനാഢ്യരെ പ്രേരിതരാക്കിയത്. ഇത് ദീനദയാലുത്വവും സ്വഭാവ വൈശിഷ്ട്യവുമുള്ള ഒരു സാംസ്കാരിക ഔന്നത്യം ഇവരിൽ ഉണ്ടാക്കി. ജനങ്ങൾ അവരെ ആദരിക്കുകയും സ്നേഹിക്കുകയും ചെയ്തു. ആ മുസ്‌ലിം വർഗങ്ങളിൽ നിന്നും ഈ സ്നേഹാദരവുകൾ അവർ പിടിച്ചുപറ്റി. സാധാരണക്കാരും തൊഴിലാളികളും ഇവരെ മുതലാളി എന്ന ബഹുമാന നാമത്തിലാണ് സംബോധന ചെയ്തിരുന്നത്.

വർഗീയതയാണ് ഇവരിൽ വേരുപിടിച്ച ഒരു ദോഷം. സമൂഹത്തിൽ ലയിക്കാൻ അവർ കൂട്ടാക്കിയില്ല. കൊച്ചിയിലെ നൈനാ എന്ന വർഗവും ഇങ്ങനെയായിരുന്നു. ഇവർ ബ്രാഹ്മണ വർഗത്തിൽ നിന്ന് പരിവർത്തനം ചെയ്തവരാണെന്ന് പറയപ്പെടുന്നു. നൈനാമാരും കച്ചിക്കാരും വിവാഹബന്ധങ്ങളിൽ ആഢ്യത്വത്തിന്റെ നിഴലിൽ തന്നെ നിന്നു. അവരുടെ സ്ത്രീകളെ മലയാളീ (മലബാരി) മുസ്‌ലിംകൾ വിവാഹം ചെയ്യും. പിതൃ-കുല അവകാശം വർഗീയമായിതന്നെ അവർ നിലനിർത്തിപ്പോന്നു. മലയാളീ വനിതകളിൽ നിന്നും ജനിക്കുന്ന കുട്ടികൾക്ക് കച്ചി സമുദായത്തിൽ വർഗപരമായ ഒരു വേർതിരിവ് ഇവർ കണക്കാക്കിയിരുന്നു. ബെസർ എന്ന പേരിലാണ് ഈ മക്കൾ പണ്ടുകാലത്ത് പറയപ്പെട്ടിരുന്നത്. കച്ചീ- നൈനാ വർഗങ്ങളിൽ സ്ത്രീകൾ കർശനമായ ചട്ടക്കൂടുകളിൽ കഴിയേണ്ടിവന്നു. അതുകൊണ്ടുതന്നെ അവർക്ക് വിദ്യാഭ്യാസം ഖുർആൻ ഓതാൻ ശീലിക്കൽ മാത്രമായിരുന്നു. കച്ചീ സ്ത്രീകൾ ഉർദു ഭാഷയും പഠിക്കും. മദ്റസകളിൽ പോലും അവരെ അയക്കുകയില്ല. ഖുർആൻ ഓതാനും ഓതിക്കാനും ശീലമുള്ള മലബാരി പെണ്ണുങ്ങളെ വീട്ടിൽ വരുത്തി വേതനം നൽകിയാണ് പഠനം നിർവ്വഹിക്കുന്നത്. വീട്ടിൽ കച്ചി ഭാഷ മാത്രമേ സംസാരിക്കൂ. വീട്ടുജോലിക്കായി നിർത്തുന്ന മലയാളി സ്ത്രീ- പുരുഷന്മാരുമായുള്ള സമ്പർക്കത്തിലൂടെയാണ് സ്ത്രീകൾ മലയാളം പറഞ്ഞു ശീലിക്കുന്നത്. അമുസ്‌ലിംകളായ ഗുജറാത്തീ സ്ത്രീ- പുരുഷന്മാരുടെ മലയാളം ഇന്നും ശുദ്ധമല്ല. സാമൂഹികമായ ഇടപഴകലുകളിലുള്ള പലതരം ബന്ധനങ്ങളാണ് ഇതിനു കാരണം. പഴയ ഹിന്ദു ആഢ്യവർഗങ്ങളിലെ സ്ത്രീകൾക്കുണ്ടായിരുന്ന വിലക്കുകൾ കച്ചീ- നൈനാ സമുദായ

ങ്ങളും പിന്തുടർന്നതാണ് ഈ ദോഷത്തിന് നിമിത്തമായത്. ഘോഷ സ്ത്രീകൾ എന്നാണ് ഇവർ അറിയപ്പെട്ടിരുന്നത്. അപൂർവ്വമായി പുറത്തി റങ്ങേണ്ട നിർബന്ധിതാവസ്ഥ ഉണ്ടായാൽ മുഖംമൂടിയ ബുർഖകൾക്കു ള്ളിൽ അവർ നീങ്ങും. ധനാഢ്യരുടെ സ്ത്രീകൾ കാറിലോ കുതിരവണ്ടി യിലോ, റിക്ഷാവണ്ടികളിലോ മാത്രമേ യാത്രപോകൂ. കാറിൽ യാത്ര ചെ യ്യുന്നവരെ ഡ്രൈവർക്കുപോലും കാണാൻ കഴിയില്ല. മുഖംമുടി ധരിച്ചും കാറിന്റെ ഇരുവശങ്ങളിൽ വിരികൾ ഘടിപ്പിച്ചുമാണ് യാത്ര. കുതിരവണ്ടി ക്കും റിക്ഷവണ്ടികൾക്കും ഇത്തരം കർട്ടനുകൾ പ്രത്യേകമായി ഉണ്ടായി രിക്കും. നൈനാമാർ കാലത്തിന്റെ ഒഴുക്കിൽ കടപുഴകി വീണു. സാമ്പത്തി കമായ കടുത്ത തകർച്ച കടുംപിടുത്തങ്ങൾ ഉപേക്ഷിക്കാൻ അവരെ നിർ ബന്ധിതരാക്കി. സമൂഹത്തിൽ പതുക്കെ ലയിച്ചുചേരുകയും അവരുടെ വിവാഹബന്ധങ്ങളിൽ വർഗീയത ഇല്ലാതാകുകയും ചെയ്തു. എന്നാൽ കച്ചിക്കാർ ഈ പിടുത്തം പലപ്പോഴും ഉപേക്ഷിച്ചിട്ടില്ല. അടുത്ത കുടുംബാ ദികൾ തമ്മിൽ മാത്രം വിവാഹബന്ധത്തിൽ ഏർപ്പെട്ടുകൊണ്ട് വർഗീയ മായ തങ്ങളുടെ നിലപാട് വിട്ടുവീഴ്ചയില്ലാതെ തുടരുകയാണ്. അവ രുടെ സ്ത്രീകൾ പൊതുവെ അച്ചടക്കമുള്ളവരും ഭർത്താക്കന്മാരോടുള്ള ആദരവ് കണിശമായി പാലിക്കുന്നവരുമാകുന്നു.

പുതിയപള്ളിയുടെ നിർമ്മാണഘട്ടത്തിലേക്കുള്ള കാരണങ്ങൾ വിവ രിക്കുന്നതിനു മുമ്പ് ഈ ചരിത്ര പശ്ചാത്തലം ചുരുക്കത്തിൽ പറയണ മെന്ന് തോന്നി. അറിഞ്ഞും കേട്ടും ഉത്തമബോധ്യമുള്ളവ മാത്രമാണ് ഇവിടെ കുറിക്കുന്നത്. ഒരുപാട് നന്മകളുള്ള, സാംസ്കാരികമായി ഗുണ മേന്മയുള്ള ഒരു വിഭാഗമാണ് കച്ചിമേമൻ സമുദായം എന്ന വസ്തുത വിസ്മരിക്കാവതല്ല. തിരക്കേറിയ ബസാർ റോഡിൽ വിശാലമായ ഒരു ഹനഫീ മസ്ജിദുണ്ട്. പഴയപള്ളി എന്ന പേരിലാണ് നാട്ടുകാർക്കിടയിൽ ഇതറിയപ്പെടുന്നത്. ഗുജറാത്തീ വംശജരായ ആലായി, കച്ചീ സമുദായ ങ്ങൾ ദീനിൽ പലരും ഹനഫീ മദ്ഹബിന്റെ അനുയായികളുമായതി നാൽ ഹനഫീ കർമ്മാനുഷ്ഠാന വിധിപ്രകാരം നടക്കുന്ന ഒരു മസ്ജിദ് അവർ സ്ഥാപിക്കുകയാണുണ്ടായത്. അതോടനുബന്ധിച്ച് വിശാലമായ ഒരു ഖബർസ്ഥാനുമുണ്ട്. അവിടെ കച്ചിമേമൻകാരെ മാത്രമെ ഖബറടക്കാ റുള്ളൂ. ആലായിമാർ ഇപ്പോൾ വിരലിലെണ്ണാവുന്നവർ മാത്രമേ കൊച്ചിയി ലുള്ളൂ. പുതിയപള്ളിയിലേക്ക് ഈ പഴയപള്ളിയിൽ നിന്നും ഏതാനും മീറ്റർ അകലം മാത്രമേയുള്ളൂ. ഒരു നൂറ്റാണ്ടിനു മുമ്പ് ജനസംഖ്യയുടെ തോത് എത്ര കുറവായിരുന്നുവെന്ന് ഊഹിക്കാം. പഴയപള്ളി വിശാല സൗകര്യമുള്ളതാണ് താനും. ആ നിലക്ക് അവിടെ മറ്റൊരു പള്ളിയുടെ

അത്യാവശ്യമോ ആവശ്യമോ ഉണ്ടായിരുന്നില്ല. എന്നിട്ടും ഒരു മസ്ജിദ് അവിടെ ഉണ്ടായി. തെക്കൻ കേരളത്തിൽ സലഫി മൂവ്മെന്റിന്റെ അസ്തിവാരമായിരുന്നു പുതിയപള്ളി. പഴമക്കാരിൽ നിന്നും കേട്ടറിഞ്ഞ ഒരു സംഭവമാണ് ഇതിന്റെ ചരിത്രം. പള്ളിയിൽ ഹൈദരാബാദുകാരനായ ഒരു ഉർദു പണ്ഡിതനായിരുന്നു ഇമാമും ഖത്തീബുമായി സേവനമനുഷ്ഠിച്ചിരുന്നത്. 'നാഗൂരിലെ കാള' എന്ന ഒരു പ്രയോഗം കേട്ടിരിക്കുമല്ലോ. പഴമക്കാർക്ക് കണ്ടു പരിചയമുണ്ടാകും. ഒരു കാളയെ ചമയിപ്പിച്ചെടുക്കും. അതിന്റെ പുറത്ത് പച്ചപ്പുതപ്പുകളും നെറ്റിയിൽ പച്ചക്കൊടിയും കൊമ്പിൽ ചേർത്ത് കെട്ടി കഴുത്തിലും കാലിലും കൊമ്പുകളിലും കിലുങ്ങുന്ന മണികൾ കെട്ടി കാളയെ ആനയിച്ചുകൊണ്ടുവരും. കൂടെ കുഴലൂതിയും ചെണ്ടമുട്ടിയും രണ്ടു മൂന്നുപേരും. ആ സംഘത്തിന്റെ ലീഡറായി പച്ച ഷാൾ പുതച്ച് കയ്യിൽ ഒരു ചെല്ലപ്പെട്ടിയും അതിൽ മനുഷ്യന്റെ കൈകാലുകൾ, മൂക്ക്, ചെവി, ലിംഗം, യോനി തുടങ്ങിയ അവയവങ്ങളുടെ ആകൃതിയിൽ വെള്ളിയിൽ തീർത്ത കൊച്ചുരൂപങ്ങളും ഉണ്ടായിരിക്കും. വാദ്യമേളങ്ങളോടെ അലങ്കരിച്ച കാളയെ ആനയിച്ചു വീടുകളുടെയും കടകളുടെയും മുമ്പിൽ കൊണ്ടുവന്നുനിർത്തും. ചില പ്രത്യേക വാദ്യസ്വരങ്ങളും ലീഡറുടെ പദപ്രയോഗങ്ങളും കേട്ടുശീലിച്ച കാള തലയാട്ടുമ്പോൾ മണികൾ താളത്തിൽ കിലിങ്ങും. ഇതോടൊപ്പം നാഗൂർ ആണ്ടവരുടെ അനുഗ്രഹം നൽകലും മുറാദ് ഹാസിലാകാനുള്ള (ആഗ്രഹ സഫലീകരണം) നേർച്ച സ്വീകരിക്കലുമാണ്. ഇത് പണമായിട്ടാണ് സ്വീകരിക്കുക. അവയവങ്ങൾക്കുള്ള അസുഖം ഭേദമാകാൻ വെള്ളിയുടെ അവയവരൂപങ്ങൾ നേർച്ചയാക്കുന്നവരും ധാരാളമായി കാണും. അത്തരം ആളുകളുടെ കയ്യിൽ ചെല്ലപ്പെട്ടിയിൽ നിന്ന് അതെടുത്തു കയ്യിൽ കൊടുത്ത് കൊണ്ട് വില പറയുകയും ആ സംഖ്യ ഇവർ വാങ്ങുകയും ചെയ്യും. അവയവരൂപങ്ങൾ ബിസ്മി ചൊല്ലി തിരിച്ചുവാങ്ങി വീണ്ടും പെട്ടിയിൽ തന്നെ നിക്ഷേപിക്കും. ഇങ്ങനെ പത്ത് വെള്ളിരൂപങ്ങളുണ്ടെങ്കിൽ കാലാകാലത്തേക്ക് മതിയാകും. വിഡ്ഢികളായ അന്ധവിശ്വാസികളുടെ ധാരണ ഈ രൂപങ്ങളും പണവും നാഗൂർ ആണ്ടവരുടെ സന്നിധിയിൽ എത്തുമെന്നും തങ്ങൾക്കുവേണ്ടി ഈ ശൈഖ് പ്രാർത്ഥിക്കുക വഴി ആണ്ടവരുടെ രക്ഷ കിട്ടുമെന്നുമാണ്. ഈ കാളയുടെ തലയാട്ടലിനെ ഉപമിച്ചുകൊണ്ട്, റാൻ മൂളികളായവരെ നാഗൂരിലെ കാള എന്നാക്ഷേപിക്കുന്നതും പതിവായിരുന്നു.

ഒരു ദിവസം നാഗൂരിലെ കാളയെ എഴുന്നള്ളിച്ച് കൊണ്ട് ഒരു വാദ്യഘോഷസംഘം മട്ടാഞ്ചേരി ബസാറിലെ കടകൾ തോറും നടന്നു പിരിവെടുത്ത് വരികയായിരുന്നു. പഴയപള്ളിയിലെ ഹൈദരാബാദുകാരൻ

മൗലവി തന്റെ വാക്കിംഗ്സ്റ്റിക്കുമായി എതിരെ വരുന്നുണ്ടായിരുന്നു. കഠിന ശിർക്കിന്റെയും ഖുറാഫാത്തിന്റെയും കോമരമായ ഈ കാളയെ കണ്ടപ്പോൾ അദ്ദേഹത്തിന് കലികയറി. തന്റെ ഊന്നുവടികൊണ്ട് കാളയെ അടിച്ചു. തല്ലുകൊണ്ട വേദനയിൽ കാള വിരണ്ടോടി. തിരക്കേറിയ ബസാർ റോഡ് ഭയമുഖരിതമായി. നാഗൂർ ആണ്ടവരുടെ വിശുദ്ധ പ്രതീകമായ കാളയെ തല്ലിയ മഹാപാപം കൊലപാതകത്തേക്കാൾ ഗുരുതരമായി ഗണിക്കുന്ന ഒരു സമൂഹത്തിൽ എന്തു സംഭവിക്കണം? ആ പണ്ഡിതൻ പള്ളിയിൽ നിന്നും പുറത്താക്കപ്പെട്ടു. കൊല്ലേണ്ടതാണ്! എന്തുകൊണ്ടോ അതുണ്ടായില്ല.!!

അക്കാലത്ത് കൊച്ചി ബസാറിലെ വലിയ വ്യാപാരിയും ധനാഢ്യനും ഭക്തനുമായിരുന്നു അബ്ദുല്ല ഹാജി ആദം സേട്ട്ﷺ. നല്ല ആരോഗ്യമുള്ള വർ ഭിക്ഷ മോഹിച്ച് വരുമ്പോൾ അദ്ദേഹം തന്റെ ജുബ്ബ ഉയർത്തി പുറംതി രിഞ്ഞു മുതുക് കാണിച്ചുകൊടുക്കുമായിരുന്നു എന്ന് പഴമക്കാർ പറഞ്ഞ ത് കേട്ടിട്ടുണ്ട്. തന്റെ മുതുകിലുള്ള വെളുത്ത തൊലിയിലെ കറുത്ത തഴ മ്പിച്ച ഭാഗം കാണിച്ചിട്ടു പറയുമത്രെ! "ജോലി ചെയ്ത് കിട്ടുന്നതാണ് ഉത്തമം. കണ്ടോ എന്റെ മുതുകിലെ തഴമ്പ്. തുണിക്കെട്ട് ചുമന്നു നടന്ന തിന്റെ അടയാളമാണ്." മുതുകിൽ വസ്ത്രങ്ങളുടെ ഭാണ്ഡവുമായി നട ന്ന് വീടുകൾ കയറിയിറങ്ങി കച്ചവടം നടത്തുന്ന വ്യാപാരികൾ മുമ്പ് നമ്മുടെ നാട്ടിലുണ്ടായിരുന്നു. അതായിരുന്നുവത്രെ അദ്ദേഹത്തിന്റെ ആദ്യ ത്തെ തൊഴിൽ. ഇങ്ങനെ കഠിനാദ്ധ്വാനത്തിലൂടെ പടിപടിയായി കയറി വലിയ ധനാഢ്യനും ലീഡിംഗ് വ്യാപാരിയുമായിത്തീർന്ന വലിയ മനുഷ്യ നായിരുന്നു സേട്ടു സാഹിബ്. സ്വഭാവ മഹിമയും മതഭക്തിയും ഉദാരമന സ്കതയും ഒത്തുചേർന്ന മഹാനവർകൾ സർവ്വരാലും ആദരിക്കപ്പെടുന്ന അവസ്ഥയിലേക്ക് ഉയർന്നു. നാഗൂരിലെ കാളയുമായി ബന്ധപ്പെട്ട വിവര ങ്ങളുടെ നിജസ്ഥിതി അറിയാൻ അദ്ദേഹത്തിന് ആകാംക്ഷയായി. അല്ലാ ഹു അദ്ദേഹത്തെ ദുൻയാവിലെന്നതിനേക്കാൾ ആഖിറത്തിൽ ഉയർന്ന പദവി നൽകുവാൻ തീരുമാനിച്ചുവെന്നാണ് സംഭവത്തിന്റെ പരിണാമം നമ്മെ ബോധ്യപ്പെടുത്തുന്നത്.

സേട്ട് സാഹിബ്, ബഹിഷ്കൃതനായ ആ പണ്ഡിതനെ തന്റെ പാണ്ടി കശാലയിലെ ആഫീസിലേക്ക് ക്ഷണിച്ചുവരുത്തി. ആകാംക്ഷാഭരിതനായ സേട്ടുവിന് വിഷയത്തിന്റെ നിജസ്ഥിതിയും അതിലുള്ള വിശ്വാസ വ്യതി യാനത്തിന്റെ ഗുരുതരാവസ്ഥയും അദ്ദേഹം വിവരിച്ചുകൊടുത്തു. ശഹാ ദത്ത് കലിമയുടെ സാരവും ഏകദൈവാരാധനയുടെ മാഹാത്മ്യവും സേട്ടു വിനെ ബോധ്യപ്പെടുത്തി. ഇസ്ലാമിന്റെ അടിത്തറ തന്നെ തകർത്തുകള

യുന്ന വിഗ്രഹാരാധനയ്ക്ക് സമമായ ശിർക്കൻ നടപടിയാണീ കാളപൂജ യെന്നും അല്ലാഹുവിന്റെ ഏകത്വത്തിനെതിരിൽ പ്രദർശിപ്പിക്കുന്ന ഈ കോമരത്തെ അടിച്ചോടിച്ചത് തന്റെ ഈമാനിന്റെ പ്രേരണയായിരുന്നു വെന്നും മഹാനായ മൗലവി സൗഹിബ് സേട്ടിന്റെ മുന്നിൽ സധൈര്യം ഉണർത്തി. സംഗതികൾ ശ്രദ്ധാപൂർവ്വം കേട്ടിരുന്ന സേട്ട് സാഹിബിന്റെ ഹൃദയത്തിലേക്ക് തൗഹീദിന്റെ കിരണങ്ങൾ പാഞ്ഞുകയറി. യഥാർത്ഥ ഭക്തികൊണ്ട് പിടഞ്ഞ ആ ഹൃദയം ഉടൻ തന്നെ പ്രതികരിച്ചുവത്രെ! "ഈ സത്യം മുസ്‌ലിംകളെ ബോധ്യപ്പെടുത്താൻ, ശിർക്കിനെതിരിൽ തൗഹീ ദിന്റെ ശബ്ദമുയർത്താൻ ഒരു മസ്ജിദ് വേണം. അത് ഞാൻ നിർമ്മിക്കും. താങ്കൾ അവിടെ ഇമാമും ഖത്വീബുമായിരിക്കും." അങ്ങനെ പള്ളി നിർ മ്മിക്കപ്പെട്ടു. അതാണ് പുതിയപള്ളി.

പുതിയപള്ളി എന്ന ഖ്യാതി നേടിയ ഈ പേര് നിർമ്മാതാവോ അദ്ദേഹ ത്തിന്റെ കുടുംബമോ നൽകിയതല്ല. നാട്ടുകാർ കൊടുത്തതാണ്. ഇതിന്റെ പിന്നിൽ രണ്ട് അഭ്യൂഹങ്ങളുണ്ട്. ഒരു പള്ളി തൊട്ടുള്ളപ്പോൾ പുതുതായി ഉണ്ടായ പള്ളിയെന്ന നിലയിൽ ആദ്യത്തേതിന് പഴയപള്ളി എന്നും രണ്ടാമത്തേതിന് പുതിയപള്ളിയെന്നും വിളിച്ചുപോന്നു. ഇതാണ് ഒരു വർത്തമാനം. മറ്റൊന്ന് ഇങ്ങനെയാണ്: 'പുതിയ മത'ക്കാരുടെ പള്ളി എന്ന നിലയിൽ പുതിയപള്ളിയെന്ന് ജനങ്ങൾ പേരിട്ടപ്പോൾ പഴയ മതക്കാരു ടേത് പഴയപള്ളി എന്നും പറയപ്പെട്ടു. അക്കാലത്ത് വഹാബികൾ എന്ന പേരുകാർ 'പുതിയമത'ക്കാരാണല്ലോ. പുരോഹിതന്മാർ അങ്ങനെയാണ ല്ലോ പ്രചരിപ്പിച്ചത്. രണ്ടാമത്തെ അഭ്യൂഹത്തിനും ചില അടിസ്ഥാനങ്ങ ളുണ്ട്. പള്ളി പണിത ശേഷം ജുമുഅ തുടങ്ങി. ഹൈദരാബാദുകാരൻ മൗലവി ഉറുദുവിൽ ഖുത്ബ നടത്തി. ശ്രോതാക്കൾ അധികവും ഉറുദു അറിയുന്ന കച്ചിക്കാരും ആലായികളും ആയിരുന്നു. അവർ തന്നെ അബ് ദുല്ലാ ഹാജി ആദം സേട്ടുവിന്റെ സ്വാധീനത്താൽ എത്തുന്നവരും. അൻപ തിൽ താഴെ ആളുകൾ! മലയാളികൾ കയറുകയില്ല. വഹാബികളുടെ പള്ളിയിൽ പോയാൽ നമസ്കാരത്തിന് നാലോ അഞ്ചോ പേർ കാണും. പള്ളിയിൽ നമസ്കാരത്തിന് സ്ഥിരമായി ആളെ ഉണ്ടാക്കുവാൻ സേട്ടു സാഹിബ് വളരെ ത്യാഗം ചെയ്തിട്ടുണ്ട്. തൃശിനാപ്പിള്ളിയിൽ നിന്നും നെയ്ത്തുകാരായ റാവുത്തർ വിഭാഗത്തിലുള്ള മുസ്‌ലിം തൊഴിലാളി കുടുംബങ്ങളെ അദ്ദേഹം കൊച്ചിയിൽ കൊണ്ടുവന്നു. പള്ളിയുടെ പരിസ രത്ത് അവർക്ക് താമസിക്കാൻ വീടു നൽകി. തങ്ങളുടെ നെയ്ത്തു ജോലി ചെയ്യാൻ സേട്ടുവിന്റെ ചെലവിൽ നെയ്ത്തുപകരണമായ തറി കൊടുത്തു. വീടും ജോലിയും സൗജന്യം. ഒരു നിബന്ധന മാത്രം, എല്ലാ വഖ്ത്തിനും

പള്ളിയിൽ ജമാഅത്തിന് ഹാജറുണ്ടാവണം. അങ്ങനെ സ്ഥിരമായി കുറച്ചുപേർ ഉണ്ടായി. സേട്ട് വലിയ ധർമ്മിഷ്ഠനായിരുന്നു. പാവങ്ങൾക്ക് ഉച്ചയൂണിന് ഹോട്ടലിലേക്ക് പാണ്ടികശാലയിൽ നിന്നും ചീട്ടുകൊടുക്കുന്ന ഏർപ്പാടുണ്ടായിരുന്നു. വൈകുന്നേരവും ധാരാളം പേർ വരും, ചായക്കാശിനായി. ഇതെല്ലാം പാണ്ടികശാലയിൽ നിന്നും മാറ്റി പള്ളിയിൽ നിന്നും നമസ്കാരശേഷം കൊടുക്കലാക്കി. അതു വാങ്ങാൻ വരുന്ന സാധുക്കൾ ളുഹ്റിനും അസറിനും പള്ളിയിലേക്ക് വരാൻ തുടങ്ങി. അങ്ങനെ പകൽ പള്ളി സജീവമായി. ഈ നിലയിൽ തന്റെ സമ്പത്തും മനസ്സും വേണ്ടുവോളം സത്യമാർഗത്തിൽ അർപ്പിച്ച മഹാത്മാവായിരുന്നു അബ്ദുല്ല ഹാജി ആദം സേട്ട്ﷺ. വ്യാപാരാർത്ഥം പാണ്ടികശാലയിൽ പലേടത്തുനിന്നായി വന്നെത്തുന്ന മുസ്ലിം ഇടപാടുകാരെ അദ്ദേഹം തന്റെ മസ്ജിദിലേക്ക് ക്ഷണിക്കും. ഇങ്ങനെ നാനാവിധത്തിൽ ദശകങ്ങൾ കഠിനാദ്ധ്വാനം ചെയ്തുകൊണ്ട് തൗഹീദിന്റെ വെളിച്ചം ജനഹൃദയങ്ങളിലേക്ക് പകരാൻ അദ്ദേഹം ത്യാഗം ചെയ്തു. പള്ളിയുടെ സംരക്ഷണത്തിനും നടത്തിപ്പിനുമായി തന്റെ സ്വത്തുക്കളിൽ നിന്നും ഒരു ഭാഗം വഖഫ് ചെയ്തു. അദ്ദേഹത്തിന്റെ പേരിലുള്ള ട്രസ്റ്റ് പള്ളിക്ക് താങ്ങും അശരണർക്ക് തണലുമായി തലമുറകളിലൂടെ നിലനിന്നുപോരുന്നുണ്ട്. മഹത്തായ ഈ ധർമ്മ സ്ഥാപനത്തിന്റെ മാനേജിംഗ് ട്രസ്റ്റി ഇപ്പോൾ മുസ്ലിംലീഗിന്റെ അറിയപ്പെടുന്ന നേതാവായ അബ്ദുല്ലാ ഹാജി അഹ്മദ് സേട്ട് അവർകൾ ആണ്. അദ്ദേഹം തന്നെയാണ് ഔദ്യോഗിക മുതവല്ലിയും. ഇപ്പോൾ ആക്ടിങ്ങ് മുതവല്ലിയായി പള്ളി നിർമ്മിച്ച സേട്ടുസാഹിബിന്റെ മൂന്നാം തലമുറയിലെ ചെറുമകൻ അസ്ലം സേട്ടുവാണ് ചുമതലകൾ നിർവ്വഹിക്കുന്നത്. പ്രത്യക്ഷത്തിൽ ഒരു ഗൗരവക്കാരനായി തോന്നുമെങ്കിലും അദ്ദേഹം കൃപയുള്ള മനസ്സിന്റെ ഉടമയാണെന്ന് എനിക്ക് ബോധ്യമായിട്ടുണ്ട്. അസ്ലമിനെ ഞാൻ ഇഷ്ടപ്പെടുന്നു. അല്ലാഹു അനുഗ്രഹിക്കട്ടെ.

പുതിയപള്ളിയുമായി ആറു പതിറ്റാണ്ടിലേറെ എനിക്ക് ആത്മബന്ധമുണ്ട്. ഞാൻ മുമ്പ് പറഞ്ഞിട്ടുണ്ടല്ലോ എന്റെ കുടുംബം കണിയാപുരത്ത് താമസമാക്കിയ കഥ. തൗഹീദിന്റെ വെളിച്ചം എന്റെ ഹൃദയത്തെ പ്രകാശപൂരിതമാക്കിയ ചെറുപ്രായത്തിൽ ഞാൻ മാതാപിതാക്കളെ കാണാൻ തെക്കോട്ടും ദർസിൽ പഠനാർത്ഥം തിരിച്ചു വടക്കോട്ടും യാത്രചെയ്യുമ്പോൾ കൊച്ചിയിൽ ഒരു ദിവസം തങ്ങും. തൗഹീദിന്റെ പ്രഭ പരത്തുന്ന പുതിയപള്ളിയിൽ നമസ്കരിക്കാൻ എനിക്ക് വലിയ മോഹമായിരുന്നു. വല്ലാത്തൊരു ആത്മീയമായ ആനന്ദാനുഭൂതി ഇതിലൂടെ ഞാൻ അനുഭവിച്ചിരുന്നു. പതിറ്റാണ്ടുകൾ പിന്നിട്ടപ്പോൾ എന്റെ എളിയ പ്രബോധന പ്രവർത്തനങ്ങൾക്ക് താങ്ങും തണലുമായി ഭവിച്ച മഹത്തായ കേന്ദ്രമെന്ന

നിലയിൽ ഈ ആത്മീയ ബന്ധം ഇന്നും നിലനിൽക്കുന്നു. പുതിയപള്ളിയുമായി ബന്ധപ്പെടാൻ മറ്റൊരു അനുകൂല ഘടകവും എനിക്കുണ്ടായിരുന്നു. എന്റെ മൂത്ത ജ്യേഷ്ഠൻ മുഹമ്മദുണ്ണി ഞങ്ങളുടെ ദരിദ്രകാലത്ത് വളരെ അദ്ധ്വാനിച്ച് ഞങ്ങളെ പോറ്റിയിട്ടുണ്ട്. ആ നല്ല ഓർമ്മകൾ ഒരിക്കലും മങ്ങിപ്പോകുന്നതല്ല. അദ്ദേഹം കുറേക്കാലം ഞങ്ങൾക്കുവേണ്ടി കൊച്ചിക്കായലിൽ കിടന്ന് കഠിനാദ്ധ്വാനം ചെയ്തു. കൊച്ചിക്കായലിൽ തോണിപ്പണിയുമായി കഴിഞ്ഞു. ഈ ജോലിക്ക് രാവും പകലും എന്ന വ്യത്യാസമില്ല അക്കാലത്ത്. ജ്യേഷ്ഠൻ സഹനശീലനും കഠിനാദ്ധ്വാനിയുമായിരുന്നു. അദ്ദേഹത്തിന് എട്ട് മക്കളുണ്ട്. നാല് പെണ്ണും നാല് ആണും. നല്ല മക്കളാണ്. ആ വിഷയത്തിൽ അദ്ദേഹം ഭാഗ്യവാനാണ്. എല്ലാവരും നീതിനിഷ്ഠയിൽ ജീവിക്കുന്നവരാണ്. തീർച്ചയായും അവരുടെ നിരന്തരമായ പ്രാർത്ഥനകൾ അദ്ദേഹത്തിന് നല്ല മുതൽക്കൂട്ടായിരിക്കും. അല്ലാഹു എന്റെ ജ്യേഷ്ഠന് ബർസഖിയായ സൗഖ്യം നൽകുകയും സ്വർഗത്തിൽ ഇടം നൽകുകയും ചെയ്യുമാറാകട്ടെ.

കൊച്ചിയിൽ വന്നാൽ പുതിയപള്ളിയുമായിട്ടാണ് ബന്ധം. കുറേക്കാലത്തെ ഉർദു ഖുത്ബക്ക് ശേഷം പിന്നീടത് മലയാളത്തിലായി. എന്റെ ഓർമ്മയിൽ കൊടുങ്ങല്ലൂർ ഭാഗത്തെവിടെയോ ഉള്ള ഒരു മക്കാർ മൗലവിയായിരുന്നു ഖത്വീബ്. പിന്നീട് പുതിയപള്ളിയുടെ പര്യായമായി മാറിയ സൈദുകുഞ്ഞി ഹാജി, കൊച്ചി ചെമ്പിട്ട പള്ളിയിലെ ദർസിൽ അംഗമായിരുന്നു. എന്തോ കാരണവശാൽ അവിടെ നിന്നും പിരിഞ്ഞു. ശേഷം പുതിയപള്ളി വക തഅ്ലീമുൽ മുസ്ലിമീൻ മദ്റസയിൽ അദ്ധ്യാപകനായി. മക്കാർ മൗലവി ഇടക്കാലത്ത് ചികിത്സാർത്ഥം ലീവിന് പോയപ്പോൾ അദ്ദേഹം പകരക്കാരനായി. മക്കാർ മൗലവി തിരിച്ചുവന്നെങ്കിലും അധികനാൾ തുടർന്നില്ല. ശേഷം സൈദ്കുഞ്ഞി ഹാജി അവിടെ ഇമാമും ഖത്വീബുമായി. ഏതാണ്ട് മൂന്നു പതിറ്റാണ്ടിലധികം അദ്ദേഹം ഈ സ്ഥാനത്ത് സർവ്വാദരണീയനായി തുടർന്നു. തികഞ്ഞ ഭക്തനായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ ശബ്ദം പോലും ശ്രോതാക്കളുടെ ഹൃദയത്തിൽ ഭക്തിപകരുന്ന നിലയിൽ അനുഗ്രഹീതമായിരുന്നു. വളരെ ശാന്തസ്വരത്തിൽ സംസാരിക്കും. സ്നേഹത്തോടെ ഇടപഴകും. ആർക്കും വെറുപ്പുവരാൻ ഇടവരുത്താതെ സൂക്ഷിക്കും. തനിക്ക് ശരിയെന്ന് ബോധ്യമുള്ള വിഷയങ്ങളിൽ ദൃഢമായ നിലപാട് സ്വീകരിക്കും. എതിർക്കേണ്ട വിഷയങ്ങളിൽ ഹാജിയുടെ ശബ്ദം ഗർജ്ജനമായി രൂപാന്തരപ്പെടും. സി.എൻ. അഹ്മദ് മൗലവിയുടെ വ്യതിയാനങ്ങൾക്കെതിരിൽ നിരന്തരമായ പോരാട്ടം ഈ ഇനത്തിലായിരുന്നു. കേരള നദ്വത്തുൽ മുജാഹിദീന്റെ കൊച്ചി ശാഖയുടെ ഒന്നാമത്തെ പ്രസിഡണ്ട് അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾക്ക്

ഏറ്റവും മുന്തിയ പരിഗണന നൽകുകയും ചെയ്തിരുന്നു. എന്തു പ്രശ്നമുണ്ടായാലും 'ഹാജിയാരോടു ചോദിക്കാം' എന്നവർ പറയും. അദ്ദേഹം പറയുന്നത് അപ്പടി സ്വീകരിക്കുകയും ചെയ്യും.

കൊച്ചിയിലെ പ്രമുഖ ഭൂവുടമയും ധനാഢ്യനും പൗരപ്രമുഖനുമായിരുന്നു ഇസ്മാഈൽ ഹാജി ഈസാ സേട്ട്. ഞാൻ വഴിമാറിപ്പോകുന്നുവെന്ന് ആക്ഷേപിക്കരുത്. വഴിയുടെ ഇരുവശത്തും ചില ചരിത്രവസ്തുതകളുണ്ട്. അത് കണ്ടില്ലെന്ന് നടിച്ച് മുന്നോട്ട് പോകാൻ വയ്യ. അതിൽ ചില പാഠങ്ങൾ ഉണ്ടായേക്കാം. ഇസ്മാഈൽ ഹാജി ഈസാ സേട്ട് സ്ഥാപിച്ച മഹത്തായ വിദ്യാലയമാണ് തന്റെ പിതാവിന്റെ പേരിലുള്ള പ്രസിദ്ധമായ ഹാജി ഈസാ ഹാജി മൂസാ മെമ്മോറിയൽ ഹൈസ്കൂൾ. ഭീമാകാരമായ സ്കൂൾ കെട്ടിടവും വിശാലമായ ഗ്രൗണ്ടും കോടികൾ വിലമതിക്കുന്നതാണ്. മുസ്ലിംകൾ വിദ്യാഭ്യാസത്തോട് വിമുഖത കാണിക്കുന്ന കാലഘട്ടത്തിലാണ് ഇത് സ്ഥാപിച്ചത്. അമുസ്ലിം ഭൂരിപക്ഷ മേഖലയായ പാലസ് റോഡിന്റെ മധ്യഭാഗത്ത് നിർമ്മിക്കപ്പെട്ട ഈ വിദ്യാലയത്തിന്റെ ഗുണം ആദ്യകാലങ്ങളിൽ അനുഭവിച്ചത് ഇതര സമുദായങ്ങളായിരുന്നു. കൊച്ചിയിലെ മുസ്ലിംകൾക്ക് അക്ഷരാഭ്യാസത്തിന് ഏറെ പ്രചോദനം നൽകിയ ഈ സ്ഥാപനത്തിൽ നിന്നും പഠിച്ച് വളർന്ന് ഉയർന്ന മണ്ഡലങ്ങളിൽ വിഹരിക്കുന്ന ഒട്ടേറെ ആളുകൾ ഇപ്പോഴും ഉണ്ട്. ഇസ്മാഈൽ ഹാജി ഈസാ സേട്ടുവിന്റെ മൂത്ത മകൻ പിൽക്കാലത്ത് സിനിമാ രംഗത്ത് പ്രസിദ്ധനായി. 'ചെമ്മീൻ ബാബു' എന്നാണ് അദ്ദേഹം അറിയപ്പെടുന്നത്. 'ചെമ്മീൻ' എന്ന പേരിൽ വമ്പിച്ച പണം മുടക്കി അദ്ദേഹം ഒരു സിനിമ എടുക്കുകയും അത് അനേകം അവാർഡുകൾ കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ടത്രെ. ഇളയ മകൻ ഇഖ്ബാൽ ഇപ്പോൾ സ്കൂൾ ഭരണം നടത്തുന്നു. ഇസ്മാഈൽ ഹാജി ഈസാ സേട്ടുവിന്റെ മൂത്ത മകളെയാണ് വ്യവസായ പ്രമുഖനും കെ.എൻ.എം. സംസ്ഥാന പ്രസിഡണ്ടും സൽസ്വഭാവിയും ധർമ്മിഷ്ഠനുമായിരുന്ന ഹാജി സാലെ മുഹമ്മദ് ഇബ്റാഹീം സേട്ട് വിവാഹം ചെയ്തത്. അനുജൻ മുഹമ്മദ് ഇബ്റാഹീം സേട്ട് ഇളയ മകളെയും കല്യാണം കഴിച്ചു. ഇവരുടെ മാതാവ് അസ്മാബീവി കച്ചിമേമൻ അല്ല. കൊടുങ്ങല്ലൂരിലുള്ള ഒരു സാധാരണ മലബാരി കുടുംബത്തിലുള്ളതാണ്. അവരുടെ പേരിൽ സ്ഥാപിതമായതാണ് എം.ഇ.എസ്. നടത്തിവരുന്ന പ്രസിദ്ധമായ അസ്മാബി കോളേജ്. ഇസ്മാഈൽ ഹാജി ഈസാ സേട്ടുവിന്റെ മരണശേഷം വിധവയായ അസ്മാബി ഏറെ കാലം പുനർ വിവാഹത്തിന് തയ്യാറായിരുന്നില്ല.

സൈദ് കുഞ്ഞിഹാജി വർഷം തോറും ഹജ്ജ് കർമ്മത്തിന് പോകുമാ

യിരുന്നു. മുപ്പതിൽപരം ഹജ്ജ് നിർവ്വഹിച്ചതായിട്ടാണ് അറിവ്. ഞങ്ങൾ മക്കയിൽ വെച്ച് ധാരാളം കാണുകയും സൗഹൃദം പുതുക്കുകയും പതിവായിരുന്നു. അക്കാലത്ത് അധികവും കപ്പലിലാണ് യാത്ര. ഹാജി സാഹിബിനെ മറ്റുള്ളവർ ചെലവ് കൊടുത്ത് കൊണ്ടുപോകലാണ് പതിവ്. അദ്ദേഹത്തിന്റെ അറിവും ശ്രദ്ധയും ആഗ്രഹിച്ചും, തനിക്ക് സ്വന്തം നാടുപോലെ സുഊദി അറേബ്യയിലുള്ള പരിചയവും ക്ലേശകരമായ അന്നത്തെ യാത്രയിൽ വലിയ താങ്ങും തണലുമായി അദ്ദേഹത്തെ ഹാജിമാർ പരിഗണിക്കുന്നതും തുടർച്ചയായ ഹജ്ജ് യാത്രക്ക് നിമിത്തമായിരുന്നു. ഒരു സംഘം ഹാജിമാരുടെ ഗൈഡായി സൈദുകുഞ്ഞിഹാജിയെ എല്ലാ വർഷവും ഹജ്ജ് വേളയിൽ കാണാം. ഭക്തനായ ഹാജിയാരുടെ സജീവസാന്നിധ്യം ഹാജിമാർക്ക് ഒരനുഗ്രഹം തന്നെയായിരുന്നു. ഇത് മൂലം ഒട്ടേറെ അനാചാരങ്ങളിൽ നിന്നും ഹാജിമാർ രക്ഷപ്പെട്ടിരുന്നു. ഒരിക്കൽ ഇസ്മാഈൽ ഹാജി ഈസാ സേട്ടുവിന്റെ വിധവ അസ്മാബീവിയും ഹാജി സാഹിബിന്റെ സംഘത്തിൽ വിശുദ്ധ ഹജ്ജ് കർമ്മത്തിനായി യാത്രയായി. ഹാജിയുടെ മതഭക്തിയും അറിവും പെരുമാറ്റ മര്യാദകളും അസ്മാബിയെ ഏറെ ആകർഷിച്ചു. ഹജ്ജ് കഴിഞ്ഞു മടങ്ങിയെത്തിയ അസ്മാബീവി കുറച്ചുനാൾക്കു ശേഷം ഹാജി സാഹിബിനോട് വിവാഹാഭ്യർത്ഥന നടത്തി. ഹാജി അത് സ്വീകരിച്ചു. അവരുടെ വക്കാലത്ത് പ്രകാരം കൊച്ചിയിലെ പ്രമുഖനായ കിക്കീ സേട്ടുവാണ് (എച്ച്.ഇ. മുഹമ്മദ് ബാബു സേട്ടുവിന്റെ പിതാവ്) ആ നിക്കാഹിന് വലിയ്യായി നിന്നത്. കൊച്ചിയെ പ്രകമ്പനം കൊള്ളിച്ച ഒരു സംഭവമായിരുന്നു ഇത്. കൊച്ചിയിലും പുറത്തുമുള്ള കച്ചിമേമൻ സമുദായം ഒന്നടങ്കം ഈ വിവാഹത്തിന് എതിരായിരുന്നു. സ്വന്തം മക്കൾ പോലും ഉമ്മയുടെ താൽപര്യത്തിന് അനുകൂലമായിരുന്നില്ല. കൊച്ചി രാജസദസ്സിൽ പോലും ആദരിക്കപ്പെട്ടിരുന്ന, കിരീടം വെക്കാത്ത രാജാവെന്ന് ജനം വാഴ്ത്തിയിരുന്ന ഇസ്മാഈൽ ഹാജി ഈസാ സേട്ടുവിന്റെ വിധവയും വലിയ ധനാഢ്യയുമായ അസ്മാബീവി ഒരു സാധാരണക്കാരനായ മലയാളീ മുസ്‌ലിയാരെ വേൾക്കുന്നത് ആഢ്യത്വത്തിന്റെ ഉരുക്കുകോട്ടയ്ക്ക് ഏറ്റ വൻ ആഘാതമായിട്ടാണ് കച്ചിമേമൻ വിഭാഗം കണക്കിലെടുത്തത്. ഇത് സംബന്ധമായി പല കഥകളും പരന്നു. അദ്ദേഹത്തിന്റെ ആദർശബന്ധുക്കളും ഗുണകാംക്ഷികളും ഈ ദുഷ്പ്രചരണങ്ങളിൽ വീണു. അവരും അദ്ദേഹത്തിനെതിരിൽ മുഖം തിരിച്ചു. വളരെ അടുത്തവർ പോലും അദ്ദേഹത്തിൽ നിന്നകന്നു. സൈദ്കുഞ്ഞി ഹാജിയുടെ ജീവിതത്തിലെ ഏറ്റവും വേദനാജനകമായ ഒരു കാലഘട്ടമായിരുന്നു അത്. ഈ പ്രതികൂല സാഹചര്യം വകവെക്കാതെ അദ്ദേഹം പള്ളിയിലെ ചുമതലകളിൽ തുടർന്നു. സമൂഹത്തിന്റെ മുഖം തിരിക്കൽ

മനസ്സിലാക്കിക്കൊണ്ടോ, തന്റെ അഭിമാനത്തിന് യോജിക്കാത്തതുകൊണ്ടോ എന്നറിയില്ല, ഖത്വീബ് സ്ഥാനം ഒഴിയാനും തന്നോടൊത്ത് താമസമാക്കാനും അസ്മാബി ഹാജി സാഹിബിനെ നിർബന്ധിക്കുകയായിരുന്നു. അദ്ദേഹം സ്ഥാനമൊഴിഞ്ഞു. പകരക്കാരനായി വന്നത് ടി.എം. ഇസ്ഹാഖ് മൗലവി അവർകളായിരുന്നു. എ.എ. ഹമീദിന്റെ പിതാവ് ഡോ. മൗലാനയാണ് ഇസ്ഹാഖ് മൗലവിയെ പള്ളി ഭാരവാഹികൾക്ക് പരിചയപ്പെടുത്തിയത്. കാത്തിബ് അബ്ദുസ്സമദ് മൗലവിയുടെ ആദ്യ ഭാര്യയുടെ പിതാവാണ് ഇസ്ഹാഖ് മൗലവി. എന്നേക്കാൾ പ്രായംകൊണ്ട് മൂത്തതാണ്. ഇപ്പോൾ മകനോടൊത്ത് മലപ്പുറം ഡൗൺഹില്ലിൽ വിശ്രമ ജീവിതം നയിക്കുന്നു. തന്റെ ഇളയ മകളുടെ ഭർത്താവ് തിരൂർക്കാട് കെ.സി. മുഹമ്മദുണ്ണി മാസ്റ്ററുടെ വീട്ടിൽ ഇടക്കു വന്നു അദ്ദേഹം താമസിക്കും. ഞങ്ങൾ സദാ സമ്പർക്കത്തിലാണ്. എന്നോട് നൂറുശതമാനം പൊരുത്തപ്പെടുന്ന ആദർശ ബന്ധുവും സ്നേഹ സമ്പന്നനുമാണ് ഇസ്ഹാഖ് മൗലവി.

ഇസ്ഹാഖ് മൗലവിയുടെ കൊച്ചിയിലേക്കുള്ള വരവ് 1959 കാലത്തായിരുന്നു എന്നാണ് ഓർമ്മ. കേരളത്തിലെ ആദ്യ കമ്മ്യൂണിസ്റ്റു മന്ത്രിസഭയ്ക്ക് എതിരിൽ നടന്ന അതിശക്തമായ വിമോചനസമരം അരങ്ങേറുന്ന കാലം. ഇസ്ഹാഖ് മൗലവി ഒരു ഫുൾടൈം മുസ്‌ലിംലീഗ് പ്രാസംഗികനായിരുന്നു. നല്ല ഒഴുക്കുള്ള സാരഗർഭമായ പ്രസംഗം. കൊച്ചിയിലെ ലീഗ് നേതാവായിരുന്ന ഡോക്ടർ മൗലാനയുമായി മൗലവിയുടെ ബന്ധം ഈ നിലക്കായിരുന്നു. ഇസ്ഹാഖ് മൗലവി നല്ലൊരു അദ്ധ്യാപകനും കൂടിയാണ്. പുതിയപള്ളിയുടെയും അതോടനുബന്ധിച്ചുള്ള മദ്റസകളുടെയും ചുമതല അദ്ദേഹത്തിൽ നിക്ഷിപ്തമായി. മദ്റസാ പഠന രീതി കെ.എൻ.എം. സിലബസ് അനുസരിച്ച് അദ്ദേഹം സംവിധാനം ചെയ്തു. നേരത്തെ അതുണ്ടായിരുന്നില്ല. സൈദ്കുഞ്ഞി ഹാജിയിൽ നിന്ന് എതിർപ്പുണ്ടായിരുന്നുവെങ്കിൽ പള്ളി ഭാരവാഹികൾ അടങ്ങിയിരിക്കുകയില്ല. അവർക്ക് അന്തിമ വാക്ക് ഹാജിയുടേതാണ്. മഹല്ലിലെ ജനങ്ങളും അങ്ങനെ തന്നെ. പുതിയപള്ളിയിലെ ഇമാമായിരിക്കെ തന്നെ ഇസ്ഹാഖ് മൗലവി വിമോചന സമര പരിപാടികളുടെ മുന്നണിയിൽ ഉണ്ടായിരുന്നു. അദ്ദേഹം സമരജാഥകൾ നയിക്കുകയും പിക്കറ്റിങ്ങ് പോലുള്ള സമരക്രിയകൾ ഉദ്ഘാടനം ചെയ്യുകയും പതിവായിരുന്നുവെന്ന് ദൃക്സാക്ഷിയായ ഹമീദ് എന്നോട് പറഞ്ഞിട്ടുണ്ട്. ഹമീദ് ഇസ്ഹാഖ് മൗലവിയുടെ ശിഷ്യനാണ്. പ്രസംഗകലയുടെ ബാലപാഠങ്ങൾ തനിക്ക് നൽകിയതും പ്രോത്സാഹിപ്പിച്ചതും ഇസ്ഹാഖ് മൗലവിയായിരുന്നുവെന്ന് ഹമീദ് അനുസ്മരിക്കുന്നു. 74ൽ കാത്തിബ് അബ്ദുസ്സമദ് മൗലവിക്ക് കൊച്ചിയിലെ ഇസ്‌ലാഹീ ബന്ധു

ക്കൾ നൽകിയ സ്നേഹ സ്വീകരണത്തിൽ ഹമീദ് പ്രസംഗിക്കുന്നത് കണ്ട് ഇസ്ഹാഖ് മൗലവി അത്യധികം ആഹ്ലാദം പ്രകടിപ്പിക്കുന്നത് ഞാൻ നേരിൽ അനുഭവിക്കുകയും ചെയ്തു. ഒരു യഥാർത്ഥ ഗുരുനാഥനെ അപ്പോൾ അദ്ദേഹത്തിൽ ദർശിച്ചു.

ഏതാണ്ട് രണ്ടു വർഷം ഇസ്ഹാഖ് മൗലവി ഇങ്ങനെ തുടർന്നു. അപ്പോൾ സൈദ്കുഞ്ഞി ഹാജിയുടെ ജീവിതത്തിൽ വീണ്ടും വലിയൊരു പ്രതിസന്ധി ഉളവായി. അസ്മാ ബീവിയുമായുള്ള വിവാഹത്തിന് കച്ചി മേമൻ വിഭാഗത്തിലുള്ള ബഹുഭൂരിപക്ഷവും എതിരായിരുന്നുവെങ്കിലും ക്രമേണ ആ വികാരം കെട്ടണഞ്ഞു. പക്ഷെ, മക്കളും അടുത്ത കുടുംബാംഗങ്ങളും സമരസപ്പെടാൻ തയ്യാറായില്ല. മക്കൾ സ്വമേധയായോ പ്രേരണയാലോ ഹാജിയാരെ വിവിധ നിലകളിൽ വിഷമിപ്പിച്ചു. അദ്ദേഹത്തിന്റെ അതിഥികളെയും പല നിലക്കും അപമാനിച്ചിരുന്നുവെന്ന് ഹാജി സാഹിബ് തന്നെ പിന്നീട് പറഞ്ഞിട്ടുണ്ട്. എറണാകുളത്തെ ബംഗ്ലാവിൽ സ്ഥിര താമസമാക്കിയതിനാൽ ഫോർട്ടുകൊച്ചി കൽവത്തിയിലുണ്ടായിരുന്ന ആദ്യ ഭാര്യയേയും മക്കളേയും സന്ദർശിക്കുന്നത് വിരളമായി. അത് മറ്റൊരു വിഷമത്തിനും സ്വാഭാവികമായും ഇടയായി. ഇങ്ങനെയിരിക്കെ പുതിയപള്ളി ഖത്വീബുസ്ഥാനത്തുനിന്നും ഇസ്ഹാഖ് മൗലവി വിരമിക്കാൻ കാരണമായി. സൈദ്കുഞ്ഞി ഹാജി തൽസ്ഥാനം വീണ്ടും ഏറ്റെടുത്തു. താമസം പള്ളിയിൽ തന്നെ പഴയതുപോലെ സ്ഥിരപ്പെടുത്തി. ഇത് രണ്ടാം ഭാര്യക്ക് തൃപ്തിയായിരുന്നില്ല. തന്നോടൊത്ത് കഴിയണമെന്ന അവരുടെ നിർബന്ധത്തിന് അദ്ദേഹം വഴങ്ങാൻ കൂട്ടാക്കിയില്ല. അതോടെ അവർക്കിടയിൽ അസ്വാരസ്യം വളരുകയും മൂർച്ഛിക്കുകയും ചെയ്തു. തന്റെ ത്വലാഖ് അവർ സ്വയം ആവശ്യപ്പെടുകയായിരുന്നു. അങ്ങനെ ആ ബന്ധം അവസാനിപ്പിച്ചു. മറ്റൊരു ഗുരുതരമായ കാരണവും ഹാജിയാരുടെ മനസ്സിൽ സംശയമായി കിടന്നിരുന്നു. രണ്ടു വർഷക്കാലത്തെ ഈ ദാമ്പത്യ ബന്ധത്തിൽ അസ്മാബി ഗർഭിണിയായി. പക്ഷെ, പ്രസവത്തിൽ കുട്ടി മരിച്ചു. ഈ ദുരന്തകഥയിലെ സത്യാസത്യങ്ങളുടെ പൂർണ്ണരൂപം അല്ലാഹുവിന് മാത്രമേ അറിയൂ. കഥയുടെ അവസാനത്തിൽ ഹാജി സാഹിബ് തന്റെ ഗുണകാംക്ഷികളായ അടുത്ത സുഹൃത്തുക്കളോട് വെളിപ്പെടുത്തിയ കാര്യങ്ങളാണ് ഞാൻ ഇവിടെ കുറിച്ചിട്ടുള്ളത്. ചിലത് അദ്ദേഹം എന്നോട് നേരിൽ പറയുകയും ചെയ്തിട്ടുണ്ട്. ഞാൻ ഒരിക്കലും ഇത് ഒരു വാർത്തയാക്കാൻ ശ്രമിച്ചിട്ടില്ല. സംഭാഷണത്തിനിടയിൽ ആരെങ്കിലും അതിനു തുനിഞ്ഞപ്പോഴെല്ലാം ഞാൻ വിസമ്മതിക്കുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അപ്പോൾ എന്തിന് ഈ കഥ ഇവിടെ

കുറിച്ചിട്ടു എന്ന ചോദ്യം സ്വാഭാവികമാണ്. അസ്മാബിയും ഹാജി സാഹിബും ഇതിൽ ബന്ധപ്പെട്ട ചില പ്രമുഖരും ഈ ലോകം വിട്ടുപോയി. ഹാജിയാരുടെ ആദ്യഭാര്യയും മരണപ്പെട്ടു. മകൻ ഹസൻ മാസ്റ്റർ റിട്ടയർ ചെയ്തു. കൊടുങ്ങല്ലൂരിൽ കുടുംബജീവിതം നയിക്കുന്നു. കൊച്ചിയിലെ വീട് വിറ്റ് താമസം മാറ്റുകയായിരുന്നു. ഹസൻ മാസ്റ്ററുടെ ആൺമക്കളെ എനിക്ക് പരിചയമുണ്ട്. നല്ല മക്കൾ. ദീനീബോധമുള്ളവർ. ഇസ്‌ലാഹീ രംഗത്ത് സജീവമായി പ്രവർത്തിക്കുന്നു. ഉപ്പാപ്പയുടെ പാരമ്പര്യം അവർ നിലനിർത്തുന്നു. അല്ലാഹു അനുഗ്രഹിക്കട്ടെ.

എന്തിനീ കഥ ഞാൻ കുറിച്ചു? എന്റെ ഓർമ്മകളിലെയും അനുഭവങ്ങളിലെയും ഒരു പ്രധാന വിഷയമാണിത്. ചെറുപ്പം മുതൽക്കേ ഞാൻ നേരിട്ട് ബന്ധപ്പെട്ടറിയുകയും സ്നേഹബഹുമാനങ്ങളോടെ ഇടപഴകുകയും ചെയ്ത ഭക്തനായ ഒരുപാട് മാതൃകാ ഗുണങ്ങളുള്ള പണ്ഡിതനാണ്, ഹാജിയാർ എന്ന് കൊച്ചിക്കാർ ആദരപൂർവ്വം വിളിക്കുന്ന സൈദ് കുഞ്ഞി മൗലവി. അദ്ദേഹത്തിന്റെ നമസ്കാരം മാത്രം കണ്ടാൽ മതി ആ ഭക്തിയുടെ ബാഹ്യരൂപം ദർശിക്കാൻ. ഞാൻ അത് പലപ്പോഴും നോക്കിയിരുന്നിട്ടുണ്ട്. നമസ്കാരത്തിന്റെ ചലനരൂപങ്ങളും അടക്കവും കൃത്യമായി മനസ്സിലാക്കണമെന്ന് ആഗ്രഹിക്കുന്ന ഏതൊരാൾക്കും ഒരു കിതാബും ഓതേണ്ട. ഒരു പുസ്തകവും വായിക്കേണ്ട. ഹാജിയാരുടെ രണ്ടു റക്അത്ത് നമസ്കാരം ശ്രദ്ധാപൂർവ്വം നോക്കിയാൽ മതി. അത് ഒരു പഠനമായിരുന്നു. ഇതൊരു ഉദാഹരണം മാത്രം. അനേകം മനസ്സുകളിലേക്ക് തൗഹീദിന്റെ വെളിച്ചം പകരാനും അധാർമ്മികതയിൽ നീന്തിത്തുടിച്ചിരുന്ന ഒരുപാട് ഹൃദയങ്ങളെ സംസ്കരിക്കാനും അദ്ദേഹത്തിന്റെ വിറയാർന്ന ഘനഗംഭീര ശബ്ദത്തിന് കഴിഞ്ഞിട്ടുണ്ട്. അങ്ങനെയുള്ള ഒരു മഹാനവർകൾക്ക് ഒരു സന്ദർഭത്തിൽ സംഭവിച്ച വൈകാരികമായ തളർച്ച! എന്തെല്ലാം വിഷമങ്ങൾക്ക് കാരണമായി. ഇത്തരമൊരു സന്ദർഭം മറ്റൊരാളുടെ മുമ്പിൽ വരികയും ഹാജി സാഹിബിനോട് ഉപദേശം തേടുകയും ചെയ്താൽ അത് വേണ്ട എന്നു തന്നെ അദ്ദേഹം പറയുമായിരുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. പക്ഷെ, സ്വന്തമായി തീരുമാനമെടുക്കുന്നതിൽ വീഴ്ച. ആഢ്യത്വത്തിന്റെയും സമ്പത്തിന്റെയും പീഠത്തിലിരിക്കുന്ന ഈ ബന്ധത്തിലേക്ക് കയറിച്ചെല്ലുന്നതിന് മുമ്പ് രണ്ടുവട്ടം ആലോചിക്കേണ്ടതായിരുന്നു. കച്ചിമേമൻ സമുദായത്തിലെ പ്രമുഖ വിഭാഗം ഒരുപാട് നന്മയുള്ളവരാണ്. സമൂഹം അതിന്റെ ഗുണം ആസ്വദിക്കുകയും അനുഭവിക്കുകയും ചെയ്യുന്നുണ്ട്. പക്ഷെ, വർഗപരമായ ആഢ്യത്വവും ഭദ്രതയും ഗുണദോഷങ്ങൾ വിവേചിക്കാതെ നിലനിർത്താൻ വെമ്പൽ കൊള്ളുന്നവ

രാണ്. ഇത് ഏറ്റവും നന്നായി അറിയുന്നയാളായിരുന്നു ഹാജിയാർ. കച്ചി സമൂഹം അദ്ദേഹത്തെ അത്യധികം ആദരിച്ചിരുന്നു. അദ്ദേഹത്തിന്റെ വായിൽ നിന്ന് വരുന്ന വാക്കുകളെ മുത്തുമണിപോലെ സ്വീകരിച്ചിരുന്നു. കനത്ത ഭീഷണികൾക്കും എതിർപ്പുകൾക്കും നടുവിൽ നിന്നുകൊണ്ട് തൗഹീദിന് വേണ്ടി പോരാടുമ്പോഴും കുടുംബങ്ങളും സാമൂഹിക ബന്ധങ്ങളും മുറിച്ചുകളയാൻ ഇസ്‌ലാം നിർദ്ദേശിക്കുന്നില്ല. നിലനിർത്താൻ പ്രേരിപ്പിക്കുകയാണ് ചെയ്യുന്നത്. ഒരിക്കൽ റസൂൽﷺ പറഞ്ഞു: "ദീൻ എന്നാൽ കൂറു പാലിക്കലാകുന്നു" അനുചരന്മാർ ചോദിച്ചു. "അല്ലാഹുവിന്റെ ദൂതരേ, ആരോടാണ് കൂറു പാലിക്കേണ്ടത്? അപ്പോൾ നബിﷺ വിശദീകരിച്ചു. "അല്ലാഹുവിനോട്, അവന്റെ ഗ്രന്ഥത്തോട്, അവന്റെ ദൂതരോട്, മുസ്‌ലിം ഭരണാധിപരോട്, മുസ്‌ലിം ബഹുജനങ്ങളോട്." നിർബന്ധമല്ലാത്ത ഒരു വിഷയം മുസ്‌ലിം സമൂഹത്തിന്റെ പൊതുതാൽപര്യം മുൻനിർത്തി വേണ്ടെന്ന് വെക്കുമ്പോൾ അത് കൂറു പാലിക്കലിൽ പെടുന്നു. പ്രത്യേകിച്ച് തന്നെ അത്യധികം സ്നേഹിക്കുന്ന ബന്ധുമിത്രാദികൾക്ക് വേണ്ടിയാകുമ്പോൾ. ഹാജി സാഹിബിന്റെ രണ്ടാം വിവാഹം ഒരു തെറ്റായിരുന്നില്ല. ഒഴിവാക്കാമായിരുന്ന ഒരു വൈകാരിക ചിന്തയായിരുന്നു. എന്നാൽ മറു ഭാഗത്ത് നടന്നത് അത്യധികം ക്രൂരതയായിരുന്നു. മനഃപൂർവ്വം അദ്ദേഹത്തെ ശാരീരികമായും മാനസികമായും പീഡിപ്പിച്ചു. അതു കണ്ടും അറിഞ്ഞും പലരും രസിച്ചു. പലരും മൗനം പാലിച്ചു. "ദ്രോഹിക്കപ്പെടുന്നവന്റെ പ്രാർഥനയെ നിങ്ങൾ സൂക്ഷിച്ചുകൊള്ളുക, കാരണം അയാളുടേയും അല്ലാഹുവിന്റെയും ഇടയിൽ മറയില്ല" എന്ന് പ്രവാചകൻ പ്രസ്താവിച്ചിട്ടുണ്ട്. ഈ തത്വം ആദ്യന്തം അവഗണിക്കപ്പെട്ടു. മനസ്സിലേറ്റ ഹാജിയാരുടെ മുറിവ് ആഴമുള്ളതായിരുന്നു. അതിന്റെ നീറ്റൽ അന്ത്യഘട്ടം വരെ അദ്ദേഹത്തെ പിന്തുടർന്നു. ഇത് വെറും ഊഹമല്ല. അനുഭവത്തിൽ നിന്നും ബോധ്യപ്പെട്ടതാണ്. പ്രവാചകൻ ഭയപ്പെടുത്തിയ കൽപനയുടെ പ്രത്യാഘാതം ഈ ദുൻയാവിൽ തന്നെ പ്രകടമായി. ഞാനത് വിശദീകരിക്കുന്നില്ല. അറിയുന്നവർക്കതറിയാം. അത് മതി. എനിക്കും നിങ്ങൾക്കും അത് പാഠമായിരിക്കട്ടെ. അല്ലാഹു ബഹുമാന്യനായ എന്റെ ഹാജി സാഹിബിനും ബന്ധപ്പെട്ട മറ്റെല്ലാവർക്കും ഔദാര്യപൂർവ്വം പൊറുത്തു കൊടുക്കട്ടെ.

സൈദ്കുഞ്ഞി ഹാജിയുമായുള്ള എന്റെ വ്യക്തിബന്ധത്തിൽ ചില മധുരിക്കുന്ന ഓർമ്മകളുണ്ട്. ഞാൻ ചെറുപ്പകാലത്ത് കൊച്ചിയിലെത്തുമ്പോൾ പുതിയ പള്ളിയിലാണ് നമസ്കാരം. ഹാജി സാഹിബിനെ കാണും. പലതും ഞങ്ങൾ ചർച്ച ചെയ്യും. കെ.എം. മൗലവി, കൂട്ടായി അബ്

ദുല്ല ഹാജി തുടങ്ങിയവരോടുള്ള അദ്ദേഹത്തിന്റെ സ്നേഹാദരങ്ങൾ ഞാൻ നേരിട്ടനുഭവിച്ചിട്ടുണ്ട്. സി.എൻ. അഹ്മദ് മൗലവിയോട് ആദ്യകാലത്തുണ്ടായിരുന്ന മതിപ്പും പിൽക്കാലത്തുണ്ടായിരുന്ന കഠിനമായ എതിർപ്പും ഞാൻ മനസ്സിലാക്കി. എല്ലാം ദീനീ ബന്ധിതമായിരുന്നു. ഉച്ചയോടടുത്ത സമയത്താണ് ഞങ്ങൾ തമ്മിൽ കാണുന്നതെങ്കിൽ തന്റെ പച്ച ബെൽറ്റിന്റെ കീശയിൽ നിന്നും എട്ടണയുടെ ഒരു തുട്ട് എടുത്ത് എന്റെ നേരെ നീട്ടും (ഇന്നത്തെ അൻപത് പൈസ). നമസ്കാരം കഴിഞ്ഞു ഊണുകഴിച്ചിട്ടു വരാൻ പറയും. അന്ന് എട്ടണ കൊടുത്താൽ ഊണു കിട്ടും. കുറച്ചു കാലം കഴിഞ്ഞു അത് ഒരു രൂപയായി. രണ്ടു രൂപ വരെ ഞാൻ അദ്ദേഹത്തിൽ നിന്നും ഇങ്ങനെ സ്വീകരിച്ചിട്ടുണ്ട്. കയ്യിൽ അത്യാവശ്യം പൈസയുള്ളപ്പോഴും ഞാൻ അത് സ്വീകരിക്കും. ആ സ്നേഹമസൃണമായ വെച്ചുനീട്ടൽ തിരസ്കരിക്കാൻ എനിക്ക് തോന്നുകയില്ല. ഹാജിയാരുടെ പെരുമാറ്റം അത്രയ്ക്കും ഹൃദയപൂർവ്വമായിരുന്നു. ഒരിക്കൽ ഞാൻ അദ്ദേഹത്തോട് പറഞ്ഞു: “ഈ പള്ളിയിൽ ഒരു തണ്ണിമുക്രിയുടെ (ശുചീകരണവും വെള്ളം നിറക്കലും) ജോലി കിട്ടുമെങ്കിൽ ഞാൻ ഇവിടെ കൂടുമായിരുന്നു.” അദ്ദേഹം പുഞ്ചിരിച്ചു.

മൂന്ന് പതിറ്റാണ്ടുകൾ കഴിഞ്ഞു. ഞാൻ നിരന്തരം യാത്ര ചെയ്തു. സ്വദേശത്തും വിദേശത്തും ഒട്ടേറെ ബന്ധങ്ങൾ ഉണ്ടായി. ധാരാളം ബന്ധങ്ങൾ അകന്നുപോയി. ചിലത് മുറിഞ്ഞുപോയി. മറ്റുചിലത് ശക്തമായി. അനുഭവങ്ങളുടെ വലിയ ഭാണ്ഡം എന്റെ ഓർമ്മകളിൽ വന്നുകൂടി. ഞാൻ സൽസബീൽ പത്രാധിപരായി. അപ്പോഴാണ് കൊച്ചി പുതിയപള്ളിയിൽ സൈദുകുഞ്ഞി ഹാജിയുടെ ആക്ടിങ്ങ് ഖത്വീബായി ക്ഷണം ലഭിക്കുന്നത്. വിഭവസമൃദ്ധമായ ചരിത്രം ഉറങ്ങുകയും ഉണർന്നിരിക്കുകയും ചെയ്യുന്ന ആ മസ്ജിദിന്റെ മഹത്വപൂർണ്ണമായ മിമ്പർ എന്നെ മാടിവിളിക്കുന്നു. അദൃശ്യമായ ഒരാത്മബന്ധത്താൽ അല്ലാഹു വിളക്കിച്ചേർത്തതിന്റെ പ്രതിഫലനമാണ് ആ വിളി എന്ന് മനസ്സ് മന്ത്രിച്ചു. ആദർശ സംബന്ധമായ ആനുകാലിക സംഭവങ്ങളും എന്നെ സ്വാധീനിച്ചു. അങ്ങനെ ഓടിയെത്തി ഞാൻ ആ ചുമതലയേറ്റു. റബ്ബിന് സർവ്വസ്തുതിയും!

സംഭവ ബഹുമാണ് ഈ കാലം. ആദർശത്തിന്റെ പടയോട്ടം! സൽസബീലിന്റെ പ്രചാരണവും വളർച്ചയും, ആദർശബന്ധങ്ങളുടെ ആധിക്യം, സഹായികളുടെ കൂട്ടം, ശത്രുസന്നാഹത്തിന്റെ ആക്രമണം, കൊടുങ്ങല്ലൂർ മുതൽ കൊച്ചിയിലൂടെ തെക്കോട്ടുള്ള ജില്ലകളിൽ തൗഹീദിന്റെ ശബ്ദം എത്തിക്കാൻ കഴിഞ്ഞ അനുകൂല സാഹചര്യം, ഫോർട്ടുകൊച്ചി സൽസബീൽ മസ്ജിദ്, ആലപ്പുഴ സെക്രട്ടറിയേറ്റിനു മുമ്പിലുള്ള സല

ഫി മസ്ജിദ് എന്നീ മഹത്തായ തൗഹീദിന്റെ ശബ്ദം മുഴങ്ങുന്ന മിമ്പറുകൾ! ഇങ്ങനെ എന്തെന്തെല്ലാം അനുഭവങ്ങൾ! മധുരം, സന്തോഷം, ആഹ്ലാദം, വേദനകൾ, വെറുപ്പുകൾ എന്തെല്ലാം വികാരങ്ങൾ! വിവരിക്കാൻ ഓരോന്നിനും ഓരോ ഗ്രന്ഥങ്ങൾ വേണം. അതസാധ്യമാണല്ലോ. വിശ്രമരഹിതമായ അഞ്ചു വർഷങ്ങൾ! അസംഖ്യം അനുഭവങ്ങൾ! അപൂർവ്വം ചിലത് മാത്രം പറയാം.

ആക്ടിങ്ങ് ഖത്വീബായി ചാർജ്ജെടുത്ത ദിവസം, മഗ്‌രിബ് നമസ്കാരാനന്തരം പള്ളിക്ക് മുമ്പിൽ ഒരു കൂട്ടമുണ്ടായി. ജമാഅത്തെ ഇസ്‌ലാമിയിലെ ചില സജീവ പ്രവർത്തകരോട് ആരോ ചോദിച്ചു. “നിങ്ങൾ എന്നു മുതൽക്കാണ് ദജ്ജാലിനെ ഇമാമായി സ്വീകരിച്ചത്?” ഞാൻ മുമ്പേ പറഞ്ഞ ശൗക്കത്തലിയുടെ ലേഖനത്തെ ആസ്പദമാക്കിയായിരുന്നു ചോദ്യം. ശൗക്കത്തലി ഞങ്ങളുടെ ആളല്ല എന്ന് പറഞ്ഞ് കൈയ്യൊഴിയാൻ ശ്രമിച്ചപ്പോൾ അവരുടെ പാർട്ടി മെമ്പറായിരുന്ന ഒരു ശുദ്ധ മനുഷ്യനാണ് പ്രതികരിച്ചത്. കളവ് പറയരുത്, അയാൾ നമ്മുടെ ആൾ തന്നെയാണ്. അയാൾ ചെയ്തത് തോന്ന്യാസമാണ്. തെറ്റിനെ ന്യായീകരിക്കുന്നത് ശൈത്വാന്റെ സ്വഭാവമാണ്. തുടർന്ന് സംസാരവും കൂട്ടവുമായി. ആ നല്ല മനുഷ്യൻ വസൂരി രോഗം മൂലം മരണപ്പെട്ടു. അല്ലാഹു അദ്ദേഹത്തിന് സൗഖ്യം നൽകട്ടെ. ഡി.എൽ.ബിക്കാരൻ യൂസഫ് ആയിരുന്നു (ഡക്ക്‌ലാബർ ബോർഡ്) ആ സുഹൃത്ത്. പിറ്റേ ദിവസം ളുഹർ നമസ്കാര ശേഷമാണ് ഞാൻ എ.എ. ഹമീദുമായി പരിചപ്പെടുന്നത്. ഹമീദിന്റെ പിതാവ് ഡോക്ടർ മൗലാനാ അബ്ദുൽ ഖാദിർ സാഹിബിനെക്കുറിച്ച് ഇസ്ഹാഖ് മൗലവിയിൽ നിന്ന് ഞാൻ ധാരാളം കേട്ടിട്ടുണ്ട്. മജീദു മരിക്കാർ സാഹിബുമായി സി.എൻ. പ്രശ്നം സംസാരിക്കാൻ വന്നപ്പോൾ ഒരിക്കൽ കണ്ട ഓർമ്മയുണ്ട്. തലേന്നാൾ നടന്ന സംഭവത്തിലെ ചോദ്യകർത്താവ് ഹമീദ് ആയിരുന്നുവെന്നും ഹമീദിന്റെ കൂട്ടാളി കുഞ്ഞാലി സ്രാങ്ക് ആയിരുന്നുവെന്നും മനസ്സിലാക്കി. ഹമീദുമായുള്ള ബന്ധം അങ്ങനെ തുടങ്ങുകയാണ്. ഒരു ജമാഅത്ത് അനുഭാവിയും മുസ്‌ലിംലീഗ് പ്രവർത്തകനുമായിരുന്നു ഹമീദ്. മുജാഹിദ് പ്രസ്ഥാനവും ജമാഅത്തെ ഇസ്‌ലാമിയും തമ്മിൽ വലിയ പൊരുത്തക്കേടില്ലെന്ന ധാരണയാണ് ഹമീദിനുണ്ടായിരുന്നത്. കൂടുതൽ വിപുലമായ മേഖലകൾതേടി ഇസ്‌ലാമിക പ്രവർത്തനം നടത്തുന്ന ഒരു പാർട്ടിയെന്ന നിലയിൽ ജമാഅത്തിനെ അദ്ദേഹം സ്നേഹിച്ചു. മാത്രമല്ല, കൊച്ചി പനയപ്പള്ളി ഭാഗത്തുള്ള മദ്റസത്തുൽ മുജാഹിദീൻ, ഓറിയന്റൽ ഹൈസ്കൂൾ, മസ്ജിദുൽ മുജാഹിദീൻ, മുജാഹിദീൻ ട്രസ്റ്റ്, അതിന്റെ കീഴിലുള്ള ഓറിയന്റൽ പ്രിന്റേഴ്സ്, കൊച്ചി ബോക്സ് കമ്പനി തുടങ്ങിയ

സ്ഥാപനങ്ങളും എല്ലാറ്റിന്റേയും സാമ്പത്തിക സംരക്ഷകനായ ജ. സാലേ മുഹമ്മദ് സേട്ടുവും കൂട്ടാളികളുമായി കെ.എൻ.എം. സ്ഥാപനവത്കരിക്കപ്പെടുകയും പ്രബോധന രംഗം പറ്റെ മന്ദീഭവിക്കുകയും ചെയ്ത കാലമായിരുന്നു അത്. ജമാഅത്തെ ഇസ്‌ലാമിയാകട്ടെ, മൂന്നും നാലും ദിവസങ്ങൾ നീണ്ടുനിൽക്കുന്ന ക്യാമ്പുകളും മറ്റു പ്രഭാഷണങ്ങളും സ്റ്റഡീക്ലാസ്സുകളുമായി സാമാന്യം സജീവമായി സാമൂഹിക രംഗത്തുണ്ട്താനും. മതപ്രവർത്തനങ്ങളിൽ താൽപര്യവും ആഭിമുഖ്യവുമുള്ളവർ സ്വാഭാവികമായി അവരോട് അനുഭാവം പുലർത്തുമല്ലോ. ആദർശപരമായ വിഭിന്നത ആളുകൾക്ക് വെളിവായിട്ടില്ലതാനും. 69–70 കാലത്ത് പ്രഗത്ഭനായ എന്റെ സുഹൃത്ത് കെ.സി. അബൂബക്കർ മൗലവി കൊച്ചിയിൽ നടത്തിയ ഒരു പ്രഭാഷണ പരമ്പരയിൽ ജമാഅത്തിനെ കഠിനമായി വിമർശിക്കുകയും തുടർന്ന് അവരുടെ യുവ നേതാവ് എം.വി. മുഹമ്മദ് സലീം മൗലവിയെക്കൊണ്ട് മറുപടി പ്രസംഗം നടത്തിക്കുകയും വീണ്ടും കെ.സി. പ്രസംഗിക്കുകയും ചെയ്ത ഒരു സംഭവമുണ്ടായിട്ടുണ്ട്. പക്ഷെ, അതെല്ലാം ഒരു ലീഗ്– ജമാഅത്ത് സംവാദമായി മാത്രമേ പരിഗണിക്കപ്പെട്ടുള്ളൂ. കെ.സി. നിറഞ്ഞുനിന്ന ലീഗ് നേതാവും പ്രഭാഷകനുമായതിനാൽ ലീഗിനെതിരിൽ വാക്ശരങ്ങൾ എയ്ത് പുകമറയിടുകയായിരുന്നു ജമാഅത്ത് തന്ത്രം. ഏറെക്കുറെ അവർ അതിൽ വിജയിക്കുകയും ചെയ്തതിന്റെ ഉദാഹരണമായിരുന്നു ഹമീദ്. ഞങ്ങൾ പരിചയപ്പെടുന്നതിനു മുമ്പ് തന്നെ സൽസബീൽ ത്രൈമാസികയുടെ നാലു ലക്കങ്ങളും ഹമീദ് പൂർത്തിയായി വായിക്കുകയും പഠിക്കുകയും ചെയ്തിരുന്നു. ആദർശപരമായി ഗുരുതരമായ അകൽച്ചയുണ്ടെന്ന് ഏതാണ്ട് മനസ്സിലായി. എന്നാൽ എന്നെ ദജ്ജാൽ എന്ന് ആക്ഷേപിച്ച ശൗക്കത്തലിയുടെ ലേഖനം ഹമീദിന് വളരെ വിഷമമുണ്ടാക്കി. ഒരു പണ്ഡിതനോട് അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ തന്നെ ഈ വിധം ചീത്ത പറഞ്ഞത് ധിക്കാരവും സംസ്കാരശൂന്യതയുമാണെന്ന വിശ്വാസമായിരുന്നു ഈ വിഷമത്തിനു കാരണം. ഇതിൽ നിന്നാണ് ഞാൻ ചുമതലയേറ്റ ദിവസം മേൽ പറഞ്ഞ ചോദ്യം ഉയർന്നത്.

ഹമീദ് എന്റെ നിത്യ സന്ദർശകനായി. പള്ളിയുടെ തൊട്ടടുത്താണ് വീട്. സംശയങ്ങളും ചർച്ചകളുമായി മണിക്കൂറുകൾ തന്നെ എന്നോടൊത്ത് ചെലവഴിക്കും. വളരെ സൂക്ഷ്മമായി കാര്യങ്ങൾ പഠിക്കും. ഞങ്ങളുടെ ബന്ധം അനുദിനം വളർന്നു. ഹമീദ് എന്റെ സഹായിയായി. സഹകാരിയായി. വെറും സഹായിയല്ല, സാമൂഹികശേഷിയുള്ള സഹായി. പേന കൊണ്ടും നാവുകൊണ്ടും എനിക്ക് താങ്ങായി. എനിക്കെതിരിൽ വന്നുകൊണ്ടിരുന്ന എല്ലാ എതിർപ്പുകളെയും പ്രതിരോധിക്കാൻ കൂട്ടുകാരോ

ടൊത്ത് മുമ്പിൽ നിൽക്കുന്ന സഹകാരി. സൽസബീലിന്റെ നടത്തിപ്പിൽ ഒരു സഹപത്രാധിപരുടെ സാന്നിധ്യം ഹമീദിൽ നിന്നും എനിക്ക് ലഭിച്ചു. പിന്നീട് കൊച്ചിയിൽ സൽസബീൽ പ്രസ്സ് സ്ഥാപിച്ചപ്പോൾ അതിന്റെ മുഴുവൻ സംവിധാനങ്ങളിലും പ്രധാനിയായി. സൽസബീൽ പ്രസ്സ് സ്വന്തം കെട്ടിടത്തിൽ ഫോർട്ടു കൊച്ചി കൽവത്തിയിൽ ഉദ്ഘാടനം ചെയ്യപ്പെട്ട ദിവസം മുതൽ അത് തിരൂർക്കാട്ടേക്ക് മാറ്റുന്നതുവരെ പ്രസ്സിന്റെ മാനേജറായും ചുമതല നിർവ്വഹിച്ചു. എന്റെ നിർബന്ധപ്രകാരം എറണാകുളം കളക്റ്ററേറ്റിൽ നിന്നും അതിന്റെ ഉടമക്കാരനെന്ന നിലയിൽ ഡിക്ലറേഷൻ ഒപ്പിട്ടതും യൂനിയൻ ബാങ്കിൽ പ്രസ്സിന് വേണ്ടി അക്കൗണ്ട് തുടങ്ങിയതും ഹമീദ് തന്നെയായിരുന്നു. ഞങ്ങളുടെ ബന്ധം കേവലം സുഹൃദ് ബന്ധമായിരുന്നില്ല. ഒരുപക്ഷെ, കുടുംബബന്ധത്തേക്കാൾ സുദൃഢമായി അത് വളർന്നു നിലനിന്നു എന്നു പറയാം. ഇടമുറിയാത്ത മൂന്ന് പതിറ്റാണ്ടുകൾ! 82 മുതൽ അഞ്ചു വർഷക്കാലം ഹമീദ് സുഊദിയിലെ ദമാമിൽ ജോലി ആവശ്യാർത്ഥം ജീവിച്ചു. അക്കാലത്തും ലേഖനങ്ങൾ എഴുതിയും മറ്റും ഹമീദ് ബന്ധം മുറിയാതെ സൂക്ഷിച്ചു. ലീവിനു വന്നാൽ തിരിച്ചു പോകുംവരെ ഞങ്ങൾ പഴയതുപോലെ തന്നെ. പലരും പലനിലക്കും ഹമീദിലുള്ള എന്റെ സ്നേഹത്തേയും വിശ്വാസത്തേയും ഉലക്കാൻ ശ്രമിച്ചിട്ടുണ്ട്. അകത്തും പുറത്തുമുള്ള വേണ്ടപ്പെട്ടവർ! കാര്യങ്ങൾ കണ്ടറിഞ്ഞ് എന്നിൽ നിന്ന് ഒരു അകലം സൂക്ഷിക്കാൻ ഹമീദ് ശ്രദ്ധിച്ചുവെങ്കിലും ഞാൻ കൂട്ടാക്കിയില്ല. എന്തുകൊണ്ടോ എനിക്ക് ഹമീദിനെ വെറുക്കാനോ അകറ്റാനോ കഴിഞ്ഞില്ല. കൂടുതൽ അടുപ്പിക്കുവാനാണ് പ്രേരണയുണ്ടായത്. വ്യക്തിപരമായും കുടുംബപരമായും ആദർശരംഗത്തും എനിക്ക് ആശ്വാസവും സന്തോഷവനും നൽകുന്ന ഉത്തമസുഹൃത്തായിത്തീർന്നു ഹമീദ്. കുറച്ചു ദിവസം കാണാതിരുന്നാൽ എനിക്ക് ഒരു എന്തോ ആണ്. ഞാൻ കത്തെഴുതും. ഫോൺ ചെയ്യും. ചിലപ്പോൾ കൊച്ചിയിലേക്ക് യാത്രയാകും. എന്റെ ഭാര്യയ്ക്കും മക്കൾക്കും കുടുംബക്കാർക്കുമെല്ലാം ഞങ്ങളുടെ സുദൃഢമായ സ്നേഹബന്ധത്തെക്കുറിച്ച് അറിയാം. പലരും എന്നോട് നേരിട്ടു പറയാൻ ബഹുമാനം കൊണ്ടോ, ഭയം കൊണ്ടോ പലതരം ആശങ്ക നിമിത്തമോ മടി കാണിക്കുന്ന പ്രശ്നങ്ങളുണ്ടാകുമ്പോൾ വിഷയം എന്റെ മുന്നിലെത്തിക്കാനും അനുഭാവപൂർവ്വമായ തീരുമാനം സമ്പാദിക്കാനും ഹമീദിനെയാണ് ഇടനിലക്കാരനാക്കുക. ഹമീദ് തന്ത്രപൂർവ്വം എന്നെ വീഴ്ത്താൻ ശ്രമിക്കും എന്നതിനേക്കാൾ ശരി ഞാൻ അതിൽ പലപ്പോഴും വീഴും എന്നുള്ളതായിരുന്നു. ഹമീദ് എന്നെ ഒരു പിതാവിനെപ്പോലെയോ, ഗുരുനാഥനെപ്പോലെയോ, സഹപ്രവർത്തകനെപ്പോലെ

യോ, കൂട്ടുകാരനെപ്പോലെയോ– എങ്ങനെയാണ് സ്നേഹിച്ചിരുന്നത് എന്നെനിക്ക് നിശ്ചയമില്ല. ഓരോ ഘട്ടത്തിൽ ഓരോ നിലക്കാണ് അനുഭവപ്പെട്ടിട്ടുള്ളത്. ഈ ബന്ധം ദുൻയാവിൽ ഞങ്ങളിലൊരാൾ മരിക്കുമ്പോഴേ അവസാനിക്കൂ. പക്ഷെ, അത് ആഖിറത്തിലും തുടരണമെന്ന് ഞാൻ അതിയായി മോഹിക്കുന്നു. തീർച്ചയായും ഹമീദും അങ്ങനെ ആശിക്കുന്നുണ്ടാകും. ഞങ്ങളുടെ ആഗ്രഹം അല്ലാഹു നിസ്വാർത്ഥവും നിഷ്കളങ്കവുമാക്കട്ടെ. എന്റെ ഓർമ്മകളും അനുഭവങ്ങളും ക്രോഡീകരിക്കാനും എഴുതാനും ഹമീദിനെക്കാൾ അനുയോജ്യനായ ഒരാളെ ഞാൻ കണ്ടെത്തിയില്ല. അതുകൊണ്ട് തന്നെ ഹമീദിന്റെ അസൗകര്യവും സൗകര്യവും ഈ കൃത്യനിർവ്വഹണത്തിൽ ഒരു ഘടകമായിത്തീർന്നു.

ഹമീദിനെക്കുറിച്ച് എന്റെ മനസ്സിലൂറിയ നല്ല കാര്യങ്ങളാണിതുവരെ പറഞ്ഞത്. എന്നാൽ എനിക്കേറ്റവും അമർഷവും വെറുപ്പുമുള്ള കാര്യവുമുണ്ട്. അത് അയാളുടെ പുകവലിയാണ്. അതൊന്ന് നിർത്തിക്കിട്ടാൻ പലേ വഴികളും ഞാൻ പ്രയോഗിച്ചു. ഉപദേശം, ശാസന, സൽസബീലിലൂടെ ലേഖന കുറിപ്പുകൾ, വാക്കുകളിലും പെരുമാറ്റത്തിലും വെറുപ്പ് രേഖപ്പെടുത്തൽ. പക്ഷെ, അയാളതിൽ നിന്നും പിന്മാറിയില്ല. എതിരൊന്നും പറയുകയില്ലെന്നു മാത്രം. ഞാൻ കൂടുതൽ ഗൗരവം കാണിക്കാൻ തുടങ്ങിയപ്പോൾ ഞാൻ കാൺകെ പുകവലിയില്ലെന്ന് മാത്രം. എഴുതാൻ പേന കയ്യിലെടുത്താൽ മറ്റേ കയ്യിൽ ബീഡിയോ സിഗരറ്റോ പുകയാൻ തുടങ്ങും. എഴുതണമെങ്കിൽ അതില്ലാതെ ഒക്കുകയില്ലെന്നാണ് എല്ലാവരോടും പറയുന്നത്. മഹാഅപകടം പിടിച്ച ദുശ്ശീലം! മദ്യപാനത്തേക്കാളുമേറെ വിട്ടുമാറാൻ ഒരുക്കമില്ലാതെ മനുഷ്യനെ ചുറ്റിപ്പടരുന്ന ദുശ്ശീലം! ഹമീദ് അതിൽ നിന്ന് ഒന്നൊഴിവായിരുന്നുവെങ്കിൽ...?



## 45

# ഖുനൂത്ത്

ഞാൻ പുതിയപള്ളിയിൽ ഇമാമായി ചുമതലയേറ്റ ആദ്യത്തെ സുബ്ഹി മുതൽ അവിടെ നിലനിന്നിരുന്ന ഖുനൂത്ത് ഒഴിവാക്കി. അൻപതുകളുടെ ഒടുവിൽ ഇസ്ഹാഖ് മൗലവി ചെയ്ത കാര്യം തന്നെ. അന്നൊരു പ്രശ്നവും ഉണ്ടായില്ല. ഖത്വീബ് സൈദുകുഞ്ഞി ഹാജിയോ പള്ളി ഭാരവാഹികളോ പള്ളിയിൽ വന്നു കൂടുന്ന മഹല്ല് നിവാസികളോ അതൊരു തർക്ക വിഷയമായി എടുത്തില്ല. തികച്ചും നിശബ്ദമായി രണ്ടുവർഷം ആ നില

തുടർന്നു. ശേഷം സൈദ്കുഞ്ഞിഹാജി തൽസ്ഥാനത്ത് തിരിച്ചുവന്നപ്പോൾ അദ്ദേഹം പഴയപോലെ സുബ്ഹിയുടെ ഖുനൂത്ത് പുനഃസ്ഥാപിച്ചു. അപ്പോഴും നിശബ്ദം തന്നെ. പക്ഷെ, എന്റെ കാര്യത്തിൽ അതല്ല ഉണ്ടായത്. പള്ളിക്കകത്തും പുറത്തും വമ്പിച്ച ബഹളം! എല്ലാ വഖ്ത്തിനും നമസ്കാര ശേഷം ശബ്ദമലിനീകരണം തന്നെ. എന്താണിതിനു കാരണം? നാട്ടുകാർ ഒന്നടങ്കം ചോദിക്കുന്നത് ഇപ്രകാരമാണ്. "നമ്മുടെ ഹാജിയാർ എത്രയോ കാലമായി ഇത് ചെയ്യുന്നു. ചെറുപ്പം മുതൽ തന്നെ നമ്മൾ കാണാൻ തുടങ്ങിയതാണ്. ഇത് പാടില്ലാത്ത ഒരു കാര്യമാണെങ്കിൽ അദ്ദേഹം ഇത് ചെയ്യുമോ? ഇയാൾ നാട്ടിൽ കുഴപ്പമുണ്ടാക്കാൻ ഒരുങ്ങിയിറങ്ങിയതാണ്. ഇയാളെ ഇവിടെ പറ്റുകയില്ല". പള്ളിയും പരിസരവും സദാ ബഹളമാണ്. എന്നോട് ആരും ഒന്നും ചോദിക്കുന്നില്ലതാനും. സംഭവത്തിനു പിന്നിലെ ചരടുവലി ഹമീദിൽ നിന്നാണ് ഞാൻ അറിഞ്ഞത്. ജമാഅത്തെ ഇസ്‌ലാമിക്കാരായിരുന്നു ഇതിന് ഊർജ്ജം പകർന്നിരുന്നത്. അപ്പോൾ ഇസ്ഹാഖ് മൗലവി ജമാഅത്ത്കാർക്ക് ഒരിക്കലും ഇഷ്ടപ്പെടാത്ത സജീവ ലീഗുകാരനായിരുന്നുവെങ്കിലും ജമാഅത്ത് വിരുദ്ധനായി അറിയപ്പെട്ടില്ല. അവരുടെ ആദർശവ്യതിചലനത്തെക്കുറിച്ച് ഒരു വാക്ക് പോലും മിമ്പറിലോ പുറത്തോ പറഞ്ഞിട്ടില്ല. പല വലിയ പണ്ഡിതന്മാർക്കും സംഭവിച്ചതുപോലെ അദ്ദേഹത്തിനത് ശരിക്കും അന്ന് പിടികിട്ടിയിരുന്നില്ല. ഞാൻ ജമാഅത്തെ ഇസ്‌ലാമിയുടെ പ്രത്യക്ഷ ശത്രുവാണ്. അവസരം കിട്ടുന്നേടത്തെല്ലാം ഞാനത് വെളിവാക്കാറുണ്ട്. അവസരമില്ലാത്ത സന്ദർഭങ്ങളിൽ ഏതെങ്കിലും നിലയിൽ ഒരവസരം ഉണ്ടാക്കിപ്പറയും. സൽസബീൽ ആരംഭിച്ചതു തന്നെ മൗദൂദിസത്തെ എതിർക്കാനാണ്. എല്ലാ ലക്കങ്ങളിലും അത് ഒരു കടമയായിതന്നെ നിർവ്വഹിക്കുന്നു. ഇപ്പോൾ കലഹമുണ്ടാക്കാൻ അവർ ചൂട്ട് പിടിച്ചതിന്റെ ഉൾക്കാമ്പ് മനസ്സിലായല്ലോ? നാലാളുകൾ കൂടുന്നേടത്ത് പള്ളിക്കകത്തായാലും പുറത്തായാലും ഒരു മൗദൂദി അതിൽ കൂടും. എന്നിട്ട് ശാന്തമായി പറയും. "ഇയാൾ എവിടെ ചെന്നാലും ഇതു തന്നെയാണ് സ്ഥിതി. എന്തെങ്കിലും കുഴപ്പമുണ്ടാക്കും. അങ്ങനെ ഒഴിവാക്കപ്പെടും. ചിലപ്പോൾ സ്വയം ഓടിപ്പോകും." ഇങ്ങനെ അണഞ്ഞുതുടങ്ങിയെന്ന് തോന്നുന്നേടത്ത് എണ്ണ ഒഴിച്ചുകൊണ്ട് അവർ പാർട്ടിയെ സേവിക്കാൻ തുടങ്ങി. ബഹളം അനിയന്ത്രിതമാകുമോ എന്ന ശങ്കയായി. ഇയാളെ ഞങ്ങൾ പിടിച്ച് പുറത്താക്കും എന്നു ചില ചൂടന്മാർ റോഡിൽ നിന്ന് ആക്രോശിക്കാൻ തുടങ്ങി. ഇതിൽ വലിയ ഒരു തമാശയ്ക്കു വകയുണ്ട്. തൊട്ടപ്പുറത്തുള്ള പഴയപള്ളിയിൽ പണ്ടു മുതലേ സുബ്ഹിക്ക് ഖുനൂത്ത് ഓതാതെ നമസ്കരിക്കുന്ന ഇമാമിനും ഞാൻ ഖുനൂത്ത് എടുക്കാത്തതിൽ വലിയ ആക്ഷേപം! ബഹളക്കാരോടൊപ്പം

അയാളുമുണ്ട്. ആ മുസ്‌ലിയാരുടെ നടപടി അപൂർവ്വമായ മറ്റൊരു തമാശ യാണ്. ഖുനൂത്ത് ഒഴിവാക്കിക്കൊണ്ട് മുസ്‌ലിയാർ സുജൂദിലേക്ക് പോകും. പിന്നിൽ തുടരുന്നവരിൽ അധികപേരും ഖുനൂത്ത് വേണമെന്നുള്ളവരാ ണുതാനും. അതുകൊണ്ട് മുസ്‌ലിയാർ ഒരു പരസ്പര സഹകരണാടി സ്ഥാനത്തിലാണ് കാര്യങ്ങൾ കൊണ്ടുപോകുന്നത്. മുസ്‌ലിയാർ സുജൂ ദിൽ ചെന്ന് കിടക്കും. പിന്നിലുള്ളവർ നിന്ന് ഖുനൂത്ത് ഓതും. അത് തീർ ത്ത് അവർ സുജൂദിൽ എത്തി ദിക്ർ പൂർത്തിയാകുന്നതുവരെ മുസ്‌ലിയാർ സുജൂദിൽ തന്നെ. എത്ര നല്ല മുസ്‌ലിയാർ! എന്തു നല്ല നിസ്കാരം! ഈ മുസ്‌ലിയാരുമുണ്ട് എന്നെ തകർക്കാൻ മറുചേരിയിൽ. അയാളുടെ സുഖ ക്കേട്, ഞാൻ മുഹ്‌യിദ്ദീൻ ശൈഖിനേയും ഗുരുവായൂരപ്പനേയും ഒന്നാ ക്കി പറഞ്ഞു എന്ന ആരോപണമാണ്. അതെക്കുറിച്ച് വഴിയെ ആകാം. ഇങ്ങനെ നാനാവിധ ഖുറാഫികളും മൗദൂദികളും ജുമുഅക്ക് മാത്രം നമ സ്കരിക്കുന്ന ആഴ്ചപ്പതിപ്പുകാരും പള്ളിയുമായി ഒരു ബന്ധവുമില്ലാത്ത കള്ളുകുടിയന്മാർ വരെ "ആഹാ!!! അങ്ങനെയോ? അതിവിടെ നടക്കുക യില്ല" എന്ന ശബ്ദവുമായി ഒത്തുകൂടി. അടുത്ത വ്യാഴാഴ്ച രാവിലെ ഹമീദ് എന്റേയടുത്ത് വന്ന് സംഗതികളുടെ ഗതി വിവരിച്ചുതന്നു. വിഷമ മേറിയ മുഖഭാവത്തോടെ പറഞ്ഞു. നാളെ മിമ്പറിലൂടെ മൗലവിയുടെ ന്യായം വിശദീകരിക്കണം. ഇല്ലെങ്കിൽ ഇവിടെ പലതും നടക്കും. ആലോ ചിച്ച് വേണ്ടത് ചെയ്യാം എന്ന് ഞാൻ പറഞ്ഞു.

വെള്ളിയാഴ്ച പതിവിലേറെ ജനത്തിരക്ക് കണ്ടു. കൊച്ചിയിലുള്ള ജമാ അത്തുകാർ മിക്കവാറും അവിടെ എത്തിയിട്ടുണ്ട്. എന്റെ കലാശക്കൊട്ട് കാണാനുള്ള ആവേശത്തിൽ. ഞാൻ കുറെ ചിന്തിച്ചു. എനിക്ക് പുതിയപ ള്ളിയിൽ തുടർന്നേ പറ്റൂ. ഇവിടെ നിന്നുകൊണ്ട് പലതും ചെയ്തുതീർ ക്കാനുണ്ട്. പക്ഷെ, എന്റെ നിലപാടിൽ നിന്ന് ഒരിഞ്ച് പിന്നോട്ട് മാറാൻ കഴിയില്ല. കാരണം ഞാൻ ശരിയുടെ ഭാഗത്താണ് നിൽക്കുന്നതെന്ന് എനി ക്ക് നന്നായറിയാം. എന്നാൽ പ്രക്ഷുബ്ധമായ ഈ അന്തരീക്ഷം തണുപ്പി ച്ചേ പറ്റൂ. എന്തുവേണം? ഒന്നും തിരിയുന്നില്ല. ഞാൻ റബ്ബിനോട് പ്രാർ ത്ഥിച്ചു. അങ്ങനെ മനസ്സിൽ വിഷയം അവതരിപ്പിക്കാനുള്ള ഒരു രൂപം തെളിഞ്ഞുവന്നു. രണ്ടാമത്തെ ഖുത്ബയിൽ ഞാനിപ്രകാരം വിശദീകരി ച്ചു. "ഞാൻ ഖുനൂത്ത് ഒഴിവാക്കിയതിൽ ഈ പള്ളിയിൽ പങ്കെടുക്കുന്ന വരും അല്ലാത്തവുമായ ആളുകൾക്കിടയിൽ വലിയ പ്രതിഷേധവും അമ ർഷവും ഉള്ളതായി മനസ്സിലാക്കാൻ കഴിഞ്ഞു. കൂടുതൽ ഈ വിഷയം കൈകാര്യം ചെയ്യുന്നത് ഈ പള്ളിയിൽ ബന്ധപ്പെടാത്തവരാണെന്നും ഞാൻ മനസ്സിലാക്കി. അതിന്റെ പ്രത്യക്ഷ ഉദാഹരണമാണ് ഖുനൂത്ത് എടു

ക്കാത്ത പഴയ പള്ളിയിലെ ഇമാം എനിക്കെതിരിൽ ശക്തിയായി രംഗത്തു വന്നത്. എന്തായാലും ഞാൻ എന്തുകൊണ്ട് ഇത് ചെയ്യുന്നില്ല? അതിനുള്ള എന്റെ ന്യായം എന്ത്? അത് എന്റെ ശ്രോതാക്കളും മഅ്മൂമുകളും അറിഞ്ഞിരിക്കേണ്ടതുണ്ട്. നമ്മളിൽ നിർബന്ധമാക്കപ്പെട്ട അഞ്ചുനേരത്തെ നമസ്കാരം അല്ലാഹു ജിബ്രീൽ ﵇നെ അയച്ചുകൊണ്ടാണ് മുഹമ്മദ് നബി ﷺക്ക് പഠിപ്പിച്ചത്. രണ്ടു ദിവസമാണ് ഈ പരിശീലനം നടന്നത്. ഒന്നാം ദിവസം ഓരോ വഖ്ത്തിന്റെയും ആരംഭ സമയത്തും രണ്ടാമത്തെ ദിവസം വഖ്ത്തിന്റെ അന്ത്യഘട്ടത്തിലും ജിബ്രീൽ നബി ﷺക്ക് ഇമാമായി നിന്നു. നബി ﷺ ജിബ്രീലിനെ തുടർന്നു നമസ്കരിച്ചു. ശേഷം അറിയിച്ചു. "ഈ രണ്ടു അറ്റവുമാണ് ഓരോ നമസ്കാരത്തിന്റെയും സമയം". പ്രവാചകൻ ﷺ, ജിബ്രീൽ തനിക്ക് പഠിപ്പിച്ച നമസ്കാരം അനുചരന്മാരെ പഠിപ്പിച്ചു. എന്നിട്ട് ഇപ്രകാരം കൽപിച്ചു: "സ്വല്ലൂ കമാറഅയ്തുമുനീ ഉസല്ലീ" (ഞാൻ എപ്രകാരം നമസ്കരിക്കുന്നതായി നിങ്ങൾ കണ്ടുവോ അപ്രകാരം നിങ്ങളും നമസ്കരിക്കുക). മുഹമ്മദ് നബി ﷺ നിർവഹിക്കുകയും തന്റെ അനുചരനമാർക്ക് മാതൃക കാട്ടിക്കൊടുക്കുകയും ചെയ്ത നമസ്കാരത്തിൽ സുബഹിയുടെ രണ്ടാം റക്അത്തിൽ "അല്ലാഹുമ്മ ഹ്ദിനീ" എന്നു തുടങ്ങുന്ന ഒരു ഖുനൂത്തിന്റെ കർമ്മം ഇല്ല. ഉണ്ടെന്ന് വല്ലവരും രേഖകൊണ്ട് വരുന്ന പക്ഷം നാളെ മുതൽ അത് നിർവ്വഹിക്കുവാനും ഇന്നലെ വരെ നിർവ്വഹിക്കാതിരുന്നതിന് പരസ്യമായി മാപ്പ് പറയുവാനും ഞാൻ ഒരുക്കമാണ്. മറ്റൊരു ഖൗലും ഖീലയും ആരും എന്നോട് പറയരുത്. കാരണം ജിബ്രീൽ ഒരിക്കൽ പോലും ശാഫിഈ ഇമാമിന്റെ അടുക്കൽ വന്നിട്ടില്ലെന്ന് എനിക്ക് ഉറപ്പാണ്. നിങ്ങൾക്കും ഉറപ്പായിരിക്കും. വന്നിട്ടുള്ളതെല്ലാം മുഹമ്മദ് നബി ﷺയുടെ അടുക്കലായിരുന്നു. തുടർന്നു പ്രാർത്ഥനയോടെ ഖുത്ബ അവസാനിപ്പിച്ചു. നമസ്കാരം കഴിഞ്ഞു, ആളുകൾ ശാന്തമായി പിരിഞ്ഞുപോയി. പിന്നീടൊരിക്കലും ആരും എന്നോട് ഇത് സംബന്ധമായി സംസാരിച്ചില്ല. എന്നെ അത്ഭുതപ്പെടുത്തിയ ഒരു കാര്യംകൂടി പറയട്ടെ. പഴയപള്ളിയിൽ ഖുനൂത്ത് എടുക്കാതെ നമസ്കരിക്കുന്ന മുസ്‌ലിയാർ ഞാൻ ഖുനൂത്ത് എടുക്കാത്തതിൽ എന്നെ കഠിനമായി ആക്ഷേപിക്കുന്നു. ഇതെന്തൊരു പുതുമ! ആ ചോദ്യത്തിന് കിട്ടിയ ഉത്തരമിതാണ്. അവിടെ ഖുനൂത്ത് ഒഴിവാക്കിയത് ഹനഫീ ഇമാമിന്റെ ചര്യയെ പിന്തുടർന്നാണ്. അപ്പോൾ അത് നല്ല കാര്യം! ഇവിടെ ഞാൻ അതെടുക്കാതിരിക്കുന്നത് പ്രവാചകചര്യ പിൻപറ്റിയാണ്. അപ്പോൾ അത് ചീത്ത കാര്യം! ഭയങ്കരം. അതിഗുരുതരം.! "അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ്" എന്ന രണ്ടാം കലിമ പൊളിഞ്ഞു! നമ്മുടെ സമുദായത്തിന്റെ ദുരവസ്ഥ എത്ര ദയനീയം! എത്ര അപകടം. തബ

ത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുമ്പോൾ ഈ ചിന്താഗതി ഇസ്ലാമിന് അകത്തോ? അതോ പുറത്തോ? കർമ്മം എത്ര നിസ്സാരമായാലും ഒഴിവാക്കിയാലും എടുത്താലും അതിനോടു നമ്മുടെ മനസ്സ് ബന്ധപ്പെടുന്ന നിയ്യത്താണ് പ്രധാനം. "കർമ്മങ്ങൾ നിയ്യത്ത് കൊണ്ടാണ് പരിഗണിക്കപ്പെടുന്നത്" എന്ന നബിവചനം മനുഷ്യജീവിതത്തെ ആകെ ചൂഴ്ന്നു നിൽക്കുന്നു. ഒരു കൊച്ചുവാചകമാണ് ഈ ഹദീസ്. സ്വഹീഹുൽ ബുഖാരിയിൽ ഒന്നാം നമ്പർ ആയി ചേർത്തിട്ടുള്ള വാക്യമാണിത്. ഇമാം ബുഖാരി അനേക വർഷങ്ങൾ ദീർഘങ്ങളായ യാത്രകളും ഗവേഷണങ്ങളും ഹദീഥുകൾ ശേഖരിക്കുന്നതിനുവേണ്ടി നടത്തി. ലക്ഷക്കണക്കിനു ഹദീഥുകൾ പരിശോധിച്ച് മഹാനവർകൾക്ക് നാലായിരത്തിൽ ചില്ലാനം ഹദീഥുകളാണ് കുറ്റമറ്റതായി കണ്ടെത്താൻ കഴിഞ്ഞത്. അതിൽ ഒന്നാം നമ്പർ ആയി ഇമാം ബുഖാരി തെരഞ്ഞെടുത്ത് രേഖപ്പെടുത്തിയത് നിയ്യത്തിനെ സംബന്ധിക്കുന്ന ഈ കൊച്ചു വചനമാണ്. അതിന്റെ താത്വികമായ വ്യാപ്തിയും അർത്ഥ സംപുഷ്ടിയും വിവരിക്കാൻ ഒരു ബൃഹത്തായ ഗ്രന്ഥം തന്നെ രചിക്കേണ്ടിവരും. കാരണം അത് മനുഷ്യന്റെ ഇഹപര ജീവിതത്തെ ചൂഴ്ന്നു നിൽക്കുന്നു.

ഖുനൂത്ത് വിവാദം പള്ളിക്കകത്ത് അവസാനിച്ചു. പക്ഷെ, പുറത്ത് കെട്ടടങ്ങിയില്ല. സുന്നികളും ജമാഅത്തുകാരും ചേർന്ന് ഒരു അവിശുദ്ധ മുന്നണി രൂപംകൊണ്ടു. ശുദ്ധാത്മാക്കളായ, സൈദ്കുഞ്ഞിഹാജിയെ ആദരിക്കുന്ന ചിലരും അതിൽപെട്ടു. ഹാജിയാർ ലേശം സുഖം പ്രാപിക്കുന്നുണ്ട്. ഊന്ന്വടിയുടെ സഹായത്തോടെ അദ്ദേഹത്തിന് കുറേശെ നടക്കാം. കാൽമുട്ട് ശരിക്കും മടങ്ങുകയില്ല. ശരീരത്തിന്റെ അമിതഭാരമാണ് ഈ രോഗത്തിന്റെ മൂലഹേതു. അവിശുദ്ധ മുന്നണിക്കാർ ഹാജിയാരെ നിരന്തരം ശല്യപ്പെടുത്തി. പത്ത് ദിവസം പുതിയപള്ളിയുടെ മുമ്പിൽ വഅദ് നടത്തണമെന്നാണ് ആവശ്യം. അദ്ദേഹം കൊച്ചിയുടെ പല ഭാഗത്തായി ഇങ്ങനെ പ്രഭാഷണ പരമ്പര നടത്താറുണ്ട്. ഖുനൂത്തിനെക്കുറിച്ച് തന്റെ നിലപാട് ജനങ്ങളെ അറിയിക്കണമെന്നതാണ് മുന്നണിക്കാരുടെ മുഖ്യ ആവശ്യം. അങ്ങനെ വമ്പിച്ച പരസ്യ പ്രചാരണത്തിലൂടെ വഅദ് നിശ്ചയിക്കപ്പെട്ടു. റമദാനാണ് കാലം. എനിക്ക് കലശലായ വിഷമമുണ്ടായി. ഹാജി സാഹിബ് പരസ്യമായി എനിക്കെതിരിൽ തിരിഞ്ഞാൽ ഞാൻ പള്ളിയിൽ നിന്നും പുറത്താകും. കൊച്ചിയിലെ താമസം തന്നെ അസാധ്യമാകും. സുന്നികളുടെ ആചാര്യനും വാദപ്രതിവാദ വീരനുമായ ഇ.കെ. ഹസൻ മുസ്ലിയാരും ആയിരക്കണക്കിന് സുന്നികളും ചേർന്ന് ഒരു വാദപ്രതിവാദ സദസ്സിന്റെ മറവിൽ കൊച്ചങ്ങാടി സ്കൂൾ ഹാളിൽ ഹാജിയാ

രെ തടവിലാക്കിയ ഒരു ഘട്ടത്തിൽ ഒരു രോമത്തിനുപോലും കേടുവരാതെ ആ ജനക്കൂട്ടത്തിന്റെ തടവിൽ നിന്നും അദ്ദേഹത്തെ മോചിപ്പിച്ച് സിന്ദാബാദ് വിളികളോടെ നടത്തി കൊണ്ടുവന്ന ധീര- വീരന്മാരാണ് പുതിയപള്ളി മഹല്ലിലെ അന്നത്തെ യുവാക്കൾ. നമസ്കാരം ഉപേക്ഷിക്കുന്നവൻ കാഫിറാണ് എന്ന് ഹാജി പ്രസംഗിച്ചതാണ് ഈ വാദപ്രതിവാദരംഗത്തിന് കളമൊരുക്കിയത്. നമസ്കരിക്കാത്തവൻ മുസ്‌ലിമാണെന്ന് വാദിക്കുവാനാണ് മുസ്‌ലിയാർ ആനയും അമ്പാരിയുമായി എത്തിയത്. പാവം ഹാജിയാർ വാദപ്രതിവാദ രംഗത്ത് എന്നേക്കാൾ മോശമാണ്. യാതൊരു തന്ത്രവും അറിയാത്ത അദ്ദേഹത്തിനുണ്ടോ അത് സാധ്യമാകുക! സംഭവം കേട്ടറിഞ്ഞ് മുജാഹിദ് പ്രസ്ഥാനത്തിന്റെ വാദപ്രതിവാദ നായകനായ എ. അലവി മൗലവി (എടവണ്ണ) കൊച്ചിയിലെത്തി. സൈദ്കുഞ്ഞി ഹാജിയുടെ അടുക്കൽ ദൂതൻ വന്നു. അലവി മൗലവി അദ്ദേഹത്തെ സഹായിക്കാൻ വന്നിരിക്കുന്നു എന്നറിയിച്ചു. പക്ഷെ, ഹാജിയാർക്ക് വലിയ പാളിച്ച പറ്റി. ആ സഹായ വാഗ്ദാനം അദ്ദേഹം സ്വീകരിച്ചില്ല. മുജാഹിദ് പ്രസ്ഥാനവുമായി അന്ന് തനിക്കുണ്ടായിരുന്ന ചില നീരസങ്ങളോ, തന്റെ ആത്മവിശ്വാസമോ കാരണമെന്നത് ദുരൂഹമാണ്. എന്തായാലും അത് ഒരു പാളിച്ച തന്നെയായിരുന്നു. ഹസൻ മുസ്‌ലിയാർ തന്റെ എല്ലാ വിക്രിയകളും ഉപയോഗിച്ച് ശരിക്ക് വിലസി. ഒടുവിൽ ഹാജിയാരെ ബഹുമാനിക്കുന്ന യുവസമൂഹം അദ്ദേഹത്തെ അപകടത്തിൽ നിന്നും രക്ഷിച്ചു.

പറഞ്ഞുവന്നതിൽ നിന്നും ലേശം പിറകോട്ട് പോയി. അതും അറിയേണ്ടതു തന്നെ. അതിലുമുണ്ട് ചില പാഠങ്ങൾ. ഹാജിയാരുടെ പ്രസംഗപരമ്പര ആരംഭിച്ചു. വരുന്നേടത്ത് വെച്ച് കാണാം എന്ന നിലയിൽ ഞാനും. വമ്പിച്ച ജനക്കൂട്ടം. കാരണം ഇതാണ്. പുതിയപള്ളിയിലെ അനിഷേധ്യനായ ഇമാം ആക്ടിംഗ് ഖത്വീബായ ഉമർ മൗലവിക്കെതിരിൽ യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നു. കേൾക്കാൻ നല്ല രസം. ഓർക്കാൻ നീരസം. ഖുനൂത്ത് തന്നെ പ്രചാരണ മാധ്യമം. ഒന്നാം ദിവസം ഹാജി പറഞ്ഞു: ഖുനൂത്തിനെ സംബന്ധിച്ച് പറയണമെന്ന് ആളുകൾ എന്നോട് ആവശ്യപ്പെട്ടിരിക്കുന്നു. അത് വേണോ വേണ്ടയോ എന്ന് തീരുമാനിക്കുന്നതിന് മുമ്പ് നമസ്കാരം നിർബന്ധമായും വേണ്ടതാണെന്ന് നമുക്ക് തീരുമാനിക്കാം. ആദ്യം മുസ്‌ലിമാകേണ്ടേ? പിന്നയല്ലേ ഖുനൂത്ത്. നമസ്കാരത്തിന്റെ പ്രാധാന്യവും മഹത്വവും വിവരിച്ചുകൊണ്ട് പ്രസംഗം നീങ്ങി. ഓരോ ദിവസവും ആളുകൾ തിങ്ങിക്കൂടും. ഇപ്പോൾ ഖുനൂത്ത് വരും എന്ന പ്രതീക്ഷയിൽ. പ്രസംഗം ഫാതിഹാ സൂറത്തിന്റെ വിവരണത്തിലേക്ക് കടന്നു. അഞ്ചാം ദിവസം “ഇയ്യാക്കനഅ്ബുദു” എന്ന സർവ്വപ്രധാനമായ വചന

ത്തിലെത്തി. വിശദീകരണത്തിനിടയിൽ മൗദൂദിയുടെ അനുസരണം എന്ന അർത്ഥകൽപനയെ അദ്ദേഹം അതിരൂക്ഷമായി വിമർശിച്ചു. അതൊരു അത്ഭുതകാര്യമായിരുന്നു. എന്നെ അത്യധികം ആനന്ദിപ്പിക്കുന്നതും. അന്നത്തെ പ്രസംഗം കഴിഞ്ഞതോടെ ജമാഅത്തുകാർ പിൻവലിഞ്ഞു. ആറാം ദിവസം സദസ്സിൽ ബഞ്ചും കസേരയും നിരത്താൻ അവർ വന്നില്ല. നമ്മുടെ സുഹൃത്തുക്കൾ അപ്പോൾ സഹായികളായി ചെന്നു. ഒമ്പതാം ദിവസം ഹാജി പറഞ്ഞു. നാളെ ഈ പരിപാടിയുടെ അവസാന ദിവസമാണ്. ഇൻശാ അല്ലാഹ് ഖുനൂത്തിനെക്കുറിച്ച് നാളെ വിശദീകരിക്കുന്നതാണ്. വാർത്ത കാട്ടുതീപോലെ പരന്നു. പത്താം ദിവസം ഒരു മഹാസമ്മേളനത്തിന്റെ ആർക്കൂട്ടം. ഞാനും ചെവികൂർപ്പിച്ചിരുന്നു. ഒരു മണിക്കൂറാണ് ഹാജിയാരുടെ പ്രസംഗ സമയം. അര മണിക്കൂർ കഴിഞ്ഞപ്പോൾ ഖുനൂത്തിലേക്ക് പ്രവേശിച്ചു. സുബഹിയുടെ രണ്ടാം റക്അത്തിൽ നാട്ടിൽ നടന്നുവരുന്നതുപോലെയുള്ള ഒരു ഖുനൂത്ത് ഉണ്ടെന്ന് വാദിക്കുന്ന ചില അഭിപ്രായങ്ങളും വായിച്ചു. ശേഷം പറഞ്ഞു. തെളിവുകൊണ്ട് പ്രബലമായത് ആദ്യത്തേതാണ്. രണ്ടാമത്തേത് ശാഫിഈ മദ്ഹബിലെ അഭിപ്രായങ്ങളാണ്. ശാഫിഈ മദ്ഹബുകാരാണല്ലോ ഈ പള്ളിയിൽ അധികവും പങ്കെടുക്കുന്നത്. ആ നിലക്കാണ് നമ്മൾ ഇത് നിർവ്വഹിച്ചു പോന്നത്. ഖുനൂത്ത് എടുക്കാത്ത ഇമാമിനെ തുടരുന്നവർ പിന്തുടർച്ചവിട്ട് സ്വന്തമായി ഖുനൂത്ത് എടുക്കരുത്. ഖുനൂത്ത് ഓതാതിരിക്കുന്നതുകൊണ്ട് അവരുടെ നമസ്കാരത്തിന് ദോഷമൊന്നും വരാനില്ല. അതിനാൽ ഇതിന്റെ പേരിൽ ആളുകൾ ബഹളം വെക്കുന്നതും ചേരിതിരിയുന്നതും നന്നല്ല. അതിൽ നിന്നെല്ലാം ആളുകൾ ഒഴിഞ്ഞുനിൽക്കണം. പ്രസംഗം അവസാനിച്ചു. കാറ്റൊഴിഞ്ഞ ബലൂൺ പോലെ പ്രശ്നം തീർന്നു. മേഘാവൃതമായ ആകാശം തെളിഞ്ഞു. തികച്ചും ശാന്തം. എനിക്ക് പുതിയപള്ളിയിൽ തുടരാൻ ഇതോടെ രംഗമൊരുങ്ങി. ഞാൻ അല്ലാഹുവിനെ അളവറ്റു സ്തുതിച്ചു! എനിക്ക് ആ പള്ളിയിൽ കുറെ നാൾ തുടരേണ്ടത് ഒഴിച്ചുകൂടാത്ത ഒരാവശ്യമായിരുന്നു.

രണ്ടുമൂന്ന് ആഴ്ചകൾ പിന്നിട്ടു. ഒരു ദിവസം ഞാൻ ഹമീദിനെ ഹാജിയാരുടെ അടുക്കലേക്ക് അയച്ചു. ഹമീദിനെ കൊച്ചുനാൾ മുതൽ തന്നെ അദ്ദേഹത്തിന് വളരെ ഇഷ്ടമാണ്. ഹമീദിന്റെ പിതാവ് ഹാജിയുടെ നല്ലൊരു സുഹൃത്തും ഗുണകാംക്ഷിയുമായിരുന്നു. ആ സ്നേഹബന്ധം മകനിലേക്കും പകർന്നു. ഹമീദിനെ ഒരു ദൗത്യവുമായിട്ടാണ് ഞാൻ അയച്ചത്. കഴിയുമെങ്കിൽ അടുത്ത വെള്ളിയാഴ്ച പള്ളിയിൽ വന്ന് ഖുത്ബ നടത്തണം. അദ്ദേഹത്തിന് ആശങ്കയുണ്ടായിരുന്നു, തനിക്കതിന് സാധ്യ

മാകുമോ എന്ന്. കാൽമുട്ടിന്റെ വേദന തന്നെ കാരണം. എങ്കിലും എന്റെ അഭ്യർത്ഥന മാനിച്ചു ഹാജിയാർ വന്നു. പ്രയാസം സഹിച്ചുകൊണ്ട് ഖുത്വ്ബ നടത്തി. ആ മിമ്പർ അദ്ദേഹത്തിന്റെ ആത്മാവിന്റെ ഭാഗമായിരുന്നു. ഞാൻ ക്ഷണിച്ചുവരുത്തിയതിൽ ഹാജിയാർക്ക് സന്തോഷം. ഹാജിയാരുടെ ഖുത്വ്ബ കേൾക്കാൻ കഴിഞ്ഞതിൽ സദസ്സിന് ആഹ്ലാദം. ആ സ്നേഹബന്ധത്തിന് ഉലച്ചിലില്ലാതെ അദ്ദേഹത്തിന്റെ മരണം വരെ മുന്നോട്ടുപോയി. ഖുത്വ്ബ കഴിഞ്ഞു ഞങ്ങൾ ഒരുമിച്ച് ഭക്ഷണം കഴിക്കുമ്പോൾ അദ്ദേഹം ഒരു പഴയ വർത്തമാനം അനുസ്മരിച്ചു. ഞാൻ അത് കേട്ടു കോരിത്തരിച്ചു. പതിറ്റാണ്ടുകളുടെ പഴക്കത്തിൽ അത് എന്റെ ഓർമ്മയിൽ നിന്നും അകന്നിരിക്കുന്നു. അദ്ദേഹം പറയുകയാണ്. “നിങ്ങൾ പണ്ട് ഇവിടെ വന്നുകൊണ്ടിരുന്ന കാലത്ത് ഒരു ദിവസം എന്നോട് പറഞ്ഞു, ഈ പള്ളിയിൽ ഒരു തണ്ണിമുക്രിയുടെ ജോലി കിട്ടിയിരുന്നെങ്കിൽ എന്ന്. അല്ലാഹു നിങ്ങളുടെ ആഗ്രഹം ഏറ്റവും ഉത്തമമായ നിലയിൽ സ്വീകരിച്ചു. നിങ്ങൾ ഖത്വീബും ഇമാമുമായി ഇവിടെ എത്തിയില്ലേ” എന്നെ അദ്ദേഹം ശുപാർശ ചെയ്തതിന്റെ ഒരു കാരണം അപ്പോൾ പിടികിട്ടി. മറ്റൊന്ന് ഇപ്പോഴും അജ്ഞാതമാണ്. ആദർശബന്ധുക്കളും ആദർശശത്രുക്കളും ഒരുപോലെ കലഹക്കാരനും വിമർശകനുമായിക്കാണുന്ന ഈ വികൃതി ബാധിച്ചവനെ തന്റെ മിമ്പർ ഏൽപിക്കുവാനും അത് നിലനിർത്തുവാനും അദ്ദേഹത്തെ പ്രേരിപ്പിച്ച ഉൾവിളി എന്തായിരുന്നു? അദ്ദേഹത്തിന്റെ ഉള്ളിനുള്ളിൽ യഥാർത്ഥ തൗഹീദിന്റെ വിളക്ക് അണയാതെ നിലനിന്നിരിക്കണം. ഇത് മാത്രമാണ് കൂട്ടിക്കിഴിക്കുമ്പോൾ എനിക്ക് കിട്ടുന്ന ഉത്തരം.



## 46

# ഈദ്ഗാഹിന് വേണ്ടി

ഞാൻ പുതിയപള്ളിയിൽ ചാർജ്ജെടുത്തപ്പോൾ കൊച്ചിയിൽ ഒരു നാമമാത്രമായ ഈദ്ഗാഹ് നടപ്പിലുണ്ട്. പനയപ്പിള്ളി എം.എം.ഒ. ഹൈസ്കൂൾ ഗ്രൗണ്ടിലാണ് അത് നടക്കാറുള്ളത്. ഈ ഗ്രൗണ്ട് എച്ച്.ഇ. മുഹമ്മദ് ബാബു സേട്ടുവിന്റെ ഉമ്മ ഖദീജാബായി ദാനം ചെയ്തതാണ്. ബാബു സേട്ടിന്റെ കുടുംബത്തെക്കുറിച്ച് കുറെയധികം പറയാനുണ്ട്. അനുഗ്രഹീതമായ ഒരു കുടുംബമാണത്. ആ കുടുംബത്തിന്റെ തലവനാണ് പുതിയപള്ളി നിർമ്മിച്ച അബ്ദുല്ല ഹാജി ആദം സേട്ട് ﷺ.

പുതിയപള്ളി ഈദ്ഗാഹിൽ സഹകരിക്കാറില്ല. അതുകൊണ്ടുതന്നെ മട്ടാഞ്ചേരി പ്രദേശത്തുള്ള സലഫികളും അനുഭാവികളും ഈദ്ഗാഹിലേക്ക് പോകാറുമില്ല. സൈദ്കുഞ്ഞി ഹാജി സഹകരിക്കാത്തതാണ് കാരണം. അതിനാൽ പെരുന്നാൾ നമസ്കാരം പുതിയപള്ളിയിൽ തന്നെ നടക്കുന്നു. ഈദ്ഗാഹ് കൊച്ചിയിൽ ഒരു സംഭവമായതിനും പിന്നീട് അത് ശ്രദ്ധിക്കപ്പെടാത്ത ശുഷ്കാവസ്ഥയിലേക്ക് പോയതിനും കാരണക്കാരൻ സൈദ്കുഞ്ഞി ഹാജി തന്നെയായിരുന്നു. ഏതാണ്ട് അൻപതുകളുടെ തുടക്കത്തിലാണെന്ന് തോന്നുന്നു. കൊച്ചിയിലെ മുഴുവൻ സുന്നി പള്ളികളും മുജാഹിദുകളും ജമാഅത്തുകാരും സഹകരിച്ച അതിഗംഭീരമായ ഇദ്ഗാഹ് പ്രവിശാലമായ കൊച്ചിൻ കോളേജ് ഗ്രൗണ്ടിൽ നടന്നു. അന്ന് കോളേജുണ്ടായിട്ടില്ല. കുവപ്പാടം മൈതാനം എന്നാണ് പറയുന്നത്. ഇന്നും ആ പേർ നിലനിൽക്കുന്നുണ്ട്.

ഇങ്ങനെ ഒരു സമ്പൂർണ ഐക്യവേദിക്ക് വേണ്ടി വൈജ്ഞാനിക മേഖലയിൽ നിന്നുമുണ്ടായ പിന്തുണ പ്രധാനമായും സൈദ്കുഞ്ഞി ഹാജിയിൽ നിന്നായിരുന്നു. ഈദ്ഗാഹിന്റെ പ്രാധാന്യവും നബിചര്യയുടെ സാമൂഹികമായ പ്രയോഗവത്കരണവും അതിലൂടെ ലഭിക്കുന്ന പുണ്യവും വിവരിച്ചുകൊണ്ടുള്ള നിരന്തരമായ ഹാജിയാരുടെ ബോധവത്കരണം സാമാന്യജനങ്ങളിൽ സ്വാധീനം തേടി. കൊച്ചിയിലെ സുന്നികൾ തങ്ങളുടെ ആത്മീയാചാര്യനായി ഗണിച്ചിരുന്ന മഹളറപള്ളി ഇമാം മുഹമ്മദ് മുസ്‌ലിയാർ ഈ വിഷയത്തിൽ ഒരു മൗനാനുവാദം നൽകിയതും പ്രോത്സാഹനാജനകമായി. ഈ സാഹചര്യത്തിൽ കൊച്ചിയിലെ സാമൂഹിക- രാഷ്ട്രീയ ട്രേഡ്‌യൂണിയൻ രംഗത്ത് സജീവ നേതാവും ജനസമ്മതനുമായിരുന്ന മർഹൂം കെ.എച്ച്. സുലൈമാൻ മാസ്റ്റർ (മുൻ. എം.എൽ.എ.) ഈദ്ഗാഹിന്റെ സമ്പൂർണ്ണ വിജയത്തിന് വേണ്ടി രംഗത്ത് വന്നു. മാസ്റ്ററുടെ ജ്യേഷ്ഠൻ കെ.എച്ച്. മമ്മുക്ക മുതവല്ലികൂടിയായിരുന്നു. ഈദ്ഗാഹിന്റെ സാമ്പത്തിക ബാധ്യതകൾ സാലെ മുഹമ്മദ് സേട്ട് ഏറ്റെടുക്കുകയും ചെയ്തതോടെ കാര്യങ്ങൾ പൂർത്തിയായി. പശ്ചിമ കൊച്ചിയിലെ മുഴുവൻ പള്ളികളും അടച്ചിട്ടുകൊണ്ട് നാനാവഴിയിലൂടെ ആയിരങ്ങൾ തക്ബീർ ധ്വനികളുമായി വിശാലമായ കുവപ്പാടം മൈതനായിൽ സജ്ജമാക്കിയ ഈദുഗാഹിലേക്ക് ഒഴുകുകയായിരുന്നു. കർണ്ണാനന്ദകരവും ഹൃദയഹാരിയുവുമായ ഒരു കാഴ്ചയായിരുന്നു അത്. എന്ന് അനുഭവിച്ചവരിൽ നിന്ന് ഞാനറിഞ്ഞു. അന്നത്തെ ചരിത്ര പ്രാധാന്യമേറിയ ആ ഈദ്ഗാഹിൽ നമസ്കാരത്തിന് നേതൃത്വം കൊടുത്തതും ഖുത്ബ നടത്തിയതും എന്റെ സുഹൃത്തും പ്രശസ്ത പണ്ഡിത പ്രഭാഷകനുമായ സി.പി. അബൂബക്കർ മൗലവിയായിരുന്നു. ഈ സംരംഭത്തിന്റെ സം

ഘാടക നേതൃത്വം കൊച്ചിയിലെ മുജാഹിദുകൾക്കായിരുന്നു. അതിനും ഒരു അനുകൂല ഘടകമുണ്ടായിരുന്നു. മുസ്‌ലിം സാമൂഹികരംഗത്ത് ശാസ നാധികാരമുള്ള ഒരു നേതാവായിരുന്നു സുലൈമാൻ മാസ്റ്റർ. അദ്ദേഹം അക്കാലത്ത് ഒരു സലഫി അനുഭാവിയായിരുന്നു. പുരോഗമന ചിന്തയും സീതിസാഹിബുമായുള്ള സജീവ സമ്പർക്കവും ചരിത്രകാരനായ പി.എ. സൈദു മുഹമ്മദ്, മജീദ് മരിക്കാർ തുടങ്ങിയ പ്രമുഖർ മാസ്റ്ററുടെ വലിയ സുഹൃത്തുക്കളും സഹപ്രവർത്തകരുമായിരുന്നതുമെല്ലാം ഈ നിലപാടിന് കാരണമായിരിക്കാം. കൊച്ചിയിലെ ആദ്യത്തെ സലഫി സ്ഥാപനം പനയ പ്പള്ളിയിലെ മദ്‌റസത്തുൽ മുജാഹിദീൻ ആകുന്നു. ഒരു സ്കൂളായിരുന്നു പ്രാരംഭത്തിൽ ലക്ഷ്യം. അതിനെക്കുറിച്ചുള്ള പ്രഥമ ആലോചനാ യോഗം സൈദ്കുഞ്ഞി ഹാജിയുടെ അദ്ധ്യക്ഷതയിലാണ് നടന്നത്. അന്ന് ഹാജി യാരുടെ ശക്തമായ അഭിപ്രായം ഒരു മദ്‌റസയാണ് ആദ്യം വേണ്ടത് എന്നായിരുന്നു. അത് അംഗീകരിക്കപ്പെട്ടു. അങ്ങനെ മദ്‌റസത്തുൽ മുജാ ഹിദീൻ ഉണ്ടായി. തിരൂരങ്ങാടി യതീംഖാനയുടെ ഉടമസ്ഥാവകാശത്തി ലുള്ള ഭൂമിയിലാണ് ഇപ്പോഴത്തെ മദ്‌റസ കെട്ടിടം നിൽക്കുന്നത്. യതീം ഖാനയുടെ സർവ്വസ്വവുമായിരുന്ന കെ.എം. മൗലവി, എം.കെ. ഹാജി എന്നീ മഹദ്‌വ്യക്തികളുടെ സമ്പൂർണ പിന്തുണയാണ് ഇതിന് കാരണമായത്. ഈ മദ്‌റസാ കെട്ടിടത്തിന്റെ ശിലാസ്ഥാപനം കെ.എച്ച്. സുലൈമാൻ മാസ്റ്ററാണ് നടത്തിയതെന്ന കാര്യം ഇന്നത്തെ ഒട്ടുമുക്കാൽ മുജാഹിദു കൾക്കുപോലും അജ്ഞാതമാണ്. സലഫീ പ്രസ്ഥാനവുമായി മാസ്റ്റർക്കു ണ്ടായിരുന്ന ആഭിമുഖ്യം ഇതിൽ നിന്നും ഊഹിക്കാമല്ലോ.

ഈദ്ഗാഹിന്റെ ഐക്യരൂപം ആദ്യത്തേതും അവസാനത്തേതുമായി രുന്നു. മുജാഹിദുകൾക്ക് ലഭിച്ച സംഘാടക നേതൃത്വം ദുരൂഹമായ സങ്കു ചിത സ്വഭാവത്തിലാണവർ കൈകാര്യം ചെയ്തത്. ഒരു ഐക്യ സമ്പൂർ ണ്ണമായ ഈദ്ഗാഹിനുവേണ്ടി നിരന്തരം ബോധവത്കരണം നടത്തിയ ജനപ്രിയ പണ്ഡിതനായ സൈദുകുഞ്ഞി ഹാജിയെ മുജാഹിദുകൾ അവ ഗണിച്ചു. നമസ്കാരത്തിന്റെ നേതൃത്വമോ ഖുത്ബയോ ഏതെങ്കിലുമൊ ന്ന് അദ്ദേഹത്തിന് നൽകേണ്ടതായിരുന്നു. തന്നെ മനഃപൂർവ്വം തഴഞ്ഞ താണെന്ന തോന്നൽ അദ്ദേഹത്തിൽ കുടിയിരുന്നു. അതും പാടില്ലാത്ത താണ്. പക്ഷെ, പിശാചിന്റെ കെണിയാണിതെന്ന് മനസ്സിലാക്കാൻ ഇരു കൂട്ടർക്കും കഴിഞ്ഞില്ല. സമ്മേളനങ്ങൾക്ക് മൈതാനത്ത് പന്തൽ വിരിക്കു ന്നത് കണ്ടിട്ടില്ലേ. അതുപോലെ പന്തലിട്ടാണ് കുവപ്പാടത്ത് ഈദ്ഗാഹ് നടത്തിയത്. തുറന്ന മൈതാനിയിൽ പെരുന്നാൾ നമസ്കാരം നടക്കു ന്നത് സുന്നത്താണ്. പക്ഷെ, പന്തലിട്ട് നടക്കുന്നത് സുന്നത്തിനെതിരാണ്. അതിൽ ഈദ്ഗാഹിന്റെ പുണ്യമില്ല. അതിനേക്കാൾ ഭേദം എല്ലാ സൗക

ര്യങ്ങളുമുള്ള പള്ളിയാണ്. ഈദിന് ശേഷം വെള്ളിയാഴ്ച പുതിയപള്ളി മിമ്പറിൽ നിന്നും ഹാജിയാർ പ്രഖ്യാപിച്ചു. മുസ്‌ലിയാക്കൾ നേരത്തെ പ്രഖ്യാപിച്ചു. മുസ്‌ലിയാക്കൾക്ക് നേരത്തെ തന്നെ ഇതിൽ താൽപര്യമില്ലായിരുന്നു. ഈദ് നമസ്കാരാനന്തരം പള്ളികളിൽ ഖത്വീബിനുവേണ്ടി ഒരു സംഖ്യ കയ്യിൽ വരും. അത് നഷ്ടപ്പെടുന്നത് അവർക്കിഷ്ടമാകുകയില്ലല്ലോ. പക്ഷെ, ശക്തമായ ഒരു സാമൂഹിക നേതൃത്വത്തിന്റെ സമ്മർദ്ദത്തിന് അവർ മനസ്സില്ലായ്മയോടെ വഴങ്ങിയതായിരുന്നു. സലഫീ ഭാഗത്തുനിന്നും ഈദുഗാഹിനുവേണ്ടി ശക്തിയായി ആവശ്യം മുഴക്കിയപ്പോൾ മുസ്‌ലിയാക്കൾ സഹകരിച്ചു എന്നു മാത്രം. അങ്ങനെ നേരത്തെ പറഞ്ഞ സ്കൂൾ ഗ്രൗണ്ടിലേക്ക് ഈദ്ഗാഹ് ചുരുങ്ങി. പുതിയപള്ളി അതിൽ സഹകരിച്ചില്ല. അതിനും സൈദ്കുഞ്ഞിഹാജിക്ക് ന്യായമുണ്ടായിരുന്നു. ചുറ്റും മതിൽ കെട്ടി മറച്ചതും മുമ്പിലും പാർശ്വങ്ങളിലും കെട്ടിട സമുച്ചയത്താൽ മറഞ്ഞിരിക്കുന്നതുമായ ഗ്രൗണ്ട് ഈദ്ഗാഹിന് അനുയോജ്യമല്ല. അത് തുറന്ന മൈതാനിയുടെ വരുതിയിൽ വരുന്നില്ല എന്നദ്ദേഹം വാദിച്ചു. തികച്ചും സാങ്കേതികമായ ഒരു ദുർന്യായമായിരുന്നു അത്. പക്ഷെ ഹാജിയുടെ ശബ്ദത്തിന് സ്വാധീനമുണ്ടായിരുന്നു. അതുകൊണ്ട് പുതിയ പള്ളിയും അവിടെ സമ്മേളിക്കുന്ന സലഫീ ആഭിമുഖ്യമുള്ള ജനാവലിയും സ്കൂൾ ഗ്രൗണ്ടിലെ ഈദ്ഗാഹിൽ നിന്ന് വിട്ടുനിന്നു.

ഈ സാഹചര്യത്തിലാണ് എനിക്ക് ഈ വിഷയത്തെ അഭിമുഖീകരിക്കേണ്ടി വന്നത്. ഖുനൂത്ത് ആളിക്കത്തിച്ച തീ അണഞ്ഞിട്ടേയുള്ളൂ. ഹാജിയാർ രോഗാവസ്ഥയിലാണെങ്കിലും വീട്ടിൽ ഉണ്ട്. എങ്ങനെയായിരിക്കും അദ്ദേഹം പ്രതികരിക്കുക. രണ്ടു പതിറ്റാണ്ടുകൾ വാശിയോടെ അദ്ദേഹം തടുത്തുനിർത്തിയ ഒരു മതിലാണ് ഞാൻ തകർക്കാൻ ബാധ്യസ്ഥനായിരിക്കുന്നത്. പള്ളി മുതവല്ലിയോടും വേണ്ടപ്പെട്ടവരോടും ഞാൻ സംസാരിച്ചു. അവർക്ക് വിരോധമില്ല. സാലേ മുഹമ്മദ് സേട്ടുവിന്റെ ശക്തമായ പിന്തുണ എനിക്ക് കിട്ടും. ഹാജിയാരോട് ഞാനീ പ്രശ്നം ആലോചിച്ചില്ല. വിസമ്മതം കിട്ടിയാൽ എല്ലാം തകരും. ഈദ്ഗാഹിന്റെ പ്രസക്തിയെക്കുറിച്ച് ഞാൻ ഖുത്ബയിൽ വിവരിച്ചു. ഒരു സുന്നത്ത് പുനർജീവിപ്പിക്കുന്നതിൽ നാം വഹിക്കേണ്ട പങ്കിനെക്കുറിച്ചും ഉൽബോധിപ്പിച്ചു. തുടർന്ന് പെരുന്നാൾ നമസ്കാരം പള്ളിയിൽ ഉണ്ടാകുകയില്ലെന്നും നമുക്ക് ഒന്നായി തക്ബീർ മുഴക്കി ഈദ്ഗാഹിലേക്ക് പോകണമെന്നും അഭ്യർത്ഥിച്ചു. എന്നാൽ ചില അനിഷ്ട സംഭവങ്ങളുണ്ടായി. പെരുന്നാളിന്റെ ഏതാനും ദിവസം മുമ്പ്, ഞാൻ പള്ളിയുടെ തൊട്ടടുത്തുള്ള ബാർബർ ഷോപ്പിൽ പോയി, മുടി വെട്ടാൻ. ബാർബർ തന്റെ ജോലി നിർവ്വഹിക്കുമ്പോൾ പുറത്ത് ഒരു മദ്യപാനിയുടെ സംസാരം തുടങ്ങി. "പള്ളി പൂട്ടി

യിടാൻ ഞങ്ങൾ സമ്മതിക്കുകയില്ല. ഹാജിയാരേക്കാൾ വലിയവനാകാൻ ഇയാളെ അനുവദിക്കില്ല. താടിരോമങ്ങൾ ഞങ്ങൾ പറിച്ചെടുക്കും.” “സാര മില്ല, അത് കാര്യമാക്കേണ്ട.” ഞാൻ ഒന്നും മിണ്ടിയില്ല. എന്റെ സഹകാരി കളാരും അപ്പോൾ അവിടെയില്ല. ബാർബറുടെ ജോലി കഴിഞ്ഞു. ഞാൻ ഷർട്ടിട്ട് പുറത്തേക്കിറങ്ങി. മദ്യപാനി എന്നെ തടഞ്ഞുനിർത്തി. എന്തൊ ക്കെയോ പുലമ്പുന്നുണ്ട്. ആരൊക്കെയോ അയാളെ ചാവികൊടുത്ത് അയച്ചിരിക്കുകയാണ്, എന്നെ ഭീഷണിപ്പെടുത്താൻ. അയാൾ എന്നെ ഉപദ്രവിക്കുന്നതിന് മുൻപ് ബാർബറും തൊട്ടടുത്ത മുറിയിലുള്ള ജൈനി ക്കയും ചേർന്ന് എന്നെ അയാളുടെ വലയത്തിൽ നിന്നും ഒഴിവാക്കി. ഞാ ൻ പള്ളിയിലേക്ക് നടന്നു. മദ്യപൻ ഉറക്കെ എന്തൊക്കെയോ വിളിച്ചു കൂ വുന്നുണ്ട്. പള്ളി പൂട്ടിയിടാൻ സമ്മതിക്കുകയില്ലെന്നാണ് പ്രധാന ഭീഷ ണി. വിവരം കേട്ടറിഞ്ഞു ഹമീദ് ഓടിയെത്തി. വേണ്ടപ്പെട്ടവരെ പെട്ടെന്ന് വിളിച്ചുകൂട്ടി. ടി.എ. കുഞ്ഞാലി സ്രാങ്ക്, മൊയ്തീൻ സ്രാങ്ക് (മച്ച), ടി.എം. കുഞ്ഞുമുഹമ്മദ് (രാജാവ് എന്ന് സുഹൃത്തുക്കൾ ഇദ്ദേഹത്തെ തമാശ യായി വിളിക്കാറുണ്ട്), എം. അബ്ദുൽ ഖാദിർ, ജൈനിക്ക... പിന്നെ ആരൊക്കെയാണ് ഓർമ്മകിട്ടുന്നില്ല. ഇത് ഒരൊറ്റപ്പെട്ട സംഭവമായി വിട്ടു കളയരുതെന്ന് എല്ലാവരും ചേർന്ന് അഭിപ്രായപ്പെട്ടു. ശക്തമായ ഒരു ഗൂഢാലോചനയുടെ ഭാഗമായി ഈ സംഭവത്തെ മനസ്സിലാക്കാൻ ഒരു പ്രയാസവുമില്ലെന്നാണ് എല്ലാവരും പറഞ്ഞത്. ഞാൻ മാത്രം നിശബ്ദ നായി. അവർ അവിടെ വെച്ച് തന്നെ പോലീസിന്റെ ഉന്നത കേന്ദ്രത്തിലേ ക്ക് ഒരു പെറ്റീഷൻ തയ്യാറാക്കി. ഒന്നാം പേരുകാരനായി ഹമീദ് ഒപ്പിട്ടതി ന്റെ പിന്നാലെ അവിടെ കൂടിയവരും അല്ലാത്തവരുമായ ഒരു സംഘം പേർ അതിൽ ഒപ്പ് വെച്ചു. തൽക്ഷണം ബന്ധപ്പെട്ട കേന്ദ്രത്തിലേക്കയച്ചു. പെ റ്റീഷനിൽ ചൂണ്ടിക്കാണിച്ച പ്രതികളെ അവരുടെ വീട്ടിൽ ചെന്ന് കുഞ്ഞു മുഹമ്മദ് സാഹിബ് പോലീസിന് ചൂണ്ടിക്കാണിച്ചുകൊടുത്തു. എല്ലാവരേ യും പോലീസ് തൂക്കിയെടുത്തു. രാത്രിയായപ്പോൾ വലിയ സംഘർഷാ വസ്ഥയായി. പ്രതികളുടെ ബന്ധുക്കളടക്കം ഒരു ജനക്കൂട്ടം കുഞ്ഞുമുഹ മ്മദിനെ ആക്രമിക്കാൻ അദ്ദേഹത്തിന്റെ വീടിനെ ലക്ഷ്യമാക്കി പുറപ്പെട്ടു. കുഞ്ഞുമുഹമ്മദ് ഒളിച്ചുനിന്നില്ല. സധൈര്യം അവരുടെ മുമ്പിൽ നിന്നു. താൻ ചെയ്തത് ശരിയാണെന്നും ഇനിയും വേണ്ടിവന്നാൽ ഇത് തന്നെ ചെയ്യുമെന്നും ധീരമായി പ്രതികരിച്ചു. അദ്ദേഹം കാണിച്ച തന്റേടം അ ത്ഭുതകരമായിരുന്നു. അദ്ദേഹത്തിന്റെ ഈമാൻ അസത്യവാദികൾക്കും അക്രമകാരികൾക്കുമെതിരിൽ ജ്വലിച്ചു നിന്ന ഘട്ടമായിരുന്നു അത്. ഒന്നും സംഭവിച്ചില്ല. പോലീസ് ശക്തമായ താക്കീത് നൽകി രാത്രിയിൽ പ്രതിക ളെ വിട്ടയച്ചു. പോലീസ് തീരുമാനമെടുത്തു. പള്ളിയിലെ നടത്തിപ്പ്

കാര്യങ്ങളെക്കുറിച്ച് പരാതിയുള്ളവർ പള്ളി അധികാരികളുടെ മുമ്പിൽ ആവലാതിപ്പെടണം. അവസാന തീരുമാനം പള്ളി നടത്തിപ്പിന്റെ ചുമതലക്കാർക്ക് തന്നെയാണ്. പള്ളിയിൽ തന്നെ നമസ്കരിക്കണമെന്ന് നിർബന്ധമുള്ളവർ പെരുന്നാൾ നമസ്കാരം നടക്കുന്ന മറ്റു പള്ളികളിലേക്ക് പൊയ്ക്കൊള്ളണം. ഇതിനു വിരുദ്ധമായി പള്ളിയിലെ ഇമാമിനോടോ പള്ളി പരിസരത്തോ അനാവശ്യ സംസാരങ്ങളോ പ്രവർത്തനങ്ങളോ നടത്തിയാൽ പോലീസിന്റെ ഭാഗത്തുനിന്നും ശക്തമായ നടപടികൾ ഉണ്ടാകും. പോലീസ് തീരുമാനം എഴുതി. പ്രതികളെക്കൊണ്ട് ഒപ്പിടിപ്പിച്ചു. സാക്ഷികളായി പരാതിക്കാരും ഒപ്പുവെച്ചു. അതോടെ രംഗം ശാന്തമായി. പെരുന്നാൾ ദിവസം, പ്രഖ്യാപിക്കപ്പെട്ടതു പോലെ ജനങ്ങൾ രാവിലെ പള്ളിക്ക് മുമ്പിൽ ഒത്തുകൂടി. ഞാൻ മുമ്പിലും അവർ വരിവരിയായി പിന്നിലും നിരന്നു തക്ബീർ മുഴക്കി. മുജാഹിദീൻ സ്കൂൾ ഗ്രൗണ്ടിലെ ഈദ്ഗാഹ് ജനക്കൂട്ടത്താൽ സജീവമായി. എനിക്ക് സന്തോഷമായി. അല്ലാഹുവിനെ സ്തുതിച്ചു. സൈദ്കുഞ്ഞിഹാജിയുടെ നിലപാട് എന്നെ അത്ഭുതപ്പെടുത്തുകയും ആഹ്ലാദിപ്പിക്കുകയും ചെയ്തു. അദ്ദേഹം തികഞ്ഞ നിശബ്ദത പാലിക്കുകയാണുണ്ടായത്. ആ മൗനം എനിക്ക് പ്രത്യേകമായി നൽകിയ സമ്പൂർണ പിന്തുണയായിരുന്നു. റബ്ബിന് സ്തുതി! അദ്ദേഹം പ്രതിസന്ധിഘട്ടങ്ങളിൽ എനിക്ക് നൽകിയ പിന്തുണ എന്റെ പ്രവർത്തനങ്ങളെ കൂടുതൽ ശക്തമാക്കാൻ ഉപകരിച്ചു. അതു തന്നെയാണ് അദ്ദേഹം ആശിച്ചതെന്നും എനിക്ക് തോന്നി. അദ്ദേഹത്തിന്റെ എല്ലാ നന്മകൾക്കും അല്ലാഹു അർഹമായ പ്രതിഫലം നൽകുകയും ദോഷങ്ങൾ വിട്ടുപൊറുത്ത് മാപ്പാക്കിക്കൊടുക്കുകയും ചെയ്യുമാറാകട്ടെ.

ആദ്യകാലത്ത് മുജാഹിദ് പ്രസ്ഥാനത്തോട് ആഭിമുഖ്യം കാട്ടിയ കെ.എച്ച്. സുലൈമാൻ മാസ്റ്റർ പിന്നീടു പാടുമാറി. സുന്നികളുടെ നേതാവായി. മുജാഹിദു പ്രസ്ഥാനത്തെ ദ്രോഹിക്കാൻ കിട്ടുന്ന അവസരങ്ങൾ പാഴാക്കാതെ മുന്നോട്ടുപോയി. ഞാൻ കൊച്ചിയിൽ ജീവിക്കുന്ന ഘട്ടത്തിൽ അദ്ദേഹത്തിന്റെ നില അതായിരുന്നു. ഞങ്ങൾ ചിലപ്പോഴൊക്കെ ചില സദസ്സുകളിൽ വെച്ച് കാണും. ലോഹ്യം പറയും. അത്രമാത്രം. അദ്ദേഹം ഇപ്പോൾ ജീവിച്ചിരിപ്പില്ല. ഈദ്ഗാഹിന്റെ നില ഓരോ വർഷവും പുഷ്ടിപ്പെട്ടു. ഖദീജാബായി നഗർ നിറഞ്ഞുതുളുമ്പി. സ്ഥലം തികയാതെ കോമ്പൗണ്ടിന് പുറത്ത് റോഡിലേക്ക് നീങ്ങി ഗതാഗതം സ്തംഭിച്ചു. വാഹനങ്ങൾ മറ്റു വഴികളിലൂടെ തിരിച്ചുവിടും. സ്കൂൾ കെട്ടിടത്തിന്റെ മുകളിൽ ടെറസ്സിലും ജനം നിറഞ്ഞു. ഫോർട്ടു കൊച്ചിയിലെ ചരിത്രപ്രസിദ്ധമായ പരേഡ് മൈതാനം കൊച്ചി കടപ്പുറത്തിന്റെ വക്കത്താണ്.

വാസ്ഗോഡഗാമയുടെ ശവക്കല്ലറയും പുരാതന ലന്തപ്പള്ളിയും മൈതാനത്തിന്റെ വടക്കേയറ്റത്ത് സ്ഥിതി ചെയ്യുന്നു. ഇപ്പോൾ രണ്ടു ഈദ്ഗാഹുകൾ കെ.എൻ.എം. മണ്ഡലം കമ്മിറ്റി നടത്തിവരുന്നു. പനയപ്പള്ളി പ്രദേശത്തെ സ്ത്രീ പുരുഷന്മാർക്ക് പരേഡ് ഗ്രൗണ്ടിൽ തക്കസമയത്ത് എത്തിച്ചേരാനുള്ള ക്ലേശം മനസ്സിലാക്കി മുജാഹിദീൻ സ്കൂൾ ഗ്രൗണ്ടായ ഖദീജാബായി നഗറിലും പരേഡ് മൈതാനിയിലും ഈദ്ഗാഹുകൾ സംഘടിപ്പിക്കുന്നു. രണ്ടിടത്തുമായി ഏതാണ്ട് ആറായിരത്തിനും ഏഴായിരത്തിനും മദ്ധ്യേ സ്ത്രീ പുരുഷന്മാർ പങ്കെടുക്കുന്നു. അല്ലാഹു അനുഗ്രഹിക്കട്ടെ.

കൊച്ചിയിലെ എന്റെ അഞ്ചു വർഷത്തെ ജീവിതം സംഭവബഹുലമായിരുന്നു. ഓരോ ദിവസവും ഓരോ സംഭവം എന്ന് പറയാം. സൽസബീലിന്റെ വളർച്ച തന്നെയാണതിൽ മുഖ്യം. വരിക്കാരും വായനക്കാരും വർദ്ധിച്ചു. തെക്കൻ കേരളത്തിൽ ധാരാളം വായനക്കാരുണ്ടായി. ഒരു സംഘം ആളുകൾ എപ്പോഴും അതിന്റെ സഹായികളായി ആഫീസിൽ വന്നുപോയിക്കൊണ്ടിരുന്നു. പുതിയ പള്ളി മദ്റസയുടെ താഴെയുള്ള വിശാലമായ ഹാൾ ഇതിനായി മുതവല്ലി അബ്ദുല്ലഹാജി അഹ്മദ് സേട്ട് വിട്ടുതന്നു. ഹാളിന്റെ വടക്കുഭാഗം മുറികൾ തിരിച്ചു അടുക്കളയും പുതിയ കക്കൂസ് കുളിമറി സൗകര്യങ്ങളുമേർപ്പെടുത്തി, എനിക്ക് കുടുംബതാമസത്തിനായി അനുവദിച്ചു. ഞാനും ഭാര്യയും ഇളയ മൂന്നു മക്കളും അവിടെ താമസമാക്കി. മുബാറക്, ജൗഹർ, ഹബീബ് എന്നിവരാണ് എന്റെ കൂടെയുണ്ടായിരുന്ന മക്കൾ. മൂന്നുപേരെയും മുജാഹിദീൻ ഓറിയന്റൽ ഹൈസ്കൂളിൽ ചേർത്തു. മുബാറക് ഹൈസ്കൂളിലും താഴെയുള്ളവർ യു.പിയിലുമായിരുന്നു. മുബാറക് എസ്.എസ്.എൽ.സി. പൂർത്തിയാക്കിയത് അവിടെ നിന്നാണ്. സ്കൂളിലെ ഏറ്റവും ഉയർന്ന മാർക്ക് മുബാറക്കിനായിരുന്നു. അത് സംബന്ധമായി എന്തൊക്കെയോ പാരിതോഷികങ്ങളും ലഭിച്ചു.

കുടിവെള്ളം ലഭിക്കാൻ പള്ളിക്ക് പുറത്ത് റോഡിലുള്ള പബ്ലിക് പൈപ്പിലേക്ക് പോകണമായിരുന്നു. കുട്ടികൾ വൈകുന്നേരം കുടങ്ങളുമായി പോയി നിറച്ചുകൊണ്ടുവരും. ഈ പ്രയാസം കണ്ടപ്പോൾ ഹമീദ് പറഞ്ഞു. പള്ളി കോമ്പൗണ്ടിൽ മൗലവിയുടെ വീട്ടുകാർക്ക് കൈ എത്തിച്ച് എടുക്കാൻ തക്കവിധം ഒരു പബ്ലിക് പൈപ്പ് വേണം. അതൊക്കെ എവിടെ നടക്കാൻ? ഞാൻ ആത്മഗതം ചെയ്തു. കാരണം കൊച്ചിയിലെവിടെയും അന്ന് പള്ളികളിലോ മറ്റ് സ്വകാര്യ സ്ഥാപനങ്ങളിലോ പബ്ലിക് ടാപ്പ് അനുവദിച്ചിട്ടില്ല. പക്ഷെ, ഹമീദ് പിറ്റെ ദിവസം സ്ഥലം കോർപ്പറേഷൻ കൗൺസിലറെയും കൂട്ടി എന്റെയടുത്ത് വന്നു. കെ.എം. ഹംസ സാഹിബ്. ആ വാർഡിലെ ജനപ്രിയനായ സ്ഥിരം കൗൺസിലറാണ്. ഞാനിതെ

ഴുതുമ്പോഴും അദ്ദേഹം കൗൺസിലർ തന്നെ. 1952ൽ ആദ്യമായി തെരഞ്ഞെടുക്കപ്പെട്ട ശേഷം പരാജയം അറിഞ്ഞിട്ടേയില്ല. നാമമാത്രമായ എതിരാളികൾ മാത്രമേ അദ്ദേഹത്തിന് ഉണ്ടാവാറുള്ളൂ. 45 വർഷങ്ങളിലേറെയായി ഈ സ്ഥാനം തുടരുന്നു. യഥാർത്ഥ ജനസേവകനായിരുന്നു ഹംസ സാഹിബ്. ഹമീദിന്റെ ഉറ്റമിത്രമാണ്. തെരഞ്ഞെടുപ്പിന്റെ പ്രധാന ചുമതലക്കാരനായി ഹമീദ് രംഗത്തുണ്ടാകും. ഞാൻ ഓർക്കുന്നു, 1980ൽ ഹമീദ് കോഴിക്കോട് എ.വി. അബ്ദുറഹ്മാൻ ഹാജിയുടെ സംഗീത് ലോഡ്ജിൽ സൽസബീൽ സായാഹ്ന പത്രത്തിന്റെ നേൽനോട്ടവുമായി കഴിയുന്ന കാലം. ഹംസ സാഹിബ് എനിക്കൊരു കത്തയച്ചു. തെരഞ്ഞെടുപ്പാണ്. ഹമീദിനെ ദയവായി എനിക്ക് വിട്ടുതരണം. ഞാൻ അനുവദിച്ചു. കാരണം ഞാൻ നന്ദിയുള്ളവനാകണമല്ലോ. അത്രത്തോളം എനിക്ക് അദ്ദേഹത്തോട് കടപ്പാടുണ്ടായിപ്പോയി. ഹമീദ് ആദ്യമായി കൂട്ടിക്കൊണ്ടു വന്ന് എന്നെ പരിചയപ്പെടുത്തുകയും പള്ളിക്കടുത്ത് എനിക്ക് വേണ്ടി മാത്രം ഒരു പബ്ലിക് പൈപ്പ് സ്ഥാപിക്കുന്നതിനെക്കുറിച്ച് പറയുകയും ചെയ്തപ്പോൾ അന്ന് അദ്ദേഹം പറഞ്ഞു; "വളരെ പ്രയാസമാണ്. അങ്ങനെ ഒരു നടപടിക്രമമില്ല. എങ്കിലും ഞാനൊന്ന് ശ്രമിക്കട്ടെ." അതും പറഞ്ഞു അദ്ദേഹം പോയി. ഒരാഴ്ചക്കകം റോഡിൽ നിന്നും പള്ളിക്കകത്തേക്ക് പൈപ്പ് കണക്ഷനായി. എന്റെ വീട്ടുകാർക്ക് കൈ എത്താവുന്ന ദൂരത്ത്. കുടിക്കാനും കുളിക്കാനും സമൃദ്ധമായ നിലയിൽ വെള്ളം! മാത്രമല്ല, രണ്ടു ദിവസം കഴിഞ്ഞപ്പോൾ പത്ത് യൂണിറ്റിന്റെ ഒരു റേഷൻ കാർഡുമായി അദ്ദേഹം വന്നു. "ഇതുപയോഗിച്ച് കിട്ടുന്ന അരിയും ഗോതമ്പും വാങ്ങിക്കൊള്ളൂ" എന്ന് പറഞ്ഞു. ഹമീദുമായുള്ള ബന്ധമാണ് ഇതിന്റെ കാരണം. എന്റെ കുടുംബം കൊച്ചി വിടുന്നതുവരെ ആ റേഷൻ കാർഡ് വലിയ ഒരു തണലായിരുന്നു. ശമ്പളം കൊണ്ട് കഷ്ടിച്ച് കഴിയാവുന്ന സ്ഥിതിയേ അന്നുള്ളൂ. ശമ്പളം ഒരു വലിയ പ്രശ്നമായി ഞാൻ കണക്കാക്കിയിരുന്നില്ല. എനിക്ക് കൊച്ചിയിൽ നിന്നുകൊണ്ട് പ്രബോധന പ്രവർത്തനം തുടരണം. അതു മാത്രമായിരുന്നു ആഗ്രഹം. കെ.എം. ഹംസാ സാഹിബ് എന്നെ വളരെ സ്നേഹിച്ചു. ഞാൻ അദ്ദേഹത്തെ എന്നും ആദരിച്ചു. 87-88 കാലത്ത് സൽസബീൽ മസ്ജിദിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് ചില സാങ്കേതിക തടസ്സങ്ങൾ ഉണ്ടായിരുന്നു. കുവൈത്തിൽ നിന്നും അനുവദിക്കപ്പെട്ട ഫണ്ട് ഉപയോഗപ്പെടുത്താൻ സാധ്യമാകാത്ത വിഷമാവസ്ഥ. കെ.പി. മുഹമ്മദ് മൗലവി വളരെ കൃത്യനിഷ്ഠക്കാരനും. പൈസ തന്നാൽ പിറ്റേദിവസം പണി തുടങ്ങാമോ എന്നാണ് കെ.പി.യുടെ ചോദ്യം. തുടങ്ങാം എന്ന് മറുപടി പറഞ്ഞാൽ അത് കളവാകും. നിയമപരമായ കാര്യങ്ങൾ പൂർത്തിയാകാതെ ജോലി തുടങ്ങിയാൽ അത്

അപകടമാണ്. പിന്നെ വർഷങ്ങൾ ബുദ്ധിമുട്ടിയാലും ആ കുരുക്ക് അഴിക്കാൻ സാധിച്ചെന്ന് വരില്ല. ഈ പ്രതിസന്ധി ഘട്ടത്തിൽ ഹമീദും നിർമ്മാണ ചുമതലയേൽപ്പിക്കപ്പെട്ട കെ.കെ. ഉമറും ചേർന്ന് കെ.എം. ഹംസ സാഹിബിനെ കണ്ടു. വിവരം കേട്ട അദ്ദേഹം പറഞ്ഞതിപ്രകാരമായിരുന്നു. ഉമർ മൗലവി തുടങ്ങിവെച്ച ആ കർമ്മം തടസ്സപ്പെട്ടരുത്. അദ്ദേഹം എന്തൊക്കെയോ ചെയ്തു. ആരെയൊക്കയോ കണ്ടു. രണ്ടു ദിവസങ്ങൾക്കകം നിർമ്മാണ ജോലിക്ക് തുടക്കം കുറിക്കാമെന്നായി. നിയമത്തിന്റെ കുരുക്കുകൾക്കിടയിലൂടെ കയറാൻ അദ്ദേഹത്തിനറിയാം. യഥാർത്ഥ സേവകനാണ് ഹംസ സാഹിബ്. ഒരു ക്രിസ്ത്യൻ പാതിരി പ്രസിഡണ്ടും എ.എ. ഹമീദ് സെക്രട്ടറിയുമായി രൂപീകരിച്ച ഒരു കമ്മിറ്റി പൊതുപിരിവ് നടത്തിയാണ് 1972ൽ അദ്ദേഹത്തിന് വീട് ഉണ്ടാക്കിയത്. ആ വീടിന് അദ്ദേഹം 'ഫ്രൻഡ്സ്' എന്നാണ് പേര് നൽകിയിരിക്കുന്നത്. ഇപ്പോൾ ഹൃദ്രോഗത്താൽ വിഷമിക്കുകയാണ്. ഞാൻ ഒരിക്കൽ കൊച്ചിയിൽ ചെന്നപ്പോൾ ഹംസക്ക സുഖമില്ലാതിരിക്കുകയാണെന്ന് ഹമീദ് പറഞ്ഞു. ഞാൻ ഉടനെ അദ്ദേഹത്തെ വീട്ടിൽ ചെന്നു കണ്ടു. എന്നെ കണ്ടപ്പോൾ തന്റെ രോഗം പാതിയും ഭേദമായതുപോലെയുള്ള ആഹ്ലാദം. അത്രക്കിഷ്ടമായിരുന്നു ഞങ്ങൾ തമ്മിൽ. കൊച്ചിയിൽ എല്ലാവർക്കും പ്രിയപ്പെട്ട ഹംസക്കയാണ് അദ്ദേഹം. അല്ലാഹു അനുഗ്രഹിക്കട്ടെ. (2001ലെ റമളാനിൽ ഹംസക്ക അന്തരിച്ചു. അല്ലാഹു അദ്ദേഹത്തിന് കരുണ ചെയ്യട്ടെ- എഡിറ്റർ)

ഓർമകളുടെ തീരത്ത്

## 47

# വരിസംഖ്യയില്ലാതെ

സൽസബീലിന്റെ കാര്യത്തിൽ, വരിക്കാരെയും സുഹൃത്തുക്കളേയും മറ്റുവേണ്ടപ്പെട്ടവരേയും അത്ഭുതപ്പെടുത്തിയ ഒരു തീരുമാനം 74 ആരംഭത്തിൽ ഞാൻ കൈക്കൊണ്ടു. വരിസംഖ്യയില്ലാതെ, ആവശ്യപ്പെടുന്നവർക്ക് സൗജന്യമായി മാസിക അയച്ചുകൊടുക്കും. പത്രരംഗത്ത് അതിനു മുമ്പ് ഇങ്ങനെ ഒരു സംഭവം കേട്ടിട്ടില്ല. ഒരുപാട് ശകാരങ്ങൾ എനിക്ക് കേൾക്കേണ്ടി വന്നു. ഉമർ മൗലവിക്ക് വട്ടാണ് എന്നും ചിലർ പറഞ്ഞു. ആരോടും ഞാൻ പ്രതികരിച്ചില്ല. സൽസബീൽ മതരംഗത്ത് അവശ്യം വേണ്ടതാണെന്ന് കരുതിയ അനേകം വായനക്കാരുണ്ട്. അവർ എന്നെ സഹായിക്കും. അല്ലാഹു ഔദാര്യവാന്മാരെ ഈ വഴിയിലേക്ക് അടുപ്പിക്കും. അതായിരുന്നു എന്റെ പ്രതീക്ഷ. അമിതമായ ആത്മവിശ്വാസം ഒരു

ലഹരിയായി എന്നെ കീഴടക്കി. എന്റെ തീരുമാനം പുറത്തുവന്നതോടെ ഓരോ ദിവസവും നൂറുകണക്കിന് കത്തുകൾ സൽസബീൽ ആവശ്യപ്പെട്ടുകൊണ്ട് വന്നുകൂടാൻ തുടങ്ങി. പോസ്റ്റുമാൻ ഓരോ ഭാണ്ഡവുമായിട്ടാണ് ദിവസവും വരിക. സംഭാവന സ്വീകരിക്കും എന്ന് പരസ്യപ്പെടുത്തിയതോടെ ധാരാളം മണിയോർഡറുകളും വന്നുകൊണ്ടിരുന്നു. ജമാഅത്തുകാർ പറഞ്ഞു, പൈസയുണ്ടാക്കാൻ ഉമർ മൗലവിയുടെ പുതിയ വേലയാണിത്. ഞാൻ പ്രതികരിച്ചില്ല. അന്ന് അഞ്ചു രൂപയാണ് വാർഷിക വരിസംഖ്യ. 10 ലക്കമാണ് വർഷത്തിൽ. കൊല്ലത്തിൽ ഏതെങ്കിലും രണ്ടു മാസം ലീവ്. മണിയോർഡർ സംഖ്യ 25,50,100 ഇങ്ങനെ വന്നുകൊണ്ടിരുന്നു. കൂപ്പണിൽ പലരും എഴുതും "എന്റെ വകയായി അഞ്ചുപേർ, പത്ത് പേർ, 20 പേർ വായിക്കട്ടെ." ഒരാൾ അഞ്ഞൂറു രൂപ അയച്ചുകൊണ്ട് "എന്റെ വകയായി നൂറുപേർ സൽസബീലിന്റെ സൗജന്യ വരിക്കാരാകട്ടെ". എന്റെ കണക്കുകൂട്ടലും പ്രാർഥനയും പാഴായില്ല. നേരിട്ടും ആളുകൾ സംഖ്യകൾ ഏൽപിച്ചുകൊണ്ടിരുന്നു. ഞാൻ ഇങ്ങനെ തീരുമാനിച്ചതിന്റെ പിന്നിൽ ഒരു പ്രത്യേക ഉദ്ദേശ്യമുണ്ടായിരുന്നു. പൈസ അയച്ച് വരിക്കാരനായി ചേർന്ന് സൽസബീൽ വരുത്തി വായിക്കുന്നവരിൽ അധികവും ആദർശബന്ധുക്കളായിരിക്കും. ശത്രുക്കൾ ഇതിനൊരുങ്ങുകയില്ല. അപ്പോൾ എതിർപാളയങ്ങളിലേക്ക് സൽസബീൽ കടന്നുചെല്ലണം. യുവാക്കൾക്കിടയിൽ നിരന്തരമായി വായിക്കപ്പെടണം. ഒരു ലക്കം പൂർത്തിയായി വായിച്ചവർക്ക് അടുത്തലക്കം വായിക്കാൻ പ്രേരണയുണ്ടാകുമെന്ന് എനിക്ക് ഉറപ്പായിരുന്നു. മറ്റു പത്രങ്ങൾക്കില്ലാത്ത വേറിട്ട ഒരു പുതുമയും രീതിയും സൽസബീലിനുണ്ട്. എന്റെ ഉദ്ദേശ്യം തെറ്റിയില്ല. സുന്നി ദർസുകളിലേയും ജമാഅത്ത് കോളേജുകളിലേയും വിദ്യാർത്ഥികളാണ് അധികവും കത്തയച്ചുകൊണ്ടിരുന്നത്. മിക്ക കത്തുകളിലും ഇപ്രകാരം എഴുതിയിരിക്കും. പൈസ തന്നു വാങ്ങാൻ എനിക്ക് കഴിയില്ല. ഞാൻ ഇന്ന നിലയിൽ പഠിക്കുകയാണ്. അവിടത്തെ വിലാസത്തിൽ വരുത്തിയാൽ അത് കയ്യിൽ കിട്ടുകയില്ല. അതിനാൽ താഴെ വിലാസത്തിൽ അയച്ചുതരാൻ ദയവുണ്ടാകണം. കത്തുകളുടെ ഭാണ്ഡം പരിശോധിക്കുന്ന ഉത്തരവാദിത്തം ഹമീദ് സ്വയം ഏറ്റെടുത്തു. മകൻ മുബാറക് ഹമീദിനെ സഹായിക്കും. കത്തുകളുടെ കൂട്ടത്തിൽ അനുമോദനങ്ങളും തെറിവിളികളും ധാരാളമുണ്ടാകും. ഹമീദ് തെരഞ്ഞെടുത്ത് ചിലത് കേൾപ്പിക്കും. അതിൽ ചിലത് പ്രസിദ്ധീകരിക്കും. രണ്ടുമാസത്തിനുള്ളിൽ പതിനായിരത്തിലേറെ വരിക്കാർ വർദ്ധിച്ചു. എന്റെ വികൃതി പൂണ്ട തീരുമാനം അറിഞ്ഞപ്പോൾ മക്കയിൽ നിന്നും എന്റെ ആത്മസുഹൃത്ത് അബ്ദുറഊഫ് മൗലവിയും മദീനയിൽ നിന്നും മഹാനായ ശൈഖ് ഇബ്നുബാസും

എനിക്കുവേണ്ടി ഹൃദയപൂർവ്വം പ്രാർത്ഥിച്ചുകൊണ്ടും എന്നെ പ്രോത്സാഹിപ്പിച്ചുകൊണ്ടും എഴുതി. ഒന്നിലധികം ലക്കങ്ങൾക്കുള്ള മുഴുവൻ ചെലവും അവർ എത്തിച്ചുതന്നു. പണ്ഡിതനും നേതാവുമായ ഒരാൾ ഇങ്ങനെ പറഞ്ഞു ചിരിച്ചതായും അറിഞ്ഞു. നേരത്തെ അയാൾക്ക് അര ലൂസാണ്, ഇപ്പോൾ മുഴു ഭ്രാന്തായിട്ടുണ്ട്. ഞാൻ ആശിച്ചതിന്റെയും പ്രതീക്ഷിച്ചതിന്റെയും അപ്പുറത്തേക്ക് കാര്യങ്ങൾ നീങ്ങി. വരിസംഖ്യ വാങ്ങി നടത്തിയിരുന്നപ്പോൾ വലിയ സാമ്പത്തിക ക്ലേശമായിരുന്നു. കോപ്പികൾ കുറവാണെങ്കിലും. പലപ്പോഴും പള്ളിയിൽ നിന്നും കിട്ടുന്ന ശമ്പളം വാങ്ങി പ്രസ്സിൽ കൊടുക്കലാണ് പതിവ്. സ്കൂളിൽ പോകുന്ന എന്റെ മക്കൾക്ക് ഒരു നല്ല ഉടുപ്പ് വാങ്ങി കൊടുക്കാൻ കഴിയാറില്ല. ഹംസക്ക തന്ന റേഷൻ കാർഡാണ് ഒരു വലിയ സഹായി. പള്ളിപ്പടിക്കൽ പലചരക്ക് കച്ചവടം ചെയ്യുന്ന ടി.എം. മൂസ ആവശ്യത്തിനുള്ള സാധനങ്ങൾ കൊടുത്തയക്കും. അദ്ദേഹം കാശ് ചോദിക്കുകയില്ല. അവിടെ കുറിച്ചിടും. എങ്കിലും പലരും ആക്ഷേപിച്ചതുപോലെ ഭ്രാന്തമായ ഒരാവേശമായിരുന്നു, സൽസബീൽ നടത്തണമെന്നത്. പതിറ്റാണ്ടുകൾ ഉള്ളിലൊതുക്കി നടന്ന ഒരാഗ്രഹം നടപ്പിലായപ്പോൾ ദുൻയാവിലെ വിഷമങ്ങൾ കാര്യമാക്കാൻ തോന്നിയില്ല. ഒരിക്കൽ ഒരു സംഭവമുണ്ടായി. ഞാൻ രാവിലെ ഗോതമ്പിന്റെ ചപ്പാത്തിയും കട്ടൻ ചായയും കഴിക്കുമ്പോൾ കെ.സി. അബൂബക്കർ മൗലവി സലാം പറഞ്ഞു കയറി വന്നു. ഞാൻ അദ്ദേഹത്തെ ഭക്ഷണത്തിനു ക്ഷണിച്ചു. കെ.സി. പാത്രത്തിലേക്കൊന്നു നോക്കി. എന്നിട്ടൊരു ഫലിതം. ഹേ– മൗലവി ആ ചപ്പാത്തിയിൽ ലേശം എണ്ണ പുരട്ടാമായിരുന്നില്ലേ. ഞാനും അദ്ദേഹവും അടുത്തുണ്ടായിരുന്ന ഹമീദും ചിരിച്ചു. ഞാൻ ചിരിച്ചുകൊണ്ട് ചോദിച്ചു. നിങ്ങൾക്ക് ലേശം എണ്ണയുമായി വരാമായിരുന്നില്ലേ. ഫലിതക്കാരനാണെങ്കിലും കെ.സി.യുടെ മുഖത്തിന് ഒരു പകർച്ച ഞാൻ കണ്ടു. അദ്ദേഹം വേഗം സ്ഥലംവിട്ടു. ഹമീദ് മൗലവിയോടൊപ്പം പുറത്തേക്കിറങ്ങി. കെ.സി. ഹമീദിനോട് പറയുകയാണ്. “ഹമീദേ, ഈ മനുഷ്യൻ ഇങ്ങനെ പോയാൽ എന്താകും സ്ഥിതി. നിനക്ക് ഒന്ന് പറഞ്ഞുകൂടേ” ഹമീദ് തിരിച്ചുവന്നു വളരെ ക്ലേശത്തോടെ എന്നോട് പറഞ്ഞു. ഞാൻ മഹാനായ എം.കെ. ഹാജിയുടെ വാക്കുകൾ കടമെടുത്ത് ഹമീദിനെ ആശ്വസിപ്പിച്ചു. ഞാനും സ്വയം ആശ്വസിച്ചു. തിരൂരങ്ങാടി യതീംഖാനയുടെ പ്രാരംഭഘട്ടത്തിൽ ജെ.ഡി.റ്റിയുടെ മാനേജർ പറഞ്ഞു: മാസത്തിൽ മുന്നൂറു രൂപ ചെലവ്. ഇരുന്നൂറ്റി അൻപത് രൂപ ജെ.ഡി.ററിയിൽ നിന്നു തരും. അൻപത് രൂപ മാസാന്തം നിങ്ങളുണ്ടാക്കണം. എം.കെ. ഹാജി, കെ.എം. മൗലവി തുടങ്ങിയ മഹാരഥന്മാർ കണ്ണു മിഴിച്ച് കുറേനേരമിരുന്നു. അൻപത് രൂപ എങ്ങനെ ഉണ്ടാക്കും? കുറച്ചു

സമയം കഴിഞ്ഞു ബോധാവസ്ഥയിലേക്ക് വന്ന എം.കെ. ഹാജിയുടെ ഈമാനും തവക്കുലും അവിടെ തിളങ്ങി. “നമ്മൾക്ക് കഴിവില്ല. പക്ഷെ, നമ്മുടെ യജമാനൻ കഴിവുള്ളവനാണ്. അവന്റെ ഖജനാവ് എപ്പോഴും നിറഞ്ഞതാണ്.” ഈ വാക്കുകൾ എന്നും എനിക്ക് മാർഗദർശിയായിരുന്നു. അതെ, അല്ലാഹുവിന്റെ ഖജനാവ് നിറഞ്ഞിരിക്കുന്നു. എത്ര കൊടുത്താലും അത് നിറഞ്ഞുതന്നെയിരിക്കും.

വരിസംഖ്യ വാങ്ങി മാസിക നടത്താൻ ക്ലേശിച്ചിരുന്ന എനിക്ക് വരിസംഖ്യ ഒഴിവാക്കി സൗജന്യമായി ആവശ്യക്കാർക്ക് അയച്ചുകൊടുക്കുന്ന തീക്ഷ്ണമായ പ്രവർത്തനം ക്ലേശരഹിതമായി നടത്താൻ റബ്ബ് തന്റെ ഖജനാവ് തുറന്നുവെച്ചു. ഒരുപാട് ശാരീരികാദ്ധ്വാനവും ഇതിന്റെ പിറകിലുണ്ട്. പതിനായിരക്കണക്കിന് മാസികകൾക്ക് റാപ്പർ മുറിക്കണം. വിലാസം എഴുതണം. മാസിക മടക്കണം. റാപ്പർ ഒട്ടിക്കണം. ശേഷം സ്റ്റാമ്പ് ഒട്ടിക്കണം. കെട്ടുകളാക്കി പോസ്റ്റോഫീസിൽ എത്തിക്കണം. ഈ വക കാര്യങ്ങളെല്ലാം ഒരൽപവും താമസം കൂടാതെ നടന്നു. ഒരു സംഘം യുവാക്കൾ സേവനം നൽകാൻ എപ്പോഴും തയ്യാറായി ഉണ്ടായിരുന്നു. വെറും രണ്ടു ദിവസം കൊണ്ട് പതിനായിരക്കണക്കിന് കോപ്പികൾ പോസ്റ്റ് ചെയ്യാൻ തക്കവണ്ണം തയ്യാറായിരിക്കും. ഒന്നും ഇച്ഛിക്കാതെ ദീനിന്റെ കാര്യത്തിൽ സേവനം ചെയ്യാൻ, എന്നെ പിന്തുണക്കാൻ എല്ലായിടത്തും സന്നദ്ധഭടന്മാരായി സദാ തിളങ്ങിനിന്ന കൊച്ചിയിലെ യുവാക്കളെ ഒരിക്കലും മറക്കാൻ കഴിയില്ല. അവർ എന്റെ ശക്തിയായിരുന്നു. എന്റെ ആവേശമായിരുന്നു. എനിക്ക് കൺകുളിർമ്മയായിരുന്നു. ഏത് പ്രക്ഷുബ്ധാവസ്ഥയിലും എന്റെ ശരീരത്തിലെ ഒരു രോമത്തിനുപോലും ഹാനി തട്ടാതെ എന്നെ കാത്തുസൂക്ഷിക്കുകയും എനിക്ക് ധൈര്യം പകരുകയും എന്നെ മുന്നോട്ട് തള്ളുകയും ചെയ്ത കൊച്ചിയിലെ ആദർശബന്ധുക്കൾ ഓരോരുത്തരേയും കടപ്പാടിന്റെയും നന്ദിയുടെയും വികാരത്തോടെ ഞാൻ സ്മരിക്കുന്നു. ഏതാണ്ട് മൂന്നു വർഷക്കാലം വരിസംഖ്യയില്ലാതെ, സൗജന്യമായി, ഒരു ലക്കം മുടക്കില്ലാതെ സൽസബീൽ നടന്നു. അതോടൊപ്പം നൂറുകണക്കിന് നോട്ടീസുകൾ, ലഘുലേഖകൾ എന്നിവയും നിത്യേനയെന്നോണം പുറത്തിറങ്ങിയിരുന്നു. അല്ലാഹുവിന്നാണ് സർവ്വസ്തുതിയും! അവന്റെ ഖജനാവിൽ ഒരു കുറവും വരികയില്ലല്ലോ.

സുഊദിയിലേക്കുള്ള യാത്ര ഏതാനും വർഷങ്ങളായി മുടങ്ങിയിരുന്നു. വിശ്രമരഹിതമായ സൽസബീലിന്റെ പ്രവർത്തനം തന്നെ പ്രധാന കാരണം. ആളും അർഥവുമുണ്ടായി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ പത്രം റെയിലിൽ കയറി ക്രമമായി ഓടിത്തുടങ്ങി. സൽസബീലിന്റെ ചുമ

തല ഹമീദിനെ ഏൽപിച്ചു പോകാൻ എനിക്ക് ധൈര്യമുണ്ടായി. സഹായിക്കാൻ എമ്പാടും സുഹൃത്തുക്കൾ. എന്റെ സഹായികളിൽ ഒരു ചിറകായിരുന്നു പി.എം. അബ്ദുൽ അസീസ് (ഖത്തർ). അസീസിന്റെ സേവനം പറഞ്ഞൊതുക്കാൻ കഴിയാത്തത്ര വലുതാണ്. ജോലി തേടി അസീസ് ഖത്തറിലേക്ക് പോയപ്പോൾ എന്റെ ഒരു ചിറകു മുറിച്ചെടുത്ത് പോകുന്നതുപോലെ ദുഃഖം തോന്നി. പക്ഷെ, എന്തുചെയ്യും? കുടുംബത്തിന്റെ ഭാരവും ദാരിദ്ര്യവും അദ്ദേഹത്തെ ആ യാത്രക്കു നിർബന്ധിക്കുകയായിരുന്നു. എച്ച്.ഇ. മുഹമ്മദ് ബാബു സേട്ടിന്റെ ആഫീസിൽ ഒരു ജീവനക്കാരനായിരുന്നു അസീസ്. ബാബുവിനും പിതാവ് കിക്കീ സേട്ടുവിനും അവരുടെ കുടുംബാംഗങ്ങൾക്കും പ്രിയങ്കരനായിരുന്നു അസീസ്. സൽസ്വഭാവവും നിസ്വാർത്ഥതയുമാണ് അദ്ദേഹത്തിന്റെ കൈമുതൽ. ഇടക്ക് കത്തയക്കും, ഒരുപാട് പ്രാർത്ഥനയുമായി. ഞാൻ മറുപടി മുടങ്ങാതെ അയക്കും. ഖത്തറിൽ ഞാൻ പോകുമ്പോഴൊക്കെ തമ്മിൽ കാണും. അല്ലാഹു അദ്ദേഹത്തിന് നന്മ ചെയ്യട്ടെ.

74ൽ ഞാൻ ഹജ്ജിന് പുറപ്പെട്ടു. അന്ന് കൊച്ചിയിലെ സുഹൃത്തുക്കളുടെ സ്നേഹം കവിഞ്ഞൊഴുകിയ ഒരു യാത്രയയപ്പ് ലഭിച്ചത് ഒരിക്കലും മറക്കുകയില്ല. അവരുടെ സ്നേഹം അനുഭവിച്ചപ്പോൾ ഞാൻ വികാരവിവശനായിപ്പോയി. വെല്ലിംഗ്ടൺ ഐലന്റിലെ റെയിൽവേ സ്റ്റേഷനിൽ ഫ്ളാറ്റുഫോം തിങ്ങി നിറഞ്ഞിരുന്നു. സ്നേഹസൗഹൃദത്തിന്റെ ഈ കവിഞ്ഞൊഴുകലിനെ രണ്ടാം സ്ഥാനത്തേക്ക് തള്ളിയ മറ്റൊരു സന്തോഷത്തിന്റെ രംഗം എന്റെ കണ്ണുകളെ ഈറനാക്കി. ഈദ് ഗാഹിന്റെ പ്രശ്നത്തിൽ എന്നെ അസഭ്യം പറയുകയും തടഞ്ഞുനിർത്തി ഭീഷണിപ്പെടുത്തുകയും ചെയ്ത ഒരു മദ്യപനെക്കുറിച്ച് ഞാൻ പറഞ്ഞിരുന്നില്ലേ? നൂറുകണക്കിന് സുഹൃത്തുക്കളുടെ നടുവിൽ യാത്ര പുറപ്പെടാൻ ഞാൻ ഒരുങ്ങിനിൽക്കുമ്പോൾ, അതാ ആ മനുഷ്യൻ ആളുകളെ തള്ളിമാറ്റി കരഞ്ഞുകൊണ്ട് എന്റെ നേരെ വരുന്നു. എന്റെ കൈപിടിച്ച് മാപ്പുപറഞ്ഞു. എന്റെ കൈചേർത്തു പിടിച്ചു ചുംബിച്ചു. എന്റെ പെട്ടി എടുത്ത് സ്വയം തലയിലേറ്റി മുമ്പേ നടന്നു. വല്ലാത്ത ഒരു രംഗമായിരുന്നു അത്. ഒരുപാട് പ്രാവശ്യം കുടുംബത്തെ വിട്ടുകൊണ്ട് ഞാൻ യാത്ര പോയിട്ടുണ്ട്. അന്നൊന്നും അനുഭവപ്പെട്ടിട്ടില്ലാത്ത ഒരു പ്രത്യേക വിതുമ്പൽ എന്റെ ഹൃദയത്തെ ബാധിച്ച ഒരവസരമായിരുന്നു അത്. ഞാൻ പ്രസംഗിക്കുന്നേടത്തെല്ലാം എന്നെ തെറിവിളിച്ച് ശത്രുത പ്രകടിപ്പിച്ച പലരും പലപ്പോഴായി വന്ന് തെറ്റ് ഏറ്റുപറഞ്ഞു എന്റെ ചങ്ങാതിമാരായി, എന്റെ സംരക്ഷകരായി എന്നോടൊത്ത് യാത്ര ചെയ്ത ധാരാളം അനുഭവങ്ങൾ വേറെയും കൊച്ചിയിലുണ്ടായിട്ടുണ്ട്. അവിടെ അധാർമികതകളിൽ പൂണ്ടുകിടക്കുന്ന

വരിലും നന്മയുടെ അംശങ്ങളുണ്ട്. ഒരുപാട് നന്മകളുള്ള ജനതയാണ് കൊച്ചിയിലേത്. ശത്രുത പലപ്പോഴും അവർക്ക് നൈമിഷികമാണ്. ഒരാപത്ത് വരുമ്പോൾ, ഒരു ദുഃഖം വരുമ്പോൾ എല്ലാം മറന്ന് ഓടിയെത്തി സഹായിക്കുന്നവരെ മറ്റൊരിടത്തും അധികം ഞാൻ കണ്ടിട്ടില്ല. സ്നേഹിച്ചാൽ ചങ്കുപറിച്ചുകൊടുക്കും എന്ന് പഴമക്കാർ പറയുന്നത് കൊച്ചിക്കാരെക്കുറിച്ചായിരുന്നുവോ എന്ന് എനിക്ക് തോന്നിയിട്ടുണ്ട്.

മാസികയുടെ ചുമതല ഹമീദിനെ ഏൽപിച്ച് ഞാൻ ഹജ്ജിനായി പോയി. വർഷങ്ങൾക്ക് ശേഷമുള്ള എന്റെ ചെന്നെത്തൽ അവിടത്തെ സുഹൃത്തുക്കളെ ആഹ്ലാദഭരിതരാക്കി. എന്റെയും നില മറിച്ചായിരുന്നില്ല. എന്റെ നാട്ടിലെ പ്രവർത്തനങ്ങളും പത്രത്തിന്റെ നടത്തിപ്പുമെല്ലാം അവരിൽ പലരും കുറച്ചൊക്കെ കേട്ടറിഞ്ഞിരുന്നു. കൂടുതൽ വിവരങ്ങൾ അറിയാൻ അവർ താൽപര്യപ്പെട്ടു. സ്വന്തമായി ഒരു പ്രസ്സ് സ്ഥാപിക്കാൻ പലരും എനിക്ക് സംഭാവന നൽകി. സ്വന്തം കെട്ടിടത്തിൽ തന്നെ പ്രസ്സ് സ്ഥാപിക്കാനുള്ള സൗകര്യവുമായിട്ടാണ് ഞാൻ മടങ്ങിയെത്തിയത്. ഫോർട്ട്കൊച്ചി കൽവത്തിയിൽ കൊച്ചി യതീംഖാന ആരംഭിച്ച ഇരുനില കെട്ടിടം പ്രസ്സിനു വേണ്ടി ഞാൻ വിലക്ക് വാങ്ങി. അതിന് മുമ്പ് തന്നെ ഇബ്റാഹീം സുലൈമാൻ സേട്ട് എം.പി. ചെയർമാനും ഞാൻ സെക്രട്ടറിയുമായി സൽസബീൽ ട്രസ്റ്റ് രൂപീകരിച്ചു. കുടുംബത്തിലും പുറത്തുമായി വേണ്ടപ്പെട്ടവരെല്ലാം ആ കമ്മിറ്റിയിൽ ഉണ്ടായിരുന്നു. പ്രസ്സിന് ആവശ്യമായ സാമഗ്രികൾ ഹമീദ് മദിരാശിയിൽ പോയി വാങ്ങി ലോറി പാർസലായി കൊച്ചിയിൽ എത്തിച്ചു. പ്രസ്സിന്റെ തൊട്ടടുത്തുണ്ടായിരുന്ന വോൾട്ടാസ് മൈതാനിയിൽ സജ്ജമാക്കിയ മഹാസദസ്സിൽവെച്ച് എം.ഇ.എസ്. അഖിലേന്ത്യാ പ്രസിഡണ്ടും എന്റെ ബഹുമാന്യ സുഹൃത്തുമായിരുന്ന ഡോ. പി.കെ. അബ്ദുൽ ഗഫൂർ സാഹിബ് ശ്രദ്ധേയമായ ഉദ്ഘാടന പ്രസംഗവും പ്രസ്സിൽ എത്തി അതിന്റെ സ്വിച്ച് ഓൺ കർമ്മവും നിർവ്വഹിച്ചു. ട്രസ്റ്റ് ചെയർമാൻ ഇബ്റാഹീം സുലൈമാൻ സേട്ട് സാഹിബിന് അടിയന്തിരമായി കൃത്യനിർവ്വഹണത്തിന് ദില്ലിയിൽ പോകേണ്ടിവന്നതിനാൽ അദ്ദേഹത്തിന്റെ അനുവാദത്തോടെ കാര്യങ്ങൾ നടന്നു. മദീനാ യൂണിവേഴ്സിറ്റി പ്രൊഫസർ സഅദുദ്ദീൻ മൗലവി, ഡോ. എം. ഉസ്മാൻ സാഹിബ്, എൻ.കെ.എ. ലത്തീഫ് സാഹിബ് തുടങ്ങിയവർ ചെറിയ പ്രഭാഷണങ്ങൾ നടത്തുകയും ചെയ്തു. ലത്തീഫ് സാഹിബിനെക്കുറിച്ച് രണ്ടു വാക്ക് എനിക്ക് പറഞ്ഞേ പറ്റൂ. എഴുത്തുകാരൻ, മികവുറ്റ സാംസ്കാരിക പ്രവർത്തകൻ എന്ന് ഞാൻ പറയുന്നത് ബോധപൂർവ്വമാണ്. മദ്യപാനികളും അഴിമതിക്കാരും വിദേശയാത്രയിൽ കാൾഗേളുമായി സല്ലപിച്ച സംഭവം വികാരഭരിതരായി പത്രത്തിൽ സാഹിത്യ വർണ്ണനകളോടെ എഴുതി

പ്പിടിപ്പിച്ചവരുമൊക്കെ സാംസ്കാരിക നായകന്മാരായി വാഴ്ത്തപ്പെടുന്ന നമ്മുടെ നാട്ടിൽ എല്ലാ ധാർമ്മിക മൂല്യങ്ങളും കൃത്യമായി പാലിച്ചുകൊണ്ട് ഇസ്ലാമിക സംസ്കാരത്തിന്റെ തിളങ്ങുന്ന ചിഹ്നമായി രാഷ്ട്രീയ-സാംസ്കാരിക മേഖലകളിൽ ശ്രദ്ധേയനായ എളിമയുള്ള മഹദ് വ്യക്തിത്വത്തിന്റെ ഉടമയാണ് ലത്തീഫ് സാഹിബ്. തൗഹീദിന്റെ മാഹാത്മ്യം ഉയർത്തിക്കാട്ടാൻ അവസരം ലഭിക്കുന്ന, അഥവാ സന്ദർഭം ഉണ്ടാകുന്ന ഏത് സദസ്സിലും തന്റെ കടമ അദ്ദേഹം നിർവ്വഹിക്കാതിരുന്നിട്ടില്ല.

1977ലാണ് എന്നാണോർമ്മ. എറണാകുളം മാസ് ഓഡിറ്റോറിയത്തിൽ വെച്ച് അഡ്വ. അബ്ദുറഹ്മാൻ സാഹിബിന്റെ മഹനീയ അദ്ധ്യക്ഷതയിൽ കൊച്ചി ഫ്രേഡേ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഒരു മഹാസദസ്സ് അരങ്ങേറി. ജമാഅത്ത്- മുജാഹിദ് സംവാദം. അടിയന്തിരാവസ്ഥയുടെ പര്യാവസാനം കുറിച്ച പൊതു തെരഞ്ഞെടുപ്പ് കഴിഞ്ഞ സന്ദർഭം. ജയിൽവാസ ദിവസങ്ങളിൽ വുളൂ ചെയ്യാൻ ആർ.എസ്.എസ്.കാർ വെള്ളം കൊടുത്തു എന്ന കാരണം പറഞ്ഞുകൊണ്ട് അവരുടെ അഖിലേന്ത്യാ പ്രസിഡണ്ടിനെ ജമാഅത്ത് നേതാക്കൾ എറണാകുളത്ത് വെച്ച് പൂമാലയിട്ട് സ്വീകരിച്ച നിന്ദ്യമായ നടപടിക്ക് ശേഷമാണ് ഈ സംവാദം. ജമാഅത്തുകാരോടൊപ്പം ജയിലിൽ കിടക്കാൻ കഴിയാത്തതിൽ പരസ്യമായി ഖേദം പ്രകടിപ്പിച്ച് എന്റെ ആദരണീയ സുഹൃത്ത് ഇബ്റാഹീം സുലൈമാൻ സേട്ട് സ്വയം തരംതാഴ്ന്ന ഘട്ടം. പരത്തിപ്പറയുന്നതിൽ വെറുപ്പ് തോന്നരുത്. ചില ചരിത്രവസ്തുതകൾ അയവിറക്കാൻ കൈവരുന്ന സന്ദർഭങ്ങൾ മാറ്റിവെച്ചാൽ പിന്നീട് ഓർമ്മകൾ മങ്ങുകയും ചിതറുകയും ചെയ്യുകയാണ്. സുലൈമാൻ സേട്ട് സാഹിബ് സ്വയം താഴ്ന്നപ്പോൾ അതൊരു മുങ്ങിച്ചാകുന്ന ദുരന്തമായി പരിണമിക്കുമെന്ന് ഒരിക്കലും വിചാരിച്ചില്ല. സേട്ടുവിന്റെ നൈമിഷികമായ വികാര പ്രകടനമായിട്ടേ വെറുപ്പോടെയാണെങ്കിലും ഞാൻ അത് കണക്കിലെടുത്തുള്ളൂ. പക്ഷെ, ജമാഅത്തുകാർ ഒരു കിനാവള്ളിപോലെ അദ്ദേഹത്തിന്റെ മനസ്സിനെയും ശരീരത്തേയും ചുറ്റിപ്പിടിക്കുകയായിരുന്നു. ഇന്ത്യൻ മുസ്ലിംകളുടെ മഹാനായ നേതാവായി ലോകത്ത് അദ്ദേഹം അറിയപ്പെട്ടിരുന്നു. ഇന്ത്യക്ക് പുറത്ത് പോയി വരുമ്പോഴൊക്കെ അദ്ദേഹം വിവാദപുരുഷനായിട്ടാണ് തിരിച്ചെത്തുക. മുസ്ലിംകൾ മതപരമോ സാമൂഹികമോ ആയ സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടു കഴിയുന്ന മുസ്ലിം രാഷ്ട്രങ്ങളിൽ ചെന്ന് സ്വാതന്ത്ര്യത്തിന്റെ രുചിഭേദങ്ങൾ വേണ്ടുവോളം ആസ്വദിക്കുന്ന ഇന്ത്യൻ മുസ്ലിംകളുടെ പീഡന കഥകൾ വിളമ്പി കുപ്രസിദ്ധനാകുക അദ്ദേഹത്തിന്റെ പതിവായിരുന്നു. എങ്കിലും നാനാഭാഗങ്ങളിൽ നിന്നും അദ്ദേഹത്തിനെതിരിൽ പാഞ്ഞുവരുന്ന ശരങ്ങൾ തടുത്തുകൊണ്ട് മുസ്ലിംലീഗ് പാർട്ടി അദ്ദേഹത്തിന് പരി

ചയും കവചവുമായി എന്നും നിലകൊണ്ടിരുന്നു. ബാബരി മസ്ജിദിന്റെ തകർച്ച മുസ്‌ലിം സമുദായത്തിനേറ്റ ഉണങ്ങാത്ത മുറിവ് തന്നെയാണ്. അതിനെ ഇന്ത്യൻ ജനാധിപത്യത്തിന്റെ ഹൃദയത്തിലേറ്റ മുറിവായി തന്നെ നാട്ടിലെ ബുദ്ധിജീവികളും മതേതരവാദികളുമായ അമുസ്‌ലിം സമൂഹവും തലകുലുക്കി സമ്മതിച്ചു. പീഡനം കൊണ്ട് പുളഞ്ഞ നമ്മുടെ സാംസ്കാരിക ഔന്നത്യത്തിന് ഈ പ്രതികരണം അനുകൂല ഘടകമായിരുന്നു. ആത്മസംയമനത്തിലൂടെയുള്ള പ്രതിഷേധങ്ങളുയർത്തി മതേതരവാദികളുടെ അനുകൂലഭാവത്തെ നമ്മോട് ചേർത്തു നിർത്തുന്നതിന് പകരം തീവ്രവാദികളുമായി കൂട്ടുചേർന്നു മുസ്‌ലിംകളെ നിയന്ത്രണാതീതമായ ഒരു വൈകാരികതലത്തിലേക്ക് മാറ്റുന്നതിനാണ് സുലൈമാൻ സേട്ട് അന്ന് മുന്നിട്ടിറങ്ങിയത്. അദ്ദേഹത്തെ വിചാരപരമായ സംയമനത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ സ്വന്തം പാർട്ടിയും കച്ചിമേമൻ സമുദായവും കണക്കിലേറെ പരിശ്രമിച്ചു. പ്രഗ്ത്ഭനും പക്വമതിയും സേട്ടിന്റെ അടുത്ത ബന്ധുവുമായ സാലെ മുഹമ്മദ് സേട്ട് തന്റെ വീട്ടിൽ അദ്ദേഹത്തെ വിരുന്നിന് ക്ഷണിച്ചുവരുത്തി മണിക്കൂറുകൾ ഇതിന്നായി ശ്രമിച്ച കാര്യം സാലേ സേട്ട് തന്നെ നിരാശയോടെ എന്നോട് പറഞ്ഞിട്ടുണ്ട്. രാഷ്ട്രീയത്തിൽ ദുർബ്ബലനായ ഞാനും ഒരിക്കൽ ഒന്നു തുടങ്ങി നോക്കി. അദ്ദേഹത്തിന്റെ ദേഷ്യം കണ്ടു ഭയന്നു പിന്മാറി. അദ്ദേഹത്തെ ചുറ്റിപ്പിടിച്ച കിനാവള്ളി പിടുത്തം മുറുക്കുകയും സിമി, എസ്.ഐ.ഒ. പിന്നെ പുതുമഴയ്ക്കു കിളിർത്ത തവരപോലെ കുറെ ഉപഗ്രഹങ്ങളും അദ്ദേഹത്തിനു ചുറ്റും കറങ്ങിക്കൊണ്ടിരുന്നു. മക്കൾ രാഷ്ട്രീയം പലരേയും തളർത്തുകയും തകർക്കുകയും ചെയ്തിട്ടുണ്ട്. ചിലരെ പറ്റെ വഷളാക്കുകയും ചെയ്തിട്ടുണ്ട്. ഇത് ഏത് വകുപ്പിലാണെന്ന് ഞാൻ പറയുന്നില്ല. ആദരിച്ചവർ തന്നെ അദ്ദേഹത്തെ അവമതിക്കുന്നത് കേൾക്കുമ്പോൾ ചങ്കിലാണ് വേദന. ഞാൻ വളരെ ആലോചിച്ചു. ലോകം ആദരിച്ച ഒരു വലിയ മനുഷ്യൻ ആരോരും ശ്രദ്ധിക്കാത്ത അഗണ്യകോടിയിലേക്ക് എറിയപ്പെട്ടത് ദുൻയാവിൽ തന്നെ ഒരു ശിക്ഷയാണല്ലോ. അദ്ദേഹത്തിന്റെ ആത്മാർത്ഥതയേക്കുറിച്ചോ നിസ്വാർത്ഥതയെ സംബന്ധിച്ചോ ആർക്കും സംശയമില്ല. എന്നിട്ടും എന്തേ ഇങ്ങനെ വന്നു? എനിക്ക് കിട്ടിയ ഉത്തരം ഞാൻ പറയാം. സമൂഹം അദ്ദേഹത്തിന്റെ കരങ്ങളിൽ ഏൽപിച്ച വിശ്വാസ്യതയ്ക്ക് അദ്ദേഹം ഭംഗം വരുത്തി. ഒരിക്കലല്ല, നിരന്തരമായി അത് ചെയ്തുകൊണ്ടിരുന്നു. ജമാഅത്തിന്റെ അഖിലേന്ത്യാ അമീർ മുഹമ്മദ് യൂസുഫ് സാഹിബിനോടൊപ്പം ജയിലിൽ കിടക്കാൻ കഴിയാത്തതിലുള്ള ദുഃഖം പരസ്യമായി അദ്ദേഹം പ്രകടിപ്പിച്ചല്ലോ. മനസ്സിൽ ഒളിച്ചുവെച്ചത് മറനീക്കി പുറത്തുചാടിയതാണ്.

ജമാഅത്തെ ഇസ്‌ലാമി അതിന്റെ ഒന്നാം തിയ്യതി മുതൽ പ്രധാന ശത്രുവായി മുസ്‌ലിംലീഗിനെയാണ് കണ്ടിരുന്നത്. അത് നാനാതരത്തിലും പരസ്യപ്പെടുത്താൻ അവർ ഒരിക്കലും മടിച്ചിട്ടില്ല. ആദ്യകാലങ്ങളിൽ ജിന്നാസാഹിബിന്റെ വ്യക്തിദൂഷ്യങ്ങൾ ഉയർത്തിപ്പിടിച്ച് പ്രചരിപ്പിച്ചു. സ്വാതന്ത്ര്യത്തിനു ശേഷം ത്വാഗൂത്തീ ഹുക്കൂമത്തിന് ദാസ്യവേല ചെയ്തുകൊണ്ട് തെരഞ്ഞെടുപ്പിൽ പങ്കെടുത്തും വോട്ടുചെയ്തും ചെയ്യിച്ചും മുസ്‌ലിംകളെ മുശ്‌രിക്കുകളാകുന്നുവെന്ന് ലീഗിനെ ആക്ഷേപിച്ചു. ചിലപ്പോഴൊക്കെ അധികാര രാഷ്ട്രീയത്തിന്റെ ചക്കരക്കുടത്തിൽ നിന്നും ഒരു സ്കൂളോ കോളേജോ വഖഫ് ബോർഡ് അംഗത്വമോ തട്ടിയെടുക്കാൻ ലീഗിനെ പുന്നാരിച്ചുനോക്കി. ബാബരി മസ്ജിദിന്റെ തകർച്ചക്കു ശേഷം അധികാരത്തിൽ നിന്ന് ലീഗ് വിട്ടുപോരരുത് എന്ന് ഉപദേശിക്കുകയും മറുഭാഗത്ത് സേട്ടുസാഹിബിന്റെ ശ്വാസനാളത്തിൽ ചുറ്റിപ്പിടിച്ച് ഒച്ചവെക്കുകയും ചെയ്തു. ഇങ്ങനെ നാടൻ ഭാഷയിൽ ഓന്തുരാഷ്ട്രീയം കളിച്ച് മൗദൂദികൾ ഇസ്‌ലാമിനെ അപകീർത്തിപ്പെടുത്താൻ ശ്രമിക്കുകയും സിമിക്കും മഅ്ദനിക്കും ആവശ്യത്തിന് ഊർജ്ജം നൽകാൻ കോളങ്ങൾ നിരത്തുകയും ചെയ്തു. മതത്തിന്റെയും സമുദായത്തിന്റെയും ശത്രുക്കളോട്, തന്നെ താനാക്കിയ മുസ്‌ലിംലീഗിന്റെ സ്ഥിരം ശത്രുക്കളോട് നിരന്തരമായ സുഹൃദ്ബന്ധം സ്ഥാപിച്ചുകൊണ്ട് പലപ്പോഴും അവരുടെ ചട്ടുകമായി നിന്നുകൊണ്ട് സേട്ട് പ്രവർത്തിച്ചിട്ടുണ്ട്. കേരളം വിട്ടാൽ, യു.പി, മഹാരാഷ്ട്ര, ഡൽഹി തുടങ്ങിയേടത്തെല്ലാം അദ്ദേഹത്തിന്റെ സുദൃഢബന്ധം ജമാഅത്ത് നേതാക്കളുമായിട്ടായിരുന്നു. ഇത് ജനങ്ങൾ ആദരവോടെ അദ്ദേഹത്തിൽ ഏൽപിച്ച വിശ്വാസ്യതയ്ക്ക് കളങ്കം ചാർത്തലായിരുന്നു. അമാനത്ത് (വിശ്വസ്തത) കാത്തുസൂക്ഷിക്കൽ ഉലുൽഅംറിന് നിർബന്ധമായ കാര്യമാണ്. അത് തെറ്റിക്കുന്നവർക്ക് ചിലപ്പോൾ ദുൻയാവിൽ വെച്ച് തന്നെ ശിക്ഷ ലഭിക്കും. പലരുടെയും അനുഭവങ്ങൾ എന്റെ മുമ്പിലുണ്ട്. ഞാൻ പേര് പറയുന്നില്ല. പക്ഷെ, അധികപേരും താൻപ്രമാണിത്വം എന്ന പൈശാചികതയ്ക്ക് വഴങ്ങി അത് ശിക്ഷയാണെന്ന് മനസ്സിലാക്കുകയില്ല. വാർദ്ധക്യവും അനാരോഗ്യവും നിമിത്തം ദുർബ്ബലമായ അവസ്ഥയിൽ എല്ലാ ആദരവുകളുടെയും സ്നേഹവാത്സല്യങ്ങളുടെയും നടുവിൽ ആത്മസംതൃപ്തിയോടെ കഴിയേണ്ടിയിരുന്ന എന്റെ ബഹുമാന്യ സുഹൃത്ത് സേട്ട് സാഹിബിന്റെ പതനത്തിൽ ഞാൻ അതീവ ദുഃഖിതനാണ്.

ഞാൻ പറഞ്ഞുവന്നത് എൻ.കെ.എ. ലത്തീഫ് സാഹിബിനെക്കുറിച്ചാണ്. എറണാകുളം ഫ്രൈഡേ ക്ലബ്ബ് വി.ഐ.പി.കളുടെ സംഗമമാണ്. അവർ ആദ്യം മാസ് ഓഡിറ്റോറിയത്തിൽ ഒരു ചർച്ചാ യോഗം സംഘടി

പ്പിച്ചു. 'ജമാഅത്തെ ഇസ്‌ലാമി ഇന്ത്യൻ രാഷ്ട്രീയത്തിൽ', വിഷയം ഇതായിരുന്നു. പ്രബന്ധാവതരണത്തിന് എ.എ. ഹമീദിനെയാണ് ക്ഷണിച്ചത്. കെ.സി.എം. മേത്തർ, ജസ്റ്റിസ് ശംസുദ്ദീൻ സാഹിബ്, എച്ച്.ഇ. മുഹമ്മദ് ബാബു, കൊച്ചിയിലെ പ്രമുഖ നേതാവായ ടി.കെ. മുഹമ്മദ് സാഹിബ് (ആലുവ), ജമാഅത്ത് അമീർ പ്രൊഫ. സിദ്ദീഖ് ഹസൻ സാഹിബിന്റെ ജ്യേഷ്ഠനും മഹാരാജാസ് കോളേജ് പ്രൊഫസറുമായിരുന്ന മുഹമ്മദ് സാഹിബ് തുടങ്ങിയ പൗരപ്രധാനികൾ അവിടെ സന്നിഹിതരായിരുന്നു. റിട്ട.ജഡ്ജി ശ്രീമതി ഫാത്തിമാ റഹ്മാന്റെ ഭർത്താവും എന്റെ സുഹൃത്തും പ്രമുഖ അഭിഭാഷകനുമായ അബ്ദുറഹ്മാൻ സാഹിബ് യോഗത്തിൽ അദ്ധ്യക്ഷനായിരുന്നു. ഇന്ത്യൻ രാഷ്ട്രീയത്തിൽ മതത്തിന്റെ മറവിൽ നിലനിൽക്കുന്ന ഒരു കള്ളനാണയമാണ് ജമാഅത്തെ ഇസ്‌ലാമി എന്ന് സമർത്ഥിക്കുന്നതായിരുന്ന ഹമീദിന്റെ പ്രബന്ധം. തുടർന്നുള്ള ചർച്ചയിൽ പങ്കെടുത്തു മാസ്റ്റർ അൽപം സംസാരിച്ചു. അതിന്റെ സംക്ഷിപ്ത രൂപം ഇങ്ങനെയായിരുന്നു: ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ച് ഒരു ഓപ്പറേഷന് ഞാനില്ല. എന്റെ സ്വന്തം ഒരനുഭവം പറയാം. അടിയന്തിരാവസ്ഥയുടെ ആരംഭത്തിൽ കൊച്ചിയിലെ ജമാഅത്ത് പ്രവർത്തകരായ കുറച്ചുപേരെ പോലീസ് അകത്താക്കി. എല്ലാവരേയും എനിക്ക് നേരിട്ടറിയാം. സാധുക്കളും മര്യാദക്കാരുമാണ്. ഭീകരവാദം എന്ന വാക്കു തന്നെ അവർ കേട്ടിട്ടുമുണ്ടാവില്ല. പുറത്തുള്ളവർ എന്റെ സഹായം തേടിവന്നു. എന്റെ സ്വാധീനത്തിൽ അടുത്ത ദിവസം തന്നെ എല്ലാവരും ജാമ്യത്തിലിറങ്ങി. 18 മാസങ്ങൾക്ക് ശേഷം പൊതു തെരഞ്ഞെടുപ്പുണ്ടായി. മട്ടാഞ്ചേരിയിൽ ഞാൻ കോൺഗ്രസ്സിന്റെ സ്ഥാനാർത്ഥിയായി. പ്രചാരണം മുന്നേറുകയാണ്. ഒരു ദിവസം കുറെ ജമാഅത്തുകാർ എന്റെ വീട്ടിൽ വന്നു. അവർ പറഞ്ഞു; ഞങ്ങളുടെ അഖിലേന്ത്യാനയം കോൺഗ്രസ്സിനെ വിട്ടുവീഴ്ചയില്ലാതെ എതിർക്കലാണെന്ന് മാസ്റ്റർക്ക് അറിയുമല്ലോ. എന്നാൽ മട്ടാഞ്ചേരിയിൽ ചില വ്യത്യാസം ഉണ്ടായിരിക്കും. മാസ്റ്റർ പ്രതിസന്ധിഘട്ടത്തിൽ ഞങ്ങളെ സഹായിച്ചിട്ടുണ്ട്. ആ കടപ്പാട് ഞങ്ങൾ മറക്കുകയില്ല. (ജിഹാദിനിടയിൽ ഒരവസരവാദം). ഞങ്ങൾക്ക് മട്ടാഞ്ചേരിയിൽ എണ്ണൂറു വോട്ടുകളുണ്ട്. അത് ഞങ്ങൾ മാസ്റ്റർക്ക് തരും. ഹോ! പത്ത് പൈസ ചെലവില്ലാതെ എണ്ണൂറു വോട്ടുകൾ! ഞാൻ സന്തോഷിച്ചു. നന്ദി പറഞ്ഞു. അവർ പോയി. തെരഞ്ഞെടുപ്പിനു രണ്ടു നാൾ ബാക്കിയുള്ളപ്പോൾ അവർ സ്ത്രീകളടക്കം വീടുകൾ തോറും കയറി എനിക്കെതിരിൽ പ്രചാരണം നടത്തുകയും എനിക്കെതിരിൽ വോട്ടു രേഖപ്പെടുത്തുകയും ചെയ്തു. ഇതാണ് ഞാൻ അറിയുന്ന ജമാഅത്തെ ഇസ്‌ലാമി. ചിരിയും ചിന്തയും ഇടകലർന്ന ഒരു

രംഗമായി സദസ്സ് മാറിയപ്പോൾ ജമാഅത്ത് നേതാവ് ടി.കെ. മുഹമ്മദ് സാഹിബ് എഴുന്നേറ്റ് പറഞ്ഞു: മാസ്റ്റർ പറഞ്ഞത് ശരിയാണ്. അവർ ചെയ്തത് തെറ്റാണ്. അത് ഞങ്ങളുടെ ചർച്ചയിലാണിപ്പോൾ. പലർക്കും ചർച്ചയിൽ മിനിറ്റുകൾ മാത്രമാണ് അനുവദിക്കുന്നത്. ഈ വിഷയം ഞങ്ങളുടെ ഭാഗത്തുനിന്ന് അവതരിപ്പിക്കാൻ അവസരം വേണം. അദ്ധ്യക്ഷൻ പ്രബന്ധാവതാരകനോട് ആലോചിച്ചു. അദ്ദേഹം സമ്മതിച്ചു. ഒരു നിബന്ധനയോടെ. മറുപടി പ്രസംഗം മാറ്റിവെക്കുന്നു. ആ ചർച്ചയ്ക്കു ശേഷമാകാം. അവരും അതു സമ്മതിച്ചു. തുടർന്നുള്ള രണ്ടാം വെള്ളിയാഴ്ച സദസ്സ് വീണ്ടും അരങ്ങേറി. ജമാഅത്തിന്റെ ഭാഗത്തുനിന്ന് നാലു പ്രമുഖ പ്രഭാഷകർ. ഇപ്പുറത്ത് ഹമീദ് മാത്രം. ആലപ്പുഴ സ്വദേശി ഹസ്സൻ ബാവ മാസ്റ്റർ പ്രബന്ധം അവതരിപ്പിച്ചു. ജമാഅത്തിന്റെ അക്കാലത്തെ അടിപൊളി പ്രാസംഗികനായ സി.കെ.ബി. വാളൂർ, എടവനക്കാട് സ്കൂളിലെ അദ്ധ്യാപകനും വളാഞ്ചേരിക്കാരനുമായ ആലിക്കുട്ടി മൗലവി, കൊച്ചിക്കാരൻ കെ.യു. ഹംസ എന്നിവർ തുടർന്നു പ്രസംഗിച്ചു. ആർക്കും അദ്ധ്യക്ഷൻ സമയപരിധി നിശ്ചയിച്ചില്ല. ആ സദസ്സിൽ ഒറ്റയാനായിരുന്ന ഹമീദിനെ പിന്തുണക്കാൻ ഹമീദിന്റെ അഭ്യർത്ഥന പ്രകാരം എൻ.കെ.എ. ലത്തീഫ് സാഹിബ് കയറി നിന്നു. വിജ്ഞാന പ്രൗഢമായ ഒരു കൊച്ചു പ്രസംഗം ചെയ്തു. സത്യത്തിനു വേണ്ടി ശബ്ദിക്കേണ്ട ഒരു രംഗം വന്നപ്പോൾ അദ്ദേഹം പ്രകടിപ്പിച്ച ആദർശബോധവും ധീരതയും ഞാൻ എപ്പോഴും ഓർക്കാറുണ്ട്.

ഈ സംവാദ കഥയിൽ രസകരമായ പലതുമുണ്ട്. അതിൽ ചിന്താർഹമായതുമുണ്ട്. ഹമീദ് മറുപടി പ്രസംഗത്തിന്നായി നിന്ന ഉടനെ കുടിക്കാൻ വെള്ളം ചോദിച്ചു. സദസ്സിലുണ്ടായിരുന്ന ജമാഅത്തുകാർ അത് കേട്ട് കൂട്ടച്ചിരിയുയർത്തി, വെള്ളം കുടിപ്പിച്ചു എന്ന ഭാവത്തിൽ. ആ ചിരിയെ സാധൂകരിക്കുന്ന വാക്കുകളുമായിട്ടാണ് ഹമീദ് സംസാരം ആരംഭിച്ചത്. “ഇങ്ങനെയൊരു സാഹചര്യവും ഇത്തരം ഒരു സദസ്സും ഇതിനു മുമ്പ് അഭിമുഖീകരിക്കേണ്ടിവന്നിട്ടില്ല. അതിന്റെ പരിഭ്രമത്തിൽ വെള്ളം കുടിച്ചുപോയി.” എന്ന് പറഞ്ഞപ്പോൾ പരിഹാസവും ആഹ്ലാദവും കലർന്ന ചിരി വീണ്ടുമുയർന്നു. തുടർന്ന് മുൻവരിയിൽ സ്ഥലം പിടിച്ചിരുന്ന തന്റെ സുഹൃത്ത് ഹംസ മാസ്റ്റർക്ക് നേരെ ഹമീദ് കൈനീട്ടി. മാസ്റ്റർ ഒരു പുസ്തകക്കെട്ട് കയ്യിൽ കൊടുത്തു. ജമാഅത്ത് സാഹിത്യങ്ങളായിരുന്നു അത്. പുസ്തകങ്ങൾ ഓരോന്നായി എടുത്ത് മൗദൂദിയുടെയും ജമാഅത്തിന്റെയും അനിസ്ലാമികവും അബദ്ധജഡിലവുമായ പ്രസ്താവനകൾ ഒന്നൊന്നായി വായിക്കുകയും വിമർശിക്കുകയും ചെയ്തുവന്നതോടെ സദസ്സിന്റെ പല ഭാഗത്തുനിന്നും അവർ എഴുന്നേറ്റ് ബഹളം വെക്കാൻ തുടങ്ങി. അപ്പോൾ

അദ്ധ്യക്ഷൻ തന്റെ കടമ യഥാവിധി നിർവ്വഹിച്ചു. ശക്തിയായി താക്കീത് ചെയ്യുകയും സദസ്സിന്റെ മര്യാദ പാലിച്ചില്ലെങ്കിൽ പുറത്താക്കേണ്ടിവരുമെന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്തു. വെള്ളം കുടിപ്പിച്ചു എന്ന അഹങ്കാരത്തിൽ ആഹ്ലാദിച്ചുല്ലസിച്ചവർ ഹമീദിന്റെ മറുപടി പ്രസംഗം ഏൽപിച്ച ആഘാതത്തിൽ തൊണ്ടവരണ്ട് മരവിച്ചുപോയി. കെ.യു. ഹംസ തന്റെ പ്രസംഗത്തിൽ വലിയ ഗർവ്വോടെ ഒരു ചോദ്യം ഉന്നയിച്ചിരുന്നു. ചർച്ചാവിഷയവുമായി ബന്ധമില്ലാത്ത കാര്യമായതിനാൽ അതിന് താനിപ്പോൾ മറുപടി പറയുന്നില്ലെന്ന് ഹമീദ് പറഞ്ഞു. ചോദ്യമിതായിരുന്നു "മുഹ്യിദ്ദീൻ ശൈഖിനെ വിളിച്ച് തേടുന്നത് ശിർക്കാണെന്ന് മുജാഹിദുകൾ വാദിക്കുന്നുണ്ടല്ലോ. അങ്ങനെയാണെങ്കിൽ നമ്മുടെ കാക്കകാരണവന്മാരെല്ലാം നരകത്തിലായിരിക്കുമല്ലോ. അതേക്കുറിച്ച് എന്തു പറയുന്നു?" ചുരുക്കത്തിൽ അവർ പറ്റെ വഷളായി. അതിൽ നിന്നും ഊരിച്ചാടാൻ യോഗാവസാനം മറ്റൊരു വാദവുമായി വീണ്ടും അവർ മുന്നോട്ടു വന്നു. മുജാഹിദ് ജമാഅത്ത് കക്ഷികൾക്കിടയിലെ അടിസ്ഥാനഭിന്നത ഇബാദത്ത് എന്നതിലാണ്. അതുകൊണ്ട് ഇബാദത്ത് ചർച്ചാവിഷയമാക്കാൻ ഇവർ ഒരുക്കമുണ്ടോ? ഒരു വെല്ലുവിളിയുടെ ഭാവത്തിൽ പുറപ്പെട്ട ഈ ചോദ്യത്തിന് ഒരുക്കമാണ് എന്ന് ഹമീദ് ഉടനെ മറുപടി പറഞ്ഞു. അപ്പോൾ തന്നെ തിയ്യതി നിശ്ചയിക്കപ്പെട്ടു. മറ്റൊരു വെള്ളിയാഴ്ച.

ജമാഅത്ത് ഭാഗത്ത് നിന്നും പ്രൊഫ. മുഹമ്മദ് സാഹിബും കെ.യു. ഹംസയും നമ്മുടെ ഭാഗത്തു നിന്ന് ഹമീദും സ്വയം തയ്യാറായി. രണ്ടാമത്തെ പ്രതിനിധിയെ പിന്നീട് അറിയിക്കാമെന്ന് പറഞ്ഞു. ഞാൻ പുതിയ പള്ളിയിലെ ഖത്വീബ് സ്ഥാനം ഒഴിഞ്ഞ സമയമായിരുന്നു അത്. പകരം സി.പി. ഉമർ സുല്ലമിയാണ് കൃത്യം നിർവ്വഹിച്ചുപോന്നത്. അദ്ദേഹം ഖുത്വ്ബ നടത്തി തിരിച്ചുപോകും. ഹമീദ് ഉമർ സുല്ലമിയോട് തന്റെ പങ്കാളിയാകാൻ അഭ്യർത്ഥിച്ചു. ആദ്യം അദ്ദേഹം മടിച്ചു നിന്നു. വിഷയസംബന്ധമായി കൂടുതൽ പഠിക്കാൻ കഴിഞ്ഞിട്ടില്ലെന്ന ശങ്കയായിരുന്നു സുല്ലമിക്ക്. ഒരു പണ്ഡിതന്റെ പങ്കാളിത്തം തനിക്ക് വേണമെന്ന് ഹമീദ് നിർബന്ധിച്ചപ്പോൾ അദ്ദേഹം സമ്മതിച്ചു. ജനനിബിഡമായ സദസ്സ് മാസ് ആഡിറ്റോറിയത്തിൽ സജ്ജമായി. ആദ്യം മുഹമ്മദ് സാഹിബ് പ്രസംഗിച്ചു. ഓരോരുത്തർക്കും നാല്പത്തഞ്ചു മിനിറ്റുകളാണ് അനുവദിച്ചത്. മിതത്വം നിറഞ്ഞ ഭാഷയിലാണ് മുഹമ്മദ് സാഹിബ് സംസാരിച്ചത്. എങ്കിലും വ്യക്തിപരമായി എന്റെ നേർക്ക് അമ്പ് എയ്തുവിടാൻ അദ്ദേഹം മറന്നില്ല. ശേഷം സി.പി. സംസാരിച്ചു. മിതവും മാന്യരൂപമായ ശൈലിയിൽ തന്നെ സി.പി. വസ്തുനിഷ്ഠമായ മറുപടി പറഞ്ഞു. അര മണിക്കൂർകൊണ്ട്

അദ്ദേഹം മതിയാക്കുകയും ചെയ്തു. ശേഷം തികച്ചും ആക്രമണസ്വഭാവത്തിലാണ് കെ.യു. ഹംസ അരങ്ങ് തകർത്തത്. മുജാഹിദ് പ്രസ്ഥാനത്തെ തെല്ലൊന്ന് തലോടിയും എന്നെ കഠിനമായി ആക്ഷേപിച്ചും തന്റെ സമയം അദ്ദേഹം പൂർത്തീകരിച്ചു. തുടർന്ന് തികച്ചും പ്രത്യാക്രമണത്തിന്റെ വീറോടും കെൽപോടും കൂടി തന്നെ ഹമീദ് തന്റെ പ്രഭാഷണം തുടങ്ങി. വ്യാജനിബിഡവും അടിസ്ഥാനരഹിതവുമായ മൗദൂദിസത്തിന്റെ വാദങ്ങളെയും കെ.യു. ഹംസയുടെ ആക്ഷേപങ്ങളെയും അവരുടെ രചനകളുടെ പിൻബലത്തോടെ തന്നെ ഹമീദ് തല്ലിച്ചതച്ചു. ഒരു സെക്കന്റു പോലും ഇടവേളയില്ലാതെ നിർഗളിച്ച അർത്ഥ സംപുഷ്ടമായ പ്രഭാഷണം സദസ്സിന് ഉന്മേഷം നൽകി. പ്രസംഗം അവസാനിപ്പിച്ചുകൊണ്ട് ഹമീദ് അതീവ ഗൗരവത്തോടെ പറഞ്ഞ വാക്കുകൾ വലിയ കൈയ്യടിയോടെയാണ് സദസ്സ് ഏറ്റുവാങ്ങിയത്. അത് ഇപ്രകാരമായിരുന്നു. “മുൻ കഴിഞ്ഞ സംവാദ സദസ്സിൽ കെ.യു. ഹംസ ഒരു ചോദ്യം ഞങ്ങൾക്ക് നേരെ ഗർവ്വോടെ ഉയർത്തിയിരുന്നു മുഹ്‌യിദ്ദീൻ ശൈഖിനെ വിളിച്ച് പ്രാർത്ഥിച്ചിരുന്ന നമ്മുടെ കാക്കകാരണവന്മാരുടെ സ്ഥിതിയെന്ത്? ഈ ചോദ്യത്തിന് ഒറ്റവാക്കിൽ ഞാൻ മറുപടി പറയുന്നു. മൂസാ നബിﷺയോട് ഫിർഔൻ ചോദിച്ച ചോദ്യമാണിത്. അത് എന്റെ റബ്ബ് തീരുമാനിക്കും എന്ന് മൂസാനബി മറുപടി പറഞ്ഞു. മൂസാ നബിﷺയോട് ഫിർഔൻ ചോദിച്ച അതേ ചോദ്യം ജമാഅത്തുകാർക്ക് ഇപ്പോൾ ഞങ്ങളോട് ചോദിക്കേണ്ടി വന്നുവല്ലോ. ഇത് തന്നെ മതി നിങ്ങൾ എവിടെ നിൽക്കുന്നു, ഞങ്ങൾ എവിടെ നിൽക്കുന്നു എന്ന് മനസ്സിലാക്കാൻ”. പ്രസംഗം തീർന്നു. വമ്പിച്ച കയ്യടി ഉയർന്നു. പരിപാടി അവസാനിച്ചു. ജമാഅത്തുകാരുടെ പൂതിയും തീർന്നു.

ഓർമകളുടെ തീരത്ത്

## 48

# ദാറുൽ ഇഫ്താഇലെ നിയമനം

കൊച്ചിയിൽ നിന്നുള്ള ആദ്യത്തെ ഹജ്ജ് യാത്ര കഴിഞ്ഞെത്തിയപ്പോഴാണ് സൽസബീൽ പ്രസ്സുണ്ടായത്. അതിനുമുമ്പ് കുറച്ചു ലക്കങ്ങൾ കൊച്ചി മുജാഹിദീൻ ട്രസ്റ്റിന്റെ വകയായ ഓറിയന്റൽ പ്രിന്റേഴ്സിൽ നിന്നാണ് തയ്യാർ ചെയ്തിരുന്നത്. അവിടെ അറബി ടൈപ്പ് ഉണ്ടായിരുന്നത് ഒരു വലിയ സൗകര്യമായിരുന്നു. ചില അറബി ലേഖനങ്ങൾ ഉൾപ്പെടുത്താനും അത്യാവശ്യം ആയത്തുകളും ഹദീസുകളും അച്ചടിച്ചു

ചേർക്കാനും ഇതുമൂലം കഴിഞ്ഞു. ഞാൻ പ്രസ്സ് ആരംഭിക്കുന്നതോടൊപ്പം മുജാഹിദീൻ ട്രസ്റ്റിന്റെ കീഴിലുള്ള പ്രസ്സ് നിർത്തുകയായിരുന്നു. ഈ പ്രസ്സിലാണ് അക്കാലത്ത് അൽമനാർ മാസികയുടെ അച്ചടി നടന്നിരുന്നത്. അച്ചടി പൂർത്തിയായാൽ കെട്ടുകൾ കോഴിക്കോട്ടേക്ക് അയക്കുകയും അവിടെ നിന്നും വരിക്കാർക്ക് പോസ്റ്റു ചെയ്യലുമായിരുന്നു പതിവ്. ഫിഷറീസ് കമ്പനികൾക്ക് ആവശ്യമായ കാർട്ടൻസ് നിർമ്മാണത്തിനുള്ള ഒരു ബോക്സ് കമ്പനിയും ട്രസ്റ്റിന്റെ കീഴിൽ നടന്നിരുന്നു. സാലെ സേട്ടുവിന്റെ ഇൻഡോ മറൈൻ ഏജൻസീസ് തന്നെ ഇത് വിലക്കെടുക്കും. അന്ന് കമ്പനിക്കാവശ്യമായ ബോക്സുകൾ നൽകാൻ ഈ സ്ഥാപനത്തിന് കഴിയുമായിരുന്നില്ല. അത്രയ്ക്കധികമായിരുന്നു ഇൻഡോ മറൈൻ ഏജൻസീസിന്റെ ആവശ്യം. സംഗതി വശാൽ ഇൻഡോ മറൈൻ വ്യവസായ രംഗത്ത് തകർച്ചയെ നേരിടുകയും സാലേ സേട്ട് സാമ്പത്തിക ക്ലേശത്തിലകപ്പെടുകയും ചെയ്തതോടെ ഈ സ്ഥാപനങ്ങളും ക്ഷയിച്ചു. സേട്ടുവിന്റെ ചുമലിലായിരുന്നു ട്രസ്റ്റിന്റെ നടത്തിപ്പ് ഭാരം ഉണ്ടായിരുന്നതെന്നർത്ഥം. ഓറിയന്റൽ പ്രിന്റേഴ്സ് വിൽക്കാൻ തീരുമാനിച്ചപ്പോൾ അറബി ടൈപ്സ് സേട്ട് സാഹിബ് സൽസബീലിന് സംഭാവനയായി നൽകി. ഞാൻ ആവശ്യപ്പെടാതെ നൽകിയതാണിത്. ഇത്രയേറെ നിസ്വാർത്ഥമായും സന്തോഷത്തോടെയും ദീനിനു വേണ്ടി ധനം ചെലവ് ചെയ്ത പണക്കാരെ വളരെ കുറച്ചേ എനിക്ക് പരിചയമുള്ളൂ. പ്രസ്ഥാനം താങ്ങി നിന്നപ്പോഴും തന്റെ ഏതെങ്കിലും അഭിപ്രായങ്ങൾ സംഘടനയിൽ അടിച്ചേൽപിക്കാൻ അദ്ദേഹം ശ്രമിച്ചതായി എനിക്കറിയില്ല. പലരും ധനം ചെലവഴിക്കുമ്പോൾ അതിന്റെ പരിഗണന ദുൻയാവിൽ തന്നെ ഇച്ഛിക്കുന്നതും ഞാൻ കണ്ടിട്ടുണ്ട്.

സൽസബീൽ നടത്തിപ്പിനുള്ള കൂടുതൽ സൗകര്യങ്ങളും സഹായങ്ങളും ലഭ്യമായതിനു പുറമെ മറ്റൊരു നേട്ടവും ആ ഹജ്ജ് യാത്രയിൽ ഉണ്ടായി. കേരളത്തിലെ എന്റെ പ്രബോധനപ്രവർത്തനങ്ങൾക്ക് ദാറുൽ ഇഫ്താഇന്റെ ഔദ്യോഗിക അംഗീകാരം ലഭിക്കുകയും എന്നെ അവരുടെ പ്രബോധകനായി നിയമിക്കുകയും ചെയ്തു. ചെയർമാനായ ശൈഖ് ഇബ്നു ബാസിന്റെ പ്രത്യേക താൽപര്യ പ്രകാരമായിരുന്നു ഈ നിയമനം. പിന്നീടുള്ള എന്റെ പ്രവർത്തനങ്ങൾക്ക് ഇത് വലിയ താങ്ങും തണലുമായി. ശൈഖവർകൾക്ക് അല്ലാഹു മഹത്തായ പ്രതിഫലം നൽകുമാറാകട്ടെ. എന്റെ ജോലിയും ഉത്തരവാദിത്തവും ഇതോടെ വർദ്ധിച്ചു. പുതിയപള്ളിയിലെ ഇമാമിന്റെയും ഖത്വീബിന്റെയും ചുമതലയിൽ സ്ഥിരമായി കൊച്ചിയിൽ തന്നെ കഴിയുക അസാധ്യമായി. ഇമാമിന്റെ സ്ഥാനം ഒഴിഞ്ഞു. അത്

പി.എം. അബ്ദുൽ ഖാദിർ മൗലവിയെ ഏൽപിച്ചു. ഖുത്ബക്ക് വെള്ളി യാഴ്ച എത്തുന്ന മുറയിലായി. കുറെ കഴിഞ്ഞപ്പോൾ അതും പാലിക്കാൻ കഴിയാതെ വന്നു. അപ്പോൾ കുടുംബത്തെ വീണ്ടും തിരൂർക്കാട്ടേക്ക് മാറ്റി. കൂടാതെ വർഷംതോറും ഹജ്ജ് കാലത്ത് സുഊദിയിലേക്ക് പോകേണ്ട തായും വന്നു. അങ്ങനെ ഖത്വീബ് സ്ഥാനവും ഒഴിഞ്ഞു. അപ്പോഴാണ് സി.പി. ഉമർ സുല്ലമി തൽസ്ഥാനത്ത് നിയോഗിതനായത്. ഒരു വർഷം അദ്ദേഹം ഈ ചുമതല നിറവേറ്റി. ഒരു റമളാനിൽ പൂർണ്ണമായും അദ്ദേ ഹം പുതിയപള്ളിയിൽ തന്റെ സേവനം അർപ്പിക്കുകയും ചെയ്തു. റമളാ നിൽ എല്ലാ ദിവസവും ഉച്ചയ്ക്ക് പള്ളിയിൽ നടന്നിരുന്ന പഠനക്ലാസുകൾ ശ്രോതാക്കൾക്ക് ഏറ്റവും മികച്ച സദ്യതന്നെയായിരുന്നു.

മാസികയുടെ അച്ചടിയും പ്രസ്സിന്റെ നടത്തിപ്പും സൗകര്യപ്രദമാക്കാ ൻ പ്രസ്സ് കെട്ടിടത്തിൽ തന്നെ ഹമീദും കുടുംബവും എന്റെ ആവശ്യപ്ര കാരം താമസമാക്കിയത് ഈ പ്രവർത്തനത്തിന് ഏറെ സഹായകമായി. അടിയന്തരാവസ്ഥ ഇന്ത്യയെ വരിഞ്ഞുമുറുക്കിയ കാലമായിരുന്നു അത്. ഞാൻ ഹജ്ജിന് പോയി. പോകുമ്പോൾ ഇബ്റാഹീം സുലൈമാൻ സേട്ട് സാഹിബ് എനിക്ക് ഒരു ഉപദേശം നൽകി. സുഊദിയിൽ നിന്നും വല്ല സംഭാവനയും കിട്ടിയാൽ കൃത്യമായ രേഖയോട് കൂടിയേ നാട്ടിലേക്ക് കൊണ്ടുവരാവൂ. ഡ്രാഫ്റ്റായി തന്നെ വേണം. അങ്ങനെ ഞാൻ പോയി. തിരിച്ചെത്തിയത് കൊച്ചിയിലേക്കാണ്. അന്ന് പള്ളിയിലെ ചുമതല മുഴു വനായി ഒഴിഞ്ഞിട്ടില്ലായിരുന്നു. വരുന്ന വിവരം അറിയിച്ചതനുസരിച്ച് ഭാര്യ കൊച്ചിയിലെത്തിയിരുന്നു.

വന്നെത്തിയ പിറ്റേന്ന് ളുഹർ നമസ്കാരം കഴിഞ്ഞ് എച്ച്.ഇ. മുഹമ്മദ് ബാബു സേട്ടുവിന്റെ പിതാവ് മർഹൂം ഹാജി ഈസ്സാഹാജി അബ്ദുൽ സത്താർ സേട്ടു (കിക്കീ സേട്ട്)വിന്റെ ആഫീസിലേക്ക് ഞാൻ പോയി. പള്ളിയുടെ തൊട്ടടുത്താണ് ആഫീസ്. അദ്ദേഹവുമായി കാണേണ്ട പ്ര ത്യേക ആവശ്യമുണ്ടായിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ പള്ളിയിൽ നി ന്നൊരാൾ തിരക്കിവന്നിട്ടു പറഞ്ഞു. “മൗലവിയെ കാണാൻ നാട്ടിൽ നിന്ന് മൂന്നുനാല് കാറുകളിലായി കുറെ പേർ വന്നിട്ടുണ്ട്” ഞാൻ ഉടനെ ചെന്നു. ഒരു വലിയ സംഘം പള്ളി മുറ്റത്ത് നിൽക്കുന്നുണ്ട്. ആരെയും മുഖപരിചയം പോലുമില്ല. കാഴ്ചയിൽ സർക്കാർ ഉദ്യോഗസ്ഥന്മാരാ ണെന്ന് തോന്നി. അടുത്ത് ചെന്ന് സ്വയം പരിചയപ്പെടുത്തി. അവരി ങ്ങോട്ടും പരിചയപ്പെടുത്തി. ഞാൻ ഭയന്നുപോയി! ഇന്റലിജൻസ്, എൻ ഫോഴ്സ്മെന്റ് വിഭാഗത്തിൽ പെട്ട പതിനെട്ട് ഉദ്യോഗസ്ഥർ. യൂണിഫോ മിലല്ലാത്ത പോലീസ് ഓഫീസർമാരും ഉണ്ടായിരുന്നുവെന്ന് തോന്നി.

മിക്കവരും മലയാളികളല്ല. ബംഗാൾ, ബോംബെ, തമിഴ്നാട് സംസ്ഥാന ങ്ങളിൽ നിന്നുള്ളവർ. സംഘത്തിന്റെ ലീഡർ മലയാളിയായിരുന്നു. ഒരു മിസ്റ്റർ... നായർ. തിരുവനന്തപുരത്തുകാരനാണെന്ന് പിന്നീട് മനസ്സിലായി.

എന്നെയും താമസിക്കുന്നിടവും ഫോർട്ടുകൊച്ചിയിൽ പ്രവർത്തിക്കു ന്ന സൽസബീൽ പ്രസ്സും സമഗ്രമായ പരിശോധനയ്ക്കു വിധേയമാക്കു ന്നതിനുള്ള അടിയന്തിര ഉത്തരവിന്റെ വെളിച്ചത്തിൽ വന്നതായിരുന്നു അവർ. ആവശ്യമെന്നു കണ്ടാൽ എന്നെ ഉടൻ അറസ്റ്റിലാക്കി 'മിസ' പ്രകാരം തടവിലാക്കാനുള്ള ജില്ലാ കലക്ടറുടെ മുൻകൂർ വാറണ്ടും അവ രുടെ പക്കലുണ്ടായിരുന്നു. അടിയന്തരാവസ്ഥയിൽ ജാമ്യമില്ലാത്ത തട വിന് 'മിസ' എന്ന് പറഞ്ഞിരുന്നു. അതിന്റെ മുഴുവൻ പേർ ഇന്നും എനി ക്കറിയില്ല. ഞാൻ അവരെയും കൂട്ടി താമസസ്ഥലത്തേക്കു നടന്നു. പള്ളി കോമ്പൗണ്ടിലെ മദ്റസയുടെ താഴ്ഭാഗത്ത് തന്നെയാണ് താമസം. ഞൊ ടിയിടയിൽ താമസസ്ഥലം അവരുടെ വലയത്തിലായി. പരിശോധന തുട ങ്ങി. പെട്ടികൾ, ബാഗുകൾ, പുസ്തകങ്ങൾ, കത്തുകൾ, കീറിയിട്ട കടലാ സുകൾ, കിടക്കുന്ന ബെഡ്ഡും അതിന്റെ കീഴ്ഭാഗവും എന്നുവേണ്ട, ഓരോ ഇഞ്ചും അരിച്ചു പെറുക്കിയുള്ള പരിശോധന. പുറത്തുപോകാൻ അനുവാദമില്ല, പുറത്തുനിന്ന് ആർക്കും അങ്ങോട്ട് കടന്നുവരാനും സാധ്യമല്ല. ഞാൻ ഉച്ചഭക്ഷണം കഴിച്ചിരുന്നില്ല. അതിനും അനുവാദമില്ല. പള്ളിമുറ്റത്ത് പോലും ആരെയും നിൽക്കാൻ സമ്മതിക്കുന്നില്ല. ജീവിത ത്തിലെ ആദ്യ അനുഭവം! പുറത്ത് റോഡിൽ നിരന്നു കിടക്കുന്ന വണ്ടി കളും അകത്തെ ദുരൂഹമായ സ്ഥിതിയും ചോദ്യം ചെയ്യപ്പെടാത്ത അടിയ ന്തരാവസ്ഥയുടെ ഭീതിജനകമായ സാഹചര്യവും! എല്ലാംകൂടി വാർത്ത കൾ എന്തൊക്കെയോ പുറത്ത് പരന്നിരിക്കണം. റോഡിൽ ആളുകൾ കൂടിത്തുടങ്ങി. പിന്നീടറിഞ്ഞതാണ്. അടക്കം പറച്ചിൽ, കുശുകുശുപ്പ്, നെടുവീർപ്പുകൾ! എന്റെ ഗുണകാംക്ഷികളുടെ മുഖത്ത് ഉൽകണ്ഠയും പരിഭ്രമവും. അവരുടെ മുഖങ്ങൾ വാടിയിരിക്കുന്നു. ശത്രുക്കളുടെ വദന ങ്ങളിൽ തിളക്കം. അവർ എന്നെ കൊണ്ടുപോകുന്നത് കാണാൻ അത്യാ ശയോടെ നിമിഷങ്ങൾ തള്ളി നീക്കുകയായിരിക്കണം.

പരിശോധന തുടരുകയാണ്. ഇംഗ്ലീഷിൽ റെയ്ഡ് എന്നാണ് ഇതിന് പറയുന്നതെന്ന് അന്നാണ് മനസ്സിലായത്. മണിക്കൂറുകൾ കടന്നുപോയി. ഇടക്കിടെ അവർ ചിലതെല്ലാം ചോദിക്കുന്നു. ഞാൻ ആവശ്യമായ മറുപ ടിയും നൽകുന്നുണ്ട്. അവർ പരസ്പരം പറയുന്നതൊന്നും എനിക്ക് മന സ്സിലാകുന്നില്ല. ഇംഗ്ലീഷിലും ഹിന്ദിയിലുമാണത്. രണ്ടും എനിക്കറിഞ്ഞു കൂടാ. അസ്ർ നമസ്കാരത്തിന് സമയമായപ്പോൾ അനുവാദം നൽകിയി

ല്ല. അഞ്ചു മണിയോടെ ഏതാനും പേർ എന്നെയും കൂട്ടി കാറുകളിൽ പ്രസ്സിലേക്ക് പാഞ്ഞു. പ്രസ്സിൽ ഹമീദ് നേരത്തെ വിവരമറിഞ്ഞിരുന്നു. അവിടെ കാര്യങ്ങൾ ചിട്ടപ്പെടുത്തിത്തന്നെയാണ്. പ്രസ്സിലെ റിക്കാർഡുകളും കത്തുകളുമെല്ലാം സൂക്ഷ്മമായ പരിശോധനക്ക് വിധേയമാക്കി. പ്രസ്സ് അക്കൗണ്ടിലേക്ക് ഹമീദിന്റെ പേരിലെടുത്ത രണ്ട് ഡ്രാഫ്റ്റുകൾ ഞാൻ വന്ന ദിവസം തന്നെ ഹമീദിനെ ഏൽപിച്ചിരുന്നു. അതും അവർ വാങ്ങിനോക്കി കുറിച്ചെടുത്തു. എന്താണിതിന്റെ കാരണമെന്ന് എനിക്കൊരു പിടിയുമില്ല. പരിശോധനകൾ കുറെ നീങ്ങിയപ്പോൾ ഉദ്യോഗസ്ഥന്മാർക്ക് എന്നോടുള്ള സമീപനത്തിൽ അയവു വരുന്നതായി അനുഭവപ്പെട്ടു. മാന്യമായും സ്നേഹത്തോടെയുമെന്നത് പിന്നീട് ആദരവോടെയായി അവരുടെ പെരുമാറ്റം. അങ്ങനെ പരിശോധന കഴിഞ്ഞു. അവർക്ക് എന്റെ ഒരു സ്റ്റെയ്റ്റ്മെന്റ് കൂടി വേണം. കൈവിറയൽ ഉള്ളതിനാൽ എഴുതാൻ മറ്റൊരാളുടെ സഹായമില്ലാതെ പറ്റുകയില്ലെന്ന് ഞാൻ പറഞ്ഞു. അങ്ങനെ ബാബു സേട്ടുവിന്റെ ഓഫീസിൽ നിന്നും പി.എം. അബ്ദുൽ അസീസിനെ വരുത്തി. ആ സമയത്ത് അവർക്ക് എന്നോടുള്ള ആദരവ് മറനീക്കി പുറത്ത് വന്നു. ആദ്യന്തം എനിക്ക് അത്ഭുതം തന്നെ! ഞാൻ അസ്വസ്ഥനായിരുന്നു. പക്ഷെ, അശേഷം പുറത്ത് കാണിക്കാതെ ധൈര്യം അവലംബിച്ചുകൊണ്ട് കാര്യങ്ങൾ നേരിട്ടു. അല്ലാഹു അവന്റെ മഹത്തായ കാരുണ്യത്താൽ എനിക്ക് ധൈര്യം നൽകിയെന്നതാണ് സത്യം. പരിശോധനാവേളയിൽ ഉദ്യോഗസ്ഥന്മാർ തമ്മിൽ തമ്മിൽ സംസാരിക്കുന്നതും പല കത്തുകളും വായിച്ച് പരസ്പരം ചർച്ച ചെയ്യുന്നതും ഞാൻ കണ്ടിരുന്നു. എന്താണെന്ന് എനിക്ക് തിരിയുകയില്ലല്ലോ. എന്റെ യാത്രാ സംബന്ധമായ മുഴുവൻ വിവരങ്ങളുമടങ്ങിയ സ്റ്റെയ്റ്റ്മെന്റാണ് അവർക്ക് വേണ്ടത്. ഞാൻ പറഞ്ഞുകൊടുത്തു. അസീസ് എഴുതി. ഒരു പ്രത്യേക സംഭവം ഇതിനോട് ചേർത്ത് പറയേണ്ടതുണ്ട്. ബാബു സേട്ടുവിന്റെ പിതാവ് കിക്കീസേട്ട് മക്കയിലേക്ക് എനിക്ക് ഒരു കത്തയച്ചിരുന്നു. “എന്റെ ചില അടുത്ത ബന്ധുക്കൾ ഹജ്ജിന് വന്നിട്ടുണ്ട്. അവർക്കവിടെ പൈസയായിട്ടോ അല്ലാതെയോ വല്ല സഹായവും വേണ്ടിവന്നാൽ അവർ നിങ്ങളെ തേടി വരും. വേണ്ടത് ചെയ്യണം. പൈസ ഞാൻ ഇവിടെ നിന്ന് തന്നുകൊള്ളാം” ഇതായിരുന്നു കത്ത്. അവർ വന്നു. അവർക്ക് പണം ആവശ്യമായിരുന്നു. പതിനായിരം രൂപയ്ക്കുള്ള സുഊദി റിയാൽ ഞാൻ കൊടുത്തു. സേട്ട് സാഹിബ് ഇവിടെ എത്തിയ ഉടനെ പണം എനിക്ക് തരികയും ചെയ്തു. ആ കത്തും പണവും എന്റെ ബാഗിൽ ഉണ്ടായിരുന്നു. പരിശോധനയിൽ അവർ അത് കണ്ടെടുക്കുകയും ചെയ്തിരുന്നു. കൂടാതെ മറ്റൊരു കത്ത്

ഫാറൂഖ് കോളേജിലെ പ്രൊഫസറായിരുന്ന ബീരാൻ സാഹിബിന്റേതായിരുന്നു. ഞങ്ങൾക്ക് വേണ്ടപ്പെട്ട ഒരു യതീമായ പെൺകുട്ടിയുടെ വിവാഹത്തിനുള്ള സഹായാഭ്യർത്ഥനയായിരുന്നു കത്തിലെ വിഷയം. അതും അവരുടെ ശ്രദ്ധയിൽപെട്ടിരുന്നു. സ്റ്റെയ്റ്റുമെന്റിന്റെ അവസാനത്തിൽ കിക്കീ സേട്ടുവിന്റെ കത്തും അതിന്റെ അനന്തര വിവരങ്ങളും ഞാൻ എഴുതി. ആ കത്തും സംഖ്യയുമാണ് ഇപ്പോൾ നിങ്ങളുടെ കയ്യിലുള്ളത് എന്ന് എഴുതിയ ശേഷം ഞാനിപ്രകാരം പറഞ്ഞുകൊടുത്തു. "അന്യനാട്ടിൽ വെച്ച് ഇപ്രകാരം ബുദ്ധിമുട്ട് നേരിടുന്നവർ എന്നെ സമീപിക്കുകയും എന്റെ കയ്യിൽ പണമുണ്ടാക്കുകയും ചെയ്യുമ്പോൾ അവരെ സഹായിക്കണമെന്നാണ് എന്റെ മതം എന്നെ പഠിപ്പിക്കുന്നത്. അത് ഞാൻ ചെയ്തു." അപ്പോൾ സംഘത്തിലെ ലീഡർ പറഞ്ഞു, മൗലവി സാഹിബ് അങ്ങനെ എഴുതരുത്, അത് ഇപ്പോഴത്തെ സാഹചര്യത്തിൽ അപകടമാണ്. എന്തപകടം എന്നു ഞാൻ ചോദിച്ചു. "താങ്കൾക്ക് ഊഹിക്കാൻ കഴിയാത്ത പലതും" അദ്ദേഹം മറുപടി പറഞ്ഞു. ഞാനാകെ വല്ലാത്ത കുഴപ്പത്തിലായി. ആലോചിച്ചു. നിമിഷങ്ങൾകൊണ്ട് എന്റെ മനസ്സ് ഒരു തീരുമാനത്തിലെത്തി. ഞാൻ പറഞ്ഞു: "അങ്ങനെ ചെയ്യണമെന്നാണ് എന്റെ മതം എന്നെ പഠിപ്പിക്കുന്നത്. അത് ഞാൻ ചെയ്തു." എന്ന വാചകത്തിന്മേലാണ് പ്രശ്നം എന്നെനിക്ക് മനസ്സിലായി. പക്ഷെ, ആ വാചകം മാറ്റാൻ പറ്റില്ല. അതിന്റെ പേരിൽ വരാവുന്ന ഏതു ബുദ്ധിമുട്ടും സഹിക്കാൻ ഞാൻ തയ്യാറാണ്. അപ്പോൾ ഒരു സ്തംഭനാവസ്ഥയുണ്ടായി. അവരിൽ സീനിയറായവരാണെന്ന് തോന്നുന്ന ചിലർ പരസ്പരം ചിലത് സംസാരിച്ചു. ശേഷം ലീഡർ ചോദിച്ചു. "ശരി, ആ വാചകത്തിന് താഴെ താങ്കൾക്ക് വേണ്ടി ഞാൻ ഒരു വാചകം പറഞ്ഞു കൊടുക്കട്ടെയോ?" അതായിക്കോളൂ എന്ന് ഞാൻ പറഞ്ഞു. അങ്ങനെ അദ്ദേഹം ഇപ്രകാരം പറഞ്ഞു കൊടുത്തു. "പക്ഷെ, ഇന്ത്യാ ഗവൺമെന്റിന്റെ ഇപ്പോഴത്തെ സാമ്പത്തിക വിനിമയ നിയമപ്രകാരം ഇത് പാടില്ലാത്തതാണെന്ന് എനിക്ക് അറിഞ്ഞുകൂടായിരുന്നു. ആയതിനാൽ മാപ്പ് ചെയ്യണമെന്ന് അപേക്ഷിക്കുന്നു." അസീസ് അത് എഴുതി. എന്നോട് ഒപ്പ് വെക്കാൻ ആവശ്യപ്പെട്ടു. സ്റ്റെയ്റ്റ്മെന്റ് പൂർത്തിയായി.

ഇവിടെ ഒരു കാര്യം പ്രത്യേകമായി നാം മനസ്സിലാക്കേണ്ടതുണ്ട്. എല്ലാ മുൻകരുതലോടും കൂടി എന്നെ റെയ്ഡ് ചെയ്യാനെത്തിയ ഉദ്യോഗസ്ഥ വൃന്ദത്തിൽ ഒരൊറ്റ മുസ്ലിമും ഉണ്ടായിരുന്നില്ല. സാഹചര്യം നമുക്കറിയാമല്ലോ. അടിയന്തരാവസ്ഥക്കാലം! സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ ആദ്യാനുഭവം! ചോദ്യം ചെയ്യാൻ അവകാശമില്ലാത്തവിധം കോടതികളെയും വിവരങ്ങൾ പുറത്ത് വിടാൻ കഴിയാത്തവണ്ണം മാധ്യമങ്ങളേയും മരവിപ്പി

ച്ചുനിർത്തിയ ഒരു തരം ഏകാധിപത്യമായിരുന്നു അടിയന്തരാവസ്ഥയിൽ നിലനിന്നിരുന്നത്. ഞാനാണെങ്കിൽ ഒരു ഇസ്‌ലാമിക പ്രബോധകൻ. സുഊദി അറേബ്യയുമായി നിരന്തരം ബന്ധപ്പെടുന്ന ആളാണെന്നതിന് എന്റെ പാസ്പോർട്ട് തന്നെ തെളിവാണ്. നീണ്ട താടിയും തലപ്പാവുമൊക്കെയായി രൂപത്തിലും ഭാവത്തിലും ഒരു തീവ്രവാദിയോ ഭീകരവാദിയോ ആക്കാൻ വലിയ പ്രയാസമൊന്നുമില്ല. ഞാനാണെങ്കിൽ നിയമദൃഷ്ട്യാ കുറ്റം ചെയ്തിട്ടുണ്ട്. അത് ഒരു കുറ്റമാണെന്ന് സമ്മതിക്കാനൊട്ട് ഞാൻ തയ്യാറായതുമില്ല. അവരിലൊരാളുമായും എനിക്ക് മുൻപരിചയമില്ല. എന്നിട്ടും അവർ എന്നെ സഹായിക്കാൻ താൽപര്യം കാണിക്കുകയാണുണ്ടായത്. അമുസ്‌ലിംകളൊക്കെ ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും ശത്രുക്കളാണെന്ന് വരുത്തിത്തീർക്കുന്ന പ്രചാരണ പ്രവർത്തനങ്ങളുമായി ജീവിതം തുലക്കുന്നവർ ചിന്തിക്കണം, ഇന്ത്യയിലെ ജനങ്ങളിൽ മഹാഭൂരിപക്ഷവും മതേതര ജനാധിപത്യവാദികളാണെന്ന സത്യം! ഈ സത്യത്തിനെതിരിൽ നാം മുഖം തിരിച്ചാൽ വമ്പിച്ച അപകടങ്ങൾക്ക് അത് കാരണമാകും. എന്റെ യഥാർത്ഥ നില ആ ഉദ്യോഗസ്ഥർക്ക് പരിശോധന വേളയിൽ ബോധ്യപ്പെട്ടു എന്നുള്ളതാണ് കാര്യം. ഈ അനുഗ്രഹം അല്ലാഹുവിൽ നിന്നും പ്രത്യേകമായി ലഭിച്ചതാണെന്ന കാര്യം ഞാൻ എപ്പോഴും അതീവ നന്ദിയോടെ സ്മരിക്കുന്നു.

നടപടിക്രമങ്ങൾ പൂർത്തിയായി. അവർ പള്ളിമുറ്റത്തേക്കിറങ്ങി. സംഘത്തിന്റെ തലവൻ മി. നായർ എന്നോട് സൗമ്യതയോടെ പറയുകയാണ്; "മൗലവി സാഹിബ് ഞങ്ങളോടൊത്ത് റോഡിലേക്കിറങ്ങിവന്ന് ഞങ്ങളെ യാത്രയാക്കണം." ഞാൻ ആശ്ചര്യത്തോടെ അദ്ദേഹത്തെ നോക്കി. എന്റെ മുഖത്ത് ഒരു ചോദ്യം നിഴലിക്കുന്നുണ്ടെന്ന് മനസ്സിലായതുകൊണ്ടായിരിക്കാം അദ്ദേഹം പറഞ്ഞു. "പുറത്ത് ധാരാളം ആളുകൾ കൂടി നിൽക്കുന്നുണ്ടല്ലോ. അവരിൽ ഉണ്ടായേക്കാവുന്ന തെറ്റിദ്ധാരണകൾ ഒഴിവാക്കാൻ ഇത് സഹായകമാകും." അവർ എനിക്കൊരു ക്ലീൻ സർട്ടിഫിക്കറ്റ് നൽകി പോകാനാണ് ഉദ്ദേശിക്കുന്നതെന്ന് മനസ്സിലായി. ഒരു രാജ്യദ്രോഹിയെ വേട്ടയാടാൻ അതിന്റെ എല്ലാ ഗൗരവത്തോടെയും വന്നെത്തിയ ആ പെരും സംഘം മണിക്കൂറുകൾ എന്നെ കിളച്ചുമറിച്ച ശേഷം മടങ്ങുകയാണ്, കുറ്റസമ്മതത്തിന്റെ മുഖഭാവത്തോടെ. പുറത്ത് കൂടിയിട്ടുള്ള സമൂഹത്തോടും അത് ബോധ്യപ്പെടുത്താൻ അവർ ആഗ്രഹിക്കുകയാണ്. ഞാൻ റബ്ബിനെ സ്തുതിച്ചു. അൽഹംദുലില്ലാഹ്! "അല്ലാഹു പോരെ അവന്റെ അടിമക്ക്" എന്ന വിശുദ്ധ ഖുർആനിന്റെ ചോദ്യം എന്റെ ഹൃദയഭിത്തികളെ പ്രകമ്പനം കൊള്ളിക്കുകയായിരുന്നു. ഏത് പരീക്ഷണഘട്ടത്തിലും

ഒരടിമക്ക് അവന്റെ യഥാർത്ഥ യജമാനനായ അല്ലാഹു മതിയായവനാണെന്ന ഖുർആന്റെ അറിയിപ്പ് ഞാൻ അനുഭവിച്ചറിഞ്ഞു. ഞാൻ ആ നല്ല മനുഷ്യനോട് പറഞ്ഞു. "നമുക്ക് ഇവിടെ നിന്നുതന്നെ പിരിയാം. തെറ്റിദ്ധാരണകൾ അകറ്റാൻ നമ്മൾ ഇരുകൂട്ടരും പ്രയത്നിച്ചാലും കഴിയില്ല. ദൈവസഹായത്താൽ എല്ലാം താനെ നീങ്ങിക്കൊള്ളുമെന്ന് ഞാൻ ആശിക്കുന്നു. ഇപ്പോൾ തന്നെ എന്റെ നമസ്കാര സമയം കണക്കിലേറെ വൈകിയിരിക്കുകയാണ്. അടുത്ത നമസ്കാര സമയം അടുക്കുകയാണ്. ഞാൻ പള്ളിയിലേക്ക് കയറട്ടെ." മി. നായർ എന്റെ കൈക്ക് പിടിച്ചു: "മൗലവി സാഹിബ്, ഞാൻ മുപ്പത് വർഷങ്ങളായി ഔദ്യോഗിക ജീവിതം നയിക്കുന്നു. ഈ കാലയളവിൽ താങ്കളെപ്പോലെ ഒരാളെ ഇങ്ങനെ ബുദ്ധിമുട്ടിച്ചത് ഇതാദ്യമായിട്ടാണ്. ക്ഷമിക്കണം. ഏൽപിക്കപ്പെട്ട ഡ്യൂട്ടി നിർവ്വഹിക്കണമല്ലോ. നിങ്ങളുടെ സമൂഹത്തിൽപെട്ട ചിലർ ഡിപ്പാർട്ടുമെന്റിന് നൽകിയ ചില രഹസ്യവിവരങ്ങളാണ് ഈ റെയ്ഡിനു കാരണം. കണക്കറ്റ പണവും സ്വർണ്ണവും നിങ്ങൾ കടത്തിക്കൊണ്ടുവന്നിട്ടുണ്ട് എന്നാണ് മെസ്സേജ്! നിങ്ങളെപ്പോലുള്ള ഒരാൾക്ക് ഇത്രയും ക്രൂരന്മാരായ ശത്രുക്കളോ? താങ്കൾ ദൈവാനുഗ്രഹമുള്ളവനാണെന്ന് ഞങ്ങൾക്ക് മനസ്സിലായി. വെരി വെരി സോറി!" കൈപിടിച്ചു കുലുക്കി സ്നേഹപൂർവ്വം അദ്ദേഹം പിൻവാങ്ങി. പിറകെ ഓരോരുത്തരായി യാത്ര പറഞ്ഞു. ഞാനും ഏറെ വികാരഭരിതനായ ഒരു സന്ദർഭമായിരുന്നു അത്. ഒരു ദുർഘട കാലഘട്ടത്തിലെ അതിഗുരുതരമായ പരീക്ഷണം. റബ്ബിന്റെ അപാരമായ കാരുണ്യം കൊണ്ടു മാത്രമാണ് അന്ന് ഞാൻ രക്ഷപ്പെട്ടത്. ഇതിനെല്ലാം എന്റെ രണ്ടു സുഹൃത്തുക്കൾ മാത്രമാണ് സാക്ഷികൾ. എ.എ. ഹമീദ് (കൊച്ചി), പി.എം. അബ്ദുൽ അസീസ് (ഖത്തർ). അടിയന്തരാവസ്ഥക്ക് ശേഷം എന്റെ ഈ ഫയൽ എന്നെന്നേക്കുമായി ക്ലോസ് ചെയ്യാൻ എന്റെ പ്രിയങ്കരനായ സുഹൃത്തും ദീർഘകാലം ക്ലീൻ മന്ത്രിയുമായിരുന്ന അവുക്കാദർ കുട്ടി നഹ സാഹിബും എന്റെ പ്രസ്ഥാന നേതാവായിരുന്ന സാലെ മുഹമ്മദ് സേട്ടും പരിശ്രമിച്ചു. അല്ലാഹു അവർക്ക് അർഹമായ പ്രതിഫലം നൽകി അനുഗ്രഹിക്കുമാറാകട്ടെ.

ഈ സംഭവത്തെക്കുറിച്ച് ചുഴിഞ്ഞന്വേഷിച്ച എന്റെ ചില സുഹൃത്തുക്കൾക്ക് പിന്നീട് ലഭിച്ച വിവരം ചില ജമാഅത്തെ ഇസ്‌ലാമിക്കാർ ഒപ്പിച്ച കെണിയായിരുന്നു ഇതെന്നാണ്. യാഥാർത്ഥ്യം അല്ലാഹുവിന്നറിയാം. ആരായാലും ഈ ക്രൂരമായ അധാർമ്മികതയിലേക്ക് അവരെ പ്രേരിപ്പിച്ച ഘടകമാണ് കണക്കിലെടുക്കേണ്ടത്. എനിക്ക് ദൃഢമായി ബോധ്യപ്പെട്ട സത്യം ഞാൻ ഉറക്കെ പറഞ്ഞു. അത് ജനങ്ങളിലെത്തിക്കാൻ എന്നാലാ

കുംവിധം യത്നിച്ചു. ഇത് മാത്രമാണ് ചെയ്തുകൊണ്ടിരിക്കുന്നതും. ശത്രുക്കൾക്ക് ആശയപരമായി, ന്യായമായ നിലയിൽ എന്നെ ഒതുക്കാൻ കഴിയില്ലെന്ന് ബോധ്യപ്പെട്ടപ്പോൾ അവർക്ക് കഴിയുന്നത് അവർ ചെയ്തു! എത്രയെത്ര അനുഭവങ്ങൾ!!

ഓർമകളുടെ തീരത്ത്

## 49

# പടിഞ്ഞാറെ പള്ളിയും പുല്ലേപ്പടി മസ്ജിദും

രണ്ടും സലഫി മസ്ജിദുകളാണ്. പടിഞ്ഞാറെപള്ളി കൊച്ചി മട്ടാഞ്ചേരി കപ്പലണ്ടിമുക്ക് ജംഗ്ഷനിൽ സ്ഥിതി ചെയ്യുന്നു. പള്ളിയോടു ബന്ധപ്പെട്ട് ചെറിയൊരു ഖബർസ്ഥാനുണ്ട്. ഇപ്പോൾ അതിന്റെ പേര് മസ്ജിദുൽ മുജാഹിദീൻ എന്നാണ്. മുതവല്ലി സാലെ മുഹമ്മദ് സേട്ടുവിന്റെ സഹോദരൻ മഹ്മൂദ് ഇബ്റാഹീം സേട്ട്. ഇത് മുജാഹിദുകൾ നിർമ്മിച്ച പള്ളിയല്ല. വിലകൊടുത്തു വാങ്ങിയതാണ്. മട്ടാഞ്ചേരി കോമ്പാറമുക്കിൽ താമസിച്ചിരുന്ന ഒരു ക്രോക്കറി വ്യാപാരി എം.കെ.എസ്. അബൂബക്കർ ഹാജിയാണ് പള്ളി എടുത്തത്. അദ്ദേഹം വലിയ പണക്കാരനായിരുന്നു. ധാരാളം വീടുകളുടെ സമുച്ചയമായ അദ്ദേഹത്തിന്റെ ഭൂസ്വത്ത് എം.കെ.എസ്. പറമ്പ് എന്നാണ് അറിയപ്പെടുന്നത്. അബൂബക്കർ ഹാജിയുടെ മരണശേഷം പള്ളിയുടെ മുതവല്ലി അദ്ദേഹത്തിന്റെ ബന്ധുവായിരുന്നു. പള്ളിയുമായി യാതൊരു ഹൃദയബന്ധവുമില്ലാത്ത മദ്യപാനിയും ദുർമാർഗിയുമായിരുന്നുവത്രെ ഇയാൾ. അങ്ങനെ പള്ളിയുടെ പരിപാലനം നിലക്കുകയും നമസ്കാരം ഇല്ലാതാകുകയും ചെയ്തു. അന്ന് മട്ടാഞ്ചേരി മുൻസിപ്പാലിറ്റിയുടെ വൈസ് ചെയർമാനായിരുന്ന ഹാജി സി.എം അബൂബക്കർ (അബുഹാജി എന്നു വിളിക്കും) കൊച്ചിയിലെ പഴയകാല സലഫിയും സമർത്ഥനും ധീരനുമായിരുന്നു. അദ്ദേഹത്തിന്റെ സമർത്ഥവും തന്ത്രപരവുമായ നീക്കത്തിലൂടെയാണ് ഈ മസ്ജിദ് മുജാഹിദുകളുടെ കയ്യിൽ വന്നത്. മുതവല്ലിക്ക് ഒരു സംഖ്യ നൽകി അത് വിലക്ക് വാങ്ങി. കൊച്ചിയിലെ ആദ്യകാല സലഫിയായിരുന്ന ബാവക്കുട്ടി ഹാജിയാണ് സംഖ്യകൊടുത്തത്. കമ്മിറ്റിക്ക് വേണ്ടി അദ്ദേഹത്തിന്റെ പേരിൽ അത് രജിസ്റ്ററാക്കി വാങ്ങുകയും ചെയ്തതായിട്ടാണ് അറിവ്. ഇദ്ദേഹം മട്ടാഞ്ചേരി ബസാറിലെ ഭേദപ്പെട്ട ഒരു ഫ്രൂട്സ് വ്യാപാരിയായിരുന്നു. ആദർശവിരോധത്താൽ ചില അക്രമികൾ നമസ്കാരവേളയിൽ അദ്ദേഹം സുജൂദിൽ കിടക്കുമ്പോൾ കഠാര ഉപയോഗിച്ച് വധിക്കാൻ ശ്രമിച്ച സംഭവം ഉണ്ടായിട്ടുണ്ട്. റബ്ബിന്റെ അനുഗ്രഹ

ത്താൽ അപായ സൂചന കിട്ടിയ അദ്ദേഹം അക്രമിയെ പിടികൂടുകയും അപകടത്തിൽ നിന്നും മോചിതനാകുകയുമുണ്ടായി. ബാവക്കുട്ടി ഹാജി ധീരനും ഭക്തനുമായ മുജാഹിദായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ സൽപ്രവർത്തികൾ സ്വീകരിക്കുകയും പരലോകത്ത് അർഹമായ പ്രതിഫലം നൽകുകയും ചെയ്യുമാറാകട്ടെ.

പള്ളി ഓട് മേഞ്ഞ കെട്ടിടമായിരുന്നു. സാലെ മുഹമ്മദ് സേട്ടുവാണ് പിന്നീട് അത് പുതുക്കി പണിതത്. ആബാദ് കുടുംബവും അതിന്റെ വിപുലീകരണത്തിൽ നല്ല പങ്ക് വഹിച്ചിട്ടുണ്ട്. പള്ളി മുജാഹിദുകളുടെ കൈവശം വരുമ്പോൾ അതിന്റെ മുൻവശത്ത് ചന്ദനത്തിരി പുകയിപ്പിക്കുന്ന ഒരു ഖബറിന്റെ എടുപ്പുണ്ടായിരുന്നു. അഞ്ചുഖബർ എന്നാണത്രെ അതറിയപ്പെട്ടിരുന്നത്. ഈ ശിർക്കിന്റെ ചിഹ്നം ഉടനെ ഒഴിവാക്കിയില്ലെങ്കിൽ ഭാവി അപകടകരവും അപമാനകരവുമായിത്തീരുമെന്ന് മനസ്സിലാക്കിയ അബു ഹാജിയും പാത്രക്കാരൻ അലിക്കയുമെല്ലാം ചേർന്ന് അത് പൊളിച്ചുനീക്കി. അവരൊക്കെയും എന്തിനും പോന്നവരായിരുന്നു. പക്ഷെ, പറയത്തക്ക ഒന്നുമുണ്ടായില്ല. എന്റെ ശിഷ്യനായിരുന്ന സാലിഹ് മൗലവിയായിരുന്നു അവിടെ ആദ്യ ഖത്വീബായത്. അദ്ദേഹം മുജീഹിദീൻ ഹൈസ്കൂളിലെ അറബി അദ്ധ്യാപകനുമായിരുന്നു. അദ്ദേഹത്തിന്റെ പത്നിയും അവിടെ തന്നെ ടീച്ചറായിരുന്നു. (സാലിഹ് മൗലവി മരണപ്പെട്ടു-എഡിറ്റർ) അങ്ങനെ പടിഞ്ഞാറെപള്ളി മസ്ജിദുൽ മുജാഹിദീൻ ആയിത്തീർന്നു. ശിർക്കിന്റെയും ബിദ്അത്തിന്റേയും വലയത്തിൽ നിന്നും വിശുദ്ധ ഭവനത്തെ രക്ഷിക്കുകയും അത് മുഖേന പരിസര പ്രദേശത്തുള്ള അനവധി മനുഷ്യരെ ഖുറാഫാത്തിൽ നിന്നും മോചിപ്പിക്കുവാൻ യത്നിക്കുകയും ചെയ്ത മഹാന്മാരായ വ്യക്തികൾക്കും പള്ളിയെ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന വിശിഷ്ടരായ സുഹൃത്തുക്കൾക്കും അല്ലാഹു സ്വർഗത്തിൽ ഉയർന്ന പദവികൾ നൽകി അനുഗ്രഹിക്കുമാറാകട്ടെ.

ഓർമകളുടെ തീരത്ത്

## 50

# ബർക്കത്തുള്ള കുടുംബ പരമ്പര

എറണാകുളം പുല്ലേപ്പടി സലഫീ മസ്ജിദ് തെക്കൻ കേരളത്തിന്റെ പ്രവർത്തന കേന്ദ്രമാണിപ്പോൾ. എച്ച്.ഇ. മുഹമ്മദ് ബാബു സേട്ട് ഇപ്പോൾ അതിന്റെ മുതവല്ലിയാണ്. ഞാൻ പുത്രവാത്സല്യത്തോടെ സ്നേഹി

ക്കുന്ന ഈ യുവാവിന്റെ കുടുംബം കേരളത്തിന്റെ സലഫീ ചരിത്രത്തിലെ പ്രകാശിക്കുന്ന ഒരു വിളക്കാണ്. കൊച്ചി പുതിയപള്ളിയിൽ നിന്ന് ആ ചരിത്രം ആരംഭിക്കുന്നു. ഇപ്പോൾ ഫലസമൃദ്ധമായ ഒരു വടവൃക്ഷം പോലെ സമുദായത്തിന് ഈ കുടുംബം താങ്ങും തണലുമായി നിൽക്കുന്നു. മർഹൂം അബ്ദുല്ല ഹാജി ആദം സേട്ട് എന്ന് മഹാത്മാവിൽ നിന്ന് ആരംഭിച്ച ചരിത്രം അഞ്ചു തലമുറകൾ പിന്നിട്ടു കഴിഞ്ഞു. സലഫീ പാരമ്പര്യത്തിന്റെ പ്രകാശം കൂടുതൽ ശോഭയോടെ ഇന്നും അവർ കാത്തുസൂക്ഷിക്കുകയാണ്. ഏക്കറുകൾ വിസ്തീർണ്ണമുള്ള വിശാലമായ മൈതാനിയിലെ റോഡരികിലാണ് പള്ളി സ്ഥിതി ചെയ്യുന്നത്. ഇപ്പോൾ വിശാലമായ പറമ്പ് വിവിധ സ്ഥാപനങ്ങളുടെ കെട്ടിട സമുച്ചയമാണ്. ദാറുൽ ഉലൂം ഹൈസ്കൂൾ, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ, ദാറുൽ ഉലൂം അറബിക്കോളേജ്, കൊച്ചി യതീംഖാന, ദാറുൽ ഉലൂം മദ്റസ തുടങ്ങിയ വിദ്യാഭ്യാസ- ജീവകാരുണ്യ സ്ഥാപനങ്ങൾ ഏറ്റവും മെച്ചപ്പെട്ട നിലയിൽ ഇവിടെ പ്രവർത്തിക്കുന്നു. ബാബുസേട്ടിന്റെ പ്രിയ മാതാവ് ഖദീജാബായി സാഹിബ വഖഫ് ചെയ്തതും ഖദീജാബായി ട്രസ്റ്റിനു കീഴിൽ നിലനിന്നു പോരുന്നതുമായ ഈ സ്ഥലവും സ്ഥാപനങ്ങളും ഒരു പ്രത്യേകമായ കമ്മിറ്റിയുടെ ഭരണത്തിലാണ്. അതിന്റെ ചെയർമാൻ ബാബുസേട്ടുവും സെക്രട്ടറി ത്വാഹിർ സേട്ടുവുമാണ്. ജ്യേഷ്ഠാനുജന്മാരുടെ മക്കളാണിവർ. സ്കൂളിന്റെയും അറബിക്കോളേജിന്റെയും മാനേജർ ബാബു സേട്ട് തന്നെ.

അനുഗ്രഹീതമായ ഈ കുടുംബത്തെക്കുറിച്ച് അറിയേണ്ടത് വളരെ ആവശ്യമാണ്. ഇവരെക്കുറിച്ച് എഴുതാൻ ഒരുങ്ങുമ്പോൾ ഖുർആനിലെ ഒരു വചനം എന്റെ ഹൃദയത്തിൽ ഓളം വെട്ടുകയാണ്. "നിശ്ചയമായും അല്ലാഹു സത്യവിശ്വാസികളിൽ നിന്നും അവരുടെ ആത്മാക്കളെയും മുതലുകളെയും വിലക്കെടുത്തിരിക്കുന്നു, സ്വർഗം അവർക്ക് പകരം നൽകാണെന്ന കരാറിൽ". (തൗബ). അല്ലാഹു പ്രഖ്യാപിച്ച ഈ കച്ചവടത്തെ അന്വർത്ഥമാക്കിയ ഒരു മഹത്തായ കുടുംബപരമ്പരയാണിതെന്ന് എന്റെ മനസ്സ് മന്ത്രിക്കുന്നു. വസ്തുതകൾ മനസ്സിലാക്കുന്ന ഏതൊരു വിശ്വാസിക്കും ഇതേ അനുഭവം ഉണ്ടാകാതിരിക്കുകയുമില്ല. ഏതാണ്ട് പത്തോളം ധർമ്മസ്ഥാപനങ്ങളുടെ വമ്പിച്ച സ്വത്ത് വകകൾ ഇപ്പോൾ ഈ കുടുംബത്തിന്റെ നടത്തിപ്പിലുണ്ട്. കൊച്ചിയിലും എറണാകുളത്തുമായി ജുമുഅ നടക്കുന്ന നാലു മസ്ജിദുകൾ ഈ ട്രസ്റ്റുകളുടെ കീഴിലുണ്ട്. മട്ടാഞ്ചേരി ബസാറിലെ അനവധി പാണ്ടികശാലകൾ ഈ കുടുംബ ട്രസ്റ്റുകളിൽ

വഖഫ് ചെയ്യപ്പെട്ടവയാണ്. മട്ടാഞ്ചേരിയിലെ പ്രസിദ്ധമായ ആസ്യബായി ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ ഈ കുടുംബത്തിന്റെ ചുമതലയിൽ തന്നെ നടന്നുവരുന്നു. എത്രയോ കോടികൾ വിലമതിക്കുന്ന സ്വത്തുവഹ കളാണ് ഈ കുടുംബ ട്രസ്റ്റുകളുടെ അധീനതയിലുള്ളതെന്ന് അറിയു മ്പോഴാണ് മുകളിൽ കുറിച്ചിട്ട ഖുർആൻ വചനത്തിന്റെ അർത്ഥവ്യാപ്തി യിലേക്ക് നമ്മുടെ വിചാരങ്ങൾ ചെന്നെത്തുന്നത്. ഇതിന് പുറമെ ധാരാളം മസ്ജിദുകൾക്കും സ്ഥാപനങ്ങൾക്കും ഇവർ നൽകിയ സംഭാവനകൾ കണക്കറ്റതാണ്. ഓരോ വർഷവും ഈ ധർമ്മസ്ഥാപനങ്ങളുടെ സ്വത്തു വഹകളിലൂടെ വാടകയിനത്തിൽ വന്നു കൂടുന്ന ലക്ഷങ്ങളുടെ വരുമാനം ദീനിന്റേയും സമുദായത്തിന്റെയും പൊതുവായ ആവശ്യങ്ങൾക്കും സ്വ ന്തം സ്ഥാപനങ്ങളുടെ പരിപാലനത്തിനും സമുദായത്തിലെ നിരാലംബ രായവർക്കും വേണ്ടി ഉപയോഗപ്പെടുത്തുന്നു. മുറിഞ്ഞു പോകാതെ തുട രുന്ന ഈ ധർമ്മം ഇപ്പോൾ അഞ്ചാം തലമുറയിലേക്ക് വന്നുചേർന്നിരി ക്കുന്നു. വാഖിഫുകളുടെ നിഷ്കളങ്കമായ ഉദ്ദേശ്യലക്ഷ്യങ്ങൾ മേന്മയേ റിയ നിലവാരത്തിൽ തന്നെ ഈ കുടുംബശൃംഖലയിൽ ഭദ്രമായി കാണ പ്പെടുന്നു. എപ്പോഴും ദീനിനുവേണ്ടി ചിന്തിച്ചും പ്രവർത്തിച്ചും ഇസ്ലാമിക സംസ്കാരത്തിന്റെ തിളങ്ങുന്ന ചിഹ്നങ്ങളായി തലമുറകളിലൂടെ ഇവർ ജീവിച്ചു. അവരുടെ വികാര വിചാരങ്ങളും സമ്പത്തും ഇസ്ലാമിനുവേ ണ്ടി അവർ അർപ്പിച്ചു. ഒരു നൂറ്റാണ്ടിലേറെയായി അബ്ദുല്ല ഹാജി ആദം സേട്ട്ﷺ അവർകളുടെ കുടുംബപരമ്പര മഹത്തായ അവരുടെ തനിമ നിലനിർത്തിപ്പോരുകയാണ്. തങ്ങളുടെ ശരീരവും സമ്പത്തും പരലോ കത്ത് സ്വർഗത്തിന് പകരമായി അല്ലാഹുവിന് അവർ വിറ്റിരിക്കുന്നു.

അബ്ദുല്ലാ ഹാജി ആദം സേട്ടുവിന്റെ പുത്രി ആസ്യാബായി സാഹി ബ, (ബാബു- ത്വാഹിർ സേട്ടുമാരുടെ പിതാക്കളുടെ മാതാവ്) അവരുടെ മൂത്ത മകൻ കിക്കീ സേട്ടുവിന്റെ പത്നി ഖദീജാബായി (ബാബുവിന്റെ മാതാവ്) എന്നിവർ ഈ കുടുംബപരമ്പരയിലെ സ്ത്രീരത്നങ്ങളാണ്. ആസ്യാബായിയുടെ ഭർത്താവ് അബ്ദുസ്സത്താർ സേട്ട് തികഞ്ഞ ഭക്തനും ഒരു സൂഫി പ്രകൃതനുമായിരുന്നു. ദുൻയാവിന്റെ കെട്ടുപാടുകളിൽ നിന്ന കന്ന് ഇബാദത്തുകളിൽ സദാ ഇഴുകിച്ചേർന്നുള്ള ജീവിതം നയിച്ച ആ മഹാ പുരുഷന്റെ പത്നീ പദത്തിൽ വിരാജിച്ച ആസ്യാബായി സമുദായ ത്തിലെ വനിതകളുടെ വിദ്യാഭ്യാസ പുരോഗതിയിലും ജീവകാരുണ്യ പ്രവ ർത്തനത്തിലും ഉള്ള സജീവ ശ്രദ്ധയിൽ ജീവിതസാഫല്യം കണ്ടെത്തി. പെൺകുട്ടികൾക്ക് എഴുത്തും വായനയും നിഷിദ്ധമാക്കിയ സമുദായത്തിൽ

പൗരോഹിത്യത്തിന്റെ വിലക്കുകൾ അവഗണിച്ചുകൊണ്ട് പെൺകുട്ടികൾക്ക് മാത്രമായി സ്ത്രീകൾ അദ്ധ്യാപനം നടത്തുന്ന ഒരു മഹത്തായ വിദ്യാലയം ആദ്യമായി ആരംഭിച്ചത് ആസ്യാബായി സാഹിബ തന്നെയായിരുന്നു. അതാണ് കൊച്ചിയിലെ സനാനാ മദ്റസ ഇസ്‌ലാമിയ്യ. സമ്പൂർണമായ സൗജന്യ വിദ്യാഭ്യാസമായിരുന്നു ഇതിലൂടെ നൽകിയിരുന്നത്. ഖുർആൻ പഠനത്തോടൊപ്പം ഉറുദു ഭാഷയും ഇസ്‌ലാമിക കർമ്മശാസ്ത്രവും സ്കൂൾ സിലബസ് പ്രകാരമുള്ള മലയാളം, കണക്ക് തുടങ്ങി മറ്റു വിഷയങ്ങളും ഇവിടെ പഠിപ്പിക്കപ്പെട്ടു. പെൺമക്കളെ സ്കൂളിലും മദ്റസയിലും അയക്കാൻ വൈമുഖ്യം കാണിച്ചിരുന്ന രക്ഷിതാക്കളുടെ മനസ്സുകൾക്ക് മാറ്റമുണ്ടായി. പെൺകുട്ടികൾക്ക് വേണ്ടി മാത്രമായി പെണ്ണുങ്ങൾ മാത്രം പഠിപ്പിക്കുന്ന ആത്മീയ- ഭൗതിക വിദ്യാഭ്യാസ സ്ഥാപനം! അക്കാലത്ത് ഇത് ഒരത്ഭുത വിഷയമായിരുന്നു. കൊച്ചിയിലെ ആയിരക്കണക്കിന് സ്ത്രീകൾ തലമുറകളായി ഇവിടെ നിന്നും സാമാന്യമായ വിദ്യ നേടി. ഖുർആനും അമലിയാത്തും അവർ പഠിച്ചു. മലയാളം എഴുതാനും വായിക്കാനും അവർ ശീലിച്ചു. കണക്കുകൾ അത്യാവശ്യം കൂട്ടാനും കിഴിക്കാനും ജ്ഞാനം നേടി. മുസ്‌ലിം സ്ത്രീഹൃദയങ്ങളിൽ കട്ടപിടിച്ചു കിടന്നിരുന്ന അന്ധകാരങ്ങളിലേക്ക് വെളിച്ചം വീശി. പിൽക്കാലത്ത് ഇംഗ്ലീഷ് അക്ഷരമാലയും സ്വന്തം പേര് ഇംഗ്ലീഷിൽ എഴുതാനും കൊച്ചുകൊച്ചു വാക്കുകൾ കൂട്ടി വായിക്കാനും പഠിപ്പിച്ചിരുന്നു. ഈ മദ്റസയിൽ എന്റെ സുഹൃത്ത് എ.എ. ഹമീദിന്റെ പ്രിയമാതാവ് മർഹൂം സൈനബ ടീച്ചർ നീണ്ട നാൽപത് വർഷങ്ങൾ മലയാളം ടീച്ചറായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. മഹത്തായ ഈ മദ്റസയുടെ സ്ഥാപക ആസിയാബായി തുടങ്ങിവെച്ച വിദ്യാഭ്യാസ സംരംഭം അവരുടെ ചെറുമകൻ ബാബു സേട്ടിന്റെ മാനേജ്മെന്റിൽ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളായി വളർന്ന് പന്തലിച്ചിരിക്കുന്നു. ആഴ്ചയിലൊരിക്കൽ ആസ്യാബായി സ്വന്തം മദ്റസ സന്ദർശിക്കുകയും കുട്ടികൾക്കും അദ്ധ്യാപകർക്കും കൊച്ചു കൊച്ചു സംഭാവനകൾ നൽകുകയും പതിവായിരുന്നു എന്ന് ഞാൻ കേട്ടിട്ടുണ്ട്. ഭൗതിക വിദ്യാഭ്യാസം നേടിയിട്ടില്ലാത്ത ആ മഹതിയുടെ മനസ്സ് ഇന്നു കാണുന്ന ഉന്നത വിദ്യാസമ്പന്നരേക്കാൾ എത്രയോ പുരോഗമിച്ചതായിരുന്നു. മാത്രമല്ല, അല്ലാഹുവിന്റെ തൃപ്തിയെ മാത്രം കാംക്ഷിച്ചുകൊണ്ട് അവർ പ്രവർത്തിച്ചു. സമ്പത്ത് ചെലവഴിച്ചു. ആ സ്ഥാപനത്തിന്റെ സംരക്ഷണത്തിന്നായി തന്റെ സ്വത്ത് വഹകൾ ദാനം ചെയ്തുകൊണ്ട് സനാനാ മദ്റസ ഇസ്‌ലാമിയ്യ ട്രസ്റ്റ് സ്ഥാപിക്കുകയും ചെയ്തു. അല്ലാഹു അസ്യാബായി സാഹിബയെ പരലോകത്ത് ഉന്നത പദവിയിൽ

ആദരിക്കപ്പെടുന്നവരിൽ ഉൾപ്പെടുത്തുമാറാകട്ടെ.

ഖദീജാബായി അമ്മായിയമ്മയുടെ പാത പിന്തുടർന്നു. പുതിയപള്ളിയുടെ മുതവല്ലിയായി ദീർഘകാലം സേവനമർപ്പിച്ച അബ്ദുല്ലത്വീഫ് സേട്ടുവിന്റെ ഏക പുത്രിയാണ് ഖദീജാബായി. വലിയ ധാനാഢ്യനും ഭക്തനുമായിരുന്ന അദ്ദേഹത്തിന്റെ വമ്പിച്ച സ്വത്തുവഹകൾ ഖദീജാബായിയിലേക്ക് വന്നുചേർന്നു. ആസിയാബായിയുടെ മൂത്ത മകൻ കിക്കീ സേട്ട് അവരെ വിവാഹം ചെയ്തു. ചേരേണ്ടിടത്ത് ചേർന്നു എന്ന ചൊല്ലുപോലെ അന്വർത്ഥമായിരുന്നു ആ ദമ്പതികൾ. ഖദീജാബായി തന്റെ സമ്പന്നത സമുദായത്തിന്റെ പൊതു സ്വത്തായി കണക്കാക്കി. അവരുടെ സ്വത്തുകൾ നിർലോഭമായി ദീനിന് വേണ്ടി ദാനം ചെയ്തു. ഭർത്താവിന്റെ സമ്മതവും പ്രോത്സാഹനവും അവർക്ക് ശക്തിയായി തന്നെ നിലകൊണ്ടു. ഖദീജാബായി തന്റെ മനസ്സും സമ്പത്തും അല്ലാഹു പ്രഖ്യാപിച്ച കച്ചവടത്തിലേക്ക് മൂലധനമായി നിക്ഷേപിച്ചുകൊണ്ട് സ്വർഗം പകരം വാങ്ങാൻ കൊതിച്ചിരുന്നുവെന്ന് അവരുടെ ജീവിതം തെളിയിക്കുന്നു. അല്ലാഹു അത് അവർക്ക് നൽകുമാറാകട്ടെ. പള്ളി, മദ്റസ, സ്കൂൾ തുടങ്ങിയ സ്ഥാപനങ്ങൾക്കായി അവർ തന്റെ സ്വത്തുക്കൾ വഖഫ് ചെയ്തു. മട്ടാഞ്ചേരി മുജാഹിദീൻ ഓറിയന്റൽ ഹൈസ്കൂളിനു വേണ്ടി അവർ നൽകിയ മൈതാനം ചരിത്രം ഉറങ്ങാതിരിക്കുന്ന സ്ഥലമാണ്. എത്രയെത്ര മുജാഹിദ് സമ്മേളനങ്ങൾ അവിടെ നടന്നു. പതിറ്റാണ്ടുകളായി അവിടെ ഈദ്ഗാഹുകൾ നടക്കുന്നു. ലക്ഷക്കണക്കിനാളുകൾ അവിടെ നമസ്കരിക്കുകയും തൗഹീദിന്റെ ഉൽബോധനങ്ങൾ ശ്രവിക്കുകയും ചെയ്തു. ആ മൈതാനിയിലിരുന്നു ജനലക്ഷങ്ങൾ റബ്ബിനോട് പ്രാർത്ഥിച്ചു. തൗഹീദിന്റെ ശബ്ദമുഖരിതമായ ഗ്രൗണ്ടായി അതിപ്പോഴും സജീവമാണ്. സാധുക്കൾക്ക് സഹായകമായി ഖദീജാബായി ചാരിറ്റീസ് എന്ന ഒരു ധർമ്മ സ്ഥാപനം തന്നെ നിലവിലുണ്ട്. കോടികൾ വിലമതിക്കുന്ന സ്വത്തുവഹകൾ ഉൾക്കൊള്ളുന്ന ധർമ്മസ്ഥാപനങ്ങൾ!

സ്വഹാബി വനിതകളെ അനുസ്മരിപ്പിക്കുന്ന സ്ത്രീ രത്നങ്ങളാണ് ആസ്യാബായിയും ഖദീജാബായിയും. ഇവർ മുകളിൽ ഉദ്ധരിച്ച ഖുർആൻ വചനത്തിന്റെ മഹത്വപൂർണ്ണമായ പരിധിയിൽ ഉൾപ്പെടുന്നവരാണെന്ന് ആശിക്കാൻ ഏറെ വകയുണ്ട്. അല്ലാഹു അനുഗ്രഹിക്കട്ടെ! മഹാനും പരിഷ്കർത്താവുമായ കുടുംബത്തലവൻ അബ്ദുല്ലാ ഹാജി ആദം സേട്ടുവിന്റെ സന്താനപരമ്പരകൾ സത്യനിഷ്ഠയോടും നിസ്വാർത്ഥമായും വമ്പിച്ച സമ്പത്ത് ഉൾക്കൊള്ളുന്ന അവരുടെ ധർമ്മസ്ഥാപനങ്ങൾ പരിപാലിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്തുകൊണ്ട് സമുദായത്തി

ന് മാതൃകയായി ജീവിക്കുന്നു. മരണപ്പെട്ടുപോയവരും ജീവിച്ചിരിക്കുന്ന വരുമായ അവരുടെ കുടുംബാദികൾക്ക് ഔദാര്യവാനായ അല്ലാഹു മഹത്തായ പ്രതിഫലം നൽകട്ടെ. ഇനിയും തലമുറകളിലൂടെ ഈ നന്മയുടെ നീരുറവ ഒഴികിക്കൊണ്ടിരിക്കട്ടെ.

ഓർമകളുടെ തീരത്ത്

## 51

# നിരുപാധികമായ അന്ധത

1972 ഫെബ്രുവരിയിൽ ഞാൻ കൊച്ചി പുതിയപള്ളിയിൽ ഖത്വീബും ഇമാമുമായി ചുമതലയേറ്റു. അപ്പോൾ കൊച്ചി മസ്ജിദുൽ മുജാഹിദീനിൽ ഖത്വീബായി സേവനം ചെയ്തിരുന്നത് കൊയിലാണ്ടി സ്വദേശിയും എന്റെ സ്നേഹിതനുമായിരുന്ന ടി.വി. മൊയ്തീൻകുട്ടി മൗലവിയായിരുന്നു. അദ്ദേഹം കർക്കശനായ തൗഹീദ് പോരാളിയായിരുന്നു. എറണാകുളം പുല്ലേപ്പടി സലഫി മസ്ജിദിൽ പുളിക്കൽ സ്വദേശി പി.വി. കുഞ്ഞിമൊയ്തീൻ മൗലവിയും ഖത്വീബായി ചുമതലയിലുണ്ട്. അദ്ദേഹത്തിന്റെ മൂത്ത സഹോദരൻ പി.വി. മുഹമ്മദ് മൗലവി എന്റെ അടുത്ത സുഹൃത്തായിരുന്നു. ഒരു പണ്ഡിത കുടുംബമാണ് അവരുടേത്. സലഫികളുടെ കുടുംബം. എന്നാൽ കുഞ്ഞിമൊയ്തീൻ മൗലവി ജമാഅത്തെ ഇസ്‌ലാമിയുടെ സജീവ പ്രവർത്തകനും എറണാകുളം മേഖലയിലെ സംഘാടകനുമായിരുന്നു. ബാബുസേട്ടുവിന്റെ പിതാവ് കിക്കിസേട്ടുവാണ് പുല്ലേപ്പടി മസ്ജിദിന്റെ മുതവല്ലി. പരമ്പരാഗതമായ ഈ സലഫീ കുടുംബത്തിന്റെ ചുമതലയിലുള്ള പള്ളിയിലെ ഖത്വീബും മദ്റസയുടെ സദർ മുദർരിസും ജമാഅത്തെ ഇസ്‌ലാമിയുടെ വക്താവായി വന്നതെങ്ങനെയെന്ന് വായനക്കാർ അത്ഭുതപ്പെടുന്നുണ്ടാകും. നദ്‌വത്തുൽ മുജാഹിദീനും ജമാഅത്തെ ഇസ്‌ലാമിയും ആദർശപരമായി വളരെ പൊരുത്തമുള്ള സംഘടനകളാണെന്ന് തെറ്റിദ്ധരിക്കപ്പെട്ട ഒരു കാലം കഴിഞ്ഞുപോയിട്ടുണ്ട്. മാത്രമല്ല, കൂടുതൽ വിശാലവും താത്വികവുമായ ആദർശ പ്രതിബദ്ധത പാലിക്കുന്ന ഒരു ദേശീയ പ്രസ്ഥാനമെന്ന നിലയിലും ജമാഅത്തിനെ കണക്കാക്കിവന്നിരുന്നു. മസ്ജിദുൽ മുജാഹിദീൻ ഖത്വീബായിരുന്ന ടി.വി. മൊയ്തീൻകുട്ടി മൗലവിയും ജമാഅത്തെ ഇസ്‌ലാമിയെ ഈ നിലയിൽ വിലയിരുത്തുന്നത് അവർക്ക് കൂടുതൽ സഹായകമായി. ആസ്യാബായിയുടെ ചെറുമക്കളും ദീനീനിഷ്ഠയിൽ വലിയ ആഭിമുഖ്യം പുലർത്തിയിരുന്നവരുമായ ഊർജ്ജസ്വലരായ യുവാക്കൾ, ബാബു- ത്വാഹിർ സേട്ടുമാർ ജമാഅത്തെ

ഇസ്‌ലാമിയുടെ സമ്പൂർണ്ണ സേവനക്കാരായി പ്രവർത്തിക്കുകയും ചെയ്യുന്ന കാലമായിരുന്നു അത്. അതുകൊണ്ടു തന്നെ കൊച്ചിയിലെ പ്രസിദ്ധമായ സനാനാ മദ്‌റസയുടെ മേൽനോട്ടക്കാരായി ഒരു ജമാഅത്ത് ദമ്പതികളാണ് ചുമതല നിർവ്വഹിച്ചിരുന്നത്. അങ്ങനെ മൊത്തത്തിൽ ഒരു ജമാഅത്ത് അനുകൂല തരംഗം അലയടിക്കുന്ന സാഹചര്യം നിലനിൽക്കുന്നതിന്റെ ഒത്ത നടുവിലേക്കാണ് ഞാൻ ചെന്നു ചാടിയത്. ഇതെല്ലാം നേരത്തെ കണ്ടറിഞ്ഞുകൊണ്ട് തന്നെയാണ് ഞാൻ ഈ ചുമതലയേൽക്കാൻ താൽപര്യം കാണിച്ചത്. ജമാഅത്തും മുജാഹിദും ഒന്നുതന്നെ എന്ന് ധരിപ്പിക്കപ്പെട്ട പ്രതികൂല സാഹചര്യം. ആദർശപരമായി വൈരുദ്ധ്യമുള്ള രണ്ടു പ്രസ്ഥാനങ്ങളെക്കുറിച്ച് ഇത്തരം തെറ്റായ ഒരു ധാരണ നിലനിൽക്കുന്നിടത്ത് എന്റെ ബാധ്യത വളരെ വിഷമകരമാണെന്ന് അറിയാമായിരുന്നു. "പ്രയാസത്തിനോടൊപ്പമേ എളുപ്പമുണ്ടാകൂ." എന്ന ഖുർആനിന്റെ സന്ദേശം എന്നെ ധൈര്യപ്പെടുത്തി.

ഞാൻ കടമ നിർവ്വഹിക്കാൻ, ആലോചിച്ച് സമയം കളഞ്ഞില്ല. എന്നോടൊപ്പം ആരുണ്ട് എന്ന് ഒരു സർവ്വെ നടത്താനും ഒരുങ്ങിയില്ല. എന്റെ ചുമതലയിൽ വന്നു ചേർന്ന മിമ്പറിലൂടെ തൗഹീദിന്റെ യഥാർത്ഥ മുഖം ജനങ്ങൾക്ക് വെളിവാക്കിക്കൊടുക്കാൻ ഞാൻ ശ്രമം ആരംഭിച്ചു. എട്ട് വെള്ളിയാഴ്ചകളിലായി ഫാതിഹ സൂറത്തിന്റെ അർത്ഥവ്യാഖ്യാനം നടത്തി. ഖുത്‌ബയിലും മറ്റു ക്ലാസുകളിലും ജമാഅത്തിന്റെ കടുത്ത ആദർശവ്യതിയാനത്തെ അക്കമിട്ടു ഞാൻ വിവരിച്ചുകൊണ്ടിരുന്നു. അതോടെ സലഫി ആഭിമുഖ്യമുള്ള മനസ്സുകൾ ആടിയിളകി. ധാരാളം പേർ പഠിക്കാൻ മുന്നോട്ടു വന്നു. ആദർശ വൈരുദ്ധ്യം ബോധ്യപ്പെട്ട മുജാഹിദ് സുഹൃത്തുക്കൾ എന്റെ സഹകാരികളായി. അവരുടെ എണ്ണം ക്രമേണ വർദ്ധിച്ചു വന്നു. അതോടെ ജമാഅത്ത് കേന്ദ്രങ്ങൾക്ക് വിറളിപിടിച്ചു. ബാബു, ത്വാഹിർ സേട്ടുമാരുടെ പിന്തുണയോടെ എന്നെ പള്ളിയിൽ നിന്നും പുറത്താക്കാൻ ഒളിഞ്ഞും തെളിഞ്ഞും ശ്രമങ്ങൾ ആരംഭിച്ചു. അപ്പോഴെല്ലാം എനിക്ക് താങ്ങായി നിന്നത് മർഹൂം സൈദ്കുഞ്ഞി ഹാജിയായിരുന്നു. മുതവല്ലിയായ അബ്ദുല്ല ഹാജി അഹമ്മദ് സേട്ടുവും എനിക്ക് വലിയ പിന്തുണയാണ് നൽകിയത്. മുസ്‌ലിംലീഗിന്റെ സജീവ ശത്രുവായ ജമാഅത്തിനെ അടിസ്ഥാനപരമായി വിമർശിക്കുന്നതിലും അവരോടുള്ള ജനങ്ങളുടെ അന്ധമായ ആഭിമുഖ്യത്തെ ദൂരീകരിക്കുന്നതിലും ലീഗ് നേതാവായ അബ്ദുല്ല സേട്ടുവിന് അതീവ താൽപര്യം ഉണ്ടായിരുന്നുവെന്നത് ഒരു വസ്തുതയാണ്. ട്രസ്റ്റ് കമ്മിറ്റിയിൽ എനിക്കെതിരിലുള്ള ശബ്ദത്തിന് ശക്തി വർദ്ധിച്ചപ്പോഴൊക്കെ അബ്ദുല്ല സേട്ട് ഏകനായി നിന്ന് പ്രതിരോ

ധിച്ചത് എനിക്കറിയാം.

പി.വി. കുഞ്ഞിമൊയ്തീൻ മൗലവി എറണാകുളം പുല്ലേപ്പടി മസ്ജിദ് കേന്ദ്രമാക്കി എനിക്കെതിരിൽ പല തന്ത്രങ്ങളും മെനഞ്ഞു. ബാബു സേട്ടുവും താഹിർ സേട്ടുവും അദ്ദേഹത്തിന് ശക്തി പകരുന്ന രണ്ടു തൂണുകളായിരുന്നു. കാരണം, ട്രസ്റ്റ് കുടുംബാദികളിൽ ദീനീരംഗത്ത് സജീവമായി പ്രവർത്തിക്കുന്ന സൽസ്വഭാവികളും വിനയാന്വിതരുമായ രണ്ടു യുവാക്കളായിരുന്നു ഇവർ. ജമാഅത്തെ ഇസ്‌ലാമി സത്യസമ്പൂർണ്ണമായ ഒരു പ്രസ്ഥാനമാണെന്ന് ധരിച്ചുവശായ ഇവരുടെ നിഷ്കളങ്കത ശരിക്കും അവർ മുതലെടുക്കുകയായിരുന്നു. മുജാഹിദ് പ്രസ്ഥാനത്തിലെ പണ്ഡിതന്മാരിൽ ഞാൻ മാത്രമാണ് ജമാഅത്തിന്റെ ശത്രുവായി രംഗത്തുള്ളതെന്ന് ആളുകളെ തെറ്റിദ്ധരിപ്പിക്കുവാൻ പല തന്ത്രങ്ങളും ജമാഅത്ത് കേന്ദ്രങ്ങൾ ആവിഷ്കരിച്ച് പുറത്തു വിട്ടിരുന്നു. അതിൽപെട്ട ഒരു പ്രധാന പ്രവർത്തനം വമ്പിച്ച പ്രചാരവേലയോടെ ഞാൻ കൊച്ചിയിലെത്തിയ അഞ്ചാം മാസത്തിൽ തന്നെ അവർ നടത്തി. വിദ്യാർത്ഥി- യുവജന നാമത്തിൽ കൊച്ചിയിൽ പ്രവർത്തിച്ചിരുന്ന ഒരു ജമാഅത്ത് ഉപഗ്രഹമായിരുന്നു ഐ.എസ്.വൈ.എ. എന്ന സംഘടന. അവർ ജമാഅത്തിന്റെ കേന്ദ്ര നേതൃത്വത്തിന്റെ രഹസ്യ നിർദ്ദേശപ്രകാരം ഒരു ചർച്ചാ സമ്മേളനത്തിന് വട്ടംകൂട്ടി. നിഷ്പക്ഷമതികളുടെ മുഖംമൂടിയണിഞ്ഞുകൊണ്ടാണ് അവർ രംഗത്ത് വന്നത്. 72 ജൂൺ 4ന് പുതിയപള്ളി മദ്റസാ ഹാളിൽ വെച്ച് ഒരു ചർച്ചാ സമ്മേളനം നടത്താൻ അവർ പദ്ധതിയിട്ടു. വിഷയം ഇബാദത്ത്. എന്നെ അവർ അതിലേക്ക് ക്ഷണിച്ചു. അവരുടെ ഉദ്ദേശ്യ നിഗൂഢത എനിക്ക് ബോധ്യമായിരുന്നു. പക്ഷെ, ഞാൻ സമ്മതിച്ചു. എനിക്ക് ഉത്തമ ബോധ്യമുള്ള ആദർശത്തിന്റെ സത്യം വെളിവാക്കാൻ ലഭിക്കുന്ന അവസരം തട്ടിക്കളയാൻ എന്തിന്റെ പേരിലായാലും ഞാൻ ഒരുക്കമല്ലായിരുന്നു. അവിടെ വിജയ- പരാജയങ്ങൾ ഞാൻ കണക്കുകൂട്ടാറില്ല. തന്ത്രങ്ങളെക്കുറിച്ച് തലപുകഞ്ഞാലോചിക്കാറുമില്ല. ആലോചനയില്ലാത്ത എടുത്തുചാട്ടമായി എന്റെ സുഹൃത്തുക്കൾ പലപ്പോഴും ഈ നിലപാടിനെ ആക്ഷേപിച്ചിട്ടുണ്ട്. ഉമർ മൗലവി ആലോചനയില്ലാതെ പോയി തലവെച്ചുകൊടുത്ത് വഷളായി എന്നുവരെ പലരും പറഞ്ഞിട്ടുണ്ട്. ഞാൻ ഇതിനൊന്നും പ്രതികരിക്കാറില്ല. ഇതിൽപെട്ട ഒരു പ്രധാന സംഗതിയായിരുന്നു മേൽ പറഞ്ഞ ചർച്ചാ സമ്മേളനം. ഞാൻ മുന്നും പിന്നും നോക്കാതെ സമ്മതിച്ചു. അവർ വിജയഭാവത്തിൽ തന്നെ പ്രചരണം നീക്കി.

എറണാകുളം ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്ന് അവരുടെ അനുഭാവികളെ സംഘടിപ്പിച്ച് യോഗത്തിൽ ഹാജരാക്കുവാൻ പ്രവർത്തനം

തുടങ്ങി. മുജാഹിദ് പ്രസ്ഥാനത്തിലെ പണ്ഡിതവ്യൂഹത്തിൽ ജമാഅത്തിനെ എതിർക്കുന്നവരായി ആരുമില്ല എന്ന് തെളിയിക്കലായിരുന്നു അവരുടെ പ്രഥമമായ ഉദ്ദേശ്യം. അങ്ങനെ എന്നെ ഒറ്റപ്പെടുത്തി കാണിച്ച് വഷളാക്കുകയെന്നത് രണ്ടാമത്തെതും. എല്ലാം ഞാൻ മുൻകൂട്ടി മനസ്സിലാക്കിയിരുന്നു. എന്റെ വ്യക്തിപരമായ മേന്മയോ വഷളത്തമോ ഒരു പ്രശ്നമായി ഞാൻ കണ്ടില്ല. കാരണം എല്ലാറ്റിന്റേയും ഉടമസ്ഥൻ അല്ലാഹുവാണല്ലോ. അവൻ നിശ്ചയിക്കുന്നതേ നടക്കൂ. അവരുടെ ആദ്യത്തെ ഉദ്ദേശ്യം തകർകക്കണമെന്ന് എനിക്ക് ആശയുണ്ടായി. എന്റെ പ്രസ്ഥാനം എന്നോടൊത്തില്ലെന്ന് തെളിയിക്കപ്പെടുന്നത് എന്റെ പ്രവർത്തനത്തിന് ഭംഗം ഉണ്ടാക്കുമല്ലോ. അതിനാൽ വിവരം കാണിച്ചുകൊണ്ടുള്ള ഒരു കത്ത് തയ്യാറാക്കി ഹമീദിനെ ഞാൻ വളവന്നൂരിലേക്ക് അയച്ചു. എ.പി. അബ്ദുൽ ഖാദിർ മൗലവി അന്ന് അൻസാർ അറബികോളേജിൽ അദ്ധ്യാപകനായിരുന്നു. എ.പി. ഇതിൽ പങ്കെടുക്കണമെന്നായിരുന്നു എന്റെ ആഗ്രഹം. പക്ഷെ, അദ്ദേഹം ഹമീദിനെ എടവണ്ണയിലെ ജാമിഅ നദ്‌വിയ്യയിൽ, എ. അലവി മൗലവിയുടെ അടുക്കൽ അയച്ചു. ചെന്ന് വിവരം പറഞ്ഞു. അദ്ദേഹം ആ യോഗത്തിൽ സംബന്ധിക്കാമെന്ന് സമ്മതിച്ചു. നദ്‌വത്തുൽ മുജാഹിദീന്റെ നെടുംതൂണായ പ്രഗത്ഭ പണ്ഡിതൻ അലവി മൗലവി സമ്മതം നൽകിയതോടെ ജമാഅത്തുകാരുടെ കുപ്രചാരണോദ്ദേശ്യം ആദ്യമേ തകർന്നു. അടുത്ത പ്രശ്നം മസ്ജിദുൽ മുജാഹിദീൻ ഖത്വീബ് ടി.വി. മൊയ്തീൻകുട്ടി മൗലവിയായിരുന്നു. അദ്ദേഹം ജമാഅത്ത് അനുഭാവിയാണെന്ന് പ്രചരിപ്പിക്കപ്പെട്ടിരുന്നു. മൗദൂദിയുടെ ഹുക്കൂമത്തെ ഇലാഹി എന്ന മുദ്രാവാക്യത്തെ പരോക്ഷമായി പിന്തുണക്കുന്ന ചില ഖുത്ബകൾ അദ്ദേഹം നടത്തിയെന്നാണ് പറയപ്പെട്ടത്. അപ്പോൾ എനിക്ക് ഒരു ആലോചനയുണ്ടായി. മൊയ്തീൻ കുട്ടി മൗലവിയെ ഈ യോഗത്തിൽ മുജാഹിദ് പക്ഷത്തിന്റെ വക്താവായി പങ്കെടുപ്പിക്കുവാൻ സാധ്യമാകുമോ എന്ന്. അങ്ങനെ ഇബാദത്തിനെക്കുറിച്ച് താത്വികവും അടിസ്ഥാനപരവുമായ സംഗതികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു കൊച്ചു പ്രബന്ധം ഞാൻ തയ്യാറാക്കി. അതുമായി മൗലവിയുടെ അടുക്കൽ ചെന്നു. ഞാൻ കേട്ടറിഞ്ഞ പ്രചാരണത്തിൽ ലേശം വസ്തുതയുള്ളതായി അദ്ദേഹവുമായി ബന്ധപ്പെട്ടപ്പോൾ ബോധ്യമായി. അങ്ങനെ ഞങ്ങൾ തമ്മിൽ വിശദമായ ഒരു ചർച്ച നടന്നു. ജമാഅത്തെ ഇസ്‌ലാമിയുടെ ആദർശമായ മൗദൂദിസം അതിഗുരുതരമായ ആദർശ വ്യതിയാനത്തിൽ അധിഷ്ഠിതമാണെന്ന് അപ്പോഴാണ് അദ്ദേഹത്തിന് ബോധ്യമായത്. ഞാൻ അല്ലാഹുവിനെ സ്തുതിച്ചു. സത്യം ബോധ്യപ്പെട്ട നിലയിൽ മൗല

വിയും റബ്ബിനെ സ്തുതിച്ചു. അപ്പോൾ ഞാൻ എന്റെ പ്രബന്ധം അദ്ദേഹത്തെ വായിച്ചു കേൾപ്പിച്ചു. അദ്ദേഹം ആഹ്ലാദിക്കുകയും പ്രബന്ധം താൻ തന്നെ അവതരിപ്പിക്കാമെന്ന് സ്വയം ഏൽക്കുകയും ചെയ്തു. അതോടെ മുജാഹിദ് വിഭാഗത്തിന്റെ പ്രാതിനിധ്യം സമ്മേളനത്തിൽ ഉറപ്പായി. ഞാൻ ഇവിടെ ഒറ്റയാനല്ല അത് സദസ്സിൽ തെളിയിക്കപ്പെടാൻ സാധ്യമാകുമെന്ന് വന്നതോടെ ഏറെ സന്തോഷമായി.

അഡ്വ. കെ.എം. സൈദ്മുഹമ്മദ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ രാവിലെ പത്ത് മണിക്ക് ചർച്ചാ സമ്മേളനം ആരംഭിച്ചു. ഞാൻ വിചാരിച്ചതുപോലെ തന്നെ വലിയൊരു സദസ്സ് ഹാജറുണ്ടായിരുന്നു. അതിൽ ഏറിയകൂറും ജില്ലയുടെ നാനാഭാഗത്തുനിന്നും വന്നെത്തിയ ജമാഅത്തുകാരായിരുന്നു. അവർ നേരത്തെയെത്തി സദസ്സിൽ പകുതിഭാഗവും കയ്യടക്കി.

പ്രബോധനം മാസികയുടെ പത്രാധിപരായിരുന്ന അബ്ദുല്ല ഹസൻ സാഹിബാണ് ജമാഅത്തിന്റെ വാദം ഉറപ്പിക്കുന്ന നീണ്ട പ്രബന്ധം അവതരിപ്പിച്ചത്. ആയത്തുകളും അനേകം കിതാബുകളിൽ നിന്ന് മുറിച്ചെടുത്ത ഉദ്ധരണികളും അവയെ തങ്ങളുടെ അബദ്ധ വാദങ്ങൾക്കൊപ്പിച്ച് വ്യാഖ്യാനിച്ചുമുള്ളതായിരുന്നു പ്രബന്ധം. ചർച്ചയിൽ അവസാന ചാൻസ് തങ്ങൾക്ക് ലഭിക്കത്തക്കവണ്ണം പരിപാടി അവർ ആസൂത്രണം ചെയ്തു. പ്രബന്ധാവതരണത്തിന് ആദ്യം ക്ഷണിക്കപ്പെട്ടത് മൊയ്തീൻകുട്ടി മൗലവിയായിരുന്നു. അലവി മൗലവിയുടെ പ്രഗത്ഭമായ സാന്നിധ്യം അവരെ അലോസരപ്പെടുത്തി. അപ്പോൾ എന്നെ വ്യക്തിപരമായി ആക്ഷേപിച്ചുകൊണ്ടും അസത്യമായ ആരോപണങ്ങൾ എനിക്കെതിരിൽ ഉന്നയിച്ചുകൊണ്ടും പരിപാടിയുടെ ഗതി അവർ മാറ്റുകയായിരുന്നു. ചർച്ചയിലെ ആദ്യാവസരം അലവി മൗലവിക്ക് നൽകി. മൗലവിയുടെ സാരഗർഭവും സമർത്ഥവുമായ പ്രഭാഷണം ഇബാദത്തിന്റെ മൗലികതയിലേക്ക് വെളിച്ചമേകി. ഖുർആനിന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിൽ ഇബാദത്തിന്റെ സാങ്കേതികമായ അർത്ഥവ്യാഖ്യാനം അദ്ദേഹം അവതരിപ്പിച്ചു. ലോക പ്രശസ്ത ഖുർആൻ വ്യാഖ്യാതാവായ സയ്യിദ് റശീദ് രിളായുടെ വസ്തുനിഷ്ഠമായ വിശദീകരണം പദാനുപദം വായിച്ചു കേൾപ്പിച്ചുകൊണ്ടുള്ള അലവി മൗലവിയുടെ പ്രഗത്ഭമായ പ്രഭാഷണം സദസ്സ് നിശബ്ദം ശ്രവിച്ചപ്പോൾ സത്യാന്വേഷണ വാഞ്ഛയാൽ ആശങ്കാഭരിതരായിരുന്ന ശ്രോതാക്കൾക്ക് വ്യക്തമായ ഒരു ചിത്രം ഇബാദത്തിനെക്കുറിച്ച് കിട്ടി. തുടർന്ന് ജമാഅത്ത് പ്രതിനിധിയായി പ്രസംഗിച്ചത് വി.കെ. അലി സാഹിബായിരുന്നു. അദ്ദേഹം അലവി മൗലവിയുടെ വൈജ്ഞാനിക വൈഭവത്തെ വാനോളം പുകഴ്ത്തുകയും മുഫസ്സിറായ രശീദ് രിളായെ പാതാളത്തോളം താഴ്ത്തുകയും

ചെയ്തു. ആദ്യകാല തഫ്സീറുകളിൽ ഇബാദത്തിന്റെ വിശദീകരണത്തിൽ വന്നിട്ടുള്ള അപാകതകളെ യുക്തിയുടെയും തെളിവിന്റെയും വെളിച്ചത്തിൽ തിരുത്തുകയും വിശദീകരിക്കുകയും ചെയ്യുന്ന റശീദ് രിളയുടെ നീണ്ട വിവരണം അലവി മൗലവി സദസ്സിനെ കേൾപ്പിച്ചപ്പോൾ ഉണ്ടായ പരാജയബോധം മാറ്റിയെടുക്കാൻ ഒരൊറ്റമൂലി അവർ പ്രയോഗിച്ചു. റശീദ് രിളയെ വിശ്വസിക്കാൻ പറ്റുകയില്ല. അദ്ദേഹം ആദ്യകാലത്ത് ഈസാനബി മരിച്ചുപോയെന്ന അഹമ്മദിയ്യ വാദം ഉന്നയിച്ച ആളായിരുന്നു. ആ പിഴവ് അദ്ദേഹം സ്വയം തിരുത്തിയെന്ന സത്യം മറച്ചുപിടിച്ചുകൊണ്ട് മഹാനായ ആ മുഫസ്സിറിനെ ഇകഴ്ത്തുക വഴി വിഷയത്തിന്റെ കാതലായ ചർച്ചയിൽ നിന്നും ഊരിച്ചാടാൻ അവർ സമർത്ഥമായി ശ്രമിച്ചു.

കൂടാതെ മറ്റൊരു പുതിയ വാദം അവതരിപ്പിക്കുകയായിരുന്നു ആ ചർച്ചയിൽ. ഇബാദത്ത് വെറും അനുസരണമെന്നല്ല തങ്ങൾ പറയുന്നതെന്നും നിരുപധികമായ അനുസരണം എന്നാണ് യഥാർത്ഥമായി ഉദ്ദേശിക്കുന്നതെന്നും അവർ സ്ഥാപിക്കാൻ ശ്രമിച്ചു. പക്ഷേ, ഈ വാദവും അനിസ്‌ലാമികമാണ്. കാരണം, നബിയെ നിരുപാധികം അനുസരിക്കണമെന്നത് ഖുർആനിന്റെ ശക്തമായ നിർദ്ദേശമാണ്.

ഈ ചർച്ചാ സമ്മേളനത്തോടെ ജമാഅത്തുകാർ വല്ലാതെ ഊററം കൊണ്ടു. എന്നെ കൊച്ചിയിൽ നിന്നും പുകച്ചു പുറത്തു ചാടിക്കുവാൻ പല വിദ്യകളും അവർ പ്രയോഗിച്ചുനോക്കി. ഒന്നും ഫലവത്താകുന്നില്ല. പുതിയപള്ളിയിൽ നിന്നും ഭ്രഷ്ടായാലും കൊച്ചി വിടുകയില്ലെന്ന് ഞാൻ ഉറച്ചു. അതിന്നായി കുറച്ചു സാധാരണക്കാരായ സുഹൃത്തുക്കൾ എനിക്ക് ധൈര്യമേകി. ഈ പശ്ചാത്തലത്തിൽ എറണാകുളം പുല്ലേപ്പടി മസ്ജിദ് ഖത്വീബായിരുന്ന പി.വി. കുഞ്ഞുമൊയ്തീൻ മൗലവി ഒരു കഥാപുരുഷനായി മാറി. അദ്ദേഹം സൂറത് കാഫിറൂൻ ഓതി ഒരു ഖുത്ബ നടത്തി. ആരാധനയുടെ വിഷയത്തിൽ മുശ്‌രിക്കുകളുമായുള്ള വേർതിരിവ് അർത്ഥശങ്കക്കിടയില്ലാത്തവണ്ണം പ്രഖ്യാപിക്കുവാൻ റസൂലിന് അവതരിപ്പിക്കപ്പെട്ട ഒരദ്ധ്യായമാണിത്. “പറയുക” എന്ന് പ്രവാചകനോട് നിർദ്ദേശിച്ചുകൊണ്ടാണല്ലോ അദ്ധ്യായം ആരംഭിക്കുന്നത്. “ഹേ, സത്യനിഷേധികളേ, നിങ്ങൾ ആരാധിക്കുന്നതിനെ ഞാൻ ആരാധിക്കുന്നില്ല.” എന്നു തുടങ്ങുന്ന വചനങ്ങൾ ഏവർക്കും മനഃപാഠമാണല്ലോ. ജമാഅത്ത് മൗലവി ഈ സൂറത്തിനെ ആകെ അലങ്കോലപ്പെടുത്തി മൗദൂദിസത്തിന്റെ തെളിവായി അവതരിപ്പിച്ചു. നിങ്ങൾ അനുസരിക്കുന്നതിനെ ഞാൻ അനുസരിക്കുന്നില്ല എന്നിങ്ങനെ തുടങ്ങി കാഫിറൂൻ എന്ന അദ്ധ്യായത്തിലെ മുഴുവൻ പ്രയോഗങ്ങളെയും അനുസരണമാക്കി മാറ്റുകയും അതിനൊത്ത്

വിശദീകരിക്കുകയും ചെയ്തു. ഒടുവിൽ "നിങ്ങൾക്ക് നിങ്ങളുടെ ദീൻ എനിക്ക് എന്റെ ദീൻ" എന്ന ആശയത്തിന് ഭരണ വ്യവസ്ഥയെന്ന് തോന്നുമാറ് വ്യാഖ്യാനിക്കുകയും ചെയ്തു. ശ്രോതാക്കൾ ആശ്ചര്യപ്പെട്ടു. പള്ളി ഭാരവാഹികൾക്കും ദഹിക്കാത്ത ഭക്ഷണം കഴിച്ച അവസ്ഥ! നാളിതുവരെ കേട്ടുകേൾവി പോലുമില്ലാത്ത ഒരു അർത്ഥ വിശദീകരണം! ഈ വിശേഷം അറിഞ്ഞപ്പോൾ അടുത്ത ജമുഅക്ക് ഇതേ സൂറത്ത് ഓതി ഞാൻ ഖുത്വ്ബ നടത്തി. ആ സൂറത്തിന്റെ യഥാർത്ഥ വിഷയവും അവതരണ പശ്ചാത്തലവും ഞാൻ വിവരിച്ചു. കഴിഞ്ഞ വെള്ളിയാഴ്ച പി.വി. കുഞ്ഞുമൊയ്തീൻ മൗലവി നടത്തിയ ഗുരുതരമായ ആശയവ്യതിയാനത്തെക്കുറിച്ചും തുറന്നു പറഞ്ഞു. അങ്ങനെ വിഷയത്തിന്റെ ഗതി മറ്റൊരു ചാലിലേക്കായി. പള്ളി ഭാരവാഹികൾ പി.വി.യും ഞാനുമായി ഒരു മുഖാമുഖ ചർച്ചയ്ക്ക് കളമൊരുക്കി. ബാബു സേട്ടുവിന്റെ വീട്ടിൽ വെച്ച് അദ്ദേഹത്തിന്റെ പിതാവ് കിക്കീ സേട്ടുവിന്റെ സാന്നിദ്ധ്യത്തിൽ, എറണാകുളം ബ്രോഡ്‌വേ മസ്ജിദ് ഖത്വീബ് റഫീഖ് മൗലവിയുടെ മദ്ധ്യസ്ഥതയിൽ ആ മുഖാമുഖം നടന്നു. ബാബു– ത്വാഹിർ സേട്ടുമാർ അതിൽ നിരീക്ഷകരായി. ആ സംഭാഷണം അസഹ്യമായ ആദർശ വ്യതിയാനത്തിന്റെയും വ്യക്തമായ കുഫ്‌രിയ്യത്തിന്റെയും ചിത്രമായി പരിണമിക്കുകയാണുണ്ടായത്. ഇബാദത്തിന് 'നിരുപാധികമായ അനുസരണം' എന്ന് അർത്ഥം നൽകുന്നതിനെക്കുറിച്ച് നടന്ന ചർച്ചയിൽ നബിﷺയെ നിരുപാധികം അനുസരിക്കുന്നത് ശിർക്കാണെന്ന് പി.വി. മൗലവി വാദിച്ചപ്പോൾ ഞാൻ ഞെട്ടിവിറച്ചു! ഈ കുഫ്‌രിയ്യത്തിന്റെ ധാർഷ്ട്യത്തിൽ നിന്നും അദ്ദേഹത്തെ പിന്തിരിപ്പിക്കാൻ ഞാൻ വളരെ ശ്രമിച്ചുനോക്കി. പക്ഷെ, നിർഭാഗ്യവാനായ ആ മനുഷ്യൻ അതിൽ ഉറക്കുന്നതായിട്ടാണ് അനുഭവപ്പെട്ടത്. ഒടുവിൽ രണ്ടു പേരുടെയും വാദം എഴുതാൻ തീരുമാനമായി. പ്രവാചകനെ നിരുപാധികം അനുസരിക്കുന്നവനേ മുസ്‌ലിമാകൂ എന്ന് ഞാൻ എഴുതിയപ്പോൾ അദ്ദേഹം തന്റെ വാദം ഭയലേശമന്യേ എഴുതി. എന്റെ വാദത്തിന് തെളിവ് ചോദിച്ചപ്പോൾ"അശ്ഹദു അന്ന മുഹമ്മദുർ റസൂലുല്ലാഹ്" എന്ന് ഞാൻ പറഞ്ഞു. ഒപ്പ് വെക്കാൻ ഒരുങ്ങിയപ്പോൾ, ഒരിക്കൽ കൂടി നല്ലവണ്ണം ആലോചിച്ച് ഒപ്പ് വെച്ചാൽ മതി എന്ന് പി.വിയോട് ഞാൻ പറഞ്ഞു. ഒരു പുനരാലോചന നടത്താൻ തക്ക ഒന്നും ഞാൻ പറഞ്ഞില്ലല്ലോ എന്നാണ് അദ്ദേഹം പ്രതിവചിച്ചത്. എനിക്കുണ്ടായ മാനസിക സംഘർഷം പറഞ്ഞറിയിക്കാവതല്ല. ഈ സംഭാഷണത്തിനു ശേഷം ഞാൻ ജമാഅത്തിന്റെ കേരള അമീർ ആയിരുന്ന കെ.സി. അബ്ദുല്ല മൗലവിക്ക് കത്തയച്ചു. പി.വി. കുഞ്ഞുമൊയ്തീൻ മൗലവി മേൽ പ്രകാരം എഴുതി ഒപ്പിട്ടിരിക്കുന്നു. ഇത് ജമാഅത്തെ ഇസ്‌ലാമിയുടെ വാദമാണോ,

താങ്കൾ അത് വെളിപ്പെടുത്തണം. കത്ത് ഞാൻ സൽസബീൽ മാസിക യിലും പ്രസിദ്ധീകരിച്ചു. അദ്ദേഹം പൂർണ്ണ നിശബ്ദത പാലിച്ചു. തുടർന്ന് ഏതോ അത്യാവശ്യാർത്ഥം എ.പി. അബ്ദുൽ ഖാദിർ മൗലവിയും കെ.കെ. മുഹമ്മദ് സുല്ലമിയും കൊച്ചിയിൽ വന്നു. അപ്പോൾ ബാബു സേട്ടുവിന്റെ അഭ്യർത്ഥന പ്രകാരം പി.വിയുമായി ഒരു രണ്ടാംവട്ട ചർച്ചക്ക് അവർ തയ്യാ റായി. എന്റെ വാദം പൂർണമായി അംഗീകരിച്ചുകൊണ്ടാണ് അവർ പി.വിയു മായി ചർച്ച തുടങ്ങിയത്. അന്നത്തെ ചർച്ചയിൽ എറണാകുളത്തെ പ്രമുഖ ജമാഅത്ത് വക്താവും മുഖ്യ വ്യാപാരിയുമായിരുന്ന ഹാഷിം ഹാജിയും സന്നിഹിതനായിരുന്നു. നമ്മുടെ ഭാഗത്ത് നിരീക്ഷകരായി പുറമെ നിന്ന് ഹാജറുണ്ടായിരുന്നത് എ.എ. ഹമീദും പി.എം അബ്ദുൽ അസീസുമായി രുന്നു. ഈ സംഭാഷണവും ബാബു സേട്ടുവിന്റെ വസതിയിലായിരുന്നു.

പി.വി. മൗലവി തന്റെ വാദത്തിൽ ഉറച്ചു നിന്നു. എ.പിയും കെ.കെയും പി.വി. മൗലവിക്ക് സംഭവിച്ച വ്യതിയാനത്തിന്റെ ഗുരുതരാവസ്ഥയെ ബോധ്യപ്പെടുത്താൻ കിണഞ്ഞു ശ്രമിച്ചു. ഈ സംഭാഷണത്തിന്നിടയിൽ ഹാഷിം ഹാജിയിൽ നിന്നും പുറത്ത് വന്ന ഒരു വാചകം ഇവിടെ പറയാ തിരിക്കാൻ വയ്യ. എത്രകണ്ട് ഇവരുടെ മനസ്സുകൾ വ്യതിചലിച്ചുപോയെന്ന് വായനക്കാർ അറിയേണ്ടത് ആവശ്യമായതുകൊണ്ടും തങ്ങളുടെ സത്യ നിഷേധത്തിൽ നിന്നും അവർ ഇതുവരെ പിൻമാറിയിട്ടില്ലെന്ന് അറിയുന്ന തുകൊണ്ടുമാണ് ഹാഷിം ഹാജിയുടെ വാചകം ഞാനിപ്പോൾ ഉദ്ധരിക്കു ന്നത്. "അല്ലാഹു പറഞ്ഞതുകൊണ്ടാണ് നബിയെ ഞങ്ങൾ അനുസരി ക്കുന്നത്. അല്ലെങ്കിൽ ചവിട്ടി പുറത്താക്കും." ഇതിനേക്കാൾ വലിയ ഒരു ധാർഷ്ട്യം വേറെയുണ്ടോ? നിങ്ങൾ ചിന്തിക്കുക. ഇവിടെ അറിഞ്ഞിരി ക്കേണ്ട ഒരു തത്വമുണ്ട്. അല്ലാഹു പറഞ്ഞതുകൊണ്ടാണ് ഞങ്ങൾ നബിയെ അനുസരിക്കുന്നത് എന്ന വാക്ക് പരിശോധനാ വിധേയമാക്കാം. അല്ലാഹു ആരോട് പറഞ്ഞു?

പറഞ്ഞത് മുഹമ്മദ് നബിﷺയോടല്ലേ? നബിﷺയാണ് നമ്മോട് ആ കാര്യം അറിയിച്ചത്. പ്രവാചകൻ പിന്നീട് മനുഷ്യരോട് പറഞ്ഞു. അതാ ണല്ലോ സത്യം. ചിന്തിക്കുക. പ്രവാചകൻ ഓതിത്തരുന്ന വചനം അല്ലാ ഹുവിൽ നിന്നുള്ള സത്യസമ്പൂർണമായതാണെന്ന് നാം വിശ്വസിക്കണം. ആ വിശ്വാസം ദൃഢമാകണമെങ്കിൽ അത് ഓതിത്തന്നയാളെ നാം പൂർണ മായി വിശ്വസിച്ചേ പറ്റൂ. മുഹമ്മദ് നബിﷺ മതവിഷയത്തിൽ സ്വന്തമായി ഒന്നും പറയുകയില്ലെന്നും അല്ലാഹു അറിയിച്ചുകൊടുക്കുന്നതിൽ യാ തൊന്നും കൂട്ടിച്ചേർക്കുകയോ വിട്ടുകളയുകയോ ചെയ്യുകയില്ലെന്നും സത്യസമ്പൂർണനായ ദൈവദൂതനാണെന്നും ബോധ്യപ്പെടുന്ന ഒരു

വ്യക്തിക്കു മാത്രമേ ഖുർആൻ ദൈവീക വാക്യമാണെന്ന് വിശ്വസിക്കാനാവൂ. പ്രവാചകന്റെ ബുദ്ധിശക്തിയേയും കഴിവിനേയും വിജ്ഞാനത്തേയും സംഘാടക വൈഭവത്തേയും അങ്ങേയറ്റം വാഴ്ത്തിപ്പറയുന്ന അനേകം പ്രശസ്തരായ ചിന്തകന്മാരും നേതാക്കളും ലോകത്ത് കഴിഞ്ഞുപോയി. ഇപ്പോഴുമുണ്ട്. വിശുദ്ധ ഖുർആനിലെ വചനങ്ങളുടെ മാഹാത്മ്യം ഉറക്കെ പറയുന്ന ഒരുപാട് കവികളും സാഹിത്യകാരന്മാരും തത്വചിന്തകരുമുണ്ട്. പക്ഷെ, അവരാരും മുസ്‌ലിമാകാൻ കൂട്ടാക്കുന്നില്ല. എന്തുകൊണ്ട്? മുഹമ്മദ് നബി ﷺ സ്രഷ്ടാവായ ദൈവത്തിൽ നിന്നും നേരിട്ട് സന്ദേശം സ്വീകരിക്കുന്ന ദൂതനാണെന്നും ദൗത്യനിർവ്വഹണത്തിൽ സത്യസമ്പൂർണ്ണനാണെന്നും അവർ വിശ്വസിക്കുന്നില്ല. നബിﷺയുടെ കൃതിയാണ് ഖുർആൻ എന്നത്രെ അവരിലധിക പേരും കരുതുന്നത്. മുഹമ്മദ് നബിﷺയിലുള്ള ദൃഢമായ വിശ്വാസമാണ് നബിയുടെ ശ്രോതാക്കളെ ഖുർആനിലേക്ക് ആകർഷിപിച്ചത്. വിശ്വാസത്തിന്റെയും അനുസരണത്തിന്റെയും ബാലപാഠം ആരംഭിക്കുന്നതു തന്നെ പ്രവാചകനോടുള്ള ജനങ്ങളുടെ മനോഭാവത്തിൽ നിന്നാണെന്ന് ഇസ്‌ലാമിക ചരിത്രം പരിശോധിക്കുന്നവർക്ക് ബോധ്യമാകും. തികച്ചും അവിശ്വസനീയമായി തോന്നാവുന്ന മിഅ്റാജിന്റെ വിവരങ്ങൾ നബിﷺ ശ്രോതാക്കളെ കേൾപ്പിച്ചപ്പോൾ പലരും ആശങ്കാകുലരായി. ഒരു രാത്രിയുടെ യാമങ്ങൾക്കിടയിൽ ആകാശലോകങ്ങളുടെ അങ്ങേ തലക്കൽ പോയി അല്ലാഹുവുമായി കൂടിക്കാഴ്ച നടത്തി പുലരും മുമ്പേ മടങ്ങി വരികയോ?! മനുഷ്യബുദ്ധിക്ക് ഉൾക്കൊള്ളാൻ കഴിയാത്ത അത്യത്ഭുത വർത്തമാനം! ഈ സദസ്സിൽ അബൂബക്കർ رضي الله عنه ഹാജരുണ്ടായിരുന്നില്ല. അദ്ദേഹം വന്നപ്പോൾ വിശ്വാസികളായ ശ്രോതാക്കൾ തങ്ങളുടെ മാനസികമായ അസ്വസ്ഥത വെളിപ്പെടുത്തി. ഉടനെ അദ്ദേഹം ചോദിച്ചു: റസൂൽﷺ അങ്ങനെ പറഞ്ഞുവോ? “അതെ”. അവർ പ്രതിവചിച്ചു. തൽക്ഷണം അബൂബക്കർ رضي الله عنه പ്രതികരിച്ചു. “എങ്കിൽ ഞാൻ അത് വിശ്വസിക്കുന്നു.” ഞാൻ ഒന്നാലോചിക്കട്ടെ, ഞാൻ നബിയുമായി ഇതേക്കുറിച്ച് സംസാരിക്കട്ടെ, എന്നിട്ട് പറയാം എന്നൊന്നുമല്ല അദ്ദേഹം പറഞ്ഞത്. വിശ്വാസത്തിന്റെയും അനുസരണത്തിന്റെയു നിരുപാധികവും സമ്പൂർണ്ണവുമായ ഭാവമാണ് നമുക്കിവിടെ ദർശിക്കാനാവുന്നത്. മറ്റൊരു സംഭവം: ഉമർ رضي الله عنه ഹജ്റുൽ അസ്‌വദ് എന്ന കഅ്ബയിൽ സ്ഥാപിക്കപ്പെട്ട കറുത്ത കല്ലിനെ ചുംബിക്കുമ്പോൾ ഇപ്രകാരം പറഞ്ഞു: “ഹേ കല്ലേ! നീ വെറും ഒരു കല്ലാകുന്നു. നിനക്ക് യാതൊരു ഉപകാരവും ചെയ്യാനും ഒരു ഉപദ്രവമേൽപ്പിക്കാനും കഴിവില്ലെന്ന് എനിക്ക് നന്നായറിയാം. അല്ലാഹുവിന്റെ റസൂൽ നിന്നെ ചുംബിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട് എന്നതുകൊണ്ട് മാത്രമാണ് ഞാൻ നിന്നെ

ചുംബിക്കുന്നത്.” അനുസരണത്തിന്റെയും വിശ്വാസത്തിന്റെയും അനുകരണീയമായ മാതൃക നാം ഇവിടെ കാണുന്നു. ഇങ്ങനെ അനേകം പാഠങ്ങളുണ്ട്. നബിﷺ പറഞ്ഞു; “ആർ എന്നെ അനുസരിച്ചുവോ അവർ അല്ലാഹുവിനെ അനുസരിച്ചു”. അപ്പോൾ അനുസരണം യഥാർത്ഥത്തിൽ ആരംഭിക്കുന്നത് പ്രവാചകനിലൂടെയാണ്. പ്രവാചകനിൽ വിശ്വസിച്ച് അദ്ദേഹത്തെ അനുസരിക്കുന്നവർക്ക് മാത്രമേ അല്ലാഹുവിനെ കണ്ടെത്താൻ കഴിയൂ. ഈ അനുസരണം അല്ലാഹുവിനോടു മാത്രമേ ആകാവൂ എന്നാണ് മൗദൂദിസം പഠിപ്പിക്കുന്നത്. ഒന്നാം കലിമയുടെ അർത്ഥം അതാണെന്ന് അവർ ജൽപിക്കുന്നു. പ്രവാചകനെ അനുസരിക്കേണ്ടത് സോപാധികമാണെന്ന് അവർ വാദിക്കുന്നു. പ്രസംഗിക്കുന്നു. പുസ്തകങ്ങൾ രചിക്കുന്നു. ഇത് ഇസ്‌ലാമിന്റെ മുഖംമൂടിയണിഞ്ഞ അനിസ്‌ലാമിക പ്രസ്ഥാനമാണെന്ന് തിരിച്ചറിയാൻ വൈകിപ്പോയതാണ് എല്ലാ നാശങ്ങൾക്കും ഹേതുവായിത്തീർന്നത്. പണ്ഡിതന്മാർ മുഖംമൂടിയാണിതെന്ന് മനസ്സിലാക്കാൻ വൈകി. ഒരു പുകമറക്കുള്ളിലാണ് തങ്ങൾ അകപ്പെട്ടുപോയതെന്ന തിരിച്ചറിവ് ഉണ്ടാകുവാൻ ബുദ്ധിയുള്ളവർക്ക് പോലും കഴിഞ്ഞില്ലെന്നുള്ളതാണ് ഈ തിരുത്തൽവാദികൾക്കും തീവ്രവാദികൾക്കും പ്രോത്സാഹനമായി ഭവിച്ചത്. അല്ലാഹു സത്യം വെളിപ്പെടുത്തിത്തന്നു. ആ പാത വ്യത്തിയോടെ നിതാന്ത ജാഗ്രതയോടെ നാം കാത്തുസൂക്ഷിക്കണം. റബ്ബ് അനുഗ്രഹിക്കട്ടെ.

പി.വി. കുഞ്ഞിമൊയ്തീൻ മൗലവി തന്റെ ഭീകരവാദത്തിൽ നിന്നും പിൻമാറാൻ കൂട്ടാക്കിയില്ല. ജമാഅത്തെ ഇസ്‌ലാമി ഔദ്യോഗിക തലത്തിലൂടെ അദ്ദേഹത്തെ ഉപദേശിക്കുകയോ ശാസിക്കുകയോ ചെയ്തില്ല. പ്രോത്സാഹിപ്പിക്കുകയാണെന്ന് തോന്നുംവിധമാണ് കാര്യങ്ങൾ നീങ്ങിയത്. ജമാഅത്തിന്റെ ഭരണഘടനയിൽ വ്യക്തമായി പറഞ്ഞ വിഷയത്തിനെതിരിലാണ് ഈ വാദം എന്ന തിരിച്ചറിവ് പോലും അവർ കാണിച്ചില്ല. അല്ലാഹുവിനെയും റസൂലിനെയുമാണ് നിരുപാധികമായി അനുസരിക്കേണ്ടത് എന്ന് ഭരണഘടനയിൽ എഴുതിവെച്ചിട്ടുണ്ട്. പ്രവാചകനെ നിരുപാധികം അനുസരിക്കാൻ ഇസ്‌ലാം ഒരിടത്തും പഠിപ്പിച്ചിട്ടില്ല എന്നിപ്രകാരം വാദിച്ചുകൊണ്ട് അവർ പുസ്തകം രചിച്ചു. അബ്ദുല്ല ഹസൻ രചിച്ച ‘ഇബാദത്ത് ഒരു ലഘു പരിചയം’ എന്ന പുസ്തകത്തിലും എം.വി. മുഹമ്മദ് സലീം രചിച്ച ‘ഇബാദത്ത് സംശയങ്ങളും മറുപടിയും’ എന്ന പുസ്തകത്തിലും ഈ കുഫ്‌രിയ്യത്തിന്റെ വാദം അവർ തെളിയിച്ചു പറഞ്ഞു. ജമാഅത്തിന്റെ പ്രസിദ്ധീകരണാലയമായ ഐ.പി.എച്ച്. തന്നെയാണ് ഇത് പ്രസിദ്ധീകരിച്ചത്. ഈ വാദത്തിന്നവർ ചൂണ്ടിക്കാണിച്ച തെളിവ് രോഗത്തേക്കാൾ മാരകമായ മരുന്ന് എന്ന് പറയുന്നത് പോലെയായിരുന്നു.

അല്ലാഹുവിന്റെ അനുമതിയോടെ അനുസരിക്കാനായിട്ടില്ലാതെ ഒരു റസൂലിനെയും നാം അയച്ചിട്ടില്ല എന്ന് പറയുന്ന ഖുർആൻ വചനമാണ് പ്രവാചകനോടുള്ള അനുസരണം സോപാധികമാണെന്നുള്ളതിന് ഇവർക്ക് തെളിവ്. ഈ വചനം ജനങ്ങൾക്ക് ഓതിക്കൊടുത്തത് പ്രവാചകനല്ലേ? പ്രവാചകനോട് നിരുപാധികമായ അനുസരണം അർപ്പിക്കുന്ന വിശ്വാസികൾക്കല്ലേ ഇത് അല്ലാഹുവിന്റെ വചനമാണെന്ന് വിശ്വസിക്കാനാവൂ? മാത്രമല്ല, "ബി ഇദ്നില്ലാഹി" എന്ന വാക്കിന് "ബി തൗഫീഖില്ലാഹ്" എന്നാണ് ഇമാം സമഖ്ശരിﷺയെപ്പോലുള്ള പ്രശസ്തരായ പൂർവ്വീക പണ്ഡിതന്മാർ അർത്ഥം പറഞ്ഞിട്ടുള്ളത്. അല്ലാഹുവിന്റെ തൗഫീഖോടുകൂടി അനുസരിക്കപ്പെടാനല്ലാതെ ഒരു പ്രവാചകനേയും നാം അയച്ചിട്ടില്ല എന്നാണ് ശരിയായ വിവക്ഷ. ഈ തൗഫീഖാണ് നമ്മൾ മുകളിൽ വായിച്ചത്. ഈ തൗഫീഖ് ലഭിക്കാൻ നാം സദാ പ്രാർത്ഥിച്ചുകൊണ്ടിരിക്കണം. അല്ലാഹുവിനെ മാത്രം ആരാധിച്ച് യഥാർത്ഥ മുവഹ്ഹിദായി ജീവിക്കുവാൻ ഈ തൗഫീഖ് കിട്ടിയേ തീരൂ. ഫാതിഹാ സൂറത്തിൽ ഇയ്യാക്കനഅ്ബുദു എന്ന് പ്രതിജ്ഞ ചെയ്യുമ്പോൾ അതോടൊപ്പം വ ഇയ്യാക്ക നസ്തഈനു (നിന്നോടു മാത്രം ഞങ്ങൾ സഹായം തേടുന്നു) എന്ന് നാം പ്രാർത്ഥിക്കുന്നുണ്ടല്ലോ. അല്ലാഹുവിൽ നിന്നുള്ള പ്രത്യേകമായ സഹായവും കാവലും ലഭിച്ചെങ്കിലല്ലാതെ അല്ലാഹുവിനെ മാത്രം ആരാധിച്ചു ജീവിക്കുവാൻ സാധ്യമല്ല. ഈ പ്രത്യേകമായ സഹായമാണ് ഇവിടെ നാം കാംക്ഷിക്കുന്നത്. അതിനുവേണ്ടിയുള്ള തേട്ടമാണ് ഇതിലുള്ളതെന്ന് പൂർവ്വീകരായ മുഫസ്സിറുകൾ പഠിപ്പിക്കുന്നു. അപ്പോൾ റബ്ബിനെ മാത്രം ആരാധിക്കുന്നതിനും പ്രവാചകനെ അനുസരിക്കുന്നതിനും അല്ലാഹുവിന്റെ തൗഫീഖ് ലഭിക്കുക തന്നെ വേണം. നാം കാണുന്നില്ലേ, കൃത്യമായി നമസ്കരിക്കുന്നവർ വ്യക്തമായ ഖബർ പൂജ നടത്തുന്നു. നമസ്കരിക്കുന്നവർ തന്നെ ഖബർ പൂജാരിമാരായി ജീവിക്കുന്നു. "അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ്' എന്ന് രാപകൽ ഏറ്റു പറയുന്നവർ പ്രവാചക ചര്യകളെ തള്ളിക്കളഞ്ഞുകൊണ്ട് അനേകം ബിദ്അത്തുകൾ ചെയ്തു കൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ തൗഫീഖ് ആ കൂട്ടർക്ക് ലഭിച്ചില്ല. അതിനുള്ള നിഷ്കളങ്കമായ തേട്ടം അവരിൽ നിന്ന് ഉണ്ടാകുന്നില്ലെന്ന് വേണം കരുതാൻ. മനസ്സുമായി യാതൊരു ബന്ധവുമില്ലാത്ത വെറും മന്ത്രങ്ങൾ മാത്രമാണ് അവർ ചൊല്ലുന്നത്. അഥവാ പുരോഹിതന്റെ മനസ്സിലാകാത്ത മന്ത്രോച്ചാരണങ്ങൾക്ക് ഉച്ചത്തിൽ 'ആമീൻ' ചെല്ലുക മാത്രം. മേൽ വചനത്തിൽ പറഞ്ഞ 'ബി ഇദ്നില്ലാഹ്' എന്നത് 'ബി തൗഫീഖില്ലാഹ്' എന്നാകുന്നു. വളരെ പ്രധാനപ്പെട്ട ഒരാശയത്തെ പഠിപ്പിക്കുന്ന ഈ വചനം തങ്ങളുടെ സത്യനിഷേധ പ്രചാരണത്തിന് അവർ തെളിവായി കൊണ്ടുവന്നത് ഏറ്റ

വും വിചിത്രമായി.

ഈ കൂട്ടത്തിൽ ഇസ്ലാമിന്റെ കഠിന ശത്രുക്കളായ യഹൂദികൾ പോലും ഉന്നയിക്കാത്ത ഒരു വാദം ജമാഅത്തുകാർ അവതരിപ്പിച്ചിട്ടുണ്ട്. ഇന്നത്തെ ചെറുപ്പക്കാർ ഒരു പക്ഷെ അത് അറിഞ്ഞിട്ടുണ്ടാകുകയില്ല. കൊച്ചിയിൽ വെച്ചുണ്ടായ ഒരനുഭവമാണ് ഞാൻ ഇവിടെ പറഞ്ഞുവന്നത്. അത് തികച്ചും ആദർശബന്ധിതമായ വിഷയമായതിനാൽ അതിന്റെ കാതൽ അറിയണം. ജമാഅത്തെ ഇസ്ലാമിയോടുള്ള എന്റെ വിട്ടുവീഴ്ച യില്ലാത്ത കർക്കശമായ നിലപാട് എന്തുകൊണ്ടാണെന്നും മനസ്സിലാ ക്കണം. മാധ്യമം പത്രത്തിലൂടെ ഇപ്പോൾ സദാ വിളമ്പിക്കൊണ്ടിരിക്കുന്ന മതേതര ജനാധിപത്യമല്ല ജമാഅത്തിന്റെ ആദർശം. മതരാഷ്ട്രവാദം എന്ന തീവ്രതയുടെ വക്താക്കളാണിവർ. ഇബാദത്തിന് നിരുപാധികമായ അനുസരണം എന്ന അർത്ഥം സ്വയം സൃഷ്ടിച്ചു കൊണ്ട് ഇവർ മുന്നേറി യപ്പോൾ, നിരുപാധികമായ അനുസരണം പ്രവാചകന് അവകാശപ്പെട്ട തല്ലേ, അതെങ്ങനെ ഇബാദത്താകും എന്ന ന്യായമായ ചോദ്യമുയർന്നു. ഈ ചോദ്യമാണ് അങ്ങനെ ഇസ്ലാം ഒരിടത്തും പഠിപ്പിച്ചിട്ടില്ല എന്നെഴു തിവിടാൻ അവരെ നിർബന്ധിതരാക്കിയത്.

പക്ഷെ, കാര്യങ്ങൾ അവിടെയും നിന്നില്ല. മൗദൂദിസത്തോടുള്ള അനു രാഗാത്മകമായ ഭ്രമം അവരെ മത്ത് പിടിപ്പിച്ചു. വിശുദ്ധ ഖുർആനിൽ ഭാഷാദോഷം വന്നിട്ടുണ്ടെന്ന് ആരോപിക്കുന്ന വിധത്തിലായി സംഗതിക ളുടെ പോക്ക്. അതാണ് യഹൂദികൾക്ക് പോലും ധൈര്യം വരാത്ത കാര്യം എന്ന് ഞാൻ മുകളിൽ പറഞ്ഞത്. എം.വി. മുഹമ്മദ് സലീം രചിച്ച 'ഇബാ ദത്ത് സംശയങ്ങളും മറുപടിയും' (ഐ.പി.എച്ച് - 71) എന്ന പുസ്തകം കൈവശമുള്ളവർ അതെടുത്ത് നോക്കുക. അതിൽ ഇപ്രകാരം കാണാം. യാ അയ്യുഹല്ലദീന ആമനൂ അത്വീഉല്ലാഹ വ അത്വീഉർറസൂല വ ഉലിൽ അംരി മിൻകും (വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ അനുസരിക്കു ക. റസൂലിനേയും ഉലുൽ അംറിനേയും അനുസരിക്കുക. അന്നിസാഅ്- 59) ഇവിടെ അത്വീഊ എന്ന ക്രിയ രണ്ടു തവണ പറഞ്ഞിരിക്കുന്നു. അല്ലാ ഹുവിനെ അനുസരിക്കുക എന്ന അർത്ഥത്തിൽ തന്നെയാണ് റസൂലി നേയും അനുസരിക്കാൻ കൽപിച്ചതെങ്കിൽ ഈ ആവർത്തനം ആവശ്യമി ല്ലായിരുന്നു. ഖുർആനിൽ അത്തരം ഭാഷാദോഷം വരാവതല്ലല്ലോ. അതി നാൽ അല്ലാഹുവിനെ അനുസരിക്കാൻ ആജ്ഞാപിച്ചത് അതിന്റെ സമ്പൂ ർണ്ണവും നിരുപാധികവുമായ അർത്ഥത്തിലും റസൂലിനേയും ഉലുൽ അംറിനേയും അനുസരിക്കാൻ കൽപിച്ചത് സോപാധികമായ അർത്ഥ ത്തിലുമാണ്. (പേ. 30-31)

ഇവിടെ രണ്ടു കാര്യങ്ങളാണ് ഗ്രന്ഥകാരൻ സമർത്ഥിക്കുന്നത്. അത്വീഊ എന്ന ക്രിയ അല്ലാഹുവിനോടു കൂടെയും റസൂലിനോട് ചേർത്തും വെവ്വേറെ പറഞ്ഞിരിക്കുന്നു. അതിനാൽ അനുസരണം രണ്ടും ഒരുപോലെയല്ല. ഒന്ന് നിരുപാധികവും മറ്റേത് സോപാധികവുമാണ്. അത്വീഊ (അനുസരിക്കുക) എന്ന ക്രിയ ആവർത്തിക്കാതെ അല്ലാഹുവിനെയും റസൂലിനെയും എന്നിപ്രകാരം ഒന്നിച്ചു പറയൽ ഭാഷാദോഷമാണ്. ഖുർആനിൽ അങ്ങനെ വരാൻ പാടുള്ളതല്ലല്ലോ.

ഞാൻ ഇത് കണ്ടപ്പോൾ ആശ്ചര്യത്താൽ അന്തംവിട്ട് ഇരുന്നു പോയി! ഈ പുസ്തകത്തിന് അവതാരിക എഴുതിയിരിക്കുന്നത് പ്രശസ്തനായ പ്രൊഫ. വി. മുഹമ്മദ് സാഹിബാണ്. അദ്ദേഹം എന്റെ നല്ല സുഹൃത്താണ്. ഫാറൂഖ് കോളേജിന്റെ പ്രിൻസിപ്പാൾ സ്ഥാനത്തിരുന്ന് റിട്ടയർ ചെയ്തു. അദ്ദേഹം പണ്ഡിതനാണ്. ചിന്തകനാണ്. വളരെ മിനുസമായ പെരുമാറ്റ മര്യാദ പാലിക്കുന്ന സംസ്കാര ചിത്തനാണ്. ഒരു മെച്ചപ്പെട്ട അറബി- മലയാളം നിഘണ്ടുവിന്റെ രചയിതാവാണ്. അദ്ദേഹത്തിന്റെ ഈ നല്ല ഗുണങ്ങളൊന്നും ഈ ക്ഷുദ്രകൃതിയുടെ അവതാരികയിൽ ഞാൻ കണ്ടില്ല. ജമാഅത്തെ ഇസ്‌ലാമിയോടുള്ള അന്ധമായ മതിപ്പും ബഹുമാനവും മാത്രമേ അതിലുണ്ടായിരുന്നുള്ളൂ. ഭൂമിയിലും ആകാശത്തിലും ഗോളങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്നതും ഉണ്ടാകാനിരിക്കുന്നതുമായ കുഴപ്പങ്ങൾ പരിഹരിക്കാനുള്ള ശ്രമത്തിൽ ഈ ചെറു പുസ്തകത്തിന് ഒരു പങ്കു വഹിക്കാൻ കഴിയും എന്ന് എന്റെ സുഹൃത്ത് അവതാരികയിൽ എഴുതിയത് വായിച്ചപ്പോൾ ഞാൻ ദുഖിക്കുകയും ലജ്ജിക്കുകയും ചെയ്തു. കാരണം ഞാൻ പ്രത്യേകം പറയേണ്ടതില്ലല്ലോ.

അല്ലാഹുവിന്റെ ഗ്രന്ഥത്തോട് കൂറ് പാലിക്കൽ ദീനിനോടുള്ള ഗുണകാംക്ഷയിൽ പ്രമുഖ സ്ഥാനമുള്ളതാകുന്നു. അതിനാൽ ഞാൻ ഖുർആനിൽ ഒരു പരിശോധന നടത്തി. അത്വീഊ (നിങ്ങൾ അനുസരിക്കുവീൻ) എന്ന ക്രിയാപദം അല്ലാഹുവിനെയും റസൂലിനേയും എന്നിപ്രകാരം കൂട്ടിച്ചേർത്ത് പറയുന്നത് ഭാഷാദോഷമാണെന്ന് ഗ്രന്ഥകാരൻ സമർത്ഥിച്ചിരിക്കുന്നല്ലോ. എന്നുവെച്ചാൽ ഖുർആനിൽ അങ്ങനെയുള്ള പ്രയോഗം ഇല്ലെന്നാണ് വാദം. അല്ലാഹുവിനെയും റസൂലിനേയും ആരെങ്കിലും അനുസരിക്കുന്നപക്ഷം അവൻ മഹത്തായ വിജയം നേടി എന്ന് ഖുർആനിലുണ്ട് (അഹ്സാബ്–71). ഇവിടെ ക്രിയാപദം ആവർത്തിക്കാതെ അല്ലാഹുവിനെയും റസൂലിനേയും എന്നിങ്ങനെ കൂട്ടിച്ചേർത്ത് പറഞ്ഞിട്ടുണ്ട്. അതിൽ ഏഴ് സ്ഥലത്ത് “അനുസരിക്കുവിൻ” എന്ന കൽപനയുടെ രൂപമാണ്. അഞ്ച് സ്ഥലത്ത് ആരെങ്കിലും അനുസരിക്കുന്ന പക്ഷം എന്ന വാച

കരൂപമാണ്. ബാക്കി ഇരുപതിടങ്ങളിൽ വ്യത്യസ്ത വാചകങ്ങളിലുമാണ്. ഇത്രയധികം സ്ഥലങ്ങളിൽ ആവർത്തിക്കപ്പെട്ട ഒരു പ്രയോഗം ഭാഷാദോഷമാണെന്ന് ജൽപിക്കുവാൻ ഗ്രന്ഥകാരനെ പ്രേരിപ്പിച്ച ചേതോവികാരമാണ് വിഷയത്തിന്റെ മൂലം. മൗദൂദിസത്തെ സത്യവത്കരിക്കാനുള്ള അത്യാവേശം! 'അനുരാഗാത്മകമായ ഭ്രമം' എന്ന അവരുടെ തന്നെ പ്രയോഗത്തിന്റെ പുലർച്ച! തെറ്റുതിരുത്തി പരസ്യമായി പശ്ചാത്തപിച്ച് മടങ്ങാത്ത പക്ഷം ഇസ്ലാമിന്റെ അതിർ വരമ്പുകൾക്ക് പുറത്ത് എന്ന് മാത്രമല്ല, ദീനിന്റെ കഠിന ശത്രുക്കളുടെ പട്ടികയിൽ പെടുവാനും കാരണമായിത്തീരുന്നു അത്യുഗ്രമായ ഈ സത്യനിഷേധം.

ഇവിടെ എന്നെ പരിഭ്രമിപ്പിച്ചത് വ്യക്തികളെക്കുറിച്ചുള്ള നിഗമനങ്ങളല്ല. അല്ലാഹുവിന്റെ ഗ്രന്ഥത്തെക്കുറിച്ചുള്ള സൂക്ഷ്മതയും ഭയഭക്തിയും കണിശമായി പാലിക്കേണ്ടത് വിശ്വാസിയുടെ കടമയാണ്. റബ്ബിന്റെ മുമ്പിൽ ഹാജറാകേണ്ടവനാണെന്നും വല്ല പിഴയും വന്നുപോയാൽ മഹാ അപകടമായിത്തീരുമെന്നുമുള്ള ബോധമാണ് അവനെ നയിക്കേണ്ടത്. ഗ്രന്ഥകാരൻ അത് പാലിച്ചിട്ടില്ലെന്ന് കാൽ നൂറ്റാണ്ടിന്റെ അനുഭവം തെളിയിക്കുന്നു. ഞാൻ ഇതെഴുതുമ്പോഴും അദ്ദേഹത്തിന്റേതായി ഒരു തിരുത്തോ ഖേദപ്രകടനമോ ഉണ്ടായിട്ടില്ല. സൽസബീൽ 73 ജനുവരി ലക്കത്തിൽ 'ഖുർആനിൽ ഭാഷാദോഷം ഉണ്ടെന്നോ' എന്ന തലവാചകത്തിൽ ഒരു വിമർശന ലേഖനം ഈ വിഷയകമായി പരസ്യപ്പെടുത്തി. അതിന്റെ പകർപ്പ് പ്രസിദ്ധീകരണത്തിന് മുമ്പ് തന്നെ അവതാരകനും ഗ്രന്ഥകാരനും പ്രസിദ്ധീകരണാലയത്തിനും ജമാഅത്ത് കേന്ദ്രത്തിലേക്കും അയച്ചു കൊടുത്തിരുന്നു. ആരിൽ നിന്നും ഒരു പ്രതികരണവും ഉണ്ടായില്ല. അല്ലാഹുവിന്റെ കിതാബിനെക്കുറിച്ച് മേൽ പറഞ്ഞ സൂക്ഷ്മത, പണ്ഡിതശിരോമണികളുടെ ഒരു വ്യൂഹം പ്രചാരകരും പ്രബോധകരുമായുള്ള സംഘടന പാലിച്ചില്ല. ഈ പുസ്തകവുമായി ബന്ധപ്പെട്ട ആരും പാലിച്ചിട്ടില്ല. പുനഃപ്രസിദ്ധീകരണം ഇപ്പോഴില്ല എന്നു പറഞ്ഞതുകൊണ്ട് ഈ ബാധ്യതയിൽ നിന്നും ആരും മുക്തമാകുന്നില്ല. പ്രസിദ്ധീകരിച്ചും വിറ്റഴിച്ചു പണമുണ്ടാക്കിയതും പ്രചരിപ്പിച്ചതുമായ മഹാ പാപത്തിന് എന്ത് പരിഹാരം? പരസ്യമായ പശ്ചാത്താപമല്ലാതെ മറ്റൊന്നുമില്ല. പരലോകത്തിന്റെ പരിപാടി അല്ലാഹു നിശ്ചയിച്ചില്ലായിരുന്നുവെങ്കിൽ ഈ ദുൻയാവിൽ അകാരണമായി പീഡിപ്പിക്കപ്പെട്ടവരുടെ കാര്യം വലിയ കഷ്ടത്തിലും നഷ്ടത്തിലുമാകുമായിരുന്നു. യൗമുദ്ദീനിന്റെ മാലിക്കായ റബ്ബുൽ ആലമീന് സർവ്വസ്തുതിയും!

കാര്യങ്ങൾ ഇത്രയുമായപ്പോൾ അന്നത്തെ ജമാഅത്ത് അമീറായിരുന്ന

കെ.സി. അബ്ദുല്ല മൗലവിക്ക് ഞാൻ ഒരു കത്തയച്ചു. നിങ്ങളുടെ പ്രസ്ഥാന മെമ്പറും പ്രചാരകനും ഖത്വീബുമായ പി.വി. കുഞ്ഞിമൊയ്തീൻ മൗലവി, പ്രവാചകനെ നിരുപാധികമായി അനുസരിക്കുന്നത് ശിർക്കാണെന്ന് വാദിക്കുന്നു, എഴുതി ഒപ്പിട്ടിരിക്കുന്നു. താങ്കളും പ്രസ്ഥാനവും ഇത് അംഗീകരിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ നിങ്ങളെ ഞാൻ ഇസ്‌ലാമിലേക്ക് മടക്കിവിളിക്കുന്നു. ഇതായിരുന്നു കത്തിലെ ഉള്ളടക്കം. ഇതിന്റെ അവസാന വാചകത്തിൽ പിടിച്ചുകൊണ്ട് പലരും എന്നെ ആക്ഷേപിച്ചു. പക്ഷെ, കെ.സിയും പ്രസ്ഥാനവും മൗനം പാലിച്ചു. എന്തുകൊണ്ട്? വളരെ വർഷങ്ങൾക്ക് ശേഷം ജമാഅത്തിന്റെ ഒരു മഹാസമ്മേളനത്തിൽ അദ്ധ്യക്ഷനായിക്കൊണ്ട് കെ.സി. ആ ജനക്കൂട്ടത്തോട് ഇങ്ങനെ വിലപിച്ചു. ദീനീ പശ്ചാത്തലമുള്ള പണ്ഡിതന്മാരുള്ള ഒരു കുടുംബത്തിൽ ജനിച്ചവനാണ് ഞാൻ. കഴിയുന്നത്ര അല്ലാഹുവിനെ സൂക്ഷിച്ചുകൊണ്ടും പള്ളിദർസിൽ കിതാബോതി പഠിച്ചും ഞാൻ വളർന്നു. ഒരു ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ സേവകനായി പതിറ്റാണ്ടുകളായി ഞാൻ ജീവിക്കുന്നു. അങ്ങനെയുള്ള എന്നെ ഇസ്‌ലാമിലേക്ക് മടക്കി വിളിച്ചുകൊണ്ട് എന്നെപ്പോലെ കിതാബോതി പഠിച്ച ഒരു മനുഷ്യൻ എനിക്ക് കത്തയച്ചു. ഞാൻ അത് സഹിച്ചു. നിങ്ങളും അത് സഹിക്കുക.

കെ.സി. ഇപ്പോൾ ജീവിച്ചിരിപ്പില്ല. അദ്ദേഹത്തിന്റെ ശിഷ്യന്മാരും അനുയായികളുമായി ഒട്ടേറെ പേർ ഈ വേദനയുമായി ജീവിക്കുന്നു. എന്റെ ആദർശ ബന്ധുക്കളുടെ കൂട്ടത്തിലുമുണ്ട്, ആ വാചകത്തോട് അനിഷ്ടമുള്ളവർ. എല്ലാവരുടേയും അറിവിലേക്കായി ഞാൻ രേഖപ്പെടുത്തട്ടെ. പണ്ഡിതന്മാരുടെ കുടുംബത്തിൽ ജനിച്ചതുകൊണ്ടോ കിതാബോതി പഠിച്ചതുകൊണ്ടോ എഴുത്തുകാരനും പ്രാസംഗികനുമായി ജീവിച്ചതുകൊണ്ടോ മാത്രം ഒരു പ്രത്യേക നേട്ടവും ആർക്കുമില്ല. ഇതൊന്നുമില്ലാത്തതുകൊണ്ട് ആർക്കും പ്രത്യേക നഷ്ടവുമില്ല. ഈമാനും സൽകർമ്മവുമാണ് വിജയത്തിന്നാധാരം. ദീനീ പ്രബോധകരും പ്രചാരകരുമായി ജീവിക്കുന്നവർക്ക് പ്രത്യേക ബാധ്യതകളുണ്ട്. അതിൽ പ്രഥമമായത് എന്തെന്ന് റസൂൽﷺ പഠിപ്പിച്ചിട്ടുണ്ട്. നബിﷺ ഒരിക്കൽ പറഞ്ഞു: ദീൻ എന്നാൽ കൂറു പാലിക്കലാണ്. ആരോടാണ് പ്രവാചകരേ, കൂറു പാലിക്കേണ്ടത് എന്ന് അനുചരന്മാർ ചോദിച്ചു. നബി വിശദീകരിച്ചു "അല്ലാഹുവിനോട്, അവന്റെ ഗ്രന്ഥത്തോട്, അവന്റെ ദൂതനോട്, മുസ്‌ലിം നായകന്മാരോട്, മുസ്‌ലിം ബഹുജനങ്ങളോട്." അപ്പോൾ അല്ലാഹുവിന്റെ ഗ്രന്ഥത്തിന് നേരെ വ്യാജപ്രസ്താവന നടത്തിയും പ്രവാചകനെ നിരുപാധികമായി അനുസരിക്കുന്നത് ശിർക്കാണെന്ന് വാദിച്ചും ധാർഷ്ട്യത്തോടെ അത് എഴുതി ഒപ്പുവെച്ചും തന്റെ അനുയായികൾ വിലസുമ്പോൾ

അത് തെര്യപ്പെടുത്തുന്നവനെ ശത്രുവായി ഗണിക്കുകയും അക്രമികളോട് മൗനം ദീക്ഷിക്കുകയും അനുഭാവം പുലർത്തുകയും ചെയ്യുന്നവർ കിതാബ് എത്രയോതിയിട്ടും എന്തു കാര്യം? പണ്ഡിതന്മാരുടെ കുടുംബത്തിൽ ജനിച്ചിട്ട് എന്ത് നേട്ടം?

അല്ലാഹുവിന്റെ റസൂലിന് ഒരു സംഘം എഴുത്തുകാരുണ്ടായിരുന്നു. വഹ്യിന്റെ എഴുത്തുകാർ. അപ്പോഴപ്പോൾ നബിക്ക് അവതരിച്ചുകിട്ടുന്ന ഖുർആൻ വചനങ്ങൾ എഴുതുകയാണവരുടെ ജോലി. ഏത് അദ്ധ്യായത്തിൽ എത്രാമത്തെ വചനമാണതെന്ന് ജിബ്‌രീൽ അറിയിക്കുന്ന പ്രകാരം നബിﷺ അവർക്ക് പറഞ്ഞുകൊടുക്കും. അവർ അത് കൃത്യമായി രേഖപ്പെടുത്തുകയും ചെയ്യും. എത്ര മഹത്തരമായ ജോലി. ആദരണീയത നേടിയ ആ കൂട്ടത്തിൽ നിന്നും ചിലർ മുർത്തദ്ദായിപ്പോയി. എന്തൊരു നിർഭാഗ്യം! പ്രവാചകനെപ്പോലെ തനിക്കും വഹ്യ് വരുന്നുണ്ടെന്ന് തോന്നിയതാണ് ഈ മതഭ്രഷ്ടിന് കാരണമായിത്തീർന്നത്. നബിﷺയുടെ എഴുത്തുകാരായതുകൊണ്ടോ മറ്റുള്ളവരാൽ ആദരിക്കപ്പെട്ടതുകൊണ്ടോ അവർക്കൊരു ഇളവും ലഭിച്ചില്ല. ഈമാനിന്റെ തകർച്ച! ഖുർആനിന്റെ മഹത്വം അംഗീകരിക്കാതിരിക്കലും അതിനോട് കൂറു പാലിക്കാതിരിക്കലും അവരെ മഹാ നഷ്ടക്കാരാക്കി തീർത്തു. വലിയ പാഠമാണ് നമുക്ക് ഇതിലുള്ളത്. വമ്പു നടിക്കാൻ ആർക്കും വകയില്ല. പാരമ്പര്യമോ പാണ്ഡിത്യമോ അവകാശപ്പെടാനും അതു മുഖേന പൂർണത ഭാവിക്കാനും ഒരുത്തർക്കും പാടില്ല. അല്ലാഹു നമ്മെ ഹിദായത്തിൽ ഉറപ്പിച്ചു നിർത്തുമാറാകട്ടെ!

പി.വി. കുഞ്ഞിമൊയ്തീൻ മൗലവിക്ക് പുല്ലേപ്പടി മസ്ജിദിൽ തുടരാൻ കഴിയില്ലെന്നുള്ള ആശങ്കയുണ്ടായി. അപ്പോൾ ജമാഅത്തുകാർ ഒരു പുതിയ അടവ് പ്രയോഗിച്ചു. ബാബു– ത്വാഹിർമാരെ പ്രേരിപ്പിച്ച് മസ്ജിദ് മൈതാനിയിൽ ഏതാനും ദിവസങ്ങൾ നീളുന്ന ഒരു പ്രസംഗ പരമ്പര സംഘടിപ്പിച്ചു. എറണാകുളം നദ്‌വത്തുൽ മുജാഹിദീൻ ശാഖയുടെ ആഭിമുഖ്യത്തിലാണ് പരിപാടി. കുഞ്ഞിമൊയ്തീൻ മൗലവി അടക്കം ഏതാനും ജമാഅത്തുകാരും പള്ളി മുതവല്ലി കിക്കീ സേട്ട്, ബാബു – ത്വാഹിർ സേട്ടുമാരും കൂടിച്ചേർന്നതാണ് മേൽപറഞ്ഞ കെ.എൻ.എം. കമ്മിറ്റി. കൊച്ചി പ്രദേശത്തുള്ള അന്നത്തെ കെ.എൻ.എം. പ്രവർത്തനങ്ങളുടെ സ്വഭാവം ഇതിൽ കൂടുതൽ പറയേണ്ടതില്ലല്ലോ. രണ്ടും ഒന്നുതന്നെ എന്ന് സമൂഹത്തെ ധരിപ്പിക്കുന്ന രീതിയിൽ കാര്യങ്ങൾ നീങ്ങുകയാണ്. ഈ നന്മക്ക് വിഘാതം സൃഷ്ടിക്കുന്ന ശത്രു ഉമർ മൗലവിയാണ്. അയാളെ ഒതുക്കണം. ഓടിക്കണം. ഇതാണുദ്ദേശ്യം. വിവിധ വിഷയങ്ങൾ ഉൾ

പ്പെടുത്തിയ പ്രസംഗ പരിപാടിയുടെ ലിസ്റ്റുമായി ബാബു ത്വാഹിർമാർ പുതിയപള്ളിയിൽ വന്നു എന്നെ കണ്ടു. ആ പരിപാടിയിൽ രണ്ടു ദിവസം ഞാൻ പ്രസംഗിക്കണം. ഞാനേറ്റു. തൗഹീദ് പ്രസംഗിക്കാമെന്ന് ഞാൻ പറഞ്ഞപ്പോൾ അത് പി. സൈദ് മൗലവി (രണ്ടാത്താണി)ക്ക് കൊടുത്തിരിക്കുകയാണെന്ന് അവർ പറഞ്ഞു. എന്റെ വിഷയം സുന്നത്തും ബിദ്അത്തും. ഞാൻ സമ്മതിച്ചു. പി.വി. കുഞ്ഞിമൊയ്തീൻ മൗലവിയും ഈ പരിപാടിയിൽ ഉണ്ട്. സി.പി. ഉമർ സുല്ലമിയാണ് ഒടുവിലത്തെ ദിവസം. വിഷയം: നദ്‌വത്തുൽ മുജാഹിദീനും ഇതര പ്രസ്ഥാനങ്ങളും.

ഇവർ ഒരുക്കിയ കെണി എന്താണെന്ന് എനിക്ക് പിടികിട്ടി. മുജാഹിദ് പണ്ഡിതനും തൗഹീദിന്റെ പ്രഗത്ഭപ്രചാരകനും എന്റെ സുഹൃത്തും സമശീർഷനുമായ സൈദ് മൗലവി തൗഹീദ് പ്രഭാഷണത്തിൽ ജമാഅത്തിനെ പ്രത്യേകമായി വിമർശിക്കുക പതിവില്ല. സമുദായത്തെ ചുറ്റിപ്പിടിച്ച ഖബർ പൂജയും ശിർക്കുപരമായ മറ്റ് അനാചാരങ്ങളുമാണ് അദ്ദേഹം മുഖ്യമായി വിശദീകരിക്കുക. അന്നത്തെ യുവ പണ്ഡിതന്മാരിൽ തിളങ്ങി നിൽക്കുന്ന ഒന്നാംതരം പ്രസംഗകനാണ് സി.പി. ഉമർ സുല്ലമി. അദ്ദേഹത്തിന്റെ പ്രഭാഷണത്തിലും ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ചുള്ള പരാമർശം ഉണ്ടാകില്ല. ഏത് വിഷയം കൊടുത്താലും അതിൽ നിന്നും ഊരിച്ചാടി ജമാഅത്ത് വിമർശനത്തിൽ എത്തിപ്പിടിക്കുന്ന സ്വഭാവമാണ് ഉമർ മൗലവിക്കുള്ളത്. ഇതൊരു തരം വട്ടിന്റെ ലക്ഷണമാണ്. ഈ നിലയിൽ പരിപാടി സമാപിക്കുന്നതോടെ ഞാൻ ഒറ്റപ്പെടും. അന്ധമായ ജമാഅത്ത് വിരോധം പ്രബോധന ശൈലിയായി കൊണ്ടു നടക്കുന്നുവെന്ന ആരോപണം എന്റെ നേർക്ക് ശക്തിയായി പ്രയോഗിക്കുമെന്നും എന്നെ ഒതുക്കാനും ഓടിക്കാനും ഇതൊരവസരമാക്കാമെന്നും അവർ വല്ലാതെ മോഹിച്ചു. കാര്യങ്ങൾ എനിക്ക് ഊഹിക്കാൻ കഴിഞ്ഞുവെങ്കിലും ഞാൻ ദിവസം മാറ്റുവാനോ വിഷയം മാറ്റണമെന്നോ നിർബന്ധിച്ചില്ല. വരുന്നത് വരട്ടെ എന്ന തീരുമാനത്തിൽ അല്ലാഹുവിൽ തവക്കുൽ ചെയ്തു. തന്ത്രങ്ങളുടെ ഉടയവൻ അവനാണല്ലോ. എനിക്ക് സംസാരിക്കാൻ കിട്ടുന്ന അവസരങ്ങൾ മുമ്പോ പിമ്പോ എന്ന് ഞാൻ നോക്കാറില്ല. എനിക്ക് പറയാനുള്ളത് തെളിയിച്ചു പറയും. അതാണെന്റെ ശീലം.

അങ്ങനെ ഞാൻ പ്രസംഗിച്ചു. സുന്നത്തിന്റെയും ബിദ്അത്തിന്റെയും അടിസ്ഥാനപരവും താത്വികവുമായ കാര്യങ്ങളാണ് ഒന്നാം ദിവസം വിവരിച്ചത്. പ്രവാചകന്മാർ ഓതിക്കൊടുക്കുന്നതിൽ പിശാച് കൂട്ടിച്ചേർക്കും. അപ്പോൾ അല്ലാഹു അവന്റെ അനുഗ്രഹത്താൽ മറ്റൊരു പ്രവാചകനെ അയച്ചുകൊണ്ട് അത് നീക്കം ചെയ്യും. ഈ അർത്ഥം വരുന്ന ആയത്ത്

ഓതിയാണ് ഞാൻ വിശദീകരിച്ചത്. പ്രവാചക ചരിത്ര പരമ്പരയിലൂടെ ഒരു വിവരണം. മാല-മൗലിദ്-റാത്തീബുകളിലെ പദ്യങ്ങൾ പാടി പ്രസംഗിക്കുന്ന സ്വഭാവം എനിക്കില്ല. അതിലെ താത്വികമായ ദോഷങ്ങൾ മാത്രമേ ഞാൻ പറയുക പതിവുള്ളൂ. ഒരു പുണ്യകർമ്മം ചെയ്യുമ്പോൾ അത് അല്ലാഹുവിന്റെ പൊരുത്തം കാംക്ഷിച്ചുകൊണ്ടായിരിക്കണം. എന്നാൽ കർമ്മങ്ങൾ മാതൃകയുള്ളതോ അല്ലാത്തതോ ആയാലും ശരി, സൃഷ്ടികളുടെ പൊരുത്തം ആഗ്രഹിച്ചുകൊണ്ടാകുമ്പോൾ അത് ശിർക്കായിത്തീരും. ഏറ്റവും ശ്രേഷ്ഠമായ നമസ്കാരം പോലും ഇങ്ങനെയാണ്. മുഹ്‌യിദ്ദീൻ റാത്തീബിന്റെ മുന്നോടിയായി പന്ത്രണ്ട് റക്അത്ത് നമസ്കാരമുണ്ട്. രണ്ട് റക്അത്ത് വീതം നമസ്കരിക്കും. ഇത് പ്രവാചകനിൽ നിന്ന് മാതൃകയില്ലാത്തതാണ്. അപ്പോൾ ബിദ്അത്തായി. ശൈഖിന്റെ പൊരുത്തം കിട്ടാൻ വേണ്ടിയായപ്പോൾ ശിർക്കുമായി. ഇതുതന്നെ ഏറ്റവും വലിയ ഉദാഹരണം. മൗലീദുകളെമ്പാടും ബിദ്അത്തുകൾ തന്നെ. പ്രവാചക മാതൃകയിൽ പെട്ടതല്ല എന്നത് തന്നെ കാരണം. എല്ലാ മൗലീദും ആരുടെ പേരിലുള്ളതാണോ അവരുടെ പൊരുത്തം ആശിച്ചുകൊണ്ടാണ് ചെല്ലുന്നതും കഴിക്കുന്നതും. അപ്പോൾ അത് ശിർക്കുമായി. മുഹ്‌യിദ്ദീൻ ശൈഖിന്റെ പൊരുത്തത്തിനുവേണ്ടി ആരും ബദ്ർ മൗലീദ് കഴിക്കാറില്ല. മറിച്ചും അങ്ങനെതന്നെ. ഈ നിലയിൽ നിഷ്കളങ്കമായി ചിന്തിച്ചാൽ കാര്യത്തിന്റെ കഴമ്പ് വേഗം പിടികിട്ടും.

രണ്ടാം ദിവസത്തെ പ്രസംഗത്തിന്റെ തുടക്കത്തിൽ പ്രവാചകന്റെ ജീവിതകാലത്തുണ്ടായ ചില സംഭവങ്ങൾ വിവരിച്ചു. മൂന്നു സ്വഹാബികൾ ചേർന്ന് കൈക്കൊണ്ട ഒരു തീരുമാനം. നിഷ്കളങ്കമാണ് അവരുടെ ഉദ്ദേശ്യം. പുണ്യമാണ് അവരുടെ മോഹം. രാത്രികളിൽ തീരെ ഉറങ്ങാതെ നമസ്കരിച്ചുകൊണ്ടേയിരിക്കും എന്ന് ഒരാൾ. ഒരൊറ്റ ദിവസം നോമ്പ് ഒഴിവാക്കാത്ത നിലയിൽ താൻ ജീവിക്കുമെന്ന് രണ്ടാമൻ. വിവാഹം ചെയ്യാതെ ബ്രഹ്മചര്യം ആചരിച്ചുകൊണ്ട് സദാ ധ്യാനനിരതനായി കഴിച്ചുകൂട്ടുമെന്ന് മൂന്നാമൻ. ഉമ്മുൽ മുഅ്മിനീൻ (വിശ്വാസികളുടെ മാതാവ്) ആയിശ ﵂ പ്രവാചകനോട് ഈ കാര്യം തെര്യപ്പെടുത്തി. നബി ﷺ മൂന്നുപേരെയും വിളിച്ചുവരുത്തി ചോദ്യം ചെയ്തു. അവർ സമ്മതിച്ചു. അപ്പോൾ റസൂൽ ﷺ അവരോട് പറഞ്ഞു: "ഞാൻ രാത്രിയിൽ ഉറങ്ങുകയും ഉണർന്ന് നമസ്കരിക്കുകയും ചെയ്യും. ഞാൻ ഇടവിട്ടുള്ള ദിവസങ്ങളിലേ സുന്നത്ത് നോമ്പുകൾ അനുഷ്ഠിക്കാറുള്ളൂ. ഞാൻ വിവാഹം ചെയ്തു കുടുംബ ബാധ്യതകൾ നിറവേറ്റി ജീവിക്കുന്നു. ഇതാണ് എന്റെ ചര്യ. എന്റെ ചര്യയെ ആര് ഇഷ്ടപ്പെടുന്നില്ലയോ അവൻ എന്നിൽ പെട്ടവനല്ല." കണിശവും

കർശനവുമായ പ്രവാചക ശാസന മൂന്നാളുകളേയും ബോധവാന്മാരാക്കി. അവർ പശ്ചാത്തപിച്ചു മടങ്ങി. മതത്തിൽ ഉണ്ടാകാൻ സാധ്യതയുള്ള ഒരു ജീർണതയെ നബിﷺ നീക്കി തൽസ്ഥാനത്ത് പൂർണത കൈവരുത്തി. ഇതുപോലെ പല സംഭവങ്ങളുണ്ട്.

പ്രവാചകന്റെ വിയോഗത്തിന്റെ ദുഃഖം അന്തരീക്ഷത്തിൽ മുറ്റി നിൽക്കുന്ന ഘട്ടം. ഒരു സംഘം ആളുകൾ പള്ളിയിൽ വന്നു. അവർ വട്ടമിട്ടിരുന്നു. അവർ ലാഇലാഹ ഇല്ലല്ലാഹ്, അൽഹംദുലില്ലാഹ്, സുബ്ഹാനല്ലാഹ് തുടങ്ങിയ സ്തുതികീർത്തനങ്ങൾ ചൊല്ലി. ഒരാൾ ഉറക്കെ ചൊല്ലും. മറ്റുള്ളവർ അതേറ്റുചൊല്ലും. ഓരോ ചെറു കല്ലുകൾ കൊണ്ട് എണ്ണം പിടിക്കും. വിവരം അറിഞ്ഞു സ്വഹാബി കാരണവരായ അബ്ദുല്ലാഹിബ്നു മസ്ഊദ്ﷺ പള്ളിയിലെത്തി. അബ്ദുല്ലാഹിബ്നു മസ്ഊദ് കാര്യം തിരക്കി. നിർദ്ദോഷവും പുണ്യമുള്ളതുമായ കാര്യമാണ് തങ്ങൾ നിർവ്വഹിക്കുന്നതെന്ന് അവർ ബോധിപ്പിച്ചു. അപ്പോൾ ഇബ്നുമസ്ഊദ്ﷺ ഗർജ്ജിച്ചു: അല്ലാഹുവിന്റെ റസൂൽ നമ്മളിൽ നിന്നും വിട്ടുപോയിട്ട് ദിവസങ്ങളേ ആയുള്ളൂ. നബിﷺ ഉപയോഗിച്ച വസ്ത്രങ്ങൾ കീറിയിട്ടില്ല. പാത്രങ്ങൾ ഉടഞ്ഞിട്ടില്ല. പാദരക്ഷകൾ കേടായിട്ടില്ല. നബിﷺയുടെ ഭാര്യമാർ ജീവിച്ചിരിക്കുന്നു. അതിനു മുമ്പ് നിങ്ങൾ ദീനിൽ പുതിയത് നിർമ്മിക്കുകയാണോ? ആ സദസ്സിനെ അദ്ദേഹം ആട്ടിയോടിച്ചു. റസൂലിന്റെ കാലശേഷവും ജീർണത മാറ്റി പൂർണത വരുത്തുന്ന ഇസ്‌ലാഹീ പ്രവർത്തനങ്ങൾ സന്ദർഭോചിതം തുടർന്നുപോന്നു.

ഇങ്ങനെ ബിദ്അത്തുകളുടെ ചരിത്ര പശ്ചാത്തലത്തിലൂടെ എന്റെ പ്രസംഗം കടന്നുപോന്നു. രണ്ടാം ദിവസം പ്രസംഗത്തിലെ പകുതിയും കഴിഞ്ഞു. അപ്പോൾ ഞാൻ പറഞ്ഞു; ബിദ്അത്തിന്റെ ചരിത്ര പശ്ചാത്തലത്തിലൂടെ വരുമ്പോൾ ഏറ്റവും ക്രൂരവും ഗുരുതരവുമായ ഒന്നിതാ വർത്തമാനകാലത്ത് നമ്മുടെ ദീനിലേക്ക് കടന്നുവന്നിട്ടുണ്ട്. പണ്ഡിതരും ബുദ്ധിജീവികളും ഒരുപോലെ ഇതിൽ അശ്രദ്ധരായിരുന്നു. അതാണ് തൗഹീദിൽ ബിദ്അത്ത്. തുടർന്ന് അക്കാര്യം വിശദീകരിച്ചു. ശഹാദത്ത് കലിമയുടെ അർത്ഥത്തിൽ മൗദൂദി സാഹിബ് ഗുരുതരമായ മാറ്റം വരുത്തുകയും തൗഹീദിന്റെ മുഖ്യഘടകമായി രാഷ്ട്രീയത്തെ അവതരിപ്പിക്കുകയും ചെയ്തുകൊണ്ട് പ്രവാചകന്മാർ പഠിപ്പിച്ച തൗഹീദിൽ ഒരു പൊളിച്ചെഴുത്ത് തന്നെ നടത്തി. സ്രഷ്ടാവിനെ മാത്രം ആരാധിക്കുക, സൃഷ്ടികളെ ആരാധിക്കാതിരിക്കുക, സ്രഷ്ടാവിനോട് മാത്രം പ്രാർത്ഥിക്കുക, സൃഷ്ടികളോട് പ്രാർത്ഥിക്കാതിരിക്കുക ഇതാണ് നബിമാർ പഠിപ്പിച്ച തൗഹീദ്. മൗദൂദി ഇതിൽ കൂട്ടിച്ചേർത്തു. അല്ലാഹു അല്ലാതെ അനു

സരിക്കപ്പെടാൻ അർഹനായി മറ്റാരുമില്ല എന്ന് അർത്ഥമാക്കി. കേൾക്കുമ്പോൾ നിരാക്ഷേപം എന്ന് തോന്നുകയും എന്നാൽ മതത്തിന്റെ ശില തന്നെ ഇളക്കിക്കളയുകയും ചെയ്യുന്ന ഗുരുതരമായ വ്യതിയാനങ്ങൾ ഈ അർത്ഥമാറ്റത്തിലുണ്ട്. ഇതാണ് തൗഹീദിൽ ബിദ്അത്ത്! ഇതിൽ നിന്നുത്ഭവിക്കുന്ന ദുഷ്ഫലങ്ങൾ നിരവധിയാണ്. മൗദൂദി നിർമ്മിച്ച ഈ ബിദ്അത്തിന്റെ പ്രബോധകന്മാരും പ്രചാരകരുമായി ജമാഅത്തെ ഇസ്ലാമി സമൂഹത്തിൽ സജീവമാണ്. അതിനാൽ അപകടത്തിൽ ചാടാതെ പ്രവാചക മാതൃകയിൽ നിന്നും വ്യതിചലിക്കാനിടയാകാതെ നാം സദാ സൂക്ഷ്മതയുള്ളവരായിരിക്കണം. ഞാൻ അവസാനിപ്പിച്ചു. എന്നെ അനുകൂലിക്കുന്ന ശ്രോതാക്കൾക്കും എന്നെ വെറുക്കുന്ന സംഘാടകർക്കും ഒരുപോലെ സന്തോഷമായി. അനുകൂലിക്കുന്നവരുടെ സന്തോഷം സ്വാഭാവികം. മറ്റേ സന്തോഷത്തിന് പ്രത്യേക കാരണമുണ്ട്. അവർ നേരത്തെ പറഞ്ഞുപരത്തിയ ഒരു വിഷയം അനുഭവത്തിൽ വന്നു. “ഉമർ മൗലവിക്ക് ഏത് വിഷയം കൊടുത്താലും അത് ജമാഅത്തിനെ വിമർശിക്കുന്നതിൽ എത്തിക്കും എന്ന് പറഞ്ഞത് ശരിയായിവന്നു. ഇത് ഒരു മനോരോഗമാണ്.” അത് ശരിയല്ല. മനോവിഷമമാണ്. അല്ലാഹുവിന്റെ ദീൻ വികലമാക്കുന്നത് കണ്ടിട്ടുള്ള വിഷമം. മറ്റൊരു സന്തോഷത്തിനായി സംഘാടകർ കാത്തിരുന്നു. തുടർന്ന് രണ്ട് ഇസ്ലാഹി പണ്ഡിതന്മാർ പ്രസംഗിക്കാനുണ്ട്. പ്രഗത്ഭനായ തൗഹീദിന്റെ തേരാളി പി. സൈദ് മൗലവിയും യുവപ്രഗത്ഭനായ സി.പി. ഉമർ സുല്ലമിയും. സി.പിയും തൗഹീദ് പ്രഭാഷണത്തിൽ സമർത്ഥനാണ്. ഇവരിരുവരും ജമാഅത്തിനെതിരിൽ ഒരക്ഷരം ഉരിയാടുകയില്ല. സൈദ് മൗലവിക്ക് തൗഹീദാണ് വിഷയം. സി.പിക്ക് മുജാഹിദ് പ്രസ്ഥാനവും ഇതര സംഘടനകളും. സംഘാടകരും പിന്നണിയിലെ ആസൂത്രകരായ ജമാഅത്തുകാരും രണ്ടാമത്തെ സന്തോഷത്തിനായി കാത്തിരുന്നു. പിറ്റെ ദിവസം രാവിലെ ഞാൻ ഒരു കൊച്ചു നോട്ടീസ് തയ്യാറാക്കി ഉച്ചയോടെ അച്ചടിപ്പിച്ചു. “പ്രിയ സൈദ് മൗലവിക്ക്, തൗഹീദ് പ്രഭാഷണത്തിനും അതിന്റെ പ്രചാരണത്തിലും ഏറെ ത്യാഗപരിശ്രമങ്ങൾ നടത്തുന്ന ദേഹമാണല്ലോ താങ്കൾ. ഇക്കാലത്ത് തൗഹീദിന്റെ വിഷയങ്ങളിൽ മൗദൂദി പൊളിച്ചെഴുത്ത് നടത്തുകയും ജമാഅത്തെ ഇസ്ലാമി ഈ വ്യതിയാനം പ്രചരിപ്പിക്കുകയും ചെയ്യുന്നതായി ഞാൻ മനസ്സിലാക്കുന്നു. ഈ വിഷയത്തിൽ താങ്കളുടെ സുവ്യക്തമായ വീക്ഷണം അറിയുവാൻ ആഗ്രഹിക്കുന്നു. രണ്ടു ദിവസത്തെ താങ്കളുടെ പ്രഭാഷണത്തിൽ ഇതേക്കുറിച്ച് സംസാരിക്കണമെന്ന് അപേക്ഷിക്കുന്നു.” ഇതായിരുന്നു നോട്ടീസ്. അതിന്റെ ഒരു കോപ്പിയും എന്റെ ഒരു കത്തും കൂടി ഒരു കവറിലിട്ട്

എറണാകുളം മാസ് ലോഡ്ജിൽ വിശ്രമിക്കുകയായിരുന്ന സൈദ് മൗലവിക്ക് കൊടുത്തയച്ചു. കത്തിൽ ഇങ്ങനെ എഴുതി "ഈ നോട്ടീസ് താങ്കളുടെ അനുവാദമുണ്ടെങ്കിൽ മാത്രമേ വിതരണം ചെയ്യൂ." അദ്ദേഹം മറുപടി കൊടുത്തയച്ചു. "വിഷയത്തിന്മേലുള്ള എന്റെ വീക്ഷണം പ്രസംഗത്തിനിടയിൽ ഞാൻ വ്യക്തമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. നോട്ടീസ് വിതരണം ചെയ്യുന്നതിൽ വിരോധമില്ല." അപ്പോൾ നോട്ടീസ് ഞാൻ വിതരണം ചെയ്തില്ല. കാത്തിരുന്നു.

ബഹുമാന്യനായ എന്റെ സൈദ് മൗലവി വാക്ക് പാലിച്ചു. അദ്ദേഹം തന്റെ പ്രസംഗത്തിന്റെ രണ്ടാം ഭാഗത്തിൽ തന്റെ വീക്ഷണം വ്യക്തമാക്കി. തൗഹീദിന്റെ അർത്ഥത്തിലും വ്യാഖ്യാനത്തിലും മൗദൂദിക്ക് ഗുരുതരമായ വ്യതിയാനം സംഭവിച്ചിട്ടുണ്ടെന്നും ജമാഅത്തെ ഇസ്‌ലാമി മൗദൂദിസത്തിന്റെ പ്രചാരകരായതിനാൽ ഈ വ്യതിയാനത്തിന്റെ ഉത്തരവാദിത്വത്തിൽ അവർ മുഖ്യ പങ്കാളികളാണെന്നും തെളിവുകൾ നിരത്തി സ്വതസിദ്ധമായ ശൈലിയിൽ വിശദീകരിച്ചു. പ്രസംഗം കഴിഞ്ഞു. സന്തോഷിക്കാൻ കാത്തുനിന്നവരുടെ മുഖങ്ങളിൽ കാർമേഘം മൂടി. ബാബു- ത്വാഹിർ സേട്ടുമാരുടെ സമ്പൂർണ്ണ പിന്തുണ ദൃഢപ്പെടുത്തുവാൻ നടത്തിയ കെണിയിൽ തങ്ങൾ സ്വയം വീണല്ലോ എന്ന ജാള്യതയോ നിരാശയോ? ബാബു സേട്ട്, ത്വാഹിർ സേട്ട് എന്നിവരുടെ മനസ്സിൽ ഒരിളക്കമുണ്ടായി. തങ്ങൾ ധരിച്ചതു പോലെയല്ലല്ലോ കാര്യങ്ങൾ! പ്രഗത്ഭനായ സൈദ് മൗലവിയും ഉമർ മൗലവിയെ സമ്പൂർണമായി പിന്തുണക്കുകയാണല്ലോ. പിറ്റേന്ന് ഉമർ സുല്ലമി എത്തി. ബാബു- ത്വാഹിർമാർ അദ്ദേഹത്തെ കണ്ടു. പ്രശ്നം ചർച്ച ചെയ്തു. സി.പി. പറഞ്ഞു. ഞാനും ഈ വീക്ഷണത്തിൽ തന്നെയാണ്. നദ്‌വത്തിന്റെ പണ്ഡിതന്മാരിൽ രണ്ടഭിപ്രായമുള്ളതായി എനിക്കറിയില്ല. ഉമർ മൗലവി ആ വിഷയം തന്റെ മുഖ്യ പ്രബോധനമായി നിർവ്വഹിക്കുന്നുവെന്ന് മാത്രം. അപ്പോൾ അവർ ചോദിച്ചു. "താങ്കളുടെ പ്രസംഗത്തിൽ ഈ കാര്യം വ്യക്തമാക്കാമോ?" തീർച്ചയായും. സി.പി. പറഞ്ഞു. അന്ന് അതും സംഭവിച്ചു. അദ്ദേഹം ആ വിഷയം നന്നായി കൈകാര്യം ചെയ്തു പ്രസംഗിച്ചു.

പിറ്റേന്നാൾ സേട്ടുമാർ രണ്ടുപേരും എന്റെയടുത്തു വന്നു. "ഞങ്ങൾ തെറ്റിദ്ധരിപ്പിക്കപ്പെട്ടു. മൗദൂദിയുടെ വീക്ഷണത്തോട് നദ്‌വത്തുൽ മുജാഹിദീന് പ്രത്യേകമായ എതിർപ്പില്ലെന്നും ഇത് മൗലവിയുടെ ചില വൈകാരിക പ്രശ്നങ്ങൾ മാത്രമാണ് എന്നുമത്രെ ഞങ്ങൾ മനസ്സിലാക്കിയിരുന്നത്. ഗുരുതരമാണ് സംഗതികൾ എന്ന് ഞങ്ങൾക്ക് തോന്നിയിരിക്കുന്നു." അവർ പറഞ്ഞു. അവരുടെ കയ്യിൽ ഒരു കെട്ട് പുസ്തകങ്ങൾ ഉണ്ടാ

യിരുന്നു. കൊച്ചി സനാനാ മദ്റസയിലും എറണാകുളം പുല്ലേപ്പടി മദ്റസയിലും പാഠ്യപദ്ധതിയായി നടപ്പിലുള്ള ജമാഅത്ത് പുസ്തകങ്ങളായിരുന്നു അത്. അവർ എന്നോട് ആവശ്യപ്പെട്ടു. ഇതൊന്ന് പരിശോധിച്ച് തെറ്റായ ഭാഗങ്ങൾ മാർക്ക് ചെയ്ത് തരണം. ഞാനിതിന് മുമ്പേ പരിശോധിച്ച് ബോധ്യപ്പെട്ടതായതിനാൽ എനിക്ക് അധിക സമയം വേണ്ടിവന്നില്ല. അവർ വൈകുന്നേരം തിരിച്ചുപോകുന്നതിനു മുമ്പ് എല്ലാം മാർക്ക് ചെയ്തു കൊടുത്തു. സനാനാ മദ്റസയിലെ മാനേജരും ഹെഡ് ടീച്ചറും ജമാഅത്ത് ദമ്പതികളായിരുന്നു. പുല്ലേപ്പടി സലഫീ മദ്റസയിലെ സദർ മുദർരിസ് അവിടത്തെ ഖത്തീബ് പി.വി. കുഞ്ഞിമൊയ്തീൻ മൗലവി തന്നെ. പിറ്റേന്നാൾ സനാനാ മദ്റസയുടെ മാനേജറെ ബാബു സേട്ട് ആഫീസിലേക്ക് വിളിച്ചു. കൂട്ടത്തിൽ ഹമീദിനെയും വിളിച്ചിരുന്നു. പുസ്തകങ്ങളിൽ അടിവരയിട്ട ഭാഗങ്ങൾ അദ്ദേഹത്തെ കാണിച്ചു. വിശദീകരണം ചോദിച്ചു. അത് കേന്ദ്രം തീരുമാനിക്കേണ്ടതാണ്, തനിക്കൊന്നും പറയാനില്ലെന്നായിരുന്നു മറുപടി. എങ്കിൽ ഈ സിലബസ് മാറ്റേണ്ടിവരും. കെ.എൻ.എമ്മിന്റെ സിലബസ് മാത്രമേ ഇനി പഠനം പറ്റുകയുള്ളൂ എന്ന് ബാബു സേട്ട് പറഞ്ഞപ്പോൾ അദ്ദേഹം ഉടനെ പറഞ്ഞു: അതിനു കുഴപ്പമില്ല. അതുപ്രകാരം പഠനം നമുക്ക് തുടരാം. ഇത് കേട്ടപ്പോൾ ഹമീദ് ചോദിച്ചു: “നിങ്ങൾക്ക് ശരിയെന്ന് ഉത്തമ ബോധ്യമുള്ള ഒരു കാര്യം ഇത്ര ലാഘവത്തോടെ ഒഴിവാക്കി വേറെ സ്വീകരിക്കാനുള്ള സന്നദ്ധത കാട്ടിയത് എന്തടിസ്ഥാനത്തിലാണ്? അപ്പോൾ ആദർശത്തേക്കാളുപരി ജോലിയും ശമ്പളവുമാണോ നിങ്ങൾ ഇച്ഛിക്കുന്നത്?” അതിന് അദ്ദേഹത്തിന് മറുപടിയുണ്ടായില്ല. സംശയങ്ങൾക്കുള്ള മറുപടി നൽകാൻ സാധ്യമല്ലെങ്കിൽ താങ്കൾ ഈ ചുമതലയിൽ നിന്നും ഒഴിയുന്നതാണ് ഭേദം എന്ന് ബാബു സേട്ട് പറയുകയും തുടർന്നു അത് സംഭവിക്കുകയും ചെയ്തു. പുല്ലേപ്പടി മസ്ജിദിൽ നിന്നും പി.വി. കുഞ്ഞിമൊയ്തീൻ മൗലവിയും ഒഴിവാക്കപ്പെട്ടു.

ഓർമകളുടെ തീരത്ത്

## 52

# മിമ്പർ പുതുക്കി

72ൽ ഖതീബായ ശേഷം പുതിയപള്ളിയുടെ മിമ്പർ പുതുക്കിപ്പണിയാൻ ഇടയായി. ഇത് ഒരു കൊച്ചു വിഷയമായി തോന്നാം. പക്ഷെ, വലിയ പാഠമുള്ളതും പുരാതന മിമ്പറുകൾ പരിശോധനാ വിധേയമാക്കാൻ

പ്രേരണ നൽകുന്നതുമാണീ സംഭവം. 12 പതിറ്റാണ്ടുകൾക്ക് മുമ്പ് പള്ളി നിർമ്മിച്ചപ്പോൾ കല്ലും കുമ്മായവും ഉപയോഗിച്ച് പണിത മൂന്ന് പടികളുള്ള മിമ്പറായിരുന്നു അവിടെ ഉണ്ടായിരുന്നത്. 1960കളിൽ പള്ളിയുടെ മുൻഭാഗത്ത് അഞ്ചു സ്വഫ്ഫുകൾ വർദ്ധിപ്പിച്ച് പള്ളി വലുതാക്കുകയുണ്ടായി. അന്ന് പഴയ മിമ്പറിന്റെ തുല്യ അളവിലും ആകൃതിയിലും മറ്റൊരു മിമ്പർ നിർമ്മിക്കുകയാണുണ്ടായത്. രണ്ടു ജോലിക്കാർ ഒരു മാസം അതിനുവേണ്ടി മാത്രം സമയം എടുത്തുവെന്നാണ് പറയുന്നത്. മിമ്പറിന്റെ ഓരോ ഭാഗവും അളന്ന് അതേ വലിപ്പത്തിലും മേനിയിലും പുതിയ മിഹ്റാബിലേക്ക് മാറ്റി സ്ഥാപിച്ചു. പണി പൂർത്തിയായ ശേഷമാണ് പഴയ മിമ്പർ നീക്കം ചെയ്തത്.

ഒരു ദിവസം നമസ്കാരത്തിന് ബാങ്ക് കൊടുത്ത ഉടനെ ഞാൻ മിമ്പറിന്റെ മുമ്പിൽ നിന്ന് സുന്നത്ത് നമസ്കരിച്ച ശേഷം അവിടെയിരിക്കുകയാണ്. വെറുതെ എന്റെ കണ്ണുകൾ മിമ്പറിന്റെ ശില്പവേലയിലേക്ക് ചുഴിഞ്ഞിറങ്ങി. യാദൃച്ഛികമായാണ് അത് എന്റെ നോട്ടത്തിൽ തടഞ്ഞത്. മിമ്പറിന്റെ ഇരു വശത്തുമുള്ള അരമതിൽ ചെരിഞ്ഞ് താഴോട്ട് വന്നിരിക്കുന്നു. താഴെ അത് ചുരുളായി രൂപാന്തരപ്പെട്ടിരിക്കുന്നു. ആ ചുരുളിന്റെ അറ്റം ഒരു ഇതൾ പോലെ വിടർത്തിവെച്ചിട്ടുണ്ട്. എന്തായിരിക്കും ഇതിന്റെ ശില്പി ഉദ്ദേശിച്ചത്? ഞാൻ ആലോചിച്ചു. പെട്ടെന്നാണ് എന്റെ മനസ്സിൽ ഉത്തരം വെളിവായത്. ആനയുടെ തുമ്പിക്കൈ താഴോട്ട് ഇറങ്ങി ചുരുട്ടിവെച്ചിരിക്കുകയാണ്. തുമ്പിക്കൈയുടെ അറ്റമാണ് ആ ചുരുളിന്റെ അറ്റത്തുള്ള ഇതൾ രൂപം. ഇതോടൊപ്പം മറ്റൊരു ദൃശ്യവും ശ്രദ്ധയാകർഷിച്ചു. തുമ്പിക്കൈ താഴോട്ട് ചെരിഞ്ഞിറങ്ങുന്ന ഭാഗത്ത് രണ്ടു കൊച്ചു കൽമുട്ടുകൾ. അതിന്മേൽ കൈ താങ്ങിയാണ് ഖത്തീബ് മിമ്പറിൽ കയറുന്നത്. ആ കല്ലിന്റെ മുട്ടുകൾ നിലവിളക്കിൽ നിന്നും കത്തിനിൽക്കുന്ന തീനാളത്തിന്റെ ആകൃതിയിലാണെന്ന് എനിക്ക് ബോധ്യമായി. കണ്ണുകൾ പിന്നീട് ചെന്ന് നിന്നത് മിഹ്റാബിലാണ്. അതിന്റെ മുകൾഭാഗത്ത് ചുറ്റിലും സിമന്റ് കൊണ്ട് വണ്ണത്തിൽ ചില പണിത്തരങ്ങൾ. ആലോചിച്ചപ്പോൾ അതിനും ഉത്തരം കിട്ടി. സർപ്പക്കാവുകളിലും ക്ഷേത്ര കവാടങ്ങളുടെ മുകളിലും കണ്ടുവരുന്ന ചില പണിത്തരങ്ങൾ! ഞാൻ വല്ലാതെ അസ്വസ്ഥനായി. ബഹുദൈവാരാധനയുടെ ചിഹ്നങ്ങൾ അടക്കം ചെയ്ത മിമ്പറും മിഹ്റാബും! ഇവിടെയാണല്ലോ ഞാൻ ഖത്വീബും ഇമാമുമായി നിൽക്കുന്നത്. തൗഹീദിന്റെ മഹത്വം മുസ്‌ലിംകളിലേക്ക് പ്രചരിക്കാൻ തികഞ്ഞ ഇഖ്ലാസോടെ നിർമ്മിച്ച പുതിയപള്ളിയുടെ പ്രധാന ഇടങ്ങൾ ബ

ഹുദൈവാരാധനയുടെ ചിഹ്നങ്ങൾ പേറുന്നു! ഇതെന്തൊരു ഗതികേട്! എങ്ങനെയായിരിക്കും ഈ അപകടം സംഭവിച്ചത്? ആലോചിച്ചപ്പോൾ കിട്ടിയ ഉത്തരമിതായിരുന്നു. മുൻകാലങ്ങളിൽ പള്ളി നിർമ്മാണത്തിന്റെ തച്ചന്മാർ ഹിന്ദുക്കളായിരുന്നല്ലോ. മാപ്പിളമാർക്ക് തച്ച് ശാസ്ത്രത്തെക്കുറിച്ച് മാത്രമല്ല ദുൻയാവിനെക്കുറിച്ചും അശേഷം വിവരമില്ല. തച്ചന്മാർക്ക് പൂർണ്ണ സ്വാതന്ത്ര്യം നൽകുകയാണ് പതിവ്. പടിഞ്ഞാറു അഭിമുഖമായി ഒരു ആരാധനാലയം ഉണ്ടാക്കണം. അതിൽ വിഗ്രഹങ്ങൾ പാടില്ല. ഇത്രയുമാണ് അവർക്കു കിട്ടുന്ന നിർദ്ദേശം. ഈ ആശയത്തിൽ അവർക്ക് പാരമ്പര്യമായി പരിചയമുള്ള തച്ചുവേലകൾക്കനുസൃതമായി നിർമ്മാണം നടത്തും. പുരാതനമായ പള്ളികളുടെ കെട്ടും മട്ടും ശ്രദ്ധിച്ചാൽ ഇത് മനസ്സിലാകും. ക്ഷേത്രങ്ങളുടെ ആകൃതിയിലാണ് പല പള്ളിക്കെട്ടിടങ്ങളും. പടിഞ്ഞാറു ഭാഗത്തേക്ക് അഭിമുഖമായി കെട്ടിടത്തിന്റെ തറ പണിയും. ഖിബ്‌ലയുടെ സ്ഥാനം ശാസ്ത്രീയമായി നിർണ്ണയിക്കാൻ അറിയുന്നവർ പണ്ഡിതന്മാർക്കിടയിലും തുച്ഛം. ഈ നിലയിൽ മിക്ക പള്ളികളുടെയും ഖിബ്‌ല പോലും തെറ്റിക്കിടക്കുകയായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് ഈ പിഴവിന് സമഗ്രമായ ഒരു മാറ്റമുണ്ടായത്. ഈ ഖിബ്‌ല 'വിപ്ലവ'ത്തിന് തുടക്കം കുറിച്ചത് മൗലാനാ ചാലിലകത്ത് കുഞ്ഞുമുഹമ്മദ് ഹാജി എന്ന പരിഷ്കർത്താവിലൂടെയായിരുന്നു. അദ്ദേഹം നൽകിയ ബോധവത്കരണത്തിലൂടെയാണ് പള്ളികളുടെ ഖിബ്‌ല ശരിപ്പെടുത്തിയത്. പൊളിച്ച് മാറ്റി മിഹ്റാബിന്റെ സ്ഥാനം ശരിപ്പെടുത്തുകയും സഫ്ഫുകളുടെ സ്ഥാനം അതനുസരിച്ച് ചിട്ടപ്പെടുത്തുകയുമായിരുന്നു ചെയ്തത്. പഴക്കമുള്ള ചില പള്ളികളിൽ സഫ്ഫുകൾ അല്പം പടിഞ്ഞാറു വശത്തേക്ക് ചെരിച്ച് പടവും പായയും വിരിച്ചിരിക്കുന്നത് ശ്രദ്ധിച്ചിട്ടില്ലേ. മരം കൊണ്ട് തച്ചുവേലകൾ നടത്തി നിർമ്മിച്ച പല മിമ്പറുകളിലും സൂക്ഷ്മപരിശോധനയിൽ ഇത്തരം ചില അനാശാസ്യ ചിഹ്നങ്ങൾ കണ്ടെത്താൻ കഴിയും.

ഞാൻ ഒട്ടും വൈകാതെ പള്ളി മുതവല്ലി അബ്ദുല്ല ഹാജി അഹ്മദ് സേട്ടുവിനെ വിളിച്ച് എനിക്ക് ബോധ്യപ്പെട്ട ക്രമക്കേടുകൾ കാണിച്ചു കൊടുത്തു. അദ്ദേഹത്തിനും അത് ബോധ്യമായി. അടുത്ത ജുമുഅക്ക് മുമ്പ് തന്നെ അദ്ദേഹം അത് പൊളിച്ച് ശരിപ്പെടുത്താൻ ഏർപ്പാട് ചെയ്തു. അങ്ങനെ മിഹ്റാബും മിമ്പറും ശുദ്ധീകരിച്ചു. അപ്പോൾ എന്റെ ശത്രുക്കൾ പിറുപിറുത്തു. "ഇയാളിതാ മിമ്പറും പൊളിച്ചു. ഇനിയെന്തൊക്കെയാണ് ഇല്ലാതാക്കുക" എന്നുപറഞ്ഞുവെങ്കിലും വസ്തുതകൾ ബോധ്യ

മായപ്പോൾ വായടക്കി. ഞാൻ മൂത്രപ്പുരയിൽ കയറുന്നതും വുളൂ ചെയ്യുന്നതുമടക്കം സൂക്ഷ്മ നിരീക്ഷണം നടത്തി വിമർശിക്കാൻ ചിലർ ഭൂതക്കണ്ണാടിയുമായി അക്കാലത്ത് സജീവമായിരുന്നു.



## 53

# ഖുർആനിന്റെ അമാനുഷികത

വിശുദ്ധ ഖുർആൻ പഠിക്കാൻ ആരംഭിച്ച കാലം മുതൽ അനേകമനേകം ഘട്ടങ്ങളിൽ ഇരട്ടി ബലത്തിൽ എന്റെ മനസ്സിൽ ദൃഢമായിത്തീർന്ന ഒരു വിഷയമാണിത്. പല കാരണങ്ങളിലൂടെ, പല സന്ദർഭങ്ങളിലൂടെ, പല സ്ഥലത്തുവെച്ചും ഖുർആനിന്റെ അമാനുഷികത ഞാൻ തൊട്ടറിഞ്ഞിട്ടുണ്ട്. ഞാൻ അറിഞ്ഞതും പഠിച്ചതും എന്റെ ശ്രോതാക്കൾക്കും വായനക്കാർക്കും സന്ദർഭോചിതം പകർന്ന് കൊടുത്തിട്ടുമുണ്ട്. അങ്ങനെ കേട്ടറിഞ്ഞവരുടെ അനുഭവങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമായ ഒന്നാണിവിടെ പറയുന്നത്. ഒരു വ്യക്തിയെ നിങ്ങൾ പരിചയപ്പെടുന്നതിലൂടെ ഖുർആനിന്റെ മഹത്വം ഒരിക്കൽകൂടി നിങ്ങൾക്ക് ബോധ്യപ്പെടും. ഫോർട്ട് കൊച്ചി തുരുത്തി പ്രദേശത്ത് താമസിച്ചിരുന്ന ഒരു സാധാരണ മനുഷ്യൻ. കുഞ്ഞുമുഹമ്മദ് സ്രാങ്ക്. ഒരു തോണി തൊഴിലാളിയായിരുന്നു അദ്ദേഹം. മുൻസിപ്പാലിറ്റി പണിതുകൊടുത്ത കോളനിയിലെ ഒരു വീട്ടിലാണ് താമസിച്ചിരുന്നത്. 'ബാബു കുഞ്ഞഹമ്മദ്ക്ക' എന്ന് പറഞ്ഞാൽ എല്ലാവരും അറിയും. പണിക്കൂട്ടത്തിൽ നിന്നും വന്ന ഒരു ഇരട്ടപ്പേരാണത്. അരോഗദൃഢഗാത്രൻ എന്ന പ്രയോഗം അദ്ദേഹത്തിന് പോരാതെ വരും. അതൊരു രണ്ടിരട്ടിയാക്കി വിഭാവന ചെയ്യൂ. നല്ല പൊക്കവും വിരിഞ്ഞ മാറിടവും കനത്ത പേശികളും ഗാംഭീര്യം തുളുമ്പുന്ന മുഖവും പ്രൗഢമായ ശബ്ദവുമുള്ള കുഞ്ഞുമുഹമ്മദ് സ്രാങ്കിനെ കാണുന്നതു തന്നെ ഒരനുഭവമാണ്. സംസാരിച്ചുനോക്കുമ്പോൾ വളരെ വിനയാന്വിതനും! സ്രാങ്കിനെ എങ്ങനെ വർണ്ണിച്ചാലും എനിക്ക് തൃപ്തി വരില്ല. കൊച്ചിയിൽ വന്ന ശേഷം ഞങ്ങൾ പരിചയപ്പെട്ടു. ഗംഭീരനായ ആ മനുഷ്യൻ ഒരു പൂച്ചക്കുട്ടിയെ പോലെ പതുങ്ങി ചുരുണ്ട് എന്റെ മുമ്പിൽ ഇരിക്കുമ്പോൾ എനിക്ക് തന്നെ പ്രത്യേകമായ ഒരു കൗതുകം തോന്നും. മൂന്നുനാലു പേരെങ്കിലുമുള്ള സുഹൃദ്സംഘത്തോടൊപ്പമേ അദ്ദേഹം എന്റെയടുത്ത് വരികയുള്ളൂ. തനിച്ച് എന്റെ മുമ്പിൽ വരാൻ തനിക്ക് ഭയമാണെന്ന് സുഹൃത്തുക്കളോട് അദ്ദേഹം പറയും. ഞാൻ ഒരു തമാശയായിട്ടേ ആദ്യത്തിൽ അത്

എടുത്തുള്ളൂ. വർഷങ്ങൾ കഴിഞ്ഞപ്പോഴാണ് അദ്ദേഹത്തിന്റെ ഹൃദയത്തിന്റെ ഭാഷയായിരുന്നു അതെന്ന് എനിക്ക് ബോധ്യമായത്.

ഫോർട്ട്കൊച്ചി കൽവത്തി ദേശത്തുള്ള കെ.എൻ.എം. ഓഫീസിലാണ് നമ്മുടെ ആദർശബന്ധുക്കൾ ഒത്തുകൂടാറുള്ളത്. അവിടെ "ഷറഫുൽ ഇസ്‌ലാം മദ്റസ"യും നടന്നുവരുന്നുണ്ട്. അവിടെ കൂടിയിരുന്നു ദീൻ കാര്യങ്ങൾ സംസാരിക്കുമ്പോൾ കുഞ്ഞുമുഹമ്മദ് സ്രാങ്ക് ഇടക്കിടെ ചില ഖുർആൻ ആയത്തുകൾ ഓതി വിശദീകരിക്കും. സ്ഫുടമായ അദ്ദേഹത്തിന്റെ ശൈലി കൂട്ടുകാർക്ക് ഇഷ്ടമാണ്. അവർ ശ്രദ്ധിക്കുകയും ആസ്വദിക്കുകയും ചെയ്യും. അങ്ങനെ സുഹൃത്തുക്കളുടെ നിർബന്ധപ്രകാരം അദ്ദേഹം കൊച്ചു കൊച്ചു ഖുർആൻ ക്ലാസുകൾ നടത്തും. ക്രമേണ അത് നിത്യ പരിപാടിയായി. മാത്രമല്ല ദിനവും മൂന്നും നാലും തവണയായി വിപുലപ്പെട്ടു. ശ്രോതാക്കൾ കൂടി വന്നു. സമയവും ഏറിവന്നു. അങ്ങനെ അത് മണിക്കൂറുകൾ നീളുന്ന ക്ലാസുകളായി രൂപാന്തരപ്പെട്ടു. ഞാൻ വിവരം അറിയാറുണ്ട്. അദ്ദേഹം വരുമ്പോൾ ഞാൻ സന്തോഷം രേഖപ്പെടുത്തും. അപ്പോൾ ഭീമാകാരനായ ആ മനുഷ്യൻ ലജ്ജയോടെ എന്റെ മുമ്പിൽ ചൂളി ഒതുങ്ങി നിൽക്കും. എനിക്കത് ഒരിക്കൽ കേൾക്കണമെന്ന് ആശയുണ്ടായിരുന്നു. ഒരു സാധാരണ തോണി തൊഴിലാളി ഖുർആൻ നിവർത്തിവെച്ച് പഠന ക്ലാസ് നടത്തുന്ന ദൃശ്യം കണ്ട് ആനന്ദിക്കണമെന്ന മോഹം. ഈ വിവരം കൂട്ടുകാരിൽ നിന്നും അറിഞ്ഞപ്പോൾ അദ്ദേഹം ഭയപ്പെടുകയും തുടർന്ന് ക്ലാസ് നടത്താൻ വിസമ്മതിക്കുകയും ചെയ്തപ്പോൾ, ഞാൻ തൽക്കാലം എന്റെ മോഹം ഉപേക്ഷിച്ചു. ഞാൻ കാരണം ആ നന്മ മുടങ്ങരുതെന്ന് ആശിച്ചു. പിന്നീട് നമ്മുടെ സുഹൃത്തുക്കൾ ജനനിബിഡമായ മുസ്‌ലിം വാസസ്ഥലങ്ങളിൽ ഗൃഹയോഗ പരിപാടികൾ സംഘടിപ്പിക്കാൻ തുടങ്ങി. ഏതെങ്കിലും ഒരു വീടിന്റെ മുമ്പിൽ മൈക്കും രണ്ടു ബോക്സുകളും വെച്ച് അയൽപക്കക്കാരായ സ്ത്രീ- പുരുഷന്മാരെ ക്ഷണിച്ച് തൗഹീദ് പ്രഭാഷണങ്ങൾ നടത്തും. അത് വളരെ ഫലപ്രദവും സ്വീകാര്യവുമായി അനുഭവപ്പെട്ടതോടെ നമ്മുടെ പ്രവർത്തകർക്ക് ഉത്സാഹം വർദ്ധിച്ചു. എല്ലാ ഞായറാഴ്ചകളിലും മുടങ്ങാതെ സ്ഥലങ്ങൾ മാറിമാറി ഈ പരിപാടി നടന്നുവന്നു. അന്ന് കൊച്ചിയിലെ മുജാഹിദീൻ ഓറിയന്റൽ ഹൈസ്കൂളിൽ അദ്ധ്യാപകനായി താമസിച്ചിരുന്ന എന്റെ യുവസുഹൃത്ത് കെ.എസ്.കെ. തങ്ങൾ ഈ പരിപാടിയുടെ ജീവനും ശ്വാസവുമായിരുന്നു. കെ.എസ്.കെ. എന്ന് മാത്രം ഓമനിച്ച് നമ്മുടെ സുഹൃത്തുക്കൾ വിളിക്കുന്ന അദ്ദേഹത്തെക്കുറിച്ചുള്ള ഹൃദയം വിതുമ്പുന്ന എന്റെ ഓർമ്മകൾ ഇവിടെ ഇപ്പോൾ പകർത്താൻ ശ്രമിച്ചാൽ വിഷയത്തിൽ നിന്ന്

ബഹുദൂരം അകന്നുപോകും. അതിനാൽ എന്റെ വികാരം ഞാൻ അടക്കിപ്പിടിച്ച് മറ്റൊരു ഘട്ടത്തിലേക്ക് വെക്കുകയാണ്. ഗൃഹയോഗങ്ങൾക്ക് പണ്ഡിതന്മാരെ തെരക്കി പോകാറില്ല. കെ.എസ്.കെ. മിക്കവാറും ഉണ്ടാകും. അതു തന്നെ ധാരാളം. കൊച്ചിയിലെ പഴയകാല സലഫീ പ്രവർത്തകനും മുജാഹിദീൻ ഹൈസ്കൂളിന്റെ മാനേജറുമായിരുന്ന പി.ബി. മൊയ്തീൻ സാഹിബ് സ്ഥിരമായി അദ്ധ്യക്ഷസ്ഥാനത്തുണ്ടാകും. കടുത്ത യാഥാസ്ഥിതിക വിഭാഗമായ നൈനാവർഗത്തിൽ നിന്നും പരസ്യമായും സജീവമായും സലഫീ മാർഗത്തിലേക്ക് ഇറങ്ങിവന്ന് കൊച്ചിയിലെ സലഫീ പ്രവർത്തനങ്ങളുടെ നേതൃനിരയിൽ നിന്ന വ്യക്തിയാണ് മൊയ്തീൻ സാഹിബ്. ഞങ്ങൾ പരസ്പരം ആദരിക്കുകയും സ്നേഹിക്കുകയും ചെയ്തു. ആ ബന്ധം ഇടമുറിയാതെ ഇന്നും തുടരുന്നു. (മൊയ്തീൻ സാഹിബ് അടുത്ത കാലത്ത് മരണപ്പെട്ടു. അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറത്ത് നൽകട്ടെ –എഡിറ്റർ) ഗൃഹയോഗങ്ങളിൽ എ.എ. ഹമീദ്, തങ്ങൾ കുഞ്ഞ് മദനി– ഇദ്ദേഹവും മുജാഹിദീൻ സ്കൂളിൽ അദ്ധ്യാപകനായിരുന്നു, മുത്തലിബ് മാസ്റ്റർ, ഹംസ മാസ്റ്റർ എന്നിവർ പ്രസംഗകരായിരുന്നു. കെ.കെ. ഉമർ മുഖ്യ സംഘാടകനുമായി പ്രവർത്തിച്ചു.

ഒരിക്കൽ ഹമീദും സുഹൃത്തുക്കളും ചേർന്നു കുഞ്ഞുമുഹമ്മദ് സ്രാങ്കിനെ ഗൃഹയോഗത്തിൽ സംസാരിക്കാൻ നിർബന്ധിച്ചു. അദ്ദേഹത്തിന് സഭാകമ്പം മൂലം ഭയമായിരുന്നു. സുഹൃത്തുക്കൾ ശക്തമായി പ്രേരിപ്പിച്ചപ്പോൾ ഒരിക്കൽ കുറച്ചുനേരം അദ്ദേഹം സംസാരിച്ചു. ശ്രോതാക്കൾക്ക് ഏറ്റവും ഇഷ്ടമായത് അദ്ദേഹത്തിന്റെ പ്രൗഢഗംഭീരമായ ശബ്ദത്തിലൂടെ ഒഴുകിവന്ന സാധാരണ ശൈലിയായിരുന്നു. ഖുർആൻ ഉദ്ധരണികൾ പറയുമ്പോൾ ഒരു പ്രത്യേക അനുഭൂതിയിൽ അവർ ലയിച്ചു. ഇതോടെ സ്രാങ്കിന്റെ പ്രഭാഷണമില്ലാത്ത ഗൃഹയോഗങ്ങൾ അപൂർണവും രുചിയിൽ കുറവുള്ളതായും ശ്രോതാക്കൾക്ക് തോന്നിത്തുടങ്ങി. സഭാകമ്പം വിട്ടുമാറിയതോടെ ക്ലാസിലെ മുഖ്യ പ്രസംഗകൻ അദ്ദേഹം തന്നെയായി. മണിക്കൂറുകൾ കഴിഞ്ഞാലും ആളുകൾ കാതുകൂർപ്പിച്ചിരിക്കും. സമയം അതിക്രമിക്കുമ്പോൾ സംഘാടകർ പരിപാടി നിർത്താൻ സ്രാങ്കിനോട് അഭ്യർത്ഥിക്കും. ശ്രോതാക്കൾക്ക് അപ്പോൾ ദേഷ്യമാണ് ഉണ്ടാകുക. ഇങ്ങനെ സ്രാങ്ക് ജനമനസ്സുകളിൽ വളരുകയായിരുന്നു.

ഒരിക്കൽ ഞാൻ ഒരാഴ്ചത്തെ യാത്രയും പ്രസംഗങ്ങളും കഴിഞ്ഞു കൊച്ചിയിൽ മടങ്ങിയെത്തി. അന്ന് ഞായറാഴ്ചയാണ്. പുതിയപള്ളി പരിസരത്ത് ഒരു വീടിന്റെ ടെറസ്സിൽ ഗൃഹയോഗമുണ്ട്. താഴെ ബോക്സ് വെച്ച് അയൽപക്കത്തുള്ള സ്ത്രീകൾക്ക് കേൾക്കാൻ സൗകര്യമൊരുക്കി

യിട്ടുണ്ട്. ഹമീദ് പറഞ്ഞു. മൗലവി ഇന്ന് പങ്കെടുക്കണം. "എനിക്ക് നല്ല ക്ഷീണമുണ്ട്. സംസാരിക്കാൻ വയ്യ" എന്ന് ഞാൻ പറഞ്ഞു. വേണ്ട, അഞ്ചു മിനിറ്റ് മതി, മാത്രമല്ല ഇന്ന് സ്രാങ്കിന്റെ പ്രസംഗം കേൾക്കുകയും ചെയ്യാം." ഹമീദ് പറഞ്ഞപ്പോൾ എനിക്ക് ഉൽസാഹമായി. കുറെ നാളായി ആശിക്കുന്നതാണ്. ഈ അവസരം പാഴാക്കേണ്ട. ഏതാനും മിനിറ്റുകൾ മാത്രം സംസാരിച്ചു. ശേഷം താഴെ ശ്രോതാക്കളോടൊപ്പം പായയിൽ മുന്നിൽ തന്നെ ഇരുന്നു. അടുത്തത് കുഞ്ഞുമുഹമ്മദ് സ്രാങ്കാണ്. ക്ഷണം വന്നപ്പോൾ അദ്ദേഹത്തിന്റെ മുഖത്ത് തന്നെ കണ്ണും നട്ടിരുന്നു. ഞാൻ അത്ഭുതപ്പെടുകയും വല്ലാതെ അസ്വസ്ഥനാകുകയും ചെയ്തു. ആ വലിയ മനുഷ്യൻ കഠിനമായി വിയർക്കുന്നു. രണ്ടാം മുണ്ടുകൊണ്ട് മുഖവും നെഞ്ചും തുടക്കുന്നു. കൈകാലുകൾ വല്ലാതെ വിറക്കുന്നു. വല്ല അസുഖവുമായിരിക്കുമോ?! കേൾവിക്കാരും വല്ലാതെയായി. പെട്ടെന്ന് ഹമീദ് അടുത്ത് ചെന്ന് ഇരിക്കണോ എന്ന് ചോദിച്ച് കസേര ഇട്ടുകൊടുത്തു. ഇദ്ദേഹം രക്ഷകിട്ടിയ ഭാവത്തിൽ ഉടനെ ഇരുന്നു. വിറക്കുക തന്നെയാണ്. ഹമീദ് ചെവിയിൽ എന്തോ ചോദിച്ചു. അദ്ദേഹം മറുപടിയും പറഞ്ഞു. ശേഷം ഹമീദ്എന്റെയടുത്ത് വന്ന് ഇരുന്നു. പതുക്കെ പറഞ്ഞു: "മൗലവി ഇവിടെ നിന്ന് എഴുന്നേറ്റ് പിറകിൽ സ്രാങ്കിന്റെ കാഴ്ചയിൽ നിന്ന് വിട്ടുനിൽക്കണം. അതാണ് ഈ പ്രയാസങ്ങൾക്ക് കാരണം". എനിക്ക് ഒന്നും പിടികിട്ടിയില്ല. എങ്കിലും ഞാൻ എഴുന്നേറ്റ് പിറകോട്ട് മാറിയിരുന്നു. സ്രാങ്ക് കുറെ വെള്ളം കുടിച്ചു. അൽപം കഴിഞ്ഞു എഴുന്നേറ്റ് പതുക്കെ സംസാരം തുടങ്ങി. ക്രമേണ ശബ്ദം ഉയർന്നു. ഖുർആൻ ആയത്തുകൾ ഇടക്കിടെ ഓതി മുറിച്ചു മുറിച്ചു അർത്ഥം കേൾപ്പിച്ചും വിശദീകരിച്ചും വിജ്ഞാനം ഒഴുകുന്ന പ്രൗഢമായ പഠനക്ലാസ്സ്. ഞാൻ അത്ഭുതം കൊണ്ട് അന്തംവിട്ട് ഇരുന്നു! ആഹ്ലാദത്താൽ എന്റെ കണ്ണിൽ ജലം ഊറിനിന്നു. ഒന്നര മണിക്കൂർ ഇടതടവില്ലാതെ ഒഴുകിയ ആ വിജ്ഞാനജലം മറ്റുള്ളവരോടൊപ്പം ഞാനും മോന്തിക്കുടിച്ചു. അന്ന് എന്റെ കഴിവ്കേട് ഒരിക്കൽകൂടി എനിക്ക് ബോധ്യപ്പെട്ടു. കുഞ്ഞുമുഹമ്മദ് സ്രാങ്കിനെപോലെ, ശ്രോതാക്കളെ കണ്ണും ചെവിയും കൂർപ്പിച്ചിരുത്തുന്ന വിജ്ഞാന സംപുഷ്ടവും ഹൃദ്യസുന്ദരവുമായ ഒരു പഠനക്ലാസ് നടത്താൻ എനിക്ക് ഇതുവരെ സാധിച്ചിട്ടില്ല. ഓർമ്മവെച്ച നാൾ മുതൽ കിതാബോതി പഠിച്ച് ഇങ്ങനെയൊക്കെയായ ഞാൻ, ഒരു സാധാരണ തോണി തൊഴിലാളിയായിരുന്ന കുഞ്ഞുമുഹമ്മദ് സ്രാങ്കിന്റെ ചാതുര്യത്തിനു മുമ്പിൽ മുഖം കുനിച്ചു. ഖുർആൻ സാധാരണക്കാരന് തിരിയുകയില്ല എന്ന മുസ്‌ലിയാവർഗത്തിന്റെ വായാടിത്തത്തിനു മുമ്പിൽ സ്രാങ്ക് ഒരു ചോദ്യചിഹ്നമായി. ഇതാണ് ഖുർആനിന്റെ അമാനുഷികത!

അറബി ഭാഷയുടെ ബാലപാഠങ്ങൾ പോലും പൂർത്തിയാക്കാൻ കഴിയാത്ത ഒരു തോണിത്തൊഴിലാളി മുസ്ഹഫ് നിവർത്തി വെച്ച് ഖുർആൻ ഓതി ആയത്തുകൾ മുറിച്ച് അർത്ഥം കേൾപ്പിച്ച് വിശദീകരിക്കുന്ന ഹൃദയവശ്യമനോഹാരിത ദർശിച്ചപ്പോൾ ഖുർആനിന്റെ അമാനുഷികത ഒരിക്കൽകൂടി എനിക്ക് ബോധ്യപ്പെടുകയായിരുന്നു. ഞാൻ റബ്ബിനെ സ്തുതിച്ചു. കുഞ്ഞുമുഹമ്മദ് സ്രാങ്കിന്റെ ഖുർആൻ ക്ലാസ്സ് കൊച്ചിയിൽ നിന്നും പരിസര പ്രദേശങ്ങളിലേക്ക് നീങ്ങി. ജില്ലയുടെ പല ഭാഗങ്ങളും കടന്നു ആലപ്പുഴ പട്ടണത്തിലെ ശ്രോതാക്കളുടെ വൻ സദസ്സുകളെ ആകർഷിച്ചു. എന്റെ തലമുറയിലെ മഹാപണ്ഡിതന്മാരുടെ സാന്നിധ്യത്തിലും അത് നടന്നു. അവർ മൂക്കത്ത് വിരൽ വെച്ചു. ഖുർആനിലെ ഏതു ഭാഗത്തുനിന്നും ആയത്തുകൾ ഓതി അദ്ദേഹം വിവരിക്കുമായിരുന്നു. മണിക്കൂറുകൾ നീണ്ടുപോകുന്ന ക്ലാസുകളിൽ ഒരു കൊച്ചു തെറ്റുപോലും ചൂണ്ടിപ്പറയാൻ പണ്ഡിതന്മാർക്ക് അവസരമുണ്ടായില്ല. സ്രാങ്കിന്റെ നാവിൽ നിന്നും അനായാസേന നിർഗളിക്കുന്ന വിജ്ഞാനത്തിന്റെ പിന്നിലുള്ള അത്ഭുതത്തെക്കുറിച്ച് അറിയാനുള്ള ആകാംക്ഷ എന്റെ മനസ്സിനെ മഥിച്ചുകൊണ്ടിരിക്കുന്നു. അതിനിടയിൽ മറ്റൊരു സംഭവമുണ്ടായി. മഹാനായ ഡോ. എം. ഉസ്മാൻ സാഹിബ് ഒരിക്കൽ കൊച്ചിയിൽ വന്നപ്പോൾ സന്ദർഭവശാൽ സ്രാങ്കിന്റെ ക്ലാസ് കുറച്ചു സമയം കേട്ടു. ഡോക്ടറെ ഞാനതിന് നിർബന്ധിക്കുകയായിരുന്നു. ഏതാനും ദിവസം കഴിഞ്ഞപ്പോൾ ഡോക്ടർ സ്രാങ്കിനെ തന്റെ സ്വദേശമായ നിലമ്പൂരിലേക്ക് ക്ഷണിച്ചു. ഖുർആനിന്റെ അമാനുഷികത എന്ന വിഷയം പരസ്യം ചെയ്തുകൊണ്ട് ഒരു പൊതു പരിപാടി അദ്ദേഹം സംഘടിപ്പിച്ചിരുന്നു. യുക്തിവാദത്തിന്റെയും സയൻസിന്റെയും പശ്ചാത്തലത്തിൽ ഒരു പ്രൗഢമായ പ്രസംഗം ഡോക്ടർ ഉസ്മാൻ സാഹിബിൽ നിന്ന് ശ്രവിക്കാമെന്ന നിലയിൽ അവിടെ ഒരു വൻ സദസ്സ് അരങ്ങേറി. ഡോക്ടർ ഒരു കൊച്ചു ആമുഖ പ്രസംഗത്തിലൂടെ ഇങ്ങനെ പറഞ്ഞു. “ഖുർആനന്റെ അമാനുഷികത അടുത്ത നിമിഷം മുതൽ നിങ്ങൾ നേരിൽ കണ്ടറിയാൻ പോകുകയാണ്. അറബി ഭാഷ പഠിച്ചിട്ടില്ലാത്ത കൊച്ചിയിലെ ഒരു സാധാരണ തോണിത്തൊഴിലാളിയെ നിങ്ങൾക്കിതാ ഞാൻ പരിചയപ്പെടുത്തുന്നു. സാധാരണക്കാർക്ക് ഖുർആൻ തിരിയുകയില്ലെന്നും അത് ബർക്കത്തിന് വേണ്ടി മാത്രം ഓതാനുള്ളതാണെന്നും പഠിപ്പിച്ച മുസ്‌ലിയാക്കളുടെ മുമ്പിലേക്ക് നിങ്ങളിലൂടെ ഖുർആനിന്റെ അമാനുഷികതയെ ഞാൻ അവതരിപ്പിക്കുന്നു.” സ്രാങ്കിനെ ക്ലാസ് നടത്താൻ ഡോക്ടർ വേദിയിലേക്ക് ക്ഷണിച്ചു. ലോക പണ്ഡിതന്മാരുടെ മുൻനിരയിൽ നിൽക്കാൻ അർഹതയുള്ള പ്രഗത്ഭനായി സ്രാങ്

സദാ വാഴ്ത്തിപ്പറയുന്ന ഡോക്ടർ ഉസ്മാൻ സാഹിബിന്റെ പ്രത്യേക അതിഥിയായി അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ വിനയത്തിന്റെ ചിറകുകൾ താഴ്ത്തിവെച്ചുകൊണ്ട് കുഞ്ഞുമുഹമ്മദ് സ്രാങ്ക് പ്രഭാഷണം തുടങ്ങി. ഖുർആൻ മേശപ്പുറത്ത് തുറന്നുവെച്ച് കസേരയിലിരുന്നാണ് അദ്ദേഹം പ്രഭാഷണം നടത്തിയത്. നീണ്ട മൂന്നര മണിക്കൂർ. വൻ സദസ്സിൽ നിന്നും ഒരാൾ പോലും എഴുന്നേറ്റു പോകാതെ അത്ഭുതത്തോടെ അത് ശ്രദ്ധിച്ചിരുന്നു. ഗാംഭീര്യമുള്ള ആ ശബ്ദം അവരെ ഭയപ്പെടുത്തുകയും ചിന്തിപ്പിക്കുകയും അതിരറ്റ് ആസ്വദിപ്പിക്കുകയും ചെയ്തു. മഹാനായ തൗഹീദ് പ്രഭാഷകൻ സൈദ് മൗലവി (രണ്ടത്താണി) ഒരിക്കൽ പറഞ്ഞു: “മരണപ്പെട്ടവർ ഇഹലോകത്ത് നടക്കുന്നതൊന്നും അറിയുകയോ കേൾക്കുകയോ ഇല്ല എന്ന യാഥാർത്ഥ്യം ബോധ്യപ്പെടുത്തി ശിർക്കിൽ നിന്ന് ജനങ്ങളെ മോചിപ്പിക്കാൻ നമ്മളൊക്കെ ദീർഘകാലമായില്ലേ പ്രയത്നിക്കുന്നു. എന്നാൽ ഔലിയാക്കളും പ്രവാചകന്മാർ പോലും അഭൗതികമായ ഒന്നും അറിയുകയോ കേൾക്കുകയോ ചെയ്യുന്നില്ലെന്ന് ഖുർആനിലെ ചരിത്ര സംഭവങ്ങൾ ഉദ്ധരിച്ചുകൊണ്ട് വ്യക്തമായി സംശയലേശമന്യേ തെളിയിക്കുന്ന ഒരു പ്രഭാഷണം കുഞ്ഞുമുഹമ്മദ് സ്രാങ്കിൽ നിന്നാണ് ഞാൻ ആദ്യം കേൾക്കുന്നത്. അസ്ഹാബുൽ കഹ്ഫിന്റെയും യൂനുസ് നബിﷺയുടെയും ചരിത്രം ഖുർആനിൽ വന്നിട്ടുള്ളത് ഈ സുപ്രധാന വിഷയത്തിലേക്ക് വ്യക്തമായ തെളിവായി ചൂണ്ടിക്കാണിക്കാൻ ഉതകുന്നതാണെന്ന കാര്യം എന്റെ മനസ്സിലേക്ക് ഓടിയെത്തിയത് ഇദ്ദേഹം ആ ചരിത്രം ഓതി വിവരിച്ചത് കേട്ടപ്പോൾ മാത്രമാണ്.” ശരിയാണ്, എന്റെയും അനുഭവം ഇങ്ങനെയാണ്. ഞാൻ മൗലവിയോട് പറഞ്ഞു.

ഈ മനുഷ്യൻ അത്ഭുതകരമായ വിജ്ഞാനത്തിന്റെ തേൻതുള്ളികൾ ജനങ്ങൾക്ക് നൽകുവാൻ പ്രാപ്തനായതെങ്ങനെ! അന്വേഷണത്തിൽ സ്രാങ്കിന്റെ ബാല്യവും യുവത്വവും അതിന് പ്രചോദകമായിരുന്നില്ല. ദുർമാർഗത്തിന്റെ വിവിധ ശാഖകളിലൂടെ പടർന്നു കയറിയാണ് അദ്ദേഹം വളർന്നത്. സ്രാങ്ക് കൊച്ചിയിലെ തൊഴിലാളികൾക്കിടയിൽ അറിയപ്പെടുന്ന ഒരു ചട്ടമ്പിയായിരുന്നു. പിന്നെയെങ്ങനെ? ഞാൻ വീണ്ടും തിരക്കി. മദ്ധ്യപ്രായത്തിലേക്ക് കടന്നതോടെ അദ്ദേഹത്തിന്റെ ചിന്തയിൽ മാറ്റം വന്നു. ജീവിതത്തിൽ പരിവർത്തനമുണ്ടായി. പഠനം തകൃതിയായി, നിരന്തരമായി നടത്തി. എന്നാലും അറബി ഭാഷ പഠിക്കാതെ, ഖുർആൻ എവിടെ നിന്ന് ഉദ്ധരിച്ചാലും കൊച്ചു തെറ്റുപോലും വരാതെ അർത്ഥം പറയുവാൻ കഴിയുന്ന ഈ അത്ഭുത വിദ്യയെന്ത്? ഒരിക്കൽ ഞാൻ സ്രാങ്കിനോട് തന്നെ നേരിട്ടു ചോദിച്ചു. അദ്ദേഹത്തിന്റെ വലിയ മുഖത്തുള്ള

ചെറിയ കണ്ണുകൾ നനയുന്നത് ഞാൻ ശ്രദ്ധിച്ചു. വിനയത്തോടെ, ഗദ്ഗദ ത്തോടെ അദ്ദേഹം പറയുകയാണ്: “മൗലവിയാണ് എന്റെ ഉസ്താദ്”. ഞാൻ ആശ്ചര്യഭരിതനായി! ഞാൻ അദ്ദേഹത്തിൽ നിന്നും ചിലത് പഠി ക്കുകയായിരുന്നു. എന്നിട്ടിപ്പോൾ?! എന്നോടുള്ള സ്നേഹാദരവുകൾ പ്രകടിപ്പിക്കുവാൻ ഇതൊരു മാർഗമാക്കുകയാണോ?

അല്ല, അപ്പോഴാണ് ഞാൻ അറിയുന്നത്, എന്റെ ഉസ്താദിയ്യത്ത് അദ്ദേ ഹം പൂർണ്ണമായി അംഗീകരിക്കുകയാണെന്ന്. എന്റെ അറബിമലയാളം സമ്പൂർണ്ണ ഖുർആൻ പരിഭാഷ ആറു വാല്യങ്ങളിലായി സി.എച്ച്. മുഹ മ്മദ് ആന്റ് സൺസ് (തിരൂരങ്ങാടി) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആ കാര്യം നേരത്തെ ഞാൻ പറഞ്ഞല്ലോ. പരിഭാഷയുടെ ഘടന വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഒരുപോലെ ഉപകരിക്കുംവിധമാണ്. ഓരോ ആയത്തും വാക്കുകൾ മുറിച്ച് അർത്ഥം പറഞ്ഞും പിന്നീട് ആയത്തിന്റെ മുഴുവൻ സാരം കൊടുത്തും തുടർന്ന് വിശദീകരണം എഴുതിയുമാണ് തയ്യാർ ചെയ്തിട്ടുള്ളത്. കുഞ്ഞുമുഹമ്മദ് സ്രാങ്ക് എന്ന അത്ഭുത മനുഷ്യൻ ആ പരിഭാഷയുടെ വാല്യങ്ങൾ വാങ്ങി തുടക്കം മുതൽ ഓതിയും ആവർ ത്തിച്ച് വായിച്ചും മനഃപാഠമാക്കുകയായിരുന്നു. വർഷങ്ങളുടെ കഠിനമായ ദീർഘ പ്രയത്നത്തിലൂടെ അദ്ദേഹം ആ പരിഭാഷ മുഴുവനായും കാണാ പാഠമാക്കുകയും ഒഴിവുസമയങ്ങളിലെല്ലാം അത് പുനർവായനയിലൂടെ മനസ്സിൽ ദൃഢപ്പെടുത്തുകയും ചെയ്തിരുന്നു. ഉപജീവനമാർഗത്തിനു ള്ള തൊഴിൽ സമയത്തിനു ശേഷമുള്ള മുഴുവൻ കാലവും അദ്ദേഹം ഈ ഖുർആൻ പഠനം തുടർന്നുകൊണ്ടിരുന്നു. ഒടുവിൽ മുസ്ഹഫ് തുറന്ന് ഏതു ഭാഗമെടുത്ത് കാണിച്ചാലും ഓതി അർത്ഥം പറയാൻ തക്കവണ്ണം മനഃപാഠം ഇദ്ദേഹം ദൃഢമാക്കി. അത് കായ്കനികളാക്കി ഇതരർക്ക് നൽകാൻ കൊച്ചിയിലെ ഇസ്‌ലാഹീ സുഹൃത്തുക്കൾ അദ്ദേഹത്തിന് ധൈര്യവും പരിശീലനവും നൽകി മുന്നോട്ട് കൊണ്ടുവന്നു.

വളരെ അപൂർവ്വമായ ഒരാശ്ചര്യമാണിത്. എന്റെ അറിവിൽ ഇതിന് തുല്യമായ ഒരു ഉദാഹരണം ഇല്ല. നിങ്ങൾക്കും ഉണ്ടാകാനിടയില്ലെ ന്നാണ് ഞാൻ കരുതുന്നത്. ഖുർആനിന്റെ മുഅ്ജിസത്ത് (അമാനുഷി കത) പല നിലക്കും കാലദേശങ്ങളിലൂടെ അല്ലാഹു മനുഷ്യർക്ക് ബോധ്യ പ്പെടുത്താൻ വഴികളൊരുക്കും. ബോധ്യപ്പെടുന്നവർ ഭാഗ്യവാന്മാർ തന്നെ. അധികവും നേരെ മറിച്ചാണ്. ഖുർആൻ പഠിക്കണമെന്നും അതുൾക്കൊ ള്ളണമെന്നും ഒരാൾ തീരുമാനിച്ചാൽ അവന്റെ ഉദ്ദേശ്യശുദ്ധിക്കനുസരിച്ച് ഫലമുണ്ടാകും. ഖുർആൻ കൊണ്ട് ധാരാളം പേർ കാഫിറാകുമെന്ന് പറ ഞ്ഞിട്ടുണ്ട്. അതിൽപെട്ട ഒരു സംഗതി നബിﷺയുടെ ജീവിതകാലത്ത്

തന്നെ ഉദാഹരണമായി വന്നിട്ടുണ്ട്. നബിയുടെ ഖുർആൻ എഴുത്തുകാരിൽ ഒരാൾ മതഭ്രഷ്ടനായി. തനിക്കും വഹ്‌യ് വരുന്നുണ്ടെന്ന് തോന്നുകയും അത് പൈശാചിക ചിന്തയാണെന്ന് തിരിച്ചറിയാതിരിക്കുകയും ചെയ്തതാണതിന് നിമിത്തമായത്. ഖുർആനിനെതിരിൽ വിമർശനം നടത്തണമെന്നുള്ള മുൻധാരണയിൽ ഒരാൾ അത് പഠിക്കാൻ തുനിഞ്ഞാൽ അവൻ ആഗ്രഹിച്ചതിലേക്കും എത്തിച്ചേരും. എത്രയോ അനുഭവങ്ങളുണ്ട്. യാതൊരു മുൻധാരണയുമില്ലാതെ ഖുർആനെ സമീപിച്ച എത്രയോ വിദ്യാസമ്പന്നരായ അമുസ്‌ലിം പ്രശസ്തർ അതിന്റെ അനുയായികളായിത്തീർന്നിട്ടുണ്ട്. നിയ്യത്ത് കൊണ്ടാണ് കർമ്മങ്ങൾ വേർതിരിയുന്നത്. ഉദ്ദേശ്യശുദ്ധിമൂലം ആഗ്രഹിക്കുന്നതിനേക്കാൾ വളരെ കൂടുതൽ അല്ലാഹു നൽകിയേക്കാം. അതിന്റെ ഉത്തമോദാഹരണമാണ് കുഞ്ഞുമുഹമ്മദ് സ്രാങ്ക്! അദ്ദേഹം ഖുർആൻ പഠിക്കാൻ ഒരുങ്ങുമ്പോൾ പഠിക്കുക, ഉൾക്കൊള്ളുക എന്ന ചിന്തമാത്രമേ ഉണ്ടായിരിക്കാൻ വകയുള്ളൂ. കഴിഞ്ഞ കാലത്തെ വഴിവിട്ട ജീവിതത്തിന്റെ പ്രായശ്ചിത്തമായി ഖുർആൻ പഠനം ഇഖ്‌ലാസോടെ തെരഞ്ഞെടുത്തപ്പോൾ തനിക്ക് സ്വപ്നം പോലും കാണാൻ അർഹതയില്ലാത്ത ഉയരത്തിലേക്ക് അല്ലാഹു അദ്ദേഹത്തെ എത്തിച്ചു! ഖുർആൻ അദ്ധ്യാപകനായി. പ്രഭാഷകനായി. ആയിരങ്ങൾക്ക് ഖുർആന്റെ പ്രകാശം, തൗഹീദിന്റെ മഹത്വം കേൾപ്പിക്കാൻ റബ്ബ് അദ്ദേഹത്തെ പ്രാപ്തനാക്കി. ജനങ്ങൾക്ക് മുമ്പിൽ, വലിയ പണ്ഡിതന്മാർക്ക് മുമ്പിൽ പോലും ഒരു അത്ഭുത മനുഷ്യനായിത്തീർന്നു അദ്ദേഹം.

കുഞ്ഞുമുഹമ്മദ് സ്രാങ്കിന്റെ വളർച്ച എന്നെ വീണ്ടും അത്ഭുതപ്പെടുത്തുകയായിരുന്നു. ഞാൻ പുതിയപള്ളിയിൽ നിന്ന് വിട്ടശേഷം ഒരു പെരുന്നാളിന് മഴയുടെ സാധ്യത മനസ്സിലാക്കി നമസ്കാരം പെട്ടെന്ന് ഈദ്ഗാഹിൽ നിന്നും പള്ളിയിലേക്ക് മാറ്റി. തലേന്നാളാണ് ഈ തീരുമാനമുണ്ടായത്. ഖത്വീബിന്റെ അഭാവം ഒരു പ്രശ്നമായിത്തീർന്നു. വേണ്ടപ്പെട്ടവരെല്ലാം ഖുത്ബക്ക് സ്രാങ്കിനെ നിർബ്ബന്ധിച്ചു. അദ്ദേഹം ഭയം കൊണ്ട് പരിഭ്രമിച്ചു. പക്ഷെ, സ്രാങ്കിന്റെ മഹത്വം തൊട്ടറിഞ്ഞ സുഹൃത്തുക്കൾ മുൻപത്തെപോലെ അദ്ദേഹത്തെ ധൈര്യപ്പെടുത്തി. ജനനിബിഡമായ സദസ്സ്. അദ്ദേഹം മിമ്പറിൽ കയറി. ആ മിമ്പറിന്റെ ചരിത്രപരമായ മഹത്വം ഒരു നിമിഷം അദ്ദേഹത്തിന്റെ മനസ്സിൽ മിന്നിത്തെളിഞ്ഞിരുന്നെങ്കിൽ ശക്തനായ സ്രാങ്ക് തീർച്ചയായും ബോധം കെട്ടു വീഴുമായിരുന്നു. പക്ഷെ, ജനങ്ങളുടെ സന്തോഷവദനങ്ങളും അല്ലാഹുവിന്റെ സഹായവും അവിടെ അദ്ദേഹത്തെ ദൃഢപ്പെടുത്തി. ഘനഗംഭീരമായ ശബ്ദത്തിൽ വിജ്ഞാന സംപുഷ്ടമായ ഖുത്ബയാണ് അന്ന് നടന്നത്. ജനങ്ങൾക്ക് അതൊരു

അപൂർവ്വവും അത്യാഹ്ലാദകരവുമായ അനുഭവമായിരുന്നു. ഖുത്ബ കഴിഞ്ഞ് സ്രാങ്ക് മിമ്പറിൽ നിന്നിറങ്ങിയ നിമിഷം ഒരടി മുന്നോട്ട് വെക്കാൻ സമ്മതിക്കാത്തവിധം ജനങ്ങൾ അദ്ദേഹത്തെ വളഞ്ഞു. കെട്ടിപ്പിടിച്ചും ചുംബിച്ചും കരഞ്ഞും ചിരിച്ചും അവർ വീർപ്പുമുട്ടിച്ചു. ഒരു മണിക്കൂർ കഴിഞ്ഞേ അദ്ദേഹത്തിന് മുന്നോട്ട് നീങ്ങാൻ കഴിഞ്ഞുള്ളൂ. അല്ലാഹു നൽകിയ അനുഗ്രഹത്തിന്റെ വലിപ്പം കണ്ടറിഞ്ഞും അമിതാഹ്ലാദത്തിന്റെ വികാരം മനസ്സിലൊതുക്കിയും സുഹൃത്തുക്കളോടൊത്ത് വീട്ടിലേക്ക് പോയി. കൊച്ചിയിൽ അന്ന് അതൊരു സംഭവമായിരുന്നു. കൂട്ടുകാർ പിരിഞ്ഞു. അദ്ദേഹം ഭക്ഷണം കഴിച്ചുകൊണ്ടിരിക്കെ പെട്ടെന്ന് നെഞ്ചുവേദന വന്നു. വിവരം അറിഞ്ഞ് പരിസരത്തുള്ളവർ ഓടിയെത്തി. വേദന കഠിനമാകുകയാണ്. ബലഭദ്രമായ മനസ്സും ശരീരവും ഒത്തുചേർന്ന ആ മനുഷ്യൻ വേദനയാൽ പുളയുകയാണ്. ഉടനെ സമീപത്തുള്ള സർക്കാർ ആശുപത്രിയിൽ എത്തിച്ചുവെങ്കിലും അവർ സ്വീകരിക്കാൻ കൂട്ടാക്കിയില്ല. താമസംവിനാ കാറിൽ എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിലേക്ക് പാഞ്ഞു. അപ്പോഴേക്കും സ്രാങ്ക് ബോധരഹിതനായിരുന്നു. അതിശക്തമായ ഹാർട്ട് അറ്റാക്കായിരുന്നു സംഭവിച്ചതെന്ന് ഡോക്ടർമാർ വിലയിരുത്തി. കരുത്തനായ അദ്ദേഹത്തിന്റെ കരുത്തുള്ള മനസ്സും കൂടിയായപ്പോഴാണ് മരണത്തിൽ നിന്ന് രക്ഷപ്പെട്ടതെന്നായിരുന്നു ഡോക്ടർമാരുടെ നിഗമനം. അത് മെഡിക്കൽ സയൻസിന്റെ കണക്ക്. അല്ലാഹു നിശ്ചയിച്ച സമയം എത്തിയിട്ടില്ലായിരുന്നു എന്നതാണ് കാരണം. പക്ഷെ, ഒരു കാര്യം ഡോക്ടർമാർ തറപ്പിച്ചു പറഞ്ഞു, അമിതമായ ആഹ്ലാദം ഉള്ളിലൊതുക്കിയതിന്റെ പ്രത്യാഘാതമാണിതെന്ന്. ഈ അവസ്ഥ ദുഃഖത്തിലുമുണ്ടാകുമത്രെ! അത് ശരിയാണെന്ന് എന്റെ സ്വന്തം അനുഭവം തെളിവാണ്. അത് പിന്നീട് പറയാം.

ആറ് മാസങ്ങൾ ഡോക്ടർ വിശ്രമം നിർദ്ദേശിച്ചു. ജോലിക്ക് പോകരുതെന്നും നിഷ്കർഷിച്ചു. അദ്ദേഹത്തിന്റെ മുഴുവൻ കാര്യങ്ങളും ആദർശബന്ധുക്കൾ സന്തോഷത്തോടെ പരിഹരിച്ചു. പിന്നീടും സ്രാങ്ക് ഞങ്ങളെ ആശ്ചര്യപ്പെടുത്തി. വിശ്രമകാലം പൂർത്തിയാക്കി അദ്ദേഹം പഴയതുപോലെയായി. നീണ്ട പ്രസംഗങ്ങളും പ്രവർത്തനങ്ങളുമായി മുന്നോട്ട് തന്നെ. ഒരിക്കൽ ഞാൻ ഉപദേശിച്ചു. സ്രാങ്ക് കുറച്ച് സൂക്ഷിക്കണം. ദീർഘമായ പ്രസംഗം വേണ്ട. ഉടനെ അദ്ദേഹം പറയുകയാണ്. “അതൊന്നും സാരമില്ല മൗലവി, എനിക്ക് വായു കോപിച്ചതായിരുന്നു. ഡോക്ടർമാരുടെ ഭാഷയാണ് അറ്റാക്ക്.” ഞാൻ പിന്നീട് ഒന്നും പറഞ്ഞില്ല. അദ്ദേഹത്തിന്റെ മനഃശക്തി തളർത്തരുതെന്ന് എനിക്ക് തോന്നി. വർഷങ്ങൾ പിന്നെയും അദ്ദേ

ഹം സജീവമായി ഖുർആൻ അദ്ധ്യാപകനായി തന്നെ ജീവിച്ചു. അനേകം പേർക്ക് സ്നേഹദായകനായ ഉസ്താദായി അവർക്കിടയിൽ കഴിഞ്ഞു. എന്റെ ക്ലാസുകളും പ്രസംഗങ്ങളും ശ്രവിക്കാൻ വന്നിരിക്കും. ഒരു നല്ല വിദ്യാർത്ഥി അദ്ധ്യാപകന്റെ മുഖത്ത് കണ്ണുംനട്ടിരിക്കുന്ന ഭവ്യതയിലും ശ്രദ്ധയിലുമുള്ള ആ മുഖം എന്റെ മനസ്സിൽ നിന്നും ഒരിക്കലും മാഞ്ഞു പോകുന്നതല്ല. ഏതാനും വർഷങ്ങൾക്ക് ശേഷം എൺപത്തിനാലിലാണെന്ന് ഓർമ്മ, വീണ്ടും ശക്തമായ അറ്റാക്കുണ്ടായി. അതേ ആശുപത്രിയിൽ തന്നെ കിടന്നു. ഞാൻ നാട്ടിലില്ലായിരുന്നു. ഗൾഫിൽ വെച്ചാണ് വിവരം അറിഞ്ഞത്. ഇന്റൻസീവ് കെയർ യൂണിറ്റിൽ കിടക്കുമ്പോൾ പരിചരിക്കാൻ മാറിമാറി നിൽക്കുന്ന സുഹൃത്തുക്കളോടും കാണാൻ വരുന്ന സ്നേഹിതന്മാരോടും ഡോക്ടർമാരുടെ കർശനമായ നിബന്ധനകൾ അവഗണിച്ചുകൊണ്ട് അദ്ദേഹം സംസാരിക്കും. എന്താണ് സംസാരിക്കുന്നത്? മരണത്തെക്കുറിച്ചും പരലോകത്തെക്കുറിച്ചും വന്നിട്ടുള്ള ഖുർആൻ വചനങ്ങൾ ഓതി ക്ലാസ് എടുക്കലാണ്. സുഹൃത്തുക്കൾ അത് കേട്ട് പരിഭ്രമിക്കും. ചിലർ കരയും. അപ്പോൾ സ്രാങ്ക് അവരെ ആശ്വസിപ്പിക്കും. അങ്ങനെ എന്റെ ആത്മസുഹൃത്തായ, ഞാനറിയാതെ എന്റെ ശിഷ്യത്വം ഹൃദയപൂർവ്വം സ്വീകരിച്ച കുഞ്ഞുമുഹമ്മദ് സ്രാങ്ക് അല്ലാഹുവിങ്കലേക്ക് യാത്രയായി. അല്ലാഹുവിന്റെ സാന്നിദ്ധ്യത്തിൽ നിന്നുള്ള സന്തോഷപ്രദമായ ആശംസകൾ സ്വീകരിച്ചുകൊണ്ടായിരിക്കും എന്റെ സ്രാങ്ക് ഈ ലോകം വിട്ടുപോയതെന്ന് എന്റെ മനസ്സ് മന്ത്രിക്കുന്നു. അറബിയിൽ ഒരു ചിന്താർഹമായ കവിത വീണ്ടും ഓർക്കാം.

“നിന്റെ ഉമ്മ നിന്നെ പ്രസവിച്ചപ്പോൾ നീ കരയുകയായിരുന്നുവല്ലോ. ആളുകൾ സന്തോഷിച്ചു ചിരിക്കുകയും ആയിരുന്നു. അതിനാൽ നിന്റെ മരണഘട്ടത്തിൽ നീ സന്തോഷിച്ച് ചിരിക്കുന്നവനും അവർ കരയുന്നവരും ആക്കാൻതക്കവണ്ണം നിനക്ക് വേണ്ടി അദ്ധ്വാനിക്കുക.”

അതെ, സ്രാങ്ക് പോയപ്പോൾ ആളുകൾ കരയുകയായിരുന്നു. പക്ഷെ, അദ്ദേഹം ചിരിച്ചുകൊണ്ടായിരിക്കും പോയത്. അല്ലാഹുവിന്റെ ഗ്രന്ഥത്തോട് പുലർത്തിയ അത്യഗാധമായ സ്നേഹവും അത് ജനങ്ങളിലെത്തിക്കാനുള്ള അനൽപമായ ആവേശവും അതിനായി നടത്തിയ വിശ്രമരഹിതമായ പ്രവർത്തനങ്ങളും തീർച്ചയായും പരിഗണിക്കപ്പെടുകതന്നെ ചെയ്യും.

ആശുപത്രിക്കിടക്കയിൽ വെച്ച് അദ്ദേഹം വേണ്ടപ്പെട്ടവരോട് വസ്വിയ്യത്ത് ചെയ്തു. ഞാൻ മരിച്ചാൽ എന്റെ മൗലവി വന്നെത്തിയാൽ അദ്ദേഹമായിരിക്കണം എന്റെ മയ്യിത്ത് നമസ്കാരത്തിന് ഇമാമത്ത്. ഇല്ലെങ്കിൽ

എന്റെ പ്രിയ സ്നേഹിതൻ ഹസൻകുഞ്ഞു ആ കൃത്യം നടത്തണം. ആ വാർത്ത അറിഞ്ഞപ്പോൾ ഞാൻ കരഞ്ഞു. മനസ്സുരുകി പ്രാർത്ഥിച്ചു. സ്വർ ഗത്തിൽ എനിക്ക് അദ്ദേഹത്തിന്റെ സഹവാസം അനുഭവിക്കാൻ ഭാഗ്യം ലഭിക്കണം. എന്റെ ശിഷ്യനായി സ്വയം പ്രഖ്യാപിച്ചും അതിന്റെ എല്ലാം ആദരവുകളും എനിക്ക് ഔദാര്യമായി നൽകിയും എന്നെ സന്തോഷി പ്പിച്ച സ്രാങ്കിന്റെ എല്ലാ പാപങ്ങളും കാരുണ്യത്തോടെ റബ്ബ് മാപ്പ് ചെയ് തു കൊടുക്കുമാറാകട്ടെ.

സ്രാങ്കിന്റെ അടുത്ത മിത്രമായ ഹസൻകുഞ്ഞു സാഹിബിനെക്കുറിച്ച് രണ്ടു വാക്ക് പറഞ്ഞുകൊണ്ട് ഈ അദ്ധ്യായത്തിന് വിരാമം നൽകാം. ഞാൻ പരിചയപ്പെടുമ്പോൾ ഇദ്ദേഹം കടുത്ത സി.എൻ. ഭക്തനായിരുന്നു. നല്ല വായനക്കാരൻ, പഠിക്കുന്നവൻ. പഠിച്ചത് മറ്റുള്ളവരിലേക്ക് പകരാൻ ശ്രമിക്കുന്ന ഒന്നാംതരം പ്രബോധകൻ. സ്രാങ്കിന്റെ കൂടെ നിന്നാൽ ഒരു കുട്ടിയുടെ വലിപ്പമേ അദ്ദേഹത്തിനുള്ളൂ. വണ്ണത്തിലും പൊക്കത്തിലും സി.എൻ. പ്രശ്നത്തിൽ ഞങ്ങൾ തമ്മിൽ സംസാരിച്ച് ഒന്നിടഞ്ഞു. എ ന്നോട് കഠിനമായ ദേഷ്യമായിരുന്നു. എനിക്കും അങ്ങനെ തന്നെ. ഏതാ നും മാസം അങ്ങനെ കടന്നുപോയി. ഒരു ദിവസം പുതിയ പള്ളി മദ്റസ യിൽ കുറച്ച് സുഹൃത്തുക്കൾക്കായി ഞാൻ ഒരു പഠനക്ലാസ് നടത്തുകയാ യിരുന്നു. അപ്പോൾ എ.എ. ഹമീദിന്റെ ജ്യേഷ്ഠൻ അബ്ദുൽ അസീസ്, ഹസൻ കുഞ്ഞിക്കയെ കൂട്ടിക്കൊണ്ടുവരികയും ഞങ്ങളെ തമ്മിൽ ലോ ഹ്യപ്പെടുത്തുകയും ചെയ്തു. അസീസ് സാഹിബിന് ഈ അകൽച്ച അസഹ്യമായിതോന്നി, ഞങ്ങളിരുവരെയും അദ്ദേഹം വളരെ സ്നേഹിച്ചി രുന്നു. അസീസ് സാഹിബ് 82ൽ ഹമീദ് ദമ്മാമിലായിരുന്നപ്പോൾ ഹാർട്ട് അറ്റാക്കിൽ പെട്ടെന്ന് മരണപ്പെട്ടു. അദ്ദേഹത്തിന് അല്ലാഹു പൊറുത്തു കൊടുക്കട്ടെ. അന്ന് ഹസൻ കുഞ്ഞി സാഹിബുമായി ലോഹ്യപ്പെട്ടതിനു ശേഷം ഞങ്ങൾ പിന്നീടൊരിക്കലും പിണങ്ങിയിട്ടില്ല. സ്നേഹം കൂടുതൽ ബലപ്പെടുകയാണുണ്ടായത്. സി.എൻ. മൗലവിയുടെ വ്യതിയാനങ്ങൾ അദ്ദേഹത്തിന് ക്രമേണ ബോധ്യപ്പെട്ടു. അദ്ദേഹം എന്റെ ശക്തനായ സഹ കാരിയായിത്തീർന്നു. ഒന്നാംതരം പ്രബോധകനാണ് ഹസൻ കുഞ്ഞി സാഹിബ്. ഒട്ടേറെ സാധാരണക്കാരെ അദ്ദേഹം ദീൻ പഠിപ്പിച്ചു. ആളുകൾ ആവശ്യപ്പെടുമ്പോഴെല്ലാം സ്രാങ്കിനെപ്പോലെ തന്നെ ഉത്സാഹപൂർവ്വം അദ്ദേഹം ക്ലാസ് നടത്തും. അദ്ദേഹത്തിന്റെ നിരന്തരമായ പ്രബോധന സംരംഭത്താൽ കെ.എൻ.എമ്മിന് കൊച്ചിയിൽ രണ്ട് യൂണിറ്റുകൾ തന്നെ യുണ്ടായി. പ്രായത്തിൽ എന്നെക്കാൾ രണ്ടോ മൂന്നോ വയസ്സിന് താഴെ യായിരിക്കും. ഇപ്പോൾ അദ്ദേഹം ക്ഷീണിതനാണ്. എങ്കിലും കഴിയുന്നിട

ത്തോളം പള്ളിയിൽ എത്തുകയും എല്ലാവരുമായി സമ്പർക്കപ്പെടുകയും ചെയ്യും. ഞാൻ കൊച്ചിയിൽ എത്തിയാൽ വിവരമറിഞ്ഞു അദ്ദേഹം പാഞ്ഞുവരും. ആ സ്നേഹപ്രകടനം എന്റെ മനസ്സ് നനക്കും. എനിക്ക് വേണ്ടി പ്രാർത്ഥിക്കും. സ്രാങ്കിന്റെ ആത്മ സുഹൃത്തായിരുന്ന ഹസൻ കുഞ്ഞിക്ക കൊച്ചിയിലെ ഇസ്‌ലാഹീ സുഹൃത്തുക്കളുടെയും സ്നേഹ ഭാജനമാണ്. എന്റെയും. ആദർശബന്ധത്തിലൂടെ വളരുന്ന സ്നേഹം പലപ്പോഴും കുടുംബബന്ധത്തേക്കാൾ സമ്പന്നവും സഹായകവുമായി ത്തീർന്ന അനുഭവങ്ങൾ വളരെയുണ്ട്.



## 54

## തവളയെ കൊല്ലാൻ പാടുണ്ടോ?

1970കളുടെ മധ്യത്തിലാണ്, സൽസബീലിലേക്ക് ഇപ്രകാരം ഒരു ചോദ്യം വന്നത്. പല കാരണങ്ങളുണ്ടായിരുന്നു ഇതിന്. ഞാൻ അന്ന് കൊച്ചിയിലാണ്. കൊച്ചിയിലെ ഫിഷറീസ് സ്ഥാപനങ്ങളിൽ നിന്ന് കോടിക്കണക്കിന് രൂപയുടെ തവളക്കാലുകൾ അമേരിക്ക, ഫ്രാൻസ്, ബ്രിട്ടൻ തുടങ്ങിയ രാജ്യങ്ങളിലേക്ക് കയറ്റി അയച്ചിരുന്നു. ഗണ്യമായ വിദേശ നാണ്യം ലഭിക്കുന്ന ഈ പരിപാടിക്ക് സർക്കാരും ബാങ്കുകളും വലിയ സഹായങ്ങൾ നൽകിവന്നു. കേരളത്തിലും പുറത്തും ലഭിക്കുന്ന തവളകളുടെ വൻ ശേഖരമാണ് നിത്യവും കൊച്ചിയിൽ വന്നുചേരുന്നത്. അന്നത്തെ പ്രധാന കയറ്റുമതിക്കാർ ഇൻഡോമറൈൻ ഏജൻസീസ് ആയിരുന്നു. കയറ്റുമതിക്കുള്ള ഇന്ത്യാ ഗവൺമെന്റിന്റെ അവാർഡും അവർ കരസ്ഥമാക്കി. ആ കമ്പനിയുടെ ഉടമസ്ഥൻ മർഹൂം സാലെ മുഹമ്മദ് ഇബ്റാഹീം സേട്ട് ആയിരുന്നു. അദ്ദേഹമാകട്ടെ, അന്ന് നദ്‌വത്തുൽ മുജാഹിദീന്റെ സംസ്ഥാന അദ്ധ്യക്ഷനുമായിരുന്നു. ഈ പശ്ചാത്തലത്തിലാണ് ചോദ്യം ഉത്ഭവിച്ചത്. അപ്പോൾ അതിന്റെ പ്രാധാന്യം ഊഹിക്കാമല്ലോ?

ഞാൻ കണിശമായി എഴുതി. അത് പാടില്ലാത്തതാണ്. നബിﷺയുടെ അടുക്കൽ ഒരു വൈദ്യർ ഒരു മരുന്നിനെക്കുറിച്ച് പറഞ്ഞു. അതിൽ തവളയെ ചേർക്കണമെന്നും പറഞ്ഞു. അപ്പോൾ നബിﷺ തവളയെ കൊല്ലുന്നത് വിരോധിച്ചു. ഈ ഹദീസ് മറുപടിയിൽ ഞാൻ ഉദ്ധരിച്ചു. മരുന്നിനുവേണ്ടി പോലും പാടില്ലെന്ന് വരുമ്പോൾ സാധാരണ ഭക്ഷണത്തിനായി ഒരിക്കലും പാടില്ല. തുടർന്ന് ലേശം പശ്ചാത്തലം വിവരിച്ചു. ഞാൻ സുഊദി അറേബ്യയിൽ കഴിയുന്ന കാലം. കൊച്ചിയിലെ ഇൻഡോ മറൈൻ ഏജൻസീ

സിന്റെ ഒരു ചോദ്യം ഇതുസംബന്ധമായി വന്നു. ഞാൻ മേൽ പ്രകാരം മറുപടിയും നൽകി. പക്ഷെ, നമ്മുടെ പ്രമുഖ പണ്ഡിതന്മാർ അതിന് വിരോധമില്ല എന്ന് മറുപടി നൽകി. അതിന്റെ അടിസ്ഥാനത്തിൽ എന്റെ അഭിപ്രായം നിരാകരിക്കപ്പെട്ടു. അവർ വ്യവസായം ആരംഭിക്കുകയും ചെയ്തു. ഈ കാര്യം പറഞ്ഞ ശേഷം മറുപടിയുടെ അവസാനത്തിൽ, "പണ്ഡിതന്മാർ ഇങ്ങനെയായാൽ എന്തുചെയ്യും" എന്ന ഒരു വാചകവും എഴുതി.

മറുപടി വലിയ ചലനമുണ്ടാക്കി. കൊച്ചിയിലെ മുസ്‌ലിം കയറ്റുമതിക്കാർ ആശങ്കാഭരിതരായി. കെ.എൻ.എമ്മിന്റെ സംസ്ഥാന പ്രസിഡണ്ട് എന്ന നിലയിൽ ഏറ്റവും വലിയ എക്സ്പോർട്ടറായ സാലേ സേട്ടുവിന് കൂടുതൽ അസ്വസ്ഥത ഇതുമൂലമുണ്ടായി. അദ്ദേഹം എന്റെ മറുപടി ചൂണ്ടിക്കാണിച്ച് കേരള ജംഇയ്യത്തുൽ ഉലമക്ക് കത്ത് കൊടുത്തു. എന്നോട് അദ്ദേഹം നേരിട്ട് സംസാരിച്ചു. ജംഇയ്യത്തുൽ ഉലമാ പ്രസിഡണ്ട് എം. ശൈഖ് മുഹമ്മദ് മൗലവിയും മറ്റുള്ളവരും ഇതിന് വിരോധമില്ല എന്നും ഞാൻ ഉദ്ധരിച്ച ഹദീസ് ദുർബ്ബലമായതിനാൽ മതവിധിക്ക് പറ്റുകയില്ലെന്നും പറഞ്ഞതായി സേട്ട് എന്നെ അറിയിച്ചു. ഞാൻ കൂട്ടാക്കിയില്ല. എന്റെ അഭിപ്രായത്തിൽ ഉറച്ചുനിന്നു. ജംഇയ്യത്തുൽ ഉലമാ വർക്കിംങ് കമ്മിറ്റി വിളിച്ചുകൂട്ടി പ്രശ്നം ചർച്ച ചെയ്യേണ്ടതാണെന്ന് ഞാൻ വാദിച്ചു. അങ്ങനെ കമ്മിറ്റി വിളിച്ചു. ഞാനും അതിൽ സംബന്ധിച്ചു. ചർച്ച നടന്നു. ഒടുവിൽ രണ്ട് അഭിപ്രായങ്ങളും വിവരിച്ചുകൊണ്ടും രേഖകൾ നിരത്തിക്കൊണ്ടും പ്രബന്ധങ്ങൾ അവതരിപ്പിച്ച് അതിന്മേൽ ചർച്ചയാകാമെന്ന് തീരുമാനിച്ചു. അങ്ങനെ 1976 ജൂലായ് മാസത്തിൽ വീണ്ടും കൂടാൻ നിശ്ചയിച്ചു. തവളയെ കൊല്ലാൻ പാടില്ല എന്ന വിഷയം സ്ഥാപിച്ചുകൊണ്ട് പ്രബന്ധം കൊണ്ടുവരാൻ എന്നെയും വിരോധമില്ല എന്ന് തെളിയിക്കുന്ന പ്രബന്ധം അവതരിപ്പിക്കാൻ ജംഇയ്യത്തുൽ ഉലമാ പ്രസിഡണ്ട് ശൈഖ് മുഹമ്മദ് മൗലവിയേയും യോഗം ചുമതലപ്പെടുത്തി. ശൈഖ് മൗലവിയാകട്ടെ അന്ന് ജീവിച്ചിരിക്കുന്ന ഹദീഥ് പണ്ഡിതന്മാരിൽ ഒന്നാമനാണ്. ഞാൻ അദ്ദേഹത്തെ ഗുരുതുല്യം ആദരിക്കുന്നവനും. പക്ഷെ, ഒരു പഠന ചർച്ചയെന്ന നിലയിൽ ഞാൻ ഉത്സാഹം കാണിച്ചു. കൂടുതൽ അറിവ് നേടാൻ ഇത് സഹായകമാകുമല്ലോ.

നിശ്ചയിക്കപ്പെട്ട ദിവസം ഞാൻ എന്റെ അറിവിനും കഴിവിനുമൊത്ത് ഒരു കൊച്ചു പ്രബന്ധം തയ്യാറാക്കി പുളിക്കൽ ചേർന്ന കമ്മിറ്റി മുമ്പാകെ എത്തി. എന്നെ ഏറെ ദുഖിതനാക്കുകയും നിരാശനാക്കുകയും ചെയ്ത ഒരു ദിനമായിരുന്നു അത്. പ്രസിഡണ്ട് ഹാജറായില്ല. അദ്ദേഹമാണ് എതിർ പ്രബന്ധത്തിന്റെ കർത്താവ്. ഏറെ ഗവേഷണപരവും പഠനാർഹ

വുമായ ചർച്ചയെ പ്രതീക്ഷിച്ച് എത്തിയ പലരും നിരാശരായിരുന്നുവെന്ന് എനിക്ക് മനസ്സിലായി. ശൈഖ് മൗലവി അത് സംബന്ധമായി എഴുതിയ ഒരു ലേഖനം ആരുടേയോ പക്കൽ കൊടുത്തയച്ചു. തനിക്ക് എത്താൻ കഴിയുകയില്ലെന്നറിയിക്കുകയും ചെയ്തു. അദ്ദേഹം കാണിച്ച നിസംഗത അന്നും ഇന്നും എനിക്ക് ഉൾക്കൊള്ളാനായിട്ടില്ല. എന്റെ പ്രബന്ധം വായിച്ചു. അദ്ദേഹത്തിന്റേതും. പക്ഷെ, കാര്യമായ ചർച്ചകൾ ഇല്ലാതെ ആ യോഗം പിരിഞ്ഞു. വീണ്ടും അതുസംബന്ധമായി ഒരു ചർച്ച നടന്നതുമില്ല. അങ്ങനെ കയറ്റുമതി വ്യവസായം നിർബാധം തുടർന്നു.

എന്നാൽ വമ്പിച്ച വളർച്ചയിലെത്തുകയും അതിരറ്റ സമ്പാദ്യം നേടിക്കൊടുക്കുകയും ചെയ്ത ആ വ്യവസായം ഒരു വലിയ ദുരന്തത്തിലാണ് കലാശിച്ചത്. കോടികൾ വിലമതിക്കുന്ന ചരക്കുകൾ വ്യവസായികളുടെ പക്കൽ സ്റ്റോക്കുള്ള ഘട്ടത്തിൽ തവളക്കാലിന്റെ ഓർഡറുകളെല്ലാം പെട്ടെന്ന് റദ്ദായി. ഏറ്റവും വലിയ ഭാഗം കയറ്റിപ്പോയിരുന്നത് ഫ്രാൻസിലേക്കായിരുന്നുവത്രെ. ആദ്യം ക്യാൻസലായത് അതായിരുന്നു. ഒരുതരം അണുബാധയാണ് കാരണമായി പറയപ്പെട്ടത്. ആ റദ്ദാക്കൽ തീരുമാനത്തിൽ ഏറ്റവും വലിയ ക്ഷതമേറ്റത് സാലേ സേട്ടുവിന്റെ സ്ഥാപനത്തിനായിരുന്നു. വമ്പിച്ച ശേഖരം ഓർഡർ കാത്തുകിടന്നിരുന്നു. അത് മുഴുവൻ കടലിൽ തള്ളുകയാണത്രെ ഉണ്ടായത്. ആ തകർച്ചയിൽ നിന്നും ഇന്തോ-മറൈൻ ഏജൻസീസ് പിന്നീട് കരകയറിയില്ല. തുടർന്ന് സമരങ്ങളുടെ ഒരു പരമ്പര തന്നെയുണ്ടായി. ഏഷ്യയിലെ ഏറ്റവും വലിയ രണ്ടാമത്തെ കാനിങ്ങ് ഫാക്ടറിയായിരുന്നു സാലേ സേട്ടുവിന്റേത് എന്നാണ് പറഞ്ഞു കേട്ടത്. സമരം കൊടുമ്പിരികൊള്ളുകയും വിട്ടുവീഴ്ചയ്ക്ക് തൊഴിലാളി സംഘടനകൾ തയ്യാറാകാതിരിക്കുകയും ചെയ്തത് കൊണ്ടോ സാമ്പത്തിക തകർച്ച കൊണ്ടോ, കാരണം എനിക്ക് വ്യക്തമല്ല, പക്ഷെ ആ ഫാക്ടറി എന്നെന്നേക്കുമായി പൂട്ടി. നിയമാനുസൃതമായ മുഴുവൻ അവകാശങ്ങളും നൽകി എല്ലാവരേയും പിരിച്ചുവിടുകയാണ് ചെയ്തത്. പിന്നീട് തകർച്ചയുടെ ഒരു ദുരന്തപരമ്പരയാണ് കണ്ടത്. ഇന്ത്യയിലും വിദേശത്തും പ്രശംസനീയമായ നിലവാരത്തിലേക്കുയർന്ന ഒരു വ്യവസായ സ്ഥാപനം വട്ടപ്പൂജ്യത്തിലേക്ക് ക്രമേണ ഇപ്രകാരം താഴ്ന്നുപോയ ഒരനുഭവം എന്റെ അറിവിൽ വേറെയില്ല. എനിക്ക് അതിന്റെ വിശദാംശങ്ങളൊന്നും അറിയില്ല. പറഞ്ഞാൽ മനസ്സിലാകുകയുമില്ല. ഞാൻ വളരെയേറെ ദുഃഖിച്ചു. സാലേ സേട്ടുവിന്റെ ഔദാര്യ ഹസ്തം ചെന്നെത്താത്ത ഒരു മത സ്ഥാപനവും കേരളത്തിൽ ഉണ്ടെന്ന് തോന്നുന്നില്ല. സാമൂഹികവും ജീവകാരുണ്യപരവുമായ മുഴുവൻ കാര്യങ്ങൾക്കും അദ്ദേഹത്തിന്റെ നിർലോ

ഭമായ സഹായം ലഭിച്ചിരുന്നു. അനേകമനേകം സാധുക്കൾക്ക് വിശപ്പട ക്കാനും വിഷമതകളകറ്റാനും ആ പെട്ടിയിലെ പണം വാരിക്കോരിക്കൊ ടുത്തിരുന്നു. എന്റെയും എന്റെ മാസികയുടെയും ഉത്തമ ഗുണകാംക്ഷി യും സഹായിയുമായിരുന്നു അദ്ദേഹം. സന്തോഷത്തോടെ കൊടുക്കുക എന്ന അതിമഹത്തായ സ്വഭാവ വൈശിഷ്ട്യത്തിന്റെ മുകുടോദാഹരണ മായിരുന്നു സാലെ സേട്ട്. അദ്ദേഹത്തിന്റെ ഇളയ സഹോദരൻ മഹ്മൂദ് സേട്ടുവും ഇതിൽ ജ്യേഷ്ഠനോട് മത്സരിക്കുകയാണോ എന്ന് തോന്നി പ്പോയിട്ടുണ്ട്. ഇത്രയേറെ വിനയാന്വിതനായി ഞാൻ ഒരു ധനികനേയും വേറെ കണ്ടിട്ടില്ല. ഈ തവളക്കാൽ കയറ്റുമതി മൂലമാണ് അവർക്കീ പതനം സംഭവിച്ചതെന്നാണ് എന്റെ അറിവ്.

എന്തായാലും തവളയെ പിടിക്കുന്നതും കൊല്ലുന്നതും നമ്മുടെ സർ ക്കാരും പിന്നീട് നിരോധിച്ചു. വമ്പിച്ച പരിസ്ഥിതി പ്രശ്നങ്ങൾ ഇതുമൂലം സംഭവിക്കുന്നുണ്ടെന്നാണ് ശാസ്ത്രീയ പഠനം തെളിയിച്ചത്. തവളകളുടെ വംശനാശമാണ് കൊതുകുകൾ പെരുകാൻ കാരണമായതെന്നും പറ യുന്നു. കൊതുകുകൾ പരത്തുന്ന രോഗങ്ങളുടെ ഭയാനകത വൈദ്യ ശാസ്ത്രം ഇപ്പോൾ ജനങ്ങളെ അറിയിക്കുന്നു. മഴക്കാലം വന്നാൽ തവള കളുടെ കരച്ചിൽകൊണ്ട് നമ്മുടെ രാജ്യം മുഖരിതമായിരുന്നു. ഇപ്പോൾ നിശബ്ദം! മരുന്നിന് വേണ്ടിപോലും തവളയെ കൊല്ലുന്നത് പ്രവാചകൻ നിരോധിച്ചു. എന്തെല്ലാം കാര്യങ്ങൾ അതിൽ അന്തർലീനമായിരുന്നുവെ ന്ന് നമുക്കറിഞ്ഞുകൂടാ. പ്രവാചകൻ ഒരു കാര്യം നിരോധിക്കുമ്പോൾ സർവ്വജ്ഞനായ അല്ലാഹുവിന്റെ നിർദ്ദേശപ്രകാരമാണെന്ന് തീർച്ച. അ തിലടങ്ങിയ ദോഷങ്ങൾ മനുഷ്യർ ഇനിയും കണ്ടെത്താനിരിക്കുന്നതേ യുള്ളൂ. തീർച്ചയായും ഭൗതികമായ ദോഷങ്ങൾക്കൊപ്പം അതിന് ആത്മീ യമായ മറ്റൊരു വശവും ഉണ്ടാകും. അതിന്റെ ഏറ്റവും വലിയ ഉദാഹരണ മാണ് പന്നിയിറച്ചിയുടെ നിരോധനം. ധാരാളം രോഗങ്ങൾക്ക് ഇത് ഭക്ഷി ക്കുന്നത് ഹേതുവായിത്തീരുമെന്ന് വൈദ്യഗവേഷകന്മാർ പറയുന്നു. പക്ഷെ, കോടിക്കണക്കിന് മനുഷ്യർ അത് വിശിഷ്ട ഭോജനവസ്തുവായി സ്വീകരിക്കുന്നുണ്ട്. അവരൊന്നും ഇപ്പറയപ്പെടുന്ന രോഗങ്ങൾക്ക് അടിമ കളാകുന്നില്ലല്ലോ. മതനിഷേധികൾ ഇങ്ങനെ പുച്ഛിച്ചു. പക്ഷെ, അടുത്ത കാലത്ത് വൈദ്യശാസ്ത്ര ഗവേഷകർ പന്നിയിറച്ചിയെക്കുറിച്ച് പുറത്ത് വിട്ട വാർത്ത ഭയാനകവും ചിന്തിപ്പിക്കുന്നതുമാണ്! സ്ഥിരമായി ഈ മാം സം ഭുജിക്കുന്ന സ്ത്രീ പുരുഷന്മാരിൽ ലൈംഗികമായ സദാചാര നിഷ്ഠ ഇല്ലാതാകുമെന്ന് തെളിയിക്കപ്പെട്ടുവത്രെ! ഇത് ഈ ജന്തുവിന്റെ വർഗ സ്വഭാവമാണ്പോൽ. ഈ മൃഗീയ ദുസ്വഭാവം മനുഷ്യരിലേക്കും പകരാൻ

പന്നിയുടെ മാംസം സ്ഥിരമായി ഭക്ഷിക്കുന്നത് വലിയൊരു കാരണമാകുന്നുണ്ടെന്നാണ് ശാസ്ത്ര നിഗമനം. സ്വന്തം ഇണയോട് മനുഷ്യൻ കാണിക്കുന്ന അടുപ്പവും വിശ്വസ്തതയും പന്നിയിറച്ചി കഴിക്കുന്നവർക്ക് ഇല്ലാതാകുമത്രെ. പന്നിയുടെ സ്വഭാവം ഉണ്ടാകുമെന്നർത്ഥം. പാശ്ചാത്യ നാടുകളിൽ വിളയാടുന്ന ലൈംഗീകാഭാസങ്ങളുടെ എണ്ണവും വണ്ണവും കാണുമ്പോൾ ഈ നിഗമനം തള്ളിക്കളയാൻ കഴിയുന്നതല്ല. ഇണകൾ തമ്മിൽ ഉണ്ടായിരിക്കേണ്ട മാനസികവും ശാരീരികവുമായ സ്വകാര്യത ആ ജനതയിൽ ഇല്ലെന്ന് തന്നെ പറയാം. ഭാര്യ പരപുരുഷന്മാരുമായും പുരുഷൻ പരസ്ത്രീകളുമായും സ്വതന്ത്രമായി അഴിഞ്ഞാടുന്ന സദാചാര ശൂന്യമായ ഒരു സംസ്കാരം പന്നിമാംസ ഭോജകരുടെ ജീവിതശൈലിയിലായിരിക്കുന്നു. കൂടുതൽ വിശദീകരിക്കേണ്ടതില്ലല്ലോ. അല്ലാഹുവിന്റെയും റസൂലിന്റെയും നിർദ്ദേശ കൽപനകളിൽ അടങ്ങിയിരിക്കുന്ന വസ്തുതകൾ ഒന്നൊന്നായി ജനങ്ങൾക്ക് ബോധ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. വിശ്വാസം ലബോറട്ടറികളിൽ ഏൽപിക്കേണ്ട വിഷയമല്ല. ഹദീഥുകൾ കൊച്ചു കൊച്ചു ന്യായങ്ങൾ ഉന്നയിച്ച് തള്ളിക്കളയുന്ന പ്രവണത ജൂതായിസത്തിന്റെ സ്വാധീനം മൂലം നമുക്കിടയിൽ വർദ്ധിക്കുകയാണ്. ഭയപ്പെടണം. പേപ്പട്ടിയെ ഭയക്കുന്നതുപോലെയോ അതിനേക്കാൾ ഏറെയോ ഭയപ്പെടണം. അല്ലാഹു കാത്തുരക്ഷിക്കട്ടെ.

തവളയെ കൊല്ലുന്നത് നിരോധിക്കപ്പെട്ടുവെങ്കിലും പലതും പഠിക്കാനും മനസ്സിലാക്കാനും ഇതിൽ വകയുണ്ടാകുമെന്ന വിശ്വാസത്തിൽ 1976 സെപ്തംബർ ലക്കം സൽസബീൽ മാസികയിൽ പ്രസിദ്ധീകരിച്ച എന്റെ പ്രബന്ധത്തിലെ പ്രസക്ത ഭാഗങ്ങൾ കൂടി ഇവിടെ ചേർക്കട്ടെ. (അറബി മൂലം ഒഴിവാക്കിയിട്ടുണ്ട്- എഡിറ്റർ)

റസൂൽﷺന്റെ അടുക്കൽ ഒരു വൈദ്യൻ ഒരു മരുന്നിനെപ്പറ്റി പറഞ്ഞു. ഇതിൽ തവളയെ ചേർക്കണമെന്നും പറഞ്ഞു. അപ്പോൾ റസൂൽﷺ തവളയെ കൊല്ലുന്നത് വിരോധിച്ചു.

ഇമാം അഹ്മദ്ബ്നു ഹമ്പൽ അവർകൾക്ക്﵁ പുറമെ ഇമാം ഇബ്നു മാജ﵁, ഇമാം നസാഈ﵁, ഇമാം ദാരിമി﵁, ഇമാം ബൈഹഖി﵁, ഇബ്നു ഹജർ അസ്ഖലാനി﵁ എന്നിവരെല്ലാം ഈ ഹദീസ് രേഖപ്പെടുത്തിയിട്ടുണ്ട്. ആരും ഇതിന് യാതൊരു ദോഷവും പറഞ്ഞിട്ടില്ല. ഇത് തെളിവിന് മതിയായതാണെന്ന് എല്ലാവരും കണക്കാക്കിയതായി കാണുന്നു. മാത്രമല്ല ഇമാം ദഹബി﵁ ഇത് സ്വഹീഹാണെന്ന് വ്യക്തമാക്കിയിരിക്കുന്നു. ഇമാം ഇബ്നു ഖയ്യിം﵁ സാദുൽ മആദിൽ പറയുന്നു: നബിﷺ

തവളയെ കൊല്ലുന്നത് വിരോധിച്ചു എന്നതിന്റെ അടിസ്ഥാനത്തിൽ അത് മരുന്നിൽ ചേർക്കുന്നത് ഹലാലാകുകയില്ലെന്ന് ഇമാം അഹ്മദ് പറഞ്ഞിരിക്കുന്നു. ഇമാം അവർകൾ മുസ്നദിൽ രേഖപ്പെടുത്തിയ അബ്ദുർറഹ്മാനിബ്നു ഉസ്മാൻﷺ അവർകളുടെ ഹദീഥ്, നബിﷺയുടെ അടുക്കൽ ഒരു വൈദ്യൻ തവളയെ മരുന്നിൽ ചേർക്കുന്നതിനെപ്പറ്റി പറഞ്ഞപ്പോൾ തവളയെ കൊല്ലുന്നത് നബി വിരോധിച്ചു എന്ന ഹദീഥാണ്. ഖാനൂൻ എന്ന ഗ്രന്ഥത്തിന്റെ കർത്താവ് പറയുന്നു: തവളയുടെ രക്തമോ മാംസമോ ആരെങ്കിലും ഭക്ഷിച്ചാൽ അവന്റെ ദേഹം നീരുവെക്കുകയും നിറം മാറുകയും ഇന്ദ്രിയസ്രാവം ഉണ്ടാകുകയും ചെയ്യുന്നതാണ്. അതിനാൽ തവളയിറച്ചിയുടെ ദോഷം ഭയന്ന് ഇതിന്റെ ഉപയോഗം വൈദ്യന്മാർ ഉപേക്ഷിച്ചു.

ഹദീഥിൽ രേഖപ്പെട്ട ഔഷധവീര്യമുള്ള വസ്തുക്കളെ സംബന്ധിച്ച് വിവരിക്കുന്ന അദ്ധ്യായത്തിലാണ് ഇത് പറഞ്ഞത്. പ്രസ്തുത ഗ്രന്ഥത്തിൽ മറ്റൊരിടത്തും ഇത് പറഞ്ഞിട്ടുണ്ട്. ഹറാമായ സാധനങ്ങളെകൊണ്ട് ചികിത്സ ചെയ്യാൻ പാടില്ല എന്ന അദ്ധ്യായത്തിലാണത്. അവിടത്തെ വാചകം: ഒരു വൈദ്യൻ തവളയെ മരുന്നിൽ ചേർക്കുന്നതിനെക്കുറിച്ച് നബിﷺയോട് ചോദിച്ചു. അപ്പോൾ അതിനെ കൊല്ലുന്നത് നബിﷺ വിരോധിച്ചു എന്ന് ഇമാം നസാഈﷺയുടെ സുനനിൽ ഉണ്ട്. (പേജ് 106) ഇമാം ഇബ്നുൽഖയ്യിം അംഗീകരിച്ചുകൊണ്ടു തന്നെയാണ് ഇത് രേഖപ്പെടുത്തിയിട്ടുള്ളത്. അതായത് ഈ ഹദീസ് തെളിവിന് മതിയായതാണെന്ന് അദ്ദേഹം മനസ്സിലാക്കിയെന്ന് വ്യക്തം.

ഇമാം ഇബ്നു ഹജർ അസ്ഖലാനിﷺ അവർകളുടെ 'ബുലൂഗുൽ മറാം' എന്ന ഗ്രന്ഥത്തിൽ ഈ ഹദീസ് രേഖപ്പെടുത്തിയേടത്ത് 'സുബുലുസ്സലാമി'ൽ പറയുന്നു: ഈ ഹദീസ് തവളയെ കൊല്ലൽ ഹറാമാണെന്നതിന് രേഖയാകുന്നു. ഇതിൽ നിന്നും തവളമാംസം ഭക്ഷിക്കുന്നത് ഹറാമാണെന്ന് മനസ്സിലാക്കാം. എന്തുകൊണ്ടെന്നാൽ തിന്നൽ ഹറാമല്ലായിരുന്നുവെങ്കിൽ കൊല്ലുന്നത് വിരോധിക്കുകയില്ലായിരുന്നു.

മുൻതഖൽ അഖ്ബാറിൽ 'കൊല്ലാൻ കൽപിക്കുകയോ കൊല്ലുന്നത് വിരോധിക്കുകയോ ചെയ്തത് മൂലം തിന്നൽ ഹറാമാണെന്ന് മനസ്സിലാക്കാവുന്ന ജീവികൾ' എന്ന ഒരദ്ധ്യായമുണ്ട്. അതായത് നബിﷺ ചില ജീവികളെ കൊല്ലാൻ കൽപിച്ചിട്ടുണ്ട്. ചിലതിനെ കൊല്ലുന്നത് വിരോധിച്ചിട്ടുണ്ട്. ആ കൽപനയിൽ നിന്നും ഈ വിരോധത്തിൽ നിന്നും അതൊന്നും തിന്നാൽ പാടില്ലെന്ന് മനസ്സിലാക്കാം. അങ്ങനെയുള്ള ജീവികൾ ഏ

തൊക്കെയെന്ന് വിവരിക്കുന്ന ഒരദ്ധ്യായമുണ്ട്. അതിൽ പല ജീവികളെ സംബന്ധിച്ചു വന്ന ഹദീഥുകൾ ഉദ്ധരിക്കുന്ന കൂട്ടത്തിൽ പ്രസ്തുത വൈദ്യരുടെ ഹദീസും ഉൾപ്പെടുന്നു. ഇവിടെ നയ്‌ലുൽ ഔത്വാറിൽ പറയുന്നു: "തവളയെ തിന്നൽ ഹറാമാണെന്നതിന് ഈ ഹദീസ് തെളിവാകുന്നു." ഇമാം അവർകൾ ഈ ഹദീഥ് തെളിവിന് മതിയായതാണെന്ന് സമ്മതിച്ചിരിക്കുന്നു.

ഇമാം അബൂഹനീഫﷺ അവർകൾ ഈ ഹദീഥ് ഉദ്ധരിച്ച ശേഷം പറയുന്നു: "തവളയെ തിന്നൽ ഹറാമാണെന്നതിന് ഈ ഹദീഥ് തെളിവാകുന്നു, എന്തുകൊണ്ടെന്നാൽ നബിﷺ അതിനെ കൊല്ലുന്നത് വിരോധിച്ചുവല്ലോ എന്ന് മുൻദിരിﷺ അവർകൾ പറഞ്ഞിരിക്കുന്നു. മരുന്നിനുവേണ്ടി തവളയെ ഉപയോഗിക്കുന്നതിനേയാണ് ഈ ഹദീഥിൽ വിരോധിച്ചിട്ടുള്ളത്. കൂടുതൽ വിട്ടുവീഴ്ചയ്ക്ക് അവകാശമുള്ള ഔഷധത്തിന്റെ ഉപയോഗത്തിനുപോലും തവളയെ കൊല്ലുന്നത് വിരോധിച്ചപ്പോൾ പിന്നെ സാധാരണ ഭക്ഷണത്തിനു ഒരിക്കലും നിവൃത്തിയില്ലാത്തതാകുന്നു."

തവള ജലജീവിയോ കരജീവിയോ എന്നത് ഒരു പ്രശ്നമാണ്. ജന്തുശാസ്ത്രം പഠിച്ച പലരോടും ഞാൻ ഇതിനെക്കുറിച്ച് അന്വേഷിച്ചു. രണ്ടുമല്ല എന്നാണ് ഉത്തരം കിട്ടിയത്. "കരയിലും വെള്ളത്തിലും ഒരുപോലെ ജീവിക്കുന്നത്" എന്നാണ് ജീവശാസ്ത്രത്തിൽ തവളയെക്കുറിച്ച് പഠിപ്പിക്കുന്നത് തന്നെ. കരജീവിയാണെന്ന് വരുന്ന പക്ഷം അറുക്കാതെ ഭക്ഷിക്കാൻ പറ്റുകയില്ല. അറുക്കാൻ തവളക്ക് കഴുത്തില്ലല്ലോ. ജലജീവിയാണെന്ന് വരുന്നപക്ഷം അതാരും ഭക്ഷണത്തിനോ വിൽപ്പനക്കോ ഉപയോഗിക്കുന്നില്ല. തവളയെ ഉപയോഗിക്കുന്നവർ അതിനെ പിടിച്ച് ജീവനോട് കൂടി കാലുകൾ മാത്രം വെട്ടിയെടുക്കുകയോ അല്ലെങ്കിൽ ഒരുതരം ഔഷധം കലർത്തിയ ലായനിയിൽ മുക്കിപ്പിടിച്ച് ശ്വാസം മുട്ടിച്ചു കൊല്ലുകയോ ആണ് ചെയ്യുന്നത്. ഈ രണ്ടു സമ്പ്രദായവും മതദൃഷ്ട്യാ ശരിയല്ല.

മാരകമായ പല രോഗങ്ങളും പരത്തുന്ന പ്രാണിയാണ് കൊതുക്. കൊതുകിനെ ഭക്ഷിക്കുന്ന ജന്തുവാണ് തവള. കൊതുക് നശീകരണത്തിന് തവള ഉപകരിക്കുന്നതുപോലെ പ്രകൃതിയിൽ മറ്റൊരു വസ്തു ഇല്ല. തവളയുടെ സാമൂഹ്യനശീകരണം കൊതുകിന്റെ അതിവർദ്ധനവിന് കാരണമായിട്ടുണ്ടെന്ന് ജീവശാസ്ത്രജ്ഞന്മാർ എഴുതിയ ചില ലേഖനങ്ങളിൽ കാണുന്നു. കൂടാതെ കൃഷിയിടങ്ങളിലുള്ള ഉപദ്രവകാരികളായ പ്രാണികളെ നശിപ്പിച്ചുകൊണ്ടിരിക്കുന്നത് തവളകളാണെന്നും അതിനെ ഇല്ലായ്മ ചെയ്യുന്നത് കൊണ്ട് കൃഷിക്ക് വൻതോതിൽ ദോഷം സംഭവി

ക്കുന്നുണ്ടെന്നുമാണ് കർഷകരുടെ പരാതി. പലതരം മരുന്നുകൾ തെളിച്ചുനോക്കിയിട്ടും ഇതിന് വേണ്ടത്ര പരിഹാരം കാണുന്നില്ലെന്ന് ഒരിക്കൽ 'മാതൃഭൂമി' പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയ ഒരു ലേഖനത്തിലും വന്നിട്ടുണ്ടായിരുന്നു. അപ്പോൾ തവളകളെ നശിപ്പിക്കുന്നത് ഭൗതികമായ പല ദോഷങ്ങൾക്കും കാരണമാകുന്നത് പ്രത്യക്ഷമായി തെളിഞ്ഞിരിക്കുന്നു.

പലതരം പ്രാണികളാണ് തവളകളുടെ മുഖ്യ ആഹാരം. പ്രാണികളെ തിന്നു വളരുന്ന തവളകളെ ഭക്ഷണത്തിന് ഉപയോഗിക്കുന്നത് മനുഷ്യരുടെ ആരോഗ്യകരമായ നിലനിൽപ്പിന് വളരെ ദോഷമായിത്തീരുമെന്ന് ഡോക്ടർമാർ അഭിപ്രായപ്പെടുന്നുണ്ട്. ലോകാവ്യാപാര കമ്പോളത്തിൽ തവളകൾക്കുള്ള അതിപ്രധാനമായ സ്ഥാനമാണ് ഇത് പറയുന്നതിൽ നിന്നും അവരെ പിന്തിരിപ്പിക്കുന്ന കാരണമെന്നവർ പറയുന്നു. ഖാനൂൻ എന്ന ഗ്രന്ഥത്തിൽ വന്നിട്ടുള്ളതായി മുകളിൽ ഉദ്ധരിച്ച അഭിപ്രായം ഈ നിലക്ക് ചിന്തിക്കുമ്പോൾ വളരെ പ്രാധാന്യം അർഹിക്കുന്നുണ്ട്. സമീപ ഭാവിയിൽ വൈദ്യശാസ്ത്രം ഇതിനെക്കുറിച്ച് ഗവേഷണം നടത്താൻ നിർബന്ധിതരായിത്തീരുമെന്നും അങ്ങനെ ഇതിന്റെ ദോഷഫലം വെളിപ്പെടുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു. ആയതിനാൽ തവളയെ കൊല്ലുകയും അത് തിന്നുകയും ചെയ്യുന്നത് ഹറാമാണെന്ന് ഹദീഥ് പണ്ഡിതന്മാരുടെ വ്യക്തമായ അഭിപ്രായത്തെ ഞാൻ ഉത്തമ വിശ്വാസത്തോടെ സ്വീകരിച്ചതായി പ്രഖ്യാപിക്കുന്നു. (സൽസബീൽ 1976 സെപ്തംബർ)

ഓർമകളുടെ തീരത്ത്

## 55

# ചോദ്യോത്തരത്തിലൂടെ ഒരു സുഹൃദ്ബന്ധം

കൊച്ചിയിലെ ജീവിതം എന്നെ സംബന്ധിച്ചിടത്തോളം ഒരു വിളവെടുപ്പുകാലമായിരുന്നു. ഒരു വിത്ത് വിതച്ചാൽ നൂറുമേനി കിട്ടിയ അനുഭവം. നല്ല വളമുള്ള മണ്ണ്. വിശ്വാസം വർദ്ധിക്കുന്നു. വിജ്ഞാനവർദ്ധനവിനും ഇത് സഹായകമാകും.

പ്രശസ്തനും പ്രഗത്ഭനുമായ വ്യക്തിയുടെ ആത്മാർത്ഥ സ്നേഹം ലഭിക്കാനും എനിക്കർഹമല്ലാത്ത പരിഗണനകൾക്ക് ഞാൻ വിധേയനാകുവാനും ഇടയായ സംഭവം. ഇതിൽ ചില വിജ്ഞാന ശാഖകളുണ്ട്. എന്റെ വായനക്കാർക്ക് അത് ഉപയോഗപ്പെട്ടേക്കാം. ബഹുമാന്യനായ ഈ വ്യക്തി ആരെന്ന് ആദ്യം പറയാം. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മെമ്പറും പിന്നീട് അതിന്റെ ചെയർമാനുമായി ദീർഘകാലം സേവനമനു

ഷ്ഠിച്ച് കൊച്ചുകറപോലും പുരളാത്ത കരങ്ങളുമായി സമൂഹമദ്ധ്യത്തിലേക്ക് ഇറങ്ങിവന്ന തിളങ്ങുന്ന വ്യക്തിത്വം. അദ്ദേഹമാണ് ടി.എം. സാവാൻ കുട്ടി സാഹിബ്. എത്രയാണ് അദ്ദേഹത്തെക്കുറിച്ച് എന്റെ മനസ്സിലുള്ള വലിപ്പമെന്ന് കടലാസിൽ വരച്ചുകാണിക്കാനോ അക്ഷരങ്ങൾകൊണ്ട് എഴുതി പ്രകടിപ്പിക്കുവാനോ സാധ്യമല്ല. 1973ന് മുമ്പ് ഞാൻ അദ്ദേഹത്തെ അറിയും. അത്രയേ ഉണ്ടായിരുന്നുള്ളൂ. അദ്ദേഹം പി.എസ്.സി. ചെയർമാനായി തിരുവനന്തപുരത്ത് കഴിയുന്ന കാലം. കൊച്ചിയിൽ എനിക്കൊരു ചോദ്യം അദ്ദേഹത്തിന്റേതായി തപാലിൽ വന്നു. ധാരാളം ചോദ്യങ്ങൾ അയച്ചുകിട്ടിയിരുന്ന കാലം. കഴിയുന്നത്ര ഞാൻ മറുപടിയും എഴുതുമായിരുന്നു. 73 ഫെബ്രുവരി ലക്കത്തിൽ അത് പ്രസിദ്ധപ്പെടുത്തി. ചോദ്യകർത്താക്കളുടെ പേര് വിവരം കാണിക്കാറില്ല. “ആളെ നോക്കാതെ തെളിവ് നോക്കുക” എന്നാണല്ലോ സൽസബീലിന്റെ മുദ്രാവാക്യം. ആ ചോദ്യവും മറുപടിയും നിങ്ങൾക്ക് പ്രയോജനപ്പെട്ടേക്കാം എന്ന വിശ്വാസത്തിൽ അതിവിടെ പകർത്തുകയാണ്.

(ചോദ്യം) നിശ്ചയമായും മുഅ്മിനുകളായിട്ടുള്ളവർ, യഹൂദികളായിട്ടുള്ളവർ, നസാറാക്കൾ, സാബിഉകൾ എന്നിവരിൽ നിന്നും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും സൽകർമ്മം അനുഷ്ഠിക്കുകയും ചെയ്തവരാരോ അവർക്ക് അവരുടെ റബ്ബിന്റെ അടുക്കൽ അവരുടെ പ്രതിഫലം നിശ്ചയമായും ഉണ്ട്. അവരെ സംബന്ധിച്ച് യാതൊന്നും ഭയപ്പെടാനില്ല. അവർ വ്യസനിക്കുന്നവരുമല്ല. (2–62) ഈ ആയത്തിന്റെ താൽപര്യപ്രകാരം ഏത് സമുദായത്തിൽപെട്ടവർക്കും രക്ഷയുണ്ടെന്നും അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും സൽകർമ്മം അനുഷ്ഠിക്കുകയും ചെയ്താൽ മതി, മുസ്‌ലിമായിക്കൊള്ളണമെന്നില്ല, മുഹമ്മദ് നബിയിൽ വിശ്വസിക്കണമെന്നുമില്ല എന്നൊക്കെ വരുന്നുണ്ടല്ലോ. എത്തും പിടിയും കിട്ടാതെ പലരേയും വളരെ വിഷമിപ്പിച്ച ഒരു ആയത്താണ് ഇത്. പ്രശസ്തരും പ്രഗത്ഭരുമായ പല പണ്ഡിതൻമാരുമായി ചർച്ച ചെയ്തിട്ട് ദാഹം തീർന്നിട്ടില്ല. മതരംഗത്ത് മഹത്തായ സേവനം നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന സൽസബീലാകുന്ന ശുദ്ധ അരുവി എന്നെപ്പോലുള്ളവരുടെ ദാഹം ശമിപ്പിക്കുമോ?

ഉത്തരം: യഹൂദികൾക്ക് മാത്രമേ അല്ലാഹുവിന്റെ പ്രീതിയും പരലോകത്ത് മോക്ഷവും സ്വർഗവും ലഭിക്കുകയുള്ളൂ എന്ന് യഹൂദികൾ വാദിച്ചു. ക്രിസ്ത്യനികളായവർക്ക് മാത്രമുള്ളതാണ് അതെല്ലാം എന്ന് ക്രിസ്ത്യാനികളും വാദിച്ചു. വാദകോലാഹലങ്ങളുടെ പിരിമുറുക്കത്തിൽ കാര്യത്തിന്റെ കാതലായ വശം എല്ലാവരും മറന്നുകളഞ്ഞു. ഇതുപോലെ മുഹമ്മദ്

നബിﷺയുടെ സമുദായമായ കൂട്ടർ, ഞങ്ങൾ ഏറ്റവും ഉത്തമ സമുദായമാണെന്നും ഞങ്ങൾക്കും ഞങ്ങളോട് ചേർന്നവർക്കും മാത്രമേ രക്ഷയുള്ളൂവെന്നും തത്വദീക്ഷ കൂടാതെ വാദിക്കുന്നു. അതൊന്നും ശരിയല്ലെന്നും ശരിയായിട്ടുള്ളത് ഇന്നതാണെന്നും ഈ ആയത്തിൽ അല്ലാഹു പഠിപ്പിക്കുന്നു. ആയത്തിന്റെ സാരം ഇങ്ങനെ ചുരുക്കി പറയാം. ഏതു സമുദായത്തിൽ പെട്ടവനായതുകൊണ്ടും യാതൊരു ഗുണവുമില്ല, ദോഷവുമില്ല, സാമുദായികാടിസ്ഥാനത്തിലല്ല; അല്ലാഹുവിന്റെ പ്രീതിയും പരലോകമോക്ഷവും ലഭിക്കുന്നതും ലഭിക്കാതിരിക്കുന്നതും. യഹൂദ സമുദായത്തിൽ ജനിച്ചതുകൊണ്ട് യാതൊരു ഗുണവുമില്ല. ദോഷവുമില്ല. മുഹമ്മദ് നബിﷺയുടെ കുടുംബ പരമ്പരയിൽ ജനിച്ചതുകൊണ്ടും ഒരു ഗുണവുമില്ല. ആസറിന്റെ മകനായത് കൊണ്ട് ഇബ്റാഹീം നബിക്ക് യാതൊരു ദോഷവുമില്ല. നൂഹ്നബിയുടെ മകനായതുകൊണ്ട് ആ കാഫിറായ മനുഷ്യന് യാതൊരു ഗുണവുമുണ്ടായില്ല. കാര്യത്തിന്റെ കാതലായവശം ഇതൊന്നുമല്ല. സത്യവിശ്വാസവും സദാചാരവും ആർ സ്വീകരിച്ചുവോ അവർ രക്ഷപ്പെട്ടു. ആർ അത് രണ്ടും നിരസിച്ചുവോ അവൻ നശിച്ചു. മറ്റുള്ള യാതൊരു പരിഗണനയും അവിടെയില്ല. പരലോകത്ത് സ്വർഗം ആശിച്ചുചെല്ലുന്നവർ ഞാൻ ഇന്ന പ്രവാചകന്റെ മകനാണെന്ന് പറഞ്ഞാൽ പ്രവേശനം കിട്ടുകയില്ല. നിയമപ്രകാരം നരകത്തിൽ നിന്ന്, ഞാൻ ഇന്ന പ്രവാചകന്റെ മകനാണെന്നോ ഇന്ന ശൈഖിന്റെ മുരീദാണെന്നോ പറഞ്ഞാൽ മോചനം ലഭിക്കുകയില്ല.

ഇതാണ് ആയത്തിലെ വിഷയം. ഈ വിഷയം ഖുർആനിൽ വളരെയധികം ആവർത്തിക്കപ്പെട്ടിട്ടുള്ളതാണ്. ഒന്ന് ഇവിടെ ഉദ്ധരിക്കാം: “നിങ്ങളുടെ വ്യാമോഹങ്ങളോ, വേദക്കാരുടെ വ്യാമോഹങ്ങളോ ഒന്നുമല്ല കാര്യം. വല്ലവനും ദുഷ്കർമ്മം പ്രവർത്തിക്കുന്നപക്ഷം അതിനു തക്ക പ്രതിഫലം അവന് നൽകപ്പെടും. അല്ലാഹുവിന് പുറമെ തനിക്ക് ഒരു മിത്രത്തെയും സഹായിയേയും അവൻ കണ്ടെത്തുകയുമില്ല. ആണാകട്ടെ, പെണ്ണാകട്ടെ ആർ സത്യവിശ്വാസിയായിക്കൊണ്ട് സൽപ്രവർത്തികൾ ചെയ്യുന്നുവോ അവർ സ്വർഗത്തിൽ പ്രവേശിക്കുന്നതാകുന്നു. അവൻ അശേഷവും ദ്രോഹിക്കപ്പെടുകയില്ല” (4:123,124) അല്ലാഹുവിന്റെ തൃപ്തിയും പരലോകത്ത് സ്വർഗവും ഏതായാലും ഞങ്ങൾക്കുണ്ട്, വേറെയാർക്കുമില്ല എന്ന വിചാരം തത്വദീക്ഷകൂടാതെ വെച്ചുകൊണ്ടിരുന്നത് കേവലം വ്യാമോഹമാണെന്നും അത് നടപ്പാകാനുള്ളതല്ലെന്നും ന്യായമായിട്ടുള്ളത് ഇന്നതാണെന്നും അങ്ങേയറ്റം ഇവിടെ സ്പഷ്ടമാക്കിയിരുന്നു.

2-62ൽ പറഞ്ഞതിൽ നിന്നും ചോദ്യകർത്താവ് ചൂണ്ടിക്കാണിച്ചതു

പോലെയൊന്നും ഗ്രഹിച്ചെടുക്കാൻ പറ്റുകയില്ല. യഹൂദ മതത്തിന്റെ ഇന്നത്തെ നിലയനുസരിച്ച് അല്ലാഹുവിനെപ്പറ്റി വിശ്വസിക്കുന്ന ഒരു യഹൂദി എന്തു ചെയ്താലും അവന് അല്ലാഹുവിന്റെ പ്രീതിയും പരലോക മോക്ഷവും കിട്ടുമെന്ന് ആയത്തിൽ നിന്നും ഗ്രഹിക്കാൻ നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ യഹൂദിയായാൽ പോരാ, അല്ലാഹുവിൽ ശരിക്ക് വിശ്വസിക്കണമെന്നാണല്ലോ ആയത്തിൽ പറയുന്നത്. അപ്പോൾ യഹൂദി അല്ലാഹുവിൽ വിശ്വസിക്കുന്നില്ലേ എന്ന് വാദിക്കപ്പെട്ടേക്കാം. അതിന്റെ മറുപടി: അല്ലാഹുവിന്റെ മഹത്വത്തിന് യോജിക്കാത്ത പലതും യഹൂദി വിശ്വസിക്കുന്നുണ്ട്. ഒരു ഉദാഹരണം. യഹോവ മനുഷ്യാവതാരമെടുത്ത് ഭൂമിയിൽ ഇറങ്ങി വന്ന് യഅ്ഖൂബ് നബിയുമായി ഗുസ്തിപിടിച്ചു; തോറ്റു മലർന്നു നബി യഹോവയുടെ നെഞ്ചിൽ കയറിയിരുന്നു, എന്റെ സന്താന പരമ്പരയിൽ ആരേയും അവർ എന്തു കുറ്റം ചെയ്താലും ശാശ്വതമായി നരകത്തിലിട്ട് ശിക്ഷിക്കുകയില്ല എന്ന് സമ്മതിച്ചാൽ മാത്രമേ വിട്ടയക്കു കയുള്ളൂ എന്ന് ശഠിച്ചു പറഞ്ഞു. അവസാനം യഹോവ അത് സമ്മതിച്ചു കൊടുത്തു. ഇപ്രകാരം വിശ്വസിക്കുന്ന മനുഷ്യൻ ആ വിശ്വാസം ഉപേ ക്ഷിച്ച് ഖേദിച്ചു മടങ്ങാതെ എങ്ങനെ രക്ഷപ്പെടും? അല്ലാഹുവിന്റെ മഹ ത്വത്തിനും പരിശുദ്ധിക്കും യോജിക്കുന്ന തരത്തിൽ വിശ്വസിക്കണം. എങ്കിൽ മാത്രമേ രക്ഷയുള്ളൂ എന്നതാണ് ആയത്തിന്റെ വിവക്ഷ.

ഇതുപോലെ ക്രിസ്ത്യാനി അല്ലാഹുവിനെപ്പറ്റി വിശ്വസിക്കുന്നതെന്ത്? ചെയ്യാത്ത തെറ്റിന് മനുഷ്യരെയെല്ലാം പാപികളാണെന്ന് വിധിച്ചു. മനു ഷ്യരുടെ പാപം പരിഹരിക്കുന്നതിനായി യഹോവ മനുഷ്യാവതാരമെടു ത്തു. കുരിശിൽ കയറി മരിച്ചു. വിശദാംശങ്ങളിലേക്ക് ഇപ്പോൾ പ്രവേശി ക്കുന്നില്ല. ഈ വിശ്വാസം മനസ്സിൽ കൊണ്ടു നടക്കുന്നവൻ എങ്ങനെ രക്ഷപ്പെടും? വസ്ത്രത്തിൽ കാഷ്ടം പുരണ്ടാൽ ചാരവും കാരവും സോ പ്പുമിട്ട് ചൂട് വെള്ളത്തിൽ കഴുകിയ ശേഷം വീണ്ടും വാസന സോപ്പ് ചേർ ത്തു ശുദ്ധിയാക്കിയാൽ മാത്രമേ ഉപയോഗിക്കാൻ പറ്റൂ. ആ കാഷ്ടത്തി ന്റെ അവശിഷ്ടമോ ദുർഗന്ധമോ അവശേഷിക്കുന്ന കാലത്തോളം ആ വസ്ത്രം ഉപയോഗിക്കാൻ പറ്റുകയില്ല. ഇതുപോലെ തെറ്റായ വിശ്വാസ ങ്ങൾ തൂത്തുമാറ്റുകയല്ലാതെ നിവൃത്തിയില്ല. ഹിന്ദുക്കൾ ദൈവത്തെപ്പറ്റി വിശ്വസിക്കുന്ന കാര്യങ്ങൾ എടുത്ത് പറയാതിരിക്കുകയാണ് ഭേദം. പ്രായ പൂർത്തിയായ പുത്രി– പുത്രന്മാരെ കൂട്ടിയിരുത്തി പറയാൻ പറ്റാത്തതാണ് അവരുടെ പലതും.

മോക്ഷത്തിന് നിദാനമായി ആയത്തിൽ പറഞ്ഞ ഒന്നാമത്തെ കാര്യം അല്ലാഹുവിൽ വിശ്വസിക്കുക എന്നതാണല്ലോ. എന്താണ് വിശ്വസിക്കേ

ണ്ടതെന്ന വിശദീകരണം എവിടെ നിന്ന് കിട്ടും? ഈ ആയത്ത് ഉൾക്കൊള്ളുന്ന വേദത്തിൽ നിന്നും മനുഷ്യരുടെ മുമ്പിൽ ഇത് അവതരിപ്പിച്ച പ്രവാചകനിൽ നിന്നും തന്നെ ലഭിക്കണം. അത് മാത്രമേ ഔദ്യോഗികവും അധികൃതവുമാകുകയുള്ളൂ. അത് കൂടാതെ തന്നിഷ്ടപ്രകാരം ആരെങ്കിലും വിശദീകരണം കൊടുത്താൽ അത് അനധികൃതമാണ്. പരിഗണിക്കപ്പെടുകയില്ല. പരിഗണിക്കപ്പെടേണ്ടതില്ല. ആയത്തിൽ രണ്ടാമതായി പറഞ്ഞത് പരലോക വിശ്വാസത്തെക്കുറിച്ചാണല്ലോ. അതിന്റെ കാര്യവും ഇതുപോലെ തന്നെ. യഹൂദിക്ക് മാത്രമേ മോക്ഷമുള്ളൂവെന്ന യഹൂദീ വിശ്വാസവും ക്രിസ്ത്യാനിക്ക് മാത്രമേ മോക്ഷമുള്ളൂവെന്ന ക്രിസ്ത്യൻ വിശ്വാസവും അങ്ങനെ ഒരു പരലോകമില്ലെന്ന ഹിന്ദു വിശ്വാസവും എല്ലാം അടിസ്ഥാനരഹിതങ്ങളും നീതിവിരുദ്ധവുമാകുന്നു. അതിനാൽ പരലോക വിശ്വാസത്തിന്റെ വിശദീകരണം വിശുദ്ധ ഖുർആനിൽ നിന്നും ഖുർആനിന്റെ പ്രവാചകനിൽ നിന്നും തന്നെ ലഭിക്കേണ്ടതാകുന്നു.

മുഹമ്മദ് നബിയിൽ വിശ്വസിക്കുകയെന്നതിനെപ്പറ്റി ആയത്തിൽ പറഞ്ഞിട്ടില്ലല്ലോ എന്ന് അഭിപ്രായപ്പെട്ടേക്കാം. പക്ഷെ, ഒരു കാര്യം ഇവിടെ ശാന്തമായി ചിന്തിക്കേണ്ടതുണ്ട്. മുഹമ്മദ് നബിയിൽ വിശ്വസിക്കുകയെന്നതിൽ ഏറ്റവും പ്രധാനമായിട്ടുള്ളത് അദ്ദേഹം അല്ലാഹുവിൽ നിന്നും വഹ്യ് ലഭിച്ചയാളാണെന്നതാണല്ലോ. അത് വിശ്വസിച്ചവർക്ക് മാത്രമേ ഈ ആയത്തിനെ ആധാരമാക്കി സംസാരിക്കുവാൻ അവകാശമുള്ളൂ. പ്രവാചകനെ നിഷേധിക്കുന്നവൻ ഈ ആയത്ത് പ്രമാണമാക്കി സംസാരിക്കുന്നതിൽ എന്ത് ന്യായമാണുള്ളത്? പ്രവാചകർക്ക് ലഭിച്ച വഹ്യിൽ പെട്ടതാണല്ലോ ഇത്. ഇത് ശരിയാണെന്ന് സമ്മതിക്കുമ്പോൾ ഇതെവിടെ നിന്നു വരുന്നു? എങ്ങനെ വന്നു? എന്നതിന് വഴി കാണണമല്ലോ. അപ്പോൾ സ്വാഭാവികമായി മുഹമ്മദ് നബിയുടെ വഹ്യിലും രിസാലത്തിലും വിശ്വസിക്കൽ അനിവാര്യമായി വന്നുകഴിഞ്ഞു. പിന്നെ, ഒന്നുള്ളത് ഇതു മാത്രം വിശ്വസിച്ചിട്ട് മറ്റുള്ളതെല്ലാം തിരസ്കരിക്കലാണ്. അതെങ്ങനെ ശരിയാകും? ഒരു വിദ്യാർത്ഥി കോളേജ് പ്രിൻസിപ്പാളുടെ ആഫീസിൽ ചെന്ന് മുറ പ്രകാരമുള്ള ഇന്റർവ്യൂ കഴിഞ്ഞു അഡ്മിഷൻ വാങ്ങി ക്ലാസ്സിൽ പ്രവേശിച്ചതിനു ശേഷം പ്യൂൺ വന്നു നിന്നെ പ്രിൻസിപ്പാൾ വിളിക്കുന്നു എന്ന് പറഞ്ഞപ്പോൾ ധിക്കരിക്കുകയും ഞാൻ അദ്ദേഹത്തെ പ്രിൻസിപ്പാളായി അംഗീകരിക്കുന്നില്ല, അങ്ങനെ ഒരാളുടെ ആജ്ഞ അനുസരിക്കേണ്ട ബാധ്യത എനിക്കില്ല, ഞാൻ എന്റെ ഇഷ്ടാനുസരണം മാത്രമേ പ്രവർത്തിക്കുകയൂള്ളൂ എന്ന് പറയുകയും ചെയ്താൽ അവന്റെ ഗതിയെന്തായിരിക്കും. ന്യായവും യുക്തവുമായ നടപടിയെന്തായിരി

ക്കും? പ്രിൻസിപ്പാളിന്റെ നിലപാട് ശരിവെച്ചുകൊണ്ടാണ് അവൻ ആദ്യമേ അങ്ങോട്ട് ചെന്നിട്ടുള്ളത്. അപ്പോൾ ന്യായമായ എല്ലാ വിഷയങ്ങളിലും അവൻ അച്ചടക്കവും മര്യാദയും പാലിക്കേണ്ടതാണെന്ന് ആർക്കാണ് മനസ്സിലാകാത്തത്?

അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്താൽ തീർച്ചയായും മോക്ഷം ലഭിക്കുമെന്ന പ്രഖ്യാപനം ലോകം ശ്രവിച്ചത് പ്രവാചക ശ്രേഷ്ഠനായ മുഹമ്മദ് നബി ﷺയുടെ നാവിൽ നിന്നായിരുന്നു. അത് ശരിവെക്കുന്ന ഒരാൾ എന്തെങ്കിലും വിഷയത്തിൽ മുഹമ്മദ് നബിയെ ധിക്കരിക്കുയെന്നത് എങ്ങനെ ന്യായീകരിക്കും? അറിഞ്ഞുകൊണ്ട് തന്നിഷ്ടപ്രകാരം പ്രവർത്തിക്കുന്ന പക്ഷം പ്രവാചകന് അവൻ സമ്മതിച്ചുകൊടുത്തിട്ടുള്ള നിലപാട് അവൻ തന്നെ നിഷേധിക്കുകയും പിൻവലിക്കുകയുമല്ലേ ചെയ്യുന്നത്. നമസ്കാരം, നോമ്പ് തുടങ്ങിയ പുണ്യകർമ്മങ്ങൾ അനുഷ്ഠിച്ചില്ലെങ്കിലും വിരോധമില്ലെന്ന് ചോദ്യകർത്താവ് പറഞ്ഞത് ശരിയല്ല. മേൽ വിവരണത്തിൽ നിന്ന് അത് നന്നായി ഗ്രഹിക്കാവുന്നതാണ്. പക്ഷെ, ഒരു കാര്യം ഉണർത്താനുണ്ട്. ആയുഷ്കാലം മുഴുവനും ബിംബാരാധനയിൽ മുഴുകിക്കഴിഞ്ഞിരുന്ന അബൂത്വാലിബ് മരണാസന്നനായപ്പോൾ നബിﷺ അടുത്ത് ചെന്ന് അത്യധികം ആകാംക്ഷയോടെ ശഹാദത്ത് കലിമ ചൊല്ലാൻ ആവശ്യപ്പെടുകയും നിങ്ങൾക്ക് വേണ്ടി ഖിയാമത്ത് നാളിൽ അല്ലാഹുവിന്റെ അടുക്കൽ ഞാൻ ശുപാർശ പറയാം എന്ന് പറയുകയും ചെയ്തു. അപ്പോൾ 'ലാഇലാഹ ഇല്ലല്ലാഹു' എന്നു മനസ്സറിഞ്ഞു ചൊല്ലി, ഉടൻ മരണപ്പെട്ടുവെങ്കിൽ സ്വർഗം ലഭിക്കാൻ അവകാശമുണ്ടെന്ന് ഇവിടെ വരുന്നുണ്ടല്ലോ. അപ്പോൾ നമസ്കാരവും നോമ്പും ഒന്നും നിർവ്വഹിക്കാതെയാണല്ലോ ഇവിടെ രക്ഷ കിട്ടുന്നത്. ഇങ്ങനെ ഒരു രൂപം മാത്രം എടുത്ത് പറയാനുണ്ട്. പ്രവാചകനിൽ വിശ്വസിക്കൽ അനിവാര്യമായി വന്നു കഴിഞ്ഞുവെന്നാണ് ഇവിടെ പണ്ഡിതന്മാർ പറയുന്നത്. എങ്ങനെയെന്നാൽ ആ തത്വം ലോകത്ത് പ്രഖ്യാപിക്കുവാൻ നിയുക്തനും അതിന്റെ പേരിൽ യാതൊരു വിട്ടുവീഴ്ചയും കൂടാതെ ത്യാഗം ചെയ്തുകൊണ്ടിരിക്കുന്ന വ്യക്തിയാണിത് പറയുന്നത്. അത് സ്വീകരിക്കുമ്പോൾ അദ്ദേഹത്തിന്റെ ആ നിലപാട് അനക്ഷരഭാഷയിൽ സമ്മതിക്കൽ വന്നു കഴിഞ്ഞു. എന്നാൽ പിന്നീട് തുറന്നു പ്രഖ്യാപിക്കുവാൻ സൗകര്യം കിട്ടുമ്പോൾ അതിനൊട്ടും മടിക്കുകയും അരുത്."

ഇങ്ങനെ മറുപടി പ്രസിദ്ധീകരിച്ചതിന് താഴെ ബ്രാക്കറ്റിൽ ഇപ്രകാരം എഴുതി. ചോദ്യകർത്താവിന് ഈ മറുപടി ഒരുവിധം ഹൃദ്യമായോ എന്ന

റിയാൻ ആഗ്രഹിക്കുന്നു. ഏതാനും ദിവസങ്ങൾക്ക് ശേഷം കത്ത് വന്നു. മറുപടി അദ്ദേഹത്തിന് ഹൃദ്യമായതായും വിഷയത്തിന്റെ കാതൽ ബോധ്യപ്പെട്ടതായും ആ കത്തിൽ എഴുതിയിരുന്നു. ഞാൻ അല്ലാഹുവിനെ സ്തുതിച്ചു. ബുദ്ധിജീവിയും പ്രശസ്തനുമായ അദ്ദേഹത്തിന് എന്റെ മുറുപടി തൃപ്തിയാണെന്നറിഞ്ഞതിൽ ഏറെ സന്തോഷിച്ചു. ഈ ബന്ധം ദൃഢമായ സുഹൃദ്ബന്ധമായി വളർന്നു. തിരുവനന്തപുരത്ത് ചെല്ലുമ്പോഴൊക്കെ അദ്ദേഹത്തെ അറിയിക്കണമെന്ന് നിർബന്ധമാണ്. ഞാൻ ഗൾഫിൽ നിന്നോ സുഊദിയിൽ നിന്നോ തിരിച്ചുവരുമ്പോൾ തിരുവനന്തപുരത്താണ് വരുന്നതെങ്കിൽ മുൻകൂട്ടി അറിയിക്കണമെന്ന് കർശനമായി പറയും. അങ്ങനെ അദ്ദേഹം ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ സമയമുണ്ടാക്കി നേരത്തെ എയർപോർട്ടിലെത്തും. തന്റെ പദവിയുടെ പിൻബലത്തിൽ അദ്ദേഹം നേരെ അകത്ത് കയറി വന്നു എന്റെ ബാഗ് തൂക്കിയെടുക്കും. ഞാൻ വിലക്കിയിട്ട് കാര്യമില്ലെന്ന് മനസ്സിലായിട്ടുണ്ട്. എന്നെ കൂട്ടിക്കൊണ്ടുപോകും. ഈ നിലയിൽ അർഹതയിൽ കവിഞ്ഞ ആദരവ് നൽകി എന്നെ സാവാൻകുട്ടി സാഹിബ് സ്നേഹിച്ചു. അദ്ദേഹം ഉന്നത പദവിയിൽ നിന്നും റിട്ടയർ ചെയ്തതിന് ശേഷവും ബന്ധം പൂർവ്വാധികം ശക്തിയിൽ തുടർന്നു. കോഴിക്കോട് താമസമാക്കിയപ്പോൾ ഞങ്ങൾ മിക്കപ്പോഴും കാണും. എപ്പോൾ കണ്ടാലും ഒരു പുത്തൻ കാഴ്ച പോലെ ആഹ്ലാദത്തോടെ എന്നെ സ്വീകരിക്കുന്നത് വല്ലാത്ത ഒരനുഭവമാണ്. തിരൂർക്കാട് പലപ്പോഴും എന്നെ കാണാൻ യാത്ര ചെയ്ത് വന്നിട്ടുണ്ട്. എഴുന്നേറ്റ് അദ്ദേഹത്തെ സ്വീകരിക്കാൻ ഞാൻ ഒരുമ്പെടുന്നതിനു മുമ്പ് തിരക്കിയെത്തി എന്റെ കൈപിടിച്ച് ഇരുത്തും. എന്തൊരു സ്നേഹം! വലിയ മനുഷ്യർ വലിയ വിനയശീലരായിരിക്കും. കറപുരളാത്ത മനസ്സും ശുദ്ധമായ കൈകളുമായി ഉന്നതമായ പീഠത്തിൽ നിന്നും ധീരമായി സമൂഹമദ്ധ്യത്തിലേക്ക് ഇറങ്ങിവരുന്നവരുടെ എണ്ണം നമ്മുടെ നാട്ടിൽ കുറഞ്ഞുവരികയാണ്. അസുഖകരമായ ഈ കാലാവസ്ഥയിൽ, ഇരുൾ നിറഞ്ഞ പൊതുവേദിയിൽ സാവാൻകുട്ടി സാഹിബ് ശുദ്ധമായ നിലാവ് പരത്തുന്നു. എന്റെ സുഹൃത്തും ആദർശബന്ധുവും എന്റെ ഗുണകാംക്ഷിയുമാണ് അദ്ദേഹം. തന്റെ രാഷ്ട്രീയ ഗുരുവും മഹാനായ സമുദായ പരിഷ്കർത്താക്കളിൽ പ്രമുഖനുമായ ജ. സീതിസാഹിബിനെക്കുറിച്ച് അദ്ദേഹം ഒരനുസ്മരണ ഗ്രന്ഥം രചിച്ചിട്ടുണ്ട്. സാവാൻകുട്ടി സാഹിബിന്റെ നിഷ്കളങ്കമായ സ്നേഹവായ്പ് ഒരു നിധിപോലെ എന്റെ മനസ്സ് കാത്തുസൂക്ഷിക്കുന്നു. മരണം വരെ അതിന് ഒരു പോറൽ പോലും വരരുതെന്നാണ് എന്റെ ആഗ്രഹവും പ്രാർത്ഥനയും. പോരാ, പരലോകത്തും

നല്ല സുഹൃത്തുക്കളായി, സഹവാസികളായി സ്വർഗത്തിൽ കഴിയാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.



## 56

# കണിയാപുരത്ത് നിന്നും ഒരോർമ്മ

കണിയാപുരം തിരുവനന്തപുരം ജില്ലയിലാണ്. ഈ പ്രദേശങ്ങളുമായി എനിക്കുണ്ടായിരുന്ന കുടുംബപരമായ ബന്ധം നേരത്തെ വിശദമാക്കിയതാണ്. ഒരു ജ്യേഷ്ഠൻ അവിടെ കുടുംബതാമസം ഉറപ്പിച്ചതും അദ്ദേഹത്തിന്റെ മക്കളും ചെറുമക്കളുമായി കുടുംബം അവിടെ വികസിച്ചതും ഞാൻ പറഞ്ഞിരുന്നു. ഈ നിലക്ക് കണിയാപുരവുമായി ദീർഘകാലത്തെ ബന്ധം എനിക്കുണ്ട്. ആദർശബന്ധമുള്ള കുറെ സുഹൃത്തുക്കളും അവിടെയുണ്ട്. അവരുടെ ക്ഷണമനുസരിച്ചും അല്ലാതെയും ഞാൻ കണിയാപുരത്ത് പോകുക പതിവാണ്. അവിടെ ചെന്നുപെട്ടാൽ മിക്കവാറും ഒരു പ്രസംഗം നടത്തുക അനിവാര്യമായിത്തീരും. ഇവിടെ ഞാൻ വിവരിക്കുന്നത് എന്റെ ആദർശ ബന്ധുവായ അബ്ദുസ്സലാം ഹാജിയുടെ ക്ഷണപ്രകാരം ഒരു പ്രഭാഷണ പരിപാടിക്ക് ചെന്നപ്പോൾ ഉണ്ടായ സംഭവമാണ്.

ഒന്നാം ദിവസം പ്രസംഗം കഴിഞ്ഞു. എന്റെ താമസം അബ്ദുസ്സലാം ഹാജിയുടെ വീട്ടിലാണ്. പിറ്റേന്ന് രാവിലെ ഒരു സംഘം സുന്നികൾ അവിടെയെത്തി. എന്നെ കാണാൻ വന്നതായിരുന്നു. അവർ പറഞ്ഞു; ഇ.കെ. ഹസൻ മുസ്‌ലിയാരും കാന്തപുരം അബൂബക്കർ മുസ്‌ലിയാരും ഇന്നലെ രാത്രി വന്നെത്തിയിട്ടുണ്ട്. നല്ലത് തന്നെ, ഞാൻ പറഞ്ഞു. വാദപ്രതിവാദത്തിന് നിങ്ങൾ തയ്യാറുണ്ടോ എന്ന് ചോദിക്കാൻ അവർ ഞങ്ങളെ അയച്ചതാണ്, എന്തു പറയുന്നു? ഉടനെ ഞാൻ പറഞ്ഞു, തയ്യാറില്ല. എന്താ നിങ്ങൾക്കവരെ പേടിയാണോ? എന്നായി അവർ. അവർ എന്നോട് തർക്കങ്ങളുമായി എതിരിടാൻ തന്നെയാണ് ഭാവമെന്ന് മനസ്സിലായപ്പോൾ എനിക്ക് ശുണ്ഠി വന്നു. കുറച്ച് കടുപ്പത്തിലാണ് ഞാൻ മറുപടി നൽകിയത്. അതെ, എനിക്ക് പലതിനെയും ഭയമാണ്. മൂർഖൻ പാമ്പ്, പേപ്പട്ടി, സുന്നി മുസ്‌ലിയാർ തുടങ്ങിയ ജന്തുക്കളെയും മനുഷ്യരേയും എനിക്ക് ഭയമാണ്. അതുകൊണ്ടാണ് വാദപ്രതിവാദത്തിന് ഞാനില്ലെന്ന് തെളിയിച്ചു പറഞ്ഞത്. അപ്പോൾ എന്തുണ്ടായെന്ന് നിങ്ങൾ ഊഹിക്കുന്നുണ്ടാകും. അതെ, അതുപോലെ തന്നെയുണ്ടായി. ദേഷ്യംപിടിച്ച് കുറേ ചീത്തവിളിച്ചു. കാണിച്ചു തരാം എന്ന വെല്ലുവിളിയും കൂട്ടത്തിൽ കേട്ടു. ഞാൻ മിണ്ടാതിരുന്നു.

കുറച്ചു കഴിഞ്ഞു അവർ തിരിച്ചുപോയി.

അന്ന് രാത്രിയും എന്റെ പ്രസംഗമുണ്ട്. ഇതിനിടെ സലാം ഹാജി വിവരം ഫോൺ വഴി കൊച്ചിയിലെത്തിച്ചു. എന്റെ താമസം അക്കാലത്ത് കൊച്ചിയിലാണ്. തെക്കൻ മേഖലയുടെ പ്രബോധന ചുമതല വഹിക്കുന്നത് അന്ന് എച്ച്.ഇ. അഹ്മദ് ത്വാഹിർ സേട്ടുവായിരുന്നു. എന്റെ പ്രിയങ്കരനായ എൻ.പി. അബ്ദുൽ ഖാദിർ മൗലവി അക്കാലത്ത് പുല്ലേപ്പടി സലഫി മസ്ജിദിൽ ഖത്വീബാണ്. അന്ന് വിവാഹിതനായിട്ടില്ല. തുളുമ്പുന്ന യുവത്വം, ഹൃദ്യമായ ചിരി, ആരും ഇഷ്ടപ്പെടുന്ന പെരുമാറ്റം, ആകർഷണീയമായ പ്രസംഗം ഇത്യാദി ഗുണങ്ങൾ പൊതുവെ ആകർഷണീയമാണല്ലോ. പല തരം ബൈത്തുകളും മൗലീദ് – റാത്തീബുകളിലെ വരികളും ഹൃദ്യസുന്ദരമായ ഈണത്തിൽ പാടി ശിർക്ക്– ബിദ്അത്തുകളുടെ ദോഷവശങ്ങൾ ആയത്തുകളുടെയും ഹദീഥുകളുടെയും വെളിച്ചത്തിൽ വിശദീകരിക്കുന്ന മധുര മനോഹരമായ എൻ.പി.യുടെ പ്രഭാഷണങ്ങൾ തെക്കൻ കേരളത്തിന്റെ പലഭാഗങ്ങളിലും ഒരു പുതിയ പ്രബോധന തരംഗം സൃഷ്ടിച്ചു. കക്ഷിഭേദമന്യേ എൻ.പി. എന്ന കൊച്ചു മനുഷ്യന്റെ വലിയ പ്രസംഗം കേൾക്കാൻ ജനങ്ങൾ കൂട്ടംകൂടി. ഞാൻ അദ്ദേഹത്തിന്റെ മുന്നിൽ രണ്ടാമനോ മൂന്നാമനോ ഒക്കെയായി. എനിക്ക് ശക്തനായ കൂട്ടാളിയായി വർഷങ്ങൾ തന്നെ അദ്ദേഹം കൊച്ചിയിൽ കഴിഞ്ഞു. കൊച്ചി മസ്ജിദുൽ മുജാഹിദീൻ ഖത്വീബായി വിജഞാന പ്രഗത്ഭൻ കെ.സി. അബൂബക്കർ മൗലവിയും എനിക്ക് കൂട്ടായി ഉണ്ടായിരുന്നു. ഇത്രയും ശക്തവും മനപ്പൊരുത്തവുമുള്ള ഒരു കൂട്ടുകെട്ട് എന്റെ പ്രബോധന ജീവിതത്തിൽ വിരളമായി മാത്രമേ അനുഭവപ്പെട്ടിട്ടുള്ളൂ.

കണിയാപുരത്തുനിന്നുള്ള വിവരം ത്വാഹിർ സേട്ടുവിനെ അസ്വസ്ഥനാക്കി. അദ്ദേഹം വേണ്ടപ്പെട്ടവരുമായി ആലോചിച്ചു. കാന്തപുരവും ഹസൻ മുസ്‌ലിയാരും അവിടെ തമ്പടിച്ചിരിക്കുന്നു. നമ്മുടെ മൗലവി അവിടെ ഒറ്റക്കാണ്. ആരെങ്കിലും ഇവിടെ നിന്നും ഉടനെ പോയേ പറ്റൂ. ത്വാഹിർസേട്ടുവിന്റെ ആ സ്നേഹം എന്നും ഓർമ്മയിൽ ഓടിയെത്താറുണ്ട്. അദ്ദേഹം ഉടനെ എൻ.പിയേയും എ.എ. ഹമീദിനേയും കണിയാപുരത്തേക്ക് അയച്ചു. എത്ര പെട്ടെന്നാണ് അവർ കാര്യങ്ങൾ നീക്കിയത്. എൻ.പിയും ഹമീദും ഉച്ചകഴിഞ്ഞപ്പോഴേക്കും സലാം ഹാജിയുടെ വീട്ടിലെത്തി. അവരുടെ വരവ് എനിക്ക് സന്തോഷവും ആശ്വാസവുമുണ്ടാക്കി. ആശയവിനിമയത്തിനും ഉപദേശത്തിനും ആളായല്ലോ. രണ്ടാം ദിവസത്തെ പ്രസംഗം തുടങ്ങി. പതിവിലേറെ ജനക്കൂട്ടം. കാരണം വ്യക്തമാണല്ലോ. എനിക്കും ആവേശമായി. ശിർക്ക്പരമായ വിശ്വാസങ്ങൾക്കെതിരിൽ തൗഹീദിന്റെ മാഹാത്മ്യം ഉയർത്തിക്കാട്ടി ശക്തമായ ഭാഷയിൽ തന്നെ ഞാൻ സംസാ

രിച്ചു. ഒരു കടുത്ത വിമർശന പ്രസംഗമായിരുന്നു അത്. അന്ന് രാവിലെ ഉണ്ടായ വിഷയങ്ങളും ഞാൻ പ്രസംഗത്തിൽ അക്ഷരം വിടാതെ വെളിവാക്കി. അങ്ങനെയിരിക്കെ പെട്ടെന്നൊരു ചോദ്യം കിട്ടി. പ്രസംഗത്തിനിടയിൽ വരുന്ന ചോദ്യങ്ങളെ അധികവും ഞാൻ അവഗണിക്കലാണ് പതിവ്. ഞാൻ പ്രസംഗം പൂർത്തിയാക്കിയ ശേഷം ആവശ്യമുണ്ടെന്ന് തോന്നിയാൽ ചിലതിന് അറിയുന്ന മറുപടി പറയും. പൊതുവെ അറിയപ്പെടേണ്ട വിഷയം ചോദ്യത്തിലടങ്ങിയിട്ടുണ്ടെങ്കിൽ സൽസബീലിലൂടെ മറുപടി വായിക്കാം എന്ന് പറയും. അന്ന് അവിടെ കിട്ടിയ ചോദ്യം ഇങ്ങനെയാണ്. “മുസ്‌ലിയാരും മൗലവിയും തമ്മിലുള്ള വ്യത്യാസം എന്ത്?” ഒരു മഹാവികൃതിയുടെ സൃഷ്ടിയാണിതെന്ന് നിങ്ങൾക്കും തോന്നുന്നില്ലേ? എനിക്കങ്ങനെ തോന്നി. ചോദ്യകർത്താവ് മുജാഹിദോ, സുന്നിയോ അഥവാ വല്ല യുക്തിവാദിയുമോ? ഒന്നും മനസ്സിലാകുന്നില്ല.

യുക്തിവാദിയായ ഒരാൾ മതത്തേയും സമുദായത്തേയും പുച്ഛിക്കാനും പരിഹസിക്കാനും കെട്ടിയുണ്ടാക്കിയ ഒരു ചോദ്യമായിരിക്കാം എന്ന് കരുതിക്കൊണ്ട് ഉത്തരത്തിനായി യുക്തി തന്നെ തേടി മനസ്സ് സഞ്ചരിച്ചു. മനസ്സ് എന്ന അദൃശ്യവസ്തു വല്ലാത്തൊരു പിടികിട്ടാത്ത പ്രതിഭാസമാണ്. പ്രസംഗം ഞാൻ തുടരുകയാണ്. അതിനിടയിൽകൂടി ചോദ്യം വായിച്ചു. ചോദ്യത്തിലടങ്ങിയ ദുരൂഹതയെക്കുറിച്ചും ആലോചിച്ചു. ശ്രോതാക്കൾക്ക് ചിന്തയും ചിരിയും ഒരേ സമയത്ത് നൽകാനുതകുന്ന ഒരു മറുപടിക്കുവേണ്ടി മനസ്സ് ആശിച്ചു. വളരെ സങ്കീർണ്ണമായ പല കാര്യങ്ങളിലും നിമിഷങ്ങൾക്കകം ഒരു തീരുമാനമെടുക്കേണ്ട സാഹചര്യം എനിക്ക് ഉണ്ടായിട്ടുണ്ട്. തീരുമാനം എടുത്തിട്ടുണ്ട്. മനസ്സ് അതിന്നായി ഒരുങ്ങി. എന്തൊരത്ഭുതം? അല്ലാഹുവിന്റെ സൃഷ്ടിപ്പിലുള്ള അപാരമായ രഹസ്യങ്ങൾ! ചിലപ്പോൾ സ്വാനുഭവത്തിലൂടെ നാം അതറിയുന്നു. എന്നിട്ടും മനുഷ്യൻ റബ്ബിനെ നിഷേധിക്കുന്നു. നരകം സൃഷ്ടിച്ചത് കണിശമായ നീതിയുടെ അടിസ്ഥാനത്തിൽ തന്നെയാണ്.

എന്റെ മനസ്സിൽ ഒരു മറുപടി രൂപപ്പെട്ടു. ഞാൻ പ്രാർത്ഥിച്ചു, ഇത് ജനങ്ങൾക്ക് ചിരിയിലൂടെ ചിന്തയ്ക്ക് ഉപകരിക്കത്തക്കതാക്കേണമേ. പ്രസംഗത്തിൽ പ്രതിപാദിച്ച വിഷയവും ഉദ്ദേശിച്ച സമയവും ശേഷം പൂർത്തിയാക്കി. ശേഷം ചോദ്യം വായിച്ചു. മറുപടി ആരംഭിച്ചു: നാലോ അഞ്ചോ വയസ്സ് മാത്രമുള്ള രണ്ട് കുട്ടികളെ അടുത്ത് വിളിച്ച് സൗമ്യമായി മൂന്നും രണ്ടും അഞ്ച് എന്നു പറഞ്ഞുകൊടുക്കുക. അത് അവരെ കൊണ്ട് പല വട്ടം പറയിപ്പിച്ച് നന്നായി പഠിപ്പിക്കുക. മൂന്നും രണ്ടും എന്ന് ചോദിച്ചാൽ രണ്ടുപേരും ഞൊടിയിട അഞ്ച് എന്ന് പറയുന്നിടത്ത് പഠനം എത്തി. ശേഷം മറ്റൊരു ചോദ്യം; അഞ്ചിൽ നിന്നും മൂന്നുപോയാൽ ബാക്കിയെത്ര?

ഒരാൾ അന്തംവിട്ട് മിഴിച്ചുനിൽക്കും. അവനാണ് മുസ്‌ലിയാർ. അപരൻ പെട്ടെന്ന് ഉത്തരം പറയും രണ്ട് എന്ന്. അവൻ മൗലവി തന്നെ. സംശയിക്കേണ്ട. ശ്രോതാക്കളിൽ അധികപേരും ചിരിച്ചു തലതല്ലി! ചില മുഖങ്ങൾ പ്രതികാരഭാവത്തിൽ കറുത്തിരുളുന്നതും കണ്ടു. ചിരിയടങ്ങിയപ്പോൾ ഞാൻ വിശദീകരിച്ചു: ചിരിയേക്കാൾ ഇവിടെ ചിന്തയ്ക്കാണ് സ്ഥാനം. എന്നെ ആളുകളും ബന്ധുക്കളും മുസ്‌ലിയാർ എന്നാണ് ചെറുപ്പത്തിൽ വിളിച്ചത്. അന്ന് എനിക്ക് ചിന്ത തീരെയില്ലായിരുന്നു. കേട്ടത് പഠിക്കും, കണ്ടത് ശീലിക്കും. തത്തമ്മ പൂച്ച എന്ന് പറയുന്നതുപോലെ. കുറെ കഴിഞ്ഞപ്പോൾ അവസ്ഥാന്തരം ഉണ്ടായി. ചിലത് ചോദിക്കാൻ തോന്നി. പക്ഷെ, ഭയം കൊണ്ട് പിന്തിച്ചു. എന്നാൽ മനസ്സ് അടങ്ങിയില്ല. ചോദിച്ചു. “കുരുത്തംകെട്ടവനേ” എന്നായിരുന്നു മറുപടി. ഗുരുനാഥനിൽ നിന്നായിരുന്നു ഇത് ആദ്യം കേട്ടത്. ഗുരുനാഥനേയും ജനം മുസ്‌ലിയാർ എന്നാണ് വിളിക്കുന്നത്. അദ്ദേഹവും ചിന്തിക്കാൻ സ്വയം കൂട്ടാക്കുന്നില്ല. ശിഷ്യന്മാരെ അതിനനുവദിക്കുന്നുമില്ല. എന്റെ ചോദ്യങ്ങൾക്ക് ഞാൻ പിന്നീട് മറുപടികൾ തേടിപ്പോയി. മറുപടി തരികയും എന്റെ ചിന്തയെ ചിലർ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അതിൽ ഏറ്റവും പ്രധാനി കെ.എം. മൗലവി സാഹിബ് തന്നെ. അദ്ദേഹം മുമ്പ് തയ്യിൽ മുഹമ്മദ്കുട്ടി മുസ്‌ലിയാരായിരുന്നു. അദ്ദേഹം ചിന്തിച്ചുതുടങ്ങിയപ്പോൾ നിറയെ ഫലം കായ്ക്കുന്ന ഒരു വടവൃക്ഷമായി. മുസ്‌ലിയാർ പ്രയോഗം അദ്ദേഹത്തിനിണങ്ങുന്നതല്ലെന്ന് കണ്ടെത്തി. അങ്ങനെ കെ.എം. മൗലവിയെന്നാക്കി. ഇത് മനസ്സിലായപ്പോൾ എനിക്കും തിരുത്തേണ്ടിവന്നു. ഈ അവസ്ഥ മതരംഗത്ത് ഇന്നും തുടരുകയാണ്. ഖുർആൻ പറയുന്നു, അവർക്ക് ഹൃദയങ്ങളുണ്ട്. പക്ഷെ, അവർ ചിന്തിക്കുന്നില്ല. അതുകൊണ്ട് നിങ്ങൾ ചിരിക്കുക മാത്രമല്ല, ചിന്തിക്കുകയും വേണം. ശ്രോതാക്കളുടെ വദനങ്ങളിൽ തെളിഞ്ഞ ഭാവങ്ങൾ എന്ന സംതൃപ്തനാക്കുകയും സന്തോഷിപ്പിക്കുകയും ചെയ്തു.



## 57

# ജമാൽ സാറും തെക്കൻ ആര്യാടും

രണ്ടു പേരുകളും മനസ്സിൽ നിന്നും മാഞ്ഞുപോകുന്നവയല്ല. ജമാൽ സാർ ആലപ്പുഴ സ്വദേശിയാണ്. അറബി അദ്ധ്യാപകനായിരുന്നു. ഇപ്പോൾ റിട്ടയർ ചെയ്തു. കിതാബുകൾ നോക്കി കാര്യങ്ങൾ ഗ്രഹിക്കാനുള്ള വൈഭവമുണ്ട്. എന്റെ പഴയ ഒരു സ്നേഹിതനും തികഞ്ഞ തൗഹീദ്

വിശ്വാസിയുമാണ്. അദ്ദേഹം 70കളുടെ ആരംഭത്തിൽ ആലപ്പുഴ പട്ടണത്തിൽ നിന്ന് കുറച്ച് ഉള്ളിലേക്ക് മാറി തെക്കൻ ആര്യാട് എന്ന ഗ്രാമത്തിൽ കുടുംബമായി താമസിക്കുകയായിരുന്നു. ജന്മദേശവും അത് തന്നെയാണെന്നു തോന്നുന്നു. 72ൽ ഞാൻ കൊച്ചിയിൽ താമസമാക്കി ഏതാനും മാസങ്ങൾ പിന്നിട്ടതേയുള്ളൂ. ഒരു ദിവസം ജമാൽ സാർ എന്നെ ഫോണിൽ വിളിച്ചു. തന്റെ ദേശമായ തെക്കൻ ആര്യാടിൽ റബീഉൽ അവ്വലിലെ മൗലിദ് ആഘോഷവുമായി ബന്ധപ്പെട്ട് ഒരു പ്രസംഗപരിപാടി മഹല്ലിന്റെ ആഭിമുഖ്യത്തിൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. പത്ത് ദിവസം നീണ്ട പരിപാടിയാണ്. ആദ്യത്തെ അഞ്ചു ദിവസം എനിക്കായി ജമാൽ സാർ ബുക്ക് ചെയ്തിട്ടുണ്ട് എന്ന് അറിയിച്ചപ്പോൾ ഞാൻ അമ്പരന്നു. ഇതെന്തൊരു പുതുമ! മൗലീദ് ആഘോഷ വങ്ങള് പരമ്പരയിൽ എനിക്ക് മുഖ്യ സ്ഥാനമോ? ഇത്തരം പരിപാടികളുടെ നാലയലത്ത് അവർ എന്നെ അടുപ്പിക്കുകയില്ല. ഞാൻ അടുക്കുകയുമില്ല. പിന്നീടാണ് ഇതിന്റെ ഉള്ളുകള്ളി പിടികിട്ടിയത്. ആ ഗ്രാമത്തിലുള്ള സുന്നികൾക്ക് എന്നെ അറിയില്ല. ജമാൽ സാർ സ്വന്തം നാട്ടുകാരനായതുകൊണ്ടും അറബി വാദ്ധ്യാർ എന്ന നിലക്കും എന്നെ സംബന്ധിച്ച് കേളികേട്ട ഒരു മുസ്‌ലിയാരെന്ന നിലക്ക് പരിചയപ്പെടുത്തിയതിനാലും കമ്മിറ്റിക്കാർ സമ്മതിക്കുകയാണുണ്ടായത്. ഇത് വേണോ? ഞാൻ അദ്ദേഹത്തോടാരാഞ്ഞു. വേണം. വളരെ സൂത്രത്തിൽ ഒപ്പിച്ചെടുത്ത ഒരവസരമാണ്. അത് നമ്മൾ നയപരമായി ഉപയോഗപ്പെടുത്തണം. ദീനീ വിഷയത്തിൽ തികഞ്ഞ അജ്ഞരാണിവിടത്തെ മുസ്‌ലിംകൾ. ജമാൽ സാർ പറഞ്ഞു. തന്റെ മഹല്ലിലെ ജനങ്ങൾക്ക് സത്യത്തിന്റെ സന്ദേശം എത്തിക്കണമെന്ന അടങ്ങാത്ത അഭിലാഷമായിരുന്നു അദ്ദേഹത്തിന്. നോട്ടീസ് കണ്ടപ്പോഴാണ് ജമാൽ സാർ എന്നെക്കുറിച്ച് അവർക്ക് നൽകിയ ചിത്രം വ്യക്തമായത്. കെ.ഉമർ മൗലവി- റാബിത്വ പ്രതിനിധി എന്നാണ് അതിൽ കാണിച്ചിട്ടുള്ളത്. യഥാർത്ഥത്തിൽ അങ്ങനെ ഒരു സ്ഥാനം എനിക്കില്ലായിരുന്നു. ഉണ്ടായിട്ടുമില്ല. സുഊദി മതപ്രബോധന വകുപ്പായ ദാറുൽ ഇഫ്താഇന്റെ പ്രബോധകരുടെ കൂട്ടത്തിൽ എന്നെയും നിയമിച്ചിരുന്നു. ഈ പരിപാടിയുടെ ഘട്ടത്തിൽ ആ നിയമനം വന്നിട്ടുമില്ല.

എന്തുമാകട്ടെ, ജമാൽ സാറിന്റെ നിർബന്ധപൂർവ്വമായ നീക്കത്തിന് ഞാൻ വഴങ്ങി. സ്വന്തം നാട്ടിലേക്ക് വെളിച്ചം നൽകാനുള്ള അദ്ദേഹത്തിന്റെ അത്യാഗ്രഹം കണ്ടപ്പോൾ വേറെ നിവൃത്തിയുണ്ടായിരുന്നില്ല. നിശ്ചിത ദിവസം ഞാൻ അങ്ങോട്ട് പോകാനൊരുങ്ങി. കൊച്ചിയിലെ സ്നേഹിതന്മാർ ഒറ്റക്ക് പോകാൻ എന്നെ അനുവദിക്കുന്നില്ല. തികച്ചും

അപരിചിതമായ ഒരു സ്ഥലത്ത്, ആദർശ ബന്ധുക്കളായി മറ്റാരുമില്ലാത്ത സാഹചര്യത്തിൽ ഇത്തരം ഒരു പരിപാടിക്ക് ഞാൻ തനിച്ച് പോകുന്നത് അപകടമാണെന്ന് അവർ പറഞ്ഞു. ഏറ്റുപോയി. ഇനി എന്തായാലും പോകുക തന്നെ എന്ന നിലയിൽ ഞാൻ ഉറച്ചപ്പോൾ ഒരു സംഘം സുഹൃത്തുക്കൾ എന്നോടൊത്ത് വരാൻ തയ്യാറായി. ഞങ്ങൾ മഗ്‌രിബിന്റെ സമയത്ത് അവിടെയെത്തി. മഹല്ല് പള്ളിയിലെ ജമാഅത്ത് കഴിയാറായ നേരം. ഞങ്ങൾ അത് കഴിഞ്ഞു വേറെ ജമാഅത്തായി നമസ്കരിച്ചു. നമസ്കാരം കഴിഞ്ഞപ്പോൾ പള്ളിയിൽ വന്നവർക്കെല്ലാം ചെറുപഴം വിതരണം ചെയ്യുന്നു. മൗലീദിന്റെ നേർച്ചയാണ്പോൽ. ഞങ്ങളിൽ പലരും ഓരോ കാരണം പറഞ്ഞ് അതിൽ നിന്നൊഴിവായി. ചിലർ വാങ്ങി കുട്ടികൾക്ക് കൊടുത്തു. എന്റെ നീണ്ട താടിയും തലപ്പാവും കണ്ട് ഭക്ത്യാദരപൂർവ്വം ആളുകൾ ചുറ്റുംകൂടി. ചിലർക്ക് കൈപിടിച്ച് മുത്തം തരണമെന്നുണ്ട്. ഞാൻ അതിനുള്ള അവസരം നൽകിയില്ല. എന്റെ കൂടെ വന്ന സ്നേഹിതന്മാർക്ക് അവിടത്തെ ഈ കാട്ടിക്കൂട്ടലിൽ ഉണ്ടായ ബേജാർ അവരുടെ മുഖത്ത് പ്രകടമായിരുന്നു. ജമാൽ സാർ എല്ലായിടത്തും പരക്കം പാഞ്ഞു നടക്കുന്നുണ്ട്. വിശാലമായ മൈതാനം അലങ്കരിച്ചിരിക്കുന്നു. കല്യാണപ്പന്തലിൽ കാണുംപോലെ വർണ്ണങ്ങളിൽ കൊച്ചുകൊച്ചു ബൾബുകളുടെ ചന്തവുമുണ്ട്. എന്നെ കമ്മിറ്റിക്കാരും ജമാൽ സാറും ചേർന്ന് ആദരപൂർവ്വം ആനയിച്ച് സ്റ്റേജിലേക്ക് കൊണ്ടുപോയി. സാമാന്യം നല്ല ആൾക്കൂട്ടമുണ്ട്. എന്റെ കൂട്ടുകാർ മുൻനിരയിൽ തന്നെ ഇരിപ്പുറപ്പിച്ചു. വല്ല കുഴപ്പമുണ്ടായാൽ എന്നെ അതിൽ നിന്നും രക്ഷിക്കാനുള്ള മുൻകരുതലാണിത്. വന്നവരിൽ അധികവും അതിന് തക്ക ശേഷിയും ധൈര്യവും ഉള്ളവരായിരുന്നു.

അങ്ങനെ ഞാൻ പ്രസംഗം തുടങ്ങി. “നിശ്ചയമായും സത്യവിശ്വാസികളിൽ നിന്നും അവരുടെ സമ്പത്തുകളും ആത്മാക്കളും അല്ലാഹു വിലക്കെടുത്തിരിക്കുന്നു, പകരം സ്വർഗം നൽകാമെന്ന കരാറിൽ” എന്നർത്ഥം വരുന്ന ഖുർആൻ വചനം ഓതി വിശദീകരിച്ചു. യാതൊരു വിമർശന സ്വരവും വരാത്ത നിലക്ക് ഈ കരാറിന്റെ വിശദാംശങ്ങൾ നിരത്തി. ആളുകൾ വളരെ താൽപര്യപൂർവ്വം ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അവർ കേൾക്കാത്ത ശൈലിയും രീതിയും പുതുമയും തോന്നിയ വിഷയം. പാട്ടും ഈണത്തിലുള്ള വാക്ശൈലിയുമുള്ള മുസ്‌ലിയാൻമാരുടെ നീട്ടിയും കുറുക്കിയും കിതച്ചുമുള്ള അഭിനയശൈലിയിൽ നിന്നും വ്യത്യസ്തമായ ഒരു മതപ്രഭാഷണം ആ നാട്ടുകാർ ആദ്യം കേൾക്കുകയാണെന്ന് അവരുടെ മുഖഭാവങ്ങളിൽ നിന്നും ഊഹിക്കാൻ കഴിഞ്ഞു. ഒരു മണിക്കൂർ

നേരം പ്രസംഗം നീണ്ടു. സംഘാടകരിലും ശ്രോതാക്കളിലും പൊതുവെ സംതൃപ്തിയാണ് ദൃശ്യമായത്. ജമാൽ സാറിന് സന്തോഷം. എന്റെ കൂട്ടാളികൾക്ക് ആശ്വാസവും. രാത്രി അടുത്തുള്ള ഒരു മദ്റസയിൽ ബെഞ്ചുകളിലും മറ്റുമായി അവർ വിശ്രമിച്ചു. നേരം പുലർന്നപ്പോൾ കൊച്ചിയിൽ നിന്നെത്തിയവരിൽ രണ്ടുപേരൊഴിച്ചുള്ളവർ തിരിച്ചുപോയി. പ്രശ്നമൊന്നുമില്ലെങ്കിലും എന്നെ തനിച്ചാക്കി പോകാൻ അവർക്ക് ഒരു വല്ലായ്മ.

രണ്ടാം ദിവസം ഉച്ച കഴിഞ്ഞപ്പോൾ അന്തരീക്ഷം മാറി. പല വലിയ മുസ്‌ലിയാക്കളും വിവരം കേട്ടറിഞ്ഞു ആലപ്പുഴയിൽ പാഞ്ഞെത്തി. സുന്നികളുടെ മൗലീദ് പ്രഭാഷണ പരമ്പരയിൽ അഞ്ചുദിവസം വെളിയങ്കോട്ടെ ഉമർ മൗലവി പ്രസംഗിക്കുകയോ?! ആരാണീ പണി പറ്റിച്ചത്? സംഘാടകരെ വിളിപ്പിച്ചു. കാര്യം തിരക്കി. അവരെ മുസ്‌ലിയാക്കൾ കഠിനമായി ശാസിച്ചു. വഹാബീ നേതാവായ ഉമർ മൗലവിക്ക് സ്റ്റേജ് അനുവദിച്ചതിനേക്കാൾ വലിയ അക്രമം വേറെന്തുണ്ട്? കമ്മിറ്റിക്കാരുടെ ന്യായങ്ങളൊന്നും വിലപ്പോയില്ല. വൈകുന്നേരമായപ്പോഴേക്കും വിവരം ഞാനും അറിഞ്ഞു. പക്ഷെ, കമ്മിറ്റിക്കാർ എന്നോട് ഒന്നും പറയുകയോ ചോദിക്കുകയോ ചെയ്യുന്നില്ല. ആളുകൾ ഓരോരുത്തരായി വന്നുംപോയും എന്നെ ഒരു കാഴ്ചവസ്തുപോലെ നോക്കുകയാണ്. പരിപാടി തുടരാൻ കഴിയില്ലെന്ന് എനിക്ക് മനസ്സിലായി. രണ്ടാം ദിവസത്തെ പ്രസംഗത്തിന് ഞാൻ സമയത്ത് ചെന്നെത്തി. കഴിഞ്ഞ ദിവസത്തേക്കാൾ വളരെയധികം ആളുകൾ വന്നുകൂടിയിട്ടുണ്ട്. ചില തലേക്കെട്ടുകൾ ദൂരെ കാണുന്നുമുണ്ട്. ഞാൻ തീരുമാനിച്ചു. പോകുക തന്നെ. ഇന്ന് തൗഹീദും ശിർക്കും വ്യക്തമായി വേർതിരിക്കുന്ന പ്രസംഗം നടത്തി യാത്ര പറയണം. തുടക്കത്തിൽ തന്നെ ഞാൻ പറഞ്ഞു: “എന്റെ പ്രസംഗം ഇന്നത്തോടെ അവസാനിപ്പിക്കുകയാണ്. കാരണം നിങ്ങളോട് വിശദീകരിക്കേണ്ടതില്ലല്ലോ. എനിക്ക് സ്റ്റേജനുവദിച്ചവർക്ക് ഞാൻ ഒരു ശല്യമായിക്കൂടാ. അവർ എന്നോട് കാണിച്ച സ്നേഹമര്യാദകൾക്ക് ഞാൻ നന്ദി പറയുന്നു. എന്നാൽ എനിക്ക് ചില വിഷയങ്ങൾ നിങ്ങളോട് പറയേണ്ടതുണ്ട്. അത് അല്ലാഹു എന്നിൽ ബാധ്യതയാക്കിയിട്ടുള്ളതാണ്. അത് പറയാതെ പോകാൻ വയ്യ. ശാന്തമായി കേൾക്കുക. സ്വീകരിക്കുകയോ തള്ളിക്കളയുകയോ ആകാം.” തുടർന്ന് ഒന്നര മണിക്കൂർ സമയം എന്റെ അറിവും കഴിവുമനുസരിച്ച് തൗഹീദ് എന്തെന്ന് ആ ജനക്കൂട്ടത്തോട് ഞാൻ പറഞ്ഞു. യാതൊരു കുഴപ്പവും ഉണ്ടായില്ല. കാര്യം അത്ഭുതംതന്നെ, പ്രസംഗം കഴിഞ്ഞു. ജനം പിരിഞ്ഞു. ഞാൻ കമ്മിറ്റിക്കാരോട് യാത്ര പറഞ്ഞു. അവരുടെ വല്ലായ്മ ഞാൻ ശ്രദ്ധി

ക്കാത്തതുപോലെ പെരുമാറി.

പക്ഷെ, ഒരു വലിയ പ്രതിഷേധത്തിന് മുമ്പുള്ള ശാന്തതയായിരുന്നു അത്. പിറ്റേദിവസം തന്നെ ആ നാട്ടുകാർ ജമാൽ സാറിനെതിരിൽ തിരിഞ്ഞു. ഇയാൾ നമ്മെ ചതിക്കുകയായിരുന്നു എന്ന അമർഷവും വെറുപ്പും പ്രതികാരബുദ്ധിയും ജമാൽസാറിനു നേരെ അവർ പ്രയോഗിച്ചു. മഹല്ല് ഒന്നടങ്കം അദ്ദേഹത്തെ ബഹിഷ്കരിച്ചു. ചെറിയതോതിലുള്ള മർദ്ദനവും ഏൽക്കേണ്ടിവന്നു. ആ നാട്ടിൽ ജീവിക്കാൻ കഴിയാത്തവിധം എന്റെ സുഹൃത്തും കുടുംബവും ഒറ്റപ്പെട്ടു. പരസ്യമായി പശ്ചാത്തപിച്ച് മടങ്ങണം. അതല്ലാതെ ഒരു കാര്യവും അവർക്ക് സ്വീകാര്യമല്ല. പക്ഷെ, ആദർശധീരനായ ജമാൽ സാർ അവർക്ക് വഴങ്ങിയില്ല. അദ്ദേഹം വീടും നാടും ഉപേക്ഷിച്ചു. പരിചയക്കാരെയും സുഹൃത്തുക്കളേയും മറ്റു ബന്ധപ്പെട്ടവരേയും വിട്ടു. തന്റെ ആദർശം മുറുകെ പിടിച്ചുകൊണ്ട് ജന്മദേശമായ തെക്കൻ ആര്യാടിനോട് യാത്ര പറഞ്ഞു. ആലപ്പുഴ ടൗണിലേക്ക് താമസം മാറ്റി. ആദർശത്തിനുവേണ്ടിയുള്ള പലായനം. ആഖിറത്തിനുവേണ്ടി ദുൻയാവിനെ ഉപേക്ഷിക്കൽ. ജമാൽ സാറിനെ കാണുമ്പോഴൊക്കെ ഞാൻ അദ്ദേഹത്തിന്റെ മുമ്പിൽ ചെറുതാകുന്നതുപോലെ തോന്നും. ആദർശധീരനാണ് ജമാൽ സാർ. എന്നോട് അദ്ദേഹം കാണിക്കുന്ന സ്നേഹം അളവറ്റതാണ്. ദീനീകാര്യങ്ങളിൽ ആരുടെ മുമ്പിലും മുട്ടുമടക്കുകയില്ല. പ്രശ്നങ്ങളിൽ ആദർശബന്ധുക്കളുമായും അദ്ദേഹം ചിലപ്പോൾ ഇടയും. കുറച്ച് ക്ഷമകേട് കാണിക്കുന്ന പ്രകൃതമാണ്. റിട്ടയർമെന്റിന് ശേഷം പല പള്ളികളിലും ഇമാമായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ജമാൽ സാറിന്റെ ആദർശ ദാർഢ്യം, തൗഹീദിലുള്ള അടിയുറച്ച വിശ്വാസം, കൂസലില്ലായ്മ, സേവന തൽപരത തുടങ്ങിയ സദ്ഗുണങ്ങൾക്ക് മുമ്പിൽ ചെറിയ ദോഷങ്ങൾ ഞാൻ ചെറുതായി തന്നെ കാണുന്നു. ഞാൻ സ്വന്തം സഹോദരനെപ്പോലെ അദ്ദേഹത്തെ സ്നേഹിക്കുന്നു. അല്ലാഹു അദ്ദേഹത്തിൽ നിന്ന് നന്മകൾ സ്വീകരിക്കുകയും തിന്മകൾ പൊറുക്കുകയും മഹത്തായ പ്രതിഫലം നൽകി അനുഗ്രഹിക്കുകയും ചെയ്യട്ടെ. എന്റെ ആലപ്പുഴ ജില്ലയിലെ പ്രബോധന പ്രവർത്തനങ്ങൾക്ക് വാതിൽ തുറന്നുതന്ന് സ്വയം പീഢനത്തിന്നിരയായ വലിയ ആദർശ സംശുദ്ധിയുടെയും ത്യാഗസന്നദ്ധതയുടെയും മായാത്ത മുഖമാണ് ജമാൽ സാർ. എന്റെ സ്നേഹവലയത്തിൽ അദ്ദേഹത്തിന് എന്നും ഒരു പ്രത്യേക സ്ഥാനമുണ്ട്. അല്ലാഹു അദ്ദേഹത്തിന് അനുഗ്രഹങ്ങൾ ഇരുലോകത്തും നൽകുമാറാകട്ടെ.

ഈ സംഭവം കഴിഞ്ഞ് കുറച്ച് ദിവസങ്ങൾ പിന്നിട്ടതേയുള്ളൂ. ആലപ്പുഴ കനാൽ വാർഡിൽ ഏതാനും ദിവസം പ്രസംഗിക്കുവാൻ എനിക്ക്

ക്ഷണം ലഭിച്ചു. അവിടെ കുടുംബതാമസവും കെ.എസ്.ആർ.ടി.സി. സ്റ്റാന്റിനടുത്ത് ഹോമിയോ ഡിസ്‌പെൻസറിയും നടത്തുന്ന, ടൗണിൽ അറിയപ്പെട്ട സാമൂഹിക ബന്ധങ്ങളുടെ ഉടമയുമായ ഡോക്ടർ ഹബീബിന്റെ നേതൃത്വത്തിലായിരുന്നു ഈ പരിപാടി. ഡോ. ഹബീബ് നേരത്തെ എന്റെ പരിചയക്കാരനാണ്. അദ്ദേഹത്തിന്റെ പിതാവുമായി ഞാൻ നേരത്തെ പരിചയത്തിലായിരുന്നു. ഒരു സലഫീ ആഭിമുഖ്യം അവരിൽ നിലനിന്നിരുന്നു. എന്റെ പ്രസംഗം നിശ്ചയിച്ചതുപോലെ നല്ല സദസ്സിന്റെ സാന്നിദ്ധ്യത്തിൽ ശാന്തമായി നടന്നു. ആളുകൾ വളരെ ശ്രദ്ധയോടെ കേട്ടിരിക്കുന്നുണ്ടായിരുന്നു.

പരിപാടി പൂർത്തിയാക്കി. ഞാൻ മറ്റൊരു സ്ഥലത്തേക്ക് യാത്രയായി. മൂന്നുനാലു ദിവസങ്ങൾക്ക് ശേഷം കൊച്ചിയിൽ തിരിച്ചെത്തി. മഗ്‌രിബ് കഴിഞ്ഞ സമയം. അപ്പോൾ അടുത്തുള്ള ഒരു സുഹൃത്തിന്റെ കടയിലേക്ക് ആലപ്പുഴയിൽ നിന്നും ഒരു ഫോൺകോൾ വന്നു. ഡോ. ഹബീബാണ് വിളിക്കുന്നത്. കനാൽ വാർഡിൽ ഞാൻ പ്രസംഗിച്ച സ്ഥലത്ത് ആലുവക്കാരൻ ഒരു സുന്നി മുസ്‌ലിയാർ ഖണ്ഡന പ്രസംഗം നടത്തുന്നു. ഉമർ മൗലവി അത് കേൾക്കാൻ ഒരുക്കമുണ്ടോ എന്ന് മുസ്‌ലിയാരും നടത്തിപ്പുകാരും വെല്ലുവിളിയുടെ ഭാവത്തിൽ ചോദിക്കുന്നു. മൗലവിയെ വരുത്താം എന്ന് ഞങ്ങൾ അവരോട് പറയുകയും ചെയ്തു. വന്നാൽ നന്ന്, അല്ലെങ്കിൽ ഒരു ക്ഷീണമായേക്കും. ഇതാണ് ഡോക്ടർ ഫോണിൽ പറഞ്ഞത്. എന്നോട് മുൻകൂട്ടി ചോദിച്ചില്ല. ഞാൻ സ്ഥലത്തുണ്ടോ എന്ന് അന്വേഷിപ്പിച്ചതുമില്ല. എന്നിട്ടും മൗലവിയെ വരുത്താം എന്ന് പറഞ്ഞത് അധികപ്പറ്റായി. അവിവേകവുമായി. പക്ഷെ, അങ്ങനെ അവരോട് ഞാൻ പറഞ്ഞില്ല. ആത്മാർത്ഥതയുടെ ആവേശത്തിമർപ്പാണ് ഇതിന് കാരണായതെന്ന് മനസ്സിലായി. അവരെ നിരാശപ്പെടുത്തരുതല്ലോ. ഡോ. ഹബീബ് വളരെ ഇരുത്തം വന്ന ഒരു ബുദ്ധിജീവിയാണ്. അദ്ദേഹത്തിന് ഇങ്ങനെയുള്ള ആലോചനപ്പിഴവ് സംഭവിക്കാൻ പാടില്ലാത്തതാണ്. കൂട്ടുകാരുടെ എടുത്തുചാട്ടമായിരിക്കണം.

ഞാൻ ഒരു നിമിഷം ആലോചിച്ചു. കുറച്ചു ദിവസത്തെ നിരന്തരമായ യാത്ര കഴിഞ്ഞെത്തിയതേയുള്ളൂ. ക്ഷീണം ഇല്ലാതില്ല. ഹബീബിനോട് ഞാൻ പറഞ്ഞു: “മുസ്‌ലിയാരുടെ വഅള് കേൾക്കാനായി ഞാൻ കൊച്ചിയിൽ നിന്നും ഇപ്പോൾ അവിടെ എത്തണമെന്ന് പറഞ്ഞാൽ ബുദ്ധിമുട്ടുണ്ട്. പക്ഷെ, ഞാൻ വരാം. ഒരു ഉപാധി. മുസ്‌ലിയാരുടെ പ്രസംഗത്തിൽ എനിക്ക് മറുപടി പറയേണ്ടതായി വല്ലതുമുണ്ടായാൽ അതിന് അവസരം ലഭിക്കുമോ? ആ സ്റ്റേജ് അനുവദിക്കുമോ?” സമർത്ഥനായ സംഘാടകനും

തന്ത്രശാലിയുമായ ഡോക്ടർ ഹബീബ് ആലോചിച്ചുനിന്നില്ല. ഉടനെ പറഞ്ഞു. മൗലവി പുറപ്പെട്ടോളൂ. അത് നമുക്ക് തരപ്പെടുത്താം. ഡോക്ടറെ സംബന്ധിച്ച് ഇടപഴകിയ അനുഭവങ്ങളിലൂടെ എനിക്ക് ഏറെ വിശ്വാസമാണ്. അദ്ദേഹം വെറുംവാക്ക് പറഞ്ഞു പ്രലോഭനങ്ങളിൽ കുടുക്കാൻ ശ്രമിക്കുന്ന സ്വഭാവക്കാരനല്ല. നടക്കേണ്ടത് പറയും. പറഞ്ഞത് പരമാവധി നടത്തും. ഏത് ദുർഘടനിമിഷത്തിലും വളരെ അവധാനതയോടെ ശാന്തനായി കാര്യങ്ങൾ ചിട്ടപ്പെടുത്തുന്ന അദ്ദേഹത്തിന്റെ പ്രവർത്തന വൈഭവം എനിക്ക് ചിലപ്പോൾ അത്ഭുതമുളവാക്കിയിട്ടുണ്ട്. പാഠങ്ങൾ ഉൾക്കൊള്ളുന്നതുമായിട്ടുണ്ട്.

എന്നോടൊത്ത് ആലപ്പുഴയിലേക്ക് പുറപ്പെടാൻ മട്ടാഞ്ചേരിയിൽ നിന്നും ഒരു സംഘം സുഹൃത്തുക്കൾ ഉടനെ റെഡിയായി. ബസ്സിൽ പോയാൽ ഏറെ വൈകും. ഇശാ നമസ്കാരം ആലപ്പുഴയിൽ എത്തിയിട്ടാകാം. അവർ പെട്ടെന്ന് ഒരു വാൻ വാടകയ്ക്ക് വിളിച്ചു. അതിനു വേണ്ടുന്ന സംഖ്യ പരസ്പരം ശേഖരിച്ചു. അരമണിക്കൂറിനകം യാത്രയ്ക്ക് അവർ സജ്ജരായി. കൊച്ചിയിലെ ആദർശ ബന്ധുക്കൾ, യുവാക്കളും പ്രായമുള്ളവരുമെന്ന വ്യത്യാസമില്ലാതെ പ്രബോധന രംഗത്ത് എന്നെ പിന്തുണക്കാൻ അക്കാലത്ത് കാണിച്ച ആവേശകരമായ ആത്മാർത്ഥത അത്യന്തം വികാരഭരിതമായ ഓർമ്മകളായി മായാതെ മങ്ങാതെ എന്നോടൊത്തുണ്ട്. അവരുടെ തിരക്കും ആവേശവും കണ്ടപ്പോൾ എന്റെ ക്ഷീണവും ആശങ്കയും പമ്പ കടന്നു. അങ്ങനെ ഒരു വാൻ നിറയെ സഹപ്രവർത്തകരുമായി ഞാൻ ആലപ്പുഴയിലേക്ക് യാത്രയായി. അവിടെ എത്തിയപ്പോൾ വമ്പിച്ച ജനക്കൂട്ടം. ഞാൻ വരുമെന്നുള്ള വിവരം വിവിധ പ്രദേശങ്ങളിൽ അറിഞ്ഞു കഴിഞ്ഞിരുന്നു. എത്ര വേഗത്തിലാണ് കാര്യങ്ങൾ ഏർപ്പാടാക്കിയിരിക്കുന്നത്! അമിതാവേശമുള്ള ശ്രോതാക്കളെ നിയന്ത്രിക്കാൻ ഒരു വളണ്ടിയർ സംഘം തന്നെ രൂപീകൃതമായിക്കഴിഞ്ഞിരിക്കുന്നു. മുസ്‌ലിയാരും നേരത്തെ എത്തിയിട്ടുണ്ട്. ഞങ്ങൾ ഇശാഅ് നമസ്കരിച്ചു. അപ്പോഴേക്കും ഡോക്ടർ ഹബീബ് മുസ്‌ലിയാരുമായി സംസാരിച്ചു. ശേഷം എന്റെയടുത്തെത്തി പറഞ്ഞു; മുസ്‌ലിയാർ ഒരു മണിക്കൂർ സംസാരിക്കും ശേഷം മൗലവിയും ഒരു മണിക്കൂർ. സമയനിഷ്ഠ നിർബന്ധമാണ്. ഞാൻ സമ്മതിച്ചു.

അത്ഭുതകരമായിരുന്നു കാര്യങ്ങൾ. പരിപാടിയുടെ നേതൃത്വം ഡോക്ടർ ഹബീബ് ഏറ്റെടുത്തു കഴിഞ്ഞിരുന്നു. സംഘാടകർക്ക് അദ്ദേഹം ഒരു വഴികാട്ടിതന്നെയായിരുന്നു. ഡോക്ടർ സ്റ്റേജിൽ കയറി. മൂന്ന് ഒഴിഞ്ഞ കസേരകൾ സ്റ്റേജിൽ ഉണ്ട്. ഡോക്ടർ മുസ്‌ലിയാരെയും എന്നെയും

സ്റ്റേജിലേക്ക് ക്ഷണിച്ചു. രണ്ടറ്റത്തുള്ള കസേരകളിൽ ഇരുത്തി. നടുവിലുള്ള കസേരയിൽ കരുത്തനായ ഒരു വളണ്ടിയറും. ഞാൻ എന്തെന്നില്ലാത്ത ആഹ്ലാദാനുഭൂതിയിലാണ്. ഞാൻ വളരെ മുമ്പ് തന്നെ ആശിച്ചിരുന്ന ഒരു കാര്യമാണിത്. ഒരു വേദിയിൽ വെച്ചുതന്നെ ഞാനും എന്റെ ആദർശ വിരോധികളും ചേർന്ന് ഖണ്ഡന മണ്ഡനപ്രസംഗങ്ങൾ നടത്തണമെന്ന്. ഇരുകൂട്ടരും തങ്ങളുടെ ആദർശാഭിപ്രായങ്ങൾ തെളിയിച്ച് പ്രസംഗിക്കുക. ജനങ്ങൾ ശാന്തമായി കേൾക്കുക. ശേഷം അവർക്ക് ബോധ്യമായത് തെരഞ്ഞെടുക്കട്ടെ. വ്യക്തികളെയും പ്രസ്ഥാനങ്ങളെയും ഞാൻ ഇത്തരം പരിപാടികൾക്ക് ക്ഷണിച്ചിട്ടുണ്ട്. ക്ഷണിച്ചവർ വന്നിട്ടില്ല. അവസരം ചോദിച്ചപ്പോൾ അനുവദിച്ചുമില്ല. 1998 ഒടുവിൽ തിരൂർക്കാട് വെച്ച് ഇങ്ങനെ ഒരു വേദി കിട്ടി. അത് പിന്നീട് പറയാം.

ആദ്യമായിട്ടാണ് ആശിച്ച അവസരം ആലപ്പുഴയിൽ വെച്ച് കൈവന്നത്. അതാണെന്റെ ആഹ്ലാദം. ഡോക്ടർ ഹബീബ് തന്നെയാണ് സ്വാഗത പ്രാസംഗകൻ. എത്ര സമർത്ഥമായിട്ടാണ് അദ്ദേഹം പരിപാടിയുടെ നിർവ്വഹണം ഏറ്റെടുത്തത്. അദ്ദേഹം പ്രസംഗം തുടങ്ങി. പരിപാടിയുടെ ക്രമം വിവരിച്ചു. അതുമൂലം സത്യാന്വേഷികൾക്കുണ്ടാകാവുന്ന ഗുണത്തെക്കുറിച്ചും തന്മയത്വത്തോടെ വിശദീകരിച്ചു. പരിപാടിയുടെ ശാന്തതയ്ക്ക് ഭംഗമേൽപിക്കാൻ ആരെങ്കിലും തുനിയുന്ന പക്ഷം അവരെ വേണ്ടവിധം കൈകാര്യം ചെയ്യാൻ വളണ്ടിയർമാരെ തയ്യാർ ചെയ്തിട്ടുണ്ടെന്ന് ആ വൻ സദസ്സിനെ സ്നേഹപൂർവ്വം താക്കീത് ചെയ്തു. എത്ര ആകർഷണീയമായ സംഘാടക വൈഭവമാണ് ഡോക്ടർ അവിടെ പ്രകടിപ്പിച്ചതെന്ന കാര്യം വേണ്ടവിധം വിവരിക്കാൻ എനിക്ക് സാധ്യമാകുന്നില്ല. അദ്ദേഹത്തിന്റെ സാമൂഹിക കരുത്ത് കൊച്ചിയിൽ നിന്നെത്തിയവർക്കും മറ്റുള്ളവർക്കും വളരെ ബോധ്യമായി. മുസ്ലിയാർ പ്രസംഗം തുടങ്ങി. സദസ്സിൽ നല്ല ശാന്തത. മുസ്ലിയാരുടെ ഉജ്ജ്വലമായ പ്രസംഗം. ആക്ഷേപ പരിഹാസങ്ങളും മാപ്പിളപ്പാട്ടിന്റെ ശൈലിയിലുള്ള നീട്ടിക്കുറുക്കലുകളും ഇല്ലാതെ തികച്ചും വിഷയാധിഷ്ഠിതമായ പ്രസംഗം. ഔലിയാക്കളുടെ കറാമത്തിനെ ശക്തിയുക്തം സ്ഥാപിക്കുകയായിരുന്നു അദ്ദേഹം. അല്ലാഹുവിന്റെ അടിമ നിർബന്ധ കർമ്മങ്ങൾക്കു പുറമെ ഐച്ഛിക പുണ്യകർമ്മങ്ങളിലൂടെ നിരന്തരം ജീവിച്ചുകൊണ്ട് അല്ലാഹുവിന്റെ പ്രിയം അധികമായി നേടും. അങ്ങനെ അവൻ സ്ഥാനം കൊണ്ടുയർന്നുയർന്ന് അല്ലാഹു അവന്റെ കൈ ആകും, കാൽ ആകും എന്ന് ഭാവനാത്മകമായി വർണിക്കുന്ന ഒരു ഹദീഥ് ഉണ്ട്. ഖുദ്സിയായ ഹദീഥ് എന്നാണ് സാങ്കേതിക ഭാഷ്യം. അല്ലാഹു നേരിട്ട് സംസാരിക്കുന്ന രൂപമാണിതിന്. മുസ്ലി

യാർ ഈ ഹദീഥ് ഓതി അർഥം പറഞ്ഞു. ശേഷം വളരെ അപകടകര മായ വിശദീകരണത്തിലേക്കാണ് അദ്ദേഹം പോയത്. പുരാണങ്ങളിൽ ഭക്തന്മാരുടെ അഭീഷ്ടമനുസരിച്ച വരം നൽകി അനുഗ്രഹിക്കുന്ന സന്യാ സിമാരുടെ ദിവ്യത്വഭാവത്തിലേക്ക് കറാമത്തിന്റെ പേര് പറഞ്ഞ് ഔലിയാ ക്കളെന്ന പേരിൽ ചിലരെ മിനി ദൈവങ്ങളോ മേജർ ദൈവങ്ങളോ ആയി ഉയർത്തുന്ന വിശദീകരണമായിരുന്നു അത്. മുഹ്‌യിദ്ദീൻ ശൈഖിന്റെ പേരിൽ പലതരം അമാനുഷിക കെട്ടുകഥകളുണ്ട്. അവയിൽ ചിലത് മുസ്‌ലിയാർ തെളിവായി ഉദ്ധരിച്ചു. മാലയിൽ നിന്നുള്ള ചില വരികൾ പാടി ഈ ഹദീസിനോട് ബന്ധപ്പെടുത്തി. “കരിഞ്ഞ മരത്തിന്മേൽ കായ് നിറച്ചോവർ, ചാകും കിലശത്തെ നന്നാക്കി വിട്ടോവർ” എന്ന മാലയിലെ ശിർക്കും കുഫ്റും സമന്വയിച്ച പദ്യശകലങ്ങൾ ഈണത്തിൽ ചൊല്ലി മുസ്‌ലിയാർ തന്റെ വീക്ഷണം സ്ഥാപിക്കുകയായിരുന്നു. ഒരു മണിക്കൂർ തികയാൻ അഞ്ചു മിനിട്ട് ബാക്കിയുള്ളപ്പോൾ നടുവിലിരിക്കുന്ന വളണ്ടി യർ സൂചന നൽകി. മുസ്ല്യാർ തികഞ്ഞ മാന്യതയോടെ കൃത്യസമയത്ത് പ്രസംഗം നിർത്തി.

ഡോ. ഹബീബ് തുടർന്ന് രണ്ട് മിനിട്ട് സംസാരിച്ചു. ശാന്തത കൈവി ടാതിരിക്കാൻ സദസ്സിന് ഒരിക്കൽകൂടി അറിയിപ്പ് നൽകി. എന്നെ പ്രസംഗ ത്തിനായി ക്ഷണിച്ചു. മുസ്‌ലിയാർ സ്റ്റേജിൽ തന്നെയുണ്ട്. പ്രസംഗം ആരം ഭിക്കുന്നതിന് മുമ്പ് ഞാൻ മുസ്‌ലിയാരുടെ ചെവിയിൽ ഒരു സ്വകാര്യം പറഞ്ഞു. മുസ്‌ലിയാർ വിനയത്തിന്റെ ചിരിയോടെ എന്നോടും രണ്ടു വാക്ക്! ആളുകൾ അന്തംവിട്ടു! ഇതെന്തു തമാശ. ചിലർക്ക് ഇതൊരു ഒത്തുകളിയാണോ എന്ന് സംശയം തോന്നിയിരിക്കാം. പക്ഷെ, ഞാൻ ഒരു തന്ത്രം പ്രയോഗിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ രണ്ടി ടത്ത് ഖുർആൻ ആയത്തുകൾ ഉദ്ധരിച്ചതിൽ വലിയ തെറ്റു വന്നിരിക്കു ന്നു. ആ കാര്യമാണ് ചെവിയിൽ ഞാൻ ഉണർത്തിയത്. തുടർന്ന് ഒരു ചോദ്യവും. ഇത് ഞാൻ സദസ്സിനോട് പറയണോ? ഒരു വിളറിയ ചിരി യോടെ മുസ്‌ലിയാർ അത് വേണ്ട എന്ന് പറഞ്ഞു. ഞാൻ അത് പാലിക്കു കയും ചെയ്തു.

മുഹ്‌യിദ്ദീൻ ശൈഖിന്റെ കയ്യും കാലും കണ്ണും ചെവിയുമെല്ലാം അല്ലാ ഹുവാണെന്ന് മുസ്‌ലിയാർ സമർഥിച്ചുവല്ലോ. ഞാൻ പറഞ്ഞു. “ഇതിൽ ബുദ്ധിശൂന്യമായ രണ്ട് അപകടങ്ങൾ വന്നിട്ടുണ്ട്. ശൈഖിന്റെ അവയവ ങ്ങൾ അല്ലാഹുവാണെങ്കിൽ അവയെ നാം ആരാധിക്കേണ്ടിവരുമല്ലോ. ശിവന്റെ ലിംഗവും ദേവിയുടെ യോനിയും ഹിന്ദുക്കൾ ആരാധിക്കുന്നതു പോലെ. ഞാൻ അതിന് തയ്യാറല്ല. ഈ സദസ്സിൽ അത്തരം ഒരു കൃത്യ

ത്തിന് ആരും തയ്യാറാകുമെന്ന് തോന്നുന്നില്ല. പക്ഷെ, മുസ്‌ലിയാരുടെ കാര്യം എങ്ങനെയാണ്? അദ്ദേഹത്തിന്റെ പ്രസംഗം കേട്ടതിൽ നിന്നാണ് ഈ സംശയം ഉളവാകുന്നത്. മറ്റൊരു കാര്യം ശൈഖ് മരണപ്പെട്ടുവല്ലോ. അതോടെ അദ്ദേഹത്തിന്റെ അവയവങ്ങളും. അപ്പോൾ അല്ലാഹു മരിച്ചു എന്നു പറയാമോ? ഞാനും ഈ സദസ്സും ഇത്ര ഭയങ്കരമായ പാപത്തിന് സന്നദ്ധരല്ല. മുസ്‌ലിയാരുടെ അവസ്ഥ നമ്മെപ്പോലെയല്ലെന്ന് അദ്ദേഹത്തിന്റെ പ്രഭാഷണത്തിൽ നിന്നും മനസ്സിലാക്കിയിരിക്കുമല്ലോ. ഈ ലോകം മുമ്പ് എങ്ങനെ ഉണ്ടായിരുന്നുവോ അതുപോലെ ഇപ്പോഴുമുണ്ട്. അല്ലാഹുവാണ് ഇതെല്ലാം നിയന്ത്രിക്കുന്നതും സംരക്ഷിക്കുന്നതും. അല്ലാഹു മരിച്ചിട്ടില്ല. മരിക്കുകയുമില്ല. അവൻ നിത്യമായി ജീവിച്ചിരിക്കുന്നവനാകുന്നു. എത്ര ഔന്നത്യത്തിലെത്തിയെന്ന് കരുതപ്പെടുന്ന മഹാത്മാവിനെയും അല്ലാഹുവിന്റെ സത്തയുമായി കൂട്ടിച്ചേർത്ത് പറയുന്നത് അസഹ്യമായ കുഫ്‌രിയ്യത്ത് തന്നെ. അദ്വൈതവാദം ഹിന്ദുമത ചിന്തയിൽ നിന്നും നമ്മളിലേക്ക് പകർന്നതിന്റെ ദോഷഫലങ്ങളാണിതൊക്കെ. ഖുർആനിലോ ഹദീസിലോ വന്ന ചില വർണനാപ്രയോഗങ്ങളുടെ അന്തർധാര നമുക്ക് ഗ്രഹിക്കാൻ കഴിയാതെ വന്നാൽ അവിടെ മൗനം ദീക്ഷിക്കലാണ് സത്യവിശ്വാസിയുടെ ധാർമ്മിക മര്യാദ. അല്ലാതെ നമ്മുടെ മനസ്സ് മന്ത്രിക്കുന്ന ഏത് പൈശാചികത്വത്തിനും അനുരൂപമായി വിശുദ്ധ ഖുർആനിന്റെ പ്രഖ്യാപിത തത്വത്തിനും ഇസ്‌ലാമിന്റെ മഹിതമായ വ്യതിരിക്തതയ്ക്കും എതിരായി വ്യാഖ്യാനിച്ച് കാട് കയറുകയല്ല വേണ്ടത്. തെളിക്കുന്ന വഴിയിൽ നടന്നില്ലെങ്കിൽ നടക്കുന്ന വഴിയേ തെളിക്കുക എന്ന നയമാണ് മുസ്‌ലിയാർ സ്വീകരിച്ചത്. വളണ്ടിയർമാരുടെ മുന്നറിയിപ്പ് ലഭിക്കുന്നതിന് ഏതാനും നിമിഷങ്ങൾക്ക് മുമ്പ് ഞാൻ പ്രസംഗം നിർത്തി. ജനം ശാന്തമായി പിരിഞ്ഞു. ഞാനും മുസ്‌ലിയാരും സൗഹൃദത്തിൽ ലോഹ്യം പറഞ്ഞു പിരിഞ്ഞു.

മതരംഗത്ത് നിലനിൽക്കുന്ന ഭിന്നതയും സംഘർഷവും ലഘൂകരിക്കാൻ ഈ സമ്പ്രദായം ഏറെ ഫലപ്രദമാണെന്ന് ഞാൻ അനുഭവിച്ചറിഞ്ഞു. പലപ്പോഴും പലേടത്തും ഈ രീതി അനുവർത്തിക്കാൻ ഞാൻ സ്നേഹിതന്മാരെ പ്രേരിപ്പിക്കുകയും അവരത് സ്വീകരിച്ച് വ്യത്യസ്ത ആശയത്തിന്റെ വക്താക്കളെ ഒരു വേദിയിൽ ഒരുമിച്ച് കൂട്ടാൻ പരസ്യപ്രസ്താവനയിലൂടെ ശ്രമങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. എല്ലായിടത്തും മുജാഹിദ് പണ്ഡിതന്മാർ മാത്രമാണ് അതിനൊരുങ്ങി വന്നത്. തിരൂർക്കാടും ചാവക്കാടും കരുവാരക്കുണ്ടിലും അരീക്കോട് കുനിയിലും ഇതുപോലുള്ള സംഭവങ്ങൾ നടന്നു. കുനിയിൽ ജമാഅത്തുകാരെയും

മറ്റിടങ്ങളിൽ സുന്നികളെയുമാണ് ഇതിന്നായി ക്ഷണിച്ചത്. എവിടെയും ആരും ഈ ക്ഷണം സ്വീകരിച്ച് എത്തിയില്ല. ചാവക്കാട് വരാമെന്ന് സമ്മതിച്ച മുസ്‌ലിയാർ സമയത്ത് വരാതിരിക്കുക മാത്രമല്ല, ഒരു കൂട്ടം സുന്നി അനുയായികളെ യോഗസ്ഥലത്തേക്ക് അയച്ച് കൂക്കിവിളിച്ചും ബഹളം വെച്ചും യോഗം കലക്കുകയാണ് ചെയ്തത്.

കരുവാരക്കുണ്ടിൽ സുന്നികളുടെ വലിയ സ്ഥാപനവും വലിയ നേതാവുമുണ്ട്. അദ്ദേഹത്തെ യോഗ സംഘാടകർ നേരിട്ട് ക്ഷണിച്ചു. അദ്ധ്യക്ഷസ്ഥാനം വഹിക്കാൻ ആവശ്യപ്പെട്ടു. ഒന്നിനും അദ്ദേഹം വഴങ്ങിയില്ല. മുജാഹിദ് പണ്ഡിതന്മാർ മാത്രം സംബന്ധിച്ച വമ്പിച്ച യോഗം ശാന്തമായി നടന്നു. തിരൂർക്കാടും ഇതുതന്നെ സംഭവിച്ചു. സുന്നികളുടെ വലിയ നേതാവിന്റെ വാസസ്ഥലവുമാണത്. ഇദ്ദേഹത്തെ പ്രത്യേകമായും സുന്നി പണ്ഡിതന്മാരെ പൊതുവായി പരസ്യപ്രസ്താവനയിലൂടെയും ക്ഷണിച്ചു. വെല്ലുവിളി സ്വീകരിക്കുന്നു എന്ന് നോട്ടീസ് ഇറക്കിയ ഒരു സഖാഫി മുസ്‌ലിയാർ എത്തുമെന്ന് വിചാരിച്ചു. ആരും വന്നില്ല. യഥാർത്ഥത്തിൽ ആരെയും വെല്ലുവിളിച്ചിരുന്നില്ല. അഭ്യർത്ഥിക്കുക മാത്രമാണ് ചെയ്തത്. തിരൂർക്കാട് മുജാഹിദ് പണ്ഡിതന്മാരായ അബ്ദുറഹ്മാൻ സലഫി, സി.പി. ഉമർ സുല്ലമി, അബ്ദുസ്സലാം സുല്ലമി എന്നിവർ വമ്പിച്ച സദസ്സിൽ പ്രസംഗങ്ങൾ നടത്തി. അരീക്കോട് കുനിയിൽ ജമാഅത്ത് അമീർ അവർകളെയാണ് അദ്ധ്യക്ഷനായി ക്ഷണിച്ചത്. ഒ അബ്ദുറഹ്മാൻ സാഹിബ്, ശൈഖ് മുഹമ്മദ് കാരക്കുന്ന്, വി.ടി. അബ്ദുല്ലക്കോയ തങ്ങൾ എന്നിവർ ഈ പരിപാടി അനാവശ്യമാണെന്ന് എഴുതി അയച്ചു. മാത്രമല്ല, നോട്ടീസിൽ കാണിച്ച പ്രകാരമുള്ള പരിപാടി ഇന്ന് ഉണ്ടായിരിക്കുകയില്ല എന്നെഴുതിയ ബോർഡുകൾ അങ്ങാടിയുടെ അതിരുകളിലെല്ലാം പ്രദർശിപ്പിച്ച് ആളുകളെ മടക്കിഅയക്കാൻ അവർ ശ്രമം നടത്തി. എന്നിട്ടും ധാരാളമാളുകൾ പലേടത്തു നിന്നുമായി അവിടെയെത്തി. എന്റെ അദ്ധ്യക്ഷതയിൽ യോഗം ഭംഗിയായി നടന്നു. ശാരീരികാസ്വാസ്ഥ്യം ഉണ്ടായതിനാൽ അദ്ധ്യക്ഷപ്രസംഗം ഞാൻ എഴുതി അച്ചടിപ്പിച്ചു. മറ്റൊരു സുഹൃത്ത് യോഗത്തിൽ അത് വായിച്ചു. മുജാഹിദ് പണ്ഡിതന്മാർ പങ്കെടുത്ത വമ്പിച്ച സമ്മേളനം കഴിഞ്ഞു രണ്ടു നാൾക്കു ശേഷം ഇത് അനാവശ്യം എന്നെഴുതി അയച്ച ജമാഅത്ത് നേതാക്കൾ കുനിയിൽ അങ്ങാടിയിൽ വന്ന് മുജാഹിദ് പ്രസ്ഥാനത്തേയും സാധുവായ എന്നെയും അക്രമമായി ചീത്ത വിളിച്ച് കലിതുള്ളി. ഒടുവിൽ പ്രഗത്ഭനായ അബ്ദുറഹ്മാൻ സലഫി അവിടെ ചെന്ന് ശരിക്കും കണക്ക് തീർത്തു. എന്തിനായിരുന്നു ഈ തരം വേഷങ്ങൾ! തങ്ങളുടെ ആദർശം സ്വതന്ത്രമായി പ്രസംഗിക്കാൻ ഒരു

പൈസ പോലും ചെലവില്ലാതെ വേദിയൊരുക്കി കൊടുത്തിട്ട് അത് നിരസിക്കുകയും മുഖം തിരിക്കുകയും ക്ഷണിച്ചവരെ അസംബന്ധം പറയുകയും പിന്നീട് അതേ സ്ഥലത്ത് തന്നെ വന്ന് പണം ചെലവാക്കി എതിരാളികളെ അധിഷേപിക്കുകയും ഇസ്‌ലാമിന്റെ പേരിൽ കളവ് വാരി വിതറുകയും ചെയ്യുന്ന നിഷേധാത്മകവും നികൃഷ്ടവുമായ ചെയ്തികൾ സത്യാന്വേഷികളുടെയും സഹനശീലരുടേയും ധൈര്യശാലികളുടെയും മാർഗമല്ലെന്ന് ചിന്തിക്കുന്ന ജനങ്ങൾ കണ്ടറിഞ്ഞു തുടങ്ങിയിരുന്നു. തങ്ങളുടെ കൈവശമുള്ളത് എല്ലാവരും ചേർന്നിരിക്കുന്ന സദസ്സിൽ തുറന്നു കാണിക്കാൻ കൊള്ളുകയില്ലെന്നുള്ള ഉത്തമബോധ്യമാണ് ഭീരുത്വപരമായ ഇത്തരം അനുചിത നീക്കങ്ങൾക്ക് ഇത്തരക്കാരെ പ്രേരിതരാക്കുന്നത്.

98 മെയ് 8ന് തിരൂർക്കാട് എം.എം.എൽ.പി. സ്കൂളിൽ സൗഹാർദ്ദം ഉണ്ടാക്കാൻ എന്ന പേരിൽ ആലോചിക്കാൻ സമയം പോലും തരാത്ത വിധം സുന്നികൾ പെട്ടെന്ന് വിളിച്ചുചേർത്ത യോഗത്തിലേക്ക് എന്നെയും ക്ഷണിച്ചു. ഞാൻ പങ്കെടുത്തില്ലെന്ന് നാടുനീളെ പ്രചരിപ്പിക്കുവാനുള്ള ഒരു തന്ത്രമായിരുന്നു അത്. എന്റെ സുഹൃത്തുക്കളുടെ അഭിപ്രായം മറികടന്നുകൊണ്ട് ഞാൻ പോയി. സ്കൂൾ ഗ്രൗണ്ടിൽ വമ്പിച്ച ജനക്കൂട്ടമുണ്ട്. നാട്ടിക മൂസ മുസ്‌ലിയാർ, ആലിക്കുട്ടി മുസ്‌ലിയാർ, മമ്മദ് ഫൈസി തുടങ്ങിയ അനേകം സുന്നി പണ്ഡിതന്മാർ സ്റ്റേജിലുണ്ട്. ജമാഅത്ത് നേതാവ് മുഹമ്മദ് ശരീഫ് മൗലവിയേയും അവർ ക്ഷണിച്ചിരുന്നു. തിരൂർക്കാട് സ്വദേശിയായ അദ്ദേഹം വന്നില്ല. എന്നെ അവർ സ്റ്റേജിലേക്ക് വിളിച്ചിരുത്തി. സ്വാഗതം, അദ്ധ്യക്ഷപ്രസംഗം എന്നീ ചടങ്ങുകൾക്ക് ശേഷം ആദ്യത്തെ അവസരം എനിക്കാണ് നൽകിയത്. സമയം അര മണിക്കൂർ ക്ലിപ്തപ്പെടുത്തുകയും ചെയ്തു. പക്ഷെ, പിന്നീട് മുസ്‌ലിയാക്കൾക്ക് അവർ മണിക്കൂറുകൾ തന്നെ നൽകി. എനിക്ക് അനുവദിച്ച സമയം ഉത്തമബോധ്യത്തിൽ ഞാൻ സ്വീകരിച്ച ആദർശത്തിന്റെ മഹത്വം ആ ജനക്കൂട്ടത്തെ കേൾപ്പിക്കാൻ വിനിയോഗിച്ചു. മൗലിക പ്രാധാന്യമുള്ള വിഷയങ്ങൾ വസ്തുനിഷ്ഠമായി ഞാൻ പറഞ്ഞു. സംഘാടകർക്ക് നന്ദിയും പറഞ്ഞു. ഇങ്ങനെ സൗജന്യമായി കിട്ടിയ അവസരം ഉപയോഗപ്പെടുത്താതെ ഞാൻ മുഖം തിരിച്ചു നിന്നാൽ അല്ലാഹുവിന്റെ മുമ്പിൽ സമാധാനം ബോധിപ്പിക്കേണ്ടിവരുമെന്ന് ഞാൻ ഭയന്നു. എതിരാളികൾ ഏത് നിലക്കായിരിക്കും എന്നെ നേരിടുകയെന്ന കാര്യത്തിൽ നല്ല ബോധം ഉണ്ടായിരുന്നു. അതൊന്നും ഞാൻ പ്രശ്നമാക്കിയില്ല. അഞ്ചു മിനിറ്റായാൽ പോലും അത് ഉപയോഗിക്കൽ നമ്മുടെ ധർമ്മമാണ് എന്ന ചിന്തയാണ് എന്നെ നയിച്ചത്. എന്റെ പ്രസംഗത്തിന് ശേഷം മുസ്‌ലിയാക്കൾ ദീർഘ

മായ ഖണ്ഡന പ്രസംഗങ്ങൾ നടത്തി. എന്നെ അധിക്ഷേപിച്ചും പരിഹ സിച്ചും അവർ വിലസി. ഞാൻ നിശബ്ദമായി സദസ്സിൽ ശ്രോതാവായി രുന്നു. ആ സഹനത്തിന് അല്ലാഹു എനിക്ക് പ്രതിഫലം നൽകുമെന്ന വിശ്വാസത്തോടെയും പ്രാർത്ഥനയോടെയും ഞാൻ സമയം തള്ളിനീക്കി. എന്നെ കഠിനമായി അക്രമിക്കുന്ന ശബ്ദം മൈക്കിലൂടെ കേട്ട് കൊണ്ട് നീരുവന്നു വീങ്ങിയ കാൽ വേച്ചുവേച്ച് ശരീഫ് മൗലവി യോഗസ്ഥല ത്തേക്ക് കയറി വന്നു. സ്റ്റേജിൽ ഇരുന്നു. നാട്ടിക മുസ്‌ലിയാരുടെ പ്രസം ഗം കഴിഞ്ഞപ്പോൾ ശരീഫ് മൗലവി സമയം ആവശ്യപ്പെട്ടു. അദ്ദേഹ ത്തിനും അര മണിക്കൂർ മാത്രം. എന്നോട് കാണിച്ച അപമര്യാദയെക്കു റിച്ചും വ്യക്തിപരമായി എന്നെ അധിക്ഷേപിച്ചതിനെപ്പറ്റിയും അദ്ദേഹം വളരെ കഠിനമായി അവരെ വിമർശിച്ചു. ശരീഫ് മൗലവി യഥാർത്ഥത്തിൽ സ്റ്റേജിൽ വിറച്ചു തുള്ളുകയായിരുന്നു. സ്വന്തം നാട്ടുകാരനാണെന്നോ പ്രായാധിക്യമുള്ള ഒരു മനുഷ്യനാണെന്നോ ഉള്ള കേവലമായ പരിഗണ നപോലും നൽകാതിരുന്ന നിങ്ങളുടെ സാംസ്കാരിക ജീർണ്ണത ഇവിടെ കൂടിയ നിങ്ങളുടെ മര്യാദയുള്ള അനുയായികൾക്ക് തന്നെ ബോധ്യപ്പെ ടാതിരിക്കുകയില്ല എന്നും മൗലവി തുറന്നടിച്ചു. അതവരെ കൂടുതൽ പ്രകോപിതരാക്കുകയാണുണ്ടായത്. ശേഷം നാട്ടിക മുസ്‌ലിയാർ ശരീഫ് മൗലവിയെയും കണക്കിന് അധിക്ഷേപിച്ചു. ഞാൻ ജമാഅത്തെ ഇസ്‌ലാ മിയുടെ ശക്തനായ ഒരു വിമർശകനായിരുന്നിട്ടുപോലും എന്നെ മുസ്‌ലി യാക്കളും അനുയായികളും ചേർന്ന് കഠിനമായി ദ്രോഹിക്കുന്നത് കണ്ട പ്പോൾ ശരീഫ് മൗലവി അവിടെ പ്രതിരോധിക്കാൻ വന്നെത്തിയത് അദ്ദേ ഹത്തിൽ വ്യക്തിത്വവും സാംസ്കാരിക ഔന്നത്യവും തിളങ്ങിനിൽക്കാൻ ഇടയാക്കുകയാണ് ചെയ്തത്. എനിക്ക് അദ്ദേഹത്തോട് അകൈതവമായ നന്ദിയുണ്ട്. തിന്മയെ പ്രതിരോധിക്കാൻ അദ്ദേഹം ചെലവഴിച്ച സമയവും അതിനുവേണ്ടി രോഗാവസ്ഥയിലും ഞെരുങ്ങിയെത്തിയ അദ്ദേഹത്തിന്റെ സദ്ഗുണവും തീർച്ചയായും റബ്ബിന്റെ സന്നിധിയിൽ പരിഗണിക്കപ്പെടുക തന്നെ ചെയ്യും. അല്ലാഹു നന്മ ചെയ്യട്ടെ. ഇത്തരം ഒരു സ്നേഹപ്രകടനം കൊണ്ടോ സൗഹൃദ പ്രലോഭനം കൊണ്ടോ സ്വാധീനിക്കാൻ കഴിയുന്നവ നല്ല ഞാൻ എന്ന് അനേകം വർഷങ്ങളിലെ അനുഭവ പരിചയത്താൽ അദ്ദേഹം ബോധവാനാണ്. എന്നിട്ടും ഇങ്ങനെ പ്രവർത്തിച്ചത് അദ്ദേഹ ത്തിലുള്ള മനോഗുണത്തിന്റെ പ്രത്യക്ഷമായ തെളിവായി ഞാൻ വിലയി രുത്തുന്നു.

ആലപ്പുഴയിലെ കാര്യമാണ് പറഞ്ഞുവന്നത്. അനുബന്ധമായി ഇടക്ക് ചിലത് വേണ്ടിവന്നു. അതും അറിയേണ്ടതുതന്നെ. കനാൽ വാർഡിൽ

നടന്ന ഈ സൗഹൃദ പ്രസംഗപരിപാടി വളരെ സദ്ഫലങ്ങൾക്ക് കാരണമായി. ആലപ്പുഴ മുൻസിപ്പൽ അതിർത്തിയിലെ മിക്ക വാർഡുകളിൽ നിന്നും പ്രസംഗത്തിന് എനിക്ക് ക്ഷണം ലഭിച്ചു. ഞാൻ പോയി. അങ്ങനെ സലഫീ പ്രവർത്തനം ശക്തിപ്പെട്ടു. നമ്മുടെ നേതാക്കളും പ്രസംഗകരും അവിടെ നിരന്തരം സമ്പർക്കം പുലർത്തി. അതിൽ പ്രധാനി എന്റെ ആത്മമിത്രം കെ.സി. അബൂബക്കർ മൗലവി ആയിരുന്നു. അദ്ദേഹം എന്നെ പിന്തുണക്കാൻ എല്ലായിടത്തും ഓടിയെത്തുമായിരുന്നു. ഈ ആത്മബന്ധം, ആദർശബന്ധം, ആഴ്ന്നിറങ്ങിയ സ്നേഹം ഇടമുറിയാതെ അദ്ദേഹത്തിന്റെ ക്ഷീണാവസ്ഥയിലും എനിക്ക് ലഭിക്കുന്നു. ദുനിയാവിലെന്ന പോലെ പരലോകത്തും അദ്ദേഹത്തിന്റെ ഈ ബന്ധം എനിക്ക് സ്വർഗത്തിൽ ലഭിക്കുകയും ഞങ്ങൾക്ക് അവിടെ സഹസമ്പർക്കം ലഭിക്കുവാൻ ഇടയാക്കുകയും ചെയ്യേണമേ! എന്ന് ഹൃദയം വിതുമ്പി ഞാൻ റബ്ബിനോട് പ്രാർത്ഥിക്കുന്നു.

ആലപ്പുഴയിൽ പ്രസ്ഥാനം വളർന്നു. ആദർശബന്ധുക്കൾ അധികരിച്ചു. പ്രചാരണം ശക്തിപ്പെട്ടതോടെ എതിർപ്പും ശക്തമായി. വടക്ക് നിന്നും മേജർ മുസ്‌ലിയാക്കളുടെ ഒഴുക്കായി. ചെറിയതോതിലുള്ള അസ്വാരസ്യങ്ങൾ പലേടത്തുമുണ്ടായി. ഡോ. ഹബീബിന്റെ നയപരമായ നേതൃത്വം കാര്യങ്ങൾ വഷളാകാതെ കൊണ്ടുപോയി. ഒരിക്കൽ പുലയൻവഴി എന്ന സ്ഥലത്ത് ഞാൻ പ്രസംഗിക്കുകയാണ്. റോഡിന്റെ ഇരുവശത്തും ധാരാളം ആളുകൾ കൂടിയിട്ടുണ്ട്. പൊതുവെ അവിടത്തെ ജനങ്ങൾ വിഷയങ്ങൾ വളരെ ശ്രദ്ധിച്ചു കേൾക്കുന്ന സ്വഭാവമാണ് കണ്ടത്. പ്രസംഗം ശാന്തമായി നടക്കുന്നതിനിടയിൽ ഒരാൾ മദ്യപിച്ച് ഭയങ്കര ശബ്ദമുണ്ടാക്കി കഠാര ഉയർത്തിപ്പിടിച്ച് “നിർത്തെടാ പട്ടീ, നിന്നെ കൊല്ലുമെടാ” എന്ന് ആർത്തട്ടഹസിച്ച് മുന്നോട്ട് വന്നു. വളരെ പെട്ടെന്ന് വളണ്ടിയർമാർ സ്റ്റേജിന് ചുറ്റും രക്ഷാവലയമുണ്ടാക്കി. ജനങ്ങൾ ഇരിപ്പിടങ്ങളിൽ നിന്നും എഴുന്നേറ്റപ്പോൾ ഞാൻ അവരോട് ഇരിക്കാൻ പറഞ്ഞു. അവർ ഇരുന്നു. ഞാൻ പ്രസംഗം നിർത്തിയില്ല. ഏതാനും പ്രവർത്തകർ മുന്നോട്ട് പോകുന്നത് കണ്ടു. പിന്നീട് ശബ്ദം കേട്ടതുമില്ല. ദൂരെ എന്തു നടന്നുവെന്ന് അറിഞ്ഞില്ല. ഇരുട്ടാണ്. ഇതിനിടയിൽ ഞാൻ ഉറക്കെ വിളിച്ചുപറഞ്ഞു: ഞാൻ പട്ടിയല്ല, നായയാകുന്നു. ആണും പെണ്ണും തിരിച്ചറിഞ്ഞു ചീത്ത വിളിക്കാൻ പോലും പാവം സുന്നികൾക്കറിയില്ല. കാരണം മുസ്‌ലിയാക്കൾ അവർക്ക് അറിവ്കേടാണല്ലോ വിളമ്പിക്കൊടുക്കുന്നത്. പ്രസംഗം നടക്കുന്ന സ്ഥലത്ത് നിന്നും കുറച്ചകലെ ഒരു ദിക്ർ ഹൽഖയും ഖബറുമുണ്ട്. നമ്മുടെ പരിപാടിയോടുള്ള അമർഷം പ്രകടിപ്പിക്കാൻ മൈക്കിലൂടെ

വലിയ ശബ്ദത്തിൽ അവിടെ നിന്നും ദിക്ർ എന്ന പേരിൽ എന്തൊക്കെ യോ അലറി വിളിക്കുന്നുണ്ടായിരുന്നു. ലേശം കഴിഞ്ഞപ്പോൾ കൈക്കു ഞ്ഞുങ്ങളേയും ചുമലിലിട്ട് മുസ്‌ലിം സ്ത്രീകൾ സ്റ്റേജിന് മുമ്പിലൂടെ അവി ടേക്ക് പോകുന്നത് കണ്ടു. മന്ത്രിക്കാനും തലോടാനും വെള്ളം തെളിക്കാ നുമൊക്കെയുള്ള പുറപ്പാടാണത്. ഈ കാഴ്ച എന്നെ ലേശം ശുണ്ഠി പിടി പ്പിച്ചു. ഞാൻ കിട്ടാവുന്നത്ര ശബ്ദമുയർത്തി ഇങ്ങനെ വിളിച്ചുപറഞ്ഞു. അമ്പലങ്ങളിൽ നടക്കുന്ന പൂജയേക്കാൾ ഗുരുതരമായ ശിർക്കിന്റെ നടപ ടിയാണിത്. തുടർന്ന് അതേക്കുറിച്ച് വിശദീകരിച്ചു. കുറച്ച് കഴിഞ്ഞപ്പോൾ അവിടെ നിന്നുള്ള ശബ്ദം നേർത്തു വന്നു. പ്രസംഗം കഴിഞ്ഞു അടുത്ത വീട്ടുകാർ എന്നെ ഭക്ഷണത്തിന് കൂട്ടിക്കൊണ്ടുപോയി. അപ്പോഴും വള ണ്ടിയർമാർ കൂടെയുണ്ട്. അവരിൽ ഒരാൾ മുന്നോട്ടുവന്നു. എന്റെ കൈപി ടിച്ച് മാപ്പ് പറഞ്ഞു. എനിക്കൊന്നും മനസ്സിലായില്ല. എന്റെ അങ്കലാപ്പ് കണ്ടപ്പോൾ ആ യുവാവ് പറഞ്ഞു: ബഹളമുണ്ടാക്കി ചീത്തവിളിച്ചത് എന്റെ സഹോദരനാണ്. അവൻ മദ്യപാനിയാണ്. ആരോ ഇളക്കിവിട്ട താണ്. ഒരു വിവരവുമില്ല. മൗലവി മാപ്പാക്കണം. ഞാൻ അയാളെ പുറത്ത് തട്ടി ആശ്വസിപ്പിച്ചു. ഇതൊന്നും എനിക്ക് പുത്തരിയല്ല. നിങ്ങൾ വിഷമി ക്കേണ്ട എന്ന് പറഞ്ഞു ആശ്വസിപ്പിച്ചു. പിന്നീടാണ് കാര്യങ്ങൾ അറി ഞ്ഞത്. വളണ്ടിയർമാർ ചെന്ന് അവനെ പിടിച്ച് ശരിക്ക് കൈകാര്യം ചെയ്തു. പൊക്കിയെടുത്ത് വീട്ടിൽ കൊണ്ടുപോയി കിടത്തി. അതോടെ അവന്റെ മത്ത് ഇറങ്ങി.

കല്ലുപാലം എന്നാണ് ഓർമ്മ. അവിടെ സൈദ് മൗലവി പ്രസംഗിക്കുക യാണ്. ധാരാളം ശ്രോതാക്കളുണ്ട്. പ്രസംഗം പകുതിയായപ്പോൾ പെട്ടെന്ന് ഒരു ബഹളം. സോഡാക്കുപ്പികൾ എറിഞ്ഞുടക്കുന്ന ശബ്ദം. ആളുകൾ നാലുപാടും ഓടി. ട്യൂബ് ലൈറ്റുകൾ അണഞ്ഞു. ഭീതിജനകമായ അവ സ്ഥ. മൗലവി അക്രമിക്കപ്പെടുമെന്ന ഭയത്താൽ കൊച്ചിയിൽ നിന്നും മൗല വിയെ അനുഗമിച്ച എ.എ. ഹമീദും പി.എം. അസീസും ചേർന്ന് മൗലവി യെ പൊക്കിയെടുത്ത് കണ്ട വഴിയിലൂടെ ഓടി. ഒരു ഇടവഴികടന്നു മൗല വിയെ ഒരു വീട്ടിൽ കൊണ്ടിരുത്തി മടങ്ങിവന്നപ്പോൾ റോഡിൽ പ്രസംഗ സ്ഥലവും പരിസരവും ശൂന്യം. കുപ്പിച്ചില്ലുകൾ റോഡിൽ ചിതറിക്കിടക്കു ന്നു. ഇനി പരിപാടി നിർത്താമല്ലോ. മൗലവിയെ ഞങ്ങൾ കൊണ്ടുപോകാം എന്ന് ഹമീദ് പറഞ്ഞപ്പോൾ സംഘാടകരിൽ പ്രധാനിയായ ഒരാൾ മു ന്നോട്ടു വന്നു. അത് പാടില്ല. മൗലവി പ്രസംഗം പൂർത്തിയാക്കണം. നാളെയും തുടരണം. അല്ലെങ്കിൽ ഞങ്ങളിവിടെ ജീവിച്ചിരുന്നിട്ട് കാര്യമി ല്ല എന്നാണ് പ്രതികരിച്ചത്. അദ്ദേഹം മൈക്ക് എടുത്ത് പരിപാടി തുടരു

കയാണെന്ന് വിളിച്ചുപറഞ്ഞു. ഇനി ഇവിടെ ഒന്നുമുണ്ടാകില്ല, ഞാനാണ് പറയുന്നത്, എന്നെ നിങ്ങൾക്കറിഞ്ഞുകൂടേ എന്നൊക്കെ അദ്ദേഹം പറഞ്ഞു. ആളുകൾ ഇരുട്ടിന്റെ മറവിൽ നിന്നും സദസ്സിലേക്ക് ക്രമേണ വന്നടുത്തു. സൈദ് മൗലവിയെ കൂട്ടിക്കൊണ്ടുവന്നു. പരിപാടി തുടർന്നു. സംഘാടക നേതൃത്വം വഹിക്കുന്നയാൾ പറഞ്ഞു, മൗലവിക്ക് യാതൊന്നും സംഭവിക്കുകയില്ല. എല്ലാം ഞാൻ നോക്കിക്കൊള്ളാം. പ്രസംഗം തുടർന്നു. കുറെ കഴിഞ്ഞപ്പോൾ കുറച്ചകലെ അടിയുടെയും ഇടിയുടെയും ശബ്ദം കേട്ടു. കുറച്ചുപേർ ഓടുന്നതും അവ്യക്തമായി കണ്ടു. സൈദ് മൗലവി മൊത്തം മൂന്നു മണിക്കൂർ പ്രസംഗിച്ചു. സരസസുന്ദരവും ചിന്തോദ്ദീപകവുമായ ആ വിജ്ഞാനത്തിന്റെ നീരുറവ ജനങ്ങൾ വേണ്ടുവോളം ആസ്വദിച്ചു. ഈ രംഗത്ത് എന്റെ ആത്മ സുഹൃത്ത് സൈദ് മൗലവി നൽകിയ സേവനവും അദ്ദേഹം ശത്രുക്കളിൽ നിന്നനുഭവിച്ച പീഡനങ്ങളും വളരെയാണ്. അദ്ദേഹത്തിന്റെ ചാരത്ത് നിൽക്കാൻ യോഗ്യനല്ലാത്ത ഞാൻ പീഡങ്ങൾക്കിരയാകാതിരുന്നതിൽ അത്ഭുതപ്പെടേണ്ടതില്ലല്ലോ. കൂടുതൽ ത്യാഗം ചെയ്യുന്നവർക്ക് കൂടുതൽ ദുരനുഭവങ്ങളുണ്ടാകുന്ന രംഗമാണ് തൗഹീദിനു വേണ്ടിയുള്ള പ്രയാണം. മഹാനായ സൈദ് മൗലവിയുടെ മകൻ അബ്ദുറഹ്മാൻ അൻസാരി ഈ വേദനകളൊന്നും ശരിക്കും അറിഞ്ഞിട്ടുണ്ടാകുകയില്ല. അദ്ദേഹം അന്ന് കേവലം ബാലനാണ്. തൗഹീദിന്റെ മാർഗത്തിൽ വിലങ്ങ്തടിയായി നിന്നുകൊണ്ട് പൊതുതാൽപര്യമേഖലയെന്ന സോപ്പുമായി മനസ്സുകളിൽ കയറിയിറങ്ങുന്ന ചില ശൈത്വാന്മാരുടെ വിഘടിത നീക്കത്തിന്റെ ചുഴിയിൽ അൻസാരി കറങ്ങുന്നുണ്ടോ എന്ന് സംശയം തോന്നിക്കുന്ന ചില വാർത്തകൾ എന്റെ ചെവിയിലെത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ നിർജ്ജീവത എന്റെ സംശയം ബലപ്പെടുത്തുന്നു. എന്നെ കാണാനുള്ള അവസരം അൻസാരി പലപ്പോഴും ഒഴിവാക്കുന്നതായി ശങ്കയുണ്ട്. മോനെ അൻസാരി, ബാപ്പയുടെ പാതയാണ് ശരിയായിട്ടുള്ളത്. ആയിരങ്ങൾക്ക് തൗഹീദിന്റെ വെളിച്ചം പകർന്ന് കൊടുക്കാൻ ഒരുപാട് സഹിച്ച് മുന്നോട്ട് പോയ മഹാത്മാവാണ് നിന്റെ പിതാവ്. ആ പാതയുടെ വരമ്പത്ത് നിന്നുകൊണ്ടെങ്കിലും ജീവിതം ധന്യമാക്കണം. മോനേ, ഇത് എന്റെ വസിയ്യത്തായി കരുതണം.

സൈദ് മൗലവി പ്രസംഗം നിർത്തിയ ശേഷം ദൂരെ നടന്ന അടിപിടിയെക്കുറിച്ച് ഹമീദ് അന്വേഷിച്ചു. നേരത്തെ കുഴപ്പമുണ്ടാക്കിയ തെമ്മാടികൾ പതുക്കെ വീണ്ടും അടുത്ത് വരുന്നുണ്ടായിരുന്നു. അത് മണത്തറിഞ്ഞ സംഘാടകർ അവിടെ കാത്തുനിന്നിരുന്നു. അവർ മാതൃകാപരമായി തെമ്മാടികളെ കൈകാര്യം ചെയ്ത ശബ്ദമായിരുന്നു കേട്ടത്.

അതോടെ എല്ലാം തീർന്നു. മൗലവി പിറ്റേദിവസവും സുദീർഘമായി പ്രസംഗിച്ച ശേഷമാണ് കൊച്ചിയിലേക്ക് മടങ്ങിയത്.

ഓർമകളുടെ തീരത്ത്

## 58

# തങ്ങളുടെ പള്ളി

ആലപ്പുഴയിൽ ഇസ്‌ലാഹീ രംഗം സജീവമായി. പക്ഷെ, നമ്മുടെ ആദർശ പ്രകാരം പ്രവാചകമാതൃക പിൻപറ്റി നമസ്കാരം നിർവ്വഹിക്കാൻ കഴിയാത്ത അവസ്ഥയാണ് പള്ളികളിലുള്ളത്. ബിദ്അത്തുകളുടെ സങ്കേതങ്ങളായി പള്ളികളെ മുസ്‌ലിയാക്കൾ മാറ്റിയല്ലോ. സ്വന്തമായി ഒരു മസ്ജിദ് വേണമെന്നുള്ള ആശ സ്വാഭാവികമായും ആളുകളിലുണ്ടായി. സാമ്പത്തികമായി ഒരു ഭാരമാണല്ലോ അത്. ഉടനെ പരിഹരിക്കാൻ കഴിയുന്നതുമല്ല. അങ്ങനെയിരിക്കെ ചില സുഹൃത്തുക്കൾ ഒരു കാര്യം ഉണർത്തി. ശ്രമിച്ചാൽ ഒരു പള്ളി കൈവശം കിട്ടാൻ സാധ്യതയുണ്ട്. അന്ന് തെക്കൻ കേരളത്തിലെ ഇസ്‌ലാഹീ പ്രവർത്തനത്തിന്റെ മേൽനോട്ടം വഹിക്കുന്നത് ബാബു– ത്വാഹിർ സേട്ടുമാരാണ്. അവർ ധാരാളം പണവും സമയവും ഇതിന്നായി ചെലവഴിക്കുന്നുണ്ടായിരുന്നു. അവരുടെ കുടുംബ ട്രസ്റ്റുകളിൽ നിന്നുള്ള വരുമാനത്തിന്റെ അധികഭാഗവും തൗഹീദ് പ്രചാരണത്തിന് വിനിയോഗിക്കുകയാണ്. അന്നും ഇന്നും മഹത്തായ ഈ കർമ്മം നടന്നുവരുന്നു. ഒരു നൂറ്റാണ്ടിലേറെയായി തലമുറകളിലൂടെ ഈ കുടുംബം ദീനീസേവകരായി പ്രവർത്തിക്കുന്നു.

കുറുക്കൻ തങ്ങളുടെ പള്ളി എന്നറിയപ്പെടുന്ന ഒരു പഴയ മസ്ജിദ് ആലപ്പുഴ ടൗണിലുണ്ട്. ഒരു തങ്ങൾ കുടുംബത്തിന്റെ വകയാണത്. പള്ളി ശോച്യാവസ്ഥയിലാണ്. മുതവല്ലിയായ തങ്ങൾ രോഗിയായി കഴിയുന്നു. ദാരിദ്ര്യവും കൂടിയായപ്പോൾ അവശതയിലും. തങ്ങൾ കുടുംബത്തിന്റെ പള്ളിയായിതിനാൽ മറ്റാരും അത് ശ്രദ്ധിക്കുന്നില്ല. പരിപാലനം ഇല്ലാതായപ്പോൾ ജീർണത വർദ്ധിച്ചു. തങ്ങളുടെ അവശതക്ക് പരിഹാരമായി എന്തെങ്കിലും ധനസഹായം ചെയ്താൽ പള്ളിപരിപാലനത്തിന്റെ ചുമതല അദ്ദേഹം വിട്ടുതരാൻ സാധ്യതയുണ്ടെന്ന് മനസ്സിലാക്കി. വിവരം ബാബു സേട്ടുവിനേയും ത്വാഹിർ സേട്ടുവിനേയും ധരിപ്പിച്ചു. കാര്യം കേട്ടപ്പോൾ അവർക്കും ഉത്സാഹമായി. ഒരു പള്ളി സജീവമാക്കുന്ന വിഷയമല്ലേ. അത് മുഖേന പ്രവാചകന്റെ സുന്നത്തുകൾ ഹയാത്താക്കുകയും ചെയ്യാം. പുണ്യം ആഗ്രഹിച്ചുകൊണ്ട് അവർ ഒരുങ്ങി. അങ്ങനെ ഞങ്ങൾ

മുതവല്ലിയായ തങ്ങളെ വീട്ടിൽ ചെന്നു കണ്ടു. കേട്ടറിഞ്ഞതിനേക്കാൾ അവശതയിലാണ് അദ്ദേഹത്തിന്റെ അവസ്ഥ. വളരെ വിഷമം തോന്നി. പതിനായിരം രൂപയുടെ സഹായ വാഗ്ദാനം നൽകി. പകരം പള്ളിയുടെ പരിപാലന ചുമതല ഞങ്ങൾക്ക് തരാൻ അഭ്യർത്ഥിച്ചു. എഴുപതുകളിൽ പതിനായിരം രൂപ ഇന്നത്തെ ഒരു ലക്ഷമാണ്. തന്റെ ജീവിത പ്രയാസങ്ങൾക്ക് ഒരു പരിഹാരവും അടഞ്ഞുകിടക്കുന്ന അല്ലാഹുവിന്റെ ഭവനം സജീവമാകുമെന്ന സന്തോഷവും നിമിത്തം നിഷ്കളങ്കനായ തങ്ങൾ താൽപര്യപൂർവ്വം പള്ളിയുടെ താക്കോൽ സേട്ടുമാരെ ഏല്പിച്ചു. 2500 രൂപ അദ്ദേഹത്തിന് ആദ്യ ഗഡുവായി നൽകി. അതോടെ തിരക്കിട്ട ജോലികളായിരുന്നു.

പള്ളി തുറന്നു. അട്ടിയായി കിടന്ന അഴുക്കുകൾ മാറ്റി വൃത്തിയിലും മോടിയിലുമാക്കി. നമസ്കാരം ആരംഭിച്ചു. എല്ലാ ബിദ്അത്തുകളിൽ നിന്നും മുക്തമായ, പ്രവാചകചര്യയനുസരിച്ചുള്ള നമസ്കാരം. നമ്മുടെ ആളുകൾക്ക് ആശ്വാസവും ആഹ്ലാദവുമായി. എന്നാൽ പള്ളിയുടെ ചെരുവിൽ രണ്ടുമൂന്ന് ഖബറുകൾ സ്ഥിതിചെയ്തിരുന്നു. തങ്ങൾ കുടുംബത്തിലെ ആരുടെയോ ആയിരുന്നു അത്. ജീർണ്ണാവസ്ഥയിൽ അത് തകർന്നിരുന്നു. നമ്മുടെ സ്നേഹിതന്മാർക്ക് ഇത് അസഹ്യമായി. ആ ഖബറുകൾ ഒഴിവാക്കി പള്ളി ശുദ്ധീകരിക്കണമെന്ന മോഹം അതിമോഹമായി മാറി. അവിടെ വൃത്തിയാക്കിയാൽ ചന്ദനത്തിരിയുമായി പരിസരവാസികൾ എത്തുമെന്ന ശങ്കയായിരുന്നു അവർക്ക്. ശിർക്കിന്റെ ആ നടപടികളിലേക്ക് തിരിച്ചുപോകാൻ ഇടയാക്കരുതെന്ന വാശിയിൽ ഒരു രാത്രി അവർ അതെല്ലാം പൊളിച്ചുനീക്കി നിലം സിമന്റിട്ടു വൃത്തിയാക്കി. വളരെ പുണ്യകരമായ ഒരു കാര്യമാണവർ ചെയ്തത്. പക്ഷെ, ആവേശത്താൽ കൂടുതൽ ധൃതി കാണിച്ചു. വിവരം പതുക്കെ കാതോട് കാതോരം മുസ്‌ലിയാക്കളുടെ ചെവിയിൽ എത്തി. അവർ തങ്ങളുടെ അടുക്കലെത്തി ആ പാവത്തിനെ ഭീഷണിപ്പെടുത്തി. പക്ഷെ, അദ്ദേഹം കൂട്ടാക്കിയില്ല. നമസ്കാരം പോലുമില്ലാതെ പള്ളി അടഞ്ഞുകിടന്നു നശിച്ചുകൊണ്ടിരുന്നപ്പോൾ നിങ്ങളൊക്കെ എവിടെയായിരുന്നു? അവർ നല്ല കൂട്ടരാണ്, പള്ളി അവർ നന്നാക്കുകയും നമസ്കാരം തുടങ്ങുകയും ചെയ്തില്ലേ, ഖബർ പൊയ്ക്കൊള്ളട്ടെ, എനിക്ക് അതിൽ ആവലാതിയില്ല എന്ന് തങ്ങൾ പറഞ്ഞു. വിശപ്പടക്കാൻ പോലും സൗകര്യമില്ലാതിരുന്ന ആ നല്ല മനുഷ്യൻ നന്ദികാണിച്ചു. പക്ഷെ, മുസ്‌ലിയാക്കൾ അടങ്ങിയില്ല. അവർ രഹസ്യമായി അനുയായികളെ സംഘടിപ്പിച്ചു. ഒരു ദിവസം അസർ നമസ്കാരാനന്തരം നമ്മുടെ ഏതാനും സുഹൃത്തുക്കൾ പള്ളിവരാന്തയിൽ സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഒരു വൻ കൂട്ടം പാഞ്ഞുവന്നു. അവരെ വലിച്ചു

പുറത്തിട്ടു. പള്ളിക്കകത്ത് കയറി വട്ടമിട്ടിരുന്നു. റാത്തീബ് തുടങ്ങി. അതോടെ നമ്മൾ പുറത്തായി. പള്ളിക്കകത്ത് നിന്നും ഖബറുകളും ചന്ദനത്തിരിക്കെട്ടുകൾ പുകയുന്ന അഗ്നിപൂജയും ചിഹ്നങ്ങളും ഇല്ലാതാക്കൻ ശ്രമിച്ചതിന്റെ പുണ്യം എന്തായാലും നമ്മുടെ സ്നേഹിതന്മാർക്ക് അല്ലാഹു നൽകാതിരിക്കുകയില്ല. ജീർണത മാറ്റി പൂർണത വരുത്തിയതിന്റെ പുണ്യം!

പള്ളി കയ്യേറിയ വിവരം കൊച്ചിയിലും പരന്നു. പിറ്റേ ദിവസം ഡോ. ഹബീബിന്റെ നേതൃത്വത്തിൽ നമ്മുടെ ഇസ്‌ലാഹീ സുഹൃത്തുക്കൾ ടൗണിൽ ഒരു പ്രതിഷേധ യോഗം സംഘടിപ്പിച്ചു. ഞാനും സുഹൃത്തുക്കളും അവിടെയെത്തി. മുൻ നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ നഫീസത്ത് ബീവിയും അതിൽ പങ്കെടുക്കാൻ എത്തിയിട്ടുണ്ട്. അവർ സലഫീ ആദർശാഭിമുഖ്യമുള്ള മാന്യ വനിതയാണ്. ജാതിമത ഭേദമന്യേ വമ്പിച്ച ജനക്കൂട്ടം യോഗസ്ഥലത്തുണ്ട്. എന്റെ പ്രസംഗത്തിന്റെ സമാപനം വലിയ വികാരപരമായ അവസ്ഥയിലായിരുന്നു. ഞാൻ ഒരു പ്രാർത്ഥന ഉരുവിട്ടു. അതിന്റെ സാരമിതാണ്. അല്ലാഹുവേ, ഞങ്ങൾക്ക് നഷ്ടപ്പെട്ടതിനേക്കാൾ ഉത്തമമായത് നീ ഔദാര്യമായി നൽകി ഞങ്ങളെ അനുഗ്രഹിക്കേണമേ. ഞാൻ പ്രാർത്ഥിക്കുകയും ജനം ആമീൻ ചൊല്ലുകയുമല്ല ഉണ്ടായത്. ഞാൻ പ്രാർഥന ചൊല്ലുകയും ആളുകൾ കൂട്ടമായി അതേറ്റുചൊല്ലുവാൻ ആവശ്യപ്പെടുകയുമായിരുന്നു. പ്രാർത്ഥന ആവർത്തിച്ചാവർത്തിച്ച് ചൊല്ലിക്കൊണ്ടിരുന്നു. ശബ്ദമുഖരിതമായ ആ പ്രാർത്ഥനാ സദസ്സിനെ ആശീർവദിക്കാൻ തീർച്ചയായും അല്ലാഹുവിന്റെ മലക്കുകൾ ഇറങ്ങിവന്നിട്ടുണ്ടായിരിക്കും എന്നാണെന്റെ ഉറച്ച വിശ്വാസം. ആ പ്രാർത്ഥന അല്ലാഹുവിൽ സ്വീകരിക്കപ്പെട്ടു. ഏറ്റവും ഉത്തമമായ നിലയിൽ തന്നെ. ആലപ്പുഴ സിവിൽസ്റ്റേഷന്റെ മുമ്പിൽ ടൗണിന്റെ സുപ്രധാന ഭാഗത്ത് റോഡിന്റെ വക്കത്ത്, ബസ്റ്റോപ്പിന്റെ മുമ്പിലുള്ള ഏതാനും പീടികമുറികളുമടക്കം വിൽപ്പനക്കായി വന്നു. ചുരുക്കി പറയട്ടെ, അത് നമുക്ക് സ്വന്തമായി. ബാബു- ത്വാഹിർ സേട്ടുമാർ ആ വിഷയത്തിൽ കാണിച്ച ഉത്സാഹവും ധനസഹായങ്ങളും വിലമതിക്കാവതല്ല. അവർക്കും കുടുംബത്തിനും അല്ലാഹു എല്ലാവിധ അനുഗ്രഹങ്ങളും നൽകുമാറാകട്ടെ. മർഹും സാലെ സേട്ടുവിന്റെയും സഹായവും പിന്തുണയും സ്മരിക്കപ്പെടേണ്ടതുതന്നെ.

ഫോർട്ടുകൊച്ചിയിൽ സൽസബീൽ മസ്ജിദിനുവേണ്ടി ഞാൻ വാങ്ങിയ സ്ഥലവും ആലപ്പുഴയിൽ വാങ്ങിയ സ്ഥലവും തുടർന്നു കാര്യങ്ങൾ നടത്താൻ കഴിയാതെ കിടക്കുകയാണ്. രണ്ടിടത്തും നമസ്കാരവും ജുമുഅയും തുടങ്ങണം. നമ്മുടെ സ്നേഹിതന്മാർ കാത്തിരിപ്പാണ്. സാധുക്കളായ അവർക്ക് ഒന്നും കഴിയില്ല. ഞാൻ ആലോചിച്ചു. പരിഹാരമുണ്ടാക്ക

ണം. സൽസബീൽ ട്രസ്റ്റിനുവേണ്ടി ഞാൻ തിരൂർക്കാട് കുറെ ഭൂമി വാങ്ങി യിട്ടിരുന്നു. അവിടെ ചമയങ്ങളൊന്നുമില്ല. കുറച്ച് വൃക്ഷങ്ങളേയുള്ള. ഞാൻ അത് വിറ്റു. ലേശം അതിർകവിച്ചലായിരുന്നു അത്. കമ്മിറ്റിയോട് ആലോചിക്കാതെയുള്ള എടുത്തുചാട്ടമായിപ്പോയി. സദുദ്ദേശ്യത്താൽ ഞാൻ എടുത്തുചാടി. കമ്മിറ്റിയിൽ ചോദ്യമുണ്ടായി. ഞാൻ മാപ്പു പറ ഞ്ഞു. എന്റെ ഉദ്ദേശ്യശുദ്ധി അവർക്ക് ബോധ്യപ്പെട്ടിരിക്കാം. അവർ എന്റെ മാപ്പ് സ്വീകരിച്ചു. കിട്ടിയ സംഖ്യയിൽ പകുതി സൽസബീൽ പള്ളിക്കു വേണ്ടി ഒരു താൽക്കാലിക ഷെഡ്ഡുണ്ടാക്കാൻ കൊടുത്തു. ബാക്കി ആല പ്പുഴക്കും നൽകി. രണ്ടിടത്തും നമസ്കാരവും ജുമുഅയും തുടങ്ങി. റബ്ബിന് സ്തുതി! പിന്നീട് രണ്ടു പള്ളികളും ഭാഗികമായി പുനർനിർമ്മാണം നട ത്താൻ കുവൈത്തിലെ സലഫി ട്രസ്റ്റിൽ നിന്ന് സഹായം ലഭിച്ചു. ആല പ്പുഴ മസ്ജിദ് പീടികമുറികളുടെ വാടകയോടെ സ്വയംപര്യാപ്തമായി. പക്ഷെ, സൽസബീൽ മസ്ജിദ് ആദർശബന്ധുക്കളുടെ സഹായത്തി ലാണ് ഇന്നും നടന്നുവരുന്നത്. അതിന്റെ മുതവല്ലി കെ.കെ. ഉമർ സാഹിബ് ദീർഘകാലമായി ഈ ത്യാഗശ്രമം തുടർന്നുവരികയാണ്. ഈ മഹത്തായ പുണ്യകർമ്മത്തിൽ സഹായികളും സഹകാരികളുമായി വർ ത്തിച്ചവർക്കെല്ലാം അല്ലാഹു മഹത്തായ പ്രതിഫലം നൽകുമാറാകട്ടെ. ആലപ്പുഴയിൽ പലേടത്തായി പള്ളികളുണ്ടായി. കൊച്ചിയിലെ ബശീർ സേട്ട്, ആലപ്പുഴയിലെ സുബൈർ കുട്ടിഹാജി എന്നിവരുടെ മുഖ്യ സഹാ യത്തിൽ കാര്യങ്ങൾ നടന്നു. ഇരുവരും ദീനീവിഷയത്തിൽ കൈയ്യിലു ള്ളത് ചെലവഴിക്കാൻ ഒരു മടിയുമില്ലാത്തവരാണ്. അവർ സ്വർഗത്തിൽ ഇരിപ്പിടമാണ് ആശിക്കുന്നതെങ്കിൽ അല്ലാഹു അവർക്ക് അത് സാധിപ്പിച്ചു കൊടുക്കട്ടെ. ദുൻയാവിൽ ബർക്കത്തുകൾ നൽകുകയും ചെയ്യുമാറാകട്ടെ.

ഓർമകളുടെ തീരത്ത്

## 59

# ഷാർജയിൽ നിന്നൊരോർമ്മ

ഓർമ്മകൾ വന്നു മനസ്സിൽ കൊളുത്തുന്നു. വർഷവും തീയതിയും വഴിക്കുവഴിയാകണമെന്നില്ലല്ലോ. മനസ്സിൽ വന്നുകയറിയത് വഴുതിപ്പോ കാതെ കുറിക്കുമ്പോൾ മുൻപോട്ടും പോയിക്കൊണ്ടിരിക്കും. 78ലാണത് എന്നാണ് ഓർമ്മ. കൊച്ചിയിൽ നിന്ന് വിട്ടുമാറി സൽസബീൽ പ്രസ്സ് തിരൂർക്കാട്ടേക്ക് മാറ്റി. താമസം അവിടെ തന്നെയാക്കി. കൊച്ചിലുണ്ടായി രുന്ന പ്രസ്സിലെ ജോലിക്കാർ എന്നോടൊത്ത് തിരൂർക്കാട്ടേക്ക് വരികയും

ചെയ്തു. ഹമീദ് മാത്രം വന്നില്ല. വളരെ ഞാൻ നിർബന്ധിച്ചു. എന്തുകൊണ്ടോ കൂട്ടാക്കിയില്ല. എനിക്ക് സങ്കടം ഉണ്ടായി. എന്തുചെയ്യും. സഹിച്ചു. കുടുംബാദികളുടെ നിർബന്ധത്തിന് ചില കാരണങ്ങളാൽ ഞാൻ വഴങ്ങേണ്ടിവന്നു. അതൊരു ബുദ്ധികേടായിപ്പോയി എന്ന് അനുഭവത്തിൽ നിന്നും ബോധ്യമായി. പ്രസ്സിന്റെ ചുമതല എന്റെ അളിയൻ എം. ഉസ്മാനെ ഏൽപിച്ചു. മാസിക നടത്തിപ്പ് ഹമീദിന്റെ അഭാവത്തിൽ എനിക്ക് ഭാരമായി. അപ്പോൾ കെ.എം. മൗലവിയുടെ മകൻ ടി.കെ. മുഹ്യിദ്ദീൻ ഉമരി എന്നെ സഹായിക്കാൻ വന്നു. സഹപത്രാധിപരായി അദ്ദേഹത്തെ നിയമിച്ചു. സൽസബീൽ വർഷത്തിൽ രണ്ടു മാസം ലീവായിരിക്കും. കൊല്ലത്തിൽ പത്തുലക്കം. ലീവെടുത്ത ഒരു മാസം ഞാനും മുഹ്യിദ്ദീൻ ഉമരിയും ചേർന്ന് ഗൾഫിലേക്ക് ഒരു യാത്ര പോയി.

ഞങ്ങൾ ഷാർജയിൽ എത്തി. ഷാർജ ഗവൺമെന്റിലെ ഗ്രാന്റ് മുഫ്തിയുടെ (ചീഫ് ജസ്റ്റിസ്) പദവിയിലായിരുന്ന ശൈഖ് അബ്ദുല്ലഅലി മഹ്മൂദ് അവർകൾ എന്റെ ഒരു പഴയ സുഹൃത്തായിരുന്നു. അതിനാൽ ശൈഖ് അവർകളുടെ അതിഥിയായി അദ്ദേഹത്തിന്റെ ബംഗ്ലാവിലാണ് ഞങ്ങൾ താമസിച്ചത്. അദ്ദേഹം കറകളഞ്ഞ സലഫീ ചിന്തകനും വലിയ പണ്ഡിതനും നിയമജ്ഞനുമാണ്. എന്നോട് വലിയ സ്നേഹമാണ്. ഇദ്ദേഹം റാബിത്വത്തിൽ ആലമിൽ ഇസ്ലാമിയയുടെ സ്ഥാപക നേതാക്കളിൽ ഒരാളായിരുന്നു. ഞങ്ങൾ ഷാർജയിൽ എത്തുമ്പോൾ കാന്തപുരം അബൂബക്കർ മുസ്ലിയാർ അവിടെയുള്ളതായി സുഹൃത്തുക്കളിൽ നിന്നറിഞ്ഞു. ശൈഖിന്റെ ഒരു ശുപാർശക്കത്ത് വാങ്ങി റാബിത്വയിൽ അംഗത്വം സമ്പാദിക്കാനുള്ള ശ്രമത്തിലാണ് മുസ്ലിയാർ എന്നും അറിഞ്ഞു. ഒരു സലഫിയായി അഭിനയിച്ച് മുസ്ലിയാർ ശൈഖിനെ ഏറെക്കുറെ സ്വാധീനിച്ചിട്ടുണ്ട്. ഇങ്ങനെ വേഷം മാറി ഗൾഫിലും സുഊദിയിലും യാത്ര ചെയ്ത് ധാരാളം പണ്ഡിതന്മാരെയും പണക്കാരേയും ഇദ്ദേഹം വെട്ടിലാക്കിയ സംഭവങ്ങൾ എനിക്കറിയാം. ഹജ്ജ് വേളയിൽ ഒരിക്കൽ ബഹുമാന്യനായ എ. അലവി മൗലവിയേയും ഡോ. ഉസ്മാൻ സാഹിബിനേയും ഈ നിലയിൽ കബളിപ്പിച്ച് ഹറമിൽ പ്രസംഗിക്കാനുള്ള അവസരം മുസ്ലിയാർ നേടിയെടുത്തതും തങ്ങൾക്ക് സംഭവിച്ച അമളി മനസ്സിലാക്കി അവർ ഖേദിച്ചതുമായ വിവരം ഡോക്ടർ തന്നെ സൽസബീലിൽ മുൻപ് എഴുതിയിട്ടുണ്ട്.

ഞാൻ ഷാർജയിൽ എത്തിയ ഉടനെ എന്നെ സുഹൃത്തുക്കൾ വളഞ്ഞു. കാന്തപുരത്തിന്റെ യഥാർത്ഥ രൂപം ശൈഖിനെ അറിയിക്കണമെന്ന് അവർ നിർബന്ധിച്ചു. ഒരു തക്കതായ സന്ദർഭം ഉണ്ടാകുകയോ ശൈഖ് അവർ

കൾ മുസ്‌ലിയാരെക്കുറിച്ച് എന്നോട് അന്വേഷിക്കുകയോ ചെയ്യാത്ത സ്ഥിതിയിൽ മുൻകടന്ന് ഞാനതിന് ഒരുങ്ങുകയില്ലെന്ന് അവരോട് തീർത്തു പറഞ്ഞു. അവർക്ക് എന്നോട് നീരസമുണ്ടായെങ്കിലും ഞാൻ അത് കാര്യമാക്കിയില്ല. എന്റെ മനസ്സിൽ തോന്നിയ ശരി അതായിരുന്നു. ശൈഖ് അവർകൾ മുസ്‌ലിയാരുടെ കെണിയിൽ ഏതാണ്ട് അകപ്പെട്ട നിലയിലായിരുന്നു. കാരണം, വിട്ടുവീഴ്ചയില്ലാത്ത കണിശക്കാരനായ ഒരു സലഫീ ആദർശക്കാരനായിട്ടാണ് കാന്തപുരം ശൈഖിന്റെ മുമ്പിൽ അവതരിച്ചതും ഇടപഴകിയതും. അപ്പോൾ മറിച്ചൊരു വാർത്തയുമായി ഞാൻ ശൈഖിനെ സമീപിക്കുന്നതുകൊണ്ട് അദ്ദേഹത്തിന്റെ വെറുപ്പിന് പാത്രീഭൂതനാകുകയല്ലാതെ മറ്റൊന്നുമുണ്ടാവില്ല. ഒരു അവസരം വന്നുചേരാതിരിക്കുകയില്ലെന്ന് ഞാൻ പ്രതീക്ഷിച്ചു. പ്രാർത്ഥിക്കുകയും ചെയ്തു.

അങ്ങനെയിരിക്കെ ഒരുനാൾ ശൈഖിന്റെ ബംഗ്ലാവിൽ ഒരു ഉച്ചവിരുന്ന് സജ്ജമായി. അറബികൾ പൊതുവെ വലിയ അതിഥി സൽക്കാരപ്രിയരാണ്. മറുനാട്ടിൽ നിന്ന് വന്നെത്തുന്ന പ്രിയപ്പെട്ടവരെ ഒന്നിച്ചുകൂട്ടി സൽക്കാരം നടത്തും. പുറത്തുനിന്നു വരുന്നവർക്കും പരസ്പരം പരിചയപ്പെടാൻ ഇതൊരു നല്ല അവസരമായിരിക്കും. ഇത്തരം ചില വിരുന്നു സദസ്സുകളിൽ വെച്ച് പരിചയപ്പെടാനും പിന്നീട് സുഹൃത്തുക്കളാകാനും ഇടയായ ചില പ്രമുഖരും എനിക്കുണ്ടായിട്ടുണ്ട്. ഷാർജാ ചീഫ് ജസ്ററിസിന്റെ വിരുന്ന് സദസ്സിലേക്ക് അദ്ദേഹത്തിന്റെ പ്രിയം സമ്പാദിച്ചു കഴിഞ്ഞ കാന്തപുരവും കൂട്ടുകാരനും ക്ഷണിക്കപ്പെട്ടു. ഞങ്ങളും അവിടെയുണ്ട്. മലയാളിയായ ചില പ്രമുഖർ വേറെയുമുണ്ട്. അറബി പണ്ഡിതന്മാരിൽപെട്ട ചില ആദരണീയ വ്യക്തികളും വന്നിട്ടുണ്ട്. ഞങ്ങളെല്ലാവരും ഭക്ഷണമേശക്ക് ചുറ്റും ഒരുമിച്ചു. കാന്തപുരം മുസ്‌ലിയാർ എന്റെ അടുത്തായിരുന്നു സ്ഥാനംപിടിച്ചത്. വളരെ സ്നേഹത്തിൽ ബഹുമാനപുരസ്സരം എന്ന് തോന്നിപ്പിക്കുന്ന വിധം എന്നോട് അദ്ദേഹം പെരുമാറുകയും കുശലം പറയുകയും ചെയ്തുകൊണ്ടിരുന്നു. യഥാർത്ഥത്തിൽ എന്നെ വകവരുത്താൻ മാത്രം ദേഷ്യം അദ്ദേഹത്തിന് എന്നോടുണ്ടെന്ന് എനിക്കറിയാം. എങ്കിലും, ഇങ്ങോട്ട് കാണിച്ചതിന് സമാനമായിട്ടല്ലെങ്കിലും ഞാൻ മാന്യമായിതന്നെ അങ്ങോട്ടും പെരുമാറി. ഞങ്ങൾ സഭയിൽ പരസ്പരം പലതും സംസാരിച്ചുകൊണ്ടിരുന്ന കൂട്ടത്തിൽ ശൈഖ് ഒരു ചരിത്ര സംഭവം അനുസ്മരിക്കുകയും വിശദീകരിക്കുകയും ചെയ്തു. വിഷയമിതായിരുന്നു.

നബിﷺ സ്വഹാബികളുമായി ഹുനൈനിലേക്ക് യാത്ര ചെയ്യുകയാണ്. വഴിമദ്ധ്യേ ഒരു സംഭവമുണ്ടായി. മുശ്‌രിക്കുകൾ അക്കാലത്ത് ആരാധിച്ചുപോന്ന ഒരു നേർച്ചമരം ഉണ്ടായിരുന്നു. യുദ്ധോപകരണങ്ങൾ ആ നേർച്ച

വൃക്ഷത്തിന്മേൽ അവർ തൂക്കിയിടും. ശേഷം അവർ അതെടുത്ത് ഉപയോഗിക്കും. നമ്മുടെ നാട്ടിൽ ചില ജാറങ്ങളിൽ ഇത്തരം പൂജകൾ നടപ്പിലുണ്ട്. വൃക്ഷം നിൽക്കുന്ന സ്ഥലത്ത് എത്തിയപ്പോൾ സ്വഹാബികളിൽ ചിലർ ഒരു അബദ്ധം പറഞ്ഞു. തലമുറകളായി ശീലിച്ചുവന്ന ബഹുദൈവാരാധനയുടെ ചില അംശങ്ങൾ മായാതെ അവരുടെ മനസ്സിന്റെ കോണുകളിലെവിടെയോ ബാക്കി നിൽക്കുന്നുണ്ടായിരുന്നു എന്നുവേണം അനുമാനിക്കാൻ. അത്തരത്തിലുള്ള ഒരു വാചകമാണ് ചിലരിൽ നിന്നും പുറത്ത് വന്നത്. അവർ പറഞ്ഞു: “അല്ലാഹുവിന്റെ ദൂതരേ, ഞങ്ങൾക്ക് ഇത് പോലൊരു മരം ഏർപ്പാടാക്കിയാലും”. ഇത് കേട്ട നബിﷺ വല്ലാതെ കോപിഷ്ഠനായി. ബനൂ ഇസ്റാഈൽ സമൂഹം ഒരു കൂട്ടമാളുകൾ വിഗ്രഹാരാധന നടത്തുന്നത് ഒരിക്കൽ കണ്ടപ്പോൾ മൂസാനബി(അ)നോട് പറഞ്ഞു, “മൂസാ, ഞങ്ങൾക്കും ഒരാരാധ്യവസ്തു തയ്യാറാക്കിത്തരിക”. ഇസ്റാഈല്യർ മൂസയോട് പറഞ്ഞത് പോലെ നിങ്ങളും എന്നോട് പറയുകയാണോ എന്ന് ചോദിച്ചുകൊണ്ട് നബിﷺ അവരെ ശാസിക്കുകയുണ്ടായി. ഇത് സംബന്ധമായ ഹദീഥ് ശൈഖ് അവർകൾ വായിച്ചു. എന്നിട്ടദ്ദേഹം പറഞ്ഞു. “നമ്മുടെ സമുദായത്തിന്റെ കാര്യം എത്ര ദയനീയം. മഹാത്മാക്കളുടെ ഖബറുകളും ചിഹ്നങ്ങളും ജനങ്ങൾ പൂജിക്കുന്നുവല്ലോ.”

ഞാൻ ആഗ്രഹിച്ചിരുന്ന അവസരം എന്നെ തേടിയെത്തിയെന്ന് എനിക്ക് ബോധ്യമായി. ഞാൻ പറഞ്ഞു: ഈ ദുരവസ്ഥ ലോകമാകെ വ്യാപിച്ചിരിക്കുന്നു. ഞങ്ങളുടെ നാട്ടിലും ഇതേറെയുണ്ട്. കുറെ പണ്ഡിതന്മാർ ഇത്തരം ശിർക്കുപരമായ കാര്യങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിൽ നിരന്തരം വ്യാപൃതരാണ്. അത്തരത്തിലുള്ള ഒരു പണ്ഡിതസംഘടന തന്നെ ഞങ്ങളുടെ നാട്ടിൽ പ്രവർത്തിക്കുന്നുണ്ട്. ആ സംഘത്തിന്റെ ഒരു പ്രധാന പ്രചാരകനാണ് എന്റെ അടുത്തിരിക്കുന്ന ഈ അബൂബക്കർ മുസ്ലിയാർ. കാന്തപുരം സ്വാഭാവികമായും പൊട്ടിത്തെറിച്ചു. ഉമർ മൗലവി പറയുന്നത് അപ്പാടെ കളവാണ് എന്ന് ക്ഷോഭത്തോടെ പ്രതിവചിച്ചു. താൻ ഒരിക്കലും ശിർക്കിന്റെ പ്രചാരകനല്ലെന്നും തൗഹീദിന്റെ സന്നദ്ധ ഭടനാണെന്നും വിശ്വസിപ്പിക്കാൻ ആ സദസ്സിൽ അദ്ദേഹം കിണഞ്ഞു ശ്രമിച്ചു. പക്ഷെ, മനസ്സിൽ ഉറച്ചുകിടക്കുന്നതും പറഞ്ഞുശീലിച്ചതുമായ ശിർക്ക് അറിയാതെ നാവിൽ നിന്ന് പുറത്തുചാടി. എന്റെ വാക്കുകൾ കേട്ടയുടനെ ശൈഖ് അവർകൾ അത്ഭുതവിവശനായി ചോദ്യരൂപത്തിൽ എന്നോട് “വല്ലാഹി” എന്ന് ശബ്ദിച്ചു. ഞാൻ മറുപടിയായി ആ പദം ആവർത്തിക്കുകയും ചെയ്തു. അല്ലാഹുവിനെ സാക്ഷിയാക്കിയുള്ള സത്യം ചെയ്യലാണത്. കാന്ത

പുരം മുസ്‌ലിയാരുടെ മനസ്സ് സമ്മതം കൊടുത്തില്ലെങ്കിലും നാവ് മൊഴിഞ്ഞ വാചകമിതായിരുന്നു: "ഞങ്ങൾ ഔലിയാക്കളെ വിളിക്കുന്നത് രക്ഷിക്കാനവർ പ്രാപ്തരാണെന്ന വിശ്വാസത്തിലല്ല. ഞങ്ങൾക്ക് വേണ്ടി അവർ റബ്ബിനോട് ശുപാർശ ചെയ്യുമെന്ന ആശയിൽ മാത്രമാണ്." പെട്ടെന്ന് ശൈഖിന്റെ പ്രതികരണമുണ്ടായി. "എങ്കിൽ നിങ്ങൾ മുശ്‌രിക്കാണല്ലോ." മൂന്നുതവണ ഈ വാചകം കോപത്തോടെ അദ്ദേഹം ആവർത്തിച്ചു.

സദസ്സാകെ ഒന്നിളകി. മലയാളികളിൽ ചിലർ എന്നെ കുറ്റപ്പെടുത്തി. "ഇപ്പോൾ നിങ്ങളിത് പറയാൻ പാടില്ലായിരുന്നു" എന്നാണവർ ന്യായം പറഞ്ഞത്. പിന്നെ എപ്പോഴാണ് പറയുക? ഇനി ഇതുപോലെ ഒരു സന്ദർഭം വേറെ കിട്ടുമെന്ന് എന്താണുറപ്പ്? ഞാൻ മറുപടി പറഞ്ഞു. ഭക്ഷണം കഴിഞ്ഞു. കൈ കഴുകുന്ന ടാപ്പിനരികിൽ വെച്ച് കാന്തപുരം എന്നെ ഭീഷണിപ്പെടുത്തുന്ന രൂപത്തിൽ ചില പദപ്രയോഗങ്ങൾ നടത്തി. ഞാൻ അതിനോട് ഒട്ടും പ്രതികരിച്ചില്ല. പ്രതികരിച്ചാൽ നല്ല ഫലമുണ്ടാകുമെന്ന് എനിക്കറിയാം. പക്ഷെ, വ്യക്തിപരമായ സ്നേഹ- വിദ്വേഷങ്ങളുടെ പ്രശ്നമിവിടെയില്ലല്ലോ. ആദർശപരമായ വിയോജിപ്പ് മാത്രം.

അങ്ങനെ ശൈഖ് അബ്ദുല്ല അലി മഹ്മൂദ് അവർകളെ കെണിയിലാക്കി റാബിത്വയിൽ അംഗത്വം കരസ്ഥമാക്കാനുള്ള കാന്തപുരത്തിന്റെ തന്ത്രം അതോടെ പൊളിഞ്ഞു. എന്റെ സഹയാത്രികനായ ഉമരിക്കും സുഹൃത്തുക്കൾക്കും നല്ല ഭയമുണ്ടായിരുന്നു. കാന്തപുരം നടത്തിയ ഭീഷണി നാട്ടിലെത്തിയാൽ തന്റെ അനുയായികൾ മുഖേന നടപ്പിലാക്കുമോ? ഞാൻ രാപകലില്ലാതെ നാടുചുറ്റുന്നവനാണ്. മിക്കപ്പോഴും യാത്ര തനിച്ചായിരിക്കും. വല്ലവരും ഉപദ്രവമേൽപിക്കാമെന്ന് കരുതിയാൽ ഓടി രക്ഷപ്പെടാൻ പ്രായം സഹായകമല്ല, സുഹൃത്തുക്കൾ നിരന്തരം ഉപദേശിക്കും. ചിലപ്പോൾ ശാസിക്കും. ഞാൻ മൗനം ദീക്ഷിക്കും. എന്തു സൂക്ഷിക്കാൻ? ഇന്ദിരാഗാന്ധിയും രാജീവ് ഗാന്ധിയും സൂക്ഷിക്കാതിരുന്നതാണോ കൊല്ലപ്പെടാൻ കാരണം? അല്ല. സൂക്ഷ്മതയും രക്ഷാവലയവും കണക്കിലേറെയായിരുന്നു അവർക്ക്. എന്നിട്ടും അത് സംഭവിച്ചില്ലേ. അല്ലാഹുവിന്റെ ദീനിനു വേണ്ടിയുള്ള യാത്രയിൽ ശത്രുക്കളിൽ നിന്നും വല്ല ദ്രോഹവുമുണ്ടായാൽ അതിന്റെ പുണ്യവും കൂടി ലഭിക്കുമല്ലോ എന്ന് ഞാൻ ആശ്വസിച്ചു. അല്ലാഹുവിൽ തവക്കുൽ ചെയ്തു. അവൻ ഇച്ഛിക്കുന്നത് നടക്കട്ടെ എന്ന് കരുതി. പക്ഷെ, യാതൊന്നും സംഭവിച്ചില്ല. എന്റെ ശരീരത്തിൽ എവിടെ നിന്നും ഒരാക്രമണം നേരിട്ടില്ല. നട്ടപ്പാതിരാവിൽ പോലും ഏകനായി ഞാൻ റോഡിലൂടെ നടക്കും. ചില ലോറികൾക്ക് കൈ കാണിക്കും. ചിലർ നിർത്തും. എന്നെ കയറ്റി ടൗണിന്റെ മധ്യത്തിലോ ബസ്റ്റാന്റിലോ

ഇറക്കിവിടും. അങ്ങനെയുള്ള ഒരു സന്ദർഭം ഇപ്പോൾ ഞാൻ ഓർക്കുകയാണ്. ഒരു ദിവസം പാതിരാവ് കഴിഞ്ഞ രണ്ടുമണി നേരം. ഞാൻ എവിടെ നിന്നോ ബസ്സിൽ മലപ്പുറത്ത് വന്നിറങ്ങി. ഏതെങ്കിലും ബസ്സ് വരുമെന്നാശിച്ച് കുറെ നേരം നിന്നു. ഫലമില്ല. തിരൂർക്കാട്ടേക്ക് പതിനാലു കിലോമീറ്റർ ദൂരം. ഒരു തോന്നൽ. പതുക്കെ നടക്കാം. വഴിയിൽ വല്ല ലോറിയോ കാറോ കൈകാട്ടി നിർത്തിക്കിട്ടിയാൽ തിരൂർക്കാട്ടേക്ക് കയറാം. ഞാൻ നടന്നു, രണ്ടു കിലോമീറ്ററോളം. റോഡിൽ ഒരു മനുഷ്യജീവിയുമില്ല. പിറകെ വന്ന രണ്ടുമൂന്നു വണ്ടികൾക്ക് കൈ കാണിച്ചു നോക്കി. നിർത്തിയില്ല. ഒരു ലോറി വരുന്നുണ്ട്. വെറുതെ കൈ കാണിച്ചു. ലോറി നിർത്തി. ക്യാബിൻ വളരെ ഉയരത്തിലാണ്. കയറാൻ കഴിയുന്നില്ല. ഡ്രൈവർ വന്നു എന്നെ സഹായിച്ചു കയറ്റി. ഡ്രൈവർ ചോദിച്ചു. മൗലവി എന്നെ അറിയുമോ. എനിക്ക് മനസ്സിലായില്ല. അദ്ദേഹം പറഞ്ഞു. ഞാൻ നിങ്ങളുടെ ഒരു ശിഷ്യനാണ്. മൗലവി മുഖേനയാണ് ഞാൻ ഹിദായത്തിലായത്. എനിക്ക് കരച്ചിൽ വന്നു. അല്ലാഹുവിനെ സ്തുതിച്ചു. സംസാരം കേട്ടപ്പോൾ ആ മനുഷ്യനും കരയുകയാണെന്ന് എനിക്ക് തോന്നി. വല്ലാത്ത ഒരനുഭവമായിരുന്നു അത്. വണ്ടി വീടിനു മുമ്പിലുള്ള റോഡിൽ അരിക് ചേർത്ത് നിർത്തി. അദ്ദേഹം ഇറങ്ങി ഇപ്പുറത്ത് വന്ന് എന്നെ താങ്ങിയിറക്കി. കൂടെ വീട്ടിലേക്ക് വന്നു. വീട്ടുകാർ ഉണർന്ന് വാതിൽ തുറന്ന ശേഷമാണ് എന്റെ സ്നേഹസമ്പന്നനായ ശിഷ്യൻ യാത്ര പറഞ്ഞത്. ആ നല്ല മനുഷ്യനെ സൽക്കരിക്കാൻ കഴിയാത്തതിൽ ഞാൻ വേദനിച്ചു. ഇതുപോലെ ഒരിക്കൽ ഇരുട്ടിൽ നടക്കുമ്പോൾ ഒരു കാർ എതിരെ വന്നു മുമ്പിൽ നിന്നു. ഞാൻ ലേശം ഭയന്നു. കാറിനകത്തുനിന്ന് അസ്സലാമു അലൈക്കും എന്ന ശബ്ദം കേട്ടപ്പോൾ ആശ്വാസമായി. അദ്ദേഹം എന്നെ കാറിൽ കയറ്റി. എനിക്ക് മുൻപരിചയമില്ല. പക്ഷെ, അദ്ദേഹം എന്നെ അറിയും. ഞാൻ എഴുതിയ പലതും വായിച്ചിട്ടുണ്ടത്രെ. എന്റെ ഖുർആൻ തർജമ അദ്ദേഹത്തിന്റെ കൈവശം ഉണ്ട്. അദ്ദേഹം എന്നെ തന്റെ വീട്ടിലേക്കാണ് കൊണ്ടുപോയത്. മനോഹരമായ വലിയ വീട്. ഭക്ഷണം കഴിച്ചതാണോ എന്ന് ചോദിച്ചു. ഞാൻ അത്താഴം കഴിച്ചിരുന്നില്ല. അദ്ദേഹം വീട്ടുകാരെ ഉണർത്തി എന്തോ ഭക്ഷണം തയ്യാറാക്കാൻ കൽപിച്ചപ്പോൾ ഞാൻ തടഞ്ഞു. എനിക്ക് പഴം ഉണ്ടെങ്കിൽ കിട്ടിയാൽ മതി. രണ്ടു ഏത്തപ്പഴം കൊണ്ടുവന്നു. അതും ഒരു ഗ്ലാസ് വെള്ളവും കഴിച്ചു. അദ്ദേഹം നൽകിയ മുറിയിൽ സുഖമായി ഉറങ്ങി. രാവിലെ അദ്ദേഹം കാറിൽ കൊണ്ടുവന്നു ബസ് സ്റ്റാന്റിൽ വിട്ടു. ഇങ്ങനെ എത്രയെത്ര ഓർമ്മകൾ, അനുഭവങ്ങൾ!

ആ കൂട്ടത്തിൽ വികാരഭരിതമായ ഒരനുഭവംകൂടി പറയാം. കണ്ണൂർ

പിലാത്തറയിൽ നടന്ന മുജാഹിദ് സംസ്ഥാന സമ്മേളനത്തിന്റെ പ്രചരണാർത്ഥം ഞാനും ഹുസൈൻ മടവൂരും ഹസൻ മദീനി (ആലുവ) യുമൊത്ത് സുഊദി അറേബ്യയിലേക്ക് യാത്ര പോയ കാര്യം മുമ്പ് വിവരിച്ചിട്ടുണ്ട്. എനിക്ക് ഒരു ചെറിയ അറ്റാക്ക് നിമിത്തം യാത്ര ഇടക്ക് വെച്ച് നിർത്തി നാട്ടിലേക്ക് മടങ്ങി. ഞാൻ രോഗിയാണെന്ന് വിമാനത്തിന്റെ ഓഫീസിൽ വേണ്ടപ്പെട്ടവർ അറിയിച്ചതിനാൽ എനിക്ക് പ്രത്യേക പരിചരണം ലഭിച്ചിരുന്നു. വീൽചെയറിലാണ് അവർ എന്നെ കൊണ്ടുപോയിരുന്നത്. വിമാനം ബോംബെയിലിറങ്ങി. എന്നെ ജോലിക്കാർ വീൽചെയറിൽ ഇരുത്തി കൊണ്ടുപോകുകയാണ്. അപ്പോൾ അതാ ഒരാൾ ഓടിവന്ന് ചെയറിന്മേൽ പിടിച്ചു. തിരൂർക്കാട് സ്വദേശി. സുന്നികളുടെ വലിയ നേതാവ് മമ്മത് ഫൈസി. എന്റെ ആദർശവീഥിയിലെ ശക്തനായ എതിരാളി. വീൽചെയറിന്റെ പിടി അദ്ദേഹം ഏറ്റെടുത്തു. ജോലിക്കാരെ എന്തോ പറഞ്ഞു ഒഴിവാക്കി. എന്നെ ഉന്തിക്കൊണ്ട് പോയി. കോഴിക്കോട്ടേക്കുള്ള വിമാനത്തിൽ എന്നോടൊത്ത് വന്നു. എന്നെ പരിചരിച്ചു. സ്നേഹാദരവോടെ പെരുമാറി. കരിപ്പൂർ വിമാനത്താവളത്തിലെത്തി. വീണ്ടും വീൽചെയറിൽ അദ്ദേഹം എന്നെ പുറത്തേക്ക് കൊണ്ടുവന്നു. മമ്മദ് ഹാജി ബിസിനസ്സ് ആവശ്യാർത്ഥം സദാ അറബ് രാജ്യങ്ങളിൽ യാത്ര ചെയ്യുന്ന ദേഹമാണ്. പുറത്ത് എന്നെ കൊണ്ടുവന്ന ശേഷം അദ്ദേഹം തന്നെ ഒരു ടാക്സി വിളിച്ചു. മൗലവിക്ക് എങ്ങോട്ടാണ് പോകേണ്ടത് എന്ന് ചോദിച്ചു. 'കോഴിക്കോട് മുജാഹിദ് സെന്ററിലേക്ക്' ഞാൻ പറഞ്ഞു. അദ്ദേഹം എന്നെ കാറിൽ കയറ്റി. ടാക്സി വാടക സ്വന്തം പോക്കറ്റിൽ നിന്നു തന്നെ കൊടുത്തു. അദ്ദേഹത്തിന് അത് നിർബന്ധമായിരുന്നു. അങ്ങനെ സ്നേഹപൂർവ്വം യാത്രയാക്കി.

മമ്മത് ഹാജിയിൽ നിന്നും നന്ദിപൂർവ്വം സ്മരിക്കുന്ന വേറെയും ഒരനുഭവമുണ്ട്. തിരൂർക്കാട് ഒരു ഷെഡ്ഡിലാണ് ഞങ്ങൾ നമസ്കാരവും ജുമുഅയും തുടങ്ങിയത്. പള്ളി പണിയാൻ ആരംഭിച്ചു. നാട്ടിലുള്ള സലഫീ സുഹൃത്തുക്കൾ കഴിവനുസരിച്ച് വിഹിതം നൽകി. പുറമെ നിന്നും സംഭാവനകൾ ശേഖരിച്ചു. പണി പൂർത്തിയായിട്ടില്ല. ഞാൻ ഒരു യാത്ര കഴിഞ്ഞു വീട്ടിലെത്തിയപ്പോൾ മകൻ മുബാറക്കും മറ്റും ചേർന്ന് എന്നോട് പറഞ്ഞു. പള്ളിയുടെ പണി തീർക്കാൻ ഇനിയും അധികം പണം വേണം. മുബാറക്കിന് ഒരാലോചന. മമ്മദ് ഹാജി നമ്മുടെ അയൽക്കാരനാണല്ലോ. അദ്ദേഹം സ്ഥലത്തുണ്ട്. ഉപ്പ ഞങ്ങളോടൊത്ത് അദ്ദേഹത്തെ സമീപിച്ചാൽ എന്തെങ്കിലും സഹായം ലഭിക്കാതിരിക്കില്ല. ലേശം മടിയും ശങ്കയും ഉണ്ടായിരുന്നെങ്കിലും ഞാൻ കൂടെ പോയി. അദ്ദേഹം വളരെ സ്നേഹത്തോടെ

ഞങ്ങളെ സ്വീകരിച്ചു. എന്നോട് വല്ലാത്തൊരു ആദരവാണ് പ്രകടിപ്പിച്ചത്. മുബാറക്കാണ് കാര്യം അവതരിപ്പിച്ചത്. എന്നെയും സുഹൃത്തുക്കളേയും അത്ഭുതപരതന്ത്രരാക്കിക്കൊണ്ട് അദ്ദേഹം നൂറുചാക്ക് സിമന്റ് വാഗ്ദാനം ചെയ്തു. അല്ലാഹുവിന് സ്തുതി. അദ്ദേഹത്തോട് എത്ര നന്ദി പറഞ്ഞാലും മതിയാകാത്ത മനസ്സുമായിട്ടാണ് ഞാൻ മടങ്ങിയത്. അല്ലാഹു അദ്ദേഹത്തിന് അർഹമായ പ്രതിഫലം നൽകുമാറാകട്ടെ. ചില അനുഭവങ്ങൾ എത്ര പഴകിയാലും മനസ്സിന്റെ കോണിൽ ബാക്കിയാകും. അതിൽ വേദനിക്കുന്നവ ഉണ്ടാകും. സന്തോഷിക്കുന്നതുമുണ്ടാകും. മധുരിക്കുന്ന ഓർമ്മകളും ഊറിക്കിടക്കും. മമ്മദ് ഹാജിയിൽ നിന്നുണ്ടായ അനുഭവങ്ങൾ മധുരതരമായ ആഹ്ലാദത്തിന്റേതാണ്. ആദർശപരമായി ഞങ്ങൾ രണ്ട് ധ്രുവങ്ങളിലാണ് സ്ഥിതിചെയ്യുന്നതെങ്കിലും വ്യക്തിപരമായ സ്നേഹാദരവുകൾ പരസ്പരം കാത്തുസൂക്ഷിച്ചു. അതിൽ എന്റെ ഭാഗത്ത് നിന്ന് വീഴ്ച വന്നിട്ടുണ്ടോ എന്നാണ് ഇപ്പോഴുള്ള ഭയം. അല്ലാഹു മാപ്പ് ചെയ്യട്ടെ.

ഓർമകളുടെ തീരത്ത്

## 60

# ഫിത്ന ഉണ്ടാക്കിയ ഫിത്ന

സുന്നികളുടെ നേതാവായിരുന്ന ടി.കെ. അബ്ദുല്ല മൗലവി (പരപ്പനങ്ങാടി) ഒരു ഖുർആൻ പരിഭാഷ പ്രസിദ്ധീകരിച്ചു. ജലാലൈനി തഫ്സീറിന്റെ നേർ തർജമയെന്നാണ് പരസ്യം ചെയ്തത്. ഇതിന് 'സുന്നി പരിഭാഷ' എന്ന് സ്ഥാനം നൽകിക്കൊണ്ട് പാണക്കാട് പൂക്കോയതങ്ങൾ അവതാരികയും രചിച്ചു.

വിശുദ്ധ ഖുർആനിൽ അൽ ബഖറ 193ലും അൽ അൻഫാൽ 39ലും "ഫിത്ന ഉണ്ടാകാതെയാകുന്നതുവരെ നിങ്ങൾ യുദ്ധം ചെയ്തുകൊണ്ടിരിക്കുക." എന്നർത്ഥം വരുന്ന വചനമുണ്ട്. അതായത്, 'ലാഇലാഹ ഇല്ലല്ലാഹു' എന്ന കലിമ ചൊല്ലുകയും അത് പ്രകാരം ജീവിക്കുകയും ജനങ്ങളെ അതിലേക്ക് ക്ഷണിക്കുകയും ചെയ്താൽ കൊന്നുകളയുമെന്ന് ദുർജ്ജനം ഭീഷണിപ്പെടുത്തി. പ്രവാചകന്മാരേയും പാവപ്പെട്ട അനുചരന്മാരേയും അവർ കൊലപ്പെടുത്തി. അഗ്നിയിൽ ജീവനോടെ ദഹിപ്പിക്കൽ വരെ ഉണ്ടായിട്ടുണ്ട്. നിരന്തരം മർദിക്കുകയും നാടുകടത്തുകയും ചെയ്തിട്ടുണ്ട്. ഇതാണ് ഫിത്ന. ഫിത്ന കൊടമ്പിരി കൊണ്ടപ്പോൾ പകരംവീട്ടൽ യുദ്ധത്തിൽ കലാശിച്ചു. ഇസ്‌ലാമിക ചരിത്രത്തിൽ യുദ്ധമുണ്ടായത്

ഇങ്ങനെയാണ്. നാടുവെട്ടിപ്പിടിക്കാനും സമ്പത്ത് വാരിക്കൂട്ടാനും ഇസ് ലാമിൽ യുദ്ധം അനുവദിച്ചിട്ടില്ല. അല്ലാഹുവിനെ മാത്രം ആരാധിച്ചു ജീവി ക്കുന്നവരെ ആരും പീഡിപ്പിക്കരുത്. പൗരസ്വാതന്ത്ര്യവും ആരാധനാ സ്വാ തന്ത്ര്യവും നൽകിയേ പറ്റൂ. ഇതിനു വേണ്ടി യുദ്ധം അനുവദിച്ചു. എപ്പോ ഴാണ് യുദ്ധം നിർത്തേണ്ടതെന്ന് മേൽപറഞ്ഞ വചനത്തിൽ കൽപിച്ചു. മർദ്ദനം ഒഴിവാക്കിയാൽ യുദ്ധം അവസാനിപ്പിക്കാം. ഇതാണ് ആയത്തി ലെ വിഷയം.

വിശദാംശങ്ങളിലേക്ക് പോകും മുമ്പ് മറ്റൊന്ന് നിങ്ങളുടെ ശ്രദ്ധയിൽ പെടുത്താം. '98 മാർച്ചിലെ ശബാബ് വാരികയിലെ ഒരു ലക്കത്തിൽ ഒരു ചോദ്യം വന്നു. 1892ൽ സ്വാമി വിവേകാനന്ദൻ ലണ്ടനിൽ നടത്തിയ ഒരു പ്രഭാഷണത്തിൽ അമുസ്ലിംകൾ ഇസ്ലാം സ്വീകരിക്കാൻ തയ്യാറാ കാതെ നിന്നാൽ അവരെ കൊന്നുകളയാൻ ഇസ്ലാം കൽപിക്കുന്നുണ്ട് എന്ന് പറഞ്ഞുവത്രെ! ഇത് സംബന്ധമായ ചോദ്യത്തിന് നല്ല മറുപടി ശബാബ് കൊടുക്കുകയും ചെയ്തു. ഇത് നൂറ്റാണ്ടുകൾ പഴക്കമുള്ള ഒരു ആരോപണമാണ്. സുന്നി പരിഭാഷയിൽ ഫിത്ന എന്നതിന് ശിർക്ക് (ബഹുദൈവാരാധന) എന്ന അർത്ഥം കൊടുത്തിട്ടുണ്ട്. അപ്പോൾ വിവേ കാനന്ദ സ്വാമിയെ ആക്ഷേപിക്കാൻ നമുക്ക് ന്യായമില്ലല്ലോ. ഇത്തരം തഫ്സീറുകാരും തർജമക്കാരുമല്ലേ ഇതിനുത്തരവാദികൾ? മഹാ അബ ദ്ധവും ഭയങ്കര അപകടകരവുമാണ് ഈ അർത്ഥം.

എന്നാൽ പല കിതാബുകളിലും ഈ അർത്ഥം സ്ഥലം പിടിച്ചിട്ടുണ്ട്. മഹാനായ ഇബ്നു അബ്ബാസിന്റെ ﵄ പേരിലാണ് ഇത് പ്രചരിപ്പിക്കപ്പെട്ടത്. കിതാബുകളിൽ കാണുന്ന യുക്തിരഹിതമായ കാര്യങ്ങൾ അപ്പടി വിഴു ങ്ങാൻ നമുക്ക് സാധ്യമല്ല. ഇബ്നു അബ്ബാസ് ﵄ ഈ അർത്ഥം പറയുകയി ല്ല എന്നത് അങ്ങേയറ്റം ഉറപ്പാണ്. അതിന് എമ്പാടും തെളിവുണ്ട്. പണ്ടു കാലങ്ങളിൽ പിശാചിന്റെ മിത്രങ്ങൾ വേദവാക്യങ്ങൾ തന്നെ മാറ്റുകയാ യിരുന്നു പതിവ്. ഖുർആന്റെ കാലമായപ്പോൾ ഇതിന് കഴിയാത്ത അവ സ്ഥയുണ്ടായി. അല്ലാഹു ഇതിനൊരു ശക്തമായ സംരക്ഷണ വലയമു ണ്ടാക്കി. അപ്പോൾ പിശാചിന്റെ കൂട്ടുകാർ അർത്ഥം മാറ്റുന്ന വഴിയിലേക്ക് തിരിഞ്ഞു. ഇങ്ങനെ ധാരാളം സംഭവിച്ചിട്ടുണ്ട്. അതിൽ പെട്ടതാണ് ഇബ് നു അബ്ബാസിന്റെ പേരിൽ പ്രചരിപ്പിക്കപ്പെട്ട ഈ വ്യാജ അർത്ഥം. കൂടുതൽ വ്യാപകമായി പ്രചാരം ലഭിക്കുന്നതിനാണ് ഇബ്നു അബ്ബാസിന്റെ പേര് പിശാച് ഉപയോഗപ്പെടുത്തിയത്. ഖുർആനിന്റെ ആശയം ഇബ്നു അബ്ബാ സിന് ഗ്രഹിപ്പിക്കേണമേ എന്ന് നബി ﷺ പ്രാർത്ഥിച്ചിട്ടുണ്ട്. അപ്പോൾ കാര്യം എളുപ്പമായി. ഇതാണ് പൈശാചിക തന്ത്രം. ഈ പ്രചാരണം ജലാലൈനി

തഫ്സീറിലും കടന്നുകൂടി. അതിന്റെ പരിഭാഷയെന്ന നിലയിൽ ടി.കെ. മൗലവിയും ഈ അർത്ഥം തന്നെ എടുത്തു പറഞ്ഞു. ഫാസിസ്റ്റുകൾക്ക് അവരുടെ പരിശീലന ക്യാമ്പുകളിൽ പയറ്റാനുള്ള ഒരായുധമായിത്തീരും ഈ പരിഭാഷ എന്ന് ഞാൻ ഭയപ്പെട്ടു. പരിഭാഷ പുറത്തിറങ്ങിയ ഉടനെ ഞാൻ ടി.കെ.ക്ക് വിഷയം സൂചിപ്പിച്ച് കത്തയച്ചു. സമുദായത്തിന് വലിയ അപകടം ക്ഷണിച്ച് വരുത്തുന്ന ഈ മഹാ തെറ്റ് തിരുത്തണമെന്ന് ആവശ്യപ്പെട്ടു. അവതാരകനേയും വിവരം അറിയിച്ചു. ഫിത്നക്ക് മർദ്ദനം, പീഡനം, പരീക്ഷണം എന്നൊക്കെയാണ് ഇവിടെ അർത്ഥമെന്നും ഞാൻ എഴുതി. വളരെ മോശമായിരുന്നു പ്രതികരണം. ഒടുവിൽ സൽസബീലിലൂടെ അദ്ദേഹവുമായി ഒരു ഖണ്ഡന- മണ്ഡന പരമ്പര തന്നെ നടന്നു. ഒടുവിൽ അദ്ദേഹം ന്യായീകരിച്ചു; ശിർക്കില്ലാതാകുകയെന്നു വെച്ചാൽ ശിർക്കിന്റെ വക്താക്കളുടെ ശൂരത ഇല്ലാതാകുക എന്നാണ് ഉദ്ദേശ്യം. അപ്പോൾ ഞാൻ തിരുത്താൻ ശ്രമിച്ചു. നിങ്ങൾ മനസ്സിൽ ഉദ്ദേശിച്ചത് ആളുകൾ വായിക്കുകയില്ലല്ലോ. എഴുതിയതല്ലേ വായിക്കൂ. എഴുതിയേടത്ത് തിരുത്തണം. തിരുത്താൻ തക്ക വിനയം അദ്ദേഹത്തിനുണ്ടായില്ല. അദ്ദേഹം മരണപ്പെട്ടു.

എന്റെ മനസ്സിൽ നിന്നും ഈ വിഷയം വിട്ടുപോയിട്ടില്ല. വർഷങ്ങൾക്കു ശേഷം ഞാൻ സമുദായ നേതാക്കൾക്കായി ഒരു അഭ്യർത്ഥന അടിച്ചിറക്കി. സുന്നീ ഖുർആൻ പരിഭാഷയിൽ അത്യന്തം അപകടകരമായ ഒരു വിഷയം വന്നിട്ടുണ്ട്. മുസ്‌ലിംകൾക്കെതിരിൽ ശത്രുക്കൾക്ക് വലിയൊരായുധവും മുസ്‌ലിം യുവഹൃദയങ്ങളിൽ അതിഭയാനകമായ തീവ്രവാദവും കോൺക്രീറ്റു ചെയ്യാൻ ഇടയാക്കുന്ന ഈ അർത്ഥവും ആശയവും സുന്നീ മുസ്‌ലിയാക്കളെക്കൊണ്ട് നിങ്ങൾ തിരുത്തിക്കണം എന്ന് ഞാൻ അപേക്ഷിച്ചു. ഇത് ഞാൻ കൈകാര്യം ചെയ്യേണ്ട വിഷയമല്ലല്ലോ, പണ്ഡിതന്മാരുടെ മുമ്പിൽ ഞാനിത് അവതരിപ്പിക്കാം എന്ന് മറുപടിയെഴുതി ഒരു വലിയ നോതാവ്. തികച്ചും മാന്യമായ മറുപടി. ഇതുപോലെ തന്നെ മുൻ മന്ത്രി പി.എം. അബൂബക്കർ സാഹിബും എന്നോട് മുഖദാവിൽ പറഞ്ഞു. പക്ഷെ, ഒന്നുമുണ്ടായില്ല. ദേഷ്യം തോന്നിയപ്പോൾ പ്രസാധകർക്ക് ഞാൻ വക്കീൽ നോട്ടീസ് അയച്ചു. അവർ മറുപടി തന്നു. വളരെ മോശമായ മറുപടി. കേസുമായി മുന്നോട്ടുപോകുവാൻ ഞാൻ ഒരുങ്ങി. പക്ഷെ, സുഹൃത്തുക്കളായ പല മുസ്‌ലിം വക്കീലന്മാരും എന്നെ അതിൽ നിന്നും പിന്തിരിപ്പിക്കുവാനാണ് ശ്രമിച്ചത്. സമുദായത്തെ മൊത്തത്തിൽ ബാധിക്കുന്ന ചില പൊതു താൽപര്യവിഷയങ്ങൾ ന്യായങ്ങളായി അവർ എന്റെ മുമ്പിൽ വെച്ചു. കുറച്ച് വ്യക്തികളുടെ കയ്യിൽ

മാത്രം ഒതുങ്ങിയിരിക്കുന്ന ഈ പ്രശ്നം ഒരു ദേശീയ വാർത്തയായി വരാൻ കോടതി നടപടികൾ ഇടയാക്കുമെന്നും അത് ഗുണത്തേക്കാളേറെ ദോഷമായി ഭവിക്കുമെന്നുമായിരുന്നു അവരുടെ പ്രധാനമായ ന്യായവാദം. ഞാൻ വഴങ്ങുകയില്ലെന്ന് തോന്നിയപ്പോൾ എന്നെ ആശ്വസിപ്പിക്കാൻ ശ്രമം നടത്തി. “മൗലവി പരിഭാഷകനേയും പ്രസാധകനേയും മറ്റു വേണ്ടപ്പെട്ടവരേയും വിഷയം കാര്യകാരണ സഹിതം തെര്യപ്പെടുത്തിയല്ലോ. മൗലവിയുടെ വായനക്കാരിലും വിഷയം എത്തിച്ചു. അപ്പോൾ അല്ലാഹുവിന്റെ മുമ്പിൽ നിങ്ങളുടെ ബാധ്യത തീർന്നുവല്ലോ. അത്രയും മതി.”

ഖുർആനിലും സുന്നത്തിലും യഥേഷ്ടം കൈകടത്തുന്ന പൗരോഹിത്യത്തിന്റെ സ്വഭാവത്തിന് ചരിത്രത്തിന്റെ അങ്ങേത്തല വരെ പഴക്കമുണ്ട്. എന്തു പറഞ്ഞാലും ചെയ്താലും ഏറ്റു പറയാനും അന്ധമായി പിന്തുണക്കാനും മഹാഭൂരിപക്ഷം തങ്ങളോടൊത്ത് ഉണ്ടാകുമെന്ന ധൈര്യമാണ് ഇവരുടെ സമ്പാദ്യം. പക്ഷെ, ആരും പിന്തുണക്കാനില്ലാതെ ഏകനായി നിൽക്കേണ്ടിവരുന്നു ഒരു ദിവസം വരാനുണ്ട്. അന്ന് ന്യായവാദങ്ങൾ വിലപ്പോകുകയില്ല. കളവ് പറയാൻ കഴിയുകയില്ല. “ആ ദിനത്തിൽ അവരുടെ വായകൾക്ക് നാം മുദ്രവെക്കുന്നതാണ്. അവരുടെ കൈകൾ നമ്മോട് സംസാരിക്കുകയും അവരുടെ കാലുകൾ അതിനു സാക്ഷി പറയുകയും ചെയ്യുന്നതാകുന്നു, അവർ പ്രവർത്തിച്ചതിനെക്കുറിച്ച്” (യാസീൻ). എന്നാൽ ഈ ദിവസത്തിന്റെ യാഥാർത്ഥ്യത്തിൽ ദൃഢവിശ്വാസമുള്ളവർക്കല്ലേ അതേക്കുറിച്ച് ഭയമുണ്ടാകൂ. പരലോകത്തെക്കുറിച്ച് എഴുതിയതുകൊണ്ടോ പ്രസംഗിച്ചതുകൊണ്ടോ അതിൽ വിശ്വാസമുണ്ടായിക്കൊള്ളണമെന്നില്ല. ചിലരുടെ പ്രവൃത്തി കാണുമ്പോൾ ഇത് ബോധ്യപ്പെടും. ഒരു പണ്ഡിത വേഷധാരി ഒരിക്കൽ വ്യഭിചാരത്തിന്റെ ഇഹ-പര ദോഷങ്ങളെക്കുറിച്ച് ഒരു മണിക്കൂറിലധികം പ്രസംഗിച്ചു. അന്ന് പാതിരാവിന് ശേഷം അയാളെ അവിഹിത വേഴ്ചക്ക് തൊണ്ടിസഹിതം ആളുകൾ പിടിച്ചു. അയാൾ കാലുപിടിച്ചു കരഞ്ഞു മാപ്പു പറഞ്ഞു രക്ഷപ്പെട്ടു. ഇപ്പോൾ അദ്ദേഹം വലിയ ധനികനാണ്. ഇങ്ങനെയെത്രയെത്ര സംഭവങ്ങൾ! ഖുർആൻ ചോദിക്കുന്നു. “നിങ്ങൾ പ്രവർത്തിക്കാത്തതിനെ എന്തിന് പറഞ്ഞുനടക്കുന്നു.” മനുഷ്യജീവിതത്തെ ആകമാനം ചൂഴ്ന്നിറങ്ങുന്ന ഈ താക്കീത് ഏവർക്കും പാഠമായിരിക്കട്ടെ, എനിക്കും.

‘ഫിത്ന’ എന്ന പ്രയോഗം ഖുർആനിൽ അനേകം സ്ഥലങ്ങളിൽ വന്നിട്ടുണ്ട്. വിവാദപരവും പഠനാർഹവുമായ ഒരു വിഷയമെന്ന നിലയിൽ ഖുർആനിൽ ഈ പദം വന്നിട്ടുള്ള ഏതാനും സന്ദർഭങ്ങൾ എന്റെ വായനക്കാർ ഗ്രഹിക്കണമെന്ന് ആശിക്കുന്നു.

1. അൽബഖറ- 102 "അവർ ഇരുവരും യാതൊരാളെയും പഠിപ്പിച്ചിരുന്നില്ല, ഞങ്ങൾ ഒരു 'ഫിത്ന' തന്നെയാണ്, നീ കാഫിറായിപ്പോകേണ്ട എന്ന് പറഞ്ഞുകോണ്ടല്ലാതെ"

അവർ (ഹാറൂത്ത്, മാറൂത്ത്) ഏതൊരാൾക്കും സിഹ്ർ പഠിപ്പിക്കുമ്പോഴും പറയുക പതിവായിരുന്നു, ഞങ്ങളെ അല്ലാഹു അയച്ചിരിക്കുന്നത് നിങ്ങളെ സിഹ്ർ പഠിപ്പിച്ച് അത് നിങ്ങളെ കൊണ്ട് പ്രവർത്തിപ്പിക്കാൻ വേണ്ടിയല്ല. നിങ്ങൾ കാഫിറാകേണ്ട. സിഹ്ർ ചെയ്യുന്നവർ കാഫിറാകും എന്ന് പറഞ്ഞ ശേഷമേ പഠിപ്പിച്ചിരുന്നുള്ളൂ. ഇവിടെ ശിർക്ക് എന്നല്ല അർത്ഥം. പരീക്ഷണം എന്നുതന്നെയാണ്.

2. അൻഫാൽ- 25 "ഒരു ഫിത്ന വരുന്നത് നിങ്ങൾ സൂക്ഷിച്ചു കൊള്ളുക. അത് ബാധിക്കുക നിങ്ങളിൽ നിന്നുള്ള അക്രമികളായിട്ടുള്ളവർക്ക് മാത്രമായിട്ടാകില്ല." (എല്ലാവർക്കും വ്യാപകമായി ബാധിക്കും) അതായത് ചില അക്രമങ്ങൾ നിമിത്തം കുറ്റവാളികൾക്കും നിരപരാധികൾക്കും പൊതുവെ ഏൽക്കേണ്ടിവരുന്ന ശിക്ഷാനടപടികൾ സൂചിപ്പിക്കുന്നു എന്ന് സാരം. ഇവിടെ ഫിത്നക്ക് പരീക്ഷണം, ശിക്ഷ എന്നാണർത്ഥം. ശിർക്ക് എന്ന അർത്ഥം ഒക്കുകയില്ല.

3. അൻഫാൽ- 28 "നിശ്ചയമായും സമ്പത്തും സന്താനങ്ങളും ഒരു ഫിത്ന തന്നെയാണെന്നറിയുക" സമ്പത്ത് നിമിത്തവും മക്കൾ നിമിത്തവും ദോഷവും ഗുണവും വരാം. സൂക്ഷിക്കണമെന്ന് സാരം. ഇവിടെയും ഈ വാക്കിന് പരീക്ഷണം എന്നാണർത്ഥം.

4. തഗാബുൻ- 15 "തീർച്ചയായും നിങ്ങളുടെ മുതലുകളും സന്താനങ്ങളും ഒരു ഫിത്ന തന്നെയാണ്." പരീക്ഷണമ എന്നർത്ഥമാണിവിടെയും.

5. അൻഫാൽ- 73 "ഇത് നിങ്ങൾ പ്രാവർത്തികമാക്കിയില്ലെങ്കിൽ ഭൂമിയിൽ ഫിത്ന ഉണ്ടാകും" എന്നു വെച്ചാൽ നിങ്ങൾ സത്യവിശ്വാസികളെ സഹായിക്കണം. കരാർ പാലിക്കണം. പൊതു ശത്രുവിനെതിരിൽ സജ്ജരായി ഭദ്രമായി സംഘടിക്കണം. അത് നിങ്ങൾ ചെയ്യാത്തപക്ഷം ഭൂമിയിൽ ഫിത്ന ഉണ്ടാകും. കുഴപ്പമുണ്ടാകുമെന്നാണിവിടെ അർത്ഥം. ശിർക്ക് അല്ല.

6. യൂനുസ് – 85 "ഞങ്ങളുടെ രക്ഷിതാവേ, അക്രമികളായ ജനതക്ക് ഞങ്ങളെ ഫിത്നയാക്കരുതേ" ഞങ്ങളുടെ ദുരവസ്ഥ കണ്ടിട്ട് നീതിക്കും സത്യത്തിനും വിലകൽപിക്കാത്ത ജനങ്ങൾ ഇസ്‌ലാം നിമിത്തമാണ് ഞങ്ങൾ ഇങ്ങനെയായതെന്ന് തെറ്റിദ്ധരിച്ചുകൊണ്ട് ഇസ്‌ലാമിൽ നിന്നും

അവർ അകന്ന് പോകാൻ തക്ക വിഷമസ്ഥിതിയിൽ ഞങ്ങളെ ആക്കരുതേ എന്ന് സാരം. മൂസാനബിﷺയും കൂട്ടരുമാണ് ഇത് പ്രാർത്ഥിച്ചത്. ഇവിടെ ഫിത്നക്ക് പരീക്ഷണമെന്നാണ് അർത്ഥം.

8. അൻബിയാഅ് - 111 "എനിക്കറിഞ്ഞുകൂടാ, അത് നിങ്ങൾക്കൊരു ഫിത്ന ആയിരിക്കാം." നിങ്ങളുടെ ആക്രമങ്ങൾക്ക് ഉടനടി ശിക്ഷ നൽകാതെ നീട്ടിവെച്ചിരിക്കുന്നത് ഒരു പരീക്ഷണമായിരിക്കാം. ഖേദിച്ച് മടങ്ങി മര്യാദ പാലിക്കാനും നീതി പുലർത്താനും നിങ്ങൾക്ക് അവസരം നൽകുകയാണ് ചെയ്യുന്നത്. ഇവിടെയും പരീക്ഷണം എന്ന് തന്നെയാണ് അർത്ഥം.

9. ഹജ്ജ് - 53 "ശൈത്വാൻ ഇട്ടുകൊടുക്കുന്നതിനെ ഹൃദയങ്ങളിൽ രോഗമുള്ളവർക്കും ഹൃദയങ്ങൾ കടുത്തുപോയവർക്കും ഒരു ഫിത്നയാകാൻ തക്കവണ്ണം" അല്ലാഹു പ്രവാചകന്മാർക്ക് നൽകിയ വേദവാക്യങ്ങൾ അവർ മനുഷ്യരെ പഠിപ്പിച്ചാൽ പിശാച് അതിൽ പല കൃത്രിമങ്ങളും നടത്തി കുഴപ്പമുണ്ടാക്കുക പതിവായിരുന്നു. മുമ്പേ ഹൃദയങ്ങളിൽ വക്രതയും ദുർമോഹങ്ങളും ഉള്ളവർക്ക് പിശാചിന്റെ കൈകടത്തലുകൾ മഹാ ഫിത്ന തന്നെയായിത്തീരുന്നു. ഇവിടെ കുഴപ്പം എന്നാണർത്ഥം.

10. അൽബഖറ - 191 "ഫിത്ന കൊലയേക്കാൾ നിഷ്ഠൂരമാകുന്നു". ഇതിന്റെ മുൻപിൽ വചനങ്ങളിൽ പീഡനത്തെക്കുറിച്ചാണ് പറയുന്നത്. അതുകൊണ്ട് പീഡനം, മർദ്ദനം എന്നൊക്കെയാണിവിടെ അർത്ഥം.

11. ദാരിയാത്ത് -14 "നിങ്ങൾക്കുള്ള ഫിത്ന നിങ്ങൾ അനുഭവിച്ചുകൊള്ളുവീൻ". യൗമുദ്ദീൻ എപ്പോഴാണെന്നവർ ചോദിക്കുന്നു. അഗ്നിയിൽ അവരെ പഴുപ്പിക്കുന്ന കാലം എന്ന് അല്ലാഹു പറഞ്ഞു. നിങ്ങളുടെ അഗ്നി ശിക്ഷക്കാണ് ഇവിടെ ഫിത്ന എന്ന് പറഞ്ഞത്. ശിർക്ക് എന്നത് ഇവിടെ അർത്ഥമില്ല.

ഖുർആനിൽ ഒരു പരിശോധന നടത്തിയപ്പോൾ 32 സ്ഥലങ്ങളിൽ ഫിത്ന എന്ന വാക്ക് ഉപയോഗിച്ചതായി കണ്ടു. ഒരിടത്തും ശിർക്ക് എന്ന അർത്ഥം ഇല്ല. ഈ സുന്നി പരിഭാഷ ജലാലൈനിയെ തഖ്‌ലീദ് ചെയ്തതു നിമിത്തമുണ്ടായതാണ്. തഖ്‌ലീദ് എന്ന മഹാരോഗമാണല്ലോ മുസ്ലിയാക്കളുടെ നാശഹേതു. ആരുടെയെങ്കിലും വാലിൽ തൂങ്ങാതെ അവർക്ക് ദീനില്ല. നബിﷺയുടെയും സ്വഹാബികളുടേയും ചര്യ അനുകരിക്കുന്നതിന് പിശാച് സമ്മതിക്കുകയുമില്ല. അതിനു പകരം ശൈത്വാന്റെ മിത്രങ്ങൾ മഹാപണ്ഡിതന്മാരുടെ പേരിൽ മദ്ഹബുകൾ കെട്ടിയുണ്ടാക്കി. ആ പണ്ഡിതന്മാർ ഇതിന് ഒരിക്കലും ഉത്തരവാദികളല്ല. പിശാച് മാത്രമാണ് യഥാർത്ഥ ഉത്തരവാദി. ബുദ്ധിയും മനഃസാക്ഷിയും നിരുപാ

ധികം പണയപ്പെടുത്തി ജനങ്ങളെ സത്യദീനിൽ നിന്നും അകറ്റുന്ന പുരോഹിതന്മാരും ഈ നാശകരമായ തഖ്ലീദിന്റെയും വക്താക്കൾ തന്നെ. ഖുർആനിന്റെ പരിഭാഷ കാവ്യരൂപത്തിൽ മലയാളീകരിച്ച അതിമ നോഹരമായ കെ.ജി. രാഘവൻ നായരുടെ സൃഷ്ടി ഈയിടെ ഞാൻ പരി ശോധിച്ചു. സുന്നി പരിഭാഷയിൽ ശിർക്ക് എന്ന് അർത്ഥം പറഞ്ഞ രണ്ടു ആയത്തുകൾക്കും അദ്ദേഹം മർദ്ദനം എന്നാണ് അർത്ഥം നൽകിയിരിക്കു ന്നത്. വക്രത വെടിഞ്ഞു നിഷ്പക്ഷമായി ചിന്തിക്കുന്ന ഒരു അമുസ്‌ലിം എഴുത്തുകാരനു പോലും അങ്ങനെ ചെയ്യാനേ സാധ്യമാകൂ. സുന്നീ പരി ഭാഷയുടെ അവസ്ഥ കഷ്ടം തന്നെ. ദുരൂഹത നിറഞ്ഞതും!

ഒന്നുകൂടി പറയട്ടെ. 99 ആഗസ്റ്റ് 15ന് പെരിന്തൽമണ്ണ ടൗൺഹാളിൽ ഫാസിസത്തിനെതിരിൽ ഒരു കൂട്ടായ്മ എന്ന സെമിനാർ നടന്നു. ഞാനും അതിൽ ക്ഷണിക്കപ്പെട്ടിരുന്നു. ഇരുപത് മിനിറ്റാണ് എനിക്കനുവദിച്ചത്. ഫാസിസത്തിന്റെ ഭയാനകത ചുരുക്കി പറഞ്ഞു. ശേഷം നമ്മളിലുള്ള ഫാസിസം ആദ്യം നാം ഒഴിവാക്കാൻ ശ്രമിക്കണം എന്നും പറഞ്ഞു. ഉദാ ഹരണത്തിന് സുന്നി പരിഭാഷയിൽ ഫിത്നക്ക് ശിർക്ക് എന്ന് അർത്ഥം കൊടുത്ത രണ്ടു ആയത്തുകൾ ചൂണ്ടികാണിച്ചു. ഖുർആൻ വചനങ്ങളുടെ അർത്ഥം തെറ്റിച്ച് മുസ്‌ലിം ഹൃദയങ്ങളിൽ ഫാസിസത്തിന്റെ വിത്തിടു ന്നത് ദൂരവ്യാപകമായ ദുഷ്ഫലങ്ങൾക്ക് ഇടയാക്കുമെന്നും പറഞ്ഞു. ആരാധനാസ്വാതന്ത്ര്യവും പൗരസ്വാതന്ത്ര്യവും അനുവദിച്ചു കിട്ടണം. അത് അനുവദിച്ചു തരുന്ന സമൂഹത്തോടും രാഷ്ട്രത്തോടും ബഹുദൈ വാരാധനയുടെ പേരിൽ യുദ്ധം പാടില്ലാത്തതാണ്. വ്യക്തമായ പ്രബോ ധനം മാത്രമേ ആകാവൂ എന്ന ഖുർആനിന്റെ ആഹ്വാനം ഞാൻ അവിടെ ചൂണ്ടിക്കാണിച്ചു. അങ്ങനെ അല്ലാഹുവിന്റെ ഗ്രന്ഥത്തോട് കൂറു പുല ർത്തേണ്ട ബാധ്യത കഴിവിന്റെ പരമാവധി ഞാൻ നിർവ്വഹിച്ചിട്ടുണ്ട്. ഈ കുറിപ്പും അതിന്റെ ഭാഗമാകുന്നു. അല്ലാഹു സ്വീകരിക്കുമാറാകട്ടെ.

ഓർമകളുടെ തീരത്ത്

## 61

# വക്കം മൗലവിയുടെ നാട്ടിൽ

ഏതാനും വർഷങ്ങൾക്ക് മുമ്പ് കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയി ൽ ഒരു പ്രസംഗത്തിനായി ഞാൻ ക്ഷണിക്കപ്പെട്ടു. അവിടെ ഇസ്‌ലാഹി പ്രവർത്തനം അരങ്ങേറുന്ന കാലം. വക്കം മൗലവിയുടെ നാട്ടിൽ ഒരു അര ങ്ങേറ്റമോ!! അത്ഭുതം തോന്നുന്നുവല്ലേ!! ചില സത്യങ്ങൾ അപ്രിയങ്ങളാ

കുന്നതുപോലെ ദുഃഖകരവുമാണ്.

ആരാണീ വക്കം മൗലവിﷺ?നേരത്തെ കുറച്ച് പറഞ്ഞതാണ്. പക്ഷെ, മതിവരുന്നില്ല. കൊതി തീരുന്നുമില്ല. ഇസ്‌ലാഹീ കേരളത്തിന്റെ നായക ന്മാരായി പ്രയത്നിച്ച മഹാരഥന്മാർക്ക് മാർഗദീപം തെളിയിച്ച ഒരു അപൂ ർവ്വ പ്രതിഭയായിരുന്നു വക്കം. അനുകരണീയനായ ദേശാഭിമാനി, അഭി മാനിയായ സമുദായ സ്നേഹി, ബഹുവിജ്ഞാനി, ബഹുഭാഷാ പണ്ഡി തൻ, തൂലികക്ക് വാളിനേക്കാൾ മൂർച്ചയുണ്ടെന്ന് തെളിയിച്ച നൈപുണ്യ സാരഥി, ഇനി എന്തൊക്കെയാണ് പറയേണ്ടത് എന്നെനിക്കറിയില്ല. മൗല വിയെക്കുറിച്ച് എത്ര പ്രശംസിച്ചാലും തൂലിക കിതച്ച് പിന്മാറുകയല്ലാതെ വാക്കുകൾക്ക് വിരാമമുണ്ടാകുകയില്ല. ‘രാമകൃഷ്ണപിള്ള’ എന്ന പത്രപ്ര വർത്തകനായ നായർ യുവാവിനെ ‘സ്വദേശാഭിമാനി’ കീർത്തിമുദ്രക്ക് അർഹനാക്കുന്നതിൽ വക്കം മൗലവി വഹിച്ച പങ്ക് അനുസ്മരിക്കാൻ കൂ ട്ടാക്കാത്ത സവർണ വർഗീയതയുടെ മഞ്ഞമുഖങ്ങൾ അനന്തപുരിയുടെ മണ്ണിൽ താണ്ഡവ നൃത്തം നടത്തുകയാണ്. ‘സ്വദേശാഭിമാനി’ എന്ന വിപ്ലവ ജ്വാലയുടെ ഉടമയായ മൗലവി പൂർണമായി വിസ്മരിക്കപ്പെട്ടു. രാമ കൃഷ്ണപ്പിള്ള എന്നും സ്മരിക്കപ്പെടുകയും ചെയ്യുന്നു. ഈ ദുനിയാവ് ഇങ്ങനെയൊക്കെയാണ്. അർഹിക്കുന്നവൻ അവഗണിക്കപ്പെടും. അർഹ തയില്ലാത്തവർ പലതും കൊയ്തെടുക്കും. ദുൻയാവിൽ പൂർണ ദാരിദ്ര്യ ത്തിലേക്ക് ആപതിച്ചുകൊണ്ട് സമ്പന്ന പ്രഭുവായ വക്കംമൗലവി ഇവിടെ നിന്നും യാത്രയായി. അളന്ന് തൂക്കി കൃത്യമായ പ്രതിഫലം നൽകുന്ന നീതിപീഠത്തിന് മുമ്പിലേക്ക്. എന്റെ ഓർമ്മകളിൽ നിന്നും ഇറ്റു വീഴുന്ന രണ്ടു തുള്ളി കണ്ണീർ വക്കം മൗലവിയുടെ ത്യാഗചരിത്രത്തിന്റെ വരമ്പിൽ ഞാൻ വീഴ്ത്തട്ടെ.

വക്കം മൗലവിയുടെ നാട്ടിൽ അരങ്ങേറ്റം എന്ന് പറഞ്ഞത് അതിശ യോക്തിയല്ല. ചരിത്രം പലപ്പോഴും പിറകോട്ടും ചവിട്ടിക്കൊണ്ടിരിക്കും. കരുനാഗപ്പള്ളിയിലേക്ക് പ്രസംഗത്തിനു ക്ഷണിക്കപ്പെട്ടപ്പോൾ ഞാൻ പുള കം കൊണ്ടു. വക്കത്തിന്റെ നാട്ടിൽ നാലുവാക്ക് ഉറക്കെ പറയാൻ, മൗലവി യെ അക്ഷരങ്ങളിലൂടെ കണ്ടു വെളിച്ചത്തിലേക്ക് നടന്നു കയറിയ വിനീ തനായ എനിക്ക് ഒരവസരം! ആ ദിവസം വന്നടുക്കാൻ ദാഹിച്ചു ഞാൻ കാത്തിരുന്നു. വേരറ്റുപോയ ഇസ്‌ലാഹീ രംഗം അവിടെ വീണ്ടും മുളപ്പി ച്ചെടുക്കാൻ പ്രയത്നിച്ച ചിലർ തിരശ്ശീലക്ക് പിന്നിലാണ്. ഞാൻ അവരെ തിരശ്ശീലനീക്കി മുന്നിലേക്ക് നിർത്തുന്നു. കൊച്ചിയിലെ എന്റെ ഗുണ കാംക്ഷിയും സുഹൃത്തുമായ കെ.എം. ബശീർ സേട്ട്. അദ്ദേഹം ഒരു കച്ച വടക്കാരനാണ്. വിദേശ നിർമ്മിതങ്ങളായ ഇലക്ട്രോണിക് ഉപകരണങ്ങ ളുടെ വിൽപ്പനക്കാരൻ. തന്റെ തൊഴിലാവശ്യാർത്ഥം ആഴ്ചയിൽ ഒരിക്കൽ

അദ്ദേഹം കരുനാഗപ്പള്ളി ഭാഗത്ത് പോകാറുണ്ടായിരുന്നു. എവിടെ ചെന്നാലും തന്റെ ആദർശത്തെ ഉയർത്തിക്കാട്ടാൻ വെമ്പുന്ന നാവും മനസ്സുമാണ് അദ്ദേഹത്തിന്റേത്. അത് ഇവിടെയും പ്രവർത്തിച്ചു. സലഫീ പ്രസ്ഥാനത്തിന്റെ ഇപ്പോഴത്തെ സംസ്ഥാന ഉപേദ്ധ്യക്ഷനായ ഡോ. മൻസൂർ അവിടെ ഒരു ക്ലിനിക്ക് നടത്തുന്നുണ്ട്. ഡോ. നസീർ ഹുസൈൻ അദ്ദേഹത്തിന്റെ സഹായിയാണ്. സീതിസാഹിബിന്റെ സഹോദരീ ഭർത്താവ് മുഹ്സിബിൻ അഹമ്മദ് (എക്സ്. എം.എൽ.എ.) എന്റെ ആത്മ സുഹൃത്തുമായിരുന്നു. അദ്ദേഹത്തിന്റെ മകനാണ് നസീർ ഹുസൈൻ. ഞാൻ സസ്നേഹം അനുസ്മരിക്കുന്ന ഒരു ആദർശ കുടുംബം. സലഫീ ആദർശാഭിമുഖ്യമുള്ള ഇവരുമായി ബശീർ സേട്ട് നിരന്തരം ബന്ധപ്പെട്ടപ്പോൾ അവർക്കും ഒരു വഴിയൊരുങ്ങി. ഒരു സുഹൃത്തിന്റെ പണിതീരാത്ത വീടിന്റെ വിശാല മുറ്റത്ത് അവർ അൻപതോളം വരുന്ന ഒരു സുഹൃദ് സദസ്സ് ഒരുക്കി. സലഫീ പ്രസ്ഥാനത്തെ ആശയപരമായി പരിചയപ്പെടുത്തലായിരുന്നു ഉദ്ദേശ്യം. നിശ്ചിത ദിവസം കൊച്ചിയിൽ നിന്നും എ.എ. ഹമീദിനേയും സി.എം. മൗലവിയേയും കൂട്ടി ബശീർ സ്ഥലത്തെത്തി. സദസ്സിന്റെ ആഗ്രഹപ്രകാരം പ്രസ്ഥാനത്തെ പരിചയപ്പെടുത്താൻ ഹമീദാണ് നിയോഗിതനായത്. ഒന്നര മണിക്കൂർ നീണ്ട പ്രഭാഷണത്തിലൂടെ ഇസ്ലാഹീ പ്രസ്ഥാനത്തിന്റെ ചരിത്രപരമായ ഗതിവിഗതികളെക്കുറിച്ചും പ്രസ്ഥാനത്തിന്റെ പ്രബോധന ലക്ഷ്യത്തെക്കുറിച്ചും ഹമീദ് നന്നായി വിശദീകരിച്ചു. ശേഷം സി.എം. മൗലവി നല്ലൊരു ക്ലാസ്സ് നടത്തി. സമീപത്തുള്ള മഹല്ല് പള്ളിയിൽ ഒരു വലിയ ദർസ് നടക്കുന്നുണ്ട്. അവിടത്തെ വിദ്യാർത്ഥികളും ശ്രോതാക്കളായി അൽപം വിട്ടകന്ന് നിന്നിരുന്നു. ഇതോടെ മുസ്ലിയാക്കൾക്ക് ആകെ ചൊറിച്ചിലായി. അനുകൂലമായ സന്ദർഭം ഉപയോഗിച്ച് അവിടെ തന്നെ രണ്ടാമത്തെ ക്ലാസ്സും ഏർപ്പാടാക്കി. പ്രഗത്ഭ പണ്ഡിതനും പ്രഭാഷകനുമായ എന്റെ യുവ സുഹൃത്ത് മൗലവി അബ്ദുൽ ഖാദിർ കുടയത്തൂർ തൽസമയം അവിടെയെത്തി. ബശീർ സേട്ട് കൊച്ചിയിലും കൊല്ലത്തുമായി ഓടിയോടി തന്റെ ദൗത്യം യഥാവിധി നിർവ്വഹിച്ചുകൊണ്ടിരുന്നു. സമയവും ശരീരവും ധനവും ആദർശത്തിനായി വേണ്ടുവോളം ചെലവഴിക്കാൻ ബശീർ എന്നും ഉത്സാഹിയാണ്. എന്നോട് ഒരു പ്രത്യേക സ്നേഹമാണ്. അത് അനുഭവിച്ചറിഞ്ഞിട്ടുമുണ്ട്. അല്ലാഹു അദ്ദേഹത്തിന്റെ നിസ്വാർത്ഥ സേവനത്തിന് മഹത്തായ പ്രതിഫലം നൽകട്ടെ.

കുടയത്തൂർ അബ്ദുൽ ഖാദിർ മൗലവിയുടെ പ്രൗഢഗംഭീരവും ആശയ സംപുഷ്ടവുമായ പ്രഭാഷണം ഒരിക്കൽ കേട്ടവർ അദ്ദേഹത്തെ മറക്കുകയില്ല. എത്ര തിരക്കിനിടയിലും അദ്ദേഹത്തിന്റെ പ്രഭാഷണം ശ്രവിക്കൽ

വിഭവസമൃദ്ധമായ ഒരു സദ്യക്ക് ഒരുങ്ങിയിരിക്കുന്ന അനുഭൂതിയാണ് എന്നിൽ ഉണ്ടാക്കാറുള്ളത്. പഠിക്കാൻ പലതുമുണ്ടാകും. ശുദ്ധമായ ഭാഷ, ആകർഷണീയമായ ശൈലി, പ്രൗഢമായ അവതരണം. എനിക്ക് അത് കേട്ട് കൊതിതീർന്ന അനുഭവമില്ല. കുടയത്തൂരിന്റെ ഉജ്ജ്വല പ്രഭാഷണം കരുനാഗപ്പള്ളിയിലെ ദർസിലാകെ ഒരു പരിഭ്രാന്തിയുളവാക്കി. പിന്നെ മുസ്‌ലിയാക്കുട്ടികൾ ചോദ്യക്കടലാസ്സുമായി വരികയായിരുന്നു. കുടയത്തൂരിന്റെ ഓരോ മറുപടിയും മുസ്‌ലിയാക്കളുടെ അസ്ഥികൾ നുറുക്കുന്ന വിധത്തിലായിരുന്നു. ചോദ്യങ്ങൾ കൊണ്ട് വീർപ്പു മുട്ടിക്കാമെന്ന അവരുടെ ദുർമോഹത്തിനും ശക്തിയായ പ്രഹരമേറ്റു. കുടയത്തൂർ പറഞ്ഞു: കൊണ്ടുവരൂ, എത്രയുണ്ടെങ്കിലും വരട്ടെ. മുഴുവൻ ചോദ്യങ്ങൾക്കും മറുപടി തന്ന ശേഷമേ ഞാൻ ഇവിടം വിടുകയുള്ളൂ. അസ്ഥികൾ നുറുങ്ങുകയും നാഡീവ്യൂഹങ്ങൾ തളരുകയും ചെയ്തപ്പോൾ ഇനി നെഞ്ചകം തകരുമെന്ന ഭയത്താൽ ചോദ്യം നിലച്ചു. ഇതോടെ വേരുണങ്ങിക്കിടന്ന സലഫീ പ്രസ്ഥാനം അവിടെ കിളിർത്ത് പൊങ്ങി. അധികം വൈകാതെ കെ.എൻ. എമ്മിന് അവിടെ ശാഖയുണ്ടായി. അതിന്റെ ഉദ്ഘാടനം വമ്പിച്ച യോഗത്തിൽ വെച്ച് നടന്നു. ആ നാട്ടുകാരനും പുളിക്കൽ കോളേജ് ബിരുദധാരിയുമായ തങ്ങൾകുഞ്ഞു മദനി സജീവമായി എല്ലാറ്റിലുമുണ്ടായിരുന്നു.

ഈ പശ്ചാത്തലത്തിലാണ് എനിക്ക് ലഭിച്ച ക്ഷണം. ഞാൻ ഏറെ സന്തോഷിച്ചു. സന്തോഷിക്കണമല്ലോ. ഹൈവേയുടെ ഓരത്ത് വിശാലമായ മണൽ പുറത്ത് ധാരാളം ആളുകൾ കൂടിയിരിക്കുന്നു. എന്നോടൊത്ത് ബാബു- ത്വാഹിർ- ബശീർ സേട്ടുമാർ, ഹമീദ്, കെ.കെ. ഉമർ തുടങ്ങി കൊച്ചിയിൽ നിന്നും ഏതാനും സുഹൃത്തുക്കളും വന്നിട്ടുണ്ട്. കൊച്ചിക്കാർക്ക് എന്നോടൊത്ത് ഇങ്ങനെയുള്ള യാത്രക്ക് വലിയ ഉത്സാഹമാണ്. ഞാൻ ആദ്യമായിട്ടാണ് ഒരു പ്രഭാഷണത്തിനായി കരുനാഗപ്പള്ളിയിൽ ചെല്ലുന്നത്. അതൊന്നുമല്ല ജനം കൂടാൻ കാരണം. എന്നെക്കുറിച്ച് മുസ്‌ലിയാക്കൾ പ്രചരിപ്പിച്ച കല്ലുവെച്ച നുണകളും ഭീകരവാർത്തകളുമാണ് ഈ ആൾക്കൂട്ടത്തിന് കാരണമായത്. അകവും പുറവും ഭീകരസ്വരൂപനായി സങ്കൽപിച്ച ഈ രൂപമൊന്ന് കാണാൻ. 'ഇസ്‌ലാമിന്നെതിരിൽ അലറുന്ന' ആ ശബ്ദമൊന്ന് കേട്ടിയറിയാൻ അനിഷ്ടത്തോടെ വന്നു കൂടിയവരാണധികവും. തൊട്ടടുത്ത ദർസുള്ള പള്ളിയിലെ മുസ്‌ലിയാക്കൾ ഒന്നാകെ കൂടി നിൽക്കുന്നുണ്ട്. എത്ര വലിയ ജനക്കൂട്ടത്തിനിടയിലും ഈ കൂട്ടത്തെ തിരിച്ചറിയാൻ ബുദ്ധിമുട്ടില്ലല്ലോ.

സംഘാടകർക്ക് ഒരു ആശങ്കയുണ്ടായിരുന്നു. മുസ്‌ലിയാക്കൾ ആളുകളെ ഇളക്കിവിട്ടും ചോദ്യങ്ങൾ കൊടുത്തയച്ചും പരിപാടി അലങ്കോല

പ്പെടുത്തുമോ എന്നതായിരുന്നു ആ അസ്വസ്ഥത. ചോദ്യങ്ങൾ വന്നാൽ സംഘാടകർ നേരിട്ടു അത് വാങ്ങി ഒടുവിൽ എന്നെ ഏൽപിച്ചാൽ മതി എന്ന് ഞാനവരോട് പറഞ്ഞിരുന്നു. അതല്ലാത്ത നിലയിൽ വല്ലതുമുണ്ടായാൽ അപ്പോൾ നോക്കാം എന്ന തീരുമാനത്തിൽ പ്രസംഗം തുടങ്ങി. തൗഹീദ് തന്നെയായിരുന്നു പ്രഭാഷണ വിഷയം. കഴിയുന്നിടത്തോളം ലളിതമായും വിശദമായും ഞാൻ തൗഹീദ് വിവരിച്ചുകൊണ്ട് ഒന്നര മണിക്കൂർ സംസാരിച്ചു. സദസ്സ് നിശ്ശബ്ദമായി കേൾക്കുന്നുണ്ട്. അതിനിടയിൽ ചില മുസ്‌ലിയാക്കുട്ടികൾ തുണ്ടു കടലാസ്സുകൾ കൊണ്ടുവരുന്നതും കമ്മിറ്റിക്കാർ അത് വാങ്ങിവെക്കുന്നതും കണ്ടു. അസാധാരണമായ ശാന്ത നിശബ്ദത. പ്രസംഗം അവസാനിച്ചു. അതിനു ശേഷം ചോദ്യങ്ങൾ എനിക്ക് തന്നു. അതിൽ പ്രധാനവും ഗുരുതരവുമായ ഒരു ചോദ്യമുണ്ടായിരുന്നു. സുന്നികളുടെ അനിഷേധ്യ നേതാവായിരുന്ന ഇ.കെ. ഹസൻ മുസ്‌ലിയാരും ഞാനും തമ്മിലുള്ള ഒരു പ്രശ്നം. ഹസൻ മുസ്‌ലിയാർ ശിർക്കും ബിദ്അത്തും സമുദായമദ്ധ്യത്തിൽ പ്രചരിപ്പിക്കുന്നതിലും വേരുറപ്പിക്കുന്നതിലും കിണഞ്ഞു ശ്രമിക്കുന്ന അതീവ സമർത്ഥനായിരുന്നു. അനവധി വാദപ്രതിവാദങ്ങൾ മുജാഹിദ് പണ്ഡിതന്മാരുമായി അദ്ദേഹം നടത്തിയിട്ടുണ്ട്. നേർച്ച – പൂരങ്ങളിൽ നടന്നുവരുന്ന കരിമരുന്നു പ്രയോഗങ്ങൾ പോലും ഇസ്‌ലാമിക ദൃഷ്ട്യാ അനുവദനീയവും ഗുണകരവുമാണെന്ന് വരെ വാദിച്ചിരുന്നു. അദ്ദേഹത്തെ നൂറു ശതമാനവും പിന്തുണച്ചും ആദരിച്ചും മുസ്‌ലിയാക്കൂട്ടവും സുന്നി സമൂഹവും കൂടെ നടന്നു.

ഒടുവിൽ അദ്ദേഹം രോഗബാധിതനായി. ക്യാൻസർ രോഗത്തിന്റെ കാഠിന്യത്താൽ അവശനായി. അത്യന്തം ഗുരുതരാവസ്ഥയിലാണെന്നുള്ള വിവരം ഞാൻ അറിഞ്ഞത് ബോംബെയിൽ വെച്ചായിരുന്നു. സത്യമാർഗത്തിലേക്ക് അദ്ദേഹത്തെ ക്ഷണിക്കാൻ ഒരവസരം കൂടി ബാക്കിയുണ്ട്. അത് എന്റെ ഒരു ബാധ്യതയായി മനസ്സിൽ നിറഞ്ഞുവന്നു. ഞാൻ ഹസൻ മുസ്‌ലിയാർക്ക് ഒരു കത്ത് തയ്യാറാക്കി. മുഹമ്മദ് നബിﷺ പ്രബോധനം ചെയ്ത യഥാർത്ഥ ദീനീ മാർഗത്തിലേക്ക് സ്നേഹപൂർവ്വം ക്ഷണിക്കുന്നതായിരുന്നു കത്ത്. എന്റെ ഒരു സുഹൃത്ത് വീട്ടിൽചെന്ന് നേരിൽ അത് ഏൽപിക്കാമെന്നും അവസരം കിട്ടിയാൽ കത്ത് അദ്ദേഹത്തെ വായിച്ചു കേൾപ്പിക്കാമെന്നും ഏറ്റുകൊണ്ട് കത്ത് വാങ്ങി. കാര്യം അപ്രകാരം നടക്കുകയും ചെയ്തു. എഴുത്ത് വായിച്ചു കേൾക്കുമ്പോൾ ഒരു പ്രതികരണം നൽകാൻ കഴിയാത്തവണ്ണം സംസാരശേഷി ഇല്ലാതായിരുന്നു അദ്ദേഹത്തിന്. അതിനാൽ എന്റെ അഭ്യർത്ഥന അദ്ദേഹത്തിന്റെ മനസ്സിൽ എന്തു ചലനമുണ്ടാക്കിയെന്ന് വെളിവായില്ല. നല്ല കാലത്ത് കാണിച്ച കൊടുംവാശിയിൽ തന്നെ മനസ്സിനെ ദൃഢപ്പെടുത്തിയോ? അഥവാ സത്യത്തിന്റെ

കിരണങ്ങൾ ആ ഹൃദയത്തിൽ പതിച്ചുവോ? അദ്ദേഹം പശ്ചാത്തപിച്ചുവോ? ഒന്നും അറിയില്ല. നന്മയുടെ സാധ്യത നമുക്കൊരിക്കലും തള്ളാവതല്ലല്ലോ. ഹൃദയരഹസ്യങ്ങൾ സൂക്ഷ്മമായി അറിയുന്നവനും ഹൃദയങ്ങളെ മാറ്റിമറിക്കുന്നവനും സർവ്വജ്ഞനായ റബ്ബ് മാത്രമാണ്. 'അസ്‌ലിം തസ്‌ലിം' എന്ന പ്രയോഗമാണ് കത്തിൽ ഉണ്ടായിരുന്നത്. നബി ﷺന്റെ പ്രയോഗമാണത്. സുന്നികൾ ഒന്നാകെ ഇളകിവശായി. അഥവാ മുസ്‌ലിയാക്കൾ അവരെ ഇളക്കിയെന്നതാണ് ശരിയായത്. മഹാ ദുഷ്ടനായ ഉമർ മൗലവി തങ്ങളുടെ സംപൂജ്യനായ നേതാവിനെ കഠിനമായ മാനസിക പീഡനമേൽപിച്ചു എന്ന വാർത്ത അവർ നാടാകെ പ്രചരിപ്പിച്ചു. സാധാരണക്കാരിൽ ഒരു സഹതാപ തരംഗമുണ്ടാക്കി മുജാഹിദുകൾക്കെതിരിൽ ശക്തമായി പോരാട്ടം നടത്താൻ എന്റെ കത്ത് അവർ ആയുധമാക്കി. ഹസൻ മുസ്‌ലിയാരുടെ മരണാനന്തരം കൊച്ചിയിൽ നടന്ന വൻ സുന്നി സമ്മേളനത്തിലെ എക്സിബിഷൻ ഹാളിൽ രോഗാതുരനായി മുസ്‌ലിയാർ അവശതയിൽ കിടക്കുന്ന ചിത്രവും അതിന്റെ താഴെ എന്റെ കത്തിന്റെ ഫോട്ടോകോപ്പിയും പ്രദർശിപ്പിച്ചതായി ഞാൻ കേട്ടു. ശിർക്കിന്റെ വൻ പ്രചാരണ വേദിയിൽ നിന്നു തൗഹീദിലേക്ക് ക്ഷണിക്കുന്ന എന്റെ കത്ത് അവർ സമർത്ഥമായ ഒരു ഉപായമാക്കിയെടുത്തു. എത്ര വിചിത്രമായിട്ടാണ് ചില സംഗതികളുടെ പരിണാമമെന്ന് ഇതിൽ നിന്നും ഗ്രഹിക്കാമല്ലോ.

ഖുർആൻ തർജമയെ ശക്തമായി എതിർത്തുകൊണ്ട് ഹസൻ മുസ്‌ലിയാർ അച്ചടിച്ചിറക്കിയ ഒരു പുസ്തകത്തെക്കുറിച്ച് നേരത്തെ ഞാൻ ഇതിൽ പറഞ്ഞിട്ടുണ്ട്. അതിൽ നിന്നുള്ള ഒരു വാചകവുംം ഉദ്ധരിച്ചിട്ടുണ്ട്. മന്ത്രിക്കാനും ഊതിക്കെട്ടാനും എഴുതിക്കുടിക്കാനും മയ്യിത്തിന്റെ തല ഭാഗത്തിരുന്ന് നീട്ടി ഓതോനുമുള്ള മന്ത്രതന്ത്രങ്ങൾ മാത്രമായി ഖുർആനെ പൂജിക്കുന്ന ഒരു ജനതയെ മുസ്‌ലിയാക്കൾ സൃഷ്ടിച്ചു. ജീവിച്ചിരിക്കുന്നവർക്ക് ഇതൊരു ഉൽബോധനമാകുന്നു എന്ന് ഖുർആനിൽ തന്നെ പറഞ്ഞിട്ടുണ്ട്. പക്ഷെ, മയ്യിത്തിനുള്ള ഉൽബോധനമാക്കി ഇവർ ഖുർആനെ മാറ്റി. ഹസൻ മുസ്‌ലിയാരുടെ മുൻഗാമികൾ ഖുർആൻ പരിഭാഷപ്പെടുത്തുന്നതിനെതിരിൽ ആയുധമെടുത്തവരാണ്. എന്റെ ചെറുപ്പകാലത്ത് മുസ്‌ലിം ലിറ്ററേച്ചർ സൊസൈറ്റി പ്രസിദ്ധീകരിച്ച ഖുർആൻ പരിഭാഷയ്ക്കെതിരിൽ ഇവർ നടത്തിയ സമരത്തെക്കുറിച്ച് ഞാൻ വിശദീകരിച്ചിട്ടുണ്ട്. പക്ഷെ, കാലത്തിന്റെ നിർവിഘ്നമായ ഒഴുക്കിൽ പൗരോഹിത്യം കാലിടറി വീണു. ഖുർആൻ പഠിച്ച് ജനങ്ങൾ ശിർക്കിന്റെ മതിലുകൾ തകർത്ത് മുന്നോട്ട് ഗമിക്കുന്നത് കണ്ടപ്പോൾ അവർക്ക് വേവലാതിയുണ്ടായി. ആ മുന്നേറ്റത്തെ തടയാൻ അവർ ഉദ്യമിച്ചു. ഖുർആൻ കൊണ്ടു തന്നെ ശിർക്കിനെ സ്ഥാപിക്കലാണ് നല്ല പോംവഴിയെന്ന് പിശാച് അവ

ർക്ക് മന്ത്രമോതിരിയിരിക്കാം. അങ്ങനെ അവരും ഖുർആൻ തർജമയ്ക്ക് തയ്യാറെടുത്തു. സമസ്തയുടെ കുറ്റൻ നേതാക്കളിലൊരാളായ കൂറ്റനാട് കെ.വി. മുഹമ്മദ് മുസ്‌ലിയാർ ഒരു പരിഭാഷ രചിച്ചു. മഹാന്മാരുടെ ചിഹ്ന ങ്ങളെ ആദരിക്കേണ്ടതാണെന്നും അതുകൊണ്ടു തന്നെ ഈസാ നബിയു മായി ബന്ധപ്പെടുത്തി പറയുന്ന കുരിശിനെ ബഹുമാനിക്കുന്നതിലും പൂജിക്കുന്നതിലും അപാകതയില്ലെന്നും ധ്വനിപ്പിക്കുന്ന രീതിയിൽ ആ പരിഭാഷയുടെ വ്യാഖ്യാനത്തിൽ കൂറ്റനാട് മുസ്‌ലിയാർ എഴുതിപ്പിടിപ്പിച്ചു. ഇതിനെതിരിൽ കൂറ്റനാടും കുരിശും എന്ന തലവാചകത്തിൽ 1973ൽ സൽസബീൽ മാസികയിൽ ഞാൻ എഴുതിയിട്ടുണ്ട്. പിന്നീട് സൽസ ബീൽ വാർഷികയോഗത്തിലേക്ക് അദ്ദേഹത്തെ ഈ വിഷയം പ്രസംഗി ക്കാൻ ക്ഷണിച്ചു. യാത്രച്ചിലവിന് പത്ത് രൂപ (അന്ന് അത് മതി) എം.ഒ. അയച്ചു. പണം അദ്ദേഹം കൈപ്പറ്റി. പക്ഷെ, വന്നില്ല. പിന്നീട് ഒമ്പത് രൂപ അദ്ദേഹം മടക്കി അയച്ചു. ആ വകയിൽ ഒരു രൂപ എനിക്ക് ബാക്കി തരാ നുണ്ട്. അർഹതയില്ലാതെ എന്റെ പണം എടുത്തത് ഞാൻ പൊരുത്തപ്പെടു കയില്ല. പിന്നീട് ടി.കെ. അബ്ദുല്ല മുസ്‌ലിയാർ ജലാലൈനി തഫ്സീറിന് മലയാള പരിഭാഷയിറക്കി. അതുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ ഞാൻ മുൻപ് വിശദമാക്കിയല്ലോ.

സമസ്ത ഇങ്ങനെ മുസ്‌ലിയാക്കൾക്ക് ഖുർആൻ തർജമക്ക് അനു വാദം നൽകിയതുപോലും ഒട്ടും രുചിക്കാത്ത യാഥാസ്ഥിതികത്വത്തിന്റെ പ്രതിരൂപമായിരുന്നു ഹസൻ മുസ്‌ലിയാർ. അതാണ് മുൻപ് ചൂണ്ടിക്കാ ണിച്ച പുസ്തകം. ഹസൻ മുസ്‌ലിയാരുടെ അറിയപ്പെട്ട ഒടുവിലത്തെ രചനയാണിത്. കർമ്മങ്ങൾ അവസാനത്തേതാണ് പരിഗണിക്കപ്പെടുക എന്നാണല്ലോ പ്രവാചക പാഠം. എങ്കിലും അദ്ദേഹത്തിനു ലഭിച്ച ഒടുവി ലത്തെ ഉൽബോധനം എന്റെ കത്ത് ആയിരുന്നു. അതിന്റെ പ്രതികരണം അറിയാൻ കഴിഞ്ഞതുമില്ല.

കരുനാഗപ്പള്ളിയിലെ പ്രസംഗമാണ് നമ്മുടെ വിഷയം. ഹസൻ മുസ്‌ലിയാർക്ക് കത്ത് കൊടുത്തതിൽ 'അസ്‌ലിം തസ്‌ലിം' എന്നെഴുതിയ വാക്കിൽ അമർഷം കഠിനമായി പ്രകടിപ്പിക്കുന്നതാണ് ചോദ്യം. വിദ്വേഷ വും ശത്രുതയും വെറുപ്പും പതഞ്ഞുപൊങ്ങുന്ന ഈ ചോദ്യം അവഗ ണിച്ചു തള്ളിയാലും കുഴപ്പമാണ്. മനസ്സിലുള്ള യഥാർത്ഥം തുറന്നു പറ ഞ്ഞാലും പ്രശ്നം തന്നെ. ഒരു നിമിഷം ആലോചിച്ചു. ഒഴിഞ്ഞുമാറി കുഴപ്പം ക്ഷണിച്ചു വരുത്തുന്നതിനേക്കാൾ ഭേദം കാര്യം തുറന്നു പറഞ്ഞ തുകൊണ്ട് സംഭവിക്കുന്നതെന്തോ അത് സഹിക്കലാണ്. അല്ലാഹുവിന് ഇഷ്ടമായതിനെ ഞാൻ മുന്തിച്ചു. അന്തരഫലത്തെക്കുറിച്ച് റബ്ബിൽ തവ ക്കുൽ ചെയ്തു.

ഞാൻ ഇങ്ങനെ മറുപടി പറഞ്ഞു: "ഹസൻ മുസ്‌ലിയാരുടെ മതപ്രചാര ണവും വിശ്വാസ വ്യതിചലനവും അനാചാരകർമ്മപ്രേരണയും ശരിക്കും ശ്രദ്ധിച്ചതിൽ നിന്നും എനിക്ക് ബോധ്യമായത് അദ്ദേഹം കാഫിറാണ് എന്നായിരുന്നു. അദ്ദേഹമാകട്ടെ, എന്നെ മുസ്‌ലിമായി അംഗീകരിക്കു കയും ചെയ്തിരുന്നില്ല. ഇപ്പോൾ ഞങ്ങൾക്കിടയിലെ ഗുരുതരമായ അന്ത രം നിങ്ങൾക്ക് മനസ്സിലാകുന്നുണ്ടല്ലോ. ഈ വൈരുദ്ധ്യവീക്ഷണം ഞങ്ങൾ രണ്ടുപേരും നിരവധി വേദികളിലും രചനകളിലും ആകാവുന്നിടത്തോ ളം പ്രതിഫലിപ്പിച്ചട്ടുണ്ട്. പല തവണ അദ്ദേഹത്തെ ഞാൻ ഇസ്‌ലാമി ലേക്ക് പരസ്യമായി തന്നെ ക്ഷണിച്ചിട്ടുണ്ട്. അദ്ദേഹം അതിനിശിതമായി എന്നെയും എന്റെ പ്രസ്ഥാനത്തേയും വിമർശിച്ചിട്ടുണ്ട്. ഈ സാഹചര്യ ത്തിലാണ് കഠിനമായ രോഗാവസ്ഥയെക്കുറിച്ച് ഞാൻ അറിയുന്നത്. ഞാൻ സുഊദി അറേബ്യയിലേക്ക് പോകാൻ വിമാനം കാത്തുനിൽക്കുന്ന സന്ദർഭം. അവസാനമായി ഒരിക്കൽകൂടി അദ്ദേഹത്തെ സത്യദീനിലേക്ക് ക്ഷണിക്കണമെന്ന് എന്റെ മനസ്സ് എന്നെ നിർബന്ധിച്ചു. ഞാൻ ഉടനെ കത്തെഴുതി അദ്ദേഹത്തിന് എത്തിക്കാൻ ഏർപ്പാട് ചെയ്തു. അതാണ് ഉണ്ടായത്. 'അസ്‌ലിം തസ്‌ലിം' എന്ന വാക്ക് എന്റെ സ്വന്തം വകയല്ല. നബിﷺ പലരേയും ഇസ്‌ലാമിലേക്ക് ക്ഷണിച്ചപ്പോൾ ഉപയോഗിച്ച പ്രയോ ഗമാണ്. ഇതിൽ ആരും വേവലാതിപ്പെടുകയോ അമർഷം കൊള്ളുകയോ ചെയ്യേണ്ടതില്ല. ഞങ്ങൾ അല്ലാഹുവിന്റെ മുമ്പിൽ തീർച്ചയായും ഹാജരാ ക്കപ്പെടുക തന്നെ ചെയ്യും. അല്ലാഹു സൂക്ഷ്മമായും കണിശമായും നീതി നടത്തുന്നവനാണ്. റബ്ബിന്റെ സന്നിധിയിൽ വെച്ച് ഞാനും മുസ്‌ലി യാരും തമ്മിലുള്ള കണക്കുകൾ തീർക്കുന്നതാണ്. നിങ്ങൾക്കും അത വിടെ വെച്ചു കാണാം." ആളുകൾ നിശബ്ദരായി കേട്ടു. അസുഖകരമായി ഒന്നുമുണ്ടായില്ല. 'മല എലിയെപ്പോലും പ്രസവിച്ചില്ല' എന്നതാണ് ശരി.



## 62

# ദുരഭിമാനം പൈശാചികം

തെറ്റുകൾ ബോധ്യമായി. മാർഗഭ്രംശം മനസ്സിലായി. പശ്ചാത്തപിച്ചു. തെറ്റുതിരുത്തി. നന്മയിലേക്ക് വന്നു. ഏറ്റവും മഹത്തായ സ്വഭാവമാണി ത്. നമ്മുടെ നാട്ടിൽ പതിനായിരങ്ങൾ ഇങ്ങനെ യഥാർത്ഥ മാർഗത്തി ലേക്ക് വന്നിട്ടുണ്ട്. ശിർക്കിലും ബിദ്അത്തുകളിലും ആപതിച്ചുപോയ വർ, നിരീശ്വര നിർമ്മത വാദികളായി കഴിഞ്ഞിരുന്നവർ, ഒന്നുമില്ലാതെ

ദീനിനോട് നിസ്സംഗത പുലർത്തി ജീവിച്ചിരുന്നവർ, ആദർശ വ്യതിയാന ങ്ങളിൽ കാലിടറി വീണവർ, ഇങ്ങനെ വിവിധ നിലകളിൽ കഴിഞ്ഞിരുന്ന അനേകമനേകമാളുകൾ തങ്ങളുടെ തെറ്റ് ബോധ്യമായ നിലയിൽ നന്മ യുടെ പാത സ്വീകരിച്ച അനുഭവങ്ങൾ എണ്ണിയാൽ തീരാത്തതുണ്ട്.

പക്ഷെ ഞാൻ പറയുന്ന വിഷയം മറ്റൊന്നാണ്. ഇസ്‌ലാഹി രംഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ശ്രദ്ധേയരായ വ്യക്തികൾ, അനുകരണീയ രായി ഭവിക്കേണ്ട പണ്ഡിതന്മാർ, നേതൃത്വം കയ്യാളുന്നവർ, ഇങ്ങനെയു ള്ളവർക്കും തെറ്റുകൾ സംഭവിക്കാം. ചിലത് നിസ്സാരമായി തോന്നാവു ന്നത്. ചിലത് ഗുരുതരമായി ഭവിക്കുന്നത്. രണ്ടായാലും ആരെങ്കിലും അത് തെര്യപ്പെടുത്തിയാൽ അയാൾക്ക് നന്ദി പറയുകയും ആ തെറ്റിൽ നിന്ന് മടങ്ങുകയും ചെയ്യണമല്ലോ. ഇബ്‌ലീസിനെ അല്ലാഹു ശപിച്ചകറ്റി യത് അനുസരണക്കേട് കാണിച്ചതുകൊണ്ട് മാത്രമല്ല. അത് തിരുത്താൻ തയ്യാറാകാതെ ന്യായം പറഞ്ഞു. അഹങ്കാരം നടിച്ചു. അങ്ങനെ അവർ പുറത്തായി. ഇതാണ് പൈശാചിക രീതി.

വേദനിക്കുന്ന കുറെ അനുഭവങ്ങൾ എനിക്കുണ്ട്. മധുരിക്കുന്ന ചില ഓർമ്മകളും. നമ്മുടെ ചില പാളിച്ചകൾ എനിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. ഞാൻ കേട്ടുകൊണ്ടിരിക്കുന്ന പല സന്ദർഭങ്ങളിലും അവരോട് സ്വകാര്യ മായി അത് അറിയിക്കും. അധികപേരും അത് ബോധ്യപ്പെട്ട നിലയിൽ എന്നോട് നന്ദി പ്രകടിപ്പിക്കുകയും മേലിൽ സൂക്ഷിക്കാം എന്ന് ഏറ്റു പറ യുകയും ചെയ്തിട്ടുണ്ട്. അത്തരക്കാരോട് ഞാൻ കൂടുതൽ സ്നേഹബ ഹുമാനങ്ങൾ വെച്ചു പുലർത്തുന്നു. ചിലർ കേൾക്കുക മാത്രം. ഒരു പ്രതി കരണവുമില്ല. ഒരു തരം നിസ്സംഗത. ഒരു വല്ലാത്ത ചിരി. അവരിൽ ചിലർ പിന്നീട് തിരുത്തിയതായി അറിഞ്ഞിട്ടുണ്ട്. അതും ആഹ്ലാദകരമാണ്. ചുരുക്കം ചിലർ തെറ്റിനെ ന്യായീകരിച്ചിട്ടുണ്ട്. എന്നെ ഒരു വിവരവുമില്ലാ ത്തവനെന്ന നിലയിൽ പുച്ഛത്തോടെ വീക്ഷിച്ചിട്ടുണ്ട്. ഈ വിഭാഗത്തി ലൊക്കെയും വലിയ പണ്ഡിതന്മാരും നേതാക്കളും ഉണ്ടായിരുന്നു. ഞാൻ അതൊന്നും കാര്യമാക്കുന്നില്ല. പക്ഷെ, രചനകളിൽ തെറ്റു കണ്ടാ ൽ ഏറ്റവും അടുത്ത ആദർശബന്ധുവായാൽ പോലും രചനയിലൂടെ തന്നെ ഞാൻ എതിർത്തിട്ടുണ്ട്. അത് അങ്ങനെ തന്നെയാണ് വേണ്ടത്. കാരണം ജനം വായിക്കുന്നതാണല്ലോ അത്. ഞാൻ ഏറ്റവും അധികം സ്നേഹിക്കുന്ന മുജാഹിദ് യുവജനവിഭാഗം, അതിന്റെ മുഖപത്രമായ ശബാബ്, ഞാൻ എത്ര വാത്സല്യത്തോടെയാണ് അതിന്റെ ഓരോ ലക്കവും ശ്രദ്ധിച്ചിരുന്നത്. അതിൽ ഒരു മുഖപ്രസംഗം വന്നു. ധിഷണാ ശാലി എന്ന് ഞാൻ കരുതി ബഹുമാനിച്ചിരുന്ന ഒരു തൂലികയാണ് അതി

ന്റെ ഉടമയെന്ന് എനിക്ക് അറിയാൻ പ്രയാസമുണ്ടായില്ല. പ്രസ്ഥാന നേതൃത്വം അന്തംവിട്ടു. എന്തുവേണമെന്ന് ആലോചിച്ചു ശങ്കിച്ചു നിന്നു. 'പ്രബോധന വിജയത്തിന് പൊതുതാൽപര്യമേഖല കണ്ടെത്തുക' എന്ന തലവാചകത്തിലാണ് മുഖപ്രസംഗം. പ്രവാചകചര്യക്കും സലഫീ ആദർശപാരമ്പര്യത്തിനും വിരുദ്ധമായ ഈ അനിസ്‌ലാമിക ആശയത്തെ കഠിനമായി ഞാൻ വിമർശിച്ചു. പക്ഷെ, അവർ അത് തിരുത്താൻ കൂട്ടാക്കുന്നതായി അനുഭവപ്പെട്ടില്ല.

പൊതുതാൽപര്യമേഖല എന്നു വെച്ചാൽ എല്ലാവർക്കും ഗുണം ലഭിച്ചേക്കാവുന്നതും ഇഷ്ടപ്പെടുന്നതുമായ സാമൂഹിക പ്രവർത്തനങ്ങൾ, ജീവകാരുണ്യ സേവനങ്ങൾ എന്നിവയ്ക്ക് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള മുന്നേറ്റം. ഇസ്‌ലാമിന്റെ സർവ്വപ്രധാനമായ തൗഹീദ് ചാടിക്കടന്ന് പറയാതിരിക്കുക. അത് സമൂഹത്തിൽ വലിയ കുഴപ്പവും ഭിന്നതയുമുണ്ടാക്കുകയും സമൂഹം നമ്മെ വെറുക്കുകയും നമ്മിൽ നിന്ന് അകലുകയും ചെയ്യും. അതിനാൽ സാമൂഹിക സേവനത്തിലൂടെ രംഗത്തിറങ്ങി സമൂഹത്തിന്റെ ഇഷ്ടം സമ്പാദിച്ച ശേഷം പതുക്കെ പതുക്കെ അവർക്ക് തൗഹീദ് പറഞ്ഞുകൊടുക്കാം. എന്നുവെച്ചാൽ സേവന നന്മകൾ അടങ്ങുന്ന ഒരു സമൂഹശരീരത്തിലൂടെ മാത്രമേ തൗഹീദ് പൂർണ്ണമാകൂ. തൗഹീദിനെ ഏകദൈവാരാധന എന്ന കുടുസ്സായ വേലിക്കെട്ടിനകത്ത് തളച്ചിടരുത്. അതിനെ തുറന്നു വിടണം. അത് ഓടകൾ വൃത്തിയാക്കുന്നിടത്തും മരം നടുന്നിടത്തും മരുന്നു കൊടുക്കുന്നേടത്തുമെല്ലാം വിഹരിക്കട്ടെ. എന്നല്ല, ഇതൊക്കെയായാലേ യഥാർഥ തൗഹീദാകൂ. അങ്ങനെ പൊതുതാൽപര്യമേഖലയിലൂടെ പ്രബോധനരംഗത്ത് വിജയം നേടാം. തേനൂറുന്ന തൗഹീദ്!

ഈ ആശയം കണ്ടെത്തിയ ധിഷണാശാലികളോടും അതേറ്റുപാടുന്ന കുട്ടികളോടും എനിക്ക് ചിലത് പറയാനുണ്ട്. യാതൊരു വിവരവും ബോധവുമില്ലാതെ ഇഹ- പര നഷ്ടങ്ങളിൽ മുങ്ങിത്താഴ്ന്നു കിടന്ന ഈ സമുദായത്തെ ഉണർത്തി, ബോധനം നൽകി, ക്രമേണ വളർത്തി സമൂഹത്തിന്റെ നാനോന്മുഖമായ മേഖലകളിൽ അഭിവൃദ്ധിയുണ്ടാക്കാൻ യത്നിച്ചത് വക്കം മൗലവിയും കെ.എം. മൗലവിയും സീതി സാഹിബും മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബും അടക്കുമുള്ള ഇസ്‌ലാഹീ പണ്ഡിത നേതാക്കളായിരുന്നു. അവർ, നിങ്ങളിപ്പോൾ പുച്ഛിച്ചുപറയുന്ന വേലിക്കെട്ടിനകത്തുള്ള തൗഹീദിനെ വിളംബരം ചെയ്തുകൊണ്ടാണ് പരിവർത്തന ശ്രമങ്ങൾക്ക് ഒരുങ്ങിയത്. എം.കെ. ഹാജിയെപോലെ ഒരു സാമൂഹിക - ജീവകാരുണ്യ പ്രവർത്തകനെ കേരളം കഴിഞ്ഞകാലത്ത് കണ്ടിട്ടുണ്ടോ? അടുത്ത നൂറ്റാണ്ടിൽ കാണുമെന്ന് തോന്നുന്നുണ്ടോ? മൗലീദിന്റെയും

റാത്തീബിന്റെ വാഹകനായിരുന്ന അദ്ദേഹം കെ.എം. മൗലവിയിൽ നിന്നും തൗഹീദ് പഠിച്ച് മുജാഹിദായി. മരണംവരെ അതിനു വേണ്ടി യത്നിച്ചു. അതോടൊപ്പം നാടു കണ്ട ഏറ്റവും വലിയ സാമൂഹിക സേവകനുമായി. അബ്ദുസ്സലാം മൗലവിയേയും മൗലാനാ അബുസ്സബാഹിനേയും പോലെ യുള്ള വിദ്യാഭ്യാസ നവോത്ഥാന നായകരെ കേരളം ഇനി കാണുമോ? ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ മഹനീയ ഉൽപ്പന്നങ്ങളാണിവർ. സമുദാ യത്തിന്റെ നാനോന്മുഖമായ ഉയർച്ചയ്ക്കും വളർച്ചക്കും വേണ്ടി ജീവിതം അർപ്പിച്ച സീതി സാഹിബ് എന്ന ചരിത്രപുരുഷൻ ഇസ്‌ലാഹീ പ്രസ്ഥാ നത്തിന്റെ മുധുര മനോഹരമായ കായ്കനികളിൽ മുന്തിയ ഇനമാണ്. തൗഹീദ് പ്രസ്ഥാനത്തിന്റെ ഊടും പാവുമായി നിൽക്കുമ്പോൾ തന്നെ അദ്ദേഹത്തിന് മുസ്‌ലിംലീഗിന്റെ സർവ്വസമ്മതനായ സാരഥിയായി ജീവി ക്കുവാൻ കഴിഞ്ഞു. എം.കെ. ഹാജിയുടെയും ജീവിതാനുഭവങ്ങൾ ഇതിന് തെളിവാണ്.

എന്നിട്ടിപ്പോൾ ചിലർ ഒരു പുതിയ ആശയം കണ്ടെത്തിയിരിക്കുന്നു. തൗഹീദ് ലേശം പിറകോട്ട് പോകട്ടെ. സാമൂഹിക സേവനം മുന്നോട്ട് കയ റട്ടെ. ഇതാണിപ്പോൾ കണ്ടുപിടിച്ച പൊതുതാല്പര്യമേഖല. മനുഷ്യരെ ശാശ്വതമായ നരകശിക്ഷയിൽ നിന്നും മോചിപ്പിച്ച് ഇഹപര വിജയത്തിന് അർഹരാക്കാൻ പ്രയത്നിക്കുകയെന്നതാണ് യഥാർത്ഥത്തിൽ പൊതു താൽപര്യം എന്നു പറയുന്നത്. അതിൽ ഏറ്റവും പ്രധാനം സ്രഷ്ടാവിനെ മാത്രം ആരാധിക്കുക. അവനോടു മാത്രം പ്രാർത്ഥിക്കുക എന്ന കറക ളഞ്ഞ, സ്ഫുടം ചെയ്ത തൗഹീദാണ്. ആ തണൽ വൃക്ഷത്തിന് കീഴിൽ നിന്നുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് പൊതുതാൽപര്യ പ്രവർത്തന ങ്ങൾ. അതിനാണ് മുൻകാല നേതാക്കൾ മാതൃക കാണിച്ചത്. അത് കൊണ്ട് കുട്ടികളേ, സുഹൃത്തുക്കളേ, നിങ്ങൾ തെറ്റു തിരുത്തണം. തെറ്റി ന്മേൽ ന്യായം പറയരുത്. അവിടെ ഇബ്‌ലീസിന്റെ വിളയാട്ടമുണ്ടാകും. സൂക്ഷിക്കണം. അല്ലാഹു അനുഗ്രഹിക്കട്ടെ.

ഇവിടെ ഞാൻ ഒരു മനുഷ്യനെ മാതൃകയായി അവതരിപ്പിക്കുന്നു. മുജാഹിദ് യുവജന പ്രസ്ഥാനത്തിന്റെ സ്ഥാപക അദ്ധ്യക്ഷനായിരുന്ന മർഹും കെ.എസ്.കെ. തങ്ങൾ. ദുരഭിമാനം പോകട്ടെ, അഭിമാനഭാവം പോലും പ്രകടിപ്പിക്കാതെ ജീവിച്ച എളിമയുടെ കാതലായിരുന്നു അദ്ദേ ഹം. ഓരോ പ്രാവശ്യം അദ്ദേഹത്തോടു സംസാരിക്കുമ്പോഴും എനിക്ക് തങ്ങളെപ്പോലെയാകാൻ കഴിയാത്തതിൽ ഖേദം തോന്നും. കുറ്റബോധം എന്നിൽ വിളയാടും. എന്തൊരു വിനയം! എന്തൊരു സ്വഭാവ വൈശി ഷ്ട്യം! ഒരു കൊച്ചു പാളിച്ച പോലും ചൂണ്ടിപ്പറഞ്ഞാൽ സന്തോഷത്തോ

ടെ അതുൾക്കൊള്ളുന്ന കെ.എസ്.കെ. ഒരു കുളിരേകുന്ന ഓർമ്മയാണ്. ഒന്നു രണ്ടു അനുഭവങ്ങൾ ഞാൻ പറയാം. ഞാൻ കൊച്ചിയിൽ വരുമ്പോൾ അദ്ദേഹം മുജാഹിദീൻ ഓറിയന്റൽ ഹൈസ്കൂളിൽ അദ്ധ്യാപകനായിരുന്നു. മസ്ജിദുൽ മുജാഹിദീനിൽ ആവശ്യപ്പെടുമ്പോഴെല്ലാം അദ്ദേഹം ഖുത്ബ നടത്തും. പൊതുരംഗത്ത് ആര് ക്ഷണിച്ചാലും പോയി പ്രസംഗിക്കും. ഇത്രയധികം ഖുർആൻ വചനങ്ങൾ ഉദ്ധരിച്ച് പ്രസംഗിക്കുന്ന ഒരു യുവാവിനെ എനിക്ക് വേറെ പരിചയമില്ല. പക്ഷെ, പ്രസംഗത്തിന് വേഗത കൂടുതലാണ്. പലരും എന്നോട് പരാതി പറഞ്ഞു. ശ്രോതാക്കളുടെ അഭിപ്രായം പ്രധാനപ്പെട്ടതുതന്നെയാണ്. ഞാൻ സൗമ്യമായി കാര്യം കെ. എസ്.കെയോട് സൂചിപ്പിച്ചു. ഒരു ആലോചനപോലുമില്ലാതെ അദ്ദേഹം അത് സമ്മതിക്കുകയും ഞാൻ നിയന്ത്രിക്കാമെന്ന് പറയുകയും ചെയ്തു. അദ്ദേഹം തന്റെ ശൈലിയിൽ ബോധപൂർവ്വം മാറ്റം വരുത്തി. പ്രസംഗം കൂടുതൽ ഭംഗിയായി. മറ്റൊരിക്കൽ ജമുഅ ഖുത്ബയിൽ ഒരു വിഷയം അദ്ദേഹം പറഞ്ഞു. പരലോകത്ത് വിചാരണകൂടാതെ എഴുപതിനായിരം പേർ സ്വർഗത്തിൽ കടക്കും. അവരുടെ പ്രത്യേകത അവർ മന്ത്രിക്കുകയില്ല, എല്ലാം റബ്ബിൽ തവക്കുൽ ചെയ്യുന്നവരാണ്. ഈ ഹദീസ് ഓതി തവക്കുലിന്റെ മാഹാത്മ്യം വിവരിച്ചു. നമസ്കാരാനന്തരം ഹമീദ് തങ്ങളോട് പറഞ്ഞു, ഈ ഹദീസിൽ മന്ത്രിക്കാൻ ആവശ്യപ്പെടുകയില്ല എന്ന ക്വാളിറ്റിയാണല്ലോ പറഞ്ഞു കേട്ടിട്ടുള്ളത്. മന്ത്രിക്കുന്നത് അനുവദനീയമല്ലേ? അതിന്റെ പേരിൽ ഒരാളുടെ നിലവാരത്തിന് ഇടിവ് സംഭവിക്കുമോ? കെ.എസ്.കെ. ഉടനെ പറഞ്ഞു: എന്റെ ഓർമ്മയിൽ നിന്നും പറഞ്ഞതാണ്. ഞാൻ പരിശോധിക്കാം. അടുത്ത ജുമുഅക്ക് തങ്ങൾ വന്നു. രണ്ടാം ഖുത്ബയിൽ ഈ വിഷയം വീണ്ടും പറഞ്ഞു. കഴിഞ്ഞ ഖുത്ബയിൽ എനിക്ക് ഒരു തെറ്റ്പറ്റി. ഇവിടെ മന്ത്രിക്കാൻ ആവശ്യപ്പെടുകയില്ല എന്ന വാക്കാണുള്ളത്. ഒരു മനുഷ്യന്റെ തവക്കുലിന്റെ ദൃഢതയാണ് ഇത് മൂലം തെളിയുന്നത്. കൂടുതൽ അത് വിശദീകരിച്ചു. അങ്ങനെ ഒരു പിശക് വന്നതിൽ മിമ്പറിൽ നിന്നുകൊണ്ട് പരസ്യമായി മാപ്പുപറഞ്ഞു. ഈ വിഷയം ഹമീദ് എന്നോട് പറയുമ്പോൾ കണ്ണുനിറയുന്നത് ഞാൻ കണ്ടു. സന്തോഷത്തിന്റെ നനവ്. തങ്ങളുടെ ഹൃദയവിശാലത, വിനയം, നിഷ്കളങ്കത, ആദർശദൃഢത, പ്രസ്ഥാനത്തോടുള്ള സ്നേഹം, ആളുകളുമായുള്ള ഇടപഴകൽ ഒരു യഥാർത്ഥ വിശ്വാസിക്ക് വേണ്ടതായ ഗുണങ്ങളുടെ സമന്വയമായിരുന്നു എന്റെ പ്രിയങ്കരനായ കെ.എസ്.കെ. അദ്ദേഹം ആളുകളുമായി സംസാരിക്കുന്നതും പെരുമാറുന്നതും കുളിർമ്മയോടെ ഞാൻ നോക്കിയിരുന്നിട്ടുണ്ട്. മാധുര്യത്തേക്കാൾ ഞാൻ ശ്രദ്ധിച്ചിട്ടുള്ളത് അതി

ലൊഴുകിവരുന്ന വിജ്ഞാനമാണ്.

കെ.എൻ.എം. സംസ്ഥാന സമ്മേളനം കുറ്റിപ്പുറത്ത് നടത്താൻ തീരുമാനിച്ചതോടെ തന്റെ അനാരോഗ്യം വകവെക്കാതെ രാപകൽ ഭേദമന്യേ അദ്ദേഹം ഓടിനടന്നു. ജനങ്ങളെ ഉൽബുദ്ധരാക്കി. അണികളെ സജീവമാക്കി. തങ്ങൾ കൂടെയുണ്ടെങ്കിൽ പ്രവർത്തകർക്ക് എന്തെന്നില്ലാത്ത ആഹ്ലാദാവേശമാണ്. അദ്ദേഹം അവരിൽ ഒരാളായി ലയിക്കുകയായിരിക്കും. സമ്മേളന പ്രചാരണത്തിന്റെ ജില്ലാതല സമാപനം ആലുവായിലാണ് നടന്നത്. സ്റ്റേജിൽവെച്ച് അദ്ദേഹത്തിന് നെഞ്ചുവേദന ഉണ്ടായി. ശക്തിയായ അറ്റാക്കായിരുന്നു. രണ്ടുമൂന്നു ദിവസം ആശുപത്രിയിൽ കിടന്നു. കേരളത്തിലെ മുജാഹിദ് യുവജന വിഭാഗത്തേയും അദ്ദേഹത്തെ പരിചയമുള്ള മുഴുവൻ ജനങ്ങളേയും പ്രത്യേകിച്ച് കൊച്ചി നിവാസികളേയും അഗാധമായ ദുഃഖത്തിലാഴ്ത്തിക്കൊണ്ട് എന്റെ വാത്സല്യനിധിയായ കെ.എസ്.കെ. ഈ ലോകത്തോട് വിടപറഞ്ഞു. സമ്മേളന നഗരിയിൽ വന്നുചേർന്ന ലക്ഷങ്ങൾ അദ്ദേഹത്തിനുവേണ്ടി ഹൃദയപൂർവ്വം പ്രാർത്ഥിച്ചു. തൗഹീദിന്റെ വക്താക്കൾ ഒത്തുചേർന്ന ലോകത്തിലെ അത്യപൂർവ്വമായ ആ മഹാസദസ്സിന്റെ പ്രാർത്ഥന തീർച്ചയായും പ്രിയപ്പെട്ട കെ.എസ്.കെ.ക്ക് ബർസഖിയായ ലോകത്ത് ഒരു മുതൽക്കൂട്ടായിരിക്കും. “ഞങ്ങളുടെ നാഥാ! ഞങ്ങളുടെ ഇണകളിൽ നിന്നും സന്താനങ്ങളിൽ നിന്നും ഞങ്ങൾക്ക് കൺകുളിർമ്മയുണ്ടാക്കിത്തരേണമേ” എന്ന് വിശ്വാസികൾ സദാ പ്രാർത്ഥിക്കുന്നുണ്ടല്ലോ. ആ പ്രാർത്ഥന ദുൻയാവിൽ തന്നെ സഫലമായിക്കിട്ടിയ ഒരു കുടുംബനാഥനാണ് കെ.എസ്.കെ. തങ്ങൾ. നല്ല ഭാര്യ, നല്ല മക്കൾ, നല്ല സുഹൃത്തുക്കൾ ഇതെല്ലാം അപൂർവ്വ ഭാഗ്യമാണ്. കെ.എസ്.കെ. ഭാഗ്യവാനായിരുന്നു. ദുൻയാവിൽ ലഭിച്ചതിനേക്കാൾ ഉത്തമമായ ഭാഗ്യം കൊണ്ട് പരലോകത്ത് അദ്ദേഹം അനുഗ്രഹീതനായിത്തീരുമാറാകട്ടെ.

കെ.എസ്.കെ.യുടെ മകൻ മുഹമ്മദ് ശാക്കിറിനെ, ഒരു പേരക്കുട്ടിയുടെ വാത്സല്യത്തോടെയാണ് ഞാൻ എപ്പോഴും നോക്കിക്കാണുന്നത്. മുജാഹിദ് സ്റ്റുഡൻസ് മൂവ്മെന്റിന്റെ സംസ്ഥാന നേതാവായി ശാക്കിർ തെരഞ്ഞെടുക്കപ്പെട്ട വാർത്ത എത്ര ആനന്ദത്തോടെയാണ് ഞാൻ കേട്ടത്. നല്ല പിതാവിന്റെ നല്ല പുത്രൻ. എനിക്ക് ലഭിക്കാത്ത ഭാഗ്യം കെ.എസ്.കെ.ക്ക് ലഭിച്ചു. ഞാൻ മനസ്സ് നിറയെ പ്രാർത്ഥിക്കുന്നു. എന്റെ ശാക്കിർ ഇനിയും കൂടുതൽ ഉയരങ്ങളിലേക്ക് നടന്നുകയറട്ടെ, നല്ല ഉപ്പയുടെ നല്ല കുട്ടിയായി. (ഈ പ്രാർത്ഥന അന്വർത്ഥമായി. ശാക്കിർ തന്റെ പിതാവ് തുടങ്ങിവെച്ച ഐ.എസ്.എമ്മിന്റെ സംസ്ഥാന അദ്ധ്യക്ഷനായി ഇപ്പോൾ നിയമിക്കപ്പെട്ടിരിക്കുന്നു -എഡിറ്റർ)

ശാക്കിർ ഒരു ദിവസം തിരൂർക്കാട്ടേക്ക് എനിക്ക് ഫോൺ ചെയ്തു. എം.എസ്.എമ്മിന്റെ ഏതാനും പ്രവർത്തകർ ലക്നോവിലുണ്ട്. ലോക പ്രശസ്ത പണ്ഡിതനായ മർഹൂം അബുൽഹസൻ അലി നദ്‌വിയെ കാണാൻ ദാറുൽ ഉലൂമിൽ പോയിരുന്നു. പക്ഷെ, അദ്ദേഹത്തെ കാണാൻ അനുവാദം ലഭിച്ചിട്ടില്ല. അന്ന് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. ആ കൂടിക്കാഴ്ച അത്യാവശ്യമാണ്. അതുകൊണ്ട് ലക്നോവിലേക്ക് ഫോൺ ചെയ്ത് നദ്‌വി സാഹിബിനോട് ഞാൻ സംസാരിക്കണം, ആ കുട്ടികൾക്കു പ്രവേശനം ലഭിക്കാൻ. ശാക്കിർ എന്നോട് ആവശ്യപ്പെട്ടു. എനിക്ക് നദ്‌വി സാഹിബുമായി നേരിട്ട് പരിചയമുണ്ട്. പക്ഷേ, വർഷങ്ങളായി ബന്ധപ്പെട്ടിട്ടില്ല. അതുകൊണ്ട് അദ്ദേഹം എന്നെ മറന്നുപോകാൻ സാധ്യതയുണ്ട്. എന്നാലും ശാക്കിറിന്റെ ആവശ്യം ഞാൻ എങ്ങനെ തള്ളും. കെ.എസ്.കെ.യുടെ വിനയസ്വരൂപമായ മുഖമാണ് എന്റെ മനസ്സിൽ തെളിയുന്നത്. ഞാൻ വിളിച്ചു. പക്ഷെ, കിട്ടുന്നില്ല. അര മണിക്കൂറിനു ശേഷം വീണ്ടും ശാക്കിർ വിളിച്ചു. വീണ്ടും ഞാൻ ലഖ്നോവിലേക്ക് കറക്കി. കണക്ഷൻ കിട്ടിയെങ്കിലും ഫോൺ എടുത്തയാൾക്ക് അറബി അറിയില്ല. എനിക്ക് ഉറുദുവും നിശ്ചയമില്ല. അതാ ശാക്കിർ വീണ്ടും വിളിക്കുന്നു. ഇങ്ങനെ എട്ടോ പത്തോ തവണ ഞാൻ വിളിച്ചു. ഇതിനിടയ്ക്ക് എന്റെ അടുത്തിരിക്കുന്ന ഹമീദിനോട് ഞാൻ പറഞ്ഞു; ശാക്കിർ എന്നെ വിടുന്ന ഭാവമില്ലല്ലോ ഹമീദേ! "നമ്മുടെ കെ.എസ്.കെയുടെ മകനല്ലേ മൗലവീ" ഹമീദ് എന്നെ പ്രോത്സാഹിപ്പിക്കുകയാണ്. ഒടുവിൽ ഫോൺ കണക്ഷൻ മൂന്നോ നാലോ കൈകൾ മാറിമാറി നദ്‌വി സാഹിബിന്റെ കൈയിലെത്തി. ഞാൻ സ്വയം പരിചയപ്പെടുത്തി. അത്ഭുതം! അദ്ദേഹം എന്നെ മറന്നിട്ടില്ല. എനിക്ക് വേണ്ടി അദ്ദേഹം പ്രാർത്ഥിച്ചു. മുമ്പൊരിക്കൽ അദ്ദേഹം എന്റെ കൈപിടിച്ച് എനിക്ക് വേണ്ടി പ്രാർത്ഥിച്ചിട്ടുണ്ട്. മൗദൂദിസത്തിന്റെ ആശയാപകടങ്ങൾ തുറന്നു പറയുന്നതിൽ എന്നെ അഭിനന്ദിച്ചു. അദ്ദേഹം എന്നോട് പറഞ്ഞു: "മൗദൂദി സാഹിബ് എന്റെ അടുത്ത സുഹൃത്താണ്. അതെന്റെ ഒരു ദൗർബ്ബല്യമായിരിക്കുന്നു. നീ ഈ സത്യപ്രബോധനത്തിൽ മുന്നോട്ട് പോകണം. എന്റെ ധാർമ്മിക പിന്തുണയുണ്ട്." പിന്നീട് നദ്‌വി സാഹിബ് മൗദൂദിസത്തിനെതിരിൽ തുറന്നു എഴുതി.

ഞങ്ങൾ ഫോണിലൂടെ കുശലം പറഞ്ഞു. പരസ്പരം പ്രാർത്ഥിച്ചു. ശേഷം വിളിച്ച ആവശ്യം പറഞ്ഞു. അദ്ദേഹം അവരുടെ പേര് ചോദിച്ചു. കുറിച്ചെടുത്തു. ശാക്കിറിനെ ഞാൻ വിളിച്ചു. കുട്ടികളോട് ആഫീസുമായി ബന്ധപ്പെടുന്നതിന് വിളിച്ചു പറയുവാനും നിർദ്ദേശിച്ചു. അങ്ങനെ ആ കാര്യം നടന്നു. ശാക്കിറിനോടുള്ള വാത്സല്യത്താലാണ് തിരക്കിനിടയിലും

ഞാൻ ഇതിനുവേണ്ടി മണിക്കൂറുകൾ ചെലവിട്ടത്. മോനേ ശാക്കിറേ, ഉപ്പയുടെ പാത തുടർന്ന് മുന്നോട്ട് പോകൂ. അല്ലാഹു നിന്നെ അനുഗ്രഹിക്കട്ടെ.

തെറ്റു തിരുത്താനുള്ള ഹൃദയവിശാലതയെക്കുറിച്ചാണ് ഞാൻ തുടങ്ങിയത്. ചില വൈകാരിക സ്മരണകൾ മനസ്സിനെ മഥിച്ചു. വീണ്ടും ഞാൻ മടങ്ങിവരികയാണ്. തെറ്റ് മനസ്സിലാക്കി ശരിയിലേക്ക് മടങ്ങുകയെന്നത് ഒരു പ്രത്യേക ഭാഗ്യമാണ്. അല്ലാഹു അതിനുള്ള ഹൃദയവിശാലത എനിക്ക് പലപ്പോഴും നൽകിയിട്ടുണ്ട്. റബ്ബിനെ എത്ര സുതുതിച്ചാലും മതിയാവുകയില്ല. സൽസബീൽ തുടങ്ങി 71ൽ ത്രൈമാസിക മൂന്നാം ലക്കത്തിൽ ഞാൻ രണ്ടാം കലിമയുടെ വിശദീകരണം എഴുതി. അതിൽ ഒരു വിഷയം ഉണ്ടായിരുന്നു. തെറ്റു ചെയ്യാത്ത മനുഷ്യരില്ല. അതുകൊണ്ട് നാം എപ്പോഴും പൊറുക്കലിനെ തേടിക്കൊണ്ടിരിക്കണം. പാപമുക്തരായ പ്രവാചകന്മാർ പോലും അങ്ങനെയായിയിരുന്നു. തങ്ങളിൽ നിന്നും വല്ല തെറ്റും വന്നുപോയോ എന്ന ആശങ്കയും കുറ്റബോധവും അവരെ സദാ അലട്ടിക്കൊണ്ടിരിക്കുന്നു. പ്രവാചകശ്രേഷ്ഠനായ മുഹമ്മദ് നബിﷺ പോലും ഒരു ദിവസം നൂറു പ്രാവശ്യമെങ്കിലും അസ്തഗ്ഫിറുല്ലാഹ്, എന്ന് തേടുമായിരുന്നു. ആ കുറ്റബോധം മഹത്തായ ഒരു ഇബാദത്താകുന്നു.

കുറെദിവസം കഴിഞ്ഞു. ഡോ. ഉസ്മാൻ സാഹിബിന്റെ ഒരു കത്ത്. നിങ്ങളുടെ വിശദീകരണം കഴമ്പുള്ളതാണ്. പക്ഷെ, വായനക്കാർക്കിടയിൽ ഒരു തെറ്റിദ്ധാരണ പരക്കാൻ ചിലപ്പോൾ അത് കാരണമാകുമോ എന്ന ഒരു ശങ്ക. നബിﷺക്ക് ദിവസവും തെറ്റുകൾ വന്നുകൊണ്ടിരുന്നു എന്ന് ആരെങ്കിലും ധരിക്കുകയോ മുസ്‌ലിയാക്കൾ അങ്ങനെ പ്രചരിപ്പിക്കുകയോ ചെയ്തുകൂടായ്കയില്ല. അതൊന്ന് ക്ലിയർ ചെയ്താൽ നന്നായിരുന്നു. ഞാൻ പലവട്ടം വായിച്ചിട്ടും അതിൽ തെറ്റായി ഒന്നും കണ്ടില്ല. പക്ഷെ, ഡോക്ടർ ഒരു കാര്യം വെറുതെ പറയുകയില്ല. അപാര ബുദ്ധിയും ദീർഘവീക്ഷണവുമുള്ള ഡോക്ടറെ അനുസരിച്ചേ പറ്റൂ. അടുത്തലക്കത്തിൽ കവർ പേജ് രണ്ടിൽ ബോക്സിലായി ഞാൻ ഒരു പ്രസ്താവന കൊടുത്തു. നബിﷺ പിൻകഴിഞ്ഞതും മുൻകടന്നതുമായ എല്ലാ തെറ്റുകുറ്റങ്ങളും പൊറുക്കപ്പെട്ട പൂർണനായ പാപമുക്തനാണ്. പ്രവാചകൻ ലോകജനതക്ക് മാതൃകാപുരുഷനായതിനാൽ അല്ലാഹു നബിയെ പ്രത്യേകം കാത്തുസൂക്ഷിച്ചിരിക്കുന്നു. നബിﷺ നൂറു പ്രാവശ്യം ഒരു ദിവസം പാപമോചനത്തിന് അർത്ഥിച്ചിരുന്നുവെന്നത് ശരിയാണ്. പക്ഷെ, അത് പാപം ചെയ്തത് കൊണ്ടല്ല. അനുകരണീയമായ മാതൃകയും സ്വയം കുറ്റബോധത്തിന് വഴങ്ങുന്ന മഹത്തായ സ്വഭാവ വൈശിഷ്ട്യവു

മാണ്. പക്ഷെ, എന്റെ മുൻ ലക്കത്തിലെ വാക്കുകളിൽ ആർക്കെങ്കിലും തെറ്റിദ്ധാരണയുണ്ടായിട്ടുണ്ടെങ്കിൽ ഞാൻ നിർവ്യാജം ഖേദിക്കുന്നു. മാപ്പു ചോദിക്കുന്നു. അങ്ങനെ ഞാൻ ആ പ്രശ്നത്തിൽ നിന്ന് ഒഴിവായി. റബ്ബിനോട് മാപ്പിരക്കുകയും ചെയ്തു.

ഇവിടെ ഉസ്മാൻ ഡോക്ടറുടെ ബുദ്ധിയും ദീർഘവീക്ഷണവും എന്നെ ആശ്ചര്യപ്പെടുത്തിയിരിക്കുന്നു. പരമദുഷ്ടന്മാരായ പുരോഹിതന്മാർ കഴിഞ്ഞ കാൽ നൂറ്റാണ്ടിലേറെയായി ആയിരക്കണക്കിന് സ്റ്റേജുകളിൽ ഈ വിഷയം ഉയർത്തിപ്പിടിച്ച് എന്നെ കഠിനമായി ചീത്ത പറയുകയും ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്തുവരികയാണ്. നബിﷺ പാപം ചെയ്യുന്നവനായിരുന്നു എന്ന് ഉമർ മൗലവി സൽസബീലിൽ എഴുതിയിരിക്കുന്നു. ഇതാണവരുടെ ജൽപനം. ത്രൈമാസികയുടെ ലക്കം മാത്രം വിളിച്ചു പറയും. മാസിക ഉയർത്തിക്കാട്ടും. എന്റെ വാചകങ്ങൾ വായിക്കുകയില്ല. പിന്നീട് ഞാൻ വിശദമാക്കിയതും മറച്ചുവെക്കും. നമ്മുടെ പണ്ഡിത- പ്രഭാഷകർക്ക് ഇത് വല്ലാത്ത തലവേദനയുണ്ടാക്കിയിട്ടുണ്ട്. ഞാൻ തന്നെ അനേകം സ്റ്റേജുകളിൽ ഇത് വിശദീകരിച്ചിട്ടുണ്ട്. പലപ്പോഴായി എഴുതിയിട്ടുണ്ട്. അതൊന്നും കളവ് പറയാൻ നിയ്യത്ത് ചെയ്തിരിക്കുന്നവർക്ക് പ്രശ്നമല്ല. അവർ ഇത് പലപ്പോഴും ആവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇനി അല്ലാഹുവിന്റെ നീതിനിഷ്ഠമായ കോടതിയിൽ അവരുടെ വായകൾക്ക് സീൽ വെച്ചുകൊണ്ട് അവരുടെ കൈകൾ സംസാരിക്കുന്ന ആ ഭയങ്കര നാളിലേ എനിക്ക് നീതി ലഭിക്കുകയുള്ളൂ എന്ന് ഞാൻ മനസ്സിലാക്കി. അതിന്നായി ഞാൻ സദാ പ്രാർത്ഥിക്കുന്നു. എന്റെ പ്രാണസുഹൃത്തിന്റെ താക്കീതിനെ ഞാൻ അന്ന് അവഗണിച്ചിരുന്നുവെങ്കിൽ എന്റെ മനസ്സിനെ കുറ്റബോധം സദാ പിന്തുടരുമായിരുന്നു. ഉസ്മാൻ ഡോക്ടർക്ക് അല്ലാഹു മഹത്തായ അനുഗ്രഹം നൽകട്ടെ.

ചിലർ എന്നെ പരിഹസിക്കുന്നതായി ഞാൻ അറിഞ്ഞിട്ടുണ്ട്. തെറ്റ് തിരുത്തുന്നതിൽ ദുരഭിമാനം വെച്ചു പുലർത്തുന്ന ചില പണ്ഡിതന്മാരുമുണ്ട് ആ കൂട്ടത്തിൽ. ഉമർ മൗലവി ഓരോ വേണ്ടതീനങ്ങൾ എഴുന്നള്ളിക്കും. പിന്നീട് മാപ്പ് പറയും. ഇതാണ് പരിഹാസം. എനിക്കതിൽ വിഷമം തോന്നിയിട്ടില്ല. അല്ലാഹു നൽകിയ അനുഗ്രഹം തന്നെ. ഒരിക്കൽ ഒരു സംഭവമുണ്ടായി. എന്റെ ആറാമത്തെ മകൻ മുബാറക്ക് പുളിക്കൽ അറബിക്കോളേജിൽ രണ്ടാം വർഷ വിദ്യാർത്ഥിയായിരുന്നു. അക്കാലത്ത് സൽസബീലിലേക്ക് ഒരു ചോദ്യം വന്നു. ചുവപ്പ് വസ്ത്രം ധരിക്കാൻ അനുവാദമുണ്ടോ? പാടില്ലെന്ന് എവിടെയോ വായിച്ച ഓർമ്മയിൽ ഞാൻ ഉത്തരമെഴുതി. പരിശോധിക്കാൻ മിനക്കെടാതെ സംഭവിച്ച ഒരബദ്ധമായിരുന്നു

അത്. മാസിക പുറത്തിറങ്ങിയ അടുത്ത ദിവസം മുബാറക്കിന്റെ ഒരു കത്ത് തപാലിൽ വന്നു. ഉപ്പ കൊടുത്ത ഉത്തരം തെറ്റാണ്. നബിﷺ ചുവപ്പ് വസ്ത്രം ധരിച്ചു വന്നതായും അപ്പോൾ നബി കൂടുതൽ അഴകുള്ളവനായി അനുഭവപ്പെട്ടതായി സ്വഹാബികൾ പ്രതികരിച്ചതായും ഹദീഥിലുണ്ട്. ഹദീഥ് കത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഞാൻ ഖേദിച്ചു. സന്തോഷിക്കുകയും ചെയ്തു. തെറ്റ് വന്നതിലാണ് ഖേദം. എന്റെ മകൻ തന്നെ എന്നെ തിരുത്തിയതിലായിരുന്നു സന്തോഷം. ഞാൻ തെറ്റ് തിരുത്തി. വായനക്കാരോട് മാപ്പ് പറഞ്ഞു. പലപ്പോഴും ഇങ്ങനെയുള്ള സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നെപ്പോലുള്ളവരുടെ പ്രസംഗവും ക്ലാസും കേട്ട് ദീൻ പഠിച്ച സാധാരണക്കാർ പോലും ചില കാര്യങ്ങളിൽ എന്നെ തിരുത്തിയിട്ടുണ്ട്. ഞാൻ സ്നേഹത്തോടെ അവർക്ക് നന്ദി പറയും. ഭൗതികമായ കാര്യങ്ങളിലാണ് എനിക്ക് കൂടുതലും അബദ്ധങ്ങൾ പിണയാറുള്ളത്. അതിൽ ഞാൻ ഒരു വട്ടപ്പൂജ്യമാണെന്ന് എനിക്ക് തന്നെ തോന്നിയിട്ടുണ്ട്. ഒരിക്കൽ ബസ് സ്റ്റോപ്പിൽ നിൽക്കുകയാണ്. ഹമീദ് കൂടെയുണ്ട്. എതിർവശത്ത് മത്തങ്ങ വലിപ്പത്തിൽ ഒരു പോസ്റ്റർ. 'ഏകലവ്യൻ'. എനിക്കൊന്നും മനസ്സിലായില്ല. ഞാൻ ഹമീദിനോട് ചോദിച്ചു. അപ്പോൾ അതിന്റെ ചരിത്ര പശ്ചാത്തലം മഹാഭാരതം എന്ന കഥയിൽ നിന്നും എനിക്ക് പറഞ്ഞുതന്നു. താഴ്ന്ന ജാതിക്കാരനായ സാധു ശിഷ്യന്റെ അസ്ത്രവിദ്യയെ കൂമ്പോടെ പിഴുതെടുത്ത ദുഷ്ടനായ ഗുരുവിന്റെ കഥ. അയാൾ സവർണനായിരുന്നുവത്രെ! തന്റെ സവർണനായ ശിഷ്യൻ അർജുനന്റെ മേധാവിത്വം അസ്ത്രവിദ്യയിൽ ഈ കീഴ് ജാതിക്കാരനായ സാധു ശിഷ്യൻ കാരണം നഷ്ടപ്പെടുമെന്ന് ബോധ്യമായപ്പോൾ അവന്റെ കൈവിരൽ ഗുരുദക്ഷിണയായി അയാൾ മുറിച്ചു വാങ്ങിയത്രെ! എന്തൊരു ക്രൂരത! എന്തൊരു ദുഷ്ടത! ഈ കഥ കേട്ടപ്പോൾ എനിക്ക് ഉണ്ടായ ഒരനുഭവം ഓർത്തു. സുഊദിയിൽ പഠിക്കുന്ന കാലത്ത് ഒരു ഗുരുനാഥനിലൂടെ ലഭിച്ച പ്രോത്സാഹനവും വളർച്ചയും ഞാൻ വിതുമ്പുന്ന മനസ്സോടെ അനുസ്മരിച്ചു. അത് ഞാൻ നേരത്തെ വിശദീകരിച്ചിട്ടുണ്ട്. വിജ്ഞാനം ആരിൽ നിന്നും സ്വീകരിക്കാം. തെറ്റ് ആര് ചൂണ്ടിക്കാണിച്ചാലും തിരുത്തണം. ഇത് അല്ലാഹു ഇഷ്ടപ്പെടുന്ന സ്വഭാവമാണ്. കെ.എം. മൗലവിയിൽ നിന്നും എനിക്ക് പകർന്നുകിട്ടിയ ഗുണപാഠമാണിത്.

1975ൽ ഇന്ത്യയിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. ഇന്ദിരാഗാന്ധിയായിരുന്നു പ്രധാനമന്ത്രി. ഒട്ടേറെ ദോഷങ്ങൾ ഉണ്ടായി. പക്ഷെ, ഗുണങ്ങളൊന്നുമുണ്ടായില്ലെന്ന് പറയുക വയ്യ. എല്ലാ രാഷ്ട്രീയ ട്രേഡ് യൂണിയൻ പ്രവർത്തനങ്ങൾക്കും വിലക്ക് ഏർപ്പെടുത്തി. ധാരാളം ദേശീയവും പ്രാദേ

ശികവുമായ നിരോധനം വന്നു. പത്രങ്ങൾക്ക് സെൻസർഷിപ്പ് ഏർപ്പെടുത്തി. ഒട്ടേറെ നേതാക്കളെ ജയിലിലടച്ചു. പല സംഘടനകളേയും നിരോധിച്ചു. ചുരുക്കത്തിൽ, ഭരണകൂടത്തിന് അനിഷ്ടമായതൊന്നും പറയരുത്, പ്രവർത്തിക്കരുത് എന്ന സ്വേച്ഛാധിപത്യ പ്രവണതയാണ് ഇതുമൂലം നടപ്പിലായത്. ഒരു സമ്പൂർണ ജനാധിപത്യ രാഷ്ട്രമെന്ന നിലയിൽ ഈ നടപടികളെ ഇങ്ങനെ വിലയിരുത്താനേ കഴിയൂ.

പക്ഷെ, ഇതിനൊരു മറുവശമുണ്ടായിരുന്നു. ജനാധിപത്യം നൽകുന്ന അവകാശങ്ങളും അനുവാദങ്ങളും സാമൂഹ്യ തിന്മക്കോ, രാഷ്ട്രീയത്തിന്റെ മുന്നേറ്റത്തിന് തടസ്സമായ നിലക്കോ, എതിരായ രൂപത്തിലോ ഉപയോഗിക്കാൻ പാടുള്ളതല്ല. അമിതമായ സ്വാതന്ത്ര്യം ഒട്ടേറെ ദോഷങ്ങളാണ് വരുത്തിവെച്ചത്. ഇന്നും അതു തന്നെയാണ് സ്ഥിതി. ആർക്കും എപ്പോഴും എവിടെയും എന്തും പറയാമെന്ന രീതി സ്വാതന്ത്ര്യം അനുഭവിക്കലല്ല. മറിച്ച് ദ്രോഹിക്കലാണ്. അടിയന്തിരാവസ്ഥ ഏർപ്പെടുത്തിയതിന്റെ പിന്നിൽ വ്യക്തമായ രാഷ്ട്രീയ നീക്കമാണ് ഉണ്ടായിരുന്നതെങ്കിലും മേൽ പറഞ്ഞ ദോഷങ്ങൾ ഇന്ത്യയെ വളരെ പിറകോട്ട് വലിച്ചിരുന്നു. ലോകത്തെ രണ്ടാമത്തെ മനുഷ്യശക്തിയാണ് ഇന്ത്യ. പക്ഷെ, കൊച്ചു കൊച്ചു രാജ്യങ്ങൾക്ക് നേടാൻ കഴിഞ്ഞതുപോലും ഈ വമ്പിച്ച മനുഷ്യക്കൂട്ടത്തിന് കൈമുതലാക്കാൻ കഴിഞ്ഞില്ല. സ്വാതന്ത്ര്യം നൽകിയ അവകാശങ്ങൾക്ക് വേണ്ടിയുള്ള മുറവിളി മാത്രം. ചുമതലാ ബോധം അതോടെ കുറഞ്ഞു കുറഞ്ഞു വന്നു. ഒടുവിൽ അശേഷം അതില്ലാതായി. ഒരടി മുന്നോട്ട് പത്തടി പിറകോട്ട് എന്ന നിലയിലായിരുന്നു ഏതു രംഗത്തും കാര്യങ്ങൾ പോയിരുന്നത്. സമൂഹത്തിന്റെ ധാർമ്മികവും സദാചാരപരവുമായ അധപതനം, വിവിധ മണ്ഡലങ്ങളിൽ ഏറിവരുന്ന അരക്ഷിതാവസ്ഥ, മൂല്യത്തകർച്ച ഇത്യാദി അടിസ്ഥാന ദോഷങ്ങൾ അഴിഞ്ഞാടുന്ന അന്തരീക്ഷത്തിൽ നിന്നുകൊണ്ടാണ് ഞാൻ അടിയന്തരാവസ്ഥയെ നോക്കി കാണാൻ ശ്രമിച്ചത്. സ്ഥിതിഗതികൾ പൊതുവെ ശാന്തം. സമരങ്ങളുടെ ഓളങ്ങൾ സദാ അലയടിക്കുന്ന കേരളത്തെ ഞാൻ വീക്ഷിച്ചു. എല്ലാം വളരെ കൃത്യമായി നടക്കുന്നു. പൊതുമുതൽ നശിപ്പിക്കപ്പെടുന്നില്ല. സർക്കാർ ആഫീസുകളും സ്വകാര്യ സ്ഥാപനങ്ങളും വാണിജ്യ കേന്ദ്രങ്ങളും വ്യവസായ ശാലകളും തുറമുഖങ്ങളും ആശുപത്രികളും വിദ്യാലയങ്ങളും എണ്ണയിട്ട യന്ത്രം പോലെ സുഗമമായി ചലിച്ചുകൊണ്ടിരിക്കുന്നു. ജനങ്ങൾ ചുമതലാബോധത്തോടെ പെരുമാറുന്നു. ഭയമാണ് ഇവരെ നിയന്ത്രിക്കുന്നതെന്ന് മനസ്സിലായി. ആരേയും പേടിക്കേണ്ടതില്ലാത്ത ഒരു സാമൂഹികാന്തരീക്ഷത്തിൽ വരാവുന്ന മുഴുവൻ വിഷമതക

ളും അനുഭവിച്ച രാജ്യം പെട്ടെന്ന് ഈ നിലയിൽ മാറുന്നത് കണ്ടപ്പോൾ അടിയന്തിരാവസ്ഥയെ ഞാൻ അനുകൂലിച്ചു. ഈ കാര്യത്തിൽ ജമാഅത്തെ ഇസ്‌ലാമിയും മറ്റും എന്നെ വളരെയേറെ അധിക്ഷേപിച്ചിട്ടുണ്ട്. അവർ നിരോധിക്കപ്പെട്ടത് തന്നെ പ്രധാന കാരണം.

സർക്കാർ മിഷനറികൾ അവരെക്കുറിച്ച് മനസ്സിലാക്കിയതെങ്ങനെ എന്ന് പഠിക്കാൻ ഞാൻ ശ്രമിച്ചു. കാരണം, ഇന്ത്യയിലെ മത സംഘടനകൾക്കും മതപ്രചാരണ പ്രവർത്തനങ്ങൾക്കും അതുൾക്കൊള്ളുന്ന പത്ര മാധ്യമങ്ങൾക്കും ഒരു പ്രത്യേക നിയന്ത്രണവുമുണ്ടായിരുന്നില്ല. പൊതുയോഗങ്ങൾ നിരോധിക്കപ്പെട്ട അക്കാലത്ത് ധാരാളം പൊതുയോഗങ്ങൾ മതപ്രചാരണാർത്ഥം നിത്യവും നടന്നുകൊണ്ടിരുന്നു. ഞാൻ വിശ്രമമില്ലാതെ അന്ന് പ്രസംഗിച്ചു നടന്നിരുന്നു. എന്റെ സൽസബീൽ വെറും രണ്ടു പൈസ ചെലവിൽ ഇന്ത്യയുടെ ഏത് ഭാഗത്തും പോസ്റ്റുവഴി ആവശ്യക്കാർക്ക് എത്തിച്ചുകൊടുക്കുവാൻ അന്ന് സൗകര്യമുണ്ടായിരുന്നു. അതുപോലെ എല്ലാ മത പ്രചാരണ പത്രങ്ങളും ഈ ആനുകൂല്യം ഉപയോഗിച്ചിരുന്നു. ജമാഅത്തെ ഇസ്‌ലാമിയുടെ ഔദ്യോഗിക പത്രമായ പ്രബോധനം മാത്രമാണ് ഇവിടെ വിലക്ക് നേരിട്ടത്. പൂർണമായി ഒരു മത സംഘടനയെന്ന് അവകാശപ്പെടാത്ത, എന്നാൽ രാഷ്ട്രീയ പ്രസ്ഥാനമെന്ന് സ്വയം സമ്മതിക്കാത്ത, പക്ഷെ, ആകാശത്തിനു താഴെയുള്ള മുഴുവൻ രാഷ്ട്രീയ കാര്യങ്ങളിലും നിരൂപണം നടത്തുന്നത് സുപ്രധാന പ്രബോധനമായി കരുതുന്ന ഒരു പ്രത്യേകതരം ഇസ്‌ലാമിസ്റ്റുകളായി പ്രവർത്തിക്കന്ന ജമാഅത്തിനെ നിരോധിക്കാനുണ്ടായ ചേതോവികാരമെന്തെന്ന് ഞാൻ പഠിക്കാൻ ശ്രമിച്ചു. തികച്ചും ആശയപരമായിരുന്നു കാരണമെന്ന് ബോധ്യമായി. മൗദൂദിസത്തെ ലക്ഷ്യവും മാർഗവുമായി സ്വീകരിച്ച ഒരു രാഷ്ട്രീയ പ്രസ്ഥാനമായിരുന്നു ഇത്. ജനാധിപത്യം അനുവദിക്കുന്ന ആനുകൂല്യങ്ങൾ പരമാവിധി ഉപയോഗപ്പെടുത്തിക്കൊണ്ട് തന്നെ ആ വ്യവസ്ഥിതിയുടെ മുഖ്യശിലയായ തെരഞ്ഞെടുപ്പും വോട്ടവകാശവും അവർ ബഹിഷ്കരിച്ചു. അത് തൗഹീദിന് വിരുദ്ധമാണെന്ന് അവർ വിളിച്ചു പറഞ്ഞു. അംഗീകൃതമായ മാർഗങ്ങളിലൂടെ വിദ്യനേടാൻ സമൂഹത്തേയും സമുദായത്തേയും എല്ലാവരും പ്രോത്സാഹിപ്പിക്കുമ്പോൾ അവർ മുഖം തിരിച്ചു. കലാലയങ്ങളെ കൊലാലയങ്ങൾ എന്ന് ആക്ഷേപിച്ചു. സർക്കാർ സർട്ടിഫിക്കറ്റുകൾ ചീന്തിയെറിയാൻ അനുയായികൾ മുന്നോട്ട് വന്നു. ഈ നിലയിൽ നാടിന്റെ എല്ലാ ചലനക്രിയകൾക്ക് നേരെയും ജനാധിപത്യ വ്യവസ്ഥിതിക്ക് നേരേയും പരസ്യമായി അവർ ചെളിവാരിയെറിഞ്ഞു. ഭീകരവാദികളായ കമ്മ്യൂണിസ്റ്റ് നക്സലൈറ്റ് പ്രസ്ഥാനങ്ങളുടെ പ്രവർ

ത്തന മാർഗങ്ങൾക്ക് സമാനമായിരുന്നു ഈ കൂട്ടരുടെ നയപരിപാടികൾ.

ഇസ്‌ലാമിന്റെ സർവ്വപ്രധാനമായ സത്യസാക്ഷ്യത്തെ (ശഹാദത്ത് കലിമ) കേവലം രാഷ്ട്രീയവത്കരിക്കുന്ന ഒരു മുദ്രാവാക്യമായി അവർ താഴ്ത്തിക്കെട്ടി. ലാഇലാഹ ഇല്ലല്ലാഹു എന്നാൽ അല്ലാഹു അല്ലാതെ ആരാധനക്കർഹൻ വേറെയില്ല എന്ന ലളിത സുന്ദരമായ ആദർശത്തെ ഇവർ അർത്ഥം കൊണ്ട് വികലമാക്കി. അല്ലാഹു അല്ലാതെ ഭരണാധികാരിയില്ല എന്ന ആശയത്തിലേക്ക് കലിമതുത്തൗഹീദിനെ അവർ എത്തിച്ചു. അല്ലാഹുവിന്റെ ഭൂമിയിൽ അല്ലാഹുവിന്റെ ഭരണം, ഇതാണവരുടെ സിദ്ധാന്തം. മൗദൂദിസം പ്രഖ്യാപിച്ച 'ഹുക്കൂമത്തെ ഇലാഹി' എന്ന മുദ്രാവാക്യം അവർ സർവ്വപ്രധാനമാക്കി ഉയർത്തിപ്പിടിച്ചു. രചനകളും പ്രഭാഷണങ്ങളും പരിശീലനങ്ങളും ഇതിനുവേണ്ടിയാക്കി. നമസ്കാരം തുടങ്ങിയ മുഖ്യ ആരാധനാകർമ്മങ്ങൾ പോലും ഭരണ സ്ഥാപനത്തിനും അത് നടത്തുന്നതിനുള്ള പരിശീലനത്തിനുമാണെന്ന് മൗദൂദി ജൽപിച്ചപ്പോൾ ജമാഅത്തെ ഇസ്‌ലാമി അതേറ്റുപാടി. ഇങ്ങനെ മതത്തെ കേവലം രാഷ്ട്രീയവത്കരിച്ച് തീവ്രവാദപരമായ പ്രസ്ഥാനമായി ജമാഅത്തെ ഇസ്‌ലാമി പ്രവർത്തിച്ചുകൊണ്ടിരുന്നു. സർക്കാർ വിഭാഗങ്ങൾ അൽപം കൂടി കടന്നു ഇതൊരു ഭീകര വർഗീയവാദമായി കണ്ടു. അങ്ങനെ ആർ.എസ്.എസ്, ബജ്റംഗ്ദൾ, നക്സലൈറ്റുകൾ തുടങ്ങിയ ഭീകരവാദ പ്രസ്ഥാനങ്ങളുടെ ലിസ്റ്റിൽ ജമാഅത്തെ ഇസ്‌ലാമിയും ഉൾപ്പെട്ടു. യഥാർത്ഥത്തിൽ ജമാഅത്തെ ഇസ്‌ലാമി ഒരു ഭീകരവാദ പ്രസ്ഥാനമായിരുന്നില്ല. പക്ഷെ, അവർ ഇസ്‌ലാമിന്റെ പേരിൽ ഉയർത്തിക്കാട്ടിയ മൗദൂദിസം തീവ്രവാദത്തിലേക്കും പിന്നീട് ഭീകരവാദത്തിലേക്കും മനുഷ്യമനസ്സുകളെ വലിച്ചിഴക്കാൻ പര്യാപ്തമായിരുന്നു. അതിന്റെ ഉത്തമോദാഹരണമാണ് ജമാഅത്തിന്റെ ആദ്യകാല വിദ്യാർത്ഥി- യുവജന പ്രസ്ഥാനമായ 'സിമി'. ഈ യുവാക്കൾ വലയത്തിൽ നിന്നും കുതറിയോടി ഭീകരവാദത്തിലേക്ക് അടിവെച്ച് കയറുകയായിരുന്നു. കശ്മീരിൽ വളർന്നുവന്ന ഭീകരവാദമുന്നേറ്റങ്ങളിൽ സിമി വഹിക്കുന്ന പങ്ക് വാർത്തകളിൽ സദാ ഉയർന്നുവരുന്നു.

കശ്മീരിൽ ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി പ്രവർത്തിച്ചില്ല. അവിടെ കശ്മീർ ജമാഅത്തെ ഇസ്‌ലാമി എന്ന പേരിൽ സ്വതന്ത്ര സംഘടനയായി നിലകൊണ്ടു. കാശ്മീർ ഇന്ത്യയുടെ ഭാഗമായി അവർ അംഗീകരിക്കുന്നില്ലെന്ന് സർക്കാർ മിഷനറികൾ സംശയിക്കാൻ ഇത് കാരണമായി. കാശ്മീരിൽ തെരഞ്ഞെടുപ്പ് രാഷ്ട്രീയം അവർ ഹലാലാക്കുകയും സ്ഥാനാർത്ഥികളെ നിർത്തി മത്സരിപ്പിക്കുകയും ജയിച്ച് അസംബ്ലിയിലെത്തുകയും ചെയ്തു. പക്ഷെ, ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി ഇതെല്ലാം ഹറാമാക്കു

കയായിരുന്നു. വോട്ടു ചെയ്യാൻ പോലും അംഗങ്ങൾക്ക് അനുവാദം നൽകിയില്ല. ഇത്തരം ദേശീയ വിരുദ്ധവും ജനാധിപത്യ വിരുദ്ധവുമായ നയപരിപാടികളിലൂടെ പ്രവർത്തനം നീക്കിയപ്പോൾ, അവയ്ക്കെല്ലാം ഇസ്‌ലാമിന്റെ ബാനർ അപ്പോഴപ്പോൾ നൽകിക്കൊണ്ടിരുന്നു. ആ നിലക്ക് വിലയിരുത്തുമ്പോൾ അവരുടെ മേൽ വന്നുഭവിച്ച നിരോധനം സ്വാഭാവികം മാത്രം.

അടിയന്തിരാവസ്ഥയിൽ നിരോധിക്കപ്പെട്ട വർഗീയ ഭീകര പ്രസ്ഥാനങ്ങളെ വിലയിരുത്തുന്ന ഒരു പുസ്തകം കോൺഗ്രസ്സിന്റെ ഉന്നത നേതാവായിരുന്ന രജനീപട്ടേൽ അക്കാലത്ത് രചിച്ചത് ഞാൻ വായിച്ചിട്ടുണ്ട്. അതിൽ ജമാഅത്തെ ഇസ്‌ലാമിയെ കുറിച്ച് പറഞ്ഞിട്ടുള്ള ഒരു വാചകം ഇപ്പോഴും മറന്നിട്ടില്ല. ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളെ ദുർവ്യാഖ്യാനം ചെയ്ത ഒരു ഭയങ്കര സംഘടനയാണ് ജമാഅത്തെ ഇസ്‌ലാമി. ഇത് കേവലമായ ഒരു സത്യം തന്നെ. ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണമായ ശഹാദത്ത് കലിമയെ ദുർവ്യാഖ്യാനം ചെയ്ത ആദർശവ്യതിയാനത്തിന്മേൽ കെട്ടിപ്പടുത്തതാണ് മൗദൂദിസം. മൗദൂദിസത്തെ അടിസ്ഥാന പ്രമാണമായി സ്വീകരിച്ച സംഘടനയാണ് ജമാഅത്തെ ഇസ്‌ലാമി. മൂല്യങ്ങളെ സ്വന്തം സ്വാർത്ഥതയ്ക്ക് വേണ്ടി ദുർവ്യാഖ്യാനം ചെയ്യുന്നതാണ് തീവ്രവാദം. എല്ലാ തീവ്രവാദങ്ങളും ഭീകരവാദത്തെ പ്രോത്സാഹിപ്പിക്കുന്നതുമാകുന്നു.

അടിയന്തിരാവസ്ഥയുടെ ദുഷ്ഫലങ്ങൾ ശരിക്കും വെളിവായിക്കിട്ടിയത് 77ൽ പൊതു തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുകയും വാർത്താ മാധ്യമങ്ങൾക്കുള്ള വിലക്ക് പിൻവലിക്കുകയും ചെയ്ത ശേഷമായിരുന്നു. 19 മാസം നീണ്ടുനിന്ന ഈ നിയമത്തിൽ പുറത്ത് നിന്ന രാഷ്ട്രീയ നേതാക്കളിൽ അപൂർവ്വം ചിലർ പാർലമെന്റിലും അക്കാലത്തെ ക്രൂരതകൾക്കെതിരിൽ ശബ്ദിച്ചുവെങ്കിലും അത് കുടത്തിനുള്ളിൽ ഊതുന്നതിനു തുല്യമായിരുന്നു. ഇതിൽ ഇബ്റാഹീം സുലൈമാൻ സേട്ടുവിന്റെ ശബ്ദമുണ്ടായിരുന്നുവെന്ന് ലോകം മനസ്സിലാക്കിയത് എല്ലാം കഴിഞ്ഞു വാർത്തകൾ പുറത്ത് വന്നപ്പോൾ മാത്രമാണ്.

നാട്ടിലെ ശാന്തമായ സാമൂഹികാന്തരീക്ഷവും മതപ്രചാരണ രംഗത്ത് ലഭിച്ച സമ്പൂർണ സ്വാതന്ത്ര്യവും അനുഭവിച്ചറിഞ്ഞതിനാലാണ് ഞാൻ അടിയന്തിരാവസ്ഥയെ പിന്തുണച്ചത്. പക്ഷെ ഏതാനും മാസങ്ങൾ പിന്നിട്ടപ്പോൾ ഒരു ഔദ്യോഗിക വാർത്ത പുറത്ത് വന്നു. സർക്കാർ നടപ്പിൽ വരുത്തുന്ന സന്താന നിയന്ത്രണ പരിപാടികളെ എതിർത്ത് ശബ്ദിക്കുന്നവർക്കെതിരിൽ ജാമ്യമില്ലാത്ത തടവുകളടക്കം കർശനമായ നടപടികൾ കൈക്കൊള്ളുന്നതാണ് എന്നായിരുന്നു വാർത്ത. അപ്പോൾ ഒരു നിർബന്ധ നിയമമായി ന്യൂനപക്ഷ സമുദായമായ മുസ്‌ലിംകളിൽ ഇത് അടിച്ചേൽപി

ക്കുകയാണെന്ന് മനസ്സിലായി. ഇസ്‌ലാം അനുവദിച്ച കുടുംബ സംവിധാന ത്തിന് നേരെയുള്ള ഒരു വാളോങ്ങൽ തന്നെ. ശസ്ത്രക്രിയ വഴി സന്താ നോൽപാദനത്തെ പൂർണ്ണമായും തടയുന്ന നിർബന്ധപരിപാടി ഇസ്‌ലാം കർശനമായി വിരോധിച്ചിട്ടുണ്ട്. അപ്പോൾ വിശ്വാസ സ്വാതന്ത്ര്യത്തിനെതി രിലുള്ള നിയമം. ഈ ഉത്തരവ് വായിച്ചപ്പോൾ എന്റെ മനസ്സ് നീറി. അക്രമി യായ ഭരണാധികാരിയോട് സത്യം തുറന്നു പറയലാണ് ഏറ്റവും വലിയ ജിഹാദ് എന്ന മൊഴി ഹൃദയത്തിൽ അലയടിച്ചു. കഴിവിനൊത്ത് ഇതിനെ തിരിൽ പ്രതികരിക്കാൻ മനസ്സ് നിർബന്ധിക്കുകയാണ്. ഞാൻ അന്ന് കൊച്ചിയിലാണ്. ഒരു കൂടിയാലോചന നടത്തിയാൽ സുഹൃത്തുക്കൾ എന്നെ ശക്തിയായി തടയുമെന്നത് ഉറപ്പാണ്. കാരണം ഭവിഷ്യത്തുകൾ ഭയാനകമായിരിക്കും. സൽസബീലിലൂടെ ഞാൻ പ്രതികരിക്കാൻ തീരു മാനിച്ചു. എന്റെ വിശ്വസ്ത സഹപ്രവർത്തകനായ ഹമീദിനോട് മാത്രം തീരുമാനം പറഞ്ഞു. ഹമീദിന്റെ മുഖം മ്ലാനമായി. ഉണ്ടാകാവുന്ന ദോഷ ങ്ങൾ കുറച്ച് പറഞ്ഞുനോക്കി. വരുന്നത് വരട്ടെ എന്ന ഉറച്ച നിലപാടിൽ ഞാൻ എത്തിയെന്ന് ബോധ്യമായപ്പോൾ ഹമീദ് ഒരു നിർദ്ദേശം വെച്ചു.

പി.എസ് അബൂഹാജി (കുമ്പളം) ഭീകരമായ നക്സൽ ആക്രമണത്തി ൽ ക്രൂരമായി വധിക്കപ്പെട്ട എന്റെ അടുത്ത സുഹൃത്തായിരുന്നു. അദ്ദേഹം എറണാകുളം ജില്ലയിലെ വിവരവും മതബോധവുമുള്ള, കോൺഗ്രസിലെ മുൻനിരയിലെ പ്രവർത്തകനായിരുന്നു. നല്ല മുവഹ്ഹിദും സൽസബീ ലിന്റെ ഉത്തമ ഗുണകാംക്ഷിയുമായിരുന്നു. സർക്കാർ സംഘടിപ്പിച്ച സന്താന നിയന്ത്രണത്തെക്കുറിച്ചുള്ള ഒരു ബോധവത്കരണ സെമിനാ റിൽ അബുഹാജി വിജ്ഞാന സമ്പൂർണമായ ഒരു നീണ്ട പ്രബന്ധം അവ തരിപ്പിക്കുന്നു. നിർബന്ധ വന്ധീകരണത്തിന്മേലുള്ള ഇസ്‌ലാമിന്റെ കാഴ്ചപ്പാട് നന്നായി വ്യക്തമാക്കുന്നതും അതിന്റെ ഭൗതിക ദോഷങ്ങളെ സാമൂഹ്യ ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ തുറന്നു കാട്ടുന്നതുമായിരുന്നു പ്രസ്തുത പ്രബന്ധം. അദ്ദേഹം ആ പ്രബന്ധവുമായി എന്നെ സമീപിച്ചു. ഇതിന് നമ്മളാൽ കഴിയുന്ന പ്രചാരണം നൽകേണ്ടതിനെക്കുറിച്ച് സൂചി പ്പിച്ചപ്പോൾ ഞാൻ അത് വാങ്ങി. അടുത്തലക്കം സൽസബീലിൽ പ്രസി ദ്ധപ്പെടുത്തി. സൽസബീലിന്റെ ഇരുപത്തിരണ്ടു പേജുകൾ നിറഞ്ഞതാ യിരുന്നു ആ വൈജ്ഞാനിക പ്രബന്ധം. ഒരു പാതിരാവിൽ സ്വന്തം ജ്യേഷ്ഠനേയും കുടുംബത്തേയും വകവരുത്താൻ നക്സൽ തീവ്രവാദി കൾ വീട് ആക്രമിച്ച് കയറിയപ്പോൾ അടുത്ത വീട്ടിൽ താമസമാക്കിയിരു ന്ന അബുഹാജി ബഹളം കേട്ട് ഓടിയെത്തുകയും അക്രമികളെ തടയാൻ ശ്രമിക്കുകയും ചെയ്തു. ആയുധധാരികളായ അക്രമികളുടെ കൈയാൽ

എന്റെ മിത്രം ദാരുണമായി കൊല്ലപ്പെട്ടു. അക്രമികൾ ലക്ഷ്യമിട്ടത് അദ്ദേഹത്തിന്റെ ജ്യേഷ്ഠനെയായിരുന്നുവെങ്കിലും വിധി ഈ നിലയിൽ കലാശിച്ചു. തൗഹീദിന്റെ ധീരനായ വക്താവും സംശുദ്ധനായ പൊതുപ്രവർത്തകനും രാഷ്ട്രീയ താൽപര്യങ്ങൾക്കുപരി മതസ്നേഹം വെളിവാക്കിയവനുമായ അബുഹാജിയുടെ അന്ത്യം അതീവ ദുഃഖകരമായി. എങ്കിലും അദ്ദേഹത്തിന്റെ പരലോകം രക്തസാക്ഷികളുടെ നിരയിൽ ശോഭനമായിരിക്കുമെന്ന് എന്റെ മനസ്സ് മന്ത്രിക്കുന്നു. ആ ധീരമുജാഹിദായ എന്റെ ഹൃദയസുഹൃത്തിന് അല്ലാഹു ഏറ്റവും ഉത്തമമായ നഷ്ടപരിഹാരം നൽകി അനുഗ്രഹിക്കുമാറാകട്ടെ. അബുഹാജി എന്റെ വിചാരങ്ങളിലെന്നപോലെ വികാരമിടിപ്പുകളിലും എന്നുമുണ്ട്.

“അബുഹാജിയുടെ ആ ലേഖനം നമുക്ക് പുനഃപ്രസിദ്ധീകരിക്കാം.” ഹമീദ് നിർദേശം വെച്ചു. വായനക്കാർക്ക് പഠനാർഹം. വിഷയത്തോട് പ്രതികരിക്കുമെന്ന വാശിയും ഇതുമൂലം നടക്കും. ലേഖനം ആദ്യം പ്രസിദ്ധീകരിച്ചിതനേക്കാൾ മൂന്നോ നാലോ ഇരട്ടി വരിക്കാർ അന്നു സൽസബീലിനുണ്ട്. അബുഹാജി ജീവിച്ചിരിപ്പില്ല. അതിനാൽ പുനഃപ്രസിദ്ധീകരണത്തിന്റെ പൂർണ്ണ ചുമതല സൽസബീലിനാണുതാനും. ഹമീദിന്റെ നിർദ്ദേശം എനിക്ക് നന്നെ ബോധിച്ചു. കാരണം വായനക്കാർക്ക് ഒരു ഉത്തമ ഗുണപാഠവും ഇതിലുണ്ടല്ലോ. ഭവിഷ്യത്തുക്കളെക്കുറിച്ച് ഹമീദ് വീണ്ടും ഓർമ്മിപ്പിച്ചു. ഞാൻ പറഞ്ഞു. “അത് ഞാൻ എന്റെ റബ്ബിൽ ഏൽപിക്കുന്നു.” ലേഖനം പുറത്തുവന്നതോടെ നാടിന്റെ നാനാഭാഗങ്ങളിൽ നിന്നുമായി നൂറുകണക്കിന് കത്തുകൾ നിത്യേന വന്നുതുടങ്ങി. ഭൂരിപക്ഷവും എന്നെ ശാസിക്കുന്നതായിരുന്നു. ഗുണകാംക്ഷികളുടെ ഭയചകിതമായ ശാസന. വിരലിൽ എണ്ണാവുന്ന കത്തുകൾ മാത്രം എന്നെ അഭിനന്ദിക്കുകയും ആശ്വസിപ്പിക്കുകയും എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നതായിരുന്നു. എന്നാൽ മുഴുവൻ കത്തുകളിലും എനിക്ക് വേണ്ടിയുള്ള ഉള്ളഴിഞ്ഞ പ്രാർത്ഥനയുണ്ടായിരുന്നു. എന്റെ മനസ്സ് നിറഞ്ഞു. ആയിരത്തിലേറെ കത്തുകൾ ഈ വിഷയത്തിൽ വന്നിട്ടുണ്ടെന്നാണെന്റെ ഓർമ്മ. ഞാനും പ്രാർത്ഥിച്ചുകൊണ്ടിരുന്നു. “അല്ലാഹുവേ, നിന്റെ ദീനിനെതിരിൽ അധികാരി വർഗം വാളെടുത്തപ്പോൾ ദുർബ്ബലനായ എനിക്ക് ചെയ്യാൻ കഴിയുന്നത് ഞാൻ ചെയ്തു. ഭൗതികമായി നഷ്ടവും ദുഃഖവും മാത്രമെ ഞാൻ പ്രതീക്ഷിച്ചിട്ടുള്ളൂ. ആഖിറത്തിലെ പ്രതിഫലമാണ് എന്റെ പ്രതീക്ഷ. അതിൽ നിന്നും നീ എന്നെ ഒഴിവാക്കരുതേ.” മാസിക പുറത്തിറങ്ങിയ ഓരോ ദിവസവും ഞാൻ പോലീസിനെ കാത്തുകൊണ്ടിരുന്നു. എന്റെ കൂട്ടുകാർ മൗനത്തിലും ദുഃഖത്തിലുമാണ്. അവർ നിത്യവും എന്നെ കാണാൻ വരും. മരണവീട്ടിൽ അനുശോചനം അറിയിക്കാനെത്തുന്ന

മുഖഭാവത്തോടെ. ഞാൻ അവരെ ആശ്വസിപ്പിക്കും. എന്റെ യാത്രകൾ ഞാൻ മുടക്കിയതുമില്ല. ഞാൻ പിടിക്കപ്പെട്ടാൽ ഭാര്യയോട് കുട്ടികളുമായി വീട്ടിലേക്ക് മടങ്ങിക്കൊള്ളാൻ ഏൽപിക്കുകയും ചെയ്തു.

പക്ഷെ, ഒന്നുമുണ്ടായില്ല! അത്ഭുതകരമായിരുന്നു അത്. എനിക്ക് മാത്ര മല്ല എല്ലാവർക്കും അങ്ങനെ തന്നെ! അധികാരികളുടെ ശ്രദ്ധയിൽ പെടാ തിരുന്നതാണ് കാരണമെന്ന് പറഞ്ഞുകൂടാ. മാസികയുടെ കോപ്പികൾ കല ക്ടറേറ്റിലേക്കും പബ്ലിക് റിലേഷൻ വകുപ്പിലേക്കും അയക്കൽ നിർബ ന്ധമാണ്. ഇതില്ലെങ്കിൽ തന്നെ എന്നെ അപകടപ്പെടുത്താൻ തക്കം പാർ ത്തിരിക്കുന്ന ശത്രുവ്യൂഹങ്ങൾ ഇടത്തും വലത്തും മുമ്പിലും പിറകിലും വേണ്ടത്രയുണ്ട്. പക്ഷെ, എന്തുകൊണ്ടോ, ഒന്നുമുണ്ടായില്ല. അല്ലാഹു വിന്റെ തീരുമാനം അതായിരിക്കം. അതിനെ മറികടക്കാൻ ഒരു ശക്തിക്കും കഴിയില്ലല്ലോ. ഇങ്ങനെ പരസ്യമായി മറ്റാരെങ്കിലും പ്രതികരിച്ചതായും എനിക്കറിയില്ല. എന്റെ ആത്മസംതൃപ്തിക്ക് അളവില്ല. അല്ലാഹുവിന്റെ ദീനിനുവേണ്ടി, ഒരു സ്വേച്ഛാധിപതിയുടെ നിയമത്തിനെതിരിൽ പരസ്യ മായി ശബ്ദിക്കാൻ എന്റെ മനസ്സിനെ ധൈര്യപ്പെടുത്തിയ അല്ലാഹുവിന് സർവ്വസ്തുതിയും!

അടിയന്തിരാവസ്ഥയുമായി ബന്ധപ്പെട്ട ഒരു സംഭവവും കൂടി പറയാ നുണ്ട്. അന്ന് ഇന്ത്യൻ രാഷ്ട്രപതി ഫഖ്റുദ്ദീൻ അലി അഹ്മദ് ആയിരു ന്നു. ഇന്ദിരാഗാന്ധിയുടെ വെറും ചട്ടുകം. അല്ലെങ്കിലും ഇന്ത്യൻ പ്രസിഡ ണ്ടുമാർക്ക് എന്തധികാരം! അത് ഒരു പദവി മാത്രമാണ്. ആർഭാടമായ പദവി. അധികാരം പ്രധാനമന്ത്രിക്കും കാബിനറ്റിനുമാണ്. അവരെ നിയ ന്ത്രിക്കുന്നതും നിർദ്ദേശിക്കുന്നതും പാർലമെന്റും. രാജാവിനേക്കാൾ വലിയ രാജഭക്തി എന്നു പറയുന്നതുപോലുള്ള വ്യത്യാസമേ ഫഖ്റുദ്ദീൻ സാഹിബിന് ഉണ്ടായിരുന്നുള്ളൂ.

ഇക്കാലത്ത് ഒരിക്കൽ രാഷ്ട്രപതി കേരള സന്ദർശനത്തിനായി വന്നു. പ്രധാനമന്ത്രിയുടെ സമ്പൂർണ ആജ്ഞാനുവർത്തിയെന്ന നിലയിലും വ ലിയ ആർഭാടമായ വരവേൽപ്പും സംരക്ഷണവലയവും പ്രത്യേകിച്ച് അദ്ദേ ഹത്തിന് ലഭിച്ചിരിക്കുമെന്ന് പറയേണ്ടതില്ലല്ലോ. തിരുവനന്തപുരത്ത് വെച്ച് അദ്ദേഹം പത്രക്കാരുമായി പലതും സംസാരിച്ചു. കൂട്ടത്തിൽ ഇന്ത്യൻ മുസ്ലിംകളോട് ഒരുപദേശവും. സാമ്പത്തിക വിഷയത്തിലെങ്കിലും മുസ് ലിംകൾ ഇസ്ലാമിനെ കൈയൊഴിയണം. പിറ്റെ ദിവസത്തെ പത്രങ്ങളിൽ പ്രധാന വാർത്ത ഈ തലവാചകമായിരുന്നു. എനിക്ക് ഇത് വായിച്ച് അസ ഹ്യമായ രോഷമുണ്ടായി. ഒരു മുസ്ലിം നാമധാരിയായ രാഷ്ട്രപതിയിൽ നിന്ന് ഇത്ര ഭയങ്കരമായ ഒരു പ്രസ്താവനയോ? ഈ മനുഷ്യന് ഇസ്ലാമി

നോട് ഒരു കൂറുമില്ലെങ്കിലും ഈ വാചകം ഒഴിവാക്കാമായിരുന്നല്ലോ.

എന്തും വരട്ടെ, പ്രതികരിക്കാതെ വയ്യ. ഈ പ്രസ്താവനക്കെതിരിൽ ഒരു ലേഖനം തയ്യാറാക്കാൻ ഹമീദിനോട് നിർദ്ദേശിച്ചു. അതിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങളും പറഞ്ഞുകൊടുത്തു. ഇസ്‌ലാമിന്റെ സാമ്പത്തിക നയ നിർദ്ദേശങ്ങൾ സാമൂഹികതലത്തിൽ മുസ്‌ലിംകൾ പാലിക്കുന്നതുകൊണ്ട് ഈ നാടിന് ഗുണമല്ലാതെ ഒരു ദോഷവും ഇന്നുവരെ സംഭവിച്ചിട്ടില്ല. കോടാനുകോടി രൂപയുടെ സകാത്ത് വിതരണവും വഖഫ് നിർദ്ദേശങ്ങളും പലിശയോടുള്ള കർശനമായ വിരോധവും, സ്വത്തിന്മേലുള്ള അനന്തരാവാകാശ നിയമങ്ങളും നാടിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് എന്തു ദ്രോഹമാണ് വരുത്തിവെച്ചത്? ഈ സമുദായത്തിലെ ധനാഢ്യരും ഇടത്തരക്കാരും സകാത്തും സദഖയും നിർവ്വഹിക്കുമ്പോഴും സ്വത്തുവഹകൾ സമുദായ നന്മക്കായി വഖഫ് ചെയ്യുമ്പോഴും അതിന്റെ ഗുണഭോക്താക്കൾ സമുദായത്തിലെ നിർധന വിഭാഗമാണല്ലോ. അവരുടെ പട്ടിണിക്ക് ലേശം ആശ്വാസം ലഭിക്കുന്നതുകൊണ്ടും സർക്കാർ ഏറ്റെടുക്കേണ്ട ബാധ്യതകൾക്ക് കുറച്ചെങ്കിലും പരിഹാരമല്ലേ സിദ്ധിക്കുക. നേർക്കുനേരെയുള്ള ഇത്തരം കൊച്ചു വിവരമെങ്കിലും തലയിലില്ലാതെ പോയതും ഇസ്‌ലാമിന്റെ ശത്രുവിഭാഗത്തിന്റെ കയ്യടി മാത്രം ആശിച്ചതും തീർച്ചയായും ഒരു സത്യനിഷേധിയുടെ സ്വഭാവമാണ്. ഇത്തരം വിഷയങ്ങൾ ബന്ധപ്പെടുത്തി വിശദീകരിക്കുന്ന ഒരു ശക്തമായ ലേഖനം ഹമീദ് എഴുതി. എന്നെ വായിച്ചു കേൾപ്പിച്ചു. ചില്ലറ തിരുത്തലുകൾ നടത്തി. അത് പ്രസ്സിൽ കൊടുക്കാൻ നിർദ്ദേശിച്ചു. ലേഖകൻ ആര് എന്ന് ചോദിച്ചപ്പോൾ നീ തന്നെ എന്ന് ഞാൻ പറഞ്ഞു. ഹമീദിന്റെ മുഖം ശരിക്കും വിവർണ്ണമാകുന്നത് ഞാൻ കണ്ടു. വരാനിടയുള്ള ഭയങ്കരമായ ഭവിഷ്യത്തിനെ ഓർത്ത് ഹമീദിന്റെ മനസ്സ് പരവശമാകുകയാണെന്ന് എനിക്ക് മനസ്സിലായി. എന്റെ പ്രിയപ്പെട്ട വിശ്വസ്ത സഹകാരി ഭയപ്പെട്ട് പിന്തിരിഞ്ഞു ഓടാൻ ശ്രമിക്കുമോ? ഞാനും ഒരു കൺഫ്യൂഷനിലായി. (ഈ ഇംഗ്ലീഷ് പദം കേട്ട് പഠിച്ചപ്പോൾ അതിന്റെ അർത്ഥം പ്രകടമാക്കാൻ പറ്റിയ മലയാള വാക്ക് ഞാൻ കണ്ടില്ല. പകരം വാചകങ്ങൾ തന്നെ വേണമെന്ന് തോന്നി). ഒന്നുരണ്ട് മിനിറ്റ് ഞങ്ങൾ മൗനത്തിലായി. പെട്ടെന്ന് ഞാൻ പറഞ്ഞു: "ലേഖനത്തിന് താഴെ ഒരു വരയിടൂ. എന്നിട്ട് ഞാൻ പറയുന്നത് എഴുതൂ. "ബഹുമാന്യനായ പ്രസിഡണ്ട് അവർകളെ, ഇന്ത്യയുടെ ഏറ്റവും ഉയർന്ന സിംഹാസനത്തിൽ നിങ്ങളെ എത്തിച്ച അല്ലാഹുവിനെ നിങ്ങൾ മറക്കരുത്. ഇതിൽ നിന്നും നിങ്ങളെ താഴെയിടാനും നിന്ദിതനാക്കുവാനും കഴിവുള്ളവനാണ് അല്ലാഹു എന്ന സത്യം മറക്കാതിരിക്കുക." ഇങ്ങനെ എഴുതി അടിയിൽ എന്റെ പേര്

ചേർത്തു. (വാചകത്തിൽ ലേശം വ്യത്യാസമുണ്ടാകാം. മാസികയുടെ ആ ലക്കം തപ്പിത്തിരഞ്ഞെങ്കിലും കിട്ടിയില്ല. പക്ഷെ, ആശയം ഇതുതന്നെ)

ലേഖനം കയ്യിലെടുത്ത് ഞാൻ ബിസ്മി... ചൊല്ലി അല്ലാഹുവിൽ ഭരമേൽപിച്ചുകൊണ്ട് ഹമീദിന്റെ കയ്യിൽ കൊടുത്തു. പ്രസ്സിൽ കൊടുക്കൂ. ഭയപ്പെടേണ്ട. അല്ലാഹു നിശ്ചയിച്ചതുപോലെ സംഭവിക്കട്ടെ. പിടിക്കപ്പെട്ടാൽ നിന്നോടൊത്ത് ഞാനുമുണ്ടാകും. ഞങ്ങൾക്കിടയിലെ അത്യന്തം വികാരഭരിതമായ, അപൂർവ്വമായ ചില സ്വകാര്യ നിമിഷങ്ങളായിരുന്നു അത്. ഇപ്പോൾ ഇത് ഞാൻ പറഞ്ഞുകൊടുക്കുമ്പോൾ ഹമീദ് ഈ കുറിപ്പുകളെടുക്കുമ്പോഴും ആ വൈകാരിക നിമിഷങ്ങൾ ഞങ്ങൾ പങ്കുവെക്കുന്നു.

ലേഖനം പുറത്തുവന്നു. പഴയതുപോലെ തന്നെ കത്തുകളുടെ ഒഴുക്ക്. ശാസിക്കൽ, കുറ്റപ്പെടുത്തൽ തുടങ്ങി 'ധിക്കാരം കുറെ കടന്നുപോയി' എന്ന വാചകവും ചില കത്തിൽ ഉണ്ടായിരുന്നു. ചുരുക്കം ചിലർ പഴയതുപോലെ ധൈര്യം നൽകുകയും ആശ്വസിപ്പിക്കുകയും ഞങ്ങൾക്ക് രണ്ടാൾക്കും വേണ്ടിയും പ്രാർത്ഥിക്കുകയും ചെയ്തു. പ്രാർത്ഥന എല്ലാ കത്തുകളുടെ അവസാനത്തിലും ഉണ്ടായിരുന്നു. ഇത്തവണ എന്തായാലും ചില നടപടികൾ ഉണ്ടാകും. മാസിക കണ്ടുകെട്ടുകയെങ്കിലും സംഭവിക്കാതിരിക്കുകയില്ല. ഓരോ നിമിഷവും എന്നു പറഞ്ഞാൽ അതൊരു സത്യമാണ്, ഞങ്ങൾ രണ്ടുപേരും കാത്തിരുന്നു. തുടക്കത്തിൽ കണ്ട വേവലാതി ഹമീദിൽ നിന്ന് പോയ് മറഞ്ഞിരിക്കുന്നു. വരുംപോലെ കാണാം എന്ന ഒരു മുഖഭാവം. പക്ഷെ, അത്ഭുതമെന്ന് പറയട്ടെ! ഒന്നും സംഭവിച്ചില്ല. അല്ലാഹുവിന് സർവ്വസ്തുതിയും! അക്രമിയായ ഭരണാധികാരിയോട് സത്യം തുറന്നു പറയലാണ് ഏറ്റവും മുന്തിയ ജിഹാദ് എന്ന ആഹ്വാനം കഴിവിനൊത്ത് നിഷ്കളങ്കമായ ഉദ്ദേശ്യത്തോടെ ഞാനും എന്റെ കൂട്ടുകാരനും എന്റെ പത്രവും നടപ്പിൽ വരുത്തി. അല്ലാഹു എല്ലാ രഹസ്യവും അറിയുന്നവനാകുന്നു. ഞങ്ങളിൽ നിന്നും റബ്ബ് ഔദാര്യപൂർവ്വം സ്വീകരിക്കുമാറാകട്ടെ.

ഓർമകളുടെ തീരത്ത്

## 63

# മഹാസമ്മേളനവും എന്റെ രാജിയും

1979ലാണ് മലപ്പുറം ജില്ലയിലെ പുളിക്കൽ വെച്ച് മുജാഹിദ് സംസ്ഥാന സമ്മേളനം നടന്നത്. ഒരമുസ്‌ലിം സുഹൃത്തിന്റെ ഉടമസ്ഥതയിലുള്ള വിശാലമായ പാടശേഖരത്തിലാണ് സമ്മേളനപന്തൽ ഒരുക്കിയത്. ഈ സ്ഥലം അനുവദിച്ചു കിട്ടിയതറിഞ്ഞപ്പോൾ അത് മുടക്കാൻ സുന്നിക

ളുടെ ഭാഗത്തു നിന്നും ഉടമയുടെ മേൽ വലിയ സമ്മർദ്ദമുണ്ടായി. അദ്ദേഹം വഴങ്ങിയില്ല. അപ്പോൾ തങ്ങൾക്കും ഒരു സമ്മേളനത്തിന് ഈ സ്ഥലം നൽകണമെന്നായി. നമ്മുടെ സമ്മേളനത്തിന് ശേഷം അത് നട ത്തിക്കൊള്ളുവാൻ അദ്ദേഹം അനുവദിക്കുകയും ചെയ്തു.

വിപുലമായ ഈ സമ്മേളനത്തിന് ധൈര്യം പകർന്ന ഒരു പശ്ചാത്തല മുണ്ട്. കോഴിക്കോട് കുറ്റിച്ചിറയിൽ നടന്ന പ്രസിദ്ധമായ സുന്നി- മുജാഹിദ് വാദപ്രതിവാദം തന്നെ. വാദപ്രതിവാദ പരമ്പരകളിൽ അപൂർവ്വ സ്വഭാവ മുള്ളതും ഏറെ ഫലപ്രദവുമായിരുന്നു അത്. അടിയന്തരാവസ്ഥ കൊണ്ട് മതപ്രചാരണരംഗത്തുണ്ടായ വമ്പിച്ച ഒരു ഗുണമായിരുന്നു ഈ സംഭവം. പതിനൊന്ന് ദിവസങ്ങൾ തുടർച്ചയായി നീണ്ട ഈ സംവാദ വേദി അത്ഭു തകരമായ ശാന്തതയിലാണ് സമാപിച്ചത്. ചോദ്യം ചെയ്യാൻ കഴിയാത്ത അടിയന്തിരാവസ്ഥയുടെ വാൾമുന സുന്നി മുസ്‌ലിയാക്കളുടെ തലക്ക് മീതെ തൂങ്ങിക്കിടക്കുകയും, കനത്ത പോലീസ് ബന്തവസ്സ് അധികൃതർ ഒരുക്കുകയും സ്ഥലം സർക്കിൾ ഇൻസ്പെക്ടർ നിത്യവും സ്റ്റേജിൽ നിരീ ക്ഷകനായി ഇരിപ്പുറപ്പിക്കുകയും ചെയ്തപ്പോൾ മുസ്‌ലിയാക്കളുടെ സ്ഥിരം കലക്കൽ പരിപാടിയും ജനങ്ങളെ മുജാഹിദുകൾക്കെതിരിൽ ഇളക്കിവിടുന്ന കുതന്ത്രങ്ങളും കാറ്റിൽ പറന്നു. തൗഹീദ്, ശിർക്ക്, ബിദ്അ ത്തുകൾ, ജുമുഅ ഖുതുബ, സ്ത്രീ ജുമുഅ തുടങ്ങിയ സുപ്രധാന വിഷയ ങ്ങളാണ് സംവാദത്തിൽ നിശ്ചയിക്കപ്പെട്ടത്. ഇരു വിഭാഗത്തിൽ നിന്നും പ്രതിനിധികൾ ചേർന്ന് ആഴ്ചകളോളം കൂടിയാലോചിച്ച് സംവാദത്തി നുള്ള വ്യവസ്ഥകളും ചട്ടങ്ങളും തീരുമാനിച്ച് അധികൃതർക്ക് സമർപ്പിച്ച ശേഷമാണ് അനുവാദം ലഭിച്ചത്. അതിൽ നിന്നും വ്യതിചലിക്കുന്നവർക്ക് കർശനമായ ശിക്ഷ നേരിടേണ്ടിവരുമെന്ന് ഉറപ്പായതോടെ കലക്കൽ പരി പാടി ഉപേക്ഷിക്കേണ്ടി വന്നു.

ഓരോ വിഭാഗത്തിൽ നിന്നും സംവാദ വിഷയത്തെക്കുറിച്ച് നാൽപത്തി അഞ്ചു മിനിറ്റുകൾ വീതം ഒരാൾ പ്രഭാഷണം നടത്തും. ശേഷം ഇരുവിഭാ ഗത്തിനും ചോദ്യങ്ങൾക്കുള്ള അവസരം. ചോദ്യത്തിനും മറുപടിക്കും സമ യപരിധി നിശ്ചയിച്ചിട്ടുണ്ട്. അത് വീക്ഷിക്കാൻ ഇരുകക്ഷികളിൽ നിന്നും ഓരോ വ്യക്തികൾ മധ്യസ്ഥന്മാരായി വേദിയിൽ ഉണ്ടാകും. നിരീക്ഷക നായി പോലീസ് ഓഫീസർക്കും ഇരിപ്പിടം. പതിനായിരങ്ങൾ തിങ്ങിനി റഞ്ഞ ശാന്തഗംഭീരമായ സദസ്സ്. എവിടെ നിന്നാലും വ്യക്തമായി കേൾ ക്കാനും കാണാനും തക്ക ലൈറ്റ് ആന്റ് സൗണ്ട് സംവിധാനം. മുജാഹി ദ്-സുന്നി വിഭാഗങ്ങളിലെ പണ്ഡിതന്മാർ തങ്ങൾക്ക് നിശ്ചയിക്കപ്പെട്ട സ്റ്റേജിൽ അണിനിരന്നു. കെ.സി. അബൂബക്കർ മൗലവി, സി.പി. ഉമർ

സുല്ലമി, കെ.കെ. മുഹമ്മദ് സുല്ലമി തുടങ്ങിയവർ പ്രാരംഭ പ്രഭാഷണങ്ങൾ നടത്തിയവരാണ്. സി.പിയാണ് ഒന്നാം ദിവസം പ്രാരംഭ പ്രസംഗം നടത്തിയതെന്നാണ് എന്റെ ഓർമ്മ. അന്നു നല്ല ചുറുചുറുക്കും പ്രസംഗചാതുര്യവും സമന്വയിച്ച പ്രഭാഷകനായിരുന്നു ഉമർ സുല്ലമി. മുജാഹിദ് യുവ പണ്ഡിതന്മാരിൽ ഏറ്റവും അധികം തൗഹീദ് പ്രഭാഷണങ്ങൾ നടത്തിയ വ്യക്തി സി.പി യായിരുന്നു എന്നാണെന്റെ അനുഭവം. ഈ അടുത്ത കാലത്തായി അദ്ദേഹത്തിന് സംഘടനാ തലത്തിൽ ചില മാറ്റങ്ങൾ, എന്നു പറഞ്ഞാൽ സി.പിയിൽ ഉണ്ടാകാൻ പാടില്ലാത്ത ചില സൂക്ഷ്മതാ ലംഘനങ്ങൾ ഉണ്ടാകുന്നതായി ഞാൻ കേട്ടു. ഇത് ദുഃഖകരമാണ്. എ.പി. അബ്ദുൽ ഖാദിർ മൗലവിയുമായി അദ്ദേഹത്തിനുള്ള വ്യക്തിപരമായ അഭിപ്രായഭേദങ്ങളാണ് കാരണമെന്നറിയുന്നു. അത് പെട്ടെന്ന് അവസാനിപ്പിക്കണമെന്ന് ഞാൻ അദ്ദേഹത്തോട് വിനീതമായി അപേക്ഷിക്കുകയാണ്. തൗഹീദ് പ്രചാരണരംഗത്ത് യുവനിരയിൽ നിന്നുയർന്നു വന്ന ഏറ്റവും ശക്തനായ പണ്ഡിത പ്രഭാഷകരിൽ സി.പി. വേറിട്ടു നിൽക്കുന്നു. അതുകൊണ്ടുതന്നെ എനിക്ക് സി.പി.യോട് ആദരവ് കലർന്ന സ്നേഹമാണുള്ളത്.

എ.പി. അബ്ദുൽഖാദിർ മൗലവിയെക്കുറിച്ചും ഏറെ പറയാനുണ്ട്. കുറ്റിച്ചിറ വാദപ്രതിവാദത്തിൽ നിന്നാകട്ടെ തുടക്കം. എന്റെ മനസ്സിലെ ഓർമ്മകളുടെ കലവറയിൽ ഭദ്രമായി ഞാൻ സൂക്ഷിച്ചിട്ടുള്ള, കാഴ്ചയും കേൾവിയും സമന്വയിപ്പിച്ച മനോഹരമായ അനുഭവമാണ് അത്. എന്റെ വിശ്രമരഹിതമായ യാത്രകൾക്കും പ്രവർത്തനങ്ങൾക്കുമിടയിൽ ഓർമ്മകളുടെ നിലവറയിൽ നിന്നും കുറ്റിച്ചിറ വേദിയിൽ തിളങ്ങിയ എ.പി.യെ ചികഞ്ഞു പുറത്തിറക്കും. മനസ്സ് നിറയെ കൺകുളിർക്കെ ആസ്വദിക്കും. എനിക്കൊരു സാഹിത്യ പ്രയോഗം നടത്താൻ ഒരു മോഹം. തെറ്റിപ്പോയെങ്കിൽ ക്ഷമിക്കുക. മുജാഹിദ് പ്രസ്ഥാനത്തിന്റെ ആദർശ ശോഭയും ആകാര ഭംഗിയും എ.പിയുടെ നാവിൻ തുഞ്ചത്ത് ഘടിപ്പിക്കുന്നു. അദ്ദേഹം നാവ് ചലിപ്പിക്കുമ്പോൾ ആ പ്രഭ നമ്മുടെ കർണ്ണ- നയനങ്ങളെ ആനന്ദിപ്പിക്കുകയും ആവേശം പകരുകയും ചെയ്യുമായിരുന്നു. മണിക്കൂറുകൾ നീണ്ടു പോകുന്ന സരസവും സാരസഗർഭവും പ്രൗഢോജ്ജ്വലവുമായ ആ പ്രഭാഷണചാതുര്യം ഞാൻ ഒരുപാട് പഠിക്കുകയും ആസ്വദിക്കുകയും ചെയ്തിട്ടും എനിക്ക് പൂതി തീർന്ന സന്ദർഭം ഉണ്ടായിട്ടില്ലെന്നുള്ളതാണ് സത്യം. മുജാഹിദ് പ്രസ്ഥാനത്തെ ജനകീയവത്കരിക്കുന്നതിൽ ഇത്രയേറെ പങ്കുവഹിച്ച ഒരു ശബ്ദം വേറെയുണ്ടോ എന്ന് ചോദിച്ചാൽ, ഇല്ല എന്ന് പറയാൻ എനിക്കൊട്ടും മടിയില്ല. എന്റെ പ്രവർത്തനവീഥി

യിലെ വീക്ഷണങ്ങൾക്കും വിമർശനങ്ങൾക്കും നയപരിപാടികൾക്കും കാര്യമായ പിന്തുണ നൽകാത്ത എന്റെ ഒരു വിമർശകനായിരുന്നു എ.പി. അബ്ദുൽ ഖാദിർ മൗലവി. അത് ശരിക്കും ബോധ്യപ്പെട്ട സന്ദർഭങ്ങളിലും ഞാൻ അദ്ദേഹത്തെ ആദരിക്കുകയും അളവറ്റ് സ്നേഹിക്കുകയും ചെയ്തിട്ടുണ്ട്. വ്യക്തിപരമായ വീക്ഷണ വ്യത്യാസങ്ങൾക്കും ഇഷ്ടാനിഷ്ടങ്ങൾക്കും അപ്പുറത്ത് എ.പി. യെക്കുറിച്ച് ഒരു വലിയ സത്യം ഞാൻ മനസ്സിൽ സൂക്ഷിച്ചിരുന്നു. പതിറ്റാണ്ടുകളുടെ കിതച്ചുകൊണ്ടുള്ള ഓട്ടം നടത്തിയിട്ടും എനിക്ക് നേടാൻ കഴിയാത്ത ആദർശലാഭം എ.പിയുടെ കുറ്റിച്ചിറ വാദപ്രതിവാദ വേദിയിലെ അതിസമർത്ഥമായ പ്രകടനം കൊണ്ട് പ്രസ്ഥാനം നേടിക്കഴിഞ്ഞിരുന്നു. എ.പി. എന്നെ അംഗീകരിക്കുന്നില്ലെന്ന് ഞാൻ അറിയുമ്പോഴും അദ്ദേഹത്തെ ആവോളം സ്നേഹിക്കാനും ആദരിക്കാനും ഞാൻ ശ്രമിച്ചിട്ടുണ്ട്. എ.പി. ഒരപൂർവ്വ പ്രതിഭയാണ്. സമർത്ഥനായ സംഘാടകനാണ്. തീരുമാനങ്ങളെടുക്കാനും അത് നടപ്പിൽ വരുത്താനും കരുത്തുള്ളവനാണ്. ആ കരുത്തിന്മേൽ മുട്ടി എന്നെപ്പോലുള്ളവർ ചിലപ്പോൾ വീണുപോയിട്ടുണ്ട്. അനിഷ്ടം തോന്നിയ സന്ദർഭങ്ങൾ പലപ്പോഴുമുണ്ടായി. എന്നിട്ടും ഞാൻ എ.പി.യെ അളവറ്റ് സ്നേഹിച്ചു. കാരണം, അദ്ദേഹത്തിന്റെ നിസ്വാർത്ഥമായ സേവനങ്ങൾ ആദർശ മുന്നേറ്റത്തിനും പ്രാസ്ഥാനിക വളർച്ചക്കും വളരേയേറെ പ്രയോജനകരമായിരുന്നു. ഞാൻ എന്റെ ആദർശത്തെയും പ്രസ്ഥാനത്തെയും ജീവനേക്കാളേറെ സ്നേഹിക്കുമ്പോൾ ആ രംഗത്ത് സേവനം ചെയ്യുന്നവരെയും വലിപ്പച്ചെറുപ്പം നോക്കാതെ ആദരിക്കും. സ്നേഹിക്കും. സഹകരിക്കും. അതിൽ ഏറ്റക്കുറച്ചിലുണ്ടായിയെന്ന് വരാം. എ.പി. യെ ഞാൻ ഉയർത്തിക്കാട്ടുമ്പോൾ ആ നിലയിൽ നിങ്ങൾ വിലയിരുത്തിയാൽ മതി.

കുറ്റിച്ചിറ സംവാദത്തിൽ ഇ.കെ. ഹസൻ മുസ്‌ലിയാരുടെയും കാന്തപുരം അബൂബക്കർ മുസ്‌ലിയാരുടെയും വിഷം പുരട്ടിയ വാക് ശരങ്ങളിൽ നിന്നും ദുസ്സാമർത്ഥ്യത്തിന്റെയും വക്രതകളുടെയും പ്രകടനത്തിൽ നിന്നും മുജാഹിദ് വേദിയെ സംരക്ഷിച്ചത് എ.പി.യുടെ വാഗ്‌വിലാസമായിരുന്നു എന്ന് പറഞ്ഞാൽ അത് കേവലമായ ഒരു സത്യം മാത്രമാണ്. 1950ൽ രൂപീകൃതമായ കെ.എൻ.എമ്മിന് അന്ന് ഏതാനും ശാഖകൾ മാത്രമേ കേരളത്തിൽ ഉണ്ടായിരുന്നുള്ളൂ എന്ന വസ്തുത നിങ്ങൾക്കതിശയമായിരിക്കും. തെക്കൻ പ്രാതിനിധ്യമായി കൊച്ചിയിലും. ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ ജന്മഗേഹമായ അഴീക്കോട്- എറിയാട് പ്രദേശങ്ങളിൽ പോലും ഒരു ശാഖയുണ്ടായിരുന്നില്ല. അവിടത്തെ ആദർശരംഗം ജമാഅത്തെ ഇസ്‌ലാമി കയ്യടക്കിയിരുന്നു. പതിനൊന്ന് ദിവസം നീണ്ടുനിന്ന വാദപ്രതിവാദ യു

ദ്ധത്തിന്റെ പരിസമാപ്തി കുറിച്ചുകൊണ്ട് പതിനായിരങ്ങളെ സാക്ഷി നിർത്തി എ.പി. അബ്ദുൽ ഖാദിർ മൗലവി നടത്തിയ ഹൃദയസ്പൃക്കായ പ്രാർത്ഥന എന്റെ ജീവിതത്തിലെ അപൂർവ്വമായ ഒരനുഭവമായിരുന്നു. മുജാഹിദ് പണ്ഡിതന്മാർ കൂട്ടായി നടത്തിയ പഠനവും ഗവേഷണവും ചർച്ചയും ഒരുക്കിയ വിജ്ഞാനത്തിന്റെ ഭാണ്ഡം എ.പി. വേദിയിൽ തുറന്നപ്പോൾ അതിന്റെ പ്രഭ നാടാകെ വീശിയടിച്ചു. രണ്ടു വർഷം പിന്നിട്ടപ്പോൾ കെ.എൻ.എമ്മിന് ഇരുനൂറിൽ പരം ശാഖകൾ വിവിധ ദേശങ്ങളിലായി പടർന്നു. ഈ വളർച്ചയാണ് ഒരു സംസ്ഥാന സമ്മേളനത്തിനുള്ള ആശയും ധൈര്യവും നമ്മുടെ നേതാക്കൾക്ക് നൽകിയത്. അന്ന് മഹാനായ എന്റെ സുഹൃത്ത് കെ.പി. മുഹമ്മദ് മൗലവിയാണ് കെ.എൻ.എമ്മിന്റെ സംസ്ഥാന ജനറൽ സെക്രട്ടറി. ഞാൻ അന്ന് കേരള ജംഇയ്യത്തുൽ ഉലമായുടെ പ്രസിഡണ്ടായിരുന്നു. പ്രസ്ഥാനത്തിന്റെ കണ്ണിൽ ഒരു വികൃതിയായി പലരും കാണുന്ന ഞാൻ അതിനൊട്ടും അർഹനായിരുന്നില്ല. വിജ്ഞാനം കൊണ്ടും പ്രഗത്ഭതകൊണ്ടും അർഹരായവർ പലരും അവിടെയുണ്ടായിരുന്നു. മഹാ പണ്ഡിതനായ ശൈഖ് മുഹമ്മദ് മൗലവി അലങ്കരിച്ചിരുന്ന ആ കസേരയിൽ എല്ലാവരും ചേർന്ന് ഈ സാധുവായ എന്നെ പിടിച്ചുരുത്തി. അത് പ്രായാഗികമായിരുന്നില്ലെന്ന് ഞാൻ തുടക്കത്തിലേ മനസ്സിലാക്കി. എന്നെ അവിടെ അവരോധിച്ചവർ പിന്നീടും മനസ്സിലാക്കി.

പുളിക്കൽ സമ്മേളനം എല്ലാ നിലക്കും വമ്പിച്ച വിജയമായിരുന്നു. അറബ് രാജ്യങ്ങളിൽ നിന്നുള്ള പണ്ഡിതന്മാരെ സമ്മേളനത്തിലേക്ക് ക്ഷണിക്കാൻ എന്നെയാണ് ചുമതലപ്പെടുത്തിയത്. മൗദൂദി സാഹിബിന് അക്കാലത്ത് സുഊദി ഗവൺമെന്റിലും മറ്റും നിലനിന്നിരുന്ന വലിയ സ്വാധീനവും അതുമുഖേന ജമാഅത്തുകാർ ഔദ്യോഗിക മേഖലയിലും പണ്ഡിത വേദികളിലും നേടിയെടുത്ത പരിഗണനയും പൊതുവെ അറിയപ്പെടുന്നതായിരുന്നു. ആ നിലക്ക് മൗദൂദിസത്തിന്റെ കടുത്ത വിമർശകനായ എന്നെ ഈ പണിക്ക് നിയോഗിച്ചതിൽ പലർക്കും അതൃപ്തിയുണ്ടായിരുന്നു. എങ്കിലും ഞാൻ പോയി. അല്ലാഹുവിൽ തവക്കുൽ ചെയ്തുകൊണ്ടും പ്രാർത്ഥിച്ചുകൊണ്ടും ഞാൻ പോയി. മഹാനായ ശൈഖ് ഇബ്നുബാസ് അന്ന് സുഊദി മതപ്രബോധന വകുപ്പിന്റെ തലവനാണ്. ഞങ്ങൾക്കിടയിൽ നിലനിന്നിരുന്ന വ്യക്തിബന്ധം ഞാൻ നേരത്തെ വിശദമാക്കിയിട്ടുണ്ടല്ലോ. അതായിരുന്നു എന്റെ ധൈര്യം. ശൈഖിന്റെ നിർദ്ദേശം തട്ടിക്കളയുന്ന ഒരു പ്രഗത്ഭനും സുഊദിയിൽ ഉണ്ടായിരുന്നില്ല. റബ്ബിന്റെ അനുഗ്രഹത്താൽ സമ്മേളനത്തിലേക്ക് ഒഴുകിയെത്തിയ അറബ്

പണ്ഡിതന്മാരുടെ ആധിക്യം സംഘാടകർക്ക് ഒരു പ്രശ്നമാകുകയാണു ണ്ടായത്. അവരെ സ്വീകരിക്കലും താമസ സൗകര്യങ്ങൾ ഏർപ്പെടുത്തലും അവരുടെ പരിചരണശ്രദ്ധയും ഏറെ ശ്രമകരമായിരുന്നു. ഇനി ആരും വരേണ്ടതില്ല എന്ന് അടിയന്തിര അറിയിപ്പ് കൊടുക്കാമായിരുന്നു എന്ന് ചില സുഹൃത്തുക്കൾ തമാശരൂപത്തിൽ പറഞ്ഞു. നിതാന്ത നിശബ്ദമായി, തൗഹീദ് ഉൾക്കൊണ്ട മഹാജന സഞ്ചയത്തെ കണ്ട് അറബ് പണ്ഡിതന്മാർ ആവേശഭരിതരായി. അവരുടെ ജീവിതത്തിലെ അപൂർവ്വ കാഴ്ചയായിരുന്നു അത്. അവർ സ്റ്റേജിൽ സദാസമയം നിറഞ്ഞിരുന്നു. അല്ലാഹുവിനെ മാത്രം ആരാധിക്കുന്ന, അവനോട് മാത്രം പ്രാർത്ഥിക്കുന്ന തൗഹീദിന്റെ മക്കളുടെ മഹാസംഗമം അറബ് പണ്ഡിതന്മാർ കൺകുളിർക്കെ, മനസ്സ് നിറയെ കണ്ട് ആനന്ദിച്ചു. സമ്മേളനത്തിലെ രണ്ട് മഹത്തായ പ്രഭാഷണങ്ങൾ ഇന്നും മുത്തുപോലെ ഞാൻ ഹൃദയത്തിൽ സൂക്ഷിക്കുന്നു. ജമാഅത്തെ ഇസ്‌ലാമിയുടെ ആദർശ വ്യതിയാനത്തെക്കുറിച്ചും ശഹാദത്ത് കലിമയുടെ അർത്ഥവ്യത്യാസത്തിലൂടെ ഇബാദത്തിന്റെ വ്യാഖ്യാനത്തിൽ വരുത്തിക്കൂട്ടിയ അടിസ്ഥാനപരമായ പിഴവിനെ സംബന്ധിച്ചും പ്രഗത്ഭനായ എന്റെ ആത്മമിത്രം കെ.സി. അബൂബക്കർ മൗലവിയുടെ പ്രഭാഷണമാണ് ഒന്ന്. മലയാളത്തിലാണ് കെ.സി. പ്രസംഗം തുടങ്ങിയത്. അറബ് പണ്ഡിതന്മാർ സ്റ്റേജിൽ നിരനിരയായുണ്ട്. ലേശം കഴിഞ്ഞപ്പോൾ കെ.സി. അവരുടെ നേരെ തിരിഞ്ഞു. ഇത് കേൾക്കേണ്ടത് നിങ്ങളാണ് എന്ന് പറഞ്ഞുകൊണ്ട് അറബിയിൽ പ്രസംഗം തുടങ്ങി. മലയാളം പോലെ അദ്ദേഹത്തിന് വഴങ്ങുന്നതല്ല അറബി. പക്ഷെ, കെ.സി. ആവേശത്തിലായിരുന്നു. എന്റെ മനസ്സും അപ്പോൾ ആഹ്ലാദത്തിലായിരുന്നു. ജമാഅത്തിന്റെ ആദർശ വ്യതിയാനത്തെ സംബന്ധിക്കുന്ന ഒരു പ്രഭാഷണം ആ സമ്മേളനത്തിൽ ഫലപ്രദമായ നിലയിൽ ഉണ്ടാകുമെന്ന് ഞാൻ കരുതിയിരുന്നില്ല. കാരണം അറബ് പണ്ഡിതന്മാരിൽ ബഹുഭൂരിപക്ഷവും മൗദൂദിസത്തോട് അനുരാഗമുള്ളവരായിരുന്നു. അമുസ്‌ലിം മഹാഭൂരിപക്ഷത്തിന്റെ നാടായ ഇന്ത്യയിൽ ഒരു 'ഹുകൂമത്തെ ഇലാഹി' സ്ഥാപിക്കാൻ ത്യാഗപരിശ്രമം ചെയ്യുന്നവരെക്കുറിച്ചുള്ള മതിപ്പ് മനസ്സിൽ അവർ നിറച്ചുവെച്ചിരുന്നു. അപ്പോൾ അവരെ വെറുപ്പിക്കാനോ അവരുടെ അനിഷ്ടം സമ്പാദിക്കുവാനോ സമ്മേളന ഭാരവാഹികൾ തയ്യാറാകുകയില്ലെന്ന ധാരണ എന്നിൽ ശക്തിയായി നിലനിന്നിരുന്നു. പക്ഷെ, എന്റെ സുഹൃത്ത് കെ.സി. ആ ധാരണ തിരുത്തി. കെ.സിയുടെ വിശദീകരണം അവർ ശ്രദ്ധിക്കുകയും ചെയ്തു.

പിറ്റേന്ന്, അറബി പണ്ഡിതന്മാർ താമസിക്കുന്ന ഹോട്ടലിലേക്ക്

അവർ എന്നെ ക്ഷണിച്ചു. ഞാൻ ചെന്നപ്പോൾ ജമാഅത്തെ ഇസ്‌ലാമിയുടെ കേരള അമീർ അടക്കം ഉന്നത നേതാക്കൾ അവിടെയുണ്ട്. മദീനയിലെ ശൈഖ് ഉമർ ഫുല്ലാത്തയുടെ നേതൃത്വത്തിൽ അവരുമായി ഒരു സുഹൃദ് സംഭാഷണത്തിന് രംഗമൊരുക്കിയിരിക്കുകയായിരുന്നു അവിടെ. ഞാൻ നിരസിച്ചില്ല. സൗഹൃദം പാടില്ലെന്നുള്ള ഒരു വാശി എനിക്ക് ഒരിക്കലുമില്ലായിരുന്നു. പക്ഷെ, ജമാഅത്തുകാർ ആഗ്രഹിക്കുന്ന സൗഹൃദം ഞാൻ നിശ്ശബ്ദനാകണമെന്നതാണ്. കുറെ സമയം ചർച്ച നടന്നു. അറബ് പണ്ഡിതന്മാർ ജമാഅത്ത് അനുകൂലികളാണല്ലോ. പരസ്യ വിമർശനങ്ങൾ ഒഴിവാക്കി കഴിയുന്നതും സൗഹാർദ്ദപരമായി ഇരുകൂട്ടരും പ്രവർത്തിക്കണമെന്ന് അവർ ഏകോപിപ്പിച്ച് എന്നോട് ആവശ്യപ്പെട്ടു. ശൈഖ് ഇബ്നുബാസിന്റെ ഫത്‌വ ബന്ധപ്പെട്ട വിഷയത്തിൽ ലഭിച്ചാൽ അതുപ്രകാരം ഞാൻ പ്രവർത്തിക്കാമെന്ന് പറഞ്ഞപ്പോൾ അതിന് വേണ്ട ഏർപ്പാടുകൾ ചെയ്യാമെന്ന് ശൈഖുമാർ സമ്മതിച്ചു. അങ്ങനെ സൗഹാർദ്ദം നിലനിൽക്കത്തക്കവിധം മുന്നോട്ട് പോകാൻ ഉതകുന്ന ഒരു കരാർ ഉണ്ടാക്കുകയും ജമാഅത്ത് നേതാക്കളും ഞാനും അതിൽ ഒപ്പ് വെക്കുകയും ചെയ്തു. ഈ സംഭവം കെ.എൻ.എം. നേതൃത്വത്തിൽ വലിയ അലോസരമുണ്ടാക്കി. ജംഇയ്യത്തുൽ ഉലമാ പ്രസിഡണ്ടായിരിക്കെ നേതൃത്വവുമായി ആലോചിക്കാതെ ഇത്തരം ഒരു കരാറിൽ ഒപ്പ് വെച്ചതിൽ അവർ എന്നെ ശക്തിയായി കുറ്റപ്പെടുത്തി. ആ കുറ്റപ്പെടുത്തലിൽ കഴമ്പുണ്ടെന്ന് എനിക്കും തോന്നി. എ.പി. അബ്ദുൽഖാദിർ മൗലവിയാണ് എനിക്കെതിരിൽ ശക്തമായ നിലപാട് സ്വീകരിച്ചത്. സംഘടനാ വൈഭവത്തിൽ അക്കാലത്ത് തന്നെ അദ്ദേഹം മികവ് പുലർത്തിയിരുന്നു. ഞാൻ സംഘടനക്ക് ഒരു ഭാരവും മുന്നോട്ടുള്ള ഗമനത്തിനും ചട്ടവട്ടങ്ങൾക്കും തടസ്സവുമാകുന്നുവെന്ന സൂചനയാണ് എ.പി.യും മറ്റുള്ളവരും നൽകുന്നതെന്ന് എനിക്ക് ബോധ്യമായി. ഞാൻ എന്റെ പ്രിയപ്പെട്ട പ്രസ്ഥാനത്തിന് ചുമക്കാൻ കഴിയാത്ത ഒരു ഭാരമാകരുതെന്ന് തീരുമാനിച്ചു. സംഘടനയിൽ ഭാരവാഹിയാകുന്നതിന് ഞാൻ കൊള്ളുകയില്ലെന്ന് സ്വയം മനസ്സിലാക്കി. ജംഇയ്യത്തുൽ ഉലമായുടെ അദ്ധ്യക്ഷപദവി ഒഴിയാൻ ഞാൻ സന്നദ്ധത പ്രകടിപ്പിക്കുകയും എന്റെ സുഹൃത്തുക്കൾ അത് അനുകൂലിക്കുകയും ചെയ്തു. ഞാൻ സ്ഥാനമൊഴിഞ്ഞു. പിന്നീട് ഒരിക്കലും ഒരു ഔദ്യോഗിക പദവി ഞാൻ സ്വീകരിച്ചിട്ടില്ല. സംഘടന എന്നോട് ആവശ്യപ്പെട്ടതുമില്ല. എനിക്കതിൽ ഒട്ടും ഖേദവുമില്ല. കാരണം അത് എനിക്ക് പറ്റാത്ത പണിയാണെന്ന് ഞാൻ മനസ്സിലാക്കിക്കഴിഞ്ഞിരുന്നു. കുറെ കാലത്തിന് ശേഷം പുളിക്കൽ ജാമിഅ സലഫിയ്യയുടെ ചാൻസലർ പദവി സ്വീകരിക്കാൻ നേതാക്കൾ

എന്നെ നിർബന്ധിച്ചു. ഞാൻ സ്വീകരിച്ചു. അത് വെറും ഒരു കടലാസ് പദവി മാത്രമാണെന്ന് എനിക്കറിയാമായിരുന്നു. അറബ് നാടുകളുമായുള്ള കത്തിടപാടുകളിൽ ഉപയോഗിക്കാൻ എന്റെ പേര് വെക്കുക എന്ന ഉദ്ദേശ്യം മാത്രമേ ഇതിൽ ഉണ്ടായിരുന്നുള്ളൂ. സ്ഥാപനത്തിന്റെ ഭരണ നടത്തിപ്പുമായി എനിക്ക് പ്രത്യേക ചുമതലകളോ മറ്റു ബന്ധപ്പെടലുകളോ ഉണ്ടായിരുന്നില്ല. ഞാൻ അത്തരം കാര്യങ്ങൾ അന്വേഷിക്കാറുമില്ല. ഏതെങ്കിലും യോഗങ്ങൾക്ക് ക്ഷണിക്കപ്പെട്ടാൽ കഴിയുന്നതും ഞാൻ പോകും. അത്രമാത്രം. യാതൊരു പരാതിയും ആക്ഷേപവുമില്ലാതെ അധികാരമില്ലാത്ത ആ പദവിയുമായി ഇന്നും കഴിയുന്നു. നേതാക്കൾ എപ്പോൾ ആവശ്യപ്പെട്ടാലും തൽക്ഷണം ഞാൻ അത് ഒഴിഞ്ഞുകൊടുക്കും. ഒരു ചെറിയ നന്മയുടെ വരമ്പത്ത് പോലും തടസ്സമായി നിൽക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ജംഇയ്യത്തുൽ ഉലമായുടെ അദ്ധ്യക്ഷപദവിയിലേക്ക് എനിക്ക് ബദലായി നിയോഗിക്കപ്പെട്ടത് മഹാനായ പി. സൈദ് മൗലവി (രണ്ടത്താണി) ആയിരുന്നു. അദ്ദേഹം തികച്ചും അർഹനായിരുന്നു. തന്റെ മരണം വരെ മൗലവി ആ സ്ഥാനം വഹിച്ചു. ഇപ്പോൾ എന്റെ പ്രിയ സുഹൃത്ത് കെ.എൻ. ഇബ്റാഹീം മൗലവി ആ പദവിയിൽ തുടരുന്നു. അദ്ദേഹവും അതിന് തികച്ചും അർഹൻ തന്നെ.

പുളിക്കൽ സമ്മേളനത്തിൽ നടന്ന പ്രസംഗങ്ങളിൽ രണ്ടാമതായി എന്റെ മനസ്സിൽ മായാതെ നിൽക്കുന്നത് പി.പി. അബ്ദുൽ ഗഫൂർ മൗലവി (പുളിക്കൽ) അവർകളുടെ എഴുതി തയ്യാറാക്കി അദ്ദേഹം തന്നെ വായിച്ച പ്രസംഗമായിരുന്നു. മുജാഹിദ് പ്രസ്ഥാനവും സമൂഹവും എന്ന വിഷയത്തെ ആസ്പദമാക്കി അവതരിപ്പിച്ച സുദീർഘമായ പ്രബന്ധമായിരുന്നു അത്. സമർത്ഥനായ ഒരു പ്രഭാഷകനായിരുന്നു ഗഫൂർ മൗലവി. പുളിക്കൽ മദീനത്തുൽ ഉലൂം അറബികോളേജിന്റെ പ്രിൻസിപ്പാൾ സ്ഥാനത്തിരുന്നുകൊണ്ടാണ് അദ്ദേഹം ഔദ്യോഗിക ജീവിതം അവസാനിപ്പിച്ചത്. സമർത്ഥനായ പ്രഭാഷകന്റെ ചാതുര്യത്തോടെ, തികഞ്ഞ അക്ഷരസ്ഫുടതയോടെയുള്ള ആ വായന കേട്ടവർക്കൊന്നും മറക്കാൻ കഴിയില്ല. ഒരു പ്രബന്ധ വായനയായിരുന്നില്ല അത്. സ്വതസിദ്ധവും പ്രസിദ്ധവുമായ അദ്ദേഹത്തിന്റെ പ്രസംഗശൈലിയിൽ തന്നെയായിരുന്നു ആ പ്രഭാഷണം. എഴുതി തയ്യാറാക്കിയ ഒരു പ്രബന്ധം ഉജ്ജ്വലമായ പ്രഭാഷണമാക്കി അവതരിപ്പിച്ച ഒരനുഭവം അതിന് മുമ്പോ പിൻപോ എനിക്കുണ്ടായിട്ടില്ല. പ്രസ്ഥാനത്തിന്റെ സമഗ്രമായ സാമൂഹിക കാഴ്ചപ്പാട് സംശയലേശമന്യേ ആ പ്രബന്ധത്തിൽ അനാവരണം ചെയ്യപ്പെട്ടിരുന്നു. സാരഗർഭമായ ആ പ്രബന്ധം അച്ചടിച്ച് ഒരു രേഖയായി നിലനിർത്താൻ ശ്രദ്ധിക്കാതിരുന്നത്

നേതൃത്വത്തിന്റെ ഒരു വീഴ്ചയായിട്ടാണ് ഞാൻ കരുതുന്നത്. ഒരു മുജാഹിദ് പ്രവർത്തകൻ നാട്ടിലെ സാമൂഹിക- സാംസ്കാരിക- രാഷ്ട്രീയ മണ്ഡലങ്ങളിൽ ഏതെല്ലാം നിലയിൽ ഭാഗഭാക്കാകണമെന്ന് വസ്തുനിഷ്ഠമായി ആ പ്രബന്ധം ഗൈഡ് ചെയ്യുന്നുണ്ട്. എല്ലാ വിഷയത്തിലും പ്രസ്ഥാനം പ്രത്യേക തലങ്ങൾ സൃഷ്ടിച്ച് പ്രവർത്തിക്കണമെന്ന ജമാഅത്തെ ഇസ്‌ലാമിയുടെ സങ്കുചിത വീക്ഷണത്തെ എതിർത്തുകൊണ്ട്, നാട്ടിൽ അരങ്ങേറുന്ന എല്ലാ നന്മയുടെ കൂട്ടായ്മകളിലും മുജാഹിദ് പ്രവർത്തകർ തങ്ങളുടെ സാന്നിധ്യവും സഹകരണവും നിർലോഭം നൽകിക്കൊണ്ട് നന്മയുടെ പാതയിൽ നിസ്വാർത്ഥമായി നടക്കണമെന്നായിരുന്നു പ്രബന്ധത്തിൽ നിർദ്ദേശിക്കപ്പെട്ടിരുന്നത്. ഇത് ഒരു പുത്തൻ കണ്ടുപിടുത്തമായി അവതരിപ്പിച്ചതല്ല. ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ പ്രഗത്ഭരായ നേതാക്കന്മാർ, തുടക്കം മുതൽ തന്നെ വിജയകരമായി പ്രവർത്തിച്ചു കാണിച്ചുതന്നെ സരണിയെ പ്രവർത്തകർക്ക് ബോധ്യപ്പെടുത്തുകയായിരുന്നു. മഹാന്മാരായ വക്കം മൗലവി, കെ.എം. മൗലവി, സീതിസാഹിബ്, മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ്, എൻ.വി. അബ്ദുസ്സലാം മൗലവി, ഇ.കെ. മൗലവി, എം.കെ. ഹാജി തുടങ്ങിയവർ ഇതിൽ മാതൃകാപുരുഷന്മാരാണല്ലോ. ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ മുഖ്യധാരയായ തൗഹീദ് ഉയർത്തിപ്പിടിച്ചുകൊണ്ട് തന്നെ വിവിധ മണ്ഡലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച മഹദ് വ്യക്തിത്വങ്ങളായിരുന്നു ഇവരൊക്കെയും. അവരുടെ ശോഭയാർന്ന പാത ഉപേക്ഷിച്ച് മുഖ്യധാരയിൽ നിന്ന് അകന്ന് മാറി കയ്യടി കിട്ടുന്ന മാർഗരേഖകളുമായി പ്രത്യക്ഷപ്പെടാൻ വെമ്പുന്ന നൂതന ചിന്താസരണി അനഭിലഷണീയവും അസ്വീകാര്യവുമാണ്. ലോകം ദർശിച്ച ഏറ്റവും ശ്രേഷ്ഠനായ സാമൂഹിക- ജീവകാരുണ്യ പ്രവർത്തകനായിരുന്നു പ്രവാചക തിരുമേനി മുഹമ്മദ് ﷺ. നബിﷺയുടെ മുഖ്യധാര എല്ലാ പ്രവാചകന്മാരുടെയും മുഖ്യധാര തന്നെയായിരുന്നു. അതാണ് തൗഹീദ്. അബ്ദുൽ ഗഫൂർ മൗലവിയും അറിയപ്പെട്ട സാമൂഹിക - രാഷ്ട്രീയ പ്രവർത്തകനായിരുന്നു. ഏറെക്കാലം പഞ്ചായത്ത് പ്രസിഡണ്ടായി സേവനമനുഷ്ഠിച്ച ഗഫൂർ മൗലവി പ്രചാരണ രംഗത്ത് നല്ലൊരു യോദ്ധാവും സമർത്ഥനായ അദ്ധ്യാപകനുമായിരുന്നു. അതുകൊണ്ട് തന്നെ വിജ്ഞാന സമ്പൂർണമായ പ്രസ്തുത പ്രബന്ധം അവതരിപ്പിക്കുവാൻ തികച്ചും അർഹനായിരുന്നു അദ്ദേഹം. കാലിക പ്രസക്തിയുള്ള ആ പ്രബന്ധം എന്തുകൊണ്ട് തമസ്കരിക്കപ്പെട്ടു എന്ന് എനിക്കറിഞ്ഞുകൂടാ.

സൽസബീൽ പ്രസ്സും മാസികയുടെ പ്രസിദ്ധീകരണവും കൂടുതൽ സൗകര്യാർത്ഥം തിരൂർക്കാട് നിന്നും പുളിക്കലേക്ക് മാറ്റി സ്ഥാപിച്ചു.

സമ്മേളനത്തിനു ശേഷം ഹമീദ് വീണ്ടും എന്നെ തുണക്കാൻ പുളിക്കൽ വന്നു താമസമാക്കി. ഹമീദിന്റെ വരവ് എനിക്ക് കൂടുതൽ ആനന്ദകരവും സഹായകവുമായി. പ്രസ്സിന്റെ ചുമതല കൊച്ചിയിലെ അബ്ദുറഹീം സാഹിബ് നോക്കിനടത്തിയിരുന്നു. കൊച്ചിയിൽ സാലെ സേട്ട് സ്ഥാപിച്ച്, മുജാഹിദീൻ ട്രസ്റ്റിന്റെ കീഴിൽ നടന്നുവന്നിരുന്നതും അമാനി മൗലവിയുടെ ഖുർആൻ പരിഭാഷ, അൽമനാർ എന്നിവയുടെ അച്ചടിയും മറ്റും നടത്തിവന്നിരുന്നതുമായ ഓറിയന്റൽ പ്രിന്റേഴ്സിന്റെ മാനേജറായി ജോലി നോക്കിയിരുന്ന നല്ലൊരു മുജാഹിദ് പ്രവർത്തകനായിരുന്നു അബ്ദുർറഹീം സാഹിബ്. ഹമീദ്, മാസികയുടെ മേൽനോട്ടം ഏറ്റെടുത്തപ്പോൾ ഞാൻ ഒട്ടൊക്കെ സ്വതന്ത്രനായി. അതോടെ മറ്റൊരു മോഹവും ഉദിച്ചു. അതൊരു അതിമോഹമായിരുന്നുവെന്ന് അനുഭവത്തിൽ ബോധ്യപ്പെടുകയും ചെയ്തു. സൽസബീൽ ഒരു സായാഹ്ന ദിനപത്രമായി തുടങ്ങണമെന്ന് ഒരാശ! അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. എനിക്ക് ആശയല്ലാതെ അതുസംബന്ധമായി ഒരു വിവരവുമില്ല. അങ്ങനെ അതിന്നായി ഒരു ആലോചനാ സമിതിയുണ്ടാക്കി. കെ.എൻ. ഇബ്റാഹീം മൗലവി, ഇട്ടോളി അഹ്മദ് കോയ ഹാജി, കെ. മൊയ്തു സാഹിബ് (കോഴിക്കോട്), കെ.എം. മുഹമ്മദ്കുട്ടി ഹാജി(കുണ്ടോട്ടി), എൻ.കെ. മുഹമ്മദ് സാഹിബ് (കെ.എസ്.കെ. തങ്ങളുടെ ഭാര്യാസഹോദരിയുടെ ഭർത്താവും ടെലഗ്രാഫ് ഉദ്യോഗസ്ഥനുമായിരുന്നു) എന്നിവരായിരുന്നു ഉപദേശകബോർഡ്. എല്ലാവരും ബുദ്ധിജീവികളും സംഘാടകരുമായിരുന്നു. പത്രപ്രവർത്തന രംഗത്ത് നല്ല പരിചയമുള്ള സുഹൃത്തായിരുന്നു സീതി കെ. വയലാർ. മാനേജറായി ഹമീദ് തന്നെ. മുഖപ്രസംഗം എഴുതുക എന്ന എന്റെ ബാധ്യതയും ഹമീദ് ഏറ്റെടുത്തു. പരിശോധനക്കും ഉപദേശനിർദ്ദേശങ്ങൾക്കും ഇട്ടോളി ഹാജി നിത്യവും ആഫീസുമായി ബന്ധപ്പെടാമെന്ന് സമ്മതിച്ചതോടെ എനിക്ക് പൂർണ ധൈര്യം കൈവന്നു. എന്റെ പ്രിയങ്കരനായ സുഹൃത്ത് എ.വി. അബ്ദുറഹ്മാൻ ഹാജിയുടെ ഉടമസ്ഥതയിലുള്ള കോഴിക്കോട് സംഗീത് ലോഡ്ജിൽ ഒരു ഡബിൾ റൂം ആഫീസിനും മറ്റുമായി സൗജന്യ നിരക്കിൽ അദ്ദേഹം വിട്ടുതന്നു. കോഴിക്കോട് തന്നെ ഒരു പ്രസ്സും വാടക നിരക്കിൽ തരപ്പെടുത്തി.

അങ്ങനെ സൽസബീൽ സായാഹ്ന ദിനപത്രമായി തുടങ്ങി. നിത്യവും കോപ്പികൾ വർദ്ധിച്ചു. ഒന്നും നാലും പേജുകൾ പൊതു വാർത്തകൾക്കും രണ്ടാം പേജിൽ മുഖപ്രസംഗവും മതസംബന്ധമായ ലേഖനങ്ങളും. മൂന്നാം പേജ് സംഘടനാ വർത്തകളുമായി നിശ്ചയിച്ചു. കോഴിക്കോടും മലപ്പുറം ജില്ലയിലെ പല ഭാഗങ്ങളിലുമായി കോപ്പികൾ പ്രചരിച്ചു. പൊ

തുവെ നല്ല നിലവാരം പുലർത്തിയതിനാൽ വായനക്കാർ ധാരാളം ഉണ്ടായിരുന്നു. പക്ഷെ, അനിവാര്യമായ കാരണങ്ങളാൽ അധികകാലം തുടരാൻ കഴിഞ്ഞില്ല. പ്രധാന കാരണം സാമ്പത്തിക നഷ്ടം തന്നെ. അത് പരിഹരിക്കാൻ മാർഗങ്ങൾ ആരായാൻ മനസ്സ് കൂട്ടാക്കാത്ത മറ്റു ചില കാരണങ്ങളും ഉണ്ടായി. അന്ന് മുസ്‌ലിംലീഗ് പിളർന്ന് അതിരൂക്ഷമായ സംഘട്ടനത്തിലായിരുന്നു. അഖിലേന്ത്യാ ലീഗിന്റെ ആസ്ഥാനവും ആലോചനാ യോഗങ്ങളും എ.വിയുടെ സംഗീത് ലോഡ്ജിലായിരുന്നു. അവരുടെ മുഖ്യവക്താവായ സൈദ് ഉമർ ബാഫഖി തങ്ങൾ അവിടെ തന്നെ സദാ സമയം ഉണ്ടാകും. അതിനാൽ അവരുടെ നേതാക്കളും അവിടെ നിത്യ സന്ദർശകരാണ്. ഇരു ലീഗുകളിലും മുജാഹിദുകൾ രാഷ്ട്രീയമായി കക്ഷിചേർന്നു നിൽക്കുന്നു. ഇരു കക്ഷികളിലെ പ്രമുഖന്മാരും എന്റെ സുഹൃത്തുക്കളും പരിചയക്കാരുമാണ്. സൽസബീൽ ദിനപത്രത്തിന്റെ ഉപദേശ സമിതിയിലെ അംഗങ്ങളെല്ലാം അഖിലേന്ത്യാ ലീഗിലെ എണ്ണപ്പെട്ട വ്യക്തികളുമാണ്. ഇത് മനപൂർവ്വമായ ഒരു നടപടിയായിരുന്നില്ല. ഞാൻ ആദർശബന്ധവും സുഹൃദ് ബന്ധവും എന്റെ വീക്ഷണങ്ങളോടുള്ള പൊരുത്തവും മാത്രമാണ് പരിഗണിച്ചത്. പക്ഷെ, മറുവശം ആ നിലക്ക് പൂർണമായി ഉൾക്കൊള്ളാൻ തയ്യാറായിരുന്നില്ല. ഞാൻ യൂണിയൻ ലീഗുകാരനായിട്ടും ഈ നടപടിയുണ്ടായതിൽ പലർക്കും അമർഷമുണ്ടായി.

രാഷ്ട്രീയ വാർത്തകളിൽ മുഖ്യമായി വരുന്നതും വായനക്കാർ ശ്രദ്ധിക്കുന്നതും ലീഗിന്റെ ഇരു വിഭാഗങ്ങളിൽ നിന്നുള്ള നേതാക്കളുടെ ഖണ്ഡന- മണ്ഡനങ്ങളായിരുന്നു. അത് റിപ്പോർട്ട് ചെയ്യുന്നതിൽ കക്ഷിചേരാതെ സൂക്ഷിക്കേണ്ടത് ഒരു വലിയ തലവേദനയായിരുന്നു. എത്ര സൂക്ഷിച്ചാലും നീതിയുടെയും സത്യത്തിന്റെയും പരിധിയാണല്ലോ മുഖ്യം. അപ്പോൾ ഇരുകൂട്ടരിൽ നിന്നും പരാതികളും പ്രതിഷേധങ്ങളും മാറിമാറി വന്നുകൊണ്ടിരുന്നു. ഒസ്യത്ത് വിഷയത്തിൽ സൽസബീൽ എഴുതിയ മുഖപ്രസംഗം അഖിലേന്ത്യാ ലീഗിന്റെ അന്നത്തെ രാഷ്ട്രീയ വീക്ഷണത്തിനെതിരായിരുന്നു. അത് എ.വി. അബ്ദുറഹ്മാൻ ഹാജിയെ അലോസരപ്പെടുത്തി. അദ്ദേഹം ഏൽപിച്ച ഖണ്ഡനം പ്രസിദ്ധപ്പെടുത്തി. പോലീസ് നടപടികളെ സംബന്ധിച്ച് എഴുതിയ മറ്റൊരു മുഖപ്രസംഗം യൂണിയൻ ലീഗുകാർക്ക് പ്രതിഷേധിക്കാൻ വകയുള്ളതായി. മഹാനായ സി.എച്ച്. മുഹമ്മദ് കോയ സാഹിബ് മുഖ്യമന്ത്രിയാകുന്ന വാർത്ത ഫോട്ടോ സഹിതം ആദ്യമായി അച്ചടിച്ചുവന്നത് സൽസബീൽ പത്രത്തിലായിരുന്നു. അത് മറുകക്ഷിക്ക് അലോസരമുണ്ടാക്കി. നാട്ടിൽ ഉയർന്നു വരുന്ന വാർ

ത്തകൾ പൊടിപ്പും തൊങ്ങലുമില്ലാതെ പ്രസിദ്ധീകരിക്കുന്നത് വായന യുടെ രുചി വർദ്ധിപ്പിക്കാൻ ഉതകുന്നതല്ലായിരുന്നു. ആകപ്പാടെ തലവേദ നതന്നെ. നിത്യമായ തലവേദന. സത്യസന്ധമായി മതപ്രബോധനം നട ത്താൻ ആഗ്രഹിക്കുന്നവർക്ക് നമ്മുടെ നാട്ടിൽ ദിനപത്രത്തിന്റെ വീഥി അനുയോജ്യമല്ലെന്ന് അനുഭവത്തിൽ തെളിഞ്ഞു. കളവും പരദൂഷണവും അവസരവാദവും സമയാസമയം കക്ഷിചേരലും ചേരാതിരിക്കലും ഒരു വർത്തമാന പത്രത്തിന്റെ ശീലമായിരിക്കണം. എങ്കിലേ അത് മുന്നേറുക യുള്ളൂ. അങ്ങനെ മുന്നേറി വന്നതിന്റെ തെളിവും ഞാൻ പിന്നീട് കണ്ടു. ചുരുക്കത്തിൽ വായനക്കാർക്ക് രുചികരമായ വിഭവങ്ങൾ അറിഞ്ഞു വിള മ്പാൻ നമുക്ക് കഴിയില്ലെന്ന് മനസ്സിലായി. എന്റെ അതിമോഹത്തിൽ ഞാൻ ഖേദിച്ചു. പത്രം മതിയാക്കുകയും ചെയ്തു.

പുളിക്കൽ സമ്മേളനം കഴിഞ്ഞു. അടുത്ത വർഷം ഞാൻ സുഊദിയി ലേക്ക് പോകുവാൻ ഒരുങ്ങി. ഹജ്ജിന് പങ്കെടുക്കണമെന്ന് നിയ്യത്ത് ഉണ്ടായിരുന്നു. ഞാൻ അറബ് പണ്ഡിതന്മാർക്ക് കൊടുത്ത വാഗ്ദാനം ഓർത്തു. അത് പാലിക്കാൻ ഞാൻ തന്നെ മുൻകയ്യെടുക്കണമെന്നും തീരുമാനിച്ചു. സൗഹാർദ്ദമെന്നാൽ നിശബ്ദനാകുകയെന്നോ എതിർ കക്ഷിയുടെ ആദർശം സ്വീകരിക്കണമെന്നോ അർത്ഥമില്ലല്ലോ. ആദർശ ഭിന്നതയിൽ സൗഹാർദ്ദം പാലിക്കുകയാണ് വേണ്ടത്. അതാദ്യം എന്റെ നാട്ടിൽ നിന്നു തന്നെയാകട്ടെ എന്ന് കരുതി. തിരൂർക്കാട് ജമാഅത്തുകാ രുടെ കീഴിൽ പ്രശസ്തമായ നിലയിൽ നടന്നുവരുന്ന ഇലാഹിയ്യ കോ ളേജ് ഇതിന്നായി ഞാൻ തെരഞ്ഞെടുത്തു. കമ്മിറ്റിക്ക് ഞാൻ ഒരു കത്ത് കൊടുത്തു. നിങ്ങളുടെ കോളേജിൽ തൗഹീദിന് വിരുദ്ധമായ പല പാഠ ങ്ങളും വിദ്യാർത്ഥികൾക്ക് നൽകുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അത് സംബന്ധമായി അവിടത്തെ അദ്ധ്യാപകരോടും വിദ്യാർത്ഥികളോടും ഒരു പ്രസംഗം ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു. സൗഹാർദ്ദപൂർവ്വമായ സംവാദം എന്തുകൊണ്ടും അഭിലഷണീയമാണല്ലോ. പ്രസംഗത്തിന് അനു വാദം നൽകാൻ അപേക്ഷ. ഇതായിരുന്നു കത്തിലെ ഉള്ളടക്കം. എന്റെ അപേക്ഷ നിരസിക്കപ്പെട്ടു. അപ്പോൾ എനിക്ക് ഒരു വികൃതി തോന്നി. ഞാൻ ഒരു നോട്ടീസ് തിരൂർക്കാട്ട് വിതരണം ചെയ്തു. അടുത്ത വെള്ളി യാഴ്ച ഞാൻ ജുമുഅക്ക് ശേഷം ഇലാഹിയ്യ കോളേജ് പള്ളിയിൽ ജമാ അത്തിന്റെ ആദർശവ്യതിയാനത്തെക്കുറിച്ച് പ്രസംഗിക്കുന്നതാണ്. അത് ഒരു പ്രശ്നമാകുമല്ലോ. കുടുംബത്തിലെ ചില അടുത്തവർ തന്നെ അത് തടയുമെന്ന് അങ്ങാടിയിൽ പരസ്യപ്പെടുത്തിയതായി അറിഞ്ഞു. ഈ സാഹചര്യത്തിൽ എന്നെ അതിൽ നിന്ന് പിന്തിരിപ്പിക്കുവാൻ നാട്ടിലുള്ള

കുടുംബാദികൾ വീട്ടിൽ വെള്ളിയാഴ്ച രാവിലെ ഒത്തുകൂടി. ഞങ്ങൾ സംസാരം തുടരുന്നതിനിടയിൽ പുളിക്കൽ നിന്ന് ഹമീദ് വന്നെത്തി. അപ്പോൾ നാം കുടുംബാദികൾ ചേർന്ന് ഒരു തീരുമാനം ശരിയാകുകയില്ല. പുറത്ത് നിന്ന് ഒരാളുടെ അഭിപ്രായം തേടാം. എനിക്കും കുടുംബത്തിനും വേണ്ടപ്പെട്ട ഹമീദ് പറയട്ടെ. ഹമീദിന്റെ മേൽ ഒരു ഭാരം വെച്ചതുപോലെ അനുഭവപ്പെട്ടു. അൽപനേരം മൗനമായിരുന്നതിന് ശേഷം ഹമീദ് പറഞ്ഞു: "ഇത് കേവലം ഒരു കുടുംബ പ്രശ്നമല്ല. ആദർശ വിഷയമാണ്. പക്ഷെ, മര്യാദ ലംഘിക്കരുത്. പള്ളി ഭാരവാഹികൾ ജുമുഅക്ക് ശേഷം പ്രസംഗിക്കാൻ അനുവദിക്കുകയില്ലെന്ന് പറഞ്ഞാൽ നാം മടങ്ങിപ്പോരണം. അതിനു പുറത്തുള്ളവർ എത്ര ബന്ധപ്പെട്ടവരായാലും പരിഗണിക്കരുത്. നാം അവരെ കൂട്ടായി നേരിടണം." ആ അഭിപ്രായം എല്ലാവരും അംഗീകരിച്ചു. ഞങ്ങൾ ഒന്നിച്ച് പള്ളിയിലേക്ക് നടന്നു. എന്റെ അളിയൻ പ്രൊഫ. എം. ഉമറും ഉണ്ടായിരുന്നു. ഉമർ അന്ന് അവിടത്തെ യതീംഖാന ക്കമ്മിറ്റിയുടെ വൈസ് പ്രസിഡണ്ടായിരുന്നു. ഉമറിന്റെ ബുദ്ധിയും തന്ത്രപരമായ നീക്കവും ഏറെ ബോധ്യപ്പെട്ട ഒരു സന്ദർഭമായിരുന്നു അത്. കടുത്ത വെയിലത്ത് കുടയും ചൂടിയാണ് ഞാൻ പള്ളിയിലേക്ക് നടന്നത്. ഇതിവിടെ പറയുന്നതിന്റെ പ്രസക്തിയെന്ത് എന്ന് നിങ്ങൾ ആലോചിച്ചേക്കാം. വഴിയേ പറയാം. ജുമുഅ കഴിഞ്ഞു. തൽക്ഷണം പ്രൊഫ. ഉമർ എഴുന്നേറ്റു. അദ്ദേഹം പറഞ്ഞു: "എനിക്ക് ചില കാര്യങ്ങൾ നിങ്ങളോട് സംസാരിക്കേണ്ടതുണ്ട്. നമ്മുടെ നാട്ടുകാരനും നമുക്കെല്ലാം വേണ്ടപ്പെട്ടവനുമായ ഉമർ മൗലവി ഇന്ന് ഹജ്ജിനായി പുറപ്പെടുകയാണ്. ഈ പുണ്യയാത്രയുടെ സന്ദർഭത്തിൽ അദ്ദേഹത്തിന് നമ്മളോട് ചില കാര്യങ്ങൾ സംസാരിക്കാനുണ്ടെന്ന് അദ്ദഹം പറയുന്നു. അദ്ദേഹം അങ്ങനെ ആഗ്രഹിക്കലും നാം അത് ശ്രദ്ധാപൂർവ്വം കേൾക്കുവാൻ ആഗ്രഹിക്കലും സ്വാഭാവികമായ കാര്യമാണല്ലോ. അദ്ദേഹത്തെ അനുവദിക്കുകയും സ്നേഹപൂർവ്വം യാത്രയയക്കുകയും ചെയ്യേണ്ടതും നമ്മുടെ കടമയാകുന്നു. അതിനാൽ എല്ലാവരും നിശബ്ദമായി സഹകരിക്കുവാൻ ഞാൻ അപേക്ഷിക്കുന്നു." ഞങ്ങൾ മുൻകൂട്ടി പ്ലാൻ ചെയ്യാത്ത ഒരു നീക്കമാണ് തത്സമയം ഉമറിൽ നിന്നുണ്ടായത്. അദ്ദേഹം കമ്മിറ്റിയുടെ വൈസ് പ്രസിഡണ്ടായതിനാൽ, എനിക്ക് അനുവാദം നിഷേധിക്കാനും അവർ തയ്യാറായില്ല. പ്രൊഫ. ഉമർ ഒരു വലിയ പ്രശ്നം ഏറ്റവും നയപരമായും സൗഹാർദ്ദമായും പര്യവസാനിപ്പിക്കുകയായിരുന്നു.

ഞാൻ മിമ്പറിലേക്ക് കയറി സലാം പറഞ്ഞു. എല്ലാവരോടും അടുത്തിരിക്കാൻ അപേക്ഷിച്ചു. അപ്രതീക്ഷിതമായി ആകാശം ഇരുളുകയും

കനത്ത മഴ പെയ്യുകയും ചെയ്തു. നല്ല വെയിൽ ഉണ്ടായിരുന്നതിനാലും കോളേജിനകത്തുള്ള പള്ളിയായതുകൊണ്ടും കുട ആരും കരുതിയിരുന്നില്ല. ആർക്കും പുറത്തിറങ്ങാൻ സാധ്യമല്ലാത്ത കനത്ത മഴ! അപ്പോൾ ആ മഴ പെയ്തിട്ടില്ലായിരുന്നുവെങ്കിൽ വിദ്യാർത്ഥികളും അദ്ധ്യാപകരും ജമാഅത്ത് പ്രവർത്തകരുമടക്കം ബഹുഭൂരിപക്ഷം പള്ളിയിൽ നിന്നും ഇറങ്ങിപ്പോകുമായിരുന്നു. ഞാനും എന്നോടൊത്ത് വന്നവരും മാത്രമായി സദസ്സ് വളരെ ശുഷ്കമാകുകയും ഞങ്ങൾ പരിഹാസ്യരായിത്തീരുകയും ചെയ്തേനെ! അങ്ങനെ അപ്രതീക്ഷിതമായ ആ മഴ അനുഗ്രഹവും അനുകൂലവുമായി. ഞാൻ റബ്ബിന് സ്തുതി പറഞ്ഞു. ഞാൻ അര മണിക്കൂർ കവിയാത്ത നിലയിൽ പ്രസംഗിച്ചു. ജമാഅത്തെ ഇസ്‌ലാമി തൗഹീദിൽ വരുത്തിയ വ്യതിയാനത്തെക്കുറിച്ചും യഥാർത്ഥമായ തൗഹീദിന്റെ അർത്ഥ- ആശയത്തെക്കുറിച്ചും സംക്ഷിപ്തമായി സദസ്സിനെ കേൾപ്പിച്ചു. വാക്കുകൾ വളരെ സൂക്ഷിച്ചും ശ്രദ്ധിച്ചും ഒരു വിഷമത്തിന് ആർക്കും ഇടയാകാത്ത നിലയിലും തികച്ചും ആദർശസംബന്ധമായ വിശദീകരണമാണ് ഞാൻ നടത്തിയത്. പ്രസംഗം അവസാനിച്ചു ഞാൻ മിമ്പറിൽ നിന്നിറങ്ങിയപ്പോൾ അദ്ധ്യാപകരിൽ ചിലർ അടുത്ത് വന്ന് കുശലം പറഞ്ഞു. എനിക്ക് മൂത്രമൊഴിക്കേണ്ട ആവശ്യം പറഞ്ഞപ്പോൾ അവർ എന്നെ ആഫീസിലേക്ക് കൂട്ടിക്കൊണ്ടുപോയി അവിടത്തെ ബാത്റൂം കാണിച്ചുതന്നു. എന്റെ ആവശ്യം കഴിഞ്ഞു. ഞാൻ ഏതാനും നിമിഷം അവിടെയിരുന്നു. അവരുമായി യാത്രയെക്കുറിച്ചും മറ്റും സംസാരിച്ചു. ശേഷം ഞങ്ങൾ സൗഹാർദ്ദമായി പിരിഞ്ഞു. വീണ്ടും ഒരത്ഭുതം! എന്റെ പ്രസംഗം കഴിഞ്ഞു മിമ്പറിൽ നിന്നിറങ്ങി, നിമിഷങ്ങൾക്കകം മഴ തോരുകയും വെയിൽ പരക്കുകയും ചെയ്തു. എന്നും ആശ്ചര്യത്തോടെ ഞാൻ ഓർമ്മിക്കുന്ന ഒരു മഴ! അല്ലാഹുവിന് സർവ്വസ്തുതിയും! ജമാഅത്തുകാർ ആശയസംവാദം സൗഹാർദ്ദപരമായ നിലക്ക് കൊണ്ടുപോകാൻ തയ്യാറില്ലെന്ന് മുൻപേ എനിക്ക് അനുഭവബോധ്യമുണ്ടായിരുന്നു. ഒരിക്കൽകൂടി അത് തെളിഞ്ഞു. എന്റെ കരാർ ഞാൻ പാലിച്ചു. ശേഷം ഞാൻ എന്റെ പ്രവർത്തന രീതിയുമായി മുന്നോട്ടുപോയി. അറബി പണ്ഡിതന്മാരുടെ സാന്നിധ്യത്തിൽ ഒരു കരാർ ഉണ്ടാക്കുമ്പോൾ ഇത്തരം ഒരു പരിപാടി എന്റെ മനസ്സിൽ പ്ലാൻ ചെയ്തിരുന്നു. അത് ആശാസ്യമല്ലാത്ത നിലയിൽ കലാശിക്കുമെന്നും മുൻപരിചയത്തിൽ എനിക്ക് ബോധ്യമുണ്ടായിരുന്നു. പക്ഷെ, സൗഹൃദത്തിന് നിർബന്ധിക്കപ്പെടുമ്പോൾ ഇതൊന്നും മുൻകൂറായി പറയുന്നത് മര്യാദയല്ലല്ലോ. പക്ഷെ, എന്റെ നേതാക്കൾക്ക് ഇതൊന്നും ഊഹിക്കാൻ കഴിയാത്തതിൽ ഞാൻ അവരെ കുറ്റപ്പെടുത്തുകയില്ല. കാരണം, എന്റെ സ്വഭാവവും പരിപാടികളും ഒരു സംഘടനക്ക് ഉൾക്കൊ

ള്ളാൻ കഴിയുന്നതല്ലല്ലോ. അതുകൊണ്ട് തന്നെയാണ് സംഘടനക്ക് ഞാൻ ഒരു ഭാരവും സംഘടന എനിക്കൊരു വീർപ്പുമുട്ടലുമായി ഭവിച്ചത്. ഒറ്റയാൻ എന്ന് പലരും എന്നെക്കുറിച്ച് പറഞ്ഞുവന്നതും ഇതുകൊണ്ടായിരുന്നു.

ഓർമകളുടെ തീരത്ത്

## 64

# ചേകനൂർ മൗലവിയും ഞാനും

ഈ കഥ 1967ൽ ആരംഭിച്ചിരുന്നു. 1999 മധ്യത്തിലാണ് ഇത് എഴുതുന്നത്. 67ന് മുമ്പ് ചേകന്നൂർ എന്നറിയപ്പെടുന്ന അബുൽ ഹസൻ മൗലവി മുജാഹിദ് പ്രസ്ഥാനത്തിൽ സജീവമായി ഉണ്ടായിരുന്നു. സുന്നികളുമായി നടന്ന പല വാദപ്രതിവാദങ്ങളിലും അലവി മൗലവിയുടെ സഹായിയായി പ്രവർത്തിച്ചിട്ടുണ്ട്. അക്കാലത്ത് എതിരാളികളെ മുട്ടുകുത്തിക്കാൻ സത്യത്തിനു നിരക്കാത്ത ചില കുതന്ത്രങ്ങൾ അദ്ദേഹത്തിൽ നിന്നും വെളിവായതും അലവി മൗലവി ശാസിച്ചതും എനിക്കറിയാം. അന്ന് തന്റെ പ്രവൃത്തിയെ ന്യായീകരിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞിട്ടുണ്ട്. “ഇവറ്റകളോട് നേരേ വാ നേരെ പോ എന്ന മാർഗം പറ്റുകയില്ല മൗലവി”. അലവി മൗലവിക്ക് ഈ ന്യായീകരണം സമ്മതമായില്ല. ഇത് ആരംഭത്തിൽ ഞാൻ എടുത്ത് പറഞ്ഞത് എന്തിനെന്ന് നിങ്ങൾ മനസ്സിലാക്കിയിരിക്കും. ചേകനൂരിന്റെ സ്വകാര്യ വീക്ഷണം തുടക്കത്തിലേ ഈ രീതിയിലായിരുന്നു. അദ്ദേഹം മുജാഹിദ് പ്രസ്ഥാനത്തിന്റെ ഒരു നാവ് ആയി ഒട്ടേറെ സ്റ്റേജുകളിൽ അരങ്ങേറിയിട്ടുണ്ട്. ജാമിഅ നദ്‌വിയ്യ (എടവണ്ണ)യിൽ കുറച്ചുകാലം അധ്യാപകനായി അദ്ദേഹം ഉണ്ടായിരുന്നു.

അക്കാലത്ത് ചേകനൂർ മൗലവി ഒരു പുതിയ വാദം പുറത്തുവിട്ടു. പ്രവാചകനിൽ നിന്ന് രണ്ട് സാക്ഷികൾ ഉള്ള ഹദീസുകൾ മാത്രമേ സ്വീകരിക്കാവൂ. പ്രത്യക്ഷത്തിൽ നിരാക്ഷേപമായി തോന്നുന്ന ഈ വാദം കുറേശയായി നമ്മുടെ സഹപ്രവർത്തകർക്കിടയിൽ പരന്നു തുടങ്ങി. യഥാർത്ഥത്തിൽ മതരംഗത്ത് ഇത് തികച്ചും ഒരു നവീന വാദമായിരുന്നു. അപകടം മണത്തറിഞ്ഞു കേരള ജംഇയ്യത്തുൽ ഉലമാ കമ്മിറ്റി കൂടി ഇതേക്കുറിച്ച് ചർച്ച ചെയ്തു. അഭിപ്രായ സ്വാതന്ത്ര്യം ഗവേഷണ രംഗത്ത് പാടില്ലെന്ന ചിന്താഗതി മുജാഹിദ് പ്രസ്ഥാനത്തിനില്ല. പക്ഷെ, ഗവേഷണ ചിന്തക്ക് അതിർ വരമ്പുകളുണ്ട്. ഖുർആൻ, നബിചര്യ, സലഫുസ്വാലിഹീങ്ങളുടെ മാതൃക എന്നീ പ്രമാണങ്ങളിലും ചരിത്ര പാഠങ്ങളിലും ഊന്നി നിന്നു കൊണ്ടുള്ള ഗവേഷണം മാത്രമേ സ്വീകാര്യമാകൂ. തോന്നിയതു

പോലെ വിളിച്ചു പറയാൻ ആർക്കും അവകാശമില്ല. ഖുർആൻ വ്യാഖ്യാനിക്കുന്നതിൽ ഇടമറുകിനെയും കൂട്ടുകാരെയും പോലെയുള്ള ദൈവ നിഷേധികളും ഉണ്ടല്ലോ. ഏതായാലും നമ്മുടെ പ്രസ്ഥാന ബന്ധുവും പണ്ഡിതനുമെന്ന നിലയിൽ ചേകനൂർ മൗലവിക്ക് തന്റെ വാദമുഖം തെളിയിക്കാൻ പരസ്യമായ ഒരു വേദി ഒരുക്കൽ ആവശ്യമാണെന്ന് ജംഇയ്യത്തുൽ ഉലമ തീരുമാനിച്ചു.

1967ൽ കോഴിക്കോട് ടൗൺ ഹാളിൽ ഒരു പണ്ഡിത സെമിനാർ സംഘടിപ്പിച്ചു. ചേകന്നൂർ മൗലവി തന്റെ വാദമുഖം തെളിയിക്കാൻ ഒരു നീണ്ട പ്രബന്ധം തന്നെ അവതരിപ്പിച്ചു. 'രണ്ടു സാക്ഷി വേണമെന്നില്ല, ഒന്നു മതി' എന്ന വാദം തെളിയിച്ചുകൊണ്ട് എന്റെ പ്രിയ സുഹൃത്തും പണ്ഡിതനും അറബി കവിയുമായ എൻ.കെ. അഹ്മദ് മൗലവിയും പ്രബന്ധം അവതരിപ്പിച്ചു. സാക്ഷി എന്നു പറയുന്നതിൽ അവ്യക്തമായ ഒരു ദുസ്സൂചനയുണ്ട്. റിപ്പോർട്ടർ എന്നു പറയുന്നതാണ് ശരി.

സാമാജികരുടെ അവസരം വന്നപ്പോൾ പലരും സംസാരിച്ചു. എല്ലാവരും ചേകനൂരിന്റെ വാദത്തെ എതിർക്കുകയായിരുന്നു. ഒടുവിലാണ് ഞാൻ സംസാരിച്ചത്. വിഷയസംബന്ധമായി വളരെയൊന്നും പഠിക്കാൻ എനിക്ക് അവസരം ലഭിച്ചിരുന്നില്ല. എങ്കിലും ഉള്ള വിവരം വെച്ച് ഞാൻ ചിന്തിച്ചു. ഒരു സാക്ഷിയുള്ള ഹദീസുകൾ അസ്വീകാര്യമാണെന്ന വാദം ദൃഢപ്പെടുത്തുന്നവർ ഇസ്‌ലാമിന്റെ ശത്രുക്കളാണെന്ന് ഞാൻ ദൃഢപ്പെടുത്തി തന്നെ അവിടെ പറഞ്ഞു. എന്റെ സ്നേഹിതന്മാരിൽ പലരും അത് ഒരു തീവ്രമായ അഭിപ്രായമായിപ്പോയി എന്ന് ആശങ്കപ്പെടുകയും നേരിൽ എന്നോട് അത് പ്രകടിപ്പിക്കുകയുമുണ്ടായി. എന്റെ ആ 'തീവ്രമായ' അഭിപ്രായത്തിന് പിന്നീടുള്ള പഠനം കൂടുതൽ ദൃഢത ഉണ്ടാക്കുകയാണ് ചെയ്തത്. അത് ഞാൻ നോട്ടീസുകൾ മുഖേന പ്രചരിപ്പിച്ചു. സൽസബീലിലൂടെ എഴുതി. മതത്തിൽ ആവശ്യമുള്ള കുറെ വിഷയങ്ങൾ പത്നിമാർ മുഖേന പ്രവാചകൻ സമുദായത്തെ പഠിപ്പിച്ചിട്ടുണ്ട്. നബി ﷺ യുടെ ഭാര്യമാരെ "ഉമ്മഹാത്തുൽ മുഅ്മിനീൻ" (വിശ്വാസികളുടെ മാതാക്കൾ) എന്നാണ് റസൂൽﷺ തന്നെ വിശേഷിപ്പിച്ചത്. അല്ലാഹു പ്രവാചകന് കൂടുതൽ വിവാഹം ചെയ്യാൻ അനുവദിച്ചതിന്റെ ഒരു കാരണം ഇതാണെന്ന് കണ്ടെത്താവുന്നതാണ്. പ്രവാചകനിൽ നിന്നും ഭാര്യ പലതും കണ്ടും കേട്ടും പഠിക്കുന്നേടത്ത് രണ്ടാമതൊരാൾ ഉണ്ടാകുകയില്ലല്ലോ. അപ്പോൾ ചേകനൂർ വാദപ്രകാരം ഈ ഇനത്തിൽപെട്ടതെല്ലാം തള്ളപ്പെടുന്ന അവസ്ഥയാണുണ്ടാകുക. അത് തന്നെയായിരുന്നു ചേകനൂർ മൗലവിയുടെ ഉദ്ദേശ്യം. അതിദുരൂഹതയിൽ പൊതിഞ്ഞ കുശാഗ്രബുദ്ധി! നബിﷺയുടെ വിയോഗാനന്തരം സ്വഹാബികൾക്ക് വല്ല വിഷയത്തിലും

തീരുമാനമെടുക്കാൻ ബുദ്ധിമുട്ടു നേരിട്ടാൽ അവർ യോജിച്ച് കൈക്കൊണ്ടിരുന്ന ഒരു നടപടിയുണ്ട്. നബിﷺയുടെ ഭാര്യമാരിൽ ആരോടെങ്കിലും തദ്വിഷയകമായി നബി പ്രവർത്തിച്ചതോ, പറഞ്ഞതോ ആയ എന്തെങ്കിലും വിവരം നിങ്ങളുടെ പക്കൽ ഉണ്ടോ എന്ന് ചോദിക്കും. "ഇന്നതുപോലെയുണ്ട്" എന്ന് അവരിൽ നിന്ന് മറുപടി ലഭിച്ചാൽ പ്രശ്നം തീർന്നു. പിന്നീട് അന്വേഷണമില്ല. ഈ നടപടിയിൽ സ്വഹാബികൾക്കിടയിൽ വിയോജിപ്പ് പ്രകടിപ്പിച്ചതായി രേഖപ്പെട്ടിട്ടില്ല. ഈ മാർഗം ശരിയല്ലെന്നും സ്വഹാബികൾക്ക് തെറ്റായിപ്പോയതാണെന്നും ദ്യോതിപ്പിക്കുന്നതാണ് ചേകനൂർ സിദ്ധാന്തം. മതരംഗത്ത് സ്വഹാബികളെപ്പോലെ സൂക്ഷ്മത അവലംബിച്ച സമൂഹം വേറെയില്ല. ഏറ്റവും പ്രമാണപ്പെട്ട രേഖയാണിത്. അത് തള്ളിയാൽ മതം തകർന്നു. ഒരു വിധ്വംസകനെ സംബന്ധിച്ചിടത്തോളം ഇസ്ലാമിനെതിരിൽ ഉപയോഗിക്കാവുന്ന ഏറ്റവും തന്ത്രപൂർവ്വമായ ആയുധമാണ് ചേകനൂർ ഉപയോഗിച്ചത്. അബൂജഹ്ലിന്റെ വാളിനേക്കാൾ മൂർച്ചയുണ്ട് ചേകനൂരിന്റെ തൂലികത്തുമ്പിന്. ആദ്യത്തേത് പ്രത്യക്ഷവും പ്രഖ്യാപിതവുമായ ശത്രു. രണ്ടാമത്തെയാൾ ഗുണകാംക്ഷിയുടെ തൊപ്പി ധരിച്ചു നിൽക്കുന്നു. അതിനുള്ളിൽ വിഷം ചീറ്റുന്ന സർപ്പം ഉണ്ടാകും.

നബിﷺ മദീനയിലേക്ക് ഹിജ്റ പോയ ശേഷം പതിനാറു മാസങ്ങൾ നമസ്കാരത്തിന് ഖിബ്ല ബൈത്തുൽ മഖ്ദിസ് ആയിരുന്നു. ഇത് മദീനയുടെ വടക്ക് ഭാഗമാണ്. ഒരു ദിവസം അസർ നമസ്കാരമായിരുന്നു കഅ്ബയെ ഖിബ്ലയാക്കി നമസ്കരിച്ചത്. കഅ്ബ മദീനയുടെ തെക്കാണ്. ഉടനെ നബി കഅ്ബയിലേക്ക് തിരിഞ്ഞു. ഈ ജമാഅത്തിൽ പങ്കെടുത്ത ഒരാൾ മസ്ജിദ് ഖുബയുടെ ഭാഗത്ത് ചെന്നപ്പോൾ അവിടെ പഴയ രീതിയിൽ നമസ്കാരം നടക്കുകയായിരുന്നു. അദ്ദേഹം വിളിച്ചു പറഞ്ഞു: "ഞാൻ റസൂൽﷺയോടൊപ്പം ജമാഅത്തിൽ പങ്കെടുത്തിട്ടാണ് വരുന്നത്. അവിടെ ഇന്നതുപോലെ സംഭവമുണ്ടായി" ഇത് കേട്ടപ്പോൾ നമസ്കരിക്കുന്നവർ കഅ്ബയുടെ ഭാഗത്തേക്ക് തിരിഞ്ഞു. നമസ്കാരം പൂർത്തിയാക്കി. സ്വഹാബികളുടെ സംഘം ഈ ചെയ്തത് ശരിയല്ലെന്നാണല്ലോ (ഒരു സാക്ഷി റിപ്പോർട്ട്) ചേകനൂർ വാദിച്ചത്. ഇദ്ദേഹത്തെയാണ് ചില വി.ഐ.പി. ചമയുന്നവരും ബുദ്ധികൊണ്ട് വ്യായാമം ചെയ്യുന്നവരും രക്ഷകനായി സ്വീകരിച്ചിരിക്കുന്നത്! ഉമർرضي الله عنهന്റെ ഭരണകാലം. അദ്ദേഹം ഒരിക്കൽ ശാമിലേക്ക് (സിറിയ) പുറപ്പെട്ടു. അടുത്തെത്തിയപ്പോൾ അവിടെ പ്ലേഗ് ബാധയുണ്ടെന്ന് അറിവായി. അപ്പോൾ അവിടേക്ക് പോകരുതെന്ന് ചിലർ പറഞ്ഞു. ചിലർ പോകാമെന്ന് വാദിച്ചു. ആലോചനായോഗം നടന്നു. തീരുമാനമായില്ല. അപ്പോൾ അബ്ദുറഹ്മാനുബ്നു ഔഫ്رضي الله عنه വന്നു. അദ്ദേഹത്തോട് ചോദിച്ചു. അദ്ദേഹം പറഞ്ഞു: "നബിﷺ ഇങ്ങനെ

പറഞ്ഞിരിക്കുന്നു: ഒരു സ്ഥലത്ത് പ്ലേഗ് ഉണ്ടായാൽ നിങ്ങൾ അവിടേക്ക് യാത്ര തിരിക്കരുത്. നിങ്ങൾ താമസിക്കുന്ന സ്ഥലത്ത് അതുണ്ടായാൽ പേടിച്ച് സ്ഥലം വിടുകയുമരുത്.” ഈ വിവരം അറിഞ്ഞപ്പോൾ പ്രശ്നം തീർന്നു. ഉമർﷺ മുന്നോട്ടുള്ള യാത്ര ഉപേക്ഷിച്ചു. ഒരു വ്യക്തിയുടെ റിപ്പോർട്ടാണിവിടെ സ്വീകരിച്ചത്. ഇത് പോലെ ഒട്ടേറെ സംഭവങ്ങൾ! ഇവ്വിഷയമായി ഞാൻ മുമ്പ് സൽസബീലിൽ എഴുതി. അതിന് ചേകനൂരിന്റെ ‘നിരീക്ഷണം’ മാസികയിൽ അദ്ദേഹം മറുപടി എഴുതി. അന്തസ്സാര ശൂന്യവും സംസ്കാര ഹീനവുമായ മറുപടി! ഉമർ മൗലവിക്ക് മുഹമ്മദ് നബിയുടെ മണിയറ രഹസ്യങ്ങൾ തിരക്കി നടക്കലാണ് ജോലി. ഇതിന് യോജിക്കുന്ന രീതിയിലുള്ള കുറെ തെറിവിളികളും. ചേകനൂർ മൗലവി തന്റെ നൂതന ശാസ്ത്രവുമായി മുന്നോട്ട് പോയി. നമസ്കാരം അഞ്ചിൽ നിന്നും മൂന്നാക്കി. നോമ്പ് സാധാരണക്കാർക്ക് ആവശ്യമുള്ളതല്ലെന്ന് പ്രഖ്യാപിച്ചു. അമിതമായി തിന്നും കുടിച്ചും ഭോഗിച്ചും നടന്ന കാട്ടറബികളെ നിയന്ത്രിക്കുവാൻ വേണ്ടിയുണ്ടായ നോമ്പ് പാവപ്പെട്ടവർക്ക് ഭൂഷണമല്ലെന്ന് അദ്ദേഹം വാദിച്ചു. പലിശ ഇടപാടുകൾ ഹലാലാക്കി. ഹദീസ് റിപ്പോർട്ടർമാരായ അബൂഹുറയ്റയെപ്പോലെയുള്ള പ്രസിദ്ധ സ്വഹാബികളെ ജൂതന്മാർ എന്ന് അധിക്ഷേപിച്ചു. ഇമാം ബുഖാരിയെപ്പോലും ജൂതന്മാരുടെ ഏജന്റാക്കി ചിത്രീകരിച്ചു. ഇങ്ങനെ ഇസ്‌ലാമിനോടുള്ള തന്റെ ശത്രുത അദ്ദേഹം നടപ്പാക്കിക്കൊണ്ട് മുന്നോട്ടുപോയി. ഇതിനിടെ നാനാ ഭാഗങ്ങളിൽ നിന്നും ചേകനൂരുമായി വാദപ്രതിവാദത്തിന് ക്ഷണിച്ചുകൊണ്ട് എനിക്ക് കത്തുകൾ വന്നു. എല്ലാ കത്തിലും കമ്മിറ്റിക്കാർ ഒന്നു തന്നെ. കൺവീനർ മാത്രം മാറിക്കൊണ്ടിരുന്നു.

92 സെപ്തംബറിൽ സി.ടി. മുഹമ്മദ് എന്നയാൾ കൺവീനറായി വാദപ്രതിവാദത്തിന് വെല്ലുവിളിക്കുന്ന ഒരു കത്ത് എനിക്ക് കിട്ടി. റിട്ട ജസ്റ്റിസ് മൊയ്തു, ഡോ. സി.എം. കുട്ടി (തിരൂർ) തുടങ്ങിയ അറിയപ്പെടുന്ന പലരും ആ കത്തിൽ ഒപ്പ് വെച്ചിരുന്നു. കാറിൽ വന്നുപോകാനുള്ള യാത്രാ സൗകര്യം, ഭക്ഷണം, താമസം എന്റെ സുരക്ഷാബാധ്യത തുടങ്ങിയതെല്ലാം അവരുടെ വകയായി ഏർപ്പാടാക്കാമെന്ന് കത്തിൽ പറഞ്ഞിരുന്നു. ഞാൻ അദ്ദേഹത്തിന് 19-10-92ൽ മറുപടി അയച്ചു. അതിൽ പറഞ്ഞ പ്രധാന വിഷയം ഇതായിരുന്നു. “ചേകനൂർ മൗലവി യഥാർത്ഥ ഇസ്‌ലാമിന്റെ കഠിന ശത്രുവാണെന്ന് ഞാൻ വിശ്വസിക്കുന്നു. അതിൽ മാറ്റം വരണമെങ്കിൽ ഒരു ചോദ്യത്തിന് മറുപടി കിട്ടണം. വിശുദ്ധ ഖുർആനിൽ അല്ലാഹു കൽപിച്ച കാര്യങ്ങളുടെ വിശദീകരണം മനുഷ്യർക്ക് പറഞ്ഞുകൊടുക്കുകയും അത് പ്രവർത്തിക്കേണ്ട രൂപം കാണിച്ച് കൊടുത്ത് പഠിപ്പിക്കുകയും ചെയ്യേണ്ട ഗുരുനാഥനായി മുഹമ്മദ് നബിയെ അംഗീകരിക്കുവാൻ

ചേകനൂർ ഒരുക്കമുണ്ടോ?" അത് ആവശ്യമില്ല, താൻ പറയുന്ന രൂപത്തിൽ മനസ്സിലാക്കിയാൽ മതി എന്നാണ് അദ്ദേഹത്തിന്റെ നിലപാട്. അത് കൊണ്ടാണ് ഈ ചോദ്യം വേണ്ടിവന്നത്. മുഹമ്മദ് നബിﷺയെ മേൽ പറഞ്ഞ നിലയിൽ അംഗീകരിക്കേണ്ടത് നിർബന്ധമാണെന്ന് ഞാൻ ദൃഢമായി വിശ്വസിക്കുന്നു. മുഹമ്മദ് നബിﷺ അല്ലാഹുവിന്റെ ദൂതനാണെന്ന് സാക്ഷ്യം വഹിക്കൽ ഇങ്ങനെയാണ്. ശഹാദത്ത് കലിമയുടെ താൽപര്യമാണിത്. ഈ നിലയിൽ മുഹമ്മദ് നബിﷺയെ അംഗീകരിക്കാൻ ചേകനൂർ ഒരുക്കമുണ്ടോ, അഥവാ ഇല്ലയോ? ഉണ്ട്, ഇല്ല ഇതിൽ ഏതെന്ന് മറുപടി അയച്ചാൽ പിന്നീടുള്ള കാര്യം ആലോചിക്കാം. കത്തിന്റെ ഒടുവിൽ ഇങ്ങനെ കൂട്ടിച്ചേർത്തു. "നിങ്ങൾ എനിക്ക് കാർ അയക്കുകയോ മറ്റു സൗകര്യങ്ങൾ ഏർപ്പെടുത്തുകയോ ചെയ്യേണ്ടതില്ല. വിവരം ഒരു പോസ്റ്റ് കാർഡിൽ അയച്ചാൽ മതി. പാനൂരിൽ (അവിടെ നിന്നായിരുന്നു കത്ത്) ഞാൻ വന്നാൽ എന്റെ കാര്യങ്ങൾ ശ്രദ്ധിക്കാൻ വേണ്ടത്ര സ്നേഹിതന്മാരുണ്ട്. എന്റെ സംരക്ഷണം എന്റെ ശത്രുക്കളെ ഏൽപിക്കുന്ന വിഡ്ഢിയല്ല ഞാൻ." എനിക്ക് വന്ന ഇവ്വിഷയകമായ എല്ലാ കത്തുകൾക്കും ഇപ്രകാരമുള്ള മറുപടിയാണ് ഞാൻ അയച്ചത്. കത്തുകളുടെ ഉറവിടം മാറിക്കൊണ്ടിരിക്കുന്നതല്ലാതെ എന്റെ ചോദ്യത്തിന് ഒരിക്കലും മറുപടി ലഭിച്ചില്ല. അങ്ങനെ ഒരു വർഷത്തോളം ഞാൻ കാത്തിരുന്നു. ശേഷം 1993 സെപ്തംബർ ലക്കം സൽസബീലിൽ ഞാൻ ഒരു ലേഖനം കൊടുത്തു. ചേകനൂർ ഇസ്ലാമിന്റെ കഠിനശത്രു തന്നെ എന്നായിരുന്നു തലക്കെട്ട്. ഇപ്പോൾ പറഞ്ഞ കാര്യങ്ങൾ അതിൽ വിശദീകരിച്ചിരിക്കുന്നു. ലേഖനം പ്രത്യേക ലഘുലേഖയാക്കി കഴിയുന്നിടത്തോളം പൊതുവിതരണം നടത്തി. ഈ ലേഖനമാണ് പിന്നീട് ചേകനൂരിനെ തട്ടിക്കൊണ്ടുപോയി വധിച്ചു എന്ന കേസിൽ എന്നെ പ്രതിയാക്കാൻ അദ്ദേഹത്തിന്റെ സഹയാത്രികർ ഉപയോഗിച്ചത്. ഇസ്ലാമിന്റെ കഠിനശത്രു എന്ന പ്രയോഗം കുറെ കടുപ്പമാണെന്ന് പലരും പറഞ്ഞതിനെ പരാമർശിച്ച് ആ ലേഖനത്തിൽ ഞാൻ താഴെ പറയും പ്രകാരം എഴുതി. "മൂർഖൻ പാമ്പിനെ അടിക്കുമ്പോൾ അതിന്റെ മുറക്ക് അടിക്കണം. ചേരയെ തല്ലുന്നതുപോലെ ആയാൽ പോര. ഇസ്ലാമിനെ തകർക്കാൻ ഒരു വളഞ്ഞ മാർഗവുമായി ഇറങ്ങിത്തിരിച്ച ഒരു വിഷപ്പാമ്പാണിത്. പക്ഷെ, എത്രയോ ഉഗ്ര സർപ്പങ്ങളുടെ അസ്ഥികൂടങ്ങൾ ദ്രവിച്ചുകിടക്കുന്നു, ചരിത്രത്തിന്റെ ഖബർസ്ഥാനിൽ! ഇസ്ലാം ജീവിക്കുന്നു, സജീവമായി. അറിഞ്ഞുകൊള്ളുക."

ഈ പദപ്രയോഗങ്ങൾ എനിക്കറിയാവുന്ന ഒരു സാഹിത്യരീതി മാത്രമാണ്. പക്ഷെ, ചേകനൂർ കേസിൽ എന്നെ പ്രതിയാക്കാൻ തൽപരകക്ഷികൾ ഇത് തെളിവായി പോലീസിൽ സമർപ്പിച്ചു. ഒരു ദിവസം പാതിരാവി

നോട് അടുത്ത സമയത്ത് ഒരു സബ് ഇൻസ്പെക്ടർ പോലീസുകാരോടൊത്ത് എന്റെ വീട്ടിൽ വന്നു ഉറക്കത്തിൽ നിന്നും വിളിച്ചുണർത്തി. ചേകനൂരിനെക്കുറിച്ച് ചോദിച്ചു. പത്രത്തിലൂടെ അറിഞ്ഞ വിവരം മാത്രമേ എനിക്കുള്ളൂ എന്ന് ഞാൻ പറഞ്ഞു. എന്റെ മൂത്ത മകൻ ബഷീർ അന്ന് വീട്ടിൽ ഉണ്ടായിരുന്നു. അവൻ അന്ന് ഡി.ഇ.ഒ. ആയിരുന്നു. അവൻ എഴുന്നേറ്റുവന്നു. നിങ്ങൾക്ക് വല്ലതും ചോദിക്കാനുണ്ടെങ്കിൽ ഉത്തരവാദസ്ഥാനത്ത് വിളിപ്പിക്കുകയോ പകൽ സമയത്ത് വരികയോ ആകാമായിരുന്നു. ഇത് ഒരു പിടികിട്ടാപ്പുള്ളിയെ തിരക്കി വന്നതുപോലെയായിപ്പോയി എന്ന് മകൻ പറഞ്ഞു. വയസ്സായ, ക്ഷീണിതനായ എന്നെ ഉറക്കച്ചടവോടെ കണ്ട പോലീസ് ഉദ്യോഗസ്ഥൻ വേഗം മടങ്ങിപ്പോയി. പിന്നീട് മലപ്പുറം സി.ഐ.യുടെ ഓഫീസിൽ നിന്നും എനിക്ക് വിളിവന്നു. ഞാൻ മകന് വിവരം കൊടുത്തു. അവൻ പറഞ്ഞു: ഉപ്പ പോകണ്ട. ഞാൻ ചെന്ന് വിവരം അറിയാം. ആവശ്യമുണ്ടെങ്കിൽ നമുക്ക് ഒരുമിച്ച് പോകാം. അങ്ങനെ ബഷീർ പോയി. ചെന്നപ്പോൾ സി.ഐ. അവന്റെ സഹപാഠിയും സുഹൃത്തുമാണ്. അദ്ദേഹം സൗകര്യം പോലെ എന്നെ വീട്ടിൽ വന്നു കണ്ടുകൊള്ളാമെന്ന് ബഷീറിനോട് പറഞ്ഞു. കുറച്ച് നാൾ കഴിഞ്ഞപ്പോൾ സി.ബി.ഐ. ആഫീസിൽ നിന്നും വിളി വന്നു. എടപ്പാളിൽ തുറന്ന് പ്രവർത്തിക്കുന്ന അവരുടെ ആഫീസിൽ ചെല്ലുവാനാണ് ഉത്തരവ്. അന്ന് ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ തിരക്കിൽ ബഷീറിന് കൂടെ വരാൻ കഴിഞ്ഞില്ല. ഒറ്റക്ക് പോകാൻ ഭാര്യ സമ്മതിച്ചില്ല. എന്റെ ജ്യേഷ്ഠപുത്രൻ ഇബ്റാഹീം അറക്കൽ തിരൂർക്കാട് തന്നെയാണ് താമസം. അവനെയും കൂട്ടി പോയി. എല്ലായിടത്തും ചോദ്യം ഒന്നുതന്നെ. മേൽ പറഞ്ഞ പ്രയോഗം. ചേകനൂരിനെ വധിക്കാൻ ഞാൻ പ്രേരണ നൽകുകയോ നേതൃത്വം നൽകുകയോ ചെയ്തതായിട്ടാണ് അദ്ദേഹത്തിന്റെ അനുയായികൾ ആരോപിച്ചിരിക്കുന്നത്. ഞാൻ എന്റെ ഭാഗം തെളിയിച്ചു പറഞ്ഞു. ചേകനൂർ മൗലവി ഇസ്ലാമിന്റെ കഠിന ശത്രുവാണെന്നുള്ള എന്റെ വിശ്വാസത്തിന് ഒരു ഇളക്കവുമില്ല. പശ്ചാത്തലം ചുരുക്കി പറഞ്ഞു. വാദപ്രതിവാദത്തിന് വേണ്ടിയുള്ള വെല്ലുവിളിയും ഞാൻ നൽകിയ മറുപടികളും കാണിച്ചു. മേൽപറഞ്ഞ പ്രയോഗത്തിന്റെ സാഹിത്യ ഭാവനയും പറഞ്ഞു. എന്നെ നേരിൽ കണ്ടു സംസാരിച്ച ഉദ്യോഗസ്ഥന്മാർക്ക് കാര്യം ബോധ്യമായതുപോലെ തോന്നി. പിന്നീട് ഒരിക്കലും അവർ എന്നെ തേടി വന്നിട്ടില്ല. വിളിപ്പിച്ചതുമില്ല.

എന്നാൽ ചേകനൂർ മൗലവിയെ വീട്ടിൽ നിന്നും തട്ടിക്കൊണ്ടുപോയി വധിച്ചത് ആര് ചെയ്താലും ആര് ചെയ്യിച്ചാലും അത് കടുത്ത അക്രമമാ

യിപ്പോയി. അദ്ദേഹത്തിന്റെ കുടുംബം അനാഥമാകുകയും തീരാദുഃഖത്തി ലാകുകയും ചെയ്തു. ആദർശ വിരോധികളെ വകവരുത്തുന്ന രീതിയാണ് പ്രശ്നങ്ങൾക്ക് പരിഹാരമാർഗമായി തെരഞ്ഞെടുക്കുന്നതെങ്കിൽ ഞാൻ എത്ര പ്രാവശ്യം വധിക്കപ്പെടണം? ഞാൻ എത്ര പേരെ കൊല്ലണം? ഈ നിലയിൽ നാം ഓരോരുത്തരും ചിന്തിച്ചാൽ മനുഷ്യർ ലോകത്ത് ബാക്കി യുണ്ടാകുമോ? കൊന്നും ചത്തും എല്ലാം തീരും. വ്യക്തികൾ, കുടുംബ ങ്ങൾ, സമുദായങ്ങൾ, രാഷ്ട്രങ്ങൾ ഇങ്ങനെ ഒന്ന് ആലോചിച്ചു നോക്കൂ! ഇവിടെ തൂലികകൊണ്ടും നാവുകൊണ്ടുമുള്ള ജിഹാദാണ് വേണ്ടത്. മനുഷ്യചിന്തയെ പരിപോഷിപ്പിച്ച് നേർവഴിക്ക് കൊണ്ടുവരുന്ന ജിഹാദ്! ആരോഗ്യകരമായ ആദർശ സമരം. ആയുധത്തേക്കാൾ മൂർച്ച തൂലികക്കാ ണെന്ന് ഞാൻ വിശ്വസിക്കുന്നു. ചേകനൂരിനോട് മാത്രമല്ല, എല്ലാ ആദർശ ശത്രുക്കളോടും എന്റെ നയം ഇതാണ്. കഴിവിനൊത്ത് ഞാൻ അത് നട പ്പിൽ വരുത്തിയിട്ടുണ്ട്. ചേകനൂരിനെ ക്രൂരമായി വധിച്ചവരേയും അതിന് പ്രേരകമായി അണിയറയിൽ പ്രവർത്തിച്ചവരേയും കണ്ടുപിടിച്ച് മാതൃ കാപരമായി ശിക്ഷിക്കണമെന്നാണ് എന്റെ ഉറച്ച അഭിപ്രായം. പക്ഷെ, വർഷങ്ങൾ താണ്ടിയ ഈ കേസ് ചേകനൂർ മൗലവിയെപ്പോലെ തന്നെ മൺമറഞ്ഞുപോകുമോ എന്ന് സംശയിക്കാൻ തക്കവണ്ണം ദുരൂഹമായി ട്ടാണ് കാര്യങ്ങൾ നീങ്ങുന്നത്. രാഷ്ട്രീയവും സമ്പത്തുമെല്ലാം ഇതിന്റെ ചിറകിൽ ആവശ്യം പോലെ പ്രവർത്തിക്കുന്നുണ്ടെന്നാണ് പറയപ്പെടു ന്നത്. നമ്മുടെ നാട്ടിൽ അതൊന്നും അത്ഭുത വർത്തമാനമല്ലല്ലോ.

ഓർമകളുടെ തീരത്ത്

## 65

# ഖാദിയാനിസം

ബ്രിട്ടീഷ് ഗവൺമെന്റിന്റെ സൃഷ്ടിയാണത്. ബ്രിട്ടീഷുകാർ ഇന്ത്യയി ലെ ആധിപത്യം ഉറപ്പിക്കുന്നതിന് കാലാകാലം വിവിധ തന്ത്രങ്ങൾ ഉപ യോഗിച്ചിട്ടുണ്ട്. മതങ്ങളെ സൃഷ്ടിക്കുക, സമുദായങ്ങളെ ഭിന്നിപ്പിക്കുക, തമ്മിൽ അടിപ്പിക്കുക തുടങ്ങിയ അവസരോചിതമായ പല ഛിദ്രപ്രവർ ത്തനങ്ങളും അവർ നടത്തിയിട്ടുണ്ട്. അതിലൊന്നാണ് ഖാദിയാനിസം. ഒരു സർക്കാർ ജീവനക്കാരനും അപസ്മാര രോഗത്താൽ മാനസിക വിഭ്രാ ന്തി പൂണ്ട ഒരു എഴുത്തുകാരനുമായിരുന്നു മീർസാ ഗുലാം അഹ്മദ്. ഇദ്ദേ ഹത്തെ ബ്രിട്ടീഷുകാർ പാട്ടിലാക്കി. താൻ പ്രവാചകനാണെന്നും തനിക്ക് ദിവ്യസന്ദേശം ലഭിക്കുന്നുണ്ടെന്നും അയാൾ പ്രഖ്യാപിച്ചു. തന്റെ ഒന്നാമ

ത്തെ ദിവ്യ സന്ദേശമായി ഇയാൾ പുറത്ത് വിട്ട വാക്യങ്ങൾ തന്നെ പ്രവാചകനായി ഇയാളെ നിയോഗിച്ച കേന്ദ്രത്തെ വെളിപ്പെടുത്തുന്നതായിരുന്നു. “ബ്രിട്ടീഷ് ഭരണം ഇന്ത്യയിൽ നിലനിർത്താൻ പ്രാർത്ഥിക്കേണ്ടത് ഓരോ മുസ്‌ലിമിന്റെയും നിർബന്ധ കടമയാകുന്നു” എന്ന് അല്ലാഹു തനിക്ക് വിവരം നൽകിയിരിക്കുന്നുവെന്ന് മീർസ ജൽപിച്ചു. അദ്ദേഹം എഴുതിക്കൂട്ടിയതും കാട്ടിക്കൂട്ടിയതുമായ കോപ്രായങ്ങൾ നിരവധിയാണ്. ഈസാനബി ﷺ മരിച്ചുപോയി, ഇനി തിരിച്ചുവരുമെന്നുള്ള മുസ്‌ലിം ലോകത്തിന്റെ വിശ്വാസവും അതു സംബന്ധമായ ശുദ്ധ ഹദീസുകളും അദ്ദേഹം വ്യാജമാക്കി തള്ളി. ആ മസീഹ് താൻ തന്നെയാണെന്ന് മീർസാ ജൽപിച്ചു.

മീർസാ ഗുലാം അഹ്മദ് ശപിക്കപ്പെട്ട കള്ള പ്രവാചകനാണെന്ന് മനസ്സിലാക്കാൻ ഒരുപാട് തെളിവുകൾ തേടിപ്പോകേണ്ടതില്ല. ആദ്യത്തെ ‘വഹയ്’ തന്നെ ഒന്നാമത്തെ തെളിവ്. “തന്റെ ജനതയുടെ ഭാഷയിൽ വഹയ് നൽകിക്കൊണ്ടല്ലാതെ ഒരു പ്രവാചകനേയും നാം അയച്ചിട്ടില്ല.” (ഇബ്റാഹീം-4) എന്ന ഖുർആനിലെ വചനമാണ് അടിസ്ഥാനപരമായ തെളിവ്. അനേകം ഖുർആൻ വചനങ്ങളുടെ അർത്ഥം മാറ്റുകയും ദുർവ്യാഖ്യാനം നടത്തുകയും ചെയ്ത മീർസയുടെ ദൃഷ്ടി ഈ വചനത്തിൽ പതിയാതെ പോയത് അല്ലാഹുവിന്റെ പ്രത്യേകമായ പരിപാടി തന്നെയാണ്. മീർസയുടെയും അദ്ദേഹത്തിന്റെ ജനതയുടെയും ഭാഷ പഞ്ചാബിയാണ്. മീർസ തനിക്ക് ‘വഹയ്’ വന്നതായി ജൽപിക്കുന്ന ഭാഷകൾ ഉറുദുവും ഇംഗ്ലീഷുമാണ്. ഒരൊറ്റ വാക്യം പോലും ‘വഹയ്’ എന്ന നിലയിൽ പഞ്ചാബി ഭാഷയിൽ അദ്ദേഹം പുറത്തുവിട്ടിട്ടില്ല. അങ്ങനെ കഴിയാത്ത വിധം മേൽ ആയത്തിനെ അയാളിൽ നിന്നും അല്ലാഹു മറച്ചു നിർത്തുകയും ലോകാവസാനം വരെയുള്ള ചിന്തിക്കുന്ന മനസ്സുകൾക്ക് തെളിവായി നിലനിർത്തുകയും ചെയ്തു. എന്നിട്ടും ബുദ്ധിജീവികളായി ചമഞ്ഞ ഒരുപാട് ആളുകളെ പിശാച് കെണിയിൽ വീഴ്ത്തി. സ്വന്തം ബുദ്ധിയിലുള്ള അമിത വിശ്വാസം അത്തരക്കാരെ അഹങ്കാരികളും സത്യനിഷേധികളുമാക്കി. ചെല്ലും ചെലവും കൊടുത്ത് ബ്രിട്ടീഷുകാർ ഖാദിയാനിസത്തെ വളർത്തി. ബ്രിട്ടന്റെ തലസ്ഥാനമായ ലണ്ടൻ ആസ്ഥാന കേന്ദ്രമാക്കി അവർ പരവതാനി വിരിച്ചു. അഹ്മദിയാക്കളെ അവിടെ കുടിയിരുത്തി. ഇന്നും ലണ്ടൻ തന്നെയാണ് അഹ്മദിയാക്കളുടെ ലോക കേന്ദ്രം. അവരുടെ ലോക നേതാവിന്റെ സിംഹാസനവും ലണ്ടനിൽ തന്നെ.

മുസ്‌ലിം സമൂഹത്തിൽ ഈ ശപിക്കപ്പെട്ട മനുഷ്യൻ ഉണ്ടാക്കിയ ഛിദ്രത ചെറുതല്ല. സ്വാതന്ത്ര്യ സമരത്തിന്റെ ശക്തമായ ഒഴുക്കിൽ ഹിന്ദു-മുസ്‌ലിം ഭേദമന്യേ ഇന്ത്യൻ ജനത ഒന്നായി നീങ്ങുന്ന ഘട്ടത്തിൽ മുസ്

ലിംകളിൽ അന്തഃഛിദ്രമുണ്ടാക്കുകയും ബ്രിട്ടനെ നിരുപാധികം പിന്തുണക്കുകയും ചെയ്ത ഈ കള്ള പ്രവാചകന്റെ അന്ത്യം മഹാ പണ്ഡിതനും ഭക്തനുമായ മൗലാനാ സനാഉല്ലാഹ് അമൃതസരിയുമായുള്ള സുപ്രസിദ്ധമായ മുബാഹലയിലൂടെയായിരുന്നു. ആ വിഷയം നാം മുമ്പ് വിവരിച്ചിട്ടുണ്ട്. മീർസയുടെ കള്ള പ്രവാചകത്വത്തെ ജനങ്ങൾക്ക് ബോധ്യപ്പെടുത്തുവാൻ വനീതനായ ഞാൻ എന്നാൽ കഴിയുന്നത് പ്രവർത്തിച്ചിട്ടുണ്ട്. നോട്ടീസ് മുഖേന മീർസ കള്ള പ്രവാചകൻ എന്ന തലക്കെട്ടിൽ വിഷയം ജനങ്ങളിൽ പരമാവധി എത്തിച്ചു. സൽസബീലിൽ ധാരാളം എഴുതി. അവരുടെ സത്യദൂതൻ എന്ന മാസികയിൽ കഠിനമായി ഞാൻ വിമർശിക്കപ്പെട്ടു. 1973ൽ എറണാകുളത്ത് നടത്തിയ സൽസബീൽ വാർഷിക യോഗത്തിലേക്ക് 'സത്യദൂതൻ' പത്രാധിപരെ "മീർസാ പ്രവാചകൻ" എന്ന വിഷയം പ്രസംഗിക്കാൻ ക്ഷണിച്ചു. യാത്രച്ചിലവിന് പണം അയച്ചു. സംഖ്യ അദ്ദേഹം കൈപ്പറ്റി. പിന്നീട് മടക്കി അയച്ചു. യോഗത്തിന് വന്നില്ല. ഇങ്ങനെയെല്ലാം ഞാൻ പ്രവർത്തിച്ചത് അല്ലാഹു എന്നിൽ ബാധ്യതയാക്കിയ ഒരു വിഷയമെന്ന നിലക്കാണ്. അല്ലാഹുവേ, നീ എന്നിൽ നിന്ന് സ്വീകരിക്കേണമേ?

ഓർമകളുടെ തീരത്ത്

## 66

# മർക്കസുൽ ബിശാറ

മറ്റൊരു ശപിക്കപ്പെട്ട പേരാണിത്. ഇപ്പോൾ അതിന്റെ ചൂരും മണവും കെട്ടുപോയ സ്ഥിതിയിലാണ്. മഞ്ചേരി കേന്ദ്രമാക്കി ക്രിസ്ത്യൻ മിഷനറികൾ ആരംഭിച്ച ഒരു സ്ഥാപനമാണിത്. മുസ്ലിം സമുദായത്തിലെ ചില എച്ചിൽ മോഹികളെ വിലക്കെടുത്ത് മുസ്ലിം പേരുകളിൽ തന്നെ അവരെ നിലനിർത്തി സ്ഥാപനത്തിന് അറബി പേരുകൾ നൽകി സമുദായത്തിനിടയിൽ വിശ്വാസത്തകർച്ച വരുത്താനുള്ള അശുദ്ധ ശ്രമത്തിന്റെ ഫലമാണ് മഞ്ചേരിയിൽ വിശാലമായ ഭൂപ്രദേശത്ത് കൊട്ടും കുരവയുമായി തുടങ്ങിയ മർക്കസുൽ ബിശാറ! ഖുർആൻ ആയത്തുകൾ അറബി ടെക്സ്റ്റിൽ തന്നെ അച്ചടിച്ച പുസ്തകങ്ങളും, ലഘുലേഖകളും ഇവർ പ്രസിദ്ധീകരിച്ചു. ഇത്യാദി നാനാവഴിക്കും ഇവർ വിഷം വിതറിക്കൊണ്ടിരുന്നു. തക്ക സമയത്തു തന്നെ മുജാഹിദ് പ്രസ്ഥാനം സമുചിതമായി ഈ വ്യാജക്കൂട്ടത്തെ നേരിട്ടു. എനിക്കും അവർ പുസ്തകങ്ങളും ലഘുലേഖകളും അയച്ചുതന്നു. ഫാദർ അലവി എന്ന ഒരു മാപ്പിളനാമധാരിയെയാണ്

അവർ മേധാവിയായി രംഗത്തിറിക്കിയത്. ഒരു അറബി അദ്ധ്യാപകനായ അബ്ദുറഹ്മാനും ഭാര്യ ആയിഷയും ഫാദർ അലവിയുടെ കൂട്ടാളികളായിരുന്നു. അന്വേഷണത്തിൽ അബ്ദുറഹ്മാനും ഭാര്യയും പഠിക്കുന്ന കാലത്ത് എന്നിൽ ശിഷ്യത്വം ഉള്ളവരായിരുന്നുവെന്ന് മനസ്സിലായി. ഇവരെ എങ്ങനെ നേരിടണമെന്ന് ഞാൻ വളരെ ആലോചിച്ചു. എന്റെ വീക്ഷണങ്ങൾക്കൊത്ത് പ്രസ്ഥാനത്തെ കിട്ടുകയില്ലെന്ന് എനിക്കറിയാം. ഞാൻ ആദ്യമായി ഫാദർ അലവിക്ക് ഒരു കത്തയച്ചു; "ഈസാനബി عليه السلامക്ക് അല്ലാഹു ഇറക്കിക്കൊടുത്ത ഇൻജീൽ എന്ന ഗ്രന്ഥം നിങ്ങളുടെ പക്കലുണ്ടോ? എങ്കിൽ അതിന്റെ ഒരു കോപ്പി അയച്ചുതരിക. അത് പരിശോധിച്ച് ഭാവി നിർണയിക്കാം. മുഹമ്മദ് നബിﷺക്ക് അല്ലാഹു അവതരിപ്പിച്ചു കൊടുത്ത വിശുദ്ധ ഖുർആനിന്റെ കോപ്പി വള്ളിപുള്ളി വ്യത്യാസം കൂടാതെ നിങ്ങളുടെ പക്കലും ഉണ്ടാകുമല്ലോ". കാത്തിരുന്നു. മറുപടിയില്ല. അപ്പോൾ എന്റെ ശിഷ്യനായിരുന്ന അബ്ദുറഹ്മാൻ മാസ്റ്റർക്ക് എഴുതി. "അത് ഞങ്ങളുടെ കൈവശമുണ്ട്, അയക്കുന്നതാണ്." എന്ന് മറുപടി കിട്ടി. പോസ്റ്റിൽ വന്നത് ബൈബിളിന്റെ ഒരു മലയാളം പതിപ്പായിരുന്നു. കൂട്ടത്തിൽ ഏതാനും അറബി പേരിലുള്ള ലഘുലേഖകളും. ഞാൻ വീണ്ടും എഴുതി. "ലോകത്ത് 64 വ്യത്യസ്ത രൂപങ്ങളിലുള്ള ബൈബിളുകളുണ്ടെന്നാണ് അറിവ്. അതൊക്കെ യേശുവിന്റെ ശിഷ്യന്മാർ എഴുതി ഉണ്ടാക്കിയതോ, ശിഷ്യന്മാരുടെ പേരിൽ മറ്റുള്ളവർ നിർമ്മിച്ചതോ ആകുന്നു. അതിൽ പെട്ട ഒന്നാണ് നിങ്ങൾ എനിക്കയച്ചത്. എനിക്ക് വേണ്ടത്, അല്ലാഹു ഈസാനബിക്ക് അവതരിപ്പിച്ചുകൊടുത്ത വേദഗ്രന്ഥമാണ്." മറുപടിയില്ല.

ഞാൻ ദിവസങ്ങളോളം ആലോചിച്ചു. ഒടുവിൽ മഞ്ചേരിയിൽ ചെന്നു. അബ്ദുറഹ്മാൻ താമസിക്കുന്ന വീട് അന്വേഷിച്ചു കണ്ടെത്തി. വീട്ടിൽ അയാൾ ഉണ്ടായിരുന്നില്ല. ഭാര്യ എന്നെ സ്വീകരിച്ചിരുത്തി. ഞാൻ വന്ന വിവരം പറഞ്ഞു. "ഈസാനബിക്ക് അല്ലാഹു ഇറക്കിക്കൊടുത്ത വേദം നിന്റെ ഭർത്താവ് എനിക്ക് തരാമെന്ന് പറഞ്ഞിരുന്നു. അത് വാങ്ങാൻ വന്നതാണ്." ആ പെണ്ണ് ഒന്നും മിണ്ടിയില്ല. അദ്ദേഹം വരാൻ വൈകും എന്നു മാത്രം പറഞ്ഞു. വന്നു കണ്ടിട്ടേ ഞാൻ പോകൂ എന്ന് ഞാനും പറഞ്ഞു. ആ പെണ്ണ് എന്നെ കുടിക്കാനും തിന്നാനും പ്രേരിപ്പിച്ചു. ആ കോപ്പി കിട്ടിയിട്ടല്ലാതെ ഇവിടെ നിന്നും വെള്ളം പോലും ഞാൻ കുടിക്കുകയില്ലെന്ന് ഞാൻ പറഞ്ഞു. കുറെ കഴിഞ്ഞപ്പോൾ അസറ് നമസ്കാരത്തിന് സമയമായി. വുളൂ ചെയ്യാൻ വെള്ളം ചോദിച്ചു. അവർ തന്നു. അവിടെതന്നെ നമസ്കരിച്ചു. ശേഷം നമസ്കരിച്ച സ്ഥലത്ത് വരാന്തയിൽ

കിടന്നു. ആ സ്ത്രീ ആകപ്പാടെ വിഷമിച്ചു. എന്നെയും എന്റെ സ്വഭാവും അവർക്ക് നേരത്തെ അറിയാം. കുറെ കഴിഞ്ഞപ്പോൾ അബ്ദുറഹ്മാൻ എത്തി. എന്നെ കണ്ടതോടെ ഒരു ഞെട്ടലുണ്ടായി. അത് മറച്ചുവെച്ചു ബഹുമാനം പ്രകടിപ്പിച്ചു. ഞാൻ വന്ന കാര്യം പറഞ്ഞു. "ആ വേദഗ്രന്ഥം കിട്ടാതെ ഞാൻ പോകുന്ന പ്രശ്നമില്ല. ഞാൻ ഈ വരാന്തയിൽ കിടക്കും. ലോകമറിയട്ടെ. അല്ലെങ്കിൽ അങ്ങനെയൊന്ന് ഞങ്ങളുടെ കൈവശമില്ല എന്ന് എഴുതിത്തരണം." അയാളുടെ അപ്പോഴത്തെ അവസ്ഥ ഓർത്ത് ഞാൻ പലപ്പോഴും സ്വയം ചിരിക്കുകയും സുഹൃത്തുക്കളുമായി ആ സംഭവം പങ്ക് വെച്ചുകൊണ്ട് രസിക്കുകയും ചെയ്യുമായിരുന്നു. മഗ്രിബിന്റെ സമയം എത്തി. വീണ്ടും വുളൂ ചെയ്തു. അവിടെ തന്നെ നമസ്കരിച്ചു. എന്നെ എങ്ങനെ അവിടെ നിന്ന് ഒഴിവാക്കുമെന്ന ചിന്തയിൽ അയാൾ ഏറെ വിഷണ്ണനായി. എനിക്ക് അവിടെ താമസിക്കാൻ പറ്റുകയില്ലല്ലോ. കുറെ കഴിഞ്ഞു ഞാൻ ബാഗുമായി എഴുന്നേറ്റു. "നിങ്ങളുടെ മാർപ്പാപ്പ വിചാരിച്ചാൽ പോലും അതിന് കഴിയില്ല. പക്ഷെ, നിങ്ങളുടെ അഹങ്കാരം ഒന്ന് താഴെ ഇറക്കണമെന്നുള്ള ഉദ്ദേശ്യമായിരുന്നു എനിക്ക്. എന്നാൽ ഒരു കാര്യം നിങ്ങൾ സമ്മതിക്കണം. ഞാൻ യോഗം സംഘടിപ്പിക്കും. നിങ്ങൾക്ക് ക്ഷണം അയക്കും. ഈസാ നബി ദൈവപുത്രനാണെന്നതാണല്ലോ നിങ്ങളുടെ സർവ്വ പ്രധാനമായ സിദ്ധാന്തം. ആ വിഷയം സമർത്ഥിച്ചുകൊണ്ട് നിങ്ങൾ സംസാരിക്കണം എന്ന് ഞാൻ പറഞ്ഞു. ഏത് വിധേനയും എന്നെ ഒഴിവാക്കണമല്ലോ. ഞങ്ങൾ ആലോചിച്ചു വേണ്ടത് ചെയ്യാം മനസ്സില്ലാ മനസ്സോടെ പറഞ്ഞു അയാൾ രക്ഷപ്പെടുകയായിരുന്നു.

ഞാൻ തിരിച്ചുവന്ന ശേഷം ഒരു ദിവസം തിരൂരങ്ങാടിയിൽ പോയി. എന്റെ ആത്മമിത്രമായ എം.കെ. ഹാജിയെ കണ്ടു വിവരം പറഞ്ഞു. അദ്ദേഹം ഒരു യുവാവിനെപ്പോലെ ആവേശഭരിതനായി. യോഗം സംഘടിപ്പിക്കാം എന്ന് ഏറ്റു. എപ്പോഴും എന്റെ എല്ലാ നീക്കങ്ങൾക്കും നിർലോഭം പിന്തുണയും പ്രോത്സാഹനവും നൽകുന്ന ഡോ. ഉസ്മാൻ സാഹിബിനെ വീട്ടിൽ പോയി കണ്ട് വിവരം പറഞ്ഞു. അദ്ദേഹവും സമ്മതിച്ചു. അങ്ങനെ യോഗം എം.കെ. ഹാജിയുടെ അദ്ധ്യക്ഷതയിൽ തിരൂരങ്ങാടിയിൽ തന്നെ ചേരാൻ തീരുമാനിച്ചു. പരസ്യം ചെയ്തു. ബിശാറക്കാർക്ക് ക്ഷണമയച്ചു. മുജാഹിദ് നേതാക്കൾക്കും പണ്ഡിതന്മാർക്കും കത്തയച്ചു. യോഗദിവസം എത്തി. ധാരാളം പേർ എത്തിച്ചേർന്നു. ഭീരുക്കളായ ബിശാറക്കാർ വന്നില്ല. എല്ലാ ആശയ ദാരിദ്ര്യത്തിന്റെ വക്താക്കളും ഇങ്ങനെയാണ്. പക്ഷെ, എനിക്ക് മറ്റൊരു ദുഃഖമുണ്ടായി. എന്റെ ഉസ്മാൻ ഡോക്ടർ വന്നില്ല. അദ്ദേഹം അന്ന് കെ.എൻ.എം. പ്രസിഡണ്ടാണ്. ഞാൻ നേരത്തെ പറഞ്ഞു

വല്ലോ. പ്രസ്ഥാനം എന്നെ അപ്പടി വിഴുങ്ങുകയില്ല. അവരുടെ തൊണ്ട യിൽ തടയും. എനിക്ക് പരാതിയില്ല. ഞാൻ ആരേയും ഒന്നിനുവേണ്ടിയും കാത്തുനിന്നില്ല. ചിലപ്പോൾ ചില കാര്യങ്ങൾക്ക് അവർ സഹകരിക്കും. ഞാൻ സന്തോഷിക്കും. പലപ്പോഴും അത് ഉമർ മൗലവിയുടെ സ്വന്തം ഏർപ്പാടാണ്. അതിൽ നമ്മൾ കൂടിയാൽ ഒക്കില്ല എന്ന് പറഞ്ഞു ഒഴിയും. ഞാൻ നിരാശപ്പെടുകയില്ല. പ്രതിഷേധിക്കുകയുമില്ല. ഇവിടെ എനിക്ക് ദുഃഖമുണ്ടായത് ഡോ. ഉസ്മാനെ ഞാൻ പ്രതീക്ഷിച്ചു. മോഹിച്ചു. അത് എനിക്ക് അദ്ദേഹത്തോടും തിരിച്ചു അദ്ദേഹത്തിനും ഉണ്ടായിരുന്ന ബന്ധ മായിരുന്നു. പക്ഷെ, പ്രസ്ഥാനത്തിന്റെ പരിമിതിയിൽ അദ്ദേഹത്തിന് ഒതു ങ്ങേണ്ടി വന്നതായിരിക്കാം. യോഗത്തിൽ പ്രസംഗിക്കാൻ ഞാൻ മാത്രമേ യുള്ളൂ. ഹാജി സാഹിബ് പ്രാസംഗകനല്ലല്ലോ. അപ്പോൾ എന്നെ അത്ഭു തത്താൽ ആഹ്ലാദിപ്പിച്ചുകൊണ്ട് കെ.എൻ.എം. അസി. സെക്രട്ടറി അലി അബ്ദുറസാഖ് മദനി അവിടെയെത്തി. അദ്ദേഹം ശ്രോതാവായി വന്ന താണ്. പക്ഷെ, അവസ്ഥ കണ്ടറിഞ്ഞു അദ്ദേഹം സ്വയം തയ്യാറായി വന്നു യോഗത്തിൽ പ്രസംഗിച്ചു. അങ്ങനെ യോഗം ഭംഗിയായി നടന്നു. എന്നാൽ പ്രസ്ഥാനം ബിശാറക്കാരെ ശക്തിയായി നേരിട്ടു. അവർ തളർന്നു. പിന്നെ തകരുകയും ചെയ്തു. മഹായുവപ്രതിഭയായ എം.എം. അക്ബറിന്റെ രംഗ പ്രവേശനത്തോടെ ബിശാറ മാത്രമല്ല, അവർക്ക് പിറകിലിരുന്ന് ചരട് വലി ക്കുന്ന ക്രിസ്ത്യൻ പൗരോഹിത്യവും തളർന്നു. ബിശാറയുടെ ബോർഡ ടക്കം എല്ലാം അപ്രത്യക്ഷമായി. ഫാദർ അലവിയും കൂട്ടരും രാജ്യം വിട്ടു. മദിരാശിയിലോ മറ്റോ പോയി തമ്പടിച്ചുവെന്നാണ് കേൾവി. ഇപ്പോൾ ബിശാറയുടെ സ്ഥലം വിൽക്കാനുള്ള ശ്രമത്തിലാണെന്നാണ് കേൾവി. എന്തായാലും നമ്മുടെ പ്രതിരോധ പ്രവർത്തനങ്ങൾക്ക് സമുദായത്തിന്റെ മൊത്തമായ ധാർമ്മിക പിന്തുണയുണ്ടായിരുന്നുവെന്ന കാര്യം പ്രത്യേകം പറയേണ്ടതു തന്നെയാണ്. ദുർബ്ബലനായ ഈ ഞാനും എന്നാൽ കഴിയു ന്നത് ചെയ്തു. അല്ലാഹു സ്വീകരിക്കുമാറാകട്ടെ.

ഓർമകളുടെ തീരത്ത്

## 67

# ആദ്യ ഡൽഹി യാത്ര

അടിയന്തിരാവസ്ഥയ്ക്ക് ശേഷം നടന്ന പൊതു തെരഞ്ഞെടുപ്പിൽ കോൺഗ്രസും ഇന്ദിരാഗാന്ധിയും തറപറ്റി. അവിവേകപൂർണ്ണമായ നില പാടുകളും ന്യൂനപക്ഷങ്ങൾക്ക് നേരെ ഉത്തരേന്ത്യയിൽ അഴിച്ചുവിട്ട

കടുത്ത പീഡനവും മുസ്‌ലിംകളെ മാത്രമല്ല, നീതിനിഷ്ഠരും നിഷ്പക്ഷരുമായ ഹിന്ദുക്കളെയും അസംതൃപ്തരാക്കി. ജനസംഘത്തിന് വിത്തിടാതെ വിളവെടുക്കാൻ കിട്ടിയ അസുലഭാവസരമായിരുന്നു ഈ കാലഘട്ടം. ജയപ്രകാശ് നാരായണനും ആചാര്യ കൃപലാനിയും ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ അന്ന് ജീവിച്ചിരുന്ന ശക്തരായ തേരാളികളായിരുന്നുവല്ലോ. അവരും ജയിൽവാസം അനുഭവിച്ചു. ജനാധിപത്യവും പത്രസ്വാതന്ത്ര്യമടക്കമുള്ള മുഴുവൻ പൗരാവകാശങ്ങളും പുനഃസ്ഥാപിക്കുക എന്ന ആഹ്വാനവുമായി. പ്രതിപക്ഷങ്ങൾ ഒന്നിച്ചു ചേർന്നു. ജയപ്രകാശ് അവരെ ഒറ്റ കക്ഷിയാക്കി. ജനതാ പാർട്ടി എന്ന പേരിൽ. ഇന്ദിരാഗാന്ധി പുറത്താക്കിയ കോൺഗ്രസ്സിലെ വൻതോക്കുകൾ ഇതിൽപെടുന്നു. മൊറാർജിയുടെ നേതൃത്വത്തിൽ പ്രഗത്ഭരായ രാഷ്ട്രീയ- ഭരണതന്ത്രജ്ഞർ ചേർന്ന കേന്ദ്രഭരണം നിലവിൽ വന്നു. ഇന്ത്യൻ ജനത പുറംകാലുകൊണ്ട് ചവിട്ടിമാറ്റി നിർത്തിയിരുന്ന വർഗീയ- ഫാസിസ്റ്റ് പ്രസ്ഥാനമായ ജനസംഘം ആദ്യമായി കേന്ദ്രഭരണത്തിലെ പങ്കാളികളായി. വാജ്പേയും അഡ്വാനിയും കേന്ദ്ര ക്യാബിനറ്റിൽ വന്നു. വിത്ത് വിതയ്ക്കാത്ത ഈ വിളവെടുപ്പ് ഇന്ത്യയെ അവരുടെ കൈപ്പിടിയിൽ ഒതുക്കാൻ സഹായിച്ചു. അതാണല്ലോ പിന്നീട് ബാബരി മസ്ജിദിന്റെ തകർച്ചക്കും തുടർന്നുള്ള വർഗീയ ധ്രുവീകരണത്തിനും കളമൊരുക്കിയത്.

ഈ ഭരണകാലത്താണ് ഡൽഹിയിലെ സുഊദി എംബസിയിൽ നിന്നും എനിക്ക് ഒരു ടെലഗ്രാം കിട്ടിയത്. അടിയന്തിരമായി അവിടെയെത്താനായിരുന്നു സന്ദേശം. അതിന് മുമ്പ് ഡൽഹിയിൽ പോയിട്ടില്ല. ഇന്ത്യയിൽ എവിടെ പോയാലും എന്റെ വേഷം ഒന്നുതന്നെയാണ്. നിങ്ങൾ സദാ കാണുന്ന വേഷം. വെള്ള തുണിയും കുപ്പായവും തോളിൽ ഒരു സഞ്ചിയും അതിൽ രണ്ടു ജോഡി മുണ്ടും ഷർട്ടും. എനിക്ക് അത് മതിയാകും. ചിലപ്പോൾ ഒരു ബാഗും കയ്യിലെടുക്കും. അതിൽ ഫോൺ നമ്പർ അടങ്ങുന്ന ഡയറിയും ചില ലഘുലേഖകളും നോട്ടീസുകളും ചില പുസ്തകങ്ങളുമുണ്ടാകും. നോട്ടീസും ലഘുലേഖകളും ചെല്ലുന്നേടത്തെല്ലാം കൊടുക്കും. വേണമെങ്കിൽ റീ പ്രിന്റ് ചെയ്തുകൊള്ളാൻ പറയും. അങ്ങനെയാണ് ഈ നോട്ടീസ് മൗലവി യാത്ര ചെയ്യാറുള്ളത്. വിദേശത്ത് പോയാൽ വേഷത്തിൽ ഒരു മാറ്റമുണ്ടാകും. അറബികൾ ധരിക്കുന്ന ഒരു നീളക്കുപ്പായം ധരിക്കും.

കൊച്ചിയിലെത്തി ബാബു സേട്ടുവിനോടും സാലേ സേട്ടുവിനോടും ആലോചിച്ചപ്പോൾ ഇബ്റാഹീം സുലൈമാൻ സേട്ട് ഡൽഹിയിലുണ്ട്, അദ്ദേഹം വേണ്ട ഒത്താശ ചെയ്യും എന്നറിഞ്ഞു. സാലേ സേട്ട് അദ്ദേഹ

ത്തെ വിളിച്ചു പറയാമെന്നും പറഞ്ഞു. ആ ധൈര്യത്തിന് ഞാൻ പോയി. ഡൽഹിയിലെത്തി സുലൈമാൻ സേട്ടുവിന്റെ നമ്പറിൽ വിളിച്ചു. അദ്ദേഹം വീട്ടിലില്ല. ഒരു മലയാളി അവിടെയുണ്ടായിരുന്നു. എപ്പോൾ സേട്ട് വരുമെന്ന് അയാൾക്കും അറിയില്ല. ഞാൻ ആകെ വിഷമത്തിലായി. സ്ഥലം പരിചയമില്ല. ഭാഷ അറിയില്ല. ഉറുദുവും ഇംഗ്ലീഷും അവിടെ അത്യാവശ്യമാണല്ലോ. എനിക്ക് മലയാളവും അറബിയും മാത്രമല്ലേ വശമുള്ളൂ. കാഴ്ചയിൽ മലയാളികളെ മനസ്സിലാക്കാൻ വിഷമം. എല്ലാവരും പാന്റും ഷർട്ടും. അല്ലെങ്കിൽ ജുബ്ബയും കുർത്തയും. ഞാൻ ഒരു അന്തവുമില്ലാതെ ഫുട്പാത്തിലൂടെ നടക്കുകയാണ്. ഒരു ടാക്സി പിടിച്ചാൽ വഴി പറഞ്ഞു കൊടുക്കാൻ പോലും അറിയില്ല. പ്രാർത്ഥിച്ചുകൊണ്ട് നടന്നു. എന്റെ പ്രാർത്ഥന റബ്ബ് സ്വീകരിച്ചു. അതാ, പിന്നിൽ നിന്നും യാശൈഖ് ഉമർ എന്ന് വിളി! തിരിഞ്ഞുനോക്കിയപ്പോൾ എന്റെ പ്രിയ സുഹൃത്തും അഹ്ലെ ഹദീസ് സെക്രട്ടറിയുമായ മൗലാനാ അബ്ദുൽ ഹമീദ് റഹ്മാനി കിതച്ചുകൊണ്ട് അതിവേഗം എന്റെയടുക്കലേക്ക് വരികയാണ്. ഞാൻ റബ്ബിനെ സ്തുതിച്ചു. അദ്ദേഹം എന്നെ ആശ്ലേഷിച്ചു. ഞാൻ അതിലേറെ ആഹ്ലാദിച്ചു. വളരെ നാൾക്ക് ശേഷം അദ്ദേഹവുമായി കണ്ടുമുട്ടിയതാണ്. അത് ഈ വിധത്തിലും കൂടി ആയാൽ തുള്ളിച്ചാടുകയാണല്ലോ ചെയ്യേണ്ടത്. പക്ഷേ, ഞാൻ ചാടിയില്ല. മനസ്സ് തുള്ളിക്കളിച്ചു.

അദ്ദേഹം എന്നെ തന്റെ താമസ സ്ഥലത്തേക്ക് കൂട്ടിക്കൊണ്ടുപോയി. കുളിച്ചു ഭക്ഷണം കഴിഞ്ഞ് വിശ്രമിച്ചു. എന്നെ സുഊദി എംബസിയിൽ കൂട്ടികൊണ്ടുപോയി. മൗലാനാക്ക് അവിടെ ആവശ്യത്തിന് പരിചയമുള്ളത് കൂടുതൽ സഹായകമായി. അവിടത്തെ കാര്യങ്ങൾ വേഗം പൂർത്തിയായി. ദാറുൽ ഇഫ്താഇൽ നിന്നുള്ള എന്റെ നിയമനം സംബന്ധിച്ച ചില കാര്യങ്ങളായിരുന്നു അത്. കഴിഞ്ഞ് പുറത്തിറങ്ങിയപ്പോൾ മൗലാന പറഞ്ഞു. നമുക്ക് ഒരു വലിയ സ്ഥലത്തേക്ക് പോകാം. ഞാൻ അമ്പരന്നു. അദ്ദേഹം പറഞ്ഞു. കേന്ദ്ര ക്യാബിനറ്റിലെ പ്രമുഖനായ എച്ച്.എം. ബഹുഗുണ എന്റെ നല്ല സുഹൃത്താണ്. അദ്ദേഹം മുസ്‌ലിംകളുമായി ബന്ധപ്പെടാൻ ആഗ്രഹിക്കുന്നയാളാണ്. ഞാൻ ഫോണിൽ ബന്ധപ്പെട്ട് നിങ്ങളെക്കുറിച്ച് പറഞ്ഞു. അദ്ദേഹത്തിന് നിങ്ങളെ കാണണമെന്ന് ആഗ്രഹം പറഞ്ഞു. പടച്ചവനേ ഇതെന്തൊരു പുതുമ! അങ്ങനെ ഞങ്ങൾ കാറിൽ ബഹുഗുണയുടെ ബംഗ്ലാവിലെത്തി. മൗലാന റഹ്മാനിയെ റിസപ്ഷനിലിരിക്കുന്ന ഉദ്യോഗസ്ഥർക്കും കാവൽ നിൽക്കുന്ന ഗാർഡുകൾക്കും പരിചയമുണ്ടെന്ന് അവിടെയെത്തിയപ്പോൾ മനസ്സിലായി. അവർ അദ്ദേഹത്തെ ബഹുമാനപൂർവ്വം അഭിവാദ്യം ചെയ്യുന്നുണ്ടായിരുന്നു. എന്റെ താടിയും

തലപ്പാവും കണ്ടപ്പോൾ കൂട്ടത്തിൽ എനിക്കും അത് കിട്ടി. ഞങ്ങൾ അകത്ത് കടന്നു. വിശാലമായ മനോഹരമായ സ്വീകരണ മുറിയിലിരുന്നു. അൽപം കഴിഞ്ഞപ്പോൾ മന്ത്രി ബഹുഗുണ അകത്തുനിന്നും ചിരിച്ചു കൊണ്ടും സലാം പറഞ്ഞുകൊണ്ടും വന്നു. മൗലാനാ റഹ്മാനിയെ അണച്ചുപിടിച്ചു. ശേഷം മൗലാന എന്നെ പരിചയപ്പെടുത്താൻ ഒരുങ്ങുന്നതിന് മുമ്പ് തന്നെ ബഹുഗുണ എന്നെ സ്നേഹപൂർവ്വം ആശ്ലേഷിച്ചു. ഞാൻ അത്ഭുതത്തിന്റെ അങ്ങേതലക്കൽ എത്തിയ ഒരു അനുഭവം! മുസ്‌ലിം പണ്ഡിതന്മാരെ അദ്ദേഹത്തിന് വലിയ കാര്യമാണത്രെ! മൗലാനാ ദ്വിഭാഷിയായി ഞാൻ ലേശം സംസാരിച്ചു. സുഊദിയിൽ എനിക്കുള്ള ബന്ധങ്ങളെക്കുറിച്ച് മൗലാന മന്ത്രിയെ ധരിപ്പിച്ചപ്പോൾ അദ്ദേഹം ഏറെ സന്തുഷ്ടനായും കൂടുതൽ ആദരവ് പുലർത്തുന്നതായും അനുഭവപ്പെട്ടു. ഒടുവിൽ അദ്ദേഹം എന്നോട് പറഞ്ഞു ഇന്ന് രാത്രി നമുക്ക് ഒരുമിച്ച് ഭക്ഷണം കഴിക്കണം. ഞാൻ ക്ഷണിക്കുന്നു. നന്ദി പറഞ്ഞു തിരിച്ചുപോന്നു. ക്ഷണമനുസരിച്ച് ഞങ്ങൾ രാത്രി വീണ്ടും ബഹുഗുണയുടെ ബംഗ്ലാവിൽ പോയി. അദ്ദേഹത്തോടൊപ്പം ഭക്ഷണം കഴിച്ചു. ഒരു നല്ല സുഹൃത്തിനെ പോലെ എന്നെ സൽക്കരിച്ചു. പലതും സംസാരിച്ചു. സൽക്കാരത്തിന് പോകും മുമ്പ് കൊച്ചിയിലേക്ക് മടക്കായാത്രയ്ക്കുള്ള വിമാന ടിക്കറ്റിന്റെ കാര്യം അന്വേഷിച്ചിരുന്നു. മൂന്നാഴ്ചത്തേക്ക് ആ വിഷയം നടക്കുകയില്ലെന്നാണ് മനസ്സിലായത്. എനിക്ക് ഉടനെ മടങ്ങിവരേണ്ട അത്യാവശ്യമുണ്ടായിരുന്നതിനാലാണ് വിമാനയാത്രയെക്കുറിച്ച് തന്നെ തിരക്കിയത്. എന്റെ സുഹൃത്ത് മൗലാനാ റഹ്മാനി പറഞ്ഞു: "നിങ്ങൾ ബേജാറാകേണ്ട, നമുക്ക് വഴിയുണ്ടാക്കാം." മന്ത്രിയുമായി ഭക്ഷണം കഴിക്കുന്നതിനിടയിൽ മൗലാനാ ഈ കാര്യം അദ്ദേഹത്തോട് പറഞ്ഞു. തൽക്ഷണം അദ്ദേഹം തന്റെ സെക്രട്ടറിയോട് നിർദ്ദേശിച്ചു നാളെക്ക് ടിക്കറ്റ് ഏർപ്പാടാക്കാൻ. അത് ഉടനെ ശരിയായി. സൽക്കാരം കഴിഞ്ഞു കുറച്ച് സമയം വർത്തമാനത്തിലും വിശ്രമത്തിലുമായി കഴിഞ്ഞു. എത്ര സ്നേഹബഹുമാനത്തോടെയാണ് അദ്ദേഹം ഞങ്ങളെ യാത്രയാക്കിയത്! ഡൽഹിയിൽ എപ്പോൾ വന്നാലും തന്നെ ബന്ധപ്പെടണമെന്ന് പറഞ്ഞുകൊണ്ട് ഒരു സ്വകാര്യ ടെലഫോൺ നമ്പറും തന്നു. മടങ്ങിപ്പോരുമ്പോൾ ഞാൻ മൗലാനയോട് പറഞ്ഞു: "ബഹുഗുണ എത്ര നല്ല അബൂത്വാലിബ്!" മൗലാന പൊട്ടിച്ചിരിച്ചു. "നിങ്ങളുടെ ഉപമ നൂറു ശതമാനം ശരിതന്നെ." അങ്ങനെ ഡൽഹിയിൽ ആദ്യമായി ചെന്ന്, ആരോരുമില്ലാതെ ബേജാറായി, ഫുട്പാത്തിലൂടെ അലഞ്ഞു നടന്ന ഞാൻ റബ്ബിന്റെ അനുഗ്രഹത്താൽ വളരെ ഉയർന്ന നിലയിലുള്ള സംരക്ഷണവും പരിചരണവും ലഭിച്ച നിലയിൽ നാട്ടിൽ

മടങ്ങിയെത്തി. വടക്കേയിന്ത്യയിൽ യു.പി, ബീഹാർ, മഹാരാഷ്ട്ര, കൽക്കത്ത തുടങ്ങിയ പ്രദേശങ്ങളിലും ഹൈദരാബാദ്, ബാംഗ്ലൂർ, മദിരാശി, മംഗലാപുരം, കോയമ്പത്തൂർ, സേലം തുടങ്ങിയ തെക്കേയിന്ത്യൻ പട്ടണങ്ങളിലും ഞാൻ പലപ്പോഴും യാത്ര ചെയ്തിട്ടുണ്ട്. അവിചാരിതമായി പല ഉന്നത വ്യക്തികളേയും ഇതുപോലെ പരിചയപ്പെട്ടിട്ടുണ്ട്. പക്ഷെ, ആ ബന്ധങ്ങൾ പിന്നീട് തുടർന്ന് പോകാൻ കഴിഞ്ഞില്ല. കാരണം ഭാഷയുടെ പരിമിതി തന്നെ.

ഓർമകളുടെ തീരത്ത്

## 68

# യാത്രയിലെ നുറുങ്ങുകൾ

85ലെ ഹജ്ജ് കാലത്ത് മക്കത്തേക്ക് ചെല്ലാൻ ഉത്തരവ് കിട്ടിയത് ജൂലായ് 24ന് ആയിരുന്നു. അറബി മാസം ദുൽഖഅ്ദ് അഞ്ച്. അടുത്ത ദിവസം തന്നെ ഡൽഹിയിലെ സുഊദി എയർലൈൻസിൽ നിന്നും ഒരു കമ്പി കിട്ടി. ഉടനെ വരിക, നിങ്ങളുടെ ടിക്കറ്റ് ഇവിടെയുണ്ട്. ആഗസ്റ്റ് 5ന് നിങ്ങൾ മക്കത്ത് എത്തണം. എന്റെ പാസ്പോർട്ട് നോക്കിയപ്പോൾ ജൂലൈ 14ന് അതിന്റെ കാലാവധി കഴിഞ്ഞിരുന്നു. അശ്രദ്ധ തന്നെ. ഇനി പുതുക്കിക്കിട്ടുകയില്ല. പുതിയ പാസ്പോർട്ട് തന്നെ എടുക്കണം. ഞാൻ തിരുവനന്തപുരത്ത് പോയി. എന്റെ സ്നേഹിതൻ സീതിഹാജി എം.എൽ.എയെ കണ്ടു.

വിഷയം പറയുന്നതിന് മുമ്പ് സീതിഹാജിയെക്കുറിച്ച് രണ്ട് വാക്ക് അനുസ്മരിക്കാതെ എങ്ങനെ തുടരും. സീതിഹാജി ഒരു സ്നേഹിതൻ മാത്രമല്ല, ഞങ്ങളുടെ നല്ല ആദർശബന്ധുവും പ്രസ്ഥാനത്തിന്റെ ഉത്തമ ഗുണകാംക്ഷിയുമായിരുന്നു. ജാമിഅ നദ്‌വിയ്യ (എടവണ്ണ) എന്ന സ്ഥാപനത്തിന്റെ ഒരു രക്ഷാധികാരി തന്നെയായിരുന്നു സീതിഹാജി. അതിസമർഥനായ രാഷ്ട്രീയക്കാരനും മഹാനായ സി.എച്ചിന്റെ ഏറ്റവും അടുത്ത അനുയായിയുമായി വർത്തിച്ച അദ്ദേഹം രാഷ്ട്രീയത്തിൽ പയറ്റാൻ പരിശീലനം നേടിയത് അഹ്മദ് കുരിക്കളിൽ നിന്നായിരുന്നു എന്ന് കേട്ടിട്ടുണ്ട്. മുസ്‌ലിംലീഗ് രണ്ടായി പിളർന്ന ദുർഘട ഘട്ടത്തിൽ സി.എച്ചിന്റെ വലംകൈയായി പാർട്ടിയുടെ ശക്തി ഉറപ്പിക്കുന്നതിന് അദ്ദേഹം കഠിനമായി യത്നിച്ചിട്ടുണ്ട്. എന്തും നേരിടാനുള്ള മനക്കരുത്താണ് സീതിഹാജിയുടെ ഏറ്റവും വലിയ സമ്പത്ത്. എതിരാളികളെ നേരിടുമ്പോൾ അദ്ദേഹം കാണിക്കുന്ന തീവ്രതയും ഉപയോഗിക്കുന്ന ചില പ്രയോഗങ്ങളും

എനിക്ക് ചിലപ്പോഴൊക്കെ വിഷമമുണ്ടാക്കിയിട്ടുണ്ട്. ഞാൻ ഒഴിഞ്ഞുകിട്ടിയ ഒരു സന്ദർഭത്തിൽ അത് സൂചിപ്പിക്കുകയും ചെയ്തു. അപ്പോൾ അദ്ദേഹം ചിരിക്കും. "ജനങ്ങളെ കയ്യിലൊതുക്കി നിർത്താൻ ഈ നെറികെട്ട രാഷ്ട്രീയ യുദ്ധത്തിൽ ചില പൊടിക്കൈകൾ കൂടാതെ ഒക്കുകയില്ല മൗലവി. നമ്മുടെ നിയ്യത്ത് നല്ലതാണ്. അല്ലാഹു പൊറുത്തുതരാതിരിക്കുകയില്ല. ഞാൻ അതിന് ദുആ ചെയ്യാറുണ്ട്. മൗലവിയും പ്രാർത്ഥിക്കണം." ഞാൻ നിശബ്ദനായിപ്പോയി.

അക്കാലത്ത് കേരള രാഷ്ട്രീയത്തിലെ ഒരു ദാദാ എന്ന നിലയിലാണ് സീതിഹാജി അറിയപ്പെട്ടിരുന്നത്. ഭൗതിക വിദ്യാഭ്യാസത്തിൽ എന്നേക്കാൾ ലേശം ഭേദമായിരുന്നു. ഒരിക്കൽ ഒരു വലിയ പൊതുയോഗത്തിൽ സീതിഹാജി പ്രസംഗമദ്ധ്യേ പറഞ്ഞു. മാർക്സിസ്റ്റുകാർ എനിക്ക് വിദ്യാഭ്യാസമില്ലെന്ന് നിരന്തരം ആക്ഷേപിക്കുകയാണ്. അതുകൊണ്ട് എന്റെ ഡിഗ്രി എല്ലാവരും അറിഞ്ഞിരിക്കണം. എൽ.പിയാണ് എന്റെ ബിരുദം. അതായത് ലോകപരിചയം. സദസ്സ് ഒന്നാകെ പൊട്ടിച്ചിരിച്ചു. പുളിക്കൽ വെച്ചു നടന്ന മുജാഹിദ് സംസ്ഥാന സമ്മേളനത്തിൽ പ്രസംഗിക്കവേ സീതിഹാജി പറഞ്ഞു: "എന്റെ സിരകളിൽ ഓടുന്ന രക്തം മുജാഹിദിന്റെ രക്തമാണ്." ഇത് അടുത്ത തെരഞ്ഞെടുപ്പിൽ സീതിഹാജിക്കെതിരിൽ സുന്നികൾ ആയുധമാക്കിയെടുത്തു. മഹാഭൂരിപക്ഷം സുന്നി വോട്ടർമാരുള്ള കൊണ്ടോട്ടി നിയോജക മണ്ഡലത്തിൽ സുന്നി മുസ്‌ലിയാക്കൾ വൻ പ്രചാരണം നടത്തി. സീതിഹാജിയുടെ ആത്മവിശ്വാസം അപാരമായിരുന്നു. "കൊണ്ടോട്ടി ഉണ്ടെങ്കിൽ സീതി ജയിക്കും." എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം. മുൻകാലത്തേക്കാൾ കൂടുതൽ ഭൂരിപക്ഷം നേടി അദ്ദേഹം ജയിച്ചു. ഒരു ജനപ്രതിനിധിയെന്ന നിലയിൽ അദ്ദേഹം കാഴ്ചവെച്ച നിസ്വാർത്ഥ സേവനമാണ് ഈ വിജയത്തിന് കാരണം. എതിർപ്പുകളുടെ വൻഭിത്തികൾ തകർത്ത് കയറുന്നത് എന്നും അദ്ദേഹത്തിന് ഹരമായിരുന്നു. ഒടുവിൽ ക്യാൻസർ എന്ന മഹാരോഗം അദ്ദേഹത്തെ കീഴടക്കി. അല്ലാഹു അദ്ദേഹത്തിന് പൊറുത്തുകൊടുക്കുകയും രക്ഷ നൽകുകയും ചെയ്യട്ടെ.

ഞാൻ എന്റെ പാസ്പോർട്ട് വിഷയവും സുഊദിയിലേക്ക് അടിയന്തിരമായി പോകേണ്ട ആവശ്യവും സീതിഹാജിയെ ധരിപ്പിച്ചു. അദ്ദേഹം എന്നെ പോലീസ് ഐ.ജിയുടെ അടുക്കൽ കൂട്ടിക്കൊണ്ട് പോയി. പുതിയ പാസ്പോർട്ട് കിട്ടി. ആഗസ്റ്റ് മൂന്നിന് ഞാൻ ഡൽഹിക്ക് പോയി. ഈ യാത്രയിൽ പലരുടെയും സഹായമുണ്ടായി. എല്ലാം നന്ദിപൂർവ്വം സ്മരിക്കുന്നു. ഹാജിമാർക്ക് ഉപദേശം നൽകുന്ന കർത്തവ്യം നിർവ്വഹിച്ചുകൊ

ണ്ട് ഞാൻ മക്കയിൽ കഴിച്ചുകൂട്ടി. ഹജ്ജ് കഴിഞ്ഞു രണ്ടാഴ്ച പിന്നിട്ടപ്പോൾ എന്നെ ദാറുൽ ഇഫ്താഇന്റെ ആഫീസിലേക്ക് വിളിപ്പിച്ചു. സെക്രട്ടറി പറഞ്ഞു; യു.എ.ഇ, ഖത്തർ, റിയാദ്, ദമ്മാം, ജിദ്ദ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നെല്ലാം ഇവിടെ ഫോൺ വിളിവന്നു. നിങ്ങൾ മരിച്ചതായി കിട്ടിയ വിവരം സ്ഥിരീകരിക്കാനായിരുന്നു എല്ലാ വിളിയും. എന്താണ് സംഭവിച്ചത്? ഈ വാർത്ത കോഴിക്കോട് മുജാഹിദ് സെന്ററിൽ വന്നതും അവിടെ നിന്നും ടെലക്സ് വഴിയും ഫോൺ മുഖേനയും പലേടങ്ങളിൽ അന്വേഷണം നടത്തിയതും ഒടുവിൽ ഞാൻ വീട്ടുകാരുമായി നേരിട്ടു ബന്ധപ്പെട്ടതുമെല്ലാം സെക്രട്ടറിയോട് പറഞ്ഞു. അവിടെയുള്ളവരെല്ലാം അത്ഭുതപ്പെടുകയും എനിക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. ഏതായാലും മരിക്കാതെ കഴിയില്ലല്ലോ. അല്ലാഹു നമ്മുടെ മരണം നന്നാക്കിത്തരട്ടെ. മരണശേഷം കഷ്ടപ്പെടുന്നവരുടെ കൂട്ടത്തിൽ അല്ലാഹു നമ്മെ ഉൾപ്പെടുത്താതിരിക്കട്ടെ. മക്കയിൽ മിക്ക വഖ്തുകളിലും മയ്യിത്ത് നമസ്കാരം ഉണ്ടാകും. അങ്ങനെ നമസ്കരിച്ച സന്ദർഭങ്ങളിൽ പതിനായിരങ്ങൾ പങ്കെടുക്കുന്നതായി അനുഭവമുണ്ട്. അപ്പോൾ ഇതുപോലെ ഒരു ഭാഗ്യം നൽകേണമേ എന്ന് ഞാൻ പ്രാർത്ഥിച്ചിട്ടുണ്ട്. അല്ലാഹു അനുഗ്രഹിക്കട്ടെ.

സെപ്തംബർ മദ്ധ്യത്തിൽ ഞാൻ ഡൽഹിയിൽ മടങ്ങിയെത്തി. ടിക്കറ്റ് അവിടെ നിന്നായിരുന്നു. ഡൽഹിയിൽ വന്ന ശേഷം അലീഗറിൽ പോയി. അലീഗർ യൂണിവേഴ്സിറ്റി കൺട്രോളർ എൻ. മൊയ്തീൻ സാഹിബിനെ കാണേണ്ടതുണ്ടായിരന്നു. റിയാദിൽ ടെലികമ്മ്യൂണിക്കേഷനിൽ ഉയർന്ന ഉദ്യോഗം വഹിച്ചിരുന്ന മലപ്പുറം സ്വദേശിയും ഇപ്പോൾ പാക്കിസ്ഥാൻ പൗരനുമായ മുഹമ്മദലി മുഹ്യിദ്ദീൻ എന്റെ ഒരു പഴയ സുഹൃത്താണ്. അദ്ദേഹം രചിച്ചതും ന്യൂയോർക്കിലെ ഒരു പബ്ലിഷിങ്ങ് ഹൗസ് പ്രസിദ്ധീകരിച്ചതുമായ ഒരു ഇംഗ്ലീഷ് ഗ്രന്ഥമുണ്ട്. മതങ്ങൾ തമ്മിലുള്ള താരതമ്യ പഠനമാണ് വിഷയം. ആ ഗ്രന്ഥം അലീഗർ യൂണിവേഴ്സിറ്റിയിൽ ഉപയോഗപ്പെടുത്താൻ പറ്റുമോ എന്ന് മൊയ്തീൻ സാഹിബിനോട് ആലോചിക്കുന്നതിനാണ് അവിടെ പോയത്. വിഷയത്തിന്റെ മഹത്വവും രചയിതാവ് എന്റെ പ്രത്യേക സുഹൃത്തുമായ നിലക്ക് ഗ്രന്ഥം കൂടുതൽ പ്രചരിക്കട്ടെയെന്ന് ഞാൻ ആശിച്ചു. പുസ്തകം വരുത്തി പരിശോധിക്കട്ടെ എന്ന് മൊയ്തീൻ സാഹിബ് പറഞ്ഞു. പിന്നീട് എന്തായെന്ന് അറിയില്ല. അലീഗർ യൂണിവേഴ്സിറ്റി സന്ദർശിച്ചപ്പോൾ മുമ്പ് അതിനെപ്പറ്റി കേട്ടതിനേക്കാൾ വളരെ നന്നായിട്ടാണ് കണ്ടത്. അദ്ധ്യാപകരിലും വിദ്യാർത്ഥികളിലും യഥാർഥ മതസ്നേഹികൾ ധാരാളമുണ്ട്. പന്ത്രണ്ട് വലിയ ഹോസ്റ്റലുകൾ, ഓരോന്നിനും പ്രത്യേകം പ്രത്യേകം പള്ളികൾ, എല്ലായിടത്തും

അഞ്ചുനേരം നമസ്കാരവുമുണ്ട്. ഓരോ പള്ളിയിലും പ്രത്യേകം ഇമാമുകളെയും നിശ്ചയിച്ചിട്ടുണ്ട്. അഹ്ലെ – ഹദീസിന്റെ വകയായി ഒരു പള്ളി അവിടെ നിർമ്മിക്കുവാൻ ഒരുങ്ങുന്നതായി അറിഞ്ഞു. യൂണിവേഴ്സിറ്റിക്ക് പുറത്ത് അഹ്ലെ ഹദീസ് മസ്ജിദുണ്ട്. അവിടെ ഞാൻ അറബിയിൽ പ്രസംഗിക്കുകയും ഖത്വീബ് ഉർദുവിൽ പരിഭാഷപ്പെടുത്തുകയും ചെയ്തു.

പിന്നീട് ഞാൻ കശ്മീരിൽ പോയി. എം.എം. മുഹ്യിദ്ദീൻ നദ്‌വി (എടവണ്ണ) കൂടെയുണ്ടായിരുന്നു. മക്കയിലും മദീനയിലും വെച്ച് പരിചയപ്പെട്ട സ്നേഹിതന്മാർ എനിക്കവിടെയുണ്ടായിരുന്നു. പലരും കശ്മീരിലേക്ക് എന്നെ ക്ഷണിച്ചിരുന്നു. എസ്.കെ. പൊറ്റക്കാടിന്റെ ഒരു പുസ്തകം ചെറുപ്പത്തിൽ വായിച്ചപ്പോൾ കശ്മീർ കാണാൻ വലിയ ആശ തോന്നിയിരുന്നു. ഈ യാത്രയെക്കുറിച്ച് എം.എം. നദ്‌വി ശബാബിൽ എഴുതിയിരുന്നു. അതിൽ പെടാത്ത ഒരു കാര്യമാണിവിടെ പറയുന്നത്. എന്റെ ഒരു അടുത്ത സുഹൃത്തായിരുന്നു ഗുലാം നബി ഹാറൂൻ. അഹ്ലേ ഹദീസിന്റെ നേതാവാണ്. ഈ തരം ഇസ്‌ലാമികമല്ലാത്ത പേരുകൾ അവിടെങ്ങളിൽ ധാരാളമുണ്ട്. മാതാപിതാക്കളുടെ മതപരമായ വിവരക്കേട് മക്കൾ ചുമക്കാൻ വിധിക്കപ്പെട്ടിരിക്കുന്നു. ഡൽഹിയിൽ കൊണാട്ട് പ്ലൈസിൽ വലിയ കച്ചവടക്കാരനാണ്. അദ്ദേഹവും എന്നെ ക്ഷണിച്ചിരുന്നു. ഞാൻ അവിടെ ചെന്നപ്പോൾ അദ്ദേഹവും അതുപോലെ തന്നെ അടുത്ത സുഹൃത്തായിരുന്ന മൗലവി നൂറുദ്ദീൻ സാഹിബും മരണപ്പെട്ടിരിക്കുന്നു. (അല്ലാഹു ഇരുവർക്കും മഗ്ഫിറത്ത് നൽകട്ടെ). രണ്ടുപേരുടെയും വീടുകൾ ഞങ്ങൾ സന്ദർശിച്ചു. ഹാറൂൻ സാഹിബിന്റെ വീട്ടിൽ ചെന്നപ്പോഴാണ് അദ്ദേഹത്തിന്റെ പിതാവ് തലേന്നാൾ മരണപ്പെട്ട വിവരം അറിഞ്ഞത്. തഅ്സിയത്തിനു വേണ്ടി അവിടെ ഒരുമിച്ച് ചേർന്ന കുറെ പേരോടൊത്ത് ഞങ്ങൾ അദ്ദേഹത്തിന്റെ ഖബറിനടുത്ത് പോയി. ഞാൻ ഖബറുകളിൽ പ്രത്യേകം മയ്യിത്ത് നമസ്കാരം നിർവ്വഹിച്ചു. അവിടെ അതൊരു പുതിയ കാഴ്ചയായിരുന്നു. നബിﷺ ഇങ്ങനെ ഖബറുകളിൽ നമസ്കരിച്ച വിവരം ഞാൻ അവർക്ക് പറഞ്ഞുകൊടുത്തു. ഖബർസ്ഥാനിൽ കന്നുകാലികൾ മേയുന്നതും നായകൾ വിഹരിക്കുന്നതും ആളുകൾ നടക്കാൻ ഉപയോഗിക്കുന്നതും കണ്ടപ്പോൾ വിഷമം തോന്നി. ഞാൻ അവരോട് ഉപദേശിച്ചു. ഖബർസ്ഥാനിന് ചുറ്റും മതിൽകെട്ടി ഈ വഴികളെല്ലാം അടക്കണമെന്നും പറഞ്ഞു. അവർ അത് സ്വീകരിച്ചു. അല്ലാഹു അനുഗ്രഹിക്കട്ടെ.

കശ്മീരിൽ നിന്നും മടങ്ങിയ ശേഷം ബംഗാളിലേയും ബീഹാറിലേയും ചില സ്ഥലങ്ങളിൽ സഞ്ചരിച്ചു. അഹ്ലെ ഹദീസിന്റെ സ്ഥാപനങ്ങൾ

സന്ദർശിക്കുകയും ചില യോഗങ്ങളിൽ സംബന്ധിച്ച് അറബിയിൽ പ്രസംഗിക്കുകയും ചെയ്തു. ഉർദുവിൽ അവ പരിഭാഷ ചെയ്യുകയുണ്ടായി.

ഓർമകളുടെ തീരത്ത്

## 69

# ലാഹോർ സന്ദർശനം

മക്കയിൽ വെച്ച് പരിചയപ്പെട്ട ധാരാളം സ്നേഹിതന്മാർ ലാഹോറിൽ എനിക്കുണ്ട്. പലരും എന്നെ അങ്ങോട്ട് ക്ഷണിച്ചിരുന്നു. പാക്കിസ്ഥാനിലേക്ക് വിസ കിട്ടാൻ വളരെ പ്രയാസമാണെന്നാണ് കേട്ടിരുന്നത്. ജനുവരിയിലാണിത്. പക്ഷെ, ഞാൻ ശ്രമിച്ചപ്പോൾ ഒരു പ്രയാസവും അനുഭവപ്പെട്ടില്ല. എമ്പസിയിൽ ചെന്ന് ഫോറം വാങ്ങി പൂരിപ്പിച്ച് നാലു ഫോട്ടോകളോടെ കൊടുത്തു. പിറ്റേന്ന് വിസ കിട്ടി. 18 രൂപ ഫീസ്. വേറെ ഒരു നാട്ടിലേക്കും ഇത്ര എളുപ്പത്തിൽ വിസ കിട്ടുകയില്ല. തീവണ്ടിയിലാണെങ്കിൽ അന്ന് 50 ഡോളറും വിമാനത്തിലാണെങ്കിൽ 500 ഡോളറും അനുവദിക്കുന്നുണ്ടായിരുന്നു. നാട് കാണാനുള്ള ആഗ്രഹം നിമിത്തം ഞാൻ തീവണ്ടി തെരഞ്ഞെടുത്തു. അമൃതസർ കഴിഞ്ഞ് അത്താറി എന്ന അതിർത്തി ഗ്രാമത്തിലെത്തിയപ്പോൾ കസ്റ്റംസ് പരിശോധനയുണ്ടായി. യാത്രക്കാർ ധാരാളം സാമാനങ്ങളുമായി പോകുന്നതിനാൽ മണിക്കൂറുകൾ കാത്തുനിൽക്കേണ്ടിവന്നു. വണ്ടി ഇളകി അര മണിക്കൂർ കഴിഞ്ഞപ്പോൾ ലാഹോറിലെത്തി. അവിടെയും ചെറിയ പരിശോധന. ടൗണിൽ നിന്ന് ഭക്ഷണം കഴിച്ചു. ന്യൂ ഗാർഡൻ ടൗണിൽ അബൂബക്കർ ബ്ലോക്കിലുള്ള മക്തബുദ്ദഅ്വത്തുൽ ഇസ്ലാമിയ്യയിലേക്ക് ഓട്ടോറിക്ഷയിൽ പോയി. മൗലാനാ മുഹമ്മദ് അത്താഉല്ലാഹ് ഹനീഫ് (എഡിറ്റർ, അൽ ഇഅ്തിസാം വീക്ക്ലി) അവർകളുടെ വീട്ടിൽ ചെന്നു. അദ്ദേഹം അഹ്ലെ ഹദീസ് നേതാവും മഹാപണ്ഡിതനുമാണ്. സുഖമില്ലാതെ തീരെ കിടപ്പിലായിരുന്നു. പ്രായാധിക്യവുമുണ്ട്. എഴുന്നേറ്റിരിക്കാൻ വയ്യ. ഞാൻ സലാം പറഞ്ഞു. ഉമർ അഹ്മദ് മലൈബാരി എന്ന് പരിചയപ്പെടുത്തി. അപ്പോൾ മക്കയിൽ വെച്ചുള്ള പരിചയവും ബന്ധവും ഓർമ്മയായി. പെട്ടെന്ന് ഒരു ഉന്മേഷം വന്നു. സ്വയം എഴുന്നേറ്റിരുന്നു ദീർഘനേരം സംസാരിച്ചു. സുഖക്കേട് ലഘുവായതുപോലെ തോന്നി. ഞാൻ അവിടെ ചെന്നതിൽ അദ്ദേഹം പ്രകടിപ്പിച്ച സന്തോഷം അത്ര വലുതായിരുന്നു. എന്നോടൊത്ത് എം.എം. നദ്വിയും ഉണ്ടായിരുന്നു.

മൗലാനയുടെ വീട്ടിലേക്ക് പോകും വഴി മെയ്ൻ റോഡിൽ ലാഹോർ

ഖസൂർ എന്ന് ബോർഡ് വെച്ച ധാരാളം ബസ്സുകൾ കണ്ടു. അപ്പോൾ ജെ. ഡി.റ്റി യതീംഖാന സ്ഥാപിച്ച മൗലാനാ അബ്ദുൽ ഖാദിർ ഖസൂരിﷺ അവർകളെയും അവരുടെ മക്കളായ മൗലാന മുഹ്യിദ്ദീൻ അഹ്മദ് ഖസൂരി, മൗലാനാ മുഹമ്മദലി ഖസൂരി എന്നിവരേയും ഓർമ്മ വന്നു. അവരുടെ നാടാണോ ബസ്സിൽ എഴുതി കണ്ട "ഖസൂർ' എന്നതിനെക്കുറിച്ച് മൗലാനാ ഹനീഫിനോട് തിരക്കി. അതെ എന്നുത്തരം കിട്ടി. 1921ൽ മലബാറിലെ മുസ്‌ലിംകളും ബ്രിട്ടീഷ് സർക്കാരും തമ്മിൽ ഒരു സമരം നടന്നു. മുസ്‌ലിംകൾക്ക് അറിവുമില്ല. ആയുധവുമില്ല. ബ്രിട്ടീഷ് പട്ടാളം അത് ശരിക്കും ഉപയോഗപ്പെടുത്തി. അനവധി മുസ്‌ലിംകൾ കൊല്ലപ്പെടുകയും നാടുകടത്തപ്പെടുകയും ചെയ്തു. ബ്രിട്ടീഷ് പട്ടാളം ചെന്നുകയറാനിടയില്ലാത്ത നാടുകളിലേക്ക് ധാരാളം പേർ ഓടി രക്ഷപ്പെട്ടു. വിവരമില്ലാത്ത ജനത, അറിവില്ലാത്ത നേതൃത്വത്തിന്റെ അനുസരണയുള്ള നിരായുധരായ ഭടന്മാരായി മാറിയപ്പോൾ സംഭവിക്കേണ്ടതൊക്കെ സംഭവിച്ചു. സ്വാതന്ത്ര്യ സമരരംഗത്ത് പാവപ്പെട്ട മുസ്‌ലിം യുവാക്കൾ പ്രകടിപ്പിച്ച ത്യാഗവും ധൈര്യവും ഇന്ന് വിസ്മരിക്കപ്പെടുന്നു. സ്വാതന്ത്ര്യസമരത്തെ ഒറ്റുകൊടുത്തും ബ്രിട്ടീഷുകാരന്റെ ചെരുപ്പ് നക്കിയും കഴിഞ്ഞവരും അവരുടെ ശിങ്കിടികളും അധികാരം കൈയ്യടക്കി. മുസ്‌ലിംകളുടെ പിച്ചപ്പാളയിലേക്ക് പതിറ്റാണ്ടുകൾ കഴിഞ്ഞപ്പോൾ പെൻഷൻ എന്ന എല്ലിൻ കഷ്ണങ്ങൾ എറിഞ്ഞുകൊടുത്തു. പാവപ്പെട്ട സമുദായം സാമൂഹികവും സാമ്പത്തികവുമായി ഏറെ പിന്തള്ളപ്പെട്ടു. അറിവുകേടിൽ നിന്നും അവശതയിൽ നിന്നും അവരെ ഉയർത്തിയെടുക്കാൻ മഹാന്മാരായ നേതാക്കൾ ഒത്തിരി ത്യാഗം സഹിക്കേണ്ടിവന്നു. ലഹളക്ക് ശേഷം നാട്ടിൽ വൃദ്ധരും അനാഥരായ കുട്ടികളും വിധവകളായ സ്ത്രീകളുമാണ് ബാക്കിയായതെന്ന് പറയാം. അത്യധികം ദയനീയമായ ഈ അവസ്ഥയിൽ ഈ പാവങ്ങളെ സഹായിക്കാൻ ധാരാളം പണവുമായി മേൽപ്പറഞ്ഞ മൂന്ന് മഹത്തുക്കൾ മലബാറിലേക്ക് ഓടിവന്നു. പല സ്ഥലങ്ങളിലും റിലീഫ് കേന്ദ്രങ്ങൾ തുറന്നു. ഭക്ഷണ വസ്തുക്കൾ, മരുന്നുകൾ, വസ്ത്രങ്ങൾ തുടങ്ങിയവ വിതരണം ചെയ്തുകൊണ്ട് കുറച്ചുകാലം അവർ ഇവിടെ കഴിച്ചുകൂട്ടി. ഒടുവിൽ ജെ. ഡി.റ്റി. യതീംഖാന സ്ഥാപിച്ചു. ഈ വിവരങ്ങളെല്ലാം മൗലാനാ ഹനീഫിനോട് ഞാൻ പറഞ്ഞു. ഈ മൂന്ന് മഹാന്മാരെ നിങ്ങൾ അറിയുമോ? എവിടെയാണീ ഖസൂർ? ഞാൻ ചോദിച്ചു. അദ്ദേഹം പറഞ്ഞു; അവർ എന്റെ സുഹൃത്തുക്കളായിരുന്നു. അഹ്‌ലെ ഹദീസ് നേതാക്കളായിരുന്നു. ദീനദയാലുക്കളായിരുന്നു. പഞ്ചാബിലും ഇത് പോലെ ധാരാളം സേവനങ്ങൾ അവർ അർപ്പിച്ചിട്ടുണ്ട്. വലിയ ധനാഢ്യരും ധർമ്മിഷ്ഠരുമായിരുന്ന അവർ മൂന്നുപേരും മരണപ്പെട്ടു. ഖസൂർ ഇവിടെ നിന്നും 35 മൈൽ അകലെയാ

ണ്. ഇവരുടെ ഒരു അനുജൻ ലാഹൂറിലുണ്ട്. കേന്ദ്ര ക്യാബിനറ്റിൽ അദ്ദേഹം നിയമ മന്ത്രിയായിരുന്നു. സുപ്രീംകോടതിയിലെ ഏറ്റവും പഴക്കം ചെന്ന വക്കീലാണ്. ഇപ്പോൾ പ്രായവും അസുഖവുമായി വീട്ടിൽ കിടപ്പാണ്. ഇതൊക്കെ കേട്ടപ്പോൾ ഞാൻ അദ്ദേഹത്തേയും ഖസൂരിലുള്ള അവരുടെ വീടും കാണാൻ ആഗ്രഹം പ്രകടിപ്പിച്ചു. ഉടനെ മൗലാനാ ഹനീഫ് ഫോണിൽ ബന്ധപ്പെട്ടു. “മലബാറിൽ നിന്നും എന്റെ ഒരു സുഹൃത്ത് വന്നിട്ടുണ്ട്. മക്കയിൽ വെച്ചുള്ള സൗഹൃദമാണ്. നിങ്ങളുടെ പിതാവും ജ്യേഷ്ഠന്മാരും ചേർന്ന് മലബാറിൽ സ്ഥാപിച്ച യതീംഖാനയെക്കുറിച്ച് അദ്ദേഹം പറഞ്ഞു.” മഹ്മൂദ് അലി ഖസൂരി അതാണ് അദ്ദേഹത്തിന്റെ പേര്. വിവരം കേട്ടയുടൻ അദ്ദേഹം കാർ അയച്ചു. ഞാൻ പോയി. ചെന്നപ്പോൾ അദ്ദേഹം ചാരുകസേരയിൽ ഇരിക്കുന്നു. എഴുന്നേറ്റ് നിൽക്കാൻ പ്രയാസം. ദ്വിഭാഷിയുടെ സഹായത്തോട് കൂടി ഞങ്ങൾ ദീർഘനേരം സംസാരിച്ചു. വീടിന്റെ പൂമുഖം വലിയ ലൈബ്രറിയാണ്. അധികവും നിയമ ഗ്രന്ഥങ്ങളാണെന്ന് മനസ്സിലായി. നിയമോപദേശങ്ങൾക്കായി വലിയ വക്കീലൻമാർ അവിടെ വരാറുണ്ടത്രെ. ജെ.ഡി.റ്റിയെക്കുറിച്ച് ഞാൻ പറഞ്ഞപ്പോൾ ചുമരിൽ തൂക്കിയിട്ട മൂന്നു ചിത്രങ്ങൾ എനിക്ക് കാണിച്ചു തന്നു. എന്നിട്ടദ്ദേഹം കരയാൻ തുടങ്ങി. ഞാനും കരഞ്ഞുപോയി. ജെ. ഡി.റ്റിയുടെ സ്ഥാപകരായ ആ നല്ല മനുഷ്യരുടെ ചിത്രങ്ങളായിരുന്നു അത്.

ഖസൂരിൽ പോകാനും ആ വീട് കാണാനുമുള്ള എന്റെ മോഹം പറഞ്ഞു. അതിന് ഏർപ്പാടുണ്ടാക്കാമെന്നും താൻ കൂടെ വരാമെന്നും വിവരം മക്തബുദ്ദഅ്‌വയിലേക്ക് ഫോണിലൂടെ അറിയിക്കാമെന്നും അദ്ദേഹമേറ്റു. അവിടെ ഗസ്റ്റ് ഹൗസിലായിരുന്നു എന്റെ താമസം. അടുത്ത ദിവസം തന്നെ അറിയിപ്പ് വന്നു. “ഞാനിതാ വരുന്നു. ഖസൂരിലേക്ക് പോകാൻ ഒരുങ്ങിയിരിക്കുക.” അങ്ങനെ അദ്ദേഹവും കുടുംബത്തിൽ പെട്ട ചിലരും രണ്ടു കാറുകളിലായി വന്നു. ഞങ്ങൾ പോയി. ഖസൂർ ഒരു പുരാതന പട്ടണമാണ്. അവരുടെ വീട് ഒരു കൊട്ടാരസമാനമായതാണ്. മഹ്മൂദ് അലിയെ താങ്ങിയെടുത്ത് ഒരു കട്ടിലിൽ കിടത്തി. ആ വലിയ വീട്ടിൽ അഹ്ലെ ഹദീസ് നേതാക്കൾ, മൗലാനാ അബുൽകലാം ആസാദ്, മഹാത്മാ ഗാന്ധി, പണ്ഡിറ്റ് നെഹ്റു മുതലായവർ വിശ്രമിച്ചിരുന്ന മുറികളും ഭക്ഷണം കഴിച്ചിരുന്ന ഹാളും കാണിച്ചുതന്നു. ആ വീടിന്റെ മതപരവും രാഷ്ട്രീയവുമായ ഉയർന്ന പശ്ചാത്തലം എനിക്ക് ബോധ്യമായി. മഹ്മൂദ് അലി ഖസൂരി തന്റെ സ്വന്തം ചെലവിൽ അവിടെ ഒരു മസ്ജിദ് നിർമ്മിക്കുന്ന വിവരം അറിഞ്ഞു. അപ്പോൾ അത് കാണാൻ മോഹം. ഖസൂരിന്റെ ഒരറ്റത്ത് വളരെ ആവശ്യമായ സ്ഥലത്ത് വിശാലവും മനോഹരവുമായ ഒരു മസ്

ജിദ് പണി കഴിഞ്ഞിരിക്കുന്നു. നമസ്കാരം തുടങ്ങിയിട്ടുമുണ്ട്. പള്ളിയോട് ചേർന്ന് മനോഹരമായ ഒരു ഗാർഡന്റെ മിനുക്ക് പണികൾ നടക്കുകയാണ്. നമ്മുടെ നാട്ടിൽ തീരെ ഇല്ലാത്ത കാര്യമാണിത്. നാട്ടിൻപുറത്തുള്ള മിക്ക പള്ളികളിലേക്കും ഇഴജന്തുക്കളെ പേടിച്ചുവേണം നടക്കാൻ.

ജെ.ഡി.റ്റിയുടെ വികസനത്തെക്കുറിച്ച് ഞാൻ അദ്ദേഹത്തെ ധരിപ്പിച്ചു. പള്ളി, പ്രിന്റിംഗ് പ്രസ്സ്, ചെറുകിട ഫാക്ടറി, ഫർണ്ണിച്ചറുകൾ നിർമ്മാണം എന്നിങ്ങനെയുള്ള വളർച്ച കൂടാതെ എല്ലാ വർഷവും അതിന്റെ മാനേജർ പത്ത് യതീം മക്കളെ സുഊദി ഗവൺമെന്റിന്റെ ചെലവിൽ ഹജ്ജിന് കൊണ്ടുപോകുന്ന കാര്യവും പറഞ്ഞു. ജെ.ഡി.റ്റിയുടെ മാതൃക പിൻപറ്റി തിരൂരങ്ങാടിയടക്കം ഒട്ടേറെ ദേശങ്ങളിൽ ധാരാളം യതീംഖാനകൾ ഉയർന്നുവന്നതും അതിന്റെയെല്ലാം തുല്യപ്രതിഫലം ഖസൂരി സഹോദന്മാർക്ക് അല്ലാഹു നൽകുമെന്ന് ആശിക്കാവുന്നതാണെന്നും ഞാൻ പറഞ്ഞപ്പോൾ അദ്ദേഹം വല്ലാതെ വികാരാധീനനാകുന്നതു കണ്ടു. നിങ്ങളുടെ മക്കളിൽ ആരെയെങ്കിലും ഇതൊക്കെ കാണുവാൻ അയക്കണമെന്നും ഞാൻ പറഞ്ഞു. അദ്ദേഹം സമ്മതിച്ചു. അത് എന്തായി എന്നറിയില്ല. ഇപ്പോൾ അദ്ദേഹം ജീവിച്ചിരിക്കുന്നുണ്ടോ എന്നും അറിയില്ല. നന്മയുടെ ഉദാത്തമായ പാരമ്പര്യം നിലനിർത്തുന്ന ആ കുടുംബത്തെ അല്ലാഹു ബർക്കത്തിലാക്കട്ടെ. മഹാന്മാരായ മുൻഗാമികൾക്ക് അല്ലാഹു അനർഘമായ പ്രതിഫലം നൽകി അനുഗ്രഹിക്കുമാറാകട്ടെ.

ലാഹോറിൽവെച്ചുണ്ടായ മറ്റൊരു വിശേഷം: മൗലാന മൗദൂദി പത്താൻകോട്ട് ദാറുൽ ഇസ്‌ലാമിൽ 1944 ഏപ്രിൽ മാസത്തിൽ ഒരു പ്രസ്താവന ഇറക്കിയിരുന്നു. ദാറുൽ ഇസ്‌ലാം സ്ഥാപിച്ചു മൂന്ന് വർഷം കഴിഞ്ഞതിനു ശേഷമാണിത്. റുദാദ് ജമാഅത്തെ ഇസ്‌ലാമി എന്ന പുസ്തകത്തിലാണ് (രണ്ടാം ഭാഗം, പേജ് 19) ഇതുള്ളത്. അത് ഒരു സ്നേഹിതൻ എനിക്ക് കാണിച്ചുതന്നു. അതിന്റെ ചുരുക്കം ഇവിടെ പറയാം. ഇപ്പോൾ സത്യം തെളിഞ്ഞു. ഇതുവരെ സത്യവും അസത്യവും കലങ്ങിക്കിടക്കുകയായിരുന്നു. അപ്പോൾ നമ്മുടെ സന്ദേശം തള്ളിക്കളയുവാൻ നിങ്ങൾക്ക് ഒരു കാരണമുണ്ടായിരുന്നു. ഇപ്പോൾ അത് അവസാനിച്ചു. അതുകൊണ്ട് ഈ സന്ദേശം ലഭിച്ചതിനുശേഷം ആരെങ്കിലും ഇത് തള്ളിക്കളയുന്നപക്ഷം അവർ യഹൂദികൾക്ക് സമാനമാകുന്നു. അതിനാൽ രണ്ടിലൊരു മാർഗമേ ഇനി നിങ്ങൾക്കുള്ളൂ. ഒന്നുകിൽ നമ്മുടെ സന്ദേശം സ്വീകരിക്കുക. അല്ലെങ്കിൽ യഹൂദികളുടെ മാർഗം സ്വീകരിക്കുക.

ഇതിന്റെ 19-ാം പേജിന്റെ ഫോട്ടോ കോപ്പി ഞാൻ എടുപ്പിച്ചു. അതോടൊപ്പം എന്റെ ഒരു കത്തും ചേർത്ത് ജമാഅത്തെ ഇസ്‌ലാമി അമീർ

മിയാൻ തുഫൈൽ മുഹമ്മദ് അവർകൾക്ക് കൊടുത്തു. എന്റെ കത്തിലെ ഉള്ളടക്കം ഇങ്ങനെയായിരുന്നു. മൗദൂദി സൗഹിബിന്റെ ഈ പ്രസ്താവന നിങ്ങൾ ശരിവെക്കുന്നുണ്ടോ? അഥവാ എന്തു പറയുന്നു? മറുപടി തപാലിൽ കേരളത്തിലേക്ക് അയച്ചുകൊള്ളാമെന്ന് അദ്ദേഹത്തിന്റെ സെക്രട്ടറി പറഞ്ഞു. 85 നവംബർ ആദ്യ ആഴ്ചയിലായിരുന്നു സംഭവം. പക്ഷെ, മറുപടി ഒരു പതിറ്റാണ്ട് കഴിഞ്ഞിട്ടും വന്നില്ല. ലാഹോറിൽ നിന്നും മടങ്ങി ഡൽഹിയിലെത്തി. ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി അമീറിനും ഇപ്രകാരം കത്ത് കൊടുത്തു. മറുപടി കിട്ടിയില്ല.

ഓർമകളുടെ തീരത്ത്

## 70

# മൗദൂദിയുടെ ഖബർ

ലാഹോറിൽ ഞാൻ മൗദൂദി സാഹിബിന്റെ ഖബർ കാണാൻ പോയി. അദ്ദേഹത്തിന്റെ വീടിന്റെ മുറ്റത്താണ് ഖബർ. നാലു വാര വീതിയിൽ, നീളത്തിൽ അൽപം ഉയർത്തിയ നിലയിൽ. നമ്മുടെ നാട്ടിലെപോലെ അതിന്റെ രണ്ടറ്റത്തും കല്ല് നാട്ടിയിട്ടില്ല. ഖബർ ലേശം ഉയരത്തിലാണെന്ന് മാത്രം. തലഭാഗത്ത് പനിനീർപൂവു പോലെയുള്ള പുഷ്പ ഇതളുകൾ വിതറിയിരിക്കുന്നു. ചന്ദനത്തിരി കത്തിച്ചതും കണ്ടു. രാവിലെ ഏഴുമണിക്കാണ് ഈ സന്ദർശനം. അവിടെ ആരെയും കണ്ടില്ല. ഞാനും കൂട്ടുകാരനും അവിടെ കുറെ ചുറ്റിക്കറങ്ങി. അപ്പോൾ വീടിന്റെ തെക്ക് ഭാഗത്തുള്ള ഒരു മുറിയിൽ നിന്ന് ഒരു വയസ്സനായ ആൾ ഇറങ്ങിവന്നു. അദ്ദേഹവുമായി സംസാരിച്ചു. “ഞാൻ മൗലാനയുടെ സെക്രട്ടറിയായിരുന്നു. കറാച്ചിയാണ് സ്വദേശം. അദ്ദേഹത്തിന്റെ വിയോഗത്തിന് പത്ത് വർഷം മുമ്പ് ബന്ധപ്പെട്ടതാണ്. പിന്നെ ഞങ്ങൾ പിരിഞ്ഞിട്ടില്ല. മൗലാന നടത്തിയിരുന്ന ബുക് ഡിപ്പോവിന്റെ മാനേജറാണിപ്പോൾ, ഭാര്യയും ഒരു മകളും മാത്രമേയുള്ളൂ.” എന്നും പറഞ്ഞു. പൊതു ഖബർസ്ഥാനിൽ അടക്കാതെ വീടിന്റെ മുറ്റത്ത് തന്നെ അടക്കം ചെയ്തു ഖബർ ഒറ്റപ്പെടുത്തിയതിന് പ്രത്യേക കാരണമുണ്ടോ? എന്ന ഞാൻ ചോദിച്ചപ്പോൾ, അത് ചോദിക്കരുത്, വിവരിക്കാൻ എനിക്ക് ബുദ്ധിമുട്ടുണ്ട് എന്നാണ് പ്രതികരിച്ചത്.

ഇങ്ങനെ ചോദിക്കാൻ ഒരു കാരണമുണ്ടായിരുന്നു. ഇത് സംബന്ധിച്ച് ഞാൻ നേരത്തെ ഒരു കാര്യം അറിഞ്ഞിരുന്നു. അന്വേഷണത്തിൽ അത് സ്ഥിരപ്പെടുകയും ചെയ്തു.

ജമാഅത്തെ ഇസ്‌ലാമി, അവരുടെ പാർട്ടി ആഫീസുകളും മസ്ജിദും ലൈബ്രറിയും ഓഡിറ്റോറിയവും ഉൾപ്പെടുന്ന മൻസൂറ: എന്ന കോംപ്ലക്സിൽ മൗദൂദി സാഹിബിന് ഖബർ തയ്യാറാക്കിയിരിക്കുന്നു. കുടുംബക്കാർ വീടിന്റെ മുറ്റത്തും അത് ഏർപ്പാടാക്കി. മൗദൂദി സാഹിബിന്റെ പേരിൽ വരാൻ സാധ്യതയുള്ള പാരിതോഷികങ്ങളും മറ്റും തങ്ങൾക്കവകാശപ്പെട്ടതാണെന്ന് കുടുംബം വാദിച്ചു. അങ്ങനെ പാർട്ടിയും കുടുംബവും തമ്മിൽ തർക്കത്തിലായി. അങ്ങനെ അവർ യോജിച്ച് ഒരു മദ്ധ്യസ്ഥനെ നിശ്ചയിച്ചു. മദ്ധ്യസ്ഥൻ കുടുംബത്തിന് അനുകൂലമായി വിധിച്ചു. അങ്ങനെയാണ് വീട്ടുമുറ്റത്ത് ഖബറടക്കം നടന്നത്. ഈ വിഷയം ഞാൻ 86 മാർച്ച് ലക്കം സൽസബീലിൽ 'വിശേഷങ്ങൾ' എന്നതിൽ എഴുതിയിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ പ്രബോധനം ചോദ്യോത്തര പംക്തിയിൽ ഇത് സംബന്ധമായി ചോദ്യം വന്നു. മറുപടിയിൽ എല്ലാം നിഷേധിക്കുകയായിരുന്നു. എന്റെ കണ്ണുകൊണ്ട് ഞാൻ കണ്ടുബോധ്യപ്പെട്ട, അദ്ദേഹത്തിന്റെ ഖബറിൽ പുഷ്പം വിതറിയതും ചന്ദനത്തിരി കത്തിച്ചതുമായ വിഷയവും പ്രബോധനം നിഷേധിച്ചിട്ടുണ്ട്. പക്ഷേ, ഞാൻ കണ്ട കാര്യം, കാണാത്ത മുജീബ് എന്ന മറുപടിക്കാരൻ നിഷേധിച്ചതുകൊണ്ട് ഇല്ലാതാകുകയില്ലല്ലോ. ഈ കാര്യം വീണ്ടും ഞാൻ എഴുതി. ജമാഅത്തെ ഇസ്‌ലാമിയും മൗദൂദി സാഹിബും പ്രവാചകന്മാർ പഠിപ്പിച്ച തൗഹീദിനെ ചെറുതായി കാണുകയും രാഷ്ട്രീയാധികാരത്തെ മുന്തിയ തൗഹീദായി വിളംബരം ചെയ്യുകയും ചെയ്തപ്പോൾ ഇത്തരം ശിർക്കുപരമായ അനാചാരങ്ങൾ ശാഖാപരമായ പ്രശ്നങ്ങളായി മാത്രമേ അവർ കണ്ടിട്ടുള്ളൂ. ശിർക്ക് അതിന്റെ എല്ലാ അർത്ഥത്തിലും (രാഷ്ട്രീയകാര്യങ്ങൾ) സജീവമായി നിൽക്കുമ്പോൾ അതേക്കുറിച്ച് ഒരക്ഷരം ഉരിയാടാതെ ശാഖാപരമായ കാര്യങ്ങൾ ഊതി വീർപ്പിച്ച് സമുദായത്തിൽ ഭിന്നിപ്പുണ്ടാക്കുകയാണ് ചെയ്യുന്നതെന്ന് പറഞ്ഞു മുജാഹിദ് പ്രസ്ഥാനത്തെ അവർ എന്നും ആക്ഷേപിച്ചിരുന്നു. ജീവനുള്ള ശിർക്കിനു നേരെ കണ്ണു ചിമ്മുകയും ചത്ത ശിർക്കിനെതിരിൽ ആയുധമെടുക്കുകയും ചെയ്യുന്നുവെന്നും അവർ ഞങ്ങളെ വിശേഷിപ്പിച്ചിട്ടുണ്ട്. നേർമാർഗത്തിൽ നിന്നും വ്യതിചലിക്കണമെന്ന് ബോധപൂർവ്വം തീരുമാനിച്ചാൽ ഇതും ഇതിലപ്പുറവും പറയും. ചെയ്യും.

ഇപ്പോൾ നമ്മുടെ കൂട്ടത്തിൽ ചില യുവനേതാക്കൾ പൊതുതാൽപര്യമേഖല കണ്ടെത്താൻ ശ്രമിക്കുന്നതായി മനസ്സിലാകുന്നു. ഇത് മേൽ പറഞ്ഞ അവസ്ഥയിലേക്കുള്ള നീക്കത്തിന്റെ തുടക്കമാണെന്ന് ഞാൻ ഭയപ്പെടുന്നു. ഈ ഭയത്തിനും ഒരു കാരണമുണ്ട്. ഈ വ്യതിയാനത്തിന്

ചുക്കാൻ പിടിക്കുന്ന യുവനേതാവ് മക്കയിൽ ഉമ്മുൽഖുറാ യൂണിവേഴ്സിറ്റിയിൽ പഠിക്കുന്ന കാലത്ത് തന്നെ ഈ വസ്വാസ് ബാധിച്ചയാളായിരുന്നു. ഞാൻ ജമാഅത്തെ ഇസ്‌ലാമിയുടെ ആശയവ്യതിയാനം തുറന്നു കാണിക്കുന്ന ഒരു അറബി ലഘുലേഖ തയ്യാറാക്കി അറബികളിൽ നേരിട്ട് അറിയുന്നവർക്കെല്ലാം എത്തിച്ചിരുന്നു. അതിന്റെ ഒരു കോപ്പി ഇദ്ദേഹത്തിനും അയച്ചു. അദ്ദേഹം എന്നെ ആക്ഷേപിച്ചുകൊണ്ടാണ് മറുപടി അയച്ചത്. പിന്നീട് ഇദ്ദേഹത്തെ കെ.പി. യുവനേതാവായി അവരോധിക്കാൻ തീരുമാനിച്ചപ്പോൾ ഞാൻ കെ.പി.യോട് ഈ അനുഭവം പറഞ്ഞിരുന്നു. അന്ന് അദ്ദേഹം എന്നെ ആശ്വസിപ്പിച്ചു. "അതെല്ലാം നേരെയാകും. നമുക്ക് നേരെയാക്കിയെടുക്കാം. അയാൾ സമർത്ഥനും സംഘാടക വൈഭവമുള്ളവനുമാണ്. അത്തരം യുവാക്കളെ നമ്മൾ കൂടെ നിർത്തി നന്നാക്കിയെടുക്കണം." കെ.പിയുടെ സദുദ്ദേശ്യവും ആത്മവിശ്വാസവും തള്ളിക്കളയേണ്ട കാര്യം രണ്ടു നിലക്ക് എനിക്ക് പാടില്ലായിരുന്നു. ഒന്ന് കെ.പിയുടെ സംഘടനാ വൈഭവത്തിനു മുന്നിൽ ഞാൻ ഒരു ബാലനാണ്. രണ്ട്, കെ.പിയെപ്പോലെ എനിക്കും നന്നാക്കണമെന്ന വിചാരണമാണുണ്ടായിരുന്നത്. പക്ഷെ, പിന്നീട് പലപ്പോഴും എന്റെ ആ പ്രതീക്ഷയ്ക്ക് മങ്ങലേൽക്കുന്ന അനുഭവങ്ങളുണ്ടായി. പക്ഷെ, ഞാൻ അദ്ദേഹത്തെ എതിർക്കാനോ തള്ളിപ്പറയാനോ തയ്യാറായില്ല. അദ്ദേഹം മേലതട്ടിൽ സജീവമായി വിലസുകയാണ്. അതുകൊണ്ട് ഞാൻ അത്തരം ഒരു നിലപാടെടുത്താൽ പ്രാസ്ഥാനിക രംഗത്ത് അത് കൂടുതൽ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുമെന്ന് മനസ്സിലാക്കി. ഞാൻ പണ്ടേ ഒരു പ്രശ്നക്കാരനാണല്ലോ. പക്ഷെ, വേണ്ടപ്പെട്ടവരോട്, പ്രത്യേകിച്ച് കെ.പി.യോടും മറ്റും സന്ദർഭം കിട്ടിയപ്പോഴൊക്കെ ഇത് ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്. ചില സുഹൃത്തുക്കൾക്ക് കത്തെഴുതി അറിയിച്ചിട്ടുണ്ട്. ഒരിക്കൽ എന്നെ കാണാൻ വന്ന ചില നേതാക്കളോട് വിഷയം പറഞ്ഞിട്ടുണ്ട്. പക്ഷെ, ആരും അത് മുഖവിലക്ക് എടുത്തതായി തോന്നിയില്ല. എന്നാൽ അദ്ദേഹം യുവജനവേദിയിൽ ശക്തമായി പിടിമുറുക്കുകയും ശബാബ് അതിന്റെ മുഖപ്രസംഗത്തിലൂടെ പൊതുതാൽപര്യമേഖല കണ്ടെത്തുക എന്ന ആഹ്വാനവുമായി പരസ്യമായി പ്രത്യക്ഷപ്പെടുകയും ചെയ്തപ്പോൾ, പരസ്യമായി പ്രതികരിക്കാൻ ഞാൻ ആരുടെയും അനുവാദത്തിന് കാത്തുനിന്നില്ല. സൽസബീലിലൂടെ എന്റെ ശബ്ദം ഞാൻ മുഴക്കി. "ദീനിനോട് കൂറു പാലിക്കുക" എന്ന പ്രവാചകവചനം എന്നിലേൽപിച്ച ബാധ്യത എനിക്ക് നിർവ്വഹിക്കേണ്ടി വന്നു. അദ്ദേഹത്തോടും അദ്ദേഹത്തോടൊപ്പം നിൽക്കുന്നവരോടും എനിക്ക് വ്യക്തിപരമായി യാതൊരു വെറുപ്പും വൈരാഗ്യവുമില്ല. സ്നേഹ

ത്തോടെ മാത്രമേ ഞാൻ വർത്തിച്ചിട്ടുള്ളൂ. പക്ഷെ, ആദർശ സംബന്ധ മായി അതൊരു ദൗർബ്ബല്യമായി മാറുന്നത് എനിക്ക് ഇഷ്ടമുള്ള കാര്യമല്ല.

ലാഹോറിൽ നിന്നും മറ്റൊരു വിശേഷവും കൂടി അറിയിക്കാനുണ്ട്. അവിടെ ടൗണിന്റെ മദ്ധ്യത്തിൽ ശൈഖ് അലി ബുഹ്ലെരി എന്ന ഒരു വലി യ്യിന്റെ ഖബറുണ്ട്. അത് വലിയൊരു ദർഗയാണ്. ഗുരുവായൂർ ക്ഷേത്ര ത്തിലേതിന് സമാനമായ പരിപാടികൾ അവിടെ നിത്യവും നടക്കു ന്നുണ്ട്. അതൊന്ന് നേരിൽ കാണമെന്ന് തോന്നി ഞാൻ അവിടെ പോയി. എനിക്കവിടെ പോകാൻ തോന്നിയതിന്റെ കാരണം ഇതാണ്: മുമ്പൊരു കാലത്ത് സുഊദി ഗവൺമെന്റും ജമാൽ അബ്ദുന്നാസറിന്റെ ഈജി പ്ഷ്യൻ ഭരണകൂടവും തമ്മിൽ വലിയ ഒരു പിണക്കമുണ്ടായി. നൂറ്റാണ്ടു കളായി കഅ്ബയെ പുതപ്പിക്കുന്ന ഖില്ല ഈജ്പ്തിൽ നിന്നാണ് കൊ ണ്ടുവന്നിരുന്നത്. പിണക്കം മൂലം സുഊദി സർക്കാർ ഈ നടപടി റദ്ദാക്കി. പാകിസ്ഥാൻ ഗവൺമെന്റിനെ അതേൽപിച്ചു. പാകിസ്ഥാൻ ഗവൺമെന്റ് അതിന്നായി ഒരു കമ്മിറ്റി രൂപീകരിച്ചു. ആ കമ്മിറ്റിയുടെ ചെയർമാൻ മൗലാന അബുൽ അഅ്ലാ മൗദൂദി ആയിരുന്നു. കമ്മിറ്റികളിൽ ബറേ ൽവികളും ഉണ്ടായിരുന്നു. ഖബറിനെ ആരാധിക്കുന്നവരെയാണ് ബറേൽ വികൾ എന്ന് പറയുന്നത്. ഖില്ലയുടെ പണി തീർന്നപ്പോൾ അത് തീവണ്ടി യിൽ കറാച്ചിയിലേക്ക് കൊണ്ടുപോകൽ ഒരു വലിയ ചടങ്ങായി. ലാഹോ ർ റെയിൽവെ സ്റ്റേഷനിലേക്ക് ആർഭാടപൂർവ്വമായ ഘോഷയാത്രയോടെ യാണ് ഖില്ലയെ യാത്രയാക്കിയത്. ഈ ഘോഷയാത്ര മേൽപറഞ്ഞ ശൈ ഖ് അലിബുഹ്ലെരിയുടെ ജാറത്തിങ്കൽ പോയി ഏഴു പ്രാവശ്യം തവാഫ് ചെയ്തു. ലാഹോറിലെ അഹ്ലെ ഹദീസ് നേതാക്കൾ ഈ കടുത്ത ശിർ ക്കിന്റെ നടപടിയെ കഠിനമായി ആക്ഷേപിച്ചുകൊണ്ട് പ്രസംഗങ്ങളും പ്രസിദ്ധീകരണങ്ങളും നടത്തി. ഖില്ലാ കമ്മിറ്റി അതിനെ എതിർത്തു. ഇത് വലിയൊരു വിവാദമായി. വിവരം അറിഞ്ഞ സുഊദി സർക്കാർ അതോ ടെ ഈ പരിപാടി നിർത്തലാക്കി. ഖില്ലയുടെ നിർമ്മാണം അവർ തന്നെ ഏറ്റെടുത്തു. ഈ കാര്യങ്ങളെല്ലാം എനിക്ക് നേരത്തെ അറിയാമായിരുന്ന തിനാൽ ശപിക്കപ്പെട്ട ഈ ദർഗ ഒന്നു നേരിൽ കാണണമെന്ന് തോന്നി. ഇസ്ലാമിന് ഏറെ ഹാനികരവും അപമാനകരവുമായ പല ചെയ്തികളും അവിടെ ഞാൻ കണ്ടു. നമുക്കു പരിചയമുള്ള സുജൂദ് ഏഴ് അവയവങ്ങൾ ഭൂമിയിൽ വെച്ച് കൊണ്ടാണല്ലോ. അവിടെ ഞാൻ കണ്ട സുജൂദ് സർപ്പം നീളത്തിൽ അമർന്നു കിടക്കുംപോലെ മനുഷ്യർ നീളത്തിൽ കൈ വെച്ച് കമഴ്ന്ന് ഭൂമിയിൽ പറ്റിക്കിടക്കുന്നതാണ്. പല ക്ഷേത്രങ്ങളിലും വിഗ്രഹ ങ്ങൾക്ക് മുമ്പിൽ ഭക്തന്മാർ കിടക്കുന്നതുപോലെ! ഇത് കണ്ട ഞാൻ

അത്യധികം വേദനിച്ചു. സമുദായത്തിലെ പണ്ഡിതന്മാരാണല്ലോ ഈ വിഗ്രഹാരാധനക്ക് ചൂട്ടുപിടിക്കുന്നത്!

ഇതോടൊപ്പം ഒരു പഴയ കഥ ഓർമ്മയായി. അപ്പോൾ എന്റെ ദുഃഖം ഇരട്ടിച്ചു. എന്റെ ഗുരുതുല്യരായ എം.സി.സി. അബ്ദുറഹ്മാൻ മൗലവിയും ശൈഖ് മുഹമ്മദ് മൗലവിയുമൊന്നിച്ച് ഞാൻ ഒരിക്കൽ നാഗൂർ ദർഗ കാണാൻ പോയി. ആളുകൾ ഖബറിനു നേരെ സുജൂദ് ചെയ്യുന്നതു കണ്ടു. വല്ലാത്ത മനോവേദനയായി. പുറത്ത് വന്ന് അവിടെ അടുത്ത് ഏതെങ്കിലും മതപണ്ഡിതന്മാരുണ്ടോ എന്ന് തിരക്കി. അടുത്ത പള്ളിയിൽ ഒരു ബാഖവി ആലിം സാഹിബ് ഉണ്ടെന്നറിഞ്ഞു. അവിടെ ചെന്നു. "ഈ ദർഗയിൽ ആളുകൾ സുജൂദ് ചെയ്യുന്നത് നിങ്ങൾ അറിയുന്നില്ലേ? നിങ്ങൾ ജനങ്ങളോട് എന്തുകൊണ്ടാണ് ഇത് വിലക്കാത്തത്." എന്ന് ചോദിച്ചു. അപ്പോൾ അദ്ദേഹത്തിന്റെ മറുപടി ഇങ്ങനെയായിരുന്നു. "ആ സുജൂദിന് എന്താണ് വിരോധം? വുളു ഇല്ലാതെയുള്ള സുജൂദ് അല്ലേ?!" അല്ലാഹുവിൽ ശരണം! മതപണ്ഡിതന്മാരുടെ അവസ്ഥ ഇതാണല്ലോ! ഈ സമുദായം ഇത്ര കണ്ടു ദുഷിച്ചതിന്റെ കാരണക്കാർ ഈ തരം പണ്ഡിതന്മാർ തന്നെയാണ്. എന്നാൽ മൗദൂദിസ്റ്റുകളുടെ നിലപാട്, അതവിടെ നിൽക്കട്ടെ; കൊട്ടാരങ്ങളുടെയും സെക്രട്ടറിയേറ്റിന്റെയും കാര്യം ആദ്യം നോക്കാം എന്നാണ്. എന്നിട്ടെന്തേ ആയത്? ഖബറുകളുടെ കാര്യം നോക്കിയവർക്ക് ആ ഇനത്തിൽ മഹാ ഭൂരിപക്ഷത്തെ കൂടെ നിർത്താൻ പറ്റി. അതിനെതിരിൽ ശക്തിയായി നിന്നവർക്ക് കുറെ കെട്ടിപ്പൊക്കിയ ഖബറുകൾ ഇടിച്ചു നിരത്താൻ കഴിഞ്ഞു. ഖസ്റുകളുടെ (കൊട്ടാരങ്ങൾ) കാര്യം നുണഞ്ഞു നടന്നവർക്കാകട്ടെ ഒടുവിൽ നുണയൽ തന്നെ ബാക്കി.

ഓർമകളുടെ തീരത്ത്

## 71

# പരാജയം സമ്മതിച്ച മൗദൂദിസ്റ്റുകൾ

1940കളിൽ ജമാഅത്തെ ഇസ്ലാമി 'ഹുക്കൂമത്തെ ഇലാഹി' എന്ന മുദ്രാവാക്യം 'ഇഖാമത്തുദ്ദീൻ' എന്നാക്കി മാറ്റി. വിശദീകരണത്തിൽ രണ്ടും ഒന്നാണെന്ന് സ്ഥാപിക്കുകയും ചെയ്തു. "അല്ലാഹുവിന്റെ ഭൂമിയിൽ അല്ലാഹുവിന്റെ ഭരണം" എന്ന് പറഞ്ഞുകൊണ്ടുള്ള അവരുടെ വരവ് പ്രഥമദൃഷ്ട്യാ മുസ്ലിംകൾക്ക് അരോചകമാകേണ്ടതല്ലല്ലോ. പക്ഷെ, പ്രവാചകന്മാർ പഠിപ്പിച്ച തൗഹീദാണ് അവർ മാറ്റിമറിച്ചത്. ആരാധന

അല്ലാഹുവിന് മാത്രം എന്ന ലളിത മനോഹരമായ ആശയമാണ് തൗഹീദ്. രണ്ടു കൊച്ചു വാക്യങ്ങളിലൂടെ ഇബാദത്തിനെ പ്രവാചകർ ലളിതമായി പഠിപ്പിച്ചു. പ്രാർത്ഥന തന്നെയാണ് ആരാധന. പ്രാർത്ഥന ആരാധനയുടെ മജ്ജയാകുന്നു.

പ്രാർത്ഥനയില്ലാത്ത ഒരു കർമ്മവും ആരാധനയാകുകയില്ല എന്ന് മനസ്സിലായി. ഏറ്റവും പ്രധാനപ്പെട്ട ആരാധനയാണല്ലോ നമസ്കാരം. അല്ലാഹുവിന്റെ പ്രതിഫലം ആശിക്കുകയും പരലോക മോക്ഷം കാംക്ഷിക്കുകയും ചെയ്യാത്ത നമസ്കാരം വെറും ചടങ്ങ് മാത്രമേയാകൂ. അനുവദനീയമായ കാര്യങ്ങളും പ്രാർത്ഥനാ നിർഭരമായ മനസ്സുകൊണ്ട് ഇബാദത്താക്കുവാൻ കഴിയും. ഈ സിദ്ധാന്തം അട്ടിമറിക്കുകയാണ് ഇവർ ചെയ്തത്. ഗയ്ബി(അദൃശ്യം)യായ പരിഗണന ഇബാദത്തിന്റെ മൂല സ്രോതസ്സാണ്.  ദൃശ്യവും അദൃശ്യവും എന്ന വ്യത്യാസം മൗദൂദിസം പരിഗണിക്കുന്നതേയില്ല. റുബൂബിയ്യത്തിലെ ഏകത്വം അറബികൾ നിഷേധിച്ചിട്ടില്ല. ഉലൂഹിയ്യത്തിലെ ഏകത്വം അവർ സമ്മതിക്കുകുയം ചെയ്തില്ല. പ്രവാചകനുമായി അവർ എതിരിട്ടതും മുസ്ലിംകളെ പീഡിപ്പിച്ചതും യുദ്ധത്തിലേർപ്പെട്ടതുമെല്ലാം ഉലൂഹിയ്യത്തിൽ ഏകത്വം എന്ന ആദർശനിഷ്ഠയുടെ കടുത്ത എതിരാളികൾ എന്ന നിലയിലായിരുന്നു. പക്ഷെ, ജമാഅത്തുകാർ ഉലൂഹിയ്യത്തിന്റെ അർത്ഥത്തിലും മായം ചേർത്തു. രാഷ്ട്രീയ സമരത്തിനുള്ള ആയുധമാക്കി ഉലൂഹിയ്യത്തിന്റെ ആത്മീയമായ മേൻമയെ തരംതാഴ്ത്തി. മൗലാനാ മൗദൂദിയുടെ കുപ്രസിദ്ധമായ തിരുത്തൽ വാദഗ്രന്ഥമായ "ഖുർആൻ കീ ചാർ ബുൻയാദി ഇസ്തിലാഹേ" എന്ന ഗ്രന്ഥം "അൽ മുസ്തലഹാത്തുൽ അർബഅ ഫിൽ ഖുർആൻ" എന്ന പേരിൽ അറബിയിലേക്കും 'ഖുർആനിലെ നാലു സാങ്കേതിക പദങ്ങൾ' എന്ന പേരിൽ മലയാളത്തിലേക്കും വിവർത്തനം ചെയ്തിട്ടുണ്ട്. അതിൽ ഇങ്ങനെ കാണാം: "ഉലൂഹിയ്യത്തിന്റെ അർത്ഥത്തിൽ രാജത്വം, ഭരണകർതൃത്വം എന്നീ ആശയങ്ങൾകൂടി ഉൾപ്പെട്ടിരിക്കുന്നു. ഇലാഹിന്റെ ഏകത്വത്തിൽ ഈ അർത്ഥത്തിലും അല്ലാഹുവിന് പങ്കുകാരെ സമ്മതിക്കാതിരിക്കണം." (പേജ് 31)

മതേതര സർക്കാരുകളേയും അവയുടെ നിയമ നിർദ്ദേശങ്ങളേയും അനുസരിക്കുന്നത് അല്ലാഹുവിന് പുറമെ മറ്റു ഇലാഹുകളെ അംഗീകരിക്കുന്ന വിഗ്രഹപൂജയ്ക്ക് തുല്യമായ ശിർക്കും കുഫ്റുമാണെന്ന് ഈ തിരുത്തൽ വാദത്തിലൂടെ മൗദൂദി സമർത്ഥിച്ചപ്പോൾ ജമാഅത്തെ ഇസ്ലാമി ഇസ്ലാമിന്റെ ആദർശത്തെ തകർക്കുകയായിരുന്നു. "ജമാഅത്തെ ഇസ്ലാമി സന്ദേശം" എന്ന ഗ്രന്ഥത്തിൽ മതേതര ജനാധിപത്യം ഇസ്

ലാമിക വിരുദ്ധവും ഈമാനിനെ ദ്രവിപ്പിക്കുന്നതുമാണെന്ന് തുറന്നു പ്രസ്താവിക്കുന്നുണ്ട്. "നിങ്ങൾ പരിശുദ്ധ ഖുർആനും തിരുസുന്നത്തും ആവിഷ്കരിച്ച ഇസ്ലാമിൽ ആണ് യഥാർത്ഥത്തിൽ വിശ്വസിക്കുന്നതെങ്കിൽ, നിങ്ങൾ എവിടെയായിരുന്നാലും ശരി, മതേതര ഭൗതിക സിദ്ധാന്തത്തിലധിഷ്ഠിതമായ ഈ ദേശീയ ജനായത്തത്തെ പ്രതിരോധിക്കുകയും പകരം ദൈവ വിശ്വാസത്തിലധിഷ്ഠിതമായ അമാനുഷിക പ്രാതിനിധ്യത്തിന്റെ സ്ഥാപനാർത്ഥം സമരം നടത്തുകയും ചെയ്യേണ്ടത് നിങ്ങളുടെ ഒഴിച്ചുകൂടാത്ത കർത്തവ്യം മാത്രമാകുന്നു." (പേജ് 38) മറ്റൊരു വാചകം ഈ ഗ്രന്ഥത്തിൽ ഇങ്ങനെ കാണാം. "മുസൽമാൻമാരെ സംബന്ധിച്ചിടത്തോളം ഞാൻ ഇതാ അവരോട് തുറന്ന് പ്രസ്താവിക്കുന്നു. ആധുനിക മതേതര ദേശീയ ജനാധിപത്യം നിങ്ങളുടെ ഇസ്ലാമിനും ഈമാനിനും കടകവിരുദ്ധമാണ്. പ്രസ്തുത വ്യവസ്ഥിതിയുമായി ഇസ്ലാം യോജിക്കുന്ന ഒരു പോയിന്റുമില്ല. ആ വ്യവസ്ഥിതി വാഴുന്നിടത്ത് ഇസ്ലാം വെറും ജലരേഖയായിരിക്കും." (പേജ്.33) മൗദൂദിയുടെ ഈ ആശയ വ്യതിയാനത്തെ അഥവാ തീവ്രവാദത്തെ കേരള ജമാഅത്തെ ഇസ്ലാമിയും സഹർഷം സ്വാഗതം ചെയ്യുകയാണുണ്ടായത്. അവരുടെ മുഖപത്രമായ പ്രബോധനത്തിലെ പ്രഖ്യാപനം അത് തെളിയിച്ചു. "ചുരുക്കത്തിൽ താത്വികമായും കർമ്മപരമായും ദീനും സെക്യുലരിസവും പരസ്പര വിരുദ്ധമാണ്. നേർക്കുനേരെയുള്ളത് അവ രണ്ടിൽ ഏതെങ്കിലും ഒന്നിനോട് മാത്രം പൂർണ്ണ ബന്ധം സ്ഥാപിച്ച് മറ്റേതിനെ സന്തോഷത്തോടെ യാത്രയയക്കുക എന്നതാണ്. ഒരേ സമയത്ത് രണ്ട് ദൈവങ്ങളെ അനുസരിക്കുക സാധ്യമല്ലതന്നെ."

ഈ തീവ്രവാദം ക്രമേണ ഭീകരവാദത്തിലേക്ക് നയിക്കുന്നു. ജനാധിപത്യ മതേതര സിദ്ധാന്തത്തിനെതിരിൽ എവിടെ ഏത് പരിതസ്ഥിതിയിലായാലും മുസ്ലിംകൾ സമരം നടത്തണമെന്ന് ആഹ്വാനം ചെയ്യുമ്പോൾ അതിന്റെ പരിണിത ഫലം ഭീകര പ്രവർത്തനങ്ങളോടെയുള്ള മുന്നേറ്റമായിരിക്കും. കശ്മീരിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും ഇത്തരം തീവ്രവാദ പ്രവർത്തനങ്ങൾ വളർന്നുവരുന്നത് നമുക്ക് അനുഭവമല്ലോ. 'സമാധാനത്തിന്റെ സന്ദേശമാണ് ഇസ്ലാം' എന്ന് നമ്മൾ വിളിച്ചു പറയുമ്പോൾ 'ഭീകരവാദത്തിന്റെ മതം ഇസ്ലാം തന്നെ' എന്ന് തിരിച്ചടിക്കാൻ ശത്രുക്കൾക്ക് ഇത്തരം ആശയങ്ങൾ വടിയായി രൂപാന്തരപ്പെടുന്നു. "ഇന്ത്യയുടെ മോചനം ഇസ്ലാമിലൂടെ" എന്ന ചുമരെഴുത്തിന് നൽകിയ മറുപടി ഇതിനുള്ള തെളിവാകുന്നു. മൗദൂദിസം സ്വീകരിച്ച 'സിമി'യുടെ മുദ്രാവാക്യമാണിത്. 'ഇസ്ലാമിന്റെ നാശം ഇന്ത്യയിൽ തന്നെ' എന്ന്

ഹിന്ദു തീവ്രവാദികൾ തിരിച്ചടിച്ചു. ഭൂരിപക്ഷ വർഗീയത ഉരുണ്ടുകൂടി മുസ്‌ലിം വിരുദ്ധ ഭീകരവാദമായി രൂപാന്തരപ്പെടുവാൻ മാത്രമേ ബുദ്ധിശൂന്യമായ മുദ്രാവാക്യങ്ങൾ ഇവിടെ ഉപകരിച്ചിട്ടുള്ളൂ.

അര നൂറ്റാണ്ടിലേറെ അതിസാഹസം പ്രകടിപ്പിച്ചുകൊണ്ട് നാടാകെ പ്രചരിപ്പിച്ച മൗദൂദിസം നാടിനോ സമുദായത്തിനോ ഒരു പ്രയോജനവും ചെയ്തില്ല. ഇസ്‌ലാമിനെ തെറ്റിദ്ധരിപ്പിക്കാൻ ഉതകി എന്നതു മാത്രമാണ് ഇവരിൽ നിന്നുള്ള സംഭാവന! പ്രസംഗിച്ചും എഴുതിയും ഗ്രന്ഥവിൽപന വ്യാപകമാക്കി. അതിഗുരുതരമായ ഈ ഭവിഷ്യത്ത് നാട്ടിൽ പ്രചരിപ്പിച്ചു. ഹിന്ദുത്വ തീവ്രവാദികളുടെ കായിക പരിശീലന ശിബിരങ്ങളിൽ വളണ്ടിയർമാർക്ക് ഇസ്‌ലാമിനെതിരെയുള്ള ഉത്തേജക മരുന്ന് നേതാക്കൾ നൽകുന്നത് മൗദൂദിയുടെ ഖുത്ബാത്തിലെ ഉദ്ധരണികൾ കേൾപ്പിക്കുന്നതിലൂടെയാണ് എന്ന് ഞാൻ അറിഞ്ഞിട്ടുണ്ട്. നമസ്കാരം, നോമ്പ്, സകാത്ത്, ഹജ്ജ് തുടങ്ങിയ നിർബന്ധ കർമ്മങ്ങൾ ഭരണം സ്ഥാപിക്കാനുള്ള പരിശീലനങ്ങളാണെന്ന് മൗദൂദി ഖുത്ബാത്തിൽ സമർത്ഥിച്ചിട്ടുണ്ടല്ലോ. പള്ളികൾ അതിനുള്ള കേന്ദ്രങ്ങളാണെന്ന് ഖുത്ബാത്തിൽ അടിവരയിട്ട് പറയുന്നുണ്ട്. ഹജ്ജിന് വേണ്ടി വിദേശത്തേക്ക് പോകുന്നത് ഇത്തരം കാര്യങ്ങൾക്ക് പരിശീലനം നേടാനാണെന്ന് മനസ്സിലാക്കുന്ന ഒരു അമുസ്‌ലിം ക്രമേണ വർഗീയ വാദിയും പിന്നീട് മുസ്‌ലിം വിരുദ്ധ തീവ്രവാദിയുമായി പരിണമിക്കുന്നുവെങ്കിൽ അവരെ കുറ്റപ്പെടുത്തുന്നതിനേക്കാൾ ഉത്തമം സ്വയം നാം തിരുത്തുകയാണ്.

ഇവിടെയും ജമാഅത്തെ ഇസ്‌ലാമി ഇരട്ടത്താപ്പ് നയമാണ് സ്വീകരിച്ചത്. മതവിരുദ്ധാശയങ്ങൾ പ്രചരിപ്പിക്കുന്ന ഗ്രന്ഥങ്ങളൊക്കെയും പുനഃപ്രസിദ്ധീകരണങ്ങളിലൂടെയും സ്കോഡ് പ്രവർത്തനങ്ങളിലൂടെയും നാടൊട്ടുക്കും പരത്തുന്ന രീതി തുടർന്നുകൊണ്ടിരിക്കുന്നു. മറുഭാഗത്ത് തങ്ങളുടെ ആശയാദർശങ്ങൾ പരാജയമെന്ന് സമ്മതിച്ചുകൊണ്ട് തന്ത്രപൂർവ്വം ഒഴിഞ്ഞുമാറുന്നു. ഒരാദർശ പ്രസ്ഥാനത്തിന്റെ സംശുദ്ധിക്ക് യോജിക്കുന്നവയല്ല ഇത്. എന്നാൽ സംഘടനാ പ്രവർത്തനത്തിന്റെ ഗമനത്തിൽ ഒട്ടും വളർച്ച ലഭിക്കാത്ത മുരടിച്ച നിലപാട് തുറന്നു സമ്മതിക്കേണ്ട ഗതികേടും ഇതോടൊപ്പമുണ്ടായി.

അര നൂറ്റാണ്ടിലേറെയായി ഇസ്‌ലാമിക ഹുക്കൂമത്തിന്റെ സംസ്ഥാപനത്തിന് വേണ്ടി സമർപ്പണബോധത്തോടെ പ്രവർത്തിക്കുന്നവരാണ് തങ്ങളെന്ന് വാ തോരാതെ പറയുകയും കൈകഴച്ചാലും എഴുതി നിർവൃതിയടയുകയും ചെയ്തവരാണല്ലോ മൗദൂദിസ്റ്റുകൾ. ഇന്ത്യയിലെ അമുസ്‌ലിം ഭൂരിപക്ഷത്തിന് ഇസ്‌ലാമിനെ പരിചയപ്പെടുത്തുകയും അവരെ

ഇസ്‌ലാമിക ഭരണ വ്യവസ്ഥിതിയുടെ ഗുണമേന്മകൾ ബോധ്യപ്പെടുത്തുകയും ചെയ്യുന്ന മഹത്തായ ദൗത്യനിർവ്വഹണം തങ്ങൾ മാത്രമാണ് ഇന്ത്യയിൽ നിർവ്വഹിക്കുന്നത് എന്ന് അറബ് ദേശങ്ങളിലെ പണ്ഡിതന്മാരെയും ഭരണകൂടത്തേയും തെറ്റിദ്ധരിപ്പിച്ച് നിരവധി ആനുകൂല്യങ്ങൾ ഇവർ നേടിയെടുത്തിട്ടുണ്ട്. ഒടുവിൽ അവർ എത്ര ദയനീയമായ പതനത്തിലാണ് എത്തിപ്പെട്ടതെന്ന് സുതരാം തെളിഞ്ഞിരിക്കുന്നു. 1997 ഏപ്രിൽ 12ന് പുറത്തിറങ്ങിയ പ്രബോധനം വാരികയിലെ ഒരു ചോദ്യവും മറുപടിയും അവരുടെ ആദർശപതനത്തെ വെളിവാക്കുന്നു.

ഖിലാഫത്തിന്റെ പുനഃസ്ഥാപനത്തിനുവേണ്ടി ഇഖ്‌വാനുൽ മുസ്‌ലിമീൻ, പാകിസ്ഥാൻ ജമാഅത്തെ ഇസ്‌ലാമി തുടങ്ങിയ പ്രസ്ഥാനങ്ങൾ നടത്തിവരുന്ന പ്രവർത്തനങ്ങളെ ഇന്ത്യൻ ജമാഅത്തുമായി എങ്ങനെ സമരസപ്പെടുത്തുന്നു എന്നായിരുന്നു ചോദ്യം. ഇതിന്റെ മറുപടിയിൽ ഇപ്രകാരം പറയുന്നു. "ഇസ്‌ലാമിന്റെ രാഷ്ട്രീയ സിദ്ധാന്തത്തെക്കുറിച്ച് അറിവും ബോധവുമുള്ള മുസ്‌ലിംകൾക്ക് ഭൂരിപക്ഷമുള്ളേടത്ത് അത് പുനഃസ്ഥാപിക്കുക പ്രായോഗികമാണ്. പ്രായോഗികമാവുകയും വേണം. അതിനുവേണ്ടിയാണ് ഇഖ്‌വാനുൽ മുസ്‌ലിമൂൻ, പാകിസ്ഥാൻ ജമാഅത്തെ ഇസ്‌ലാമി, ബംഗ്ലാദേശ് ജമാഅത്തെ ഇസ്‌ലാമി പോലുള്ള സംഘടനകൾ പ്രവർത്തിക്കുന്നത്. ഇന്ത്യയിലാകട്ടെ മുസ്‌ലിംകളിൽ തന്നെ വലിയൊരു വിഭാഗത്തിന് ഇസ്‌ലാമിന്റെ രാഷ്ട്രീയ വ്യവസ്ഥയെക്കുറിച്ച് അജ്ഞതയോ തെറ്റായ വിവരങ്ങളോ ആണുള്ളത്. 88 ശതമാനം വരുന്ന അമുസ്‌ലിംകൾക്ക് ഇസ്‌ലാമിനെക്കുറിച്ച് മിക്കവാറും ഒന്നുമറിയില്ല. അതിനാൽ ഈ രാജ്യത്ത് ഖിലാഫത്ത് സ്ഥാപിക്കണമെന്ന് ആവശ്യപ്പെടുന്നത് അയുക്തികവും അനവസരത്തിലുള്ളതും തെറ്റുദ്ധാരണാജനകവുമാണ്." (പ്രബോധം, പേ. 17)

അര നൂറ്റാണ്ട് പ്രവർത്തിച്ചിട്ടും നിന്നിടത്തുനിന്നും അനങ്ങാൻ തങ്ങൾക്കായില്ലെന്നുള്ള കുറ്റസമ്മതം ഇതിലുണ്ട്. മാത്രമല്ല, ഇസ്‌ലാഹീ പ്രസ്ഥാനവും അതിന്റെ നേതാക്കളും ആരംഭം മുതൽ തന്നെ അടിസ്ഥാനരഹിതവും അയുക്തികവുമായ ഒരു സിദ്ധാന്ത പ്രചാരണത്തിന് ഒരുങ്ങുന്നത് തെറ്റിദ്ധാരണകൾ പ്രചരിക്കാൻ മാത്രമേ ഇടയാകൂ എന്ന് നിരന്തരം ഇവരെ ഉപദേശിച്ചുകൊണ്ടിരുന്നു. അപ്പോഴെല്ലാം മുജാഹിദ് പ്രസ്ഥാനത്തെ 'ശ്മശാന വിപ്ലവക്കാർ' എന്നാക്ഷേപിക്കാൻ മാത്രമാണ് അവർ സമയം കളഞ്ഞത്. ജീവനുള്ള ശിർക്കിനെ കണ്ടില്ലെന്ന് നടിച്ച് ചത്ത ശിർക്കിനെതിരിൽ പോരാടുന്നവർ എന്ന് എന്നെയും എന്റെ പ്രസ്ഥാനത്തെയും ഇവർ പരിഹസിച്ചു. തങ്ങൾ അമുസ്‌ലിംകളെ പ്രബുദ്ധരാക്കു

ന്ന മഹദ് പ്രവർത്തനത്തിലാണെന്ന് വമ്പ് നടിക്കുകയും ചെയ്തു. ഒടുവിൽ വീണിതല്ലോ കിടക്കുന്നു ധരണിയിൽ എന്നപോലെ മുഖം കുനിച്ച് നിൽക്കേണ്ടതായി വന്നു.

അടുത്തത് അവരുടെ സംഘടനാരംഗമാണ്. അവിടെയും വളർച്ച ലഭിക്കാത്ത തകർച്ചയാണ് അവർക്കുണ്ടായത്. അവരുടെ സമ്മതപത്രമാണ് ഇതിലേക്കുള്ള ഏറ്റവും നല്ല തെളിവ്. 1998 ഏപ്രിൽ 12ന് പുറത്തിറങ്ങിയ 'വാരാദ്യമാധ്യമം' പ്രസിദ്ധീകരിച്ച 'അരനൂറ്റാണ്ട് പിന്നിട്ട ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി' എന്ന ആധികാരിക ലേഖനം പരാജയം തുറന്നു സമ്മതിച്ചിരിക്കുന്നു. അവരുടെ ഔദ്യോഗിക വക്താവും 'മാധ്യമം' എഡിറ്റർ ഇൻ ചാർജ്ജുമായ വ്യക്തിയാണ് ലേഖകൻ. അതിൽ പറയുന്നു.

"രാജ്യത്തെ പ്രധാന സംസ്ഥാനങ്ങളിലൊക്കെ സജീവ ഘടകങ്ങളുള്ള ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ അംഗസംഖ്യ 240ൽ നിന്നും 5000 ത്തോളമായി ഉയർന്നത് ശ്രദ്ധേയമായ വളർച്ചയായി വിലയിരുത്തപ്പെടാനിടയില്ല. അംഗത്വത്തിന്റെ കർശനമായ ഉപാധികളാണ് എണ്ണക്കുറവിന് കാരണമെന്ന് സംഘടനയുടെ വക്താക്കൾക്ക് ചൂണ്ടിക്കാട്ടാം. 25000 ൽ പരം വരുന്ന പ്രവർത്തക (കാർകൂൻ) നിരയും ലക്ഷക്കണക്കിന് വരുന്ന അനുഭാവികളും (മുത്തഫിഖ്) പുറമെയുമുണ്ടെന്നും ആശ്വസിക്കാം. എങ്കിലും ഒരു ബഹുജനപ്രസ്ഥാനമായി വളരാൻ ജമാഅത്തിനിനിയും സാധിച്ചിട്ടില്ലെന്ന് സമ്മതിച്ചേ തീരൂ. വിശിഷ്യാ ഇന്ത്യയിലെ മുസ്‌ലിം ന്യൂനപക്ഷം അവരുടെ ചരിത്രത്തിലെ ഏറ്റവും ഗുരുതരമായ പ്രതിസന്ധിയിൽ ചെന്ന് നിൽക്കുമ്പോൾ അവരുടെ കൈപിടിച്ച് മുന്നോട്ട് നയിക്കാനും അവർക്ക് ദിശാബോധം നൽകാനും ഒരിക്കൽകൂടി സാമുദായിക ധ്രുവീകരണത്തിന്റെ അപകടകരമായ പാതയിൽ എത്തിനിൽക്കുന്ന രാജ്യത്തെ സാമുദായിക മൈത്രിയുടെ സരണിയിലേക്ക് കൊണ്ടുവരാനും പ്രാപ്തമാവേണ്ടിയിരുന്ന ഇസ്‌ലാമിക പ്രസ്ഥാനം അവസരത്തിനൊത്ത് ഉയർന്നിട്ടില്ലെന്ന വിലയിരുത്തൽ അപ്രസക്തമല്ലെന്ന് നേതൃത്വം മനസ്സിലാക്കുന്നുണ്ടാവും." (വാരാദ്യ മാധ്യമം 12.4.98)

ആദർശ രംഗവും സംഘടനാ സംവിധാനവും ഒരുപോലെ പരാജയപ്പെട്ടു. അര നൂറ്റാണ്ടുകാലത്തെ പ്രയത്നം അവർക്ക് ഒരു നേട്ടവും നൽകിയില്ല. ദീനിനും സമുദായത്തിനും ഒട്ടേറെ കോട്ടങ്ങൾ നൽകുകയും ചെയ്തു. കുറ്റസമ്മതമല്ല ഇതിന് പരിഹാരം. പശ്ചാത്താപവും തെറ്റുതിരുത്തലുമാണ് ഉചിതമായിട്ടുള്ളത്. ശഹാദത്ത് കലിമയുടെ അർത്ഥം മാറ്റിയതാണ് ഏറ്റവും ഗുരുതരമായ തെറ്റ്. ബാക്കിയെല്ലാം അതിൽ നിന്നുത്ഭവിച്ചതാണ്. അതുകൊണ്ട് പ്രവാചകന്മാർ പ്രബോധനം ചെയ്ത തൗഹീദുമാ

യി അവർ യഥാർഥ ഇസ്‌ലാമിലേക്ക് മടങ്ങണം. പശ്ചാത്തപിച്ചുകൊണ്ട് ജനങ്ങളോട് കുറ്റം ഏറ്റുപറയണം. 'പ്രബോധനം' പത്രാധിപരമായിരുന്ന, ഇസ്‌ലാമിലെ ഇബാദത്ത് എന്ന ഗ്രന്ഥത്തിലൂടെ മൗദൂദിയുടെ വ്യതിയാനം സംഭവിച്ച തൗഹീദ് സ്ഥാപിക്കാൻ യത്നിച്ച, ജമാഅത്തിന്റെ ഏറ്റവും മുതിർന്ന നേതാവായിരുന്ന ടി. മുഹമ്മദ് സാഹിബ് തന്റെ ജീവിതത്തിന്റെ അന്ത്യനാളുകളിൽ തനിക്ക് സംഭവിച്ച വ്യതിയാനം തുറന്ന് സമ്മതിക്കുകയും സ്വയം ഖേദിക്കുകയും ചെയ്തിരുന്നു. സിമി നടത്തുന്ന 'വിവേകം' എന്ന പത്രത്തിനു നൽകിയ അഭിമുഖത്തിലാണ് ഇബാദത്ത് എന്ന സർവ്വ പ്രധാനമായ സാങ്കേതിക പദത്തിന്മേൽ സംഭവിച്ച വ്യതിയാനം അദ്ദേഹം തുറന്ന് സമ്മതിച്ചത്. പക്ഷെ, പാർട്ടി അതംഗീകരിച്ചില്ല. 'രോഗവും വാർദ്ധക്യവും വരുത്തിയ മാനസിക വിഭ്രാന്തി'യാണ് അദ്ദേഹത്തിന് സംഭവിച്ചതെന്ന് ജമാഅത്തുകാർ വാമൊഴിയായി പ്രചരിപ്പിക്കുകയാണുണ്ടായത്. ഞാൻ ഒട്ടേറെ തവണ ആവർത്തിച്ചത് വീണ്ടും പറയുകയാണ്. പ്രവാചകന്മാർ പഠിപ്പിച്ച ഇസ്‌ലാം ദീനിലേക്ക് ജമാഅത്തെ ഇസ്‌ലാമി മടങ്ങിവരട്ടെ. അവരെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

ഓർമകളുടെ തീരത്ത്

## 72

# ജവാബുൽ മലൈബാരി

അറബിയിൽ ഞാൻ എഴുതിയ ഒരു കൃതിയാണിത്. 1982ൽ ഖത്വർ ഇസ്‌ലാഹി സെന്ററാണ് ഇത് പ്രകാശനം ചെയ്തത്. എന്റെ മകൻ മുബാറക് ഇത് മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തി.

1980ൽ ഇപ്പോഴത്തെ കെ.എൻ.എം. ജന. സെക്രട്ടറി എ.പി. അബ്ദുൽ ഖാദിർ മൗലവിയെ ഖത്വർ യൂനിവേഴ്സിറ്റിയിൽ മൂന്നു മാസത്തേക്ക് ഒരു പരിപാടിക്കുവേണ്ടി തെരഞ്ഞെടുക്കുകയുണ്ടായി. പലേടത്തായി ഒറ്റപ്പെട്ടു കഴിഞ്ഞിരുന്ന മുജാഹിദ് സുഹൃത്തുക്കൾക്ക് ഇതൊരു അനുഗ്രഹമായി. അങ്ങനെ ഖത്വറിൽ ഇസ്‌ലാഹീ സെന്റർ നിലവിൽ വന്നു. നിരന്തരം പഠനക്ലാസ്സുകളും നടന്നുപോന്നു. ഈ അനുകൂല സാഹചര്യത്തിലാണ് 1981 ജനുവരിയിൽ ടി.കെ. മുഹ്‌യിദ്ദീൻ ഉമരിയോടൊത്ത് ഞാൻ ഖത്വർ സന്ദർശിച്ചത്. എന്റെ ആദ്യത്തെ ഖത്വർ സന്ദർശനം. അന്ന് ഖത്വറിലെ ചീഫ് ജസ്റ്റിസായിരുന്ന ശൈഖ് അഹ്മദ് ബ്നു ഹജർ എന്റെ സഹപാഠിയും സുഹൃത്തുമായിരുന്നു. അദ്ദേഹത്തിന്റെ ആതിഥ്യം രുചിച്ചുകൊണ്ട് കഴിയുന്നതിനിടയിൽ പേരില്ലാത്ത ഒരു അറബി ലഘുലേഖ അവിടെ

വിതരണം ചെയ്യപ്പെട്ടു. എന്നെക്കുറിച്ച് അതിഗുരുതരമായ ആരോപണങ്ങൾ നിറഞ്ഞതായിരുന്നു ആ കൃതി. പേരില്ലാത്ത ഒരു വാറോല എന്ന നിലയിൽ വലിയ പ്രാധാന്യം ഞാൻ നൽകുന്നില്ല. പക്ഷെ, സുഹൃത്തുക്കൾ നിർബന്ധിച്ചു. ശൈഖ് ഇബ്നു ഹജറും മറ്റു പ്രമുഖരായ പണ്ഡിതന്മാരും ആവശ്യപ്പെട്ടതനുസരിച്ച് ഞാൻ മറുപടി എഴുതി. അത് പുറത്തിറങ്ങിയതോടെ വാറോലക്കാർ പുറത്ത് ചാടി. മാളത്തിലേക്ക് മുളക് പുകയിപ്പിച്ചുവിട്ടത് പോലെ. ജമാഅത്തെ ഇസ്‌ലാമിയുടെ ഖത്വ്റിലെ അജയ്യനായ വക്താവായി വിലസിയിരുന്ന മുഹമ്മദ് സലീം മൗലവി ഒരു നീണ്ട ലഘുലേഖയുമായി സ്വന്തം പേരിൽ തന്നെ രംഗത്ത് വന്നു. എല്ലാ ഉത്തരവാദപ്പെട്ട കേന്ദ്രങ്ങളിലും അവർ ഇതെത്തിച്ചു. ആദ്യ വാറോലയേക്കാൾ നീണ്ടതായിരുന്നു അത്. ആദ്യത്തേതിനെ അപേക്ഷിച്ച് എനിക്കെതിരെയുള്ള വിമർശനങ്ങൾക്ക് കടുപ്പം കുറവുണ്ട്. പക്ഷെ, വിഷയം ഞാൻ തന്നെ. ജമാഅത്തിനെ വിമർശിക്കുന്നതാണ് കാരണം. ഖത്വ്ർ ജമാഅത്തെ ഇസ്‌ലാമിയുടെ ഒരു കറവപ്പശുവായിരുന്നു. ആവശ്യം പോലെ പാൽ ചുരത്തിക്കൊടുക്കുന്ന പശു. എന്റെ സന്ദർശനവും സാന്നിധ്യവും തടയണം. കൂടാതെ എന്റെ വാക്കുകൾ കൊടുങ്കാറ്റാക്കാൻ കെൽപുള്ള പ്രഗത്ഭനായ എ.പി. അവിടെയുണ്ടായിരുന്നതും ഒരു ഭീഷണിയായി അവർ കണ്ടിരിക്കും.

അങ്ങനെ മുഹമ്മദ് സലീം മൗലവിയുടെ അറബി ലഘുലേഖക്ക് ഞാൻ അക്കമിട്ട് അറബിയിൽ തന്നെ മറുപടി തയ്യാറാക്കി. രണ്ടു ലഘുലേഖകളിലേയും പ്രധാന ഉന്നം ഞാനായിരുന്നു. വിശദമായി തയ്യാറാക്കിയ മറുപടി ഫോട്ടോകോപ്പികളെടുത്ത് പണ്ഡിതന്മാർക്കും ബന്ധപ്പെട്ട ഔദ്യോഗിക കേന്ദ്രങ്ങളിലേക്കും അയച്ചു. എന്റെ ബഹുമാന്യ സുഹൃത്ത് ശൈഖ് ബ്നു ഹജർ ഇത് വായിച്ചു ഏറെ സന്തോഷിച്ചു. കൃതി മലയാളത്തിലേക്ക് തർജമ ചെയ്ത് പ്രസിദ്ധീകരിക്കണമെന്നും എന്നോടും എന്റെ സുഹൃത്തുക്കളായ മലയാളികളോടും അദ്ദേഹം നിർദ്ദേശിച്ചു. ഞങ്ങൾ ഇത് ആഗ്രഹിച്ചതുമായിരുന്നു. അറബ് നാടുകളിൽ ഉമർ അഹ്മദ് മലൈബാരി എന്ന പേരിലാണ് ഞാൻ അറിയപ്പെടുന്നത്. അത് കൊണ്ടാണ് ‘ജവാബുൽ മലൈബാരി’ എന്ന പേര് ഈ കൃതിക്ക് നൽകിയത്. അൻപതിലധികം പേജുകളുള്ള ഈ പുസ്തകം 1982 ഫെബ്രുവരിയിലാണ് പ്രസിദ്ധീകരിച്ചത്. ജമാഅത്തെ ഇസ്‌ലാമി ഖത്വറിൽ ചോദ്യം ചെയ്യപ്പെടാത്ത അജയ്യശക്തിയായി വാണരുളിയിരുന്ന അവസ്ഥക്ക് ഇടിവ് സംഭവിച്ചു. അവരെ ശക്തിയായി അടിക്കാനുള്ള ഒരു വടി അവർ തന്നെ എന്റെ കൈയിലേക്ക് ഇട്ടുതരികയായിരുന്നു. അഹങ്കാരം ബഹുമതിയായി സ്വയം സ്വീകരി

ക്കുന്ന ഏവർക്കും ഈ ദുൻയാവിൽ വെച്ചു തന്നെ ഇത്തരം തിരിച്ചടികൾ ഉണ്ടാകും. അല്ലാഹു നമ്മെ ദുസ്വഭാവങ്ങളിൽ നിന്ന് കാത്തുരക്ഷിക്കട്ടെ.

ഓർമകളുടെ തീരത്ത്

## 73

# ചില ചോദ്യങ്ങൾ - മറുപടിയും

ദയാപുരം സോവനീർ 94. ചീഫ് എഡിറ്റർ, ടി.എം. സാവാൻകുട്ടി. അനവധി പേർ ഇത് കണ്ടിരിക്കാൻ ഇടയില്ല. കോഴിക്കോട് അൽ ഇസ്‌ലാം ചാരിറ്റബിൾ ട്രസ്റ്റിന്റെ കീഴിൽ നല്ല നിലയിൽ നടക്കുന്ന ദയാപുരം റസി ഡൻഷ്യൽ സ്കൂൾ, അൻസാരി അനാഥശാല എന്നിവയുടെ ദശവത്സരാ ഘോഷത്തോടനുബന്ധിച്ച് പുറത്തിറക്കിയ സോവനീർ. സോവനീർ കമ്മിറ്റി കേരളത്തിലെ പ്രഗത്ഭരും പ്രശസ്തരുമായ വിദ്യാഭ്യാസ - സാം സ്കാരിക നേതാക്കൾക്ക് പത്ത് ചോദ്യങ്ങൾ അയച്ചുകൊണ്ട് ഒരു ചർച്ച സംഘടിപ്പിച്ചു. ഡോ. എ.എൻ.പി. ഉമ്മർകുട്ടി, പ്രൊഫ. കെ.എ. ജലീൽ, ഡോ. എൻ.എ. കരീം, ഡോ. ഇ.കെ. അഹ്മദ്കുട്ടി, പ്രൊഫ. മങ്കട അബ്ദുൽ അസീസ്, പി. മുഹമ്മദ് കുട്ടശ്ശേരി, കരുവള്ളി മുഹമ്മദ് മൗലവി, കെ.സി. അബ്ദുല്ല മൗലവി, ഡോ. കെ. മൊയ്തു തുടങ്ങിയവർ ഈ ചർച്ചയിൽ പങ്കെടുത്തു. കൂട്ടത്തിൽ എനിക്കും അയച്ചു. ഈ പ്രഗത്ഭന്മാരുടെ ലിസ്റ്റിൽ സ്ഥാനം കിട്ടാൻ ഒരു യോഗ്യതയും എനിക്കില്ലായിരുന്നു. സാവാൻകുട്ടി സാഹിബ് പ്രത്യേക തൽപര്യമെടുത്ത് ചോദ്യങ്ങൾ അയച്ചതാണെന്ന് മനസ്സിലായി. അദ്ദേഹത്തിന് എന്നോടുള്ള സ്നേഹവും ഞാൻ നീതിപുലർത്തുമെന്നുള്ള വിശ്വാസവുമായിരിക്കാം ഇതിന് കാരണമായത്. ഇപ്പോൾ ഇതെടുത്ത് പറയുന്നത് ഒരു സന്തോഷം പ്രകടിപ്പിക്കൽ കൂടിയാണ്. എന്റെ ആത്മസുഹൃത്ത് എനിക്ക് നൽകിയ അതിർകവിഞ്ഞ പരിഗണന. പ്രഗത്ഭ സാമൂഹിക വിദ്യാഭ്യാസ ചിന്തകരോടൊപ്പം ഈ സാധുവിനേയും ഉൾപ്പെടുത്തിയ സന്തോഷം.

പത്ത് ചോദ്യങ്ങളിൽ ഒന്നാമത്തെ ചോദ്യവും അതിന് ഞാൻ നൽകിയ മറുപടിയും ഇവിടെ ചേർക്കുന്നത് ഈ സന്തോഷം നിങ്ങളുമായി പങ്കുവെക്കുന്നതിന് വേണ്ടിയാണെന്ന് കരുതിക്കോളൂ.

*ചോദ്യം:* മുസ്‌ലിംകളുടെ സാമൂഹികമായ പിന്നോക്കാവസ്ഥക്ക് കാരണം മതത്തോടുള്ള അവരുടെ അതിര് കവിഞ്ഞ ആഭിമുഖ്യമാണെന്ന് ഒരു വാദമുണ്ട്. താങ്കൾ ഇതിനോട് യോജിക്കുന്നുണ്ടോ?

*മറുപടി:* ഞാൻ പൂർണമായും യോജിക്കുന്നു. അതിര് കടക്കൽ ഒരു

പ്രശ്നത്തിനും പരിഹാരമല്ല. മറിച്ച് അത് ചിലപ്പോൾ പ്രത്യക്ഷത്തിൽ അപകടമായും മറ്റുചിലപ്പോൾ ദൂരവ്യാപകമായ ദുഷ്ഫലങ്ങൾക്ക് കാരണമായും ഭവിക്കുന്നതാണ്.

മുസ്ലിംകളുടെ സമൂലമായ പിന്നോക്കാവസ്ഥക്ക് കാണമായി ഭവിച്ചത് മതത്തോടുള്ള അതിര് കവിഞ്ഞ അവരുടെ ആഭിമുഖ്യംതന്നെയാണ്. മതകാര്യത്തിൽ അതിര് കവിയുന്നതിനെ ഖുർആനും സുന്നത്തും ശക്തിയായി വിരോധിച്ചിരുന്നു.

“വേദക്കാരെ, നിങ്ങൾ മതകാര്യത്തിൽ അതിര് കവിയരുത്” (നിസാഅ് 171). ഈ വചനം മുസ്ലിംകൾക്ക് ബാധകമല്ലെന്ന് ആരും ധരിക്കരുതല്ലോ. പ്രവാചക ശിഷ്യന്മാരുടെയിടയിലും അതിര് കവിയലിന്റെ സൂചന കണ്ടു. നബിﷺ അതിനെതിരിൽ ശക്തിയായി പ്രതികരിക്കുകയുമുണ്ടായി. ആത്മീയോന്നതി ലഭിക്കണമെന്ന സദുദ്ദേശ്യത്താൽ അദ്ദേഹത്തിന്റെ മൂന്ന് അനുചരന്മാർ കൈകൊണ്ട ചില തീരുമാനങ്ങൾ ഇവിടെ മനസ്സിലാക്കുന്നത് സന്ദർഭോചിതമായിരിക്കും. ഒന്നാമൻ രാത്രി മുഴുവൻ ഉറക്കമൊഴിച്ച് സുന്നത്ത് നമസ്കാരത്തിൽ മുഴുകുവാനും രണ്ടാമൻ വിവാഹത്തിൽ നിന്ന് വിട്ടകന്നു ബ്രഹ്മചര്യം ആചരിക്കാനും മൂന്നാമൻ വർഷം മുഴുവൻ നോമ്പനുഷ്ഠിക്കുവാനും തീരുമാനിച്ചു. പ്രവാചകൻ ഈ വിവരമറിഞ്ഞു അവരെ വിളിച്ചുവരുത്തി. തന്റെ ചര്യ അവർക്ക് വിശദീകരിച്ചു കൊടുത്തു. രാത്രി കുറെ സമയം ഉറങ്ങുകയും ശേഷം ഉണർന്ന് നമസ്കരിക്കുകയും ചെയ്യും. സുന്നത്ത് നോമ്പുകൾ ഇടവിട്ട ദിവസങ്ങളിൽ മാത്രം അനുഷ്ഠിക്കും. വിവാഹ ബന്ധത്തിൽ ഏർപ്പെട്ട് കുടുംബ ജീവിതത്തിന്റെ സുഖദുഃഖങ്ങൾ പങ്കുവെക്കുന്നു. ഇതാണ് തന്റെ ചര്യ എന്നറിയിച്ച ശേഷം നബിﷺ ഇപ്രകാരം താക്കീത് ചെയ്തു. എന്റെ ചര്യയെ ആർ ഇഷ്ടപ്പെടുന്നില്ലയോ അവർ എന്നിൽപെട്ടവനല്ല. ഈ വാക്യത്തിന്റെ ഗൗരവം വിശദീകരിക്കേണ്ടതില്ലല്ലോ. അതിര് കടന്ന ആഭിമുഖ്യം പാടില്ലതന്നെ.

മഹാത്മാക്കളെ ആദരപൂർവ്വം സ്മരിക്കണമെന്നത് ഇസ്ലാമിന്റെ സാമൂഹിക മര്യാദകളിൽ പെട്ടതാകുന്നു. സമൂഹം ഇതിൽ അതിര് കടന്നു. ആദരവ് ആരാധനയായി. മരിച്ചുപോയ മഹാത്മാക്കൾക്ക് ഭൗതികാതീതമായ അറിവും കഴിവുമുണ്ടെന്ന് സമൂഹം ധരിച്ചു. പ്രാർത്ഥിച്ചാൽ അവർ കേൾക്കുമെന്നും സഹായിക്കുമെന്നും വിശ്വസിച്ചു. പണ്ഡിതന്മാരും കവികളും കലാകാരന്മാരും ഈ അന്ധവിശ്വാസത്തെ നന്നായി പ്രോത്സാഹിപ്പിച്ചു. വടക്കേ ഇന്ത്യയിൽ പ്രചാരത്തിലുള്ള ഒരു ഉറുദു കവിതയിലെ രണ്ടു വരി ഇവിടെ ഉദ്ധരിക്കാം.

“വഹിജോ മുസ്തവിമേ അർശ് ഥാ ഖുദാഹോക്കർ ഉഥർ പഠാഹെ ഓ

മദീനേമെ മുസ്തഫാ ഹോക്കർ”

ദൈവമായി സിംഹാസനത്തിൽ ആരോഹണം ചെയ്തവരാരോ, അവൻ മുസ്തഫയായി മദീനയിൽ അവതരിച്ചിരിക്കുന്നു.

ഖബറുകൾ കെട്ടിയുയർത്തരുതെന്ന് പ്രവാചകൻ കഠിനമായി വിരോധിച്ചിട്ടുണ്ട്. സമൂഹം അതിർകടന്നു. ജാറങ്ങളും മഖ്ബറകളും ദർഗകളും നാടൊട്ടുക്കും ഉയർന്നു. ഈ എടുപ്പുകളൊക്കെയും ആരാധിക്കപ്പെടുന്ന കേന്ദ്രങ്ങളായി. അവിടെ വാദ്യമേളങ്ങൾ, കരിമരുന്ന് പ്രയോഗം തുടങ്ങിയവ പോലും ഇബാദത്തായി പരിണമിച്ചു. ഗുരുതരമായ അതിർകവിച്ചൽ. പണ്ഡിതനേതാക്കാൾ ഇത്തരം പരിപാടികളിൽ സംബന്ധിച്ചുകൊണ്ട് സമൂഹത്തെ പ്രോത്സാഹിപ്പിച്ചു. വിശ്വാസത്തിലും കർമ്മത്തിലും മുസ്ലിംകൾ പാലിച്ചിരിക്കേണ്ട അല്ലാഹുവിന്റെ കണിശമായ ഏകത്വമാണ് ഇവിടെ താറുമാറായത്.

ആര്യനെഴുത്ത് പഠിക്കരുത്, അത് നരകത്തിലെ ഭാഷയാണ്. പണ്ഡിതന്മാർ ഇങ്ങനെ ഫത്‌വ നൽകി. മതത്തോടുള്ള അതിർവിട്ട ആഭിമുഖ്യം. സമൂഹം ഈ കൽപന സ്വീകരിച്ചപ്പോൾ വിദ്യാവിഹീനരാകുകയും സാമൂഹികമായി വളരെ പിന്നോക്കം പോകുകയും ചെയ്തു. ഖുർആൻ അർത്ഥം പഠിക്കരുത്, പഠിപ്പിക്കരുത്, പരിഭാഷകൾ പ്രചരിപ്പിക്കരുത് എന്ന് പ്രഖ്യാപിച്ചതും അതിർ കവിച്ചലായി. സമൂഹം ആത്മീയ വിദ്യയിലും പിന്നോക്കമായി. പെൺകുട്ടികൾ എഴുത്ത് പഠിക്കുന്നതും പള്ളിയിൽ ജുമുഅ ജമാഅത്തിന് പങ്കെടുക്കുന്നതും നിഷിദ്ധമാണെന്ന് പണ്ഡിതന്മാർ വിധിച്ചു. മതത്തോടുള്ള ആഭിമുഖ്യത്തിൽ അതിർ കടന്നു. അതോടെ സമുദായത്തിലെ അർദ്ധ വിഭാഗം ആത്മീയമായും ഭൗതികമായും അധഃപതിച്ചു. പിന്നോക്കമായി.

അനിസ്ലാമിക ഭരണകൂടത്തോട് കൂറുപുലർത്തലും മതേതര ജനാധിപത്യ വ്യവസ്ഥയുടെ നിലനിൽപ്പിനുവേണ്ടി യത്നിക്കലും തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയാകലും വോട്ട് രേഖപ്പെടുത്തലുമെല്ലാം തൗഹീദിന് വിരുദ്ധവും വിഗ്രഹാരാധനയ്ക്ക് തുല്യവുമാണെന്ന് ഒരു കൂട്ടർ സിദ്ധാന്തിച്ചു. ഇത് കടുത്ത അതിർ കവിയലാണ്. സർക്കാർ ഉദ്യോഗങ്ങൾ പാടില്ലെന്നും കലാലയങ്ങൾ ശിർക്കിന്റെ ഉപകരണമാണെന്നും നിയമപീഠം താഗൂത്തിന്റെ ആസ്ഥാനമാണെന്നും അവർ പ്രചരിപ്പിച്ചു. എന്നാൽ ഈ നവീന സിദ്ധാന്തം മുസ്ലിം സമൂഹം തിരസ്കരിച്ചതിനാൽ പിന്നോക്കാവസ്ഥക്ക് ഇതൊരു ശക്തമായ കാരണമായില്ല.

മതത്തിന്റെ അടിസ്ഥാന മൂല്യങ്ങളോടുള്ള വിമുഖത ശക്തമാകുകയും തൽസ്ഥാനത്ത് അതിർവിട്ട ആഭിമുഖ്യം ബലപ്പെടുകയും ചെയ്തതിനാൽ

അന്ധവിശ്വാസങ്ങളും ദുരാചാരങ്ങളും പാരമ്പര്യമായി ലഭിച്ച മാമൂലുകളുമാണ് മുസ്‌ലിം സമുദായത്തെ വലയം ചെയ്തിരുന്നത്. സമുദായം സാമൂഹികമായ പിന്നോക്കാവസ്ഥയുടെ ആഴിയിലേക്ക് ആണ്ടുപോയി.

ദയനീയമായ ഈ അവസ്ഥയിൽ നിന്ന് സമൂഹത്തെ ഉയർത്തിയെടുക്കാനും ആശയപരമായ പരിവർത്തനത്തിലൂടെ അവരെ സമുദ്ധരിക്കാനും ഏറെ ശ്രമകരമായ ഇസ്‌ലാഹീ പ്രവർത്തനങ്ങൾ വേണ്ടി വന്നു. ആറേഴു ദശകങ്ങളുടെ പ്രവർത്തന ഫലമായി കുറെയൊക്കെ മാറ്റങ്ങൾ എല്ലാ രംഗത്തും ഉണ്ടായി. അതിർകവിയൽ ഒഴിവാക്കിയ നിലയിൽ മതത്തോട് ആഭിമുഖ്യമുണ്ടാകുകയാണ് വേണ്ടത്. മതത്തോടുള്ള വിമുഖത ഭൗതികമായ മുന്നേറ്റത്തിന് തടസ്സമാകുകയില്ലെങ്കിലും ധാർമ്മികമായ നാശത്തിന് ഹേതുവാകും.

താടി വളർത്തൽ, മദ്യ- മയക്കുമരുന്നുകളെ വർജ്ജിക്കൽ, സ്ത്രീകൾ സൗന്ദര്യപ്രകടനം ഒഴിവാക്കി പർദ്ദ ധരിക്കൽ തുടങ്ങിയ കാര്യങ്ങൾ പുരോഗമന സ്വഭാവത്തിന് യോജിക്കാത്തതും അതിർ കവിഞ്ഞ മതാഭിമുഖ്യവും ആണെന്ന് ധരിക്കുന്നവരും ഉണ്ട്. ചോദ്യത്തിൽ അന്തർഭവിച്ചിട്ടുള്ള 'വാദം' ഈ നിലക്കുള്ളതാണെങ്കിൽ ഞാൻ അതിനോട് വിയോജിക്കുകയും ചെയ്യുന്നു.



## 74

# ശ്രദ്ധേയമായ ഒരു വിശദീകരണം

പ്രഗത്ഭ മലയാള ഭാഷാപണ്ഡിതനും നിരൂപകനും ആദരണീയനുമായ ശ്രീമാൻ ശൂരനാട്ട് കുഞ്ഞൻപിള്ള സാർ സൽസബീലിലേക്ക് അയച്ച ഒരു കത്തും തദ്‌വിഷയകമായി ഡോ. ഉസ്മാൻ സാഹിബ് നൽകിയ വിശദീകരണവും പഠനാർഹമായിരുന്നു. 1975 മാർച്ച് ലക്കം സൽസബീൽ വായിച്ച ശേഷം ശ്രീ. കുഞ്ഞൻപിള്ള സാർ എഴുതിയ ആ കത്തും അതിൽ ആവശ്യപ്പെട്ടതു പ്രകാരം ഉണ്ടായ ചില വിശദീകരണങ്ങളും വായനക്കാർക്ക് എന്നും ഉപകരിക്കുമെന്നാണ് ഞാൻ കരുതുന്നത്.

ബഹുമാന്യ മൗലവി സാഹിബിന്, സ്നേഹാദരപുരസ്സരം എഴുതുന്നത്.

സൽസബീൽ മാസികയുടെ 1975 മാർച്ച് ലക്കം സന്തോഷപുരസ്സരം വായിച്ചു. അഭിനന്ദനം. അതിൽ ഒരു സംഗതിയെപ്പിറ്റി അൽപം വിശദീക

രണം ഉണ്ടായാൽ ഇസ്‌ലാം സിദ്ധാന്തത്തിൽ പ്രത്യേക ജ്ഞാനമില്ലാത്ത വർക്ക് ഉപകാരമായിരിക്കുമെന്ന് അറിയിക്കാൻ എഴുതുന്നതാണ്. ഇസ്‌ലാം സംസ്കാര പ്രചാരണത്തിന് നിങ്ങളുടെ മാസിക നിർവ്വഹിച്ചുപോരുന്ന പ്രശംസനീയമായ സേവനത്തിലുള്ള വിശ്വാസത്തെ ആധാരമാക്കിയാണ് ഈ അപേക്ഷ.

ഖുർആൻ അല്ലാഹുവിന്റെ വചനമാണെന്ന് ഒരു കൂട്ടരും, അല്ല ഖുർ ആൻ അല്ലാഹുവിന്റെ സൃഷ്ടിയാണ് എന്ന് മറ്റു ചിലരും വാദിക്കുന്നതായി പ്രതിപാദിച്ചിട്ടുണ്ടല്ലോ. (പു. 6, ലക്കം 3, അഗ്നിപരീക്ഷണത്തിൽ, ടി.കെ. മുഹ്‌യിദ്ദീൻ ഉമരി). ഈ വാദത്തിൽ “വചനം” “സൃഷ്ടി” എന്നിവയ്ക്കുള്ള വ്യത്യാസം വ്യക്തമാക്കിയാൽ ഇസ്‌ലാമിക പണ്ഡിതന്മാരല്ലാത്തവർക്ക് പ്രയോജനകരമായിരിക്കും. പ്രപഞ്ചം മുഴുവൻ തന്നെ അല്ലാഹുവിന്റെ സൃഷ്ടിയല്ലേ? അല്ലാഹുവിന്റെ ശബ്ദരൂപമായ സൃഷ്ടിയെന്നല്ലേ കരു തേണ്ടത്, വചനത്തെ? ഇതിന്റെയെല്ലാം ശരിയായ സമാധാനം തത്വചിന്ത യിൽ ഉണ്ടായിരിക്കാമെന്ന് കരുതുന്നു. അതിനാൽ ഈ വിഷയത്തെ പ്രതി പാദിക്കുന്നത് ഉപകാരമായിരിക്കും.

പലപ്പോഴും സന്തോഷം അറിയിക്കണമെന്ന് തോന്നിയിട്ടുണ്ട്. സമയ ക്കുറവുകൊണ്ട് എഴുതാത്തതാണ്. ക്ഷേമാശംസകൾ. പരമകാരുണിക നായ അല്ലാഹുവിന്റെ ദിവ്യാനുഗ്രഹത്തിന് പ്രാർത്ഥിച്ചുകൊണ്ട് വിധേ യൻ.

(ഒപ്പ്)

ശൂരൻപിള്ളയുടെ സംശയങ്ങൾക്ക് എന്റെ സുഹൃത്ത് ഡോ. ഉസ്മാൻ നൽകിയ വിശദീകരണം ഇപ്രകാരമായിരുന്നു: ഖുർആൻ അല്ലാഹു വിന്റെ വചനമാണ് എന്ന് പറയുന്നതും സൃഷ്ടിയാണെന്ന് പറയുന്നതും തമ്മിൽ വളരെ അന്തരമുണ്ട്. അല്ലാഹു ഉദ്ദേശിക്കുന്നതിനെ ശൂന്യതയിൽ നിന്നും സൃഷ്ടിക്കുന്നതുപോലെയല്ല അവനിൽ സ്ഥിതി ചെയ്യുന്ന അവ ന്റെ വചനം. സൃഷ്ടിപ്പിനെക്കുറിച്ച് ഖുർആൻ പറയുന്നത് നോക്കുക. “അവൻ വല്ല സംഗതിയും ഉദ്ദേശിച്ചാൽ കാര്യം ഇത്രമാത്രമാണ്; അതി നോട് അവൻ പറയും: “ഉണ്ടാകുക” എന്ന്. അപ്പോൾ അത് ഉണ്ടാകും.” (യാസീൻ 82) ഉണ്ടാകുക എന്ന വചനം സൃഷ്ടിയല്ല. ആ കൽപനയുടെ പ്രതികരണമായി ശൂന്യതയിൽ നിന്നുടലെടുക്കുന്ന വസ്തുവാണ് സൃ ഷ്ടി. അല്ലാഹുവിന്റെ കാരുണ്യവും വിജ്ഞാനവും യുക്തിയും മറ്റു വിശേഷതകളും പോലെ തന്നെയാണ് അവന്റെ വചനവും. അല്ലാഹു വിന്റെ കാരുണ്യം അല്ലാഹുവിന്റെ സൃഷ്ടിയാണെന്ന് പറയാൻ പറ്റാത്ത തുപോലെ അല്ലാഹുവിന്റെ വചനവും അവന്റെ സൃഷ്ടിയാണെന്ന് പറ

ഞ്ഞുകൂടാ. എല്ലാ മഹദ്ഗുണങ്ങളും അവനിലുണ്ട്. എന്നാൽ സൃഷ്ടി, ഉണ്ടാകണമെന്ന് അവൻ ഉദ്ദേശിക്കുമ്പോൾ ഉൽഭൂതമാകുന്ന ഒന്നാണ്.

“അല്ലാഹുവിന്റെ ശബ്ദരൂപമായ സൃഷ്ടി എന്നല്ലേ കരുതേണ്ടത് വചനത്തെ” എന്ന ചോദ്യത്തിന് അർത്ഥമുണ്ട്. സാക്ഷാൽ വചനം ലിഖിത രൂപമോ ശബ്ദ രൂപമോ മറ്റേതെങ്കിലും രൂപമോ ആശ്ലേഷിക്കുന്നതിന് മുമ്പ് അഥവാ ആശ്ലേഷിക്കാതെ തന്നെ നിലനിൽക്കുന്ന ദൈവീക ഗുണ വിശേഷമാണ്. അത് സൃഷ്ടിയല്ല. എന്നാൽ ശബ്ദരൂപമോ ലിഖിത രൂപമോ സ്വീകരിക്കുമ്പോൾ നമ്മുടെ വായനയിൽ ഉടലെടുക്കുന്ന ശബ്ദവും എഴുതുമ്പോൾ രൂപം കൊള്ളുന്ന ലിപിയും സൃഷ്ടിയാണെന്ന് പറയാം. പക്ഷെ, സാക്ഷാൽ ഖുർആൻ ഒരിക്കലും സൃഷ്ടിയല്ല. ദൈവിക ഗുണവിശേഷതയാണ്. പക്ഷെ, നാം ഓതി പുറപ്പെടുവിക്കുന്ന ശബ്ദവും ഓതൽ കേൾക്കുന്ന ശബ്ദവും കടലാസ്സിൽ സ്വരൂപിക്കുന്ന ലിപിയും സൃഷ്ടിയാണ്. ഖുർആൻ സൃഷ്ടിയാണെന്നും അല്ലെന്നും പണ്ടുകാലത്തുണ്ടായ സംവാദത്തെപ്പറ്റി വായിക്കുമ്പോൾ ഇത്രയെല്ലാം കുഴപ്പത്തിന് ഇത് കാരണമാക്കിയല്ലോ എന്ന് അത്ഭുതം തോന്നും. മതത്തിലെ വിശ്വാസപരമായ കാര്യങ്ങളിൽ യാതൊരു പുതിയതും കൊണ്ടുവരാൻ പാടില്ലെന്ന മുൻകാല പണ്ഡിതന്മാരുടെ കണിശമായ നിലപാടും ഇവിടെ നമുക്ക് മനസ്സിലാക്കാം. ഖുർആൻ അല്ലാഹുവിന്റെ ‘വചനം’ എന്ന് മാത്രമാണ് ഖുർആനും പ്രവാചക വചനങ്ങളും നമ്മെ പഠിപ്പിക്കുന്നത്. ‘സൃഷ്ടി’ എന്ന പുതിയ വാദം അതെത്ര നിരുപദ്രവകരമാണെന്ന് തോന്നിയാലും സ്വീകരിക്കുവാൻ അവർ തയ്യാറായില്ല. മതത്തിൽ പുതിയതിനെ എതിർക്കുക എന്നുള്ളതിനു വേണ്ടി ജയിലിൽ പോകാനും മരിക്കാൻപോലും അവർ തയ്യാറായി. ഈസാനബി(عليه السلام) അല്ലാഹുവിന്റെ പുത്രനാണെന്ന ക്രിസ്ത്യാനികളുടെ വാദം ആദ്യകാലത്ത് ഒരു ആലങ്കാരിക പ്രയോഗമെന്ന നിലക്ക് മാത്രമായിരുന്നു സ്വീകരിച്ചത്. ദൈവത്തിന് ഏറ്റവും ഇഷ്ടപ്പെട്ടവൻ എന്ന അർത്ഥത്തിൽ ആദ്യകാലങ്ങളിൽ അങ്ങനെ പറഞ്ഞു. പിൽക്കാലങ്ങളിൽ ക്രിസ്തുമതത്തിന്റെ അടിസ്ഥാനം തന്നെ ഈ പ്രയോഗം മാറ്റിക്കളഞ്ഞു. അതുകൊണ്ട് മതത്തിൽ യാതൊരു പുതിയതും അനുവദിക്കാത്ത വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കുന്നത് മതത്തിന്റെ ഭദ്രതയ്ക്ക് വളരെ ആവശ്യമാകുന്നു. ഈ ഭദ്രതയ്ക്ക് അൽപം അയവ് അനുവദിച്ചാൽ കാര്യമാകെ അപകടത്തിലായിത്തീരും.

ഏതായാലും അല്ലാഹുവിന്റെ വചനം അല്ലാഹുവിന്റെ സൃഷ്ടിയല്ല. വിശുദ്ധഖുർആൻ അല്ലാഹുവിന്റെ വചനമാണ്. അതിലപ്പുറമൊന്നും നാം പറയുകയില്ല. ഈ വിശ്വാസപരമായ ഈ കാര്യത്തിൽ ഖുർആനും നബി

വചനങ്ങളും വെളിവാക്കിത്തരുന്നതിനപ്പുറം പോകാതെ കണിശത പാലിക്കൽ ആവശ്യമാകുന്നു.



## 75

# പിതാ-പുത്ര സമാനം

എന്റെ വ്യക്തിബന്ധങ്ങളുടെ പട്ടിക നിരത്തിയാൽ ഒരു ടെലഫോൺ ഡയരക്ടറ്ററിയോളം ചിലപ്പോൾ വലുതായിരിക്കും. അതിലധികവും ആദർശ നിബദ്ധമാണ്. ചിലത് മുറുകിയ സുഹൃദ്ബന്ധമായി ഭവിച്ചിട്ടുണ്ട്. ചിലത് കുടുംബത്തേക്കാൾ സുദൃഢമായിത്തീർന്നിട്ടുണ്ട്. അപൂർവ്വം ചിലത് വാക്കുകൾകൊണ്ടോ അക്ഷരങ്ങളിലൂടെയോ അപഗ്രഥിക്കാൻ കഴിയാത്തവിധം വൈകാരികമാണ്. അത്തരത്തിലുള്ള ഒരു ബന്ധത്തെപ്പറ്റിയാണിവിടെ കുറിക്കുന്നത്. അതുകൊണ്ട് തന്നെ വാക്കുകൾക്കു വേണ്ടി ഞാൻ തപ്പിത്തടയുകയാണ്. എങ്ങനെ തുടങ്ങണം, എന്തു പറയണം, എന്ത് നിലക്ക് അവസാനിപ്പിക്കണം എന്നൊന്നും എനിക്ക് തിരിയുന്നില്ല. ദിവസങ്ങളായി ഞാൻ ആലോചിക്കുന്നു. ഒടുവിൽ എന്തൊക്കെയോ കുറിക്കുകയാണ്. സൗഹൃദം, സ്നേഹസുന്ദരം, വാത്സല്യം, ആദരവ്, എവിടെയാണെന്റെ മനസ്സ് ഉടക്കി നിൽക്കുന്നതാവോ? തികച്ചും നിർവ്വചനാതീതവും വിവരണാതീതവുമായ ഒരു വൈകാരികാവസ്ഥയിൽ ഞാനും എന്റെ മനസ്സും ഉഴലുകയാണ്.

എന്റെ സ്നേഹവലയത്തിൽ ഒരു പാട് ഭിഷഗ്വരന്മാരുണ്ട്. അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി, യൂനാനി, പ്രകൃതിയോഗം അങ്ങനെ പോകുന്നു ഇവരുടെ വൈദ്യമേഖലകൾ. ചിലരുടെ പേരുകളും പെട്ടെന്ന് ഓർക്കുന്നുണ്ട്. എപ്പോഴും മനസ്സിൽ മായാതെ കിടക്കുന്ന പേരുകളിൽ ആദ്യത്തേത് ഡോ. എം. ഉസ്മാൻ (നിലമ്പൂർ) തന്നെ. പതിറ്റാണ്ടുകളേറെയായി ആ പേര് മനസ്സിൽ കയറിക്കൂടിയിട്ട്. ഇദ്ദേഹത്തിന്റെ പിതാവ് എന്റെ സുഹൃത്തായിരുന്നു. കോഴിക്കോട് പട്ടാളപ്പള്ളിയിൽ ഖത്വീബായിരുന്ന 40കളിൽ ആ ബന്ധമുണ്ടായി. മകൻ ഉസ്മാൻ മദിരാശിയിൽ മെഡിക്കൽ കോളേജിൽ പഠിക്കുന്നു എന്നറിഞ്ഞപ്പോൾ, ഒരിക്കൽ ഞാൻ മദിരാശിയിൽ പോയ ഘട്ടത്തിൽ അവിടെ ചെന്ന് കണ്ടു പരിചയപ്പെട്ടു. അക്കാലത്ത് അദ്ദേഹം കമ്മ്യൂണിസത്തിന്റെയും നിരീശ്വരത്വത്തിന്റെയും പടവുകൾ ചവിട്ടിക്കയറുകയായിരുന്നു. അങ്ങേയറ്റംവരെ കയറി നിൽക്കുന്നതിനിടയിലാണ് മഹാനായ സൈദ് മൗലവിയെ ചികിത്സാർത്ഥം അദ്ദേഹ

ത്തിന്റെ ക്ലിനിക്കിലേക്ക് ഞാൻ കൊണ്ടുപോയത്. ആ കഥ നേരത്തെ പറഞ്ഞിട്ടുണ്ട്. സൈദ് മൗലവി അദ്ദേഹവുമായി ബന്ധം മതിയാക്കിയ സംഭവം ആ കൂട്ടത്തിൽ പറഞ്ഞിട്ടില്ല. രോഗം ഭേദമായി ക്ലിനിക്കിൽ നിന്നും വീട്ടിലേക്ക് മടങ്ങിയ ശേഷവും ഇടക്കിടെ പരിശോധനക്കായി മൗലവി നിലമ്പൂരിൽ പോകാറുണ്ടായിരുന്നു. ഒരിക്കൽ ചെന്നപ്പോൾ ഡോ. ഉസ്മാൻ ഒരു സ്ത്രീയെ പരിശോധിക്കുകയാണ്. ശേഷം അദ്ദേഹം അവർക്ക് ഇഞ്ചക്ഷൻ കൊടുത്തു. സൂചി കൈതണ്ടയിൽ കയറ്റിയപ്പോൾ സ്ത്രീ വേദന നിമിത്തം പെട്ടെന്ന് 'അല്ലാഹ്' എന്ന് വിളിച്ചു. ഉടനെ ഡോക്ടർ പറയുകയാണ് "എനിക്കിഷ്ടമില്ലാത്ത ആരേയും ഇങ്ങോട്ട് വിളിച്ചുകയറ്ററുത്." ഇതുകേട്ട് സൈദ് മൗലവി ഞെട്ടി. അദ്ദേഹം ഉടനെ എഴുന്നേറ്റ് പുറത്തിറങ്ങി. പിന്നീട് അങ്ങോട്ട് തിരിച്ചുചെന്നില്ല. വർഷങ്ങൾ ഏതാനും പിന്നിട്ടു. ഡോ. ഉസ്മാൻ തിരിച്ചു സൈദ് മൗലവിയിലേക്ക് വന്നു. മുസ്‌ലിം മലബാറിനെ ഉണർത്തുകയും വളർത്തുകയും ചെയ്തവരായിരുന്നു അവർ. സൈദ് മൗലവിയും ഡോ. ഉസ്മാനും പരസ്പരം ആദരിക്കുന്ന വിശിഷ്ട സുഹൃത്തുക്കളായി മാറി.

ഡോ. ഉസ്മാന്റെ മാർക്സിസത്തിൽ നിന്നും ഇസ്‌ലാമിലേക്കുള്ള തിരിച്ചുവരവ് ഞാൻ നേരിൽ അനുഭവിച്ചു. എന്നെ കോരിത്തരിപ്പിച്ച ആ രംഗം അതേ അനുഭൂതിയോടെ ഞാനിപ്പോഴും അനുസ്മരിക്കുന്നു. ഞാൻ നാട്ടിലില്ലാത്ത ഘട്ടത്തിലാണ് ഡോക്ടറുടെ തിരിച്ചുവരവ്. ഞാനത് അറിഞ്ഞിരുന്നുവെങ്കിലും തമ്മിൽ കാണാൻ കഴിഞ്ഞില്ല. ഒരു ദിവസം വെള്ളിയാഴ്ച ജുമുഅയുടെ അടുത്ത സമയത്ത് ഞാൻ നിലമ്പൂരിലെ നമ്മുടെ പള്ളിയിലെത്തി. വല്ലപ്പോഴും അങ്ങനെ എത്തിപ്പെട്ടാൽ ഖത്വീബും കമ്മിറ്റിക്കാരും ഖുത്ബ നടത്താൻ എന്നോട് ആവശ്യപ്പെടും. ഞാൻ സസന്തോഷം അത് നിർവ്വഹിക്കുകയും ചെയ്യുമായിരുന്നു. അന്നും ഞാൻ അത് പ്രതീക്ഷിച്ചു. ഖുത്ബയുടെ സമയം അടുത്തിരിക്കുന്നു. ഞാൻ തിരക്കിട്ട് വുളൂ ചെയ്തു പള്ളിക്കകത്തേക്ക് കയറാൻ ഒരുങ്ങവേ മിമ്പറിൽ നിന്നും സലാം പറയുന്ന ശബ്ദവും തുടർന്നു ബാങ്കും കേട്ടു. ഞാൻ പള്ളിക്കകത്ത് കയറി. മിമ്പറിലേക്ക് നോക്കിയപ്പോൾ അതാ മിമ്പറിൽ സുന്ദര സുമുഖനായ ഡോ. ഉസ്മാൻ ഇരിക്കുന്നു. മനോഹരമായ സിംഹാസനത്തിൽ രത്നങ്ങൾ അലങ്കരിച്ച കിരീടം ശിരസ്സിലേന്തിയിരിക്കുന്ന സുന്ദര രാജകുമാരനെപ്പോലെ എന്റെ ഉസ്മാൻ മിമ്പറിലിരുന്നു തിളങ്ങുന്നു. ഞാൻ അപ്പോൾ അനുഭവിച്ച ആഹ്ലാദത്തിന്റെയും ആനന്ദത്തിന്റെയും അളവ് എത്രയായിരുന്നുവെന്ന് പറഞ്ഞറിയിക്കാൻ വയ്യ.

എനിക്ക് നേരിൽ അറിയാവുന്ന, ഞാൻ സ്നേഹിക്കുന്ന, എന്നെ

സ്നേഹിക്കുന്ന ഡോക്ടർമാർ സ്വദേശത്തും വിദേശത്തും ധാരാളമുണ്ട്. പേരെടുത്തു പറയാൻ തുടങ്ങിയാൽ എപ്പോഴവസാനിക്കുമെന്ന് നിശ്ചയമില്ല. ചിലരെ വിട്ടുപോയാൽ അതൊരു പരിഭവത്തിനിടയാക്കും. എനിക്കത് വിഷമമാകും. ഡോക്ടർമാരുമായുള്ള ബന്ധങ്ങളുടെ കലവറയിൽ നിന്ന് ഒരാളെ അല്ല, ഒരു ദമ്പതികളെ ഞാൻ തുറന്നെടുക്കട്ടെ. യഥാർത്ഥത്തിൽ അവരെക്കുറിച്ച് രണ്ട് വാക്ക് പറയാനുദ്ദേശിച്ചാണ് ഈ മുഖവുര എഴുതിയത് തന്നെ. തൃശൂർ ജില്ലയിൽപെട്ട വെങ്കിടങ്ങിലെ ഡോ. അലി, അതേ ജില്ലയിലെ എടമുട്ടം ദേശത്ത് ഡോ. ആയിഷ. രണ്ടുപേരും ചേർന്ന് യു.എ.ഇ.യിലെ അജ്മാനിൽ സ്വന്തം ക്ലിനിക്ക് നടത്തുന്നു. തൃശൂരിലെ അയ്യന്തോൾ എന്ന സ്ഥലത്തുള്ള എല്ലാ സൗകര്യങ്ങളുമുള്ള മദർ ഹോസ്പിറ്റൽ ഇവരുടെ വകയാണ്. ആയിഷയുടെ സഹോദരൻ ഡോ. അബ്ദുൽ ഹക്കീം ഇതിന്റെ മുഴുവൻ ചുമതലയും ഏറ്റു നടത്തുന്നു. ഡോ. അലി എന്റെ മകൻ ഡോ. സാലിമി (പെരിന്തൽമണ്ണ)ന്റെ സഹപാഠിയാണ്.

അജ്മാനിൽ പോസ്റ്റാഫീസിൽ സ്റ്റാഫായിരുന്ന എന്റെ ഒരു സ്നേഹിതനുണ്ട്. ആർ.വി. മുഹമ്മദ് മൗലവി. എനിക്ക് അദ്ദേഹത്തെ വലിയ ഇഷ്ടമാണ്. ശിർക്കിനെതിരിൽ സ്വന്തം കുടുംബത്തിൽ സമരം ചെയ്തവനാണ്. അജ്മാനിൽ ചെന്നാൽ ഞാൻ ആർ.വി.യെകാണും. ഒരിക്കൽ അദ്ദേഹം എന്നെ ഡോ. അലി ആയിഷമാരുടെ ക്ലിനിക്കിലേക്ക് കൂട്ടിക്കൊണ്ടുപോയി പരിചയപ്പെടുത്തി. എന്റെ മകന്റെ സഹപാഠിയാണെന്നറിഞ്ഞു. ദീൻകാര്യത്തിൽ വലിയ തൽപ്പരനായി എനിക്ക് അനുഭവപ്പെട്ടില്ല. ഒരു സമുദായ സ്നേഹി. അത്രമാത്രം. ആർ.വി. മൗലവിക്ക് ആ കുടുംബവുമായി ബന്ധമുണ്ട്. ഇവരുടെ മക്കളെ ഖുർആൻ പഠിപ്പിക്കുന്നതും അത്യാവശ്യ കർമ്മാനുഷ്ഠാനങ്ങൾ പഠിപ്പിക്കുന്നതും ഇദ്ദേഹമായിരുന്നു. അതിനാൽ അദ്ദേഹം ആ കുടുംബത്തിന്റെ ഉസ്താദാണ്. ചുരുക്കി പറയട്ടെ, ഈ ഡോക്ടർമാരുമായുള്ള സ്നേഹബന്ധം എപ്പോൾ എവിടെ തുടങ്ങി, എങ്ങനെ അത് വളർന്ന് ദൃഢമായി എന്നൊന്നും കൃത്യമായി പറയാൻ എനിക്ക് കഴിയില്ല. അത് കുടുംബബന്ധത്തേക്കാൾ ശക്തമായ ഒരാത്മബന്ധമായി. എന്റെ മക്കളിൽ നിന്നും എനിക്ക് ലഭിച്ച സ്നേഹാദരവുകൾ, ഡോ. അലി- ആയിഷമാരിൽ നിന്നും അനുഭവിച്ച പിതൃതുല്യമായ സ്നേഹം ഇത് ചേർത്ത് വെച്ച് നോക്കിയാൽ ആഴവും തൂക്കവും ഏതെന്ന് പറയാൻ വയ്യാത്ത ഒരാത്മാനുഭൂതി! എന്റെ ആദർശവീക്ഷണങ്ങളോട് പൂർണമായ യോജിപ്പും എന്റെ പ്രവർത്തനങ്ങൾക്ക് നിർലോഭമായ സഹായങ്ങളും നൽകിയ ഈ സുഹൃദ്ബന്ധം സലഫീ പ്രസ്ഥാനത്തോടുള്ള

ഹൃദയബന്ധമായി മാറി. എത്ര പെട്ടെന്നാണ് വിഷയങ്ങളുടെ കാതൽ അവർ കണ്ടെത്തിയത്! ഞാൻ ഗൾഫിൽ ചെല്ലുമ്പോഴും അവർ നാട്ടിലെത്തുമ്പോഴും കുടുംബങ്ങൾ തമ്മിൽ ഉറ്റ ബന്ധം പുലർത്തി.

അവരുടെ ഔദാര്യഹസ്തങ്ങളുടെ ശോഭയാണ് എന്നെ അത്ഭുതപ്പെടുത്തിയത്. അല്ലാഹു പറയുന്നു. "സത്യവിശ്വാസികളിൽ നിന്നും അല്ലാഹു അവരുടെ ശരീരങ്ങളേയും മുതലുകളേയും വിലക്കെടുത്തിരിക്കുന്നു, പകരം അവർക്ക് സ്വർഗം നൽകാമെന്ന കരാറിൽ". ഈ ഡോക്ടർ ദമ്പതികളെക്കുറിച്ച് ഓർക്കുമ്പോഴൊക്കെ ഖുർആനിലെ ഈ വചനവും ഒപ്പം മനസ്സിൽ ഉയർന്ന് വരും. കിടപ്പാടമില്ലാത്ത എത്രയെത്ര നിർധനർക്കാണ് ആശ്വാസമേകിയത്. താക്കോൽദാന കർമ്മവുമില്ല. ഉദ്ഘാടനവുമില്ല. പത്രങ്ങളിൽ വാർത്തകളിൽ ഫോട്ടോ അച്ചടിച്ചു വരലുമില്ല. ഞാൻ ശുപാർശ ചെയ്ത പ്രകാരം ഞാൻ മുഖേന നൽകിയതുതന്നെ അനവധിയാണ്. വ്യക്തികൾക്ക് മാത്രമല്ല, സ്ഥാപനങ്ങൾക്കും. സന്തോഷത്തോടെ കൊടുക്കുക, ഉത്സാഹത്തോടെ സഹായിക്കുക. ആരാണിതിൽ മുന്നിൽ! ഭർത്താവോ അതോ ഭാര്യയോ? ധർമ്മം ചെയ്യാനും സംഭാവന നൽകാനും മത്സരിക്കുന്ന ദമ്പതിമാർ! എന്റെ സൽസബീൽ കാര്യങ്ങൾക്കുവേണ്ടി, തിരൂർക്കാട് ഞങ്ങളുടെ മദ്റസക്ക് വേണ്ടി, വിഷമമനുഭവിക്കുന്ന എന്റെ സുഹൃത്തുക്കൾക്ക് വേണ്ടി, ഞാൻ ശുപാർശ പറയുന്ന സാധുക്കൾക്കു വേണ്ടി, ഇങ്ങനെ വേണ്ടി, വേണ്ടി എന്നു പറഞ്ഞുപോയാൽ പെട്ടെന്ന് അതവസാനിക്കുകയില്ല. പ്രായാധിക്യത്തിലും ഞാൻ വിശ്രമമില്ലാതെ ബസ്സിലും കാൽനടയായും മറ്റും നിരന്തരം യാത്ര ചെയ്യുന്നത് അവർ മനസ്സിലാക്കി. അതവർക്ക് അസഹ്യമായി തോന്നി. കുടുംബാദികൾക്ക് പോലും തോന്നാതിരുന്ന ദീനാനുകമ്പ എന്നോടുണ്ടായി. അവർ എനിക്ക് ഒരു പുതിയ കാർ വാങ്ങി തന്നു. 'ഇനി ബസ്സിൽ യാത്ര അരുത്' എന്ന് പറഞ്ഞപ്പോൾ സ്നേഹാനുകമ്പയുടെ ഒരു ശാസനയായിട്ടാണ് എനിക്കത് അനുഭവപ്പെട്ടത്. ആ കാർ കിട്ടുമ്പോൾ മറ്റൊരു വണ്ടിക്കുള്ള ക്വട്ടേഷൻ ബഹറയ്നിലെ ഒരു ട്രസ്റ്റ് ആവശ്യപ്പെട്ട പ്രകാരം അങ്ങോട്ടയച്ചിരുന്നു. ഇത് ലഭിച്ചപ്പോൾ ഉടനെ ഞാൻ ബഹറയ്നിലേക്ക് എഴുതി. "എനിക്ക് വണ്ടി കിട്ടി. ഇനി അത്യാവശ്യമില്ല. ഈ വണ്ടികൊണ്ടു നടക്കാൻ ഇന്ധനം വേണം. അതിലേക്ക് വല്ല സഹായവും ചെയ്താൽ നന്ന്." അവർ ഒരു സംഖ്യ അയച്ചുതന്നു. ആ ട്രസ്റ്റ് എന്നെ പലപ്പോഴും സഹായിച്ചിട്ടുണ്ട്. ഞാൻ അങ്ങനെ വലിയ മുതലാളിയെപ്പോലെ കാറിൽ യാത്ര ചെയ്തുകൊണ്ടിരുന്നു. ഒറ്റ ദിവസവും ഒഴിവില്ല. യാത്ര വർദ്ധിച്ചു. ആരും എന്നെ ക്ഷണിച്ചില്ലെങ്കിലും ഞാൻ യാത്ര ചെയ്യും. വഴിയിൽ പരിചയവും സ്നേഹ

ബന്ധവുമുള്ള സ്ഥാപനങ്ങളിലും കുടുംബങ്ങളിലുമെല്ലാം വണ്ടി നിർത്തി ചെന്ന് ബന്ധം പുതുക്കും. പ്രസംഗത്തിനും മറ്റും പോയാൽ അപൂർവ്വ മായി ചിലർ എണ്ണ അടിക്കാൻ വല്ലതും തരും. തന്നാൽ വാങ്ങും. പലരും ഞാൻ വലിയ മുതലാളിയാണെന്ന് കരുതി ഒന്നും തരില്ല. എങ്കിലും എന്റെ ആവശ്യങ്ങൾ അല്ലലില്ലാതെ ഏതെങ്കിലും വഴിയിലൂടെ റബ്ബ് പൂർത്തി യാക്കും.

ഡോ. അലി ദമ്പതിമാരെക്കുറിച്ച് ഞാൻ അധികം പ്രശംസിക്കുന്നില്ല. പ്രശംസ ഇഷ്ടപ്പെടുന്ന ഒരു ദുശ്ശീലം ചിലപ്പോൾ പിശാച് മനസ്സിൽ കട ത്തിവിടാൻ ശ്രമിക്കും. അതോടെ എല്ലാം വൃഥാവിലായി. ഞാനായിട്ട് അതിന് കാരണമാകരുതല്ലോ. അവർ ഇത്തരം പ്രശംസകളോ പ്രസിദ്ധി യോ തീരെ ഇഷ്ടപ്പെടുന്നവരല്ലെന്ന് ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. അല്ലാ ഹു ഇഷ്ടപ്പെടുന്ന ഒരു സാംസ്കാരിക ബോധമാണത്. സമുദായത്തിലെ സമ്പന്നന്മാർ ഡോ. അലി- ആയിഷമാരെപ്പോലെ ആയിരുന്നുവെങ്കിൽ ഈ സമുദായത്തിന്റെ ഒട്ടേറെ വിഷമപ്രശ്നങ്ങൾ പരിഹൃതമായേനെ. ഏതായാലും അവരുടെ സ്നേഹ- ലാളനകൾ ഞാൻ വളരെ അനുഭവി ക്കുന്നു. ഒരു പിതാവിന്റെ വാത്സല്യഭാവത്തോടെ. മറിച്ച് ബഹുമാനവും ആദരവും തിരിച്ചുനൽകാൻ അവർ എനിക്ക് അവസരം നൽകാറില്ല.

എന്റെ സ്നേഹമല്ലാതെ മറ്റൊന്നും അവർ ആശിക്കുന്നില്ല. ദീർഘകാ ലമായിട്ടില്ല ഈ ബന്ധം. പക്ഷെ അൻപതും അറുപതും വർഷങ്ങൾ പഴ ക്കമുള്ള സൗഹൃദ ബന്ധങ്ങളെ കവച്ചുവെച്ച് അത് മുന്നിൽ നിൽക്കുന്നു. ദുൻയാവിൽ നിന്നും വിട്ടുപിരിഞ്ഞാലും ഇത് തുടരണം. പരലോകത്ത് അവർക്ക് ലഭിക്കാൻ ഇടയുള്ളൂ, അല്ലാഹു സത്യവിശ്വാസികളുമായി നട ത്തിയ ആ ഉടമ്പടി പ്രകാരം ലഭിച്ചേക്കാവുന്ന സ്വർഗത്തിന്റെ ഏതെങ്കി ലും ഒരു വരമ്പത്ത് എനിക്കും നിൽക്കണം, ഡോക്ടർ അലി- ആയിഷാ ദമ്പതികളെ കാണാൻ, ആ സ്നേഹലാളനകൾ ഏറ്റുവാങ്ങാൻ. അല്ലാ ഹുവേ! ഞങ്ങൾക്ക് നീ ഭാഗ്യം നൽകേണമേ.

ഓർമകളുടെ തീരത്ത്

## 76

# ലുലു സെന്റർ

ലോകപ്രസിദ്ധമാണിപ്പോൾ ഈ പേര്. തൃശ്ശൂർ ജില്ലയിലെ നാട്ടിക സ്വ ദേശി എം.എ. യൂസഫ് അലി എം.എ. ആണ് ഇതിന്റെ മാനേജിങ്ങ് ഡയ രക്ടർ. ലുലു ഒരു പേര് മാത്രമാണ്. നിരവധി പേരുകളിൽ ഗൾഫ് മേഖല

യിലാകെ പരന്ന് കിടക്കുന്ന എം.കെ. ഗ്രൂപ്പിന്റെ വ്യവസായ ശൃംഖല. ആഫ്രിക്കൻ നാടുകളിലും ഇന്ത്യയിലും നീണ്ടിരിക്കുന്നു. ആറേഴായിരം തൊഴിലാളികൾ ഈ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നുണ്ട്. അധികവും മലയാളികൾ തന്നെ.

വ്യവസായ പ്രമുഖനെന്ന നിലയിൽ ഇന്ത്യയിലെ ഭരണവേദികളിലും ഗൾഫ് ഭരണാധികാരികൾക്കിടയിലും പ്രത്യേകം പരിഗണിക്കപ്പെടുന്ന ഉന്നതനാണ് യൂസഫലി. ഇദ്ദേഹമാണ് 85കാലം മുതൽ എന്റെ ഗൾഫ് യാത്രയുടെ സ്പോൺസർ എന്ന് പറഞ്ഞാൽ പലരും വിശ്വസിച്ചെന്ന് വരില്ല. എന്നാൽ സത്യമാണത്. അബൂദാബി ഇന്ത്യൻ ഇസ്‌ലാമിക് സെന്റർ ഹാളിൽ അവിടെത്തെ ഇസ്‌ലാഹി സെന്റർ സംഘടിപ്പിച്ച എന്റെ ഒരു പ്രഭാഷണം കേൾക്കാൻ യൂസുഫ് അലി സാഹിബ് വന്നു. ഒരു സുഹൃത്തിനോടൊത്ത് അവിചാരിതമായി എത്തിയതാണ്. കൊച്ചിയിൽ നിന്നും എറണാകുളത്തേക്ക് കടക്കുന്നതുപോലെ, തിരൂർക്കാട് നിന്നും അങ്ങാടിപ്പുറത്തേക്ക് ഓട്ടോറിക്ഷയിൽ പോയി വരുന്നതുപോലെ അല്ലെങ്കിൽ അതിനേക്കാൾ ലാഘവത്തോടെ നാടുകളിൽ നിന്നും നാടുകളിലേക്ക് യാത്ര ചെയ്യുന്ന ഈ വ്യവസായ പ്രമുഖന് ഒരു പ്രസംഗം കേൾക്കാൻ വേണ്ടി ഒരുങ്ങി വരാൻ എവിടെയാണ് സമയം?! അവിചാരിതം എന്ന് പറഞ്ഞത് അതുകൊണ്ടാണ്. ആ പ്രസംഗത്തിലെ വിഷയം 'ഖളാഅ് ഖദ്ർ' ആയിരുന്നു. തലയിലെഴുത്ത് സിദ്ധാന്തം എന്ന് സി.എൻ. മൗലവി ആക്ഷേപിച്ചു തള്ളിയ വിഷയം, മൗദൂദി സാഹിബ് ഈമാൻ കാര്യങ്ങളിൽ നിന്നും സൂത്രത്തിൽ ഒഴിവാക്കി അഞ്ചിൽ സ്ഥിരപ്പെടുത്തിയ വിഷയം! ഇത് സംബന്ധമായി ഒട്ടേറെ ചോദ്യങ്ങൾ എനിക്ക് കിട്ടിയിട്ടുണ്ട്. കുഴച്ചു മറിച്ച് അഴകുഴമ്പനാക്കിയ ഈ വിഷയം ജനങ്ങൾക്ക് ഹൃദ്യമാകുന്ന നിലയിൽ അവതരിപ്പിക്കാൻ എനിക്ക് കഴിവ് നൽകാൻ ഞാൻ അല്ലാഹുവിനോട് വളരെ പ്രാർത്ഥിച്ചിട്ടുണ്ട്. നിരന്തരമായ പ്രാർത്ഥനയും ചിന്തയുമായി കുറെ നാൾ കഴിഞ്ഞുകൂടി. ഒടുവിൽ ഒരു രൂപം തെളിഞ്ഞുകിട്ടി. ഖുർആനിലും ഹദീസിലും വന്നിട്ടുള്ള വിഷയങ്ങൾ തെരഞ്ഞെടുത്ത് ക്രോഡീകരിച്ചും കാലോചിതമായ ഉദാഹരണങ്ങളിലൂടെ ശ്രോതാക്കളെ ബോധ്യപ്പെടുത്തിയും ഞാൻ ഖളാഅ് ഖദ്റിനെ വിശദീകരിച്ചു. കേട്ടവരെല്ലാം വളരെ ഹൃദ്യമായെന്ന് നേരിൽ പറഞ്ഞു. അങ്ങനെ സൽസബീലിലൂടെ ഞാൻ അത് എഴുതി. വളരെയേറെ ആളുകളുടെ തെറ്റിദ്ധാരണ ഈ വിഷയത്തിൽ നീങ്ങിയതായി ബോധ്യമായി. പലവട്ടം ഇത് ആവർത്തിച്ചെഴുതിയിട്ടുണ്ട്. സ്ഥലം പരിമിതി കാരണം ആവർത്തിക്കുന്നില്ല.

ഇന്ത്യൻ ഇസ്‌ലാമിക് സെന്റർ ഹാളിൽ ചേർന്ന യോഗത്തിൽ ഞാൻ

ഈ വിഷയം ഒരു മണിക്കൂറിലേറെ സമയമെടുത്ത് അവതരിപ്പിച്ചു. ആളുകൾ കാത് കൂർപ്പിച്ച് കേട്ടുകൊണ്ടിരുന്നു. അവർക്ക് ഇത് പുതിയതായിരുന്നു. പരിപാടി കഴിഞ്ഞു. യൂസഫ് അലി അടുത്തുവന്നു. പരിചയപ്പെട്ടു. അന്ന് അദ്ദേഹം എനിക്ക് ഒരു സമ്മാനം നൽകി. ഗൾഫിൽ വരണമെന്ന് തോന്നുമ്പോഴെല്ലാം അതിന്റെ യാത്രച്ചിലവ് താൻ വഹിക്കുന്നതാണ് എന്ന്. അത് അദ്ദേഹം പാലിച്ചു. ആഫീസിൽ അതിന് വേണ്ട ഏർപ്പാടു ചെയ്തു. ഞാൻ അബുദാബിയിൽ, യൂസഫലിയുടെ ആഫീസിൽ എത്തി ടിക്കറ്റ് കാണിച്ചാൽ ഉടനെ പണം കിട്ടും. പതിറ്റാണ്ടിലേറെയായി ഈ ആനുകൂല്യം ഞാൻ അനുഭവിക്കുന്നു. എന്റെ വിസയുടെ സ്പോൺസർ യു.എ.ഇ.ലെ ക്യാബിനറ്റ് നിലവാരത്തിലുള്ള ഒരു അറബി സ്നേഹിതനാണ്. അഞ്ചു വർഷത്തേക്ക് വിസ സ്റ്റാമ്പ് ചെയ്യും. ആറ് മാസത്തിലൊരിക്കൽ നിർബന്ധമായും യാത്ര ചെയ്തിരിക്കണം. അല്ലെങ്കിൽ വിസ ക്യാൻസലാകും. യൂസഫലി സാഹിബിന്റെ സഹായത്തോടെ ഞാൻ മുടങ്ങാതെ ഗൾഫ് യാത്ര നടത്തിക്കൊണ്ടിരുന്നു. വല്ലപ്പോഴുമേ അദ്ദേഹവുമായി മുഖാമുഖം കാണുകയുള്ളൂ. നാട്ടിലുണ്ടെന്നറിഞ്ഞാൽ ഞാൻ വീട്ടിൽ പോയി കാണും. വളരെ സ്നേഹാദരവുകളോടെ എപ്പോഴും എന്നോട് സഹവസിക്കുന്ന കോടീശ്വരനും വ്യവസായ പ്രമുഖനുമായ യൂസഫലിയിൽ നിന്നും ലഭിച്ച ഈ ആനുകൂല്യം എപ്പോഴും നന്ദിയോടെ ഞാൻ സ്മരിക്കുന്നു. അല്ലാഹു അദ്ദേഹത്തിന് അർഹമായ നന്മ ചൊരിയുമാറാകട്ടെ.

ഓർമകളുടെ തീരത്ത്

## 77

# പിണങ്ങാത്ത കൂട്ടുകാരൻ

കെ.എൻ. ഇബ്റാഹീം മൗലവി. കേരള ജംഇയ്യത്തുൽ ഉലമായുടെ പ്രസിഡണ്ട്. കുറെകാലം സെക്രട്ടറിയായിരുന്നു. മദീനത്തുൽ ഉലൂം അറബി കോളെജിന്റെ (പുളിക്കൽ) പ്രിൻസിപ്പാളായിരുന്നു. ആ സ്ഥാപനത്തിൽ കണ്ണും കരളും കാതുമായിരുന്നു. കെയെന്നി എന്ന് മാത്രം പറഞ്ഞാൽ പ്രസ്ഥാനരംഗത്തുള്ളവർക്ക് മുഴുവൻ അറിയാം. എന്നാൽ എനിക്ക് അദ്ദേഹം ഇതൊന്നുമല്ല. എന്റെ പ്രിയപ്പെട്ട കൂട്ടുകാരനാണ്. ആറു പതിറ്റാണ്ടുകളായുള്ള കൂട്ടുകാരൻ. ചെറുപ്പത്തിൽ കടവത്തൂരിലുള്ള അദ്ദേഹത്തിന്റെ തറവാട്ടു വീട്ടിൽ വെച്ചു കണ്ടുമുട്ടിയപ്പോൾ തുടങ്ങിയ ബന്ധമാണ്. മതരംഗത്തെ എന്റെ എല്ലാ പ്രവർത്തനങ്ങൾക്കും എന്നെ

പിന്തുണച്ച, പ്രോത്സാഹിപ്പിച്ച കൂട്ടുകാരൻ. എന്റെ വ്യക്തി- കുടുംബ ബന്ധങ്ങളിലും മറ്റു വിഷയങ്ങളിലും കെ.എൻ.ഇ. അറിയാത്തതായി ഒന്നുമില്ല. ഞാൻ ഓർത്തുനോക്കി, ദീർഘമായ ഈ ബന്ധത്തിൽ എപ്പോഴെങ്കിലും ഒരു ഇളക്കമോ, പോറലോ ഉണ്ടായിട്ടുണ്ടോ? ഇല്ലേയില്ല. അത്തരം അസുഖകരമായ ഒരോർമ്മയും ഇല്ല. ഞാൻ സൽസബീൽ മാസിക തുടങ്ങുന്ന കാര്യം ആദ്യം ആലോചിച്ചത് കെ.എൻ.ഇ.യോടാണ്. അങ്ങനെ എല്ലാം അദ്ദേഹത്തോട് പറയും. കുശാഗ്രബുദ്ധിയും ദീർഘദൃഷ്ടിയുമുള്ള ആളാണദ്ദേഹം. ഭൗതിക കാര്യങ്ങളിലും നല്ല ഉൾക്കണ്ണാണ് കെ. എൻ.ഇ.ക്ക്. സമർത്ഥനായ ഭരണചതുരനാണദ്ദേഹം എന്ന് പുളിക്കൽ മദീനത്തുൽ ഉലൂമിന്റെ ചരിത്രം വിളിച്ചോതുന്നു. അദ്ദേഹം ഏതെങ്കിലും കാര്യത്തിൽ എതിരഭിപ്രായം പറഞ്ഞാൽ ഞാൻ ആ വഴിക്ക് പിന്നെ നടക്കുകയില്ല. എനിക്ക് അത്രയേറെ വിശ്വാസമാണ് അദ്ദേഹത്തെ. എന്റെ സുഹൃത്തുക്കൾ തന്നെ ചില കാര്യങ്ങളിൽ, ഞാൻ വിമുഖത കാണിക്കുമ്പോൾ സ്വകാര്യമായി പറഞ്ഞത് ഞാൻ അറിഞ്ഞിട്ടുണ്ട്, അത് മൗലവിയെ കെയെന്നി തിരിച്ചതാണ് എന്ന്. മിക്കവാറും അത് സത്യമായിരിക്കും. ഞങ്ങളുടെ ഈ ബന്ധം വിവരിക്കാൻ തുടങ്ങിയാൽ ആയിരം പേജുകൾ എഴുതേണ്ടിവന്നേക്കും. ഈ ബന്ധം ഞങ്ങളിലൊരാൾ യാത്ര പറയുമ്പോഴേ വേർപിരിയുകയുള്ളൂ. എന്നും പ്രാർത്ഥിക്കുന്നതാണിത്. മാത്രമല്ല, പരലോകത്തും ഇതിന്റെ തുടർച്ച ഏറ്റവും നല്ലനിലയിൽ തുടരണമെന്ന പ്രാർത്ഥനയുമുണ്ട്. അല്ലാഹു സ്വീകരിക്കുമാറാകട്ടെ.

ഓർമകളുടെ തീരത്ത്

## 78

# രണ്ടു സ്വകാര്യ ദുഃഖങ്ങൾ

ഞാൻ എന്റെ നല്ല യുവത്വത്തിന്റെ കാലത്ത് ഒരു രണ്ടാം വിവാഹം നടത്തിയിട്ടുണ്ട്. എന്റെ ആൺമക്കളിൽ മൂത്തവൻ ബശീർ കുട്ടിയായിരിക്കുമ്പോഴായിരുന്നു ഈ സംഭവം. പക്ഷെ, ഏകദേശം മൂന്ന് വർഷം മാത്രമേ ആ ബന്ധം നീണ്ടുനിന്നുള്ളൂ. ദുഃഖകരമായി മാത്രം എന്നും ഓർമ്മിക്കുന്ന വേർപിരിവ്. ആ വിവാഹം വേണ്ടിവന്നതും വേർപിരിഞ്ഞതും ചില പ്രത്യേക സാഹചര്യത്തിലായിരുന്നു. വൈകാരികമായ ആ പശ്ചാത്തലം ഇവിടെ വിവരിക്കേണ്ടതില്ലെന്നാണ് മനസ്സ് പറയുന്നത്. ഈ ബന്ധത്തിൽ എനിക്ക് ഒരു മകൻ ജനിച്ചു. അബ്ദുല്ല. അബ്ദുല്ലയുടെ ഉമ്മ ആസ്യയെ എന്റെ അടുത്ത കുടുംബത്തിൽപെട്ട ഒരാൾ തന്നെയാണ്

പിന്നീട് വിവാഹം ചെയ്തത്. അബ്ദുല്ല സ്കൂളിൽ പഠനം തുടങ്ങിയ ശേഷം എന്റെ കൂടെയായിരുന്നു. പഠിക്കാൻ വളരെ സമർത്ഥനായിരുന്നു. എങ്കിലും അവന്റെ മുഖത്ത് സദാ ഒരു വിഷാദഭാവം ഉണ്ടായിരുന്നോ എന്ന് എനിക്ക് ഒരു തോന്നൽ. ചിലപ്പോൾ വെറും തോന്നലാകാം. പശ്ചാത്തലം അതാണല്ലോ. അവന്റെ ഉമ്മ പുനർവിവാഹ ബന്ധത്തിൽ ഏഴ് പെൺമക്കളെയും ഒരാൺകുട്ടിയെയും പ്രസവിച്ചു. അബ്ദുല്ല അവന്റെ ഉമ്മയേയും സഹോദരിമാരേയും നന്നായി സ്നേഹിച്ചു. അവൻ പഠിച്ചു ഉദ്യോഗം നേടി വരുമാനമായപ്പോൾ അവരെ നന്നായി സംരക്ഷിച്ചു. സഹോദരികളെ വിവാഹം ചെയ്തു കൊടുത്തത് അവന്റെ സംരക്ഷണയിലായിരുന്നു. ഉമ്മക്ക് സുഖമില്ലാതിരിക്കുന്ന അവസ്ഥയിൽ അവൻ ഹജ്ജിന് പോയി. അന്ന് അവൻ സുഊദിയിലായിരുന്നു ജോലി. ഇപ്പോൾ യു.എ.ഇ.യിലാണ്. ടെലഫോൺ കാര്യാലയത്തിൽ നാട്ടിൽ നല്ല സ്ഥാനത്തിരിക്കുമ്പോൾ അത് ഉപേക്ഷിച്ച് വിദേശത്ത് പോയി. ഇപ്പോഴും അതേ വകുപ്പിൽ തന്നെയാണ് ജോലി. നല്ല ശമ്പളവും സൗകര്യങ്ങളുമുള്ള ഉദ്യോഗമാണ്. എന്റെ ആദ്യ ഭാര്യ ഫാത്വിമക്കുട്ടിയുടെ അനുജത്തിയുടെ മകളെയാണ് അബ്ദുല്ല വിവാഹം ചെയ്തത്. റൈഹാനത്ത്. സർക്കാർ അദ്ധ്യാപികയാണ്. അവർക്ക് രണ്ടു കുട്ടികളുണ്ട്. സ്വന്തം ഉമ്മയെ സംരക്ഷിച്ചും കുടുംബാദികളുമായി നല്ല ബന്ധത്തിലും സുഖമായി അവൻ കുടുംബജീവിതം നയിക്കുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും ഒരു കുറ്റബോധം മനസ്സിന്റെ കോണിലെവിടെയോ എന്നോടൊപ്പം ഉണ്ടെന്ന് തോന്നുന്നു. എന്റെ മകന്റെ മനസ്സിന്റെ ഉള്ളിന്റെയുള്ളിൽ എന്നോടുള്ള ദേഷ്യത്തിന്റെയോ വെറുപ്പിന്റെയോ ഒരംശം അവൻ കൊണ്ടുനടക്കുന്നുണ്ടാകുമോ എന്ന ഭയമോ ആശങ്കയോ ഇല്ലാതില്ല. എന്നെന്നും എന്നെ പിന്തുടരുന്ന ഒരു സ്വകാര്യ ദുഃഖമാണിത്.

എന്റെ മക്കളിൽ ഒന്നാമത്തേത് പെൺകുട്ടിയായിരുന്നു. അത് പ്രസവത്തിൽ തന്നെ മരിച്ചു. രണ്ടാമത്തേതും മൂന്നാമത്തേതും പെൺകുട്ടികൾ തന്നെ. ഹബീബയും ആമിനയും. ഹബീബ തിരൂരങ്ങാടി പി.എസ്.എം.ഒ. കോളേജിൽ ഇപ്പോൾ പ്രൊഫസറായി ജോലി ചെയ്യുന്നു. ആമിന യതീംഖാനയുടെ കീഴിൽ തന്നെ സ്കൂളിൽ അദ്ധ്യാപികയാണ്. ആമിന എന്റെ ദുഃഖപുത്രിയാണ്. ഒന്നിലേറെ വിവാഹബന്ധത്തിൽ ഏർപ്പെടേണ്ടി വന്നിട്ടും അവൾക്ക് ഒരു സന്തോഷകരമായ ജീവിതം ലഭിച്ചില്ലെന്നുള്ള ഒരു വ്യസനം എന്നെ വിടാതെ തുടരുകയാണ്.

ആലപ്പുഴ ജില്ലയിൽ ഒരു ഹിന്ദു കുടുംബത്തിൽ നിന്നും ഇസ്‌ലാമിലേക്ക് വന്ന ഒരു യുവാവായിരുന്നു ആമിനയുടെ ഒടുവിലത്തെ ഭർത്താവ്.

70കളുടെ ഒടുവിലാണ് ഈ സംഭവം. അന്ന് ഞാൻ ആലപ്പുഴയുമായി നിരന്തരം ബന്ധപ്പെടുന്ന കാലത്താണ് ഈ ആളെ പരിചയപ്പെട്ടത്. അയാൾക്ക് പഠിക്കണമെന്ന് ആഗ്രഹം പറഞ്ഞപ്പോൾ ഞാൻ തിരൂർക്കാട്ടേക്കു ക്ഷണിച്ചു. അവിടെ നിന്ന് പുളിക്കലേക്ക് കൊണ്ടുപോയി. അക്കാലത്ത് സൽസബീൽ പ്രസ്സും മാസികയും പുളിക്കലാണ് നടക്കുന്നത്. കെ.എൻ. ഇബ്റാഹീം മൗലവിയുടെ ഔദാര്യത്തിൽ ഇയാൾക്ക് യതീംഖാനയുടെ വാർഡനായി ഒരു ചെറിയ ജോലിയും ഏർപ്പാടാക്കി. അവിടെ കഴിയുകയും മതവിഷയങ്ങൾ പഠിക്കുകയും ചെയ്തിരുന്നു. പ്രസംഗചാതുര്യമുള്ള അയാളെ ഞാൻ പ്രോത്സാഹിപ്പിച്ചു. നമ്മുടെ പ്രചാരണരംഗത്ത് ഒരു പ്രസംഗകനാക്കി. പേര് മറച്ചുവെച്ചാലും മറഞ്ഞിരിക്കുകയില്ല. നമ്മുടെ പ്രസ്ഥാനരംഗത്തും പുറത്തും ഒരു പ്രസംഗകനായി അക്കാലത്ത് ഇയാൾ അറിയപ്പെട്ടു കഴിഞ്ഞിരുന്നു. ആദം ഖാലിദ്. പലരും ഓർക്കുന്നുണ്ടാകും. ഒരു പിതാവിനോട് കാണിക്കുന്ന സ്നേഹാദരവുകളോടെ അയാൾ എന്നോടൊത്ത് കഴിഞ്ഞു. എന്നെ സ്നേഹിക്കുന്നവരെല്ലാം അയാളെ സ്നേഹിച്ചു. മാതാപിതാക്കളും സഹോദരിയുമെല്ലാം ഉള്ളവനായിരിക്കുമ്പോൾ ആരുമില്ലാത്ത അനാഥനെപ്പോലെ ഒറ്റപ്പെട്ട് ജീവിക്കുന്ന ആ മനുഷ്യനോട് എനിക്ക് കരുണയും പുത്രവാത്സല്യവും ഉണ്ടായിത്തീർന്നു. അങ്ങനെ ഒരു കുടുംബാംഗത്തെപ്പോലെ ഞങ്ങളെല്ലാം അയാളെ കണക്കാക്കി. പുളിക്കൽവെച്ച് നടന്ന മുജാഹിദ് സംസ്ഥാന സമ്മേളനത്തിന്റെ ഒരു ഫുൾടൈം പ്രവർത്തകനായിരുന്നു ആദം ഖാലിദ്. അന്ന് എന്റെ മകൾ ആമിന ഭർത്താവ് ഉപേക്ഷിക്കപ്പെട്ട നിലയിൽ ഒരു ആൺകുട്ടിയുമായി തനിച്ചുകഴിയുകയാണ്. തിരൂരങ്ങാടിയിൽ അദ്ധ്യാപികയാണെങ്കിലും അയൽപക്കത്ത് ജ്യേഷ്ഠത്തി ഹബീബയും കുടുംബവുമുണ്ടെങ്കിലും ഭർത്താവില്ലാത്ത സ്ത്രീ ഒറ്റപ്പെട്ടവൾ തന്നെയാണല്ലോ. ആ ദുഃഖം എന്നിൽ നന്നായി ഉണ്ടായിരുന്ന ഈ സന്ദർഭത്തിൽ എങ്ങനെയോ ആമിനക്ക് വേണ്ടി ആദം ഖാലിദിനെ ആലോചിക്കലുണ്ടായി. ആരാണിത് തുടങ്ങിയതെന്ന് എനിക്ക് നിശ്ചയമില്ല. സ്വീകരിക്കാനും തള്ളാനും കഴിയാത്ത ഒരു നിസ്സംഗതയിൽ ഞാൻ കുറച്ചു ദിവസം കഴിച്ചുകൂട്ടി. എന്റെ ചുറ്റുമുള്ള സ്നേഹവലയത്തിൽ ചിലർക്ക് ഈ വിഷയത്തിൽ താൽപര്യം കാണുന്നുണ്ട്. പലർക്കും അതില്ലതാനും. 'പുതിയ ഇസ്ലാം' എന്നയാളെ രണ്ടാംതരം പൗരനായി കാണുന്ന ഒരനിസ്ലാമിക നിലപാട് തറവാട്ടുകാർ എന്ന് വമ്പ് നടിക്കുന്നവരും പൗരോഹിത്യവും ചേർന്ന് സമുദായത്തിൽ ഉണ്ടാക്കിയിരിക്കുന്നു. എന്നാൽ ഈ പറയപ്പെട്ട തറവാട്ട് മഹിമക്കാരുടെ പൂർവ്വികരൊക്കെ 'പുതിയ ഇസ്ലാമീങ്ങളാ'യിരുന്നു

വെന്ന സത്യം അവർ വിഴുങ്ങുകയും ചെയ്യുന്നു. ഉൽപ്പതിഷ്ണുക്കൾ എന്ന് പറയുന്ന നമ്മുടെ സ്നേഹവലയത്തിലും ഈ ജീർണത പറ്റെ വിട്ടൊഴിഞ്ഞു കാണുന്നില്ല. ചോദിക്കാനും പറയാനും ആരുമില്ലാത്ത ഒരുത്തന്റെ കയ്യിൽ സ്വന്തം മകളെ എങ്ങനെയാണ് പിടിച്ചേൽപിക്കുക എന്ന പ്രായോഗിക ചിന്തയിൽനിന്നുടലെടുത്തതാണീ സ്വഭാവമെങ്കിലും രണ്ടാംതരം പൗരന്മാരായി മതപരിവർത്തനം ചെയ്തവരെ നോക്കിക്കാണുന്നിടത്തേക്ക് നമ്മുടെ മനോഭാവം തരംതാഴ്ന്നു. എന്റെ മകളെ ഖാലിദിന് കൊടുക്കുന്നതിനെ എതിർത്തവരിൽ പലരും ഈ മനോഭാവത്തോടെയാണ് നിൽക്കുന്നതെന്ന് എനിക്ക് മനസ്സിലായി. അതുകൊണ്ടുതന്നെ ആ എതിർപ്പിനെ ഞാൻ മുഖവിലക്കെടുത്തില്ല. എനിക്കറിയേണ്ടത് ഒന്നു മാത്രമായിരുന്നു. എന്റെ മകൾ ഖാലിദിനെ ഭർത്താവായി സ്വീകരിക്കാൻ ഒരുക്കമുണ്ടോ. അവളുടെ ഇഷ്ടം മുഖ്യ ഘടകമാണല്ലോ. വിവാഹമോചിതയായ സ്ത്രീയെന്ന നിലയിൽ അവൾക്ക് സ്വയം തീരുമാനമെടുക്കാൻ ഇസ്‌ലാം കൂടുതൽ അവകാശം നൽകിയിട്ടുണ്ട്. ഞാൻ അതാണ് ആദ്യം അന്വേഷിച്ചത്. സമ്മതക്കുറവില്ല, ഉപ്പാക്ക് താൽപര്യമുണ്ടെങ്കിൽ എന്നാണ് കിട്ടിയ വിവരം. ഞാൻ ആ വിവാഹം നടത്തിക്കൊടുത്തു. ഖാലിദ് എന്റെ കുടുംബാംഗമായി. എന്റെ വലിയ കുടുംബത്തിൽ ഒരു പുതിയാപ്ലക്ക് ലഭിക്കാവുന്ന എല്ലാ പരിഗണനയും അയാൾക്ക് ലഭിച്ചു. ആരൊക്കെയോ ഇടക്കിടെ അയാളെ തിരക്കി പുളിക്കൽ വരുന്നുണ്ടായിരുന്നു. പഴയ ജീവിതത്തിലെ ചില കടബാധ്യതകളാണെന്ന് പറഞ്ഞപ്പോൾ ആവശ്യമെല്ലാം നിർവ്വഹിച്ചുകൊടുത്തു. മകൾക്ക് ജോലിയുള്ളതിനാൽ അയാൾക്ക് പ്രത്യേക ബാധ്യയില്ലായിരുന്നു. എന്നിട്ടും ഞാൻ കോഴിക്കോട് ഒരു സ്നേഹിതന്റെ തുണിക്കച്ചവടത്തിൽ മകളുടെ പേരിൽ ഷെയർ ചേർന്നു. അതിന്റെ കാര്യദർശിയായി ഖാലിദിനെ കൂട്ടിയിണക്കി. കുറെ നാൾ നല്ല സന്തോഷകരമായ ജീവിതമായിരുന്നു. ഞാൻ അത് കണ്ട് സന്തോഷിച്ചു. മകൾ ഗർഭിണിയായി. ക്രമേണ ഇയാളുടെ പെരുമാറ്റത്തിൽ വ്യത്യാസം കണ്ടുതുടങ്ങി. പിന്നീടത് ലേശം ക്രൂരമായി അനുഭവപ്പെട്ടു. മകൾക്ക് ഇയാളെ കാണുന്നത് ഭയമായി. നീട്ടിപറയുന്നില്ല. അയാൾ എന്റെ മകളെ ഉപേക്ഷിച്ചു സ്ഥലംവിട്ടു. കുറച്ചുനാൾ കഴിഞ്ഞപ്പോൾ കണ്ണൂരിൽ ഉണ്ടെന്നറിഞ്ഞു. അവിടെനിന്നും മറ്റൊരു വിവാഹം കഴിച്ചെന്നും അറിഞ്ഞു. ഉമർ മൗലവി എന്നെ അടിച്ചു പുറത്താക്കിയെന്നാണ് അവിടെ അയാൾ പ്രചരിപ്പിച്ചത്. എന്തുമാകട്ടെ, ഈ ബന്ധം തുടരേണ്ടെന്നും മകളും ഞാനും തീരുമാനിച്ചു. മുബാറക്കിനേയും വേണ്ടപ്പെട്ടവരെയും അയച്ച് അയാളിൽ നിന്നും ത്വലാഖ് വാങ്ങി. മകൾ ഒരു പെൺകുട്ടിയെ പ്രസവിച്ചു. ആ കുട്ടി ഇപ്പോൾ വിവാഹിതയും മാതാവുമാണ്. എന്റെ ഒരു ആദർശ സുഹൃ

ത്തിന്റെ സൽസ്വഭാവിയായ മകൻ അവളെ വിവാഹം ചെയ്തു. എല്ലാ ചരിത്രവും അറിഞ്ഞുകൊണ്ടുതന്നെ. ആ കുട്ടി അവളുടെ പിതാവിനെ കണ്ടിട്ടേയില്ല. അയാൾ ഇടക്ക് സുഊദിയിൽ പോയതായി അറിഞ്ഞു. പിന്നീട് അയാളെക്കുറിച്ച് ഒരറിവുമില്ല. അന്വേഷിച്ചില്ല. അയാൾ എന്തിനു വന്നു? എന്തിനു പോയി? ഇന്നുവരെ എനിക്കും വേണ്ടപ്പെട്ടവർക്കും ഉത്തരം കിട്ടാത്ത ചോദ്യമായി അതവശേഷിക്കുന്നു. ആ ദുഃഖവും പേറി ഞാൻ ജീവിക്കുന്നു. ഖാലിദുമായി എന്റെ മകളുടെ വിവാഹത്തിന് തീരെ താൽപര്യം കാണിക്കാതിരുന്ന, 'ഒന്നുകൂടി ആലോചിച്ചിട്ട് പോരേ' എന്ന് പ്രതികരിച്ച ഒരേയൊരു വ്യക്തി എന്റെ ആത്മമിത്രം കെ.എൻ. ഇബ്രാഹീം മൗലവി മാത്രമായിരുന്നു. അദ്ദേഹത്തിന്റെ ദീർഘദൃഷ്ടിയും ബുദ്ധിയും അപാരം തന്നെ. എല്ലാം റബ്ബിന്റെ വിധി! മുൻ വിവാഹത്തിൽ ആമിനക്ക് ഒരു മകൻ ഉണ്ട്. വിവാഹിതൻ. ഭാര്യാസമേതം യു.എ.ഇയിൽ നല്ലനിലയിൽ കഴിയുന്നു. അവൻ ഉമ്മയോടൊപ്പം തന്നെയാണ്.

ഓർമകളുടെ തീരത്ത്

## 79

# അഴീക്കോട് മുതൽ കൊടുങ്ങല്ലൂർ വരെ

ലോക പ്രശസ്തമായ ഇന്ത്യയുടെ തുറമുഖമായിരുന്നു കൊടുങ്ങല്ലൂർ. സഹസ്രാബ്ദങ്ങൾക്ക് മുമ്പ് തന്നെ ഈ തുറമുഖം അന്തർദേശീയ വ്യാപാര കേന്ദ്രമായിരുന്നുവത്രെ. ഒരിക്കൽ എന്റെ സുഹൃത്തും ചരിത്ര ഗവേഷകനുമായിരുന്ന പി.എ. സെയ്തു മുഹമ്മദ് സാഹിബ് ഒരു പ്രഭാഷണത്തിൽ ഇങ്ങനെ പറയുന്നത് കേട്ടിട്ടുണ്ട്. സുലൈമാൻ നബി عليه السلام യുടെ കൊട്ടാരത്തിന്റെ തൂണുകൾ കേരളത്തിലെ ചന്ദനത്തടികളായിരുന്നു. പരശുരാമൻ മഴുവെറിഞ്ഞ് സൃഷ്ടിച്ച കേരളം എന്ന അപഹാസ്യമായ ഐതിഹ്യത്തെ ഈ ചരിത്ര വസ്തുതകൊണ്ട് തകർക്കുകയായിരുന്നു എന്റെ സുഹൃത്ത്. കൊടുങ്ങല്ലൂരിന്റെ ഖ്യാതി സഹസ്രാബ്ദങ്ങളോളം പിറകോട്ട് നീണ്ടുകിടക്കുന്നു.

പുരാതനകാലം മുതൽ അറബികൾക്ക് ബന്ധമുണ്ടായിരുന്ന ഈ തുറമുഖത്തേക്ക് അവർ ഇസ്‌ലാമിന്റെ മനോഹര സന്ദേശവുമായി വന്നു. അവരുടെ വാക്കുകൾ മാത്രമല്ല ജീവിതവും ഇസ്‌ലാമിന്റെ തനിപ്പകർപ്പായിരുന്നു. നമ്മൾ നേരെ മറിച്ചും. ഇസ്‌ലാം കൊടുങ്ങല്ലൂരിന്റെ പ്രാന്തപ്രദേശങ്ങളിലൂടെ വടക്കോട്ടും തെക്കോട്ടും ജൈത്രയാത്ര പോയി. കുറെ നൂറ്റാണ്ടുകൾ കഴിഞ്ഞപ്പോൾ സത്യാസത്യങ്ങൾ വേർതിരിക്കാൻ കഴിയാ

ത്തവണ്ണം ഇസ്‌ലാം ചില വേഷങ്ങളും ആചാരങ്ങളുമായി ചുരുങ്ങി. അടിസ്ഥാനപരമായ ഏകദൈവ ആരാധന വാക്കിൽ മാത്രം. പ്രവൃത്തിയിൽ ശവകുടീരങ്ങളെയും ദിവ്യത്വം ചമഞ്ഞ് സമൂഹത്തെ വഞ്ചിക്കാൻ ഇറങ്ങിയ ശൈഖ്- ഔലിയന്മാരെയും ആരാധിച്ചുകൊണ്ട് വിഗ്രഹാരാധനക്ക് സമാനമായ വിശ്വാസങ്ങളും ദുരാചാരങ്ങളുമായി ഇസ്‌ലാമിന്റെ സുന്ദരമുഖം വികൃതമായി. സ്വന്തം മുഖം വീണ്ടെടുക്കാൻ ആശയോടെ കിതപ്പോടെ ഇസ്‌ലാം കൊടുങ്ങല്ലൂരിലേക്ക് തന്നെ മടങ്ങി. അങ്ങനെ അഴീക്കോട്- എറിയാട് പ്രദേശം ആ ജീർണത മാറ്റി പൂർണ്ണത സംസ്ഥാപിക്കാൻ ഒരു കൂട്ടായ്മയുണ്ടാക്കി. 1922 നിലവിൽ വന്ന ഐക്യ സംഘവും തുടർന്നുണ്ടായ കേരള ജംഇയ്യത്തുൽ ഉലമായും ഇതിനായി ത്യാഗമേറെ അനുഷ്ഠിച്ചു. വീണ്ടും ആ സുന്ദര വദനം തെളിഞ്ഞുതുടങ്ങി. ഇസ്‌ലാഹീ പ്രവർത്തനം വളർന്ന് പന്തലിച്ചപ്പോൾ പൊതുജനങ്ങൾക്ക് കൂടിനിന്ന് പ്രവർത്തിക്കാൻ കേരള നദ്‌വത്തുൽ മുജാഹിദീനും പോഷക സംഘടനകളും നിലവിൽ വന്നു. ദീർഘമായ ചരിത്രം വിവരിക്കുകയല്ല. ദുഃഖകരമായ ചരിത്രത്തിന്റെ മറ്റൊരാവർത്തനം ചൂണ്ടിപ്പറയുക മാത്രമാണുദ്ദേശ്യം. ഇസ്‌ലാമിന്റെ ഉൽഭവസ്ഥാനം, പിന്നീട് ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ ഉൽഭവസ്ഥാനം, വീണ്ടും അസത്യത്തിന്റെ പിടിയിലമർന്നു. ഖുറാഫാത്തും മൗദൂദിസവും ചേർന്ന് അഴീക്കോട് മുതൽ കൊടുങ്ങല്ലൂർ വരെ മൂടിപ്പുതച്ചു. ഇസ്‌ലാഹീ നേതാക്കളുടെ ശ്രദ്ധ വേണ്ടത്ര അങ്ങോട്ടേക്ക് തിരിഞ്ഞതുമില്ല. അവർ അധികവും മലബാറിൽ തന്നെ ശ്രദ്ധ കേന്ദ്രീകരിച്ചു.

ഈ പശ്ചാത്തലത്തിലാണ് 72ൽ ഞാൻ കൊച്ചിയിൽ താമസം തുടങ്ങിയത്. അതിന് മുമ്പ് തന്നെ ഇടക്ക് അഴീക്കോട് ഭാഗത്ത് ചില പ്രസംഗങ്ങൾക്കായി പോയിട്ടുണ്ട്. 1968ൽ എപ്പോഴോ ഒരു ദിവസം ഞാൻ അഴീക്കോട് ഒരു പ്രസംഗത്തിന് വന്നു. വിരലിലെണ്ണാവുന്ന ചിലരേ എന്നെ പിന്തുണക്കുന്നവരായിട്ടുള്ളൂ. ഖുറാഫികളെല്ലാത്തവരെല്ലാം മൗദൂദിസ്റ്റുകളാണ്. അന്നവിടെവെച്ച് ഒരാളെ പുതുതായി പരിചയപ്പെട്ടു. ഇന്ത്യൻ നേവിയിലെ ഒരു ഓഫീസറായിരുന്നു. പേര് മുഹമ്മദ്. വളരെ തിരക്കിൽ സംസാരിക്കുന്ന പ്രകൃതമാണ്. കടുത്ത സുന്നിയായിരുന്നു. ആ കേവല പരിചയം ഒരാത്മസുഹൃത്തിന്റെ സുദൃഢ ബന്ധമായി പരിണമിക്കുമെന്ന് ഊഹിക്കാൻപോലും അന്ന് കഴിഞ്ഞില്ല. 72ൽ ഞാൻ കൊച്ചിയിൽ വന്ന ശേഷം അദ്ദേഹവുമായുള്ള ബന്ധം പുനഃസ്ഥാപിച്ചു. അദ്ദേഹം ഹജ്ജ് കഴിഞ്ഞ് വന്നു. എന്റെ ഹൃദയസുഹൃത്തായ അബ്ദുറഊഫ് മലൈബാരി മക്കത്ത് വെച്ച് ഏൽപിച്ച പുസ്തകക്കെട്ട് തലയിൽ ചുമന്നുകൊണ്ട് മുഹമ്മദ് സാഹിബ് പുതിയപള്ളി മദ്റസയിലെ എന്റെ മുറിയിലേക്ക്

കടന്നുവന്നു. അവിടെ നിന്നും വളരുകയായിരുന്നു ഞങ്ങളുടെ ബന്ധം. പിന്നീട് അദ്ദേഹം നൊവീനോ ബാറ്ററിയുടെ കേരള ഏജന്റായി. ബിസിനസ് എറണാകുളത്ത് തുടങ്ങി. നൊവീനോ ബാവുക്ക എന്നു പറഞ്ഞാൽ ഇപ്പോൾ എല്ലാവരും അറിയും. രൂപം ഒരിക്കൽ കണ്ടാൽ ആരും മറക്കുകയില്ല. എന്നെ തോൽപിക്കുന്ന നീണ്ട താടി. വട്ടമുഖം, ചെറിയ പല്ലുകൾ വിടർത്തിയുള്ള ചിരി, മുട്ടോളം പൊക്കത്തിൽ മുണ്ടുടുത്തു വലിയ കുപ്പായവും സന്തത സഹചാരിയായ ഒരു കുടയും ചൂടി വരുന്ന ബാവുക്കയെ കണ്ടാൽ ഇദ്ദേഹം മുമ്പൊരു നേവി ഓഫീസറായിരുന്നുവെന്ന് പറഞ്ഞാൽ ആരും വിശ്വസിക്കുകയില്ല. എപ്പോഴും ഖുർആൻ പഠനം. അതനുസരിച്ചുള്ള ലളിത വേഷവും ജീവിത ചര്യയുമായി കഴിയുന്ന ബാവുക്ക എന്റെ മനസ്സിലേക്ക് കയറിക്കൂടിയത് വളരെ വേഗത്തിലായിരുന്നു. കുറെ പതിറ്റാണ്ടുകൾ പഴക്കമുള്ള സുഹൃദ് ബന്ധത്തേക്കാൾ സുദൃഢമനോഹരമായിത്തീർന്നു കുറഞ്ഞ നാളുകൊണ്ട് ഞങ്ങളുടെ ബന്ധം. ആദർശ ശുദ്ധി, അതിലുള്ള കടുത്ത തീവ്രത ചിലപ്പോൾ അത് എനിക്ക് തന്നെ അസഹ്യമായിത്തോന്നും. ഞാൻ തണുപ്പിക്കാൻ ശ്രമിക്കും. എന്തായാലും ബാവുക്ക എന്റെ സ്വന്തം, സഹോദരതുല്യമായ എന്റെ കരളിന്റെ കഷ്ണമായി. ആദർശമാണ് ഞങ്ങളെ ഒന്നിപ്പിച്ചത്. ഞങ്ങളെ ഒട്ടിച്ചതും! വേർപെടുത്താൻ ആർക്കും കഴിയാത്ത ഒരു ഒട്ടിക്കൽ, മരിച്ചുപിരിഞ്ഞാലും ഇത് പരലോകത്ത് തുടരുന്ന ബന്ധമാകാണം. റബ്ബേ നീയത് കനിഞ്ഞുനൽകേണമേ!

അഴീക്കോട് നിന്നും മറന്നുപോകാത്ത, മറക്കാൻ പാടില്ലാത്ത മറ്റൊരു ബന്ധമാണ് ഇ.കെ. ഇബ്റാഹീം കുട്ടി മൗലവി. ജമാഅത്തെ ഇസ്‌ലാമിയുടെ അനുഭാവിയായിരുന്നു. 'വഴിമാറിത്തരൂ' എന്ന പേരിൽ ഒരു ജമാഅത്തുകാരൻ എനിക്കെതിരിൽ എഴുതിയ പുസ്തകം ഇങ്ങനെ ഒരു വഴിമാറ്റത്തിന് കാരണമാകുമെന്ന് അവർ വിചാരിച്ചതേയില്ല. അതീവ ശ്രദ്ധയോടെ, സംഘാടക വൈഭവത്തോടെ, നിസ്വാർത്ഥതയോടെ ആദർശരംഗത്ത് നിൽക്കാൻ കെൽപുള്ള ഒരു മനുഷ്യനാണ് ഇബ്റാഹീം കുട്ടി മൗലവി. ഞാൻ കൊച്ചിയിലുള്ള കാലത്ത് അഴീക്കോട് മുതൽ കൊടുങ്ങല്ലൂർ വരെ ഇസ്‌ലാഹീ രംഗം പുനർജീവിപ്പിക്കുവാൻ ഇ.കെ. കഠിനാധ്വാനം ചെയ്തു. ത്യാഗം ചെയ്തു എന്നു വേണം പറയാൻ. വിശദാംശങ്ങളിലേക്ക് കടന്നാൽ അത്രയധികം സംഭവങ്ങളുണ്ട് ഓർമ്മയിൽ. നിരന്തരമായ ഒരു ആദർശപ്പോരാട്ടം തന്നെ ഇബ്റാഹീം കുട്ടി മൗലവി നടത്തി. ഇപ്പോഴും അദ്ദേഹം സമരത്തിൽ തന്നെയാണ്. എന്നെ അദ്ദേഹം കിട്ടാവുന്നിടത്തോളം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഞാൻ ഏറെ ആവേശ

ത്തോടെ, ആഹ്ലാദത്തോടെ ക്ഷണിക്കുന്നേടത്തേക്ക് ഓടിയെത്തും. 70കൾ മുഴുവൻ ഞാനും സുഹൃത്ത് എ.എ. ഹമീദും ആ പ്രദേശങ്ങളിൽ ഇ.കെ.യുടെ നേതൃത്വത്തിൽ പ്രസംഗ പരമ്പര തന്നെ നടത്തിയിട്ടുണ്ട്. ഇ.കെ. കഠിനശ്രമത്തിലൂടെ ഇസ്‌ലാഹീ ആഭിമുഖ്യത്തിലേക്ക് ആ പ്രദേശത്തെ തിരിച്ചുകൊണ്ടുവന്നു. ബാവുക്ക ഏറ്റവും ശക്തനായ കൂട്ടാളിയായി, ഇ.കെയോടൊപ്പം എന്നുമുണ്ടായിരുന്നു. അവർ അഴീക്കോട് മുതൽ കൊടുങ്ങല്ലൂർ വരെ മുജാഹിദ് പ്രസ്ഥാനം പുനർജീവിപ്പിച്ചു. ഇ.കെ. എന്നെ പിതൃതുല്യം സ്നേഹിക്കുന്നു. അദ്ദേഹം അദ്ധ്യാപകനായിരുന്നു. റിട്ടയർ ചെയ്തു. ഒരു മകനോടുള്ള സ്നേഹവാത്സല്യമാണ് എനിക്ക് ഇ.കെ.യോടുള്ളത്. എല്ലാറ്റിന്റേയും നെടുംതൂൺ ആദർശബന്ധം തന്നെ. അല്ലാഹുവിന് വേണ്ടി സ്നേഹിക്കുകയും സ്നേഹിക്കപ്പെടുകയും ചെയ്യുന്ന ഈ ബന്ധം, മരണംകൊണ്ട് തിരശ്ശീലയിടാൻ കഴിയാത്ത ഹൃദയബന്ധം, എനിക്ക് ഇവരെ പിരിയാൻ ഇഷ്ടമില്ല. ആദർശപ്രവർത്തനത്തിൽ എന്നെ പിന്നിലാക്കിയ എന്റെ സുഹൃത്തുക്കളോടൊപ്പം രണ്ടാമത്തെ ജീവിതത്തിലും ചിരിച്ചും ചിരിപ്പിച്ചും ഉല്ലസിക്കണം. അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

വെളിയത്തുനാട് എം.ഇ. അബ്ദുറഹ്മാൻ എന്റെ മനസ്സിന്റെ പ്രശ്നബാഹുല്യത്തിനിടയിലൂടെ തള്ളിക്കയറി മുന്നിലെത്തിയിരിക്കുന്നു. അഴീക്കോടിന്റെ കഥപോലെത്തന്നെ ഇസ്‌ലാഹീ കേന്ദ്രമായിരുന്നു ഒരുകാലത്ത് വെളിയത്ത് നാട്. പക്ഷെ കാലങ്ങൾ കഴിഞ്ഞപ്പോൾ മൗദൂദിസം അത് വിഴുങ്ങി. അവിടെ ഇസ്‌ലാഹീ രംഗം പുനർജീവിപ്പിച്ചവരിൽ എം.ഇ. അബ്ദുറഹ്മാൻ വലിയ ഒരു കണ്ണിയാണ്. അദ്ദേഹത്തിന് പിന്തുണയായി ഡോ. സീതിയുടെ പിതാവ് ഉമർ സാഹിബ് കൂടെയുണ്ടായിരുന്നു. ഇരുവരും ചേർന്ന് അവിടെ കെ.എൻ.എം. ശാഖയുണ്ടാക്കി വളർത്തി. (ഉമർ സാഹിബ് അടുത്തിടെ മരണപ്പെട്ടു. മഗ്ഫിറത്ത് നൽകുമാറാകട്ടെ- എഡിറ്റർ.) ഇസ്‌ലാഹി പ്രസ്ഥാനത്തിന്റെ സുഗന്ധം അവിടെ പരത്തി. അബ്ദുറഹ്മാൻ മാസത്തിൽ ഒരിക്കലെങ്കിലും നേരിൽ കാണാൻ തിരൂർക്കാട് വരും. ഇല്ലെങ്കിൽ ഉള്ളയിടത്ത് എത്തും. കത്ത് അയക്കും. എന്റെ ശബ്ദം കേട്ടുകൊണ്ടിരിക്കണമത്രെ! അബ്ദുറഹ്മാൻ ഒരു പ്രത്യേക പ്രകൃതമാണ്. തീവ്രവാദി എന്ന് പറയാനാകില്ല. എങ്കിലും കുറച്ച് അതാണുതാനും. എനിക്കൊരു മകനെപ്പോലെ ഇഷ്ടമാണ് ഇയാളെ. സ്നേഹിച്ചു ശ്വാസംമുട്ടിക്കുക എന്ന് കാരണവന്മാർ പറയും. അതാണ് അബ്ദുറഹ്മാൻ. മറക്കാൻ കഴിയുന്നതോ പിരിയാൻ കഴിയുന്നതോ അല്ല ഇത്തരം ബന്ധങ്ങൾ. അല്ലാഹു അനുഗ്രഹിക്കട്ടെ.

ഞാൻ ഈ കുറിപ്പുകൾ അവസാനിപ്പിക്കുകയാണ്. അവസാനിച്ചതു കൊണ്ടല്ല. ആയിരങ്ങളാണ് എന്റെ കണ്ണിലും മനസ്സിന്റെ കണ്ണാടിയിലും ഓടിയും നടന്നും മിന്നിത്തിളങ്ങുന്നത്. അതെല്ലാം കുറിക്കാമെന്ന് കരുതി യാൽ ഇതവസാനിക്കുകയില്ല. ചെറുതും വലുതുമായ എല്ലാ സ്നേഹബ ന്ധങ്ങളെയും ഞാൻ വിലമതിക്കുന്നു. വിട്ടുപോയതും ഓർത്തെടുക്കാൻ കാലതാമസം വന്നതുമുണ്ട്. ആദർശബന്ധങ്ങളാണ് ഒട്ടുമുക്കാലും. എല്ലാ റ്റിനും പച്ചഹൃദയത്തിന്റെ ഗന്ധമുണ്ട്. എല്ലാവരേയും സ്നേഹിക്കുന്നു. എല്ലാവരോടും തെറ്റുകുറ്റങ്ങൾക്കും ഏറ്റക്കുറച്ചിലുകൾക്കും പൊരുത്ത പ്പെട്ട് മാപ്പ് ചെയ്യണമെന്ന് വിതുമ്പുന്ന ഹൃദയത്തോടെ അപേക്ഷിക്കുന്നു. അല്ലാഹു നമ്മുടെ പാപങ്ങൾ പൊറുത്തുതരട്ടെ. സ്വർഗത്തിൽ പ്രവേശനം നൽകട്ടെ.

# അനുബന്ധം

## 1

# ഉമർ മൗലവിയെക്കുറിച്ചോർക്കുമ്പോൾ

**കെ.എൻ.ഇബ്രാഹിം മൗലവി**
(മുൻ പ്രസിഡണ്ട്, കേരള ജംഇയ്യത്തുൽ ഉലമ)

1935 ലാണ് എന്ന് തോന്നുന്നു. എന്റെ പിതാവിന്റെ മാതൃമഹി മരണപ്പെട്ടപ്പോൾ കടവത്തൂരിലെ ഞങ്ങളുടെ തറവാട്ട് വീട്ടിൽ വന്നപ്പോഴാണ് ഞാൻ ആദ്യമായി ഉമർ മൗലവിയെ കാണുന്നതും പരിചയപ്പെടുന്നതും. മരണവുമായി ബന്ധപ്പെട്ട ദുരാചാരങ്ങൾക്കെതിരെ വടക്കേമലബാറിൽ ആദ്യമായി പ്രതികരിച്ച കുടുംബത്തിലേക്കുള്ള മൗലവിയുടെ ആ യാത്ര ഞാൻ ഇന്നും ഓർക്കുകയാണ്. മരണാനന്തര അടിയന്തരങ്ങൾ ദീനിന് വിരുദ്ധമാണെന്ന് ഉദ്ഘോഷിച്ച പിതാവിന്റെ അമ്മാവനായ പറമ്പത്ത് മുഹ്‌യിദ്ദീൻകുട്ടി മുസ്‌ലിയാരുടെ ധീരത നേരിൽ കാണാനും അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾ നേരിട്ട് മനസ്സിലാക്കാനുമായിരുന്നു അദ്ദേഹത്തിന്റെ വരവ്. യാഥാസ്ഥിതിക പണ്ഡിതന്മാരും നാട്ടുപ്രമാണികളും ഞങ്ങളുടെ തറവാട്ടുകാരവണരായ ആ മഹാപണ്ഡിതനെതിരെ യുദ്ധം പ്രഖ്യാപിച്ച സമയമായിരുന്നു അത്. പലരും വന്ന കൂട്ടത്തിൽ ഉമർ മൗലവിയും അവിടെ വന്നു. ചെറുപ്പമായിരുന്ന എന്നെ യുവാവായ അദ്ദേഹം പ്രത്യേകം ആകർഷിച്ചു. അന്നു തുടങ്ങിയ ആ ബന്ധം 65 വർഷക്കാലം നീണ്ടു നിന്നു. ഒരുപാട് മനസ്സിലാക്കാനും ഉൾക്കൊള്ളാനും ഇതിനിടയിൽ സാധിച്ചു. മരണം വരെ അദ്ദേഹത്തോടൊന്നിച്ച് പ്രവർത്തിക്കാനുള്ള അനുഗ്രഹവും സ്രഷ്ടാവ് തന്നു. ജഗന്നിയന്താവേ, ജന്നാത്തുൽ ഫിർദൗസിലും ഞങ്ങളെ ഒരുമിപ്പിക്കേണമെ.

മൗലവിയുടെ വേർപാട് എന്നിലുണ്ടാക്കിയ മാനസികപ്രയാസം പറഞ്ഞ

റിയിക്കാൻ ബുദ്ധിമുട്ടാണ്. ജീവിതത്തിൽ ഏറ്റവും കൂടുതൽ ആത്മബന്ധം പുലർത്തിയ സഹപ്രവർത്തകനും ഗുണകാംക്ഷിയായ സുഹൃത്തുമായിരുന്നു എന്നെ സംബന്ധിച്ചേടത്തോളം ഉമർ മൗലവി. 1944 മുതലാണ് പ്രസ്ഥാനരംഗത്ത് ഞങ്ങൾ ഒന്നിച്ച് പ്രവർത്തനം തുടങ്ങിയത്. എം.സി.സിയുടെ ശിഷ്യനായി വളർന്ന എന്നെ കെ.എം. മൗലവിയുടെ ആ മഹാനായ ശിഷ്യനുമായി പ്രസ്ഥാനരംഗത്ത് കൂടുതൽ ബന്ധപ്പെടുത്തിയത് ഉസ്താദ് തന്നെയായിരുന്നു. ഇസ്‌ലാഹീ രംഗത്തെ കുശാഗ്രബുദ്ധിയായിരുന്ന എം.സി.സിയെ കാണാൻ അദ്ദേഹം വരുമ്പോഴെല്ലാം നേരിട്ട് ബന്ധപ്പെടാൻ അവസരങ്ങൾ ഉണ്ടായി.

പ്രസ്ഥാനത്തിന് വേണ്ടി എന്നും ത്യാഗത്തിന്റെ വഴിയിലായിരുന്നു മൗലവി സഞ്ചരിച്ചിരുന്നത്. അന്ധവിശ്വാസാനാചാരങ്ങൾക്കും കപട തൗഹീദുകാർക്കും ഇസ്‌ലാമിലെ രാഷ്ട്രീയ ജിഹാദുകാർക്കും യുക്തിവാദികൾക്കും മറ്റു ഇസ്‌ലാം വിരുദ്ധശക്തികൾക്കുമെതിരെ പ്രസ്ഥാനത്തിൽ നിന്നുകൊണ്ട് മാത്രമല്ല; ഒറ്റയാൾപ്പട്ടാളമായും അദ്ദേഹം സമരം ചെയ്തു. സത്യം മനസ്സിലാക്കിയ കൊടിയ ശത്രുക്കൾ പോലും അദ്ദേഹത്തിന്റെ മിത്രങ്ങളായി. എത്രയോ ആളുകളെ നേർമാർഗത്തിലേക്ക് കൊണ്ടുവന്ന അദ്ദേഹം ആദ്യകാലത്ത് ഉറച്ച യാഥാസ്ഥിതിക പക്ഷപാതിയായിരുന്നു. പിന്നീട് തന്റെ മാർഗദർശകനായി മാറിയ കെ.എം. മൗലവിയെ ഇസ്‌ലാം പൊളിയനായി തെറ്റിദ്ധരിച്ച് അദ്ദേഹവുമായി സംവദിക്കാൻ തിരൂരങ്ങാടിയിലെത്തിയതായിരുന്നുവല്ലോ അദ്ദേഹം. സത്യത്തിന്റെ തിരിനാളം ആ മനസ്സിൽ ഇട്ടുകൊടുത്തപ്പോൾ അതിന്റെ ജ്വാല കേരളമെങ്ങും പടർന്നു. പ്രശോഭിതമായ ഒരു കാലഘട്ടത്തിന്റെ തുടക്കത്തിന് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ നിമിത്തമായെന്ന് പിന്നീട് തെളിയിക്കപ്പെട്ടു.

യാഥാസ്ഥിതിക പൗരോഹിത്യത്തെയും ജമാഅത്ത് ജൽപനങ്ങളെയും സി.എന്നിന്റെ യുക്തിചിന്തകളെയും ചേകന്നൂരിയൻ ദർശനങ്ങളെയും യുക്തിവാദങ്ങളെയും എന്നു വേണ്ട ഒരുപാട് സംഘടനകളെയും, പലരും അറച്ചറച്ച് നിന്ന പല കാര്യങ്ങളിലും അദ്ദേഹം വിട്ടുവീഴ്ചക്ക് തയ്യാറാകാതെ പ്രതികരിച്ചു. കേരളത്തിലെ മുഴുവൻ പ്രദേശങ്ങളുമായും അദ്ദേഹത്തിന് ബന്ധമുണ്ടായിരുന്നു. ഏത് പ്രദേശത്തും അദ്ദേഹത്തിന് കൂട്ടുകാരുമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ആദ്യകാല പ്രവർത്തനകേന്ദ്രങ്ങളിൽ പ്രധാനപ്പെട്ടതായിരുന്നു വടക്കെ മലബാർ.

വടക്കെ മലബാറിൽ ദീനിപ്രബോധന പ്രവർത്തനങ്ങൾ നടത്താൻ 1940 കളിൽ എ.കെ.കുഞ്ഞിമായിൻ ഹാജിയുടെ അഭ്യർഥനപ്രകാരം അദ്ദേഹത്തിന്റെ ചെലവിൽ കെ.എം. മൗലവി ഒരു പ്രബോധകസംഘത്തെ നിയമിക്കുകയുണ്ടായി. അതിലൊരു പ്രധാന പ്രസംഗകനായിരുന്നു ഉമർ മൗലവി.

ആമയൂരിലെ മുബല്ലിഗ് മൊയ്തീൻ കുട്ടി മൗലവി, തൃപ്പനച്ചി കുഞ്ഞിമൊയ്തീൻ മൗലവി എന്നിവരായിരുന്നു മറ്റു രണ്ടുപേർ. വടക്കെ മലബാറിലെ മിക്കഗ്രാമങ്ങളിലും ഇവരുടെ പ്രവർത്തനങ്ങൾ നടക്കുകയുണ്ടായി. കുഞ്ഞിമായിൻ ഹാജിയുടെ പിൻബലമുള്ളതുകൊണ്ട് യാഥാസ്ഥിതികർക്ക് ഇവരെ എതിർക്കാനും കഴിഞ്ഞിരുന്നില്ല.

എം.സി.സി. അബ്ദുർറഹ്മാൻ മൗലവി, പി.കെ.മൂസ മൗലവി തുടങ്ങിയവരുടെ നേതൃത്വത്തിൽ മുസ്‌ലിം ലിറ്ററേച്ചർ സൊസൈറ്റി പ്രസിദ്ധീകരിച്ചിരുന്ന ഖുർആൻ പരിഭാഷയുടെ ചില ഭാഗങ്ങൾ വിൽപന നടത്താനായി ഒരിക്കൽ നാദാപുരത്തെത്തിയ ഉമർ മൗലവിയെ ഇസ്‌ലാം വിരുദ്ധരായ ഒരുപറ്റം ആളുകൾ കയ്യേറുകയും വധിക്കാൻ ശ്രമിക്കുകയുമുണ്ടായി. ഭാഗ്യത്തിനാണ് അദ്ദേഹം അന്ന് രക്ഷപ്പെട്ടത്. നാട്ടുപ്രമാണിയായ കുഞ്ഞാലി സാഹിബായിരുന്നു രക്ഷപ്പെടാൻ അവസരമൊരുക്കിയത്. അവിടെ നിന്നും നേരെ അദ്ദേഹം പരിഭാഷക്കെട്ടുമായി ചെന്നത് കടവത്തൂരിലേക്കായിരുന്നു. കടവത്തൂർ അന്ന് ഇസ്‌ലാഹീ പ്രവർത്തനങ്ങൾ നടക്കുന്ന പ്രദേശമായിരുന്നു. എന്റെ പിതൃവ്യനായ പറമ്പത്ത് ഇബ്‌റാഹീം മൗലവി, പുത്തലത്ത് മമ്മി മൗലവി, ഞോലയിൽ കുഞ്ഞഹമ്മദ് മൗലവി, ഞോലയിൽ മമ്മു സാഹിബ് തുടങ്ങിയവരൊക്കെയായിരുന്നു അന്നത്തെ കടവത്തൂരിലെ പ്രധാന പ്രവർത്തകന്മാർ. മുജാഹിദുകളായ കുറച്ചാളുകളെ വടക്കെ മലബാറിൽ ഒന്നിച്ച് കാണണമെങ്കിൽ അന്ന് കടവത്തൂരിലേക്ക് വരണമായിരുന്നു. അതുകൊണ്ട് തന്നെ ഉമർ മൗലവിക്ക് ഈ പ്രദേശവുമായി വളരെ അടുത്ത ബന്ധമാണുണ്ടായിരുന്നത്.

ജമാഅത്തെ ഇസ്‌ലാമിക്കെതിരെ മൗലവിയെ രംഗത്തിറക്കിയത് കെ.എം. മൗലവിയും, എം.സി.സി. മൗലവിയുമായിരുന്നു. ആ രംഗത്ത് എം.സി.സിയുടെ കണ്ടെത്തലായിരുന്നു പ്രഗത്ഭനായ ഈ ജമാഅത്ത് വിരുദ്ധൻ. ആ കാലത്ത് ചില പണ്ഡിതരും പ്രവർത്തകരും രാഷ്ട്രീയ ജിഹാദിലേക്കും ഹുക്കൂമത്തെ ഇലാഹി ആദർശത്തിലേക്കും ആകൃഷ്ടരായപ്പോൾ ജമാഅത്ത് ജൽപനങ്ങളെ തുറന്നു കാണിക്കാൻ ഒരു കൊടുംങ്കാറ്റിന്റെ ശക്തിയോടെ ഉമർ മൗലവി മലബാറിലും തിരുകൊച്ചിയിലും സഞ്ചരിച്ചു. ജമാഅത്ത് ജ്വരം ബാധിച്ച നിരവധി പേരെ തിരിച്ചുകൊണ്ടുവരിക മാത്രമല്ല; അവരുടെ ദർശനങ്ങളിലെ പാളിച്ചകളെ അറബ്നാടുകളിലും ലോകത്തെല്ലായിടത്തും എത്തിക്കുകയുണ്ടായി. വിശ്രുതപണ്ഡിതനായ അബുൽ ഹസൻ അലി സാഹിബിനു പോലും ഇത് മനസ്സിലാക്കിക്കൊടുത്തത് അദ്ദേഹമാണെന്ന് വന്നാൽ ആ രംഗത്തെ അദ്ദേഹത്തിന്റെ പാണ്ഡിത്യവും കഴിവും അളന്നു തിട്ടപ്പെടുത്താൻ കഴിയില്ല.

മുജാഹിദ് പ്രസ്ഥാനത്തിൽ നിന്നും അകന്ന് ജമാഅത്ത് പ്രവർത്തനത്തിനിറങ്ങിയ ഒരു വലിയ പണ്ഡിതൻ കടവത്തൂരിൽ വെച്ച് പറഞ്ഞതായി

പുത്തലത്ത് മമ്മി മൗലവി എന്നോട് പറയുകയുണ്ടായി, ചെറുപ്പക്കാരിൽ ഉമർ മൗലവിയും ഇബ്രാഹിം മൗലവിയും ഒഴികെ മുഴുവൻ മുജാഹിദുകളും ഇന്നല്ലെങ്കിൽ നാളെ ജമാഅത്തുകാരാകുമെന്ന്. പല പ്രധാന കേന്ദ്രങ്ങളിലും ജമാഅത്തുകാർ സ്വാധീനം നേടാൻ തുടങ്ങിയ കാലമായിരുന്നു അത്. അവരുടെ ശ്രമങ്ങൾ മുളയിലേ നുള്ളിക്കളയാൻ കഴിഞ്ഞത് ഉമർ മൗലവിയുടെ സന്ദർഭോചിതമായ പ്രവർത്തനങ്ങൾ കൊണ്ടായിരുന്നു. ഇന്ന് ഇസ്‌ലാഹി സംഘടനാരംഗത്തുള്ള പലർക്കും ജമാഅത്ത് ജ്വരം ബാധിച്ചപ്പോഴും അവരെ അതിൽ നിന്നും മുക്തരാക്കിയത് അദ്ദേഹമായിരുന്നു.

പരേതനായ ഡോക്ടർ ഡോ.എം. ഉസ്മാൻ സാഹിബിനെ യുക്തിവാദചിന്തയിൽ നിന്നും അടർത്തിയെടുത്ത് യഥാർഥ വിശ്വാസസംഹിതയിലേക്കും അതിലൂടെ ഇസ്‌ലാഹി ആദർശത്തിലേക്കും കൊണ്ടുവന്നതിൽ എം.സി.സി, കെ.സി. അബൂബക്കർ മൗലവി എന്നിവരോടൊപ്പം ഉമർ മൗലവിയും വലിയ പങ്കു വഹിക്കുകയുണ്ടായി. പ്രസംഗത്തിൽ മാത്രം ഒതുങ്ങാതെ, രചനാരംഗത്തും തന്റെ കഴിവ് അദ്ദേഹം പ്രകടിപ്പിക്കുകയുണ്ടായി. ഇസ്‌ലാഹി ചിന്തകൾ ജനമനസ്സുകളിൽ കരുപിടിപ്പിക്കാൻ 'ആളെ നോക്കേണ്ട; തെളിവ് നോക്കുക' എന്ന മുദ്രാവാക്യവുമായി പ്രസിദ്ധീകരണമാരംഭിച്ച സൽസബീൽ മാസിക ഒരു പ്രസ്ഥാനം തന്നെയായിരുന്നു. സൽസബീലിലൂടെ അദ്ദേഹം എയ്തുവിട്ട തൗഹീദിന്റെ അമ്പുകൾ ആദർശശത്രുക്കൾക്ക് ശരിക്കും ഏൽക്കുകയുണ്ടായി. അതുകൊണ്ട് തന്നെയായിരുന്നു ഉമർ മൗലവി മുജാഹിദ് പ്രസ്ഥാനത്തിലെ അവരുടെയെല്ലാം ഏറ്റവും വലിയ ശത്രുവായി മാറിയത്.

സൽസബീലിലൂടെ ഉമർ മൗലവി ചെയ്ത സേവനങ്ങൾ ആർക്കും ചെറുതായി കാണാൻ കഴിയില്ല. ശത്രുക്കളുടെ സൃഷ്ടികൾക്കുപോലും പേജുകൾ അനുവദിച്ചിരുന്ന ലോകത്തിലെ ഏക പ്രസിദ്ധീകരണമായിരിക്കാം ചിലപ്പോൾ സൽസബീൽ. സൽസബീലിന്റെ തുടക്കം ഫറൂക്കിലെ ടി.അബ്ദുല്ലാ സാഹിബിന്റെ വീട്ടിൽ ചേർന്ന യോഗത്തിൽ വെച്ചായിരുന്നു.

മൗലവിയുടെ ക്ഷണപ്രകാരം ഞാനും ആ യോഗത്തിൽ പങ്കെടുക്കുകയുണ്ടായി. കെ.എം. മുഹമ്മദ് കുട്ടി സാഹിബ്(കൊണ്ടോട്ടി) ആയിരുന്നു മറ്റൊരാൾ. മറ്റാരൊക്കെയുണ്ടായിരുന്നുവെന്ന് ഓർക്കുന്നില്ല. മക്കയിൽ സ്ഥിരതാമസമാക്കിയിരുന്ന അബ്ദുർറഊഫ് മൗലവിയായിരുന്നു സൽസബീലിന്റെ നടത്തിപ്പിന് ഏറ്റവും കൂടുതൽ സഹായം നൽകിയിരുന്നത്. കൊച്ചിയിലെ ഇസ്‌ലാഹി പ്രവർത്തകരും വലിയ സഹായം നൽകുകയുണ്ടായി. സൽസബീൽ കുറച്ചു കാലം കോഴിക്കോട്ട് നിന്ന് സായാഹ്ന പത്രമായി പുറത്തിറങ്ങുകയുണ്ടായി. ഇട്ടോളി അഹ്മദ് കോയ ഹാജി, കെ. മൊയ്തു സാഹിബ്, എൻ.കെ. മുഹമ്മദ് സാഹിബ്, സീതി. കെ. വയലാർ തുടങ്ങിയവരായിരുന്നു ഇതിന് മൗലവിയെ സഹായിച്ചത്.

നിരവധി ശിഷ്യരും നേതാക്കളും അദ്ദേഹത്തെ പ്രവർത്തനങ്ങളിൽ സഹായിച്ചിരുന്നു. കെ.പി. മുഹമ്മദ് മൗലവി, കെ.എ. സുലൈമാൻ സാഹിബ്, ഡോ.ഉസ്മാൻ സാഹിബ്, സാലേ സേട്ട് സാഹിബ്, ബാബുസേട്ട്, ത്വാഹിർ സേട്ട് തുടങ്ങിയവരുമായുള്ള ബന്ധം വളരെ ശക്തമായിരുന്നു. പിഞ്ചു കുഞ്ഞുങ്ങളുടേതിന് തുല്യമായിരുന്നു അദ്ദേഹത്തിന്റെ മനസ്സ്. വല്ലാത്തൊരു വിനീത ഭാവം. ആരെയും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന പ്രകൃതം. പാവങ്ങളെ സഹായിക്കുകയെന്നത് ദിനചര്യയിൽ പെട്ടതായിരുന്നു. അദ്ദേഹത്തിന്റെ സഹായം ലഭിച്ച എത്രയോ പേരുണ്ട്. നിരവധി സ്ഥാപനങ്ങൾ അദ്ദേഹത്തിന്റെ ശ്രമഫലമായി വളർന്നു വരികയുണ്ടായി. മദീനത്തുൽ ഉലൂമിന്റെ ജീവനാഡിയായിരുന്നു മരണം വരെ. കേരള ജംഇയ്യത്തുൽ ഉലമയുടെ അധ്യക്ഷൻ, സലഫി യൂണിവേഴ്സിറ്റി ചാൻസലർ തുടങ്ങിയ എത്രയെത്ര പദവികളാണ് അദ്ദേഹം അലങ്കരിച്ചത്.

സഹപ്രവർത്തകരോട് പരുഷമായി പെരുമാറുന്ന സ്വഭാവക്കാരനായിരുന്നില്ല അദ്ദേഹം. നീണ്ട വർഷത്തിൽ ഒരിക്കൽ പോലും അന്യോന്യം മുഖം കറുപ്പിച്ച് സംസാരിക്കാൻ ഇടവന്നിട്ടില്ല. എന്റെ കുടുംബവുമായി പണ്ടു കാലം മുതലേ അദ്ദേഹത്തിന് അടുത്ത ബന്ധമാണുണ്ടായിരുന്നത്. എന്നെപ്പോലെ തന്നെയായിരുന്നു എന്റെ മാതാവിന് ഉമർ മൗലവി. മരണ ശയ്യയിൽ കിടക്കുമ്പോൾ പോലും ഉമർ മൗലവിയെ കാണണമെന്നും സലാം പറയണമെന്നും അവർ ആഗ്രഹം പ്രകടിപ്പിച്ചു. ഇത്രയും കാലം ഉമ്മയെക്കണ്ട് ജീവിക്കാൻ കഴിഞ്ഞതിലുള്ള സൗഭാഗ്യം പറഞ്ഞ് ആ മഹാൻ ഉമ്മക്ക് വേണ്ടി എത്രയെത്ര പ്രാർഥനകളാണ് നടത്തിയത്!

എല്ലാം ഓർമകളാക്കി അദ്ദേഹം കടന്നു  പോയി. സുന്ദരമായ തൗഹീദിന്റെ വഴിത്താര സൃഷ്ടിച്ചുകൊണ്ടുള്ള അന്ത്യയാത്ര.

(ശബാബ് 2000 മാർച്ച്, 3)

*(കെ.എൻ.ഇബ്രാഹിം മൗലവി 2007 സെപതംബർ 21 ന് മരണപ്പെട്ടു)

ഓർമകളുടെ തീരത്ത് - അനുബന്ധം

## 2

# കെ. ഉമർ മൗലവി ﷺ

**ടി.പി. അബ്ദുല്ലക്കോയ മദനി**

(കെ.എൻ.എം സംസ്ഥാന പ്രസിഡണ്ട്)

ആധുനിക മുസ്‌ലിം കേരളത്തിന് ആദർശവ്യതിരിക്തതയും ദിശാബോധവും നൽകിയ ഒരു മഹാപണ്ഡിതനാണ് കെ. ഉമർ മൗലവി ﷺ. യാഥാസ്ഥിതിക കുടുംബത്തിൽ വളർന്നുവന്ന എനിക്ക് മാർഗദർശനം ലഭിച്ചത്

മഹാനായ സെയ്ദ് മൗലവി(രണ്ടത്താണി)യുടെ പ്രഭാഷണങ്ങളിലൂടെയാണ്. എന്നാൽ മാറ്റത്തിന് വിധേയനാവുകയും ബന്ധനങ്ങളിൽ നിന്ന് മുക്തമായ ചിന്തയിലൂടെ അന്വേഷണം ആരംഭിക്കുകയും ചെയ്തപ്പോൾ മറ്റു പലരെയും പോലെ വിവിധ ചിന്താധാരകളിലേക്ക് ആകർഷിക്കപ്പെടുന്ന അവ്യക്തതയുടെ ഒരിടക്കാലം എനിക്കുമുണ്ടായി. ഈ അപകടകരമായ അവ്യക്തതയിൽ നിന്ന് ഒട്ടും സംശയമില്ലാത്ത ശുദ്ധമായ നേർരേഖയിലേക്ക് എന്നെ നയിച്ചത് മഹാപണ്ഡിതനായ ഉമർ മൗലവിയായിരുന്നു. വഴി തെറ്റി പോകുമായിരുന്ന ഈ സന്ദർഭത്തിൽ സുവ്യക്തമായ തൗഹീദിന്റെ അർഥവും വ്യാപ്തിയും അദ്ദേഹത്തിലൂടെ മനസ്സിലാക്കി. ആ ശബ്ദത്തിന്റെ സ്വാധീനം പിന്നിടൊരിക്കലും ലഘൂകരിക്കപ്പെട്ടിട്ടില്ല. വളരെ ആഴത്തിലുള്ള ബന്ധമാണ് ഞങ്ങൾ തമ്മിലുണ്ടായിരുന്നത്. അദ്ദേഹം പ്രകടിപ്പിച്ച സ്നേഹത്തിന് പകരമായ ആദരവ് തിരിച്ചുനൽകാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും അദ്ദേഹത്തിനു വേണ്ടിയുള്ള പ്രാർഥനയാണ് എനിക്ക് ആശ്വാസം നൽകുന്നത്.

ഒരു സംഭവം ഞാനോർക്കുന്നു. തെക്കൻ കേരളത്തിൽ ഉമർ മൗലവിയുടെ ആദർശപ്രചാരണത്തിനായുള്ള ധീരമായ പടയോട്ടം നടക്കുന്ന കാലം. കൊച്ചി മുജാഹിദീൻ ഹൈസ്കൂൾ ഗ്രൗണ്ടിൽ നമ്മുടെ ഒരു പൊതുയോഗം നടക്കുകയാണ്. യുവാക്കളെ പ്രതിനിധീകരിച്ച് ഞാൻ പ്രസംഗിക്കുന്നതിനിടയിൽ മൗലവി ധൃതിയിൽ സ്റ്റേജിലേക്ക് കയറി വരുന്നു. പ്രസംഗത്തിൽ എന്തെങ്കിലും അബദ്ധം പിണഞ്ഞിരിക്കാമെന്ന് കരുതി ഞാൻ പതറി. വളരെ വേഗം ആ പ്രസംഗം അവസാനിപ്പിച്ചു. മൗലവി എന്റെ അടുക്കൽ വന്ന് അണച്ചു കൂട്ടി ഇങ്ങനെ പറഞ്ഞു: "എന്തേ പ്രസംഗം പെട്ടന്നവസാനിപ്പിച്ചത്? ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ചുള്ള മോന്റെ പ്രസംഗം സ്വസ്ഥമായി കേൾക്കാൻ വേണ്ടി മാത്രം ഞാൻ കയറി വന്നിരുന്നതാണ്. പ്രസംഗം വളരെ നന്നായി" എന്നു പറഞ്ഞു എനിക്ക് വേണ്ടി പ്രാർഥിക്കുകയാണ് ചെയ്തത്. അത് ജീവിതത്തിലെ വലിയൊരു അംഗീകാരമായി ഇന്നും ഞാനോർക്കുന്നു.

മഹാനായ വക്കം മൗലവിയുടെ നവോത്ഥാന ചിന്തകൾ കൂടുതൽ പ്രചരിച്ചത് വടക്കൻ കേരളത്തിലായിരുന്നുവെങ്കിൽ അതേ ചിന്തയും അതിലേറെ പ്രമാണങ്ങളും കേരളത്തിൽ പൊതുവിലും തെക്കൻ കേരളത്തിൽ പ്രത്യേകിച്ചും പ്രചരിപ്പിക്കുന്നതിൽ ധീരമായ നേതൃത്വം നൽകിയത് ഉമർ മൗലവിയാണ്. തൗഹീദും ശിർക്കും സുന്നത്തും ബിദ്അത്തും തമ്മിലുള്ള വ്യത്യാസങ്ങൾ ആരേയും ചിന്തിപ്പിക്കുന്ന തരത്തിലുള്ള മൗലവിയുടെ അവതരണം തുല്യതയില്ലാത്തതാണ്. ജമാഅത്തെ ഇസ്‌ലാമി മതത്തിന്റെ പേരിൽ നടത്തിയ രാഷ്ട്രീയ ദുർവ്യാഖ്യാനങ്ങൾ ലോകം തിരിച്ചറിഞ്ഞത് മഹാനായ ഉമർ മൗലവിയിലൂടെയാണ്. ജമാഅത്തിനെതിരിലുള്ള അദ്ദേഹ

ത്തിന്റെ പഠനങ്ങൾ എത്ര സത്യമായിരുന്നുവെന്ന് ഇന്ന് നാം കൂടുതൽ മനസ്സിലാക്കുന്നു.

വളരെ അടുത്ത ബന്ധം പുലർത്തുക വഴി മാതൃകാപരമായ അദ്ദേഹത്തിന്റെ ജീവിതം 'ഒപ്പം നടന്ന്' മനസ്സിലാക്കാൻ കഴിഞ്ഞു. അദ്ദേഹം മുഖേന അല്ലാഹു ഹിദായത്ത് നൽകിയ ആയിരങ്ങളുടെ പ്രാർഥനയാണ് മൗലവിയുടെ സമ്പാദ്യം. അറബ് ലോകത്ത് സമുന്നത വ്യക്തികളുമായി അടുത്ത ബന്ധം ഉണ്ടായിരുന്ന അദ്ദേഹം ദീർഘകാലം അവരോടൊപ്പമുള്ള ജീവിതവും അവരിലുള്ള സ്വാധീനവും ഒട്ടും തന്റെ ഭൗതിക താൽപര്യങ്ങൾക്ക് ഉപയോഗപ്പെടുത്തിയില്ല.

അദ്ദേഹം മരിച്ചുകിടന്ന വീട് സന്ദർശിച്ചു ജനാസ നമസ്കാരത്തിൽ പങ്കെടുത്ത കേരളത്തിലെ പല ഉമറാക്കളും ഭൗതിക മോഹങ്ങളില്ലാത്ത ആ ധന്യ ജീവിതത്തിന്റെ സാക്ഷ്യപത്രങ്ങൾ വായിച്ച് ഈറനണിഞ്ഞ കണ്ണുകളുമായാണ് മടങ്ങിയത്.

ആദർശവ്യതിയാനം സംഭവിച്ച ഏതാനും ചെറുപ്പക്കാർ അദ്ദേഹത്തിന് സ്റ്റേജിൽ ഇടം നൽകാതെ അപമാനിച്ചപ്പോൾ ജനങ്ങളോടൊപ്പം പന്തലിൽ പടിഞ്ഞിരുന്ന് അവർക്ക് പറയാനുള്ളത് കേൾക്കാൻ തയ്യാറായ വിശാല ഹൃദയനായിരുന്നു മൗലവി സാഹിബ്.

തന്റെ സ്വന്തം പ്രസ്സ് ശബാബിന് വേണ്ടി തങ്ങളെ ഏൽപിച്ച് തന്നത് മുതൽ യുവാക്കളോടൊപ്പം എന്നും കൂടെ നടന്ന ആ മഹാകർമയോഗി ആധുനിക ലോകത്ത് സലഫീപ്രസ്ഥാനത്തിന്റെ ഒരു നായകൻ ആയിരുന്നു. തീർച്ച!.

അല്ലാഹുവേ, ഉമർ മൗലവിയെയും ഞങ്ങളേയും ഉന്നതമായ സ്വർഗത്തിൽ ഒരുമിച്ച് കൂട്ടണമേ! ആമീൻ....

ഓർമകളുടെ തീരത്ത് - അനുബന്ധം

## 3

# ജനാബ് ഉമർ മൗലവി ﷲ

**എ.പി. അബ്ദുൽഖാദിർ മൗലവി**

(ജനറൽ സെക്രട്ടറി. കെ.എൻ.എം)

ജ: കെ.ഉമർ മൗലവി ﷲ അന്തരിച്ചു. 24/02/2000 വ്യാഴാഴ്ച പുലർച്ചെ 2.10ന് ആയിരുന്നു അന്ത്യം. അദ്ദേഹത്തിന് മരിക്കുമ്പോൾ 84 വയസ്സുണ്ടായിരുന്നു. കുറച്ചു കാലമായി അദ്ദേഹം രോഗഗ്രസ്തനായിരുന്നു. റമളാൻ മുതൽ അദ്ദേഹം കൂടുതൽ ക്ഷീണിതനായിരുന്നു. അത് ക്രമേണ വർധിച്ചു തന്നെ വന്നു.

അതായത് അദ്ദേഹത്തിൻെൻറ മരണം തികച്ചും സ്വാഭാവികം. അത്ഭുതപ്പെടാനോ ഞെട്ടാനോ കാരണമില്ലാത്ത മരണം. പക്ഷേ, അദ്ദേഹത്തെ അറിയുന്നവരൊക്കെ ഞെട്ടുക തന്നെ ചെയ്തു. അവർ ദുഃഖാകുലരായി പാഞ്ഞെത്തി. ആ വിഷാദമൂകരായ ജനാവലിയെക്കണ്ട തിരൂർക്കാട് ഗ്രാമം അക്ഷരാർഥത്തിൽ ഞെട്ടി. പത്രങ്ങൾ വെണ്ടക്ക അക്ഷരത്തിൽ നിരത്തി. മാതൃഭൂമി പത്രം മുഖക്കുറിപ്പെഴുതി. 84 വയസ്സായ ഒരാളുടെ മരണത്തിന് ഇത്ര സവിശേഷത കൈവരാൻ എന്തേ കാരണം?! ആരെയെങ്കിലും പ്രീണിപ്പിക്കുന്ന സ്വഭാവം മൗലവിക്കുണ്ടായിരുന്നതായി ആരും പറയില്ല. ഏതെങ്കിലും പത്രക്കാരെ തൃപ്തിപ്പെടുത്താൻ അദ്ദേഹം ശ്രമിച്ചിരിക്കാനും വഴിയില്ല. അവിടെയാണ് ഉമർ മൗലവിയുടെ വ്യതിരിക്തത നാം കണ്ടറിയുന്നത്. കേരളത്തിലെ മുസ്‌ലിം പണ്ഡിതന്മാരിൽ അദ്ദേഹത്തെപ്പോലെ അദ്ദേഹം മാത്രമാണുണ്ടായിരുന്നുന്നത് എന്ന് പറയുന്നതാണ് കൂടുതൽ ശരി. സ്വന്തം മനഃസാക്ഷിയോട് ധീരമായി കൂറുപുലർത്തിയ മറ്റു വ്യക്തികളെ കാണുക പ്രയാസമാണ്. തന്റെ പ്രസംഗങ്ങളിലും എഴുത്തിലും മാത്രമല്ല; സ്വന്തം ജീവിതത്തിലും കുടുംബജീവിതത്തിലുമെല്ലാം ഈ ധീരത അദ്ദേഹം പ്രകടിപ്പിച്ചിരുന്നു. സൽസബീലിൽ അദ്ദേഹം എഴുതിയ അവസാനത്തെ ലേഖനം തന്നെ ഉദാഹരണം. ആ ലേഖനത്തിന്റെ തലക്കെട്ടു തന്നെ 'മനഃസാക്ഷി' എന്നായിരുന്നു. അതദ്ദേഹം ഇങ്ങനെ വിശദീകരിക്കുകയും ചെയ്തു. മനസ്സ് സാക്ഷ്യം വഹിച്ച വിഷയമാണ് മനഃസാക്ഷി. മനഃസാക്ഷിയെ മാനിക്കുകയെന്നത് ഏറ്റവും ഉയർന്ന ഒരു വ്യക്തി മാഹാത്മ്യമാണ്. മനുഷ്യൻ അങ്ങനെയായിരിക്കണം. അങ്ങനെയുള്ളവനാണ് ഹനീഫ്. അദ്ദേഹം അങ്ങനെയായിരുന്നു.

സൽസബീലിന്റെ ആരംഭം തന്നെ ഇതിന് സാക്ഷി. 1971 ഫെബ്രുവരിയിൽ അത് ത്രൈമാസികയായി തുടങ്ങി. 1972 ജനുവരി മുതൽ മാസികയായി. തുടക്കത്തിലേ അദ്ദേഹമിങ്ങനെ ഒരു പ്രസിദ്ധീകരണമാരംഭിക്കാനുള്ള കാരണങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ചില മുസ്‌ലിം സംഘടനകളുടെയും വ്യക്തികളുടേയും ആദർശവ്യതിയാനം അതു ശരിയല്ലെന്നറിയാമായിരുന്നിട്ടും വേണ്ടപ്പെട്ടവർ പ്രതികരിക്കാൻ മടിച്ചു നിൽക്കുന്നു. ഇതിനെതിരിലുള്ള മനസ്സാക്ഷിയുടെ പ്രേരണ, അതിന്റെ ബഹിർസ്ഫുരണമാണ് സൽസബീൽ. സൽസബീൽ മറ്റു പ്രസിദ്ധീകരണങ്ങളിൽ നിന്ന് പല നിലക്കും വ്യതിരിക്തമായിരുന്നു. 1973 മെയ് ലക്കം മുതൽ 5 വർഷക്കാലം വരിസംഖ്യയില്ലാതെയാണ് അത് വിതരണം ചെയ്തത്. ഇത് ഒരു ചെറിയ വ്യതിരിക്തത. ഉള്ളടക്കമായിരുന്നു പ്രധാനം. മുഖം നോക്കാതെയുള്ള വിമർശനം അതിന്റെ ഏറ്റവും വലിയ വ്യതിരിക്തതയായിരുന്നു. ആളെ നോക്കണ്ട, തെളിവ് നോക്കുക. അതായിരുന്നു മുദ്രാവാക്യം. മറ്റുള്ളവരുടെ എതിരഭിപ്രായങ്ങൾ മറുപടി സഹിതം പ്രസിദ്ധീകരിക്കുക അദ്ദേഹത്തിന്റെ സ്വഭാവമായിരുന്നു.

അതീവ രൂക്ഷമായ വ്യക്തിവിമർശനങ്ങളെപ്പോലും വെറും സാധാരണമട്ടിൽ അദ്ദേഹം മറുപടി സഹിതം പ്രസിദ്ധീകരിക്കുമായിരുന്നുവല്ലോ. അദ്ദേഹത്തിന്റെ എഴുത്തും സംസാരവും ഒരേപോലെയായിരുന്നു. തികച്ചും ലളിതവും അതേയവസരത്തിൽ തന്നെ നിശിതവും.

ബഹുമാന്യനായിരുന്ന കുട്ട്യാമു സാഹിബ് ﷺ ഒരിക്കൽ സംസാരമധ്യെ പറഞ്ഞു: സൽസബീൽ കയ്യിൽ കിട്ടിയാൽ ഞാൻ ആദ്യന്തം താൽപര്യപൂർവം വായിക്കും. അതിന്റെ രീതി അത്ര ആകർഷകമാണെന്നതിനു പുറമെ അതു വായിച്ചുകൊണ്ടിരിക്കുമ്പോൾ ഉമർ മൗലവി സംസാരിച്ചു കൊണ്ടിരിക്കുകയാണെന്ന് തോന്നും. തീർത്തും ശരിയായ ഒരഭിപ്രായപ്രകടനമായിരുന്നു അത്.

അദ്ദേഹത്തിന്റെ എല്ലാ രീതിയോടും പൂർണമായും യോജിപ്പ് പ്രകടിപ്പിക്കുമായിരുന്നില്ല ഞാൻ. അതിനെ അദ്ദേഹം എതിർത്തതുമില്ല. മറ്റുള്ളവർ തന്റെ ശൈലി തന്നെ സ്വീകരിക്കണമെന്ന് അദ്ദേഹം ഒരിക്കലും ആഗ്രഹിച്ചിരുന്നുമില്ല. പലപ്പോഴും അദ്ദേഹത്തിന്റെ ചില ശൈലിയോട് ഞങ്ങളിൽ പലർക്കും എതിർപ്പുണ്ടാകാറുണ്ട്! അത് ക്ഷമാപൂർവം കേൾക്കാൻ അദ്ദേഹം തയ്യാറാകുകയും അദ്ദേഹത്തിന്റെ സ്വന്തം രീതിയിൽ പ്രതികരിക്കുകയും ചെയ്യാറുണ്ട്. ജമാഅത്തെ ഇസ്‌ലാമിയും മുജാഹിദ് പ്രസ്ഥാനവും ആദർശപരമായി ശരിക്കും വേർപിരിയുന്നതെവിടെ വെച്ചാണ്? എന്നെപ്പോലെ പലർക്കും അത് സംബന്ധിച്ച് ശരിയായ അവബോധമുണ്ടാക്കിയത് ബഹുമാന്യനായ ഉമർ മൗലവിയാണ്.

എനിക്കിഷ്ടമില്ലാത്ത, ഞാനെതിർത്തിട്ടുള്ള ശൈലി ഉപയോഗിച്ച് തന്നെ ഉമർ മൗലവി ആദർശപരമായി എന്നെ മാറ്റിയെടുത്തുവെന്ന് തുറന്നു സമ്മതിക്കാൻ ഞാൻ മടി കാണിച്ചിട്ടില്ല. അദ്ദേഹം ഞങ്ങളിൽ പലരുടെയും ശൈലി സ്വീകരിച്ചിരുന്നുവെങ്കിൽ ഒരു വലിയ വിഭാഗം ആശയക്കുഴപ്പത്തിന്റെ നടുവിൽ തന്നെ കിടന്ന് നട്ടം തിരിയുമായിരുന്നു. “അല്ലാഹുവിന്റെ കാര്യത്തിൽ ഒരാക്ഷേപകന്റെ ആക്ഷേപവും ഭയപ്പെടുകയില്ല” എന്ന വിശുദ്ധഖുർആന്റെ വിശേഷണത്തിന് തീർത്തും അർഹനായിരുന്നു ഉമർ മൗലവി.

ഇന്ത്യയിലെ അടിയന്തരാവസ്ഥ കാലത്തെപ്പറ്റി എല്ലാവർക്കും അറിയാം. പല മതസംഘടനകളും അതിന്റെ നേതാക്കളും അപമാനകരമാം വിധം വാലുമടക്കി നിന്ന കാലം. എന്നാൽ ഉമർ മൗലവിയുടെസൽസബീൽ അതിന്നപവാദം സൃഷ്ടിച്ചു. അന്നത്തെ ഇന്ത്യൻ രാഷ്ട്രപതിയായിരുന്ന ഫഖ്റുദ്ദീൻ അലി അഹ്മദിന്റെ ഒരു പ്രസ്താവന ഇസ്‌ലാമിന് വിരുദ്ധമാണെന്ന് കണ്ടപ്പോൾ അതിനെതിരിൽ സ്വന്തം അടിക്കുറിപ്പോടെ വിമർശനലേഖനം പ്രസിദ്ധപ്പെടുത്തി. അടിയന്തരാവസ്ഥയിൽ തന്നെ സന്താനനിയന്ത്രണം നിർബന്ധമാക്കുമാറുള്ള ഒരു സർക്കാരുത്തരവ് വന്നപ്പോൾ അതിനെതി

രിലും സൽസബീലിൽ ലേഖനം പ്രസിദ്ധീകരിച്ച് അദ്ദേഹം ആത്മധൈര്യം പ്രകടിപ്പിക്കുകയുണ്ടായി. അദ്ദേഹത്തെയും ആ ലേഖനമെഴുതിയ എ. എ. ഹമീദ് സാഹിബിനെയും മറക്കാനാകുന്നില്ല. മുജാഹിദ് പ്രസ്ഥാനത്തിന്റെ സമുന്നത നേതാക്കളിൽപ്പെട്ട ആളായിരുന്നു എന്നും അദ്ദേഹം. 1950ൽ 13 പേർ ചേർന്ന് കേരള നദ്‌വത്തുൽ മുജാഹിദീൻ രൂപീകരിച്ചപ്പോൾ പതിനാ ലാമനായി അവർ ഉമർ മൗലവിയെ തെരഞ്ഞെടുത്തു. അന്നത്തെ പതിനാല് പേരിൽ ജീവിതത്തോട് വിടപറഞ്ഞതിലും അദ്ദേഹം പതിനാലാമനായി. എക്കാലത്തും എല്ലാവരാലും അംഗീകരിക്കപ്പെട്ട മുജാഹിദ് നേതാവായി രുന്നു അദ്ദേഹം. തെക്കൻ ജില്ലകളിൽ ഈയടുത്ത കാലം വരെ ഉമർ മൗല വിയുടെ പ്രസ്ഥാനം എന്ന നിലക്കാണ് മുജാഹിദ് പ്രസ്ഥാനം അറിയപ്പെ ട്ടതു തന്നെ. എന്നാൽ സംഘടനയിൽ സ്ഥാനമാനങ്ങൾ അന്വേഷിച്ച് അദ്ദേ ഹം എത്തിയില്ല. എത്തിപ്പെട്ട സ്ഥാനങ്ങൾ തന്നെ അദ്ദേഹം അത്ര കാര്യമാ യി എടുത്തുമില്ല. എന്നാൽ ആദർശത്തിന്റെ കാര്യത്തിൽ സ്ഥാനങ്ങളിലു ള്ളവർ ശ്രദ്ധ പതിപ്പിക്കട്ടെ എന്ന് കരുതി ഒരു നിമിഷം പോലും അദ്ദേഹം കണ്ണടിച്ചില്ല.

ഈ വാശിയും കാർക്കശ്യവുമൊക്കെ ആദർശത്തിന്റെ കാര്യത്തിൽ. എന്നാൽ തികച്ചും വ്യത്യസ്തനായ ഒരു ഉമർ മൗലവിയെയാണ് വ്യക്തി ബന്ധങ്ങളിലും പെരുമാറ്റങ്ങളിലും നമുക്ക് കാണാൻ കഴിഞ്ഞിരുന്നത്. ആദർശപരമായി തീർത്തും വിരുദ്ധ ചേരിയിലുള്ളവരോട് പോലും വ്യക്തി പരമായി അസൂയാവഹമാം വിധം സരളമായും സൗഹാർദപരമായും പെരു മാറിയിരുന്നു അദ്ദേഹം. ഇത് എത്രയോ തവണ അനുഭവപ്പെട്ടിട്ടുണ്ട്. അദ്ദേ ഹത്തിന്റെ നിത്യസമ്പർക്കക്കാരിൽ തന്നെ ഇത്തരം വ്യക്തികളെ കാണാം.

ആദർശബന്ധുക്കളോടുള്ള വ്യക്തിപരമായ സമീപനത്തെപ്പറ്റി പ്രത്യേ കം പറയേണ്ടതില്ലല്ലോ. ഞാനും മൗലവി സാഹിബും തമ്മിൽ സാങ്കേതി കാർഥത്തിലുള്ള ഗുരുശിഷ്യബന്ധമൊന്നുമില്ലായിരുന്നു. ചിലപ്പോഴെങ്കിലും അദ്ദേഹത്തിന്റെ ശൈലിയെപ്പറ്റി എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. എന്നാലും ഞാനെപ്പോഴും അദ്ദേഹവുമായി ബഹുമാന്യനായ ഗുരുവിന്റെ അകലം സൂക്ഷിച്ചുപോന്നു. യഥാർഥത്തിൽ അതിൽ കരുതിക്കൂട്ടലൊന്നുമില്ലായി രുന്നു. അങ്ങനെ മാത്രമേ എനിക്ക് കഴിഞ്ഞിരുന്നുള്ളു.

അദ്ദേഹമാകട്ടെ, എന്നോട് തികച്ചും സ്നേഹപൂർവം പെരുമാറി എന്നു മാത്രമല്ല; ചിലപ്പോഴെങ്കിലും എനിക്ക് വിഷമമുണ്ടാകുമാറ് ബഹുമാനം പ്രകടിപ്പിക്കാറുമുണ്ട്. അൽപം അമ്പരപ്പോടെ മാത്രമേ എനിക്കതിനെ അഭി മുഖീകരിക്കാൻ കഴിയാറുള്ളു. ഇന്നിപ്പോൾ അദ്ദേഹം കഥാവശേഷനാണ്. അദ്ദേഹത്തോടുള്ള കടപ്പാടും സ്നേഹവും പ്രകടിപ്പിക്കുവാൻ നാം ബാധ്യ സ്ഥരാണെന്ന് ഞാൻ ആത്മാർഥമായി വിശ്വസിക്കുന്നു. അതിനായി അദ്ദേഹം

ഉയർത്തിപ്പിടിച്ച ആദർശവും അദ്ദേഹം കൈകൊണ്ട ആർജവവും കാത്തു സൂക്ഷിക്കുവാൻ കഴിയുമാറാകട്ടെ എന്നാണെന്റെ പ്രാർഥന. അല്ലാഹു അദ്ദേഹത്തെയും നമ്മെയും അവന്റെ സ്വർഗത്തിൽ ഒരുമിച്ചുകൂട്ടുമാറാകട്ടെ.

(അൽമനാർ 2000 മാർച്ച്)

ഓർമകളുടെ തീരത്ത് - അനുബന്ധം

## 4

# ഉമർ മൗലവി - ഗുണങ്ങളുടെ കേദാരം!

### എച്ച്.ഇ. മുഹമ്മദ് ബാബുസേട്ട്

ബഹുമാന്യനായ ഉമർ മൗലവിയുടെ മരണവാർത്ത. ഫെബ്രുവരി 24ന് രാവിലെ തിരുവനന്തപുരത്ത് വെച്ചാണ് അറിഞ്ഞത്.

രോഗബാധിതനായ ഘട്ടത്തിൽ രണ്ട് പ്രാവശ്യം ഞാൻ മൗലവിയെ പോയി കണ്ടിരുന്നു. രണ്ടാം തവണ ഫെബ്രുവരി 15 തിരൂർക്കാട്ട് ചെന്നപ്പോൾ മൗലവിയെ വളരെ അവശനായിട്ടാണ് കണ്ടത്. ഏകദേശം 350 കി. മീ. യാത്ര ചെയ്യണം തിരൂർക്കാട്ട് എത്താൻ. സുബ്ഹി നമസ്കാരം കഴിഞ്ഞ് വഴി നീളെ കാറിലിരുന്ന് പ്രാർഥിച്ചു കൊണ്ടിരുന്നു. മൗലവിയുടെ മുഖം അവസാനമായൊന്ന് കാണാൻ കനിയേണമേ എന്ന്. അല്ലാഹു എന്നോട് കരുണ കാട്ടി. വൈകുന്നേരം 5 മണിക്ക് ഞാൻ ഖബർസ്ഥാനിലെത്തി. ഒരു കൂട്ടം മനുഷ്യരോടൊപ്പം ഖബറിങ്കൽ നമസ്കരിച്ചു.

35 വർഷത്തെ പരിചയം. അന്നു ഞാൻ കാര്യബോധമെത്തിയിട്ടില്ലാത്ത പയ്യനായിരുന്നു. എന്റെ പിതാവിനെക്കാണാൻ മൗലവി വല്ലപ്പോഴും എറണാകുളത്തുള്ള വീട്ടിൽ വരുമായിരുന്നു. ഗാംഭീര്യം തുടുത്തു നിൽക്കുന്ന മുഖം. പക്ഷെ, ഹൃദ്യമായ പെരുമാറ്റം. മനസ്സിൽ ആ രൂപം പതിഞ്ഞു. എന്റെ ഉമ്മൂമ്മയുടെ ബാപ്പ അബ്ദുല്ല ഹാജി ആദം സേട്ട്, തൗഹീദ് പ്രചരിപ്പിക്കുവാൻ വേണ്ടി നിർമിച്ച കൊച്ചി പുതിയപള്ളിയിൽ 1972 ആരംഭത്തിൽ തൗഹീദിന്റെ പടനായകനായ ഉമർ മൗലവി ഖത്വീബായി വന്നു. ഒരു വർഷം ത്രൈമാസികയായി നടത്തിയ ശേഷം മാസികയാക്കി മാറ്റിയ സൽസബീലുമായിട്ടാണ് അദ്ദേഹം കൊച്ചിയിലെത്തിയത്. അന്ന് മുതൽക്കാണ് ഞങ്ങളുടെ ബന്ധം ആരംഭിക്കുന്നത്.

എം.എസ്.എഫിലൂടെ ആംഭിച്ച എന്റെ പൊതുപ്രവർത്തനം, ഇസ്‌ലാമിക് സ്റ്റഡി സർക്കിളിലൂടെ തുടർന്നപ്പോൾ ഞാനും എന്റെ സഹോദരനും ഉറ്റ സുഹൃത്തുമായ എച്ച്.ഇ. അഹ്മദ് ത്വാഹിർ സേട്ടും ജമാഅത്തെ ഇസ്‌ലാമിയുടെ സഹയാത്രികരായി കഴിഞ്ഞിരുന്നു. ഞങ്ങളുടെ പുല്ലേപ്പടി സലഫി മസ്ജിദ്, മദ്രസ, കൊച്ചിയിലെ സനാന മദ്രസ തുടങ്ങിയ സ്ഥാപനങ്ങളിൽ

ജമാഅത്തിന്റെ ദീനീ മേധാവിത്വം ഞങ്ങളിലൂടെ വന്നിട്ടുണ്ടായിരുന്നു.

ഉമർ മൗലവി കൊച്ചി പുതിയപള്ളിയിൽ എത്തിയ ഒന്നാം തീയ്യതി മുതൽ ഖുറാഫാത്തിന്നെതിരിൽ ശക്തമായ പ്രചാരണം തുടങ്ങി. തത്തുല്യമായ ശക്തയോടെ ജമാഅത്തെ ഇസ്‌ലാമിയെയും സി.എൻ. മൗലവിയുടെ ഖുർആൻ വ്യാഖ്യാനങ്ങളെയും എതിർക്കാൻ തുടങ്ങി. സ്വാഭാവികമായും അദ്ദേഹത്തിന്റെ ഈ പടനീക്കം ഞങ്ങൾക്ക് വലിയ അസ്വസ്ഥതയുണ്ടാക്കി. ജമാഅത്ത് ആഭിമുഖ്യമുള്ള എനിക്കും ത്വാഹിർ സേട്ടിനും ഉമർ മൗലവി അവിടെ വരുന്നതിഷ്ടമായിരുന്നില്ല. പള്ളി മുത്തവല്ലി അബ്ദുല്ല ഹാജി അഹ്മദ് സേട്ടുവിനോടും ഞങ്ങളുടെ അനിഷ്ടം രേഖപ്പെടുത്തുകയും മൗലവിയെ ഒഴിവാക്കാൻ പ്രേരിപ്പിക്കുകയും ചെയ്തു. അദ്ദേഹം പക്ഷെ, വഴങ്ങിയില്ല!

ഖുത്തുബകളിലും ക്ലാസുകളിലും പ്രഭാഷണങ്ങളിലുമായി കൊച്ചി പ്രദേശം മൗലവി ഇളക്കി മറിക്കുകയായിരുന്നു. വായനാശീലമുള്ളവർക്കിടയിൽ സൽസബീലിന്റെ താളുകളിലൂടെ ശക്തമായൊരു ചിന്താവിപ്ലവം തന്നെ അദ്ദേഹം നടത്തി. കണിശമായ പ്രതിപാദനശൈലി, ലളിതമായ വിശദീകരണം, അസാധാരണമായ ധീരത, വിശ്രമരഹിതമായ പ്രവർത്തനം, സ്നേഹപൂർവമായ പെരുമാറ്റം ഇത്യാദി ഗുണങ്ങൾ മൂലം യുവാക്കൾ അദ്ദേഹത്തിന് ചുറ്റും സഹയാത്രികരായി ദിനംപ്രതി വർധിച്ചു വന്നു. മൗലവിയുടെ വിട്ടുവീഴ്ചയില്ലാത്ത നിരന്തരപോരാട്ടമാണ് ഒരു വിചിന്തനത്തിന് ഞങ്ങളെ പ്രേരിതരാക്കിയത്.

സത്യം ബോധ്യപ്പെട്ടപ്പോൾ പിന്നെ അറച്ചു നിന്നില്ല. ഞങ്ങളും മൗലവിയുടെ സഹയാത്രികരായി. ഞങ്ങളുടെ സ്ഥാപനങ്ങൾ സലഫീ ആദർശപ്രകാരം ശുദ്ധീകരിച്ചു. പുല്ലേപ്പടി മസ്ജിദിൽ എൻ.പി.അബ്ദുൽഖാദർ മൗലവി പുതിയ ഖത്വീബായി വന്നു. മുജാഹിദ് പ്രസ്ഥാന രംഗത്തേക്കുള്ള അദ്ദേഹത്തിന്റെ അരങ്ങേറ്റമായിരുന്നു അത്. ഖുറാഫാത്തിൽ നിന്നും മുജാഹിദ് രംഗത്തേക്ക് വന്ന അദ്ദേഹത്തിന്റെ സരസമായ, ചിന്തോദ്ദീപകമായ മാലമൗലിദ് റാത്തീബ് പ്രസംഗങ്ങൾ തെക്കൻ കേരളത്തിലെ ദീനീരംഗത്ത് എന്തെന്നില്ലാത്ത ആവേശമായി. കൊച്ചിയിലെ മസ്ജിദുൽ മുജാഹിദീനിൽ പ്രഗത്ഭനായ കെ.സി. അബൂബക്കർ മൗലവിയും ഖത്വീബമായി എത്തിയതോടെ തെക്കൻ കേരളത്തിലെ മതരംഗം ആകെ ഇളകി മറിഞ്ഞു. ദക്ഷിണ മേഖലയിലെ മുജാഹിദ് പ്രവർത്തനങ്ങൾക്ക് ചിട്ടയായ നേതൃത്വം നൽകാൻ ഒരു സംവിധാനം വേണമെന്നുള്ള ഉമർ മൗലവിയുടെ നിർദേശപ്രകാരം സൗത്ത് കേരള കെ.എൻ.എം കമ്മറ്റിക്ക് രൂപം നൽകി. മൗലവിയുടെ ആഗ്രഹപ്രകാരം അതിന്റെ ചെയർമാനായി വിനീതനായ ഞാനും സെക്രട്ടറിയായ ത്വാഹിർ സേട്ടും നിയമിതനായി. മൗലവിയുടെ പടയോട്ടം തെക്കോട്ട് നീങ്ങി. ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ തൗഹീ

ദിന്റെ ശബ്ദം അലയടിച്ചു. ഇസ്‌ലാഹീ പ്രവർത്തനങ്ങൾക്ക് അടിത്തറ പാകിയ എറിയാട്, അഴീക്കോട് പ്രദേശങ്ങളിലും പുത്തനുണർവ് കൈവന്നു. കെ.എൻ.എം. സൗത്ത് സോണൽ കമ്മറ്റി പ്രവർത്തനങ്ങൾക്ക് സഹായവും സഹകരണവും നൽകി. യാതൊരു സ്ഥാനവും അലങ്കരിക്കാതെ ഉമർ മൗലവി ഞങ്ങളെയെല്ലാം നയിക്കുകയായിരുന്നു. സദാ ശബ്ദിക്കുന്ന സഞ്ചരിക്കുന്ന ഒരു പ്രസ്ഥാനമായി അദ്ദേഹം വിശ്രമരഹിതനായി പടവെട്ടിക്കൊണ്ടിരുന്നു. ആ നാളുകൾ ഓർമകളായി ഇന്നുമുണ്ട്. എന്നുമുണ്ടായിരിക്കും. ജമാഅത്തെ ഇസ്‌ലാമിയുടെ ആദർശവ്യതിയാനം, മൗദൂദിസത്തിലെ ഗുരുതരമായ നവീന ചിന്തകൾ ലോകപണ്ഡിതർക്കിടയിൽ ചർച്ചാവിഷയമാക്കി മാറ്റിയത് ഉമർ മൗലവിയായിരുന്നുവെന്ന് പറഞ്ഞാൽ അതിൽ അതിശയോക്തിയൊട്ടുമില്ല.

ഒട്ടേറെ സൽഗുണങ്ങളുടെ കേദാരമായിരുന്നു മൗലവി. കേരളത്തിന്റെ എല്ലാ മുക്കുമൂലകളിലും കേരളത്തിന് പുറത്തും ഗൾഫ് രാജ്യങ്ങളിലുമായി ഒരു വമ്പിച്ച സുഹൃദ്‌വലയം അദ്ദേഹത്തിനുണ്ടായിരുന്നു. കക്ഷിഭേദമന്യേ ധനവാനോ ദരിദ്രനോ എന്ന് ശ്രദ്ധിക്കാതെ നിർലോഭം സ്നേഹം ചൊരിഞ്ഞ് കൊടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. വാക്കുപാലിക്കുക, പണമിടപാടുകളിൽ കൃത്യത പുലർത്തുക, പേരമക്കളുടെ പ്രായത്തിലുള്ളവർക്ക് പോലും തുല്യസ്ഥാനം നൽകി ആദരിക്കുക എന്നിത്യാദി സാമൂഹികമേന്മകളിൽ ഉമർ മൗലവി എന്നും മുന്നിൽ ആയിരുന്നു. പിതൃതുല്യം ഞാൻ സ്നേഹിച്ച, പുത്രവാൽസല്യത്തോടെ എന്നെ സ്നേഹിച്ച മഹാനവർകളുടെ വിയോഗം വ്യക്തിപരമായി വലിയ നഷ്ടമായി എന്റെ ഹൃദയത്തെ മഥിക്കുന്നു. കൊച്ചിയിലൂടെ കടന്നുപോകുന്ന ഘട്ടങ്ങളിൽ ഒരു ഫോൺ ചെയ്തെങ്കിലും ആ അമൂല്യമായ സ്നേഹം അദ്ദേഹം എനിക്ക് നൽകുമായിരുന്നു.

അശരണരോടുള്ള സഹാനുഭൂതി ഉമർ മൗലവിയുടെ സ്ഥിരമായ സ്വഭാവമായിരുന്നു. എവിടെ നിന്നാണോ സഹായം ലഭിക്കാൻ സാധ്യതയുള്ളത് അവിടെ നിന്നെല്ലാം അത് വാങ്ങിയും ശുപാർശ ചെയ്തും ബുദ്ധിമുട്ടുകാരനെ സഹായിക്കുന്നതിൽ അദ്ദേഹം ശ്രദ്ധിച്ചു. ഞങ്ങളുടെ ട്രസ്റ്റുകളിൽ മൗലവിയുടെ ശുപാർശകൾ ഒരനുഭവം തന്നെയായിരുന്നു. പാണ്ഡിത്യത്തിന്റെയും ധീരതയുടെയും നിഷ്കളങ്കതയുടെയും ജീവകാരുണ്യസൽഗുണങ്ങളുടെയും വിളനിലമായിരുന്ന മഹാനായ ഉമർ മൗലവി, നന്മയുള്ള മനസ്സുകൾക്ക് എന്നും മാതൃകയും രോമാഞ്ചമായ ഓർമയുമായിരിക്കും.

എന്റെ പിതാവ് മരണപ്പെട്ട വാർത്തയറിഞ്ഞ ഒരു സുഹൃത്ത് ദമാമിൽ നിന്നും എനിക്ക് ആശ്വാസം പകർന്ന് കത്തയച്ചു. അതിലുണ്ടായിരുന്ന ഖുർആൻ വചനത്തിന്റെ സാരം ഇവിടെ പകർത്തട്ടെ:

“ഹേ, സമാധാനമടഞ്ഞ ആത്മാവേ, നീ നിന്റെ രക്ഷിതാവിങ്കലേക്ക് മടങ്ങിക്കൊള്ളുക, തൃപ്തി ലഭിച്ചവനായ നിലയിൽ, എന്നിട്ട് എന്റെ അടി

യാറുകളുടെ കൂട്ടത്തിൽ, എന്റെ സ്വർഗത്തിൽ പ്രവേശിച്ചു കൊള്ളുവിൻ" (ഫജ്ർ:27:50)

അല്ലാഹുവേ, ഞങ്ങളുടെ സ്നേഹനിധിയായ മൗലവിയെയും ഞങ്ങളെയും സ്വർഗത്തിൽ ഒരുമിച്ച് ചേർക്കേണമേ, (ആമീൻ)

(ശബാബ് 2000 മാർച്ച്-3)

ഓർമകളുടെ തീരത്ത് - അനുബന്ധം

## 5

# അനിതരമായ പ്രബോധന വ്യക്തിത്വം

**ചെറിയമുണ്ടം അബ്ദുൽഹമീദ് മദനി**

എഴുത്തിലും പ്രസംഗത്തിലും സരളവും ലളിതവും നിശിതവുമായ ഒരു ശൈലി പിന്തുടർന്നുകൊണ്ട് ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ച ഉമർ മൗലവി ഒരു ലേഖനത്തിലൂടെ പരിചയപ്പെടുത്താവുന്നതിലുപരിയായ അനിതരവ്യക്തിത്വമായിരുന്നു. അദ്ദേഹത്തിന്റെ ലേഖനങ്ങളുടെയും പ്രസംഗങ്ങളുടെയും ഏറ്റവും ശ്രദ്ധേയമായ സവിശേഷത അവയുടെ സംവേദനക്ഷമത തന്നെയാണ്. വായിച്ചിട്ടോ കേട്ടിട്ടോ മനസ്സിലായില്ല എന്ന ഒരു പ്രശ്നം അദ്ദേഹം ഒരിക്കലും അവശേഷിപ്പിച്ചിട്ടില്ല. അദ്ദേഹത്തിന്റെ ലളിതമായ ശൈലി സാധാരണക്കാർക്കും അഭ്യസ്തവിദ്യർക്കും ഒരു പോലെ ഹൃദ്യമായി അനുഭവപ്പെട്ടിരുന്നു. തൗഹീദിൽ മായം ചേർക്കുന്നവർക്കും യുക്തിവാദികൾക്കും മറ്റും അദ്ദേഹത്തിന്റെ ശൈലി വേദനയും വിഷമവും സൃഷ്ടിക്കുന്നതുമായിരുന്നു. വിമർശനം മൂർച്ചയുള്ളതും കുറിക്ക് കൊള്ളുന്നതും ആയിരിക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു.

അദ്ദേഹത്തിന്റെ പ്രബോധനപ്രവർത്തനങ്ങളുടെ ശ്രദ്ധേയമായ മറ്റൊരു സവിശേഷത എതിരഭിപ്രായക്കാർക്ക് പറയാനോ എഴുതാനോ തുറന്ന അവസരം നൽകിയതിന് ശേഷം അവർക്ക് മറുപടി പറയുക എന്നതായിരുന്നു. പ്രസംഗവേദികളിലേക്ക് യാഥാസ്ഥിതികരെയും മതരാഷ്ട്രീയക്കാരെയും യുക്തിവാദികളെയും ക്ഷണിച്ച് വരുത്തി അവരുടെ ആശയം അവതരിപ്പിക്കാൻ അവസരം നൽകിയതിന് ശേഷം വ്യക്തമായ മറുപടി നൽകുന്ന പരിപാടികൾ അദ്ദേഹം അനേകം സ്ഥലങ്ങളിൽ സംഘടിപ്പിച്ചു. പക്ഷെ, എതിരഭിപ്രായക്കാർ മിക്കപ്പോഴും ഒരു തുറന്ന സംവാദത്തിന് സന്നദ്ധരായിരുന്നില്ല. ഉമർ മൗലവിയെ തങ്ങൾ പരിഗണിക്കുന്നില്ലായെന്ന ധാർഷ്ട്യത്തോടെ എതിരാളികൾ മാറി നിന്നപ്പോൾ നിഷ്പക്ഷമതികളിൽ പലർക്കും അദ്ദേഹത്തിന്റെ തുറന്ന സമീപനത്തോട് മതിപ്പ് കൂടുകയാണുണ്ടായത്. സൽസബീൽ മാസികയുടെ പേജുകൾ അദ്ദേഹം എപ്പോഴും തുറന്ന സംവാ

ദത്തിന് നീക്കി വെച്ചു. പക്ഷെ, എതിരഭിപ്രായക്കാർ അപൂർവമായേ ആ അവസരം ഉപയോഗപ്പെടുത്തിയിരുന്നുള്ളൂ. അത്തരം സന്ദർഭങ്ങളിൽ പ്രമാണനിബദ്ധവും സ്പഷ്ടവുമായ മറുപടികൾ നൽകിക്കൊണ്ട് സംവാദത്തെ അദ്ദേഹം ഫലപ്രാപ്തിയിലെത്തിക്കുകയും ചെയ്തു. മാന്യമല്ലാത്ത ശൈലിയിൽ എതിരാളികൾ എഴുതിയ കത്തുകളും കുറുപ്പുകളും പോലും സൽസബീലിൽ അദ്ദേഹം പ്രസിദ്ധീകരിക്കുകയും ഉചിതമായി പ്രതികരിക്കുകയും ചെയ്തു. ആളുകളുടെ വണ്ണവലിപ്പങ്ങളോ പദവികളോ നോക്കാതെ, അവരുടെ ആശയങ്ങളെ തെളിവിന്റെ അടിസ്ഥാനത്തിൽ വിലയിരുത്താനുള്ള സൽസബീലിന്റെ ആഹ്വാനം സഹൃദയരെ ഏറെ ആകർഷിക്കുകയുണ്ടായി. ഇസ്‌ലാഹീ പ്രസ്ഥാനവും യാഥാസ്തികരും തമ്മിലുള്ള ആശയവ്യത്യാസങ്ങൾ അക്കമിട്ട് വിവരിക്കുന്ന ലഘുലേഖകളിലൂടെയാണ് ഉമർ മൗലവി ബഹുജനങ്ങളുടെ ശ്രദ്ധ ഏറെ ആകർഷിച്ചത്. ഉദാരമതികളുടെ സഹകരണത്തോടെയും സ്വന്തം പണം ചെലവാക്കിയും അദ്ദേഹം അനേകായിരം ലഘുലേഖകൾ അച്ചടിച്ച് വിതരണം ചെയ്തു. കേരളത്തിന്റെ മുക്കുമൂലകളിൽ ഈ ലഘുലേഖകൾ വളരെ ചലനം സൃഷ്ടിക്കുകയുണ്ടായി.

വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ വിശുദ്ധ ഖുർആനിന്റെ സന്ദേശമെത്തിക്കുന്നതിന് വേണ്ടി അറബിമലയാളത്തിൽ വ്യാഖ്യാനസഹിതമുള്ള ഖുർആൻ പരിഭാഷ പ്രസിദ്ധീകരിച്ചതു വഴി ഉമർ മൗലവി നിർവഹിച്ച സേവനം അതുല്യമായിരുന്നു. സ്ത്രീകളും അൽപസാക്ഷരരായ പുരുഷന്മാരും ഒരു കാലഘട്ടത്തിൽ വിശുദ്ധഗ്രന്ഥത്തിന്റെ ഉള്ളടക്കം ഗ്രഹിക്കുന്നതിന് പ്രധാനമായി ആശ്രയിച്ചത് ഈ അറബിമലയാള ഖുർആൻ പരിഭാഷയെയായിരുന്നു. ഈ പരിഭാഷയുടെ ഒരു സംഗ്രഹം പിന്നീട് മലയാളത്തിൽ തന്നെ പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായി. പൂർണരൂപത്തിൽ തന്നെ പരിഭാഷ മലയാളത്തിൽ തയ്യാറാക്കിക്കഴിഞ്ഞതായും അറിയാൻ കഴിഞ്ഞു. ഫാതിഹയുടെ തീരത്ത്, ഹജ്ജിന്റെ വിളക്ക് എന്നീ ഗ്രന്ഥങ്ങളിലൂടെയും അദ്ദേഹം ഇസ്‌ലാമിക വിജ്ഞാനത്തിന് മഹത്തായ സംഭാവനകൾ അർപ്പിച്ചിട്ടുണ്ട്.

ഓരോ പ്രത്യേക പ്രദേശങ്ങൾ തെരഞ്ഞെടുത്ത് അവിടുത്തുകാരുടെ മനസ്സിൽ തൗഹീദീ ആശയം ഊട്ടിയുറപ്പിക്കന്നതിന് തീവ്രയത്നത്തിലേർപ്പെടുകയെന്നത് ഉമർ മൗലവിയുടെ ഒരു പ്രധാന പരിപാടിയായിരുന്നു. കൊച്ചിയിലും ആലപ്പുഴയിലും വെളിയങ്കോട്ടും തിരൂർക്കാട്ടും വെങ്കിടങ്ങിലുമെല്ലാം അദ്ദേഹം ഇപ്രകാരം പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിച്ച് പ്രബോധന യത്നങ്ങൾ നിരന്തരം നടത്തിപ്പോന്നിട്ടുണ്ട്. ഖുർആനും ഹദീഥും അടിസ്ഥാനമാക്കിയുള്ള സ്ഥിരമായ ക്ലാസുകളിലൂടെയാണ് അദ്ദേഹം ഈ പ്രദേശങ്ങളിൽ മൗലികമായ മാറ്റങ്ങളുണ്ടാക്കിയത്. അദ്ദേഹത്തിന്റെ ക്ലാസുകളിലൂടെ സത്യം മനസ്സിലാക്കിയവരുടെ ആദർശപ്രതിബദ്ധത ഏറെ ശ്രദ്ധേയമാകുന്നു.

ഉമർ മൗലവിയുടെ വിമർശനം നിശിതമായിരുന്നുവെങ്കിലും വ്യക്തിവിരോധത്തിന്റെ പശ്ചാത്തലം അതിന് ഒരിക്കലും ഉണ്ടായിരുന്നില്ല. ഇസ്‌ലാമിക വിശ്വാസത്തെയോ പ്രമാണങ്ങളെയോ സംബന്ധിച്ച് ഇതരർ എഴുതിയതിലോ പറഞ്ഞതിലോ സത്യത്തിന് വിരുദ്ധമായി കണ്ട കാര്യങ്ങളിൽ കേന്ദ്രീകരിച്ചുള്ളതായിരുന്നു അദ്ദേഹത്തിന്റെ വിമർശനങ്ങൾ. വിയോജിപ്പുള്ളവരെ മറ്റു വിധത്തിൽ അപകീർത്തിപ്പെടുത്താൻ അദ്ദേഹം ഒരിക്കലും മുതിർന്നില്ലെന്ന് മാത്രമല്ല അദ്ദേഹത്തിന്റെ സൗഹൃദവും സഹായസഹകരണങ്ങളും അവരെയും കൂടി ഉൾക്കൊള്ളാൻ മാത്രം വിശാലമായിരുന്നുവെന്ന് തെളിയിക്കുന്ന ധാരാളം സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

വിഷയത്തിന്റെ മർമത്തിൽ നിന്ന് ജനശ്രദ്ധ തിരിച്ചുവിടാൻ എതിർവീക്ഷണക്കാർ അപ്രധാന വിഷയങ്ങളിലേക്ക് ചർച്ച വലിച്ചിഴക്കുമ്പോൾ തൗഹീദുമായി ബന്ധപ്പെട്ട മുഖ്യപ്രശ്നങ്ങളിൽ തന്നെ ചർച്ച കേന്ദ്രീകരിച്ചുകൊണ്ട് ഉമർ മൗലവി അവരുടെ തന്ത്രങ്ങളെ പരാജയപ്പെടുത്തുകയായിരുന്നു. സാധാരണക്കാർക്ക് ആശയക്കുഴപ്പം സൃഷ്ടിക്കാൻ ഉദ്ദേശിച്ചുകൊണ്ട് ഇതരർ സങ്കീർണമായ ചർച്ചകളെ അവലംബിച്ചപ്പോൾ എല്ലാവർക്കും നിഷ്പ്രയാസം മനസ്സിലാക്കാവുന്ന വിധത്തിൽ ഇസ്‌ലാമിന്റെ മൗലികമായ ആദർശം അപഗ്രഥിക്കുന്നതിലാണ് അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിച്ചത്. ഇസ്‌ലാമികേതര ഭരണകൂടത്തിന്റെ നിയമങ്ങൾ അനുസരിക്കൽ ഇസ്‌ലാമിന് വിരുദ്ധമാണെന്ന് സമർഥിച്ചുകൊണ്ട് സയ്യിദ് മൗദൂദിയുടെ ശിഷ്യന്മാർ സൃഷ്ടിച്ച ആശയക്കുഴപ്പങ്ങളെ ഈ സരളമായ ഖണ്ഡനരീതി മുഖേനയാണ് അദ്ദേഹം നീക്കം ചെയ്തത്. ഇസ്‌ലാഹീ ആശയങ്ങൾ ഏറ്റവും ശക്തമായും വ്യക്തമായും അവതരിപ്പിക്കുന്ന ഒരു പ്രബോധന വ്യക്തിത്വമാണ് അദ്ദേഹത്തിന്റെ വിയോഗം മൂലം നഷ്ടമായത്. അല്ലാഹു അദ്ദേഹത്തിന് മരണാനന്തര ജീവിതത്തിൽ എല്ലാവിധ സൗഭാഗ്യങ്ങളും നൽകട്ടെ എന്ന് നമുക്ക് പ്രാർഥിക്കാം.

ഓർമകളുടെ തീരത്ത് – അനുബന്ധം

## 6

# ഞങ്ങൾ സ്നേഹിച്ച മഹാൻ

**ഡോ. അലി, ഡോ. ആയിശ (അജ്മാൻ)**

മുജാഹിദ് എന്നാൽ എന്ത്? എന്തിന്? മുസ്‌ലിം എന്നാൽ മുസ്‌ലിം കുടുംബത്തിൽ ജനിച്ചു. അതു കൊണ്ട് ഞങ്ങളും അങ്ങനെ പറയുന്നു! ജീവിതത്തിൽ പിടിയൊലുതുങ്ങാത്ത പ്രശ്നങ്ങളുണ്ടാകുമ്പോൾ, പിടിച്ചു തൂങ്ങാൻ, പ്രാർഥിക്കാൻ ഒരു റബ്ബ്! പരലോകം എന്ന ചിന്തപോലുമില്ല. അങ്ങനെയൊരു ഘട്ടത്തിൽ അജ്മാനിലുള്ള ആർ.വി. മുഹമ്മദ് മൗലവിയുടെ കൂടെ

ബഹുമാനപ്പെട്ട ഉമർ മൗലവി ഞങ്ങളുടെ ക്ലിനിക്കിൽ വന്നിട്ടുണ്ട്. കൂടെ പഠിച്ച ഡോ. സാലിമിന്റെ പിതാവായിട്ട് മാത്രമേ അദ്ദേഹത്തെ അന്ന് കണ്ടിട്ടുള്ളൂ. പിന്നീട് അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താൽ മരണാനന്തരജീവിതം ഉറപ്പായ യാഥാർഥ്യമായി മനസ്സിൽ തെളിഞ്ഞു തുടങ്ങി. ഇസ്ലാമിനെക്കുറിച്ച് പഠിക്കാൻ തുടങ്ങി. സുന്നി-ജമാഅത്ത് ആദർശങ്ങളാണ് ആദ്യം ബന്ധപ്പെട്ടത്. പിന്നീട് ഷാർജ ഇസ്‌ലാഹി സെന്റർ വഴി ഹജ്ജ് നിർവഹിക്കാൻ പോയി. അതോടെയാണ് ഞങ്ങൾ മുജാഹിദ് അനുഭാവികളായി മാറിയത്. എങ്കിലും, ഉമർ മൗലവിയുടെ രചനകളാണ് സലഫീ ആദർശത്തിൽ ഉറച്ചു നിൽക്കാൻ ആത്മവിശ്വാസവും സ്ഥൈര്യവും ഞങ്ങൾക്ക് നൽകിയത്.

ഒരിക്കൽ ക്ലിനിക്കിൽ എന്റെ ഇളയ സഹോദരൻ ഉമർ മൗലവിയുടെ തഫ്സീർ വായിച്ചുകൊണ്ടിരിക്കുന്നു. അപ്പോൾ ആർ.വി.മുഹമ്മദ് മൗലവിയും ഉമർ മൗലവിയും കയറി വന്നു. ഈ തഫ്സീർ രചിച്ച ദേഹമാണ് മുമ്പിൽ നിൽക്കുന്നതെന്ന് പറഞ്ഞ ഓർമയുണ്ട്. അതിനുശേഷം മൗലവി സാഹിബ് ഗൾഫിൽ വരുമ്പോഴെക്കെ ഞങ്ങളുടെ സ്നേഹപൂർവമായ അപേക്ഷ പരിഗണിച്ച് അജ്മാനിൽ വന്ന് ഞങ്ങളോടൊന്നിച്ച് താമസിക്കുമായിരുന്നു. അക്കാലത്താണ് മുസ്തഫൽ ഫൈസിയുടെ ഖുർആൻ ദുർവ്യാഖ്യാനം ഗൾഫിൽ പ്രസിദ്ധീകരിക്കുന്നത്. അതു തടയാൻ കാര്യകാരണം സഹിതം ഔഫാഖിലേക്ക് കത്തയച്ചു. കൂടാതെ അബ്ദുസ്സമദ് സമദാനി എം.പിക്ക് ഒരു ഉപദേശം ഇത് സംബന്ധമായി അയച്ചു. സ്ഥാനമാനങ്ങൾ ആളുകളുടെ ഈമാനിനെ എങ്ങനെ നശിപ്പിക്കുമെന്ന് ഹദീഥുദ്ധരിച്ച് എഴുതിയത് ഇപ്പോൾ ഓർക്കുന്നു.

സുബ്ഹ് നമസ്കാരത്തിൽ ഞങ്ങൾക്ക് ചിലപ്പോൾ മൗലവി ഇമാമാകാറുണ്ട്. കേട്ടപ്പോൾ മനസ്സൊന്നു വിറച്ചു. ശരിക്കും സാരമുൾക്കൊണ്ട് ഖിയാമത്ത് നാളിന്റെ ഭയാനകത മുമ്പിൽ കണ്ട് ഓതുന്നതുപോലുള്ള ഒരനുഭവമായിരുന്നു അത്. റമളാനിൽ ഒരിക്കൽ അർദ്ധരാത്രിക്ക് ശേഷമുള്ള ഖിയാമുല്ലൈലിന് ഞങ്ങളുടെ കൂടെ പള്ളിയിൽ വരാൻ മൗലവി ആഗ്രഹം പ്രകടിപ്പിച്ചു. ദീർഘനേരം നിന്നു നമസ്കരിച്ചു. പിറ്റേന്നാണ് ഹൃദ്രോഗ സംബന്ധമായി മൗലവിയെ ദുബൈ റാഷിദ് ഹോസ്പിറ്റലിൽ അഡ്മിറ്റാക്കേണ്ടി വന്നത്. പിന്നീട് വിശ്രമത്തിന് വേണ്ടി ഫോൺ വിളികൾ ഒഴിവാക്കാൻ അബ്ദുസ്സലാം കായക്കൊടിയുടെ വീട്ടിലേക്ക് മാറ്റിത്താമസിപ്പിക്കുകയായിരുന്നു.

ഉമർ മൗലവിയെ കൂടുതൽ അടുത്തറിഞ്ഞത് സൽസബീലിന്റെ താളുകളിൽ കൂടിയാണ്. ഓരോ മാസവും പ്രതീക്ഷയോടെ അതു കാത്തിരിക്കുന്ന അവസ്ഥയിലായി ഞങ്ങൾ. തപാൽ കത്തുകൾ നോക്കുന്നതിന് മുമ്പ് സൽസബീൽ തുറക്കാനാണ് കൂടുതൽ ഉത്സാഹം. പള്ളിക്കൂടത്തിന്റെ പടികാ

ണാത്തവർക്ക് പോലും വളരെ ലളിതമായ ശൈലിയിൽ മതവിഷയങ്ങൾ ഉദാഹരണസഹിതം വിവരിച്ചുകൊടുക്കുവാനുള്ള മൗലവിയുടെ കഴിവ് ഒന്നു വേറെ തന്നെയായിരുന്നു. കാലികമായ അന്തർദേശീയ വാർത്തകളടക്കം സദുദ്ദേശ്യത്തോടെ മൗലവി സൽസബീലിൽ വിമർശനവിധേയമാക്കിയിരുന്നു. ഫാതിഹയുടെ തീരത്ത് എന്ന മൗലവിയുടെ ഗ്രന്ഥത്തിലെ ഒരുദാഹരണം നോക്കൂ: അന്ധനായ ഒരു മനുഷ്യൻ പൊട്ടക്കിണറിന്റെ അടുക്കലേക്ക് നടന്നടുക്കുമ്പോൾ അതിൽ വീഴുന്നത് തടയാതെ നോക്കി നിൽക്കാൻ ഒരു സാധാരണ മനുഷ്യന് കഴിയില്ലല്ലോ. അഥവാ അയാൾ വീഴുന്നത് ഞാൻ കണ്ടു, രക്ഷിക്കാൻ ശ്രമിച്ചില്ലെന്ന് പറഞ്ഞാൽ ആ മനുഷ്യനെ മറ്റുള്ളവർ വെറുതെവിടുമോ? ഇതിനെക്കാൾ എത്രയോ ഇരട്ടി ഭയാനകമായ നരകത്തിന്റെ അഗാധഗർത്തത്തിലേക്ക് വീഴുന്ന അജ്ഞാനിയായ മനുഷ്യനെ തടയേണ്ടത് ഏതൊരു നല്ല മുസ്‌ലിമിന്റെയും നിർബന്ധബാധ്യതയാണെന്നതിൽ സംശയമില്ല എന്നതാണല്ലോ ഉദാഹരണത്തിലൂടെ മൗലവി തെളിയിക്കുന്നത്. അതുപോലെ ഇബാദത്തിന് അർഥം പറയുന്ന വിഷയത്തിൽ കരിയുടെ ഉപമ പറയുന്നുണ്ട്. കരി മൂന്നർഥത്തിൽ മൂന്നിടത്ത് പ്രയോഗിക്കാറുണ്ടല്ലോ. അതുപോലെ ഇബാദത്തിന് മൂന്നർഥം ഒരേ വചനത്തിൽ ഒരേ സന്ദർഭത്തിൽ ഉപയോഗിക്കാവതല്ലല്ലോ. സന്ദർഭമനുസരിച്ച് യോജിച്ച അർഥം വെക്കുകയാണ് ബുദ്ധിപരമായ നടപടി. ഒരാൾ രാവിലെ ഉണർന്നു. ഒരു കിണ്ടിയിൽ വെള്ളമെടുത്ത് ഉമ്മറപ്പടിയിൽ ഇരിക്കുന്നു. ‘കരി കൊണ്ടുവാ’ എന്നു പറഞ്ഞാൽ എന്താണ് വേണ്ടതെന്ന് സാമാന്യബുദ്ധിയുള്ളവർക്ക് മനസ്സിലാകും. എന്നാൽ ഈ സമയത്ത് കരിയുടെ പര്യായാർഥത്തിൽ ഉൾപ്പെട്ട ആനയെയും കാളയെയും കാളപൂട്ടുന്ന നുകവും കൂടെ ലേശം പല്ലു തേക്കുന്ന കരിയും കൊണ്ടുവന്നാൽ അയാളെക്കുറിച്ച് എന്ത് ധരിക്കും. ഇബാദത്തിന് അടിമവേല, അനുസരണം, ആരാധന എന്നീ മൂന്നർഥങ്ങളുണ്ടെന്നും അത് മൂന്നും ‘ഇയ്യാക്ക നഅ്ബുദു’ എന്ന സുപ്രധാന വചനത്തിൽ ഒന്നിച്ചു പരിഗണിക്കണമെന്നുള്ള മൗദൂദിയൻ സിദ്ധാന്തത്തെ ലളിതമായ ഉദാഹരണത്തിലൂടെ നർമബോധത്തോടെ വിമർശിക്കുകയും വായനക്കാർക്ക് കാര്യം വസ്തുതാപരമായി ഗ്രഹിപ്പിക്കുകയുമാണ് മൗലവി ചെയ്തിട്ടുള്ളത്.

‘എന്റെ പ്രിയപ്പെട്ട മുസ്‌ലിം സമുദായമേ’ എന്ന തലവാചകത്തിൽ ഒരു ലേഖനം സൽസബീലിൽ മൗലവി എഴുതി. ആ സംബോധന തന്നെ ആത്മാർഥതയുള്ള ഒരു മനസ്സിന്റെ അടിത്തട്ടിൽ നിന്നുള്ളതാണല്ലോ. സ്വയം ബോധ്യപ്പെട്ട സത്യത്തിന്റെ കിരണം മറ്റുള്ളവരുടെയും ഹൃദയത്തിലേക്കും ഇട്ടുകൊടുക്കണമെന്ന അദമ്യമായ ആഗ്രഹം ഉമർ മൗലവിയുടെ എല്ലാ രചനകളിലും കാണാം. ലളിതമായ, ചിന്തോദ്ദീപകമായ, നേർക്കുനേരെയുള്ള അദ്ദേഹത്തിന്റെ ശൈലി പ്രബോധനവീഥിയിൽ അനേകമാളുകൾക്ക് യഥാർഥ ഇസ്‌ലാമിക ബോധം നൽകി. ഇത് നിഷേധിക്കാൻ കഴി

യാത്ത സത്യമാണ്. സമുദായത്തിൽ വലയം ചെയ്തിട്ടുള്ള അജ്ഞതയുടെയും അന്ധവിശ്വാസത്തിന്റെയും അന്ധകാരം മൗലവിയെ വല്ലാതെ വേദനിപ്പിച്ചിരുന്നുവെന്ന് അദ്ദേഹത്തിന്റെ സംസാരത്തിൽ നിന്നും രചനകളിൽ നിന്നും വ്യക്തമായിരുന്നു. എപ്പോഴും സമുദായത്തിനും പൊതുജനങ്ങൾക്കും വേണ്ടി വ്യാകുലപ്പെടുന്ന ഒരു മനസ്സ്. അവരുടെ ദാരിദ്ര്യവും കഷ്ടപ്പാടും മൗലവിയെ കണ്ണീരിലാഴ്ത്തുന്നത് ഞങ്ങൾക്ക് അനുഭവപ്പെട്ടിട്ടുണ്ട്. അവർക്ക് ലഭിക്കുന്ന കൊച്ചുകൊച്ചു ആശ്വാസങ്ങളും സഹായവും മൗലവിയുടെയും സന്തോഷമായിരുന്നു. ദീനാനുകമ്പ എന്നത് ഉമർ മൗലവിയുടെ സ്വഭാവമായിരുന്നു.

ഖുനൂത്ത് ഓതുന്നതിനെ മൗലവി ന്യായീകരിച്ചതായി പറയുന്നുണ്ടല്ലോ എന്ന് ഒരിക്കൽ ചോദിച്ചപ്പോൾ പറഞ്ഞ മറുപടി, എനിക്ക് തെറ്റുപറ്റാതിരിക്കാൻ ഞാൻ നബിയൊന്നുമല്ലല്ലോ എന്നാണ്. മറ്റു ചില കാര്യങ്ങൾ ചർച്ച ചെയ്തപ്പോൾ ഇമാം ശാഫി അങ്ങനെ പറഞ്ഞിട്ടുണ്ടല്ലോ എന്നു ചോദിച്ചു. മറുപടി ഇമാം ശാഫിയുടെ അടുക്കൽ ജിബ്രീൽ വരാറുണ്ടായിരുന്നില്ലല്ലോ എന്നായിരുന്നു. സുന്നീ മുസ്‌ലിയാക്കളേ, നിങ്ങൾക്ക് എന്തുപറ്റി, നിങ്ങളുടെ കാര്യം മഹാകഷ്ടം തന്നെ!! എന്നിങ്ങനെ ആത്മാർഥമായി വിലപിക്കുന്ന ഒരു പണ്ഡിതനെ കേരളത്തിൽ ഞങ്ങൾ കണ്ടിട്ടില്ല. തൗഹീദ് പ്രചരിപ്പിക്കൽ പരമപ്രധാനമായി കാണുകയും അതിനായി ആത്മാർഥമായി ജീവിക്കുകയും ചെയ്ത ഒരു പണ്ഡിതൻ എവിടെ? ഒറ്റക്ക് നിന്ന് കൊണ്ട് ഒരു പ്രസ്ഥാനത്തെപ്പോലെ ചലിക്കുകയും ചലിപ്പിക്കുകയും ചെയ്ത മനുഷ്യൻ! അതായിരുന്നു ഞങ്ങൾ സ്നേഹിക്കുന്ന ഉമർ മൗലവി ﵀.

സ്ത്രീകളുടെ പള്ളിപ്രവേശനകാര്യത്തെക്കുറിച്ച് ഒരിക്കൽ ചോദിച്ചപ്പോൾ ഒരു കൊച്ചു മറുപടി. റസൂൽ ﷺ 'ബാബുന്നിസാഅ്'(സ്ത്രീകളുടെ വാതിൽ) ഉണ്ടാക്കിയില്ലേ എന്ന് പറഞ്ഞു. ആയിരം പേജുകൾ എഴുതുന്നതിനേക്കാൾ ദൃഢമായ തെളിവ് ആ കൊച്ചു വാക്കിലുണ്ടായിരുന്നു! മദീനത്തെ നബി ﷺയുടെ പള്ളിയിൽ സ്ത്രീകൾക്ക് പ്രാർഥനക്കായി വരാൻ പ്രത്യേക വാതിൽ ഉണ്ടാക്കിയതിനെക്കുറിച്ചാണ് പറഞ്ഞത്. കൊച്ചുകൊച്ചു വാചകങ്ങളിലൂടെ വലിയ വലിയ പ്രശ്നങ്ങൾക്ക് മൗലവി മറുപടി പറയും. അത് ഒരു അപൂർവമായ കഴിവായിരുന്നു. ഒരു പക്ഷെ, ഏറ്റവും അധികം ശത്രുക്കളെ സമ്പാദിച്ച പ്രബോധകനും ഉമർ മൗലവി തന്നെയായിരിക്കും. പ്രസിദ്ധ പണ്ഡിത കേസരിയായ അബുൽ ഹസൻ അലി നദ്‌വിക്ക് പോലും മൗദൂദിസത്തിന്റെ പിഴവുകൾ ചൂണ്ടിക്കൊടുത്തത് ഉമർ മൗലവിയായിരുന്നുവെന്നത് മൗലവിയുടെ പാണ്ഡിത്യവും അഗാധപഠനവും വ്യക്തമാക്കുന്നു. ഒരിക്കൽ ഞങ്ങൾ ഉമർ മൗലവിയോട് ചോദിച്ചു. എന്തിനാണ് ഇത്ര കടുത്ത ശൈലി? മറുപടി: എന്നാലെങ്കിലും സത്യം അന്വേഷിക്കട്ടെ. എത്രയും കടുപ്പത്തിൽ പറയാൻ മാത്രം ഗൗരവമേറിയ കാര്യം തന്നെയാണല്ലോ ഇത്. തൗഹീദിന്റെ കാര്യത്തിൽ വിട്ടുവീഴ്ചയുടെയോ മയപ്പെടുത്തലിന്റെയോ

പ്രശ്നം ഉദിക്കുന്നില്ലല്ലോ. ഒരിക്കൽ മൗലവിക്ക് ഞങ്ങളോട് ഒരു ധാരണപ്പിശകുണ്ടായപ്പോൾ ഞങ്ങൾക്കെഴുതി. “നിങ്ങൾക്കിനിയും ‘ലാഇലാഹ ഇല്ലല്ലാഹു’വിന്റെ അർഥം മനസ്സിലായിട്ടില്ലെങ്കിൽ നമ്മൾ തമ്മിൽ ഇനി ബന്ധം തുടരുന്നതിൽ എനിക്ക് താൽപര്യമില്ല.” അതായത്, ഏറ്റവും പ്രധാനം ആദർശബന്ധം തന്നെ. അതില്ലാത്ത ബന്ധം മൗലവിയുടെ ഭാഷയിൽ പവർ നശിച്ച ബാറ്ററിയാണെന്നർഥം. കത്തു കിട്ടിയപ്പോൾ വല്ലാത്ത വിഷമമായി. ഉടൻ തന്നെ ഫോണിൽ നാട്ടിലേക്ക് വിളിച്ചു. ഞങ്ങൾ ആ ധാരണപ്പിശക് തിരുത്തി. യാതൊരു കാരണവശാലും മൗലവിയുമായുള്ള ബന്ധം അകലുന്നത് ഞങ്ങൾക്ക് സഹിക്കാൻ കഴിയുന്നതല്ലായിരുന്നു.

ഞങ്ങൾ നാട്ടിലെത്ര ചുരുങ്ങിയ ദിവസത്തേക്ക് പോയതാണെങ്കിലും തിരൂർക്കാട്ട് എത്തി മൗലവിയെ കണ്ടിട്ടല്ലാതെ ഗൾഫിലേക്ക് മടങ്ങാറില്ല. ഞങ്ങൾ നാട്ടിൽ വരുന്ന വിവരം കിട്ടിയാൽ അധികപക്ഷവും ഞങ്ങളെ കാത്ത് കരിപ്പൂർ എയർപോർട്ടിൽ മൗലവി നിൽക്കുന്നുണ്ടാകും. ആ കാഴ്ച ഒരു വല്ലാത്ത കൺകുളിർമ തന്നെയായിരുന്നു. എന്റെ (ഡോ. അലിയുടെ) മാതാവിന്റെ ജന്മഗ്രാമമായ കണ്ണോത്ത് മൗലവി സന്ദർശിക്കുകയും അവിടത്തെ കെ.എൻ.എം. പ്രവർത്തകർക്ക് പ്രചോദനവും മാർഗദർശനവും നൽകുകയും ചെയ്തതിന്റെ ഫലമാണ് അവിടെ സൽസബീൽ അറബിക്കോളേജ് സ്ഥാപിതമായത്. റബ്ബിന് സ്തുതി!

അന്ത്യം അടുത്തു എന്ന് മൗലവിക്ക് തോന്നിത്തുടങ്ങിയതിന്റെ ചില സൂചനകൾ കത്തുകളിൽ ഇടക്കിടെ കണ്ടു കൊണ്ടിരുന്നു. എന്റെ ഖബറിലേക്കുള്ള ദൂരം വളരെ കുറഞ്ഞിരിക്കുന്നുവെന്ന് പലപ്പോഴും എഴുതിത്തുടങ്ങി. ഈ റമളാനിൽ എന്നെ വിളിച്ചാൽ കിട്ടുകയില്ലെന്നും കത്തിൽ കണ്ടു. മൗലവി അധികസമയവും പള്ളിയിൽ തന്നെയായിരുന്നു. ഭക്ഷണത്തോട് വല്ലാത്ത വിരക്തിയുണ്ടായിട്ടും വാർധക്യത്തിന്റെ അവശതയിലും നോമ്പ് ഒന്നും ഒഴിവാക്കിയിട്ടില്ല. ‘ഇത് അസുഖമല്ല; വാർധക്യമാണ്. ഇതിന് ചികിത്സയില്ല’ എന്നും കത്തിലുണ്ടായിരുന്നു. പിന്നീട് മൗലവിക്ക് അസുഖം കൂടുതലാകുകയാണെന്ന് റമളാനിന് ശേഷം വിവരം കിട്ടി. തൗഹീദിന്റെ ഗാംഭീര്യമുള്ള ശബ്ദം എന്നന്നേക്കുമായി നിലക്കാൻ പോകുകയാണോ? കുറച്ച് മുമ്പ് ഞാൻ (ഡോ. അലി) പോയി മൗലവിയെ കണ്ടിരുന്നുവെങ്കിലും ആ കത്ത് വായിച്ചപ്പോൾ ഞങ്ങൾക്ക് വീണ്ടും കാണണമെന്ന് ആശ. ഉടനെ നാട്ടിലേക്ക് തിരിച്ചു. മകൻ മുബാറക്കിന്റെ ഭാര്യ ജമീല ഫോണിൽ പറഞ്ഞ വാക്കും “മൗലവിയെ കാണണമെന്നുണ്ടെങ്കിൽ വേഗമാകട്ടെ, വൈകിക്കേണ്ട” കൂടിയായപ്പോൾ പുറപ്പെട്ടു. ഒരു വ്യാഴാഴ്ചയായിരുന്നു. വിമാനത്തിൽ വെള്ളിയാഴ്ച രാവിലെ മൗലവിയുടെ അടുക്കലെത്തി. ഞങ്ങൾ ചെല്ലുമ്പോൾ ബഹുമാനപ്പെട്ട എ.പി. അബ്ദുൽഖാദിർ മൗലവി അവിടെയുണ്ടായിരുന്നു.

വാർധക്യത്തിലും യുവത്വത്തിന്റെ ഊർജ്ജസ്വലത വെട്ടിത്തിളങ്ങിയിരുന്ന

ഉമർ മൗലവി തളർന്നുകിടക്കുന്നു. സംസാരശേഷിയും വളരെ കുറവ്. മക്കളെല്ലാം ചാരത്തുണ്ട്. അന്ത്യയാത്രക്ക് മൗലവി ഒരുങ്ങുകയാണ്. ചികിത്സയും മരുന്നും ഉപേക്ഷിച്ചിരിക്കുന്നു. നിസ്സഹായരായ മക്കളും വേണ്ടപ്പെട്ടവരും ഞങ്ങളോട് പരാതി പറഞ്ഞു. ഞങ്ങളും എ.പി.യും ചേർന്ന് അപേക്ഷിച്ചു നോക്കി. ഇനി മരുന്ന് വേണ്ട എന്ന് പതുക്കെ പറഞ്ഞു. നിശ്ചയദാർഢ്യത്തോടെ ആംഗ്യം കാണിക്കുകയും ചെയ്തു. ഭക്ഷണം ദ്രവരൂപത്തിൽ. അതും വളരെ കുറവ്. മൗലവി അനശ്വരമായ ആ ജീവിതയാത്രക്ക് മനസ്സുകൊണ്ട് ഒരുങ്ങിക്കഴിഞ്ഞു. ജുമുഅക്ക് ശേഷം മനസ്സ് തളർന്ന നിലയിൽ ഞങ്ങൾ മടങ്ങി. അല്ലാഹു അവന്റെ വിധി നടത്തുക തന്നെ ചെയ്യും. മൗലവിയുടെ ജീവിതദൗത്യം കഴിഞ്ഞുവെന്ന തോന്നൽ. അതു കഴിഞ്ഞു. ഞങ്ങൾ അജ്മാനിൽ തിരിച്ചെത്തി. ഒരാഴ്ച തികഞ്ഞില്ല; വെളുക്കാൻ കാലം മുബാറക്കിന്റെ ഫോൺ.... അങ്ങനെ വിശുദ്ധഖുർആനോട് കളങ്കമില്ലാത്ത കൂറുപുലർത്തിയ, തൗഹീദിന് വേണ്ടി ആരെയും വകവെക്കാതെ പടപൊരുതിയ ആദർശം പണ്ഡിത-പാമരവ്യത്യാസമെന്യേ ജനങ്ങളിലെത്തിക്കാൻ ശ്രമിച്ച ആ മഹദ്ജീവിതത്തിന്റെ ഭൗതികനിമിഷങ്ങൾക്ക് തിരശ്ശീല വീണു. ഇന്നാലില്ലാഹ്.......

തന്റെ ത്യാഗപരിശ്രമങ്ങൾക്ക് പ്രതിഫലം വാങ്ങുന്നതിനായി.... മൗലവിയുടെ ഭാഷയിൽ, അല്ലാഹുവിന്റെ സന്നിധിയിലേക്ക് അദ്ദേഹം യാത്രയായി. യഥാർഥവും അർഹവുമായ പ്രതിഫലം അല്ലാഹു നൽകുമാറാകട്ടെ.

പ്രിയപ്പെട്ട ഞങ്ങളുടെ മൗലവി ഞങ്ങളുടെ മനസ്സിൽ മാത്രമല്ല; തൗഹീദിനെ സ്നേഹിക്കുന്ന, യഥാർഥ സലഫികളുടെ ഹൃദയങ്ങളിലും മായാതെ, മങ്ങാതെ ജീവിച്ചിരിക്കുന്നു.

ഓർമകളുടെ തീരത്ത് - അനുബന്ധം

## 7

# എന്റെ ഉമർ മൗലവി

**എം.എം. അക്ബർ**

(ഡയറക്ടർ, നിച്ച് ഓഫ് ട്രൂത്ത്)

ഉമർ മൗലവി. തൗഹീദീ പ്രബോധനത്തിന് വേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച മഹാമനുഷ്യൻ. ശിർക്കിന്റെ കോട്ടകളിലേക്ക് കയറിച്ചെന്ന് ഖുർആനിന്റെയും സുന്നത്തിന്റെയും പ്രഭ വിതറിയ പ്രബോധകൻ. താൻ സത്യമാണെന്ന വിശ്വസിച്ച ആദർശം ജനങ്ങളിലെത്തിക്കുന്നതിനായി അഹോരാത്രം അധ്വാനിച്ച പടയാളി. ശരിയെന്നുറപ്പുള്ള കാര്യങ്ങൾ ആരുടെ മുഖത്തു നോക്കിയും പറയാൻ ധൈര്യം കാണിച്ച പരിഷ്കർത്താവ്. വെളിയങ്കോ

ട്ടുകാരനായ ഉമർ മൗലവിയെ അറിയാത്തവർ കേരള മുസ്‌ലിംകളിൽ തുലോം വിരളമായിരുന്നു. ഇന്നും ആബാലവൃദ്ധം മുസ്‌ലിംകൾക്ക് ആ പേര് അറിയാം. ചിലർക്ക് ആ നാമം ആവേശം നൽകുന്നു. ഉമർ മൗലവി എന്നു കേൾക്കുമ്പോൾ ഞെട്ടിത്തെറിക്കുന്നവരുണ്ട്. അവജ്ഞയോടെ പല്ലിറുമ്മിക്കൊണ്ട് മാത്രം ആ പേര് കേൾക്കാൻ കഴിയുന്നവരുണ്ട്. ആ നാമം കേൾക്കുമ്പോൾ ശാപപ്രാർഥന നടത്തണമെന്ന് ശിഷ്യന്മാരെ ഉപദേശിച്ചവരുണ്ട്.

ഇതെല്ലാം എന്തുകൊണ്ടായിരുന്നു? പ്രവാചകന്മാരെല്ലാം പഠിപ്പിച്ച തൗഹീദ് എന്താണെന്ന് പച്ചയായി ജനങ്ങളോട് പറഞ്ഞതല്ലാതെ മറ്റൊരു തെറ്റും അദ്ദേഹം ചെയ്തതായി കടുത്ത വിമർശകർക്കുപോലും വാദമില്ല. അവരാരും അദ്ദേഹത്തിനെതിരെ അഴിമതി ആരോപണം ഉന്നയിച്ചിട്ടില്ല. അധാർമികവൃത്തികളിലേർപ്പെടുന്ന ആളാണ് അദ്ദേഹമെന്ന് ആരും പറഞ്ഞിട്ടില്ല. അദ്ദേഹത്തിനെതിരിലുണ്ടായിരുന്നത് ഒരൊറ്റ ആരോപണം മാത്രം. തൗഹീദും ശിർക്കുമെന്താണെന്ന് ജനങ്ങൾക്ക് മനസ്സിലാകുന്ന ഭാഷയിൽ വളച്ചുകെട്ടില്ലാതെ അദ്ദേഹം വിശദീകരിക്കുന്നുവെന്ന ആരോപണം മാത്രം.

എന്റെ ജീവിതത്തിലേക്ക് ഉമർ മൗലവി കടന്നുവന്നത് എന്നാണെന്ന് എനിക്ക് ഓർമയില്ല. ചെറുപ്പത്തിലേ ഉപ്പാന്റെ കൂടെ ഉമർ മൗലവിയുടെ പ്രഭാഷണം കേൾക്കാൻ പോയത് ഓർമയുണ്ട്. “ഇയാൾക്ക് മുസ്‌ലിംകളെ തമ്മിലടിപ്പിക്കുന്ന വിഷയങ്ങളല്ലാതെ മറ്റൊന്നും പറയാനില്ലേ” എന്ന് പ്രസംഗം കഴിഞ്ഞ് തിരിച്ചു വരുന്ന ആൾക്കൂട്ടത്തിനിടയിൽ നിന്ന് ചില ‘ഉൽപതിഷ്ണുക്കൾ’ അടക്കം പറഞ്ഞതും ഓർമയുണ്ട്. വയസ്സായ ഒരാളെപ്പറ്റി എന്താണ് ഇവർ ഇങ്ങനെ പറയുന്നതെന്ന് മനസ്സ് നോവിച്ചതായും ഓർക്കുന്നുണ്ട്. എങ്കിലും എന്ന്, എങ്ങിനെയാണ് ഉമർ മൗലവിയുമായി നേരിൽ പരിചയപ്പെട്ടതെന്നോ അദ്ദേഹത്തിന്റെ അവസാന നാളുവരെ തുടർന്ന അതുല്യവും അനിർവചനീയവുമായ സ്നേഹബന്ധം തുടങ്ങിയതെന്നെങ്ങനെയായിരുന്നുവെന്നോ ഓർക്കുവാൻ എത്ര ശ്രമിച്ചിട്ടും കഴിയുന്നില്ല. ആ വിസ്മൃതി സ്വാഭാവികമാണല്ലോ. ഞാൻ പുതിയ തലമുറയിലെ ഒരംഗം. ഇസ്‌ലാഹീ പ്രസ്ഥാനരംഗത്തെ നവാഗതൻ. ഉമർ മൗലവിയെപ്പോലെയുള്ള മഹാരഥന്മാർ പാടുപെട്ട് വളർത്തിയെടുത്ത ഈ ആദർശ പ്രസ്ഥാനത്തിലേക്ക് പിൽക്കാലത്ത് വന്നവൻ. അവരെല്ലാം വിരിച്ചിടത്ത് മാത്രം കിടക്കാൻ മാത്രം ഭാഗ്യം ലഭിച്ചവൻ. അങ്ങനെയുള്ള ഒരാളുടെ ബന്ധത്തിൽ ആദ്യം എന്നൊന്നുണ്ടോ?

എങ്കിലും ഞാനോർക്കുന്നു. എന്റെ ആദ്യലേഖനങ്ങളിലൊന്ന് അച്ചടിച്ച് വന്നത് സൽസബീലിലായിരുന്നു. ‘ഒരു ഭിഷഗ്വരന്റെ ശാസ്ത്രബോധം’ എന്ന തലക്കെട്ടിൽ ഡോ. ഉസ്മാൻ സാഹിബിനെ വിമർശിച്ചുകൊണ്ട് യുക്തിവാദി മാസികയായ ‘രണരേഖ’യിൽ വന്ന ലേഖനത്തിന് മറുപടിയായി ‘ഒരു യുക്തി

വാദിയുടെ ശാസ്ത്രസ്നേഹം' എന്ന തലക്കെട്ടിൽ ഞാനെഴുതിയ കുറിപ്പ്. പ്രീഡിഗ്രിക്ക് പഠിക്കുമ്പോഴാണെന്ന് തോന്നുന്നു പ്രസ്തുത കുറിപ്പ് സൽസബീലിൽ അച്ചടിച്ച് വന്നത്. അർഹിക്കാത്ത പ്രാധാന്യത്തോടുകൂടി അത് സൽസബീലിൽ വന്നപ്പോൾ ഒരു സാമ്രാജ്യം കീഴടക്കിയ അനുഭൂതിയായിരുന്നു അന്ന്. എനിക്കും എഴുതാൻ കഴിയുമെന്ന് ലോകം അംഗീകരിച്ചിരിക്കുന്നുവെന്ന തോന്നൽ. വളർന്നു വരുന്നവരെ കൈപിടിച്ചുയർത്തിയും തലോടിയും കൊണ്ട് പ്രോത്സാഹിപ്പിക്കുകയും ഉയർത്തിക്കൊണ്ടു വരികയും ചെയ്യുകയെന്ന ആ ഒരു മഹാമനുഷ്യന്റെ സന്മനസ്സായിരുന്നു ആ കുറിപ്പ് നൽകിയതിന് പിന്നിലെന്ന് ഇന്ന് അറിയാൻ കഴിയുമ്പോൾ ഉമർ മൗലവി എന്ന ആ മഹാപ്രതിഭാസത്തെ എന്റെ വ്യക്തി ജീവിതത്തിലുണ്ടായ വഴിത്തിരിവിന് കാരണക്കാരിലൊരാളായി മനസ്സിലാക്കാനാകുന്നു.

പുതിയ തലമുറയിൽ പെട്ടവരെ പ്രോത്സാഹിപ്പിക്കുന്ന പലരെയും നമുക്കറിയാം. അങ്ങനെ പ്രോത്സാഹിപ്പിക്കാൻ വേണ്ടി മാത്രം ത്യാഗവും പ്രയാസവും സഹിക്കുന്ന ഒരാളെ മാത്രമേ എന്റെ ജീവിതത്തിൽ ഇതുവരെ കാണാൻ കഴിഞ്ഞിട്ടുള്ളു. ഉമർ മൗലവിയാണത്.

സ്ക്വാഡ് പ്രവർത്തനങ്ങളിലും കറസ്പോണ്ടൻസ് കോഴ്സിലും മാത്രം ഒതുങ്ങി നിന്നുകൊണ്ടുള്ള ദഅ്വാ പരിപാടികളിൽ നിന്ന് വ്യത്യസ്തമായി ചോദ്യോത്തരത്തോടു കൂടി പൊതുപ്രഭാഷണങ്ങൾ കൂടി നടത്താൻ നിച്ച് ഓഫ് ട്രൂത്ത് തീരുമാനിച്ചപ്പോൾ പ്രസ്തുത തീരുമാനം എല്ലാ പണ്ഡിതന്മാരെയും അറിയിക്കാമെന്ന് കരുതി ആദ്യത്തെ പ്രോഗ്രാമിന്റെ ക്ഷണക്കത്ത് തലമുതിർന്ന പണ്ഡിതന്മാർക്കെല്ലാം അയച്ചു കൊടുത്തിരുന്നു. എറണാകുളം ടൗൺ ഹാളിൽ വെച്ച് നടന്ന പരിപാടിക്ക് മലബാറിൽ നിന്ന് ആരെങ്കിലും വരണമെന്ന് ഉദ്ദേശ്യമോ വരുമെന്ന പ്രതീക്ഷയോ ഉണ്ടായിരുന്നില്ല. ഇങ്ങനെയൊരു പരിപാടി കൂടി നിച്ച് ഓഫ് ട്രൂത്ത് നടത്തുന്നുവെന്നും കേരളത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ ഇത്തരം പരിപാടികൾ തുടരുവാൻ ഉദ്ദേശ്യമുണ്ടെന്നും നമ്മുടെ പണ്ഡിതന്മാരെ അറിയിക്കുക മാത്രമായിരുന്നു ക്ഷണക്കത്തിന്റെ ലക്ഷ്യം. പ്രഭാഷണത്തിന് വേദിയിലെത്തിയപ്പോൾ സദസ്സിൽ മുന്നിൽ തന്നെ ഉമർ മൗലവിയായിരുന്നു! നേരത്തെത്തന്നെ വന്ന് പ്രസംഗം കാത്തിരിക്കുകയാണ് മൗലവി. പ്രസംഗം മുഴുവനും ചോദ്യോത്തരവും കഴിഞ്ഞാണ് മൗലവി പോയത്. തിരൂർക്കാട്ട് നിന്ന് എറണാകുളം വരെ ഒരു പ്രസംഗം കേൾക്കാൻ മാത്രമായി പ്രയാസപ്പെട്ട് ബസ്സിൽ വരിക. മൂന്നു മണിക്കൂറോളം സദസ്സിലിരുന്ന് പരിപാടി വീക്ഷിക്കുക. അവസാനം, കഴിഞ്ഞശേഷം മുഖത്ത് മണ്ണുവാരിയിടേണ്ട തരത്തിൽ മുഖസ്തുതി പറയാതെ കൈപിടിച്ച് പ്രഭാഷകന് വേണ്ടി പ്രാർഥിക്കുക. ഇതിന് ഉമർ മൗലവിക്കല്ലാതെ മറ്റാർക്കാണ് കഴിയുക? എന്റെ പ്രഭാഷണത്തിൽ നിന്ന് എന്തെങ്കിലും പുതിയ അറിവ് ലഭിക്കുമെന്ന ധാരണയോടെയാവുകയില്ലല്ലോ അദ്ദേഹം വന്നത്. ക്ഷണം നിരസിക്കാതിരിക്കുകയെന്ന പ്രവാചകവചനം അനു

ധാവനം ചെയ്യാൻ വേണ്ടി, പ്രബോധനരംഗത്തെ പുതിയ കാൽവെയ്പു കൾക്ക് പ്രോത്സാഹനം നൽകുന്നതിന് വേണ്ടി, അതുമാത്രമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യമെന്ന് പ്രോഗ്രാം കഴിഞ്ഞ് കൈപിടിച്ച് അദ്ദേഹം നടത്തിയ പ്രാർഥനയിൽ നിന്ന് വ്യക്തമായി.

ഒരിക്കൽകൂടി ഉമർ മൗലവിക്ക് ക്ഷണക്കത്തയക്കുകയെന്ന അബദ്ധം ഞങ്ങളിൽ നിന്നുണ്ടായിട്ടുണ്ട്. ചാവക്കാട് വെച്ച് നടന്ന അഡ്വ: മായിൻകുട്ടി മേത്തറുടെ പ്രഭാഷണത്തിന്റെ ക്ഷണക്കത്താണ് അയച്ചത്. പ്രബോധന രംഗത്തെ നവാഗതൻ എന്ന നിലക്ക് സഹോദരൻ മേത്തറെ നമ്മുടെ പണ്ഡി തന്മാർക്ക് പരിചയപ്പെടുത്താൻ വേണ്ടിയാണ് പ്രസ്തുത പ്രോഗ്രാമിന്റെ ക്ഷണക്കത്ത് എല്ലാവർക്കും അയച്ചത്. ആ പരിപാടിയിലും ഉമർ മൗലവി പങ്കെടുത്തു. അതിന് മാത്രമായി അദ്ദേഹം ചാവക്കാട് വന്നു. പൂർണമായും കേട്ടു. അദ്ദേഹത്തിന്റെ സ്വതസിദ്ധമായ ശൈലിയിൽ ഒരു ചോദ്യവും ചോദി ച്ചു. നിഷ്കളങ്കമായ ആ ചോദ്യം ഇബാദത്തിനെപ്പറ്റിയായിരുന്നു. ഉമർ മൗലവിയെന്ന മഹാപണ്ഡിതന്റെ ചോദ്യത്തിന് മറുപടി പറയാൻ മാത്രം ഞാനില്ലെന്ന് മേത്തർ മറുപടിയും പറഞ്ഞു.

പിന്നീടൊരിക്കലും അബദ്ധത്തിൽ പോലും ഉമർ മൗലവിക്ക് ക്ഷണ ക്കത്ത് അയക്കാതിരിക്കാൻ ഞങ്ങൾ ശ്രദ്ധിക്കാറുണ്ടായിരുന്നു.

സൽസബീലിൽ ഞാനെഴുതിയ കുറിപ്പിനെക്കുറിച്ച് പറഞ്ഞുവല്ലോ. ഡോ. ഉസ്മാൻ സാഹിബും എം.സി. ജോസഫ്, പി.സി. കടലുണ്ടി തുട ങ്ങിയ യുക്തിവാദികളും തമ്മിൽ ഒന്നര പതിറ്റാണ്ടുകൾക്ക് മുമ്പ് സൽസ ബീലിലൂടെ നടത്തിയ സംവാദത്തെ വിമർശനാത്മകമായി വിലയിരുത്തി ക്കൊണ്ട് ഒരു യുക്തിവാദി എഴുതിയ ലേഖനത്തിനുള്ള മറുപടിക്കുറിപ്പാ യിരുന്നല്ലോ അത്. അത് എഴുതുന്നതിന് മുമ്പ് സൽസബീലിലൂടെ നടന്ന പ്രസ്തുത സംവാദം ക്രോഡീകരിച്ചത് പൂർണമായും വായിച്ചപ്പോൾ അത്ഭു തവും അഭിമാനവും തോന്നി. മതനിഷേധികളുമായി അവരുപയോഗിക്കുന്ന ശാസ്ത്രത്തിന്റെ ആയുധം തന്നെ ഉപയോഗിച്ച് ഡോ. ഉസ്മാൻ സാഹിബ് സംവദിക്കുകയും അവരെ ഉത്തരം മുട്ടിക്കുകയും ചെയ്തതു കണ്ടപ്പോഴുള്ള അത്ഭുതം; പതിറ്റാണ്ട് മുമ്പ് തന്നെ സൽസബീൽ പോലെയുള്ള ഒരു ശുദ്ധ മതമാസിക യുക്തിവാദികളുമായുള്ള സംവാദത്തിന് സന്നദ്ധമായതിലുള്ള അഭിമാനം. യുക്തിവാദികളോട് ഉമർ മൗലവി നടത്തിയ വെല്ലുവിളിയുടെ തെളിമയും മൗലികതയും ഏറെ സാധാരണക്കാരനും മനസ്സിലാകും.

സത്യമെന്ന് ദൃഢബോധ്യമുള്ള വിഷയങ്ങളിൽ സംവദിക്കാനും അതിന് വെല്ലുവിളിക്കാനും ഉമർ മൗലവി കാണിച്ച ചങ്കൂറ്റമാണ് അദ്ദേഹത്തിന് ശത്രുക്കളെയും മിത്രങ്ങളെയും ഉണ്ടാക്കിയത്. തന്റെ കൈവശമുള്ള ആശയം സത്യമാണെന്ന് ദൃഢമായി ബോധ്യമുള്ളവർക്ക് മാത്രമേ സംവാദത്തിന് സന്നദ്ധമാകാനുള്ള ധൈര്യമുണ്ടാകൂ. എങ്ങനെയോ തലയിൽ വന്നുപോയ

ആശയപ്രചാരണത്തിന്റെ നേതൃരംഗത്തിരിക്കുമ്പോഴും സ്വന്തം ആദർശത്തെക്കുറിച്ച് അപകർഷതാബോധമുള്ളവർക്ക് ഉമർ മൗലവിയെപ്പോലെയുള്ളവർ നടത്തിയ സംവാദങ്ങളും സംവാദ വെല്ലുവിളികളും സ്പാനിഷ്കാളകളുടെ പോരായും അനാക്രോണിക്കുകളുടെ ആഭാസപ്രകടനമായും മസ്തിഷ്കം വറ്റിവരണ്ടവരുടെ നേരമ്പോക്കുകളായും തോന്നുക സ്വാഭാവികം. ആദർശത്തോട് പ്രതിബദ്ധതയും ഇസ്‌ലാമിക തത്വങ്ങളുടെ അജയ്യതയിലുള്ള പൂർണവിശ്വാസവുമുള്ളവർ ഖുർആൻ നിർദേശിച്ചതു പോലെ നല്ല രീതിയിലുള്ള സംവാദങ്ങൾക്ക് ആർജവം കാണിക്കും. ഉമർ മൗലവി തൗഹീദിന്റെ പ്രചാരകനാകുന്നതിൽ അഭിമാനമുള്ള ആളായിരുന്നു. അതുകൊണ്ട് തന്നെ പിന്തിരിപ്പൻ എന്ന് മറ്റുള്ളവർ വിളിക്കുന്നതിനെ അദ്ദേഹം ഗൗരവമായെടുത്തതേയില്ല. തനിക്കറിയാവുന്ന വിഷയങ്ങളുടെ കാര്യത്തിൽ ആരുമായും സംവാദത്തിന് അദ്ദേഹം തയ്യാറായിരുന്നു. യുക്തിവാദികളുമായി പോലും!

ഒരു ദിവസം ഉമർ മൗലവി ടെലിഫോണിൽ വിളിച്ചുകൊണ്ട് പെരിന്തൽമണ്ണയിൽ വെച്ച് ഒരു മതസംവാദം നടത്തണമെന്നും അതിൽ അദ്ദേഹം മുന്നിട്ടിറങ്ങുകയാണെന്നും സഹകരണം വേണമെന്നും പറഞ്ഞു. എന്താണ് ചെയ്യേണ്ടത് എന്ന് പറഞ്ഞാൽ മതിയെന്ന് ഞാൻ പറഞ്ഞു. അങ്ങനെയാണ് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പെരിന്തൽമണ്ണയിൽ വെച്ച് ഹൈന്ദവ-ക്രൈസ്തവ-ഇസ്‌ലാം സംവാദം നടന്നത്. അതിൽ വിഷയം അവതരിപ്പിച്ചത് മായിൻകുട്ടി മേത്തറും ഇസ്‌ലാമിനെ പ്രതിനിധീകരിച്ച് സംസാരിച്ചത് ഞാനും ആയിരുന്നു. മൃഡാനന്ദ സ്വാമികളും ഫാദർ റാഫേലും മറ്റു രണ്ടു മതങ്ങളെ പ്രതിനീധീകരിച്ചു. ഉമർ മൗലവിയാണതിൽ സ്വാഗതം പറഞ്ഞത്. പ്രസംഗം എഴുതി വായിക്കുകയാണ് അദ്ദേഹം ചെയ്തത്. ചുരുങ്ങി വാക്കുകളിൽ പ്രസ്തുത സംവാദം സംഘടിപ്പിച്ചതിന് പിന്നിലുള്ള ലക്ഷ്യത്തെയും അതിൽ നിന്ന് സംഘാടകരും ശ്രോതാക്കളും എന്താണ് പ്രതീക്ഷിക്കുന്നതെന്നും അദ്ദേഹം വിവരിച്ചു. സംവാദങ്ങളുടെ പേരിൽ നടക്കുന്ന സർവമതസത്യവാദം വിളംബരം ചെയ്യുന്ന സമന്വയ സമ്മേളനങ്ങളോടുള്ള പ്രതിഷേധം നിഴലിക്കുന്നതായിരുന്നു പ്രസ്തുത സ്വാഗതപ്രഭാഷണം. ആ സംവാദം ഒരു വൻവിജയമായിരുന്നു. കേരളത്തിലെ ഇസ്‌ലാമിക പ്രബോധനരംഗത്തെ ഒരു നാഴികക്കല്ല് എന്ന് തന്നെ അതിനെ വിശേഷിപ്പിക്കാമെന്നാണ് അതിനുശേഷമുള്ള അനുഭവങ്ങൾ വ്യക്തമാക്കുന്നത്. പെരിന്തൽമണ്ണയിൽ വെച്ച് നടന്ന സംവാദത്തെ വിലയിരുത്തിക്കൊണ്ട് സൽസബീലിലെഴുതിയ വരികൾ മതപ്രബോധകർക്കെല്ലാമുള്ള വഴികാട്ടിയായിരുന്നു. അതിൽ അദ്ദേഹത്തിന്റെ ഉപദേശങ്ങൾ എന്നെ സംബന്ധിച്ചേടത്തോളം വ്യക്തിപരമായിത്തന്നെ ഏറെ ഉപകാരപ്പെടുന്നതുമായിരുന്നു. പ്രബോധനപ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുമ്പോഴെല്ലാം ഗുണകാംക്ഷയോടെയുള്ള ആ ഉപദേശങ്ങൾ മാർഗദീപമായിത്തീ

രാറുണ്ട്. ഉമർ മൗലവി അദ്ദേഹത്തിന്റെ ജീവിതം അർഥവത്താക്കി. സത്യ ദീനിന്റെ പടയാളിയായി ജീവിച്ചു; അങ്ങനെത്തന്നെ ഈ ലോകത്ത് നിന്ന് വിട പറഞ്ഞു. ആദർശത്തിനെതിരെ ആര് വിരലനക്കിയാലും അദ്ദേഹം എതിർത്തു. സ്വന്തക്കാരെന്നോ ബന്ധുക്കാരെന്നോ ഇക്കാര്യത്തിൽ അദ്ദേഹം നോക്കിയില്ല. രോഗശയ്യയിലായിക്കിടക്കുമ്പോൾ പോലും അദ്ദേഹം ജിഹാദിലായിരുന്നു. ഖുർആനിന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിൽ ശരിയല്ലെന്ന് അദ്ദേഹം മനസ്സിലാക്കിയ കാര്യങ്ങൾക്കെതിരെയുള്ള ജിഹാദ്. 'ആളെ നോക്കാതെ തെളിവ് നോക്കി കാര്യം ഗ്രഹിക്കുക' എന്ന തത്വത്തിലൂന്നി നിന്നുകൊണ്ട് മതരംഗത്ത് ഒരു കൊടുങ്കാറ്റായിക്കെ തന്നെയാണ് അല്ലാഹു അദ്ദേഹത്തെ തിരിച്ചു വിളിച്ചത്. തൗഹീദീ പ്രബോധനരംഗത്തെ തന്റെ കണിശമായ നിലപാടിൽ മാറ്റം വരുത്താൻ സന്നദ്ധമല്ലാതിരുന്നതിനാൽ തന്നെ അദ്ദേഹത്തെപ്പോലുള്ളവർ വിരിച്ചിടത്ത് കിടക്കുവാൻ സൗകര്യം ലഭിച്ച എന്റെ തലമുറയിലുള്ള ചിലർക്ക് അദ്ദേഹം അനഭിമതനായി. പ്രവാചകൻമാരുടെ പാത പിൻപറ്റിക്കൊണ്ട് ദീനീ പ്രവർത്തനം നടത്തണമെന്ന് ശഠിച്ച അദ്ദേഹത്തിന്റെ തൂലികയും ജിഹ്വയും നവമൂല്യക്രമത്തിന്റെ വക്താക്കൾക്കെതിരെയും തിരിഞ്ഞു....ഗുണകാംക്ഷയിലൂന്നിയ ഉപദേശങ്ങളായിരുന്നു ഉമർ മൗലവിയുടേത്. അതിനുള്ള പ്രതികാരമാകട്ടെ പൈശാചികതയുടെ മൂർധന്യത്തിലുള്ളതായിരുന്നു. അല്ലാഹു അവർക്ക് സൽബുദ്ധി നൽകട്ടെ (ആമീൻ).

അവസാനമായി ഞാൻ ഉമർ മൗലവിയെ ക്കണ്ടത് മരണത്തിന് ഏതാനും ദിവസങ്ങൾക്ക് മുമ്പായിരുന്നു. അന്നെന്റെ കൈപിടിച്ച് കുറെ കരഞ്ഞു; ഒരു പ്രാർഥനയും. പ്രാർഥനയിൽ നിന്ന് ആ ഗദ്ഗദങ്ങളുടെ അർഥം വ്യക്തമായിരുന്നു. ഇന്ന് ഞാനറിയുന്നു, കണ്ഠമിടറിക്കൊണ്ടുള്ള പ്രാർഥന അല്ലാഹു സ്വീകരിച്ചിരിക്കുന്നുവെന്ന്. പ്രവാചകൻ ﷺ പറഞ്ഞതെത്ര ശരി! "മർദിതന്റെ പ്രാർഥനക്കും അല്ലാഹുവിനുമിടയിൽ യാതൊരു മറയുമില്ല". ഉമർ മൗലവിയെയും നമ്മെയും അല്ലാഹു സ്വർഗത്തിൽ ഒരുമിച്ചുകൂട്ടട്ടെ, ആമീൻ.



## 8

# ഉമർ മൗലവി ﵀ - ഓർക്കാനും പഠിക്കാനും

**സയ്യിദ് മുഹമ്മദ് ശാക്കിർ**

(പ്രസിഡണ്ട്, ഐ.എസ്.എം)

ഉമർ മൗലവി ﵀ ഒരു സവിശേഷ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു. ഏതൊരാൾക്കും മനസ്സിൽ എന്നെന്നും കാത്തുസൂക്ഷിക്കാൻ തക്ക ഹൃദ്യമായ അനുഭവങ്ങൾ സമ്മാനിക്കാൻ അദ്ദേഹത്തിന്റെ കളങ്കലേശമില്ലാത്ത

പ്രകൃതത്തിന് കഴിഞ്ഞിരുന്നു. ഇടപഴകാൻ അവസരം ലഭിച്ചവർക്കെല്ലാം തന്നോടാണ് മൗലവിക്ക് കൂടുതൽ അടുപ്പവും സ്നേഹവും എന്ന് തോന്നു മാറുള്ള, ഹൃദയം തൊട്ടറിയുന്ന പെരുമാറ്റത്തിന്റെ ഉടമയായിരുന്നു മൗലവി. സംസാരം, പ്രസംഗം, രചന തുടങ്ങിയവയിലെല്ലാം മനസ്സിൽ നിന്നും മന സ്സിലേക്ക് ധാര മുറിയാതെയുള്ള ഒരു പ്രവാഹം പോലെ സംവദിക്കാൻ അല്ലാഹു അദ്ദേഹത്തിന് നൽകിയ കഴിവ് അനിതരസാധാരണമായിരുന്നു. ആത്മാർഥതയും നിഷ്കളങ്കതയും നിറഞ്ഞൊഴുകുന്ന മൗലവിയുടെ വാ ക്കുകൾക്ക് ചിലപ്പോൾ ധാർമികരോഷത്തിന്റെ മൂർച്ചയേറെയുണ്ടാകും. മന സ്സിലും മുഖത്തും വിനയവും ലാളിത്യവും കാത്തുസൂക്ഷിച്ച മൗലവി, ആളു കൾക്ക് മനസ്സിലാവാത്ത കാര്യങ്ങളേ പറയാവൂ എന്നു വാശി പിടിക്കുന്ന പൊങ്ങച്ചത്തിന്റെയും കൃത്രിമത്വത്തിന്റയും തത്വശാസ്ത്രത്തിനെന്നും എതി രായിരുന്നു.

വളരെ ചെറുപ്പത്തിൽ തന്നെ ഉമർ മൗലവിയുമായി പരിചയമാകാനും ആ സ്നേഹവാത്സല്യങ്ങൾ ഏറ്റുവാങ്ങാനുമുള്ള ഭാഗ്യം എനിക്കുണ്ടായി ട്ടുണ്ട്. എന്റെ വന്ദ്യപിതാവ് കെ.എസ്.കെ തങ്ങളുമായി മൗലവിക്കുണ്ടാ യിരുന്ന ആത്മബന്ധമാണ് എനിക്കിതിന് അവസരമുണ്ടാക്കിയത്. അക്കാ ലത്ത് ഞങ്ങളുടെ വീട്ടിലും ഉമ്മയുടെ പിതാവ് പി.കെ. മൂസമൗലവിയുടെ അടുക്കലും ഉമർ മൗലവി ഇടക്കിടെ വരുമായിരുന്നു. ഇങ്ങനെയുണ്ടായ ബന്ധം സംഘടനാ രംഗത്തേക്ക് വന്നപ്പോൾ തുടർന്നുകൊണ്ട് പോകു വാനും മൗലവിയുടെ മരണം വരെ ശക്തിയായി നിലനിർത്തുവാനും റബ്ബി ന്റെ അനുഗ്രഹത്താൽ കഴിഞ്ഞു. ഞങ്ങളുടെ നാടായ പുളിക്കൽ സിയാം കണ്ടത്ത് സമസ്ത സുന്നിവിഭാഗവുമായി പള്ളിയുടെ കാര്യത്തിൽ അവ കാശത്തർക്കമുണ്ടായപ്പോൾ വർഷങ്ങൾ നീണ്ട കേസുകൾക്കൊടുവിൽ മധ്യസ്ഥ തീരുമാനമുണ്ടായി. പള്ളി മുജാഹിദുകൾക്കും നമ്മുടെ മദ്രസയും ഒരു വൻതുകയും സമസ്തക്കാർക്കും നൽകണമെന്നായിരുന്നു തീരുമാനം. ഈ ഘട്ടത്തിൽ തുക ശേഖരിക്കാനും നഷ്ടപ്പെട്ട മദ്രസക്ക് പകരം മറ്റൊന്ന് സ്ഥാപിക്കാവാനും നമ്മുടെ പ്രവർത്തകർ കഠിനാധ്വാനം ചെയ്തുകൊ ണ്ടിരുന്നു. ആ വിഷമഘട്ടത്തിൽ മഹാനായ ഉമർ മൗലവിയുടെ ഔദാര്യ ഹസ്തം സന്തോഷപൂർവം ഞങ്ങൾക്ക് നേരെ നീണ്ടത് ലോകവസാനം വരെ വിസ്മരിക്കാനാകാത്തതും പരലോകത്ത് അദ്ദേഹത്തിന് മഹത്തായ പ്രതിഫലം ലഭിക്കാൻ ഉപകരിക്കുന്നതുമാണ്. സിയാംകണ്ടത്ത് പള്ളിയോട് ചേർന്ന് റോഡരികിൽ 8 സെന്റ് ഭൂമി മൗലവിയുടേതായി ഉണ്ടായിരുന്നു. അത് മിതമായി വിലവാങ്ങി നമ്മുടെ മദ്രസക്ക് ലഭിക്കുമോ എന്ന് മൗലവി യോടന്വേഷിക്കാൻ എന്റെ പിതാവും മറ്റു ചിലരും അദ്ദേഹത്തെ സമീപിച്ചു. ഒരു നിമിഷം പോലും ആലോചിച്ചില്ല. മൗലവി ഉടനെ പറഞ്ഞു. ആ സ്ഥലം

നിങ്ങൾക്ക് വെറുതെ തന്നിരിക്കുന്നു. റോഡരികിലായതിനാൽ നല്ല വില ലഭിക്കാൻ സാധ്യതയുള്ള ഭൂമി പരലോകത്തെ വില മാത്രം കാംക്ഷിച്ച് കൊണ്ട് ഇങ്ങനെ നൽകാൻ അദ്ദേഹം കാണിച്ച ഉത്സാഹം ആ സവിശേഷ വ്യക്തിത്വത്തിന്റെ ഒരു മുദ്രയായിരുന്നു. ഈ സ്ഥലത്ത് സലഫി മദ്രസ ഇന്ന് നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു.

ആദർശരംഗത്ത് മൗലവിയുടെ കണിശത ചിലർക്ക് അരോചകമായി തോന്നിയിട്ടുണ്ടെങ്കിലും അദ്ദേഹത്തിന്റെ ആത്മാർഥത ചോദ്യം ചെയ്യാവുന്നതല്ലായിരുന്നു. ജനം ആ പേർ കേൾക്കുന്നത് തന്നെ ഈ കണിശതയുടെ ഓർമയോടെയായിരുന്നു. എന്നാൽ പരിചയപ്പെടുന്ന ഓരോരുത്തരുടെയും വ്യക്തിപരമായ പ്രശ്നങ്ങളും പ്രയാസങ്ങളും കേൾക്കുവാനും അത് സ്വന്തം പ്രശ്നമായി ഉൾക്കൊള്ളാനും, കഴിയുന്ന പരിഹാരങ്ങൾ ചെയ്യാനും മഹാതിരക്കിനിടയിൽ മൗലവിക്ക് കഴിയുമായിരുന്നു. അതാണ് ഉമർ മൗലവിക്കുണ്ടായിരുന്ന പ്രത്യേക സവിശേഷത. ഒരിക്കൽ മൗലവിയെക്കാണാൻ ഞാൻ തിരൂർക്കാട്ട് ചെന്നപ്പോൾ പരിഹരിക്കപ്പെടേണ്ട ഒരു പ്രശ്നമെന്ന നിലക്ക് അദ്ദേഹം പറഞ്ഞു. ശാക്കിറേ, ഒരു വീടു വേണമല്ലോ. ഞാൻ അമ്പരന്നു. ഏത് വീടിന്റെ കാര്യമായിരിക്കും പറയുന്നത്! മണിക്കൂറുകൾ മുമ്പ് മാത്രം താൻ പരിചയപ്പെട്ട സാധുമനുഷ്യൻ മൗലവിയുടെ തൊട്ടടുത്ത് സുഹൃത്തിനെപ്പോലെയിരിക്കുന്നുണ്ടായിരുന്നു. അദ്ദേഹത്തിന് കിടപ്പാടമില്ലാത്ത പ്രശ്നമാണ് ആ സമയത്ത് മൗലവിയെ അസ്വസ്ഥനാക്കിക്കൊണ്ടിരുന്നത്! ഉമർ മൗലവിയെന്ന സവിശേഷ വ്യക്തിത്വം!

1999 ഒടുവിൽ ഞാനും ഐ.എസ്.എം സംസ്ഥാന ട്രഷറർ അർശദ് അരീക്കോടും സുഊദി അറേബ്യയിൽ പോകുന്നതിന് മുമ്പായി മൗലവിയുടെ ഉപദേശ നിർദേശങ്ങൾക്കും മൗലവിയുടെ പരിചയക്കാരായ ചില ഉന്നതന്മാർക്ക് ഞങ്ങളെ പരിചയപ്പെടുത്തുന്ന കത്തുകൾ വാങ്ങുന്നതിനും അദ്ദേഹത്തെ സന്ദർശിച്ചു. അപ്പോൾ മൗലവി രോഗബാധിതനായിരുന്നു. പക്ഷെ, പൂർണവിശ്രമത്തിന് അദ്ദേഹം തയ്യാറായിരുന്നില്ല. ഞങ്ങളോട് കുറെ സംസാരിച്ചു. മൗലവിയുടെ പ്രിയസുഹൃത്തായ വിശുദ്ധ മക്കാ ഹറമിലെ പ്രധാന ഇമാമായ ശൈഖ് അബ്ദുല്ലാ സുബയ്യിലിന് കത്തു തന്നു. മക്കയിലെത്തി ശൈഖ് സുബയ്യിനെ കണ്ടപ്പോൾ അദ്ദേഹം ആദ്യം തിരക്കിയത് ഉമർ അഹ്മദ് മലൈബാരിയെയായിരുന്നു. മൗലവിക്ക് രോഗവും ക്ഷീണവുമുണ്ടെങ്കിലും അദ്ദേഹം കർമനിരതനാണെന്ന് ഞങ്ങൾ പറഞ്ഞു. മൗലവിയുടെ കത്ത് ശൈഖിനെ ഏൽപിക്കുകയും ചെയ്തു. ശൈഖ് ഇബ്നുബാസ്ﷺവിന്റെ വിയോഗത്തെ പരാമർശിച്ചുകൊണ്ട് തുടങ്ങുന്ന പ്രസ്തുത കത്ത് അവർ മൂന്നുപേർക്കുമിടയിലുണ്ടായിരുന്ന ദൃഢമായ ആത്മബന്ധം വെളിവാക്കുന്നതായിരുന്നു. കത്ത് വായിക്കുമ്പോൾ ശൈഖ് സുബയ്യിൽ കരയുകയും

വികാരാധീനനാകുകയും ചെയ്യുന്നത് കണ്ടപ്പോൾ അവരുടെ ഹൃദയബന്ധം ഞങ്ങൾ അനുഭവിച്ചറിഞ്ഞു. മൗലവിയുടെ കത്തുമായി ചെന്ന ഞങ്ങളെ ഏറ്റവും നല്ല ആതിഥ്യമര്യാദയോടെ അദ്ദേഹം സ്വീകരിക്കുകയുമുണ്ടായി.

ഇസ്‌ലാഹീ കേരളത്തിന് ആദർശപരമായ ആർജവം പകരുന്നതിൽ ഔപചാരികതകളില്ലാതെ തന്റെ പങ്കുനിർവഹിച്ച മഹാവ്യക്തിത്വത്തിന്റെ ഉടമയായിരുന്നു കെ. ഉമർ മൗലവി. ലോകപണ്ഡിത നേതാക്കളുമായി സദാ ആത്മബന്ധം പുലർത്തിയിരുന്ന മൗലവി പക്ഷെ, ജാഡകളില്ലാത്ത എളിയ മനുഷ്യനായിരുന്നു. എന്നാൽ ആദർശത്തിൻമേൽ പോറലേൽപ്പിക്കാൻ ശ്രമിക്കുന്നയാൾ എത്ര ഉന്നതായാലും പ്രത്യാഘാതങ്ങളെക്കുറിച്ച് ചിന്തിക്കാതെ പ്രതികരിക്കുന്ന സ്വഭാവം ഉമർ മൗലവിയുടെ മാത്രം സവിശേഷതായിരുന്നു. ഇതു മൂലം ഐഹികമായ പല പ്രയാസങ്ങളും അദ്ദേഹം സഹിക്കേണ്ടി വന്നിട്ടുണ്ട്. പലതും മാന്യതക്ക് നിരക്കാത്ത, അക്രമസ്വഭാവമുള്ളതായിരുന്നു. അത് അദ്ദേഹത്തിന്റെ മരണശയ്യ വരെ നീണ്ടു. പക്ഷെ, അല്ലാഹുവിന്റെ പ്രീതി മാത്രം കാംക്ഷിക്കുന്ന ഹൃദയത്തെ തടുക്കാൻ ആർക്ക് കഴിയും? മരണംവരെ ആ സവിശേഷതയിൽ അദ്ദേഹം ജീവിച്ചു. ഇപ്പോൾ മൗലവിയുടെ അസാന്നിദ്ധ്യം ആ മഹനീയ സാന്നിദ്ധ്യത്തിന്റെ മഹത്വവും വിലയും നമുക്ക് ഏറെ മനസ്സിലാക്കിത്തരുന്നു. ഇസ്‌ലാഹി ആദർശത്തിന്റെ തനിമയും തെളിമയും മങ്ങാതെ കാത്തുസൂക്ഷിക്കാൻ പ്രത്യേകം പരിശ്രമിക്കേണ്ട ഇക്കാലത്ത് ആ മഹൽജീവിതത്തിലെ ഉജ്ജ്വലമായ അധ്യായങ്ങളിൽ നമുക്ക് പാഠങ്ങളേറെയുണ്ട്. സർവശക്തനായ അല്ലാഹു അദ്ദേഹത്തെയും നമ്മെയും അവന്റെ കരുണാകടാക്ഷത്താൽ അനുഗ്രഹിക്കുമാറാകട്ടെ.



9

# മൗലവിയെ ഓർക്കുമ്പോൾ

**എൻ.കെ.എ. ലത്വീഫ്**

(മെമ്പർ, കേരള സാഹിത്യ അക്കാദമി)

അസാധാരണ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു കെ.ഉമർ മൗലവി. ആ അസാധാരണത്വം വിസ്മയം ജനിപ്പിച്ച സന്ദർഭങ്ങളുണ്ട്. ഓർമയുടെ തീരത്ത് കാലത്തിന്റെ തിരമാലയിൽ മാഞ്ഞുപോകാതെ അദ്ദേഹവുമായുള്ള ബന്ധം നിലനിൽക്കുന്നു.

കേരളനദ്‌വത്തുൽ മുജാഹിദീൻ കൊച്ചി ശാഖയുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ച മുജാഹിദീൻ പബ്ലിക്കേഷൻസ് കൺവീനറായി ഞാൻ പ്രവർത്തിച്ച കാലം. ഇസ്‌ലാമിന്റെ മൗലികാദർശമായ തൗഹീദിനെക്കുറിച്ച് പി.

അബ്ദുൽഖാദർ മൗലവി (കണ്ണൂർ) രചിച്ച ആധികാരിക ഗ്രന്ഥമായ അത്തൗഹീദ് പുനഃപ്രസിദ്ധീകരിക്കാനാണ് ആദ്യതീരുമാനം. ആയിരം കോപ്പിയുടെ അച്ചടി ആരംഭിച്ചു. വിവരമറിഞ്ഞ ഉമർ മൗലവി സഹായ വാഗ്ദാനവുമായെത്തി. ഒരു രൂപ വിലക്ക് 5000 കോപ്പി പ്രചരിപ്പിക്കാൻ ശൈഖ് അബ്ദുറഊഫ് മലൈബാരി (മക്ക) എന്ന ദീനീ സ്നേഹിയായ ഉദാരന്റെ സഹായം മൗലവി ഞങ്ങൾക്ക് എത്തിച്ചു തന്നു. മുജാഹിദീൻ പബ്ലിക്കേഷന്റെ പ്രഥമ പ്രസിദ്ധീകരണം പ്രബോധന പ്രവർത്തനങ്ങൾക്ക് ഏറെ സഹായകമാം വിധം പ്രകാശനം ചെയ്യാൻ കഴിഞ്ഞു. സ്വന്തം നിലക്ക് പുസ്തകം പ്രകാശനം ചെയ്തിരുന്ന മൗലവി സാഹിബ് തനിക്ക് വ്യക്തിപരമായി ഒരുടമസ്ഥതയുമില്ലാത്ത മുജാഹിദീൻ പബ്ലിക്കേഷൻസിന്റെ ഈ സംരംഭം വിജകരമാക്കാൻ പ്രദർശിപ്പിച്ച സജീവ താൽപര്യത്തിലുള്ള അസാധാരണത്വം എന്നിൽ വലിയ മതിപ്പുളവാക്കി.

ഉമർ മൗലവിയെ ആക്ഷേപശരങ്ങൾ കൊണ്ട് മുറിപ്പെടുത്തിയ അനുഭവത്തിന്റെ പരിണാമം. എം.ഇ.എസിൽ ഞാൻ സജീവമായി പ്രവർത്തിക്കുന്ന കാലം. കൊച്ചി ശാഖയുടെ പ്രവർത്തനപരിപാടിയിൽ ഒന്നായിരുന്നു പ്രമുഖപണ്ഡിതന്മാരുടെ പഠന പ്രസംഗങ്ങൾ. ആദ്യത്തേത് മുട്ടാണിശ്ശേരി കോയക്കുട്ടി മൗലവിയുടേതായിരുന്നു. രണ്ടാമത്തേത് സി.എൻ. അഹ്മദ് മൗലവിയുടേത്. മൂന്നാമത്തേത് ഉമർ മൗലവിയെ ക്ഷണിക്കാനാണ് ആഗ്രഹിച്ചത്. എന്നാൽ സി.എൻ. അഹ്മദ് മൗലവിയുടെ പ്രസംഗം കഴിഞ്ഞയുടൻ ഉമർ മൗലവി സൽസബീലിൽ പ്രതികരിച്ചപ്പോൾ എം.ഇ.എസിനെയും വിമർശിച്ചിരുന്നു. ഞങ്ങൾ നോട്ടീസ് മുഖേന അതിന് രൂക്ഷമായ മറുപടി നൽകി. ഇതിനെതിരിൽ മൗലവിയുടെ വിശ്വസ്തമിത്രം ആർ.എ.ഹംസ മാസ്റ്റർ നോട്ടീസിറക്കി. അതിന് എം.ഇ.എസ് കൊച്ചി ശാഖയുടെ പേരിൽ മറുപടി നോട്ടീസ് തയ്യാറാക്കി. ഇരുനോട്ടീസുകളും വിതരണം ചെയ്തത് ഒരേ സമയത്തായിരുന്നു. ആകെ അതൊരു പ്രശ്നമായി. പ്രത്യേകിച്ച് മുജാഹിദുകൾക്കിടയിൽ അഭിപ്രായവ്യത്യാസം തലപൊക്കി. നോട്ടീസാണെങ്കിൽ മൗലവിക്ക് നേരെ അൽപം ആക്ഷേപം തൊടുത്തുവിടുന്നതായിരുന്നു. അന്ന് പ്രഗൽഭനായ കെ.സി. അബൂബക്കർ മൗലവിയായിരുന്നു മസ്ജിദുൽ മുജാഹിദീൻ ഖത്തീബ്. അദ്ദേഹം അനുരഞ്ജനത്തിന് മുൻകയ്യെടുത്തു. ഉമർ മൗലവിക്കുണ്ടായ മനോവിഷമം അദ്ദേഹം എന്നോട് പറഞ്ഞു. അങ്ങനെ ഞങ്ങൾ ഒരുമിച്ചുകൂടി. കെ.സി. ഈ വിഷയത്തെക്കുറിച്ച് എന്നോട് സംസാരിക്കുവാൻ ആവശ്യപ്പെട്ടു. എം.ഇ.എസിനെ പ്രതിനിധീകരിച്ചായതുകൊണ്ട് സംസാരത്തിൽ മാപ്പപേക്ഷയുടെ ധ്വനി വരാതിരിക്കാൻ ഞാൻ പ്രത്യേകം ശ്രദ്ധിച്ചു. ഉമർ മൗലവിക്ക് പ്രത്യേകമായി മനോവിഷമമുണ്ടാക്കുന്ന എന്തെങ്കിലും പരാമർശങ്ങൾ നോട്ടീസിലുണ്ടെന്ന്

തോന്നിയിട്ടുണ്ടെങ്കിൽ ക്ഷമിക്കണമെന്ന് ഔപചാരികമായി ഞാൻ പറഞ്ഞു നിർത്തി. പിന്നീട് സംസാരിച്ചത് ഉമർ മൗലവിയാണ്. യൂസുഫ് നബി عليه السلام തന്റെ സഹോദരങ്ങളോട് പറഞ്ഞ കാര്യം ഖുർആനിൽ നിന്നുദ്ധരിച്ചു കൊണ്ട് ഗദ്ഗദകണ്ഠനായി അദ്ദേഹം എന്നെ കെട്ടിപ്പിടിച്ചു. അദ്ദേഹം തേങ്ങിക്കരയുകയായിരുന്നു. ആ രംഗം എനിക്ക് ഒരിക്കലും മറക്കാൻ കഴിയുകയില്ല. അതിന് ശേഷം അദ്ദേഹത്തിന്റെ ജീവിതാന്ത്യംവരെ ഞങ്ങൾ തമ്മിൽ യാതൊരു അസ്വാരസ്യവും ഉണ്ടായിട്ടില്ല. മാത്രമല്ല; ആ മഹാമനുഷ്യനോട് എനിക്ക് ആദരവ് ഏറുകയേ ഉണ്ടായിട്ടുള്ളു. എല്ലാ എതിർപ്പുകളെയും ധീരമായി നേരിടുന്ന കരുത്തനായ ഉമർ മൗലവിയുടെ നിഷ്കളങ്ക ഹൃദയത്തിന് മുമ്പിൽ ഞാനടക്കമുള്ളവർ അവിടെ തോൽവിയടഞ്ഞു.

പലരെയും അകലെ നിന്ന് നോക്കുമ്പോഴാണ് അതീവ സുന്ദരമായി തോന്നുന്നത്, സാമീപ്യം ആഗ്രഹിക്കുകയും ചെയ്യും. എന്നാൽ അടുത്ത് ബന്ധപ്പെടുമ്പോൾ അകലെ നിന്നാൽ മതിയായിരുന്നെന്ന് തോന്നും. ഉമർ മൗലവി നേരെ മറിച്ചാണ്. അദ്ദേഹവുമായി അടുത്തിടപഴകുമ്പോഴാണ് ഇഷ്ടമേറുന്നത്. ആ വ്യക്തിത്വത്തിന്റെ സവിശേഷത ഗ്രഹിക്കുന്നത് അപ്പോഴാണ്. ആദർശങ്ങളിൽ വിട്ടുവീഴ്ചക്ക് മൗലവി തയ്യാറല്ല. അഭിപ്രായപ്രകടനത്തിൽ പൊയ്മുഖമില്ല. തനിക്ക് പറയാനുള്ളത് അർഥശങ്കക്കിടയില്ലാതെ അദ്ദേഹം പറയും. മറ്റുള്ളവരുടെ അഭിപ്രായങ്ങൾ തനിക്ക് വിയോജിപ്പുള്ളതാണെങ്കിലും ശ്രദ്ധാപൂർവം കേൾക്കാനുള്ള ഉദാരസഹിഷ്ണുത അദ്ദേഹത്തിനുണ്ടായിരുന്നു. “വാക്കുകൾ ശ്രദ്ധിച്ചുകേൾക്കുകയും അവയിൽ ഉത്തമമായത് സ്വീകരിക്കുകയും ചെയ്യുന്നവരത്രെ ബുദ്ധിമാന്മാർ. അവർ തന്നെയാണ് സന്മാർഗം പ്രാപിച്ചവരും” എന്ന ഖുർആൻ വചനത്തിന്റെ അന്തഃസത്തയാണ് ഉമർ മൗലവിയാണ് ഉൾക്കൊണ്ടിരുന്നത്. ചിന്തകനായ വോൾട്ടയറുടെ വാക്കുകൾ അതിന് അടിവരയിടുന്നു. “നിന്റെ അഭിപ്രായത്തെ ഞാൻ നഖശിഖാന്തം എതിർക്കുന്നു. എന്നാൽ നിന്റെ അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യത്തിന് വേണ്ടി ഞാൻ എന്റെ ജീവൻ ബലിയർപ്പിക്കും”

ആശയപരമായ യോജിപ്പിനപ്പുറത്ത് വ്യക്തിപരമായി സ്നേഹിക്കപ്പെടാനുള്ള അർഹത അദ്ദേഹം ആർജിച്ചു. ആ അർഹതയാണ് സംസ്കാരം. അതിൽ മൗലവി സമ്പന്നനായിരുന്നു. അദ്ദേഹം നമ്മോട് എന്നെന്നേക്കുമായി യാത്ര പറഞ്ഞപ്പോൾ അവസാനമായി ആ മുഖം ഒരു നോക്ക് കാണാൻ കേരളത്തിന്റെ നാനാദേശങ്ങളിൽ നിന്നും പാഞ്ഞെത്തിയ വമ്പിച്ച പുരുഷാരം അദ്ദേഹത്തിന്റെ സ്നേഹസമ്പന്നതയുടെ തെളിവായിരുന്നു.

ലളിതജീവിതത്തിനും ഉയർന്ന ചിന്തക്കും ഉത്തമോദാഹരണമായി നമ്മുടെ കൂട്ടത്തിൽ തൊട്ടുകാണിക്കാൻ കഴിയുന്ന ഒരു മഹാപണ്ഡിതനാണ് നമ്മെ വിട്ടു പിരിഞ്ഞത്. അല്ലാഹു അദ്ദേഹത്തിന് മഗ്ഫിറത്തും മർഹമ

ത്തും നൽകട്ടെ എന്നു പ്രാർഥിക്കുന്നു. ഉമർ മൗലവിയുടെ സംഭവബഹുലമായ ജീവിതം അദ്ദേഹത്തിന്റെ തന്നെ ഓർമക്കുറിപ്പുകളിലൂടെ ലഭിക്കുന്നത് ഭാവിതലമുറക്ക് പ്രയോജനകരമായിരിക്കും. കേരളത്തിലെ മുസ്‌ലിം നവോത്ഥാന പ്രസ്ഥാനത്തിന്റെ ചരിത്രഭാഗമാണത്. മൗലവിയുടെ ദീർഘകാലത്തെ സഹചാരിയും പ്രഭാഷകനും എഴുത്തുകാരനുമായ എ.എ.ഹമീദ് സാഹിബ് സംയോജകനായി തയ്യാറാക്കിയിരുന്ന ഓർമകളുടെ തീരത്ത് ഒരു ചരിത്രഗ്രന്ഥമാണ്.

ഓർമകളുടെ തീരത്ത് - അനുബന്ധം

## 10

# ഉമർ മൗലവി

### മാതൃഭൂമി ദിനപത്രം

(26-02-2000ലെ എഡിറ്റോറിയൽ)

ലളിത ജീവിതവും ഉയർന്ന ചിന്തയും കൊണ്ട് ജനഹൃദയങ്ങളിൽ സ്ഥാനം ഉറപ്പിച്ച മഹാശയനായിരുന്നു കെ ഉമർ മൗലവി. കേരളാനദ്‌വത്തുൽ മുജാഹിദീൻ സ്ഥാപക നേതാക്കളിൽ പ്രമുഖനായ അദ്ദേഹത്തിന്റെ വേർപാട് മുജാഹിദ് പ്രസ്ഥാനത്തിനു മാത്രമല്ല, പണ്ഡിത ലോകത്തിനാകെ കനത്ത നഷ്ടമാണ്. പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് മുന്നേറാനുള്ള സാഹസികതയും ആത്മശക്തിയും ചെറുപ്പത്തിൽ തന്നെ അദ്ദേഹം കൈവരിച്ചിരുന്നു.ആ സദ്ഗുണങ്ങളാണ് എളിയചുറ്റുപാടിൽ നിന്ന് അറിവിന്റെയും ആദർശത്തിന്റെയും ആധിത്യകളിലേക്ക് അദ്ദേഹത്തെ ഉയർത്തിയത്. സ്കൂൾ വിദ്യാഭ്യാസത്തിനു അവസരം ലഭിക്കാതെ വന്നപ്പോൾ അദ്ദേഹം സഹപാഠികൾ മുഖേന അക്ഷരം പഠിച്ചു. പിന്നീട് അനേകം ഗുരുക്കന്മാരുടെ കീഴിലും സ്ഥാപനങ്ങളിലും വിദ്യാഭ്യാസം ചെയ്തെങ്കിലും ചെറുപ്പത്തിലെ ശീലച്ച 'സ്വയം പഠനം' അവസാന കാലം വരെ അദ്ദേഹം തുടർന്നു. ആ പഠനവും അതുവഴി ലഭിച്ച സംസ്കാരവുമാണ് ഇസ്‌ലാമിക പണ്ഡിതൻ, പ്രബോധകൻ, സ്നേഹനിധിയായ സുഹൃത്ത്, ഗ്രന്ഥകാരൻ, പത്രപ്രവർത്തകൻ എന്നീ നിലകളിലെല്ലാം തിളങ്ങാൻ അദ്ദേഹത്തിനു സഹായകമായത്.

അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ പോരാടാൻ ഉമർ മൗലവിക്ക് മടിയോ ഭയമോ ഇല്ലായിരുന്നു. എതിരാളികളുടെ അന്ധതയെ ആദർശത്തിന്റെ വെളിച്ചം കൊണ്ടാണ് അദ്ദേഹം നേരിട്ടത്. എതിർപ്പുകളിലും എതിരഭിപ്രായങ്ങളിലും ഒരിക്കലും അദ്ദേഹം അസഹിഷ്ണുവായിരുന്നില്ല. എതിരാളികളോട് സംവാദങ്ങളിലേർപ്പെട്ട് സ്വാഭിപ്രായം സമർഥി

ക്കുന്നതിലായിരുന്നു മൗലവിക്കു താൽപര്യം. യുക്തിവാദികളോടു പോലും ഇങ്ങനെ സംവാദത്തിലേർപ്പെടാൻ അദ്ദേഹത്തിന് കഴിയുമായിരുന്നു. അവിരാമമായ പഠനത്തിലൂടെ, നിരന്തരമായ മനനത്തിലൂടെ താൻ കണ്ടെത്തിയ നേരായ മാർഗം പിന്തുടരലാണ് തന്റെ ജീവിത സാഫല്യം എന്നു വിശ്വസിച്ചതിനാലാണ്, വിമർശനങ്ങളേയും ഭീഷണികളേയും നിസ്സാരമാക്കി തള്ളാൻ അദ്ദേഹത്തിനു കഴിഞ്ഞത്. ചിന്തയുടെയും പാണ്ഡിത്യത്തിന്റെയും വിഹായസ്സിലേക്ക് ഉയർന്നുയർന്നു പോകുമ്പോഴും ഭൗതിക ജീവിതത്തിലെ ലാളിത്യവും എളിമയും കൈവിടാതിരിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഒരു കർമ മേഖലയിലും ആദർശം ബലികഴിച്ചുകൊണ്ടുള്ള വിട്ടുവീഴ്ചക്കോ ഒത്തുതീർപ്പിനോ അദ്ദേഹം തയ്യാറായിരുന്നില്ല. അറിവായിരുന്നു അദ്ദേഹം ആർജ്ജിച്ച ധനം; അത് അളവില്ലാതെ അന്യർക്ക് പകർന്നുകൊടുക്കുകയും ചെയ്തു. ആ പണ്ഡിതവരേണ്യന് ഞങ്ങളുടെ ആദരാഞ്ജലികൾ.

ഓർമകളുടെ തീരത്ത് - അനുബന്ധം

## 11

# അതുല്യനായ പത്രപ്രവർത്തകൻ

### മലയാളം ന്യൂസ്, സഊദി അറേബ്യ

(25-02-2000ലെ എഡിറ്റോറിയൽ)

മലയാള പത്രപ്രവർത്തന രംഗത്ത് ചരിത്രം സൃഷ്ടിച്ച അനേകം വ്യക്തികളുണ്ട്. അതിൽ അവസാനത്തെ കണ്ണിയാണ് ഇന്നലെ കഥാവശേഷനായ കെ. ഉമർ മൗലവി. പത്രപ്രവർത്തനത്തിന്റെ വിവിധ മേഖലകളിൽ തുടക്കക്കാരാവുകയോ ഉജ്ജ്വലമായ പ്രവർത്തനം കൊണ്ട് പ്രാഗൽഭ്യം തെളിയിക്കുകയോ ചെയ്ത കണ്ടത്തിൽ വർഗീസു മാപ്പിള, സ്വദേശാഭിമാനി രാമകൃഷ്ണപിള്ള, വക്കം അബ്ദുൽ ഖാദിർ മൗലവി, കെ.പി കേശവ് മേനോൻ, കെ സുകുമാരൻ, മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്, സി.എച്ച് മുഹമ്മദ് കോയ തുടങ്ങിയവരുടെ ഗണത്തിൽ ഉമർ മൗലവി പെടുന്നത് മിക്കവാറും ഏകനായി ഏതാണ്ട് മൂന്നു ദശകകാലം ഒരു ആനുകാലിക പ്രസിദ്ധീകരണം മുടങ്ങാതെ നടത്തിയെന്ന ബഹുമതിയിലാണ്. മലയാളത്തിൽ ഒരാൾക്കും സാധിക്കാത്തതാണിത്.

കേരള മുസ്ലിംകളുടെ ഒരു നൂറ്റാണ്ട് പൂർത്തിയാക്കിയ പത്രപ്രവർത്തക പാരമ്പര്യത്തിൽ പരാജയം സമ്മതിച്ചു പാലായനം നടത്തിയ പ്രഗൽഭൻമാരുടെ പട്ടിക വളരെ നീണ്ടതാണ്. ഇതിഹാസ പുരുഷന്മാരായിത്തീർന്ന വക്കം മൗലവിയും മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബും കെ.എം സീതി സാഹിബും അതിൽ പ്പെടും. ആ ഒരൊറ്റ കാരണം കൊണ്ട് തന്നെ വെളിയങ്കോട് കെ. ഉമർ മൗലവി ഒറ്റപ്പെട്ടു നിൽക്കുന്നു. മരണം വരെ അദ്ദേഹം ഒരു

ഇസ്‌ലാമിക മാസിക പ്രസിദ്ധീകരിച്ചു. 'പരിശുദ്ധവും നന്മനിറഞ്ഞതുമായ അരുവി' എന്നർഥമുള്ള സൽസബീൽ മാസികയുടെ പ്രസാധകനും പത്രാധിപരും പ്രധാന ലേഖകനും 1971-ലെന്നപോലെ മരണം മാടിവിളിച്ച ഇന്നലെവരേയും ഉമർ മൗലവി തന്നെയായിരുന്നു. ലളിതവും പലപ്പോഴും ഗ്രാമ്യവുമായ മൗലവിയുടെ ശൈലിയിലെ കർക്കശമായ ഭാവം ഒരു കാലത്ത് അദ്ദേഹം നേതൃത്വം നൽകിയിരുന്ന ഇസ്‌ലാഹി പ്രസ്ഥാനത്തിനകത്തു തന്നെ വിമർശനത്തിന് ഇടയാക്കിയെന്നത് അദ്ദേഹത്തിലെ പത്രപ്രവർത്തകനെ ഉയർത്തികാട്ടുന്നു.

മലപ്പുറത്തിനും പെരിന്തൽമണ്ണക്കുമിടയിലെ തിരൂർക്കാട് എന്ന ഗ്രാമത്തിൽ ഓടിട്ട പഴയ വീട്ടിൽ കുടുംബസമേതം താമസിക്കുന്ന ഉമർ മൗലവി എന്ന ശാന്തസുന്ദരനായ വ്യക്തിയെ അടുത്തറിയുമ്പോൾ, ഈ വ്യക്തിയിൽ നിന്നാണോ ഇത്തരം കടുത്ത പ്രയോഗങ്ങൾ ഉണ്ടാകുന്നത് എന്ന് അത്ഭുതപ്പെട്ടുപോകും. ആയിരം പൂർണ്ണ ചന്ദ്രന്മാർക്ക് സഫലസാക്ഷ്യം വഹിക്കാൻ ഏതാനും ചന്ദ്രോദയങ്ങൾ മാത്രം അവശേഷിക്കുമ്പോഴും പൂർണാരോഗ്യവാനായിരുന്ന ഉമർ മൗലവി വെളുത്ത നീണ്ട താടിരോമങ്ങൾ തലോടിക്കൊണ്ട് ഒരു വിഷയം അവതരിപ്പിക്കുന്നത് കേട്ടിരിക്കുന്നത് അസുലഭമായ ഒരു അനുഭവമായിരുന്നു. വാദമുഖങ്ങൾ കത്തിക്കയറുന്ന എഴുത്തുപോലെ തന്നെ സർവ്വാദരണീയരായ പണ്ഡിതന്മാരെ പോലും പേരെടുത്ത് പറഞ്ഞ് തള്ളിപ്പറയാൻ അദ്ദേഹത്തിന് ഒരു സങ്കോചവുമില്ലായിരുന്നു. രണ്ടുതവണ കേരളാ ജംഇയ്യത്തുൽ ഉലമയുടെ പ്രസിഡന്റായിരുന്ന ഉമർ മൗലവി അവസാന കാലത്ത് ജംഇയ്യത്തുൽ ഉലമയിലോ നദ്‌വത്തുൽ മുജാഹിദീനിലോ പ്രവർത്തിച്ചിരുന്നില്ല. സർവ്വമത സ്നേഹ സംവാദമായിരുന്നു ഒടുവിൽ അദ്ദേഹത്തിന്റെ ഇഷ്ടവിഷയം. സൽസബീലിലെ ലേഖനങ്ങൾക്ക് പുറമെ അദ്ദേഹം ഈ ആവശ്യത്തിനായി പൊതു സമ്മേളനങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു.

മഞ്ചേരിയിൽ നിന്നായിരുന്നു അതിന്റെ തുടക്കം. അവിടെ ഫാദർ അലവിയുടെ കീഴിൽ മർക്കസുൽ ബിശാറ എന്ന ക്രിസ്തീയ മിഷൻ സജീവമായി പ്രവർത്തിച്ചിരുന്ന കാലമായിരുന്നു അത്. മുസ്‌ലിംകളെ ക്രിസ്തുമതത്തിലേക്ക് ക്ഷണിക്കുകയായിരുന്നു അതിന്റെ പ്രധാന ലക്ഷ്യം. ഇതിനെ എങ്ങനെ നേരിടണമെന്ന് ആലോചിക്കാൻ മഞ്ചേരിയിലെ മുസ്‌ലിം നേതാക്കൾ ഒരു യോഗം വിളിച്ചുകൂട്ടി. ഉമർ മൗലവിയേയും യോഗത്തിലേക്ക് ക്ഷണിച്ചിരുന്നു. അതേപ്പറ്റി ഉമർ മൗലവി കഴിഞ്ഞ വർഷം വിവരിക്കുന്നത് ഇങ്ങനെ:

'ഫാ. അലവിയുടെ സ്ഥാപനത്തെ അവഗണിക്കുക എന്നതായിരുന്നു യോഗത്തിലെ ഭൂരിപക്ഷാഭിപ്രായം. ഞാൻ അതിനോടു യോജിച്ചില്ല. മഞ്ചേ

രിയിൽ തന്നെ നാം ഒരു യോഗം സംഘടിപ്പിക്കുക. സ്വന്തം നിലപാട് വ്യക്ത മാക്കാൻ ഫാദർ അലവിയുടെ സംഘക്കാരെ ക്ഷണിക്കുക; നമുക്ക് നമ്മുടെ നിലപാടും വ്യക്തമാക്കാം. അപ്പോൾ ജനങ്ങൾക്ക് കാര്യം മനസ്സിലാവും- ഇതായിരുന്നു എന്റെ അഭിപ്രായം. യോഗം ആ അഭിപ്രായം തള്ളിക്കളഞ്ഞു. അവസാനം ഞാൻ ഒറ്റക്ക് ഇറങ്ങി പുറപ്പെട്ടു'. അടിയുറച്ച വിശ്വാസവും അഘാതമായ പാണ്ഡിത്യവും കളകറഞ്ഞ ആത്മാർഥതയും മുടക്കമുത ലായുള്ള മൗലവി പിന്നീട് പെരിന്തൽമണ്ണയുൾപ്പടെ പല സ്ഥലങ്ങളിലും ഹിന്ദു-മുസ്ലിം-ക്രിസ്ത്യൻ-യുക്തിവാദി വാദപ്രതിവാദം സംഘടിപ്പിച്ചി ട്ടുണ്ട്.

ഈ തർക്കവാസന ഉമർ മൗലവിക്ക് ജന്മസിദ്ധമാണെന്ന് തോന്നുന്നു. വെളിയങ്കോട് അറക്കൽ കുഞ്ഞഹമ്മദിന്റേയും കടമ്പാളത്ത് ഫാത്തിമ്മയു ടേയും എട്ടുമക്കളിൽ അഞ്ചാമനായ ഉമർ മൗലവി തനി യാഥാസ്തികമായ ചുറ്റുപാടിലാണ് വളർന്നത്. ഇടത്തരം കുടുംബം. വെളിയങ്കോട്ടും പിന്നീട് താനൂരും പള്ളി ദർസുകളിൽ മതവിദ്യാഭ്യാസം. 'പഠിക്കാൻ വേണ്ടി സ്കൂളി ന്റെ പടിചവിട്ടിയിട്ടില്ല'-ഉന്നത വിദ്യാഭ്യാസം നേടിയ എട്ടുമക്കളുടെ പിതാ വായ ഉമർ മൗലവി പറയുന്നു. ഓത്തുപള്ളിയിലെ പഠനത്തിനു ശേഷം ദർസിൽ പഠിക്കുമ്പോൾ യാഥാസ്തിക മുസ്ലിയാന്മാർ ഇസ്ലാമിന്റെ വിധി ക്കെതിരായാണ് ചില കാര്യങ്ങൾ അനുഷ്ഠിക്കുന്നത് എന്ന് ഉമർ മൗലവിക്ക് സംശയമായി. നമസ്കാരത്തിനു ശേഷമുള്ള കൂട്ടുപ്രാർഥന, മൗലൂദ് തുട ങ്ങിയവ ഉദാഹരണം. ചില ഉസ്താദുമാരുടെ സ്വകാര്യ ജീവിതവും സംശ യാസ്പദമായിരുന്നു. സുന്നി-വഹാബി തർക്കം മൂർച്ഛിച്ച കാലഘട്ടമായിരു ന്നു അത്. സുന്നി മുസ്ലിയാന്മാർ ധാരാളം ശാപവാക്കുകളോടെ വഹാബി കളെ കുറ്റപ്പെടുത്തിക്കൊണ്ടിരുന്നു. 'ഇതിനൊരു മറുവശമുണ്ടാവുമല്ലോ. അതൊന്നറിയണം'-താനൂരിൽ പാങ്ങിൽ അഹമ്മദ്കുട്ടി മുസ്ലിയാർ എന്ന പ്രശസ്ത സുന്നി പണ്ഡിതന്റെ കീഴിൽ പഠിക്കുകയായിരുന്ന ഉമർ കരുതി തിരൂരങ്ങാടിയായിരുന്നു അന്ന് വഹാബി(ഇസ്ലാഹി) പ്രവർത്തനത്തിന്റെ കേന്ദ്രം. കെ.എം മൗലവിയുടെ നേതൃത്വത്തിൽ അവിടെ ഒരു മദ്രസ്സ (നൂറു ൽ ഇസ്ലാം) നടക്കുന്നുണ്ടായിരുന്നു. ഉമർ അവിടെയെത്തി. വടക്കേ മല ബാറിൽ 'ദഅ്വ' പ്രവർത്തനം നടത്താൻ മൗലവിമാർക്ക് പരിശീലനം നൽ കുന്നുണ്ടായിരുന്നു അപ്പോൾ. ആ ക്ലാസുകളിൽ താനും പങ്കെടുത്തു. അന്നു മുതലാണ് താൻ ഇസ്ലാഹി പ്രസ്ഥാനത്തിന്റെ ഭാഗമായത്-ഉമർ മൗലവി അനുസ്മരിക്കുന്നു. നൂറുൽ ഇസ്ലാം മദ്രസാധ്യാപകനും കോഴിക്കോട് പട്ടാളപള്ളിയിൽ ഖത്തീബുമായിരുന്ന ഉമർ മൗലവി 1955ൽ ഹജ്ജ് കർമ്മം നിർവ്വഹിക്കാൻ മക്കത്തെത്തിയപ്പോൾ റിയാദിലെ കുല്ലിയത്തുൽ ലുഗതുൽ അറബിയ്യയിൽ വിദ്യാർഥിയായി. അവിടെ നാലു വർഷം. ബിരുധ പഠനം പൂർത്തിയാക്കി നാട്ടിലേക്ക് മടങ്ങിയ ഉമർ മൗലവി ദീർഘ കാലം തിരൂര

ങ്ങാടി യത്തീംഖാന മനേജരും അധ്യാപകനുമായിരുന്നു. പിന്നീട് കൊച്ചി മട്ടാഞ്ചേരി പുതിയപള്ളിയിൽ ഖത്തീബായിരിക്കെ 1971ലാണ് സൽസബീൽ തുടങ്ങിയത്.

*(ചന്ദ്രികയിലും പിന്നീട് മലയാള മനോരമയിലും അതിന് ശേഷം മലയാളം ന്യൂസിലും സേവനമനുഷ്ഠിച്ച പ്രസിദ്ധ പത്രപ്രവർത്തകനായ പുത്തൂർ മുഹമ്മദ് സാഹിബ് എഴുതിയതാണിത്)*

ഓർമകളുടെ തീരത്ത് – അനുബന്ധം

## 12

# സ്മൃതിരേഖകൾ

വെങ്കിടങ്ങിലെ ഹംസ മൗലവി ചെറുപ്പം മുതലേ ഉമർ മൗലവിയുടെ കൂട്ടുകാരനാണ്(ഹംസ മൗലവിയുടെ മകളെയാണ് ഐ.എസ്.എം. പ്രസിഡണ്ട് സയ്യിദ് മുഹമ്മദ് ശാക്കിർ വിവാഹം ചെയ്തിട്ടുള്ളത്). ഹംസ മൗലവി തിരൂരങ്ങാടിയിൽ മുഹമ്മദ് അമാനി മൗലവിയുടെ ശിഷ്യനായിരുന്നു.

മതപ്രബോധനരംഗത്ത് സജീവമായി ഹംസ മൗലവിയുണ്ടായിരുന്നു. ഖുത്വുബയും നടത്തും. അതിനിടയിൽ സ്കൂളിൽ അറബി അധ്യാപകനായി ജോലി കിട്ടി. സ്കൂളിൽ കയറിയതു മുതൽ അദ്ദേഹം വേറൊരു ലോകത്തായതുപോലെ. പ്രബോധനരംഗം വിട്ടു. കുറച്ചു കാലം കഴിഞ്ഞു. സ്കൂൾ മാസ്റ്ററായി അങ്ങനെ ജീവിക്കുകയാണ്.

ഒരു ദിവസം സ്കൂളിലേക്ക് ഉമർ മൗലവി കയറിവന്നു. എവിടെയൊക്കെയോ അന്വേഷിച്ച് ചോദിച്ചറിഞ്ഞ് എത്തിയതാണ്. ഹംസ മൗലവിയെക്കണ്ടു. സംസാരിച്ചു. ആ സംസാരം നീണ്ടു.....

അതിനുശേഷം വീണ്ടും ഹംസമൗലവി മതപ്രബോധനരംഗത്തേക്ക് തിരിച്ചു വന്നു. ഉമർ മൗലവിയുമായുള്ള കൂടിക്കാഴ്ച തന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവായി അദ്ദേഹം കാണുന്നു.

❑❑❑❑

ഒരിക്കൽ പെരിന്തൽമണ്ണയിലെ ഒരു സ്വകാര്യ നഴ്സിംഗ് ഹോമിൽ കിടക്കുന്ന ബന്ധുവിനെ കാണാൻ ഉമർ മൗലവി പോയി. മഗ്‌രിബിന് ശേഷമാണ് തിരൂർക്കാട്ട് നിന്ന് പോയത്. കഷ്ടിച്ച് 6 കി.മീ. ദൂരമേയുള്ളു. നേഴ്സിംഗ് ഹോമിലെത്തി. രോഗിയെക്കണ്ടു. രോഗവിവരങ്ങൾ ആരാഞ്ഞു. പ്രാർഥിച്ചു. മൗലവിയോടൊപ്പം മകൻ മുബാറക്കും കെ.സി. മുഹമ്മദുണ്ണിയും തയ്യിൽ ഹംസ (മങ്കട അബ്ദുൽ അസീസ് മൗലവിയുടെ സഹോദരൻ) യും ഉണ്ട്. പെരിന്തൽമണ്ണ ത്വരീഖത്തുകാരുടെ ഒരു വലിയ കേന്ദ്രമാണ്. (ഒരു പക്ഷെ, കേരളത്തിലെ തന്നെ ഏറ്റവും വലിയ കേന്ദ്രം. ഹൈദരാബാദ് നൂരിഷാ ത്വരീഖത്തുകാർ ഖുറാഫികളുടെ പട്ടിക്കാട്ടെ കോളേജിന് നൂരിയ്യ

കോളേജ് എന്ന് പേരിട്ടിരുന്നു മുമ്പ്. പിൽക്കാലത്ത് നൂരിയ്യാ ത്വരീഖത്തു മായി സമസ്തക്കാർ തെറ്റി. ശത്രുതയിലായി). ത്വരീഖത്തുകാരുടെ സംസ്ഥാന സമ്മേളനം നടക്കുകയാണ് അപ്പോൾ പെരിന്തൽമണ്ണയിൽ. ഒരു ചായ കുടി ക്കാനായി ടൗണിലെ ഹോട്ടലിൽ കയറി. വലിയ ഹാളിൽ നിറയെ ആളുക ളുണ്ട്. മൗലവി മുമ്പിലും മൂന്നുപേർ അകമ്പടിയുമായി ഹോട്ടലിലെ വിശാല മായ ഹാളിലേക്ക് പ്രവേശിച്ചതോടെ ഇരുന്ന് ചായ കുടിച്ചിരുന്നവർ ഒന്നടങ്കം എഴുന്നേറ്റ് നിന്നു! കാലി സീറ്റുകളൊന്നും ഹാളിൽ കാണാത്തതുകൊണ്ട് ഫാമിലി റൂമിലേക്ക് സാവധാനം നടന്നു. ഫാമിലി റൂമിലേക്ക് കയറുന്ന തുവരെ ആ ജനങ്ങൾ നിൽക്കുക തന്നെ ചെയ്തു! മുഹമ്മദുണ്ണിക്ക ആകെ അന്തം വിട്ടു. എന്തുപറ്റി ജനങ്ങൾക്ക്?! ത്വരീഖത്ത് സമ്മേളനം നടക്കുക യാണല്ലോ, സമ്മേളനത്തിന് വന്ന ഏതോ ശൈഖാണ് മുരീദന്മാരുടെ കൂടെ ഹോട്ടലിൽ കയറിയതെന്ന് ധരിച്ചുപോയതാണ്! അതുകൊണ്ട് ആദരവോ ടെ എഴുന്നേറ്റ് നിന്നുവെന്ന് മാത്രം! എഴുന്നേറ്റിട്ടില്ലെങ്കിൽ കുരുത്തക്കേട് പറ്റിയാലോ?! ചായ വന്നു. തിന്നാനെന്താണ് വേണ്ടതെന്ന് ചോദിച്ചു. മൗലവി ചോദിച്ചു. 'പഴംപൊരിയുണ്ടോ?' ഉണ്ട് എന്ന് സപ്ലയർ. ഹംസക്കയോ മറ്റോ ചോദിച്ചു. 'അതെന്താണ് മൗലവിക്ക് പഴംപൊരിയോട് ഇത്ര ഇഷ്ടം' മൗല വി പുഞ്ചിരിയോടെ പറഞ്ഞു. 'അതിനുള്ളിൽ പഴമുള്ളത് തന്നെ'!

❑❑❑❑

കേരളത്തിൽ ഇസ്‌ലാഹിപ്രസ്ഥാനം സംഘടിതമായി പ്രവർത്തനമാ രംഭിച്ചത് കൊടുങ്ങല്ലൂരിലാണ്. കെ.എം. മൗലവിയുടെ പ്രവാസകാലഘട്ടം. വക്കം മൗലവിയുമായുള്ള ബന്ധം. സീതിസാഹിബിന്റെ കുടുംബം. നിഷ്പ ക്ഷസംഘമായാണ് തുടക്കം. അത് കേരളമുസ്‌ലിം ഐക്യസംഘമായി വളർന്ന് പടർന്ന് പന്തലിച്ചു. രണ്ടാം വാർഷിക സമ്മേളനം 1924ൽ ആലു വയിൽ ചേർന്നപ്പോഴാണ് കേരള ജംഇയ്യത്തുൽ ഉലമക്ക് രൂപം കൊടുത്തത്. എല്ലാം മലബാർ ലഹളക്ക് ശേഷം. സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാ ജ്യത്തിന്റെ അഹങ്കാരത്തിന്റെ കുഞ്ചിരോമം പിടിച്ചു കുടഞ്ഞ കാലഘട്ടമാ യിരുന്നു മലബാർ ലഹള. നിറതോക്കിന് മുമ്പിൽ വിരിമാറ് കാട്ടിയ ഒരു ജനത. പര്യവസാനം ദുരന്തമാണെന്നറിഞ്ഞിട്ടും വടിയും വാരിക്കുന്തവുമാ യി വെള്ളപ്പട്ടാളത്തെ എതിരിട്ടു. ആയിരങ്ങൾ രക്തസാക്ഷികളായി. ആയി രങ്ങൾ ജയിലിലിടക്കപ്പെട്ടു. അനേകർ നാടുകടത്തപ്പെട്ടു. മലബാറിലെ മാപ്പിള സമുദായത്തിനേറ്റ വൻദുരന്തം. ഏത് ദുരന്തത്തിനും ഒരു വഴിത്തി രിവുണ്ടാകും. കേരള മുസ്‌ലിംകളുടെ നവോത്ഥാനത്തിന് സമാരംഭം കുറി ക്കുകയായിരുന്നു.

ഐക്യസംഘം കൊടുങ്ങല്ലൂരിൽ മാറ്റത്തിന് തിരികൊളുത്തി. രണ്ടു ദശകങ്ങൾക്കു ശേഷം മതരാഷ്ട്രീയക്കാർ ആ രംഗം പിടിച്ചടക്കി. കൊടുങ്ങ

ല്ലൂരിൽ ജമാഅത്തെ ഇസ്‌ലാമിയുടെ മാതൃകാ മഹല്ല് വരെ നിലവിൽവന്നു.

1968ൽ ആയിരിക്കണം, ഉമർ മൗലവി കൊടുങ്ങല്ലൂരിലെത്തി. എറിയാട് പേബസാറിൽ പ്രസംഗിക്കുന്നുവെന്ന നോട്ടീസിറങ്ങി. മുജാഹിദും ജമാഅത്തെ ഇസ്‌ലാമിയും വലിയ വ്യത്യാസമില്ല എന്നാണ് അക്കാലത്ത് പൊതുവെയുള്ള ധാരണ. മൗലവി തൗഹീദ് വിശദീകരിച്ച് പ്രസംഗിച്ചു. കൃത്രിമ തൗഹീദും യഥാർഥ തൗഹീദും വ്യക്തമാക്കിക്കൊണ്ടുള്ള പ്രഭാഷണം വലിയ ചലനമുണ്ടാക്കി. മൗദൂദിയൻ തൗഹീദിന്റെ അപകടം വളരെ വലുതാണെന്ന് വ്യക്തമായതോടെ എതിർപ്പും തുടങ്ങി. വളർന്നു വരുന്ന നിരീശ്വരനിർമത പ്രസ്ഥാനങ്ങളെയും ഹിപ്പിസത്തെയും എതിർക്കാൻ നമുക്കൊന്നിക്കാമെന്ന് പറഞ്ഞുകൊണ്ട് ഒരു ജമാഅത്ത് പണ്ഡിതൻ അറബിയിലൊരു കത്ത് മൗലവിക്ക് നൽകി. ഇബാദത്ത് പറഞ്ഞ് ജനങ്ങളെ ഭിന്നിപ്പിക്കരുത് എന്നാണ് ഉപദേശം.

മൗലവി നന്നായി മറുപടി പറഞ്ഞു. ഒരു ജമാഅത്ത് നേതാവ് 'വഴിമാറിത്തരൂ' എന്ന പേരിൽ ഒരു പുസ്തകം തന്നെ ഇറക്കി. വലിയ ഒരു കപ്പലാണ് പുറം ചട്ടയിൽ. ജമാഅത്തെ ഇസ്‌ലാമി എന്ന വലിയ പ്രസ്ഥാനത്തിനു മുമ്പിൽ ചെറിയ തടസ്സങ്ങളും എതിർപ്പുമായി വരരുതെന്നാണ് പുസ്തകത്തിന്റെ ആകെത്തുക. മൗലവി മറുപടിയായി 'വഴിമാറിത്തരൂല', എന്ന തലക്കെട്ടിൽ നോട്ടീസിറക്കി. ഇസ്‌ലാമിന്റെ ആദർശങ്ങളിൽ ആര് കൂട്ടിച്ചേർത്താലും അതിനെതിരെ പടപൊരുതുമെന്നും ആളുടെ വലിപ്പമോ ആൾക്കാരുടെ പെരുപ്പമോ വിലവെക്കുകയില്ലെന്നും വലിയ ആളാണ് പറഞ്ഞതെങ്കിൽ വലിയ കുപ്പായമിട്ടോട്ടെ എന്നും അധികം ആളുകളുണ്ടെങ്കിൽ അധികം റേഷൻ വാങ്ങിക്കൊള്ളട്ടെയെന്നും മൗലവി തുറന്നടിച്ചു. എടവണ്ണ അലവി മൗലവി, കെ.സി. അബൂബക്കർ മൗലവി തുടങ്ങിയവരും തുടർന്ന് എറിയാട്ട് പ്രസംഗിച്ചു.

ജമാഅത്തെ ഇസ്‌ലാമിയുടെ കോട്ടയിൽ അതോടെ വിള്ളലുണ്ടായി. ഇസ്‌ലാഹീപ്രസ്ഥാനത്തിൽ നിന്ന് ജമാഅത്തിൽ ചേക്കേറിയ പലരും തിരിച്ചുവന്നു. അക്കൂട്ടത്തിൽ പ്രമുഖനാണ് ഇ.കെ. ഇബ്റാഹീംകുട്ടി മൗലവി. ഇബാദത്തിന്റെ അർഥം മൗലവി വിശദീകരിച്ചതാണ് ശരിയെന്നും ജമാഅത്തുകാരുടെ അർഥവ്യാഖ്യാനങ്ങൾ തെറ്റാണെന്നും തനിക്ക് ബോധ്യപ്പെട്ടതായി ഇബ്റാഹീംകുട്ടി മൗലവി ഉമർ മൗലവിയെ നേരിൽ കണ്ട് ധരിപ്പിച്ചു. അടിമവേല, അനുസരണം എന്നിവകൂടി തൗഹീദിൽ ഉൾപ്പെടുത്തിയ ജമാഅത്തിന്റെ പുത്തൻ വ്യാഖ്യാനം പുതിയതും ഇസ്‌ലാമിന്റെ പൊളിച്ചെഴുത്താണെന്നും പരിശോധനയിൽ വ്യക്തമായതായി ഇ.കെ. പറഞ്ഞു. അതോടെ അദ്ദേഹം ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ മുന്നണിപ്പടയാളിയാവുകയായിരുന്നു. കൊടുങ്ങല്ലൂരിൽ വീണ്ടും ഇസ്‌ലാഹി പ്രവർത്തനം സജീ

വമായി. ഉമർ മൗലവി നിരന്തരമായി അഴീക്കോടും എറിയാടും പേബസാറിലും കൊടുങ്ങല്ലൂരിന്റെ മറ്റു പ്രദേശങ്ങളിലും പ്രഭാഷണത്തിനായി എത്തി. മതിലകത്ത് ഒരു ജാറമുണ്ട്. ബാപ്പുട്ടി മുസ്‌ലിയാരുടെ ജാറം. അതിനടുത്ത് മൗലവി ഒരിക്കൽ പ്രസംഗിക്കുമ്പോൾ ജാറത്തിൽ നേർച്ചയിടുന്നത് മൗലവിയുടെ ശ്രദ്ധയിൽ പെട്ടു. മൗലവി സ്വതസിദ്ധമായ ഭാഷയിൽ വിമർശനങ്ങൾ അഴിച്ചുവിട്ടു. നേരിട്ടുള്ള ആ കടുത്ത വിമർശനത്തിന് എന്ത് പ്രതികരണമാണുണ്ടാവുക എന്ന ആശങ്ക പ്രവർത്തകർക്കുണ്ടായി. പക്ഷെ, ഒന്നും സംഭവിച്ചില്ല.

അക്കാലത്ത് ഒരു വ്യക്തിയുമായി ബന്ധപ്പെട്ടു. ഉമർ മൗലവിയുടെ ഖുർആൻ പരിഭാഷയിലൂടെ മൗലവിയെ അറിഞ്ഞ ഒരു നാവിക ഉദ്യോഗസ്ഥൻ. എം.എം. മുഹമ്മദ്. ബാവു എന്ന് വിളിക്കും. ആ ബന്ധം സുദൃഢമായി. താൻ കൊടിയ മുശ്‌രിക്കായിരുന്നുവെന്നും തന്റെ ദീൻ ഹയാത്താക്കിയത് (മതം ജീവിപ്പിക്കാൻ കാരണമായത്) ഉമർ മൗലവിയാണെന്നും തന്റെ മുഹ്‌യുദ്ദീൻ ശൈഖ് (ദീൻ ജീവിപ്പിച്ചയാൾ) ഉമർ മൗലവിയാണെന്നും ബാവുക്ക തമാശയായി പറയാറുണ്ടായിരുന്നു.

കൊടുങ്ങല്ലൂരിലെ മാടവന ജമാഅത്തിന്റെ മാതൃകാമഹല്ലായിരുന്നു. മണപ്പാട്ട് കുഞ്ഞുമുഹമ്മദ് ഹാജി (ഐക്യസംഘത്തിന്റെ സ്ഥാപകരിലൊരാൾ) വഖ്ഫ് ചെയ്ത സ്ഥലത്താണ് മാടവന പള്ളി. അതിന്റെ പരിസരത്ത് മതപ്രഭാഷണത്തിന് ഇക്കൂട്ടർ അനുവദിച്ചില്ല. ഉമർ മൗലവിയെ മാടവനയിൽ കാലുകുത്താൻ അനുവദിക്കില്ലെന്ന് അവർ വീമ്പിളക്കി. ഉമർ മൗലവി, ടി.കെ. മുഹ്‌യിദ്ദീൻ ഉമരി, സി.എ. മുഹമ്മദ് മൗലവി, സി.പി. ഉമർ സുല്ലമി തുടങ്ങിയവർ തുടർച്ചയായി ഒരാഴ്ച പ്രസംഗിച്ചു. ഒടുവിലത്തെ ദിവസം ജമാഅത്തെ ഇസ്‌ലാമിയുടെ തനിനിറം വെളിപ്പെടുത്തിക്കൊണ്ട് ഇ.കെ. ഇബ്‌റാഹിം കുട്ടി മൗലവിയും എ.എ. ഹമീദ് കൊച്ചിയും പ്രസംഗിച്ചു. അധികം വൈകാതെ ജമാഅത്തെ ഇസ്‌ലാമിയുടെ മാതൃകാമഹല്ല് നാമാവശേഷമായി.

❑❑❑❑

സുഹയ്ർ ചുങ്കത്തറ ശാന്തപുരം ഇസ്‌ലാമിയ്യാ കോളേജിൽ പഠിക്കുന്ന കാലം. അഫ്ളലുൽ ഉലമ പോലുള്ള സർക്കാർ പരീക്ഷകൾ ബഹിഷ്കരിച്ചിരുന്ന ജമാഅത്ത് പരിശീലനമാണന്ന്. എല്ലാം ത്വാഗൂത്തിന്റെ പരീക്ഷകളായിരുന്നു. സുഹയ്ർ കോളേജിലറിയാതെ എൻട്രൻസ് പരീക്ഷയെഴുതി. പ്രിൻസിപ്പാൾ പരീക്ഷക്കെതിരെ പള്ളിയിൽ വെച്ച് സുബ്ഹിക്ക് ശേഷം സംസാരിച്ചപ്പോൾ പതുക്കെ ശാന്തപുരം വിട്ടു. മേപ്പയൂരിലും പിന്നീട് അരീക്കോട്ടും പഠനം പൂർത്തിയാക്കി. ജമാഅത്ത് ആശയങ്ങൾ തലയിൽ നിന്ന് ഒഴിവായിരുന്നില്ല. പാലക്കാട്ട് ജില്ലയിൽ സ്കൂളിൽ ജോലിക്ക് ചേർന്നപ്പോൾ

പറളി അറബിക്കോളേജിലായിരുന്നു ബന്ധം. ഗുരുനാഥൻ സീതി മൗലവിയുടെ റൂമിൽ വെച്ച് ഫുർഖാൻ 43-ാം ആയത്തിന്റെ വിശദീകരണം പഠിച്ചു. ദേഹേച്ഛയെ ആരാധ്യനാക്കിയവനെന്ന പ്രസ്താവനക്ക് ജമാഅത്തുകാർ പറയാറുള്ളത് ദേഹേച്ഛ ദൈവമാണ് എന്നത്രെ. "ജാഹിലിയ്യാ കാലത്ത് ചിലർ നല്ല കല്ലോ, ബിംബമോ കണ്ടാൽ അതിനെ പൂജിക്കും. പിന്നീട് വേറെ കല്ലു കണ്ടാൽ അതിനെ പൂജിക്കും." ഇതാണ് ആയത്തിന്റെ അവതരണ കാരണം. അപ്പോൾ ദേഹേച്ഛയല്ല, ആരാധ്യൻ; കല്ലാണ്. ദേഹേച്ഛയെ അനുസരിച്ച് ഇലാഹിനെ ഉണ്ടാക്കുന്നുവെന്നർഥം. കിട്ടാവുന്ന തഫ്സീറുകളൊക്കെ പരതി. 1979 ലാണിത്. നോട്ടുകളെഴുതിയെടുത്തു. ഇരുപത്തിനാലോളം തഫ്സീറുകൾ നോക്കി പഠിച്ചു. കാര്യങ്ങൾ ബോധ്യപ്പെട്ടു. ജമാഅത്തിന്റെ വാദങ്ങൾ പൊള്ളയാണെന്ന് മനസ്സിലായി. ശാന്തപുരം പ്രിൻസിപ്പാളായിരുന്ന എ.കെ. അബ്ദുൽഖാദിർ മൗലവിയെ മഞ്ചേരിയിൽ വെച്ച് കണ്ടു. വിശദമായി ചർച്ചചെയ്തു. ചോദ്യങ്ങൾക്ക് കൃത്യമായ മറുപടി കിട്ടിയില്ല. ജമാഅത്ത് വിടുകയാണെന്ന് തുറന്നു പറഞ്ഞു.

ജമാഅത്തെ ഇസ്‌ലാമിയെ നിശിതമായി വിമർശിക്കുന്ന ഉമർ മൗലവിയെ കാണാൻ പോയി. ഇബ്റാഹീം അറക്കലിന്റെ (മൗലവിയുടെ ജേഷ്ഠന്റെ മകൻ) കൂടെയാണ് പോയത്. ഭീകരരൂപിയായ ഒരു ജമാഅത്ത് വിരോധിയുടെ രൂപമാണ് മനസ്സിലുണ്ടായിരുന്നത്. മൗലവിയെ കണ്ടു. ഊഷ്മളമായ വിനയം നിറഞ്ഞ സ്വീകരണം. കണ്ടപ്പോൾ, സംസാരിച്ചപ്പോൾ ലാളിത്യത്തിന്റെയും എളിമയുടെയും സമന്വയം.

സൽസബീലിന്റെ സഹപത്രാധിപരായി സുഹയ്ർ ചുങ്കത്തറ ചുമതലയേറ്റു. അരീക്കോട്ട് ഓഫീസ് തുറന്നു. പിന്നീട് പുളിക്കലേക്ക് മാറ്റി. താമസം മൗലവിയുടെ വീട്ടിൽ 'ദാറുൽ ഫനാ' യിൽ. വീടിന്റെ അപ്സ്റ്റെയറിലേക്ക് കോണിയുണ്ടാക്കി. പിന്നീട് നിരന്തരമായ പ്രസംഗയാത്രകൾ മൗലവിയോടൊപ്പം. സൽസബീൽ ഉഷാറാക്കി. എൻ.വി. സകരിയ്യയുടെ 'മൗദൂദിയൻ അപ്പോക്രിഫകൾ' അക്കാലത്താണ് പ്രസിദ്ധീകരിച്ചത്.

ജിദ്ദയിലായിരുന്ന ഇബ്റാഹീം അറക്കൽ ലീവിന് നാട്ടിലെത്തി. ഒരിക്കൽ പുളിക്കൽ വന്നു. സമയം വൈകി. ബസ് കിട്ടാൻ വിഷമമാവുമെന്ന് കണ്ട് തിരൂർക്കാട്ടേക്ക് സുഹയ്ർ സ്കൂട്ടറിൽ കൊണ്ടുപോകാമെന്നേറ്റു. ഭക്ഷണം കഴിക്കേണ്ടെ എന്ന് മൗലവിയുടെ ഭാര്യ ചോദിച്ചു. 'അതുവേണ്ട, മടങ്ങി വന്നിട്ട് കഴിച്ചോളാം' എന്ന് സുഹയ്ർ പറഞ്ഞു. തിരൂർക്കാട്ട് പോയി. ഇബ്റാഹീമിനെ വീട്ടിലാക്കി. സുഹയ്ർ മടങ്ങി വന്നു. ദാറുൽ ഫനായിലെത്തി. ഗെയ്റ്റും തുറന്ന്, ലൈറ്റുമിട്ട് ഭക്ഷണമെടുത്ത് വെച്ച് മൗലവിയും ഭാര്യയും കാത്തിരിക്കുന്നത് കണ്ട് അത്ഭുതപ്പെട്ട സുഹയ്ർ അതൊട്ടും പ്രതീക്ഷിച്ചിരുന്നില്ല. മൗലവിയും ഭാര്യയും അത്രയും നേരം കാത്തിരിക്കുകയായിരുന്നു!

സുഹയ്റിന്റെ പ്രഥമ വിവാഹം 1984ലായിരുന്നു. മൗലവിയാണ് ഖുത്വുബ. കോഡ്ലെസ് മൈക്കാണ്. ഖുത്വുബക്കിടയിൽ മുറിഞ്ഞ വയർ കണ്ടു. കോഡ്ലെസിന് അന്ന് ചെറിയ വയറുണ്ടായിരുന്നു. വയർ മുറിഞ്ഞു പോയതാണെന്നും ശബ്ദം കേൾക്കുന്നില്ലെന്നും കരുതി, പ്രസംഗം അൽപനേരം ഇടമുറിഞ്ഞു. സംഗതി മനസ്സിലായപ്പോൾ തുടർന്നു. ഫത്ഹുൽബാരിയാണ് മഹർ. പിന്നീട് ഇത്തരത്തിലുള്ള വിവാഹത്തെ അഭിനന്ദിച്ചുകൊണ്ട് മൗലവി എഴുതുകയും ചെയ്തു.

1984ൽ മൗലവി ഹജ്ജിനു പോയപ്പോൾ മൗലവി ശൈഖ് ഇബ്നു ബാസിനും മറ്റും കത്തു നൽകിയിരുന്നു. ശൈഖിനെ കണ്ടപ്പോൾ ലഭിച്ച സ്നേഹം വളരെ വലുതായിരുന്നു! മൗലവിക്ക് അത്ര വലിയ സ്ഥാനമാണ് അവർ നൽകിയിരുന്നത്!

മൗലവിയും സുഹയ്റും ആ വർഷം തന്നെ ഖത്തറിലെത്തി. 23 ദിവസം നീണ്ടു നിന്ന ഖണ്ഡനമണ്ഡന പ്രസംഗങ്ങൾ. ജമാഅത്തെ ഇസ്ലാമിയുടെ കോട്ടയിലൂടെ നടത്തിയ ഒരു തേരോട്ടമായിരുന്നു അത്. നേരിയ തോതിൽ തുടങ്ങി വെച്ച ഖത്തറിലെ ഇസ്ലാഹി പ്രവർത്തനം യൗവ്വനത്തിലെത്തിയത് ആ യാത്രയിലൂടെയായിരുന്നു. ജമാഅത്തുകാരുടെ കോപവും വെറുപ്പും കാണേണ്ടതു തന്നെയായിരുന്നു. ഈ ഖണ്ഡനമണ്ഡന പ്രഭാഷണങ്ങളെക്കുറിച്ച് 'പ്രബോധന'ത്തിൽ ലേഖനം ഉടനെ വന്നു. 'കടൽ കടന്നെത്തിയ ജിഹാദ്' എന്ന പേരിൽ.

ഖത്തറിലെ ജഡ്ജിയായിരുന്ന ശൈഖ് ഇബ്നു ഹജർ ആലു ബുത്വാമിയുടെ അടുത്ത സ്നേഹിതനായിരുന്നു ഉമർ മൗലവി. കോടതി നടക്കുമ്പോൾ അദ്ദേഹം മൗലവിയെയും സുഹയ്റിനെയും ചേമ്പറിനടുത്തിരുത്തി. ചീഫ് ജസ്റ്റിസും ഇസ്ലാമിക അഫയേഴ്സ് ചെയർമാനുമായിരുന്ന ശൈഖ് അബ്ദുല്ലാഹിബ്നു സൈദ് ആലു മഹ്മൂദ് എന്ന അന്ധനായ മഹാപണ്ഡിതന്റെയും സ്നേഹവും ആഥിത്യവും ഇരുവർക്കും കിട്ടി.

മൗലവിയുടെ സുഹൃദ് വലയം വളരെ വിപുലമായിരുന്നു. സുന്നികളും ജമാഅത്തുകാരും മതവിരോധികളും നിരീശ്വരവാദികളുമെല്ലാം അവരിൽ പെടും. കടുത്ത ആദർശവൈരുദ്ധ്യം പരസ്യമായി പ്രകടിപ്പിക്കുമെങ്കിലും എല്ലാവരുമായും വ്യക്തിബന്ധം സ്ഥാപിക്കാൻ മൗലവിക്ക് സാധിച്ചിരുന്നു. അതൊരു മേനിനടിക്കലോ കാപട്യമോ അഭിനയമോ ആയിരുന്നില്ല. പലരുമായും ആഴമേറിയ വ്യക്തിബന്ധമുണ്ടായിരുന്നു. ശത്രുവോ മിത്രമോ നിഷ്പക്ഷനോ വെറും പരിചയക്കാരനോ ആകട്ടെ, ഏവനും കരുതുക മൗലവിയുടെ ഏറ്റവും അടുത്ത കൂട്ടുകാരൻ താനാണ് എന്നത്രെ.

ഒരു മുജാഹിദ് സമ്മേളനത്തിന് മൗലാനാ അബുൽഹസൻ അലി നദ്വിയെ ക്ഷണിക്കാൻ മൗലവിയും സുഹയ്റും പോയി. ദൽഹി വഴിയാണ് പോയ

ത്. അഹ്‌ലെ ഹദീസിന്റെ നേതാക്കളെയും സുഹൃത്തുക്കളെയും ആ യാത്രയിൽ സന്ദർശിച്ചു. മൗലവി പല പ്രസംഗങ്ങളിലും ഉണർത്തുന്ന ഒരു വീടിന്റെ പേരുണ്ട്. 'അമീൻസ് ലോഡ്ജ്'. ലോഡ്ജല്ല; അത് വീടാണ്. ദുനിയാവിത്രയൊക്കെയേയുള്ളൂ. 'ദാറുൽ ഫനാ' എന്ന് സ്വന്തം വീടിന് പേരിടാൻ കാരണം ഇതാണ്. ആ അമീൻസ് ലോഡ്ജ് ആ യാത്രയിൽ മൗലവിയൊടൊപ്പം സുഹയ്ർ കണ്ടു. റായ്ബറേലിലേക്ക് വിളിച്ചപ്പോൾ നദ്‌വി സാഹിബ് സ്ഥലത്തില്ലെന്നറിഞ്ഞു. നാലു ദിവസത്തെ യാത്ര വിഫലമായെന്ന് തോന്നാവുന്ന സന്ദർഭം. എന്നാൽ മൗലവിയുടെ മുഖത്ത് നിരാശയുടെയോ ദുഃഖത്തിന്റെയോ ഒരു നിഴൽപാട് പോലും കണ്ടില്ല. 'തവക്കുലിന്റെ മഹിമ!

ജമാഅത്തായി നമസ്കാരം കഴിഞ്ഞാൽ തിരിഞ്ഞിരുന്ന് ക്ലാസെടുക്കുക അദ്ദേഹത്തിന്റെ സ്ഥിരം സ്വഭാവമായിരുന്നു.

❑❑❑❑

കെ.സി. മുഹമ്മദ് മൗലവി(മാറഞ്ചേരി)യുടെ മകൻ മുഹമ്മദ് നജീബ് എഴുതുന്നു: ഞാൻ ഓർമിക്കുന്നത് എനിക്ക് ഉമർ മൗലവി തന്ന ഒരു സമ്മാനവുമായി ബന്ധപ്പെട്ടാണ്. കോഹിനൂർ ഇസ്‌ലാമിക് സ്റ്റുഡന്റ് ഹോമിൽ വെച്ചാണ് ആദ്യമായി മൗലവിയെക്കാണുന്നത്. ഓഫീസ് മുറിയിൽ കട്ടിലിൽ ഒരു വിരിപ്പ് പോലുമില്ലാതെ കൈത്തലം തലയിണയാക്കി ശാന്തനായി ഉറങ്ങുന്ന രൂപം. അന്നു തന്നെ ഉമർ മൗലവി വിളിച്ചു വരുത്തി പരിചയപ്പെട്ടു. നജീബിന്റെ ക്ലാസിൽ ആരാണ് ഒന്നാമൻ എന്ന് ചോദിച്ചു. ഞാൻ തന്നെ എന്ന മറുപടി കേട്ടപ്പോൾ അടുത്ത പ്രാവശ്യം വരുമ്പോൾ ഒരു സമ്മാനം തരാമെന്ന് മൗലവി പറഞ്ഞു. മാസങ്ങൾക്ക് ശേഷം മൗലവി വന്നു. വിദേശനിർമിതമായ ഒരു ഷീഫർ പേന സമ്മാനമായി തന്നു.

എന്റെ സ്വദേശമായ എരമംഗലത്ത് മൗലവി പ്രസംഗിക്കണമെന്ന് ഒന്നിലധികം തവണ ആഗ്രഹം പ്രകടിപ്പിച്ചു. അങ്ങനെയാണ് എരമംഗലത്ത് ആദ്യമായി അത്തരത്തിലൊരു പ്രഭാഷണം നടക്കുന്നത്. മറ്റുചില പ്രഭാഷകരും മൗലവിയും പ്രസംഗിച്ചു. ഉടൻ തന്നെ ഖുറാഫികളുടെ പ്രതികരണമുണ്ടായി. ഇബ്നു കോട്ടുമലയും മുസ്തഫൽ ഫൈസിയുമാണ് പ്രസംഗിച്ചത്. ഖിദ്മത്തുൽ ഇസ്‌ലാം സംഘം എന്ന താൽകാലിക കമ്മറ്റിയുടെ പേരിലാണ് പരിപാടി സംഘടിപ്പിച്ചത്. സി.ബി.ഐയിൽ ഉദ്യോഗസ്ഥനായിരുന്ന അബൂബക്കർ സാഹിബ് അന്ന് എറണാകുളത്താണ്. എരമംഗലത്തുകാരനും ആദർശബന്ധുവുമാണ് അദ്ദേഹം. അദ്ദേഹത്തെ വിവരമറിയിച്ചു. ഉമർ മൗലവി വിദേശത്താണെന്നുള്ള വിവരവും കിട്ടി. രണ്ടാം ദിവസം മുസ്തഫൽ ഫൈസിയുടെ പ്രസംഗം കേട്ടുകൊണ്ട് അങ്ങാടിയിൽ നിൽക്കുമ്പോൾ ബക്കർക്ക വന്നു ചോദിച്ചു: 'ആരാണ് ആ വരുന്നതെന്ന് നോക്ക്?' നോക്കുമ്പോൾ ഉമർ മൗലവിയാണ്. അൽഭുതപ്പെട്ടു പോയി. തലേ

ന്ന് വിദേശത്ത് നിന്നുമെത്തിയതാണ്. ആലുവയിൽ ഒരു കല്യാണത്തിൽ പങ്കു കൊണ്ടു. അവിടെ വെച്ചാണ് ഖുറാഫികളുടെ മറുപടി പ്രസംഗമുണ്ടെന്ന റിഞ്ഞത്. അത് നേരിട്ടു കേൾക്കണമെന്ന് പറഞ്ഞ് നേരെ എരമംഗലത്തേ ക്ക് വന്നതാണ്.

മൗലവി സദസ്സിൽ തന്നെ ഇരുന്ന് ഫൈസിയുടെ പ്രസംഗം കേട്ടു. ഉമർ മൗലവിയെ അധിക്ഷേപിച്ചു കൊണ്ട് പലതും ഫൈസി പറയുന്നുണ്ട്. മൗല വി സദസ്സിലുള്ളത് ഫൈസിക്കറിയില്ല. തന്റെ ദർസിൽ ചേർന്നാൽ കിതാ ബോതി കൊടുക്കാമെന്ന് വീമ്പു പറയുന്നതും കേട്ടു. വിഷയസംബന്ധമായി ഖുർആൻ ഓതി ദുർവ്യാഖ്യാനിച്ച് ചിലതൊക്കെപ്പറഞ്ഞു. തറാവീഹിന്റെ വിഷയത്തിൽ മൗലവിയുടെ പേരിൽ സുന്നികൾ പ്രചരിപ്പിച്ചു വന്ന കള്ളം ഫൈസിയും ആവർത്തിച്ചു. മൗലവി അക്ഷോഭ്യനായി എല്ലാം കേട്ടിരിക്കുക യാണ്. ഇടക്ക് ചിലതെല്ലാം കുറിച്ചെടുക്കുന്നുമുണ്ട്. പ്രസംഗം അവസാനി പ്പിച്ച് സദസ്സ് പിരിയാൻ എഴുന്നേറ്റപ്പോൾ മൗലവി പറഞ്ഞു: "എനിക്കിപ്പോൾ തന്നെ മറുപടി പറഞ്ഞാൽ തരക്കേടില്ലെന്നുണ്ട്. എന്തു വേണമെന്ന് നിങ്ങ ൾ പറയിൻ." എന്തു ചെയ്യണമെന്ന് ഞങ്ങളും ശങ്കിച്ച് നിന്നു. മൗലവി പറ ഞ്ഞു. "എന്നാൽ സുബ്ഹിക്ക് ശേഷം നമുക്ക് കൂടിയിരിക്കാം. അപ്പോൾ ഞാൻ എന്റെ തീരുമാനം പറയാം"

സദസ്സ് വിട്ട് ബക്കർക്കയുടെ ജേഷ്ഠൻ മൊയ്തുണ്ണിക്കയുടെ വീട്ടിലേക്ക് നടക്കുകയാണ്. സൈക്കിളിൽ വന്ന നാട്ടുകാരനായ ഒരു മുസ്‌ലിയാരുട്ടി മൗലവിയോട് ചോദിച്ചു.

'നീയാണോ വെളിയങ്കോട്ടെ ഉമർ?'

അതെ, ഞാൻ വെളിയങ്കോട്ടുകാരനാണ്.

അസുഖമൊക്കെ മാറിയോ?

എന്തസുഖം.

'ഞെരമ്പുരോഗം?'

അതിന് മൗനമായിരുന്നു മറുപടി. "നിനക്കെന്താ വേണ്ടത്?" എന്ന് ചോ ദിച്ചു ബക്കർക്ക ഒന്നു മുന്നോട്ടാഞ്ഞപ്പോൾ മുസ്‌ലിയാർ വേഗത്തിൽ സൈ ക്കിളോടിച്ച് സ്ഥലം വിട്ടു.

സുബ്ഹിക്ക് ശേഷം കൂടിയിരുന്നപ്പോൾ നോട്ടീസടിക്കാനുള്ള വാചകം മൗലവി പറഞ്ഞു തന്നു. "ഇന്നലെ സുന്നി മുസ്‌ലിയാർ എരമംഗലത്ത് നട ത്തിയ പ്രസംഗം ഞാൻ കേട്ടു. അതിൽ ഖുർആൻ ആയത്തുകളോതി ദുർവ്യാ ഖ്യാനം നടത്തുകയും ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്തിരുന്നു. അതിന്റെ സത്യാവസ്ഥ വിശദീകരിച്ച് ഇന്ന് രാത്രി ഞാൻ എരമംഗലത്ത് പ്രസംഗിക്കുന്നതാണ്." എന്ന് സ്വന്തം പേരിലുള്ള നോട്ടീസ്. (അന്ന് അവിടെ മുജാഹിദ് കമ്മറ്റികളൊന്നും നിലവിലില്ല). ഉച്ചയോടെ നോട്ടീസ് അച്ചടി

പ്പിച്ച് എരമംഗലത്തും പരിസരങ്ങളിലും വിതരണം ചെയ്തു. അതിനു പുറമെ വാഹനത്തിൽ മൈക്ക് അനൗൺസ്മെന്റും. തലേന്നത്തെ പ്രസംഗം കേൾക്കാൻ വന്ന സുന്നികൾ നല്ല പങ്കും അന്നും വന്നു. സമീപപ്രദേശത്ത് നിന്ന് മുജാഹിദുകളും. നല്ല സദസ്സ്. ദുർവ്യാഖ്യാനിക്കപ്പെട്ട ആയത്തുകളുടെ യഥാർഥ വിവക്ഷ തെളിവ് സഹിതം വിശദീകരിച്ചു. "വ്യക്തിപരമായ അധിക്ഷേപങ്ങൾക്കൊന്നും ഞാൻ മറുപടി പറയുന്നില്ല. എന്നാൽ ഒരു ആക്ഷേപം എനിക്ക് വലിയ ഒരു മനോവേദനയുണ്ടാക്കിയിട്ടുണ്ട്. മദീനത്തെ ഉമർ തറാവീഹ് 23 ആക്കിയെങ്കിൽ വെളിയങ്കോട്ടെ ഉമർ ഇതാ എട്ടാക്കുന്നുവെന്ന് ഞാൻ പറഞ്ഞുവെന്ന കള്ളവാക്കാണത്. കാലങ്ങളായി ഇത് പ്രചരിപ്പിക്കുന്നുണ്ട്. ഞാനങ്ങനെ പറഞ്ഞിട്ടില്ല. മാത്രമല്ല, ഉമറുൽഫാറൂഖ് ﵁നോട് എന്നെ തുല്യപ്പെടുത്തിപ്പറയാൻ തക്ക വിഡ്ഢിത്തം എനിക്കില്ല. ഇക്കാര്യത്തിലുള്ള എന്റെ പരാതി ഞാൻ റബ്ബിന്റെ കോടതിയിൽ സമർപ്പിക്കുന്നു. അതവിടെവെച്ച് തീർപ്പാക്കാം." എത്ര മാന്യവും ഉചിതവുമായ പ്രതികരണം! പരിഹാസത്തിന് പകരം പരിഹാസമില്ല. ദുർവ്യാഖ്യാനങ്ങൾ ചൂണ്ടിക്കാണിച്ച കൂട്ടത്തിൽ 'ഈ മുസ്‌ലിയാർ ഇബ്‌ലീസിന്റെ ദർസിലാണോ ഓതിപ്പഠിച്ചത് എന്നു മാത്രം ചോദിച്ചു. ഇബ്‌ലീസിന്റെ പ്രേരണക്ക് വഴങ്ങിയാണല്ലോ ഈ ദുർവ്യാഖ്യാനം. പ്രസംഗത്തിൽ പറഞ്ഞ വിഷയങ്ങൾ ലഘുലേഖയായി അച്ചടിച്ച് എരമംഗലത്ത് വിതരണം ചെയ്യുമെന്നും മറുപടി എഴുതിത്തന്നാൽ പ്രസിദ്ധീകരിക്കാമെന്നും പറഞ്ഞാണ് പ്രഭാഷണം അവസാനിപ്പിച്ചത്.

മാസങ്ങൾക്ക് ശേഷം എറണാകുളത്ത് ഐ.എസ്.എമ്മിന്റെ നേതൃത്വത്തിൽ മുജാഹിദ് യുവജന സംസ്ഥാനസമ്മേളനത്തിൽ വെച്ച് നജീബിനെ കണ്ടപ്പോൾ പുല്ലേപ്പടിയിൽ നൊവീനോ ബാവുക്കയുടെ വീട്ടിൽ ചെല്ലാൻ പറഞ്ഞു. മേൽ പറഞ്ഞ ലഘുലേഖ അച്ചടിച്ച് തയ്യാറാക്കി വെച്ചിരിക്കുന്നു. നാട്ടിൽ വിതരണം ചെയ്താൽ മതി. 'ഖിദ്മത്തുൽ ഇസ്‌ലാം സംഘ'ത്തിന്റെ പ്രസിഡന്റിനും സെക്രട്ടറിക്കും ഓരോ കോപ്പി വിലാസമെഴുതി മൗലവി ഏൽപിച്ചതാണെന്ന് പറഞ്ഞ് നേരിട്ടേൽപ്പിക്കാൻ നിർദേശിച്ചിരുന്നു. അങ്ങനെ ചെയ്തെങ്കിലും അവരുടെ ഭാഗത്ത് നിന്ന് പ്രതികരണമൊന്നുമുണ്ടായില്ല. (അന്നത്തെ സംഘം സെക്രട്ടറി ഇപ്പോൾ മുജാഹിദ് പള്ളിയിലാണ് ജുമുഅക്ക് വരുന്നത്.)

പിന്നീട് എരമംഗലത്ത് ബക്കർക്ക വഖ്ഫ് ചെയ്ത സ്ഥലത്ത് മസ്ജിദുത്തൗഹീദിന് തറക്കല്ലിട്ടതും തുടർന്ന് ആദ്യത്തെ കെ.എൻ.എം യൂണിറ്റ് രൂപീകരണയോഗത്തിന് നേതൃത്വം നൽകിയതും മൗലവി തന്നെയായിരുന്നു. ജന്മഗ്രാമമായ വെളിയങ്കോട്ടും സമീപപ്രദേശമായ അയിരൂരിലും നേരത്തെതന്നെ അദ്ദേഹത്തിന്റെ ശ്രമഫലമായി പള്ളികൾ സ്ഥാപിക്കപ്പെട്ടിരുന്നു. പിന്നീട് ഒരിക്കൽ പുത്തൻപള്ളി ജാറത്തിന് മുന്നിലും പ്രസംഗിച്ചതോർക്കുന്നു.

എരമംഗലത്ത് നമ്മുടെ പള്ളി തുടങ്ങിയപ്പോൾ, ഞങ്ങൾ തീരെ പ്രതീക്ഷിക്കാത്ത അൽപം പ്രായം ചെന്ന സാധാരണക്കാരനായ ഒരാൾ ജുമുഅക്ക് വരാൻ തുടങ്ങി. അതിനുള്ള പ്രേരണയെക്കുറിച്ച് അദ്ദേഹം പറഞ്ഞതിങ്ങനെ: ആവതുള്ള കാലത്ത് ആലപ്പുഴ പോർട്ടിൽ ചുമട്ടുതൊഴിലാളിയായിരുന്നു. അക്കാലത്ത് ഉമർ മൗലവി അവിടെ വന്നു ക്ലാസെടുക്കാറുണ്ട്. ചിലതിലൊക്കെ ഞാൻ പങ്കെടുത്തിട്ടുണ്ട്. അന്നുമുതൽ ഈ ആശയം ഉള്ളിലുണ്ട്.

മൂക്കുതലയിൽ ഒരു പരിപാടിക്ക് മുമ്പുള്ള സംസാരമധ്യേ മൗലവിയുടെ ഒരു സ്നേഹിതൻ മൗദൂദി സാഹിബിന്റെ പേരിനൊപ്പം ലഅ്നത്ത് പറഞ്ഞു. ഉടനെ അദ്ദേഹം ഗുണദോഷിച്ചു. “നിങ്ങൾ ഇപ്പോൾ പറഞ്ഞ വാക്ക് വളരെ ഗൗരവമുള്ളതാണ്. നിങ്ങളത് പിൻവലിക്കണം. ആശയത്തിൽ തെറ്റു കണ്ടാൽ പറയൽ നമ്മുടെ ബാധ്യതയാണ്. ആളുകളുടെ കാര്യത്തിൽ വിധി പറയാൻ നമ്മെ ഏൽപിച്ചിട്ടില്ല. നമുക്കതിന് അധികാരവുമില്ല”. ആദർശവ്യതിയാനങ്ങളോടുള്ള വിമർശനത്തിൽ വിട്ടുവീഴ്ചയില്ലെന്നത് പോലെ തന്നെ അതിരു കവിയലിനെ അംഗീകരിക്കാറുമില്ലെന്നർഥം.

കുന്നംകുളത്ത് വെച്ച് നടന്ന ഐ.എസ്.എം സമ്മേളനത്തിനൊരുമിച്ചാണ് പോയത്. സദസ്സിലിരുന്ന ഒരു പ്രമുഖവ്യക്തി മൗലവിയെ സമീപിച്ച് മാന്യമല്ലാത്ത രൂപത്തിൽ അധിക്ഷേപിച്ച് സംസാരിച്ചതും അദ്ദേഹം ഒന്നും പ്രതികരിക്കാതെ മൗനം പാലിച്ചതും കണ്ടു നിന്ന ചിലർ പറഞ്ഞു പിന്നീടാണ് ഞാനറിഞ്ഞത്. മൗലവി വലിയ ദേഷ്യക്കാരനാണ് എന്നാണ് ഞാൻ കേട്ടിട്ടുള്ളത്. ഇപ്പോഴത്തെ ഈ ക്ഷമ കണ്ടിട്ട് എനിക്കത്ഭുതം തോന്നുന്നു എന്നു പറഞ്ഞ സ്നേഹിതന് കിട്ടിയ മറുപടിയാണ് അതിലേറെ അതിശയകരം. കോപിക്കരുതെന്നല്ല അല്ലാഹു പറഞ്ഞത; കോപം ഒതുക്കണമെന്നാണ്. അതാണ് ഞാൻ ചെയ്തത്. സമാപന സമ്മേളനത്തിൽ മൗലവി ഹുസൈൻ മടവൂർ നടത്തിയ പ്രസംഗത്തിൽ തൗഹീദീപ്രസ്ഥാനം, തൗഹീദീ ആദർശം, തൗഹീദീ പ്രബോധനം തുടങ്ങിയ പരാമർശങ്ങൾ നിറഞ്ഞു നിന്നിരുന്നു. മടങ്ങുമ്പോൾ ഞാൻ സൂചിപ്പിച്ചു, ഇന്ന് ഹുസൈൻ മൗലവിയുടെ പ്രസംഗം അത്യന്തം തൗഹീദീമയമാണല്ലോ. ഓഹോ, എന്താണ് തൗഹീദെന്ന് പറഞ്ഞോ? ആ മറുപടി എന്നെ ഏറെ ചിന്തിപ്പിച്ചു. തൗഹീദ് എന്താണ്, എന്തല്ല, എന്നു പറയാനാണല്ലോ ബദ്ധപ്രതിജ്ഞനായ ആ പ്രബോധകൻ എന്നും ഏറെ ശുഷ്കാന്തി കാണിച്ചത്. അതിന്റെ മുൻഗണനയെ ചൊല്ലിയാണ് പ്രസ്ഥാനത്തിനകത്തുവരെ ഗുണദോഷിക്കാൻ ശ്രമിച്ചത്. അവസാനനാളുകളിൽ വീട്ടിൽ വിശ്രമത്തിലായിരിക്കെ ഒരിക്കൽ എന്നോട് ചോദിച്ചു.

“മനഃസാക്ഷി എന്ന വാക്കിന് എന്താണ് അർഥം?!”

"നമ്മുടെ ഉള്ളിലുള്ള സ്വയംബോധ്യത്തെക്കുറിച്ചാണ് അങ്ങനെ പറയാറുള്ളത്'' ഞാൻ പറഞ്ഞു.

"ശരി, ദൃക്സാക്ഷിയെന്നാൽ ദൃഷ്ടിയിൽ കണ്ട് സാക്ഷ്യം വഹിക്കുക, അപ്പോൾ മനഃസാക്ഷിയെന്നാൽ മനസ്സറിഞ്ഞ് സാക്ഷ്യപ്പെടുത്തിയത് എന്ന് പറയാൻ പറ്റില്ലെ?"

"പറയാമെന്നാണ് തോന്നുന്നത്" ഞാൻ പറഞ്ഞു.

അവസാനലക്കം സൽസബീൽ ഇറങ്ങുന്നതിന് അൽപം മുമ്പാണത്. അതിൽ വന്ന മനഃസാക്ഷി എന്ന ലേഖനം തുടങ്ങുന്നത് ഈ നിർവചനം കൊണ്ടാണ്. ആ ലേഖനം അദ്ദേഹത്തിന്റേതല്ലെന്നും മറ്റാരോ അദ്ദേഹത്തിന്റെ പേരിൽ എഴുതിയതാണെന്നുമൊക്കെ ചില തൽപരകക്ഷികൾ പ്രചരിപ്പിക്കുന്നത് കേൾക്കുമ്പോൾ ഇക്കാര്യം ഓർക്കാതെ വയ്യ.

അന്ത്യത്തോടടുക്കുമ്പോൾ അദ്ദേഹം കർമനിരതനായിരുന്നു. തെറ്റായ മുൻഗണനകളുടെയും വ്യംഗമായ വ്യതിയാനങ്ങളുടെയും അപകടം മുൻകൂട്ടി കണ്ടുകൊണ്ട് മുന്നറിയിപ്പ് നൽകുന്നതിൽ അദ്ദേഹം പുലർത്തിയ ജാഗ്രത സ്നേഹാദരങ്ങളോടെ മാത്രമേ ആദർശസ്നേഹികൾക്കനുസ്മരിക്കാനാവൂ.

❑❑❑❑

ഇസ്ലാഹീപ്രസ്ഥാനത്തിൽ ഭിന്നിപ്പ് പുറത്തേക്ക് വന്ന സന്ദർഭം. പലരും പറഞ്ഞു. 'ഈ അവസരത്തിൽ ഉമർ മൗലവി ഉണ്ടായിരുന്നുവെങ്കിൽ.....' ശക്തമായ തന്റെ നിലപാടുകളിലൂടെ മൗലവി ദിശാബോധം കൃത്യമായി നൽകുമായിരുന്നുവെന്നാണെന്നവർ പറയുന്നത്!

സംഘടനയുടെ തലപ്പത്തുള്ളവരിൽ നിന്ന് ഭിന്നിപ്പിന്റെ പ്രതികരണങ്ങൾ പുറത്തുവന്നുകൊണ്ടിരക്കുന്ന സന്ദർഭമായിരുന്നു അത്. സാധാരണക്കാരായ പ്രവർത്തകരിലേക്കെത്തിയിട്ടില്ല. 'പ്രബോധനവിജയത്തിന് പൊതുതാൽപര്യമേഖല കണ്ടെത്തണ'മെന്ന ശബാബിന്റെ മുഖപ്രസംഗത്തെ ഖണ്ഡിച്ചുകൊണ്ട് 'ഏറ്റവും പ്രധാനം' എന്ന തലക്കെട്ടിൽ ലേഖനം തയ്യാറാക്കിക്കൊടുത്തച്ചയച്ചു. 1999 ഏപ്രിൽ 23 നാണ് ശബാബിൽ പ്രസ്തുത എഡിറ്റോറിയൽ പ്രസിദ്ധീകരിച്ചത്.

പ്രബോധകനും പ്രബോധിതനും പൊതുതാൽപര്യമുള്ള ഒരു വിഷയം കണ്ടെത്തി അതിൽ ചർച്ച നടത്തിയിട്ടുണ്ടാകുന്ന സൗഹൃദത്തിലൂടെ പാലം പണിത് പ്രബോധനം നടത്തമെന്നാണ് അതിലെഴുതിയത്. വേദക്കാരെ തൗഹീദിലേക്ക് ക്ഷണിക്കുന്ന ആലു ഇംറാനിലെ 64-ാം ആയത്തിന് നാളിതുവരെ കേൾക്കാത്ത ഒരു പുതിയ വ്യാഖ്യാനവും നൽകിയിരുന്നു. (ജംഇയ്യത്തുൽ ഉലമ) നടത്തിയ ദീർഘമായ ചർച്ചയിൽ ഈ പുതിയ വ്യാഖ്യാനം

നിരുപാധികമായി പിൻവലിച്ചു.) ഖണ്ഡനമണ്ഡനങ്ങളിൽ നിന്ന് മുക്തമായ ശൈലിയിൽ തൗഹീദീ പ്രബോധനം പുനരാഖ്യാനിക്കണമെന്ന് 1993 ലെ ഐ.എസ്.എം നയരേഖയിൽ പറഞ്ഞിരുന്നു. സമുദായ ഐക്യം അതീവ പ്രാധാന്യമർഹിക്കുന്നതാണെന്നും അതിൽ വ്യക്തമാക്കിയിരുന്നു.

ശബാബിലെ മുഖപ്രസംഗത്തെ ഖണ്ഡിച്ചുകൊണ്ട് മൗലവി ഉടനെത്തന്നെ ലേഖനം തയ്യാറാക്കി കൊടുത്തയച്ചു. അതവർ പ്രസിദ്ധീകരിച്ചില്ല. ഏപ്രിലും മെയും കഴിഞ്ഞു. ജൂണും ജൂലായും കഴിഞ്ഞെങ്കിലും ലേഖനം കൊടുത്തില്ല. തിരിച്ചയക്കുകയും ചെയ്തില്ല. പലരോടും പറഞ്ഞയച്ചു. ഒടുവിൽ മടക്കി അയക്കാനാവാശ്യമായ സ്റ്റാമ്പ് കവറിലിട്ട് അയച്ച് കൊടുത്തു. ആഗസ്റ്റ് ആദ്യവാരത്തിൽ ലേഖനം തിരിച്ചുകിട്ടി. (സൽസബീലിന് സ്വന്തമായി പ്രസ്സുണ്ടായിരുന്നു. ഇടക്കാലത്ത് പ്രസിദ്ധീകരണം നിർത്തിവെച്ച സമയത്ത് പ്രസ്സും സാധനസാമഗ്രികളും ഐ.എസ്.എം.ന് നൽകി. കെ.വി. മൂസാ സുല്ലമിയാണ് ഏറ്റു വാങ്ങിയത്. അരീക്കോട് സുല്ലമുസ്സലാം അറബിക്കോളേജിനോടനുബന്ധിച്ചുള്ള കെട്ടിടത്തിലാണ് പ്രസ്സ് സ്ഥാപിച്ചത്.)

ആഗസ്റ്റിലെ സൽസബീലിൽ 'ഏറ്റവും പ്രധാനം' എന്ന ലേഖനം പ്രസിദ്ധീകരിച്ചു. ശബാബിലേക്കയച്ച ലേഖനമാണിതെന്നും അവർ പ്രസിദ്ധീകരിക്കാതെ പലതവണ ആവശ്യപ്പെട്ട് ഒടുവിൽ തിരിച്ചയച്ചതാണെന്നും മറ്റും വ്യക്തമാക്കുകയും ചെയ്തു. എല്ലാമാസവും 20–ാം തീയ്യതിയാണ് സൽസബീൽ പുറത്തിറങ്ങുക. സൽസബീലിന്റെ ജോലിക്കാരിൽ ശബാബുമായി ബന്ധമുണ്ടായിരുന്ന ചിലർ വിവരമെത്തിച്ചതായിരിക്കണം, അടുത്ത ശബാബിൽ ലേഖനം വന്നു.

പ്രസ്ഥാനത്തിന്റെ യുവവിഭാഗത്തെ നയിക്കുന്ന നേതാക്കന്മാർ വളരെ തന്ത്രപൂർവം സംഘടനയെ ഒന്നാകെ തങ്ങളുടെ നിയന്ത്രണത്തിലൊതുക്കാൻ കോപ്പുകൂട്ടുന്ന കാലമായിരുന്നു അത്. ഭൂരിപക്ഷം മുജാഹിദുകൾക്കും കാര്യം മനസ്സിലായിരുന്നില്ല. പ്രാദേശിക യൂണിറ്റുകൾ പതുക്കെപ്പതുക്കെ നിയന്ത്രണത്തിലാക്കി. പിന്നെ മണ്ഡലം കമ്മറ്റി, ജില്ലാകമ്മറ്റിയൊക്കെ തങ്ങളുടെ വരുതിയിലാക്കാനുള്ള തീവ്രശ്രമങ്ങളിലായിരുന്നു. ഇക്കാര്യങ്ങളെപ്പറ്റി അറിയുന്നവർ കാണുമ്പോൾ തമ്മിൽ സംസാരിക്കും. അത്രമാത്രം.

അക്കാലത്ത് മൗലവി കൊച്ചിയിലെ ഹംസമാസ്റ്റർക്കെഴുതിയ ഒരു കത്തിലെ പ്രസക്തഭാഗം ഇവിടെ ഉദ്ധരിക്കുന്നു:

"ഐ.എസ്.എം. പ്രസിഡണ്ട് നമ്മുടെ പ്രസ്ഥാനത്തിന്റെ ആളല്ല. ഇത് വളരെ നേരത്തെ എനിക്ക് ബോധ്യമായിട്ടുള്ളതാണ്. അയാൾ മഹാസമർഥനാണ്. നമ്മുടെ പോയത്തക്കാരായ പ്രവർത്തകർ അയാളെ ഐ.എസ്.എം. പ്രസിഡണ്ടാക്കി. അയാളുടെ പുതിയ ചിന്താഗതിയനുസരിച്ച് ഐ.എസ്.എമ്മിനെ നയിക്കുവാൻ അയാൾക്ക് സൗകര്യം ചെയ്തു കൊടുത്തു. അങ്ങ

നെ വന്നതൊക്കെ വന്നു. അവസാനം അയാൾ കൈവിരലനക്കിയാൽ മഹാ ഭൂരിപക്ഷവും അതനുസരിച്ച് നീങ്ങുന്ന അവസ്ഥ വന്നു. കാര്യബോധവും കഴിവുമുള്ളവർ പല കാരണങ്ങളാലും മൗനം ദീക്ഷിക്കുന്നവരായിത്തീരു കയും ചെയ്തു. അയാൾ പ്രസിഡണ്ട് സ്ഥാനം ഒഴിഞ്ഞപ്പോൾ അയാളുടെ ശരിയായ പിന്തുടർച്ച വഹിക്കുന്ന ആളെ പ്രസിഡണ്ടാക്കിയിട്ടാണ് പിരി ഞ്ഞത്. അങ്ങനെ കാര്യമൊക്കെ കുഴപ്പത്തിലായിരിക്കുന്നു. കോഴിക്കോട്ട് നിന്ന് ഒരിക്കൽ പത്ത്പതിനഞ്ച് നേതാക്കൾ, ആക്ടിംഗ് പ്രസിഡണ്ട് ഉൾപ്പെ ടെ, എന്റെ വീട്ടിൽ വന്ന് എന്നോടൊരു കാര്യം സംസാരിച്ചപ്പോൾ ഞാനവ രോട് ഈ യാഥാർഥ്യം തുറന്നു പറഞ്ഞിട്ടുണ്ട്. പെട്ടെന്നൊന്നും ചെയ്യാൻ കഴിയില്ലല്ലോ എന്നാണ് മറുപടി പറഞ്ഞത്. ഞാൻ ഒന്നും പറഞ്ഞില്ല. കുറേക്കഴിയുമ്പോൾ ഒന്നും ചെയ്യാൻ സാധിക്കാത്ത അവസ്ഥ വരും. ക്യാൻ സർ പോലെ.

പിന്നെ കുറെ ആളുകളെ സംഘടിപ്പിച്ച് എന്തെങ്കിലും ചെയ്യാൻ നിങ്ങ ളുടെയൊക്കെ സഹായത്തോടു കൂടെ എനിക്കും സാധിക്കും. പക്ഷെ, എന്റെ അനാരോഗ്യം എന്നെ അനുവദിക്കുന്നില്ല. അല്ലാഹു സലാമത്താക്കട്ടെ," (18/09/1999).

പ്രസ്ഥാനത്തിന് വരാൻ പോകുന്ന ദുരന്തം മൗലവി കണ്ടു. സുഹൃത്തു ക്കളോടെല്ലാം അത് അദ്ദേഹം പറഞ്ഞു. കത്തുകൾ എഴുതി.

വളരെ അടുത്ത ബന്ധം പുലർത്തിയിരുന്ന ഡോ. അലി(അജ്മാൻ)ക്ക് അക്കാലത്തെഴുതിയ കത്തിലെ പ്രസക്തഭാഗം നോക്കുക.

"ഇസ്‌ലാഹീ രംഗത്ത് ഗൾഫിലുണ്ടായത് പോലെ അല്ല അതിനെക്കാൾ മോശമായ ഒരു ദുരവസ്ഥ ഇവിടെയുണ്ടായിരിക്കുന്നു. അതിന്റെ തുടക്കം ഞാനുമായി ബന്ധമുള്ളതാണ്. ഐ.എസ്.എം പ്രസിഡണ്ടും ഞാനും ഒരു മിച്ച് കുറെയേറെ യാത്ര ചെയ്തിട്ടുണ്ട്. യാത്രയിൽ പലപ്പോഴും ദഅ്വത്തി ന്റെ മാർഗത്തിൽ കെ.എൻ.എംന്റെ നിലപാട് ശരിയല്ലെന്നും ജനങ്ങളെ അടുപ്പിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്യുന്ന രീതി കൈകൊള്ളണ മെന്നും അദ്ദേഹം പറയലുണ്ടായിരുന്നു. ഇപ്പോൾ ജനങ്ങളെ വെറുപ്പിക്കു കുയം അകറ്റുകയും ചെയ്യുന്ന രീതിയിലാണ് നീങ്ങുന്നത്. അപ്പോൾ അത് പറ്റുകയില്ല, പ്രവാചകന്മാരുടെ മാർഗത്തിൽ നാം പ്രവർത്തിക്കണം, ജനങ്ങ ളുടെ വെറുപ്പും സ്നേഹവും നോക്കാൻ പറ്റുകയില്ലെന്ന് ഞാൻ പറയും. ഇതിനിടയിലാണ് ജമാഅത്തെ ഇസ്‌ലാമിയും സലഫികളും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസം വിവരിച്ചുകൊണ്ട് ഞാൻ ഒരറബി ലഘു ലേഖ എഴുതിയത്. ശൈഖ് ഇബ്നുബാസ് ﵀ അവർകൾക്കും പിന്നെ ഐ. എസ്.എം. പ്രസിഡണ്ടായി വന്ന ആൾക്കും (അദ്ദേഹം അന്ന് മക്കത്തെ ഉമ്മുൽഖുറാ യൂണിവേഴ്സിറ്റിയിലെ വിദ്യാർഥിയായിരുന്നു.) അയച്ചു കൊടു

ത്തു. ശൈഖ് അവർകൾ ഉമർ പറഞ്ഞതാണ് സത്യമെന്ന് ഉറപ്പിച്ച് മറുപടി എഴുതി. അവിടുത്തെ ഔദ്യോഗിക പ്രസിദ്ധീകരണമായ മജ്മൂഅ് ഫത്താവ 2-ാം വാല്യം ഒന്നാം പേജിൽ പ്രസിദ്ധീകരിച്ചു. ഹാജിമാർ മുഖേന ലോക ത്തെമ്പാടും പ്രചരിച്ചു. എന്നാൽ മേൽപ്പറഞ്ഞ വിദ്യാർഥിയാകട്ടെ, വളരെ മോശമായ അഭിപ്രായമെഴുതി. അപ്പോൾ എനിക്ക് അദ്ദേഹത്തിൽ നിന്ന് നേരിട്ടനുഭവപ്പെട്ട സംശയം ഉറച്ചു. അദ്ദേഹം അവിടത്തെ പഠിപ്പു കഴിഞ്ഞു. നാട്ടിൽ മടങ്ങി വന്നപ്പോൾ അദ്ദേഹത്തെ വളഞ്ഞ് ഐ.എസ്.എം. പ്രസിഡ ണ്ടാക്കി. ഞാൻ ഭയപ്പെട്ടു. പിന്നീട് പല അനുഭവങ്ങളാലും എനിക്ക് ബോ ധ്യപ്പെട്ടു. കെ.എൻ.എം.ന്റെ മാർഗത്തിൽ നിന്ന് ഐ.എസ്.എം.നെ പിന്തി രിപ്പിക്കാൻ പലപ്പോഴും അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. ഇപ്പോൾ കെ.എൻ. എം സെക്രട്ടറിയെ മാറ്റി ഈ ആളെ സെക്രട്ടറിയാക്കണമെന്ന് അഭിപ്രായ പ്പെടുന്നുമുണ്ട്. അതിന് വേണ്ടി നെറികെട്ട രാഷ്ട്രീയ ഉപജാപങ്ങൾ വഴി വമ്പിച്ച പ്രചാരവേലകൾ ഇലക്ഷൻ സമയത്തും മറ്റും നടത്താൻ ശ്രമിച്ചു. നിശ്ചയിച്ച ദിവസം അത് നടന്നില്ല. അത് നീട്ടിയിരിക്കുന്നു. അത് സംബ ന്ധിച്ച് ഇസ്‌ലാഹീരംഗം വളരെ മോശമായി വളരെ കലങ്ങി മറിഞ്ഞിരിക്കു കയാണ്. ഈ ഐ.എസ്.എം. പ്രസിഡണ്ട് കോളമെഴുതിക്കൊണ്ടിരുന്ന കാലത്ത് നമ്മുടെ ഏറ്റവും വലിയ ഗുണകാംക്ഷിയും ദീർഘദൃക്കുമായ കെ.പി.മുഹമ്മദ് മൗലവി ആ പ്രസിഡണ്ട് കോളമെഴുതുന്നത് തടഞ്ഞു. അതൊരിക്കലും വെറുതെയായിരിക്കയില്ലല്ലോ. ഇതിനിടക്കാണ് മർക്കസു ദ്ദഅ്‌വ ഉൽഘാടനം കഴിഞ്ഞത്. ഞാൻ ക്ഷണിക്കപ്പെട്ടു. ഞാൻ നേരത്തെ ഹാജറായി. കെ.പി.യെ അവിടെക്കണ്ടില്ല. അപ്പോൾ എന്താണ് കെ.പിയെ കാണാത്തത് എന്ന് ഞാൻ ചോദിച്ചു. രജിസ്ട്രേഷനെ സംബന്ധിച്ച് കെ.പി. ക്ക് ചില ആക്ഷേപങ്ങളുണ്ട്. അതുകൊണ്ട് അദ്ദേഹം പങ്കെടുക്കുകയില്ലെ ന്നറിയിച്ചിട്ടുണ്ടെന്നാണ് മറുപടി. അപ്പോൾ അതൊരിക്കലും ശരിയല്ലല്ലോ എന്നാലോചിച്ച് എന്നെപ്പോലെ പ്രായം ചെന്ന രണ്ടുമൂന്നാളെ സംഘടി പ്പിച്ച് ഞാൻ കെ.പി.യെ കൂട്ടിക്കൊണ്ടു വരാൻ പോയി. ഞങ്ങൾ പുറപ്പെട്ട തിന് ശേഷം ഞാൻ സംഘടിപ്പിച്ച ഒരാളെ ഉത്തരവാദപ്പെട്ടവർ പിന്തിരിപ്പി ക്കുകയും എന്റെ ശ്രമം പരാജയപ്പെടുകയും ചെയ്തു. അയാൾ കാറുള്ള വനാണ്. ആ കാറിൽ പോകാനാണ് ആലോചിച്ചിരുന്നത്. കാർ വാടക ക്കെടുക്കാൻ എനിക്കൊട്ട് കഴിവുമില്ല..... എന്ന്, സ്വന്തം ഉമർ മൗലവി."

ഈ രണ്ടു കത്തുകൾ പരസ്യപ്പെടുത്തേണ്ടി വന്നു. ഉമർ മൗലവി തങ്ങ ളെ അനുകൂലിച്ചിരുന്നുവെന്ന് മടവൂരികൾ പ്രചരിപ്പിക്കാൻ ശ്രമിച്ചു. "ഉമർ മൗലവിയുടെ മനഃസാക്ഷി നമുക്കൊപ്പം" എന്ന് ഹുസൈൻ മടവൂർ ശബാ ബിൽ ലേഖനമെഴുതി. ഇത് തീർത്തും തെറ്റായ ഒരു പ്രചാരണമാണെന്ന് മൗലവിയുമായി അടുത്ത് ബന്ധപ്പെട്ടവർക്കൊക്കെ അറിയാം. ആ കാര്യം

വെളിപ്പെടുത്താൻ മേൽ രണ്ടു കത്തുകളും വിചിന്തനത്തിലും 'വഴിപിരിഞ്ഞവർ'(കെ.മുബാറക്) എന്ന പുസ്തകത്തിലും പ്രസിദ്ധീകരിക്കേണ്ടി വന്നു. അപ്പോൾ മടവൂരികളിൽ ചിലർ പറഞ്ഞത് ആ കത്തുകൾ വ്യാജമാണ് എന്നായിരുന്നു.

അത് അല്ലാഹുവിന്റെ നിശ്ചയമായിരുന്നു. മൗലവി അധികവും ഒന്നും സ്വന്തം കൈകൊണ്ട് എഴുതാറില്ല. കൈവിറക്കുന്നതാണ് കാരണം. ഒപ്പ് മാത്രം കൈകൊണ്ട് തന്നെ രേഖപ്പെടുത്തും. ആരെക്കൊണ്ടെങ്കിലും എഴുതിക്കലാണ് പതിവ്. മുമ്പിൽ ആരെയാണ് കണ്ടത്, കിട്ടിയത്, അവരെക്കൊണ്ട് എഴുതിക്കും. കത്തുകളും ലേഖനവും നോട്ടീസും എല്ലാം അങ്ങനെ തന്നെ. ഭാര്യ, മക്കൾ, മരുമക്കൾ, സുഹൃത്തുക്കൾ, സന്ദർശകർ ആരുമാവാം.

എന്നാൽ മേൽപറഞ്ഞ രണ്ടു കത്തുകളും മൗലവി എഴുതിച്ചത് മൗലവിയുടെ സഹോദരിയുടെ മകളുടെ മകൻ നജീബിനെക്കൊണ്ടായിരുന്നു. അക്കാലത്ത് സൽസബീലിന്റെ ജോലിയിലും തയ്യാറാക്കി വന്നിരുന്ന ഖുർആൻ പരിഭാഷയുടെ ജോലിയിലും നജീബ് സഹായിച്ചിരുന്നു. നജീബ് പിന്നീട് ഗൾഫിൽ പോയി. എടവണ്ണ അബ്ദുസ്സലാം സുല്ലമിയുടെ മകളെയാണ് വിവാഹം ചെയ്തത്. നജീബിന്റെ കയ്യക്ഷരമാണ് രണ്ടു കത്തുകളിലും. അന്ന് വീട്ടിലുണ്ടായിരുന്ന മക്കളെക്കൊണ്ടോ മരുമക്കളെക്കൊണ്ടോ അല്ല മൗലവി എഴുതിച്ചത്. അതുകൊണ്ടാണ് അത് അല്ലാഹുവിന്റെ നിശ്ചയമായിരുന്നു എന്നു പറഞ്ഞത്. അതുകൊണ്ട് കത്തുകളിലെ വിശ്വാസ്യത ചോദ്യം ചെയ്യപ്പെടാനാവില്ല തന്നെ.

മൗലവി അവസാനം പുറത്തിറക്കിയ സൽസബീലിൽ ഒരു ലേഖനം പ്രസിദ്ധീകരിച്ചു. പ്രസ്ഥാനത്തിൽ വരാൻ പോകുന്ന ദുരന്തത്തെക്കുറിച്ചുള്ള ആധിയാണ് ആ ലേഖനമെഴുതാൻ പ്രേരകമായത്. 'മനസ്സാക്ഷി' എന്ന തലക്കെട്ടിലുള്ള ആ കൊച്ചു ലേഖനം ഇവിടെ പകർത്തുന്നു:

"ദൃക്സാക്ഷി എന്നു വെച്ചാൽ കണ്ണിൽ കണ്ടു ബോധ്യപ്പെട്ട വിഷയം. അതു പോലെ മനസ്സ് സാക്ഷ്യം വഹിച്ച വിഷയമാണ് മനസ്സാക്ഷി. മനസ്സാക്ഷിയെ മാനിക്കുക എന്നത് ഏറ്റവും ഉയർന്ന ഒരു വ്യക്തി മാഹാത്മ്യമാണ്. മനുഷ്യൻ അങ്ങനെയാവണം. അങ്ങനെയുള്ളവനാണ് ഹനീഫ്. ഇബ്റാഹീം നബി ﵇ സ്വന്തത്തെപ്പറ്റി അങ്ങനെ പറഞ്ഞു. ഇബ്റാഹീം നബി﵇യുടെ പിന്തുടർച്ചക്കാരായ മുഹമ്മദ് നബി﵇യും അനുയായികളും അങ്ങനെ പറഞ്ഞു. അങ്ങനെ പറയുവാൻ അല്ലാഹു കൽപിക്കുകയും ആ നിലപാടിൽ ഉറച്ചു നിൽക്കാൻ ആജ്ഞാപിക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റവും ശ്രേഷ്ഠമായ നിലപാടാണ് മനസ്സാക്ഷിയെ മാനിക്കൽ.

പ്രബോധനവിജയത്തിന് പൊതുതാൽപര്യമേഖല കണ്ടെത്തണമെന്ന്

പറയുന്നവർ മനസ്സാക്ഷിയില്ലാത്തവരാണ്. അവർക്ക് ബോധ്യപ്പെട്ട പരമാർഥം മറച്ചു പിടിച്ചിട്ട് ചുറ്റുഭാഗവും നോക്കി അതിനൊപ്പിച്ച് മാറ്റിപ്പറയണമെന്നാണ് ഇവർ പറയുന്നത്, അത് മനസ്സാക്ഷിക്ക് യോജിക്കാത്ത കാര്യമാണ്. സത്യവിശ്വാസി സത്യം തെളിയിക്കാൻ വേണ്ടി ത്യാഗം ചെയ്യുന്നവനായിരിക്കണം. തൽക്കാലം അതു നിൽക്കട്ടെ, സാവകാശം മതി, ഇപ്പോൾ ആളുകളെ തൃപ്തിപ്പെടുത്തുകയും അടുപ്പിക്കുകയും ചെയ്യുന്ന മേഖലയിൽ കുറച്ചുകാലം പ്രവർത്തിക്കാം എന്ന ചിന്താഗതി സർവനന്മയും നിർവീര്യമാക്കുന്ന പോക്കാണ്. പൊതുതാൽപര്യമേഖലയിൽ പ്രവർത്തിച്ചാൽ പ്രബോധനം എങ്ങനെ വിജയിക്കുമെന്ന് മനസ്സിലാകുന്നുമില്ല. മനുഷ്യൻ പരലോകത്ത് ശാശ്വത നരകത്തിൽ നിന്ന് രക്ഷപ്പെടണമെന്നതാണ് മുഖ്യമായ പ്രബോധനം. അതോടുകൂടി അതു വളരെ പ്രധാനപ്പെട്ട പൊതുതാൽപര്യവുമാണ്. അല്ലാഹു നിശ്ചയിച്ച പൊതുതാൽപര്യം. അതിനെ അവഗണിച്ചുകൊണ്ട് മനുഷ്യൻ പുതിയ പരിപാടി കണ്ടുപിടിക്കണമെന്ന് പറയുന്നത് ക്രമേണ എല്ലാം കളഞ്ഞ് കുളിച്ച് കൈമലർത്തുന്ന അവസ്ഥയിലെത്തിക്കും.

ജമാഅത്തെ ഇസ്‌ലാമിയും ഞാനും തമ്മിലുള്ള അടിസ്ഥാനപരമായ അഭിപ്രായവ്യത്യാസം വിശദീകരിച്ചുകൊണ്ട് ഒരു ലഘുലേഖ തയ്യാറാക്കി അച്ചടിപ്പിച്ച് ശൈഖ് ഇബ്നു അബ്ബാസ് ﷺ അവർകൾക്ക് അയച്ചുകൊടുത്തു. ശൈഖ് ഇബ്നു ബാസ് അവിടുത്തെ ഔദ്യോഗിക പ്രസിദ്ധീകരണമായ 'മജ്മൂഅ്ഫതാവ' രണ്ടാം വാള്യം ഒന്നാം പേജിൽ പ്രസിദ്ധീകരിച്ചു, അത് ഞാൻ ആവശ്യപ്പെട്ടതല്ല. വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കി അദ്ദേഹം സ്വമനസ്സാലെ ചെയ്തതാണ്. അദ്ദേഹത്തോടൊപ്പം അവിടത്തെ ഫത്‌വ കമ്മിറ്റിയും ഉണ്ട്.

അന്ന് ഉമ്മുൽ ഖുറാ യൂണിവേഴ്സിറ്റിയിൽ പഠിക്കുകയായിരുന്ന നമ്മുടെ സ്നേഹിതനും ഞാനതിന്റെ കോപ്പി അയച്ചു കൊടുത്തിരുന്നു. അദ്ദേഹമാകട്ടെ, എനിക്ക് വളരെ അസഹ്യമായ നിലയിൽ എന്നെ ആക്ഷേപിച്ചുകൊണ്ടും സമുദായത്തെ ഭിന്നിപ്പിക്കുന്ന ഇത്തരം പ്രവർത്തികളിൽ നിന്ന് പിൻവാങ്ങണമെന്ന് ഒരു നേതൃപാടവത്തിൽ ശാസിച്ചുകൊണ്ടും എനിക്ക് കത്തയക്കുകയാണുണ്ടായത്. കത്ത് വായിച്ച് അദ്ദേഹത്തെപ്പറ്റിയുള്ള എന്റെ എല്ലാ പ്രതീക്ഷയും നശിച്ചു. "നിങ്ങളെ ഇപ്പോൾ എനിക്ക് മനസ്സിലായി" എന്ന് പ്രസ്തുത കത്തിനടിയിൽ എഴുതി ഞാൻ അങ്ങോട്ട് തന്നെ അയച്ചു കൊടുത്തു. അദ്ദേഹം ഇഖ്‌വാനികളുടെ മാർഗത്തിലാണെന്ന് എനിക്ക് ബോധ്യമായി.

ഇദ്ദേഹത്തിന്റെ സ്വാധീനതക്ക് വഴങ്ങിയിട്ടെന്നവണ്ണം ആദ്യം ഞാൻ സംശയിക്കുകയും പിന്നീട് ഭയപ്പെടുകയും ചെയ്ത അവസ്ഥയിലേക്ക് ഐ.എസ്.എം നടത്തുന്ന ശബാബ് പത്രവും നീങ്ങിക്കൊണ്ടിരിക്കുന്നത്

ഇപ്പോൾ കണ്ടു തുടങ്ങിയിരിക്കുന്നു. തന്നെയുമല്ല; ഈ കാഴ്ചപ്പാടിനെ ചോദ്യം ചെയ്തുകൊണ്ട് എഴുതിയയച്ചാൽ പ്രസിദ്ധീകരിക്കുകയുമില്ല. ഞാനൊരു ലേഖനം അയച്ചു. 'ഏറ്റവും പ്രധാനം' എന്നാണ് ഹെഡ്ഡിംഗ്. പ്രവാചകന്മാർ വന്നിട്ട് ജനങ്ങൾക്ക് ഏറ്റവുമധികം വിരോധവും വെറുപ്പുമുള്ള വിഷയമാണ് ആദ്യം പറഞ്ഞത് എന്നതാണ് ലേഖനത്തിന്റെ ഉള്ളടക്കം. അതവർ പ്രസിദ്ധീകരിക്കാതെ വെച്ചുകൊണ്ടിരുന്നു. പലേ നിലക്കും ഞാൻ മടക്കി ചോദിച്ചു. അതവിടെ കൊണ്ടു പോയിക്കൊടുത്ത ആളെ അയച്ചു. വേറെ പലരെയും ഏൽപിച്ചയച്ചു. എന്നിട്ടൊന്നും തരാതെ വന്നപ്പോൾ ഞാൻ മുന്ന് രൂപ സ്റ്റാമ്പ് അയച്ചുകൊടുത്തു. അപ്പോൾ ചവറ്റുകൊട്ടയിലേക്ക് എറിയുന്ന സ്വഭാവത്തിൽ മടക്കി അയച്ചു. അപ്പോൾ കെ.എൻ. എമ്മിന്റെ മാർഗം മാറ്റാൻ ശ്രമിക്കുകയും ക്രമേണ അത് നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഒരവസ്ഥയാണു ഞാൻ കണ്ടത്. കെ. എൻ.എം അറിയാതെ അതിന്റെ അടിസ്ഥാനം മാറ്റിയിട്ട് അതിന്റെ അധികാരം പിടിച്ചു പറ്റാനാണിപ്പോൾ ഒരുങ്ങുന്നത്. ഇതാണ് ഞാൻ പറയാൻ കാരണം; കെ.എൻ.എം പിരിച്ചുവിടേണ്ടി വരികയില്ല, അതു സമൂഹത്തിൽ ലയിച്ചു പോകും എന്ന്. ഇതൊരിക്കലും ശരിയല്ല. കെ.എൻ.എമ്മിന്റെ ആദർശത്തിലും പരിപാടിയിലും യോജിക്കാൻ കഴിയാത്തവരുണ്ടെങ്കിൽ അവർ കാര്യം തുറന്നു പറഞ്ഞ് വേറിട്ടു പോയി സംഘടന വേറെ ഉണ്ടാക്കുകയാണ് വേണ്ടത്.

ഞാൻ ഇപ്പോൾ ഒന്നിലും മെമ്പറല്ല. എങ്കിലും ഞാൻ കണ്ടതു പറയും. ചിലർക്ക് അതിൽ വെറുപ്പുണ്ടെന്നും സൽസബീൽ കണ്ടുകെട്ടണമെന്ന് പറഞ്ഞെന്നും കേട്ടു. ആ പറഞ്ഞ മാന്യൻ ജനിക്കുന്നതിന് മുമ്പ് ഞാൻ ഈ മാർഗത്തിൽ പ്രവർത്തിക്കുന്നു. അദ്ദേഹത്തിന് ചെയ്യാൻ കഴിയാത്ത കാര്യമാണ് പറഞ്ഞത്. വല്ല കഴിവും ലഭിച്ചിരുന്നെങ്കിൽ സൽസബീൽ മാത്രമല്ല; എന്നെയും കണ്ടു കെട്ടും. എന്താണിങ്ങനെ പറയാൻ കാരണമെന്ന് ഞാൻ അദ്ദേഹത്തോട് എഴുതിച്ചോദിച്ചിട്ടുണ്ട്. അദ്ദേഹം ഞാനങ്ങനെ പറഞ്ഞിട്ടില്ലെന്ന് മറുപടി അയച്ചു." (സൽസബീൽ-ഡിസംബർ 1999)

ലേഖനം പുറത്തുവന്നതോടെ വലിയ പ്രതികരണമുണ്ടായി. മുജാഹിദ് പ്രസ്ഥാനത്തിനകത്ത് എന്തൊക്കെയോ നടക്കുന്നുണ്ടെന്നും മറ്റും സ്വകാര്യസംഭാഷണങ്ങളിലേ ഉണ്ടായിരുന്നുള്ളു. സംഘടനയുടെ തലപ്പത്തിരിക്കുന്നവർക്കറിയാം. എഴുതി പ്രസിദ്ധീകരിച്ച ഒന്നും അതുവരെ പുറത്തു വന്നിരുന്നില്ല.

ആ സന്ദർഭത്തിലാണ് 'മനസ്സാക്ഷി' പുറത്തു വന്നത്. അതും മുപ്പതിലധികം വർഷങ്ങളായി ഉമർ മൗലവി പ്രസിദ്ധീകരിക്കുന്ന സൽസബീലിൽ. മൗലവി സ്വന്തം പേരുവെച്ച് എഴുതിയ ലേഖനം.

പ്രസ്ഥാനത്തിനകത്തും പുറത്തും ചർച്ചയായി. പ്രശ്നമായി. പ്രശ്നങ്ങൾക്ക് വഴിമരുന്നായി ആ ലേഖനം.

അപ്പോഴേക്ക് മൗലവി രോഗബാധിതനായി. അവശനായി. എഴുതിത്തീർത്ത ഖുർആൻ പരിഭാഷയുടെ വായന മകൻ മുബാറക്, പേരമകളുടെ ഭർത്താവ് കെ.സി. മുഹമ്മദ് നജീബ്, സഹോദരിയുടെ മകൻ മുഹമ്മദ് ഫാറൂഖി, എ.എ. ഹമീദ് കൊച്ചി എന്നിവർ മൗലവിയുടെ സാന്നിദ്ധ്യത്തിൽ നടത്തുന്നുണ്ടായിരുന്നു.

'മനസ്സാക്ഷി' പ്രസിദ്ധീകരിച്ചതിന് മടവൂരികളുടെ ഭാഗത്ത് നിന്ന് എന്തെങ്കിലും പ്രതികരണമുണ്ടാകുമെന്ന് പ്രതീക്ഷിച്ചിരുന്നു. അതുകൊണ്ട് ഫോൺകോളുകളും കത്തുകളും പരിശോധിച്ചതിന് ശേഷം മാത്രമേ മൗലവിക്ക് നൽകിയിരുന്നുള്ളു. അതിന്നിടയിലാണ് 'സിൽസിൽബൗൽ' തപാലിൽ വന്നത്. പുറംചട്ടയില്ലാത്ത ഒരു കോപ്പി ആദ്യം. പിന്നീട് പുറംചട്ടയോടെയുള്ള കോപ്പി ഒരാഴ്ചക്കുള്ളിലും. അത്യന്തം ഹീനമായ ആരോപണങ്ങളും കളവുകളും കെട്ടുകഥകളും മൗലവിക്കെതിരിൽ എഴുതിയുണ്ടാക്കി പ്രസിദ്ധീകരിച്ചതായിരുന്നു അത്. ഇസ്‌ലാഹീ പ്രസ്ഥാന നേതാക്കൾക്കും പ്രമുഖർക്കും പണ്ഡിതന്മാർക്കും അത് തപാലിൽ കിട്ടി. വായിച്ചവർ അത്ഭുതപ്പെട്ടു! ഇത്ര മോശമാകാൻ എങ്ങനെ കഴിയും?! അതെഴുതാനും അച്ചടിക്കാനും അയക്കാനും ദുഷിച്ച കുറേയെണ്ണം ഉള്ളേടത്തോളം പ്രസ്ഥാനത്തെ അവർ വെട്ടിക്കീറും എന്ന് ബോധ്യമായി. എടവണ്ണയിലെ പി.സി.സുലൈമാൻ മദനി എടവണ്ണക്കടുത്ത് താമസിക്കുന്ന, മുജാഹിദാശയമുള്ള എഴുത്തുകാരനായ ഒരു ലീഗ് നേതാവിനോട് സിൽസിൽബൗലിനെക്കുറിച്ച് ആരാഞ്ഞു. എന്തൊരക്രമമാണീ ചെയ്തിരിക്കുന്നത്? ആരാണിതിറക്കിയത്? ഈ ചോദ്യം ഞാൻ മടവൂരീ നേതാവിനോട് ചോദിച്ചു എന്നാണ് അദ്ദേഹം മറുപടി പറഞ്ഞത്. ഈ ചോദ്യത്തിന് അപ്പോൾ അവരുടെ യുവനേതാവ് പറഞ്ഞു: "ഞങ്ങൾ ഒരു ടെസ്റ്റ് ഡോസ് കൊടുത്തതാണ്". നേതാവും എടവണ്ണക്കടുത്ത സ്വദേശിയാണ്. മടവൂരികളുടെ വളണ്ടിയർ കോറിന്റെ സംസ്ഥാന നേതാവായിരുന്നു അയാൾ. തങ്ങളെപ്പറ്റിയും തങ്ങളുടെ നേതാവിനെപ്പറ്റിയും അവരുടെ വ്യതിയാനങ്ങളെ ആദ്യമായി പുറത്തേക്കിട്ട ഉമർ മൗലവിയോട് പ്രതികാരം ചെയ്യുകയായിരുന്നു.

ഏതായിരുന്നാലും ആ ക്ഷുദ്രകൃതി ഇവർക്കെതിരിൽ ഒരു രേഖയായി അവശേഷിക്കും, ഈ ലോകത്തും പരലോകത്തും.

പ്രസ്ഥാനം പിളർന്നതിനു ശേഷം പലരും പറയുന്നത് കേട്ടു. ഉമർ മൗലവി ഈ സന്ദർഭത്തിൽ ഉണ്ടായിരുന്നെങ്കിൽ.......എന്ന്. പലതും ചെയ്യുമായിരുന്നു എന്നാണവർ കരുതുന്നത്. ഭിന്നിപ്പ് തലപൊക്കുന്നത് കണ്ടപ്പോൾ ഉമർ മൗലവി തന്റേതായ ശൈലിയിൽ പ്രതികരിച്ചു. അതാണ് 'മനസ്സാക്ഷി'

'ഏറ്റവും പ്രധാനം' എന്നീ ലേഖനങ്ങൾ... കത്തുകൾ... അദ്ദേഹം ചെയ്യേണ്ടത് അദ്ദേഹം തീർച്ചയായും ചെയ്തിട്ടുണ്ട്. ഒരു സംശയവുമില്ല. അങ്ങനെ പ്രതികരിച്ചതു പോലും പലർക്കും ഇഷ്ടപ്പെട്ടിട്ടില്ലെന്നാണറിവ്.

❑❑❑❑

മകൻ അബ്ദുല്ലാ ഉമർ എഴുതുന്നു: ഏതോ സാഹചര്യത്തിൽ സംഭവിച്ച ആ രണ്ടാം വിവാഹം! ഒരു രണ്ടാം വിവാഹത്തിന്റെ സ്വാഭാവികമായ വൈരുദ്ധ്യത്തിൽപ്പെട്ട് തന്നെയാകാം അൽപായുസ്സായിരുന്ന ആ ബന്ധം വേർപെടുത്തി അവർ വഴിപിരിയുകയും ചെയ്തു.

മരുഭൂമിയിലെ വസന്തം പോലെ നൊടിയിടയിൽ പൂത്തു തളിർത്തു കൊഴിഞ്ഞുപോയ ആ ബന്ധത്തിന്റെ സൃഷ്ടിയാണ് ഈയുള്ളവൻ. ഉപ്പ കിടപ്പിലായതറിഞ്ഞ് ഗൾഫിൽ നിന്ന് പെട്ടെന്ന് ലീവിൽ വന്നതായിരുന്നു ഞാൻ.

വളരെ ക്ഷീണിതനും ഏറെക്കുറെ മൗനിയുമായാണ് ഉപ്പയെ എനിക്ക് കാണാനായത്. വരാനുള്ളതിനെ സമാധാനത്തോടെ കാത്തിരിക്കുന്ന മുഖം!

ആ കിടപ്പിലും ഉപ്പ ഇതിനകം ഒരു രോഗിയായിക്കഴിഞ്ഞിരുന്ന ഉമ്മയുടെ വിവരങ്ങൾ കൂടെക്കൂടെ എന്നോട് അന്വേഷിക്കുമായിരുന്നു. ഒരു ദിവസം മറ്റാരുമില്ലാത്തപ്പോൾ എന്നെ അടുത്ത് വിളിച്ച് പൊരുത്തപ്പെടാൻ ഉമ്മാനോട് പറയണമെന്ന് ആവശ്യപ്പെട്ടു.

പരിഭവമേതുമില്ലാതെ ആ ദൈവവിധിയെ അന്നേ സ്വീകരിച്ചു കഴിഞ്ഞിരുന്ന ഉമ്മ, വിളർത്ത മുഖത്ത് വേദന കലർന്ന ചെറുപുഞ്ചിരിയോടെ അത് സ്വീകരിച്ചു. തിരിച്ചും പൊരുത്തപ്പെടാൻ അപേക്ഷിക്കണമെന്ന് എന്നോട് പറഞ്ഞു.

വിവരം ഉപ്പയോട് പറഞ്ഞപ്പോൾ ഏതോ പ്രാർഥന ഉരുവിടുന്നതുപോലെ ആ ചുണ്ടുകൾ ചലിക്കുന്നതും പാതിയടഞ്ഞിരുന്ന കൺകോണുകളിൽ കണ്ണുനീർ ഉരുണ്ടു കൂടുന്നതും ശോഷിച്ച കൈകൾ പൊക്കി ഉപ്പ അത് തുടക്കുന്നതും എല്ലാ ഞാൻ കണ്ടു. 44 വർഷങ്ങൾക്ക് ശേഷമുള്ള അസാധാരണമായ ഒരു ദൂതിന്റെ നോവും സാന്ത്വനവും കണ്ടറിഞ്ഞ എന്റെ കണ്ണുകളും നിറഞ്ഞു.

❑❑❑❑

ആലപ്പുഴ(പല്ലന)യിലെ അശ്റഫ് കോയ സുല്ലമി സ്മരിക്കുന്നത് മൗലവിയോടൊത്തുള്ള യാത്രകളാണ്. ഒരിക്കൽ പ്രസംഗപരിപാടികൾ കഴിഞ്ഞ് തിരുവനന്തപുരത്ത് നിന്ന് മടങ്ങുകയാണ്. കൊല്ലം അബ്ദുൽകരീം സാഹി

ബിനെ കാണാൻ ആഗ്രഹം. വീടിനടുത്തുള്ള ടെലഫോൺ ബൂത്തിൽ കയറി ഫോൺ ചെയ്തതിന് ശേഷം വീട്ടിലേക്ക് പോകാമെന്ന് മൗലവി പറഞ്ഞു. വീടടുത്തെത്താറായി, നേരെ വീട്ടിലേക്ക് കയറിച്ചെല്ലാമല്ലോ എന്ന് കൂടെയുള്ളവർ പറഞ്ഞെങ്കിലും മൗലവി കൂട്ടാക്കിയില്ല. വളരെ തിരക്കുള്ള ആളാണ് അദ്ദേഹം, ഫോൺ ചെയ്ത ശേഷമേ വീട്ടിലേക്ക് പോകാവൂ, അതാണ് മര്യാദ എന്നാണ് മൗലവി പറയുന്നത്. അങ്ങനെ മൗലവി ബൂത്തിൽ കയറി ഫോൺ ചെയ്തു. ചെല്ലാൻ പറഞ്ഞു. അങ്ങനെ വീട്ടിലെത്തി. വീടിന് മുമ്പിലുള്ള പാർക്കിൽ ഒരു സംഘം ഇരിക്കുന്നു. അബ്ദുൽ കരീം സാഹിബ് മൗലവിയെ സ്വീകരിച്ചു. അവിടെയിരിക്കുന്ന സംഘത്തിലേക്ക് കൊണ്ടുപോയി. അപ്പോൾ അവർക്കിടയിൽ ഒരു തർക്കം നടക്കുകയായിരുന്നു. അവരിൽ ചിലർ ചില മുസ്ല്യാക്കളുടെ നേതൃത്വത്തിൽ അജ്മീർ ജാറം സന്ദർശിക്കാൻ പോയതാണ് വിഷയം. അവിടെ മറമാടപ്പെട്ട ശൈഖിന്റെ പൊരുത്തം ആഗ്രഹിച്ചും ശൈഖിനോട് പ്രാർഥിച്ചുകൊണ്ടുമാണെങ്കിൽ അത് ശിർക്കായിത്തീരും എന്ന് അബ്ദുൽകരീം സാഹിബ് വാദിച്ചു. കൂട്ടുകാർ പല ഒഴിവുകഴിവും പറഞ്ഞ് രക്ഷപ്പെടാൻ ശ്രമിച്ചു. അതിനിടയിലേക്കാണ് ഉമർ മൗലവി എത്തിയത്.

വീട്ടുകാരൻ മൗലവിയോട് കാര്യം പറഞ്ഞു. ഉസ്താദ് ഇതിനെപ്പറ്റി ഒരു തീർപ്പ് പറഞ്ഞു തരണം. മൗലവി പറഞ്ഞു: "വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കാത്തത് കൊണ്ടാണ് നിങ്ങൾ ഇതിനെപ്പറ്റി ഒഴിവുകഴിവ് പറയുന്നത്. നിങ്ങളെയോ മറ്റാരെയെങ്കിലുമോ കാഫിറോ മുശ്രിക്കോ ആക്കാൻ ഞാനാളല്ല. ഒരു കാര്യം ഉറപ്പാണ്. നിങ്ങൾക്ക് വേണ്ടപ്പെട്ടവരുടെ ധാരാളം ഖബ്റുകൾ നാട്ടിൽ ഉണ്ടായിട്ട് അതൊന്നും സന്ദർശിക്കാതെ, വാഹനം ഒരുക്കി കാശു ചെലവാക്കി അജ്മീറിലേക്ക് ഖബർ സന്ദർശനത്തിനായി പോയത് തെറ്റ് തന്നെയാണ്. അവിടത്തെ ശൈഖിനോട് പ്രാർഥിക്കാനാണെങ്കിൽ ശിർക്ക് തന്നെ. പുണ്യം ഉദ്ദേശിച്ച് യാത്രചെയ്യാൻ മസ്ജിദുൽ ഹറമിലേക്കും മസ്ജിദുന്നബവിയിലേക്കും ബൈതുൽമുഖദിസിലേക്കും മാത്രമേ പാടുള്ളൂ. ചെയ്ത തെറ്റിന് പശ്ചാത്താപിച്ച് മടങ്ങുക".

ആലപ്പുഴയിലെ മാന്നാർ പ്രദേശത്ത് പുതിയൊരാൾ ഇസ്‌ലാഹി പ്രസ്ഥാനത്തിലേക്ക് കടന്നുവന്നു. അബ്ദുൽ ജബ്ബാർ. ആജാനുബാഹു. ഉമർ മൗലവിയെ സംബന്ധിച്ചുള്ള വിവരങ്ങൾ അശ്റഫ് കോയ സുല്ലമിയിൽ നിന്ന് അദ്ദേഹം കേട്ടു. ഒടുവിൽ അദ്ദേഹത്തിന് മൗലവിയെ കാണാൻ വലിയ ആഗ്രഹം. വല്ലാത്ത ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ സുല്ലമി അദ്ദേഹത്തിന്റെ ആഗ്രഹം സാധിക്കാമെന്നേറ്റു. അങ്ങനെ രണ്ടുപേരും തിരൂർക്കാട്ടേക്ക് പുറപ്പെട്ടു. 1999ലാണിത്. കാലത്ത് എട്ട് മണിയോടെ തിരൂർക്കാട്ടെത്തി. റോഡിൽ നിന്ന് വീട് കണ്ടപ്പോൾ അബ്ദുൽജബ്ബാർ സാഹിബ് ചോദിച്ചു. ഈ വലിയ മനുഷ്യന്റെ വീട് ഇത്ര പഴയതാണോ? അദ്ദേഹത്തിന്റെ മതിപ്പ്

വർധിച്ചു. ദുനിയാവിനെക്കുറിച്ചുള്ള മൗലവിയുടെ വീക്ഷണങ്ങളും പുളിക്കലെ വീടിന് ദാറുൽ ഫനാ എന്ന് പേരിട്ടതും സുല്ലമി പറഞ്ഞു കൊടുത്തു. വീടിന് പുറത്ത് ഏതാനും കാറുകൾ നിർത്തിയിട്ടത് കണ്ടു. വീട്ടിൽ കയറിയപ്പോൾ മുജാഹിദ് പ്രസ്ഥാനത്തിന്റെ സമുന്നത നേതാക്കളെല്ലാം അവിടെയുണ്ട്. എ.പി. അബ്ദുൽഖാദർ മൗലവി, ടി.പി. അബ്ദുല്ലക്കോയ മദനി, അലി അബ്ദുർറസാഖ് മദനി, പി.എസ്. ബാവ സാഹിബ് തുടങ്ങിയവർ. അതീവ പ്രാധാന്യമർഹിക്കുന്ന എന്തോ സംഘടനാ പ്രശ്നം ചർച്ച ചെയ്യാൻ വന്നിരിക്കുകയാണവർ.

ഈ നേതാക്കളുടെയിടയിലേക്ക് സുല്ലമി കൂട്ടുകാരനോടൊപ്പം എങ്ങനെ കയറിച്ചെല്ലും എന്ന് ആശങ്കയായി. മൗലവി കാണത്തക്കവിധത്തിൽ വാതിലിന്നു നേരെ സുല്ലമി നിന്നു. കണ്ട മാത്രയിൽ മൗലവി എഴുന്നേറ്റു വന്നു. പുറത്തേക്ക് വന്ന് തോളിൽ കയ്യിട്ട് സംസാരിച്ചു. വന്ന കാര്യം പറഞ്ഞു. സന്തോഷമായി. അൽപസമയം ചെലവഴിച്ചപ്പോൾ സുല്ലമിക്കും അബ്ദുൽ ജബ്ബാർ സാഹിബിനും മറ്റൊരാശങ്കയുണ്ടായി. പ്രസ്ഥാന നേതാക്കൾ പ്രധാനപ്പെട്ട കാര്യം സംസാരിക്കുന്നതിനിടയിൽ അതിന് തടസ്സമുണ്ടാക്കാൻ തങ്ങൾ കാരണമായതിനാലാണ് ആശങ്ക. അത് തുറന്നു പറഞ്ഞപ്പോൾ മൗലവി പറഞ്ഞു. "നിങ്ങളുടെ അത്ര അകലെ നിന്ന് വന്ന ആരും ഇക്കൂട്ടത്തിലില്ല. അവരും നിങ്ങളെപ്പോലെ മുൻകൂട്ടി വിവരമറിയിക്കാതെ വന്നവരാണ്. അതുകൊണ്ട് സാരമില്ല." അങ്ങനെ ഒന്നിച്ചിരുന്ന് പുട്ടും കടലയും ചായയും കഴിച്ചു. രണ്ടുപേരും സന്തോഷത്തോടെ മടങ്ങി.

❑❑❑❑

കൊച്ചി മട്ടാഞ്ചേരിയിൽ പനയപ്പിള്ളിയിലാണ് മുജാഹിദീൻ ഹൈസ്കൂൾ. സുന്നികളുടെ കേന്ദ്രമായിരുന്ന ചെമ്പിട്ടപള്ളിയിലേക്ക് അൽപം ദൂരമേ അവിടെ നിന്നുള്ളു. അതിന്നടുത്ത് ഒരു ചെറിയ പള്ളിയുണ്ട്. ചൈത്യേപള്ളി എന്നാണറിയപ്പെടുക. ജുമുഅയില്ല. പള്ളിയോട് ചേർന്ന് റോഡും വലിയൊരു കുളവുമുണ്ട്. ഈ പള്ളിയിൽ ഉമർ മൗലവി പ്രസംഗിച്ചു. 1973-74 ലായിരിക്കണം സംഭവം. മൗലവി പ്രസംഗിക്കുന്നത് പള്ളിക്കകത്താണ്. പള്ളിയിൽ കെ.എസ്.കെ തങ്ങൾ അടക്കമുള്ള പ്രധാനികൾ ഉണ്ട്. പ്രവർത്തകർ പള്ളിക്കകത്തും പുറത്തും ഇരിക്കുന്നു. പ്രസംഗം ആരംഭിച്ച് അൽപം കഴിഞ്ഞപ്പോൾ ഖുറാഫികൾ കൂട്ടമായി വന്ന് ബഹളം തുടങ്ങി. ചിലർ പള്ളിക്കകത്തേക്ക് തിരക്കിക്കയറാൻ ശ്രമിച്ചു. അവരെ സംഘാടകർ വാതിൽക്കൽ തടഞ്ഞു. ചോദ്യം ചോദിക്കാനാണെന്ന് പറഞ്ഞ് വീണ്ടും തള്ളിക്കയറാൻ ശ്രമം. ചോദ്യം ഇങ്ങു തന്നേക്ക് എന്ന് സംഘാടകർ. ചോദ്യം വാങ്ങി കെ.എസ്.കെ തങ്ങൾക്ക് നൽകി. തങ്ങൾ ചോദ്യം മൗലവിക്ക് കാണിച്ചു കൊടുത്തു. മൗലവി ഉടനെ പറഞ്ഞു: ഇവിടെ ഞാനൊരു

വിഷയം സംസാരിച്ചുകൊണ്ടിരിക്കുകയാണ്. ചോദ്യങ്ങൾക്ക് ഉത്തരം സൽസബീൽ മാസികയിൽ വായിക്കാം.

അപ്പോൾ ബഹളം വർധിച്ചു. മറുപടി ഇപ്പോൾ തന്നെ വേണമെന്നായി ഖുറാഫിക്കൂട്ടം. ബഹളത്തിന് ശക്തി കൂടി. ആരോ വിവരം കൊടുത്തിട്ടാകണം എസ്.ഐയും ഒരു ജീപ്പിൽ പോലീസുകാരും സ്ഥലത്തെത്തി. ചോദ്യത്തിന് ഉത്തരം ഇപ്പോൾ തന്നെ വേണമെന്ന് പറഞ്ഞ് ബഹളമുണ്ടാക്കുകയാണെന്നും ഉത്തരങ്ങൾ മാസികയിൽ പ്രസിദ്ധീകരിക്കാമെന്ന് പ്രഭാഷകൻ പറഞ്ഞിട്ടും കൂട്ടാക്കുന്നില്ല എന്നും എസ്.ഐയോട് സംഘാടകർ പറഞ്ഞു. പ്രസംഗം തൽക്കാലം നിന്നു. അപ്പോഴേക്കും ഇരുനൂറിലധികം പേർ തക്ബീർ ഉച്ചത്തിൽ മുഴക്കിക്കൊണ്ട് പള്ളിക്കു നേരെ വന്നു. ആ വലിയ കൂട്ടത്തെ പോലീസുകാർക്കൊന്നും ചെയ്യാനാവാത്ത അവസ്ഥയായി. പോലീസ് വിവരമറിയിച്ച് സി.ഐ. വന്നു. രണ്ട് വണ്ടി പോലീസുമെത്തി. ഖുറാഫിക്കൂട്ടം പിരിഞ്ഞുപോകാൻ തയ്യാറല്ലായിരുന്നു. പോലീസ് മേധാവികൾ അവരുമായി സംസാരിച്ചു. സി.ഐ പറഞ്ഞു "നിയമാനുസൃതം നടത്തുന്ന പരിപാടി തടസ്സപ്പെടുത്താൻ പാടില്ല. നിരീശ്വരവാദിക്ക് ദൈവമില്ലെന്ന് പറഞ്ഞു കൊണ്ട് ഈ നാട്ടിൽ പ്രസംഗിക്കാം. എന്നിട്ടാണോ ഒരു മുസ്‌ലിം പണ്ഡിതന് പ്രസംഗിക്കാൻ പാടില്ലെന്ന് പറയുന്നത്?" പോലീസുദ്യോഗസ്ഥർ അവരെ പറഞ്ഞ് ഒതുക്കി. പിരിഞ്ഞു പോകാനാവശ്യപ്പെട്ടു. ആ ഖുറാഫിക്കൂട്ടം "ബോലോ തക്ബീർ" എന്നലമുറയിട്ട് ബഹളമുണ്ടാക്കി പിരിഞ്ഞുപോയി.

സി.ഐ. പറഞ്ഞതനുസരിച്ച് മൗലവിയെ അദ്ദേഹം പറയുന്നിടത്ത് കൊണ്ടുപോയി വിടാൻ പോലീസുകാർ തയ്യാറായി. അതൊന്നുമ വേണ്ട തങ്ങൾ പൊയ്ക്കൊള്ളാമെന്ന് സംഘാടകർ പറഞ്ഞു. അങ്ങനെ മൗലവിയെ വിളിച്ചുകൊണ്ടുവരാൻ പള്ളിയിലേക്ക് സംഘാടകർ ചെന്നു. പള്ളിക്കകത്ത് പോയി നോക്കുമ്പോഴതാ ഉമർ മൗലവി സുഖമായി കിടുന്നുറങ്ങുന്നു!

മൗലവിയെ വിളിച്ചുണർത്തി. പുറത്ത് വന്നു. മൗലവിയും കൂട്ടുകാരും അവിടെ നിന്ന് മടങ്ങി.

❑❑❑❑

മലപ്പുറം കൂട്ടിലങ്ങാടി കടുങ്ങൂത്തിലെ മുഹമ്മദ് പട്ടുണ്ടൻ ഉമർ മൗലവിയെ ഓർക്കുന്നത് കടുങ്ങൂത്ത് സലഫി മസ്ജിദിന് കാരണമായതിനെപ്പറ്റിയാണ്. ഉമർ മൗലവി ഇടക്കിടെ കടുങ്ങൂത്തിലെ സലഫി പ്രവർത്തകരെ കാണാൻ വരാറുണ്ട്. ഒരിക്കൽ അവിടെയുള്ള നമസ്കാര പള്ളിയിൽ മൗലവി ഖുർആൻ ക്ലാസ് നടത്തി. ക്ലാസിനു ശേഷം ഒരു സലഫി മസ്ജിദ് അവിടെ നിർമിക്കുന്നതിനെ കുറിച്ച് പ്രവർത്തകരോട് സംസാരിച്ചു. ആ പള്ളിയോടനുബന്ധിച്ച സ്ഥലം കിട്ടുമോ എന്ന് സ്ഥലമുടമയെ കണ്ട്

അന്വേഷിച്ചു. കിട്ടുകയില്ലെന്നറിഞ്ഞപ്പോൾ പ്രവർത്തകരോട് ഇനിയെന്താണ് മാർഗമെന്ന് മൗലവി ആരാഞ്ഞു. സി.എച്ച് അഹമ്മദ് കുട്ടി ഹാജി എന്ന കുഞ്ഞാൻ ഹാജിക്ക് തൊട്ടടുത്ത് സ്ഥലമുണ്ട്. മൗലവി സംസാരിച്ചാൽ സ്ഥലം കിട്ടാൻ സാധ്യതയുണ്ടെന്ന് അവർ പറഞ്ഞു. അതനുസരിച്ച് കുഞ്ഞാൻ ഹാജിയെ കണ്ടു. പള്ളിക്കും മദ്റസക്കും അദ്ദേഹം സ്ഥലം വഖഫായി നൽകി. 1988ലാണത്. സ്ഥലം കെ.എൻ.എമ്മിന്റെ പേരിൽ രജിസ്റ്റർ ചെയ്തു. അവിടെ പള്ളിയും മദ്റസയും വൈകാതെ സ്ഥാപിതമായി.

മുഹമ്മദ്ക്ക മസ്കത്തിലായിരുന്നു കുറേക്കാലം. ഉമർ മൗലവി അവിടെ ചെന്നു. മസ്കത്തിലെ റൂവിയിൽ മാർക്കറ്റിൽ വലിയൊരു പള്ളിയുണ്ട്. ആ പള്ളി നിർമിച്ചതും കാര്യങ്ങൾ കൊണ്ടുനടക്കുന്നതും അവിടത്തുകാരനായ ഒരു അറബിയായിരുന്നു. അദ്ദേഹത്തോടനുവാദം ചോദിച്ച് ഒരു ദിവസം മഗ്‌രിബ്നു ശേഷം അറബികൾക്കായി പ്രഭാഷണം നിർവഹിച്ചു. പ്രഭാഷണം തുടങ്ങിയപ്പോൾ മുമ്പിൽ അറബികളാരും ഉണ്ടായിരുന്നില്ല. പള്ളിയുടെ മൂലകളിലും സൈഡിലുമായി പലരും ഇരിക്കുന്നുണ്ടായിരുന്നു. അഞ്ചു മിനിറ്റ് കഴിഞ്ഞതോടെ അറബികൾ ഒരോരുത്തരായി ഉമർ മൗലവിയുടെ മുമ്പിലെത്തി ചുറ്റും ഇരിക്കുകയും വലിയൊരു സദസ്സായി മാറുകയും ചെയ്തു. മുക്കാൽ മണിക്കൂറോളം മൗലവി അറബികൾക്കായി സംസാരിച്ചു. അവസാനിച്ചപ്പോൾ അറബികൾ മുന്നോട്ടു വന്ന് മൗലവിക്ക് കൈകൊടുക്കലും സ്നേഹാന്വേഷണവും തുടങ്ങി. പള്ളി നടത്തിപ്പുകാരനായ അറബി അദ്ദേഹത്തിന്റെ വീട്ടിലേക്ക് നിർബന്ധിച്ച് കൊണ്ടുപോയി. വലിയ സ്വീകരണം. അപ്പോഴേക്കും അവിടത്തെ മതരംഗത്തെ പ്രമുഖർ വീട്ടിലെത്തി.

ഇശാക്കു ശേഷം മലയാളികൾക്കായി അതേ പള്ളിയിൽ മൗലവി പ്രസംഗിച്ചു. നല്ല സദസ്. മൗലവിയുടെ സ്വതസിദ്ധമായ ശൈലിയിൽ പ്രസംഗമവസാനിക്കുന്നതുവരെ ഒന്നുമുണ്ടായില്ല. പ്രസംഗം തീർന്നതോടെ കുറേയാളുകൾ എഴുന്നേറ്റു ആക്ഷേപങ്ങളും പരിഹാസങ്ങളും വെല്ലുവിളികളും! ബഹളമായി. കയ്യേറ്റം ചെയ്യുമെന്ന മട്ടായി! ഇസ്‌ലാഹി പ്രവർത്തകർ മൗലവിക്ക് ചുറ്റും നിന്നു, എന്തിനും തയ്യാറായിത്തന്നെ! ഒടുവിൽ വെല്ലുവിളിക്കാർ മടങ്ങിപ്പോയി.

മസ്കത്തിലെ ഒരു മഹാപണ്ഡിതൻ സ്വർഗത്തിൽ വെച്ച് സത്യവിശ്വാസികൾ അല്ലാഹുവിനെ കാണുമെന്ന് പറഞ്ഞതിനെ നിഷേധിച്ചു. സഊദിയിൽ നിന്ന് വന്ന ഒരു പണ്ഡിതൻ അതിനെ പരസ്യമായി എതിർത്തു. അത് വലിയ ഒച്ചപ്പാടായി. ടെലിവിഷനിൽ ആ ചർച്ച വന്നു. രണ്ടു പണ്ഡിതന്മാരുടെയും ചർച്ച അൽപം നടന്നെങ്കിലും ഭരണാധികാരി ആ പരസ്യ ചർച്ച നിർത്തിവെപ്പിച്ചു.

ആയിടക്കാണ് മൗലവി മസ്കത്തിലെത്തിയത്. വിഷയം മൗലവിയോട്

സുഹൃത്തുക്കൾ പറഞ്ഞു. സ്വർഗത്തിൽ അല്ലാഹുമായുള്ള ദർശനം ഉണ്ടാവുമോ? മൗലവി പറഞ്ഞു: "സത്യവിശ്വാസികൾക്ക് പ്രത്യേകമായി ഉണ്ടാകുന്ന ഒരു അനുഗ്രഹമാണത്. ഹദീസിൽ കാര്യം വന്നിട്ടുണ്ട്. പ്രാമാണികരായ പണ്ഡിതന്മാർ അതിനെ നിഷേധിച്ചിട്ടില്ല എന്നതാണ് എന്റെ അറിവ്. സ്വർഗ പ്രവേശനത്തിനു പുറമെ സത്യവിശ്വാസികൾക്ക് കരുണാവാരിധിയായ റബ്ബിന്റെ പ്രത്യേക അനുഗ്രഹമാണത്. അതിനെ നിഷേധിക്കേണ്ട കാര്യമെന്ത്?

നാട്ടിലെ ഒരു മതസ്ഥാപനത്തിനു വേണ്ടി അവിടെ ഒരു സഹായപേക്ഷ സമർപ്പിച്ചിരുന്നു. അന്ന് ഫണ്ടെല്ലാം തീർന്നുപോയെന്നും അടുത്ത വർഷം പരിഗണിക്കാമെന്നും അധികൃതർ പറഞ്ഞു. പിറ്റേ വർഷം സമയമായപ്പോൾ അതിനെ പറ്റി അന്വേഷിച്ചു. അപേക്ഷ നഷ്ടപെട്ടിരുന്നു. അങ്ങനെ പുതിയ ഒരു അപേക്ഷ മൗലവി എഴുതിയുണ്ടാക്കി. ടൈപ്പ് ചെയ്യാൻ വേണ്ടി ടൈപ്പിംഗ് സെന്ററിൽ കൊണ്ടുപോയിക്കൊടുത്തു. മുഹമ്മദിക്കയാണ് കൊടുത്തത്. ടൈപ്പിസ്റ്റായ സുഡാനി അപേക്ഷ വായിച്ചു നോക്കി. എന്നിട്ട് അദ്ദേഹം ചോദിച്ചു: ആരാണിതെഴുതിയത്? എഴുതിയതിൽ വല്ല തെറ്റും വന്നിട്ടുണ്ടാകുമോ എന്നു കരുതി മുഹമ്മദ്ക്ക പറഞ്ഞു: "എന്റെ നാട്ടിലെ ഒരു പണ്ഡിതനാണ്." സുഡാനി അത്ഭുതത്തോടെ ചോദിച്ചു: "ഒരു മലബാരി പണ്ഡിതനോ?" അതെ മലബാരിയാണ്. സുഡാനി അത്ഭുതത്തോടെ പറഞ്ഞു: "ഈ ഭാഷ അതിമനോഹരമായിരിക്കുന്നു. ഇവിടെയുള്ള അറബികൾക്കു പോലും ഇങ്ങനെ എഴുതാൻ കഴിയില്ല എന്നെനിക്കറിയാം. പല പ്രയോഗങ്ങളും അവർക്ക് മനസ്സിലാക്കി കൊടുക്കേണ്ടി വരും. അത്ര ഉന്നതമായ അറബി ശൈലിയാണിത്."

❑❑❑❑

ഇപ്പോൾ തൃശൂർ പട്ടണത്തിൽ താമസിക്കുന്ന വെങ്കിടങ്ങ് സ്വദേശി സെയ്തുമുഹമ്മദ് സാഹിബ് തന്റെ ഓർമകൾ ഇങ്ങനെ സമാഹരിക്കുന്നു:

ഞാൻ ഖത്തർ എയർഫോഴ്സിൽ ജോലി ചെയ്യുന്ന കാലം. 1980ലോ 81ലോ ആയിരിക്കണം ആദ്യമായി ഉമർ മൗലവിയെ കാണുന്നതും പരിചയപ്പെടുന്നതും. ഖത്തർ ജഡ്ജിയായിരുന്ന ശൈഖ് ഇബ്നുഹജർ മൗലവിയുടെ കൂട്ടുകാരനായിരുന്നു. മൗലവി ജസ്റ്റിസിന്റെ ക്ഷണമനുസരിച്ച് ഖത്തറിലെത്തി. ഖത്തർ ഇസ്‌ലാഹീ സെന്റർ രൂപീകരിച്ച് അധികമായിട്ടില്ല. കുറ്റ്യാടി അബ്ദുർറഹീം മൗലവിയാണ് ക്ലാസുകൾ നടത്തിയിരുന്നത്. ജുമുഅ ഖുത്ബയുടെ പരിഭാഷ നമസ്കാരത്തിനുശേഷം നടത്താൻ അനുവാദം ലഭിച്ചു. ഇസ്‌ലാഹീ പ്രവർത്തകർ താമസിച്ചിരുന്ന 'കല്ലിക്കണ്ടി കോമ്പൗണ്ടി'ലും ക്ലാസുകൾ നടന്നിരുന്നു.

ഉമർ മൗലവി ഖത്തറിലെത്തിയതറിഞ്ഞ് ഞങ്ങൾ ഒരു സ്വീകരണയോഗം വിപുലമായ രൂപത്തിൽ സംഘടിപ്പിക്കാൻ ഒരുങ്ങി. നല്ല പ്രചാരണം

നടത്തി. ജമാഅത്തെ ഇസ്‌ലാമി അനുകൂലികളും മൗലവിയുടെ പ്രസംഗം കേൾക്കാനായി വന്നെത്തി. ഉമർ മൗലവി തന്റെ സ്വതസിദ്ധമായ ശൈലിയിൽ തൗഹീദിനെ സംബന്ധിച്ച് സംസാരിച്ചു. മൗദൂദി സാഹിബ് തൗഹീദിൽ നടത്തിയ പൊളിച്ചെഴുത്ത് അദ്ദേഹം വ്യക്തമാക്കി. ഇബാദത്തിന് മൂന്നർഥം നൽകിയാലുള്ള അപകടങ്ങളും ആ നിലക്ക് ജീവിക്കുന്നതിലുള്ള അപ്രായോഗികതയും ത്വാഗൂത്തീ സർക്കാരിനെ അനുസരിച്ചാൽ ശിർക്കാകുമെന്ന ജമാഅത്ത് ജൽപനങ്ങളുടെ പൊള്ളത്തരവും അതേ സർക്കാരിനെ അനുസരിച്ചു നടക്കുന്നതിലെ കാപട്യവും എല്ലാം മൗലവി വിശദീകരിച്ചു.

പ്രസംഗത്തിനിടയിൽ ജമാഅത്തുകാർ ചോദ്യങ്ങളെഴുതി കൊടുത്തയക്കുന്നുണ്ടായിരുന്നു. പ്രസംഗം തീർന്നതിനുശേഷം എല്ലാ ചോദ്യങ്ങൾക്കും മറുപടി നൽകുമെന്ന് അബ്ദുർറഹീം കുറ്റ്യാടി അറിയിക്കുകയും ചെയ്തിരുന്നു. അതനുസരിച്ച് പ്രസംഗം തീർന്നതിന് ശേഷം കുറ്റ്യാടി പറഞ്ഞു: "ഇവിടെ ചില ചോദ്യങ്ങൾ എഴുതിക്കിട്ടിയിട്ടുണ്ട്. അവയെല്ലാം വളരെ നിസ്സാരമായതിനാൽ എന്റെ ക്ലാസിൽ പങ്കെടുക്കുന്നവർ മറുപടി പറയുന്നതാണ്" എന്നിട്ട് അദ്ദേഹം ചോദ്യങ്ങൾ ഓരോന്ന് വായിക്കാനാരംഭിച്ചു. ശിഷ്യന്മാരായ ഓരോരുത്തരോടും മറുപടി പറയാനാവശ്യപ്പെട്ടതനുസരിച്ച് മറുപടി പറയാനും തുടങ്ങി. തങ്ങളെ ഇങ്ങനെ കൊച്ചാക്കിയതിൽ ജമാഅത്തെ ഇസ്‌ലാമിക്കാർ അരിശം കൊണ്ടു. വിവരമറിഞ്ഞ് ജമാഅത്ത് നേതാവും വാഗ്മിയും എഴുത്തുകാരനുമായ സലീം മൗലവി പാഞ്ഞെത്തി. അദ്ദേഹം കൂട്ടുകാരോടൊത്ത് പ്രസംഗവേദിക്കടുത്ത് വന്ന് "നിങ്ങൾ പ്രസംഗിച്ചതൊന്നും ശരിയല്ല. ജനങ്ങളെ തെറ്റിദ്ധരിപ്പിക്കരുത്, നിങ്ങൾക്കെന്താണ് പറയാനുള്ളത്?"എന്ന് ചോദിച്ചു.

ഉമർ മൗലവി പറഞ്ഞു: "ഞാൻ പറഞ്ഞതെല്ലാം തെളിവുകളുടെ അടിസ്ഥാനത്തിലാണ്. അത് തെളിയിക്കാനും ഞാൻ തയ്യാറാണ്."

സലീം മൗലവി: "എന്നാൽ ഞാൻ നിങ്ങളെ വെല്ലുവിളിക്കുന്നു. ഒരേ സ്റ്റേജിൽ നിന്ന് കൊണ്ട് ഞങ്ങൾ ചോദിക്കുന്ന ചോദ്യങ്ങൾക്ക് മറുപടി പറയാൻ നിങ്ങൾ തയ്യാറുണ്ടോ? തയ്യാറുണ്ടെങ്കിൽ, നിങ്ങൾ നാട്ടിലേക്ക് മടങ്ങും മുമ്പ് പരിപാടി സംഘടിപ്പിക്കാം. തയ്യാറാണോ?"

മൗലവി എന്നെ നോക്കി. അത്തരമൊരു പരിപാടിക്ക് അനുവാദം ലഭിക്കുമോ എന്നായിരുന്നു മൗലവിയുടെ സംശയം. നമുക്ക് സമ്മതമാണെന്ന് ഞാൻ മൗലവിയോട് പറഞ്ഞു. അത് കേൾക്കേണ്ട താമസം ഉമർ മൗലവി പറഞ്ഞു. "ഞാൻ സമ്മതിക്കുന്നു. സമയവും സ്ഥലവും നിശ്ചയിച്ച് ഞങ്ങളെ അറിയിക്കുക. ഞങ്ങൾ വരും. ഇൻശാ അല്ലാഹ്"

അങ്ങനെ അവർ പിരിഞ്ഞു പോയി. ദിവസങ്ങൾക്കുശേഷം വിവരമൊന്നും കിട്ടാത്തത് കൊണ്ട് ജമാഅത്തുകാരുമായി ഞങ്ങൾ ബന്ധപ്പെട്ടു.

അവർ പിൻവലിഞ്ഞതായി മനസ്സിലായി. ഈ സന്ദർഭം ഞങ്ങൾ നന്നായി ഉപയോഗപ്പെടുത്താൻ തീരുമാനിച്ചു. വിപുലമായി പ്രചാരണം നടത്തി മൂന്നുദിവസം തുടർച്ചയായി പൊതുപരിപാടി നടത്തി. ഇത് വലിയ നേട്ട മായിത്തീർന്നു. ധാരാളം സഹോദരന്മാർ പുതുതായി ഇസ്‌ലാഹീ സെന്ററു മായി ബന്ധപ്പെട്ടു. ജമാഅത്ത് അനുഭാവികളായിരുന്ന പലരും ഞങ്ങളുടെ സഹായികളും അനുകൂലികളുമായിത്തീർന്നു.

പിന്നീട് ഞാൻ ഗൾഫ് ജീവിതം മതിയാക്കി നാട്ടിൽ വന്നു. വെങ്കിട ങ്ങിൽ സലഫീ മസ്ജിദിനോടനുബന്ധിച്ച് സൽസബീൽ അറബിക്കോളേജ് സ്ഥാപിതമായി. എന്റെ അടുത്ത ബന്ധുവായ ഡോ.അലിയാണ് അതിന് എല്ലാ നേതൃത്വവും നൽകിയിയത്. 1997-98 കാലത്ത് അറബിക്കോളേജിന്റെ പ്രിൻസിപ്പാളായി മൗലവി വെങ്കിടങ്ങിലുണ്ടായിരുന്നു. അക്കാലത്ത് ചാവ ക്കാട് മുതുവെട്ടൂർ രാജാഹാളിൽ ഒരു പരിപാടി നടത്തി. വിഷയം "തൗഹീ ദും ശിർക്കും". ഉമർ മൗലവിയാണ് മുഖ്യപ്രഭാഷകൻ. വേറെയും പണ്ഡിത ന്മാരുണ്ടായിരുന്നു. ഇതര പണ്ഡിതന്മാർ സംസാരിച്ചതിനു ശേഷം മൗലവി പ്രസംഗിക്കാൻ തുടങ്ങി. അര മണിക്കൂറായിക്കാണും, ഒരു കൂട്ടം ആളുകൾ കയ്യിൽ വടിയും വടിയിൽ കൊടിയും ആയുധങ്ങളുമായി ഹാളിലേക്ക് ഇരച്ചു കയറി. ജാഥയായി വരുന്ന അവർ മുദ്രാവാക്യം വിളിക്കുന്നുണ്ട്. "മുഹ്‌യി ദ്ദീൻ ശൈഖ് സിന്ദാബാദ്! രിഫാഈ ശൈഖ് സിന്ദാബാദ്! മമ്പുറത്തെ ത ങ്ങൾ സിന്ദാബാദ്! ഗൗസുൽ അഅ്‌ളം സിന്ദാബാദ്!" "ഉമർ മൗലവിയെ തല്ലെടാ!"എന്നിങ്ങനെയുള്ള അട്ടഹാസങ്ങളും ഉയരുന്നുണ്ട്.

സ്റ്റേജിലിരുന്നവർ ആ വരവ് കണ്ട് അന്തംവിട്ടു! എല്ലാവരും എഴുന്നേറ്റ് മൗലവിക്ക് ചുറ്റും നിന്നു. പത്തോളം പേർ സ്റ്റേജിലേക്ക് ചാടിക്കയറി. വള ണ്ടിയർമാർ അവരെ തടഞ്ഞു. ഉന്തും തള്ളും അടിയും! ശ്രോതാക്കൾ അധി കവും അപ്പോഴേക്ക് ഹാളിൽ നിന്ന് പുറത്തു കടന്നു. ഇതിനിടയിലൊരു ത്തൻ എന്റെ മുമ്പിൽ പെട്ടു. അവൻ ഗുണ്ടയാണെന്ന് എന്റെ ഒരു ബന്ധു വിളിച്ചു പറഞ്ഞു. അവനെ പിടിച്ചു മാറ്റി. അപ്പോൾ അവന്റെ അരയിലൊ ളിപ്പിച്ചിരുന്ന ആയുധം താഴെ വീണു. അപ്പോഴേക്കും പോലീസ് സ്ഥലത്തെ ത്തി. പോലീസ് ആയുധം പിടിച്ചെടുത്തു. കുഴപ്പക്കാർ പലരും സ്ഥലംവിട്ടു. ചിലരെ പോലീസ് പിടികൂടി. അവരെ സ്റ്റേഷനിലേക്ക് കൊണ്ടുപോയി. മൗലവിയെ കാറിൽ ഒരു ബന്ധുവിന്റെ വീട്ടിലെത്തിച്ചു. പോലീസ് പിടിയിലാ യവരിൽ ഇസ്‌ലാഹീ പ്രവർത്തകരുമുണ്ടായിരുന്നു എന്നറിഞ്ഞ് സ്റ്റേഷനിൽ പോയി സി.ഐ.യെ കണ്ടു. കാര്യങ്ങൾ സംസാരിച്ചു. സി.ഐ.യെ എനിക്ക് നേരത്തെ അറിയാമായിരുന്നു. ഇസ്‌ലാഹീ സുഹൃത്തുക്കളെ വിട്ടുകിട്ടി.

വെങ്കിടങ്ങിനടുത്ത് കെട്ടുങ്ങൽ ഖുറാഫി പള്ളിയിലെ ഒരു സഖാഫിയാ യിരുന്നു ഈ കുഴപ്പങ്ങൾക്കു പിന്നിലുണ്ടായിരുന്നത്. ഉമർ മൗലവി തന്നെ

വകവരുത്താൻ ഗുണ്ടകളെ ഏർപ്പാടാക്കിയിട്ടുണ്ട് എന്നും തന്നെ രക്ഷിക്കണമെന്നും പറഞ്ഞുകൊണ്ട് സഖാഫി പോലീസിൽ പരാതി കൊടുത്തു. സി.ഐ. എന്നെ വിളിപ്പിച്ചു. ഞാൻ അദ്ദേഹത്തെ പോയി കണ്ട് വിവരങ്ങളൊക്കെ വിശദമായി പറഞ്ഞു കേൾപ്പിച്ചു. ഞാൻ മടങ്ങി സൽസബീൽ കോളേജിലെത്തി.

വിവരങ്ങൾ ഞാൻ മൗലവിയെ ധരിപ്പിച്ചു. അപ്പോൾ മൗലവി പറഞ്ഞു: "എനിക്കെതിരിലാണല്ലോ പരാതി. അതുകൊണ്ട് ഞാൻ തന്നെ സ്റ്റേഷനിൽ ഹാജരായി കാര്യങ്ങൾ നേരിട്ട് പറയണം" അതിന്റെ ആവശ്യമില്ലെന്ന് ഞങ്ങൾ പറഞ്ഞെങ്കിലും മൗലവി കൂട്ടാക്കിയില്ല. ഒടുവിൽ ഞങ്ങൾ ഒരു സംഘമായി മൗലവിയോടൊത്ത് സി.ഐ.യെ പോയിക്കണ്ടു. സഖാഫിയെയും വിളിപ്പിച്ചു. കാര്യങ്ങൾ മനസ്സിലായ സി.ഐ.സഖാഫിയെ താക്കീത് ചെയ്തു വിട്ടു.

പിന്നീട് കെട്ടുങ്ങൽ എന്ന സ്ഥലത്ത് ഉമർ മൗലവി പ്രസംഗിച്ചു. കുഴപ്പമുണ്ടാക്കാൻ ശ്രമം നടന്നുവെങ്കിലും പരാജയപ്പെട്ടു.

❑❑❑❑

കെ.സി. അബൂബക്കർ മൗലവിയുടെ നാടായ ഉഗ്രപുരം (അരീക്കോട്-വാഴക്കാട് റോഡിലാണ് ഈ സ്ഥലം) കാരിപറമ്പിൽ ഉമർ മൗലവി പ്രസംഗിച്ചു. 1980-81 ലായിരിക്കണം. പ്രസംഗം തുടങ്ങിയതോടെ കൂക്കിവിളിയും തുടങ്ങി. മുസ്ല്യാക്കന്മാർ വന്ന് "കൂക്കല്യടാ കൂയ്" എന്നു പറഞ്ഞു കൂക്കി. പ്രസംഗം നിർത്തിയില്ല. കൂക്കും നിന്നില്ല. പ്രസംഗമവസാനിക്കും വരെ കൂക്കുവിളിയും തുടർന്നു.

പ്രസംഗം തീർന്നതിനുശേഷം മൗലവി സംഘാടകരോട് പറഞ്ഞു: "എന്തൊരു മനുഷ്യരാണിവർ! അത്ഭുതം തന്നെ! ഈ കൂട്ടരുടെയിടയിൽ നമുക്കൊരു പള്ളി വേണം!" അവിടെ പള്ളിക്കുവേണ്ടി സ്ഥലം വാങ്ങിയിട്ട് കുറച്ചു കാലമായിരുന്നു. പള്ളി നിർമാണത്തിന് ഒരു നിവൃത്തിയും കാണാതെ വിഷമിച്ചിരിക്കുകയായിരുന്നു അവർ. തനിനാട്ടിൻപുറം. തൊട്ടരികിലൂടെ ചാലിയാറൊഴുകുന്നു. അധികവും ചെറിയതോതിൽ കൃഷിപ്പണിയും മറ്റുമായി ജീവിതത്തിന് തന്നെ ബുദ്ധിമുട്ടുന്നവരാണ്. വിവരം മൗലവിയോടവർ വിശദമാക്കി. മൗലവി പറഞ്ഞു: "പതിനായിരം രൂപ ഞാൻ തരാം. ബാക്കി നിങ്ങൾ എങ്ങനെയെങ്കിലും സംഘടിപ്പിക്കണം. നമുക്ക് പള്ളിയുണ്ടാക്കണം." അധികം വൈകാതെ മൗലവി വാക്ക് പാലിച്ചു. ഏറ്റ സംഖ്യ തന്നു. അതുകൊണ്ട് തറ കീറുകയും കല്ലും മറ്റും വാങ്ങി പണിയും തുടങ്ങി. അങ്ങനെയാണ് കരിപമ്പിൽ സലഫി മസ്ജിദുണ്ടായത്.

❑❑❑❑

കൊച്ചി മട്ടാഞ്ചേരി പുതിയറോഡിൽ ഉമർ മൗലവിയുടെ ഒരു പ്രഭാഷണം നിശ്ചയിക്കപ്പെട്ടു. പുതിയറോഡ് ജംഗ്ഷനിൽ മഹ്ളറപ്പള്ളിയുടെ മുമ്പിൽ. മുഹ്യിദ്ധീൻ ശൈഖ് ഹാജരാകുമെന്നു വിശ്വസിക്കപ്പെടുന്ന സ്ഥലമാണ് മഹ്ളറ പള്ളി എന്ന് പറയുന്നത്. ഖുറാഫികളുടെ കൂടാണവിടം. പുതിയ റോഡിന്റെ ഒരറ്റത്ത് മുജാഹിദ് പള്ളിയുണ്ട്. ഇപ്പോൾ സൽസബീൽ മസ്ജിദുള്ളത് മറ്റേയറ്റത്താണെന്നു പറയാം. പുതിയറോഡ് ജംഗ്ഷനിൽ ആദ്യമായാണ് മൗലവി പ്രസംഗിക്കുന്നത്. വഹാബി നേതാവായ ഉമർ മൗലവിയുടെ പ്രസംഗം മഹ്ളറപ്പള്ളിക്ക് മുമ്പിൽ ഉണ്ടാകുമെന്നറിഞ്ഞ ഖുറാഫിപ്പട അതോടെ ഇളകി! ഇവിടെ പ്രസംഗിക്കാൻ അനുവദിക്കില്ല എന്നായി. എന്നാൽ പ്രസംഗം നടത്തിയേ ഒക്കൂ എന്നു മുജാഹിദുകളും. മൈക്ക് പെർമിഷനെടുത്തിരുന്നു. അത് ക്യാൻസലാക്കാൻ ഉന്നത പോലീസധികാരികളുമായി ഖുറാഫികൾ ബന്ധപ്പെട്ടു ശ്രമം തുടങ്ങി. അപ്പോൾ അതിലുമുയർന്നിടത്ത് മുജാഹിദുകളും ബന്ധപ്പെട്ടു.

നടത്തുമെന്നും നടത്തില്ലെന്നും വാശിയായി. കുഴപ്പമുണ്ടാകുമെന്നുറപ്പ്. അങ്ങനെ സംഘാടകർ കൂടിയാലോചിച്ചു. അഭിപ്രായവ്യത്യാസമുള്ള വിഷയങ്ങൾ പറയാതെ, വിമർശനങ്ങളില്ലാതെ ഒരു പ്രസംഗം നടത്താമെന്ന് തീരുമാനമായി. കുഴപ്പമുണ്ടായാൽ അത് മഹാ പ്രശ്നമാകും. മട്ടാഞ്ചേരിയാണ് നാട്! ആരും കുറഞ്ഞു കൊടുക്കില്ല! ഇങ്ങനെ തീരുമാനമായത് മൗലവിയെ അറിയിക്കണമല്ലോ. ഇന്ന വിഷയം പറയരുതെന്ന് പറഞ്ഞാൽ ആ വിഷയം തന്നെ പറയുന്ന സ്വഭാവക്കാരനാണ് മൗലവി എന്ന് അവർക്ക് നന്നായറിയാം. "ഇന്ന വിഷയം പറയരുത് എന്ന് സംഘാടകർ എന്നോട് പറഞ്ഞിട്ടുണ്ട്. അപ്പോൾ ആ വിഷയമാണിവിടെ ഏറ്റവും കൂടുതലായി ജനങ്ങൾ മനസ്സിലാക്കേണ്ട വിഷയം. അതുകൊണ്ട് ഞാൻ ആ വിഷയം തന്നെയാണ് പറയാൻ പോകുന്നത് " എന്നു ആരെയും ഭയക്കാതെ പറയുന്ന ആളാണ് ഉമർ മൗലവി എന്ന് അവർ പല അനുഭവങ്ങളിൽ നിന്ന് ഗ്രഹിച്ചിട്ടുണ്ട്.

അവിടെ നടക്കുന്ന അടിയൊഴുക്കുകളൊന്നും അറിയാത്ത മൗലവി സ്ഥലത്തെത്തി. പ്രസംഗത്തിന് അധിക സമയമില്ല. സംഘാടകർ തിരഞ്ഞെടുത്ത, മൗലവിക്ക് വ്യക്തിപരമായി കൂടുതൽ അടുപ്പമുള്ള പ്രവർത്തകനെ തന്നെ ചുമതലപ്പെടുത്തി, വിവരങ്ങൾ മൗലവിയെ ധരിപ്പിക്കാൻ. സംഘർഷാവസ്ഥയെപ്പറ്റി അദ്ദേഹം മൗലവിയെ പറഞ്ഞു മനസ്സിലാക്കി. അഭിപ്രായ വ്യത്യാസമുള്ള വിഷയങ്ങളൊന്നും പറയാതിരിക്കുന്നതായിരിക്കും ഇപ്പോഴത്തെ അവസ്ഥയിൽ ഉത്തമം. ഇസ്ലാമിനെ സംബന്ധിച്ച് പൊതുവായ ഒരു പ്രസംഗമാവും ഈ സംഘർഷം മുറ്റി നിൽക്കുന്ന സന്ദർഭത്തിൽ കുഴപ്പമൊഴിവാക്കാൻ നല്ലത് എന്നൊക്കെ ആ സ്നേഹിതൻ മൗലവിയെ തെര്യപ്പെടുത്തി.

മൗലവി ഒന്നും മിണ്ടിയില്ല. മഗ്‌രിബിനുശേഷമാണ് പ്രസംഗം. സമയമായി. ജംഗ്ഷനിൽ തന്നെയാണ് സ്റ്റേജ്. നാലുഭാഗത്തേക്കും റോഡ് നീണ്ടു കിടക്കുന്നു. നാലുറോഡിലും നിറയെ ജനം. കുഴപ്പമുണ്ടാകുമെന്നുള്ള ആശയങ്കയിൽ പോലീസ് വണ്ടികളിൽ പോലീസുദ്യോഗസ്ഥന്മാരുടെ പൂർണ നിയന്ത്രണത്തിലാണ് നാലുഭാഗവും. അവർ എന്തിനും തയ്യാറായി നിൽക്കുന്നു! ആയിരക്കണക്കിന് ജനങ്ങൾ ആകാംക്ഷയുടെ മുൾമുനയിൽ!

മൗലവി പ്രസംഗമാരംഭിക്കുകയാണ്. ഹംദും സ്വലാത്തും കഴിഞ്ഞതിനു ശേഷം പറഞ്ഞതിങ്ങനെ: "മുഹ്‌യിദ്ദീൻ ശൈഖേ രക്ഷിക്കണേ, ബദരീങ്ങളേ കാക്കണേ എന്ന് ഒരുത്തൻ വിളിച്ചാൽ അവർ നാലു തവണ കാഫിറായി. അല്ലാഹു കേൾക്കുന്നതുപോലെ അഭൗതികമായ നിലയിൽ ഒരാൾ കേൾക്കുമെന്ന് വിശ്വസിക്കുന്നത് കുഫ്റാണ്. വ്യത്യസ്തനാടുകളിൽ നിന്ന് നൂറുകണക്കിന് ഭാഷകളിൽ ജനങ്ങൾ വിളിക്കുന്നതെല്ലാം കൃത്യമായി അല്ലാഹു അറിയുന്നു. അതുപോലെ വ്യവച്ഛേദിച്ചറിയുന്ന ഒരുത്തനുണ്ടെന്ന് വിശ്വസിക്കലും കുഫ്ർ തന്നെ. ഇവയിൽ ഉത്തരം നൽകേണ്ടവക്ക് ഉത്തരം നൽകാൻ കഴിയുന്നവൻ അല്ലാഹു മാത്രമാണ്. ആ കഴിവ് സൃഷ്ടികൾക്കുണ്ടെന്ന് പറയുന്നതും കുഫ്റല്ലാതെ മറ്റന്താണ്? പ്രാർഥന ആരാധനയാണെന്ന് പ്രവാചകൻﷺ പഠിപ്പിച്ചിരിക്കുന്നു. മരിച്ചുപോയ ഔലിയാക്കളോടും ശൈഖുമാരോടുമുള്ള ഈ പ്രാർഥന വ്യക്തമായ കുഫ്റും ശിർക്കുമാകുന്നു.... ....." മൂന്നരമണിക്കൂർ ആ പ്രഭാഷണം നീണ്ടു നിന്നു. ഒരു കുഴപ്പവുമുണ്ടായില്ല! അവസാനം വരെ ആരും പിരിഞ്ഞു പോയതുമില്ല. മൗലവിയുടെ പ്രസംഗത്തിന്റെ ആദ്യവാചകം കേട്ടയുടനെ സ്റ്റേജിലുണ്ടായിരുന്ന, മൗലവിയെ കാര്യങ്ങൾ ബോധ്യപ്പെടുത്തിയ മൗലവിയുടെ സ്നേഹിതനായ സംഘാടകൻ പെട്ടെന്ന് സ്റ്റേജിൽ നിന്ന് അപ്രത്യക്ഷനായി! ഏതായാലും ഒരപകടവും സംഭവിച്ചില്ല. ആരും ഒരു ബഹളവുമുണ്ടാക്കിയില്ല. പ്രസംഗാവസാനം വരെ ഒരു കൂവൽ പോലുമുണ്ടായില്ല!

കൊച്ചി മണ്ഡലം ഓഫീസ് ഇപ്പോൾ മഹ്ളറ പള്ളിക്ക് സമീപമാണുള്ളത് എന്നത് കൗതുകകരമായ ഒരു വിവരമാണ്. അന്നത്തെ പ്രസംഗം നടന്ന സ്ഥലം. അല്ലാഹുവിന്റെ അനുഗ്രഹം.

❑❑❑❑

തന്റെ കുഞ്ഞുനാളിൽ കണ്ട ഉമർ മൗലവിയെയാണ് ശിഹാബ് തൊടുപുഴ ഓർക്കുന്നത്. പ്രദേശത്തെ മുജാഹിദ് പ്രസ്ഥാനത്തിന്റെ പ്രാരംഭകാലം. തൊടുപുഴ കുമ്പംകല്ല് BTMLP സ്കൂളിൽ മഹല്ല് കമ്മിറ്റി സംഘടിപ്പിച്ച ഒരാഴ്ച നീണ്ടുനിൽകുന്ന മതപ്രഭാഷണ പരമ്പര. തൊട്ടടുത്ത ദിവസം മുതൽ അതേ സ്ഥലത്ത് ഉമർ മൗലവിയുടെ പ്രഭാഷണം സംഘടിപ്പിക്കപ്പെട്ടു. വീടിനോട് ചേർന്നുള്ള സ്കൂൾഗ്രൗണ്ടിൽ പതിവിൽ കുറവാ

ണെങ്കിലും സാമാന്യം നല്ല സദസ്സായിരുന്നു. മൂന്നു ദിവസം പ്രോഗ്രാം നടന്നു. ഫാതിഹ സൂറഃ വിശദീകരിച്ചു കൊണ്ടാണ് പ്രസംഗിച്ചത്. പരിപാടിക്ക് ബുക്ക് ചെയ്യുമ്പോൾതന്നെ 'മൗലവി കഠിന ശൈലിയാണ്, തുടക്കക്കാർക്ക് പറ്റിയ ആളല്ല' എന്ന് കൊച്ചിയിലെ പ്രവർത്തകർ പറഞ്ഞിരുന്ന കാര്യം അന്നത്തെ പ്രധാന സംഘാടകനായ അബ്ദുൽ കരീം സാഹിബ് പറയാറുണ്ട്. പക്ഷേ, ചോദ്യോത്തര സമയത്തെ ചെറിയ അസ്വാരസ്യങ്ങളല്ലാതെ വലിയ പ്രശ്നങ്ങളൊന്നുമുണ്ടായില്ല.

പിന്നീടാ പ്രദേശത്ത് മൗലവിയുടെ കൂടി പരിശ്രമങ്ങളുടെ ഫലമായി സലഫി മസ്ജിദും മദ്റസയുമൊക്കെയുണ്ടായി. സ്ഥലം കാണുവാനും മറ്റുമായി വന്നപ്പോൾ വീട്ടിലാണ് അദ്ദേഹം താമസിച്ചത്. അടുത്ത് വിളിച്ചിരുത്തി സംസാരിച്ചതും ഉപദേശിച്ചതും പ്രത്യേകം പ്രാർഥിച്ചതുമെല്ലാം അവിസ്മരണീയമാണ്. ഇപ്പോൾ തൊടുപുഴയിൽ വിപുലമായ സൗകര്യങ്ങളുള്ള മസ്ജിദും മറ്റും നമുക്കുണ്ട്. ഈ പ്രദേശത്തെ ഇസ്‌ലാഹീ ചലനങ്ങൾക്കുള്ള നൻമയിലൊരു പങ്ക് –ഇൻശാ അല്ലാഹ്– മൗലവിക്ക് ലഭിക്കാതിരിക്കില്ല. അല്ലാഹു അദ്ദേഹത്തെയും നമ്മെയും സ്വർഗത്തിൽ ഒരുമിച്ചു ചേർക്കട്ടെ, ആമീൻ.

❑❑❑❑

ഉമർ മൗലവി സംഭാഷണങ്ങളിലും പ്രഭാഷണങ്ങളിലും എല്ലാവരെയും പഠിപ്പിക്കാറുണ്ടായിരുന്ന ഒരു ദിക്ർ എല്ലാ വായനക്കാരുടെയും ശ്രദ്ധയിലുണ്ടായിരിക്കട്ടെ.

"അല്ലാഹുമ്മ മാ അസ്ബഹ ബീ മിൻ നിഅ്മതിൻ, ഔ ബി അഹദിൻ മിൻ ഖലഖിക, ഫമിൻക വഹ്ദക ലാ ശരീക ലക, ലകൽഹംദു വലകശ്ശുക്ർ" (അല്ലാഹുവേ, ഈ പ്രഭാതവേളയിൽ എനിക്ക്, അല്ലെങ്കിൽ നിന്റെ സൃഷ്ടികളിലാർക്കെങ്കിലും എന്തെല്ലാം സുഖ സന്തോഷങ്ങളനുഭവപ്പെടുന്നുണ്ടോ, അതൊക്കെയും നിന്നിൽ നിന്ന് മാത്രമുള്ളതാകുന്നു. നിനക്ക് യാതൊരു പങ്കുകാരുമില്ല. നിനക്കാണ് സ്തുതി. നിനക്കാകുന്നു നന്ദി) ഇത് തന്നെ വൈകുന്നേരവും ചൊല്ലണം. 'മാ അസ്ബഹ' എന്നതിനു പകരം 'മാ അംസാ' എന്നു പറഞ്ഞാൽ മതി. ഈ പ്രപഞ്ചത്തിലെ ജീവജാലങ്ങളഖിലം അനുഭവിക്കുന്ന അനുഗ്രഹങ്ങൾക്ക് നന്ദി പറയുകയാണിവിടെ. ഈ ലോകത്തെ സംബന്ധിച്ചും തന്നെത്തന്നെ സംബന്ധിച്ചും ചിന്തിക്കാനും വിനയവും ആരാധനാഭാവവും ഉൾക്കൊള്ളാനും ഏറ്റവും അനുയോജ്യമായ ഈ ദിക്ർ പതിവാക്കേണ്ടതാണ്.

മൗലവി സാധാരണ ഇടക്കിടെ ചൊല്ലിയിരുന്ന ഒരു ദുആയുണ്ട്. ഇതും പ്രവാചകാധ്യാപനങ്ങളിൽ പെട്ടതാണ്. "യാ ഹയ്യു യാ ഖയ്യൂം ബി റഹ്മത്തിക നസ്തഗീസ്" (എന്നെന്നും ജീവിച്ചിരിക്കുന്നവനേ! എല്ലാം നിയ

ന്ത്രിക്കുന്നവനേ! നിന്റെ കാരുണ്യത്തിനായി ഞങ്ങൾ തേടുന്നു) അല്ലാഹുവിന് നൂറു കാരുണ്യമുള്ളതിൽ ഒരു കാരുണ്യം (ഒരു ശതമാനം) മാത്രമാണ് ഈ പ്രപഞ്ചത്തിലുള്ളത്. അതിന്റെ ഭാഗമാണ് ഇവിടത്തെ വായു, വെള്ളം, പ്രകാശം തുടങ്ങിയ നാമനുഭവിക്കുന്ന സർവ്വ അനുഗ്രഹങ്ങളും. മനുഷ്യരും ജീവജാലങ്ങളും പക്ഷി മൃഗാദികളും പരസ്പരം കാണിക്കുന്ന കാരുണ്യവും ദയയുമെല്ലാം അതിൽപെടുന്നു. നമ്മുടെ ശരീരത്തിലെ ഒരോ അവയവങ്ങളിലൂടെ നാമനുഭവിക്കുന്ന സുഖാനുഭവങ്ങളെല്ലാം ആ ഒരു ശതമാനം കാരുണ്യത്തിന്റെ ഭാഗമാണെന്നും നാം മനസ്സിലാക്കണം. ബാക്കി തൊണ്ണൂറ്റി ഒമ്പതു ശതമാനം കാരുണ്യം പരലോകത്ത് അല്ലാഹുവിന്റെ സച്ചരിതരായ അടിമകൾക്ക് നൽകാനായി അവൻ ഒരുക്കി വച്ചിരിക്കുകയാണ്. അവന്റെ അനുഗ്രഹമാകുന്ന പാരാവാരത്തിൽ മുങ്ങിക്കളിക്കുകയാണ് ഒരോ നിമിഷത്തിലും നാമെന്ന് ബോധ്യപ്പെട്ടാൽ മേൽ പ്രാർഥന നാം സ്വമേധയാ ഉരുവിട്ടുപോകും. അല്ലാഹു അവന്റെ സ്വാലിഹായ അടിമകളിൽ നമ്മെ ഉൾപ്പെടുത്തട്ടെ. പ്രവാചകന്മാർ, സത്യസന്ധർ, രക്തസാക്ഷികൾ, പുണ്യവാന്മാർ എന്നിവരുമായി സ്വർഗത്തിൽ കണ്ടുമുട്ടാൻ അവൻ നമ്മെ അനുഗ്രഹിക്കട്ടെ.

❑❑❑❑